# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2017 മേയ് 8, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 166 - നമ്പർ 8

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2017 മേയ് 8, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

285/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. പി. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....29

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....29

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....71

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിട്ട 235-ാം നമ്പർ ചോദ്യത്തിന്റെ
തിരുത്തിയ ഉത്തരം ...370

**III തിരുത്തൽ സ്റ്റേറ്റ്മെന്റ്**

27-4-2017-ലെ ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയ്ക്കുള്ള
തിരുത്തൽ സ്റ്റേറ്റ്മെന്റ് ...370

**IV അടിയന്തരപ്രമേയം**

സ്റ്റേറ്റ് പോലീസ് ചീഫിന്റെ നിയമനം–

(അവതരണാനുമതി നിഷേധിച്ചു) ...373

**V ശ്രദ്ധ ക്ഷണിക്കൽ**

1. സാമൂഹ്യവനവൽക്കരണ പദ്ധതി—

ശ്രീ. ഡി. കെ. മുരളി ...395

2. ആർ.സി.സി.-യുടെ പ്രവർത്തനം—

ശ്രീ. കെ. മുരളീധരൻ ...400

പേജ്

**VI സബ്മിഷൻ**

1. കടൽഭിത്തി നിർമ്മാണം—

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...408

2. എം.എൽ.എ.-യുടെ ഓഫീസ് ആക്രമിക്കപ്പെട്ട സംഭവം—

ശ്രീ. ഒ. രാജഗോപാൽ ...411

3. ഫയർ സ്റ്റേഷൻ—

ശ്രീ. അബ്ദുൽ ഹമീദ്. പി. ...415

4. കോൾനിലങ്ങളിലെ കൃഷി സംരക്ഷണം—

ശ്രീ. മുരളി പെരുനെല്ലി ...415

5. പൈനാപ്പിൾ കർഷകരുടെ പ്രശ്നങ്ങൾ—

ശ്രീ. എൽദോ എബ്രഹാം ...417

6. ആശുപത്രി ആക്രമണം—

ഡോ. എം. കെ. മുനീർ

ശ്രീ. സി. കെ. നാണു ...420

7. ജില്ലാ ആശുപത്രി കെട്ടിടം പൂർത്തിയാക്കൽ—

ശ്രീ. സി. കെ. നാണു ...424

8. ഡെങ്കിപ്പനി നിയന്ത്രണം—

ശ്രീ. സണ്ണി ജോസഫ് ...426

9. ഗ്രേസ് മാർക്ക്—

ശ്രീ. റോഷി അഗസ്റ്റിൻ ...428

*പേജ്*

10. പി.ജി. കോഴ്സുകൾ അനുവദിക്കൽ—

ശ്രീ. ജോർജ് എം. തോമസ് ...430

11. ഒഴിവുകൾ നികത്തൽ—

ശ്രീ. ഐ. സി. ബാലകൃഷ്ണൻ ...431

**VII ധനകാര്യം**

2017-18 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥന കളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ...432

**അനുബന്ധം 1 & 2** ...529

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

*2017 മേയ് 8, തിങ്കൾ*

| വാല്യം 166] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 8 |
|---|---|---|

നിയമസഭ 2017 മേയ് മാസം 8-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ ...... ഓർഡർ ..... ചോദ്യം നമ്പർ *241

### വിദ്യാഭ്യാസ അവകാശ നിയമം

1 (*241) ശ്രീ. കാരാട്ട് റസാഖ്:

ശ്രീ. ബി. സത്യൻ:

ശ്രീമതി പി. അയിഷാ പോറ്റി:

ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി അഞ്ചാം ക്ലാസ്സുവരെയുള്ള വിദ്യാലയങ്ങൾ ഒരു കിലോമീറ്റർ പരിധിയിലും എട്ടാം ക്ലാസ്സുവരെയുള്ളവ മൂന്ന് കിലോമീറ്റർ പിരിധിയിലും സ്ഥാപിക്കണമെന്ന വ്യവസ്ഥ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഈ നിയമം നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഈ നിയമത്തിൽ വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമെന്ന് വിവക്ഷിച്ചിരിക്കുന്നതിനാൽ എട്ടാം ക്ലാസ്സുവരെ സ്വകാര്യ വിദ്യാലയങ്ങളുടെ പങ്കും ആവശ്യകതയും എത്രത്തോളമുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളുടെ കർത്തവ്യവും സംസ്ഥാനത്തെ സ്കൂളുകളിൽ അത് എത്ര മാത്രം പ്രാവർത്തികമായിട്ടുണ്ടെന്നും അറിയിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ഉണ്ട്. 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം 2011-ൽ സംസ്ഥാനം പുറപ്പെടുവിച്ച ചട്ടമനുസരിച്ച് കുട്ടി താമസിക്കുന്ന സ്ഥലത്തുനിന്നും ഒരു കിലോമീറ്റർ പരിധിയിൽ 5-ാം ക്ലാസ്സ് വരെയുള്ള വിദ്യാലയവും 3 കിലോമീറ്റർ പരിധിയിൽ 6 മുതൽ 8-ാം ക്ലാസ്സ് വരെയുള്ള വിദ്യാലയവും വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ വ്യവസ്ഥയനുസരിച്ച് നിലവിലുള്ള സ്കൂൾ സംവിധാനം പര്യാപ്തമാണ്. ഇത് സംബന്ധിച്ച് സ്കൂൾ മാപ്പിംഗ് നടത്തുകയും ആയത് ശാസ്ത്രീയമല്ല എന്ന് കണ്ടെത്തിയതിനാൽ കുട്ടിയുടെ താമസസ്ഥലത്ത് നിന്നും അടുത്തുള്ള സ്കൂളിലേയ്ക്കുള്ള അകലം, വാഹന സൗകര്യം തുടങ്ങിയവ പരിഗണിച്ച് സ്കൂൾ മാപ്പിംഗ് ശാസ്ത്രീയമായി പുനർനിർണ്ണയിക്കുന്നതിന് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ദൂരപരിധിയുടെ അടിസ്ഥാനത്തിൽ സ്കൂൾ സ്ഥാപിക്കുന്നതിന് കേന്ദ്രത്തിൽ നിന്നും പ്രത്യേക തുകയൊന്നും ലഭിച്ചിട്ടില്ല. എന്നാൽ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന് എസ്.എസ്.എ. വഴി ധനസഹായം ലഭിക്കുന്നുണ്ട്.

(ബി) സർക്കാർ/എയ്ഡഡ് മേഖലയിലുള്ള സ്കൂൾ സംവിധാനം പര്യാപ്തമാണെന്നിരിക്കെ വിദ്യാഭ്യാസ നിയമത്തിലെ സെക്ഷൻ 2(n)IV പ്രകാരമുള്ള സ്വകാര്യ വിദ്യാലയങ്ങളുടെ പങ്ക് കേരളത്തിൽ കുറവാണ്.

(സി) സംസ്ഥാനത്ത് എല്ലാ സർക്കാർ സ്കൂളുകളിലും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളും എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും സ്കൂൾ ഡെവലപ്മെന്റ് മാനേജ്മെന്റ് കമ്മിറ്റികളും നിലവിലുണ്ട്. ഈ സ്കൂളുകളിൽ നിലവിൽ പി.റ്റി.എ.-കളും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ നിക്ഷിപ്തമായിരിക്കുന്ന കർത്തവ്യങ്ങൾ പൂർണ്ണമായും പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നുണ്ട്.

ശ്രീ. കാരാട്ട് റസാഖ്: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് ഈ സർക്കാർ തുടക്കം കുറിച്ചിരിക്കുകയാണ്. എല്ലാ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. ഈ സംവിധാനം നടപ്പിലാകുമ്പോൾ വിദ്യാലയങ്ങളിൽ മതേതര സംവിധാനം

ഊട്ടിയുറപ്പിക്കണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. അൺഎയ്ഡഡ് മേഖലയിൽ ജാതിയും മതവും തിരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുമ്പോൾ അവിടെ മതേതര സംവിധാനം കുറഞ്ഞുവരികയും വിദ്യാലയങ്ങൾ മതേതര സംവിധാനത്തിൽ നിന്ന് അകന്നുപോകുകയും ചെയ്യുന്ന സാഹചര്യമുണ്ടാകുന്നു. അതുകൊണ്ട് പൊതു വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി അൺ എയ്ഡഡ് മേഖലയിലുള്ള കടന്നുകയറ്റം അവസാനിപ്പിച്ച് പൊതുവിദ്യാഭ്യാസ സംരക്ഷണത്തിൽ ഏതൊക്കെ രീതിയിൽ മുന്നോട്ടുപോകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേന്ദ്ര നിയമം അനുസരിച്ച് അയൽപക്ക വിദ്യാഭ്യാസം എന്നതാണ് സങ്കൽപ്പം. ആ സങ്കൽപ്പം തികച്ചും മതനിരപേക്ഷ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന സങ്കൽപ്പം തന്നെയാണ്. അതുകൊണ്ടുതന്നെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ പൊതുവിദ്യാലയങ്ങളെ ശാക്തീകരിച്ചു കൊണ്ട് തൊട്ടടുത്തുള്ള സ്കൂളുകളിൽ കുട്ടിക്ക് പഠിക്കാനുള്ള സാഹചര്യമുണ്ടാക്കി അയൽപക്ക വിദ്യാഭ്യാസത്തിന്റെ സാങ്കേതിക സാധ്യതയും സാംസ്കാരിക സാധ്യതയും വികസിപ്പിച്ചെടുക്കുന്നതിലൂടെ മതനിരപേക്ഷ ജനാധിപത്യ വിദ്യാഭ്യാസത്തിന് പശ്ചാത്തലമൊരുക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

ശ്രീ. കാരാട്ട് റസാഖ്: സർ, സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ മക്കൾ അൺഎയ്ഡഡ് വിദ്യാലയങ്ങളിലാണ് പഠിക്കുന്നത്. സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളെ അദ്ധ്യാപകർക്ക് വിശ്വാസമില്ലാത്ത സാഹചര്യമാണ് കാണപ്പെടുന്നത്. ഈ കുട്ടികളെ അൺഎയ്ഡഡ് വിദ്യാലയങ്ങളിൽനിന്ന് മാറ്റി സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിപ്പിക്കാനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, എല്ലാവരും സ്വയം തീരുമാനിക്കുന്ന രീതിയിലുള്ള ബോധവൽക്കരണവും ഇടപെടലുമാണ് ഇക്കാര്യത്തിൽ സർക്കാർ നടത്തുക. സ്വാഭാവികമായും അൺഎയ്ഡഡ് സ്കൂളുകൾക്കും കൊമേർസ്യൽ സ്കൂളുകൾക്കും പ്രാധാന്യമുള്ള സാമൂഹിക അന്തരീക്ഷത്തിൽ ചിലപ്പോൾ ചിലരുടെ ഓപ്ഷൻ അത്തരത്തിലായേക്കാം. അത് മനസ്സിലാക്കിക്കൊണ്ടാണ് വിദ്യാഭ്യാസ സാംസ്കാരിക സാമൂഹിക പശ്ചാത്തലമൊരുക്കുന്നതിനുവേണ്ടി സർക്കാർ പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കാൻ പറയുന്നത്. എല്ലാവരും പൊതുവിദ്യാലയങ്ങളിൽ തങ്ങളുടെ മക്കളെ പഠിപ്പിക്കുക എന്നത് അതിന്റെ സ്വാഭാവികമായുള്ള offshoot ആയിരിക്കും. അങ്ങനെയൊരു സാംസ്കാരിക അവബോധം ഒരു തരത്തിലുള്ള നവോത്ഥാനത്തിന്റെ തലത്തിലേയ്ക്ക് കടക്കുമ്പോൾ എം.എൽ.എ. സൂചിപ്പിച്ച പ്രശ്നത്തിന് സ്വാഭാവികമായും പരിഹാരമുണ്ടാകും. കേരളത്തിലുള്ള എല്ലാവരും പൊതുവിദ്യാലയത്തിൽ മക്കളെ പഠിപ്പിക്കുന്ന സാഹചര്യമുണ്ടാകുന്നതിനുവേണ്ടി സർക്കാർ പൂർണ്ണമായും ശ്രമിക്കും എന്നാണ് പറയാനുള്ളത്.

ശ്രീ. ബി. സത്യൻ: സർ, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഈ അദ്ധ്യയന വർഷം മുതൽ സജീവമാകുന്നതിന്റെ ഭാഗമായി അദ്ധ്യാപർക്ക് പ്രത്യേക പരിശീലനം നൽകുമെന്ന് അങ്ങ് സൂചിപ്പിച്ചിട്ടുണ്ട്. എയ്ഡഡ് സ്കൂളുകൾക്കുൾപ്പെടെ ഒരു കോടി രൂപയുടെ വികസന പദ്ധതികൾ ആവിഷ്കരിക്കുമെന്നാണ് അങ്ങ് പറഞ്ഞിട്ടുള്ളത്. സർക്കാർ/എയ്ഡഡ് സ്കൂളുകൾ ഈ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ, ഇവിടെ സൂചിപ്പിച്ചതുപോലെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള ഇൻഫ്രാസ്ട്രക്ചർ ഉണ്ടാക്കിയെടുക്കുന്ന പദ്ധതികൾക്ക് ക്രമാനുഗതമായി അംഗീകാരം നൽകാൻ ഈ അദ്ധ്യയന വർഷം (2017-18) മുതൽ സാധിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും. കഴിഞ്ഞ ബജറ്റിൽ പറഞ്ഞിട്ടുള്ള 5 കോടി രൂപ സർക്കാർ കൊടുത്ത് കേരളത്തിലെ 140 മണ്ഡലങ്ങളിലും മികവിന്റെ കേന്ദ്രങ്ങളുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ 40 സ്കൂളുകളുടെ പ്രോജക്ട് കിഫ്ബിയിൽ അപ്ലോഡ് ചെയ്തുകഴിഞ്ഞു. ബാക്കിയുള്ള പ്രോജക്ടുകൾ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ നൽകുന്നതനുസരിച്ച് വെറ്റ് ചെയ്തുവരുന്നു. അത് ഈ വർഷം തന്നെ ആരംഭിക്കാനും അതോടൊപ്പം രണ്ടാമത്തെ ഘട്ടത്തിൽ ഒരു സ്കൂളിന് 3 കോടി രൂപ നൽകി സെന്റർ ഓഫ് എക്സലൻസ് ആക്കാൻ ശ്രമിക്കുന്നതിന്റെ മാസ്റ്റർ പ്ലാൻ കൂടി എത്രയും വേഗം നൽകിയാൽ അതും കിഫ്ബിയിലേയ്ക്ക് നൽകുന്നതാണ്. ഈ വർഷം തന്നെ സെന്റേഴ്സ് ഓഫ് എക്സലൻസിന്റെ പ്രവർത്തനവും ആരംഭിക്കുന്നതാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരവധി നടപടികൾ വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിനായി നടപ്പാക്കുന്നുണ്ട്. അതിലൊന്നാണ് സമഗ്ര വിദ്യാഭ്യാസ സംരക്ഷണയജ്ഞം. അതിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിൽ കുട്ടികൾ വന്നാൽ പഠിക്കാൻ നല്ല നിലവാരമുണ്ടാകുമെന്നൊരു വിശ്വാസ്യത ഉണ്ടാക്കിക്കൊടുക്കേണ്ടതുണ്ട്. സർക്കാരിന്റെ ഈ ലക്ഷ്യത്തിനനുസരിച്ച് എല്ലാ സ്കൂളുകളും എത്തുന്നുണ്ടെന്ന് പറയാൻ കഴിയില്ല. എല്ലാ പൊതുവിദ്യാലയങ്ങളിലെയും അദ്ധ്യാപകരുടെ നിലവാരം മെച്ചപ്പെടുത്താൻ ഇപ്പോൾ ട്രെയിനിംഗ് കൊടുക്കുന്നത് റിവ്യൂ ചെയ്ത് കുറച്ചുകൂടി മെച്ചപ്പെടുത്താനും സ്പീഡാക്കിയെടുക്കാനുമുള്ള നടപടി സ്വീകരിക്കുമോ; കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പരീക്ഷസമയത്തുപോലും പാഠപുസ്തകങ്ങളും യൂണിഫോമുകളും നൽകാത്ത ഒരവസ്ഥ യാണുണ്ടായിരുന്നത്. അദ്ധ്യാപകരുടെ പരിശീലന നിലവാരം മെച്ചപ്പെടുത്താനും സമഗ്ര വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി കെട്ടിടം പണിയുന്നതിനുള്ള തുക വേഗത്തിൽ അനുവദിച്ചുതരാനുമുള്ള നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇവിടെ സൂചിപ്പിച്ചതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം അദ്ധ്യാപകരുടെ പരിശീലനമാണ്. അദ്ധ്യാപക കേന്ദ്രീകൃത വിദ്യാഭ്യാസത്തിൽ നിന്നും വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസത്തിലേക്കുള്ള മാറ്റവും സ്കൂളുകളുടെ ഹൈടെക്വൽക്കരണവും ചേരുമ്പോൾ പഠനം ആധുനിക തലത്തിലേയ്ക്ക് വരികയാണ്. ആ തലത്തിലേയ്ക്ക് അദ്ധ്യാപകരെ മാറ്റിയെടുക്കുകയും അന്താരാഷ്ട്ര തലത്തിലേയ്ക്ക് അദ്ധ്യാപകരുടെ കഴിവുകൾ വികസിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ചരിത്രത്തിൽ ആദ്യമായി 8 ദിവസം നീണ്ടുനിൽക്കുന്ന ഒന്നര ലക്ഷം അദ്ധ്യാപകരുടെ പരിശീലനം ആരംഭിച്ചിട്ടുള്ളത്. അത് റിവ്യൂ ചെയ്യുകയും അതിന്റെ കുറവുകൾ എന്താണെന്ന് പരിശോധിക്കുകയും ആവശ്യമുള്ള തരത്തിൽ പരിശീലനം മെച്ചപ്പെടുത്തുകയും ചെയ്യും. ടെക്സ്റ്റ് ബുക്കും യൂണിഫോമും ജൂൺ 1-ാം തീയതി സ്കൂൾ തുറക്കുന്നതിന് മുമ്പുതന്നെ എല്ലാ സ്കൂളുകളിലും എത്തിക്കുന്നതാണ്.

ശ്രീ. എം. മുകേഷ്: സർ, പൊതുവിദ്യാലയങ്ങളിൽ ഹൈസ്കൂകളെയും ഹയർ സെക്കണ്ടറി സ്കൂളുകളെയും അപേക്ഷിച്ച് കൂടുതൽ ഭീഷണി നേരിടുന്നത് പ്രൈമറി സ്കൂളുകളാണ്. പ്രൈമറി സ്കൂളുകളുടെ പഠനാന്തരീക്ഷത്തിലും ഭൗതിക സൗകര്യങ്ങളിലുമുള്ള പോരായ്മ അൺഎയ്ഡഡ് മേഖല ശക്തിപ്പെടുത്തുന്നതിന് കാരണമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ ആരംഭിച്ചിട്ടുള്ള പൊതു വിദ്യാഭ്യാസ നവീകരണ പദ്ധതിയിൽ പ്രൈമറി സ്കൂളുകളുടെ നവീകരണത്തിന് മുഖ്യ പരിഗണന നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരാശയമാണ്. പ്രൈമറി സ്കൂളുകളെ ശാക്തീകരിക്കുന്നതിനുവേണ്ടി ഒരു പ്രോജക്ട് തയ്യാറാക്കി നൽകണമെന്ന് എല്ലാ എം.എൽ.എ.-മാർക്കും അറിയിപ്പ് നൽകിയിട്ടുണ്ട്. ഈ വർഷം തന്നെ എൽ.പി./യു.പി. സ്കൂൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും അത് സമർപ്പിക്കുകയും ചെയ്യുകയാണെങ്കിൽ ഭൗതിക സാഹചര്യം വികസിപ്പിക്കുന്നതിന് ഉപകരിക്കും. മാത്രമല്ല, നേരത്തെ സൂചിപ്പിച്ചതുപോലെ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക പരിശീലനം പൂർത്തിയായിക്കഴിഞ്ഞു. അതോടൊപ്പം പ്രൈമറി സ്കൂളുകളിൽ ആവശ്യമായ കളിപ്പെട്ടി അടക്കമുള്ള പുതിയ പഠനരീതി പരീക്ഷിച്ചുവരികയും ചെയ്യുന്നുണ്ട്. കേരളത്തിൽ പ്രൈമറി സ്കൂളുകൾ നല്ല നിലവാരത്തിലേയ്ക്ക് ഉയരുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, വിദ്യാഭ്യാസ അവകാശ നിയമത്തിൽ അധിഷ്ഠിതമായി എല്ലാ വർഷവും ASER (Annual Status of Education Report) വരാറുണ്ട്. ഈ വർഷത്തെ റിപ്പോർട്ട് പരിശോധിച്ചാൽ ഗണിതശാസ്ത്രത്തിൽ എട്ടാം ക്ലാസ്സിലെ കുട്ടികൾക്ക് അഞ്ചാം ക്ലാസ്സിലെ ബേസിക് അരിത്തമാറ്റിക് ചെയ്യാൻ

കഴിയുന്നില്ലെന്ന പരാതിയുണ്ട്. പല ലിസ്റ്റുകളിലും കേരളം അവസാനമാണ്. സ്കൂളുകളിലെ എൻറോൾമെന്റ് കൂട്ടുന്നതിനെക്കാൾ ക്വാളിറ്റിയുള്ള എഡ്യൂക്കേഷൻ പ്രത്യേകിച്ച് ഗണിതശാസ്ത്രത്തിൽ കൊടുക്കാനുള്ള നടപടി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, എല്ലാ മേഖലയിലും അക്കാദമിക് മികവുണ്ടാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. പക്ഷേ അങ്ങ് പറഞ്ഞതുപോലെ ഗണിതശാസ്ത്രത്തിന്റെ കാര്യത്തിൽ കേരളം വളരെ പിറകിലാണെന്നത് ശരിയാണ്. അത് മെച്ചപ്പെടുത്താൻ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നത് കഴിഞ്ഞ ഒരു വർഷത്തെ അനുഭവത്തിൽനിന്ന് ബോധ്യമായതാണ്. കഴിഞ്ഞ വർഷം ഇംഗ്ലീഷ് മെച്ചപ്പെടുത്തുന്നതിനായി 'ഹലോ ഇംഗ്ലീഷ്' എന്ന പരിപാടി ആവിഷ്കരിച്ചതുപോലെ ഈ വർഷം എസ്.എസ്.എ യിലൂടെ 'ഗണിതോൽസവം' എന്ന പുതിയൊരു പരിപാടി ആരംഭിക്കുകയാണ്. എസ്.സി.ഇ.ആർ.ടി. കേരളത്തിലെ ഗണിത മേഖലയിലുള്ള വിദഗ്ദ്ധരെ പങ്കെടുപ്പിച്ചു കൊണ്ട് ഒരു ബ്രെയിൻ സ്റ്റോമിംഗ് സെഷൻ ഉടൻതന്നെ നടത്തുന്നതാണ്. അഖിലേന്ത്യാ തലത്തിൽ ഗണിതശാസ്ത്രത്തിൽ കേരളം പിന്നിലായതിനാൽ എങ്ങനെ അത് മെച്ചപ്പെടുത്താൻ കഴിയുമെന്നത് സംബന്ധിച്ച് ഈ ബ്രെയിൻ സ്റ്റോമിംഗ് സെഷനിലൂടെ പുതിയൊരു ആശയം കണ്ടെത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. എം. സ്വരാജ്: സർ, ഇപ്പോൾ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്. എന്നാൽ പി.റ്റി.എ. കമ്മിറ്റികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. സ്കൂളിന്റെ വികസന കാര്യങ്ങളിൽ സഹായിക്കാനും ഇടപെടാനും പി.റ്റി.എ. കമ്മിറ്റിയാണ് മുൻകയ്യെടുക്കുന്നത് എന്നാണ് മുമ്പ് കേട്ടിരുന്നത്. എന്നാൽ ചിലയിടങ്ങളിൽ സ്കൂളിന്റെ ഭരണപരമായ കാര്യങ്ങളിലും കുട്ടികളുടേയും അദ്ധ്യാപകരുടേയുമൊക്കെ അച്ചടക്ക നടപടികൾ ഉൾപ്പെടെയുള്ള കാര്യങ്ങളിലും പി.റ്റി.എ. കമ്മിറ്റി ഇടപെടുന്നതായി കാണുന്നുണ്ട്. അതിന് എന്തെങ്കിലും നിയമപരമായ സാധുതയുണ്ടോ; പി.റ്റി.എ കമ്മിറ്റിയുടെ അവകാശങ്ങളും ചുമതലകളും സംബന്ധിച്ച് വ്യക്തത വരുത്താമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേന്ദ്ര വിദ്യാഭ്യാസ നിയമം അനുസരിച്ച് സർക്കാർ സ്കൂളുകളിൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി തന്നെയാണ് പ്രവർത്തിക്കേണ്ടത്. എയ്ഡഡ് സ്കൂളുകളിൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിക്ക് ഒരു ഉപദേശക തലം മാത്രമേയുള്ളൂ. പി.റ്റി.എ. സമിതികളും പ്രവർത്തിക്കുന്നുണ്ട്. ചരിത്രപരമായി വളർന്നു വന്നതാണ് പി.റ്റി.എ. എന്നാൽ ബഹുഭൂരിപക്ഷം സ്കൂളുകളിലും ഇതെല്ലാം വളരെ ഇന്റഗ്രേറ്റഡ് ആയിട്ട്, പ്രത്യേകിച്ച് ഇപ്പോൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം തുടങ്ങിയപ്പോൾ ആ സ്കൂളുമായി ബന്ധപ്പെട്ട് എല്ലാവരും ചേർന്ന് സ്കൂളിനെ വികസിപ്പിക്കാൻ ശ്രമിക്കുന്ന ഒരു പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ തരത്തിലുള്ള ഒരു പ്രശ്നം ഉദിക്കുന്നില്ല. എല്ലാവരും ചേർന്ന് ജനകീയമായി സ്കൂളിനെ വളർത്തുക എന്നുള്ളതുകൊണ്ട്

നിലവിലുള്ള സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയും പി.റ്റി.എ.-യും ചേർന്നാണ് പ്രവർത്തിക്കുന്നത്. ഏതെങ്കിലും സ്കൂളുകളിൽ അതിന് വിരുദ്ധമായി എന്തെങ്കിലും പ്രശ്നം വരുന്നുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. ഉമ്മർ: സർ, നമ്മുടെ സംസ്ഥാനത്ത് 1-ാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെ എൽ.പി. സ്കൂളുകളും 5 മുതൽ 7 വരെ യു.പി. സ്കൂളുകളുമായാണ് കണക്കാക്കുന്നത്. കേരളത്തിൽ 1 മുതൽ 5 വരെയുള്ള അൻപതോളം സ്കൂളുകളുണ്ട്. അത് എൽ.പി. സ്കൂളുകളുമല്ല യു.പി. സ്കൂളുകളുമല്ല. അവിടെ മതിയായ കുട്ടികളുണ്ടെങ്കിൽ അത് യു.പി. സ്കൂളുകളാക്കി ഉയർത്താനും അപ്ഗ്രേഡ് ചെയ്യാനുമുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇപ്പോഴത്തെ വിദ്യാഭ്യാസ നിയമം അനുസരിച്ച് അങ്ങ് പറഞ്ഞത് ശരിയാണ്. 5-ാം ക്ലാസ് വരെയുള്ള അമ്പതോ അറുപതോ സ്കൂളുകളുണ്ട്. അത്തരത്തിലുള്ള സ്കൂളുകളിൽ 6-ാം ക്ലാസിലേയ്ക്ക് അപ്ഗ്രേഡ് ചെയ്ത ചില സ്കൂളുകളുമുണ്ട്. അത്തരം സ്കൂളുകൾ യഥാർത്ഥത്തിൽ യു.പി തലത്തിലാണ് വരേണ്ടത്. യു.പി. വരെ എന്നാൽ 8-ാം ക്ലാസ് വരെയാണ്. എന്നാൽ ഇപ്പോൾ 8-ാം ക്ലാസ് ഹൈസ്കൂളിന്റെ ഭാഗമാണ്. എസ്.എസ്.എ.-യുടെ ഫണ്ട് 8-ാം ക്ലാസ് വരെ നമുക്ക് ലഭിക്കുന്നുണ്ട്. കൂടാതെ ടീച്ചേഴ്സിന്റെ ക്വാളിഫിക്കേഷന്റെ പ്രശ്നവും ഉദിക്കുന്നുണ്ട്. ഇവയെല്ലാം വിശദമായി ചർച്ച ചെയ്ത് 5 മുതൽ 8 വരെയുള്ള ക്ലാസ്സുകൾ ഏത് വിഭാഗത്തിൽ ചേർക്കണമെന്ന കാര്യം വളരെ വിശദമായി ചർച്ച നടത്തി പൊതുവായി സ്വീകാര്യമായ തീരുമാനം എടുക്കുന്നതായിരിക്കും.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, വിദ്യാഭ്യാസ രംഗത്ത് സർക്കാരിന്റെ ശ്ലാഘനീയമായ ഇടപെടലിന്റെ ഭാഗമായിട്ടാണ് ആർ.എം.എസ്.എ. സ്കൂളുകൾ സർക്കാർ ഏറ്റെടുത്തിരിക്കുന്നത്. എന്നാൽ സ്റ്റാഫ് ഫിക്സേഷൻ നടത്തിയപ്പോൾ ചില വിഷയങ്ങളിൽ അദ്ധ്യാപകർ ഇല്ലാത്ത അവസ്ഥ ഇപ്പോഴും തുടരുന്നുണ്ട്. പുതിയ അദ്ധ്യയന വർഷം തന്നെ അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കഴിഞ്ഞ വർഷംതന്നെ ആർ.എം.എസ്.എ. സ്കൂളുകൾ കേരളത്തിൽ പല തരത്തിലുള്ള പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നുവെന്ന് അനുഭവസ്ഥരായ എല്ലാവർക്കും അറിയാം. ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടിയാണ് ആർ.എം.എസ്.എ. സ്കൂളുകൾ പൂർണ്ണമായും സർക്കാർ ഏറ്റെടുത്തത്. അത് കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിലെ സുപ്രധാനമായൊരു ചുവടുവയ്പ്പാണ്. എന്നാൽ അതിനുശേഷം ചില സാങ്കേതിക പ്രശ്നങ്ങളും അദ്ധ്യാപകരുടെയും ഹെഡ്മാസ്റ്ററുടെയും പ്രശ്നങ്ങളുമെല്ലാം ഉണ്ടായി. ആ പ്രശ്നങ്ങൾ കഴിഞ്ഞ കുറച്ചു മാസങ്ങളായി പരിഹരിച്ച് വരികയാണ്. അദ്ധ്യാപകർ ഇല്ലെന്ന പ്രശ്നം കേരളത്തിൽ ഒരു സ്കൂളിലും വരില്ല. അദ്ധ്യാപകരുടെ ഒഴിവുണ്ടെങ്കിൽ ഡെയിലി വേജസിൽ അദ്ധ്യാപകരെ എടുക്കാമെന്നുള്ളൊരു ഓർഡർ നിലവിലുണ്ട്. ഇന്ന് ആർ.എം.എസ്.എ. സ്കൂളുകൾ സർക്കാർ സ്കൂളുകളാണ്.

<u>മി. സ്പീക്കർ</u>: പ്ലസ് ടു-വിലെ ഗസ്റ്റ് ലക്ച്ചറർമാർക്ക് മാസങ്ങളായി ശമ്പളം കിട്ടുന്നില്ലെന്ന് പറയുന്നത് ശരിയാണോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, പ്ലസ് ടു-വിലെ അദ്ധ്യാപകർക്കും ഡെയിലി വേജസ് അദ്ധ്യാപകർക്കും ശമ്പളം കിട്ടുന്നുണ്ട്.

<u>ഡോ. എൻ. ജയരാജ്:</u> സർ, വിദ്യാഭ്യാസ രംഗത്ത് വളരെ കാലികമായ ഒട്ടേറെ മാറ്റങ്ങൾക്ക് നിങ്ങൾ മുൻകയ്യെടുക്കുന്നുണ്ടെന്നത് വളരെ സന്തോഷകരമായ കാര്യമാണ്. ആർ.എം.എസ്.എ.-യുടേയും എസ്.എസ്.എ.-യുടേയും കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒരു കലണ്ടർ അനുസരിച്ചാണ് മുമ്പ് ഇവർക്ക് പരിശീലനം നൽകിക്കൊണ്ടിരുന്നത്. എന്നാൽ ഫണ്ട് ചെലവഴിക്കുന്നതിനുവേണ്ടി അക്കാദമിക് ഇയറിന്റെ അവസാന സമയത്ത് തട്ടിക്കൂട്ടി നിരവധി പരിശീലന പരിപാടികൾ നടത്തുന്നതാണ് പലപ്പോഴും കാണുന്നത്. ഇതുകൊണ്ട് പ്രായോഗികമായി യാതൊരു പ്രയോജനവുമില്ല. അദ്ധ്യാപകർക്ക് ഏറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. അത് നിയന്ത്രിച്ച് കൃത്യമായ കലണ്ടർ അടിസ്ഥാനത്തിൽ ആർ.എം.എസ്.എ.-യുടെയും എസ്.എസ്.എ.-യുടേയും പരിശീലന പരിപാടികൾ കൃത്യമായി മുന്നോട്ട് കൊണ്ടുപോകാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണിത്. പരിശീലനങ്ങൾ പരിശീലനങ്ങളുടെ വഴിക്ക് പോകുക എന്നതിന് പകരം എല്ലാ പരിശീലനങ്ങളും ഉദ്ഗ്രഥിച്ചുകൊണ്ട് അദ്ധ്യാപകരുടെ നിലവാരം ഉയർത്തുന്ന തലത്തിലേയ്ക്ക് മാറ്റുക, അതിനുവേണ്ടി മൊഡ്യൂളുകൾ തയ്യാറാക്കുക, മൊഡ്യൂളുകൾ ഇന്റഗ്രേറ്റ് ചെയ്യുക, പ്രോഗ്രാംസ് ഇന്റഗ്രേറ്റ് ചെയ്യുക എന്ന രീതി നമ്മൾ ഇപ്പോൾ അനുവർത്തിച്ച് കഴിഞ്ഞിട്ടുണ്ട്. ഈ അക്കാദമിക് വർഷത്തിൽ ഒരേ മൊഡ്യൂൾ അനുസരിച്ച് വളരെ ഇന്റഗ്രേറ്റഡായി അദ്ധ്യാപക തലം ഉയർത്തുന്നതിനുവേണ്ടി സ്പെസിഫിക്കായ പരിശീലനം തന്നെയായിരിക്കും ഉണ്ടാകുക.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> സർ, പൊതുവിദ്യഭ്യാസ സംരക്ഷണ യജ്ഞത്തിൽ നല്ലൊരു റോൾ എടുക്കേണ്ടത് എയ്ഡഡ് സ്കൂളിലെ മാനേജർമാർ ഉൾപ്പെടെയാണ്. എന്നാൽ വിവിധ കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടപ്പോൾ മാനേജർമാർക്ക് അതിലൊരു റോൾ കാണുന്നില്ല എന്നൊരു വർത്തമാനം പൊതുവേ വന്നിട്ടുണ്ട്. അത് പരിഹരിക്കാനുള്ള എന്തെങ്കിലും നിർദ്ദേശം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി കൈക്കൊള്ളുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, തീർച്ചയായും. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് നമ്മൾ തുടക്കം കുറിക്കുകയാണ്. നിരവധി പ്രശ്നങ്ങൾ അങ്ങ് പറഞ്ഞതുപോലെ ഉണ്ടാകാം. എന്തെല്ലാം പ്രശ്നങ്ങൾ ഈ മേഖലയിലുണ്ടോ അത്

പൂർണ്ണമായും തുറന്ന മനസ്സോടെ കേൾക്കാൻ സർക്കാർ തയ്യാറാണ്. അതുമാത്രമല്ല പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഇത്തരത്തിൽ ഇതിനോട് യോജിക്കാത്ത എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അത് പൂർണ്ണമായും പരിഹരിക്കാൻ സർക്കാർ തയ്യാറാണ്.

ശ്രീ. പി. ടി. തോമസ്: സർ, യു.പി.എ. സർക്കാരിന്റെ നിയമനിർമ്മാണങ്ങളിൽ ഏറ്റവും ശ്രദ്ധിക്കപ്പെട്ട ഇന്ത്യ മുഴുവനുമുള്ള ലക്ഷോപലക്ഷം കുടുംബങ്ങൾക്ക് നേട്ടമുണ്ടാക്കിയ ഒന്നാണ് Right to Education. സംസ്ഥാന ഗവൺമെന്റ് പൊതു വിദ്യാഭ്യാസ സംരക്ഷണത്തിനുവേണ്ടി ഈ വർഷം നടത്തിയ മുന്നേറ്റം വളരെ നല്ലതാണ്. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. എന്റെ നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണവുമായി ബന്ധപ്പെട്ട് മിക്കവാറും സ്കൂളുകളുടെ യോഗങ്ങളിൽ ഞാൻ പങ്കെടുത്തിട്ടുണ്ട്. അവിടെ കണ്ട രണ്ട് കാര്യങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണം യു.പി.എ. ഗവൺമെന്റിന്റേതാണ് എന്നല്ല പറഞ്ഞത്. അങ്ങനെ തെറ്റിദ്ധരിക്കരുത്. ഒരു സ്കൂളിൽ ചെന്നപ്പോൾ കാസർഗോഡുള്ള ഒരു ഹെഡ്മിസ്ട്രസാണ് അവിടെ ഇരിക്കുന്നത്. സർക്കാർ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുന്നപോലെ ഗവൺമെന്റ് ഹെഡ്മാസ്റ്റർമാരെയും ഇത്തരത്തിൽ ജില്ലവിട്ട് മാറ്റേണ്ട കാര്യമുണ്ടോ; അത് പുനഃപരിശോധിക്കുമോ എന്നുള്ളതാണ് ഒരു ചോദ്യം. അതോടൊപ്പം ഉയർന്നുവന്ന രണ്ടാമത്തെ പ്രശ്നം, പി.റ്റി.എ. കമ്മിറ്റിക്ക് ഇപ്പോൾ ഫണ്ട് പിരിക്കാൻ പറ്റില്ല എന്നൊരു നിബന്ധനയുണ്ട്. സ്കൂളുകളിൽ ഫണ്ട് പിരിവിനെ സംബന്ധിച്ച് ഗൈഡ്‌ലൈൻസ് എന്തെങ്കിലുമുണ്ടോ, ഫണ്ട് പിരിക്കാൻ പാടുണ്ടോ, ഇല്ലയോ, ഈ രണ്ട് കാര്യങ്ങളും പൊതുവിദ്യാഭ്യാസ സംരക്ഷണവുമായി ബന്ധപ്പെട്ട സുപ്രധാനമായ കാര്യങ്ങളാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അദ്ധ്യാപകരുടെ സ്ഥലം മാറ്റത്തിനും ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫറിനും മാനദണ്ഡങ്ങളുണ്ട്. ആ മാനദണ്ഡങ്ങളനുസരിച്ച് മാത്രമാണ് കേരളത്തിൽ ട്രാൻസ്ഫർ നടക്കുന്നത്. അങ്ങ് പറഞ്ഞതുപോലെ സ്കൂളിലെ പ്രശ്നം സ്പെസിഫിക്കായി എനിക്ക് അറിയില്ല. നോംസ് അനുസരിച്ചല്ലാതെ അവിടെ എന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ തീർച്ചയായും അതിന് പരിഹാരം കണ്ടെത്താം. നോംസ് അനുസരിച്ചുള്ള ട്രാൻസ്ഫർ എല്ലാ വർഷവും നടക്കുന്നതനുസരിച്ച് തന്നെ ഈ വർഷവും നടക്കും. അതിന് വിരുദ്ധമായി എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ അത് അറിയിച്ചാൽ മതിയാകും. ഫണ്ട് പിരിക്കുന്ന കാര്യം ഇപ്പോൾ ജനകീയമായിട്ടുണ്ട്. ഞാൻ ഒരു സ്കൂളിൽ ചെന്നപ്പോൾ ജനകീയമായി സംഭാവന തരാൻ അവർ തയ്യാറാണെന്ന് പറഞ്ഞു. അതിന് ആവശ്യമായിട്ടുള്ള നിയമനിർമ്മാണമോ, നോംസോ, ഗൈഡ്‌ലൈൻസോ വേണമെന്നുണ്ടെങ്കിൽ നമുക്ക് ഉണ്ടാക്കാവുന്നതേയുള്ളൂ. ഒരു വർഷംകൊണ്ട് ഇതിന്റെ എല്ലാ ഗൈഡ്‌ലൈൻസും പൂർത്തിയായെന്ന് വരില്ല. ജനകീയാസൂത്രണം

ആരംഭിച്ച കാലത്ത് ഒന്നോ രണ്ടോ വർഷം കൊണ്ടാണ് പൂർണ്ണമായും നമ്മൾ അതിന്റെ ഒരു സ്റ്റേജിൽ എത്തിയത്. നേരത്തേ സൂചിപ്പിച്ചതുപോലെ ഏതെങ്കിലും സ്കൂളുകളിൽ പ്രശ്നങ്ങളുണ്ടെങ്കിൽ അത് അറിയിച്ചാൽ അതിനാവശ്യമായ ഗൈഡ്‌ലൈൻസോ ഓർഡറോ സർക്കാർ ഇറക്കുന്നതാണ്.

**ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം**

2(*242) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണമേന്മയുള്ള വിദ്യാഭ്യാസമെന്ന കുട്ടികളുടെ അവകാശം നിറവേറ്റാനായി സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങളായ അവസര സമത്വം, തുല്യത തുടങ്ങിയ ഭരണഘടനാപരമായി സിദ്ധിച്ചിട്ടുള്ള അവകാശങ്ങൾ ഹനിക്കുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. ബോർഡുകളോട് അഫിലിയേറ്റ് ചെയ്യുന്ന സ്കൂളുകൾക്ക് എൻ.ഒ.സി. നൽകുന്ന രീതി അവസാനിപ്പിക്കുമോ;

(സി) യശ്പാൽ കമ്മീഷൻ ശിപാർശ ചെയ്തുപോലെ കേന്ദ്രീയ വിദ്യാലയങ്ങളും നവോദയ വിദ്യാലയങ്ങളും ഒഴികെയുള്ള എല്ലാ വിദ്യാലയങ്ങളും സംസ്ഥാന ബോർഡിനോട് അഫിലിയേറ്റ് ചെയ്യണമെന്ന കാര്യം പരിഗണിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ഗുണമേന്മയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികളുടെ അവകാശമാണെന്ന കാഴ്ചപ്പാടോടെ നിരവധി പരിപാടികൾ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കി വരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അക്കാദമിക നിലവാരം ഉയർത്തൽ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സാമൂഹിക പിന്തുണ ഉറപ്പുവരുത്തൽ എന്നിവയിൽ ഊന്നിക്കൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം മുന്നേറുന്നത്. ഇതിനായി സംസ്ഥാന തലത്തിൽ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി., ഐ.റ്റി @ സ്കൂൾ, സീമാറ്റ്, ഡയറ്റ്, ആർ.എം.എസ്.എ., എസ്.എസ്.എ. എന്നിവ ടാസ്ക് ഫോഴ്സിന്റെ ഭാഗമാക്കിക്കൊണ്ട് പദ്ധതിക്ക് നേതൃത്വം നൽകുന്നു. സംസ്ഥാനത്തെ സ്കൂളിലെ ഇംഗ്ലീഷ് പഠനത്തിന്റെ നിലവാരം ഉയർത്തുന്നതിനായി എസ്.സി.ഇ.ആർ.ടി.-യും എസ്.എസ്.എ.-യും സഹകരിച്ച് 'ഹലോ ഇംഗ്ലീഷ്' എന്ന പദ്ധതി നടപ്പിലാക്കി. അദ്ധ്യാപക പരിശീലനങ്ങളിലൂടെ

നൂതനമായ പഠനബോധന തന്ത്രങ്ങൾ വ്യാപിപ്പിക്കാൻ ശ്രമിച്ചുവരുന്നു. ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് അവധിക്കാല പരിശീലനം നൽകുന്നതിന് പദ്ധതിയിട്ടിട്ടുണ്ട്. പ്രൈമറി വിഭാഗത്തിന്റെ പരിശീലനം ആരംഭിച്ചു കഴിഞ്ഞു. സെക്കണ്ടറി അദ്ധ്യാപക പരിശീലനത്തിനുള്ള റിസോഴ്സ് പേഴ്സൺ പരിശീലനം നടന്നുവരികയാണ്. ഹയർ സെക്കണ്ടറിയിൽ കമ്പ്യൂട്ടർ പരിശീലനത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുടെ സഹായത്തോടെ പഠനം ഫലപ്രദമാക്കുന്നതിന് ഇ-കണ്ടന്റ് വികസിപ്പിക്കാനുള്ള പദ്ധതികൾ പുരോഗമിച്ചുവരുന്നു. ഇതിനായി ഐ.റ്റി @ സ്കൂൾ ഒരു പോർട്ടലിന് രൂപം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളെ പരിപോഷിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് ഇപ്പോൾ എൻ.ഒ.സി. നൽകുന്നില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിലൂന്നി നിന്നുകൊണ്ടുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെ കേരളീയ സമൂഹം വളരെ പ്രതീക്ഷയോടെയാണ് കാണുന്നത്. ഓട്ടിസം ഉൾപ്പെടെ പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ ശാസ്ത്രീയവും ഫലപ്രദവുമായ പരിശീലന പരിചരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വിദ്യാഭ്യാസ കാഴ്ചപ്പാടുതന്നെ എല്ലാവരെയും ഉൾക്കൊള്ളുക, പാർശ്വവൽക്കരിക്കപ്പെടാത്ത ഒരു ജനത ഉണ്ടാകുക എന്നുള്ളതാണ്. അതുകൊണ്ടുതന്നെ വിദ്യാഭ്യാസരംഗത്ത് ആധുനികവൽക്കരണം നടക്കുമ്പോൾ പലപ്പോഴും ഓട്ടിസം ബാധിച്ച കുട്ടികളടക്കമുള്ളവർ പാർശ്വവൽക്കരിക്കപ്പെടാൻ സാധ്യതയുണ്ട്. അത് ഒഴിവാക്കുന്നതിനുവേണ്ടി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രോജക്ടിൽത്തന്നെ എല്ലാ മണ്ഡലങ്ങളിലും ഒരു 'ഓട്ടിസം പാർക്ക്' നിർമ്മിക്കണമെന്നുള്ള നിർദ്ദേശമുണ്ട്. അത് ബജറ്റിൽ അംഗീകരിച്ചിട്ടുണ്ട്. ഈ വർഷം 7 കോടി രൂപ അതിനുവേണ്ടി മാറ്റിവച്ചിട്ടുണ്ട്. അതിനാൽ ഈ വർഷം എല്ലാ ജില്ലയിലും ഒരു മണ്ഡലത്തിൽ ഒരു ഓട്ടിസം പാർക്കെങ്കിലും നിർമ്മിക്കും.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, പാഠ്യപദ്ധതിയിലൂടെ വർഗ്ഗീയതയും അന്ധവിശ്വാസവും കടത്തിവിടാൻ അഖിലേന്ത്യാതലത്തിൽ ഒരു ശ്രമം നടക്കുന്നുണ്ട്. ഇവിടെ മഷിനോട്ടം ഉൾപ്പെടെ 13 വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന കേന്ദ്രസർക്കാരിന്റെ നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച സർക്കാർ നിലപാട് എന്താണ്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അഖിലേന്ത്യാ നയം വന്നിട്ടില്ലെങ്കിലും നയ രൂപീകരണത്തിന് മുന്നോടിയായി ഒരു ഡ്രാഫ്റ്റ് സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. അതിന്റെ ചർച്ച വളരെ വ്യാപകമായി നടന്നുവരികയാണ്. ഈ സഭയിൽ ഇതിനുമുമ്പും ഞാൻ തന്നെ അതിന് ഉത്തരം പറഞ്ഞിട്ടുണ്ട്. അതിന്റെ പ്രധാനപ്പെട്ട ആശയം വിദ്യാഭ്യാസത്തിന്റെ കച്ചവടവൽക്കരണവും വർഗ്ഗീയവൽക്കരണവും തന്നെയാണ്. അതിന്റെ ഭാഗമായാണ് ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച ഈ പ്രശ്നമുയർന്നു വരുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ വ്യാപകമായി ചർച്ച ചെയ്യുകയും ജനങ്ങളുടെ അഭിപ്രായം രൂപീകരിക്കുകയും ഇത്തരത്തിൽ മൗലികമായ തെറ്റായ ഇടപെടലുകൾക്കെതിരെ ശക്തമായ ജനവികാരം ഉയർത്തിക്കൊണ്ടുവരികയും ചെയ്യുന്നതാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തു ന്നതിനുവേണ്ടി കുട്ടികളുടെ കായികശേഷിയും കലാ-സാഹിത്യ അഭിരുചികളും വളർത്തിയെടുക്കുന്നതിന് ഇന്ന് സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വിവിധ മത്സരങ്ങളാണ് മുഖ്യമായും നടക്കുന്നത്. ഇത്തരം മത്സരങ്ങൾ വലിയ സാമ്പത്തിക ബാധ്യത സർക്കാരിനും, അത് ഏറ്റെടുത്ത് നടത്തുന്ന ജില്ല, സ്കൂൾ ഇവയ്ക്കെല്ലാം വരുത്തിവയ്ക്കുന്നു. ഇതുകൊണ്ട് ലഭിക്കുന്ന ഒരു പ്രയോജനം ആയിരക്കണക്കിന് കുട്ടികൾക്ക് ഗ്രേസ് മാർക്കിനുകൂടി അവസരമുണ്ടാകുകയാണ് എന്നുള്ളതാണ്. ആരാണ് ഈ മത്സരങ്ങളിൽ പങ്കെടുക്കുന്നവരെന്നും ആരാണ് ഗ്രേസ് മാർക്കിന് അർഹരാ കുന്നതെന്നും നമുക്കൊക്കെ അറിയാവുന്ന കാര്യമാണ്. യഥാർത്ഥത്തിൽ ഇതെല്ലാം കരിക്കുലത്തിന് പുറത്ത് എക്സ്ട്രാ കരിക്കുലർ ആക്റ്റിവിറ്റിയായി മാറുകയാണ്. മറിച്ച് ചെറിയ പ്രായം മുതലേ കുട്ടികളുടെ കഴിവിനനുസരിച്ച് പ്രോത്സാഹിപ്പിക്കപ്പെ ടേണ്ടതാണെന്ന് മനസ്സിലാക്കി ഇതുകൂടി ഉൾപ്പെടുത്താൻ സാധിക്കത്തക്ക വിധത്തിൽ എങ്ങനെ നമ്മുടെ പാഠ്യ പദ്ധതി പരിഷ്കരിക്കാമെന്നതിനെക്കുറിച്ച് പരിശോധിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്നതിന് സർക്കാർ തയ്യാറാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കരിക്കുലം കമ്മിറ്റി ഇപ്പോൾത്തന്നെയുണ്ട്. അതിന്റെ ആദ്യ ചർച്ചയിൽത്തന്നെ ഈ വിഷയം വളരെ സമഗ്രമായി ചർച്ച ചെയ്തതാണ്. കാരണം, വിദ്യാഭ്യാസം എന്നത് കേവലം വിഷയ പഠനം മാത്രമല്ല, അത് സമഗ്രമാണ്. ഒരു വിദ്യാർത്ഥിയുടെ സർഗ്ഗപരമായ എല്ലാ കഴിവുകളുടെയും വികാസത്തെയാണ് വിദ്യാഭ്യാസമെന്നുപറയുന്നത്. ആ അർത്ഥത്തിലാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത്. അതുകൊണ്ടുതന്നെ വളരെ ചെറിയ പ്രായത്തിൽ ഒരു കുട്ടിയുടെ പഠിക്കാനുള്ള കഴിവ് പരീക്ഷിക്കുന്നതോടൊപ്പംതന്നെ സർഗ്ഗപരമായ കഴിവുകളും ആ കുട്ടിക്കുണ്ടോയെന്ന് പരീക്ഷിക്കേണ്ടതുണ്ട്. അതിനുവേണ്ട വളരെ പ്രധാനപ്പെട്ട ഇടപെടൽ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിലുണ്ട്. അത് 'ടാലന്റ്

ലാബ് എന്നുള്ള ഒരു സങ്കൽപ്പമാണ്. ഒരു കുട്ടിയുടെ സർഗ്ഗപരമായ മേഖലകളിലേയ്ക്ക് ആ സ്കൂളിന്റെ പ്രവർത്തനത്തിന്റെ അന്വേഷണം ചെല്ലുന്നുവെന്നുള്ളതാണ് അതിന്റെ സങ്കൽപ്പം. അതോടെ വളരെ ചെറുപ്രായത്തിൽത്തന്നെ ഓരോ കുട്ടിയുടെയും സർഗ്ഗപരമായ കഴിവുകളെ തിരിച്ചറിയാൻ സാധിക്കും.അതിനെ വികസിപ്പിക്കുന്നതിലൂടെ മാത്രമേ അദ്ദേഹം പറഞ്ഞ ഒരു തലത്തിലേയ്ക്ക് കുട്ടിയെ എത്തിക്കാൻ നമുക്ക് കഴിയുകയുള്ളൂ.

ശ്രീ. പി. ടി. എ. റഹീം: സർ, സി.ബി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. കൊടുക്കുന്നതുമായി ബന്ധപ്പെട്ട സർക്കാരിന്റെ നയം, ചോദ്യത്തിന്റെ (ബി) പിരിവിൽ അങ്ങ് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കേരള സിലബസ് പിന്തുടരുകയും കെ.ഇ.ആർ. അനുസരിച്ച് 3 ഏക്കർ സ്ഥലവും കെട്ടിടവും ഒരുക്കുകയും സ്കൂൾ ആരംഭിച്ച് 9-ാം ക്ലാസ്സുവരെ സർക്കാർ അംഗീകാരം നൽകുകയും ചെയ്ത സ്കൂളുകൾക്ക് 10-ാം ക്ലാസ്സുകൂടി ആരംഭിക്കുന്നതിനുള്ള അനുമതി നൽകുമോ; മലബാർ മേഖലയിൽ കഴിഞ്ഞ ഇടതുപക്ഷ സർക്കാർ നൽകിയിരുന്ന ഇത്തരം സ്കൂളുകൾക്കുള്ള പ്രത്യേക പരിഗണന തുടരാൻ ഈ സർക്കാർ ആഗ്രഹിക്കുന്നുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ നയമനുസരിച്ച് അൺ-എയ്ഡഡ് സ്കൂളുകളെ പ്രോത്സാഹിപ്പിക്കുന്നില്ല. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ വളർത്തുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസത്തെ ശാക്തീകരിക്കണമെന്നുണ്ടെങ്കിൽ അൺ-എയ്ഡഡ് മേഖലയെ പ്രോത്സാഹിപ്പിക്കുന്ന നയം പാടില്ലെന്നുള്ളതുകൊണ്ട് ആ നയത്തിൽ ഉറച്ചുനിന്നുകൊണ്ടാണ് ഈ വിഷയങ്ങൾ സർക്കാർ കൈകാര്യം ചെയ്യുന്നത്.

ശ്രീ. യു. ആർ. പ്രദീപ്: സർ, സംസ്ഥാനത്ത് വിദ്യാഭ്യാസ ആവശ്യത്തിനുവേണ്ടി കുട്ടികൾക്ക് ജാതി സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റുമൊക്കെ ഹാജരാക്കേണ്ടതുണ്ട്. എന്നാൽ സ്കൂൾ തുറക്കുന്ന സമയത്ത് ഇവർക്ക് വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ് എന്നിവിടങ്ങളിൽനിന്ന് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ധാരാളം ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. നിലവിൽ സർട്ടിഫിക്കറ്റുകൾക്ക് ആറുമാസം വരെയാണ് കാലാവധിയുള്ളത്. ഈ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് സർട്ടിഫിക്കറ്റുകളുടെ കാലാവധി നീട്ടിക്കൊടുക്കാനോ അല്ലെങ്കിൽ അറ്റസ്റ്റ് ചെയ്ത് ഹാജരാക്കാനോ ഉള്ള സംവിധാനമുണ്ടാക്കാൻ കഴിയുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, സ്കൂളിൽ കുട്ടികളെ ചേർക്കാൻ ഒരു തടസ്സവും ഒരിക്കലും ഉണ്ടാകില്ലെന്നുള്ള കാര്യമാണ് ഇതിന്റെ ആശയപരമായ ഉത്തരമെന്ന നിലയ്ക്ക് പറയാനുള്ളത്. പൊതുവിദ്യാലയങ്ങളിൽ കുട്ടികളെ ചേർക്കുന്നതിന് ഒരു തടസ്സവുമുണ്ടാകില്ല. എന്ത് തടസ്സമുണ്ടായാലും സർക്കാർ അത് നീക്കുന്നതാണ്.

ശ്രീ. വി. ജോയി: സർ, പ്രൈമറി വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെക്കുറിച്ച് അങ്ങ് പറഞ്ഞു. പ്രീ-പ്രൈമറി ശക്തിപ്പെടുത്തിയാൽ മാത്രമേ പൊതുവിദ്യാഭ്യാസ സമ്പ്രദായം നമുക്ക് നല്ല നിലയിൽ കൊണ്ടുപോകുന്നതിന് കഴിയുകയുള്ളൂ. അൺ-എയ്ഡഡ് മേഖലയിൽ ഒരു കുട്ടി ചെന്നാൽ എൽ.കെ.ജി.-യു.കെ.ജി. തുടങ്ങി അവസാനം വരെ അവിടെ പഠിപ്പിക്കുന്ന സ്ഥിതിയാണുള്ളത്. പ്രീ-പ്രൈമറിക്ക് ആവശ്യമായ പ്രത്യേക പരിരക്ഷ അല്ലെങ്കിൽ അതിനുവേണ്ട സാഹചര്യം നമ്മുടെ സ്കൂളുകളിൽ ഉണ്ടാക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, വളരെ പ്രധാനപ്പെട്ട ഒരു ചോദ്യം തന്നെയാണ്. പ്രീ-പ്രൈമറി മുതൽ സർവ്വകലാശാലവരെയുള്ള വിദ്യാഭ്യാസത്തെ പൊതുരംഗത്തു കൊണ്ടുവന്ന് ശാക്തീകരിക്കണമെന്നുള്ളതാണ് നയം. അതിന്റെ ഭാഗമായി കേരളത്തിലെ പ്രീ-പ്രൈമറി രംഗത്തെ എങ്ങനെ നവീകരിക്കാമെന്നതിനെക്കുറിച്ച് ഒരു പഠനം നടത്തുന്നതിനുവേണ്ടി എസ്.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒന്നോ രണ്ടോ തലത്തിൽ അവരുടെ ചർച്ച നടന്നുകഴിഞ്ഞു. ആ ചർച്ചകളുടെ ക്രോഡീകരണത്തിലൂടെ വരുന്ന റിപ്പോർട്ടനുസരിച്ച് പ്രീ-പ്രൈമറി രംഗത്ത് കൂടുതൽ ശാസ്ത്രീയമായ മാറ്റങ്ങൾ വരുത്തുന്നതാണ്.

ശ്രീ. കെ. മുരളീധരൻ: സർ, സ്വകാര്യ വിദ്യാലയങ്ങളിൽനിന്ന് പാസ്സായി വരുന്ന ഒരു കുട്ടിക്ക് ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യം പലപ്പോഴും സർക്കാർ വിദ്യാലയങ്ങളിൽനിന്ന് പാസ്സായിവരുന്ന കുട്ടികൾക്കുണ്ടാകുന്നില്ല. അതുകൊണ്ട് സിവിൽ സർവ്വീസ് പോലുള്ള മത്സര പരീക്ഷകളിൽ സാധാരണക്കാരായ കുട്ടികൾ പുറന്തള്ളപ്പെടുകയാണ്. അതുകൊണ്ട് സർക്കാർ വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് ഭാഷയ്ക്ക് പ്രത്യേക കോച്ചിംഗ് നൽകാനുള്ള സംവിധാനം ഗവൺമെന്റുണ്ടാക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, മാതൃഭാഷയിലൂടെ പഠിക്കുകയെന്നുള്ളതാണ് നമ്മുടെ നയം. അത് നമ്മൾ ചർച്ച ചെയ്തതാണ്. എല്ലാ ഭാഷകളും സ്വീകാര്യമായതും നല്ലതും ഒരുപാട് സാഹിത്യ ചരിത്രമുള്ളതുമാണ്. 'ഹലോ ഇംഗ്ലീഷ് ' എന്ന പരിപാടി കഴിഞ്ഞ തവണ എസ്.എസ്.എ. ആരംഭിച്ചപ്പോൾ അത് അദ്ധ്യാപകരുടെയിടയിലും കുട്ടികളുടെയിടയിലും സ്വീകാര്യമായിരുന്നു. ഈ വർഷവും അത് ആരംഭിക്കുന്നുണ്ട്. പ്രത്യേകിച്ച് എല്ലാ ക്ലാസ്സുകളിലും ഇംഗ്ലീഷ് കൂടി മാതൃഭാഷയോടൊപ്പം പഠിക്കാനുള്ള അവസരം ഈ വർഷവും ഒരുക്കും.

ശ്രീ. ഇ. കെ. വിജയൻ : സർ, അദ്ധ്യാപകരുടെ ട്രാൻസ്ഫറുമായി ബന്ധപ്പെട്ടതാണ് എന്റെ ചോദ്യം. അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പ് അദ്ധ്യാപകരുടെ ട്രാൻസ്ഫർ നടപടി പൂർത്തീകരിച്ചാൽ ഒട്ടേറെ ബുദ്ധിമുട്ടുകൾ അവസാനിപ്പിക്കാൻ കഴിയും. Half-yearly പരീക്ഷ കഴിഞ്ഞതിനുശേഷവും അദ്ധ്യാപകരെ മാറ്റുന്ന നില വരുമ്പോൾ ആ സ്കൂൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ അതീവ ഗുരുതരമാണ്. അതിനൊരു പരിഹാരമുണ്ടാക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, തീർച്ചയായും. ഹയർ സെക്കണ്ടറിയിലെ ട്രാൻസ്ഫറിന്റെ നോംസ് പൂർത്തീകരിച്ച് ഓൺലൈനാക്കാനുള്ള ശ്രമം നടന്നു വരികയാണ്. ചിലപ്പോൾ ഒരുമാസം വൈകിയേക്കാം. അല്ലാത്ത എല്ലാ മേഖലകളിലും തുടക്കത്തിൽ തന്നെ ആവശ്യമുള്ള ട്രാൻസ്ഫർ നടക്കുകയും അതനുസരിച്ച് തുടർന്നുള്ള മാസങ്ങളിൽ ട്രാൻസ്ഫർ വരാത്ത രീതിയിൽ മുന്നോട്ടുപോകുകയും ചെയ്യും.

ശ്രീ. ടി. വി. ഇബ്രാഹിം : സർ, അഹമ്മദാബാദിലെ ദേശീയ കോൺഫറൻസിനെത്തിയ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ശിരോവസ്ത്രം അഴിപ്പിച്ച സംഭവം നമുക്കറിയാം. ഇന്നലെ കേരളത്തിലും അതുപോലൊരു സംഭവമുണ്ടായി. ആറ്റുകാൽ ചിന്മയാ വിദ്യാലയത്തിൽ 'നീറ്റ്' പരീക്ഷയ്ക്കെത്തിയ മുസ്ലീം വിദ്യാർത്ഥികളുടെ ശിരോവസ്ത്രം അഴിപ്പിച്ച ഒരു സംഭവമുണ്ടായി. ആ സംഭവത്തിന്മേൽ ബഹുമാനപ്പെട്ട മന്ത്രി എന്ത് നിലപാടെടുത്തുവെന്ന് അറിയില്ല. ഗുണമേന്മയുള്ള വിദ്യാഭ്യാസത്തെ കുറിച്ചാണിവിടെ ചർച്ച ചെയ്യുന്നത്. ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് മൂന്നുവർഷമായി ശമ്പളം കിട്ടാതിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അവർക്ക് ദിവസവേതനം കൊടുക്കുന്നുണ്ടെന്നാണ്. എന്നാൽ ദിവസവേതനം പോലും അവർക്ക് കിട്ടുന്നില്ല. മൂന്നുവർഷമായി അവർ പട്ടിണിയിലാണ്. ദിവസവേതനം അനുവദിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുപോലും ആറ് മാസമായി അവർക്ക് ശമ്പളം കിട്ടാതിരിക്കുകയാണ്. എന്റെ മണ്ഡലത്തിലടക്കം, നൂറ് ശതമാനം വിജയം നേടിയ ഹൈസ്കൂളുകളുണ്ട്. പക്ഷെ ആ സ്കൂളുകളിൽ എച്ച്.എം. അടക്കമുള്ള പോസ്റ്റുകൾ ഇതുവരെ തീരുമാനിച്ചിട്ടില്ല. എച്ച്.എം. അടക്കമുള്ളവരുടെ പോസ്റ്റ് ക്രിയേഷൻ ആർ.എം.എസ്.എ. സ്കൂളുകളിൽ അടിയന്തരമായി നടത്തുമോ എന്നതാണ് എന്റെ ചോദ്യം.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, നീറ്റ് എക്സാം നടന്നിടത്തുണ്ടായതായി പറയപ്പെടുന്ന പ്രശ്നം പരിശോധിക്കാം. ബാക്കി പ്രശ്നങ്ങൾക്കുള്ള ഉത്തരം ഞാൻ നേരത്തെതന്നെ പറഞ്ഞതാണ്. ആർ.എം.എസ്.എ. സ്കൂളുകളിൽ കഴിഞ്ഞ നിരവധി വർഷങ്ങളായി അദ്ധ്യാപകരുണ്ടായിരുന്നില്ലെന്ന് മാത്രമല്ല മറ്റ് നിരവധി പ്രശ്നങ്ങളുമുണ്ടായിരുന്നു. അതൊന്നും ഞാനിവിടെ പറയാൻ ശ്രമിക്കുന്നില്ല. ആ പ്രശ്നങ്ങളെല്ലാം പരിഹരിച്ചുകൊണ്ടാണ് ആർ.എം.എസ്.എ. സ്കൂളുകളെ പൂർണ്ണമായും സർക്കാർ ഏറ്റെടുത്തത്. ഇന്ന് ആ സ്കൂളുകളിൽ ഏത് തരത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനും പ്രശ്നമില്ല. ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാനുള്ള ഉത്തരവ് കൊടുത്തിട്ടുണ്ട്. ഹയർ സെക്കണ്ടറിയുടെ കാര്യവും ഞാനിവിടെ സൂചിപ്പിച്ചു. 2014 മുതൽ നിലനിൽക്കുന്ന പ്രശ്നമാണ് അവിടെയുള്ളത്. ഇപ്പോഴത്തെ ബജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2500-ൽപ്പരം തസ്തികകൾ അംഗീകരിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അതിന്റെ ഫയൽ നടപടികൾ ഇപ്പോൾ ഫൈനൽ സ്റ്റേജിലാണ്. അതല്ലാത്തവർക്ക് ഇപ്പോൾത്തന്നെ ഡെയിലി വേജസ് അടിസ്ഥാനത്തിൽ ശമ്പളം

കൊടുക്കുന്നുണ്ട്. ഏതെങ്കിലും സ്കൂളുകളിൽ ആർക്കെങ്കിലും ശമ്പളം ലഭിക്കാത്ത അവസ്ഥയുണ്ടെങ്കിൽ പറഞ്ഞാൽ മതി. ഇപ്പോൾ കേരളത്തിലെ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് ശമ്പളം കിട്ടാത്ത പ്രശ്നമില്ല.

മി. സ്പീക്കർ: ഇതേ വിഷയമാണ് നമ്മൾ ഇന്നത്തെ ഡിമാന്റ് ചർച്ചയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് കൂടുതൽ ചോദ്യങ്ങളിലേയ്ക്ക് പോകണ്ട.

*243-ാം നമ്പർ ചോദ്യവുമായി *266-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യണമെന്ന് ശ്രീ. എം. വിൻസെന്റ് ഒരു കത്തുനൽകിയിട്ടുണ്ട്. പക്ഷെ, ചോദ്യം സമാനമല്ലാത്തതിനാൽ ക്ലബ്ബിംഗ് അനുവദിക്കുന്നില്ല.

## റവന്യൂ വകുപ്പിനെ അഴിമതി വിമുക്തമാക്കാൻ നടപടി

3 (*243) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) റവന്യൂ വകുപ്പിൽ അഴിമതി വ്യാപകമാണെന്ന വിജിലൻസ് റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വകുപ്പിനെ അഴിമതി വിമുക്തമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വില്ലേജ്-താലൂക്ക് ഓഫീസുകളിൽനിന്നും ഇടനിലക്കാരെ ഒഴിവാക്കാൻ എന്ത് നടപടിയാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(സി) ജനങ്ങളുമായി കൂടുതൽ ബന്ധപ്പെടുന്ന വകുപ്പെന്ന നിലയിൽ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്തി വകുപ്പിനെ ജനസൗഹാർദ്ദപരമാക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ,

(എ) റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരിൽ ഒരു ചെറിയ വിഭാഗം അഴിമതിക്കാരാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിന് ആവശ്യമായ നടപടികൾ നടന്നുവരികയാണ്. പുതിയ സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ ഓഫീസ് പ്രവർത്തനം വേഗത്തിലും കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിനുള്ള തീവ്രപരിപാടി ഇതിന്റെ ഭാഗമാണ്. 'Service at finger tips' എന്ന ആധുനിക കാഴ്ചപ്പാടിന്റെ പൂർത്തീകരണത്തിലേയ്ക്ക് റവന്യൂ ഓഫീസുകൾ മാറ്റുകയാണ് ഗവൺമെന്റിന്റെ

ലക്ഷ്യം. ഇതിനുപുറമേ അഴിമതിക്ക് കാരണമാകുന്നുവെന്ന് പലപ്പോഴും ബോധ്യപ്പെട്ടിട്ടുള്ള കാലാനുസൃതമല്ലാത്ത നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിച്ച് റവന്യൂ ഓഫീസുകളിലെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

ഈ ഗവൺമെന്റ് അധികാരമേറ്റ ഉടൻ ഡെപ്യൂട്ടി കളക്ടർ മുതൽ വില്ലേജ് ഓഫീസർ വരെയുള്ള മുഴുവൻ ഉദ്യോഗസ്ഥരുടെയും യോഗം ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ വിളിച്ചുചേർക്കുകയും ഗവൺമെന്റ് നയം ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വകുപ്പ് അഴിമതിരഹിതമാക്കുന്നതിനും സ്വജനപക്ഷപാതം, കൃത്യനിർവ്വഹണത്തിലുള്ള വീഴ്ച, കൈക്കൂലി, മാന്യതയില്ലാത്ത പെരുമാറ്റം തുടങ്ങിയ അനഭിലഷണീയ പ്രവണതകൾ തടയുന്നതിനും ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൂന്ന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർ കാര്യാലയങ്ങൾ ഫലപ്രദമായ ഇടപെടൽ നടത്തിവരുന്നു. ഇതോടൊപ്പം എല്ലാ ജില്ലാ കളക്ടറേറ്റിലേയും പരിശോധനാ സംഘത്തിന് വിജിലൻസിന്റെ അധികാരം നൽകി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ & വിജിലൻസ് വിഭാഗമായി പ്രവർത്തിച്ചുവരുന്നുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ ഇൻസ്പെക്ഷൻ & ഓഡിറ്റ് വിഭാഗവും സബ് ഓഫീസുകളിൽ നിരന്തരമായ പരിശോധന നടത്തുന്നു. മാത്രമല്ല, പൊതുജനങ്ങൾക്ക് അഴിമതി സംബന്ധിച്ച വിവരങ്ങൾ ഉന്നത ഉദ്യോഗസ്ഥർ മുതൽ മന്ത്രിയെവരെ നേരിട്ട് അറിയിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തി. മന്ത്രിയുമായി നേരിട്ട് ബന്ധപ്പെടുന്നതിനുള്ള ടെലിഫോൺ നമ്പർ മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തിയിരുന്നു. ഇങ്ങനെ ലഭിക്കുന്ന പരാതികൾ യഥാസമയംതന്നെ ബന്ധപ്പെട്ട തലത്തിൽ പരിഹരിക്കുന്നതിന് മന്ത്രിയുടെ ഓഫീസ് സുസജ്ജമായി പ്രവർത്തിക്കുന്നു.

(ബി) വില്ലേജ്-താലൂക്ക് ഓഫീസുകളിൽ ഇടനിലക്കാരുടെ ഇടപെടൽ സർക്കാർ അനുവദിക്കുകയില്ല. എന്നാൽ, അത്തരം ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ ഏകദിന മിന്നൽ പരിശോധന നടത്തുകയുണ്ടായി. ഇതേത്തുടർന്ന് ഇടനിലക്കാരുടെ ഇടപെടൽ പരിപൂർണ്ണമായും ഒഴിവാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ലാൻഡ് റവന്യൂ കമ്മീഷണർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) റവന്യൂ ഓഫീസുകൾ പൂർണ്ണമായും ജനസൗഹൃദ ഓഫീസുകളാക്കി മാറ്റുകയാണ് ഗവൺമെന്റ് ലക്ഷ്യം. അതിനാവശ്യമായ നടപടി പൂർത്തിയായി വരുന്നു. പ്രവർത്തനങ്ങളുടെ വേഗത കൂട്ടുന്നതിനും സുതാര്യമാക്കുന്നതിനും വിവര സാങ്കേതിക വിദ്യയുടെ പ്രയോഗത്തിലൂടെ ഓഫീസ് സംവിധാനം കാലാനുസൃതമായി ആധുനികവൽക്കരിക്കുന്നതുവഴി പരാതികൾക്ക് പരിഹാരമാകുമെന്നാണ് പ്രതീക്ഷ.

ജനങ്ങളോടുള്ള ജീവനക്കാരുടെ പെരുമാറ്റവും ഇടപെടലും പരാതിരഹിതവും സൗഹാർദ്ദപരവുമാക്കുന്നതിന് തുടർച്ചയായ പരിശീലനം Institute of Land and Disaster Management -ന്റെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, വിവിധ ഡിപ്പാർട്ട്മെന്റുകളുടെ മദർ ഡിപ്പാർട്ട്മെന്റ് എന്നുപറയുന്നത് റവന്യൂ വകുപ്പാണ്. റവന്യൂ ഡിപ്പാർട്ട്മെന്റിനുണ്ടാകുന്ന എല്ലാ നല്ല ഗുണങ്ങളും ചീത്തവശങ്ങളും സമൂഹത്തെ മൊത്തത്തിൽ ബാധിക്കുകയാണ്. അങ്ങയുടെ മറുപടിയിൽത്തന്നെ ഈ ഡിപ്പാർട്ട്മെന്റിനകത്ത് അഴിമതി നടക്കുന്നുണ്ടെന്ന് അങ്ങ് സത്യസന്ധമായി പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര അഴിമതിക്കേസ്സുകൾ പിടിച്ചിട്ടുണ്ട്; എത്ര കേസ്സുകൾ കോടതിയിൽ ചാർജ്ജ് ചെയ്തിട്ടുണ്ട്; എത്ര ആളുകളെ ശിക്ഷിച്ചിട്ടുണ്ട്?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടത്തിയിട്ടുള്ള പരിശോധനയുടെയും ലഭിച്ചിട്ടുള്ള പരാതിയുടെയും അടിസ്ഥാനത്തിൽ 54 പേരെ സസ്പെന്റ് ചെയ്യുകയും 130 പേരുടെമേൽ വിവിധ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഡിപ്പാർട്ട്മെന്റിന് സ്വീകരിക്കാൻ കഴിയുന്ന നടപടികൾ യഥാസമയം സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :</u> സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതനുസരിച്ച് ഡെപ്യൂട്ടി കളക്ടർ മുതൽ താഴോട്ടുള്ള ആളുകൾക്ക് പരിശീലനം കൊടുക്കുന്നതിനുവേണ്ടി ശ്രമിച്ചു എന്നുപറയുന്നതിന്റെ വ്യംഗ്യാർത്ഥം യഥാർത്ഥത്തിൽ നോൺ ഐ.എ.എസ്. ഓഫീസേഴ്സാണ് അഴിമതിയുടെ കേന്ദ്ര ബിന്ദു എന്നുള്ളതാണ്. ഐ.എൽ.ഡി.എം.-ന്റെ നേതൃത്വത്തിൽ പരിശീലനം നൽകിയതിൽ ഡെപ്യൂട്ടി കളക്ടർ മുതൽ താഴോട്ടുള്ള ആളുകളുടെ കാര്യമാണ് പറയുന്നത്. ഉന്നത തലങ്ങളിലെ അഴിമതിയാണ് ഏറ്റവും സീരിയസ്സായിട്ടുള്ള അഴിമതി. ഉന്നതതലങ്ങളിലുള്ള അഴിമതിക്കെതിരെ നടപടിയെടുക്കാൻ രണ്ട് മാർഗ്ഗങ്ങൾ നമുക്കുണ്ട്. ഒന്ന്, ഡിപ്പാർട്ട്മെന്റിന്റെ വിജിലൻസ് വിംഗും രണ്ട്, പോലീസിന്റെ വിജിലൻസ് വിംഗും. ഡിപ്പാർട്ട്മെന്റിന്റെ വിജിലൻസ് വിംഗ് കേവലം മൂന്ന് സ്ഥലങ്ങളിൽ മാത്രം പ്രവർത്തിക്കുന്നുവെന്നാണ് അങ്ങ് ഉത്തരത്തിൽ പറഞ്ഞിട്ടുള്ളത്. ഡിപ്പാർട്ട്മെന്റിന്റെ വിജിലൻസിനെക്കുറിച്ചുമാത്രമേ അങ്ങ് പറയുന്നുള്ളൂ. അതോടൊപ്പംതന്നെ അഴിമതി സമഗ്രമായി ഒഴിവാക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്, ഈ ഗവൺമെന്റ് അക്കാര്യത്തിൽ എന്തെങ്കിലും മാതൃകാപരമായ നടപടി ഇതുവരെ നടത്തിയിട്ടുണ്ടോ? ഭൂസംബന്ധമായ കാര്യങ്ങളിലൊക്കെ ധാരാളം പരാതികൾ വരുന്നുണ്ട്. ആ പരാതികൾ പരിഹരിക്കുന്നതിന് എന്തുനടപടി സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം വളരെ ഗൗരവത്തോടുകൂടിത്തന്നെയാണ് ഗവൺമെന്റ് കാണുന്നത്. ഡിപ്പാർട്ട്മെന്റ് അഴിമതിരഹിതമായിരിക്കണമെന്ന കാര്യത്തിൽ വളരെ നിർബന്ധമുള്ളതുകൊണ്ടാണ് നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഡെപ്യൂട്ടി കളക്ടർമാർ മുതൽ താഴെത്തട്ടിലുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും യോഗങ്ങൾ വിളിച്ചുചേർത്ത് ചർച്ച ചെയ്തുവെന്ന് പറഞ്ഞത്. അതിന്റെയർത്ഥം ഉന്നതതലത്തിൽ എന്തെങ്കിലും തരത്തിലുള്ള അഴിമതിയുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ ആ കാര്യത്തിൽ ഒരു നടപടിയും സ്വീകരിക്കില്ലെന്നല്ല. റവന്യൂ വിഭാഗത്തിന്റെ മൂന്ന് ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിലുള്ള വിജിലൻസ് വിഭാഗം നടത്തുന്ന അന്വേഷണവും അതിനുപുറമേ ഡിപ്പാർട്ട്മെന്റ് ഇൻസ്പെക്ഷൻ & വിജിലൻസ് വിംഗ് നടത്തി കൊണ്ടിരിക്കുന്ന അന്വേഷണവും അതാത് സന്ദർഭങ്ങളിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നടപടി സ്വീകരിക്കും. ഉയർന്ന തലങ്ങളിൽ ഉണ്ടാകുന്ന ഏതെങ്കിലും തരത്തിലുള്ള അഴിമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് യാതൊരു വിട്ടുവീഴ്ചയുമില്ലാത്ത നിലപാട് ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങയുടെ ഉത്തരത്തിൽ റവന്യൂ ഉദ്യോഗസ്ഥരിൽ ചെറിയൊരു വിഭാഗം അഴിമതിക്കാരാണെന്നാണ് പറയുന്നത്. സംസ്ഥാനത്ത് റവന്യൂ വകുപ്പ് അഴിമതിയിൽ രണ്ടാം സ്ഥാനത്താണെന്നാണ് വിജിലൻസിന്റെ കണ്ടെത്തൽ. അങ്ങയുടെ വകുപ്പ് അഴിമതിയുടെ കാര്യത്തിൽ രണ്ടാം സ്ഥാനത്താണെന്ന് എന്തടിസ്ഥാനത്തിലാണ് വിജിലൻസ് കണ്ടെത്തിയത്; അങ്ങ് പറയുന്നതുപോലെ ചെറിയ വിഭാഗമാണെങ്കിൽ അങ്ങനെ പറയേണ്ട ആവശ്യമില്ലല്ലോ. വിജിലൻസ് വകുപ്പ് അങ്ങയുടെ വകുപ്പിനെ അപകീർത്തിപ്പെടുത്താൻ നടത്തുന്ന ശ്രമത്തിന്റെ ഭാഗമാണിതെന്ന് കരുതുന്നുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ശ്രീ. കെ. സി. ജോസഫിനും അറിയാവുന്നതാണ്, റവന്യൂ ഡിപ്പാർട്ട്മെന്റിൽ ഏതാണ്ട് 2000 ഓഫീസുകളും 18000-ത്തോളം വരുന്ന ജീവനക്കാരുമാണുള്ളത്. ഇത്രയും വിപുലമായ സംവിധാനം മറ്റൊരു ഡിപ്പാർട്ട്മെന്റിനും കാണുകയില്ല. കേരളത്തിൽ നാല് ശതമാനം മാത്രമാണ് അഴിമതിയെന്ന മറ്റൊരു റിപ്പോർട്ടുകൂടിയുണ്ടല്ലോ. അത്രയേറെ ജീവനക്കാരും ഓഫീസുകളുമുള്ള ഒരു ഡിപ്പാർട്ട്മെന്റിൽ ചെറിയൊരു വിഭാഗം അഴിമതിക്കാരാണെന്ന് പറഞ്ഞതാണ് ശരി. ആ ചെറിയ വിഭാഗം ആളുകളെ കണ്ടെത്താനും ആവശ്യമായ ശിക്ഷാനടപടികൾ തക്കസമയത്ത് സ്വീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. അതിനാലാണ് ചെറിയ വിഭാഗമെന്ന് പറയുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഫ്ലാറ്റ് നിർമ്മാണ രംഗത്തെ പരാതികൾ പരിഹരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് പുതിയ റിയൽ എസ്റ്റേറ്റ് നിയമം കൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാനത്ത് അതിനനുസൃതമായ ചട്ടങ്ങൾ രൂപീകരിച്ച് നിയമം കർശനമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അതിനാവശ്യമായ നടപടികൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, മാധ്യമങ്ങളിലും ജനങ്ങളുടെയിടയിലും ഇപ്പോൾ ഏറെ ചർച്ച ചെയ്യപ്പെടുന്നത് ഉദ്യോഗസ്ഥന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന കയ്യേറ്റമൊഴിപ്പിക്കൽ സംബന്ധിച്ചാണ്. 1957-ലെ കേരള ഭൂസംരക്ഷണ നിയമമനുസരിച്ച് കയ്യേറ്റം ഒഴിപ്പിക്കുന്നതിന് എന്തെല്ലാം പോരായ്മകളാണ് ഇപ്പോൾ നിലവിലുള്ളത്; അത്തരം പോരായ്മകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? അതോടൊപ്പം വൻകിട കയ്യേറ്റങ്ങൾ കണ്ടുപിടിക്കുന്നതിനുവേണ്ടി നിയോഗിച്ച രാജമാണിക്യം കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ 38000 ഏക്കർ സർക്കാർ ഭൂമി തിരിച്ചു പിടിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. ബഹു. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഇന്നലെ യോഗം ചേരുകയും വൻകിട കയ്യേറ്റങ്ങളെല്ലാം ഒഴിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്ത സാഹചര്യത്തിൽ രാജമാണിക്യം കമ്മീഷൻ റിപ്പോർട്ടിൽ പറയുന്ന 38000 ഏക്കർ ഭൂമി ആദ്യഘട്ടത്തിൽത്തന്നെ തിരിച്ചുപിടിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 1957-ലെ ലാന്റ് കൺസർവൻസി ആക്ട് അനുസരിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള അപര്യാപ്തത എന്താണെന്നാണ് അദ്ദേഹം ചോദിച്ചത്. കൃത്യമായി പറഞ്ഞാൽ ആ നിയമമനുസരിച്ചുതന്നെ ഭൂമി കയ്യേറ്റം തടയുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഡിപ്പാർട്ട്മെന്റിന് സാധിക്കും. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ തക്കസമയം ഉണർന്നുപ്രവർത്തിക്കുക എന്നതാണ് ഇതിൽ ഏറ്റവും ആവശ്യമായിട്ടുള്ളത്. അതിനുള്ള നടപടികളെല്ലാം സ്വീകരിച്ചുവരുന്നുണ്ട്. ഏതെങ്കിലും തരത്തിലുള്ള പോരായ്മകളുണ്ടെങ്കിൽ ആവശ്യമായ വിധത്തിലുള്ള പുതിയ നിയമനിർമ്മാണത്തെ കുറിച്ച് ആലോചിക്കാവുന്നതാണ്. സ്പെഷ്യൽ ഓഫീസറായ ശ്രീ. രാജമാണിക്യം കണ്ടെത്തിയിട്ടുള്ള നിഗമനങ്ങളെയും വളരെയേറെ ഭൂമി സർക്കാരിലേയ്ക്ക് കൊണ്ടു വരുന്നതിന് സ്വീകരിച്ച നടപടികളെയും കുറിച്ചാണ് ബഹു. മെമ്പർ ഇവിടെ സൂചിപ്പിച്ചത്. അദ്ദേഹത്തിന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ, അദ്ദേഹം സ്പെഷ്യൽ ഓഫീസറായിരിക്കുമ്പോൾത്തന്നെ ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് അയച്ചിട്ടുണ്ട്. നോട്ടീസ് കൈപ്പറ്റിയ കക്ഷികൾ കോടതിയിൽ പോകുകയും താൽക്കാലികമായി സ്റ്റേ വാങ്ങുകയും ചെയ്തതിനാൽ നടപടികൾ അവിടെ അവസാനിച്ചിരിക്കുകയാണ്. സ്റ്റേ നീക്കം ചെയ്യുന്നതിനും മറ്റ് നടപടികളുമായി മുന്നോട്ട് പോകുന്നതിനുമുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും.

ശ്രീ. ബി. ഡി. ദേവസ്സി: സർ, തൃശ്ശൂർ ജില്ലയിൽ വിവിധ വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ കാലങ്ങളായി താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുവേണ്ടി കഴിഞ്ഞ ഡിസംബറിൽ ബഹു. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ബന്ധപ്പെട്ട

വകുപ്പുമന്ത്രിമാരും തൃശ്ശൂർ ജില്ലയിലെ എം.എൽ.എ.-മാരും ഉദ്യോഗസ്ഥരും പങ്കെടുത്ത ഒരു യോഗം നടത്തിയിരുന്നു. മൂന്നുമാസത്തിനുള്ളിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തി ലിസ്റ്റ് തയ്യാറാക്കി പട്ടയം നൽകുന്നതിനുള്ള ഭൂമി റവന്യൂ വകുപ്പിന് കൈമാറാനാണ് ആ യോഗത്തിൽ തീരുമാനിച്ചിരുന്നത്. എന്നാൽ പല വകുപ്പുകളും താഴേത്തട്ടിലേയ്ക്ക് അതിന്റെ വിവരം കൊടുക്കാത്തതുകൊണ്ട് ഉദ്യോഗസ്ഥർ ഇതിൽ സഹകരിക്കാത്ത സ്ഥിതിയുണ്ടായി. പട്ടയ നടപടികൾ ത്വരിതപ്പെടുത്താൻ, ബഹു. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരെയും വകുപ്പുദ്യോഗസ്ഥന്മാരെയും തൃശ്ശൂർ ജില്ലയിലെ എം.എൽ.എ.-മാരെയും പങ്കെടുപ്പിച്ചുകൊണ്ട് വീണ്ടുമൊരു അവലോകന യോഗം നടത്താൻ അങ്ങ് മുൻകയ്യെടുക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹു. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ വിളിച്ചുചേർത്ത തൃശ്ശൂർ ജില്ലയിലെ എം.എൽ.എ.-മാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗത്തിലുണ്ടായ തീരുമാനം സംബന്ധിച്ച് ബഹു. മെമ്പർ പറഞ്ഞത് ശരിയാണ്. അതിന്റെ തുടർ നടപടികളുമായി മുന്നോട്ട് പോകുന്നതിന് റവന്യൂ ഡിപ്പാർട്ട്മെന്റ് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകൾ സംയുക്തമായി ആലോചിച്ച് സ്വീകരിക്കേണ്ട നടപടികളിൽ വല്ല പോരായ്മകളും വന്നിട്ടുണ്ടെങ്കിൽ അത് പരിഹരിച്ച് മുന്നോട്ട് പോകുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. ദീർഘകാലമായി ഭൂമി കൈവശംവച്ച് അനുഭവിച്ചുവരുന്ന ആളുകൾക്ക് പട്ടയം ലഭിക്കാത്തതിനാൽ വളരെയേറെ പ്രയാസങ്ങളുണ്ടാകുന്നുവെന്നത് യാഥാർത്ഥ്യമാണ്. ഒന്നിൽക്കൂടുതൽ ഡിപ്പാർട്ട്മെന്റുകൾ സംയുക്തമായി നടത്തേണ്ട പരിശോധനയും അതിന്റെ അടിസ്ഥാനത്തിലെടുക്കേണ്ട തീരുമാനങ്ങളുമാണെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഡിപ്പാർട്ട്മെന്റുകളുടെ സംയുക്ത യോഗം വിളിച്ച് പരിപാടികൾക്ക് രൂപം നൽകുന്ന കാര്യത്തിൽ എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കും.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, റവന്യൂ വകുപ്പ് രൂപീകരിച്ച കാലത്തുള്ള സ്റ്റാഫ് പാറ്റേണാണ് ഇന്നും വില്ലേജ് ഓഫീസുകളിലുള്ളത്. ഇന്ന് അവിടത്തെ ഉദ്യോഗസ്ഥരുടെ ചുമതലകൾ അധികരിച്ചിരിക്കുകയാണ്. റോഡിൽ പൈപ്പ് ഇറക്കിയിട്ടാൽപോലും അതുസംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് നൽകേണ്ട ചുമതല കൂടി ഇവർക്കുണ്ട്. ആ സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; സ്റ്റാഫ് പാറ്റേണിൽ മാറ്റംവരുത്തിക്കൊണ്ട് ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദമായി വില്ലേജ് ഓഫീസുകളെ മാറ്റിത്തീർക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹു. മെമ്പർ ചൂണ്ടിക്കാണിച്ചത്. 1978-ലെ സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴും തുടരുന്നതെന്നാണ് മനസ്സിലാക്കുന്നത്. അതുകൊണ്ടുതന്നെ അവിടെ അതിന്റേതായ പ്രശ്നങ്ങളുമുണ്ട്.

റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ വിവിധ ഓഫീസുകളിലുള്ള ജീവനക്കാരെ റീ-അറേഞ്ച് ചെയ്താണ് പല ഓഫീസുകളുടെയും പ്രവർത്തനം ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

<u>ശ്രീ. കെ. രാജൻ</u>: സർ, കഴിഞ്ഞ കാലത്തിൽനിന്ന് വ്യത്യസ്തമായി റവന്യൂ വകുപ്പിൽ അഴിമതിയില്ലാതാക്കാനുള്ള വലിയ പരിശ്രമം അങ്ങ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട സ്പെഷ്യൽ സ്ക്വാഡുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച പൊതുപരാമർശം സഭയുടെ മുന്നിൽ വയ്ക്കാൻ പറ്റുമോ; സ്പെഷ്യൽ സ്ക്വാഡിന്റെ രൂപീകരണത്തോടെ ഏതെങ്കിലും തരത്തിലുള്ള മാറ്റമുണ്ടാക്കാൻ കഴിഞ്ഞതായി അങ്ങേയ്ക്ക് അവകാശപ്പെടാൻ കഴിയുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, റവന്യൂ വകുപ്പിൽ അഴിമതി കുറയ്ക്കുന്നതിന്റെ ഭാഗമായി പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നുണ്ട്. സ്ക്വാഡുകൾ രൂപീകരിച്ചതിന്റെ ഫലമായി ഒരുപാട് ഗുണങ്ങളുണ്ടായിട്ടുണ്ട്. പരിശോധനകൾ തുടർച്ചയായി നടക്കുന്നുവെന്നതുകൊണ്ടുതന്നെ അഴിമതി വിമുക്തമാക്കാൻ സാധിച്ചിട്ടുണ്ട്. ഒരു ജില്ലയിൽ പരമാവധി റവന്യൂ ഓഫീസുകൾ ഒരേ സമയം ഇൻസ്പെക്ഷൻ നടത്തുന്ന രീതിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. വില്ലേജ് ഓഫീസുകൾ, താലൂക്ക് ലാന്റ് ബോർഡുകൾ, ലാന്റ് ട്രൈബ്യൂണലുകൾ, കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകൾ തുടങ്ങി എല്ലാ റവന്യൂ ഓഫീസുകളും പ്രത്യേക സ്ക്വാഡുകൾ പരിശോധിച്ചു വരികയാണ്. നിലവിൽ ആറ് ജില്ലകളിലെ ഇൻസ്പെക്ഷൻ ഇത്തരത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ പരിശോധന ഇപ്പോൾ നടന്നുവരികയാണ്. വില്ലേജ് പരിശോധനയിൽ ഏജന്റുമാരുടെ സാന്നിധ്യം കണ്ടെത്തിയതിനാൽ ശക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പരിശോധനകളിൽ സർക്കാരിലേയ്ക്ക് വന്നുചേരാനുള്ള ഷോർട്ട് ലെവി, അധികമായി അനുവദിച്ചിട്ടുള്ള തുക മുതലായവ സംബന്ധിച്ച് കണ്ടെത്തലുകളുണ്ടായിട്ടുണ്ട്. ഇൻസ്പെക്ഷൻ വേളയിൽ ജീവനക്കാരുടെ ഭാഗത്തുനിന്ന് വീഴ്ചകൾ കണ്ടെത്തിയ അവസരങ്ങളിൽ ശക്തമായ നടപടി എടുത്തുവരികയാണ്. ഇതിന്റെ ഭാഗമായി മാനന്തവാടി താലൂക്കിൽ കാട്ടിക്കുളം എസ്റ്റേറ്റിലെ 225 ഏക്കർ എസ്റ്റേറ്റ് ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഇൻസ്പെക്ഷനിലെ കണ്ടെത്തലുകൾ സംബന്ധിച്ച അവലോകന യോഗം ലാന്റ് റവന്യൂ കമ്മീഷണർ നേരിട്ട് അതാത് സന്ദർഭങ്ങളിൽ നടത്തുകയും ചെയ്യുന്നു. സ്ക്വാഡുകളുടെ രൂപീകരണത്തെ തുടർന്ന് വലിയ പരിശോധന നടത്താനും അതാത് സമയങ്ങളിൽ ആവശ്യമായ തീരുമാനങ്ങളെടുക്കാനും കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, സാധാരണക്കാരായ ആളുകൾ കൂടുതലായി ബന്ധപ്പെടുന്ന ഓഫീസുകളാണ് റവന്യൂ ഓഫീസുകളും വില്ലേജ് ഓഫീസുകളും താലൂക്ക് ഓഫീസുകളും. സേവനാവകാശ നിയമം നിലവിലുണ്ടെങ്കിൽപ്പോലും ഇപ്പോഴും

സാധാരണക്കാർക്ക് നിശ്ചിത സമയത്തിനകം ഈ ഓഫീസുകളിൽനിന്ന് സേവനം ലഭ്യമാകുന്നില്ലെന്ന പരാതി വ്യാപകമായുണ്ട്. വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുകയാണെങ്കിൽ ഉദ്യോഗസ്ഥർ വരുന്ന സമയവും പോകുന്ന സമയവും അറിയാനും സേവനത്തിനുവേണ്ടി വരുന്ന ജനങ്ങളോട് ഉദ്യോഗസ്ഥർ എന്തുമറുപടിയാണ് പറയുന്നതെന്നും അറിയാൻ സാധിക്കും. അതുകൊണ്ട് വില്ലേജ് ഓഫീസുകളിലും താലൂക്ക് ഹെഡ് ഓഫീസുകളിലുമെല്ലാം സി.സി.ടി.വി. ക്യാമറ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് പോലെ ഏറ്റവും കൂടുതൽ ആളുകൾ ബന്ധപ്പെടുന്ന ഓഫീസാണ് വില്ലേജ് ആഫീസുകൾ എന്നത് വസ്തുതയാണ്. അവിടം പരമാവധി ജനസൗഹാർദ്ദപരമാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പൊതുവിൽ നിർദ്ദേശം നൽകിയിരിക്കുകയാണ്. അതിനുവേണ്ടി പ്രത്യേകമായി ഒരു സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. അവിടെ വരികയും പോകുകയും ചെയ്യുന്ന എല്ലാ ആളുകളുടേയും വിവരങ്ങൾ ശേഖരിക്കുന്നതിന് സി.സി.ടി.വി. ക്യാമറ സ്ഥാപിക്കണമെന്ന് പറയുന്ന നിർദ്ദേശത്തെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

<u>മി. സ്പീക്കർ</u> : ഒരേ തരത്തിലുള്ള സർട്ടിഫിക്കറ്റ് ഓരോ ആവശ്യത്തിനും വേറെ വേറെ വാങ്ങുന്ന സ്ഥിതി തുടരണമെന്നുണ്ടോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : സർ, ഇതുസംബന്ധിച്ച് സംയുക്തമായ ഒരു യോഗം വിളിച്ചുചേർത്തിരുന്നു. 24 ഇനം സർട്ടിഫിക്കറ്റുകളാണ് വില്ലേജ് ഓഫീസിൽ നിന്ന് നൽകേണ്ടത്. ഈ സർട്ടിഫിക്കറ്റുകളിൽ പലതിന്റേയും കാലാവധി നിശ്ചയിച്ചിട്ടുള്ള ആറുമാസമോ ഒരു വർഷമോ കഴിയുമ്പോൾ വീണ്ടും നൽകേണ്ടി വരുന്ന അവസ്ഥ യാണുള്ളത്. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗ സ്ഥരുമായി സംയുക്തമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പല സർട്ടിഫിക്കറ്റുകളുടേയും കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ നടപടി പൂർത്തീകരിച്ചുവരികയാണ്

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അഴിമതിയുണ്ടാകാനുള്ള പ്രധാനകാരണം ഡിജിറ്റലൈസേഷൻ നടത്താത്തതാണ്. അതിനാൽ വില്ലേജാഫീസുകളിലും താലൂക്കാഫീസുകളിലും ഡിജിറ്റലൈസേഷൻ നടത്താനുദ്ദേശിക്കുന്നുണ്ടോ? ഇത് നടപ്പാക്കിയാൽ കുറേ അഴിമതി ഇല്ലാതാകും. ഒരാൾക്ക് പാലക്കാട്, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ഭൂമി വാങ്ങിക്കാം. എത്ര ഭൂമി വേണമെങ്കിലും ബിനാമിയായി

വാങ്ങാവുന്നതാണ്. അതിനാൽ റിക്കാർഡുകൾ ഡിജിറ്റലൈസ് ചെയ്തുകഴിഞ്ഞാൽ എവിടെയൊക്കെ ആർക്കൊക്കെ ഭൂമിയുണ്ട് എന്നത് സംബന്ധിച്ച് കൃത്യമായി അറിയാൻ കഴിയും. അങ്ങനെ ബിനാമി ഇടപാടുകളും കള്ളപ്പണക്കാർ ഭൂമി വാങ്ങിക്കൂട്ടുന്നതും ഒഴിവാക്കാൻ കഴിയും. കർണ്ണാടക സംസ്ഥാനത്ത് ഈ നടപടി ആരംഭിച്ചിട്ടുണ്ട്. കേരളത്തിലും അത്തരത്തിലുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ഇതൊരു പ്രധാനപ്പെട്ട നിർദ്ദേശമാണ്. അത് പരിശോധിച്ച് ചെയ്യാവുന്നതാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട മന്ത്രി രാജമാണിക്യം കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. വൻകിടക്കാരുടെ കൈവശമിരിക്കുന്ന 38000-ത്തിലധികം ഏക്കർ ഭൂമി തിരിച്ചെടുക്കണം എന്നായിരുന്നു രാജമാണിക്യം കമ്മീഷൻ റിപ്പോർട്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സിംഗിൾ ബെഞ്ചിന്റെ ഒരു സ്റ്റേ ഉത്തരവ് കിട്ടുകയുണ്ടായി. ആ സ്റ്റേ ഉത്തരവ് ഇന്ന് നിലനിൽക്കുന്നു എന്നാണ് അങ്ങിവിടെ സൂചിപ്പിച്ചത്. ആ സ്റ്റേ ഉത്തരവ് പിൻവലിക്കുന്നതിന് ഡിവിഷൻ ബെഞ്ചുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഞാൻ തന്നെ ഇതുസംബന്ധിച്ച് ഒരു സബ്മിഷൻ സഭയിൽ അവതരിപ്പിച്ചിരുന്നു. അഡ്വക്കേറ്റ് ഹാജരാകാത്തതിനാൽ എച്ച്.എം.എൽ.-ന് അനുകൂലമായ തീരുമാനങ്ങൾ കൈക്കൊള്ളാനുള്ള നടപടികൾ ഉണ്ടായി. അതിനാൽ സത്യസന്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾക്ക് വേണ്ട സംരക്ഷണം നൽകുമോ? ഉദ്യോഗസ്ഥൻമാരുടെ കയ്യും കാലും വെട്ടുമെന്നുപറഞ്ഞ് ഭീഷണിപ്പെടുത്തുന്ന ഒരവസ്ഥ ഇന്ന് ഈ സഭയിലുള്ള പല അംഗങ്ങളിൽ നിന്നുമുണ്ടാകുകയാണ്. ഈ അവസ്ഥയ്ക്ക് ഒരു മാറ്റമുണ്ടാക്കാൻ അങ്ങയുടെ ഡിപ്പാർട്ട്മെന്റ് എന്ത് നടപടി സ്വീകരിക്കും?

മി. സ്പീക്കർ: അങ്ങ് മുൻ റവന്യൂ വകുപ്പുമന്ത്രിയായിരുന്നതുകൊണ്ടാണ് അങ്ങേയ്ക്ക് അവസരം തന്നത്. ഇങ്ങനെ ദീർഘമായി ചോദിച്ച് മറ്റുള്ളവരുടെ സമയം അപഹരിക്കരുത്. ബഹുമാനപ്പെട്ട മിനിസ്റ്റർ, ഒറ്റവാചകത്തിൽ ഉത്തരം പറഞ്ഞാൽ മതി.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യത്തിന് ഞാൻ നേരത്തെ വളരെ വ്യക്തമായി മറുപടി പറഞ്ഞതാണ്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് സംരക്ഷണവും അതോടൊപ്പം ജനവിരുദ്ധമായതോ അഴിമതി നിറഞ്ഞതോ ആയ പ്രവർത്തനം നടത്തുന്ന ആളുകളുടെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിച്ചുകൊണ്ടായിരിക്കും ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

## ഇ-സ്റ്റാമ്പിംഗ് സംവിധാനം

4 (*244) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. എൽദോ എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രജിസ്ട്രേഷന് ആവശ്യമായ മുദ്രക്കടലാസുകൾക്കുപകരം ഇ-സ്റ്റാമ്പിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇ-സ്റ്റാമ്പിംഗ് സംവിധാനത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പാക്കുന്നത് ഏത് ഏജൻസി മുഖേനയാണെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ,

(എ&ബി) സംസ്ഥാനത്ത് ആധാര രജിസ്ട്രേഷനുകൾക്കായി മുദ്രപ്പത്രത്തിനുപകരം ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുമെന്ന ബഹു. ധനമന്ത്രിയുടെ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 7-4-2017-ലെ 690-ാം നമ്പർ ഗസറ്റ് വിജ്ഞാപനത്തിലൂടെ 1960-ലെ കേരള മുദ്രപ്പത്ര ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതിനാവശ്യമായ ഓൺലൈൻ സംവിധാനത്തിന് രൂപകൽപ്പന ചെയ്യുകയും സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുമാണ് വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നത്.

1. ആധാര കക്ഷികൾ www.keralaregistration.gov.in എന്ന വെബ്സൈറ്റിൽ സന്ദർശിച്ച് യൂസർ രജിസ്ട്രേഷൻ നടത്തുന്നു.
2. യൂസർ വിവരങ്ങൾ (user name & password) നൽകിക്കൊണ്ട് ലോഗിൻ ചെയ്തതിനുശേഷം രജിസ്ട്രേഷൻ നടത്തേണ്ട സബ് രജിസ്ട്രാർ ഓഫീസ് തെരഞ്ഞെടുക്കുകയും രജിസ്റ്റർ ചെയ്യേണ്ട തീയതിക്കും സമയത്തിനുമുള്ള ടോക്കൺ എടുക്കുകയും ചെയ്യുന്നു.
3. വെബ്സൈറ്റിൽ ലഭ്യമായ മാതൃകാ ആധാരങ്ങൾ ഡൗൺലോഡ് ചെയ്തുകൊണ്ട് രജിസ്റ്റർ ചെയ്യേണ്ട ആധാരം തയ്യാറാക്കുന്നു.
4. മേൽപ്രകാരം തയ്യാറാക്കിയ ആധാരമനുസരിച്ചുള്ള എല്ലാ വിവരങ്ങളും വെബ്സൈറ്റിലൂടെ എന്റർ ചെയ്തുനൽകുന്നു.

5. ആധാരവിലയുടെ അടിസ്ഥാനത്തിൽ മുദ്രവിലയും രജിസ്ട്രേഷൻ ഫീസും കമ്പ്യൂട്ടർ മുഖാന്തരം നിർണ്ണയിച്ചതിനുശേഷം നെറ്റ് ബാങ്കിംഗ് മുഖാന്തരം തുക ഒടുക്കി ഇ-ചെല്ലാൻ പ്രിന്റ് ചെയ്യുന്നു.

6. നെറ്റ്ബാങ്കിംഗ് സൗകര്യം ഇല്ലാത്ത കക്ഷികൾക്ക് രജിസ്ട്രേഷൻ സൈറ്റിൽനിന്ന് തന്നെ ട്രഷറിയിൽ തുക ഒടുക്കുന്നതിനുള്ള ചെല്ലാൻ പ്രിന്റ് ചെയ്തെടുക്കാവുന്നതും ഇതേ ചെല്ലാൻ ഉപയോഗിച്ച് ഏതെങ്കിലും ട്രഷറിയിൽ തുക ഒടുക്കാവുന്നതുമാണ്.

6 (a) ട്രഷറിയിൽ തുക ഒടുക്കിയതിനുശേഷം ലഭിക്കുന്ന GRN/ Transid ഉപയോഗിച്ച് രജിസ്ട്രേഷൻ വെബ്സൈറ്റിൽനിന്നും ഇ-സ്റ്റാമ്പ് വിവരങ്ങൾ രേഖപ്പെടുത്തിയതും ആധാരത്തിന്റെ ആദ്യ വാചകങ്ങൾ എഴുതുകയോ പ്രിന്റ് ചെയ്യാവുന്നതോ ആയ ഷീറ്റ് കളർ പ്രിന്റ് ചെയ്തെടുക്കുന്നു.

7. ജി.ആർ.എൻ. നമ്പർ നൽകികൊണ്ട് ആധാരത്തിന്റെ ആദ്യ പേജായി വരേണ്ടതും ആധാര വാചകങ്ങൾ ആരംഭിക്കുന്ന പേജ് 130 ജി.എസ്.എം.-ൽ കുറയാത്ത കട്ടിയുള്ള വെള്ള കടലാസിൽ കളർ പ്രിന്റ് ചെയ്തെടുക്കുന്നു. ഈ ഷീറ്റിൽ മുദ്രവില ഒടുക്കിയ വിവരങ്ങളും പ്രിന്റ് ചെയ്തുവരുന്നതാണ്.

8. മേൽപ്രകാരമുള്ള ആധാരത്തിന്റെ ഫയലിംഗ് ഷീറ്റ് തയ്യാറാക്കുന്നു.

9. അസ്സൽ ആധാരവും ഫയലിംഗ് ഷീറ്റുമായി ടോക്കൺ പ്രകാരമുള്ള തീയതിയിൽ ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ ഹാജരാകുന്നു.

10. സബ് രജിസ്ട്രാർ ആധാരം പരിശോധിക്കുകയും ഇ-സ്റ്റാമ്പും രജിസ്ട്രേഷൻ ഫീസും ഡീഫേസ് ചെയ്തുകൊണ്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നു.

11. മുദ്രവില, രജിസ്ട്രേഷൻ ഫീസ് വിവരങ്ങൾ ആധാരത്തിന്റെ പുറത്തെഴുത്തായി (Endorsement) രേഖപ്പെടുത്തിയശേഷം ആധാരം മടക്കി നൽകുന്നു.

(സി) കേരള സർക്കാർ ട്രഷറി വകുപ്പിന്റെയും കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെയും സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, രജിസ്ട്രേഷൻ വകുപ്പിൽ സമഗ്രമായ ഒരു അഴിച്ചുപണി അനിവാര്യമാണെന്ന് ജനങ്ങൾ ദീർഘനാളായി ആഗ്രഹിച്ചിരുന്നതാണ്. അതിന് മുൻകയ്യെടുത്ത ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അനുമോദിക്കുകയാണ്.

പക്ഷേ ഇതോടുകൂടി നൂറ്റാണ്ടുകളായി ഈ രംഗത്ത് പ്രവർത്തിക്കുന്ന വെണ്ടർമാരും ആധാരമെഴുത്തുകാരും പുറംതള്ളപ്പെടുകയാണ്. ഇതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് സാമ്പത്തികമായി എന്തെങ്കിലും മെച്ചം ഉണ്ടാകുന്നുണ്ടോ; സാമൂഹികമായി എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് ഗവൺമെന്റ് നടപടിയെടുക്കുമോ?

ശ്രീ. ജി. സുധാകരൻ : സർ, ബഹുമാനപ്പെട്ട അംഗം രജിസ്ട്രേഷൻ വിഭാഗത്തെ ആധുനികവൽക്കരിക്കേണ്ടത് വളരെ ആവശ്യമാണെന്ന് എടുത്തുപറയുകയും ഗവൺമെന്റിനെ അഭിനന്ദിക്കുകയും ചെയ്തു. ഈ വർഷം ഫെബ്രുവരി 21-ാം തീയതി പട്ടം രജിസ്ട്രേഷൻ ആഫീസിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇ-പേയ്മെന്റ് എന്ന സവിശേഷമായ സാങ്കേതികവിദ്യ ഉദ്ഘാടനം ചെയ്തു. അതിന്റെ ഫലമായി രജിസ്ട്രേഷൻ ഓഫീസിലെ അഴിമതി ഏതാണ്ട് പൂർണ്ണമായും അവസാനിക്കുന്ന സ്ഥിതിയുണ്ടായി. ഇനി തുക അടയ്ക്കുന്നതിനായി ആരും അവിടെ പോകേണ്ട ആവശ്യമില്ല. മറ്റ് പല സ്റ്റേറ്റുകളിലും ഇത് നേരത്തേതന്നെ നടപ്പിലാക്കി. എന്നാൽ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ ടെക്നിക്കാലിറ്റിയുടെ തകരാറുകാരണം കുറച്ച് പ്രശ്നങ്ങളുണ്ടായിരുന്നു. മൂന്നുനാല് സബ് രജിസ്ട്രാർ ആഫീസുകളിൽ വന്ന പണം പൂർണ്ണമായും ട്രഷറിയിലേയ്ക്ക് ചെല്ലാത്ത അവസ്ഥയുണ്ടായി. എന്നാൽ ഇതെല്ലാം പൂർണ്ണമായി പരിഹരിച്ച് സജീവമായി മുന്നോട്ടുപോകുന്നുണ്ട്. ഇനി ഇ-സ്റ്റാമ്പിംഗാണ്. ഇപ്പോൾ ഏതാനും ലക്ഷം സ്റ്റാമ്പ് പേപ്പറുകൾ ഇരിക്കുന്നുണ്ട്. അവ പഴയതുപോലെ വെണ്ടർമാർക്കുതന്നെ കൊടുക്കാവുന്നതാണ്. അതുകഴിഞ്ഞ് പൂർണ്ണമായും ഇ-സ്റ്റാമ്പിംഗിലേയ്ക്ക് മാറണം. ഇതെല്ലാവർക്കും സ്വയം ചെയ്യാൻ കഴിഞ്ഞുവെന്ന് വരില്ല. അതിനാൽ വെണ്ടർമാർക്ക് ഡൗൺലോഡ് ചെയ്ത് ആവശ്യക്കാർക്ക് എടുത്തുകൊടുക്കാം. അവരുടെ ജോലിയും പോകേണ്ട കാര്യമില്ല. ഇവർ നൂറ്റാണ്ടുകളായി പരമ്പരാഗത വ്യവസായത്തൊഴിലാളികളല്ലെങ്കിൽക്കൂടിയും അവരുടെ കാര്യവും പരിഗണിക്കേണ്ടതുണ്ട്. നിലവിൽ അവർക്ക് ഡൗൺലോഡ് ചെയ്തുകൊടുക്കാം. അത്തരം കാര്യങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണുന്നതിന് ഗവൺമെന്റ് സന്നദ്ധമാണ്.

ശ്രീ. സി. ദിവാകരൻ: സർ, ഇതിന്റെ ഫലമായി സർക്കാരിന് സാമ്പത്തികമായി എന്ത് നേട്ടമാണുള്ളത്?

ശ്രീ. ജി. സുധാകരൻ : സർ, ഇക്കാര്യത്തിൽ സാമ്പത്തികമായ നേട്ടം ഭാഗികമാണ്. സുതാര്യതയും ആവശ്യക്കാരായ ആൾക്കാർക്ക് ലഭ്യമാക്കുന്നതിലുള്ള വേഗതയും കൃത്യതയുമാണ് പ്രധാനമായിട്ടുള്ളത്. അതിന്റെ ഫലമായി സാമ്പത്തികമായ നേട്ടങ്ങളുണ്ടാവാം; അത് ഞാൻ എടുത്തുപറയുന്നില്ല. ആദ്യം നടപ്പിലാക്കിയ ഇ-പേയ്മെന്റ് സമ്പ്രദായംമൂലം സാമ്പത്തികമായി വലിയ നേട്ടമുണ്ടാകുന്നുണ്ട്. വലിയ തോതിലുള്ള അഴിമതിയാണ് അവസാനിപ്പിച്ചത്. കൃത്യമായും സമയബന്ധിതമായും എല്ലാപേർക്കും

മനസ്സിലാക്കത്തക്ക രീതിയിൽ ഇ-സ്റ്റാമ്പിംഗിന്റെ പ്രവർത്തന രീതി ആധുനികകാലത്തേയ്ക്ക് വരണം. ഇ-സ്റ്റാമ്പിംഗിന്റെ പ്രവർത്തനരീതി, അതിന്റെ സവിശേഷതകൾ ഇവയെല്ലാം ഉത്തരത്തിൽ വിശദീകരിച്ചിട്ടുണ്ട്. പതിനാല് സ്റ്റേറ്റുകൾ നേരത്തേ നടപ്പിലാക്കിയിട്ടുള്ളതാണ്. തീർച്ചയായിട്ടും അതിന് സവിശേഷമായ സാമൂഹ്യ പ്രസക്തിയുണ്ട്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പലകാര്യങ്ങളിലും മറ്റ് സ്റ്റേറ്റുകൾക്ക് നമ്മൾ മാതൃകയാകുമ്പോൾ, ഏതാണ്ട് പതിനാല് സ്റ്റേറ്റുകളിൽ നടപ്പിലാക്കിയതിന് ശേഷമാണ് ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം നമുക്ക് നടപ്പിലാക്കാൻ കഴിഞ്ഞത്. ഇപ്പോഴെങ്കിലും നമുക്ക് ആരംഭിക്കാൻ കഴിഞ്ഞതിൽ അങ്ങയെ അഭിനന്ദിക്കുകയാണ്. ഇതിന്റെ ഭാഗമായി 'Anywhere registration' എന്ന ഒരു സ്കീം അങ്ങ് അനൗൺസ് ചെയ്തിരുന്നു. ഏത് രജിസ്ട്രാർ ഓഫീസിൽ വേണമെങ്കിലും രജിസ്റ്റർ ചെയ്യാവുന്ന ഈ സംവിധാനം എന്നുമുതൽ നടപ്പിലാക്കുമെന്നുപറയാമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇതിന്റെ തീയതി തീരുമാനിച്ചിട്ടില്ല. ഇ-സ്റ്റാമ്പിംഗ് രണ്ടുമൂന്നു സ്ഥലത്ത് പരീക്ഷണാർത്ഥം ആരംഭിക്കുകയാണ്. താമസിയാതെ സ്റ്റേറ്റ് മുഴുവൻ നടപ്പിലാക്കും. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഇക്കാര്യം ഗവൺമെന്റ് ഗൗരവമായിത്തന്നെ പരിശോധിക്കും. ഈ പദ്ധതി നടപ്പിലാക്കിയാൽ ഒരു കോടി രൂപ പ്രതിവർഷം ഖജനാവിന് ലാഭമുണ്ട്. ഇതിന്റെ പ്രോസസ്സിനായി ഒരു കോടി രൂപ ചെലവഴിക്കുന്നുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഇ-സ്റ്റാമ്പിംഗ് വരുന്നതോടുകൂടി തൊഴിൽ നഷ്ടപ്പെടുന്ന ആധാരമെഴുത്തുകാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ യൂണിയൻ നേതാക്കളുമായി ചർച്ച ചെയ്തോ മറ്റ് ഏതെങ്കിലും തരത്തിലോ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ആധാരമെഴുത്തുകാർക്ക് ഇ-സ്റ്റാമ്പിംഗ് വരുന്നതുകൊണ്ട് ഒരു പ്രശ്നവുമില്ല. ആധാരമെഴുത്തുകാരുടെ ഇഷ്യൂ മറ്റൊന്നാണ്. അതുപരിഹരിക്കുന്നതിന് രണ്ട് ഉദ്യോഗസ്ഥരും മറ്റ് രണ്ടുപേരും അടങ്ങുന്ന നാലംഗ കമ്മീഷനെ നിയമിച്ചു. അതിൽ രണ്ടുപേരും ആധാരമെഴുത്തുകാരാണ്. അവർ വളരെ സാറ്റിസ്ഫൈഡ് ആണ്. കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാം. ഇ-സ്റ്റാമ്പിംഗുമായി ബന്ധപ്പെട്ട് വരുന്നത് വെണ്ടർമാരാണ്. അത് സംബന്ധിച്ച് ഞാൻ ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരന് മറുപടി കൊടുത്തിട്ടുണ്ട്.

ശ്രീ. എൽദോ എബ്രഹാം: സർ, സെക്യൂരിറ്റി പ്രസ്സിൽ അച്ചടിക്കുന്ന മുദ്രപ്പത്രങ്ങൾ സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ എത്തിക്കുന്നതിനാണ് ഒരു കോടി രൂപ ചെലവ് വന്നിരുന്നത്. അത് സേവ് ചെയ്യാൻ കഴിയുന്ന എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. വെണ്ടർമാർക്ക് ഒരു ലക്ഷം രൂപവരെയുള്ള മുദ്രപ്പത്രം കൊടുക്കുന്നതിന് ഇപ്പോഴുള്ള അവകാശം നിലനിർത്തുമോ?

ശ്രീ. ജി. സുധാകരൻ : സർ, പ്രിന്റ് ചെയ്ത ഏതാനും ലക്ഷം മുദ്രപ്പത്രങ്ങൾ ഉള്ളത് വെണ്ടേഴ്സിനുതന്നെ ആവശ്യക്കാർക്ക് കൊടുക്കാവുന്നതാണ്. അതുകഴിഞ്ഞ് ഡൗൺലോഡ് ചെയ്ത് അവർക്കും ഈ പ്രക്രിയയിൽ പങ്കെടുക്കാം. എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അവർ ചർച്ച ചെയ്യട്ടെ, ജനോപകാരപ്രദമായ ഈ ആധുനിക സാങ്കേതികവിദ്യ നടപ്പിലാക്കുമ്പോൾ നിയമാനുസൃതമായ എല്ലാ ആനുകൂല്യങ്ങളും അവർക്ക് നൽകാൻ സർക്കാർ തയ്യാറാണ്. പക്ഷേ പുതിയ സാങ്കേതിക വിദ്യ നടപ്പിലാക്കിയേ മതിയാകൂ.

മി.സ്പീക്കർ: ഓർഡർ...... ഓർഡർ..... ചോദ്യോത്തരവേള കഴിഞ്ഞിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലംനൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരത്തകർച്ച

5 (*245) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ രംഗം വിശേഷിച്ച് ഉന്നത വിദ്യാഭ്യാസ രംഗം, വിദ്യാഭ്യാസ വ്യാപ്തിയിൽ മുൻ നിരയിലായിരിക്കുമ്പോഴും ഗുണനിലവാരത്തിൽ പിന്നിലാണെന്ന ആക്ഷേപത്തെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ;

(ബി) മികച്ച വിദ്യാഭ്യാസത്തിന് ഉയർന്ന ഫീസ് അഥവാ ഉയർന്ന ഫീസ് നൽകുന്നിടത്തു മികച്ച വിദ്യാഭ്യാസം എന്ന കമ്പോളവത്കരണ നയം വിദ്യാഭ്യാസ മേഖലയിൽ ഏല്പിച്ച ആഘാതം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(സി) ജനാധിപത്യബോധവും യുക്തിചിന്തയും ശാസ്ത്രബോധവും വളർത്താൻ ഉതകുന്ന രീതിയിലുള്ള വിമർശനാത്മക ബോധനം എന്ന നയം സ്വീകരിച്ച് വിദ്യാഭ്യാസ രംഗത്തെ ദോഷകരമായ ഇടപെടലുകളെ പ്രതിരോധിക്കാൻ നടപടിയെടുക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ രംഗം വിശേഷിച്ച് ഉന്നത വിദ്യാഭ്യാസരംഗം വിദ്യാഭ്യാസ വ്യാപ്തിയിൽ മുൻനിരയിലായിരിക്കുമ്പോഴും ഗുണനിലവാരത്തിൽ പിന്നിലാണെന്ന ആക്ഷേപം സംബന്ധിച്ച് പ്രത്യേക പഠനമൊന്നും നടത്തിയിട്ടില്ല.

(ബി) ഉണ്ട്. 4-2-2017-ലെ സ.ഉ.(എംഎസ്.)നമ്പർ 37/17/ഉ.വി.വ. പ്രകാരം സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജസ്റ്റിസ് കെ. കെ. ദിനേശൻ, ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. ആർ. വി. ജി. മേനോൻ എന്നിവർ അംഗങ്ങളായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ വരുന്ന സ്ഥാപനങ്ങളിൽ സർക്കാർ തീരുമാനമനുസരിച്ചുള്ള ഫീസാണ് ഈടാക്കുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിൽ വിദ്യാഭ്യാസ കച്ചവടത്തിനെതിരെ കർശന നടപടികൾ സ്വീകരിക്കുകയും അംഗീകൃത സ്കൂളുകളിൽ അനാവശ്യ ഫീസുകൾ പിരിക്കുന്നതിനെതിരെ നടപടികൾ സ്വീകരിച്ചുവരികയും അതിനായി വേണ്ട അവബോധം പൊതുജനങ്ങളിൽ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ജനാധിപത്യബോധവും യുക്തിചിന്തയും ശാസ്ത്രബോധവും കൂടി സമന്വയിപ്പിച്ചുകൊണ്ടുള്ള പൊതുവിദ്യാഭ്യാസത്തിനാണ് വകുപ്പ് ഊന്നൽ നൽകിയിരിക്കുന്നത്. ഇതിനായി സിലബസ് പരിഷ്കരിക്കുകയും അതിൻപ്രകാരം പാഠപുസ്തകങ്ങൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

**സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി**

6 (*246) <u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സമഗ്രവിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകളാക്കി മാറ്റുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പൊതു വിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി പ്രൈമറി സ്കൂളുകളുടെ വികസനം ഉറപ്പാക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ;

(സി) അദ്ധ്യാപകർക്ക് കാലോചിതമായി ശാസ്ത്രീയവും സാങ്കേതികവുമായ വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതിനായി സമയബന്ധിതമായി പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' എന്ന് പുനർനാമകരണം ചെയ്തിട്ടുള്ള സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുവേണ്ടി നടത്തുന്ന പ്രവൃത്തികളുടെ ഭാഗമായി ഹൈസ്കൂൾ-ഹയർ സെക്കന്ററി തലത്തിലുള്ള എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുതകുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ശിശുകേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപക പരിശീലന പരിപാടികൾ കൂടി ഉൾപ്പെടുത്തി വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) എൽ.പി./യു.പി. ക്ലാസ്സുകളിൽ പൊതു വിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്കൂളുകളുടെ ഭൗതിക സാഹചര്യ വികസന ത്തിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. അക്കാദമിക നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി പൂർണ്ണമായും ശിശുകേന്ദ്രീകൃതമായുള്ള അദ്ധ്യാപന രീതിക്ക് ഊന്നൽ നൽകിക്കൊണ്ട് എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പഠനത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്ന ഒരു യൂണിവേഴ്സൽ ഡിസൈൻ ഓഫ് ലേണിംഗിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപന പരിശീലന പദ്ധതികൾ കൂടി ഉൾപ്പെടുത്തി വിവരസാങ്കേതികാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി വിനിമയ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും പാഠ്യപദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കാത്ത പ്രശ്നം പരിഹരിക്കു ന്നതിനായി പാഠ്യപദ്ധതിയിൽ ആവശ്യമായ മെച്ചപ്പെടുത്തലുകളും അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളും ഉൾപ്പെടെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിൽ വരുത്തുകയും ഇപ്രകാരം അദ്ധ്യാപന-അദ്ധ്യയന തലങ്ങളിൽ സമഗ്രമായ മാറ്റം വരുത്തുന്നതോടൊപ്പം കുട്ടികളുടെ നൈസർഗ്ഗിക കഴിവുകൾക്ക് പ്രോത്സാഹനം നൽകുന്ന വിധത്തിലുള്ള പദ്ധതികളും പൊതുവിദ്യാഭ്യാസ യജ്ഞം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) അദ്ധ്യാപകർക്ക് കാലോചിതമായി ശാസ്ത്രീയവും സാങ്കേതികവുമായ വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതിനുതകുന്ന വിവിധ പരിശീലന പരിപാടികൾ സ്കൂൾ പ്രവർത്തി സമയം നഷ്ടപ്പെടുത്താതെ മദ്ധ്യവേനലവധിക്കാലത്ത് തന്നെ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഇതിനോടകം തന്നെ സ്വീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക പരിശീലന പരിപാടികൾ നടന്നുവരികയും ചെയ്യുന്നു.

## പാത നിർമ്മാണത്തിലെ അപാകതകൾ മൂലമുണ്ടാകുന്ന റോഡപകടങ്ങൾ

7 (*247) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങളുടെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) ചില പ്രത്യേക സ്ഥലങ്ങളിൽ ആവർത്തിച്ചുണ്ടാകുന്ന റോഡപകടങ്ങൾക്ക് കാരണം വാഹനം ഓടിക്കുന്നതിലെ പിഴവു പോലെതന്നെ പാത നിർമ്മാണത്തിന്റെയും ഉപരിതലം പരിപാലിക്കുന്നതിന്റെയും അപാകതകൾ കൂടിയായതിനാൽ ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകുമോ;

(സി) ദേശീയ പാതയോരത്ത് പാതയിൽ നിന്ന് നേരിട്ട് പ്രവേശനത്തോടെ കെട്ടിടങ്ങളും വ്യവസായ വാണിജ്യ സ്ഥാപനങ്ങളും സ്ഥാപിക്കുന്നത് നിയന്ത്രിക്കുന്നതിനും, നിയന്ത്രിത മേഖലയിലെ (കൺട്രോൾ ലൈൻ) നിർമ്മാണങ്ങളും പ്രവൃത്തികളും നിയന്ത്രിക്കുന്നതിനും സംസ്ഥാന ഹൈവേ അതോറിറ്റിക്ക് നല്കിയിരിക്കുന്ന അധികാരം ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പരിശോധിച്ചിട്ടുണ്ട്. റോഡുകളുടെ സുരക്ഷാ പ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ ദേശീയ പാതാ വിഭാഗത്തിൽ റോഡ് സേഫ്റ്റി സെൽ രൂപീകരിച്ചിട്ടുണ്ട്. സുരക്ഷാ പ്രശ്നങ്ങൾ സംബന്ധിച്ച ശാസ്ത്രീയ പഠനത്തിനുവേണ്ടി റോഡ് സേഫ്റ്റി ഓഡിറ്റുകൾ നടത്താറുണ്ട്.

(ബി) റോഡപകടങ്ങൾ ആവർത്തിക്കുന്ന സ്ഥലങ്ങൾ പരിശോധിച്ചതിൽ റോഡുകളുടെ നിർമ്മാണത്തിലെ അപാകതമൂലമുണ്ടാകുന്നവ താരതമ്യേന കുറവാണ്. കേരളത്തിലുടനീളം ഇത്തരം അപകടങ്ങൾ സംഭവിക്കുന്ന സ്ഥലങ്ങളുടെ മുൻഗണനാ ക്രമത്തിലുള്ള ഒരു പട്ടിക നാറ്റ്പാക് പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ പൊതുമരാമത്ത്, പോലീസ്, മോട്ടോർവാഹനം എന്നീ വകുപ്പുകളുടെ സംയുക്ത പരിശോധനകൾക്കുശേഷം അത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമുള്ള സുരക്ഷാ ക്രമീകരണങ്ങൾ നിർദ്ദേശിച്ച് നടപ്പിലാക്കിവരുന്നു. റോഡുകളുടെ ഉപരിതല പരിപാലനത്തിന്റെ ഭാഗമായി

കാലാകാലങ്ങളിൽ റോഡുകളിലുണ്ടാകുന്ന അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും അടിയന്തര സ്വഭാവമുള്ള പ്രവൃത്തികൾ ചെയ്യുന്നതിനും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ District Level Task Committee-യും രൂപീകരിച്ചിട്ടുണ്ട്. അപകട മേഖലകളിൽ റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തി അപകടത്തിന്റെ കാരണം മനസ്സിലാക്കി ഉപരിതല നവീകരണവും നിർമ്മാണത്തിലെ അപാകത ആണെങ്കിൽ ആയതും പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ റോഡ് സേഫ്റ്റിക്ക് ആവശ്യമായ ക്രാഷ് ബാരിയേഴ്സ്, മുന്നറിയിപ്പ് ബോർഡുകൾ എന്നിവ സ്ഥാപിക്കാറുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കിയതും/നടപ്പിലാക്കുന്നതുമായ നഗര റോഡ് വികസന പദ്ധതികളിലെല്ലാം തന്നെ റോഡ് സുരക്ഷയ്ക്ക് മുന്തിയ പ്രാധാന്യം നൽകിക്കൊണ്ടുള്ള നിർമ്മാണ രീതികളാണ് അവലംബിച്ചിട്ടുള്ളത്. റോഡുകളുടെ പ്രതലങ്ങൾ ഉന്നത ഗുണനിലവാരത്തിലാണ് നിർമ്മിച്ചിട്ടുള്ളത്. കൂടാതെ വാഹന യാത്രക്കാരുടെ സുരക്ഷിതത്വത്തിനായി റോഡ് മാർക്കിംഗ്സ്, സിഗ്നലുകൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, അപകട മേഖലകളിൽ മുന്നറിയിപ്പ് ബോർഡുകൾ, ദിശാ ബോർഡുകൾ മുതലായവയും സ്ഥാപിച്ചിട്ടുണ്ട്. കാൽനടയാത്രക്കാരുടെ സുരക്ഷിതത്വത്തിനായി പെഡസ്ട്രിയൻ ക്രോസിംഗുകൾ, ഓട്ടുപാകിയ നടപ്പാതകൾ, പ്രധാന ജംഗ്ഷനുകളിൽ കൈവരികൾ, സിഗ്നൽ ലൈറ്റുകൾ, സീബ്രാ ക്രോസിംഗുകൾ എന്നിവയെല്ലാം നഗര റോഡ് വികസന പദ്ധതികളുടെ പ്രത്യേകതയാണ്. ആയതിനാൽ റോഡ് അപകടങ്ങൾ താരതമ്യേന ഇത്തരം റോഡുകളിൽ കുറവാണ്.

(സി) ദേശീയ പാതയോരത്ത് നിർമ്മാണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അപേക്ഷ ലഭിക്കുമ്പോൾ സർക്കാർ ഉത്തരവ് (എംഎസ്.)18/2011/ പൊ.മ.വ. തീയതി 1-3-2011 പ്രകാരം ടാസ്ക് ഫോഴ്സ് നിർദ്ദേശിക്കുന്ന ദൂരപരിധിക്ക് പുറത്ത് വരുന്ന നിർമ്മിതികൾക്ക് മാത്രമാണ് എൻ.ഒ.സി നൽകുന്നത്.

**ജലസംരക്ഷണ നയം**

8 (*248) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ജലസംരക്ഷണ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇല്ലെങ്കിൽ നിലവിലുള്ള ജലദൗർലഭ്യം കൂടി കണക്കിലെടുത്ത് ജലസംരക്ഷണ നയം പ്രഖ്യാപിക്കുന്നതിനും നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) 2008-ലെ സ.ഉ.(പി) നമ്പർ 31/2008/ജലവിഭവ തീയതി 19-7-2008 പ്രകാരം പ്രഖ്യാപിച്ച സംസ്ഥാന ജലനയം 2008-ൽ ജലസംരക്ഷണത്തിന്റെയും കാര്യക്ഷമമായ വിനിയോഗത്തിന്റെയും ആവശ്യകത വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിന്റെ അടിസ്ഥാന കാഴ്ചപ്പാട് അനുസരിച്ച് ജല ലഭ്യത ഒരു മനുഷ്യാവകാശമാണ്. വെള്ളത്തിന്റെ നിയന്ത്രിത ഉപയോഗവും സംരക്ഷണത്തിന്റെ ഉത്തരവാദിത്വവും ഓരോ പൗരനിലും നിക്ഷിപ്തമാണ്. കൂടാതെ അടിസ്ഥാന ആവശ്യങ്ങൾക്ക് ന്യായമായ നിലയിൽ ജലം ലഭിക്കുവാനുള്ള ഓരോ പൗരന്റെയും അവകാശത്തെ നിയമം വഴിയോ പദ്ധതി പ്രവർത്തനത്തിലൂടെയോ സംരക്ഷിക്കപ്പെടേണ്ടതും നടപ്പിലാക്കേണ്ടതാണെന്നുള്ളതും ഉറപ്പാക്കേണ്ട പ്രധാന സംഗതിയാണ്. അതിനാൽ ജലത്തിന്റെ അഭംഗുരമായ സംരക്ഷണവും ബുദ്ധിപൂർവ്വമായ വിനിയോഗവും ജലത്തിന്റെ ശരിയായ ആസൂത്രണവും സംസ്ഥാന ജലനയം വിഭാവനം ചെയ്യുന്നു. പൊതുജന ആരോഗ്യം ഉറപ്പാക്കുന്നതിനും പ്രാദേശിക അസന്തുലിതാവസ്ഥ കുറയ്ക്കുന്നതിനും ഉള്ള ഒരു ചുറ്റുപാട് സൃഷ്ടിക്കാനും പ്രസ്തുത നയം വിഭാവനം ചെയ്യുന്നു.

(ബി) സംസ്ഥാന ജലനയത്തിൽ ജലസംരക്ഷണത്തിന്റെ ആവശ്യകത വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതിനാൽ പ്രത്യേക ജല സംരക്ഷണ നയത്തിന് പ്രസക്തിയില്ല.

## നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജനകീയ സമിതികളുടെ മേൽനോട്ടവും ആഡിറ്റും

9 (*249) ശ്രീ. അൻവർ സാദത്ത് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജനകീയ സമിതികളുടെ മേൽനോട്ടവും ആഡിറ്റും നിർബന്ധമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ജനകീയ സമിതികൾ പരിശോധിച്ച് അനുമതി നൽകിയാൽ മാത്രമേ കരാറുകാരുടെ ബില്ലുകൾ മാറി നൽകുകയുള്ളൂ എന്ന നിബന്ധന കൊണ്ടുവന്നിട്ടുണ്ടോ;

(സി) മേല്പറഞ്ഞവ പ്രാവർത്തികമാക്കുന്നതിന് നിയമനിർമ്മാണം ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജനകീയ സമിതികളുടെ മേൽനോട്ടവും ആഡിറ്റിംഗും നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള സോഷ്യൽ ആഡിറ്റിംഗ് നിർബന്ധമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. പരീക്ഷണാടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയുടെ ചില പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് സോഷ്യൽ ആഡിറ്റിംഗ് നടത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിൻകീഴിലുള്ള ഓച്ചിറ-ചേർത്തല റോഡിലെ നിർമ്മാണത്തിന്റെ അപാകത പരിശോധിക്കുന്നതിനായി പ്രത്യേകമായ സോഷ്യൽ ഓഡിറ്റ് ടീമിനെയും വയനാട് ജില്ലയിലെ ഒരു പ്രവൃത്തി സംബന്ധിച്ച പരാതി പരിശോധിക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെയും നിയോഗിച്ചിട്ടുണ്ട്.

(ബി) ജനകീയ സമിതികൾ അനുമതി നൽകിയാൽ മാത്രമേ കരാറുകാരുടെ ബില്ലുകൾ മാറി നൽകുകയുള്ളൂ എന്ന നിബന്ധന നിലവിൽ ഇല്ല.

(സി) സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിലേയ്ക്കായി പ്രവൃത്തികൾ നടക്കുന്ന പ്രദേശത്തെ ജനപ്രതിനിധികൾ, സാങ്കേതിക വിദഗ്ദ്ധർ എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ഗുണനിലവാരവും സുതാര്യതയും ഉറപ്പുവരുത്തുക എന്നതാണ് പ്രധാന ലക്ഷ്യം. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ മരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ് കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചതാണ്. സോഷ്യൽ ഓഡിറ്റ് പ്രാവർത്തികമാക്കുന്നതിന് മരാമത്ത് വകുപ്പിൽ പ്രത്യേക നിയമനിർമ്മാണം ആവശ്യമുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

**കുട്ടനാട് പാക്കേജും തണ്ണീർമുക്കം ബണ്ട് നവീകരണവും**

10 (*250) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി ജലവിഭവ വകുപ്പിന് കീഴിൽ വെള്ളപ്പൊക്ക, ഓരു നിയന്ത്രണത്തിനും മലിനജല നിർഗ്ഗമനത്തിനുമായി ആവിഷ്കരിച്ചിരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) തണ്ണീർമുക്കം ബണ്ട് നവീകരണവും മൂന്നാം ഘട്ടത്തിന്റെ നിർമ്മാണവും തോട്ടപ്പള്ളി സ്പിൽവേ നവീകരണവും ഏത് സ്ഥിതിയിലാണെന്ന് വിശദീകരിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയർ മുഖേന താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

കേന്ദ്ര സർക്കാർ അനുമതി ലഭിച്ച പദ്ധതികൾ

1. കെ.ഇ.എൽ.1 നെടുമുടി പഞ്ചായത്തിൽപ്പെട്ട 14 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ (അടങ്കൽ തുക 24.70 കോടി രൂപ)

2. കെ.ഇ.എൽ.2 കായൽ ഭാഗത്തെ 4 പാടശേഖരങ്ങളുടെയും ഗ്രൂപ്പ് 9-ൽപ്പെട്ട 5 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ (അടങ്കൽ തുക 118.913 കോടി രൂപ)

3. കെ.ഇ.എൽ.3 ഫേസ് 1 കുട്ടനാടൻ പ്രദേശത്തെ 231 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ (അടങ്കൽ തുക 379.05 കോടി രൂപ)

4. കെ.ഇ.എൽ.4 ഓണാട്ടുകര പ്രദേശത്തെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ (അടങ്കൽ തുക 248.39 കോടി രൂപ)

കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിക്കുവാനുള്ള പദ്ധതികൾ

5. കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ (അടങ്കൽ തുക 758.39 കോടി രൂപ)

   (കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളുടെയും വീയപുരം പഞ്ചായത്തിലെ 14 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ ഉൾപ്പെടെ 1212.45 കോടി രൂപയുടെ പുതുക്കിയ ഡി.പി.ആർ. പരിശോധിച്ചുവരുന്നു.)

6. തണ്ണീർമുക്കം ബണ്ടിന്റെ നവീകരണ പ്രവൃത്തികൾ (അടങ്കൽ തുക 255.34 കോടി രൂപ)

7. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശകൾ (അടങ്കൽ തുക 13.49 കോടി രൂപ)

തോട്ടപ്പള്ളി സ്പിൽവേയുമായി ബന്ധപ്പെട്ട പ്രവൃത്തികളും സമീപ പ്രദേശത്തെ രണ്ട് പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികളും ഉൾപ്പെടുത്തി സമർപ്പിച്ച 47 കോടി രൂപയുടെ പുതുക്കിയ ഡി.പി.ആർ. സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

1. തലയാഴം പഞ്ചായത്തിലെ കരിയാർ നദിയുടെ കുറുകെയുള്ള ബ്രിഡ്ജ് കം റെഗുലേറ്ററിന്റെ നിർമ്മാണം. ആകെ ചെലവഴിച്ചത് - 27.86 കോടി രൂപ

2. എ. സി. കനാലിന്റെ ഒന്നാംഘട്ട പ്രവൃത്തി (മനക്കൽ ചിറ മുതൽ ഒന്നാംകര വരെ) ആകെ ചെലവഴിച്ചത് - 6.32 കോടി രൂപ

3. ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് പ്രദേശത്തെ തകർന്ന റെഗുലേറ്ററുകളുടെ നവീകരണം (അന്ധകാരനഴി, ആർ.സി.ബി.പെണ്ടി റെഗുലേറ്റർ, പുല്ലുവേലി റെഗുലേറ്റർ പുല്ലൻചിറയിലെ സ്ലൂയിസ്) ആകെ ചെലവഴിച്ചത് - 4.89 കോടി രൂപ

(ബി) വിലയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. കെ.ഇ.എൽ1 : നെടുമുടി പഞ്ചായത്തിൽപ്പെട്ട 14 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ അടങ്കൽ തുക 24.70 കോടി രൂപ

   ആലപ്പുഴ ജില്ലയിലെ നെടുമുടി പഞ്ചായത്തിലെ 14 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണവും അനുബന്ധ പ്രവൃത്തികളായ മോട്ടോർഷെഡ്, മോട്ടോർതറ, പൊതുമട എന്നിവയുടെ നിർമ്മാണത്തിനുമായി 24.70 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് 12-7-2010-ൽ കൂടിയ കേന്ദ്ര എംപവ്വേർഡ് കമ്മിറ്റി അംഗീകാരം നൽകുകയുണ്ടായി. അംഗീകരിച്ച 24.7 കോടി രൂപയുടെ പദ്ധതി 14 പ്രവൃത്തികളായി ടെൻഡർ ചെയ്യുകയും പണികൾ 31-3-2016-ൽ പൂർത്തീകരിക്കുകയും ചെയ്തു. കേന്ദ്രവിഹിതം രണ്ട് ഗഡുവായി 9.9063 കോടി രൂപ റിലീസ് ചെയ്തു. 31-3-2017 വരെയുള്ള ചെലവ് 18.1 കോടി രൂപയാണ്. അവശേഷിക്കുന്ന കേന്ദ്ര വിഹിതം ലഭിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ 37 മോട്ടോർതറ ഷെഡ്ഡുകളുടെ നിർമ്മാണം/പുനരുദ്ധാരണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 11 പൊതുമടകളും 3 ബോക്സ് കൾവേർട്ടുകളും 8 പൈപ്പ് കൾവേർട്ടുകളും പൂർത്തീകരിച്ചിട്ടുണ്ട്.

2. കെ.ഇ.എൽ2 : കായൽ ഭാഗത്തെ 4 പാടശേഖരങ്ങളുടെയും ഗ്രൂപ്പ് 9-ൽപ്പെട്ട 5 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ അടങ്കൽ തുക 118.913 കോടി രൂപ

   കായൽ നിലങ്ങളിലെ 9 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 118.913 കോടി രൂപ അടങ്കൽ വരുന്ന പദ്ധതി 12-7-2010-ൽ കൂടിയ കേന്ദ്ര എംപവ്വേർഡ് കമ്മിറ്റി അംഗീകാരം നൽകുകയുണ്ടായി. അംഗീകരിച്ച 118.913 കോടി രൂപയുടെ പദ്ധതി 3 പ്രവൃത്തികളായി ടെൻഡർ ചെയ്തു. കേന്ദ്രവിഹിതം രണ്ടു ഗഡുവായി 65.8643 കോടി രൂപ റിലീസ് ചെയ്തു. ഇതിൽ E, H, I, D വടക്ക്, D തെക്ക്, റാണി-

ചിത്തിര, C, D എന്നീ 9 പാടശേഖരങ്ങളാണ് ഉള്ളത്. മൂന്നുപണികളും പൂർത്തീകരിച്ചു. 3266 ഹെക്ടർ വിസ്തീർണ്ണമുള്ള 9 പാടശേഖരങ്ങൾക്കും കൂടി 65.25 കി.മീ. നീളം വരുന്ന പുറം ബണ്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചതിനാൽ വെള്ളപ്പൊക്ക ഭീഷണിയിൽനിന്നും ടി പാടശേഖരങ്ങൾ സുരക്ഷിതമാണ്. ഈ സ്കീമിൽ ഇതുവരെ 124.245 കോടി രൂപ ചെലവായിട്ടുണ്ട്. അവശേഷിക്കുന്ന കേന്ദ്രവിഹിതം ലഭിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ 94 മോട്ടോർതറ ഷെഡ്ഡുകളുടെ നിർമ്മാണം/ പുനരുദ്ധാരണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 14 പൊതുമടകളും പൂർത്തീകരിച്ചിട്ടുണ്ട്.

3. കെ.ഇ.എൽ.3 ഫേസ് 1 : കുട്ടനാടൻ പ്രദേശത്തെ 231 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ (അടങ്കൽ തുക 379.05 കോടി രൂപ)

കോട്ടയം, ആലപ്പുഴ ജില്ലകളിലെ 231 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 379.05 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. 18-8-2011-ൽ കൂടിയ കേന്ദ്ര എംപവ്വേർഡ് കമ്മിറ്റി അതിൽ 106.13 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയും ഈ തുകയ്ക്കുള്ള 94 പാടശേഖരങ്ങളുടെ 57 പ്രവൃത്തികൾ അറേഞ്ച് ചെയ്യുകയും ചെയ്തു. ഈ പദ്ധതിയിൽപ്പെട്ട പ്രവൃത്തികൾ ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ സ്കീമിൽ ഇതുവരെ 44 പാടശേഖരങ്ങളുടെ പണികൾ പൂർത്തീകരിച്ചു. 31-3-2017 വരെ 77.933 കോടി രൂപ ചെലവും ചെയ്തിട്ടുണ്ട്. ഏകദേശം 127.8 കി.മീ. ബണ്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കേന്ദ്ര വിഹിതമായി ഇതുവരെ 31.875 കോടിരൂപ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ 61 മോട്ടോർതറ/ ഷെഡ്ഡുകളുടെ നിർമ്മാണം/പുനരുദ്ധാരണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 68 പൊതുമടകളും 14 ബോക്സ് കൾവേർട്ടുകളും 22 പൈപ്പ് കൾവേർട്ടുകളും ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്.

4. കെ.ഇ.എൽ.4 : ഓണാട്ടുകര പ്രദേശത്തെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ (അടങ്കൽ തുക 248.39 കോടി രൂപ)

ഓണാട്ടുകര പ്രദേശത്തെ 12 നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിവാരണത്തിനായി 248.39 കോടിരൂപ അടങ്കൽവരുന്ന പദ്ധതിക്ക് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. 15-12-2011-ൽ കൂടിയ കേന്ദ്ര എംപവ്വേർഡ് കമ്മിറ്റി അതിൽ 20 കോടി രൂപയ്ക്ക് അംഗീകാരം

നൽകുകയും തുടർന്ന് ആദ്യഗഡുവായി കേന്ദ്ര സർക്കാരിന്റെ 11.25 കോടി രൂപ ലഭിക്കുകയും ചെയ്തു. 12 നീർത്തടങ്ങളിലായി 44 പ്രവൃത്തികളാണ് ഉള്ളത്. ഇവയിൽ 5 നീർത്തടങ്ങളിലായി കിടക്കുന്ന 21 പ്രവൃത്തികൾ അറേഞ്ച് ചെയ്തു. 9 പ്രവൃത്തികൾ പൂർത്തീകരിക്കുകയും 12 പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ഇതിന് 31-3-2017 വരെ 36.53 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന കേന്ദ്ര വിഹിതം ലഭിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഏകദേശം 33.2 കി.മീ. ബണ്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 17 ഫൂട്ട് ബ്രിഡ്ജ്, 9 സ്ലാബ്/ പൈപ്പ് കൾവേർട്ട്, 27 റാംപ് വിത്ത് കടവ് തുടങ്ങിയവയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.

5. കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളുടെയും വീയപുരം പഞ്ചായത്തിലെ 14 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ

2-7-2013-ൽ കൂടിയ അവലോകനയോഗത്തിന്റെ അടിസ്ഥാനത്തിൽ കുട്ടനാട് താലൂക്കിൽപ്പെട്ട പാടശേഖരങ്ങൾക്ക് മുൻഗണന നൽകുവാൻ നിർദ്ദേശിച്ചു. ഇതിന്റെ വെളിച്ചത്തിൽ ഫേസ് 2, ഫേസ് 3, ഫേസ് 4 പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന കുട്ടനാട് താലൂക്കിൽപ്പെട്ട പാടശേഖരങ്ങൾ ചേർത്ത് 397 പാടശേഖരങ്ങൾക്ക് 3-10-2013-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി.) നമ്പർ1072/2013/ഡബ്ല്യു.ആർ.ഡി.പ്രകാരം 758.39 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികളുടെ ടെൻഡർ നടപടികൾ കൈക്കൊള്ളുകയും ചെയ്തു.

20-12-2013-ലും 7-10-2014-ലും കൂടിയ പ്രോസ്പരിറ്റി കൗൺസിൽ യോഗത്തിൽ വീയപുരം പഞ്ചായത്തിലെ 14 പാടശേഖരങ്ങൾകൂടി കുട്ടനാട് താലൂക്കിൽ ഉൾപ്പെടുത്തണമെന്നുണ്ടായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും 2014-ലെ ഡൽഹി ഷെഡ്യൂൾ ഓഫ്റേറ്റ് പ്രകാരവും സമർപ്പിച്ച 1212.45 കോടി രൂപയുടെ പുതുക്കിയ ഡി.പി.ആർ. സർക്കാർ പരിശോധിച്ചു വരുന്നു. ടെണ്ടറിന് പ്രതികരണം ലഭിച്ച 83 പ്രവൃത്തികളിൽ എഗ്രിമെന്റ് ഒപ്പിട്ട 155.72 കോടി രൂപയുടെ 57 പണികൾ ആരംഭിക്കുകയും അതിൽ 39 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു. 31-3-2017 വരെ 90.467 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പാടശേഖരങ്ങളിലെ 128.26 കി. മീ. ബണ്ട് പൂർത്തീകരിച്ചിട്ടുണ്ട്.

6. തണ്ണീർമുക്കം ബണ്ടിന്റെ നവീകരണ പ്രവൃത്തികൾ - അടങ്കൽ തുക - 255.34 കോടി രൂപ

തണ്ണീർമുക്കം ബണ്ടിന്റെ നവീകരണത്തിന്റെ ഭാഗമായി 3-ാം ഘട്ടത്തിലെ നിലവിലുള്ള മൺചിറയുടെ ഭാഗത്ത് ആർ.സി.ബി. നിർമ്മിക്കലും ഒന്നാംഘട്ടത്തിന്റെയും രണ്ടാം ഘട്ടത്തിന്റെയും നിലവിലുള്ള ഷട്ടറുകളുടെ മാറ്റി സ്ഥാപിക്കലും ആണ് പ്രധാനമായും ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടുത്തിയിരിക്കുന്നത്. ഈ പ്രവൃത്തിയുടെ 255.335 കോടി രൂപയ്ക്ക് പുതുക്കിയ ഡി.പി.ആറിന് ജി.ഒ.(ആർ.ടി.) നമ്പർ1141/2013/ഡബ്ല്യു ആർ.ഡി തീയതി 22-10-2013 പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. 2-7-2013-ൽ കൂടിയ ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിലെ തീരുമാനപ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം കാത്തുനിൽക്കാതെ പ്രവൃത്തി ടെണ്ടർ ചെയ്തു. ഇപ്പോൾ ടി പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. 16-10-2014-ൽ കൂടിയ കേന്ദ്ര റ്റി.എ.സി. മീറ്റിംഗിൽ ഇതിന് എഫ്.എം.പി. സ്കീമിൽ അംഗീകാരം നൽകി. ഇനി ഇന്റർ മിനിസ്റ്റീരിയൽ കമ്മിറ്റിയുടെ അംഗീകാരം കൂടി ലഭിക്കേണ്ടതുണ്ട്. ഇതുവരെ പണികളുടെ 73% പൂർത്തീകരിച്ചു. മെക്കാനിക്കൽ പണികളും നടന്നുവരുന്നു. 31-3-2017 വരെ 153.869 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

7. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശകൾ. അടങ്കൽ തുക - 47 കോടി രൂപ

ഈ പദ്ധതിക്കുവേണ്ട സ്റ്റേറ്റ് റ്റി.എ.സി.യുടെ നിർദ്ദേശപ്രകാരം 13.49 കോടി രൂപയ്ക്ക് പുതുക്കിയ ഡി.പി.ആറിന് 22.10-2013-ൽ ഭരണാനുമതി നൽകുകയുണ്ടായി. 2-7-2013-ൽ കൂടിയ ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിലെ തീരുമാനപ്രകാരം ടെൻഡർ നടപടികൾ ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗം നടത്തി. നാശോന്മുഖമായ സ്റ്റീൽഷട്ടറുകൾ 40 എണ്ണം മാറ്റി പുതിയ സ്റ്റെയിൻലെസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിക്കുന്നതിനുള്ള പണി പൂർത്തീകരിച്ചു. ഈ പ്രവൃത്തിക്ക് 7.709 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കായൽ സൈഡിലെ ലീഡിംഗ് ചാനലിലെ ഡ്രെഡ്ജിംഗ് Mechanical wing departmental ആയി ചെയ്യുന്നു. ഇതിന് ഇതുവരെ 54.017 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

8. 13-ാം ധനകാര്യകമ്മീഷന്റെ സഹായത്താൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി നടത്തി പൂർത്തീകരിച്ച പ്രവൃത്തികൾ

1. തലയാഴം പഞ്ചായത്തിലെ കരിയാർ നദിയുടെ കുറുകെയുള്ള ബ്രിഡ്ജ് കം റെഗുലേറ്ററിന്റെ നിർമ്മാണം. ആകെ ചെലവഴിച്ചത് - 27.86 കോടി രൂപ

2. എ.സി.കനാലിന്റെ ഒന്നാംഘട്ട പ്രവൃത്തി (മനക്കൽ ചിറ മുതൽ ഒന്നാംകര വരെ) ആകെ ചെലവഴിച്ചത് - 6.32 കോടി രൂപ

3. ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് പ്രദേശത്തെ തകർന്ന റെഗുലേറ്ററുകളുടെ നവീകരണം (അന്ധകാരനഴി, ആർ.സി.ബി. പെണ്ടി റെഗുലേറ്റർ, പുല്ലുവേലി റെഗുലേറ്റർ, പുല്ലൻ ചിറയിലെ സ്ലൂയിസ്) ആകെ ചെലവഴിച്ചത് - 4.89 കോടി രൂപ

(സി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. തണ്ണീർമുക്കം ബണ്ടിന്റെ നവീകരണ പ്രവൃത്തികൾ-അടങ്കൽ തുക 255.34 കോടി രൂപ

തണ്ണീർമുക്കം ബണ്ടിന്റെ നവീകരണത്തിന്റെ ഭാഗമായി 3-ാം ഘട്ടത്തിലെ നിലവിലുള്ള മൺചിറയുടെ ഭാഗത്ത് ആർ.സി.ബി. നിർമ്മിക്കലും ഒന്നാംഘട്ടത്തിന്റെയും രണ്ടാം ഘട്ടത്തിന്റെയും നിലവിലുള്ള ഷട്ടറുകളുടെ മാറ്റി സ്ഥാപിക്കലും ആണ് പ്രധാനമായും ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവൃത്തിയുടെ 255.335 കോടി രൂപയ്ക്ക് പുതുക്കിയ ഡി.പി.ആർ.-ന് ജി.ഒ.(ആർ.ടി) നമ്പർ1141/2013/ഡബ്ല്യു.ആർ.ഡി തീയതി 22-10-2013 പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. 2-7-2013-ൽ കൂടിയ മുഖ്യമന്ത്രിയുടെ യോഗത്തിലെ തീരുമാനപ്രകാരം കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം കാത്തുനിൽക്കാതെ പ്രവൃത്തി ടെണ്ടർ ചെയ്തു. ഇപ്പോൾ ടി പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. 16-10-2014-ൽ കൂടിയ കേന്ദ്ര റ്റി.എ.സി. മീറ്റിംഗിൽ ഇതിന് എഫ്.എം.പി. സ്കീമിൽ അംഗീകാരം നൽകി. ഇനി ഇന്റർ മിനിസ്റ്റീരിയൽ കമ്മിറ്റിയുടെ അംഗീകാരം കൂടി ലഭിക്കേണ്ടതുണ്ട്. ഇതുവരെ പണികളുടെ 73% പൂർത്തീകരിച്ചു. മെക്കാനിക്കൽ പണികളും നടന്നുവരുന്നു. 31-3-2017 വരെ 153.869 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

2. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശകൾ

ഈ പദ്ധതിക്കുവേണ്ടി സ്റ്റേറ്റ് റ്റി.എ.സി.യുടെ നിർദ്ദേശപ്രകാരം 13.49 കോടി രൂപയ്ക്ക് പുതുക്കിയ ഡി.പി.ആർ.-ന് 22-10-2013-ൽ ഭരണാനുമതി നൽകുകയുണ്ടായി. 2-7-2013-ൽ കൂടിയ ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിലെ തീരുമാനപ്രകാരം ടെൻഡർ നടപടികൾ ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗം നടത്തി.

നാശോന്മുഖമായ സ്റ്റീൽഷട്ടറുകൾ 40 എണ്ണം മാറ്റി പുതിയ സ്റ്റെയിൻലെസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിക്കുന്നതിനുള്ള പണി പൂർത്തീകരിച്ചു. ഈ പ്രവൃത്തിക്ക് 7.709 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കായൽ സൈഡിലെ ലീഡിംഗ് ചാനലിലെ ഡ്രെഡ്ജിംഗ് Mechanical wing departmental ആയി ചെയ്യുന്നു. ഇതിന് ഇതുവരെ 54.017 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

തോട്ടപ്പള്ളി സ്പിൽവേയുമായി ബന്ധപ്പെട്ട പ്രവൃത്തികളും സമീപ പ്രദേശത്തെ രണ്ട് പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികളും ഉൾപ്പെടുത്തി സമർപ്പിച്ച 47 കോടി രൂപയുടെ പുതുക്കിയ ഡി.പി.ആർ. സർക്കാർ പരിശോധിച്ചുവരുന്നു.

## മണൽ ഖനനത്തിന് പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ അനുമതി

11 (*251) ശ്രീ. എം. ഉമ്മർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നദികളിൽ നിന്നും മണൽ ഖനനം ചെയ്യുമ്പോൾ പാലിക്കേണ്ട സാങ്കേതിക പാരിസ്ഥിതിക വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) മണൽ ഖനനം നടത്തുന്നതിന് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ അനുമതി തേടണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസ്ഥകൾ ലംഘിച്ച് ഖനനം നടത്തിയവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) നദികളിൽനിന്നും മണൽ ഖനനം ചെയ്യുമ്പോൾ പാലിക്കേണ്ട സാങ്കേതിക പാരിസ്ഥിതിക വ്യവസ്ഥകൾ താഴെപ്പറയും പ്രകാരമാണ്.

1. സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ അനുമതി ആവശ്യമാണ്.

2. ഒരു കടവിൽ രാവിലെ 6 മണിക്ക് മുമ്പും വൈകുന്നേരം 6 മണിക്ക് ശേഷവും യാതൊരു മണൽ വാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതാണ്.

3. ഏതെങ്കിലും പാലത്തിൽനിന്നോ ഏതെങ്കിലും ജലസേചന പദ്ധതിയിൽനിന്നോ 500 മീറ്റർ ദൂരത്തിനുള്ളിൽ യാതൊരു മണൽ വാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതാണ്.

4. മണൽ കയറ്റുന്നതിനുള്ള വാഹനം നദീതീരത്തുനിന്ന് ഏറ്റവും കുറഞ്ഞത് 25 മീറ്റർ അകലത്തിൽ പാർക്ക് ചെയ്യേണ്ടതാണ്.

5. ഒരു കടവിലോ നദീതീരത്തിൽനിന്നോ വിദഗ്ദ്ധ സമിതി നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ അളവ് മണൽ വാരാൻ പാടില്ലാത്തതാണ്.

6. മണൽ വാരൽ പ്രവർത്തനത്തിൽ കൊല്ലിവലയോ പോൾസ്കൂപ്പിംഗോ ഏതെങ്കിലും യന്ത്രവൽകൃത രീതിയോ ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

7. ഉപ്പുവെള്ളം നദീജലവുമായി കലരാൻ സാദ്ധ്യതയുള്ളിടത്ത് മണൽ വാരൽ നടത്താൻ പാടില്ലാത്തതാണ്.

8. സർക്കാർ പൊതുവായോ പ്രത്യേകമായോ ഉത്തരവുമുഖേന മണൽ വാരൽ സ്പഷ്ടമായി നിരോധിച്ചിട്ടുള്ള ഏതെങ്കിലും നദിയിലോ നദീതീരത്തുനിന്നോ മണൽ വാരാൻ പാടില്ലാത്തതാണ്.

(ബി) 5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള സ്ഥലത്ത് ഖനനം ചെയ്യാൻ സംസ്ഥാന പരിസ്ഥിതി ആഘാതം നിർണ്ണയ അതോറിറ്റിയുടെ അനുമതി ആവശ്യമാണ്.

(സി) അനധികൃത മണൽ ഖനനം നടത്തുന്നവർക്കെതിരെ 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് പ്രകാരം പോലീസും റവന്യൂ വകുപ്പും നടപടികൾ സ്വീകരിക്കുകയും വാഹനങ്ങൾ കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്.

## പൂർത്തിയാകാത്ത ജലസേചന പദ്ധതികൾ

12 (*252) ശ്രീ. കെ. രാജൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മുപ്പത് വർഷത്തിലധികമായിട്ടും പൂർത്തിയാകാത്ത ജലസേചന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഭാവി തീരുമാനിക്കുന്നതിനായി ആസൂത്രണ ബോർഡ് യോഗം ചേർന്നിരുന്നോ;

(സി) പ്രസ്തുത യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ട്, കാരാപ്പുഴ ഇറിഗേഷൻ പ്രോജക്ട്, ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് എന്നിവയാണ് പൂർത്തിയാകാത്ത ജലസേചന പദ്ധതികൾ.

(ബി) 12-4-2017-ൽ യോഗം ചേർന്നിരുന്നു.

(സി) പൂർത്തിയാകാത്ത ജലസേചന പദ്ധതികളുടെ ഭാവി പരിപാടി, കുറഞ്ഞ ചെലവിൽ എങ്ങനെ പ്രയോജനപ്രദമായ രീതിയിൽ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കും എന്നീ കാര്യങ്ങളെക്കുറിച്ച് വിശദമായി പഠിക്കുവാൻ ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് പ്രസ്തുത യോഗത്തിൽ തീരുമാനമെടുക്കുകയുണ്ടായി.

## കുടിവെള്ളത്തിന്റെ പരിശുദ്ധിയും ഉപഭോഗവും

13 (*253) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന കുപ്പിവെള്ളമുൾപ്പെടെയുള്ള കുടിവെള്ളത്തിന്റെ പരിശുദ്ധി ഉറപ്പുവരുത്തുവാൻ വാട്ടർ അതോറിറ്റിക്ക് എന്തൊക്കെ സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തന രീതി വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ പ്രതിദിന കുടിവെള്ള ഉപഭോഗം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) കേരള വാട്ടർ അതോറിറ്റി ജലശുദ്ധീകരണശാലകളിൽ വച്ച് ശുദ്ധീകരിച്ചതിന് ശേഷമാണ് ശുദ്ധജലം ജനങ്ങൾക്ക് വിതരണം ചെയ്യുന്നത്. ശുദ്ധീകരണശാല ഇല്ലാത്ത സ്ഥലങ്ങളിൽ ക്ലോറിനേഷൻ വഴി ശുദ്ധീകരിച്ച ജലമാണ് വിതരണം ചെയ്യുന്നത്. ഇങ്ങനെ വിതരണം ചെയ്യുന്ന ജലം വാട്ടർ അതോറിറ്റിയുടെ ഗുണപരിശോധന ലാബുകളിൽ പരിശോധിച്ച് പരിശുദ്ധി ഉറപ്പുവരുത്തുന്നു. എന്നാൽ മറ്റ് സ്വകാര്യ കമ്പനികൾ ഉൾപ്പെടെയുള്ള ഏജൻസികൾ വിതരണം ചെയ്യുന്ന കുപ്പിവെള്ളമുൾപ്പെടെയുള്ള ശുദ്ധജല സാമ്പിളുകൾ വാട്ടർ അതോറിറ്റി സ്വമേധയാ പരിശോധിക്കാറില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിവിധ ഏജൻസികളുടെ ആവശ്യപ്രകാരം നിശ്ചിത ഫീസ് ഈടാക്കി പ്രസ്തുത കുടിവെള്ള സാമ്പിളുകൾ പരിശോധിച്ച് ഫലം നൽകാറുണ്ട്.

(ബി) ജലഅതോറിറ്റി വിതരണം ചെയ്യുന്ന ശുദ്ധജലം ശുദ്ധീകരണശാലകളിൽ വിവിധ ശുദ്ധീകരണ പ്രക്രിയകളായ ഏറേഷൻ, സെഡിമെന്റേഷൻ, ഫിൽട്രേഷൻ, ക്ലോറിനേഷൻ എന്നിവ നടത്തി ശുദ്ധീകരിച്ചാണ് വിതരണം ചെയ്യുന്നത്. ഇങ്ങനെ ശുദ്ധീകരിച്ച ജലത്തിന്റെ നിറം, മണം, കലക്കൽ, പി.എച്ച്., ഇലക്ട്രിക്കൽ കണ്ടക്ടിവിറ്റി, അസിഡിറ്റി, ആൽക്കലിനിറ്റി, സൾഫേറ്റ്, റ്റി.ഡി.എസ്., കാഠിന്യം, കാത്സ്യം, മഗ്നീഷ്യം, ക്ലോറൈഡ്, ഫ്ലൂറൈഡ്, ഇരുമ്പ്, നൈട്രേറ്റ്, റെഡിഡ്യുവൽ ക്ലോറിൻ, കോളിഫാം, ഇ-കോളി തുടങ്ങിയവയുടെ അളവ് പരിശോധിച്ച് BIS 10500-2012 എന്ന സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന അനുവദനീയമായ പരിധിക്കുള്ളിലാണെന്ന് ഉറപ്പ് വരുത്തിയതിന് ശേഷമാണ് വിതരണം ചെയ്യുന്നത്. ഈ പരിശോധനയ്ക്കായി ജല അതോറിറ്റിയുടെ കീഴിൽ ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും 14 ജില്ലാതല ലാബുകളും 33 സബ് ഡിവിഷൻ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ ശുദ്ധീകരണശാലയോടനുബന്ധിച്ച് ചെറിയ ലാബുകളും പ്രവർത്തിക്കുന്നുണ്ട്.

(സി) സംസ്ഥാനത്തിന്റെ പ്രതിദിന കുടിവെള്ള ഉപഭോഗത്തിൽ കാലാവസ്ഥക്കനുസൃതമായി വ്യതിയാനം ഉണ്ടാകാറുണ്ട്. നിലവിൽ വാട്ടർ അതോറിറ്റി മുഖേന പ്രതിദിനം 2500-ൽപരം ദശലക്ഷം ലിറ്റർ കുടിവെള്ളം വിതരണം നടത്തുന്നുണ്ട്.

## ഹാരിസൺസ്, ടി.ആർ. & ടീ തുടങ്ങിയ കമ്പനികളും വ്യക്തികളും കയ്യേറിയ ഭൂമി

14 (*254) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാരിസൺസ്, ടി.ആർ.&ടീ. തുടങ്ങിയ കമ്പനികളും വ്യക്തികളും നിയമവിരുദ്ധമായി കൈവശം വച്ചിരിക്കുന്ന ഭൂമി തിരികെ പിടിക്കുന്നതിന് നിയോഗിച്ച സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ടുകളിലെ മുഖ്യകണ്ടെത്തലുകൾ എന്തൊക്കെയാണ്;

(ബി) വ്യാജ ആധാരം ചമച്ചതിനും ഭൂമി കയ്യേറിയതിനും ഇവർക്കെതിരെയുള്ള കേസ്സിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) വിവിധ കമ്പനികളും വ്യക്തികളും കയ്യേറിയ ഭൂമി തിരികെ പിടിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ):

(എ) ഹാരിസൺസ്, ടി.ആർ.&ടീ. തുടങ്ങിയ കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വച്ചുവരുന്ന സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിന് നിയോഗിച്ച സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ 4-6-2016, 24-9-2016 തീയതികളിൽ സമർപ്പിച്ച റിപ്പോർട്ടുകളിലെ പ്രധാന കണ്ടെത്തലുകൾ ചുവടെ കൊടുക്കുന്നു.

കേരള ഭൂസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ കമ്പനികൾക്ക് ബാധകമാണ്. കമ്പനി കൈവശം വച്ചുവരുന്ന ഭൂമികൾ കേരള ഭൂസംരക്ഷണ നിയമം വിശദീകരണം 1 & 1 എ-യുടെ പരിധിയിൽ വരുന്നതാണ്. ഹാരിസൺസ് മലയാളം കമ്പനി കൈവശം വച്ചുവരുന്ന ഭൂമിയുടെ മുൻകൈവശക്കാരായ മലയാളം പ്ലാന്റേഷൻസ് (യു.കെ.) ലിമിറ്റഡ് എന്ന കമ്പനി ഇംഗ്ലണ്ടിൽ രജിസ്റ്റർ ചെയ്ത വിദേശ കമ്പനിയാണ്. ടി ഭൂമി ഗ്രാന്റുകൾ, ലീസുകൾ എന്നിവ പ്രകാരം ഫ്രീ ഹോൾഡ്, ലീസ് ഹോൾഡ് എന്ന നിലയിൽ പ്രസ്തുത വിദേശ കമ്പനി കൈവശം വച്ചുവന്നിരുന്നതും ജന്മാവകാശം ഇല്ലാതിരുന്നതുമാണ്. വിദേശ കമ്പനി കെ.എൽ.ആർ അക്ടിന്റെ സെക്ഷൻ 2(43) പ്രകാരമുള്ള "person" എന്ന നിർവ്വചനത്തിൽ വരാത്തതാണ്. ആയതിനാൽ ടി വിദേശ കമ്പനി കാർഷിക കുടിയാൻ എന്ന നിർവ്വചനത്തിലും വരുന്നില്ല. ടി ഭൂമികൾ കെ.എൽ.ആർ. ആക്ട് സെക്ഷൻ 51 എ, 51 ബി, 72(1), 86 & 86(4) എന്നിവ പ്രകാരം സർക്കാരിലേക്ക് നിക്ഷിപ്തമാകുന്നവയാണ്.

ട്രാവൻകൂർ റബ്ബർ & ടീ-യും അനുബന്ധ കമ്പനികളും കൈവശം വയ്ക്കുന്ന ഭൂമി നിയമാനുസൃതം കൈമാറിക്കിട്ടിയവ അല്ല. വിദേശ കമ്പനികളുടെ പേരുകൾ കമ്പനി നിയമപ്രകാരം നിലവിലെ കൈവശക്കാരുടെ പേരുകൾ ചേർത്ത് രജിസ്റ്റർ ചെയ്തിരിക്കുന്നതായി കാണുന്നു. വഞ്ചിപ്പുഴ ഇടവകയുടെ കൈവശമായിരുന്നതും 1955-ലെ ഇടവക റൈറ്റ്സ് അക്വിസിഷൻ ആക്ട് പ്രകാരം സർക്കാർ പൊന്നും വിലക്കെടുത്തതുമായ ഭൂമി സർക്കാരിലേക്ക് മുതൽ കൂട്ടിയിട്ടില്ലാത്തതും അവ ടി. ആർ. & ടി.-യും അനുബന്ധ കമ്പനികളും അനധികൃതമായി കൈവശം വച്ചനുഭവിച്ചുവരികയും ചെയ്യുന്നു. 1947-ലെ ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ടിലെയും FERA നിയമത്തിലെയും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് മലയാളം പ്ലാന്റേഷൻസ് (യു.കെ.) ലിമിറ്റഡ് എന്ന വിദേശ കമ്പനി സംസ്ഥാനത്ത് ബിനാമി കമ്പനികളിലൂടെ സർക്കാർ ഭൂമി കൈവശം വച്ചുവരുന്നതായും വരുമാനം വിദേശത്തേക്ക് കടത്തുന്നതായും സ്പെഷ്യൽ ഓഫീസറുടെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) വ്യാജ ആധാരം ചമച്ചതിനും ഭൂമി കയ്യേറിയതിനും കമ്പനികൾക്കെതിരെ വരിന്തരപ്പിള്ളി, എരുമേലി, പെരുവന്താനം എന്നീ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട നാല് കേസ്സുകൾ സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗത്തിലേയ്ക്ക് കൈമാറിയിട്ടുള്ളതും അന്വേഷണം നടന്നുവരുന്നതുമാണ്. അന്വേഷണം പൂർത്തിയായിട്ടില്ല.

(സി) വിവിധ കമ്പനികളും സ്വകാര്യ വ്യക്തികളും അനധികൃതമായി കൈവശം വയ്ക്കുന്ന 38,170.92 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുത്തുകൊണ്ട് സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾക്കെതിരെ കമ്പനികളും വ്യക്തികളും ഫയൽ ചെയ്ത വിവിധ കേസ്സുകളിൽ ബഹു. കേരള ഹൈക്കോടതി തൽസ്ഥിതി തുടരുവാൻ ഉത്തരവായിട്ടുള്ളതും അവയിൽ തീർപ്പായിട്ടില്ലാത്തതുമാണ്. സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തണമെന്ന സ്പെഷ്യൽ ഓഫീസറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**പി.ഡി.അക്കൗണ്ടിലെ പണം ഉപയോഗിച്ച് സ്കൂളുകളുടെ നവീകരണം**

15 (*255) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളുടെ നവീകരണത്തിന് പി. ഡി. അക്കൗണ്ടിൽ ചെലവഴിക്കാതെ കിടക്കുന്ന പണം പിൻവലിച്ച് ഉപയോഗിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ പണം ഏതെല്ലാം പ്രവൃത്തികൾക്ക് ഉപയോഗിക്കാമെന്ന് വിശദമാക്കാമോ;

(ഡി) ഈ ആവശ്യത്തിന് പി. ഡി. അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച് ഉപയോഗിക്കുന്നതിന് നിലവിലുള്ള നടപടിക്രമം ലഘൂകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ സ്കൂളുകളിൽ സ്പെഷ്യൽ ഫീസ് ഇനത്തിൽ പി. ഡി. അക്കൗണ്ടുകളിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന മുഴുവൻ തുകയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുവാൻ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രിൻസിപ്പൽമാർക്കും പ്രധാനാദ്ധ്യാപകർക്കും 29-3-2017-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ884/2017/പൊ.വി.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിദ്യാർത്ഥികളുടെ ആവശ്യത്തിനായി ഫർണിച്ചറുകൾ വാങ്ങുന്നതിനും ക്ലാസ്സ് മുറികളിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ച് സ്മാർട്ട് ക്ലാസ്സ് റൂമുകളാക്കി മാറ്റുന്നതിനുമുള്ള അറ്റകുറ്റപ്പണികൾക്കായും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാർത്ഥി കേന്ദ്രീകൃത അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി അടുക്കള, ഡൈനിംഗ് ഹാൾ, ടോയ്‌ലെറ്റുകൾ, ലൈബ്രറി എന്നിവയ്ക്കായും പി.ഡി.അക്കൗണ്ടുകളിൽ കിടക്കുന്ന തുക വിനിയോഗിക്കാവുന്നതാണ്.

(ഡി) പി. ഡി. അക്കൗണ്ടുകളിലെ തുക ഉപയോഗിച്ചുള്ള വാങ്ങലുകൾ സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾക്ക് വിധേയമായും നിർമ്മാണ പ്രവർത്തനങ്ങൾ എൽ.എസ്.ജി.ഡി. വിഭാഗം എഞ്ചിനീയർമാർ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിലും അവരുടെ മേൽനോട്ടത്തിലും സ്കൂൾ വികസന സമിതി/രക്ഷാകർതൃ സമിതി മുഖേനയുമാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. പ്രസ്തുത നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലില്ല.

## പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും ശാസ്ത്രീയവും കാര്യക്ഷമവുമാക്കാൻ നടപടി

16 (*256) ശ്രീ. എ. എൻ. ഷംസീർ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എം. മുകേഷ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും ശാസ്ത്രീയവും കാര്യക്ഷമവുമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാനുദ്ദേശിക്കുന്നത്;

(ബി) പുസ്തക സഞ്ചിയുടെ ഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി പുസ്തകങ്ങൾ മൂന്ന് ഭാഗങ്ങളായി അച്ചടിച്ച് വിതരണം നടത്താനുദ്ദേശിക്കുന്നുണ്ടോ;

(സി) വിദ്യാർത്ഥികളിൽ താത്പര്യമുണർത്തുംവിധം പാഠപുസ്തകങ്ങളുടെ അച്ചടിയും അതിനുപയോഗിക്കുന്ന കടലാസും കൂടുതൽ ആകർഷകമാക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പാഠപുസ്തക അച്ചടിയും വിതരണവും നിരന്തരം അവലോകനം നടത്തുന്നതിനുവേണ്ടി ഐടി@സ്കൂളിന്റെ സഹായത്തോടുകൂടി ടെക്സ്റ്റ് ബുക്ക് മോണിറ്ററിംഗ് സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ സംവിധാനം മുഖേന വിതരണ പുരോഗതി വിലയിരുത്തിവരുന്നു. ദിനംതോറും ഉള്ള പാഠപുസ്തക അച്ചടിയും ഇവ സ്കൂളുകളിൽ എത്തുന്നതുവരെയും ഉള്ള പ്രവർത്തനങ്ങൾ ഈ സോഫ്റ്റ്‌വെയറിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ രേഖപ്പെടുത്തുകയും അവ അവലോകനം ചെയ്തും വരുന്നു. റവന്യൂ ജില്ലാതലത്തിൽ വിതരണം മോണിറ്റർ ചെയ്യുന്നതിനുവേണ്ടി ഉദ്യോഗസ്ഥർക്ക് ഇതിനകംതന്നെ സോഫ്റ്റ്‌വെയറിൽ പരിശീലനം നൽകിക്കഴിഞ്ഞു. ജില്ലകളെ സോൺ അടിസ്ഥാനത്തിൽ തിരിച്ച് പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ജില്ലാതല ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകൾ പരിശോധിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ കുറ്റമറ്റ രീതിയിൽ പാഠപുസ്തക വിതരണം നടത്തുന്നതിലേയ്ക്കായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ മേൽനോട്ടത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ചുമതല നൽകിയിട്ടുണ്ട്. കൂടാതെ പ്ലസ് 1 പ്ലസ് 2 പാഠപുസ്തക വിതരണത്തിനായി ടെക്സ്റ്റ് ബുക്ക് ഡിസ്ട്രിബ്യൂഷൻ വിഭാഗം രൂപീകരിച്ചിട്ടുണ്ട്. പ്ലസ് 1 പ്ലസ് 2 പാഠപുസ്തകങ്ങളുടെ അച്ചടി, വിതരണം എന്നിവയുടെ പുരോഗതി ദിവസേന

അവലോകനം നടത്തി സമയബന്ധിതമായി വിതരണം നടത്തുന്നതിനുള്ള അടിയന്തര നടപടി സി-ആപ്റ്റ് സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം യഥാസമയം പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള എല്ലാ മുന്നൊരുക്കങ്ങളും ഇതിനകം സർക്കാർ നടത്തിയിട്ടുണ്ട്. കൂടാതെ പാഠപുസ്തക വിതരണം 2017-18 അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ പൂർത്തീകരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി എല്ലാ ജില്ലകളിലും ഓരോ ഉദ്യോഗസ്ഥനെ വീതം ചുമതലപ്പെടുത്തുവാൻ വേണ്ട നിർദ്ദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്..

(സി) പാഠപുസ്തകങ്ങൾ നിലവിൽ ഗുണനിലവാരമുള്ള പേപ്പറുകളിലാണ് അച്ചടിച്ചുവരുന്നത്.

**ഉന്നത വിദ്യാഭ്യാസ രംഗത്തെ മുന്നേറ്റം**

17 (*257) <u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് സംസ്ഥാനത്തിന് വേണ്ടത്ര മുന്നേറ്റം കുറിക്കുവാൻ സാധിച്ചിട്ടുണ്ടോ;

(ബി) കേന്ദ്രമാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ റാങ്കിംഗിൽ ആദ്യത്തെ 100 സർവ്വകലാശാലകളിൽ കേരള സർവ്വകലാശാല 29-ാം സ്ഥാനത്താണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റാങ്കിംഗിൽ മുൻനിരയിൽ എത്തിയ സ്ഥാപനങ്ങൾക്ക് കൂടുതൽ ഗ്രാന്റ് നൽകുമെന്ന കേന്ദ്രമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ, പിന്നിൽ നിൽക്കുന്ന കേരളത്തിലെ മറ്റ് സർവ്വകലാശാലകളെ മുൻനിരയിലെത്തിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഉന്നത വിദ്യാഭ്യാസരംഗത്തെ വികസനം ലക്ഷ്യമിട്ട് കേന്ദ്രസർക്കാർ രൂപം നൽകിയിട്ടുള്ള ഹയർ എഡ്യൂക്കേഷൻ ഫിനാൻസിംഗ് ഏജൻസിയുടെ സഹായം സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് ലഭിക്കുന്നുണ്ടോ;

(ഇ) ഉന്നത വിദ്യാഭ്യാസ രംഗത്ത് ദീർഘവീക്ഷണത്തോടു കൂടിയതും സങ്കുചിതതാല്പര്യങ്ങൾക്കതീതവുമായ പരിഷ്കാരങ്ങൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരം ഉയർത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനിക രീതിയിലുള്ള അദ്ധ്യാപക പരിശീലനത്തിനും നടപടി സ്വീകരിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളോടനുബന്ധിച്ച് ഗവേഷണ കേന്ദ്രങ്ങളും പോളിടെക്നിക് കോളേജുകളോടനുബന്ധിച്ച് ഉൽപ്പാദന പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ച് ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ അക്കാദമിക്-വ്യാവസായിക മേഖലകളുടെ സമന്വയമായ 'ട്രെസ്റ്റ് '(Trivandrum Engineering Science and Technology Research Park-(TREST) പാർക്കും പ്രവർത്തിച്ചുവരുന്നു. വിജയശതമാനത്തിന്റെ കാര്യത്തിലും പ്ലേസ്മെന്റ് കണക്കുകളിലും സർക്കാർ മേഖലയിലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്ന നിലവാരമാണ് പുലർത്തി വരുന്നത്.

(ബി) ഉണ്ട്.

(സി) റാങ്കിംഗിൽ മുൻനിരയിലെത്താനുള്ള അർത്ഥപൂർണ്ണമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്.

(ഡി) ഇല്ല.

(ഇ) ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതികൾ സർവ്വകലാശാല തലത്തിൽ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇന്റർ സ്കൂൾ /ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇന്റർ ഡിസിപ്ലിനറിയായ വിഷയങ്ങളിൽ ഗവേഷകർക്കുവേണ്ട സഹായ സൗകര്യങ്ങളും നിർദ്ദേശങ്ങളും ഇത്തരം പഠനകേന്ദ്രങ്ങൾ നൽകിവരുന്നു. അത്യാധുനിക പഠനോപാധികളും സജ്ജീകരണങ്ങളുമുള്ള ലബോറട്ടറികൾ, യന്ത്രസംവിധാനങ്ങൾ എന്നിവ ഗവേഷകർക്ക് ഉപയോഗിക്കാനുള്ള അവസരമൊരുക്കുകയും ശില്പശാലകളും പഠനക്ലാസ്സുകളും പ്രദർശനങ്ങളും സെമിനാറുകളും സംഘടിപ്പിക്കുകയും ചെയ്യുന്നു. ഇതിനുപുറമേ നിരവധി വിദേശ സർവ്വകലാശാലകളുമായും കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളുമായും സഹകരിച്ച് പ്രവർത്തിക്കുവാനുള്ള കരാറുകളും ഉണ്ട്.

ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതി, പ്രാപ്യത, ഗുണമേന്മ എന്നിവ ഉറപ്പാക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളും പരിപാടികളും ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നടപ്പിലാക്കി വരുന്നു.

1. എറൂഡൈറ്റ് പദ്ധതി

2. ക്ലസ്റ്റർ കോളേജ് പദ്ധതി

3. ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി

4. കൗൺസിൽ ജേണൽ

ഉന്നത വിദ്യാഭ്യാസ രംഗത്ത് ദൂരവ്യാപകമായ പ്രഭാവം സൃഷ്ടിക്കാൻ കഴിയുന്ന താഴെപ്പറയുന്ന പദ്ധതികൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(എ) പ്രബുദ്ധത (കമ്മ്യൂണിറ്റി ഹയർ എഡ്യൂക്കേഷൻ)

(ബി) ധൈഷണിക പര്യാവരൺ (ലേണർ എക്കോസിസ്റ്റം കാമ്പസുകൾ)

**ദേശീയപാത വികസനം**

18 (*258) ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ വി. ആർ. സുനിൽ കുമാർ :
ശ്രീ മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത വികസനം സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(ബി) കഴക്കൂട്ടം - തലപ്പാടി (കാസർഗോഡ്) ദേശീയപാത വികസനം എത്ര മീറ്റർ വീതിയിലായിരിക്കും എന്നറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പാത വികസിപ്പിക്കുമ്പോൾ നാല് വരിയാണോ ആറ് വരിയാണോ എന്ന് തീരുമാനിക്കുന്നത് വാഹനത്തിരക്കും ജനസാന്ദ്രതയും കണക്കിലെടുത്തായി രിക്കുമോ; വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ബഹു. മുഖ്യമന്ത്രി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിലെ ഉദ്യോഗസ്ഥരുമായി നിരവധി തവണ കൂടിക്കാഴ്ചകൾ നടത്തി മുടങ്ങിക്കിടന്നിരുന്ന ദേശീയപാത -17-ന്റേയും 47-ന്റെയും 4 വരിപ്പാതയായി വികസിപ്പിക്കാനുള്ള നടപടി ത്വരിതപ്പെടുത്തുകയുണ്ടായി. ഇതനുസരിച്ച് ഈ ദേശീയപാതകളുടെ അലൈൻമെന്റിൽ വേണ്ട പരിഷ്കാരങ്ങൾ വരുത്തി 45 മീറ്ററിൽ തന്നെ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികളെടുക്കുകയും

ചെയ്തു. അതനുസരിച്ച് കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ സ്ഥലമെടുപ്പ് അവസാന ഘട്ടത്തിലെത്തിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെൻഡർ നടപടികൾ മേയ് മാസത്തോടെ ആരംഭിക്കുവാനിരിക്കുന്നു. കൂടാതെ തലശ്ശേരി-മാഹി ബൈപ്പാസ്, കോഴിക്കോട് ബൈപ്പാസിന്റെ 4 വരിപ്പാതയാക്കൽ എന്നീ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ എടുത്തുവരുന്നു. കേന്ദ്ര സർക്കാർ അനുമതി നൽകിയതനുസരിച്ച് സംസ്ഥാനത്തെ മറ്റ് എല്ലാ ദേശീയപാതകളും (എൻ.എച്ച് 49, എൻ.എച്ച്.208, എൻ.എച്ച്.212, എൻ.എച്ച്.213, എൻ.എച്ച്.220, എൻ.എച്ച്. 183 (എ) എൻ.എച്ച്. 185 (എ)) എന്നിവ പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയായി വികസിപ്പിക്കുവാനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. ഇതിൽ പാലക്കാട് ജില്ലയിലെ നാട്ടുകൽ മുതൽ ചന്ദ്രനഗർ വരെയുള്ള 46.72 കി.മീ. ഇടുക്കി ജില്ലയിലെ മൂന്നാർ മുതൽ ബോഡിമേട്ടുവരെയുള്ള 42.28 കി.മീറ്ററിന്റെയും ടെണ്ടർ നടപടികൾ പൂർത്തിയായി. നിർമ്മാണ പ്രവൃത്തികൾ ഉടനെതന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കഴക്കൂട്ടം മുതൽ തലപ്പാടിവരെ ദേശീയപാതയുടെ വികസനം 45 മീറ്റർ വീതിയിൽ നാലുവരിപ്പാതയായിട്ടാണ് നടത്താൻ ഉദ്ദേശിച്ചിട്ടുള്ളത്.

(സി) വാഹന സാന്ദ്രത കണക്കിലെടുത്ത് പ്രസ്തുത പാത നാലുവരിയായിട്ടാണ് വികസിപ്പിക്കുന്നത്.

**രജിസ്ട്രേഷൻ ഇടപാടുകൾ ഡിജിറ്റലാക്കുവാൻ പദ്ധതി**

19 (*259) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുദ്രപ്പത്രത്തിന് പകരം സംസ്ഥാനത്ത് ഇ-സ്റ്റാമ്പ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം സബ്-രജിസ്ട്രാർ ഓഫീസുകളിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും എത്ര തുകയ്ക്ക് മുകളിലുള്ള മുദ്രപ്പത്രം ഉപയോഗിക്കുന്ന ഇടപാടുകൾക്കാണ് ഇ-സ്റ്റാമ്പ് ബാധകമാക്കിയിട്ടുള്ളതെന്നും അറിയിക്കുമോ;

(സി) എല്ലാ രജിസ്ട്രേഷൻ ഇടപാടുകളും ഡിജിറ്റലാക്കുവാൻ പദ്ധതിയുണ്ടോ; എന്നത്തേയ്ക്ക് ഇത് പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ കഴിയുമെന്നാണ് കണക്കാക്കുന്നതെന്ന് വിശദമാക്കുമോ ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനത്ത് ആധാര രജിസ്ട്രേഷനുകൾക്കായി മുദ്രപ്പത്രത്തിനുപകരം ഈ-സ്റ്റാമ്പിംഗ് നടപ്പിലാക്കുമെന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ 2017-2018 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 7-4-2017-ലെ 690-ാം നമ്പർ ഗസറ്റ് വിജ്ഞാപനത്തിലൂടെ 1960-ലെ കേരള മുദ്രപ്പത്ര ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതിനാവശ്യമായ ഓൺലൈൻ സംവിധാനത്തിന് രൂപകൽപ്പന ചെയ്യുകയും സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുമാണ് വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇ-സ്റ്റാമ്പിംഗ് സംവിധാനത്തിന്റെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു :

1. ആധാര കക്ഷികൾ www.keralaregistration.gov.in എന്ന വെബ്സൈറ്റിൽ സന്ദർശിച്ച് യൂസർ രജിസ്ട്രേഷൻ നടത്തുന്നു.

2. യൂസർ വിവരങ്ങൾ (user name & password) നൽകിക്കൊണ്ട് ലോഗിൻ ചെയ്തതിന് ശേഷം രജിസ്ട്രേഷൻ നടത്തേണ്ട സബ് രജിസ്ട്രാർ ഓഫീസ് തെരഞ്ഞെടുക്കുകയും രജിസ്റ്റർ ചെയ്യേണ്ട തീയതിക്കും സമയത്തിനുമുള്ള ടോക്കൺ എടുക്കുകയും ചെയ്യുന്നു.

3. വെബ്സൈറ്റിൽ ലഭ്യമായ മാതൃക ആധാരങ്ങൾ ഡൗൺലോഡ് ചെയ്തുകൊണ്ട് രജിസ്റ്റർ ചെയ്യേണ്ട ആധാരം തയ്യാറാക്കുന്നു.

4. മേൽപ്രകാരം തയ്യാറാക്കിയ ആധാര പ്രകാരമുള്ള എല്ലാ വിവരങ്ങളും വെബ്സൈറ്റിലൂടെ എന്റർ ചെയ്തുനൽകുന്നു.

5. ആധാരം വിലയുടെ അടിസ്ഥാനത്തിൽ മുദ്രവിലയും രജിസ്ട്രേഷൻ ഫീസും കമ്പ്യൂട്ടർ മുഖാന്തിരം നിർണ്ണയിച്ചതിന് ശേഷം നെറ്റ് ബാങ്കിംഗ് മുഖാന്തിരം തുക ഒടുക്കി ഇ-ചെല്ലാൻ പ്രിന്റ് ചെയ്യുന്നു.

6. നെറ്റ് ബാങ്കിംഗ് സൗകര്യം ഇല്ലാത്ത കക്ഷികൾക്ക് രജിസ്ട്രേഷൻ സൈറ്റിൽ നിന്നുതന്നെ ട്രഷറിയിൽ തുക ഒടുക്കുന്നതിനുള്ള ചെല്ലാൻ പ്രിന്റ് ചെയ്തെടുക്കാവുന്നതും ഇതേ ചെല്ലാൻ ഉപയോഗിച്ച് ഏതെങ്കിലും ട്രഷറിയിൽ തുക ഒടുക്കാവുന്നതുമാണ്.

   6(a) ട്രഷറിയിൽ തുക ഒടുക്കിയതിന് ശേഷം ലഭിക്കുന്ന GRN/ Transid ഉപയോഗിച്ച് രജിസ്ട്രേഷൻ വെബ്സൈറ്റിൽ നിന്നും ഇ-സ്റ്റാമ്പ് വിവരങ്ങൾ രേഖപ്പെടുത്തിയതും ആധാരത്തിന്റെ ആദ്യ വാചകങ്ങൾ എഴുതുകയോ പ്രിന്റ് ചെയ്യാവുന്നതോ ആയ ഷീറ്റ് കളർ പ്രിന്റ് ചെയ്തെടുക്കുന്നു.

7. ജി.ആർ.എൻ നമ്പർ നല്കിക്കൊണ്ട് ആധാരത്തിന്റെ ആദ്യ പേജായി വരേണ്ടതും ആധാര വാചകങ്ങൾ ആരംഭിക്കുന്ന പേജ് 130 ജി.എസ്.എം.-ൽ കുറയാത്ത കട്ടിയുള്ള വെള്ള കടലാസിൽ കളർ പ്രിന്റ് ചെയ്തെടുക്കുന്നു. ഈ ഷീറ്റിൽ മുദ്രവില ഒടുക്കിയ വിവരങ്ങളും പ്രിന്റ് ചെയ്തുവരുന്നതാണ്.

8. മേൽ പ്രകാരമുള്ള ആധാരത്തിന്റെ ഫയലിംഗ് ഷീറ്റ് തയ്യാറാക്കുന്നു.

9. അസ്സൽ ആധാരവും ഫയലിംഗ് ഷീറ്റുമായി ടോക്കൺ പ്രകാരമുള്ള തീയതിയിൽ ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ ഹാജരാകുന്നു.

10. സബ് രജിസ്ട്രാർ ആധാരം പരിശോധിക്കുകയും ഇ-സ്റ്റാമ്പും രജിസ്ട്രേഷൻ ഫീസും ഡീഫേസ് ചെയ്തുകൊണ്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നു.

11. മുദ്രവില, രജിസ്ട്രേഷൻ ഫീസ് വിവരങ്ങൾ ആധാരത്തിന്റെ പുറത്തെഴുത്തായി (Endorsement) രേഖപ്പെടുത്തിയശേഷം ആധാരം മടക്കിനൽകുന്നു.

(ബി) നിലവിൽ ഒരു സബ് രജിസ്ട്രാർ ഓഫീസിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല. പദ്ധതി നടപ്പിലാകുന്ന ഘട്ടത്തിൽ ഒരു ലക്ഷം രൂപയ്ക്കുമുകളിലുള്ള ഇടപാടുകൾക്കാണ് ഇ-സ്റ്റാമ്പ് ബാധകമാക്കിയിട്ടുള്ളത്.

(സി) എല്ലാ രജിസ്ട്രേഷൻ ഇടപാടുകളും ഡിജിറ്റലാക്കുവാൻ ഇപ്പോൾ പദ്ധതിയില്ല.

## വിതരണം ചെയ്യുന്ന കുടിവെള്ളം നഷ്ടമാകുന്നത് പരിഹരിക്കാൻ നടപടി

20 (*260) ശ്രീ. വി. ജോയി :
ശ്രീ. എം. സ്വരാജ് :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റി ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ വലിയൊരു പങ്ക് ചോർച്ച കൊണ്ടും മോഷണം കൊണ്ടും നഷ്ടമാകുന്നത് പരിഹരിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) തലസ്ഥാന നഗരിയിലൂൾപ്പെടെ പഴയ പൈപ്പുകൾ കൂടെക്കൂടെ പൊട്ടി ശുദ്ധജലം പാഴാകുന്നതും ജലവിതരണം തടസ്സപ്പെടുന്നതും ഒഴിവാക്കാനായി പഴയ പൈപ്പുകൾ മാറ്റി പുതിയവ ഇടാൻ പദ്ധതിയുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും പദ്ധതിയുടെ പുരോഗതിയെന്തെന്നും വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ചോർച്ചകൊണ്ടും മോഷണംകൊണ്ടും ഉണ്ടാകുന്ന ജലനഷ്ടം പരിഹരിക്കാനായി പൈപ്പ് ലൈനുകളിൽ വരുന്ന ചോർച്ചകൾ യഥാസമയം പരിഹരിച്ചും പഴയതും കേടായതുമായ പൈപ്പുലൈനുകൾ മാറ്റി സ്ഥാപിച്ചും കുടിവെള്ളം നഷ്ടപ്പെടുത്തുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എല്ലാ പദ്ധതികളിലും ലീക്കുകൾ പരിഹരിക്കുന്നതിന് റണ്ണിംഗ് കോൺട്രാക്ട് സംവിധാനം നിലവിലുണ്ട്. കൂടാതെ ലീക്കുകൾ സമയബന്ധിതമായി അറ്റകുറ്റപ്പണി നടത്തി ജലചോർച്ച ഒഴിവാക്കുന്നതിനായി പ്രധാന പദ്ധതികളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബ്ലൂ ബ്രിഗേഡ് യൂണിറ്റുകൾ എല്ലാ ജില്ലാ ആസ്ഥാനത്തും ഏർപ്പെടുത്തുവാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. എല്ലാ ഡിവിഷനുകളിലും സർക്കിൾ തലത്തിലും ജലമോഷണം തടയുന്നതിനും ദുരുപയോഗം ഇല്ലാതാക്കുന്നതിനും വേണ്ടി ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു. ജലചൂഷണം നടത്തുന്നവർക്ക് എതിരെ കണക്ഷൻ വിച്ഛേദിക്കൽ ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) ഉണ്ട്.

(സി) 2016-17 ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 77 സ്കീമുകളിലായി എ.സി.പ്രിമോ പമ്പിംഗ് മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിന് 154 കോടി രൂപയും 174 സ്കീമുകളിലായി എ.എസി പ്രിമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിന് 371 കോടി രൂപയും നീക്കിവച്ചിരിക്കുന്നു. അതിൽ 433.33 കോടി രൂപയുടെ 148 ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത പട്ടിക അനുബന്ധം (1) ആയി ചേർക്കുന്നു.* കൂടാതെ പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 40.70 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ തലസ്ഥാന നഗരിയിലെ പഴയ പ്രിമോ പൈപ്പുകൾ ഉപേക്ഷിച്ച് നിലവിലുള്ള ഡി.ഐ.പി.വി.സി പൈപ്പുകളുമായി ജിക്ക ലൈൻ കൂട്ടിയോജിപ്പിക്കുന്നതിലേക്കായി 11.27 കോടി രൂപയുടെ പദ്ധതികൾക്കും സ്റ്റേറ്റ് പ്ലാൻ 2016-17-ൽ ഉൾപ്പെടുത്തി സർക്കാരിൽനിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്. പട്ടിക അനുബന്ധം (2) ആയി ചേർക്കുന്നു.* സ്റ്റേറ്റ് പ്ലാനിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എല്ലാംതന്നെ പ്രാരംഭ ഘട്ടത്തിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കോളേജുകളുടെയും സർവ്വകലാശാലകളുടെയും പ്രവർത്തനം വിലയിരുത്തൽ

21 (*261) ശ്രീ. പി. കെ. ശശി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ-എയ്ഡഡ് മേഖലയിലുള്ള സ്വയംഭരണ കോളേജുകളുടെ ഭരണപരവും അക്കാദമികവുമായ നടത്തിപ്പിനെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) വർഗ്ഗീയ/ജാതീയ ചേരിതിരിവ് ബോധപൂർവ്വം സൃഷ്ടിക്കുന്ന ശക്തികളുടെ ഇടപെടൽ തീവ്രമാക്കിയതായ റിപ്പോർട്ടുകളുടെ സാഹചര്യത്തിൽ, സ്വകാര്യ കോളേജുകൾക്ക് അക്കാദമികവും ഭരണപരവുമായ സ്വയംഭരണം നൽകുന്നത് സമൂഹതാൽപ്പര്യത്തിന് അനുഗുണമാകാൻ ഇടയില്ലാത്തതിനാൽ, ഇത്തരം കൂടുതൽ സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നൽകുന്നത് അവസാനിപ്പിക്കുമോ;

(സി) സംസ്ഥാനത്തെ കോളേജുകളുടെയും സർവ്വകലാശാലകളുടെയും പ്രവർത്തനം വിലയിരുത്താനായുള്ള കേരള സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഇല്ല.

(ബി) കൂടുതൽ സ്വകാര്യ കോളേജുകൾക്ക് അക്കാദമികവും ഭരണപരവുമായ സ്വയംഭരണം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) നിലവിൽ കേരള സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിൽ പ്രവർത്തിക്കുന്നില്ല.

## കാലാവസ്ഥാ വ്യതിയാനം നദികളെ സ്വാധീനിക്കുന്നത് സംബന്ധിച്ച പഠനം

22 (*262) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം നദികളുടെ നിലനില്പിനെ സ്വാധീനിക്കുന്നത് സംബന്ധിച്ച് ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പഠനം നടത്തിയ ഏജൻസി റിപ്പോർട്ടുകളിൽ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ നദികളുടെ സ്വാഭാവിക അവസ്ഥയ്ക്ക് ഈ നൂറ്റാണ്ടിന്റെ ആരംഭം മുതലെങ്കിലും വന്നിട്ടുള്ള മാറ്റങ്ങൾ നിരീക്ഷിക്കുവാൻ സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) സംസ്ഥാന ജലവിഭവ വകുപ്പും കേന്ദ്ര ജലവിഭവ മന്ത്രാലയവും നദികളുടെ സ്വാഭാവിക അവസ്ഥ പഠിക്കുന്നതിനുവേണ്ടി കേരളത്തിലെ പ്രധാന നദീതടങ്ങളിൽ റിവർ ഗേജിങ്ങ് സ്റ്റേഷനുകൾ സ്ഥാപിച്ച് ഡാറ്റ എടുത്തുവരുന്നുണ്ട്. മറ്റ് സംവിധാനങ്ങൾ നിലവിലില്ല.

**ജലസ്രോതസ്സുകൾ സംരക്ഷിക്കാൻ നടപടി**

23 (*263) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലദൗർലഭ്യം രൂക്ഷമായ സാഹചര്യത്തിൽ ജലസ്രോതസ്സുകൾ സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ജലസ്രോതസ്സുകൾ മലിനമാക്കപ്പെടുന്നത് തടയാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ജലസ്രോതസ്സുകളുടെ കയ്യേറ്റം തടയുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) മഴയുടെ ലഭ്യതയിലുണ്ടായ കുറവ് ജലസ്രോതസ്സുകളെ വലിയ തോതിൽ ബാധിച്ചിട്ടുണ്ട്. ജലദൗർലഭ്യം ഭാവിയിൽ വലിയ തോതിൽ ബാധിക്കാതിരിക്കാൻ സംയോജിത നീർത്തട മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ഇത്തരമൊരു ശാസ്ത്രീയ ജല-മണ്ണ് സംരക്ഷണ പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നതിനുള്ള സംസ്ഥാനതല പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. ജില്ലാ-ബ്ലോക്കുതല പരിശീലനം ആസൂത്രണം ചെയ്തുകഴിഞ്ഞു. ഹരിത കേരളം മിഷന്റെ ഭാഗമായ ജലവിഭവ മിഷൻ - "ജലസമൃദ്ധി' യുടെ ഭാഗമായി ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ജനപങ്കാളിത്തത്തോടുകൂടിയ പ്രവർത്തനം നടത്തുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഭൂജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ഭൂജല വകുപ്പ് "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" പദ്ധതി സംസ്ഥാനത്ത് അവലംബിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" പദ്ധതിക്കായി വകയിരുത്തിയിരുന്നു. തടയണകൾ, അടിയണകൾ, തുറന്ന കിണർ, കുഴൽ കിണർ വഴിയുള്ള ഭൂജലസംപോഷണം എന്നിവ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. ഈ പദ്ധതിയിൽ 41 തുറന്ന കിണർ റീചാർജ്ജിംഗ് പദ്ധതികൾ 2016-17-ൽ പൂർത്തീകരിച്ചു. 2017-18 സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 1.57 കോടി രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേരള ജലസേചന വകുപ്പ്, കൃഷി വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ് തുടങ്ങിയവ കൃത്രിമ ഭൂജല പരിപോഷണത്തിനായി വ്യാപകമായ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാനത്ത് ഏകദേശം 65 ലക്ഷത്തോളം തുറന്ന കിണറുകൾ ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. തുറന്ന കിണറുകൾ റീചാർജ്ജ് ചെയ്യുകവഴി ഭൂജലനിരപ്പ് ഉയരുകയും അതുവഴി കടുത്ത വരൾച്ചയെ പ്രതിരോധിക്കുവാൻ ഒരു പരിധിവരെ കഴിയുന്നതുമാണ്.

(ബി) ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നത് തടയുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയോടൊപ്പം ജലസേചന വകുപ്പും നടപടി സ്വീകരിച്ചുവരുന്നു. നഗരവൽക്കരണത്തിന്റെ ഭാഗമായാണ് മാലിന്യങ്ങൾ കൂടുതലായി ജലാശയങ്ങളിൽ എത്തുന്നത്. ഇത് തടയുന്നതിനായി നഗര പ്രദേശങ്ങളിൽ സാമ്പത്തിക ലഭ്യതയനുസരിച്ച് മാലിന്യ നിക്ഷേപം തടയുന്നതിനായി കമ്പിവേലി നിർമ്മിക്കാറുണ്ട്. കൂടാതെ സംസ്ഥാന ബജറ്റ് വിഹിതം പ്രയോജനപ്പെടുത്തി ജലസ്രോതസ്സുകളുടെ സംരക്ഷണവും ഏറ്റെടുക്കാറുണ്ട്. പൊതുജനങ്ങൾക്ക് ജലത്തിന്റെ ഗുണനിലവാരത്തെ സംബന്ധിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകളും വകുപ്പ് സംഘടിപ്പിച്ചുവരുന്നു.

(സി) ജലസ്രോതസ്സുകളുടെ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാലുടൻ അവ റവന്യൂ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്.

**സംസ്ഥാനത്ത് റെയിൽവേ വികസന പദ്ധതികൾ**

24 (*264) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രെയിൻ അപകടങ്ങൾ ഒഴിവാക്കുന്നതിനായി റെയിൽപാതകളുടേയും പാലങ്ങളുടേയും നവീകരണത്തിനും പാതയിരട്ടിപ്പ്, വൈദ്യുതീകരണം, പുതിയ പാതകൾ തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്കുമായി കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന് അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാന സർക്കാരിന്റെയും റെയിൽവേയുടെയും സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും അവ ആരംഭിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ;

(സി) ഗതാഗത തിരക്കേറിയ ഡൽഹി-ഭോപ്പാൽ റെയിൽ പാതയിൽ ഏർപ്പെടുത്തിയിട്ടുള്ളതുപോലെ ഓട്ടോമാറ്റിക്ക് സിഗ്നലിംഗ് സംവിധാനം ഏർപ്പെടുത്തിയാൽ സംസ്ഥാനത്ത് നിലവിലുള്ള പാതയിലൂടെത്തന്നെ പല മടങ്ങ് യാത്ര-ചരക്ക് തീവണ്ടികൾ ഇപ്പോൾ സാധ്യമാകുന്നതിലും വേഗതയിൽ ഓടിക്കാൻ സാധിക്കുമെന്നതിനാൽ കെ.ആർ.ഡി.സി.എൽ. മുഖേന സാധ്യതാ പഠനം നടത്താൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഇതുസംബന്ധിച്ച ആധികാരിക വിവരം റെയിൽവേയിൽനിന്ന് ശേഖരിച്ച് നൽകുന്നതാണ്.

(ബി) സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര റെയിൽ മന്ത്രാലയത്തിന്റെയും സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് താഴെപ്പറയുന്ന പ്രവൃത്തികൾ രണ്ട് ഘട്ടങ്ങളിലായി ഏറ്റെടുത്ത് നടത്തുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനും തുടർ നടത്തിപ്പിനും 14-3-2017-ൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്. പദ്ധതികൾ ചുവടെ ചേർക്കുന്നു :

ഒന്നാം ഘട്ടം

1. റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്)
2. തലശ്ശേരി - മൈസൂർ
3. എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് പുനഃപ്രവർത്തനം ആരംഭിക്കുന്ന പദ്ധതി
4. കൊച്ചി വിമാനത്താവളത്തിലേയ്ക്ക് ത്രികോണ റെയിൽ ലൈൻ വലിച്ച് യാത്രക്കാരുടെ സൗകര്യത്തിനായി റെയിൽവേ സ്റ്റേഷനും കണ്ടെയ്നർ ചരക്കുനീക്കത്തിനായി ടെർമിനലും സ്ഥാപിക്കൽ.

രണ്ടാം ഘട്ടം

1. എരുമേലി-പുനലൂർ-നിർദ്ദിഷ്ട അങ്കമാലി-എരുമേലി പാതയെ എരുമേലിയിൽ നിന്നും പുനലൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.
2. ഏറ്റുമാനൂർ-ശബരി ലിങ്ക് ലൈൻ-നിർദ്ദിഷ്ട അങ്കമാലി-ശബരി ലൈനിനെ ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.
3. നിലമ്പൂർ-നഞ്ചൻകോട്-നിലമ്പൂർ റെയിൽവേ സ്റ്റേഷനെ കർണാടക സംസ്ഥാനത്തിലെ നഞ്ചൻകോട് റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

ഇതുകൂടാതെ വിഴിഞ്ഞം പദ്ധതി പ്രദേശത്തേയ്ക്കുള്ള റെയിൽ ലൈൻ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) ഓട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നത് സാങ്കേതികമായി സാധ്യമാണ്. ഇതുമൂലം ലൈൻ കപ്പാസിറ്റി വർദ്ധിപ്പിക്കാനും നിലവിലുള്ള ലൈനുകളിൽകൂടി കൂടുതൽ ട്രെയിനുകൾ ഓടിക്കുവാനും സാധിക്കുന്നു. സിഗ്നലിംഗ് സംവിധാനം മെച്ചപ്പെടുത്തി തിരുവനന്തപുരം ഡിവിഷനിൽ തിരുവനന്തപുരം - ചെങ്ങന്നൂർ പാതയിൽ (125.56 കിലോമീറ്റർ) സബർബൻ റെയിൽ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തിയിട്ടുണ്ട്.

**അണക്കെട്ട് പുനർനിർമ്മാണവും നവീകരണവും പദ്ധതി**

25 (*265) ശ്രീ. ആന്റണി ജോൺ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക ബാങ്ക് സഹായത്തോടെയുള്ള അണക്കെട്ട് പുനർനിർമ്മാണവും നവീകരണവും പദ്ധതി (ഡി.ആർ.ഐ.പി.)-യുടെ ലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) ഇതുപ്രകാരം ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ ഏതെല്ലാമെന്നും അവയുടെ പുരോഗതിയും അറിയിക്കാമോ;

(സി) സംസ്ഥാനത്തുള്ള അണക്കെട്ടുകളുടെ സുരക്ഷ ഉറപ്പാക്കാൻ ഈ പദ്ധതിക്ക് എത്ര മാത്രം സാധ്യമായിട്ടുണ്ട്; മുല്ലപ്പെരിയാറിന്റെ സുരക്ഷ കണക്കിലെടുത്ത് സമീപത്തായി പുതിയ അണക്കെട്ട് നിർമ്മാണമെന്ന ആവശ്യം പ്രാവർത്തികമാക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) സംസ്ഥാന ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളുടെ അടിസ്ഥാന സൗകര്യ വികസനം ഡാമുകളുടെയും അനുബന്ധ ഭാഗങ്ങളുടെയും കാര്യക്ഷമത പരമാവധി സുരക്ഷിതമായി പുനഃസ്ഥാപിച്ച് സുരക്ഷിതമായി നിലനിർത്തുക, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 12 ജലവൈദ്യുത പദ്ധതികളിലെ 37 ഡാമുകളുടെ പുനരുദ്ധാരണ ജോലികൾ നടത്തി അവയെ ശക്തിപ്പെടുത്തുക, സുരക്ഷാ മാനദണ്ഡങ്ങൾ നടപ്പിൽ വരുത്തുക, ഡാം സുരക്ഷാ ക്രമീകരണങ്ങളുടെ പ്രവർത്തന നിലവാരം ഉയർത്തുക, മേൽനോട്ട സംവിധാനം ശക്തിപ്പെടുത്തുക, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, സാങ്കേതിക പരിശീലനം ലഭ്യമാക്കുക തുടങ്ങിയവയാണ് ലോകബാങ്ക് സഹായത്തോടെയുള്ള അണക്കെട്ട് പുനർ നിർമ്മാണവും നവീകരണവും (ഡി.ആർ.ഐ.പി.) പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(ബി) മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിനി, പഴശ്ശി, പെരിയാർവാലി (ഭൂതത്താൻകെട്ട്), മൂലത്തറ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി എന്നീ 16 ഡാമുകൾ ബാരേജുകൾ, റെഗുലേറ്ററുകൾ എന്നിവയാണ് ഡി.ആർ.ഐ.പി.യിൽ ഉൾപ്പെടുത്തിയിട്ടുള്ള സംസ്ഥാന ജലസേചന വകുപ്പിന്റെ പദ്ധതികൾ. കൂടാതെ ഡാമുകളുടെ സർവെയലൻസ്, ഇൻസ്ട്രുമെന്റേഷൻ എന്നിവയും തിരുവനന്തപുരത്ത് ഡാം സേഫ്റ്റി ഹെഡ്ക്വോർട്ടേഴ്സിന്റെ നിർമ്മാണവും DRIP-ൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. 360 കോടി ഭരണാനുമതി നൽകിയ പ്രസ്തുത പദ്ധതിയിൽ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ വിഭാഗങ്ങളിൽപ്പെടുത്തി 44 പാക്കേജുകളാണ് നടപ്പിലാക്കുന്നത്. 44 പാക്കേജുകളിൽ 41 എണ്ണം ടെണ്ടർ ചെയ്തിട്ടുണ്ട്. Dam Safety Head Quarters (Electrical), Instrumentation surveillance എന്നീ 3 പാക്കേജുകൾ കൂടി ടെണ്ടർ ചെയ്യാനുണ്ട്. ടെണ്ടർ ചെയ്തവയിൽ 6 എണ്ണം പൂർത്തീകരിക്കുകയും ബാക്കി വിവിധ ഘട്ടങ്ങളിലായി പുരോഗതിയിലുമാണ്. 2018 ജൂൺ വരെയാണ് DRIP പദ്ധതിയുടെ കാലാവധി. ഈ സമയത്തിനുള്ളിൽത്തന്നെ പ്രവൃത്തികളെല്ലാംതന്നെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 12 ജല വൈദ്യുത പദ്ധതികളിലെ 37 ഡാമുകളുമായി ബന്ധപ്പെട്ട പുനരുദ്ധാരണ പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സുരക്ഷാ ക്രമീകരണങ്ങൾ ശക്തിപ്പെടുത്തൽ തുടങ്ങിയവ ഉൾപ്പെടുന്ന വിവിധ പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ കെ.എസ്.ഇ.ബി.എൽ. ഏറ്റെടുത്ത് നടപ്പാക്കി വരുന്നത്. ഡാമുകളുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായുള്ള വിവിധതരം ഗേറ്റുകളുടെയും വാൽവുകളുടെയും പുനരുദ്ധാരണ നവീകരണ ജോലികൾ, ഡാമിനുള്ളിലുള്ള ഡ്രെയിനേജ് സംവിധാനങ്ങളുടെ റീമിംഗ് ജോലികൾ, കാലപ്പഴക്കംമൂലം ഡാമുകളിലുണ്ടായ കേടുപാടുകൾ തീർക്കുവാൻ വേണ്ടിയുള്ള അറ്റകുറ്റപ്പണികൾ, ഡാമുകളുടെ പ്രതലങ്ങളുടെയും കൈവരികളുടെയും പെയിന്റിംഗ് ജോലികൾ, പരിശോധന സാദ്ധ്യമാക്കുന്ന തരത്തിൽ ഡാമിന്റെ ഗേറ്റ് പിയറുകളെ ബന്ധിപ്പിച്ചുള്ള നടപ്പാലങ്ങൾ, വിവിധ വൈദ്യുതീകരണ ജോലികൾ തുടങ്ങിയവ കെ.എസ്.ഇ.ബി.എൽ. നടത്തുന്ന ചില പ്രധാന പ്രവർത്തനങ്ങളാണ്.

കൂടാതെ സുരക്ഷാ ക്രമീകരണങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഡാമുകളുടെ പരിസരങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ, സുരക്ഷാ മേൽനോട്ട സംവിധാനത്തിനുള്ള കെട്ടിടങ്ങൾ, സുരക്ഷാ വേലികളുടെ നിർമ്മാണം, സുരക്ഷാ പരിശോധനയ്ക്കുള്ള വാഹനങ്ങൾ വാങ്ങൽ, പദ്ധതി പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന വിവിധ പ്രവർത്തനങ്ങൾ തുടങ്ങിയവയും ഈ പദ്ധതിയുടെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. ഏറ്റെടുത്ത് നടപ്പാക്കുന്നു. ഡാമുകളുടെ ഡൗൺസ്ട്രീം ഭാഗത്ത് അധിവസിക്കുന്ന ജനങ്ങളുടെ സുരക്ഷയെ ലക്ഷ്യമാക്കിയുള്ള എമർജൻസി ആക്ഷൻ പ്ലാനുകളും തയ്യാറാക്കിവരുന്നു. ഇവ കൂടാതെ ഡാമുകളുടെ ഇൻസ്ട്രുമെന്റേഷൻ ശാസ്ത്രീയമായ ബലപരിശോധനകളും തുടർന്ന് നിർദ്ദേശിക്കപ്പെടുന്ന പരിഹാര പ്രവർത്തനങ്ങളും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരുന്നു. ഇതുവരെ കെ.എസ്.ഇ.ബി.എൽ. 68 കോടിയോളം രൂപയുടെ കരാറുകൾ നൽകിയിട്ടുണ്ട്. 35 കോടിയോളം രൂപയുടെ ടെണ്ടറുകൾ വിവിധ ഘട്ടങ്ങളിലാണ്. ഇപ്പോഴത്തെ കണക്ക് പ്രകാരം ഏകദേശം 148 കോടി രൂപയുടെ മൊത്തം കരാറുകളാണ് പ്രസ്തുത പദ്ധതികളിൽ കെ.എസ്.ഇ.ബി.എൽ. ഉദ്ദേശിച്ചിട്ടുള്ളത്. 2017 മാർച്ച് 31 വരെ 43 കോടി രൂപ പ്രസ്തുത പദ്ധതിയിനത്തിൽ കെ.എസ്.ഇ.ബി.എൽ. ചെലവഴിച്ചിട്ടുണ്ട്.

(സി) ഡി.ആർ.ഐ.പി പദ്ധതിയുടെ നടത്തിപ്പിലൂടെ സംസ്ഥാന ജലസേചന വകുപ്പിന്റെ മേൽപ്പറഞ്ഞ 16 ഡാമുകളുടെയും പുനരുദ്ധാരണം പൂർത്തിയാകുമ്പോൾ പ്രസ്തുത അണക്കെട്ടുകളുടെ സുരക്ഷ ഉറപ്പുവരുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അണക്കെട്ടുകളുടെ സുരക്ഷാ ക്രമീകരണങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഈ പദ്ധതി വളരെയധികം സഹായകമാണ്. കേന്ദ്ര ജല കമ്മീഷന്റെയും ലോക ബാങ്കിന്റെയും മാനദണ്ഡങ്ങൾ അനുസരിച്ച് നടപ്പാക്കി വരുന്ന പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ ഡാമുകളുടെ വിവിധ തരത്തിലുള്ള പ്രവർത്തനക്ഷമത പരിശോധിച്ച് മനസ്സിലാക്കുന്നതിനും വേണ്ട പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിദഗ്ദ്ധ സമിതികളുടെ സഹായത്തോടെ കണ്ടുപിടിച്ച് നടപ്പാക്കുന്നതിനും കെ.എസ്.ഇ.ബി.-ക്ക് സാധിച്ചിട്ടുണ്ട്. ഈ ദിശയിലുള്ള പ്രവർത്തനങ്ങളാണ് കെ.എസ്.ഇ.ബി. ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നത്. കൂടാതെ ഡാം സുരക്ഷയുമായി ബന്ധപ്പെട്ട വിവിധ പരിശീലന പരിപാടികളും കെ.എസ്.ഇ.ബി.എൽ. സാധ്യമാക്കിയിട്ടുണ്ട്. മുല്ലപ്പെരിയാറിന്റെ സുരക്ഷ കണക്കിലെടുത്ത് പുതിയ അണക്കെട്ട് നിർമ്മിക്കണമെന്നതുതന്നെയാണ് സർക്കാരിന്റെ നിലപാട്. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് നിലവിലെ നിയമങ്ങൾ പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും തമിഴ്നാടിന്റെ സമ്മതവും സുപ്രീംകോടതിയുടെ അനുമതിയും ആവശ്യമാണ്. പുതിയ അണക്കെട്ടിന്റെ പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന്റെ ഭാഗമായി പരിസ്ഥിതി ആഘാത പഠനത്തിന്റെ TOR അംഗീകരിച്ചു കിട്ടുന്നതിനായുള്ള അപേക്ഷ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് 28-3-2015-ൽ സമർപ്പിക്കുകയും ആയത് MoEFCC-യുടെ എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റി 4-6-2015-ൽ പരിഗണിക്കുകയും ചെയ്തു. എന്നാൽ തമിഴ്നാട്, കേരളം മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടിനായി നടത്തുന്ന പഠനങ്ങൾ നടത്തുന്നതിൽനിന്നും കേരളത്തെ തടയണമെന്നു കാണിച്ച് സുപ്രീം കോടതിയിൽ ഹർജി (IA27/2015 in O.s.No.3/2006) സമർപ്പിച്ചതിനാൽ വിഷയം കോടതിയുടെ പരിഗണനയിലാണെന്ന കാരണത്താൽ EIA പഠനത്തിന്റെ പരിഗണന വിഷയങ്ങൾക്കായുള്ള കേരളത്തിന്റെ അപേക്ഷ defer ചെയ്യുകയാണുണ്ടായത്. തുടർന്ന് 17-7-2015-ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം O.S.No.3/2006-ന്റെ അന്തിമ വിധി പ്രകാരം പുതിയ അണക്കെട്ടിന്റെ നിർമ്മാണത്തിന് ഇരു സംസ്ഥാനങ്ങളുടെയും സമ്മതം ആവശ്യമാണെന്ന നിർദ്ദേശമുള്ളതിനാൽ പരിസ്ഥിതി ആഘാത പഠനത്തിന്റെ പരിഗണനാ വിഷയങ്ങൾ അംഗീകരിക്കുന്നതിനുള്ള അപേക്ഷ തള്ളുകയുണ്ടായി. പുതിയ അണക്കെട്ടിനായുള്ള കേരളത്തിന്റെ പഠനങ്ങളും പ്രവർത്തനങ്ങളും തടയണമെന്ന് കാണിച്ച് തമിഴ്നാട് കൊടുത്ത ഹർജി 13-4-2016-ൽ സുപ്രീം കോടതി പരിഗണിക്കവെ ഹർജി നിലനിൽക്കുന്നതല്ലായെന്ന് തമിഴ്നാട് അറിയിക്കുകയും അതിനെ തുടർന്ന് പ്രസ്തുത

ഹർജി സുപ്രീം കോടതി തള്ളുകയും ചെയ്തു. (IA dismissed as infructuous). പുതിയ അണക്കെട്ടിന്റെ പഠനങ്ങൾ നടത്തുന്നതിൽ നിന്നും കേരളത്തെ വിലക്കണമെന്ന തമിഴ്നാടിന്റെ ഹർജി തള്ളിയതിനെ തുടർന്ന് പ്രസ്തുത കാര്യം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനെ സർക്കാർ അറിയിക്കുകയും പരിസ്ഥിതി ആഘാത പഠനത്തിന്റെ പരിഗണനാ വിഷയങ്ങൾ അംഗീകരിച്ച് തരണമെന്ന് അറിയിച്ചെങ്കിലും MoEFCC നാളിതുവരെ പ്രതികരിച്ചിട്ടില്ല. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും പ്രതികരണമൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ EIA പഠനത്തിന്റെ TOR അംഗീകരിച്ച് കിട്ടുന്നതിനായുള്ള അപേക്ഷ വീണ്ടും സമർപ്പിക്കുവാൻ സർക്കാർ ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.-ക്ക് നിർദ്ദേശം നൽകുകയും ആയത് സമർപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്.

**മൂന്നാറിലെ ഭൂമി കയ്യേറ്റം**

26 (*266) <u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്യേറ്റക്കാർ മൂന്നാറിനെ കവർന്നെടുക്കുകയാണെന്നും ഈ നില തുടർന്നാൽ മൂന്നാർ ഭൂപടത്തിൽ നിന്നും അപ്രത്യക്ഷമാകുമെന്ന തരത്തിലുമുള്ള റിപ്പോർട്ട് ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിന് നൽകിയിട്ടുണ്ടോ;

(ബി) ഭൂരേഖകളും വ്യാജപട്ടയങ്ങളും, പരിശോധിക്കുവാനുള്ള റവന്യൂ വകുപ്പിന്റെ പരിശ്രമം പ്രാദേശിക രാഷ്ട്രീയ നേതാക്കളുടെ പ്രതിഷേധംമൂലം നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ ;

(സി) കെ. ഡി. എച്ച്., പള്ളിവാസൽ, ചിന്നക്കനാൽ വില്ലേജുകളിൽ സർക്കാർ ഭൂമി വ്യാപകമായി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പരിസ്ഥിതി പ്രാധാന്യമുള്ള ഭൂമിയിൽ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള ഭൂമിയും ഭൂമാഫിയ കയ്യടക്കിയതായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവരെ ഒഴിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഇ) നിയമസഭയുടെ പരിസ്ഥിതി സമിതി, മൂന്നാർ വികസന അതോറിറ്റി രൂപീകരിക്കണമെന്ന് അതിന്റെ ഒന്നാമത് റിപ്പോർട്ടിൽ ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ ഈ ശിപാർശ അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) മൂന്നാറിലെ പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റി ലാന്റ് റവന്യൂ കമ്മീഷണർ ഒരു അവലോകന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) സർക്കാരിന്റെ 16-2-2015-ലെ 69/2015/ആർ.ഡി. നമ്പർ ഉത്തരവിൽ അഞ്ച്നാട് വില്ലേജുകളിലെ മുഴുവൻ തണ്ടപ്പേർ കക്ഷികൾക്കും നോട്ടീസ് നൽകി അവർ ഹാജരാക്കുന്ന രേഖകൾ ഓഫീസ് രേഖകളുമായി ഒത്തുനോക്കി തണ്ടപ്പേരിന്റെ കൃത്യത തിട്ടപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊട്ടാക്കമ്പൂർ വില്ലേജിലെ 33 തണ്ടപ്പേർ കക്ഷികൾക്ക് നോട്ടീസ് നൽകിയിരുന്നു. 31-8-2016, 29-9-2016 എന്നീ തീയതികളിൽ രേഖകൾ ഹാജരാക്കുവാനാണ് നോട്ടീസ് നൽകിയിരുന്നത്. എന്നാൽ പ്രസ്തുത രണ്ട് ദിവസങ്ങളിലും തണ്ടപ്പേർ കക്ഷികളാരും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതും ടി രണ്ട് ദിവസങ്ങളിലും ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസിന് മുൻപിൽ കേരള കർഷക സംഘത്തിന്റെ നേതൃത്വത്തിൽ ഉപരോധ സമരം നടത്തുകയും ചെയ്തിട്ടുള്ളതാണ്.

(സി) ഉണ്ട്.

(ഡി) ഇപ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. അന്യവകുപ്പുകളുടെ കൈവശമുള്ള ഭൂമിയിൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് ഒഴിപ്പിക്കുന്നതിന് രേഖകളുടെ പരിശോധനയും ഒഴിപ്പിക്കൽ നടപടികളും നടന്നുവരുന്നു.

(ഇ) റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

**പൊതുമരാമത്ത് വകുപ്പിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ വിംഗ് രൂപീകരണം**

27 (*267) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിൽ നിർമ്മിക്കുന്ന എല്ലാ കെട്ടിട നിർമ്മാണങ്ങൾക്കും സോയിൽ ഇൻവെസ്റ്റിഗേഷൻ നിർബന്ധമാക്കി ഉത്തരവായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ ഇപ്രകാരം സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് എന്ത് സംവിധാനമാണ് പൊതുമരാമത്ത് വകുപ്പിനുള്ളത്; വ്യക്തമാക്കുമോ;

(സി) സോയിൽ ഇൻവെസ്റ്റിഗേഷനുവേണ്ടി ഇതര ഏജൻസികളുടെ സഹായം

തേടുന്നതുമൂലം നിർമ്മാണ പ്രവൃത്തികൾ അനന്തമായി നീളുന്നത് ഒഴിവാക്കാൻ പൊതുമരാമത്ത് വകുപ്പിനുകീഴിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ വിംഗിന് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്തുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിൽ നിർമ്മിക്കുന്ന എല്ലാ കെട്ടിട നിർമ്മാണങ്ങൾക്കും പൊതുമരാമത്ത് മാനുവൽ പ്രകാരം സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തണമെന്ന് നിബന്ധനയുണ്ട്.

(ബി) പ്രവൃത്തിയുടെ അടിയന്തര സ്വഭാവവും പ്രാധാന്യവും കണക്കിലെടുത്ത് അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വകുപ്പ് മുഖേനയോ മറ്റു ഏജൻസികൾ മുഖേനയോ (ഉത്തരവ് നമ്പർ1106/2016/പൊ.മ.വ. തീയതി 27-7-2015 പ്രകാരമുള്ള എംപാനൽഡ് കൺസൾട്ടന്റ്) ഇൻവെസ്റ്റിഗേഷൻ ചെയ്യാൻ മാനുവലിൽ വ്യവസ്ഥയുണ്ട്.

(സി) 10-4-2017-ലെ സ.ഉ.(കൈ)നമ്പർ24/2017/പൊ.മ.വ. പ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബുകളോടുകൂടി ഒരു ഇൻവെസ്റ്റിഗേഷൻ യൂണിറ്റുംകൂടി തുടങ്ങുവാനായി നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് പൂർണ്ണ രൂപത്തിൽ നിലവിൽ വരുന്നതോടുകൂടി സോയിൽ ഇൻവെസ്റ്റിഗേഷനുവേണ്ടി ഉണ്ടാകുന്ന കാലതാമസം ഒരു പരിധിവരെ കുറയ്ക്കാൻ കഴിയുന്നതാണ്.

**സ്കൂൾ പരീക്ഷകൾക്ക് ചോദ്യബാങ്ക്**

28 (*268) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു വിദ്യാഭ്യാസ രംഗത്ത് സ്കൂൾ പരീക്ഷകൾക്ക് ചോദ്യബാങ്ക് ഏർപ്പെടുത്തുന്നതിന് നീക്കമുണ്ടോ;

(ബി) നിലവിലെ രീതിമാറ്റി ചോദ്യബാങ്ക് ഏർപ്പെടുത്താനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(സി) പ്രസ്തുത ചോദ്യബാങ്കിൽ പരമാവധി എത്ര ചോദ്യങ്ങൾ ഉൾക്കൊള്ളിക്കാനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പരിശോധിച്ചുവരുന്നു.

(ബി) പൊതുപരീക്ഷകൾ വിദ്യാർത്ഥി സൗഹൃദമാക്കാൻ കഴിയുന്ന പ്രതീക്ഷയിലാണ് ഇക്കാര്യം ആലോചിക്കുന്നത്.

(സി) വിവിധ ശില്പശാലകളിലൂടെയും അദ്ധ്യാപകരുടെ സംഭാവന വഴിയും അസംഖ്യം ചോദ്യങ്ങൾ ഉൾപ്പെടുത്തി ചോദ്യബാങ്ക് രൂപീകരിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നു.

**പൊതുവിദ്യാഭ്യാസ പരിഷ്കരണ പദ്ധതി**

29 (*269) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അനിൽ അക്കര :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു വിദ്യാഭ്യാസ പരിഷ്കരണ പദ്ധതിയുടെ ഭാഗമായി ഇതുവരെ നടപ്പിലാക്കിയ കാര്യങ്ങൾ വിശദമാക്കുമോ;

(ബി) പൊതുവിദ്യാലയങ്ങളിലെ പഠനരീതികളിൽ കാലാനുസൃതമായ പരിഷ്കരണം ഉണ്ടാകാത്തതാണ് കുട്ടികൾ കുറയുവാനുള്ള കാരണമെന്നിരിക്കെ നൂതനമായ എന്തെല്ലാം പഠനരീതികൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) പുതിയ തലമുറയ്ക്ക് കൃഷിയോട് താല്പര്യം ജനിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി പഠന വിഷയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) അദ്ധ്യാപകരുടെ ശ്രദ്ധ കുട്ടികളെ പഠിപ്പിക്കുന്നതിനും കുട്ടികളുടെ സർഗ്ഗവാസന വികസിപ്പിക്കുന്നതിനും പൂർണ്ണമായും വിനിയോഗിക്കുന്ന തരത്തിൽ അവരുടെ പരിശീലനം ക്രമപ്പെടുത്തുമോ;

(ഇ) അദ്ധ്യാപകരെ മറ്റ് ജോലികൾക്ക് വിനിയോഗിക്കുന്നത് നിരുത്സാഹ പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) "പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം" പദ്ധതിയുടെ ഭാഗമായി വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി ഒരു നിയോജക മണ്ഡലത്തിൽ ഒരു സ്കൂൾ എന്ന കണക്കിൽ മികവിന്റെ കേന്ദ്രങ്ങളായി

ഉയർത്തപ്പെടേണ്ട സ്കൂളുകളുടെ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കിവരുന്നു. ആദ്യഘട്ടത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്ന സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് KIIFB-യിൽനിന്നുള്ള ധനസഹായത്തിനായി KIIFB-പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്ന നടപടിക്രമങ്ങളും പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ്സ് മുറികളാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മികച്ച അദ്ധ്യയന നിലവാരം ഉറപ്പുവരുത്തുന്നതിനായി അദ്ധ്യാപക ശാക്തീകരണത്തിന്റെ ഭാഗമായി കാലാനുസൃത മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് അദ്ധ്യാപക പരിശീലന പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. "ക്യാമ്പസ് തന്നെ പാഠപുസ്തകം" എന്ന കാഴ്ചപ്പാടിൽ ജൈവവൈവിദ്ധ്യ ഉദ്യാനം സജ്ജമാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

(ബി) പഠന നിലവാരം ഉയർത്തുന്നതിനുള്ള പഠന രീതികളിൽ നൂതനത്വം കൈവരുത്തുന്നതിനും ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതാണ്. സ്കൂൾ വിദ്യാർത്ഥികളുടെ പഠന നിലവാരം പരിശോധിക്കുന്നതിന് "ബേസ് ലൈൻസ് സ്റ്റഡി" നടത്തിവരുന്നു. ഇതിന് അനുസൃതമായി പഠനബോധന രീതികൾ പുനരാവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. ലൈബ്രറി, ലബോറട്ടറികൾ, സ്മാർട്ട് ക്ലാസ് റൂമുകൾ എന്നിവ ശക്തിപ്പെടുത്തി പഠന ബോധന പ്രക്രിയ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഐ.സി.റ്റി.അധിഷ്ഠിത പഠനം ഫലപ്രദമാക്കി നടപ്പിലാക്കുന്നതിന് ഐ.സി.റ്റി അധിഷ്ഠിത കണ്ടന്റുകൾ, പ്രോഗ്രാമുകൾ എന്നിവ തയ്യാറാക്കി വരുന്നു. വിദ്യാർത്ഥികളുടെ സർഗ്ഗപരമായ ശേഷികൾ വികസിപ്പിക്കുന്നതിനും ആരോഗ്യ കായിക വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ക്ലാസ്സ് റൂം വിനിമയം ശക്തമാക്കുന്നതിന് അദ്ധ്യാപക പരിശീലന പരിപാടികളിൽ കാലോചിത മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കൃഷി, കാർഷിക സംസ്കാരം, ജൈവവൈവിദ്ധ്യ സംരക്ഷണം എന്നീ മേഖലകൾക്ക് പാഠ്യപദ്ധതിയിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. കൂടാതെ ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായി ബയോഡൈവേഴ്സിറ്റി പാർക്കുകൾ, അധിക പഠന പ്രവർത്തനങ്ങൾ എന്നിവ ആവിഷ്കരിച്ച് സ്കൂളുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) അദ്ധ്യാപക പരിശീലന രീതികൾ കാലോചിതമായി പരിഷ്കരിച്ച് ക്ലാസ് മുറികളിലെ പഠന ബോധന പ്രക്രിയ ശാസ്ത്രീയമായി ചിട്ടപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനായി ഐ.സി.റ്റി അധിഷ്ഠിതവും സാങ്കേതിക വിദ്യകളുടെ സഹായത്തോടും കൂടിയ പരിശീലന പരിപാടികൾ ആവിഷ്കരിച്ചുവരുന്നു.

(ഇ) സ്കൂൾ പ്രവൃത്തി സമയങ്ങളിൽ അദ്ധ്യാപകരോ പ്രഥമാദ്ധ്യാപകരോ സ്കൂളിൽനിന്ന് വിട്ടുനിൽക്കാൻ ഇടയാക്കുന്ന തരത്തിലുള്ള മറ്റുപരിപാടികൾ ഒഴിവാക്കേണ്ടതാണെന്നും വിദ്യാഭ്യാസ ഓഫീസർമാർ വിളിച്ചുകൂട്ടുന്ന യോഗങ്ങൾ ശനിയാഴ്ചകളിലോ ഒഴിവു സമയങ്ങളിലോ സ്കൂൾ സമയത്തിനുശേഷമോ ക്രമീകരിക്കണമെന്നും സ്കൂൾ സമയം നഷ്ടപ്പെടുത്തുന്ന തരത്തിൽ അദ്ധ്യാപകരുടെ സേവനം ഇതര പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കരുതെന്നും പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കഴിവതും ഇ-മെയിൽ മുഖേനയോ ഇതര ഇലക്ട്രോണിക് വിനിമയ സംവിധാനങ്ങളിൽ കൂടിയോ ആശയ വിനിമയം നടത്തേണ്ടതാണെന്നും 26-4-2017-ലെ 201/എം2/2017/ പൊ.വി.വ. നമ്പർ പരിപത്രം പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിനുള്ള നടപടികൾ

30 (*270) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിന്, സാങ്കേതികവിദ്യയിലധിഷ്ഠിതമായ പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കി ഹൈടെക് ആക്കേണ്ട ആവശ്യകതയുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആവശ്യത്തിലേക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) ഐ.സി.ടി. അധിഷ്ഠിതമായ അദ്ധ്യാപനത്തിന് പര്യാപ്തമായ ഉള്ളടക്ക നിർമ്മാണവും സാങ്കേതിക പരിശീലനവും ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നുണ്ടോ;

(സി) ഐ.സി.ടി. ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എങ്ങനെയാണെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) അനുദിനം മാറിക്കൊണ്ടിരിക്കുന്ന വിവര വിനിമയ സാങ്കേതിക വിദ്യ ഇതര മേഖലകളിലെന്നപോലെ വിദ്യാഭ്യാസ മേഖലയിലും ഫലപ്രദമായി ഉപയോഗി ക്കേണ്ടതുണ്ട്. പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്കെത്തിക്കുന്നതിന് സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പ്രവർത്തനങ്ങളും കാലഘട്ടത്തിന്റെ അനിവാര്യതയാണ്. വിദ്യാലയങ്ങള അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള ഹൈടെക് സ്കൂൾ

പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഓരോ സർക്കാർ/എയ്ഡഡ് സ്കൂളിലേയും സവിശേഷ സാഹചര്യം മനസ്സിലാക്കിക്കൊണ്ട് സ്കൂളിനാവശ്യമായ ഐ.സി.ടി. ഉപകരണങ്ങളും സൗകര്യങ്ങളും കമ്പ്യൂട്ടർ ലാബിൽ ലഭ്യമാക്കുകയും 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ്സ് മുറികളിലും മൾട്ടിമീഡിയ പ്രൊജക്ടർ, ലാപ്ടോപ്പ്, വെള്ളബോർഡ് എന്നിവ സ്ഥാപിക്കുകയും ചെയ്യും. ഈ ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലനം അദ്ധ്യാപകർക്ക് നൽകി കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്ക് നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു.

(ബി) ഐ.സി.ടി. അധിഷ്ഠിത പഠനബോധന പ്രവർത്തനങ്ങൾക്ക് ഏറ്റവും ആവശ്യമായ ഒന്നാണ് അനുയോജ്യമായ ഉള്ളടക്കങ്ങൾ. പ്രയാസമേറിയ പാഠഭാഗങ്ങൾ ലളിതവും കൂടുതൽ ഫലപ്രദവുമായി വിദ്യാർത്ഥികളിലെത്തിക്കുന്നതിന് ഐ.സി.ടി. അധിഷ്ഠിത പഠന വിഭവങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഓരോ ക്ലാസ്സിനും പഠന വിഭവങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം ശരിയായ രീതിയിൽ അത് വിദ്യാർത്ഥികളിലെത്തിക്കുന്നതിന് പ്രത്യേക സാങ്കേതിക പരിശീലനവും അദ്ധ്യാപകർക്ക് നൽകുന്നുണ്ട്.

(സി) നിലവിൽ ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെ ക്ലാസ്സുകളാണ് ഹൈടെക് ആക്കുന്നത്. ഓരോ സ്കൂളിലെയും വിദ്യാർത്ഥികളുടെ എണ്ണത്തിനും അടച്ചുറപ്പുള്ളതും പൊടി ശല്യമില്ലാത്തതുമായ ക്ലാസ് മുറികളുടെ ലഭ്യതയ്ക്കും അനുസരിച്ചാണ് സ്കൂളുകൾക്ക് ഐ.സി.ടി. ഉപകരണങ്ങൾ നൽകുന്നത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കോങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികളുടെ വിശദാംശങ്ങൾ

1 (2235) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 വർഷത്തിലെ ബജറ്റിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിൽ നിന്നും കോങ്ങാട് മണ്ഡലത്തിലേയ്ക്കായി അനുവദിച്ചിട്ടുള്ള പദ്ധതികളുടെ തുക ഉൾപ്പെടെയുള്ള വിശദവിവരം നൽകുമോ;

(ബി) സി.ആർ.എഫ്., കിഫ്ബി, നബാർഡ്, തുടങ്ങിയവയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം തുക ഉൾപ്പെടെ നൽകുമോ ?

ഉത്തരം

(എ) 2017-18 വർഷത്തിലെ ബജറ്റിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കോങ്ങാട് മണ്ഡലത്തിലേയ്ക്കായി അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം I ആയും കെട്ടിട വിഭാഗത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം II ആയും ചേർത്തിരിക്കുന്നു.* ദേശീയപാതയുടെ കീഴിലുള്ള പ്രവൃത്തികളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 2017-18 വർഷത്തിൽ സി.ആർ.എഫ്, കിഫ്ബി, നബാർഡ് തുടങ്ങിയവയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളൊന്നും കോങ്ങാട് നിയോജകമണ്ഡലത്തിലില്ല.

**കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതി**

2 (2236) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതി പ്രകാരം സംസ്ഥാനത്തെ റോഡ് നിർമ്മാണത്തിനായി ആകെ പദ്ധതി തുക എത്രയാണ്; ഇതിൽ ലോകബാങ്ക് വായ്പ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ എത്രശതമാനം പ്രവൃത്തികളാണ് ഇതുവരെ പൂർത്തിയായിട്ടുള്ളത്; പദ്ധതി തുകയുടെ എത്ര ശതമാനം ചെലവഴിച്ചിട്ടുണ്ട്;

(സി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെങ്കിൽ വായ്പ പിൻവലിക്കുന്നത് സംബന്ധിച്ച് ലോകബാങ്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ടി.പി രണ്ടാംഘട്ട പദ്ധതിയിൽ റോഡ് നിർമ്മാണം ഉൾപ്പെടെ ആകെ പദ്ധതി തുക 2403 കോടി രൂപയാണ്. ഇതിൽ ലോക ബാങ്ക് വായ്പ 1166 കോടി രൂപയാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ 72% പ്രവൃത്തികൾ ഇതുവരെ പൂർത്തിയായിട്ടുണ്ട്. പദ്ധതി തുകയുടെ 35.64% (856.41 കോടി രൂപ) ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽ ഉൾപ്പെടെ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് ഉൾപ്പെടുത്തിയിട്ടുള്ള പുനലൂർ-പൊൻകുന്നം റോഡ് പുനരുദ്ധാരണം ഒഴിച്ചുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സ്ഥലം ഏറ്റെടുക്കാൻ സാധിക്കാത്തതിനാൽ പെരുമ്പിലാവ്-പെരിന്തൽമണ്ണ എന്ന അപ്ഗ്രഡേഷൻ പ്രവൃത്തിയുടെയും പുരോഗതി കൈവരിക്കാത്തതിനാൽ നടത്താനാകാതിരുന്ന സ്ട്രാറ്റജിക് റോഡ് നെറ്റ്‌വർക്ക് പദ്ധതിയുടേയും ഉപയോഗിക്കാത്ത തുക ലോൺ തുകയിൽ കുറയ്ക്കാനായി നിർദ്ദേശം വെയ്ക്കുവാനായി ലോക ബാങ്ക് അറിയിച്ചിട്ടുണ്ട്.

(ഡി) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് യഥാസമയം അവലോകന യോഗം കൂടി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും കോൺട്രാക്ടർക്കും കൺസൾട്ടന്റ് എഞ്ചിനീയർക്കും കെ.എസ്.ടി.പി. എഞ്ചിനീയർക്കും നിർദ്ദേശം നൽകുന്നുണ്ട്. പ്രവൃത്തികളുടെ പുരോഗമനത്തിനുള്ള തടസ്സങ്ങൾ പരിശോധിച്ച് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റോഡ് സുരക്ഷാ ഫണ്ട്

3 (2237) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള റോഡ് ഫണ്ട് ബോർഡ് രൂപീകരിച്ചതെപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത ബോർഡ് നിലവിൽ വന്നതിനുശേഷം ഏറ്റെടുത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) കേരള റോഡ് ഫണ്ട് ബോർഡിൽ ഉൾപ്പെടുത്തി ചെയ്യാനുദ്ദേശിക്കുന്ന പുതിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) കേരള റോഡ് ഫണ്ട് ബോർഡിന് ഫണ്ട് ലഭിക്കുന്നത് എവിടെ നിന്നാണെന്നും എങ്ങനെയാണെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരള നിയമസഭ പാസ്സാക്കിയ കേരള റോഡ് ഫണ്ട് ആക്ട് 2001 പ്രകാരമാണ് കേരള റോഡ് ഫണ്ട് ബോർഡ് സ്ഥാപിതമായത്. 22-2-2002-ലാണ് കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനം ആരംഭിച്ചത്.

(ബി) കേരള റോഡ് ഫണ്ട് ആക്ട് 2001 പ്രകാരം സ്വരൂപിക്കപ്പെടുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനും പ്രസ്തുത ഫണ്ട് വിനിയോഗിച്ച് ഗതാഗത മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അതിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനും പൊതു സ്വകാര്യ പങ്കാളിത്തത്തോടു കൂടിയുള്ള പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്നതിനുമാണ് കേരള റോഡ് ഫണ്ട് ബോർഡ് രൂപീകരിച്ചത്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് അർപ്പിത വരുമാന മാർഗ്ഗമുള്ള നിയമാനുസൃതമായ സ്ഥാപനം ആവശ്യമാണെന്ന സാഹചര്യത്തിലാണ് കേരള റോഡ് ഫണ്ട് ബോർഡ് സ്ഥാപിതമായത്. കഴിഞ്ഞ 15 വർഷമായി കേരള റോഡ് ഫണ്ട് ബോർഡ് പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കിയ പദ്ധതികൾ ചുവടെ കൊടുക്കുന്നു :

<u>തിരുവനന്തപുരം</u>:

പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കിയ ആദ്യത്തെ പദ്ധതിയാണ് തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതി. 42.537 കി. മീ. നീളത്തിലുള്ള 16 കോറിഡോറുകളുടെ സമഗ്ര വികസനമാണ് ഈ പദ്ധതിയിൽ നടപ്പിലാക്കിയത്. പദ്ധതിയിൽ ഉൾപ്പെടുന്ന റോഡുകളുടെ 15 വർഷത്തേയ്ക്കുള്ള അറ്റകുറ്റപ്പണികളും പരിപാലനവും പദ്ധതിയുടെ കരാർ ഏറ്റെടുത്തിട്ടുള്ള കൺസഷണറുടെ ചുമതലയാണ്.

<u>കോഴിക്കോട്</u>:

രണ്ടാമത്തെ പദ്ധതിയായ കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി 22.251 കി.മീ. ദൈർഘ്യത്തിൽ 6 കോറിഡോറുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

കേരള റോഡ് ഫണ്ട് ബോർഡിന്റെ ഫണ്ടുപയോഗിച്ച് പൊതുമരാമത്ത് വകുപ്പിലെ വിവിധ ഏജൻസികൾ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

<u>എറണാകുളം ജില്ല</u> :

1. <u>വെണ്ടുരുത്തി പാലം</u> : കൊച്ചിൻ നേവൽ ബെയ്സിന്റെ പങ്കാളിത്തത്തോടെ 37.33 കോടി രൂപാ ചെലവിൽ കൊച്ചി കായലിന് കുറുകെ വെണ്ടുരുത്തി പാലം പൊതുമരാമത്ത് റോഡ്സ് വിഭാഗം നിർമ്മിച്ച് 4-2-2012-ൽ ഗതാഗത യോഗ്യമാക്കുകയുണ്ടായി.

2. ഇടപ്പള്ളി മേൽപ്പാലം : 300 മീ. നീളത്തിൽ നാല് സ്പാനുകളോടുകൂടിയ മേൽപ്പാലത്തിന് സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെ 108.75 കോടി രൂപ ചെലവിൽ കൊച്ചി മെട്രോ റെയിലിന്റെ ആഭിമുഖ്യത്തിൽ 2016 സെപ്റ്റംബറിൽ നിർമ്മാണം പൂർത്തിയാക്കി ഗതാഗത യോഗ്യമാക്കി.

3. പാലാരിവട്ടം മേൽപ്പാലം : 620 മീ. നീളവും 15 മീ. വീതിയും വരുന്ന നാലുവരിപ്പാതയോടുകൂടിയ പാലാരിവട്ടം ഫ്ലൈ ഓവറിന്റെ നിർമ്മാണം 41.28 കോടി രൂപ നിർമ്മാണ ചെലവിൽ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ പൂർത്തീകരിച്ചു.

കോട്ടയം ജില്ല :

1. കഞ്ഞിക്കുഴി വെട്ടത്തുകവല കറുകച്ചാൽ മല്ലപ്പള്ളി റോഡ് ഉപരിതലം ബലപ്പെടുത്തൽ : 22.8 കി.മീ. ദൈർഘ്യമുള്ള റോഡുകളുടെ വികസനമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. 67.26 കോടി രൂപ മതിപ്പ് ചെലവിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നിർമ്മാണം പൂർത്തീകരിച്ചു.

2. രാമപുരം നാലമ്പലം ദർശനം റോഡ് പുനരുദ്ധാരണം : കോട്ടയം ജില്ലയിലെ 46.81 കി.മീ. ദൈർഘ്യമുള്ള 14 റോഡുകളുടെയും 4 അപ്രോച്ച് റോഡുകളുടെയും വികസനം ലക്ഷ്യമിടുന്ന ഈ പദ്ധതിയുടെ നിർമ്മാണം 67 കോടി രൂപ മതിപ്പ് ചെലവിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു.

കോഴിക്കോട് ജില്ല :

1. എൻ.എച്ച് ബൈപ്പാസ് നിർമ്മാണം : കോഴിക്കോട് ബൈപ്പാസിന്റെ വെങ്ങളം മുതൽ പൂളാടിക്കുന്ന് വരെയുള്ള 5.1 കി.മീ. ദൈർഘ്യം വരുന്ന പൂർത്തിയാക്കാത്ത ഭാഗം വികസിപ്പിക്കുവാനാണ് സംസ്ഥാന സർക്കാർ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. കോരപ്പുഴയിലും പുറക്കാട്ടേരിയിലും പ്രധാന പാലങ്ങൾ ഉൾപ്പെടെ 152.75 കോടി രൂപ നിർമ്മാണ ചെലവിൽ പൊതുമരാമത്ത് എൻ.എച്ച് വിഭാഗം പൂർത്തീകരിച്ചു.

2. രാമനാട്ടുകര മേൽപ്പാലം :- പൊതുമരാമത്ത് എൻ.എച്ച്. വിഭാഗത്തിന്റെ മേൽനോട്ടത്തിൽ 74.96 കോടി രൂപ അടങ്കൽ തുകയോടുകൂടി 580 മീ. ദൈർഘ്യമുള്ള അപ്രോച്ച് റോഡോടുകൂടിയ മേൽപ്പാലത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

3. <u>തൊണ്ടയാട് മേൽപ്പാലം</u> :- പൊതുമരാമത്ത് എൻ.എച്ച്. വിഭാഗത്തിന്റെ മേൽനോട്ടത്തിൽ 51.42 കോടി രൂപ അടങ്കൽ തുകയോടുകൂടി 663 മീ. ദൈർഘ്യമുള്ള മേൽപ്പാലത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

<u>കണ്ണൂർ ജില്ല</u> :

1. <u>മലയോര പാതാ വികസനം</u> : 191.54 കോടി രൂപ അടങ്കൽ തുകയുള്ള കണ്ണൂർ ജില്ലയിലെ ചെറുപുഴ മുതൽ വള്ളിത്തോട് വരെ 59.415 കി.മീ. റോഡ് പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പുരോഗമിച്ചുവരുന്നു.

(ഡി) കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

<u>ആലപ്പുഴ</u> :

ആലപ്പുഴ നഗര റോഡ് വികസന പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി 49.522 കി.മീ. ദൈർഘ്യത്തിൽ 21 കോറിഡോറുകളുടെ വികസനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതിയുടെ അടങ്കൽ തുക 272.66 കോടി രൂപയാണ്. പദ്ധതിക്ക് 2-5-2017-ലെ സർക്കാർ ഉത്തരവ് (ആർ.ടി)582/17/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

<u>കണ്ണൂർ</u> :

കണ്ണൂർ നഗര റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 49.79 കി.മീ. ദൈർഘ്യത്തിൽ 12 കോറിഡോറുകളുടെ വികസനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതിയുടെ അടങ്കൽ തുക 401.467 കോടി രൂപയാണ്. പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഇ) കേരള റോഡ് ഫണ്ട് ആക്ട് പ്രകാരം കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രധാന വരുമാന സ്രോതസ്സ് മോട്ടോർ വാഹന നികുതി ഇനത്തിൽനിന്നും ലഭിക്കുന്ന 10% വിഹിതമാണ്.

## കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനം

4 (2238) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. വി. ജോയി :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡ് ഗതാഗത രംഗത്തെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി രൂപീകരിക്കപ്പെട്ട കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോ;

(ബി) പ്രസ്തുത ബോർഡ് ഏറ്റെടുത്തിട്ടുള്ള പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്നും അവയിൽ പൂർത്തിയായ പദ്ധതികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) കെ.ആർ.എഫ്.ബി.-യുടെ പദ്ധതികൾക്കാവശ്യമായ ഫണ്ട് എപ്രകാരമാണ് സ്വരൂപിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ റോഡുനിർമ്മാണമടക്കമുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ കിഫ്ബി മുഖേന ഏറ്റെടുത്ത് നടത്തുമ്പോൾ ഇത് കെ.ആർ.എഫ്.ബി.-യുടെ പദ്ധതികളെ എപ്രകാരമാണ് ബാധിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ കേരള റോഡ് ഫണ്ട് ബോർഡ് പൂർത്തിയാക്കിയ ആദ്യത്തെ പദ്ധതിയാണ് തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതി. 42.537 കി. മീ. നീളത്തിലുള്ള 16 കോറിഡോറുകളുടെ സമഗ്ര വികസനമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയത്. പദ്ധതിയിൽ ഉൾപ്പെടുന്ന റോഡുകളുടെ 15 വർഷത്തേയ്ക്കുള്ള അറ്റകുറ്റപണികളും പരിപാലനവും പദ്ധതിയുടെ കരാർ ഏറ്റെടുത്തിട്ടുള്ള കൺസഷണറുടെ ചുമതലയാണ്. രണ്ടാമത്തെ പദ്ധതിയായ കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി 22.251 കി.മീ. ദൈർഘ്യത്തിൽ 6 കോറിഡോറുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ അടങ്കൽ തുക 176.10 കോടി രൂപയാണ്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ജൂൺ മാസത്തോടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കേരള റോഡ് ഫണ്ട് ബോർഡിന്റെ ഫണ്ടുപയോഗിച്ച് പൊതുമരാമത്ത് വകുപ്പിലെ വിവിധ ഏജൻസികൾ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

<u>എറണാകുളം ജില്ല</u> :

1. <u>വെണ്ടുരുത്തി പാലം</u> : കൊച്ചിൻ നേവൽ ബെയ്സിന്റെ പങ്കാളിത്തത്തോടെ 37.33 കോടി രൂപാ ചെലവിൽ കൊച്ചി കായലിന് കുറുകെ വെണ്ടുരുത്തി പാലം പൊതുമരാമത്ത് റോഡ്സ് വിഭാഗം നിർമ്മിച്ച് 4-2-2012-ൽ ഗതാഗത യോഗ്യമാക്കുകയുണ്ടായി.

2. <u>ഇടപ്പള്ളി മേൽപ്പാലം</u> : 300 മീ. നീളത്തിൽ നാല് സ്പാനുകളോടുകൂടിയ മേൽപ്പാലത്തിന് സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെ 108.75 കോടി രൂപ ചെലവിൽ കൊച്ചി മെട്രോ റെയിലിന്റെ ആഭിമുഖ്യത്തിൽ 2016 സെപ്റ്റംബറിൽ നിർമ്മാണം പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കി.

3. <u>പാലാരിവട്ടം മേൽപ്പാലം</u> : 620 മീ. നീളവും 15 മീ. വീതിയും വരുന്ന നാലുവരിപ്പാതയോടുകൂടിയ പാലാരിവട്ടം ഫ്ലൈ ഓവറിന്റെ നിർമ്മാണം 41.28 കോടി രൂപ നിർമ്മാണ ചെലവിൽ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ പൂർത്തീകരിച്ചു.

<u>കോട്ടയം ജില്ല</u> :

1. <u>കഞ്ഞിക്കുഴി വെട്ടത്തുകവല കറുകച്ചാൽ മല്ലപ്പള്ളി റോഡ് ഉപരിതലം ബലപ്പെടുത്തൽ:</u> 22.8 കി.മീ. ദൈർഘ്യമുള്ള റോഡുകളുടെ വികസനമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. 67.26 കോടി രൂപ മതിപ്പ് ചെലവിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നിർമ്മാണം പൂർത്തീകരിച്ചു.

2. <u>രാമപുരം നാലമ്പലം ദർശനം റോഡ് പുനരുദ്ധാരണം</u> : കോട്ടയം ജില്ലയിലെ 46.81 കി.മീ. ദൈർഘ്യമുള്ള 14 റോഡുകളുടെയും 4 അപ്രോച്ച് റോഡുകളുടെയും വികസനം ലക്ഷ്യമിടുന്ന ഈ പദ്ധതിയുടെ നിർമ്മാണം 67 കോടി രൂപ മതിപ്പ് ചെലവിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു.

<u>കോഴിക്കോട് ജില്ല</u> :

1. <u>എൻ.എച്ച്. ബൈപ്പാസ് നിർമ്മാണം</u> : കോഴിക്കോട് ബൈപ്പാസിന്റെ വെങ്ങളം മുതൽ പൂലാടിക്കുന്ന് വരെയുള്ള 5.1 കി.മീ. ദൈർഘ്യം വരുന്ന പൂർത്തിയാക്കാത്ത ഭാഗം വികസിപ്പിക്കുവാനാണ് സംസ്ഥാന സർക്കാർ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. കോരപ്പുഴയിലും പുറക്കാട്ടേരിയിലും പ്രധാന പാലങ്ങൾ ഉൾപ്പെടെ 152.75 കോടി രൂപ നിർമ്മാണ ചെലവിൽ പൊതുമരാമത്ത് എൻ.എച്ച്. വിഭാഗം പൂർത്തീകരിച്ചു.

2. രാമനാട്ടുകര മേൽപ്പാലം : പൊതുമരാമത്ത് എൻ.എച്ച്. വിഭാഗത്തിന്റെ മേൽനോട്ടത്തിൽ 74.96 കോടി രൂപ അടങ്കൽ തുകയോടുകൂടി 580 മീ. ദൈർഘ്യമുള്ള അപ്രോച്ച് റോഡോടുകൂടിയ മേൽപ്പാലത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

3. തൊണ്ടയാട് മേൽപ്പാലം : പൊതുമരാമത്ത് എൻ.എച്ച്. വിഭാഗത്തിന്റെ മേൽനോട്ടത്തിൽ 51.42 കോടി രൂപ അടങ്കൽ തുകയോടുകൂടി 663 മീ. ദൈർഘ്യമുള്ള മേൽപ്പാലത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

കണ്ണൂർ ജില്ല :

1. മലയോര പാതാ വികസനം : 191.54 കോടി രൂപ അടങ്കൽ തുകയുള്ള കണ്ണൂർ ജില്ലയിലെ ചെറുപുഴ മുതൽ വള്ളിത്തോട് വരെ 59.415 കി.മീ. റോഡ് പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പുരോഗമിച്ചുവരുന്നു.

കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

ആലപ്പുഴ :

ആലപ്പുഴ നഗര റോഡ് വികസന പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി 49.522 കി.മീ. ദൈർഘ്യത്തിൽ 21 കോറിഡോറുകളുടെ വികസനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതിയുടെ അടങ്കൽ തുക 272.66 കോടി രൂപയാണ്. പദ്ധതിക്ക് 2-5-2017-ലെ സർക്കാർ ഉത്തരവ് (ആർ.ടി)582/17/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ണൂർ :

കണ്ണൂർ നഗര റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 49.79 കി.മീ. ദൈർഘ്യത്തിൽ 12 കോറിഡോറുകളുടെ വികസനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതിയുടെ അടങ്കൽ തുക 401.467 കോടി രൂപയാണ്. പദ്ധതിക്ക് ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(സി) കേരള റോഡ് ഫണ്ട് ആക്ട് പ്രകാരം കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രധാന വരുമാന സ്രോതസ്സ് മോട്ടോർ വാഹന നികുതി ഇനത്തിൽനിന്നും ലഭിക്കുന്ന 10% വിഹിതമാണ്.

(ഡി) കിഫ്ബി മുഖേന സംസ്ഥാനത്തെ റോഡ് നിർമ്മാണമടക്കമുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ കേരള റോഡ് ഫണ്ട് ബോർഡിന്റെ പദ്ധതികളെയോ, പ്രവർത്തനങ്ങളെയോ ബാധിക്കുന്നില്ല. കേരള റോഡ് ഫണ്ട് ആക്ട് പ്രകാരം ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന മോട്ടോർ വാഹന നികുതി ഇനത്തിൽ ലഭ്യമാകുന്ന 10% വിഹിതം ഉപയോഗിച്ച് കെ.ആർ.എഫ്.ബി. തുടർന്നും പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. കൂടാതെ കെ.ആർ.എഫ്.ബി.-യെ കിഫ്ബി വഴി നടപ്പിലാക്കുന്ന റോഡ് വികസന പ്രവർത്തനങ്ങളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്.

## റോഡ് റോളർ ക്ലീനർ/ഡ്രൈവർ വിഭാഗത്തിലെ തസ്തികകൾ

5 (2239) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ റോളർ ക്ലീനർ/ഡ്രൈവർ വിഭാഗത്തിൽ എത്ര അനുവദനീയ തസ്തികകൾ ഉണ്ട്; നിലവിൽ എത്ര പേർ ജോലി ചെയ്യുന്നു; ഒഴിവുള്ള തസ്തികകൾ എത്ര;

(ബി) പൊതുമരാമത്ത് വകുപ്പിൽ എത്ര റോഡ് റോളറുകൾ ഉണ്ട്; ഇതിൽ പ്രവർത്തനക്ഷമമായവ എത്ര; മെയിന്റനൻസ് നടത്തിയാൽ പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നവയും കഴിയാത്തവയും എത്ര; വിശദമാക്കാമോ ;

(സി) പൊതുമരാമത്ത് വകുപ്പുവക റോഡ് റോളറുകൾ വാടകയ്ക്ക് നൽകാറുണ്ടോ; നൽകാറുണ്ടെങ്കിൽ അതിനുള്ള മാനദണ്ഡമെന്തെന്ന് വിശദമാക്കാമോ ;

(ഡി) റോഡ് റോളറുകൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ പല പൊതുമരാമത്ത് ഡിവിഷനുകളിലും റോളർ ക്ലീനർമാരും ഡ്രൈവർമാരും ജോലി ചെയ്യാതെ ശമ്പളം പറ്റുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത്തരത്തിൽ അധികമായിട്ടുള്ള റോഡ് റോളർ ഡ്രൈവർമാരേയും ക്ലീനർമാരേയും പൊതുമരാമത്ത് വകുപ്പിലെ തന്നെ മറ്റ് തസ്തികകളിലേക്ക് തസ്തികമാറ്റം വഴിയോ പുനർവിന്യാസം വഴിയോ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ തുടർച്ചാംഗീകാരം ലഭിച്ച 172 റോളർ ഡ്രൈവർ തസ്തികകളും 170 റോളർ ക്ലീനർ തസ്തികകളും വാനിഷിംഗ് കാറ്റഗറിയായി പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ വകുപ്പിൽ 53 റോളർ ഡ്രൈവർമാരും 74 റോളർ ക്ലീനർമാരും ജോലി നോക്കിവരുന്നുണ്ട്. വാനിഷിംഗ് കാറ്റഗറിയായതിനാൽ ഒഴിവുകൾ ഇല്ല.

(ബി) പൊതുമരാമത്ത് വകുപ്പിൽ ആകെ 190 റോഡ് റോളറുകളുണ്ട്. ഇവയിൽ 69 എണ്ണം പ്രവർത്തനക്ഷമമാണ്. മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കുന്നത് ഭാരിച്ച ചെലവ് വരുന്നതിനാൽ പ്രായോഗികമല്ല.

(സി) കരാറുകാരുടെ കൈവശം റോളറുകൾ ഇല്ലാത്ത സാഹചര്യത്തിൽ റോളറുകൾ വാടകയ്ക്ക് നൽകാറുണ്ട്. ഇതിന്റെ വാടക എഗ്രിമെന്റ് കണ്ടീഷൻ പ്രകാരം ബില്ലിൽ നിന്നും ഈടാക്കുകയും ചെയ്യുന്നുണ്ട്.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ജോലി നോക്കുന്ന 53 റോളർ ഡ്രൈവർമാരെയും 74 റോളർ ക്ലീനർമാരെയും പുനർവിന്യസിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**മിനി സിവിൽ സ്റ്റേഷൻ**

6 (2240) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാട്ടാക്കട നിയോജകമണ്ഡലത്തിലെ മലയിൻകീഴ് മേപ്പൂക്കട പ്രദേശത്ത് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച തുടർനടപടികൾ എന്തായെന്നും ഇപ്പോഴത്തെ സ്ഥിതിയെന്തെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

ഇത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടില്ല. എന്നാൽ കാട്ടാക്കട നിയോജക മണ്ഡലത്തിലെ മലയിൻകീഴ് മേപ്പൂക്കട പ്രദേശത്ത് മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കുന്നതിനായി 2017-18 ലെ ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**റോഡ് സൗകര്യം വർദ്ധിപ്പിച്ച് ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടി**

7 (2241) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകൾ വീതികൂട്ടി ശാസ്ത്രീയമായി നവീകരിച്ച് സൗന്ദര്യവത്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പുതിയ പദ്ധതികൾക്ക് പൊതുമരാമത്ത് വകുപ്പ് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ;

(ബി) വാഹനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവും വർദ്ധിച്ചുവരുന്ന ജനസാന്ദ്രതയും കണക്കിലെടുത്ത് റോഡുകളിലും ജംഗ്ഷനുകളിലും പ്രധാനപ്പെട്ട ടൗണുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ റോഡിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് വ്യക്തമാക്കുമോ ;

(സി) ഗതാഗതക്കുരുക്ക് രൂക്ഷമായിരിക്കുന്ന ടൗണുകളിൽ സുഗമമായ ഗതാഗതം ഉറപ്പുവരുത്തുന്നതിന് ഫ്ലൈ ഓവറുകളും അടിപ്പാതകളും നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് പുതുതായി നിർമ്മിക്കുന്ന റോഡുകൾ വീതികൂട്ടി ശാസ്ത്രീയമായി നവീകരിക്കുന്ന പ്രവൃത്തികൾ സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യതയ്ക്കനുസരിച്ച് അതാത് കാലങ്ങളിൽ നടപ്പാക്കിവരുന്നതാണ്. സംസ്ഥാനത്തെ റോഡുകൾ വീതികൂട്ടി നവീകരിച്ച് സൗന്ദര്യവൽക്കരണ പ്രവർത്തികൾ തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ റോഡ് ഫണ്ട് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഇതുപോലെ മറ്റു നഗരങ്ങളിലും ഇത്തരത്തിലുള്ള പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിക്കുന്നതാണ്. സംസ്ഥാനത്ത് രൂക്ഷമായി ഗതാഗതകുരുക്ക് അനുഭവപ്പെടുന്ന നഗരങ്ങളിൽ ശാസ്ത്രീയമായി റോഡ് വികസിപ്പിക്കുന്നതിന് നഗരത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി നഗര റോഡ് വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് രൂപം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് തിരുവനന്തപുരം നഗരത്തിൽ 42.537 കിലോ മീറ്റർ നീളത്തിലുള്ള 16 കോറിഡോറുകളുടെ സമഗ്രവികസനമാണ് നടപ്പാക്കിയത്. രണ്ടാമത്തെ പദ്ധതിയായ കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 22.251 കി.മീ. ദൈർഘ്യത്തിൽ 6 കോറിഡോറുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ആലപ്പുഴ നഗര റോഡു വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 49.522 കി.മീ. ദൈർഘ്യത്തിൽ 21 കോറിഡോറുകളുടെ വികസനം ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കണ്ണൂർ, കൊല്ലം എന്നീ നഗരങ്ങളിൽ കൂടി ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത് സംബന്ധിച്ച തീരുമാനമൊന്നും എടുത്തിട്ടില്ല.

(സി) ഗതാഗതകുരുക്ക് രൂക്ഷമായിരിക്കുന്ന ടൗണുകളിൽ സുഗമമായ ഗതാഗതം ഉറപ്പുവരുത്തുന്നതിന് ഫ്ലൈ ഓവറുകളും അടിപാതകളും നിർമ്മിച്ചുവരുന്നു. ഫണ്ടിന്റെയും സ്ഥലത്തിന്റെയും ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ സ്ഥലങ്ങളിൽ ഫ്ലൈ ഓവറുകളും അടിപ്പാതകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## റോഡ് പ്രവൃത്തികളിൽ നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തൽ

8 (2242) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് പ്രവൃത്തികളിൽ വിശിഷ്യ ടാറിംഗ് പ്രവൃത്തിയിൽ നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗം ആരംഭിച്ചിട്ടുണ്ടോ ;

(ബി) പുതിയ സാങ്കേതികവിദ്യയുടെ സവിശേഷതകൾ വിശദമാക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിന് കീഴിൽവരുന്ന എല്ലാ റോഡ് പ്രവൃത്തികൾക്കും പുതിയ സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ റോഡ് പ്രവൃത്തികളുടെ ടാറിംഗ് പ്രവൃത്തിയിൽ നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഈ വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളിൽ BM&BC ഉപയോഗിച്ച് ഉപരിതലം പുതുക്കുന്ന പ്രവൃത്തികളിൽ സാധാരണ ബിറ്റുമിന് പകരമായി NRMB ഉപയോഗിച്ച് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം സാങ്കേതിക വിദ്യകൾ വഴി റോഡിന്റെ ഉപരിതലം കൂടുതൽ ഈടുറ്റതാക്കുവാൻ സാധിക്കുന്നതാണ്. റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്കായി NRMB ഉപയോഗിക്കുന്നതുവഴി BPCL (Bharat Petroleum Corporation Limited) ഉൽപ്പാദിപ്പിക്കുന്ന പരമാവധി NRMB ഉപയോഗിക്കാവുന്നതുമാണ്. കൂടാതെ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് ടാറിംഗിനായി ഉപയോഗിക്കുന്നതുവഴി പ്ലാസ്റ്റിക്കുമൂലം ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നം ഒരു പരിധിവരെ കുറയ്ക്കുവാനും സാധിക്കുന്നതാണ്.

(സി) പൊതുമരാമത്ത് വകുപ്പിൽ പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് ടാറിംഗ് നടത്തുന്നതിന്റെ ഭാഗമായി നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന എല്ലാ BM&BC പ്രവൃത്തികളിലും NRMB ഉപയോഗിക്കുന്നതിനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തി വരുന്നു. 2016-17-ൽ NRMB ഉപയോഗിച്ച് ഉപരിതല നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. പൊതുമരാമത്ത് നിരത്തു വിഭാഗത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പാലക്കാട്, മഞ്ചേരി, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലായി 27.45 കി.മീ. റോഡുകൾ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് ഉപയോഗിച്ച് പരമ്പരാഗതമായി 20 എം.എം. ചിപ്പിംഗ് കാർപ്പെറ്റിംഗ് ഉപരിതലം നിർമ്മിച്ചിട്ടുണ്ട്. ബി.എം.&ബി.സി. പ്രവൃത്തികളിൽ പ്ലാസ്റ്റിക് ഉപയോഗിച്ച്

നിർമ്മാണം നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ചുള്ളിയൂർ - ചടച്ചി - മാർത്താണ്ഡം റോഡിൽ മാരായമുട്ടം ഭാഗത്ത് 1.00 കി.മീ. ദൂരം വരുന്ന ബി.സി. ഉപരിതലം പരീക്ഷണാടിസ്ഥാനത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 100 കി.മീ. റോഡുകൾ പ്ലാസ്റ്റിക് ഉപയോഗിച്ച് ഈ വർഷം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ദേശീയ പാതയുടെ അധീനതയിൽ വരുന്ന പ്രവൃത്തികൾ എല്ലാംതന്നെ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് ചെയ്യുന്നത്.

**റോഡ് നിർമ്മാണത്തിലെ പിഴവുകൾ**

9 (2243) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണത്തിലെ പിഴവുകൾ കാരണം പല റോഡുകളും കാലാവധി തീരും മുമ്പ് തന്നെ നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ കരാറുകാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കിവരുന്ന നഗര റോഡ് വികസന പദ്ധതികളിൽ 15 വർഷത്തെ പരിപാലന വ്യവസ്ഥ കൂടി ഉൾപ്പെടുത്തിയാണ് കരാർ നൽകുന്നത്. ആകയാൽ ഈ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ നിർമ്മാണത്തിലെ പിഴവുകൾ കാരണം കാലാവധി തീരുന്നതിനുമുമ്പ് നശിക്കുന്നില്ല. മാത്രവുമല്ല റോഡിനോ, നടപ്പാതയ്ക്കോ നിർമ്മാണ വൈകല്യംമൂലം എന്തെങ്കിലും കേടുപാടുകൾ ഉണ്ടായാൽ അത് പദ്ധതിയുടെ കൺസഷണർ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും പരിഹരിക്കുന്നു. ദേശീയപാതാ വിഭാഗത്തെ സംബന്ധിച്ചിടത്തോളം നിർമ്മാണത്തിലെ പിഴവുകൾ കാരണം കാലാവധി തീരുംമുമ്പ് റോഡ് തകർന്ന ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എൻ.എച്ച്. 47-ൽ എക്സ്റേ ജംഗ്ഷൻ (കി.മീ.406/00) മുതൽ കൃഷ്ണപുരം ജംഗ്ഷൻ (കി.മീ.462/00) വരെ നേരത്തേ നടത്തിയ പ്രവൃത്തി ഭാഗികമായി തകർന്നിരുന്നു. തകർന്ന ഭാഗങ്ങൾ വർക്ക് ഏറ്റെടുത്ത് നടത്തിയിരുന്ന അതേ കരാറുകാരെക്കൊണ്ടുതന്നെ അറ്റകുറ്റ പണികൾ നടത്തി ഗതാഗത യോഗ്യമാക്കിയിട്ടുള്ളതുമാണ്. ഈ പ്രവൃത്തി നടത്തിയ കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി ലൈസൻസ് മരവിപ്പിച്ചിട്ടുണ്ട്.

## നേമം നിയോജകമണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

10 (2244) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഭരണാനുമതി ലഭിച്ച ഏതെല്ലാം പ്രവൃത്തികളാണ് നേമം നിയോജക മണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി റോഡ്സ് വിഭാഗത്തിന് കീഴിൽ പുരോഗമിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

നേമം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തു വിഭാഗത്തിന് കീഴിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## റോഡ് നിർമ്മാണത്തിനായി ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങൾ

11 (2245) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ റോഡുകൾ നിർമ്മാണം കഴിഞ്ഞ് അധികം വൈകാതെ തന്നെ തകർച്ചയിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കാരണങ്ങളെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ;

(ബി) നിലവിലെ റോഡ് നിർമ്മാണ രീതി കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമാണോയെന്ന് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) റോഡ് നിർമ്മാണത്തിനായി ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും റോഡുകളുടെ ഡ്യൂറബിലിറ്റി ഉറപ്പ് വരുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകൾ നിർമ്മാണം കഴിഞ്ഞ് അധികം വൈകാതെതന്നെ തകർച്ചയി ലാകുന്നത് സംബന്ധിച്ച് റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. എന്നാൽ ദേശീയപാതാ വിഭാഗത്തിൽ നിർമ്മാണം കഴിഞ്ഞ് കാലാവധി തീരുംമുമ്പ് റോഡ് തകർന്ന ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാരണങ്ങളെക്കുറിച്ച് വിശദമായി പഠനങ്ങളും നടത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കേരളത്തിന്റെ കാലാവസ്ഥയ്ക്ക് ഏറ്റവും അനുയോജ്യമായത് സിമന്റ് കോൺക്രീറ്റ് റോഡുകളാണ്. പക്ഷെ അതിനുള്ള ചെലവ് അതിഭീമമായതിനാൽ ബിറ്റുമിനസ് റോഡുകൾ തന്നെയാണ് നിർമ്മിച്ചുവരുന്നത്.

(സി) ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയനിലവാരം പുലർത്തുന്നതിലേയ്ക്കായി ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതികവിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കാൻ സാധിക്കുംവിധം ദേശീയപാതാ വിഭാഗത്തിൽ കരാറുകൾ ഇ.പി.സി. വ്യവസ്ഥയിലും നടപ്പാക്കി വരുന്നു. റോഡ് നിർമ്മാണത്തിനായി ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും റോഡുകളുടെ ഡ്യൂറബിലിറ്റി ഉറപ്പ് വരുത്തുന്നതിന്റെയും ഭാഗമായി റോഡുകളുടെ ടാറിംഗ് പ്രവൃത്തികൾക്കായി NRMB (Natural Rubber Modified Bitumen)-യും ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ റോഡിന്റെ അടിസ്ഥാനത്തിന് ആവശ്യമായ ഉറപ്പില്ലാത്ത സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ഉറപ്പുവരുത്തി റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് മാനുവലിൽ പറഞ്ഞിരിക്കുന്ന ക്വാളിറ്റി ഓഡിറ്റിംഗ് പൊതുമരാമത്ത് പ്രവൃത്തികളിൽ നടപ്പാക്കിവരുന്നു. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ലാബുകളും മറ്റ് ജില്ലകളിൽ ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ച് പ്രവർത്തനം നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി പൊതുമരാമത്ത് പ്രവൃത്തികളുടെ നിലവാരം മെച്ചപ്പെടുത്തുവാൻ സാധിക്കുന്നുണ്ട്.

**ഒരോടം പാലം പുനരുദ്ധാരണം**

12 (2246) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട മണ്ഡലത്തിലെ ഒരോടം പാലം വീതികൂട്ടി പുനരുദ്ധാരണം നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനായി സി.ഇ. (എൻ.എച്ച്) മുഖാന്തരം തുക അനുവദിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഡി.പി.ആർ. ഉൾപ്പെടെ തയ്യാറാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

ഉത്തരം

(എ) മങ്കട മണ്ഡലത്തിലെ ഒരോടം പാലത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി 2017-18-ലെ കേന്ദ്ര വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനു വേണ്ടി സമർപ്പിച്ച പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ബി) ഈ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള തുക പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽനിന്ന് ദേശീയപാതാ വിഭാഗത്തിന് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കൽ പുരോഗമിച്ചുവരുന്നു.

## ആസ്തിവികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ

13 (2247) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള, പൊതുമരാമത്ത് വകുപ്പിന് കീഴിൽ വരുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ടോ?

ഉത്തരം

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള പൊതുമരാമത്ത് വകുപ്പിന് കീഴിൽ വരുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് നൽകിയിട്ടുള്ളതാണ്. ഇതിനായി വകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ പ്രവൃത്തികളെ സംബന്ധിച്ച് അവലോകനം നടത്താറുണ്ട്.

## ദേശീയ സംസ്ഥാന പാതകളിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുവാൻ നടപടി

14 (2248) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കേരളത്തിലെ ദേശീയ പാതകളിലും സംസ്ഥാന പാതകളിലും സൈൻ ബോർഡ് സ്ഥാപിക്കുവാൻ പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനുവേണ്ടി റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സൈൻ ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കേരളത്തിലെ ദേശീയ പാതകളിലും സംസ്ഥാന പാതകളിലും സൈൻ ബോർഡ് സ്ഥാപിക്കുവാൻ പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) എല്ലാ സാമ്പത്തിക വർഷവും സംസ്ഥാന ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും മുമ്പ് സ്ഥാപിച്ച സൈൻ ബോർഡുകളുടെ കേടുപാടുകൾ പരിഹരിക്കുന്നതിനും പദ്ധതിയേതര ഫണ്ട് അനുവദിക്കാറുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ പദ്ധതിയേതര ഫണ്ട് അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| 2012-13 | 1.6 കോടി രൂപ |
| 2013-14 | 1.76 കോടി രൂപ |
| 2014-15 | 1.76 കോടി രൂപ |
| 2015-16 | 1.76 കോടി രൂപ |
| 2016-17 | 1.76 കോടി രൂപ |

മേൽപ്പറഞ്ഞ ഫണ്ട് കൂടാതെ കേരള റോഡ് ഫണ്ട് സുരക്ഷാ അതോറിറ്റിയിൽ നിന്നും സംസ്ഥാനത്തുടനീളം വിവിധതരം സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനായി 2009-ൽ 6.1 കോടി രൂപ അനുവദിക്കുകയുണ്ടായി.

(സി) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ ഐ.ആർ.സി. മാനദണ്ഡങ്ങൾക്കനുസരിച്ച് ആവശ്യമായ സൈൻ ബോർഡുകൾക്ക് എസ്റ്റിമേറ്റ് അതാത് സെക്ഷൻ ഓഫീസിൽനിന്നും തയ്യാറാക്കി ഭരണാനുമതിക്കായി ഡിവിഷൻ ഓഫീസുകൾ വഴി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സമർപ്പിക്കുകയും ആയത് പരിശോധിച്ച് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും ഭരണാനുമതി നൽകുന്ന മുറയ്ക്ക് പ്രസ്തുത എസ്റ്റിമേറ്റ് സാങ്കേതികാനുമതി ലഭിച്ചശേഷം പൊതുമരാമത്ത് വകുപ്പിന്റെ നടപടിക്രമങ്ങൾ പാലിച്ച് ദർഘാസ് മുഖേന തിരഞ്ഞെടുക്കുന്ന കരാറുകാരന് പ്രവൃത്തി നിർവ്വഹണത്തിനുള്ള അനുമതി നൽകുകയും അതുപ്രകാരം സൈൻ ബോർഡുകൾ സ്ഥാപിച്ചു വരികയും ചെയ്യുന്നു.

**മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി പാലം പുനരുദ്ധാരണം**

15 (2249) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി പാലം പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സി.ഇ. (എൻ.എച്ച്.) നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കാമോ;

(ബി) ഇതിനായി ഫണ്ട് വകയിരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമായി ഇടപെട്ട് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി പാലത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി 2017-18-ലെ കേന്ദ്ര വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**മംഗലം - ഗോവിന്ദാപുരം സംസ്ഥാന പാത**

16 (2250) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മംഗലം-ഗോവിന്ദാപുരം സംസ്ഥാന പാതയെ നാഷണൽ ഹൈവേയായി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എന്ന് മുതൽ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) മംഗലം-ഗോവിന്ദാപുരം സംസ്ഥാന പാത ഉൾപ്പെടുന്ന വടക്കാഞ്ചേരി പൊള്ളാച്ചി റോഡ്, ദേശീയപാത ആക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ സാധ്യതാ പഠനവും വിശദമായ പദ്ധതി രൂപരേഖയും ഉണ്ടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരുമല-തൃക്കണ്ണാപുരം റോഡ് വീതികൂട്ടാൻ നടപടി**

17 (2251) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുമല-തൃക്കണ്ണാപുരം റോഡ് വീതികൂട്ടൽ പ്രവർത്തനങ്ങൾ ഏതുവരെയായി; സ്ഥലം ഏറ്റെടുത്തിട്ടും പ്രവൃത്തികൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത റോഡിന്റെ വികസനത്തിന് കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിന് അറിയിപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത റോഡരികിൽ സ്ഥിതി ചെയ്യുന്ന കടകൾക്ക് പുനരധിവാസം നൽകാത്തതിനാൽ കടകൾ മാറ്റി തന്നിട്ടില്ല.

**കൊല്ലം-മുചുകുന്ന് റെയിൽവേ മേൽപ്പാലം**

18 (2252) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നഗരത്തിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാക്കാൻ കഴിയുന്ന അനുയോജ്യമായ പദ്ധതിയാണ് കൊല്ലം -മുചുകുന്ന് റെയിൽവേ മേൽപ്പാലം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊല്ലം -മുചുകുന്ന് റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് നിയമസഭ സാമാജികൻ സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ ;

(സി) വളരെ അടിയന്തരമായി പരിഗണിക്കേണ്ട ഈ ആവശ്യം സംബന്ധിച്ച് അനുകൂലമായ നടപടി സ്വീകരിക്കുമോ? പ്രസ്തുത പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇ 936647/16 എം (പി.ഡബ്ല്യൂ.ഡി. ആൻഡ് ആർ.) പ്രകാരം പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്ന് എൻ.എച്ച്.എ.ഐ. റീജിയണൽ ഓഫീസിലേയ്ക്ക് അയച്ച കുറിപ്പിൻമേൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) കൊല്ലം (എൽ.സി.നമ്പർ204), മുച്ചുകുന്ന് (എൽ.സി.നമ്പർ205) എന്നീ റെയിൽവേ ഗേറ്റുകളിൽ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള നടപ്പാക്കൽ ഏജൻസിയായി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ 31-1-2017 തീയതിയിലെ സ.ഉ. (സാധാ) നമ്പർ118/2017/പൊ.മ.വ. പ്രകാരം നിയമിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത സ്ഥലത്ത് ബൈപ്പാസ് നിർമ്മിക്കാനാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ളത്. നന്തി ചെങ്കോട്ടുകാവ് ബൈപ്പാസ്, നിലവിലെ എൻ.എച്ച്. 17-ന്റെ ഇടതുവശത്തുനിന്ന് (കി.മീ.214) മൂടാടി വില്ലേജിലെ നന്തി എന്ന സ്ഥലത്ത് നിന്ന് തുടങ്ങുകയും കി.മീ. 225-ൽ ചെങ്ങോട്ടുകാവ് എന്ന സ്ഥലത്ത് അവസാനിക്കുകയും ചെയ്യുന്നു. ഈ ബൈപ്പാസ് കൊയിലാണ്ടി ബൈപ്പാസ് എന്നും അറിയപ്പെടുന്നു. പ്രസ്തുത പ്രവൃത്തി കണ്ണൂർ വെങ്ങളം (148/000 മുതൽ 230/000 വരെ) എന്ന പ്രോജക്ട് പാക്കേജിലാണ്. പ്രസ്തുത ഹൈവേയുടെ നീളം 11 കി. മീ-ഉം അതിൽ ഏകദേശം 9 കി.മീ. നീളത്തിൽ സർവ്വേ കഴിഞ്ഞിട്ടുള്ളതുമാണ്.

**വയനാട് ചുരം ബദൽ റോഡ് നിർമ്മാണം**

19 (T* 2253) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ചുരം ബദൽ റോഡ് നിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ചുരം ബദൽ റോഡ് സംബന്ധിച്ച നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ചുരം ബദൽ റോഡിനായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ തുടങ്ങിയിരുന്നു എങ്കിലും വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങളിലൂടെയുള്ള സർവ്വേ നടപടികൾക്ക് പ്രസ്തുത വകുപ്പിന്റെ അനുമതി ലഭിക്കാതിരുന്നതിനാൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## സ്പീഡ് കേരള പദ്ധതി

20 (2254) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ദാസൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗത കുരുക്കിന് ഗണ്യമായ പരിഹാരമുണ്ടാകുന്ന വിധത്തിൽ ഫ്ലൈ ഓവറുകൾ, പാലങ്ങൾ, റോഡുകൾ എന്നിവ നിർമ്മിക്കുന്നതിനായി "സ്പീഡ് കേരള"പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇവയുടെ ചെലവ് വഹിക്കുന്നതിനുള്ള ഫണ്ട് എവിടെ നിന്നാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. പദ്ധതി നടപ്പാക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. പ്രസ്തുത പദ്ധതി പ്രകാരം ചുവടെ ചേർത്തിട്ടുള്ള നാല് പ്രവൃത്തികളാണ് ഉള്ളത്.

പാലാരിവട്ടം മേൽപ്പാലം :

620 മീറ്റർ നീളവും 15 മീറ്റർ വീതിയും വരുന്ന നാലുവരി പാതയോടുകൂടിയ പാലാരിവട്ടം ഫ്ലൈ ഓവറിന്റെ നിർമ്മാണം 41.28 കോടി രൂപ നിർമ്മാണ ചെലവിൽ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ പൂർത്തീകരിച്ചു.

കഞ്ഞിക്കുഴി വെട്ടത്തുകവല കറുകച്ചാൽ മല്ലപ്പള്ളി റോഡ് ഉപരിതലം ബലപ്പെടുത്തൽ :

22.8 കി.മീ. ദൈർഘ്യമുള്ള റോഡുകളുടെ വികസനമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. 67.26 കോടി രൂപ മതിപ്പ് ചെലവിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നിർമ്മാണം പൂർത്തീകരിച്ചു.

രാമപുരം നാലമ്പലം ദർശനം റോഡ് പുനരുദ്ധാരണം : കോട്ടയം ജില്ലയിലെ 46.81 കി.മീ. ദൈർഘ്യമുള്ള 14 റോഡുകളുടെയും 4 അപ്രോച്ച് റോഡുകളുടെയും വികസനം ലക്ഷ്യമിടുന്ന ഈ പദ്ധതിയുടെ നിർമ്മാണം 67 കോടി രൂപ മതിപ്പു ചെലവിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു.

എൻ.എച്ച്.ബൈപ്പാസ് നിർമ്മാണം : കോഴിക്കോട് ബൈപ്പാസിന്റെ വെങ്ങളം മുതൽ പൂളാടിക്കുന്ന് വരെയുള്ള 5.1 കി.മീ. ദൈർഘ്യം വരുന്ന പൂർത്തിയാക്കാത്ത ഭാഗം വികസിപ്പിക്കുവാനാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. കോരപ്പുഴയിലും പുറക്കാട്ടേരിയിലും രണ്ട് പ്രധാന പാലങ്ങൾ ഉൾപ്പെടെ 152.75 കോടി രൂപ നിർമ്മാണ ചെലവിൽ പൊതുമരാമത്ത് എൻ.എച്ച്. വിഭാഗം പൂർത്തീകരിച്ചു.

ദേശീയ പാത വിഭാഗത്തെ സംബന്ധിച്ചിടത്തോളം എൻ.എച്ച്.17- കോഴിക്കോട് ബൈപ്പാസിന്റെ ബാക്കിയുള്ള ഭാഗം ഫേസ് II റീച്ച് II കി.മീ. 0/000 മുതൽ 5/100 വരെയുള്ള റോഡിന്റെ ഭാഗത്തെ പ്രവൃത്തികൾ 22-1-2016-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിക്ക് 152.75 കോടി രൂപ ചെലവായിട്ടുണ്ട്.

(സി) കേരള റോഡ് ഫണ്ട് ബോർഡ് മുഖേനയാണ് പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുള്ളത്.

## പോട്ട് ഹോൾ മെഷീൻ

21 (2255) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന് സ്വന്തമായി പോട്ട് ഹോൾ മെഷീൻ വാങ്ങിയിട്ടുണ്ടോ; എന്നാണ് വാങ്ങിയത്; എന്ത് തുകയ്ക്കാണ് വാങ്ങിയത്; ഈ മെഷീൻ ഇപ്പോൾ പ്രവർത്തനക്ഷമമാണോ; വിശദമാക്കാമോ;

(ബി) പോട്ട് ഹോൾ മെഷീൻ പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത മെഷീൻ എന്നത്തേക്ക് പ്രവർത്തനക്ഷമമാക്കാൻ കഴിയും എന്ന് അറിയിക്കുമോ;

(സി) പോട്ട് ഹോൾ മെഷീൻ ഉപയോഗിച്ച് എവിടെയെങ്കിലും പൊതുമരാമത്ത് വകുപ്പ് മെയിന്റനൻസ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടോ;

(ഡി) പോട്ട് ഹോൾ മെഷീൻ ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് നേരിട്ടാണോ പ്രവൃത്തികൾ നടത്തുന്നത്; കരാറുകാർക്ക് പോട്ട് ഹോൾ മെഷീൻ വാടകയ്ക്ക് നൽകാറുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ മാനദണ്ഡം എന്താണ്;

(ഇ) വലിയ തുക മുടക്കി വാങ്ങിയ പോട്ട് ഹോൾ മെഷീൻ ഉപയോഗിക്കാതെ കിടക്കുന്നതുമൂലമുണ്ടാകുന്ന നഷ്ടത്തിന് ഉത്തരവാദികൾ ആരാണ് എന്ന് വ്യക്തമാക്കാമോ; പൊതുമരാമത്ത് വകുപ്പിലെ ഇത്തരം അനാസ്ഥകൾക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വാങ്ങിയിട്ടുണ്ട്. 2011-ൽ 31,57,076 രൂപയ്ക്കാണ് വാങ്ങിയത്. ടി മെഷീൻ 2013-ാം വർഷം വരെ പ്രവർത്തന സജ്ജമായിരുന്നുവെങ്കിലും നിലവിൽ പ്ലാന്റ് എഞ്ചിൻ കേടായതിനെത്തുടർന്ന് പ്രവർത്തന സജ്ജമല്ലാതായിരിക്കുന്നു.

(ബി) ടി മെഷീൻ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(സി) പോട്ട് ഹോൾ ഫില്ലിംഗ് മെഷീൻ ഉപയോഗിച്ച് തിരുവനന്തപുരം ഡിവിഷന്റെ കീഴിൽ വരുന്ന റോഡുകളിൽ മെയിന്റനൻസ് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

(ഡി) പോട്ട് ഹോൾ ഫില്ലിംഗ് മെഷീൻ ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് നേരിട്ടാണ് പ്രവൃത്തികൾ നടത്തുന്നത്. മെഷീൻ കരാറുകാർക്ക് വാടകയ്ക്ക് നൽകുന്നില്ല.

(ഇ) മെഷീൻ പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഉപയോഗിക്കാതെ കിടക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പ്രവർത്തന രഹിതമായ മെഷീൻ യഥാസമയം പ്രവർത്തിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച് അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## കിഫ്ബി മുഖേന നടപ്പിലാക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ

22 (2256) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17 വർഷത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ; ഈ പ്രവൃത്തികളിൽ കൊയിലാണ്ടി മണ്ഡലത്തിലേയ്ക്കായി അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയുടെയും നടപടി പുരോഗതി വിശദമാക്കാമോ;

(ബി) 2017-2018 വർഷത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികളിൽ കൊയിലാണ്ടി മണ്ഡലത്തിലേയ്ക്കായി അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയുടെയും നടപടി പുരോഗതി വിശദമാക്കാമോ ;

(സി) കൊയിലാണ്ടി മണ്ഡലത്തിൽ ഭരണാനുമതി ഉള്ളതും നിർമ്മാണം നടന്ന് വരുന്നതും നടപടികൾ ഇനിയും പൂർത്തിയാക്കാൻ ഉള്ളതുമായ വിവിധ പാലം പ്രവൃത്തികളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ; ഓരോ പാലത്തിന്റെയും കാര്യത്തിൽ ഇനി എന്തെല്ലാം നടപടികൾ പൂർത്തിയാവാൻ ഉണ്ട്; നടപടികൾ ഏത് ഓഫീസിലാണ് പൂർത്തീകരിക്കാൻ ഉള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) ദേശീയപാത വിഭാഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. തിരുവനന്തപുരം ജില്ലയിലെ കരമന- കളിയിക്കാവിള ദേശീയപാത ഒന്നാം ഘട്ടം രണ്ടാം റീച്ച് - പ്രാവച്ചമ്പലം മുതൽ വഴിമുക്കുവരെയുള്ള ഭാഗം നാലുവരിപ്പാതയാക്കി കിഫ്ബി മുഖേന വികസിപ്പിക്കുന്നതിന് 153 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

2. കോഴിക്കോട് ജില്ലയിലെ കോരപ്പുഴ പാലത്തിന്റെ പുനർനിർമ്മാണം കിഫ്ബി മുഖേന നടപ്പിലാക്കുവാൻ പ്രാഥമിക അനുമതി നൽകിയിട്ടുണ്ട്.

പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ രജിസ്ട്രേഷൻ വകുപ്പിലേയ്ക്കായി 2016-17 സാമ്പത്തിക വർഷം രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണത്തിനായി നികുതി വകുപ്പിൽനിന്നും 49.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കൊയിലാണ്ടി മണ്ഡലത്തിലേയ്ക്കായി അനുവദിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

കൊല്ലം-നെല്യാടി-മേപ്പയൂർ റോഡ്- 10 കോടി- ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആരംഭിച്ചു. അകലാപ്പുഴ പാലം-35 കോടി-ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചു. തോരായിക്കടവ് പാലം-25 കോടി-ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചു.

(ബി) 2017-18 വർഷത്തിൽ കിഫ്ബി മുഖേനയുള്ള നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ പ്രവൃത്തികൾ

1. മേപ്പയ്യൂർ - കീഴരിയൂർ നെല്യാടിക്കടവ് റോഡ് - 15 കോടി- ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിച്ചു.

2. കൊയിലാണ്ടി-അഞ്ചാംപീടിക റോഡ്- 35 കോടി - ഭരണാനുമതി നൽകിയിട്ടില്ല.

3. നടേരിക്കടവ് പാലം- 20 കോടി - ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

4. ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് - RoB 25 കോടി - ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ

1. ഉള്ളൂർക്കടവ് പാലം : പുതുക്കിയ ഭരണാനുമതിക്കുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

2. അഴീക്കൽ കടവ് പാലം : സാമൂഹിക സാമ്പത്തിക സർവ്വേ ഉൾപ്പെടുത്തികൊണ്ട് എൽ.എ. അർത്ഥനയ്ക്ക് നടപടികൾ സ്വീകരിച്ചു വരുന്നു.

3. കോട്ടക്കടവ് പാലം: സാധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

**പ്രധാന റോഡുകൾ വെട്ടിപ്പൊളിക്കുന്നത് നിയന്ത്രിക്കാൻ നടപടി**

23 (2257) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെങ്കിലും റോഡുകൾ വികസിപ്പിക്കുന്ന അവസരത്തിൽ കേബിളുകൾ, പൈപ്പുകൾ തുടങ്ങിയവ പ്രത്യേകം ഡക്റ്റുകൾ നിർമ്മിച്ച് അവയിലൂടെ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) നിലവിലുള്ള റോഡുകൾ, വികസനത്തിന്റെ പേരിൽ നിരന്തരം വെട്ടിപ്പൊളിക്കുന്നത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചുവരുന്നു. ദേശീയപാത നാല് വരിപ്പാതയായി വികസിപ്പിക്കുന്ന പദ്ധതിയിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി കേബിളുകൾ, പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് യൂട്ടിലിറ്റി സ്പെയ്സ്/യൂട്ടിലിറ്റി ഡക്റ്റ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി പുതുതായി നടപ്പിലാക്കുന്ന നഗര റോഡ് വികസന പദ്ധതികളിൽ കേബിളുകൾ, പൈപ്പുകൾ തുടങ്ങിയവ പ്രത്യേകം ഡക്റ്റുകൾ നിർമ്മിച്ച് അവയിലൂടെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി&സി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ മറ്റ് ഏജൻസികളുടെ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിന്റെ മുൻകൂർ അനുവാദം വാങ്ങിയതിനുശേഷം മാത്രമാണ് നടപ്പാക്കേണ്ടത്. എന്നാൽ വകുപ്പിന്റെ അനുവാദം ഇല്ലാതെ റോഡ് വെട്ടിപ്പൊളിക്കുന്നത് നിയന്ത്രിക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനട യാത്രക്കാർക്കും വാഹനങ്ങൾക്കും

സുരക്ഷിത യാത്ര സാദ്ധ്യമാക്കുന്നതിനും വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി സർക്കാർ ഉത്തരവ് (കൈ)നമ്പർ63/16/പൊ.മ.വ. തീയതി 3-9-2016 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1602/2016/പൊ.മ.വ. തീയതി 21-11-2016 പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികൾക്കായി വെട്ടിപ്പൊളിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ചുള്ള ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റോഡുകൾ വെട്ടിപ്പൊളിച്ച് ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്നത് ഒരു പരിധിവരെ നിയന്ത്രിച്ചിട്ടുണ്ട്.

**തീരദേശ ഹൈവേയുടെ ഇൻവെസ്റ്റിഗേഷനും നിർമ്മാണവും**

24 (2258) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ ഹൈവേയുടെ ഇൻവെസ്റ്റിഗേഷൻ ഏത് ഏജൻസിയാണ് നടത്തുന്നത്; ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് എന്ന് സമർപ്പിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) തീരദേശഹൈവേയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; പദ്ധതിരേഖ എന്നത്തേക്ക് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ കഴിയും എന്നറിയിക്കാമോ;

(സി) തീരദേശ ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും; ഇതിനായി എന്ത് തുക ആവശ്യമായി വരുമെന്നും തീരദേശ ഹൈവേ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) തീരദേശ ഹൈവേയുടെ സാധ്യതാ പഠനം നാറ്റ്പാക് ആണ് നടത്തുന്നത്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ഫൈനൽ അലൈൻമെന്റും ജില്ലാതല റൂട്ട് വിവരങ്ങളും അടങ്ങിയ റിപ്പോർട്ട് ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്.

(ബി) തീരദേശ ഹൈവേയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് നാറ്റ്പാക് സന്നദ്ധത അറിയിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് സർക്കാർ തീരുമാനമായിട്ടില്ല. പദ്ധതി രേഖ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖാന്തരം ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

(സി) നാറ്റ്പാക്കിന്റെ റിപ്പോർട്ട് പ്രകാരം 655.60 കി.മീ. തീരദേശ പാതയുടെ നിർമ്മാണത്തിനായി 6048 കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീരദേശ പാതയുടെ പദ്ധതി രേഖ അന്തിമമായി തയ്യാറാക്കിയതിനുശേഷം മാത്രമേ നിർമ്മാണം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ നൽകുവാൻ സാധിക്കുകയുള്ളൂ.

## ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് കെട്ടിട നിർമ്മാണം

25 (2259) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നിർമ്മാണമേഖല വളരെയേറെ അത്യാധുനികവും ആകർഷകവുമായിട്ടും സർക്കാർ കെട്ടിടങ്ങൾ മാത്രം അനാകർഷകമായ മാതൃകയിൽ നിർമ്മിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നവീനവും ആകർഷകവുമായ രൂപകൽപ്പന സർക്കാർ കെട്ടിട നിർമ്മാണത്തിലും അവലംബിക്കുമോ; ഇതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(സി) പി.ഡബ്ല്യൂ.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തെ ആധുനികവൽകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ഡി) ആധുനിക സാങ്കേതികവിദ്യ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഉപയോഗപ്പെടുത്താനും എഞ്ചിനീയേഴ്സിനെ പ്രൊഫഷണലുകളാക്കി മാറ്റാനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ കെട്ടിടങ്ങൾ രൂപകല്പന ചെയ്യുമ്പോൾ ഏറ്റവും പ്രാധാന്യം നൽകേണ്ടത് അവയുടെ ഉപയോഗ ക്ഷമതയ്ക്കാണ്. സമൂഹത്തിലുള്ള എല്ലാ വിഭാഗം ആൾക്കാരും ഒരുപോലെ ഉപയോഗിക്കുന്ന ഈ കെട്ടിടങ്ങൾ നാട്ടിലെ കാലാവസ്ഥയ്ക്ക് അനുസൃതമായി, നിയന്ത്രിതമായ ചെലവിൽ നിർമ്മിക്കുമ്പോൾ മറ്റു മേഖലയിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ ഭംഗി കൂട്ടുവാൻ മാത്രമായി ഉപയോഗിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തുവാൻ കഴിയാറില്ല.

(ബി) നവീനമായ ആശയങ്ങൾ വാസ്തുശില്പ വിഭാഗം രൂപകല്പനകളിൽ സ്വീകരിച്ചിട്ടുണ്ട്. ലോകമെമ്പാടും ഇന്ന് ഏറ്റവും പ്രാധാന്യത്തോടെ അവലംബിച്ചിട്ടുള്ള ഹരിത നിർമ്മാണ രീതി വാസ്തുശില്പ വിഭാഗം നടപ്പാക്കിയിട്ടുണ്ട്. ഇതനുസരിച്ച് കെട്ടിടങ്ങളിൽ ഉപയോഗിക്കേണ്ടി വരുന്ന വൈദ്യുതി, ജലം, എയർകണ്ടീഷണർ എന്നിവയുടെയെല്ലാം അളവ് വളരെയേറെ കുറയ്ക്കുവാനും നിർമ്മാണത്തിനുവേണ്ടി വരുന്ന അസംസ്കൃത വസ്തുക്കളുടെ അളവ് ഒരു പരിധിവരെ കുറയ്ക്കുവാനും സാധിക്കും.

ഈ നിർമ്മാണ രീതി പ്രാബല്യത്തിൽ കൊണ്ടുവരുവാൻ വാസ്തുശില്പ വിഭാഗത്തിലെ എല്ലാ ജീവനക്കാർക്കും പ്രാഥമിക പരിശീലനവും തെരഞ്ഞെടുത്ത 12 പേർക്ക് വിദഗ്ദ്ധ പരിശീലനവും നൽകിയിട്ടുണ്ട്.

(സി&ഡി) പൊതുമരാമത്ത് വകുപ്പിൽ ക്വാളിറ്റി മാന്വൽ 2015-ൽ നടപ്പിലാക്കുകയും തുടർന്ന് കാലാകാലങ്ങളിൽ സർക്കാർ ഉത്തരവുകൾക്കനുസരിച്ച് ആധുനിക സാങ്കേതികവിദ്യയും പുതിയ നിർമ്മാണ സാമഗ്രികളും ഉപയോഗിച്ചുള്ള നിർമ്മാണ രീതികളാണ് അവലംബിച്ചു വരുന്നത്. പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗത്തിൻ കീഴിലുള്ള എച്ച്.ആർ.ഡി. സെൽ മുഖേന എഞ്ചിനീയർമാർക്ക് ആധുനിക സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുന്നതിനും പ്രൊഫഷണലുകളാക്കുന്നതിനും വേണ്ട പരിശീലനം നൽകി വരുന്നു.

## വയനാട് ജില്ലയിൽ സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകളും ഹോസ്റ്റലുകളും

26 (2260) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ സർക്കാർ ജീവനക്കാർക്കായി എത്ര ക്വാർട്ടേഴ്സുകളും ഹോസ്റ്റലുകളും നിലവിലുണ്ട്;

(ബി) എത്ര ജീവനക്കാർക്ക് ഈ സംവിധാനത്തിലൂടെ താമസ സൗകര്യം നൽകുവാൻ കഴിയും;

(സി) സർക്കാർ ജീവനക്കാർക്കായുള്ള ക്വാർട്ടേഴ്സുകളും ഹോസ്റ്റലുകളും വിപുലീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) വയനാട് ജില്ലയിൽ സർക്കാർ ജീവനക്കാർക്കായി 146 ക്വാർട്ടേഴ്സുകളും 3 ഹോസ്റ്റലുകളും നിലവിലുണ്ട്.

(ബി) ക്വാർട്ടേഴ്സുകളിൽ 146 ജീവനക്കാർക്കും ഹോസ്റ്റലുകളിൽ 312 ജീവനക്കാർക്കും ഈ സംവിധാനത്തിലൂടെ താമസ സൗകര്യം ലഭിക്കും.

(സി) പരിശോധിക്കുന്നതാണ്.

**കൊച്ചി നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

27 (2261) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച നിലവിലുള്ള പൊതുമരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണ് ;

(ബി) ഇവയുടെ ഇപ്പോഴുള്ള സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**അരൂർ-ഇടക്കൊച്ചി പാലത്തിന്റെ അറ്റകുറ്റപ്പണികൾ**

28 (2262) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ് പതിറ്റാണ്ട് പഴക്കമുള്ള അരൂർ-ഇടക്കൊച്ചി പാലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ഉത്തരവാദിത്വം ആർക്കാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ സ്പാനുകൾ തമ്മിലുള്ള അകലം വർദ്ധിച്ചിട്ടും തെക്ക് വശത്തുള്ള അപ്രോച്ച് റോഡിന്റെ ഇരുവശവുമുള്ള കോൺക്രീറ്റ് എടുപ്പുകളും കൈവരികളും സ്ലാബുകളും തകർന്നിട്ടും പ്രസ്തുത അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ;

(സി) പാലത്തിന്റെ കാലപ്പഴക്കം കണക്കിലെടുത്ത് സമാന്തര പാലത്തിന്റെയും തോപ്പുംപടി-ഇടക്കൊച്ചി തീരദേശ റോഡിന്റെയും നിർമ്മാണത്തിന് പരിഗണന നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇടക്കൊച്ചി-അരൂർ പാലത്തിന്റെ അറ്റകുറ്റപ്പണികളും സംരക്ഷണവും പൊതുമരാമത്ത് റോഡുകളും പാലങ്ങളും ഡിവിഷൻ, എറണാകുളം ഓഫീസിന്റെ അധികാര പരിധിയിൽ വരുന്നതാണ്.

(ബി) സർക്കാർ നിർദ്ദേശത്തെ തുടർന്ന് പാലങ്ങൾ സംബന്ധിച്ച് നടത്തിയ പരിശോധന റിപ്പോർട്ട് പ്രകാരം, 1960-ൽ ഗതാഗതത്തിനായി തുറന്നു കൊടുത്ത ടി പാലത്തിനെ റൂട്ടീൻ മെയിന്റനൻസ് നടത്തേണ്ട പാലങ്ങളുടെ പട്ടികയിലാണ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ട് പ്രകാരം പിയറിനും വെയറിംഗ് കോട്ടിനും കൈവരികൾക്കും എക്സ്പാൻഷൻ ജോയിന്റുകൾക്കും ഫുട്പാത്ത് സ്ലാബിനും അറ്റകുറ്റപ്പണി ആവശ്യമാണ്. കൂടാതെ ബിയറിംഗിന് ഗ്രീസിംഗും ഓയിൽബാത്തും ആവശ്യമാണ്. ഇതുകൂടാതെ ഫൗണ്ടേഷൻ സംബന്ധിച്ച് തുടർ പഠനവും ആവശ്യമായി വരുന്നു. പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) പരിശോധിച്ചിട്ടില്ല.

**മഞ്ചേരി ഔട്ടർ റിംഗ് റോഡിന്റെ പ്രവൃത്തി**

29 (2263) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി ഔട്ടർ റിംഗ് റോഡിന്റെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായുള്ള സ്ഥലം ഏറ്റെടുപ്പ് പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിലും ജനപ്രതിനിധികളുമായും നടത്തിയ ചർച്ചകളുടെ തീരുമാനങ്ങൾ തീയതി സഹിതം അറിയിക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്ന കാര്യത്തിൽ അനന്തമായ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ഇ) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കാമോ?

ഉത്തരം

(എ) മഞ്ചേരി ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റ് പ്ലാൻ അംഗീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സർവ്വേ നടപടികൾ സ്ഥലമുടമകളുടെ ശക്തമായ എതിർപ്പിനെ തുടർന്ന് പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.

(സി) സർവ്വേ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 11-8-2016-ന് ശ്രീ. എം. ഉമ്മർ, എം.എൽ.എ.-യുടെ നേതൃത്വത്തിൽ മഞ്ചേരി നിരത്ത് വിഭാഗം ഡിവിഷൻ ഓഫീസിൽ ചേർന്ന യോഗത്തിൽ തീരുമാനമുണ്ടായി.

(ഡി) സർവ്വേ നടപടികൾ പൂർത്തിയാകാത്തതിനാലാണ് കാലതാമസം നേരിടുന്നത്.

(ഇ) സർവ്വേ നടപടികൾ പൂർത്തീകരിച്ച് സ്ഥലം പൂർണ്ണമായി ഏറ്റെടുത്തെങ്കിൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**കൊല്ലം ജില്ലയിലൂടെ കടന്നുപോകുന്ന സംസ്ഥാന ഹൈവേകൾ**

30 (2264) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലൂടെ കടന്നുപോകുന്ന സംസ്ഥാന ഹൈവേകളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) കൊല്ലം ജില്ലയിൽ ആകെ എത്ര കിലോമീറ്റർ റോഡാണ് സംസ്ഥാന ഹൈവേ ആയി വിജ്ഞാപനം ചെയ്തിട്ടുള്ളത്;

(സി) കൊല്ലം ജില്ലയിലെ പ്രധാന ജില്ലാ റോഡുകൾ ഏതൊക്കെ; എത്ര ദൈർഘ്യം; വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിലൂടെ കടന്നുപോകുന്ന ആറ് സംസ്ഥാന ഹൈവേകളുടെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) 123.786 കിലോമീറ്റർ റോഡാണ് സംസ്ഥാന ഹൈവേ ആയി വിജ്ഞാപനം ചെയ്തിട്ടുള്ളത്.

(സി) കൊല്ലം ജില്ലയിൽ 461 ജില്ലാ റോഡുകളുണ്ട്. ഇവയുടെ ദൈർഘ്യം 1712.278 കി.മീ. ആണ്. ഇവയുടെ വിശദാംശം അനുബന്ധം-II ആയി ചേർക്കുന്നു.*

**മണലൂർ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ**

31 (2265) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച പൊതുമരാമത്ത് വകുപ്പ് മുഖേനയുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ മണലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കരുവന്തല-ചക്കംകണ്ടം റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനായി കിഫ്ബി മുഖേന ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിന് 35 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പ്രവൃത്തിക്കായുള്ള ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം സൂപ്രണ്ടിംഗ് എഞ്ചിനീയർ, മധ്യമേഖല, ആലുവയ്ക്കും, എക്സി. എഞ്ചിനീയർ, തൃശ്ശൂരിനും നൽകിയിട്ടുണ്ട്. ഡി.പി.ആർ. ലഭ്യമാക്കി ആയത് പരിശോധിച്ച് കിഫ്ബിയ്ക്ക് സമർപ്പിച്ച് കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഏനാത്ത് പാലത്തിനുണ്ടായ ബലക്ഷയം പരിഹരിക്കാൻ നടപടി**

32 (2266) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏനാത്ത് പാലത്തിന്റെ തകർച്ചയെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പാലത്തിന് ബലക്ഷയം സംഭവിച്ചത് സംബന്ധിച്ച് വകുപ്പ് തലത്തിൽ നടത്തിയ അന്വേഷണത്തിൽ വെളിവായ വസ്തുതകൾ എന്തൊക്കെയാണ്;

(സി) ഏനാത്ത് നിർമ്മിച്ച ബെയ്‌ലി പാലത്തിൽ കൂടിയുള്ള ഗതാഗത നിയന്ത്രണം രൂക്ഷമായ ഗതാഗത കുരുക്ക് ഉണ്ടാക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഏനാത്ത് പാലത്തിനുണ്ടായ ബലക്ഷയം എത്രയും വേഗം പരിഹരിച്ച് യാത്രാ ക്ലേശം ലഘൂകരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പോലീസ് വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്.

(ബി) പാലത്തിന്റെ തകർച്ചയെ സംബന്ധിച്ച കാരണങ്ങളെപ്പറ്റി നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയത് പ്രവൃത്തിയിൽ സംഭവിച്ച അപാകതകളോ മണൽവാരൽമൂലമോ ആകാം എന്നുള്ളതാണ്. വിശദമായ അന്വേഷണത്തിൽക്കൂടി മാത്രമേ കാരണം കണ്ടെത്താൻ സാധിക്കുകയുള്ളൂ.

(സി) ഉണ്ട്.

(ഡി) ഏനാത്ത് പാലത്തിന്റെ ബലക്ഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞു. കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഏനാത്ത് പാലത്തിന്റെ പുനരുദ്ധാരണം ധൃതഗതിയിൽ നടന്നുവരുന്നു.

**കെട്ടിട നിർമ്മാണത്തിന് പരിസ്ഥിതി സൗഹൃദ രീതികൾ**

33 (2267) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യമായ നിർമ്മാണശൈലി സ്വീകരിച്ച് കെട്ടിട നിർമ്മാണത്തിൽ പരിസ്ഥിതി സൗഹൃദ രീതികൾ കൊണ്ടുവരാനുള്ള ശ്രമങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഗ്രീൻ ബിൽഡിംഗ് പോളിസി പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇതുവഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്?

(സി) സർക്കാർ കെട്ടിടങ്ങൾക്കും വലിയ സ്വകാര്യ കെട്ടിടങ്ങൾക്കും ഗ്രിഹ (ഗ്രീൻ റേറ്റിംഗ് ഫോർ ഇന്റഗ്രേറ്റഡ് ഹാബിറ്റാറ്റ് അസസ്മെന്റ്) റേറ്റിംഗ് ബാധകമാക്കാനും അതിന്റെയടിസ്ഥാനത്തിൽ കെട്ടിട നികുതിയിൽ ഇളവ് നൽകാൻ ബന്ധപ്പെട്ട വകുപ്പിലേക്ക് ശിപാർശ നൽകുവാനും ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ വാസ്തു ശില്പ വിഭാഗത്തിൽ നിന്നും രൂപകല്പന ചെയ്യുന്ന എല്ലാ കെട്ടിടങ്ങളും ഗ്രീൻ കൺസെപ്റ്റ് പ്രകാരമാണ് തയ്യാറാക്കുന്നത്. ഹരിത നിർമ്മിതികളുടെ കേന്ദ്ര റേറ്റിംഗ് ഏജൻസിയായ ഗ്രിഹയുടെ മൂന്ന് സ്റ്റാർ നിലവാരം ലഭിക്കത്തക്ക രീതിയിലാണ് രൂപകല്പന തയ്യാറാക്കി വരുന്നത്. ഈ നിർമ്മാണ രീതി പ്രാബല്യത്തിൽ കൊണ്ടുവരാൻ വാസ്തുശില്പ വിഭാഗത്തിലെ എല്ലാ ജീവനക്കാർക്കും പ്രാഥമിക പരിശീലനവും തെരഞ്ഞെടുത്ത 12 പേർക്ക് വിദഗ്ദ്ധ പരിശീലനവും നൽകിയിട്ടുണ്ട്. ഗ്രിഹയുടെ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിലേക്കായി രണ്ട് കെട്ടിടങ്ങൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ട്.

(ബി) ഗ്രീൻ ബിൽഡിംഗ് പോളിസി നടപ്പിലാക്കി വരികയാണ്. വർദ്ധിച്ചു വരുന്ന ഊർജ്ജോപഭോഗം, ജല ദൗർലഭ്യം, പല കാരണങ്ങൾ കൊണ്ടുള്ള അന്തരീക്ഷ പരിസര മലിനീകരണവും നമ്മൾ ഇന്നു നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. കെട്ടിട നിർമ്മാണ മേഖലയാണ് ഇവയ്ക്കെല്ലാം നല്ലൊരു ശതമാനം കാരണമാകുന്നതും. ഇതിന് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണുവാനായിട്ടാണ് പരിസ്ഥിതി സൗഹാർദ്ദ കെട്ടിട നിർമ്മാണ രീതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രകൃതി വിഭവങ്ങളുടെ പരമാവധി സംരക്ഷണം, കാര്യക്ഷമമായ മാലിന്യ നിർമ്മാർജ്ജനം,

അന്തരീക്ഷ ജല മലിനീകരണ തോത് കുറയ്ക്കുക എന്നിവ വഴി ആവാസവ്യവസ്ഥയേയും ജൈവ വൈവിദ്ധ്യത്തേയും സംരക്ഷിക്കുവാൻ ഈ നിർമ്മാണ രീതികൾ അവലംബിക്കുന്നത് വഴി സാധിക്കും. കൂടാതെ 40 ശതമാനത്തോളം ഊർജ്ജത്തിന്റെയും 40 ശതമാനത്തോളം ജലത്തിന്റെയും ഉപയോഗം കുറയ്ക്കുവാനും കഴിയും. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തുകവഴി മെയിൻ ഗ്രിഡിനെ ആശ്രയിക്കുന്നത് കുറയ്ക്കുവാൻ കഴിയും. മഴവെള്ള സംഭരണവും പുനർചാക്രീകരണവും കാര്യക്ഷമമായ മലിനീകരണ നിർമ്മാർജ്ജന സംസ്കരണ പദ്ധതികളും ഹരിത നിർമ്മാണ തത്വങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**കുമ്പളം-തേവര പാലത്തിന്റെ നിർമ്മാണം**

34 (2268) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിൽ നിർമ്മാണത്തിന് അനുമതി ലഭിച്ച കുമ്പളം-തേവര പാലത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഇതിന്റെ ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് എന്നത്തേക്ക് തയ്യാറാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുമ്പളം-തേവര പാലത്തിന്റെ നിർമ്മാണം കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിന് സർക്കാർ 31-10-2016 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 1496/2016/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതു പ്രകാരം സർവ്വേ പൂർത്തിയാക്കി ഇൻവെസ്റ്റിഗേഷൻ പ്രവർത്തി നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും അലൈൻമെന്റും പൂർത്തിയാക്കി ടി പാലത്തിന്റെ ഡിസൈൻ, ഡ്രിക്ക് ബോർഡിൽ തയ്യാറാക്കിയതിനുശേഷം മാത്രമേ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കാൻ കഴിയുകയുള്ളൂ.

(സി) ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് വിശദമായ പദ്ധതി രേഖ കിഫ്ബി-യിൽ (KIIFB) സമർപ്പിച്ച് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**കോരപ്പുഴ പാലം നിർമ്മാണം**

35 (2269) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കോരപ്പുഴ പാലം നിർമ്മാണത്തിന് ബജറ്റിൽ വകയിരുത്തിയ തുക എത്ര എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിലെ കോരപ്പുഴ പാലം നിർമ്മാണത്തിന് 7.74 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) പുതിയ ഡിസൈൻ പ്രകാരം പ്രസ്തുത പാലത്തിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബി-യിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയും.

**മലപ്പുറം ഫ്ലൈ ഓവർ**

36 (2270) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 വർഷത്തെ ബജറ്റിൽ 50 കോടി രൂപ അനുവദിച്ചുകൊണ്ട് പ്രഖ്യാപിച്ച മലപ്പുറം ഫ്ലൈ ഓവർ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) 2017-18 വർഷത്തെ ബജറ്റിൽ 50 കോടി രൂപ അനുവദിച്ചുകൊണ്ട് പ്രഖ്യാപിച്ച മലപ്പുറം ഫ്ലൈഓവർ ദേശീയപാത-966 ( പഴയ എൻ.എച്ച്.-213)-യിൽ വരുന്നതാണ്. ദേശീയപാതകളിൽ ഫ്ലൈഓവർ നിർമ്മിക്കുവാൻ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്. അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി എടുത്തു വരുന്നു. അനുമതി ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി പ്രവൃത്തി നടത്തുവാൻ കഴിയും.

## മരാമത്ത് റോഡുകളുടെ ഡിജിറ്റൽ മാപ്പ് തയ്യാറാക്കുന്നതിനുള്ള നടപടി

37 (2271) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരാമത്ത് റോഡുകളുടെ ഡിജിറ്റൽ മാപ്പ് തയ്യാറാക്കുന്നുണ്ടോ; ഇത് സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) റോഡുകളുടെ അതിർത്തി കൃത്യമായി നിർണ്ണയിച്ച് മാപ്പ് തയ്യാറാക്കിയാൽ കയ്യേറ്റങ്ങൾ അതിവേഗം തിരിച്ചറിയുവാൻ സാധിക്കുമോ; വിശദീകരിക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും വകുപ്പ് പരിപാലിച്ച് വരുന്നതുമായ പാലങ്ങളുടെയും റോഡുകളുടെയും ജി.ഐ.എസ്. മാപ്പുകൾ തയ്യാറാക്കലും ലോകബാങ്ക് സഹായത്തോടുകൂടിയുള്ള കെ.എസ്.റ്റി.പി ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തിട്ടുണ്ട്. ഇതിന്റെ അപ്ഡേഷൻ 2007 വരെ മാത്രമേ ചെയ്യാൻ സാധിച്ചിട്ടുള്ളൂ. 2007-ന് ശേഷം GIS Map തയ്യാറാക്കുന്ന പ്രവൃത്തികളൊന്നും തന്നെ പൊതുമരാമത്ത് വകുപ്പ് നടത്തിയിട്ടില്ല. കൂടാതെ വകുപ്പിന്റെ കൈവശം നിലവിലുള്ള GIS Digital Map-ൽ റോഡുകളുടെ അതിർത്തിയോ മറ്റ് വിശദവിവരങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) റോഡുകളുടെ അതിർത്തി കൃത്യമായി നിർണ്ണയിച്ച് മാപ്പ് തയ്യാറാക്കിയാൽ കയ്യേറ്റങ്ങൾ അതിവേഗം തിരിച്ചറിയുവാൻ സാധിക്കുന്നതാണ്. ഇതിന് റവന്യൂ വകുപ്പിന്റെ സഹകരണം കൂടി ആവശ്യമാണ്.

## പൂജപ്പുര വാർഡിലെ ഗതാഗതക്കുരുക്ക്

38 (T* 2272) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജക മണ്ഡലത്തിലെ പൂജപ്പുര വാർഡിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള താൽക്കാലിക സംവിധാനം ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്നും ടി സംവിധാനത്തിൻെറ മേൻമകളും ന്യൂനതകളും എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) പൂജപ്പുരയിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് വേണ്ട ശാശ്വത പരിഹാരത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കുമോ; ഫ്ലൈഓവർ നിർമ്മിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

**കായംകുളം മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ**

39 (2273) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള റോഡുകൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ പൂർത്തീകരിക്കാനുള്ളത് ഏതൊക്കെയെന്നും പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി ലഭിച്ച തീയതി, കരാർ വെച്ചിട്ടുള്ള തീയതി ഏതൊക്കെയെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കായംകുളം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തു വിഭാഗത്തിന്റെ അധീനതയിലുള്ള റോഡുകളുടെ ലിസ്റ്റ് അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്യുന്നു.* പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡ് രാമപുരം അമ്പലം മുതൽ കൃഷ്ണപുരം (ചെയിനേജ് 451/100 മുതൽ 462/000) വരെ നീളുന്ന ദേശീയപാത 66 ആണ്.

(ബി) പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ കീഴിലുള്ള രാമപുരം അമ്പലം മുതൽ കൃഷ്ണപുരം (ചെയിനേജ് 451/100 മുതൽ 462/000) വരെയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി കേന്ദ്ര ഫണ്ട് ഉപയോഗിച്ചുള്ളതാണ്. ആയതിന് ഭരണാനുമതി നൽകിയത് 10-11-2016-ലും കരാർ വച്ചത് 10-3-2017-ലുമാണ്. പൊതുമരാമത്ത് നിരത്തു വിഭാഗത്തിന്റെ അധീനതയിൽ വരുന്ന, ഭരണാനുമതി ലഭിച്ചിട്ടും പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-II ആയി ഉള്ളടക്കം ചെയ്യുന്നു.

**കായംകുളം നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

40 (2274) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം നിയോജക മണ്ഡലത്തിലെ മുട്ടേൽപാലം, പാർക്ക് ജംഗ്ഷൻ പാലം, തെക്കേടത്ത് - കല്ലുപാലം - കടത്തുകടവ് - വെട്ടിക്കോട്ട് പാലം, കനീസാകടവ് പാലം, മാർക്കറ്റ് പാലം (കായംകുളം) ,കോയിക്കൽ പടിക്കൽ പാലം, എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

കിഫ്ബിയിൽ പ്രഖ്യാപിച്ച കൂട്ടം വാതുക്കൽകടവ് പാലം (50 കോടി) ഫീസിബിലിറ്റി പഠനത്തിൽ അംഗീകാരം ലഭിക്കാത്തതിനാൽ കായംകുളം എം.എൽ.എ.-യുടെ അപേക്ഷ പ്രകാരം ആയത് മാറ്റി വച്ച് പകരം കായംകുളം നിയോജക മണ്ഡലത്തിലെ എം.എൽ.എ. നിർദ്ദേശിച്ച ആറ് പാലങ്ങൾ ഒറ്റ യൂണിറ്റായി എടുത്ത് കിഫ്ബിയിൽ നൽകുവാൻ ആവശ്യപ്പെട്ടിരുന്നു. അതിൽ പാർക്ക് ജംഗ്ഷൻ പാലം (7.2 കോടി), കല്ലുപാലം (1.5 കോടി), കണ്ണിശക്കടവ് പാലം (6.3 കോടി) എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്കായി പതിനഞ്ച് കോടി രൂപ അധികമായി പൊതുമരാമത്ത് വകുപ്പിന് ബജറ്റിൽ വകയിരുത്തി നൽകുവാൻ ധനകാര്യ വകുപ്പിന് നിർദ്ദേശം നൽകുവാൻ 26-4-2017-ലെ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ ധനകാര്യ വകുപ്പിനും നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പാർക്ക് ജംഗ്ഷൻ പാലം, കായംകുളം മാർക്കറ്റ് പാലം, കണ്ണീശക്കടവ് പാലം, കോയിക്കൽപടി പാലം എന്നീ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കല്ലുപാലം, മുട്ടേൽപാലം എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മേൽ പറഞ്ഞ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി ഡിസൈൻ ചെയ്തു ഡി.പി.ആർ. തയ്യാറാക്കുന്ന മുറയ്ക്കു മാത്രമേ ഭരണാനുമതി നൽകുവാൻ കഴിയുകയുള്ളൂ.

**ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡിന്റെ നിർമ്മാണ പുരോഗതി**

41 (2275) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ; പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡിന്റെ 1/100 (പിലാത്തറ) മുതൽ 5/200 (ചന്തപ്പുര) വരെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ബി.എം. & ബി.സി. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 2016-ൽ ഭരണാനുമതി ലഭിച്ച പ്രസ്തുത റോഡിന്റെ 5/200(ചന്തപ്പുര) മുതൽ 9/500 (മാതമംഗലം) വരെയുള്ള ഭാഗത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി 3-3-2016-ൽ കരാറുകാരന് സൈറ്റ് കൈമാറിയിരുന്നു. ബിറ്റുമിനസ് മെക്കാഡം പ്രവൃത്തിയും ക്രോസ്

ഡ്രെയിനേജ് പ്രവൃത്തിയും ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. ആകെ പ്രവൃത്തിയുടെ 50% പ്രവൃത്തി കാലാവധിക്കുള്ളിൽ കരാറുകാരൻ പൂർത്തീകരിക്കുകയും കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് ബാക്കി പൂർത്തീകരിക്കുന്നതിന് 31-3-2017 വരെ കാലാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ക്രഷറുകൾ പ്രവർത്തിക്കാത്തതിനാൽ മെറ്റീരിയൽസിന്റെ ലഭ്യതക്കുറവുമൂലം പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 30-11-2017 വരെ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് കരാറുകാരൻ അപേക്ഷിച്ചിട്ടുണ്ട്. ബിറ്റുമിനസ് മെക്കാഡം ചെയ്തതിനാൽ പ്രസ്തുത റോഡ് ഇപ്പോൾ ഗതാഗതയോഗ്യമാണ്.

## ഭരണാനുമതി ലഭിച്ച പി.ഡബ്ല്യൂ.ഡി. പദ്ധതികൾ

42 (2276) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17 കാലയളവിലെ ബജറ്റിലൂടെ പ്രഖ്യാപിച്ച മുഴുവൻ പി.ഡബ്ല്യൂ.ഡി പദ്ധതികൾക്കും ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഏതിനെങ്കിലും ഭരണാനുമതി ലഭ്യമാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഈ പദ്ധതികളുടെ പുരോഗതി വിവരങ്ങൾ അടങ്ങിയ വിശദമായ സ്റ്റേറ്റ്മെന്റ് നൽകുമോ?

### ഉത്തരം

(എ-സി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 2016-17 ബജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കൂടി ആകെ 78 പാലങ്ങളുടെയും 179 റോഡുകളുടെയും പദ്ധതികൾ കൂടാതെ 8 ഫ്ലൈഓവറുകളും 4 അണ്ടർ പാസ്സേജുകളും 17 ബൈപ്പാസുകളുമാണ് പ്രഖ്യാപിച്ചിരുന്നത്. ഇതിൽ 75 പാലങ്ങൾക്കായി 1430 കോടി രൂപയുടെയും 176 റോഡുകൾക്കായി 3086 കോടി രൂപയുടെയും പ്രവൃത്തികൾക്ക് കിഫ്ബി വഴി ഫണ്ട് ലഭ്യമാക്കി പ്രാവർത്തികമാക്കുന്നതിന് കെ.ആർ.എഫ്.ബി.-യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആക്കിക്കൊണ്ട് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ പനവള്ളി പാലം, കുട്ടംവാതുക്കൽ പാലം എന്നിവയ്ക്ക് അനുമതി നൽകിയിട്ടില്ല. അനുമതി നൽകിയ 176 റോഡുകളിൽ 46 റോഡുകളുടെ ഡി.പി.ആർ., കെ.ആർഎഫ്.ബി മുഖേന കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ഒന്നാം ഘട്ടമായി 14 പ്രവൃത്തികൾക്കും കിഫ്ബി അംഗീകാരം നൽകിയെങ്കിലും ഒരു റോഡ് റിക്ക് (RICK)-ന് കൈമാറുകയും രണ്ട് റോഡുകളുടെ പ്രവൃത്തി റദ്ദാക്കുകയും ചെയ്തു. ഒരു റോഡിന്റെ

പ്രവൃത്തി തുടങ്ങി ബാക്കിയുള്ള പത്ത് റോഡുകളുടെ സാങ്കേതികാനുമതി നൽകുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഈ റോഡുകൾക്ക് സാങ്കേതികാനുമതി നൽകിയാലുടൻ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. രണ്ടാം ഘട്ടമായി എട്ട് റോഡുകൾക്ക് കിഫ്ബി വഴി പ്രാഥമിക അംഗീകാരം നൽകിയിട്ടുണ്ട്. ബാക്കിയുള്ള റോഡുകളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി ഡി.പി.ആർ. കഴിയുന്നതും വേഗം കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. അനുമതി നൽകിയ 75 പാലങ്ങളിൽ 28 പാലങ്ങളുടെ ഡി.പി.ആർ. വിശദമായി ഇൻവെസ്റ്റിഗേഷൻ നടത്തി കിഫ്ബിയ്ക്ക് സമർപ്പിക്കുകയും അതിൽ പതിനെട്ട് പാലങ്ങൾക്ക് പ്രാഥമിക അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും ഡിസൈൻ പ്രവൃത്തികളും പൂർത്തിയാക്കുന്ന മുറയ്ക്ക് ഡി.പി.ആർ. കഴിയുന്ന വേഗം കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. ദേശീയപാത വിഭാഗത്തിൽ വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കെട്ടിട വിഭാഗത്തിൽ വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

## ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാതയുടെ പുനർ നിർമ്മാണം

43 (2277) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാതയുടെ പുനർ നിർമ്മാണത്തിനുള്ള പദ്ധതിയുടെ അലൈൻമെന്റ് നിശ്ചയിച്ച് സർവ്വേ ആരംഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഈ സെക്ടറിൽ ഏതെല്ലാം ഭാഗങ്ങളിലാണ് ഫ്ലൈ ഓവർ റോഡ് നിർമ്മിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) നീണ്ടകരയിൽ രണ്ടാമത് പാലം നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാതയുടെ പുനർ നിർമ്മാണത്തിലുള്ള പദ്ധതിയുടെ അലൈൻമെന്റ് ഓപ്ഷന് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) താഴെ പറയുന്ന ഭാഗങ്ങളിലാണ് ഫ്ലൈഓവർ നിർമ്മിക്കുന്നതെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. എക്സ്റേ ജംഗ്ഷൻ (ചേർത്തല)
2. മാരാരിക്കുളം ടൗൺ
3. അമ്പലപ്പുഴ ടൗൺ
4. നങ്ങ്യാർകുളങ്ങര
5. കരുനാഗപ്പള്ളി
6. കൊട്ടിയം
7. ചാത്തന്നൂർ
8. കല്ലമ്പലം
9. പാരിപ്പള്ളി

(സി) നാലുവരിപ്പാതയിലൂടെയുള്ള ഗതാഗതം ഉറപ്പാക്കുവാൻ നിലവിലെ പാലം പൊളിക്കാതെ തന്നെ അതിന് സമാന്തരമായ ഒരു മൂന്നുവരിപ്പാലം നിർമ്മിക്കുവാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

**പേരാമ്പ്ര ബൈപ്പാസ് നിർമ്മാണം**

44 (2278) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര ബൈപ്പാസ് നിർമ്മാണത്തിന് ഈ വർഷം എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളത്;

(ബി) ബൈപ്പാസ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പേരാമ്പ്ര ബൈപ്പാസ് നിർമ്മാണത്തിന് കിഫ്ബി-യിൽ ഉൾപ്പെടുത്തി 1500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിനായുള്ള ഡി.പി.ആർ. റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കി വരുന്നു.

## എലത്തൂർ നിയോജക മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ

45 (2279) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് എലത്തൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഉള്ള ഏതെല്ലാം റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്കാണ് തുക വകയിരുത്തിയത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ പേരും അനുവദിച്ച തുകയും വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡുകളുടെ പ്രവൃത്തി എപ്പോൾ തുടങ്ങുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഈ സർക്കാരിന്റെ കാലത്ത് എലത്തൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള താഴെ പറയുന്ന റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്കാണ് തുക വകയിരുത്തിയിട്ടുള്ളത്

1. കുമാരസ്വാമിരാജ-നരിക്കുനി റോഡ്- കി.മീ. 0/000 മുതൽ 3/000 വരെ (രണ്ടാം റീച്ച്) അഭിവൃദ്ധിപ്പെടുത്തൽ-285 ലക്ഷം രൂപ
2. കാക്കൂർ-നരിക്കുനി റോഡ്- കി.മീ. 0/000 മുതൽ 4/510 വരെ ബി.എം. & ബി.സി-425 ലക്ഷം രൂപ
3. കുമ്മങ്ങോട്ട്താഴം പണ്ടാരപ്പറമ്പ് പന്തീർപ്പാടം റോഡ് കി.മീ. 0/000 മുതൽ 5/500 വരെ അഭിവൃദ്ധിപ്പെടുത്തൽ-236 ലക്ഷം രൂപ

പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരുന്നു.

## ആലത്തൂർ നിയോജകമണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

46 (2280) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണാനുമതി ലഭിച്ച ഏതെല്ലാം പ്രവൃത്തികളാണ് ആലത്തൂർ നിയോജക മണ്ഡലത്തിൽ പി.ഡബ്ല്യു.ഡി റോഡ്സ് വിഭാഗത്തിന് കീഴിൽ പുരോഗമിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) 2016-17-ലെ ബജറ്റിൽ ഉൾപ്പെട്ട ആലത്തൂർ നിയോജക മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ മുടപ്പല്ലൂർ-മംഗലം ഡാം റോഡ് കി.മീ. 0/000-9/432 എന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്.

(ബി) 2016-17-ലെ ബജറ്റിൽ ഉൾപ്പെട്ട പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. ഗാന്ധി ജംഗ്ഷൻ-കാട്ടുശ്ശേരി-വീഴുമല റോഡ് കി.മീ. 2/900 മുതൽ 5/200 വരെയുള്ള ദ്രുപീകരണം-298 ലക്ഷം രൂപ

2. കല്ലമ്പാടം-പുത്തൻതറ-ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് റോഡ് കി.മീ 0/000 മുതൽ 2/800 വരെയുള്ള പുനരുദ്ധാരണ പ്രവൃത്തി-218 ലക്ഷം രൂപ

3. ഒട്ടുപാറ-കുന്നത്ത് ഗേറ്റ്-പൈതല റോഡ് കി.മീ. 0/000 മുതൽ 4/200 വരെയുള്ള പുനരുദ്ധാരണ പ്രവൃത്തിയും ക്യാരേജ് വേ വീതി കൂട്ടൽ പ്രവൃത്തിയും -210 ലക്ഷം രൂപ

4. കൊട്ടേക്കുളം- കോന്നല്ലൂർ റോഡ് കി.മി 0/000 മുതൽ 2/700 വരെയുള്ള പുനരുദ്ധാരണ പ്രവൃത്തി- 188 ലക്ഷം രൂപ

പൊതുമരാമത്ത് കെട്ടിട വിഭാഗത്തിലെ പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ബജറ്റിൽ അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ**

47 (2281) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2016-17, 2017-18 വർഷങ്ങളിലെ ബജറ്റിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; ഇവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

ദേശീയപാതാ വിഭാഗത്തിൻ കീഴിൽ 2016-17, 2017-18 വർഷങ്ങളിൽ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.* നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 2016-17 വർഷത്തിലെ പദ്ധതികളുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിശദാംശങ്ങൾ അനുബന്ധം II ആയും ചേർത്തിരിക്കുന്നു.* നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ 2017-18 വർഷത്തിലെ പദ്ധതികളുടെ വിശദാംശങ്ങളും കെട്ടിട വിഭാഗത്തിലെ 2016-17, 2017-18 വർഷത്തിലെ പദ്ധതികളുടെ വിശദാംശങ്ങളും ശേഖരിച്ച് നൽകുന്നതാണ്.

**മാവേലിക്കര മിച്ചൽ ജംഗ്ഷൻ നവീകരണം**

48 (2282) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മിച്ചൽ ജംഗ്ഷൻ നവീകരണത്തിനും റോഡിന്റെ വീതികൂട്ടുന്നതിനുമായി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) റോഡിന്റെ വീതികൂട്ടുന്നതിനായി ഒരു പഠനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) റോഡിന്റെ വീതി കൂട്ടുന്നതിനായി ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി പഠനം നടത്തേണ്ടതുണ്ട്. ആയത് സംബന്ധിച്ച നടപടികൾ സ്വീകരിച്ച് വരുന്നു.

**ആലത്തൂരിലെ ഓഫീസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഓവർസീയർമാരുടെയും കുറവ്**

49 (2283) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് ഓഫീസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും, ഓവർസീയർമാരുടെയും കുറവുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ ഉടൻ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി&സി) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിയമനത്തിന് ഉദ്യോഗാർത്ഥികളെ പി.എസ്.സി. ശിപാർശ ചെയ്തിട്ടുണ്ട്. അതിൻ പ്രകാരം എത്രയും വേഗം നിയമനം നടത്തുന്നതാണ്. ആലത്തൂർ റോഡ്സ്/ബിൽഡിംഗ്സ് സെക്ഷൻ ഓഫീസുകളിലെ മൂന്നാം തരം ഓവർസീയർമാരുടെ ഒഴിവുകളിൽ ഇതിനകം നിയമനം നടത്തിയിട്ടുണ്ട്. രണ്ടാം തരം ഓവർസീയർ തസ്തികയിൽ ആലത്തൂർ നിയോജക മണ്ഡലത്തിലെ എല്ലാ പൊതുമരാമത്ത് വകുപ്പ് ഓഫീസുകളിലേയ്ക്കും നിയമനം നടത്തിയിട്ടുണ്ട്. ഒന്നാം തരം ഓവർസീയർമാരുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഒന്നാംതരം ഓവർസീയർമാരുടെ ഒഴിവുകളും നികത്തുന്നതാണ്.

## ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ നിർമ്മാണ പ്രവൃത്തി

50 (2284) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; കോളേജ് കെട്ടിടത്തിന്റെ പൂർണ്ണമായ ഡിസൈനും എസ്റ്റിമേറ്റും സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയാണ് അടങ്കൽ തുക എന്നറിയിക്കാമോ;

(ബി) ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് കെട്ടിടത്തിന്റെ 4 ബ്ലോക്കുകൾ ഉൾപ്പെടുന്ന ഗ്രൗണ്ട് ഫ്ലോറിന്റെ നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു.

ബ്ലോക്ക്-1 സ്ലാബ് പൂർത്തിയായി.

ബ്ലോക്ക്-2 പണിയേണ്ട ഭാഗത്തിന്റെ കോളം പൂർത്തിയായി.

ബ്ലോക്ക്-3 ഫൗണ്ടേഷൻ പ്രവൃത്തി പുരോഗമിക്കുന്നു.

ബ്ലോക്ക്-4 കോളം പണി പൂർത്തിയായി.

ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തിക്കുള്ള പൂർണ്ണമായ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ഡിസംബർ 2017-ൽ പൂർത്തീകരിക്കുന്ന തരത്തിൽ നടപടികൾ പുരോഗമിക്കുന്നു.

**കോഴിക്കോട് -വടകര ദേശീയപാത**

51 (2285) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്-വടകര ദേശീയപാത നാല് വരിയാക്കൽ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) നാലുവരിയാക്കൽ പദ്ധതി പൂർത്തീകരിക്കാൻ നിലവിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കോഴിക്കോട്-വടകര ദേശീയപാത നാല് വരിയാക്കൽ പദ്ധതി നാഷണൽ ഹൈവേ അതോറിറ്റിയാണ് ഏറ്റെടുത്ത് നടത്തുന്നത്. ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി സ്വീകരിച്ചു വരുന്നു. സ്ഥലമെടുപ്പ് പൂർത്തിയാക്കി ഡി.പി.ആർ. തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിൽ നിന്ന് ഭരണാനുമതി കിട്ടുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടി നാഷണൽ ഹൈവേ അതോറിറ്റി നടത്തുന്നതാണ്.

**മഞ്ചേശ്വരം, വെള്ളരിക്കുണ്ട് താലൂക്കുകളിൽ പി.ഡബ്ല്യു.ഡി.-യുടെ താലൂക്കുതല ഓഫീസുകൾ**

52 (2286) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ പുതുതായി അനുവദിച്ച മഞ്ചേശ്വരം, വെള്ളരിക്കുണ്ട് താലൂക്കുകളിൽ പി.ഡബ്ള്യൂ.ഡി റോഡ്സ്, ബിൽഡിംഗ്സ് എന്നിവയുടെ താലൂക്കുതല ഓഫീസുകൾ (അസി.എക്സിക്യൂട്ടീവ് എൻജിനീയർ ഓഫീസ്) എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പരിഗണിക്കും.

## പോട്ട്ഹോൾ മെഷീൻ

53 (2287) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ ഉപയോഗത്തിനായി പോട്ട്ഹോൾ മെഷീൻ വാങ്ങിയിട്ടുണ്ടോ; എന്നാണ് വാങ്ങിയത്; വാങ്ങുന്നതിനായി എത്ര തുക ചെലവഴിച്ചു;

(ബി) പ്രസ്തുത യന്ത്രം എത്രകാലം പ്രവർത്തിച്ചു എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത യന്ത്രത്തിന്റെ കസ്റ്റോഡിയൻ ആരാണ്; ഈ യന്ത്രം ഉപയോഗിച്ച് കുഴി അടയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഡി) ഈ യന്ത്രം പ്രവർത്തനക്ഷമമല്ലാതായിട്ട് എത്ര കാലമായി;

(ഇ) പ്രസ്തുത യന്ത്രം പ്രവർത്തിപ്പിക്കുന്നത് വകുപ്പിന് ഗുണകരം ആയിരിക്കുമോ; ഈ യന്ത്രം പുതുതായി രൂപീകരിച്ച മെയിന്റനൻസ് വിഭാഗത്തിന് വിട്ടുനൽകി കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വാങ്ങിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് തിരുവനന്തപുരം നിരത്തുകളും വിഭാഗം ഡിവിഷൻ ഓഫീസിന്റെ കീഴിൽ 2011-ൽ 31,57,076 രൂപയ്ക്കാണ് വാങ്ങിയത്.

(ബി) ടി മെഷീൻ 1-3-2011 മുതൽ 21-1-2013 വരെ പ്രവർത്തിച്ചിട്ടുണ്ട്.

(സി) നിലവിൽ ടി മെഷീൻ തിരുവനന്തപുരം ഡിവിഷന്റെ കീഴിൽ സിറ്റി റോഡ്സ് സെക്ഷൻ നമ്പർ 1 അസിസ്റ്റന്റ് എഞ്ചിനീയറുടെ നിയന്ത്രണത്തിലാണ്. ടി മെഷീൻ 1-3-2011 മുതൽ 21-1-2013 വരെ പ്രവർത്തന സജ്ജമായിരുന്നു. തുടർന്ന് പ്ലാന്റ് എഞ്ചിൻ റിപ്പയർ ആയതിനെ തുടർന്ന് പ്രവർത്തന സജ്ജമല്ലാതായിരിക്കുന്നു. ഇത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ഡി) ഏകദേശം 3 ½ വർഷത്തോളമായി.

(ഇ) ഗുണകരമായിരിക്കും. മെയിന്റനൻസ് വിഭാഗം പൂർണ്ണമായും രൂപീകരിക്കുന്ന മുറയ്ക്ക് ടി വിഭാഗത്തിന് വിട്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## വെച്ചൂചിറ ഗവൺമെന്റ് പോളിടെക്നിക് കോളേജ്, ഹോസ്റ്റൽ കെട്ടിടങ്ങളുടെ നിർമ്മാണം

54 (2288) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെച്ചൂച്ചിറ ഗവൺമെന്റ് പോളിടെക്നിക് കോളേജ് കെട്ടിടത്തിന്റെയും ഹോസ്റ്റൽ കെട്ടിടത്തിന്റെയും നിർമ്മാണം എന്നാണ് ആരംഭിച്ചത്; എത്ര രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്; ഇപ്പോൾ ഇവയുടെ നിർമ്മാണം ഏത് ഘട്ടം വരെയായി; നിർമ്മാണം തടസ്സപ്പെടാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ബി) കെട്ടിടനിർമ്മാണത്തിലുള്ള തടസ്സം നീക്കാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; പ്രവൃത്തി പുതുതായി ടെൻഡർ ചെയ്തിരുന്നോ; ഇവയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കാനാവും എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) വെച്ചൂച്ചിറ ഗവൺമെന്റ് പോളിടെക്നിക് കോളേജ് കെട്ടിടം കരാറുകാരനായ ഷെരീഫ് & കമ്പനി 715.06 ലക്ഷം രൂപയ്ക്ക് എഗ്രിമെന്റ് വച്ച് 17-5-2011-ൽ പ്രവൃത്തി ആരംഭിക്കുകയും മൂന്ന് നിലകളും കോളം വർക്കുകളും സ്ലാബ്, ബീം തുടങ്ങിയവയുടെ പണികളും ചെയ്തിട്ട് പണി നിർത്തി വച്ചതിനാൽ കരാറുകാരന്റെ റിസ്ക് & കോസ്റ്റ്-ൽ ബാക്കി പണികൾ റീ-അറേഞ്ച് ചെയ്ത് ഡോറ ഇൻഫ്രാസ്ട്രക്ച്ചർ പ്രോപ്പർട്ടീസ് ലിമിറ്റഡ് കമ്പനിക്ക് 645.50 ലക്ഷം രൂപയ്ക്ക് കരാർ നൽകുകയും 29-2-2016-ൽ പണി ആരംഭിക്കുകയും ചെയ്തു. പ്രവൃത്തിയുടെ കാലാവധി 30-6-2017 വരെ നീട്ടിക്കൊടുത്തിട്ടുണ്ട്. 2017 ആഗസ്റ്റ് മാസത്തോടുകൂടി മൊത്തം പണികളും പൂർത്തീകരിക്കത്തക്കവിധം പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. വെച്ചൂചിറ ഗവൺമെന്റ് പോളിടെക്നിക് ഹോസ്റ്റൽ നിർമ്മാണത്തിന് 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് 9-5-2011-ന് 667 ലക്ഷം രൂപയ്ക്ക് ഷെരീഫ് & കമ്പനി എഗ്രിമെന്റ് വച്ചിരുന്നുവെങ്കിലും പണികൾ ഒന്നും ചെയ്യാതിരുന്ന സാഹചര്യത്തിൽ കോൺട്രാക്ടറുടെ റിസ്ക് & കോസ്റ്റിൽ കോൺട്രാക്റ്റ് അവസാനിപ്പിക്കുകയും ടെണ്ടർ മുഖേന റീ അറേഞ്ചു ചെയ്ത് കെ.പി. ഷൈലു എന്ന കരാറുകാരനുമായി 16-2-2017-ൽ 953 ലക്ഷം രൂപയ്ക്ക് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. 22-5-2018-നുള്ളിൽ പൂർത്തീകരിക്കത്തക്കവിധത്തിൽ പണികൾ പുരോഗമിക്കുന്നു.

**കൊടുവായൂർ, നെന്മാറ ബൈപ്പാസുകളുടെ സർവ്വേ നടപടി**

55 (2289) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച നെന്മാറ നിയോജക മണ്ഡലത്തിലെ കൊടുവായൂർ, നെന്മാറ ബൈപ്പാസുകളുടെ സർവ്വേ നടപടികൾ ഏത് ഘട്ടം വരെ ആയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ബൈപ്പാസുകളുടെ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) നെന്മാറ നിയോജക മണ്ഡലത്തിലെ കൊടുവായൂർ, നെന്മാറ ബൈപ്പാസുകളുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് 27-9-2016-ലെ സ.ഉ. (സാധാ) നമ്പർ 1324/2016/ പൊ.മ.വ. പ്രകാരം റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ടോപ്പോഗ്രഫിക്കൽ സർവ്വേ ജോലികൾ നടന്നുകൊണ്ടിരിക്കുകയാണ്. സർവ്വേ പ്രവൃത്തികൾ പൂർത്തിയായശേഷം പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതോടുകൂടി മാത്രമേ എസ്റ്റിമേറ്റ് തുക അറിയുവാൻ കഴിയുകയുള്ളൂ.

(സി) ബൈപ്പാസുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

**ചെങ്ങന്നൂർ-പന്തളം റോഡിലെ ട്രാഫിക് നിയന്ത്രണ സംവിധാനങ്ങൾ**

56 (2290) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടങ്ങൾ ആവർത്തിക്കുന്ന ചെങ്ങന്നൂർ - പന്തളം കെ.എസ്.ടി.പി. റോഡിലെ ആഞ്ഞിലിച്ചുവട് ഭാഗത്ത് ട്രാഫിക് നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും പണം അനുവദിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(സി) റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും പണം അനുവദിച്ച്, പ്രസ്തുത ഭാഗത്ത് ട്രാഫിക് നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തി, അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) എം.സി. റോഡിൽ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ആഞ്ഞിലിമൂട് ജംഗ്ഷനിലെ അപകടങ്ങൾ ഒഴിവാക്കുന്നതിനായി സൈൻ ബോർഡുകളും റോഡ് മാർക്കിംഗും സ്റ്റഡുകളും കൂടുതലായി സ്ഥാപിക്കുന്നതിനായി 6,80,000 രൂപയുടെ (ആറ് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) എസ്റ്റിമേറ്റ് തയ്യാറാക്കി റോഡ് സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത കെ.എസ്.ടി.പി. റോഡിലെ, ആഞ്ഞിലി ചുവട് ഭാഗത്ത് ട്രാഫിക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് റിപ്പോർട്ട് ആലപ്പുഴ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ പരിശോധിച്ചു വരുന്നു. പ്രസ്തുത റിപ്പോർട്ട്, ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ പരിഗണനയ്ക്ക് വച്ചശേഷം പണം അനുവദിക്കുന്നതും ഇത് അനുസരിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനും ശക്തമായ നടപടി സ്വീകരിക്കുന്നതുമാണ്.

**ആര്യൻതൊടിക പാലം**

57 (2291) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016 ഏപ്രിൽ മാസത്തിൽ ഭരണാനുമതി നൽകിയ ഏറനാട് മണ്ഡലത്തിലെ ആര്യൻതൊടിക പാലം നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ ഇപ്പോൾ ഏതവസ്ഥയിലാണ്; വിശദമാക്കുമോ;

(ബി) മറ്റ് നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കി, ആര്യൻതൊടിക പാലം നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4-3-2016-ലെ ജി.ഒ. (ആർ.ടി) നമ്പർ 571/2016/പൊ.മ.വ. പ്രകാരം 17,42,89,321 രൂപയുടെ ഭരണാനുമതി ലഭിച്ച ആര്യൻതൊടിക പാലം നിർമ്മാണ പ്രവൃത്തിക്ക് പ്രത്യേകാനുമതി ലഭിക്കുന്നതിനായി ലഭ്യമാക്കിയിരുന്ന പ്രൊപ്പോസൽ 2017-18 ധനകാര്യ വർഷത്തിൽ പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ തുക ഉറപ്പാക്കിയശേഷം സമർപ്പിക്കുവാനുള്ള നിർദ്ദേശം നൽകി മടക്കിയിട്ടുണ്ട്. പുതുക്കിയ നിരക്ക് പ്രകാരമുള്ള എസ്റ്റിമേറ്റ് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്കു മാത്രമേ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) പ്രസ്തുത പാലം നിർമ്മാണത്തിനായി സ്ഥലം സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2013-ൽ ലഭ്യമായ ജനറൽ ഡിസൈൻ ആയതിനാൽ പുതുക്കിയ ഡിസൈൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കി വരുന്നു.

**പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയാൻ നടപടികൾ**

58 (2292) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) വകുപ്പിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും സുതാര്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ ഇവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചു വരുന്നു. പ്രവൃത്തികൾ ചെയ്യുമ്പോൾ കൃത്യമായ ഗുണനിലവാരം പാലിക്കുന്നുണ്ടോയെന്നറിയുന്നതിന് ഗുണനിലവാര പരിശോധന വിവിധ തലങ്ങളിൽ നടത്തുന്നുണ്ട്. ഉദ്യോഗസ്ഥർക്ക് ഇതുസംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം ലംഘിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിച്ചു വരുന്നു. പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിംഗ് ശക്തിപ്പെടുത്തുകയും മരാമത്ത് പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി പരാതികളും അപാകതകളും സംബന്ധിച്ച് പരിശോധനകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു. കൂടാതെ ചീഫ് ടെക്നിക്കൽ എക്സാമിനർ, പോലീസ്, വിജിലൻസ് എന്നീ വിഭാഗങ്ങളുടെ ഇടപെടലുകളും അഴിമതി തടയുന്നതിന് സഹായകരമാകുന്നുണ്ട്.

(ബി) വകുപ്പിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും സുതാര്യമാക്കുന്നതിലേയ്ക്കും ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സെക്രട്ടേറിയറ്റിൽ ഉള്ളതുപോലെ ഇ-ഫയലിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ നടന്നു വരുന്നു. പ്രൈസ് സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്ന നടപടി പുരോഗതിയിലാണ്.

**പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ഫെറികൾ**

59 (2293) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര ഫെറികൾ പ്രവർത്തിക്കുന്നുണ്ട്; അവയിൽ സീസൺ ഫെറികൾ എത്രയെന്നും സ്ഥിരം ഫെറികൾ എത്ര എന്നും വ്യക്തമാക്കുമോ ;

(ബി) ഫെറികൾ പ്രവർത്തിപ്പിക്കുന്നതിന്റെ മാനദണ്ഡം എന്താണ്;

(സി) വള്ളങ്ങളുടെ വാടക ഇനത്തിലും ഫെറിമാൻമാരുടെ ശമ്പളയിനത്തിലും ഒരു വർഷം എത്ര തുക ചെലവുണ്ടാകുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) പല ഫെറികളിലും യഥാർത്ഥ ജീവനക്കാരനല്ല കടത്തുകാരായി ജോലി ചെയ്യുന്നതെന്നും സ്ഥിരം കടത്തുകാരൻ തുച്ഛമായ വേതനത്തിന് ഏർപ്പെടുത്തുന്ന ദിവസ വേതനക്കാരാണ് കടത്തുകൾ പ്രവർത്തിപ്പിക്കുന്നതെന്നുമുള്ള വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(ഇ) ജലവിഭവ വകുപ്പിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും നിയന്ത്രണത്തിലും സംസ്ഥാനത്ത് ഫെറികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സാഹചര്യത്തിൽ പി.ഡബ്ല്യു.ഡി.-ക്ക് കീഴിലുള്ള ഫെറികൾ തദ്ദേശസ്ഥാപനങ്ങൾക്ക് കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; കഴിഞ്ഞ 25 വർഷത്തിനുള്ളിൽ കടത്തുകൾക്ക് സമാന്തരമായി പാലങ്ങൾ നിർമ്മിച്ച സ്ഥിതിക്ക് പി.ഡബ്ല്യു.ഡി-യുടെ കീഴിലുള്ള ഫെറികളുടെ ആവശ്യകത സംബന്ധിച്ച് പഠനം നടത്താൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ഡിവിഷനുകളുടെ കീഴിൽ 155 സ്ഥിരം ഫെറികളും 21 സീസൺ ഫെറികളും ഉൾപ്പെടെ 176 ഫെറികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പാലങ്ങളുടെ അഭാവവും പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ഒരു റോഡിൽ നിന്നും മറ്റ് ഭാഗത്ത് കടക്കാനായുള്ള ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയും ടി മാർഗ്ഗം ആശ്രയിക്കുന്നവരുടെ എണ്ണവും അനുസരിച്ചാണ് കടത്തുകൾ പ്രവർത്തിപ്പിക്കുന്നത്. ഇത്തരത്തിൽ കടത്തുവള്ളങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ബന്ധപ്പെട്ട കനാൽ ഓഫീസറിൽ നിന്നും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

(സി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ഡിവിഷനുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ഫെറികളുടെ വാടക ഇനത്തിലും ഫെറിമാൻമാരുടെ ശമ്പളയിനത്തിലും ചെലവാകുന്ന തുക 7,53,79,883 രൂപയാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച് അന്വേഷണം നടത്തി കേരളാ സർവ്വീസ് റൂൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഫെറികൾ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനായി സർക്കാർ ഉത്തരവ് 9-3-2015-ലെ 18/2015/പൊ.മ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്മേൽ സർക്കുലർ നമ്പർ7985/എ 2/2015/പൊ.മ.വ തീയതി 30-3-2015 പ്രകാരം തൽക്കാലം നിർത്തിവയ്ക്കാൻ ഉത്തരവായിട്ടുണ്ട്. ഫെറികളുടെ ആവശ്യകതയെപ്പറ്റി വിശദമായ പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പിലെ റോഡ് റോളറുകൾ**

60 (2294) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ എത്ര റോഡുറോളറുകൾ ഉണ്ട്; അവയിൽ പ്രവർത്തനക്ഷമമായവ എത്ര ;

(ബി) പൊതുമരാമത്ത് വകുപ്പിൽ റോഡ് റോളർ ക്ലീനർ/ഡ്രൈവർമാരുടെ അനുവദനീയമായ തസ്തിക എത്ര; നിലവിൽ ജോലി ചെയ്യുന്നവർ എത്ര; ഒഴിവുകൾ എത്ര;

(സി) റോഡുറോളറുകൾ പ്രവർത്തിക്കാത്തത് കാരണം ജോലി ചെയ്യാതെ ശമ്പളം വാങ്ങുന്ന റോഡ് റോളർ ക്ലീനർ/ഡ്രൈവർമാർ എത്ര; ഇവരെ പുനർവിന്യസിക്കുന്നതിനോ തസ്തികമാറ്റം വഴി മൈലേജ് ടെസ്റ്റിംഗ് സെന്റർ, റസ്റ്റ് ഹൗസുകൾ എന്നിവിടങ്ങളിൽ നിയമിക്കുന്നതിനോ നടപടി സ്വീകരിക്കുമോ ;

(ഡി) റോഡുറോളറുകൾ കരാറുകാർക്ക് വാടകക്ക് നൽകാറുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡം എന്താണ് എന്ന് വിശദമാക്കുമോ ;

(ഇ) റോഡുറോളറുകൾ പഴയ മോഡലുകളിൽപെട്ടവയാണെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആധുനിക രീതിയിലുള്ള റോഡുറോളറുകൾ വാങ്ങാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 190 റോഡ് റോളറുകളുണ്ട്. ഇവയിൽ 69 എണ്ണം മാത്രമേ പ്രവർത്തന ക്ഷമമായിട്ടുള്ളൂ.

(ബി) പൊതുമരാമത്ത് വകുപ്പിൽ തുടർച്ചാംഗീകാരം ലഭിച്ച 172 റോളർ ഡ്രൈവർ തസ്തികകളും 170 റോളർ ക്ലീനർ തസ്തികകളും വാനിഷിംഗ് കാറ്റഗറിയായി പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ വകുപ്പിൽ 53 റോളർ ഡ്രൈവർമാരും 74 റോളർ ക്ലീനർമാരും ജോലിനോക്കി വരുന്നുണ്ട്. വാനിഷിംഗ് കാറ്റഗറിയായതിനാൽ ഒഴിവുകളില്ല.

(സി) നിലവിലുള്ള 53 റോളർ ഡ്രൈവർമാരേയും 74 റോളർ ക്ലീനർമാരേയും പുനർവിന്യസിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

(ഡി) കരാറുകാരുടെ കൈവശം റോളറുകളില്ലാത്ത സാഹചര്യത്തിൽ റോളറുകൾ വാടകയ്ക്ക് നൽകാറുണ്ട്. ഇതിന്റെ വാടക എഗ്രിമെന്റ് കണ്ടീഷൻ പ്രകാരം ബില്ലിൽ നിന്നും ഈടാക്കുകയും ചെയ്യുന്നുണ്ട്.

(ഇ) ഉണ്ട്. ഇപ്പോൾ പരിഗണനയിലില്ല.

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ**

61 (2295) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള വിവിധ പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ നടത്തുന്നതിന് എംപാനൽഡ് കൺസൾട്ടൻസികളെ ഏൽപ്പിക്കുന്നത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾക്കായി ആധുനിക ഉപകരണങ്ങളും യന്ത്രസാമഗ്രികളും വാങ്ങി പ്രസ്തുത പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം തന്നെ നടത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സ്വീകരിക്കുന്നതാണ്.

(ബി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലുള്ള ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബുകളോടുകൂടി ഒരു ഇൻവെസ്റ്റിഗേഷൻ യൂണിറ്റും കൂടി തുടങ്ങുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**ചെങ്ങന്നൂർ താലൂക്ക് ആയുർവേദ ആശുപത്രിയുടെ കെട്ടിട നിർമ്മാണം**

62 (2296) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ താലൂക്ക് ആയുർവേദ ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിലെ കാലതാമസത്തിന്റെ കാരണം വിശദീകരിക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ചെങ്ങന്നൂർ താലൂക്ക് ആയുർവേദ ആശുപത്രിയുടെ ആർക്കിടെക്ച്ചറൽ പ്ലാൻ പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ച്ചറൽ വിഭാഗം തയ്യാറാക്കുകയും സ്ട്രക്ച്ചറൽ ഡിസൈനിംഗിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ആയത് ലഭ്യമാക്കി എസ്റ്റിമേറ്റ്, ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ നടപടിക്രമങ്ങൾ എന്നിവ പൂർത്തിയാക്കി പണികൾ ആരംഭിക്കുന്നതാണ്. മേൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി 4 മാസത്തിനകം പണി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**തൃപ്പൂണിത്തുറ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന അനുമതി ലഭിച്ച പ്രവൃത്തികൾ**

63 (2297) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകി എന്ന് അവയുടെ വിവരം വിഭാഗം തിരിച്ച് വെവ്വേറെ അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ;

(സി) ഈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**മലയോര ഹൈവേയുടെ കോഴിക്കോട് ജില്ലയിലെ പ്രവർത്തനങ്ങൾ**

64 (2298) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോരഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ ഇതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) അലൈൻമെന്റ് അംഗീകാരത്തിന്റെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ;

(സി) സ്ഥലം വിട്ടുകിട്ടിയ പ്രദേശങ്ങളിൽ ഈ വർഷം തന്നെ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ഡി) പ്രസ്തുത പ്രദേശങ്ങളിൽ ഈ വർഷം തന്നെ പ്രവൃത്തി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നാറ്റ്പാക് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ നടത്തേണ്ട പ്രവൃത്തികളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 1-ാം ഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ കന്നുകുളം മുതൽ തൊട്ടിൽപ്പാലം വരെയുള്ള 17.2 കി.മീ. റോഡ് ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ തൊട്ടിൽപ്പാലം മുതൽ പെരുവണ്ണാമൂഴിവരെ 13 കി.മീ, മാലാപ്പുറം മുതൽ കോടഞ്ചേരി വരെ 8.30 കി.മീ, കോടഞ്ചേരി മുതൽ കൂടരഞ്ഞി വരെ 15.4 കി.മീ, കൂടരഞ്ഞി മുതൽ കക്കാടം പൊയിൽവരെ 15 കി.മീറ്ററും ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ പുല്ലുവാ മുതൽ കന്നുകുളം വരെ 10 കി.മീ., പെരുവണ്ണാമൂഴി മുതൽ മാലാപ്പുറം വരെ 33.7 കി.മീ, കക്കാടംപൊയിൽ മുതൽ അരുണപ്പുഴ വരെ 5 കി.മീ. റോഡും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച ഫയൽ പരിശോധിച്ചു വരുന്നു.

(ബി) നാറ്റ്പാക് തയ്യാറാക്കി സമർപ്പിച്ച പുതുക്കിയ അലൈൻമെന്റ് സർക്കാർ പരിശോധിച്ചു വരുന്നു.

(സി&ഡി) മുൻഗണനാ ക്രമത്തിൽ പ്രവൃത്തി ഈ വർഷം തന്നെ തുടങ്ങുവാനാണ് തീരുമാനമായിരിക്കുന്നത്. കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

**കൈപ്പാലക്കടവ് പാലത്തിന്റെ നിർമ്മാണ നടപടികൾ**

65 (2299) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ കൈപ്പാലക്കടവ് പാലത്തിന്റെ നിർമ്മാണ നടപടികൾ വിശദീകരിക്കുമോ;

(ബി) കൈപ്പാലക്കടവ് പാലത്തിന്റെ ടെൻഡർ വൈകുന്നത് എന്താണെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത പാലം എന്ന് ടെൻഡർ ചെയ്യുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 4-3-2016-ലെ സ.ഉ (സാധാ) നമ്പർ 586/2016/PWD പ്രകാരം 1200 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കൈപ്പാലക്കടവ് പാലത്തിന്റെ നിർമ്മാണത്തിനുള്ള വിശദമായ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്.

(ബി-ഡി) ടെണ്ടർ നടപടി സ്വീകരിക്കുന്നതിന് മുൻപ് സർക്കാരിന്റെ അനുമതി തേടിയുള്ള നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസലിന്മേൽ ചില വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കാൻ കഴിയും.

**മാവേലിക്കരയിലെ ആശുപത്രികളുടെ കെട്ടിടനിർമ്മാണം**

66 (2300) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കര ജില്ലാ ആശുപത്രി, നൂറനാട് ലെപ്രസി സാനിറ്റോറിയം, വള്ളികുന്നം ഹോമിയോ ആശുപത്രി എന്നിവയ്ക്കായി പുതിയതായി കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

മാവേലിക്കര ജില്ലാ ആശുപത്രിയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണത്തിനായി കിഫ്ബി പ്രോജക്ടിൽ ഉൾപ്പെടുത്തി 68.25 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഹെൽത്ത് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ മെയിൽ &ഫീമെയിൽ വാർഡ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഒ.പി. ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിനായി ഒന്നാം ഘട്ടമായി 23 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് മെയിൽ & ഫീമെയിൽ വാർഡ് നിർമ്മിക്കുന്നതിനുള്ള ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കി മണ്ണ് പരിശോധനയും സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. രണ്ടാംഘട്ടത്തിന്റെ 16.77 കോടി രൂപയുടെ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് ആരോഗ്യവകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. വള്ളികുന്നം ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണത്തിന് 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി ആയുഷ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

## ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പദ്ധതി

67 (2301) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡിസ്ട്രിക്റ്റ് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതി തുടങ്ങിയത് എപ്പോഴാണെന്നും ഏതെല്ലാം പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുത്തി ചെയ്യുന്നതെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയിൽ പ്രവൃത്തികൾ ഉൾപ്പെടുത്താനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ഈ പദ്ധതിക്ക് ഫണ്ട് ലഭിക്കുന്നത് എവിടെ നിന്നാണെന്ന് വിശദമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി ആരംഭിച്ചത് മുതൽ ഇതിൽ ഉൾപ്പെടുത്തി ചെയ്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(എഫ്) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും പ്രവൃത്തി ആരംഭിക്കാനുണ്ടോ; ആരംഭിച്ച പ്രവൃത്തികൾ ഏതെങ്കിലും പൂർത്തീകരിക്കാനുണ്ടോ; ജില്ല തിരിച്ചുള്ള വിവരം നൽകാമോ;

(ജി) ആരംഭിക്കാത്ത പ്രവൃത്തികളുടെ ഫണ്ട് മറ്റു പ്രവൃത്തികൾക്കു വിനിയോഗി ക്കാമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളുടെയും അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് 2015-16 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച ഒരു പദ്ധതിയാണ് ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് (DFIP). ഇതിന്റെ ഭാഗമായി 21 പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് കഴിഞ്ഞ സർക്കാർ തത്വത്തിൽ അനുമതി നൽകുകയുണ്ടായി. പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഓരോ ജില്ലയിലും രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന പ്രദേശങ്ങൾ, പിന്നോക്കമായി നിൽക്കുന്ന അവികസിത മേഖലകളെ തമ്മിൽ പരസ്പരം ബന്ധിപ്പിക്കുന്നതുവഴി സാമ്പത്തികമായി പുരോഗതി കൈവരിക്കുന്നതിനുതകുന്ന പ്രദേശങ്ങൾ എന്നീ മാനദണ്ഡങ്ങളുടെ വെളിച്ചത്തിൽ ദേശീയപാതാ വിഭാഗവും നിരത്തുകളും പാലങ്ങളും വിഭാഗവും തെരഞ്ഞെടുത്തു നൽകിയ നിർദ്ദേശത്തിൽ നിന്നും വിശദമായ അവലോകനത്തിനുശേഷമാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന റോഡുകൾ തെരഞ്ഞെടുത്തിട്ടുള്ളത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) സംസ്ഥാനത്ത് വിൽക്കുന്ന പെട്രോളിനും ഡീസലിനും 1 രൂപ നിരക്കിൽ ഈടാക്കുന്ന അധിക വില്പന നികുതിയുടെ 50% ആണ് ഈ പദ്ധതികൾ നടപ്പാക്കുന്നതിനായി വകയിരുത്തിയിരുന്നത്.

(ഇ) ജില്ലാതല ഫ്ലാഗ്ഷിപ്പ് പരിപാടിയിൽ (DFIP) ആലപ്പുഴ ജില്ലയിലെ വലിയഴീക്കൽ പാലം, മലപ്പുറം ജില്ലയിലെ നാടുകാണി-പരപ്പനങ്ങാടി റോഡ് ഉൾപ്പെട്ട 5 പ്രവൃത്തികൾ ആരംഭിച്ചു. എന്നാൽ പെട്രോൾ, ഡീസൽ ഇനത്തിൽ ഈടാക്കുന്ന അധിക വില്പന നികുതിയുടെ 50% ഫണ്ട് ഈ പദ്ധതിയുടെ നടത്തിപ്പിന് ലഭ്യമാക്കാത്തതിനാൽ താഴെപ്പറയുന്ന മൂന്ന് പ്രവൃത്തികളുടെ നിർമ്മാണം മാത്രമാണ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്.

ഹിൽ ഹൈവേ (കണ്ണൂർ ജില്ല) :

191.54 കോടി രൂപ അടങ്കൽ തുകയുള്ള കണ്ണൂർ ജില്ലയിലെ ചെറുപുഴ മുതൽ വള്ളിത്തോട് വരെ 49.135 കി.മീ. റോഡ് പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ മേൽ നോട്ടത്തിൽ പുരോഗമിച്ചു വരുന്നു.

രാമനാട്ടുകര മേൽപ്പാലം (കോഴിക്കോട് ജില്ല) :

പൊതുമരാമത്ത് എൻ.എച്ച്. വിഭാഗത്തിന്റെ മേൽനോട്ടത്തിൽ 74.96 കോടി രൂപ അടങ്കൽ തുകയോടുകൂടി 580 മീറ്റർ ദൈർഘ്യമുള്ള അപ്രോച്ച് റോഡോടുകൂടിയ മേൽപ്പാലത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

തൊണ്ടയാട് മേൽപ്പാലം (കോഴിക്കോട് ജില്ല) :

പൊതുമരാമത്ത് എൻ.എച്ച്. വിഭാഗത്തിന്റെ മേൽനോട്ടത്തിൽ 51.42 കോടി രൂപ അടങ്കൽ തുകയോടുകൂടി 663 മീറ്റർ ദൈർഘ്യമുള്ള മേൽപ്പാലത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

ഈ പദ്ധതിയിൽ ഉൾപ്പെട്ട പ്രാവച്ചമ്പലം-വഴിമുക്ക് റോഡ് കിഫ്ബി-യിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(എഫ്&ജി) ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടിൽ ഉൾപ്പെടുത്തി 21 പ്രവൃത്തികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിരുന്നുവെങ്കിലും 10 പദ്ധതികൾക്ക് മാത്രമാണ് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയത്. 'ഇ' പിരിവിൽ വിവരിച്ച 5 പദ്ധതികൾ മാത്രമാണ് DFIP പദ്ധതി പ്രകാരം ആരംഭിച്ചിട്ടുള്ളത്. മറ്റുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആവശ്യമായ എസ്റ്റിമേറ്റ് കണക്കാക്കിയിരുന്നുവെങ്കിലും ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## ഇട്ടിയപ്പാറയിലെ പിൽഗ്രിം സെന്ററിന്റെ നിർമ്മാണം

68 (2302) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇട്ടിയപ്പാറയിലെ പിൽഗ്രിം സെന്ററിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചത് എന്ന് പറയാമോ; ഇപ്പോൾ ഇത് ഏത് ഘട്ടം വരെയായി; ആർക്കാണ് നിർമ്മാണച്ചുമതല; ഇതിനായി എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നത്;

(ബി) പിൽഗ്രിം സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ എന്താണ് തടസ്സം; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് പറയാമോ;

(സി) പ്രശ്നങ്ങൾ പരിഹരിച്ച് എന്ന് നിർമ്മാണം പൂർത്തിയാക്കാനാകും എന്ന് പറയാമോ?

ഉത്തരം

(എ) ഇട്ടിയപ്പാറയിലെ പിൽഗ്രിം സെന്ററിന്റെ നിർമ്മാണം 10-10-2014-ൽ ആരംഭിച്ചു. ഇപ്പോൾ മണ്ണ് ഫില്ലിംഗ് നടത്തി. ആകെ 632 പൈലുകളിൽ 81 പൈലുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണച്ചുമതല കരാറുകാരനായ റോജർ മാത്യു & കമ്പനിക്കാണ്. 16.5 കോടി രൂപയ്ക്കാണ് ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുള്ളത്.

(ബി&സി) ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തു നിന്നും തടസ്സമില്ല. എന്നാൽ കരാറുകാരന്റെ സാമ്പത്തിക പ്രശ്നമാണ് പ്രവൃത്തി മന്ദഗതിയിലാകാൻ കാരണം. എഗ്രിമെന്റ് പ്രകാരം 9-10-2016-നകം പൂർത്തിയാക്കേണ്ടിയിരുന്ന ടി പ്രവൃത്തിക്ക് 8-3-2018 വരെ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്. ടി കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

## ഒടുവള്ളിത്തട്ട്-നടുവിൽ -കുടിയാൻമല റോഡിന്റെ പ്രവൃത്തിയുടെ ടെണ്ടർ

69 (2303) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെട്ട ഒടുവള്ളിത്തട്ട്-നടുവിൽ-കുടിയാൻമല റോഡിന്റെ പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകിയോ; ഇല്ലെങ്കിൽ കാരണം എന്താണ് ;

(ബി) പ്രസ്തുത ടെണ്ടർ സംബന്ധിച്ച ഹൈക്കോടതി വിധി പരിശോധിക്കുമോ;

(സി) ഹൈക്കോടതി വിധിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെട്ട ഒട്ടുവള്ളിത്തട്ട് നടുവിൽ കുടിയാൻമല റോഡിന്റെ പ്രവൃത്തി ടെണ്ടർ അംഗീകരിച്ച് വർക്ക് ഓഡർ നൽകിയിട്ടില്ല. ഈ പ്രവൃത്തിക്ക് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ലാഭ-നഷ്ട കണക്കുകളുടെ സ്ഥിരീകരിച്ച റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ രണ്ടാമത്തെ ഏറ്റവും കുറഞ്ഞ ടെണ്ടർ പ്രൊപ്പോസൽ അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിനും സമർപ്പിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിനുശേഷം ഇതിന്മേൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ പരിഗണിക്കുവാൻ ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തൊട്ടടുത്ത തുക ക്വാട്ട് ചെയ്ത കരാറുകാരൻ, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. ഹൈക്കോടതി വിധിപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരികയുമാണ്.

## കെട്ടിടങ്ങളുടെയും റോഡുകളുടെയും പാലങ്ങളുടെയും പ്ലാനുകൾക്ക് ആർക്കിടെക്ടിന്റെ സേവനം

70 (2304) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് കെട്ടിടങ്ങളുടെയും റോഡുകളുടെയും പാലങ്ങളുടെയും മറ്റും പ്ലാനും ഡി.പി.ആറും തയ്യാറാക്കുമ്പോൾ ആർക്കിടെക്ടുകളുടെ സേവനം സമയബന്ധിതവും കാര്യക്ഷമവുമായി ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും ബദൽ മാർഗ്ഗം ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) പുറത്തുള്ള ആർക്കിടെക്ടിന്റെ സേവനം ഉപയോഗപ്പെടുത്താൻ അനുവാദം നൽകാമോ; ഇത്തരം ആർക്കിടെക്ടിന്റെ സേവനത്തിന്റെ ചെലവ് വഹിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) പൊതുമരാമത്ത് പാലങ്ങളുടെ പ്ലാനും കെട്ടിടങ്ങളുടെ ഡിസൈനും തയ്യാറാക്കുന്നത് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം മുഖേനയാണ്. ഇതിനായി ഡിസൈൻ വിഭാഗത്തിന്റെ സേവനം സമയബന്ധിതമായി ലഭിക്കുന്നില്ലായെന്ന പരാതികൾ ഉയർന്നിട്ടില്ല. കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ പ്ലാൻ സമയബന്ധിതമായി തയ്യാറാക്കുന്നതിന് ആർക്കിടെക്റ്റുകളുടെ ഒരു എംപാനൽഡ് ലിസ്റ്റ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(ബി&സി) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ കൂടുതലായി വരുന്ന സാഹചര്യങ്ങളിൽ ഡി.പി.ആർ. തയ്യാറാക്കുന്നതിനും ആവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുന്നതിനുമായി അംഗീകരിച്ചിട്ടുള്ള എംപാനൽഡ് ലിസ്റ്റിലുള്ള ഏജൻസികളുടെ സേവനം ടി പ്രവൃത്തിക്ക് വേണ്ടി വരുന്ന ചെലവ് നൽകി ലഭ്യമാക്കാറുണ്ട്.

## നെയ്യാറ്റിൻകരയിലെ കെട്ടിടനിർമ്മാണങ്ങളിൽ നടന്ന ക്രമക്കേടുകൾ

71 (2305) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സർക്കാർ കെട്ടിടനിർമ്മാണങ്ങളിലുണ്ടായ ക്രമക്കേടുകൾ അന്വേഷിക്കുന്നതിനായി നൽകിയ പരാതിയിൽ നടപടി സ്വീകരിച്ചോ;

(ബി) അഴിമതി നടന്നു എന്ന് പ്രധാനമായും പറയുന്ന കെട്ടിടങ്ങളുള്ള പി.എച്ച്.സി. വെൺപകൽ, ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ നെയ്യാറ്റിൻകര, ഗവൺമെന്റ് ഹൈസ്കൂൾ പെരുമ്പഴുതൂർ എന്നിവിടങ്ങളിൽ പി.ഡബ്ല്യു.ഡി. അധികാരികൾ തെളിവെടുപ്പ് നടത്തിയിട്ടുണ്ടോ; ഇത് അന്വേഷിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയത് എന്നറിയിക്കാമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത സ്ഥലങ്ങളിൽ നെയ്യാറ്റിൻകര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥല പരിശോധന നടത്തിയിട്ടുണ്ട്. ഈ വിഷയം അന്വേഷിക്കാൻ പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

## പഞ്ചായത്തുറോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ നടപടി

72 (2306) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ അധീനതയിൽ ഉള്ള റോഡുകൾ അഭിവൃദ്ധി പെടുത്തുന്നതിനും സമയബന്ധിതമായി അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ആവശ്യമായ ഫണ്ടില്ലാതെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന് ത്രിതല പഞ്ചായത്തുകൾ ആവശ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ തദ്ദേശസ്ഥാപനങ്ങളുടെ അധീനതയിൽ ഉള്ള എത്ര റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്; ഇപ്രകാരം ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ വിവരം ലഭ്യമല്ല.

(ബി) ആവശ്യപ്പെടാറുണ്ട്. ജനപ്രതിനിധികളുടെയും പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ഭാരവാഹികളുടെയും അപേക്ഷകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലെ റോഡുകൾ ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന കാര്യം പരിശോധിക്കുന്നതിനായി റോഡുകളെ ODR (Other District Roads), MDR (Major District Roads) എന്ന് തരം തിരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ച് തീരുമാനിക്കുവാൻ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

(സി) എൽ.എസ്.ജി.ഡി. നിലവിൽ വന്നശേഷം തദ്ദേശ സ്ഥാപനങ്ങളുടെ അധീനതയിലുണ്ടായിരുന്ന റോഡുകൾ കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുണ്ടായിരുന്ന ODR, Village road എന്നിവയടക്കം 14-8-2009-ലെ സ.ഉ. (സാധാ) നമ്പർ 52/09/പൊ.മ.വ. പ്രകാരം 1751 (7133.19 കീ.മി) റോഡുകളും 7-1-2012-ലെ സ.ഉ (സാധാ) നമ്പർ 05/2012/പൊ.മ.വ പ്രകാരം 1524 (8570.39 കി.മീ.) റോഡുകളും എം.ഡി.ആർ. ആയി അപ്ഗ്രേഡ് ചെയ്ത് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ഇത്തരത്തിൽ എൽ.എസ്.ജി.ഡി. റോഡുകൾ എം.ഡി.ആർ. ആയി

പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നിലവിലുള്ള മാനദണ്ഡപ്രകാരം ടി റോഡുകൾ 8 മീറ്റർ വീതിയുള്ളതും കുറഞ്ഞത് 2 പഞ്ചായത്തുകൾവഴി കടന്നുപോകുന്നതും 2 പൊതുമരാമത്ത് വകുപ്പ് റോഡുകളെ ബന്ധിപ്പിക്കുന്നതും റഗുലർ ആയി ബസ് സർവ്വീസ് ഉള്ളതുമായിരിക്കണം. എൽ.എസ്.ജി.ഡി. റോഡുകൾ ഏറ്റെടുക്കുന്നതിന് അതാത് പഞ്ചായത്തിന്റെ റസല്യൂഷനും എൽ.എസ്.ജി.ഡി. വകുപ്പ്, ധനകാര്യ വകുപ്പ് എന്നിവകളുടെ അനുമതിയും ആവശ്യമാണ്. ഇത്തരം അനുമതിയും മാനദണ്ഡങ്ങളുമുള്ള റോഡുകൾ മന്ത്രിസഭാ സമിതിയുടെ അനുമതിയോടുകൂടി പൊതുമരാമത്ത് വകുപ്പ് റോഡായി മാറ്റാവുന്നതാണ്.

## എൻ.എച്ച് 66-ൽ ആർ.ഒ.ബി. ഇല്ലാത്ത സ്ഥലങ്ങൾ

73 (2307) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൻ.എച്ച്. 66-ൽ ആർ.ഒ.ബി. ഇല്ലാത്ത എത്ര സ്ഥലങ്ങളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇവിടങ്ങളിൽ ആർ.ഒ.ബി. നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എൻ.എച്ച്. 66-ൽ ആർ.ഒ.ബി. ഇല്ലാത്തത് കാസർഗോഡ് ജില്ലയിലെ പള്ളിക്കരയിലും കണ്ണൂർ ജില്ലയിലെ ചൊവ്വ, നടാൽ എന്നീ സ്ഥലങ്ങളിലുമാണ്.

(ബി) ഇവിടങ്ങളിൽ ആർ.ഒ.ബി. നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പള്ളിക്കര, ചൊവ്വ, നടാൽ എന്നീ ആർ.ഒ.ബി. നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ചൈതന്യ കൺസൾട്ടൻസി എന്ന സ്ഥാപനത്തെ കേന്ദ്ര ഉപരിതല മന്ത്രാലയം ഏൽപ്പിക്കുകയുണ്ടായി. ദേശീയപാത 66 നാലുവരിപ്പാതയാക്കുന്ന പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ തുടങ്ങിയതിനാൽ പള്ളിക്കര ആർ.ഒ.ബി അതോടൊപ്പം നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ചൊവ്വ, നടാൽ എന്നീ ആർ.ഒ.ബി.-കളുടെ അലൈൻമെന്റ് അംഗീകരിക്കുകയും ഡി.പി.ആർ. അംഗീകാരത്തിനായി ഉപരിതലഗതാഗത മന്ത്രാലയത്തിൽ ചൈതന്യ കൺസൾട്ടൻസി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## ദേശീയപാത 66-ന്റെ വികസനം

74 (2308) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പാത 66 -ന് സ്ഥലം ഏറ്റെടുക്കൽ നടപടികൾ നടക്കുന്നുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത്;

(സി) ദേശീയപാത വികസനത്തിന് നിലവിൽ കേന്ദ്രഗവൺമെന്റ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ഡി) ദേശീയപാത 66, ടാർ ചെയ്യുന്ന പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയും;

(ഇ) ഈ സർക്കാരിന്റെ കാലത്ത് ദേശിയപാത 66 വീതികൂട്ടി നാല് വരി ആക്കുന്ന പ്രവർത്തനം പൂർത്തീകരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ദേശീയപാത 66 നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് ചെയ്തു വരുന്നത്. ദേശീയപാത 66-ന്റെ വികസനത്തിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ 70%-ത്തോളം സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. മറ്റു ജില്ലകളിലും സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി അലൈൻമെന്റ് അംഗീകരിക്കുന്ന നടപടികളും എൻ.എച്ച്.ആക്ട് 1956 പ്രകാരമുള്ള 3(എ) വിജ്ഞാപനം നടത്തുന്നതിനുള്ള നടപടികളും എൻ.എച്ച്.എ.ഐ. എടുത്തു വരുന്നു.

(സി) തലപ്പാടി മുതൽ കേരള-തമിഴ്നാട് അതിർത്തിയായ കാരോട് വരെ ദേശീയപാതയുടെ വികസനത്തിന്റെ പൂർണ്ണമായ ചെലവ് വഹിക്കുന്നത് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയമാണ്. കൂടാതെ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ വരുന്ന ദേശീയപാതകളുടെ വികസനത്തിനായി 675 കോടി രൂപ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അനുവദിച്ചിട്ടുണ്ട്.

(ഡി&ഇ) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2-2-2017-ൽ കൂടിയ യോഗത്തിൽ എൻ.എച്ച്.-66-ന്റെ വികസന പ്രവൃത്തികൾ ഈ വർഷം തന്നെ ആരംഭിക്കാമെന്ന് എൻ.എച്ച്.എ.ഐ.-യുടെ പ്രതിനിധികൾ ഉറപ്പു നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി പരമാവധി വേഗത്തിൽ പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷ.

## രജിസ്ട്രേഷൻ വരുമാനത്തിലുണ്ടായ ഇടിവ്

75 (2309) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോട്ട് നിരോധനത്തെ തുടർന്ന്, സംസ്ഥാനത്ത് രജിസ്ട്രേഷൻ വരുമാനത്തിൽ ഇടിവ് ഉണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) രജിസ്ട്രേഷൻ വരുമാനത്തിൽ ഉണ്ടായ ഇടിവ്, ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയതിലൂടെ നികത്തുവാൻ സാധിച്ചിട്ടുണ്ടോ;

(സി) കറൻസിയായുള്ള പണമിടപാടുകളുടെ പരിധി രണ്ട് ലക്ഷം രൂപയാക്കി കൊണ്ടുള്ള കേന്ദ്രതീരുമാനം രജിസ്ട്രേഷൻ വകുപ്പിനെ എപ്രകാരം ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) 2016-17 സാമ്പത്തിക വർഷം നോട്ടു നിരോധനത്തിന് മുമ്പുള്ള കാലയളവിൽ (2016 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) പ്രതിമാസം ശരാശരി നികുതി വരുമാനം 220.98 കോടി രൂപയായിരുന്നു. നോട്ട് നിരോധനമുണ്ടായിരുന്ന കാലയളവിൽ (2016 നവംബർ മുതൽ 2017 ജനുവരി വരെ) പ്രതിമാസ ശരാശരി നികുതി വരുമാനം 175.87 കോടി രൂപയായി കുറഞ്ഞു. നോട്ട് നിരോധനത്തിനുശേഷം (2016 നവംബർ മുതൽ 2017 മാർച്ച് വരെ) പ്രതിമാസം ശരാശരി നികുതി വരുമാനം 221.37 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ആധാര രജിസ്ട്രേഷന് ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയത് 2017 ഫെബ്രുവരി മാസത്തിലാണ്. അതിനുശേഷം നോട്ട് നിരോധനത്തിൽ ഉണ്ടായ കുറവ് നിലവിൽ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) കറൻസിയായുള്ള പണമിടപാടുകളുടെ പരിധി രണ്ട് ലക്ഷം രൂപയാക്കി കൊണ്ടുള്ള ആദായ നികുതി നിയമത്തിലെ വകുപ്പായ 269 ST സ്ഥാവര വസ്തുക്കളുടെ കൈമാറ്റത്തിന് നൽകുന്ന പ്രതിഫലം/അഡ്വാൻസ് എന്നിവയ്ക്ക് ബാധകമല്ല. സ്ഥാവര വസ്തുക്കളുടെ കൈമാറ്റത്തിന് നൽകുന്ന പ്രതിഫലം/അഡ്വാൻസ് എന്നിവയ്ക്ക് ബാധകമായിട്ടുള്ളത് ആദായ നികുതി നിയമത്തിലെ 269 SS എന്ന വകുപ്പാണ്. ഈ വകുപ്പനുസരിച്ച് സ്ഥാവര വസ്തു കൈമാറ്റം ചെയ്യുമ്പോൾ കൈപ്പറ്റുന്ന പ്രതിഫലമോ അഡ്വാൻസോ 20000 രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ അത് കറൻസിയായി കൈമാറ്റം ചെയ്യുവാൻ പാടില്ല. 269 SS 2015 ജൂൺ 1 മുതൽ പ്രാബല്യത്തിൽ ഉള്ള വകുപ്പാണ്.

**ഇ-സ്റ്റാമ്പിംഗ് വഴി രജിസ്ട്രേഷൻ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ**

76 (2310) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഇടപാടുകൾക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇ-സ്റ്റാമ്പിങ് നടപ്പാക്കുന്നത് ഏത് രീതിയിലാണ്; ഇതിനായി എന്തെല്ലാം സംവിധാനമൊരുക്കിയിട്ടുണ്ട്; ഇതുവഴി രജിസ്ട്രേഷൻ രംഗത്ത് എന്തെല്ലാം മാറ്റങ്ങളുണ്ടാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കെതിരെ ഏതെങ്കിലും തരത്തിലുള്ള എതിർപ്പുകൾ ഉണ്ടായിട്ടുണ്ടോ; ഈ പദ്ധതി സംബന്ധിച്ച് സ്റ്റാമ്പ് വെണ്ടർമാർ എന്തെങ്കിലും ആശങ്ക ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആധാര രജിസ്ട്രേഷനുകൾക്കായി മുദ്രപ്പത്രത്തിനുപകരം ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുമെന്ന ബഹു. ധനകാര്യവകുപ്പുമന്ത്രിയുടെ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 7-4-2017-ലെ690-ാം നമ്പർ ഗസറ്റ് വിജ്ഞാപനത്തിലൂടെ 1960-ലെ കേരള മുദ്രപ്പത്ര ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുമ്പോൾ ഒരു ലക്ഷം രൂപവരെയുള്ള ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗിലൂടേയോ നിലവിലുള്ള മുദ്രപ്പത്രമോ ഉപയോഗിച്ച് മുദ്രവില ഒടുക്കാവുന്നതാണ്. ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗിലൂടെ മാത്രമേ തുക ഒടുക്കുവാൻ സാധിക്കുകയുള്ളൂ. ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതിനാവശ്യമായ ഓൺലൈൻ സംവിധാനത്തിന് രൂപകൽപ്പന ചെയ്യുകയും സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുമാണ് വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) ഇ-സ്റ്റാമ്പിംഗ് സംവിധാനത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. ആധാര കക്ഷികൾ WWW.Keralaregistration.gov.in എന്ന വെബ്സൈറ്റിൽ സന്ദർശിച്ചു യൂസർ രജിസ്ട്രേഷൻ നടത്തുന്നു.
2. യൂസർ വിവരങ്ങൾ (user name & password) നൽകിക്കൊണ്ട് ലോഗിൻ ചെയ്തതിനുശേഷം രജിസ്ട്രേഷൻ നടത്തേണ്ട സബ് രജിസ്ട്രാർ ഓഫീസ് തെരഞ്ഞെടുക്കുകയും രജിസ്റ്റർ ചെയ്യേണ്ട തീയതിക്കും സമയത്തിനുമുള്ള ടോക്കൺ എടുക്കുകയും ചെയ്യുന്നു.

3. വെബ് സൈറ്റിൽ ലഭ്യമായ മാതൃക ആധാരങ്ങൾ ഡൗൺലോഡ് ചെയ്തുകൊണ്ട് രജിസ്റ്റർ ചെയ്യേണ്ട ആധാരം തയ്യാറാക്കുന്നു.

4. മേൽപ്രകാരം തയ്യാറാക്കിയ ആധാര പ്രകാരമുള്ള എല്ലാ വിവരങ്ങളും വെബ്സൈറ്റിലൂടെ എന്റർ ചെയ്തു നൽകുന്നു.

5. ആധാര വിലയുടെ അടിസ്ഥാനത്തിൽ മുദ്ര വിലയും രജിസ്ട്രേഷൻ ഫീസും കമ്പ്യൂട്ടർ മുഖാന്തരം നിർണ്ണയിച്ചതിനുശേഷം നെറ്റ് ബാങ്കിംഗ് മുഖാന്തരം തുക ഒടുക്കി ഇ-ചെല്ലാൻ പ്രിന്റ് ചെയ്യുന്നു.

6. നെറ്റ് ബാങ്കിംഗ് സൗകര്യം ഇല്ലാത്ത കക്ഷികൾക്ക് രജിസ്ട്രേഷൻ സൈറ്റിൽ നിന്നുതന്നെ ട്രഷറിയിൽ തുക ഒടുക്കുന്നതിനുള്ള ചെല്ലാൻ പ്രിന്റ് ചെയ്തെടുക്കാവുന്നതും ഇതേ ചെല്ലാൻ ഉപയോഗിച്ച് ഏതെങ്കിലും ട്രഷറിയിൽ തുക ഒടുക്കാവുന്നതുമാണ്.

   6(a) ട്രഷറിയിൽ തുക ഒടുക്കിയതിനുശേഷം ലഭിക്കുന്ന GRN/ Transid ഉപയോഗിച്ച് രജിസ്ട്രേഷൻ വെബ്സൈറ്റിൽ നിന്നും ഇ-സ്റ്റാമ്പ് വിവരങ്ങൾ രേഖപ്പെടുത്തിയതും ആധാരത്തിന്റെ ആദ്യ വാചകങ്ങൾ എഴുതുകയോ പ്രിന്റ് ചെയ്യാവുന്നതോ ആയ ഷീറ്റ് കളർ പ്രിന്റ് ചെയ്തെടുക്കുന്നു.

7. ജി.ആർ.എൻ. നമ്പർ നൽകിക്കൊണ്ട് ആധാരത്തിന്റെ ആദ്യ പേജായി വരേണ്ടതും ആധാര വാചകങ്ങൾ ആരംഭിക്കുന്ന പേജ് 130 ജി.എസ്.എം.-ൽ കുറയാത്ത കട്ടിയുള്ള വെള്ള കടലാസിൽ കളർ പ്രിന്റ് ചെയ്തെടുക്കുന്നു. ഈ ഷീറ്റിൽ മുദ്രവില ഒടുക്കിയ വിവരങ്ങളും പ്രിന്റ് ചെയ്തു വരുന്നതാണ്.

8. മേൽ പ്രകാരമുള്ള ആധാരത്തിന്റെ ഫയലിംഗ് ഷീറ്റ് തയ്യാറാക്കുന്നു.

9. അസ്സൽ ആധാരവും ഫയലിംഗ് ഷീറ്റുമായി ടോക്കൺ പ്രകാരമുള്ള തീയതിയിൽ ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ ഹാജരാകുന്നു.

10. സബ് രജിസ്ട്രാർ ആധാരം പരിശോധിക്കുകയും ഇ-സ്റ്റാമ്പും രജിസ്ട്രേഷൻ ഫീസും ഡീഫേസ് ചെയ്തുകൊണ്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നു.

11. മുദ്രവില, രജിസ്ട്രേഷൻ ഫീസ് വിവരങ്ങൾ ആധാരത്തിന്റെ പുറത്തെഴുത്തായി (Endorsement) രേഖപ്പെടുത്തിയശേഷം ആധാരം മടക്കി നൽകുന്നു.

പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി എല്ലാ സബ് രജിസ്ട്രാർ ഓഫീസുവഴിയും പത്രമാധ്യമങ്ങൾ വഴിയും ഇ-സ്റ്റാമ്പിംഗ് സംവിധാനത്തിന്റെ പ്രവർത്തന രീതി വിശദീകരിച്ചുകൊണ്ട് പദ്ധതിയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായുള്ള പരസ്യപ്രചരണങ്ങൾക്ക് വകുപ്പ് ലക്ഷ്യമിടുന്നു.

(സി) ഇല്ല. ഈ പദ്ധതി സംബന്ധിച്ച് സ്റ്റാമ്പ് വെണ്ടർമാർ ആശങ്ക ഉന്നയിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

**ഭൂമി രജിസ്ട്രേഷൻ മുഖേനയുള്ള വരുമാനം**

77 (2311) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് പത്തനംതിട്ട ജില്ലയിൽ എത്ര ഭൂമി രജിസ്ട്രേഷനുകൾ നടത്തിയിട്ടുണ്ട്;

(ബി) ഈ സർക്കാരിന്റെ കാലത്ത് കേരളത്തിൽ നടത്തിയിട്ടുള്ള ഭൂമി രജിസ്ട്രേഷനിലൂടെ എത്ര രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 26455 എണ്ണം

(ബി) 2472.31 കോടി രൂപ (2016 ജൂൺ മുതൽ 2017 ഏപ്രിൽ വരെ)

**നാദാപുരം രജിസ്ട്രേഷൻ ഓഫീസ്**

78 (2312) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം മണ്ഡലത്തിലെ പഴക്കം ചെന്ന നാദാപുരം രജിസ്ട്രേഷൻ ഓഫീസ് പുതുക്കിപ്പണിയാൻ പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിക്കായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) നാദാപുരം മണ്ഡലത്തിലെ ഏതൊക്കെ രജിസ്ട്രേഷൻ ഓഫീസുകൾ പുതുക്കിപ്പണിയാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നാദാപുരം ഓഫീസ് പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന് കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാലും കെട്ടിടത്തിന് മറ്റു കേടുപാടുകൾ ഒന്നുംതന്നെ ഇല്ലാത്തതിനാലും പുതുക്കിപ്പണിയാനുള്ള സാഹചര്യം നിലവിലില്ല.

(ബി) ബാധകമല്ല.

(സി) നാദാപുരം മണ്ഡലത്തിലാകെയുള്ള നാല് സബ് രജിസ്ട്രാർ ഓഫീസുകളിൽ നാദാപുരം, കാവിലുംപാറ എന്നിവ സർക്കാർ വക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നിലവിൽ അവ പുതുക്കി പണിയേണ്ട സാഹചര്യമില്ല. ഉണേരി ഓഫീസിന്റെ കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു. എടച്ചേരി ഓഫീസ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമായിട്ടില്ല.

**ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ്**

79 (2313) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി മണ്ഡലത്തിലെ ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പുതുക്കിപ്പണിയുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിന് നിലവിൽ സ്വന്തമായി ഓഫീസ് കെട്ടിടം ഇല്ലാത്തതിനാൽ പുതുക്കിപ്പണിയാനുള്ള നടപടികൾ സ്വീകരിക്കാനാവില്ല. നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടില്ല. കെട്ടിട നിർമ്മാണത്തിനായി ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**18 വയസ്സ് തികയാത്ത കുട്ടികളുടെ പേരിലെ ഭൂസ്വത്ത് കൈമാറ്റം**

80 (2314) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 18 വയസ്സ് തികയാത്ത കുട്ടികളുടെ പേരിലെ ഭൂസ്വത്ത് കൈമാറ്റം ചെയ്യുന്നതിന് കോടതിയുടെ അനുമതി ആവശ്യമായിട്ടുണ്ടോ;എങ്കിൽ എന്നുമുതലുള്ള ഭൂസ്വത്ത് കൈമാറ്റം ചെയ്യുന്നതിനാണ് അനുമതി ആവശ്യമായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത് സംബന്ധമായി എന്തെങ്കിലും നിർദ്ദേശം നികുതി വകുപ്പ് സെക്രട്ടറിക്കോ രജിസ്ട്രേഷൻ ഐ.ജി.-ക്കോ ലഭിച്ചിരുന്നോ; എങ്കിൽ എന്ന്; ആരിൽ നിന്നാണ് നിർദ്ദേശം ലഭിച്ചത്; പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത നിർദ്ദേശം ലഭിച്ച ശേഷം ഇത്തരത്തിലുള്ള ഭൂസ്വത്ത് കൈമാറ്റത്തിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; വിശദവിവരം നൽകാമോ?

<u>ഉത്തരം</u>

(എ) മൈനർമാരുടെ വസ്തു കൈമാറ്റം നടക്കുമ്പോൾ അവരുടെ അവകാശങ്ങൾ ഹനിക്കുന്നില്ലായെന്ന ഉറപ്പ് വരുത്തുന്നതിനായി ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ കോടതിയുടെ അനുമതി പ്രസ്തുത കൈമാറ്റത്തിനുണ്ടോയെന്ന് പരിശോധിക്കാൻ എല്ലാ സബ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകണമെന്ന കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവ് ലഭ്യമായിട്ടുണ്ട്. കോടതിയുടെ അനുമതിയില്ലായെന്ന കാരണത്താൽ ആധാരത്തിന്റെ രജിസ്ട്രേഷൻ നിഷേധിക്കുവാൻ നിയമ വ്യവസ്ഥയില്ല. അതിനാൽ മൈനർമാരുടെ ഉത്തമ താത്പര്യം സംരക്ഷിക്കുവാൻ നിലവിലെ നിയമ വ്യവസ്ഥയ്ക്കുള്ളിൽ നിന്നുകൊണ്ട് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് ചെയ്യുവാൻ കഴിയുന്ന കാര്യങ്ങൾ സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.

(ബി) ഇതുസംബന്ധിച്ച് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 1-11-2016-ലെ ഉത്തരവ് 29-11-2016-ൽ നികുതി വകുപ്പ് സെക്രട്ടറിക്ക് ലഭിച്ചിരുന്നു. പകർപ്പ് ഇതോടൊപ്പം നൽകുന്നു.*

(സി) 14 ജില്ലകളിലേയും ജില്ലാ രജിസ്ട്രാർമാരിൽ നിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

## കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ

81 (2315) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. കെ. ബാബു</u> :
<u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെയും റെയിൽവേയുടെയും സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ നിലവിൽ ഏറ്റെടുത്തിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) റാപ്പിഡ് റെയിൽ കോറിഡോറിന്റെ സാധ്യതാ പഠനം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റേയും കേന്ദ്ര റെയിൽ മന്ത്രാലയത്തിന്റെയും സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് താഴെ പറയുന്ന പ്രവൃത്തികൾ രണ്ട് ഘട്ടങ്ങളിലായി ഏറ്റെടുത്ത് നടത്തുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനും തുടർ നടത്തിപ്പിനും 14-3-2017-ൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്. പദ്ധതികൾ ചുവടെ ചേർക്കുന്നു :

ഒന്നാംഘട്ടം

1. റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്)
2. തലശ്ശേരി-മൈസൂർ
3. എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് പുനഃപ്രവർത്തനം ആരംഭിക്കുന്ന പദ്ധതി
4. കൊച്ചി വിമാനത്താവളത്തിലേയ്ക്ക് ത്രികോണ റെയിൽ ലൈൻ വലിച്ച് യാത്രക്കാരുടെ സൗകര്യത്തിനായി റെയിൽവേസ്റ്റേഷനും കണ്ടെയ്നർ ചരക്കുനീക്കത്തിനായി ടെർമിനലും സ്ഥാപിക്കൽ

രണ്ടാംഘട്ടം

1. എരുമേലി-പുനലൂർ :

   നിർദ്ദിഷ്ട അങ്കമാലി എരുമേലി പാതയെ എരുമേലിയിൽ നിന്നും പുനലൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത

2. ഏറ്റുമാനൂർ-ശബരി ലിങ്ക് ലൈൻ :

   നിർദ്ദിഷ്ട അങ്കമാലി-ശബരി ലൈനിനെ ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത

3. നിലമ്പൂർ-നഞ്ചൻകോട് :

   നിലമ്പൂർ റെയിൽവേ സ്റ്റേഷനെ കർണ്ണാടക സംസ്ഥാനത്തിലെ നഞ്ചൻകോട് റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

ഇതുകൂടാതെ വിഴിഞ്ഞം പദ്ധതി പ്രദേശത്തേയ്ക്കുള്ള റെയിൽലൈൻ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ ഏറ്റെടുത്ത് തുടങ്ങിയിട്ടില്ല.

(ബി) ഉണ്ട്. റാപ്പിഡ് റെയിൽ കോറിഡോർ (തിരുവനന്തപുരം-ചെങ്ങന്നൂർ- 125.56 കിലോമീറ്റർ) ന്റെ സാധ്യതാ പഠനം മുംബൈ റെയിൽ വികാസ് കോർപ്പറേഷനെകൊണ്ട് നടത്തിയിട്ടുണ്ട്. ഇതിന്റെ ആകെ ചെലവ് 3063.97 കോടി രൂപയാണ്. ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി റെയിൽ മേൽപ്പാലം/ റെയിൽ അടിപ്പാത നിർമ്മാണം ഈ പദ്ധതിയിൽ നിന്നും മാറ്റി മറ്റൊരു പദ്ധതിയായി നടപ്പാക്കുവാൻ ആലോചിച്ചു വരുന്നു. തൻമൂലം പദ്ധതി ചെലവ് 2114 കോടി രൂപയായി കുറയ്ക്കുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയുടെ പണി പൂർത്തിയാക്കുവാൻ കേരള സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും എല്ലാ അനുമതികളും കിട്ടിക്കഴിഞ്ഞ് മൂന്ന് കൊല്ലം കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വിശദ പദ്ധതി റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. ഈ പദ്ധതി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനു കീഴിൽ രൂപീകൃതമാകുന്ന എസ്.പി.വി. വഴി നടപ്പിലാക്കുവാനുമാണ് കെ.ആർ.ഡി.സി.എൽ. ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചിരിക്കുന്നത്.

**ട്രെയിൻ യാത്രികരുടെ സുരക്ഷ**

82 (2316) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ട്രെയിൻ യാത്രക്കാരെ ആക്രമിച്ച്, പണവും, വിലപിടിപ്പുള്ള സാധനങ്ങളും കവർച്ച ചെയ്യുന്നത് കൂടി വരുന്നതായിട്ടുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ട്രെയിൻ യാത്രക്കാർക്ക് സുരക്ഷ ഉറപ്പ് വരുത്താൻ റെയിൽവേ മന്ത്രാലയവുമായി ബന്ധപ്പെട്ട്, എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ട്രെയിൻ യാത്രക്കാരുടെ സുരക്ഷ ഉറപ്പു വരുത്തുവാനുള്ള നടപടികൾ സ്വീകരിക്കുന്നത് ഉൾപ്പെടെയുള്ള നിരവധി ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിലേക്കായി കേരള നിയമസഭ 3-11-2016-ൽ പാസ്സാക്കിയ പ്രമേയം കേന്ദ്ര സർക്കാരിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്. വിവിധ തലങ്ങളിലും സ്ഥലങ്ങളിലും യാത്രക്കാരേയും പാസഞ്ചേഴ്സ് അസോസിയേഷൻ ഭാരവാഹികളെയും റെയിൽവേ ജീവനക്കാരേയും പോർട്ടർമാരേയും മറ്റ് ഉദ്യോഗസ്ഥൻമാരേയും ജനയാത്രാ സുരക്ഷാ കമ്മിറ്റി രൂപീകരിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും മറ്റ് യാത്രക്കാർക്കും

എതിരെ ഉണ്ടാകുന്ന ശല്യപ്പെടുത്തലുകളും ഉപദ്രവങ്ങളും ആക്രമണങ്ങളും ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ പോലീസിനെ അറിയിക്കുന്നതിന് ഏർപ്പാട് ചെയ്യും ഇത്തരത്തിൽ വിവരങ്ങൾ കിട്ടുന്ന സമയം തന്നെ ഡ്യൂട്ടിക്കാർ അടിയന്തരമായി ഇടപെട്ട് വേണ്ട സഹായ നടപടികൾ കൈക്കൊള്ളുകയും നിയമാനുസൃതമായി കേസ്സുകൾ രജിസ്റ്റർ ചെയ്ത് കർശനമായ അനന്തര നടപടികൾ ഊർജ്ജിതമായി കൈക്കൊണ്ടും വരുന്നു. "സുരക്ഷിതമായ ട്രെയിൻ യാത്ര അവകാശമാണ്, നിങ്ങളെ സംരക്ഷിക്കാൻ റെയിൽവേ പോലീസ് കൂടെയുണ്ട്" എന്ന ഒരു സന്ദേശവുമായി റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സിന്റെ സഹകരണത്തോടുകൂടിയും മറ്റ് സംഘടനകളെ ഉൾപ്പെടുത്തി റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും ബോധവൽക്കരണ പരിപാടികളും ലഘുലേഖകൾ വിതരണം ചെയ്യും ഫീഡ്ബാക്ക് ഫോമുകൾ തയ്യാറാക്കി യാത്രക്കാർക്ക് വിതരണം ചെയ്യും അഭിപ്രായം സ്വരൂപിച്ച് യാത്രക്കാരുമായി കൂടികാഴ്ചകൾ നടത്തി എല്ലാ യാത്രികർക്കും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അക്രമങ്ങൾ മുൻകൂട്ടി തടഞ്ഞും സുരക്ഷിതത്ത്വമൊരുക്കിയും മറ്റു നിയമാനുസൃത നടപടികളും കൈക്കൊണ്ടു വരുന്നു.

സിറ്റിസൺ ഹെൽപ്പ് ഡെസ്ക് മുഖാന്തരം മുതിർന്ന പൗരന്മാർക്കും യാത്രക്കാർക്കും സ്ത്രീകളുടെയും കുട്ടികളുടെയും പരാതികൾക്ക് പ്രത്യേക പരിഗണന നൽകി തത്സമയ സഹായ നടപടികൾ കൈക്കൊണ്ടു വരുന്നു. റെയിൽവേ സ്റ്റേഷൻ പ്ലാറ്റ്ഫോമുകളിൽ പ്രവർത്തിക്കുന്ന ചൈൽഡ് ഹെൽപ്പ് ലൈനിന്റെ സഹകരണത്തോടെ നിരീക്ഷണവും അന്വേഷണവും നടത്തി കുട്ടികൾക്കെതിരെ അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും കുട്ടികളുടെ പ്രത്യേക സുരക്ഷയ്ക്കായി ജില്ലാ ചൈൽഡ് ലൈൻ പ്രവർത്തകരുമൊന്നിച്ച് ട്രെയിനുകളിൽ ബീറ്റ് ഡ്യൂട്ടിയും നടത്തി വരുന്നു. ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും മാതാപിതാക്കളെ നഷ്ടപ്പെട്ടും നാടുവിട്ടുവരുന്ന കുട്ടികളെയും മറ്റ് അനാഥരായ സ്ത്രീകളെയും കുട്ടികളെയും കണ്ടെത്തി മാതാപിതാക്കളെയും രക്ഷകർത്താക്കളെയും ഏൽപ്പിച്ച് ചൈൽഡ് ലൈൻ മുഖാന്തരം ജൂവനൈൽ ഹോമുകളിലും അഗതി മന്ദിരങ്ങളിലും മറ്റു സുരക്ഷാസ്ഥാനങ്ങളിലും എത്തിക്കുകയും പാർപ്പിക്കുകയും ചെയ്തു വരുന്നു. സ്ത്രീകളുടെ സുരക്ഷയ്ക്കായും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും മറ്റ് നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്നതിനും എല്ലാ റെയിൽവേ പോലീസ് സ്റ്റേഷനുകളിലും ജൂവനൈൽ ഓഫീസർമാരെയും വനിതാ പോലീസുകാരെയും ഉൾപ്പെടുത്തി ജൂവനൈൽ യൂണിറ്റുകളും മറ്റും രൂപീകരിച്ചിട്ടുള്ളതും DYSP, DCRB, RAILWAYS-നെ ആയതിന്റെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുള്ളതും നോഡൽ ഓഫീസർ ഇതുസംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ നിരീക്ഷിച്ചും റെയിൽവേ സ്റ്റേഷനുകളിലും അനുബന്ധ പരിസരങ്ങളിലും (പാസഞ്ചർ ട്രെയിനുകൾ ഉൾപ്പെടെ) യാത്രക്കാരുടെയും സ്ത്രീകളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിന് വ്യാപകമായി പോലീസുകാരെ ബീറ്റ് ഡ്യൂട്ടിക്കും

പട്രോളിംഗ് ഡ്യൂട്ടിക്കും നിയോഗിച്ചും ട്രെയിനുകളിലെ വനിതാകോച്ചുകളിൽ പ്രത്യേക ഡ്യൂട്ടിക്കാരെ നിയോഗിച്ചും റെയിൽവേ സ്റ്റേഷനുകളിൽ ട്രെയിനുകൾ എത്തിച്ചേരുമ്പോൾ കമ്പാർട്ടുമെന്റുകൾക്ക് സമീപമെത്തി നിരീക്ഷിച്ചും അന്വേഷിച്ചും പദ്ധതികൾക്ക് വേണ്ട സഹായങ്ങൾ ചെയ്തും വരുന്നു.

യാത്രക്കാർക്ക് എതിരെയും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേയും ഉണ്ടാകുന്ന ഏത് അതിക്രമങ്ങൾക്കും മറ്റു സംഗതികൾക്കും ഉടനടി ബന്ധപ്പെടുന്നതിന് റെയിൽവേ സൂപ്രണ്ടിന്റെ ഓഫീസിൽ ഒരു റെയിൽ അലെർട്ട് സിസ്റ്റം നടപ്പാക്കിയിട്ടുള്ളതും ഏതു സമയവും (24 മണിക്കൂറും) റെയിൽ അലർട്ട് നമ്പരായ 9846200100, 9846200150, ഹെൽപ്പ് ലൈൻ നമ്പരായ 9995040000 എന്നിവയിൽ ബന്ധപ്പെടാവുന്നതും തത്സമയം തന്നെ നടപടികൾ സ്വീകരിക്കുന്നതുമാണ്. ടി നമ്പരുകൾ ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും ലഘുരേഖകളിലും മാധ്യമങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. യാത്രക്കാരുടെയും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയും നടക്കുന്ന കുറ്റകൃത്യങ്ങൾക്ക് ചുമത്താവുന്ന വകുപ്പുകൾ അങ്ങേയറ്റം ചുമത്തി എത്രയും വേഗത്തിൽ പ്രതികളെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്ത് ഊർജ്ജിതമായി അന്വേഷണം പൂർത്തിയാക്കി ശിക്ഷ ലഭിക്കുന്നതിലേക്ക് കുറ്റപത്രം കോടതിയിൽ സമർപ്പിച്ചും വരുന്നു. സ്ത്രീകളുടെയും കുട്ടികളുടേയും സുരക്ഷയ്ക്കായി റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സുമായി ചേർന്ന് സംയുക്ത കർത്തവ്യങ്ങളും നിർവ്വഹിച്ചു വരുന്നു.

## കാസർഗോഡ്, കോട്ടിക്കുളം റെയിൽവേ ഓവർബ്രിഡ്ജ്

83 (2317) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കോട്ടിക്കുളം റെയിൽവേ സ്റ്റേഷന് സമീപം റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) ഇതിന് 2016-17 വർഷത്തെ സംസ്ഥാന ബജറ്റിൽ തുക വകയിരുത്തി യിരുന്നുവോ; ആയതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ബന്ധപ്പെട്ടവർ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) പദ്ധതിയുടെ ഡി.പി.ആർ., കിഫ്ബിയുടെ പരിഗണനയിലാണ്.

(ബി) 2016-17 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 27-9-2016 തീയതിയിലെ സ.ഉ. (സാധാ)നമ്പർ 1324/2016/ പൊ.മ.വ. പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നിർമ്മാണത്തിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെയാണ് നിയമിച്ചിരിക്കുന്നത്. ആർ.ബി.ഡി.സി.കെ. പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പുതുക്കിയ ഡി.പി.ആർ. പ്രകാരം 23.97 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നും അന്തിമാനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയൂ.

**കുണ്ടായിത്തോട് റെയിൽവേ അണ്ടർ ബ്രിഡ്ജ് നിർമ്മാണം**

84 (2318) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ കുണ്ടായിത്തോട് റെയിൽവേ അണ്ടർ ബ്രിഡ്ജ്, ഡെപ്പോസിറ്റ് സ്കീമിൽ നിർമ്മിക്കുന്നതിന് റെയിൽവേയുടെ അനുമതി ലഭിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് ആവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ; ആയത് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതിനാവശ്യമായ മുഴുവൻ തുകയും സംസ്ഥാന സർക്കാരാണ് ചെലവാക്കേണ്ടത് എന്നതിനാലും സർക്കാരിന്റെ ഇപ്പോഴത്തെ ധനസ്ഥിതി മോശമായതിനാലും ഈ പ്രൊപ്പോസൽ തൽക്കാലം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി.**

85 (2319) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എൻ.ഒ.സി. നൽകിയ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളുടെ വിശദവിവരം നൽകുമോ;

(ബി) എൻ.ഒ.സി. ലഭിക്കുന്നതിനായി ഡി.പി.ഐ.-യിൽ നിന്നും പൊതു വിദ്യാഭ്യാസ വകുപ്പിലേക്ക് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;അവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇങ്ങനെ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് എൻ.ഒ.സി. ലഭ്യമാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സ്കൂളുകൾക്കൊന്നും തന്നെ എൻ.ഒ.സി. നൽകിയിട്ടില്ല.

(ബി) ഡി.പി.ഐ.-യിൽ നിന്നും ശിപാർശ ചെയ്തുകൊണ്ട് സർക്കാരിലേക്ക് അപേക്ഷകൾ ലഭിച്ചിട്ടില്ല.

(സി) ഉത്തരം (ബി)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## എസ്.എസ്.എൽ.സി പരീക്ഷാ ചോദ്യം ചോർന്ന സംഭവം

86 (2320) ശ്രീ. അനിൽ അക്കര :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. കണക്ക് പരീക്ഷയുടെ ചോദ്യം ചോർന്ന സംഭവത്തിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ടോ;

(ബി) ഇതിനായി വിജിലൻസിനെ ചുമതലപ്പെടുത്താനുള്ള സാഹചര്യമെന്തായിരുന്നു;

(സി) കേരള വിദ്യാഭ്യാസ ചട്ടം 13 ലംഘിച്ച് സർവ്വീസിലുള്ള അദ്ധ്യാപകർ സ്വകാര്യ ട്യൂഷൻ എടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര അദ്ധ്യാപകർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുവിദ്യാഭ്യാസ സെക്രട്ടറി പ്രാഥമിക അന്വേഷണം നടത്തി തുടർ അന്വേഷണത്തിന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിജിലൻസ് അന്വേഷണം പ്രഖ്യാപിക്കുകയാണുണ്ടായത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അദ്ധ്യാപകർ സ്വകാര്യ ട്യൂഷൻ എടുക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നേരിട്ട് 7 പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ടിലെ ശിപാർശയിന്മേൽ പി.എസ്.സി. കോച്ചിംഗ് ക്ലാസ് നടത്തിയിരുന്ന ഒരു അദ്ധ്യാപകനെ സ്ഥലം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പാലക്കാട് ജില്ലയിൽ സ്വകാര്യ ട്യൂഷൻ എടുത്തതുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2 അദ്ധ്യാപകർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരുന്നു. എന്നാൽ ടി അദ്ധ്യാപകർ ഫയൽ ചെയ്ത WP(C) 1472/2017 കേസിൽ ബഹു.ഹൈക്കോടതി ഇവർക്കെതിരായ അച്ചടക്ക നടപടി സ്റ്റേ ചെയ്തിരിക്കുകയാണ്. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ സ്വകാര്യ ട്യൂഷൻ എടുക്കുന്നതുമായി ബന്ധപ്പെട്ട് 3 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ നപടികൾ സ്വീകരിച്ചു വരുന്നു.

പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ സ്വകാര്യ ട്യൂഷൻ എടുക്കുന്നതുമായി ബന്ധപ്പെട്ട് 4 അദ്ധ്യാപകർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട് ഉപവിദ്യാഭ്യാസ ഡയറക്ടേറേറ്റിൽ സ്വകാര്യ ട്യൂഷൻ എടുക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി വരുന്നു. ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ സ്വകാര്യ ട്യൂഷൻ എടുക്കുന്നതുമായി ബന്ധപ്പെട്ട് ചില അദ്ധ്യാപകർക്കെതിരെ പരാതി ലഭിച്ചിരുന്നുവെങ്കിലും അന്വേഷണത്തിൽ പരാതിയിൽ കഴമ്പില്ലായെന്ന് ബോധ്യപ്പെട്ടതിനാൽ തുടർ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ സ്വകാര്യ ട്യൂഷൻ എടുക്കുന്നതുമായി ബന്ധപ്പെട്ട് അദ്ധ്യാപകരെ സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികൾ അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തിയതിനാൽ നടപടികൾ സ്വീകരിക്കേണ്ടി വന്നിട്ടില്ല. മറ്റു വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ പരിധിയിലുള്ള അദ്ധ്യാപകർക്കെതിരെ സ്വകാര്യ ട്യൂഷൻ എടുക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചിട്ടില്ല.

## സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി

87 (2321) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയനുസരിച്ച് എത്ര നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ;

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തിയ നിയോജക മണ്ഡലങ്ങൾ ഏതെല്ലാം; പദ്ധതി നടത്തിപ്പിനുള്ള അംഗീകാരം സർക്കാർ നൽകി കഴിഞ്ഞോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയനുസരിച്ച് എല്ലാ നിയോജക മണ്ഡലങ്ങളിലെയും ഓരോ സ്കൂളുകളെ വീതം 141 സ്കൂളുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ ലിസ്റ്റ്, 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതി നിർവ്വഹണത്തിനായുള്ള രൂപരേഖ 7-11-2016-ലെ സ.ഉ.(പി)നമ്പർ 186/2016/പൊ.വി.വ. പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 8-12-2016-ലെ സ.ഉ.(പി)നമ്പർ205/2016/പൊ.വി.വ. ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വിവിധ സ്കൂളുകളുടെ മാസ്റ്റർ പ്ലാനുകളും ഡി.പി.ആർ.-ഉം (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്) തയ്യാറാക്കി വരുന്നു.

**സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കാൻ നടപടി**

88 (2322) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനസികവെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കുള്ള വേതനം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിക്കുന്ന നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ പ്രശ്നങ്ങൾ പരിശോധിച്ച് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ ഒഴികെയുള്ള മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സർക്കാർ വേതനം നിശ്ചയിച്ച് നൽകിയിട്ടില്ല. സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നും ഒരു നിശ്ചിത തുക ഗ്രാന്റ് ഇൻ എയ്ഡായി, പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകി വരുന്നുണ്ട്.

(ബി) നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രശ്നങ്ങൾ പരിശോധിച്ച് വരുന്നു.

## ഹയർസെക്കണ്ടറി അദ്ധ്യാപകർക്ക് ദിവസവേതനവും നിയമന അംഗീകാരവും നൽകുന്നതിനുള്ള നടപടി

89 (2323) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നുവർഷത്തിലധികമായി ശമ്പളമോ, ദിവസവേതനമോ ഇല്ലാതെ സംസ്ഥാനത്തെ ഹയർസെക്കണ്ടറി സ്കൂളുകളിൽ ജോലി ചെയ്തു വരുന്ന എത്ര അദ്ധ്യാപകർ ഉണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അദ്ധ്യാപകർക്ക് ദിവസവേതനം നൽകുന്ന കാര്യത്തിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ;ഇല്ലെങ്കിൽ എതെല്ലാം ആർ.ഡി.ഡി. (റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ)മാരുടെ കീഴിൽ ദിവസ വേതനം നൽകിയിട്ടുണ്ട്;ആർ.ഡി.ഡി., സ്കൂൾ എന്നിവ തിരിച്ച് വിശദാംശം നൽകുമോ;

(സി) എതെല്ലാം ആർ.ഡി.ഡി.-കളിലാണ് ദിവസവേതനം പോലും നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ഇനിയും പൂർത്തീകരിക്കാത്തത്;കാരണം വ്യക്തമാക്കാമോ;

(ഡി) ദിവസവേതനം അടിയന്തരമായി നൽകുന്നതിനും,നിയമന അംഗീകാരം കാലതാമസം കൂടാതെ നൽകുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ദിവസ വേതനം നൽകുന്നതിനുള്ള നടപടികൾ എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റിലും പുരോഗമിച്ചു വരുന്നു. തസ്തിക സൃഷ്ടിക്കുന്ന മുറയ്ക്ക് നിയമനാംഗീകാരം നൽകുന്നതാണ്.

## ഓരോ മണ്ഡലത്തിലെയും ഓരോ സ്കൂൾ വീതം അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിന് നടപടി

90 (2324) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ മണ്ഡലത്തിലെയും ഓരോ സ്കൂൾ വീതം അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നത് പ്രകാരം എത്ര സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ ഇത് വരെ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഇവ ഏതൊക്കെ നിയോജക മണ്ഡലങ്ങളിലേതാണ്;

(ബി) ഇതിൽ ഏതൊക്കെ സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ കിഫ്ബി ഡയറക്ടർ ബോർഡ് അംഗീകരിച്ചിട്ടുണ്ട്; പ്രസ്തുത പ്രവർത്തികളുടെ നിർവ്വഹണ ഏജൻസികളെ സർക്കാർ നിശ്ചയിച്ചിട്ടുണ്ടോ;

(സി) ബാലുശ്ശേരി മണ്ഡലത്തിലെ നടുവണ്ണൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ എത്ര കോടി രൂപയുടെ മാസ്റ്റർ പ്ലാൻ ആണ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഓരോ മണ്ഡലത്തിലെയും ഓരോ സ്കൂൾ വീതം മികവിന്റെ കേന്ദ്രമായി അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നത് പ്രകാരം 40 സ്കൂളുകളുടെ മാസ്റ്റർ പ്ലാനുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. നിയോജക മണ്ഡലം തിരിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത സ്കൂളുകളിൽ 37 സ്കൂളുകളുടെ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ പദ്ധതി നിർവ്വഹണത്തിനുള്ള അംഗീകാരം ലഭിക്കുന്നതിനും ധനസഹായം ലഭ്യമാക്കുന്നതിനുമായി കിഫ്ബി പോർട്ടലിൽ അപ്‍ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പദ്ധതി നിർവ്വഹണം സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ നടുവണ്ണൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ 15.40 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ അടങ്ങുന്ന പ്രോജക്ടാണ് സമർപ്പിച്ചിട്ടുള്ളത്.

**എസ്.ഐ.ഇ.ടി. നടത്തിവരുന്ന പ്രവർത്തനങ്ങൾ**

91 (2325) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി (എസ്.ഐ.ഇ.ടി.) ഇപ്പോൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) എസ്.ഐ.ഇ.ടി.-യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികളാണ് സ്വീകരി ച്ചിട്ടുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സ്കൂളുകൾ ഹൈടെക് ആക്കുന്ന ഈ കാലഘട്ടത്തിൽ പാഠപുസ്തക പരിഷ്കരണം നടക്കുമ്പോൾ, സമാന്തരമായി എസ്.ഐ.ഇ.ടി. വഴി ഡിജിറ്റൽ കണ്ടന്റുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എസ്.ഐ.ഇ.ടി.-യെ ശക്തിപ്പെടുത്തുന്നതിനായി കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സാങ്കേതികവിദ്യയുടെ സഹായത്തോടെ അദ്ധ്യയനം മെച്ചപ്പെടുത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഒരു സ്ഥാപനമായ എസ്.ഐ.ഇ.ടി.യുടെ പ്രധാന ചുമതല പാഠഭാഗങ്ങളെ ആസ്പദമാക്കി ഡിജിറ്റൽ കണ്ടന്റുകൾ-പ്രധാനമായും വീഡിയോ/അനിമേഷൻ പാഠഭാഗങ്ങൾ നിർമ്മിക്കുക എന്നതാണ്. നിലവിൽ പുതുതായി 9, 10 ക്ലാസ്സുകളിലെ സയൻസ്, കണക്ക് പാഠങ്ങളെ ആസ്പദമാക്കി ഏകദേശം 70 മണിക്കൂർ നീണ്ടുനിൽക്കുന്ന വീഡിയോ ഭാഗങ്ങൾ എസ്.സി.ഇ.ആർ.ടി.യിലെ വിദഗ്ദ്ധരുടെ സഹായത്തോടെ നിർമ്മിച്ചിട്ടുണ്ട്. അദ്ധ്യാപകർക്ക് എഡ്യൂക്കേഷണൽ ടെക്നോളജിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശീലനം നൽകുന്നത് എസ്.ഐ.ഇ.ടി.-യുടെ പ്രവർത്തനങ്ങളിൽ പ്പെടുന്നു.

(ബി) ക്ലാസ്സ് മുറികളിൽ അദ്ധ്യയനത്തെ സഹായിക്കുന്നതും വിദ്യാർത്ഥികൾക്ക് സ്വയം പഠിക്കാൻ അവസരമൊരുക്കുന്നതുമായ വീഡിയോ പാഠഭാഗങ്ങൾ എസ്.ഐ.ഇ.ടി. തയ്യാറാക്കുന്നുണ്ട്. എല്ലാ ദിവസവും ഈ വീഡിയോ പാഠഭാഗങ്ങളുടെ സംപ്രേഷണം ദൂരദർശനിലൂടെ നടക്കുന്നുണ്ട്. സംസ്ഥാന തലത്തിലുള്ള ഒരു വിദ്യാഭ്യാസ വീഡിയോ ഫെസ്റ്റിവലും വിദ്യാർത്ഥികൾക്കുള്ള ചലച്ചിത്രോത്സവവും സിനിമാ നിർമ്മാണത്തിൽ ശിൽപ്പശാലയും എസ്.ഐ.ഇ.ടി. നടത്തിവരുന്നതോടൊപ്പം സ്വകാര്യ ഏജൻസികളുമായി കരാർ അടിസ്ഥാനത്തിൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്, എൻട്രൻസ് സോഫ്റ്റ്‌വെയർ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

(സി&ഡി) പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## എസ്.എസ്.എ. മുഖാന്തരം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ

92 (2326) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എസ്.എസ്.എ. മുഖാന്തരം എത്ര സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ പുതുതായി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.എസ്.എ. മുഖേന 1938 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇവരുടെ നിയമനം സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 126 |
| കൊല്ലം | - | 231 |
| പത്തനംതിട്ട | - | 37 |
| ആലപ്പുഴ | - | 120 |
| കോട്ടയം | - | 39 |
| ഇടുക്കി | - | 69 |
| എറണാകുളം | - | 102 |
| തൃശ്ശൂർ | - | 118 |
| പാലക്കാട് | - | 179 |
| മലപ്പുറം | - | 346 |
| കോഴിക്കോട് | - | 244 |
| വയനാട് | - | 137 |
| കണ്ണൂർ | - | 58 |
| കാസർഗോഡ് | - | 132 |
| ആകെ | - | 1938 |

(ബി) നിലവിൽ ഇക്കാര്യം പരിഗണനയിലില്ല.

**എസ്.എസ്.എ. യുടെ കീഴിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനം**

93 (2327) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എസ്.എസ്.എ.-യുടെ കീഴിൽ ബി.ആർ.സി. ട്രെയിനർമാരെയും റിസോഴ്സ് അദ്ധ്യാപകരെയും നിയമിച്ചിട്ടുണ്ടോ; ഇവരുടെ നിയമനരീതി എങ്ങനെയാണ്; ഡെപ്യൂട്ടേഷൻ വഴിയും വർക്കിംഗ് അറേഞ്ച്മെന്റിലും എത്ര പേരെ വീതം നിയമിച്ചു ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.എസ്.എ.-യിൽ നിയമിച്ച മുഴുവൻ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും വിശദമായ വിവരം ലഭ്യമാക്കുമോ ;

(സി) ഡെപ്യൂട്ടേഷനിലും വർക്കിംഗ് അറേഞ്ചുമെന്റിലും അല്ലാത്ത നിയമനങ്ങളിൽ സംവരണം പാലിച്ചാണോ നിയമനം നടത്തിയത്; റിസോഴ്സ് അദ്ധ്യാപക നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടാണോ നിയമനം നടത്തിയത്; സംവരണം പാലിക്കാതെ നടത്തിയ നിയമനങ്ങൾ എത്ര; എസ്.എസ്.എ. കേരളത്തിൽ നിയമിച്ച മുഴുവൻ റിസോഴ്സ് അദ്ധ്യാപകരുടെയും വിവരം ലഭ്യമാക്കുമോ;

(ഡി) എസ്.എസ്.എ.-യുടെ ഓരോ ജില്ലാ ഓഫീസുകളിലും സംസ്ഥാന ഓഫീസുകളിലും ക്വട്ടേഷൻ വിളിക്കാതെ എത്ര തുകയ്ക്കുള്ള സാധനങ്ങൾ 2016 ജൂൺ മുതൽ വാങ്ങി എന്നതിന്റെ വിശദമായ വിവരം ലഭ്യമാക്കുമോ ;

(ഇ) ക്വട്ടേഷൻ വിളിക്കാതെ നടത്തിയ പ്രിന്റിംഗ് ജോലികൾ ഏതെല്ലാം; വ്യക്തമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. റിസോഴ്സ് അധ്യാപകരെ കോൺട്രാക്ട് അടിസ്ഥാനത്തിലും ബി.ആർ.സി. ട്രെയിനർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുമാണ് സർവ്വശിക്ഷാ അഭിയാനിൽ നിയമിക്കുന്നത്. വർക്കിംഗ് അറേഞ്ച്മെന്റിൽ സാധാരണ എസ്.എസ്.എ.-യിൽ നിയമനം നടത്താറില്ല. എന്നാൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ ട്രെയിനർമാരായി വർക്കിംഗ് അറേഞ്ച്മെന്റിൽ വിദ്യാഭ്യാസ വകുപ്പ് നിയമിക്കുന്നു. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും വർക്കിംഗ് അറേഞ്ച്മെന്റിലും ജില്ലകളിൽ സേവനമനുഷ്ഠിക്കുന്നവരുടെ പട്ടിക ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 60 |
| കൊല്ലം | - | 69 |
| പത്തനംതിട്ട | - | 43(ഇതിൽ 6 പേർ വർക്കിംഗ് അറേഞ്ച്മെന്റ്) |
| ആലപ്പുഴ | - | 41 |
| കോട്ടയം | - | 62 |
| ഇടുക്കി | - | 43 |
| എറണാകുളം | - | 74 |

| | | |
|---|---|---|
| തൃശ്ശൂർ | - | 61 |
| പാലക്കാട് | - | 64 |
| മലപ്പുറം | - | 90 |
| കോഴിക്കോട് | - | 33 |
| വയനാട് | - | 15 |
| കണ്ണൂർ | - | 45 |
| കാസർഗോഡ് | - | 33 |
| ആകെ | - | 733 |

(ബി) എസ്.എസ്.എ. സംസ്ഥാന ഓഫീസ്

അദ്ധ്യാപക തസ്തികകൾ ഇല്ല

അനദ്ധ്യാപക തസ്തികകൾ - 7 ( ക്ലറിക്കർ സ്റ്റാഫ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ)

ജില്ലാ ഓഫീസുകൾ

കലാകായിക അദ്ധ്യാപകർ

(കരാർ അടിസ്ഥാനത്തിൽ) -1938

അനദ്ധ്യാപകർ - 106 (ക്ലാർക്ക്, പ്യൂൺ, ദിവസവേതനക്കാർ)

ആകെ - 2044

(സി) 2016-17 അദ്ധ്യായന വർഷത്തിൽ മുമ്പ് നിലവിലുണ്ടായിരുന്ന റിസോഴ്സ് അദ്ധ്യാപകരുടെ കരാർ കാലാവധി 2017 മാർച്ച് 31 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. മുൻകാലങ്ങളിൽ നിയമിച്ചിരുന്ന റിസോഴ്സ് അദ്ധ്യാപകരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിരുന്നതിനാൽ സംവരണം പാലിച്ചിട്ടില്ല. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരത്തോടെ 795 റിസോഴ്സ് അദ്ധ്യാപകരും സംസ്ഥാന സർക്കാർ അംഗീകാരം നൽകിയ 491 പേരും റിസോഴ്സ് അദ്ധ്യാപകരായി പ്രവർത്തിക്കുന്നു. ഇപ്രകാരം റിസോഴ്സ് അദ്ധ്യാപകരുടെ ആകെ എണ്ണം - 1286.

(ഡി) എസ്.എസ്.എ. സംസ്ഥാന ഓഫീസിലും, ജില്ലാ ഓഫീസുകളിലും 2016 ജൂൺ മുതൽ ക്വട്ടേഷൻ ക്ഷണിക്കാതെ സാധനങ്ങൾ വാങ്ങിയിട്ടില്ല. എന്നാൽ 2-2-2016-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 1/2006/എസ്.പി.ഡി. പ്രകാരം കെൽട്രോണിൽ നിന്നും പർച്ചേസ് നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിക്കേണ്ട ആവശ്യമില്ലാത്തതുകൊണ്ട് കെൽട്രോണിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കാതെ തന്നെ പർച്ചേസ് നടത്തിയിട്ടുണ്ട്.

(ഇ) 27-11-2003-ലെ സർക്കാർ ഉത്തരവ് (ആർ.ടി) നമ്പർ 1697/2003/ എച്ച്.ഇ.ഡി.എൻ. പ്രകാരം എസ്.എസ്.എ.-യുടെ കീഴിൽ വരുന്ന അച്ചടി ജോലികൾ നിർവഹിക്കുന്നത് ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളാണ്.

## എസ്.എസ്.എൽ.സി. ബുക്കിലെ തെറ്റുകൾ തിരുത്തുന്നതിനുള്ള രേഖകൾ

94 (2328) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. ബുക്കിൽ മാതാവിന്റെയും പിതാവിന്റെയും പേരിലെ തെറ്റ് തിരുത്തുന്നതിന് മറ്റ് രേഖകൾക്ക് പുറമേ വില്ലേജോഫീസറുടെ വൺ ആൻഡ് സെയിം സർട്ടിഫിക്കറ്റ് നിർബന്ധമായിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച റൂൾ/ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) അപേക്ഷകനെ നന്നായി അറിയുന്ന ഒരു ഗസറ്റഡ് ഓഫീസർ ടി ആവശ്യത്തിന് സർട്ടിഫിക്കറ്റ് നൽകുന്നതിലെ അപാകത എന്താണ്; വില്ലേജോഫീസറെ മാത്രം ഇതിനായി ആശ്രയിക്കേണ്ടി വരുന്നതുമൂലമുള്ള ബുദ്ധിമുട്ട് പരിഗണിച്ച് ആവശ്യമെങ്കിൽ നിയമത്തിൽ മാറ്റം വരുത്തി പ്രസ്തുത അധികാരം ഗസറ്റഡ് ഓഫീസർക്കും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. സ.ഉ.(സാധാ)നമ്പർ 5867/2011/പൊ.വി.വ. തീയതി 29-12-2011 (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*)

(ബി) സർക്കാർ ചുമതലപ്പെടുത്തിയ അധികാരിയായ വില്ലേജ് ഓഫീസർ തന്നെ നല്കുന്നതാണ് അഭികാമ്യം.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## എസ്.എസ്.എൽ.സി., പ്ലസ് വൺ മോഡൽ പരീക്ഷകൾ

95 (2329) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി., പ്ലസ് വൺ മോഡൽ പരീക്ഷകളുടെ ചോദ്യ പേപ്പർ തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത്;

(ബി) ഈ വർഷം ഏതെങ്കിലും അദ്ധ്യാപക സംഘടനയ്ക്ക് ഇതിനുള്ള ഉത്തരവാദിത്വം ഉണ്ടായിരുന്നോ;

(സി) പ്രസ്തുത ചോദ്യ പേപ്പറുകൾ തയ്യാറാക്കുന്നതിന് അദ്ധ്യാപക സംഘടനയ്ക്ക് എത്ര തുകയാണ് നൽകിയത്;

(ഡി) എസ്.എസ്.എൽ.സി., പ്ലസ് വൺ പരീക്ഷകളുടെ നടത്തിപ്പിലുണ്ടായ വീഴ്ചയുടെ കാരണം അദ്ധ്യാപക സംഘടനയുടെ ഭാഗത്തു നിന്നുണ്ടായ ശ്രദ്ധക്കുറവായതിനാൽ അധ്യാപക സംഘടനകളെ മോഡൽ പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കുന്നതിൽ നിന്നും തുടർ വർഷങ്ങളിൽ ഒഴിവാക്കുമോ?

### ഉത്തരം

(എ) എസ്.എസ്.എൽ.സി. മോഡൽ പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കുന്നത് പരീക്ഷാഭവനാണ്. ഹയർ സെക്കണ്ടറി മോഡൽ പരീക്ഷകളുടെ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത് അതത് സ്കൂളുകളാണ്. ആയതിന് ആവശ്യമായ മാതൃകാ ചോദ്യപേപ്പറുകൾ ഡയറക്ടറേറ്റിന്റെ പോർട്ടലിൽ ലഭ്യമാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറി മോഡൽ പരീക്ഷകളുടെ ചോദ്യപേപ്പറുകൾ അതത് സ്കൂളുകളിലെ ബന്ധപ്പെട്ട അദ്ധ്യാപകർ തയ്യാറാക്കി സ്കൂളിന്റെ മേൽവിലാസം ഉൾപ്പെടെ പ്രിന്റ് ചെയ്ത് നൽകണമെന്ന നിർദ്ദേശം പ്രിൻസിപ്പൽമാർക്ക് നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി &ഡി) ബാധകമല്ല.

## എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുകൾ

96 (2330) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പിലെ പോരായ്മകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) എങ്കിൽ ഇനി ഇത്തരത്തിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ചോദ്യപേപ്പർ തയ്യാറാക്കുന്നതിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനും പൊതു പരീക്ഷകളുടെ വിശ്വാസ്യത നേടിയെടുക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 20-3-2017-ലെ ഗണിതശാസ്ത്രം പരീക്ഷയുടെ ചില ചോദ്യങ്ങൾ ഒരു പ്രൈവറ്റ് സ്ഥാപനത്തിന്റെ മോഡൽ ചോദ്യങ്ങളുമായി സാമ്യമുണ്ടെന്ന് കണ്ടെത്തിയതിനാൽ പ്രസ്തുത പരീക്ഷ റദ്ദ് ചെയ്യുകയും 30-3-2017-ന് പുനഃപരീക്ഷ നടത്തുകയുമുണ്ടായി. ഇതുസംബന്ധിച്ച് വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പോരായ്മകൾ എന്തൊക്കെയാണെന്ന് പരിശോധിച്ചുവരുന്നതേയുള്ളൂ.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## എസ്.എസ്.എൽ.സി. ബുക്കിൽ ജനന തീയതി തിരുത്തുന്നതിനുള്ള നടപടിക്രമം

97 (2331) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. ബുക്കിൽ ജനന തീയതി തിരുത്തി നൽകുന്ന അധികാരി ആരാണ്; വ്യക്തമാക്കാമോ;

(ബി) ജനന തീയതി തിരുത്തി കിട്ടുന്നതിനായി എന്തെല്ലാം രേഖകളാണ് സമർപ്പിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) 15 വർഷം കഴിഞ്ഞ ഒരു വ്യക്തി തന്റെ ജനന തീയതി തിരുത്തി കിട്ടുവാൻ അപേക്ഷ സർക്കാരിൽ സമർപ്പിക്കണം എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിന്റെ ഉദ്ദേശലക്ഷ്യം വ്യക്തമാക്കാമോ ;

(ഡി) ജനന തീയതി തിരുത്തി കിട്ടുന്നതിന് 15 വർഷത്തിലധികമോ അതിൽ കുറവോ ആയിരുന്നാലും പരീക്ഷാ ഭവനിൽ സമർപ്പിക്കേണ്ട രേഖകളിൽ മാറ്റമില്ല എന്നിരിക്കെ 15 വർഷം കഴിഞ്ഞു എന്ന ഒറ്റക്കാരണത്താൽ അവരുടെ ജനന തീയതി തിരുത്തി കിട്ടുന്നതിലുണ്ടാകുന്ന കാലതാമസവും അധിക ചെലവും ഒഴിവാക്കുന്നതിന് അപേക്ഷ നേരിട്ട് പരീക്ഷാ ഭവനിൽ തന്നെ നൽകി തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) സംസ്ഥാനത്തെ അങ്ങോളം ഇങ്ങോളമുള്ള ലക്ഷക്കണക്കിന് അപേക്ഷകർ ജനന തീയതി തിരുത്തി കിട്ടുന്നതിന് 15 വർഷം കഴിഞ്ഞു എന്ന കാരണത്താൽ അനുഭവിക്കുന്ന ബുദ്ധിമുട്ട് മാറുന്നതിനായി ടി നടപടിക്രമം ലഘൂകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജോയിന്റ് കമ്മീഷണർ, പരീക്ഷാഭവൻ

(ബി) 1. ശരിയായും കൃത്യമായും പൂരിപ്പിച്ച അപേക്ഷ (അപേക്ഷാ ഫോറം www.keralapareekshabhavan.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.)

2. അപേക്ഷകന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ച അസ്സൽ ജനന സർട്ടിഫിക്കറ്റും അതിന്റെ 3 പകർപ്പുകളും ജനന സർട്ടിഫിക്കറ്റിൽ ജനന തീയതി തിരുത്തേണ്ടയാളുടെ പേര് രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ അവ സ്വീകരിക്കുന്നതല്ല.

3. അപേക്ഷകന്റെ പേരിൽ 500 രൂപ ഒടുക്കിയ ചെലാൻ രസീത് (0202-01-102-92 other receipts) പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ 500 രൂപ ഫീസടക്കുന്നതിനുപകരം ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.

4. ഒറിജിനൽ എസ്.എസ്.എൽ.സി. ബുക്ക്/കാർഡ്.

5. അപേക്ഷകന്റെ പേര് എസ്.എസ്.എൽ.സി. ബുക്കിലും ജനന സർട്ടിഫിക്കറ്റിലും വ്യത്യസ്തമാണെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നുള്ള One & Same Certificate.

6. എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായി 15 വർഷം കഴിഞ്ഞെങ്കിലോ സ്കൂൾ വിട്ടതിന് ശേഷം 15 വർഷം കഴിഞ്ഞെങ്കിലോ അപേക്ഷ സമർപ്പിക്കാൻ വന്ന കാലതാമസം ഒഴിവാക്കിക്കൊണ്ടുള്ള സർക്കാരിന്റെ ഉത്തരവ്.

(സി) എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായി/സ്കൂൾ വിട്ടതിനുശേഷം 15 വർഷം വരെ ജനന തീയതി തിരുത്തുന്നതിനുള്ള അധികാരം കെ.ഇ.ആർ. ചട്ടം 6 ഖണ്ഡിക 3 പ്രകാരം പരീക്ഷാ ഭവനിൽ നിക്ഷിപ്തമാണ്. 15 വർഷത്തിനുശേഷം ജനന തീയതി തിരുത്തുന്നതിന് അപേക്ഷ സമർപ്പിക്കാൻ ഉണ്ടായ കാലതാമസം മാപ്പാക്കുന്നതിനാണ് സർക്കാരിന്റെ പ്രത്യേക ഉത്തരവ് അപേക്ഷയോടൊപ്പം പരീക്ഷാ ഭവനിൽ ഹാജരാക്കേണ്ടത്.

(ഡി&ഇ) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്.

**പണിയ-അടിയ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കൂൾ യൂണിഫോം നൽകാൻ നടപടി**

98 (2332) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പണിയ-അടിയ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കൂൾ യൂണിഫോം നൽകാത്ത സർക്കാർ-എയ്ഡഡ് സ്കൂളുകൾ ഉണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ബി) 2017-18 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ പണിയ-അടിയ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കൂൾ യൂണിഫോം നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ പണിയ-അടിയ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കൂൾ യൂണിഫോം നൽകാത്ത സർക്കാർ-എയ്ഡഡ് സ്കൂളുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എട്ടാം ക്ലാസ്സുവരെയുള്ള എല്ലാ പെൺകുട്ടികൾക്കും എസ്‌സി./ എസ്.ടി., ബി.പി.എൽ. ആൺകുട്ടികൾക്കും 2 ജോഡി യൂണിഫോമിനുള്ള തുകയായ 400 രൂപ സ്കൂളിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകി വരുന്നുണ്ട്.

**ആർ. എം.എസ്.എ. പദ്ധതിപ്രകാരം അപ്ഗ്രേഡ് ചെയ്യപ്പെട്ട സ്കൂളുകൾ**

99 (2333) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്യപ്പെട്ട സ്കൂളുകൾ ഏതെല്ലാം എന്ന് അപ്ഗ്രേഡ് ചെയ്യപ്പെട്ട വർഷം സഹിതം ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ ;

(ബി) ഇങ്ങനെ അപ്ഗ്രേഡ് ചെയ്യപ്പെട്ട ഹൈസ്കൂളുകളിൽ പലതിലും ഗസ്റ്റ് അദ്ധ്യാപകർ മാത്രമാണ് അദ്ധ്യാപനത്തിനായി ഉണ്ടായിരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടുത്ത അക്കാദമിക് വർഷമെങ്കിലും ഇതിന് മാറ്റം വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഹൈസ്കൂളുകളായി ഉയർത്തപ്പെട്ട സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കാൻ എത്ര രൂപ വീതമാണ് ആർ.എം.എസ്.എ.-യിൽ നിന്നും അനുവദിക്കുന്നത്; ഇതനുസരിച്ച് എത്ര സ്കൂളുകൾക്ക് ഈ ഫണ്ടനുവദിച്ചു; അവയുടെ പേരും അനുവദിച്ച തുകയും വ്യക്തമാക്കാമോ; ഓരോ സ്കൂളിലെയും കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ;

(ഡി) ഫണ്ട് ഇനിയും അനുവദിക്കാത്ത സ്കൂളുകൾ സ്ഥലപരിമിതിമൂലം ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടങ്ങളിൽ കെട്ടിടനിർമ്മാണത്തിൽ അടിയന്തരമായി എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2009-10, 2010-11, 2011-12 വർഷങ്ങളിൽ യഥാക്രമം 60, 36, 16 ഗവൺമെന്റ് യു.പി. സ്കൂളുകളാണ് ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്തത്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.* ഇതിൽ പാലക്കാട് ജില്ലയിലെ ജി.യു.പി.എസ്. പാലൂർ കുട്ടികളുടെ അപര്യാപ്തതമൂലം തുടങ്ങിയിട്ടില്ല.

(ബി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഒരു എച്ച്.എം.നും, അഞ്ച് എച്ച്.എസ്.എ.-മാർക്കും മാത്രമാണ് ഒരു ആർ.എം.എസ്.എ. സ്കൂളിൽ എം.എച്ച്. ആർ.ഡി.യിൽ നിന്നും ശമ്പളയിനത്തിൽ തുക ലഭിക്കുന്നത്. ആയതിനാൽ ബാക്കിയുള്ള വിഷയങ്ങൾ ഗസ്റ്റ് അദ്ധ്യാപകരാണ് കൈകാര്യം ചെയ്തിരുന്നത്. എന്നാൽ 7-10-2016-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 173/2016/പൊ.വി.വ. പ്രകാരം എല്ലാ ആർ.എം.എസ്.എ. സ്കൂളുകളും സർക്കാർ സ്കൂളുകളായി പുന:നാമകരണം ചെയ്തിട്ടുണ്ട്. ഈ ഉത്തരവുപ്രകാരം ആർ.എം.എസ്.എ. സഹായത്തോടെയുള്ള സർക്കാർ സ്കൂളുകളിലെ എല്ലാ അദ്ധ്യാപക അനദ്ധ്യാപക തസ്തികകളും സർക്കാർ സ്കൂളിലേതുപോലെ പരിഗണിച്ച് നിയമന നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) ഒരു സ്കൂളിന് 58.12 ലക്ഷം രൂപയാണ് ആർ.എം.എസ്.എ.-യിൽ നിന്നും അനുവദിക്കുന്നത്. ആദ്യ ഘട്ടത്തിലുള്ള 59 സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനം അവസാന ഘട്ടത്തിലായ 38 സ്കൂളുകൾക്ക് മുഴുവൻ തുകയും ആർ.എം.എസ്.എ.-യിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിന്നും നൽകിയിട്ടുണ്ട്. ടി സ്കൂളുകളുടെ പട്ടിക അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.* ഈ സ്കൂളുകളിൽ ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിംഗ്, ഫ്ളോറിംഗ്, പെയിന്റിംഗ് എന്നീ പണികളാണ് ഇനിയും പൂർത്തിയാകാൻ ഉള്ളത്. രണ്ടാം ഘട്ടത്തിലെ 52 (36+16) സ്കൂളുകൾക്ക് ആദ്യഗഡുവായി സ്കൂളൊന്നിന് 20 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ വർഷം അനുവദിച്ചിട്ടുണ്ട്. ടി സ്കൂളുകളുടെ പട്ടിക അനുബന്ധം III ആയി ചേർത്തിട്ടുണ്ട്.*

(ഡി) സ്ഥല പരിമിതിമൂലം ബുദ്ധിമുട്ട് നേരിട്ടിരുന്ന പാലക്കാട് ജില്ലയിലെ ജി.എച്ച്.എസ്. കുഴൽമന്ദം സ്കൂളിന് ഇപ്പോൾ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്കൂളിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് തുക

100 (2334) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.എസ്.എസ്, യു.എസ്.എസ്. എന്നിവയുടെ സ്കോളർഷിപ്പ് തുക നാമമാത്രമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; എങ്കിൽ ഇത് വർദ്ധിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ; ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷാഫലം നേരത്തെ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) നിലവിൽ എൽ.എസ്.എസ്. സ്കോളർഷിപ്പ് തുക 200 രൂപ വീതം 3 വർഷത്തേക്കും യു.എസ്.എസ്. സ്കോളർഷിപ്പ് തുക 300 രൂപ വീതം 3 വർഷത്തേക്കും ആയിട്ടാണ് നൽകി വരുന്നത്. എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷകളുടെ നടത്തിപ്പ്, തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കൽ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് എസ്.സി.ഇ.ആർ.ടി.-യിൽ വച്ച് ചേർന്ന വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എൽ.എസ്.എസ്./യു.എസ്.എസ്. സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കണമെന്ന പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷാനടത്തിപ്പും ഫല പ്രസിദ്ധീകരണവും പരിഷ്കരിക്കാൻ എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ തയ്യാറാക്കിയ പദ്ധതികൾ സർക്കാർ പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പ്ലസ് വൺ ജ്യോഗ്രഫി പരീക്ഷ

101 (2335) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017 മാർച്ചിൽ നടന്ന പ്ലസ് വൺ ജ്യോഗ്രഫി പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഹയർ സെക്കണ്ടറി ഡയറക്ടർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ;

(സി) പ്രമുഖ അദ്ധ്യാപക സംഘടന തയ്യാറാക്കിയ മാതൃകാ ചോദ്യപേപ്പറിലെ ചോദ്യങ്ങളാണ് പ്ലസ് വൺ ജ്യോഗ്രഫി പരീക്ഷയിൽ ആവർത്തിച്ചതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം സംഭവങ്ങൾ സർക്കാർ നടത്തുന്ന പരീക്ഷകളുടെ വിശ്വാസ്യത നഷ്ടപ്പെടുത്താതിരിക്കാനായി എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ചില സ്കൂളുകളിൽ നടത്തിയ മാതൃകാ പരീക്ഷയിലെ ചോദ്യങ്ങൾ 2017 മാർച്ചിലെ പൊതുപരീക്ഷയിലും ആവർത്തിച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

(സി) അദ്ധ്യാപക സംഘടനകളെ മാതൃകാ പരീക്ഷകളുടെ ചോദ്യപേപ്പറുകൾ തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ചില സ്കൂളുകളിൽ ഉപയോഗിച്ച മാതൃകാ ചോദ്യക്കടലാസിൽ നിന്നുള്ള ചോദ്യങ്ങൾ പൊതുപരീക്ഷയിൽ ആവർത്തിച്ചിട്ടുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ഡി) പരീക്ഷയുടെ രഹസ്യ സ്വഭാവത്തെ ബാധിക്കാത്ത രീതിയിൽ മേൽനോട്ട/ സൂക്ഷ്മ പരിശോധനാ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക, ചോദ്യ ബാങ്ക് രീതി നടപ്പിലാക്കുന്നതിന്റെ സാധ്യത എന്നിവ പരിശോധിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പ്ലസ് വൺ ജ്യോഗ്രഫി പരീക്ഷ

102 (2336) ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ പ്ലസ് വൺ ജ്യോഗ്രഫി പരീക്ഷയെപ്പറ്റി ഉയർന്നുവന്ന ആക്ഷേപങ്ങൾ അന്വേഷിച്ചിട്ടുണ്ടോ;

(ബി) എത്ര മാർക്കിന്റെ ചോദ്യങ്ങളാണ് മോഡൽ പരീക്ഷയിലെ ചോദ്യങ്ങളിൽ നിന്നും ചോദിച്ചതായി കണ്ടെത്തിയത് ;

(സി) പൊതു പരീക്ഷയിലെ 1,2,3,5,8,9,10,13,14,15,18,19,21 എന്നീ ചോദ്യങ്ങൾ തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ പ്ലസ് വൺ പരീക്ഷയുടെ മോഡൽ പരീക്ഷയ്ക്ക് ചോദിച്ച ചോദ്യങ്ങൾ തന്നെ ആയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത രണ്ട് ജില്ലകളിലെയും മോഡൽ പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കുന്നതിനുള്ള ചുമതല ഏത് അദ്ധ്യാപക സംഘടനയ്ക്കായിരുന്നു; ഇതിനായി ടി സംഘടനയ്ക്ക് നൽകിയ തുക എത്രയാണ് ?

ഉത്തരം

(എ) അന്വേഷിച്ചിട്ടുണ്ട്.

(ബി&സി) കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ചില സ്കൂളുകളിൽ ഉപയോഗിച്ച മാതൃക ചോദ്യക്കടലാസിലുള്ള പതിനഞ്ച് മാർക്കിനുള്ള അഞ്ച് ചോദ്യങ്ങൾ (ചോദ്യം നമ്പർ 1, 14, 18, 23, 24) അതേ രീതിയിലും 8 മാർക്കിന്റെ 3 ചോദ്യങ്ങൾ (ചോദ്യം നമ്പർ2, 3, 21) സമാന രൂപത്തിലും ആവർത്തിച്ചിട്ടുണ്ട്. എന്നാൽ, ഇതേ ചോദ്യങ്ങൾ 2015 മാർച്ച്, 2016 മാർച്ച്, 2016 സെപ്റ്റംബർ എന്നീ കാലങ്ങളിൽ നടത്തിയ ഹയർ സെക്കണ്ടറി പരീക്ഷകളുടെ ചോദ്യപേപ്പറുകളിലും കാണാവുന്നതാണ്.

(ഡി) സർക്കാർ ഒരു അദ്ധ്യാപക സംഘടനയേയും ചുമതലപ്പെടുത്തിയിരുന്നില്ല. സർക്കാരിൽ നിന്നും തുക നൽകിയിട്ടുമില്ല.

## ദേശീയ നൈപുണ്യ വികസന കോഴ്സുകൾ

103 (2337) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-19 അദ്ധ്യയന വർഷം മുതൽ സംസ്ഥാന സിലബസിലുള്ള എല്ലാ സ്കൂളുകളിലും ദേശീയ നൈപുണ്യ വികസന കോഴ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ വിഭാഗത്തിലുള്ള സ്ഥാപനങ്ങളിലാണ് കോഴ്സുകൾ നടപ്പാക്കുക;

(സി) കോഴ്സുകളെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ;

(ഡി) ഈ കേന്ദ്ര പദ്ധതി കൊണ്ട് ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങളെന്തെല്ലാം; വിശദാംശങ്ങൾ നൽകുമോ;

(ഇ) നൈപുണ്യ വികസന കോഴ്സുകൾ ഏർപ്പെടുത്താതെ സ്കൂൾ വികസനത്തിനും പരിശീലനത്തിനുമുള്ള കേന്ദ്ര ഫണ്ട് നൽകില്ലെന്ന നിലപാട് കേന്ദ്രം സ്വീകരിക്കുക യുണ്ടായോ; അതു കാരണമാണ് പദ്ധതിയോട് മുഖം തിരിഞ്ഞു നിന്ന കേരളം അടക്കമുള്ള സംസ്ഥാനങ്ങൾ ഇത് നടപ്പാക്കാൻ മുന്നോട്ടു വന്നതെന്ന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

## ഉത്തരം

(എ) ഉണ്ട്.

(ബി&സി) നൈപുണ്യ വികസന കോഴ്സുകൾ ആരംഭിക്കുന്നതിനും നടപ്പിലാക്കേണ്ടതും സംബന്ധിച്ച് എല്ലാ വിഷയങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. ആർ. വി. ജി. മേനോൻ അദ്ധ്യക്ഷനായുള്ള ഒരു ഹൈപവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഡി) സെക്കണ്ടറി-ഹയർ സെക്കണ്ടറി തലത്തിൽ ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസ രംഗത്തെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഡിമാന്റ് അടിസ്ഥാനമാക്കിയുള്ള മോഡ്യൂലാർ വൊക്കേഷണൽ കോഴ്സിലൂടെ യുവജനങ്ങളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും സെക്കണ്ടറി തലത്തിലുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ നിരക്ക് കുറച്ചുകൊണ്ട് വരികയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(ഇ) 2017 മുതൽ എൻ.എസ്.ക്യൂ.എഫ്. (നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക്) മാനദണ്ഡങ്ങൾ പ്രകാരം കോഴ്സുകൾ നടപ്പാക്കാത്ത സംസ്ഥാനങ്ങൾക്ക് കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട വിദ്യാഭ്യാസ ഫണ്ടുകൾ കിട്ടാത്ത സാഹചര്യമുണ്ട്. എന്നാൽ ഇതുകാരണമാണ് സംസ്ഥാനം എൻ.എസ്.ക്യൂ.എഫ്. നടപ്പിലാക്കാൻ മുന്നോട്ട് വന്നത് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കായിക അദ്ധ്യാപക നിയമനം

104 (2338) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ തലങ്ങളിൽ കായികതാരങ്ങളെ വളർത്തിയെടുക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) കെ.ഇ.ആർ. പരിഷ്കരിച്ച് അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തിൽ കുറവ് വരുത്തി എല്ലാ സ്കൂളുകളിലും കായിക അദ്ധ്യാപകരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഹയർ സെക്കണ്ടറി സിലബസ്സിൽ ആരോഗ്യ കായിക വിദ്യാഭ്യാസം ഉൾപ്പെടുത്തുന്നതിനും കായിക അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കാമോ?

### ഉത്തരം

(എ) ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ്‌വരെ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ സിലബസ് നിലവിലുണ്ട്. അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ ആരോഗ്യ കായിക വിദ്യാഭ്യാസ പഠനവുമായി ബന്ധപ്പെട്ട് കുട്ടികൾക്കായി ആക്ടിവിറ്റി ബുക്കും അദ്ധ്യാപകർക്കായി ടീച്ചർ ടെക്സ്റ്റും എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ തയ്യാറാക്കി പുറത്തിറക്കിക്കഴിഞ്ഞു. അദ്ധ്യാപകരുടെ ടീച്ചർ ടെക്സ്റ്റിൽ കായിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട 5 പാഠഭാഗങ്ങളോടൊപ്പം 17 മേജർ ഗെയിമുകളുടെ ഉള്ളടക്കവും ചാക്രികാരോഹണ രീതിയിൽ അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ 17 മേജർ ഗെയിമുകളും കേരള സംസ്ഥാന സ്കൂൾ സ്പോർട്സ് മാന്വൽ അംഗീകരിച്ചിട്ടുള്ളതും സ്കൂൾ ഗെയിംസ് ഫെഡറേഷൻ ഓഫ് ഇന്ത്യ അംഗീകരിച്ചിട്ടുള്ളതുമാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഹയർ സെക്കണ്ടറി ക്ലാസ്സുകളിൽ ആരോഗ്യ കായിക വിദ്യാഭ്യാസ പഠനത്തിനായി നിലവിൽ ആഴ്ചയിൽ രണ്ട് പിരീഡുകൾ നീക്കി വച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി ക്ലാസ്സുകളിലേയ്ക്കുവേണ്ട സിലബസ് തയ്യാറാക്കിയിട്ടുണ്ട്. പുസ്തകങ്ങൾ തയ്യാറാക്കിയിട്ടില്ല. കായികാദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ഹയർ സെക്കണ്ടറി സ്കൂളുകളിലെ നിയമനം

105 (2339) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്ലാർക്ക്, ലൈബ്രേറിയൻ, ഓഫീസ് അറ്റൻഡന്റ് തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത കേസ്സുകളുടെ പൊതുവിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, പാർട്ട്/ഫുൾ ടൈം മീനിയൽ, ലൈബ്രേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17-8-2015 തീയതിയിലെ ജി.ഒ.(എംഎസ്.) നമ്പർ 220/2015/പൊ.വി.വ. പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

## ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക

106 (2340) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇതുമായി ബന്ധപ്പെട്ട് ഇറങ്ങിയ ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) ഫോർത്ത് ഗ്രേഡ് ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിനാണോ സർക്കാർ ഉദ്ദേശിക്കുന്നത്; ഇതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) 17-8-2015-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയെ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലാക്കാൻ നടപടി

107 (2341) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയെ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതുമൂലം ഹയർ സെക്കണ്ടറി മേഖലയ്ക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) ഇതുസംബന്ധിച്ച് ഹയർ സെക്കണ്ടറി മേഖലയിലുണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കുവാൻ ജീവനക്കാരുമായി ചർച്ച നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ഉത്തരം 'എ'യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## കൊടകര ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ കെട്ടിടം നിർമ്മിക്കുന്നതിനായി നടപടി

108 (2342) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടകര ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ ആവശ്യമായ ക്ലാസ് മുറികളും, സൗകര്യങ്ങളും അടക്കം പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച പ്രിൻസിപ്പലിന്റെ അപേക്ഷയിൽ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത അപേക്ഷ പരിഗണിച്ച് ആവശ്യമായ അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഇല്ല. പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ സഹിതം വിശദമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ബജറ്റ് വിഹിതത്തിന്റെ ലഭ്യതക്കനുസരിച്ച് പരിശോധിക്കുന്നതാണ്.

## ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ

109 (2343) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിൽ എ.ഇ.ഒ./ഡി.ഇ.ഒ.-മാർ വീഴ്ചവരുത്തുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഓരോ ജില്ലാ ഓഫീസിലും ഉപജില്ലാ ഓഫീസിലും ഇത്തരത്തിൽ കെട്ടിക്കിടക്കുന്ന ഫയലുകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) ലഭിക്കുന്ന ഓരോ പരാതിക്കും സമയബന്ധിതമായി തീർപ്പുകൽപ്പിക്കുവാൻ ആവശ്യമായ നിർദ്ദേശം പൊതുവിദ്യാഭ്യാസ സെക്രട്ടറി തലത്തിൽ എ.ഇ.ഒ./ ഡി.ഇ.ഒ.-മാർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ജില്ല/ ഉപജില്ല വിദ്യാഭ്യാസ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും പൊതുവിദ്യാഭ്യാസ സെക്രട്ടറിക്കും ലഭിക്കുന്ന പരാതികൾ എല്ലാം തന്നെ അടിയന്തിരമായി പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന ഉത്തരവോടുകൂടി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകാറുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടർ അത് പരിശോധിച്ച് കീഴ് ഉദ്യോഗസ്ഥൻമാർക്ക് വേണ്ടതായ നിർദ്ദേശങ്ങൾ നൽകാറുമുണ്ട്.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## എച്ച്.എസ്.എ. നാച്ചുറൽ സയൻസ് പരീക്ഷയുടെ റാങ്ക് ലിസ്റ്റ്

110 (2344) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ എച്ച്.എസ്.എ.നാച്വറൽ സയൻസ് തസ്തികയിലേക്ക് 5 വർഷം മുമ്പ് അപേക്ഷ ക്ഷണിച്ച് കഴിഞ്ഞ വർഷം പരീക്ഷ നടത്തിയിട്ടും ഷോർട്ട് ലിസ്റ്റ് പോലും നാളിതുവരെ പ്രസിദ്ധീകരിക്കാത്തതും ഈ വിഷയത്തിൽ ഉണ്ടായിട്ടുള്ള ഒഴിവ് നികത്താൻ നിലവിൽ മൂന്ന് വർഷത്തിലേറെയായി റാങ്ക് ലിസ്റ്റ് നിലവിലില്ല എന്നതും വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2012-ൽ 659/2012 എന്ന കാറ്റഗറി നമ്പരിൽ വിളിച്ച അപേക്ഷ പ്രകാരം 2016 ഒക്ടോബർ 21-ന് നടത്തിയ ഒ.എം.ആർ.പരീക്ഷയുടെ റാങ്ക് ലിസ്റ്റ് എപ്പോൾ പ്രസിദ്ധീകരിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) മലപ്പുറം ജില്ലയിൽ എച്ച്.എസ്.എ.നാച്വറൽ സയൻസിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കുന്നതിന് വേണ്ട ഇടപെടൽ നടത്തുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ എച്ച്.എസ്.എ. നാച്ചുറൽ സയൻസ് തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി തസ്തികയുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുവാനുള്ള നടപടി പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചുവരുന്നു.

(സി) 2016 ഡിസംബറിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത എച്ച്.എസ്.എ. നാച്ചുറൽ സയൻസ് ബൈട്രാൻസ്ഫർ 8 ഒഴിവ് ഉൾപ്പെടെ 24 ഒഴിവുകൾ നിലവിലുണ്ട്.

(ഡി) ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ച് അഭിമുഖം കൂടി പൂർത്തിയാക്കി, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച്, അടുത്ത അദ്ധ്യയന വർഷത്തിൽ തന്നെ നിയമന ശിപാർശ നൽകുന്നതിനായുള്ള രീതിയിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടപടി സ്വീകരിച്ചു വരുന്നു.

**ശ്രദ്ധ പദ്ധതി**

111 (2345) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ കാരണങ്ങളാൽ പഠനത്തിൽ മികവ് പുലർത്താൻ കഴിയാത്ത വിദ്യാർത്ഥികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ശ്രദ്ധ എന്ന പേരിൽ പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ;വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം വിഭാഗത്തിലുള്ള കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് എന്നും ഇതിനായുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതി പ്രകാരം ക്ലാസ്സുകൾ നടത്തുന്ന അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഈ വിഭാഗത്തിലുള്ള കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കത്തക്കവിധം പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സമൂഹത്തിലെ സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നും വരുന്ന ധാരാളം വിദ്യാർത്ഥികൾ പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്. ഇവരുടെ ഉന്നമനത്തിനായി നിരവധി കാര്യങ്ങൾ വകുപ്പ് നടത്തിവരുന്നുണ്ട്. എന്നാലും സമൂഹത്തിലെ ഒരു വിഭാഗം കുട്ടികൾക്ക് ഇപ്പോഴും അവർ ആഗ്രഹിക്കുന്ന രീതിയിൽ അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. സാമൂഹികവും സാമ്പത്തികവും മനഃശാസ്ത്രപരവുമായ കാര്യങ്ങളാണ് ഇത്തരം കുട്ടികളുടെ കഴിവുകളെ മുൻനിരയിൽ എത്തിക്കുന്നതിന് തടസ്സമായി നൽക്കുന്നതെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അത്തരം വിദ്യാർത്ഥികളെ മുൻ നിരയിലേക്ക് എത്തിക്കുന്നതിനായി രൂപീകരിക്കുന്ന ഒരു പദ്ധതിയാണിത്.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ശ്രദ്ധ എന്ന പദ്ധതിയിൽ എസ്.സി./എസ്.ടി., അനാഥർ, അവഗണിക്കപ്പെട്ട കുട്ടികൾ, വേർപിരിഞ്ഞ രക്ഷിതാക്കളുടെ കുട്ടികൾ തുടങ്ങിയ മേഖലകളിലെ 5, 6, 7 എന്നീ ക്ലാസ്സുകളിലെ കുട്ടികളെ ഉൾപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) സ്വീകരിക്കുന്നതാണ്.

(ഡി) 2017-18 വർഷം മുഴുവൻ ഗവൺമെന്റ് യു.പി. സ്കൂളുകളിലും പദ്ധതി നടപ്പാക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

**പത്താം ക്ലാസ്, ഹയർ സെക്കണ്ടറി പരീക്ഷകൾ**

112 (2346) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ പത്താം ക്ലാസ്, ഹയർ സെക്കണ്ടറി പരീക്ഷകളിൽ സിലബസ്സിൽ ഇല്ലാത്തതും ബുദ്ധിമുട്ടേറിയതുമായ ചോദ്യങ്ങൾ ഉൾപ്പെടുത്തി എന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ: വിദ്യാർത്ഥികളുടെ ആശങ്ക പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇത്തരത്തിൽ ചോദ്യകടലാസ് തയ്യാറാക്കുന്ന അദ്ധ്യാപകരെ കരിം പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 20-3-2017-ൽ നടന്ന എസ്.എസ്.എൽ.സി. ഗണിതശാസ്ത്രം പരീക്ഷ ബുദ്ധിമുട്ടേറിയതായിരുന്നു എന്ന് ആക്ഷേപം ഉണ്ടായിരുന്നു. ഹയർ സെക്കണ്ടറി 2017 മാർച്ച് പരീക്ഷയ്ക്കുവേണ്ടി തയ്യാറാക്കിയ 226 ചോദ്യപേപ്പറുകളിൽ രണ്ടാം വർഷ കണക്ക്, രണ്ടാം വർഷ ജേർണലിസം എന്നീ വിഷയങ്ങളിൽ പാഠഭാഗത്തിന് പുറത്തുള്ള ചോദ്യങ്ങൾ ഉണ്ടായിട്ടുണ്ട്. രണ്ടാം വർഷ ഇക്കണോമിക്സ് പരീക്ഷയിൽ കഠിന ചോദ്യങ്ങൾ അനുവദിക്കപ്പെട്ട തോതിനേക്കാൾ കൂടുതലായിരുന്നു.

(ബി) 20-3-2017-ൽ നടന്ന എസ്.എസ്.എൽ.സി. ഗണിതശാസ്ത്രം പരീക്ഷ റദ്ദ് ചെയ്യുകയും 30-3-2017-ൽ പുനഃപരീക്ഷ നടത്തുകയുമുണ്ടായി. ഹയർ സെക്കണ്ടറി പരീക്ഷയെപ്പറ്റി പരാതിയുണ്ടായതിനെ തുടർന്ന് എസ്.സി.ഇ.ആർ.റ്റി വിദഗ്ധരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ ആശങ്ക പരിഹരിക്കുന്ന തരത്തിൽ മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ ശിപാർശ നൽകുകയും സ്കീം ഫൈനലൈസേഷനിൽ ആയത് പരിഗണിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പരിശോധിച്ചുവരുന്നു.

## സ്കൂൾ പാചക തൊഴിലാളികളുടെ വേതനം

113 (2348) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ പാചക തൊഴിലാളികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മിനിമം വേജസ് കമ്മിറ്റി ശിപാർശ ചെയ്തുപ്രകാരമുള്ള വേതനം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) മിനിമം വേജസ് കമ്മിറ്റി ശിപാർശ ചെയ്ത വേതനം അംഗീകരിച്ചു കൊണ്ട് മുൻ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) സ്കൂൾ പാചക തൊഴിലാളികളുടെ വേതനം നിശ്ചയിച്ചുകൊണ്ട് ഈ സർക്കാർ പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ മുൻ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന് പകരം പുതിയ ഉത്തരവ് പുറപ്പെടുവിക്കുവാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

### ഉത്തരം

(എ) പ്രതിദിനം 350 രൂപ. ഇതുസംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് പ്രഥമ വിജ്ഞാപനം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുറപ്പെടുവിച്ചിരുന്നു.

(ബി) ഇതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചത് 8-8-2016-ലാണ്.

(സി) കേരളത്തിലെ പ്രൈമറി സ്കൂളുകളിൽ ഭൂരിപക്ഷവും കുട്ടികൾ കുറഞ്ഞ 'അൺ ഇക്കണോമിക്' എന്ന് വിശേഷിപ്പിക്കപ്പെടുന്നവയാണ്. മിനിമം വേജസ് പ്രഖ്യാപിച്ചാൽ അവർക്ക് 350 രൂപ മാത്രമേ ലഭിക്കുകയുള്ളൂ. ഈ സാഹചര്യത്തിലാണ് ഒരു തൊഴിലാളിക്ക് മിനിമം 400 രൂപ ലഭിക്കുന്ന തരത്തിൽ ഉത്തരവ് പുറപ്പെടുവിച്ചത്.

## നൈപുണ്യ വികസന കോഴ്സുകൾ

114 (2349) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സിലബസ്സിലുള്ള എല്ലാ സ്കൂളുകളിലും 2018-19 മുതൽ നൈപുണ്യ വികസന കോഴ്സുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സെക്കണ്ടറി-ഹയർ സെക്കണ്ടറി തലത്തിൽ ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസ രംഗത്തെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഡിമാന്റ് അടിസ്ഥാനമാക്കിയുള്ള മോഡ്യൂലാർ വൊക്കേഷണൽ കോഴ്സിലൂടെ യുവജനങ്ങളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും സെക്കണ്ടറി തലത്തിലുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ നിരക്ക് കുറച്ചുകൊണ്ട് വരികയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. നൈപുണ്യ വികസന കോഴ്സുകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോ. ആർ. വി. ജി. മേനോൻ ചെയർമാനായ ഒരു ഹൈപവർ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

## അദ്ധ്യാപക തസ്തിക നിർണ്ണയം വേഗത്തിലാക്കാൻ നടപടി

115 (2350) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 അദ്ധ്യയന വർഷം അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകർക്ക് ഇതുവരെയും അംഗീകാരവും ശമ്പളവും ലഭിച്ചിട്ടില്ലെന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഉത്തരവുണ്ടായിട്ടും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം ക്ലാസ്സടിസ്ഥാനത്തിൽ നിർണ്ണയിച്ച് ആവശ്യമായ തസ്തിക തിട്ടപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) അദ്ധ്യാപക തസ്തിക നിർണ്ണയം എത്രയും വേഗം നടത്തുവാനും നിയമനങ്ങൾ അംഗീകരിക്കുവാനും സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിലവിലെ ജോലിഭാരം സ്പെഷ്യൽ റൂൾസ് പ്രകാരം ആഴ്ചയിൽ 14 പിരീഡുവരെ ക്ലാസ്സുകൾ എടുക്കുന്നവർ ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകരായും 24 പിരീഡുകൾവരെയുള്ള ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നവർ ഹയർ സെക്കണ്ടറി സീനിയർ അദ്ധ്യാപകരായും പരിഗണിക്കപ്പെടുന്നു. ഇപ്പോൾ ശരാശരി 45 മിനിട്ടിന് താഴെയാണ് ഹയർ സെക്കണ്ടറി ക്ലാസ്സുകളിലെ പിരീഡിന്റെ ദൈർഘ്യം. അതനുസരിച്ച് 5 പ്രവൃത്തി ദിവസങ്ങളിലായി ഒരു ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 10.5 മണിക്കൂറും സീനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 16 മണിക്കൂറും പഠിപ്പിച്ചാൽ മതിയാകും. കൂടാതെ അധികമായി വരുന്ന 3 പിരീഡുകൾക്ക് ഒരു ജൂനിയർ അദ്ധ്യാപകനെ നിയമിക്കുവാനും നിലവിൽ വ്യവസ്ഥയുണ്ട്. അധികമായി വരുന്ന വെറും 3 പിരീഡുകൾക്ക് ഒരു ജൂനിയർ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നത് വമ്പിച്ച സാമ്പത്തിക ബാധ്യത വരുമെന്നതിനാൽ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ജോലിഭാരം പുനഃക്രമീകരിക്കാനുള്ള ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

## കേന്ദ്ര സിലബസ്സിൽ പഠിച്ച വിദ്യാർത്ഥികൾ കേരള സിലബസ്സിലേക്ക് വരുന്ന സാഹചര്യം

116 (2351) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം ക്ലാസ് വരെ സി.ബി.എസ്.ഇ. അടക്കമുള്ള കേന്ദ്ര സിലബസിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഹയർ സെക്കണ്ടറി തലത്തിൽ കേരള സിലബസിലേക്ക് വരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ നടപ്പ് അദ്ധ്യയന വർഷത്തിൽ 41,634 കുട്ടികൾ ഈ വിധം കേന്ദ്ര സിലബസ്സിൽ നിന്നും സംസ്ഥാന ഹയർ സെക്കൻഡറിയിലേക്ക് എത്തുക ഉണ്ടായോ;

(സി) എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) സംസ്ഥാന സിലബസിൽ യഥേഷ്ടം മാർക്ക് നൽകുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പത്താം ക്ലാസ് വരെ സി.ബി.എസ്.ഇ. അടക്കമുള്ള കേന്ദ്ര സിലബസിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഹയർ സെക്കണ്ടറി തലത്തിൽ കേരള സിലബസിലേയ്ക്ക് വരുന്ന സാഹചര്യം നിലവിലുണ്ട്. ഈ വിഷയം സമഗ്രമായ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല.

(ബി) 2016-2017 അധ്യയന വർഷത്തിൽ 41634 കുട്ടികൾ ഈ വിധം കേന്ദ്ര സിലബസ്സിൽ നിന്നും സംസ്ഥാന ഹയർ സെക്കന്ററിയിലേയ്ക്ക് എത്തുകയുണ്ടായി.

(സി) ഇല്ല.

(ഡി) സംസ്ഥാന സിലബസ്സിൽ യഥേഷ്ടം മാർക്ക് നൽകുന്നു എന്ന റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സ്കൂൾ ബാഗുകളുടെ അമിതഭാരം കുറയ്ക്കുന്നതിന് നടപടി

117 (2352) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് ബാഗിന്റെ അമിതഭാരംമൂലം നിരവധി ശാരീരിക പ്രശ്നങ്ങളും യാത്രചെയ്യാൻ ബുദ്ധിമുട്ടും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ലഘൂകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വലിയ 200 പേജ് നോട്ട് ബുക്കിന് പകരം ചെറിയ 80 പേജ്, 40 പേജ് നോട്ട് ബുക്കുകൾ വാങ്ങിയാൽ മതി എന്ന നിർദ്ദേശം നൽകുമോ?

(ബി) ബാഗുകളുടെ ഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി ഓരോ പാഠഭാഗങ്ങളും അതിന്റെ നോട്ട് എഴുതുന്നതിനാവശ്യമായ ബ്ലാങ്ക് പേജുകളും ചേർത്ത ലീഫ് ലെറ്റുകളാക്കി മാറ്റുന്ന കാര്യം ആലോചിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് നിരവധി കത്തുകൾ/പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ബാലാവകാശ കമ്മീഷൻ ഈ വിഷയം അപഗ്രഥിക്കുകയും വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കേണ്ട അനന്തര നടപടികൾ അറിയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പാഠപുസ്തകങ്ങൾ മൂന്ന് വാല്യങ്ങൾ ആയി പ്രിന്റ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. 60 പേജിൽ കൂടുതൽ ഒരു വാല്യത്തിൽ ഉണ്ടാകാത്തവിധം പ്രിന്റ് ചെയ്യുന്നത് ഈ വർഷം മുതൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പാഠഭാഗങ്ങളെ ഓരോ ടേമിലേയും ഓരോ വിഷയത്തിന്റെയും അടിസ്ഥാനത്തിൽ രണ്ടും മൂന്നും ഭാഗങ്ങളായി വിഭജിച്ച് വിദ്യാർത്ഥികൾക്ക് 2017-18 അദ്ധ്യയന വർഷം മുതൽ നൽകാൻ തീരുമാനിച്ചു. ബ്ലാങ്ക് പേജുകൾ ചേർത്ത് ലീഫ് ലെറ്റുകളായി നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കാവുന്നതാണ്.

## അസാപ്പ് ട്രെയിനിംഗ്

118 (2353) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'അസാപ്പ്' മുഖാന്തിരം ഏതെല്ലാം മേഖലയിൽ ട്രെയിനിംഗ് നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുജനങ്ങൾക്കായി പ്രസ്തുത പദ്ധതി വിപുലീകരിക്കാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ;

(സി) അസാപ്പിലൂടെ പരിശീലനം ലഭിച്ച കുട്ടികൾക്ക് ലഭിക്കുന്ന തൊഴിലവ സരങ്ങളെക്കുറിച്ച് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലും ആർട്സ് ആന്റ് സയൻസ് കോളേജുകളിലും നടപ്പാക്കിവരുന്ന അസാപ്പ് പദ്ധതി മുഖാന്തിരം താഴെപ്പറയുന്ന മേഖലകളിലാണ് തൊഴിൽ പരിശീലനം നൽകുന്നത്.

1. അഗ്രികൾച്ചർ
2. ഫുഡ് പ്രോസസ്സിംഗ്
3. ഹോസ്പിറ്റാലിറ്റി
4. ലോജിസ്റ്റിക്സ്
5. പ്ലംബിംഗ്
6. റീട്ടെയിൽ
7. ടെലികോം
8. ഐ.ടി.
9. ഐ.റ്റി.ഇ.എസ്.
10. ഇലക്ട്രോണിക്സ്

11. ബ്യൂട്ടി ആന്റ് വെൽനെസ്സ്
12. ജെം ആന്റ് ജ്വവലറി
13. ബാങ്കിംഗ് & ഫിനാൻസ്
14. റബ്ബർ
15. അക്കൗണ്ടിംഗ്
16. മീഡിയ & എന്റർടെയിൻമെന്റ്
17. അപ്പാരൽ
18. ഹെൽത്ത് കെയർ
19. കൺസ്ട്രക്ഷൻ
20. ഓട്ടോമോട്ടീവ്
21. ഓട്ടോമോട്ടീവ് കാപിറ്റൽ ഗുഡ്സ്
22. പ്രിന്റിംഗ്
23. സ്പോർട്സ് & ലെഷർ

(ബി) ഹയർ സെക്കണ്ടറി കോളേജ് തലത്തിൽ പഠനത്തോടൊപ്പം വിദ്യാർത്ഥികൾക്ക് അഡീഷണൽ സ്കിൽ നൽകുന്ന പദ്ധതിയായ അസാപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ പൊതുജനങ്ങൾക്ക് കൂടി പരിശീലനം നൽകിക്കൊണ്ട് പദ്ധതി വിപുലീകരിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(സി) അസാപ്പിലൂടെ തൊഴിൽ പരിശീലനം ലഭിക്കുന്ന കുട്ടികൾക്ക് പഠിക്കുന്ന കോഴ്സിനനുസരിച്ചുള്ള തൊഴിലവസരങ്ങൾ ലഭിക്കുന്നുണ്ട്. നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് അനുസരിച്ച് വിവിധ തലത്തിലുള്ള കോഴ്സുകളാണ് അസാപ്പ് നൽകുന്നത്. വ്യവസായ മേഖല രൂപം നൽകിയ കരിക്കുലം, വ്യവസായ മേഖലയിലെ പരിചയ സമ്പന്നരായ പരിശീലകർ, വ്യവസായശാലകളിലുള്ള 150 മണിക്കൂർ ഇന്റേൺഷിപ്പ് എന്നീ ഘടകങ്ങൾ കുട്ടികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ തുടർന്നു കിട്ടുവാൻ സഹായിക്കുന്നു.

## ലൈബ്രറി കൗൺസിലിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗ്രന്ഥശാലകൾ

119 (T*2354) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈബ്രറി കൗൺസിലിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗ്രന്ഥശാലകൾക്ക് എന്തെല്ലാം തരം സഹായങ്ങളാണ് ലൈബ്രറി കൗൺസിൽ വഴിയും സർക്കാർ നേരിട്ടും നൽകിവരുന്നത്;

(ബി) ഇത്തരം സഹായങ്ങൾ ഓരോന്നും ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ഗ്രാമീണ ഗ്രന്ഥശാലകളെ നവീകരിക്കുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം വിപുലീകരിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ വാങ്ങുന്നതിന് വാർഷിക ഗ്രാന്റും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കെട്ടിട ഗ്രാന്റും പ്രതിമാസ പരിപാടികൾ സംഘടിപ്പിക്കുന്നതിന് പ്രവർത്തന ഗ്രാന്റും നൽകിവരുന്നു. മികച്ച ലൈബ്രറികൾക്ക് താലൂക്ക്/ജില്ല/ സംസ്ഥാന തലത്തിൽ പുരസ്കാരങ്ങളും നൽകിവരുന്നുണ്ട്. ഇതിനുപുറമേ തെരഞ്ഞെടുക്കപ്പെട്ട ഗ്രന്ഥശാലകളിൽ ഗ്രന്ഥശാലാ സേവനം വിവിധ തലത്തിലുള്ള ജനവിഭാഗങ്ങൾക്ക് എത്തിക്കുന്നതിനും ഗ്രന്ഥശാലാ പ്രവർത്തനം ശാസ്ത്രീയമാക്കുന്നതിനുമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) വാർഷിക ഗ്രാന്റ് ഗ്രന്ഥശാലകളുടെ ഗ്രേഡിന്റെ അടിസ്ഥാനത്തിലാണ് നൽകുന്നത്. ഗ്രേഡ് നിശ്ചയിക്കുന്നതിന് ഓരോ വർഷവും ഗ്രഡേഷൻ കമ്മിറ്റി ഗ്രന്ഥശാലകൾ നേരിട്ട് സന്ദർശിക്കാറുണ്ട്. സ്വന്തമായി സ്ഥലമുള്ളവർക്ക് പി.ഡബ്ല്യു.ഡി അംഗീകരിച്ച പ്ലാനിന്റേയും എസ്റ്റിമേറ്റിന്റേയും അടിസ്ഥാനത്തിൽ കെട്ടിട ഗ്രാന്റ് നൽകിവരുന്നു. പ്രതിമാസ പരിപാടി സംഘടിപ്പിക്കുന്നതിന് ഗ്രേഡ് വ്യത്യാസമില്ലാതെ ഒരു പരിപാടിക്ക് 1000 രൂപ വീതം നൽകിവരുന്നുണ്ട്.

(സി) ഗ്രാമീണ ഗ്രന്ഥശാലകളിൽ കമ്പ്യൂട്ടറും ഇന്റർനെറ്റ് സംവിധാനവും ലഭ്യമാക്കി അവയെ വിജ്ഞാന വിതരണ സേവന കേന്ദ്രങ്ങളാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ, ജില്ലാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ലൈബ്രറികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള സഹായവും (പബ്ലിക്ക് അഡ്രസ്സ് സിസ്റ്റം, അലമാര, മേശ, കസേര മറ്റ് ഫർണിച്ചറുകൾ കമ്പ്യൂട്ടർ മുതലായവ) നൽകി വരുന്നു.

---

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## സംയോജിത വിദ്യാഭ്യാസ പദ്ധതിയിലെ റിസോഴ്സ് അദ്ധ്യാപകർ

120 (2355) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈകല്യങ്ങൾ അനുഭവിക്കുന്ന കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട സംയോജിത വിദ്യാഭ്യാസ പദ്ധതി (ഐ.ഇ.ഡി.സി.) പ്രകാരം പത്ത് മുതൽ പതിനേഴ് വർഷത്തോളമായി ജോലി ചെയ്തുവരുന്ന റിസോഴ്സ് അദ്ധ്യാപകരെ റെഗുലറൈസ് ചെയ്യുന്നതിന് ബഹു: ഹൈക്കോടതിയിൽ നിന്നും അനുകൂല വിധി ഉണ്ടായിട്ടും സ്ഥിര നിയമന ഉത്തരവ് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രായപരിധി കഴിഞ്ഞതിനാൽ മറ്റൊരു ജോലിക്ക് ഇനി അപേക്ഷിക്കാൻ കഴിയാത്തവരും മതിയായ യോഗ്യതയുള്ളവരുമായ ഇവർക്ക് സ്ഥിര നിയമനം നൽകാൻ ഉത്തരവുണ്ടാകുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഐ.ഇ.ഡി.സി./ഐ.ഇ.ഡി.എസ്.എസ്. എന്നിവ കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി കരാർ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് റിസോഴ്സ് ടീച്ചേഴ്സിന് നിയമനം നൽകിയിട്ടുള്ളത്. ഐ.ഇ.ഡി.സി./ഐ.ഇ.ഡി.എസ്.എസ്. റിസോഴ്സ് അദ്ധ്യാപകർ പൂർണ്ണമായും ഓരോ അക്കാദമിക വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവരാണ്. ബഹു.ഹൈക്കോടതിയുടെ 30-6-2016-ലെ വിധി പ്രകാരം 10 വർഷമോ അതിലധികമോ സേവനമനുഷ്ഠിച്ച ഐ.ഇ.ഡി.എസ്.എസ്. റിസോഴ്സ് അദ്ധ്യാപകരെ റെഗുലറൈസ് ചെയ്യുന്നതിനുവേണ്ട ഒരു സ്കീം സർക്കാർ തയ്യാറാക്കുവാനാണ് വിധി പുറപ്പെടുവിച്ചിട്ടുള്ളത്. 30-6-2016-ലെ ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പുനഃപരിശോധന/അപ്പീൽ ഹർജി നൽകുന്നകാര്യം പരിശോധിച്ചുവരുന്നു. കൂടാതെ താത്കാലിക നിയമനം നൽകിയിട്ടുള്ളവരെ സ്ഥിരപ്പെടുത്തരുതെന്നുള്ള ബഹു. സുപ്രീംകോടതി ഉത്തരവും നിലവിലുണ്ട്.

## ഓട്ടിസം സെന്ററുകളിലെ റിസോഴ്സ് അദ്ധ്യാപകരുടെ കരാർ കാലാവധി പുതുക്കാൻ നടപടി

121 (2356) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഓട്ടിസം സെന്ററുകളിലെ റിസോഴ്സ് അദ്ധ്യാപകരുടെ കരാർ കാലാവധി പുതുക്കി നൽകാൻ നടപടി സ്വീകരിക്കുമോ ;

(ബി) കരാർ കാലാവധി പുതുക്കി നൽകാത്ത പക്ഷം ഓട്ടിസം സെന്ററുകളുടെ പ്രവർത്തനം അവതാളത്തിലാകും എന്നുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഓട്ടിസം സെന്ററുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് എസ്.എസ്.എ.-യുടെ ചുമതലയിൽ പ്രവർത്തിക്കുന്ന ഓട്ടിസം സെന്ററുകളിലെ റിസോഴ്സ് അദ്ധ്യാപകരുടെ കരാർ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സെന്ററുകളുടെ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ പ്രവർത്തിക്കുന്നതിന് നിലവിൽ റിസോഴ്സ് അദ്ധ്യാപകരുടെ സേവനം ലഭ്യമാകുന്ന രീതിയിൽ വേണ്ട ക്രമീകരണങ്ങൾ ഇതിനകം ചെയ്തിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

## സ്കൂൾ കുട്ടികൾക്ക് ആവശ്യമായിട്ടുള്ള പാഠപുസ്തകങ്ങൾ

122 (2357) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ സ്കൂൾ കുട്ടികൾക്ക് ആവശ്യമായിട്ടുള്ള പാഠപുസ്തകങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ; ആയത് യഥാസമയം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

2017-18 അദ്ധ്യയന വർഷത്തിലേക്ക് 1 മുതൽ 10 വരെ ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങൾ പേജുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 1 മുതൽ 3 വരെ വാല്യങ്ങളായി അച്ചടിച്ച് നൽകുവാൻ തീരുമാനിക്കുകയും അപ്രകാരം ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു :

1. ഒന്നാം വാല്യം - 2,86,69,591 എണ്ണം
2. രണ്ടാം വാല്യം - 2,47,20,262 എണ്ണം
3. മൂന്നാം വാല്യം - 75,01,475 എണ്ണം

2017-18 അദ്ധ്യയന വർഷത്തിലേക്ക് 12-ാം ക്ലാസ്സിൽ 626940 പാഠപുസ്തകങ്ങളും 11-ാം ക്ലാസിൽ 6,29,301 പാഠപുസ്തകങ്ങളും ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. 2017-18 അദ്ധ്യയന വർഷത്തേക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ യഥാസമയം

വിതരണം ചെയ്യുന്നതിനുവേണ്ടി ആവശ്യമായ മുന്നൊരുക്കങ്ങൾ ഇതിനകം നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 2017-18-ലെ മുഴുവൻ പാഠപുസ്തകങ്ങളും മൂന്ന് വാല്യങ്ങളായി അച്ചടിച്ച് വിതരണം ചെയ്യുന്നതിന് കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയെ (കെ.ബി.പി.എസ്.) ചുമതലപ്പെടുത്തുകയും അപ്രകാരം 2017-18 അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പ് തന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 11,12 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് സി-ആപ്റ്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 12-ാം ക്ലാസ് പാഠപുസ്തക വിതരണം എല്ലാ ജില്ലകളിലും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. 11-ാം ക്ലാസ് പാഠപുസ്തകങ്ങളുടെ അച്ചടി പുരോഗമിച്ചുവരുന്നു.

## സ്കൂൾ വിദ്യാർത്ഥികളുടെ ക്ഷേമം ഉറപ്പാക്കാൻ നടപടി

123 (2358) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യയനവർഷം ആരംഭിക്കുന്നതിന് മുമ്പായി വിദ്യാലയങ്ങളിലെ കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) സ്കൂൾ വാഹനങ്ങളുടെ സുരക്ഷിതത്വം, ഫിറ്റ്നസ്സ് തുടങ്ങിയവ പരിശോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) സ്കൂൾ വിദ്യാർത്ഥികൾക്ക് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(ഡി) അദ്ധ്യയന വർഷത്തിലെ ആദ്യദിനം മുതൽ കുട്ടികൾക്ക് ഉച്ചഭക്ഷണം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

### ഉത്തരം

(എ) അദ്ധ്യയനവർഷം ആരംഭിക്കുന്നതിനുമുമ്പായി സംസ്ഥാനത്തെ മുഴുവൻ സ്കൂൾ കെട്ടിടങ്ങളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം ടി ഉദ്യോഗസ്ഥർ തങ്ങളുടെ അധികാരപരിധിയിൽപ്പെടുന്ന ഏതെങ്കിലും സ്കൂളുകൾ ജീർണ്ണാവസ്ഥയിലുള്ളതാണോ, മഴക്കാലത്ത് പഠന പ്രവർത്തനം നടത്താനാവാത്തവിധം ഉപയോഗശൂന്യമായതാണോയെന്ന് പരിശോധിക്കുവാനും അപ്രകാരം കണ്ടെത്തുന്ന സ്കൂൾ കെട്ടിടങ്ങളുടെ കേടുപാടുകൾ പരിഹരിക്കുവാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെടുവാനും അടിയന്തര സാഹചര്യം നിലനിൽക്കുന്ന വിഷയങ്ങൾ ജില്ലാ കളക്ടറുടെ ശ്രദ്ധയിൽകൊണ്ടുവരാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സ്കൂൾ വാഹനങ്ങളിൽ സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടെ വിശദ വിവരങ്ങളും കുട്ടികൾ സഞ്ചരിക്കുന്ന ബസ്സിന്റെ വിശദാംശങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്താറുണ്ട്. സ്കൂൾ വാഹനങ്ങളുടെ ദൈനംദിന കാര്യങ്ങളുടെ ചുമതല ഒരു അദ്ധ്യാപകനെ ഏൽപ്പിച്ചിട്ടുണ്ട്. സ്കൂളുകളിൽ ട്രാഫിക് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. എല്ലാ സ്കൂൾ വാഹനങ്ങൾക്കും വേഗപരിധി നിശ്ചയിച്ചിട്ടുണ്ട്. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റും ട്രാഫിക് പോലീസ് ക്ലബ്ബിന്റെ അധികാരികളും റോഡ് സുരക്ഷയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. റോഡ് സുരക്ഷയെ സംബന്ധിച്ച് ഒരു പാഠഭാഗം സിലബസിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനുവദനീയമായതിൽ കൂടുതൽ എണ്ണം കുട്ടികളെ സ്കൂൾ വാഹനങ്ങളിൽ കയറ്റരുതെന്നും വാഹനം ഓടിക്കുമ്പോൾ ഡ്രൈവർമാർ മൊബൈൽ ഫോൺ ഉപയോഗിക്കരുതെന്നും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) സ്കൂൾ വിദ്യാർത്ഥികൾക്ക് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ശുചിത്വ മിഷൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എയ്ഡഡ്, അൺ എയ്ഡഡ് സ്കൂൾ മാനേജർമാർ, പ്രിൻസിപ്പൽമാർ എന്നിവർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) 2017-18 അദ്ധ്യയന വർഷത്തിൽ തന്നെ കുട്ടികൾക്ക് ഉച്ചഭക്ഷണം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂളുകളുടെ കൈവശമുള്ള കണ്ടിജന്റ് ചാർജ്ജിന്റെ (പാചക ചെലവിനുള്ള തുക) നീക്കിയിരിപ്പ് ശേഖരിച്ച് കഴിഞ്ഞിട്ടുണ്ട്. അരിയുടെ ബാലൻസ് സ്റ്റോക്ക് ശേഖരിച്ചുവരുന്നു. കേന്ദ്ര സർക്കാർ ആദ്യപാദത്തിലേക്കുള്ള അരി അനുവദിച്ചിട്ടുണ്ട്. എഫ്.സി.ഐ. ഡിപ്പോയിൽ നിന്ന് ഓരോ ജില്ലയിലേക്കും ലിഫ്റ്റ് ചെയ്യേണ്ട അരിയുടെ അളവ് സംബന്ധിച്ച വിവരം എഫ്.സി.ഐ.യുടെയും കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെയും ബന്ധപ്പെട്ട അധികാരികളിൽനിന്നും ശേഖരിച്ചുവരുന്നു. സ്കൂളുകൾക്ക് ആവശ്യമായ ഫണ്ട് ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഇ-ട്രാൻസ്ഫർ ചെയ്ത് നൽകുന്നതാണ്. കൂടാതെ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**സ്കൂൾ വിദ്യാർത്ഥികൾക്ക് ആധാർ രജിസ്ട്രേഷൻ**

124 (2359) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് ആധാർ രജിസ്ട്രേഷൻ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) സൗജന്യ സ്കൂൾ ഉച്ചഭക്ഷണപദ്ധതി നടത്തിപ്പിന് ആധാർ രജിസ്ട്രേഷൻ നിർബന്ധമാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും ആധാർ രജിസ്ട്രേഷൻ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായ കുട്ടികൾക്ക് ആധാർ രജിസ്ട്രേഷൻ നിർബന്ധമാക്കിക്കൊണ്ട് കേന്ദ്രമാനവ വിഭവ ശേഷി മന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതല്ലാതെ സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കെല്ലാം ആധാർ രജിസ്ട്രേഷൻ ഉറപ്പുവരുത്തണമെന്നതരത്തിൽ കേന്ദ്ര സർക്കാരിൽ നിന്ന് ഉത്തരവുകളൊന്നും ലഭ്യമാക്കിയിട്ടില്ല.

(ബി) ഉണ്ട്. സ്കൂൾ ഉച്ച ഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന 1 മുതൽ 8-ാം ക്ലാസ്സുവരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സ്കൂളുകളിൽ ഉച്ചഭക്ഷണം പാചകം ചെയ്യുന്ന പാചക തൊഴിലാളികൾക്കും ആധാർ രജിസ്ട്രേഷൻ നിർബന്ധമാക്കിക്കൊണ്ട് കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് മന്ത്രാലയം യഥാക്രമം എസ്.ഒ.669 (ഇ), എസ്. നമ്പർ670(ഇ) എന്നീ നോട്ടിഫിക്കേഷനുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ആധാർ കാർഡില്ലാത്ത സ്കൂൾ വിദ്യാർത്ഥികളും ഉച്ചഭക്ഷണ പാചക തൊഴിലാളികളും 31-8-2017-നകം ആധാർ എൻറോൾമെന്റിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(സി) 1-10-2011-ലെ ജി.ഒ.(പി) നമ്പർ 199/2011/പൊ.വി.വ. (അദ്ധ്യാപക പാക്കേജ് ഉത്തരവ്) പ്രകാരമാണ് കേരളത്തിലെ സ്കൂളുകളിൽ കുട്ടികളുടെ UID സ്റ്റേജിനെ അടിസ്ഥാനമാക്കി തസ്തിക നിർണ്ണയം നടത്തണമെന്ന് നിർദ്ദേശമുണ്ടായത്. എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും UID നിർബന്ധമാണെന്നും അത്, സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്വെയറായ 'സമ്പൂർണ്ണ'-യിൽ ഉൾപ്പെടുത്തണമെന്നും സംസ്ഥാനത്തെ പ്രഥമാദ്ധ്യാപകർക്കെല്ലാം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശപ്രകാരം സമ്പൂർണ്ണ സോഫ്റ്റ്വെയറിൽ കുട്ടികളുടെ ആധാർ നമ്പർ, എൻറോൾമെന്റ് തുടങ്ങിയവ ഉൾപ്പെടുത്താൻ ഐ.ടി.@ സ്കൂൾ പ്രോജക്ട് സംവിധാനം ഒരുക്കിയിട്ടുണ്ട്.

## സ്കൂൾ വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം

125 (2360) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം വിഭാഗങ്ങളിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്കാണ് കൈത്തറി യൂണിഫോം വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കുമോ;

(ബി) അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾതന്നെ വിദ്യാർത്ഥികൾക്ക് പ്രസ്തുത യൂണിഫോം തുണികൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ;

(സി) സ്കൂൾ യൂണിഫോമിനായി മെച്ചപ്പെട്ട കൈത്തറി തുണിത്തരങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

### ഉത്തരം

(എ) കൈത്തറി യൂണിഫോം സംസ്ഥാനത്തെ 1 മുതൽ 4 വരെയും, 1 മുതൽ 5 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളിലാണ് 2017-18 അദ്ധ്യയന വർഷത്തിൽ വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നത്.

(ബി&സി) ഏകദേശം 3000 പേർ ഏർപ്പെട്ടിട്ടുള്ള നെയ്ത്ത് ജോലി, 2016 ഡിസംബർ 1 മുതൽ ആരംഭിക്കുകയും ആയത് പൂർത്തിയാക്കുകയും ചെയ്തു. തുണികൾക്ക് ആവശ്യമായ നിറം നൽകുന്നതിനായി തമിഴ്നാട്ടിലുള്ള മില്ലുകളിൽ ചായം പിടിപ്പിക്കുന്ന പണിയിലാണ്. മേയ് അവസാനവാരം കേരളത്തിലെ 163 എ.ഇ.ഒ.ഓഫീസ് മുഖാന്തരം നിശ്ചിത സ്കൂളുകളിൽ യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ പുകയില ഉപയോഗം

126 (2361) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ പുകയില ഉപയോഗം വ്യാപകമാകുന്നതായി കണ്ണൂർ മെഡിക്കൽ കോളേജ്, റീജിയണൽ ക്യാൻസർ സെന്റർ എന്നിവയുടെ നേതൃത്വത്തിൽ നടത്തിയ പഠനങ്ങളിൽ കണ്ടെത്തിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പുകയില അടക്കമുള്ള ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന കുട്ടികളെ കണ്ടെത്തി അവരെ ഇത്തരം ദുശ്ശീലങ്ങളിൽ നിന്നും പിന്തിരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ ;

(ഡി) എല്ലാ സ്കൂളുകളിലും ലഹരി വിരുദ്ധ അവബോധം നൽകുന്നതിനായി ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്കൂൾ തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ, ജാഗ്രതാ സമിതികൾ തുടങ്ങിയവ രൂപീകരിക്കുകയും എക്സൈസ്, പോലീസ് വകുപ്പുകളുമായി സഹകരിച്ച് കൊണ്ട് ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. ഹയർ സെക്കണ്ടറി സ്കൂളുകളിൽ കൗമാരക്കാരുടെ ശാക്തീകരണത്തിനായി കൗൺസിലിംഗും ആരോഗ്യ പരിപാലനവും നടപ്പിലാക്കുന്നതിനായി നടത്തിവരുന്ന സൗഹൃദ ക്ലബ്ബുകളുടെ 2016-17 അദ്ധ്യയനവർഷത്തെ പരിശീലനങ്ങളിൽ മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. കൂടാതെ ഇന്ത്യൻ ഡെന്റൽ അസോസ്സിയേഷനും ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പും സംയുക്തമായി പുകയിലയിൽ നിന്നും മയക്കുമരുന്നിൽ നിന്നും കുട്ടികളെ മോചിപ്പിക്കുന്നതിലേക്ക് 'മുക്തി' എന്ന പേരിൽ ബോധവൽക്കരണവും ട്രെയിനിംഗും നൽകുന്നുണ്ട്. 2010 സെപ്റ്റംബറിൽ കുട്ടികളിലെ കുറ്റവാസനയും, ലഹരി ഉപയോഗവും ഇല്ലാതാക്കുന്നതിലേക്ക് 'ഔവ്വർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ' എന്ന ഒരു പദ്ധതി ആരംഭിച്ചു. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ 93 സ്കൂളുകളിൽ ഈ പദ്ധതി പ്രവർത്തിച്ചുവരുന്നു. പാൻമസാല, പുകയില തുടങ്ങിയ ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യ ഫലങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനും, ഇവയുടെ നിരോധനം, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരിസരങ്ങളിലും ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്വീകരിക്കുന്നുണ്ട്. സ്കൂൾ വിദ്യാർത്ഥികൾ ലഹരിക്ക് അടിമകളാകുന്നത് തടയുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പ് വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സ്കൂൾ പരിസരത്ത് വിദ്യാർത്ഥികൾക്ക് മദ്യം, മയക്കുമരുന്ന് എന്നിവ കൈമാറുന്നവർക്കെതിരെ ജെ.ജെ.ആക്ട്, കെ.പി.ആക്ട് എന്നിവ പ്രകാരവും നിയമനടപടികൾ സ്വീകരിക്കുവാൻ സ്കൂളധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഹയർ സെക്കണ്ടറി സ്കൂളുകളിലെ 2 വിദ്യാർത്ഥികളെ വീതം പങ്കെടുപ്പിച്ചുകൊണ്ടുള്ള

3 ദിവസത്തെ റെസിഡൻഷ്യൽ ട്രെയിനിംഗ് പ്രോഗ്രാമിൽ ലഹരിവസ്തുക്കളുടെ അപടകടങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തിയിരുന്നു. ഓരോ സ്കൂളിലെയും സൗഹൃദ കോ-ഓർഡിനേറ്റർമാരെ (അദ്ധ്യാപകർ) പങ്കെടുപ്പിച്ചുകൊണ്ട് ഓരോ വിദ്യാഭ്യാസ ജില്ലയിലും നടത്തിയ റിഫ്രഷർ ട്രെയിനിംഗ് പ്രോഗ്രാമിന്റെ മുഖ്യ ഇനം ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും വിദ്യാർത്ഥികളെ എങ്ങനെ പിന്തിരിപ്പിക്കാം എന്നതായിരുന്നു. ഈ വിഷയത്തിൽ NIMHANS-ൽ നിന്നും ട്രെയിനിംഗ് ലഭിച്ച ഇന്ത്യൻ ഡെന്റൽ അസോസ്സിയേഷനിലെ ഡോക്ടർമാരും എക്സൈസ് വകുപ്പിൽ നിന്നുള്ള അസിസ്റ്റന്റ് കമ്മീഷണർമാർ ഉൾപ്പെടെയുള്ളവരും ക്ലാസ്സെടുത്തിരുന്നു.

(ഡി) സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും പ്രവർത്തിച്ചു വരികയും ചെയ്യുന്നുണ്ട്. എല്ലാ ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുവാൻ പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പ്

127 (2362) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് പഠനം നടത്തുവാൻ രൂപീകരിച്ച സമിതിയുടെ പ്രവർത്തനം തുടങ്ങിയോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സമിതിയ്ക്ക്, ശിപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതിന് സമയം നിഷ്കർഷിച്ച് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നിലവിലുള്ള സ്ഥിതിയിൽ മാറ്റം വരുത്തുമ്പോൾ ഇത്തരം കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഭാവി സംബന്ധിച്ച ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പുതിയ അഡ്മിഷൻ സംബന്ധിച്ച് ഉടൻ തീരുമാനം ഉണ്ടാകുമോ?

<u>ഉത്തരം</u>

(എ) സ്വാശ്രയ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 4-2-2017 തീയതിയിലെ സ.ഉ.(എംഎസ്.) നമ്പർ37/2017/ഉ.വി.വ. ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ. കെ. ദിനേശൻ ചെയർമാനും ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. ആർ. വി. ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) കമ്മീഷൻ 4 മാസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(സി&ഡി) സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്ന കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ടി വിഷയങ്ങളിൽ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കൂടുതൽ കോളേജുകളിൽ സോഷ്യോളജി ഡിപ്പാർട്ട്മെന്റ്**

128 (2363) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ സാധ്യത ഏറെയുള്ള സോഷ്യോളജി വിഷയം ബിരുദതലത്തിൽ പഠിക്കുന്നതിന് സംസ്ഥാനത്ത് നാമമാത്രമായി കോളേജുകൾ ഉള്ള സാഹചര്യത്തിൽ കൂടുതൽ കോളേജുകളിൽ സോഷ്യോളജി ഡിപ്പാർട്ട്മെന്റ് ആരംഭിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) കണ്ണൂർ ജില്ലയിൽ ഒരു കോളേജിൽ പോലും സോഷ്യോളജി വിഷയം ബിരുദതലത്തിൽ ഇല്ലാത്തതിനാൽ തലശ്ശേരി, ചൊക്ലി ഗവൺമെന്റ് കോളേജുകളിൽ സോഷ്യോളജി ഡിപ്പാർട്ട്മെൻറ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

**ഫോർട്ട് കൊച്ചി സെന്റ് ഫ്രാൻസീസ് എയ്ഡഡ് എൽ.പി. സ്കൂൾ**

129 (2364) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫോർട്ട് കൊച്ചി സെന്റ്ഫ്രാൻസീസ് എയ്ഡഡ് എൽ.പി. സ്കൂൾ 200 വർഷം പൂർത്തിയാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂൾ പ്രത്യേക പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

## പുതിയതായി അനുവദിച്ച ഗവ.ഹയർ സെക്കണ്ടറി സ്കൂളുകളുടെ പോസ്റ്റ് ക്രിയേഷൻ

130 (2365) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉത്തരവ് നമ്പർ 76/2016 പ്രകാരം പുതിയതായി അനുവദിച്ച ഗവ. ഹയർ സെക്കണ്ടറി സ്കൂളുകളുടെ പോസ്റ്റ് ക്രിയേഷൻ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

(ബി) ഹയർസെക്കണ്ടറി സ്കൂളുകളിലെ നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കോമേഴ്സ് ജൂനിയറിലും സീനിയറിലും എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്; വേർതിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇപ്പോഴുള്ള എച്ച്.എസ്.എസ്.റ്റി (കോമേഴ്സ്) ജൂനിയർ ലിസ്റ്റിൽ നിന്നും നിലവിൽ എത്രപേരെ നിയമിച്ചുവെന്നും പുതിയതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ?

### ഉത്തരം

(എ) ഹയർ സെക്കന്ററി അദ്ധ്യാപകരുടെ നിലവിലെ ജോലിഭാരം സ്പെഷ്യൽ റൂൾസ് പ്രകാരം ആഴ്ചയിൽ 14 പിരീയഡുവരെ ക്ലാസ്സുകൾ എടുക്കുന്നവർ ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകരായും 24 പിരീയഡുകൾവരെയുള്ള ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നവർ ഹയർ സെക്കന്ററി സീനിയർ അദ്ധ്യാപകരായും പരിഗണിക്കപ്പെടുന്നു. ഇപ്പോൾ ശരാശരി 45 മിനിട്ടിന് താഴെയാണ് ഹയർ സെക്കണ്ടറി ക്ലാസ്സുകളിലെ പിരീയഡിന്റെ ദൈർഘ്യം. അതനുസരിച്ച് 5 പ്രവൃത്തി ദിവസങ്ങളിലായി ഒരു ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 10.5 മണിക്കൂറും സീനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 16 മണിക്കൂറും പഠിപ്പിച്ചാൽ മതിയാകും. കൂടാതെ അധികമായി വരുന്ന 3 പിരീയഡുകൾക്ക് ഒരു ജൂനിയർ അദ്ധ്യാപകനെ നിയമിക്കുവാനും നിലവിൽ വ്യവസ്ഥയുണ്ട്. അധികമായി വരുന്ന വെറും 3 പിരീയഡുകൾക്ക് ഒരു ജൂനിയർ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നത് വമ്പിച്ച സാമ്പത്തിക ബാധ്യത വരുമെന്നതിനാൽ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ജോലിഭാരം പുനഃക്രമീകരി ക്കാനുള്ള പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ) കൊമേഴ്സ് തസ്തികയിലുള്ള 10 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 42 ഒഴിവുകൾ തസ്തികമാറ്റ നിയമനത്തിനായി മാറ്റിവച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ കൊമേഴ്സ് തസ്തികയിലുള്ള 15 ഒഴിവുകൾ ജൂനിയർ അദ്ധ്യാപകരിൽ നിന്നുള്ള തസ്തികമാറ്റ നിയമനത്തിനായി മാറ്റിവച്ചിട്ടുണ്ട്.

(ഡി) നിലവിലുള്ള ഹയർ സെക്കണ്ടറി കൊമേഴ്സ് (ജൂനിയർ) അദ്ധ്യാപക തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റിൽ നിന്നും 440 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. എൻ.ജെ.ഡി. ആയ 2 ഒഴിവുകളും ശൂന്യവേതനാവധി മുഖാന്തരം ഉണ്ടായ 2 ഒഴിവുകളും പുതുതായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി**

131 (2366) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിക്ക് 2016 ജൂൺ മുതൽ ലഭിച്ച കേന്ദ്ര സഹായം എത്രയാണ്; പ്രസ്തുത പദ്ധതിക്കുള്ള സംസ്ഥാന വിഹിതം എത്ര; വിശദമാക്കുമോ ;

(ബി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പരിപാടികൾ ശരിയായ രീതിയിൽ നടക്കുന്നില്ലെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി സ്ഥിരമായി ഉദ്യോഗസ്ഥ സംവിധാനം ഇല്ലെന്നുള്ള പരാതിയിന്മേൽ നടപടി സ്വീകരിക്കുമോ; വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2016-17 'ആനുവൽ വർക്ക് പ്ലാൻ ആന്റ് ബഡ്ജറ്റ്' പ്രകാരം ആർ.എം.എസ്.എ.-യ്ക്ക് കേന്ദ്ര സർക്കാർ അംഗീകരിച്ച തുക 5196.551 ലക്ഷം രൂപയാണ്. ഇതിൽ 3117.9306 ലക്ഷം രൂപ കേന്ദ്ര സർക്കാർ വിഹിതവും, 2078.6204 ലക്ഷം രൂപ സംസ്ഥാന വിഹിതവും ആണ്. 2016-17 സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി 3062.88 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 2041.92 ലക്ഷം രൂപയും ആർ.എം.എസ്.എ.-യ്ക്ക് ലഭിച്ചിട്ടുണ്ട്. ഐ.ഇ.ഡി.എസ്.എസ്.-ന് 3251.885 ലക്ഷം രൂപയാണ് 2016-17 ആനുവൽ വർക്ക് പ്ലാൻ ആന്റ് ബഡ്ജറ്റ് പ്രകാരം ആർ.എം.എസ്.എ.-യ്ക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്നത്. ഇതിൽ 1829.81 ലക്ഷം രൂപ കേന്ദ്ര സർക്കാർ വിഹിതമായും 1219.87 ലക്ഷം രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. ചാലക്കുടിയിലെ ഗേൾസ് ഹോസ്റ്റൽ നിർമ്മാണത്തിനായി അംഗീകരിച്ച 255.10 ലക്ഷം രൂപയിൽ 76.53 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്.

(ബി) ഇപ്രകാരമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 26-2-2011-ലെ ജി.ഒ.(എംഎസ്.)59/11/പൊ.വി.വ. പ്രകാരം ആർ.എം.എസ്.എ.-യ്ക്ക് അനുവദിച്ചിട്ടുള്ള താൽക്കാലിക തസ്തികകൾ ഡെപ്യൂട്ടേഷൻ, കോൺട്രാക്ട്, ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

**സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കൽ**

132 (2367) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈടെക് ആക്കുന്നതുമായി ബന്ധപ്പെട്ട് ആലത്തൂർ മണ്ഡലത്തിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ള കിഴക്കഞ്ചേരി ജി.എച്ച്.എസ്.എസ് ,എരിമയൂർ ജി.എച്ച്.എസ്.എസ്. എന്നിവയുടെ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളും ഹൈടെക്ക് സ്കൂൾ പദ്ധതിയുടെ ഭാഗമാണ്. പ്രസ്തുത പദ്ധതി ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ അസംബ്ലി നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളിൽ നടപ്പിലാക്കി. മറ്റ് മണ്ഡലങ്ങളിലെ സ്കൂളുകളിൽ 2017-18 വർഷം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സീമാറ്റിലെ നിയമനം**

133 (T* 2368) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീമാറ്റ് എന്ന സർക്കാർ സ്ഥാപനത്തിൽ സ്റ്റാഫ് അധികമാണ് എന്ന് അറിയിച്ചുകൊണ്ട് 2017 മാർച്ച് 31-ന് എത്ര പേരെയാണ് പിരിച്ചുവിട്ടത്;

(ബി) പിരിച്ചുവിട്ടതിന് അടുത്ത ദിവസം തന്നെ പ്രസ്തുത തസ്തികകളിലേക്ക് നിയമനത്തിനായി പരസ്യം നൽകുകയുണ്ടായോ;

(സി) ഈ പരസ്യം എത്ര പത്രങ്ങളിലാണ് നൽകിയത്; എത്ര പേർ അപേക്ഷിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ഡി) എത്ര പേർക്കാണ് നിയമനം നൽകിയത്; അവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) നിരവധി തൊഴിൽ രഹിതരുള്ള ഈ നാട്ടിൽ ഒരു പത്രത്തിലും പരസ്യം ചെയ്യാതെ സീമാറ്റിന്റെ വെബ് സൈറ്റിൽ മാത്രം പരസ്യം നൽകി ഇന്റർവ്യൂ നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരസ്യം മലയാളത്തിലെ പ്രമുഖ പത്രങ്ങളിൽ പ്രസിദ്ധീകരിച്ച് ഇന്റർവ്യൂ നടത്തുന്നതിനുള്ള തീരുമാനം കൈക്കൊള്ളുമോ; വകുപ്പിന്റെ കീഴിലുള്ള ഒരു സർക്കാർ സ്ഥാപനത്തിലും ഇത്തരത്തിലുള്ള അഴിമതി നടക്കാതിരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2017 മാർച്ച് 31-ന് കരാർ കാലാവധി അവസാനിച്ച വിവിധ തസ്തികകളിലുള്ള 17 പേരുടെ കരാർ സേവനമാണ് അവസാനിപ്പിച്ചത്.

(ബി) 2017 ഏപ്രിൽ 1-ന് വെബ്സൈറ്റിൽ പരസ്യം നൽകിയെങ്കിലും പുതുക്കിയ അവസാന തീയതി അറിയിച്ചുകൊണ്ട് ഏപ്രിൽ 7-ന് വീണ്ടും പരസ്യം നൽകുകയുണ്ടായി.

(സി) രണ്ട് പ്രമുഖ മലയാള ദിനപത്രങ്ങളിലാണ് പരസ്യം നൽകിയത്. 10 തസ്തികകളിൽ 17 ഒഴിവുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. ആകെ 480 അപേക്ഷകൾ ലഭിച്ചു.

(ഡി) ആർക്കും നിയമനം നൽകിയിട്ടില്ല. ലഭിച്ച അപേക്ഷകൾ പരിശോധിച്ചു വരുന്നു.

(ഇ) 'സി'-യുടെ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

**ഒറ്റപ്പാലം ബധിരമൂക വിദ്യാലയത്തിന്റെ വികസനം**

134 (2369) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം ബധിരമൂക വിദ്യാലയത്തിന്റെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം നൽകാമോ;

(ബി) ഒറ്റപ്പാലം ബധിരമൂക വിദ്യാലയത്തിൽ ഹയർ സെക്കണ്ടറിയിലോ വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലോ അദ്ധ്യാപക/അദ്ധ്യാപകേതര ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് നികത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം ബധിരമൂക വിദ്യാലയത്തിന്റെ വികസനത്തിനായി, 19-12-2016-ലെ എ 1/6936/2016/ഡി.ഇ.ഒ, നമ്പർ ഉത്തരവ് പ്രകാരം ബോർഡിംഗ് ഗ്രാന്റ് ഇനത്തിൽ 6,31,395 രൂപയും, 6-1-2017-ലെ എം.1/50979/2016/ ഡി.പി.ഐ നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ സ്കൂളുകളുടെ വികസനം പ്ലാൻ ഫണ്ട് ഇനത്തിൽ 7,57,400 രൂപയും, 13-1-2017-ലെ സ.ഉ.(സാധാ)നമ്പർ 76/2017/ പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ മാനസികമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിന് പ്ലാൻ ഫണ്ട് ഇനത്തിൽ 1,10,00,000 രൂപയും 6-2-2017-ലെ എം1/50976/2016/ഡി.പി.ഐ. പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അനുവദിച്ചിട്ടുണ്ട്.

(ബി) ഒറ്റപ്പാലം ബധിരമൂക വിദ്യാലയത്തിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റിന്റെ (അഗ്രികൾച്ചർ) ഒരു ഒഴിവും വൊക്കേഷണൽ ഇൻസ്ട്രക്ടറുടെ (അഗ്രികൾച്ചർ) ഒരു ഒഴിവും നിലവിലുണ്ട്. ടി ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹയർ സെക്കണ്ടറി വിഭാഗത്തിൽ മതിയായ വിദ്യാർത്ഥികൾ ഇല്ലാത്തതിനാൽ തസ്തിക അനുവദിച്ച് ഉത്തരവ് പറുപ്പെടുവിച്ചിട്ടില്ല.

## കാസർഗോഡ് ജില്ലയിൽ പ്ലസ്-വൺ സീറ്റുകൾ വർദ്ധിപ്പിക്കാൻ നടപടി

135 (2370) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 അദ്ധ്യയന വർഷത്തിൽ കാസർഗോഡ് ജില്ലയിൽ എത്ര കുട്ടികൾ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയിട്ടുണ്ട്;

(ബി) കാസർഗോഡ് ജില്ലയിൽ പ്ലസ് വണ്ണിന് എത്ര സീറ്റുകൾ നിലവിലുണ്ട്;

(സി) എസ്.എസ്.എൽ.സി. വിജയശതമാനത്തിന് തുല്യമായി കാസർഗോഡ് ജില്ലയിൽ പ്ലസ്-വൺ സീറ്റുകൾ വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ;

<u>ഉത്തരം</u>

(എ) 2017 മാർച്ചിൽ കാസർഗോഡ് ജില്ലയിൽ 19811 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയിട്ടുണ്ട്.

(ബി) 2017-18 അദ്ധ്യയനവർഷം കാസർഗോഡ് ജില്ലയിൽ ഹയർ സെക്കണ്ടറി പ്ലസ് വൺ കോഴ്സിന് 16912 സീറ്റുകൾ ലഭ്യമാണ്. കാസർഗോഡ് ജില്ലയിൽ വി.എച്ച്.എസ്.ഇ. ഒന്നാം വർഷത്തിന് 1325 സീറ്റുകളാണ് ഉള്ളത്.

(സി) നിലവിൽ പരിഗണനയിലില്ല.

## സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് യൂണിറ്റ്

136 (2371) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് യൂണിറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്. പാലക്കാട് ജില്ലയിൽ എത്ര സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് യൂണിറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പാലക്കാട് ജില്ലയിൽ കഴിഞ്ഞ അക്കാദമിക് വർഷം 6 പുതിയ യൂണിറ്റുകൾ ഉൾപ്പെടെ 36 എസ്.പി.സി. യൂണിറ്റുകൾ ഉണ്ട്. സ്കൂളുകളുടെ വിശദാംശം അനുബന്ധം-2 ആയി ഉൾക്കൊള്ളിക്കുന്നു.* മാതൃകാ പൗരന്മാരെ സൃഷ്ടിക്കാനുതകുന്ന വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളും പദ്ധതികളും ഉൾപ്പെടുത്തിയ ഒരു സിലബസ്സ് അനുസരിച്ചാണ് എസ്.പി.സി. യൂണിറ്റുകളുടെ പ്രവർത്തനം

## കൊയിലാണ്ടി മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യങ്ങൾ

137 (T* 2372) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ കൊയിലാണ്ടി, ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കൊയിലാണ്ടി, വൻമുഖം ഗവ. ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിൽ സമർപ്പിച്ച നിവേദനത്തിലെ തുടർനടപടികൾ വിശദമാക്കാമോ?

ഉത്തരം

ബജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് കൊയിലാണ്ടി ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, വൺമുഖം ഗവ. ഹൈസ്കൂൾ എന്നിവയുടെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നത് പരിഗണിക്കുന്നതാണ്. ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കൊയിലാണ്ടിക്ക് 2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിനായി G.O.(Rt) No. 767/2017/G.Edn. തീയതി 20-3-2017 പ്രകാരം 147 ലക്ഷം രൂപ അനുവദിച്ചുകൊണ്ടുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

*T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നാക്കവിഭാഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായുള്ള സ്കൂളുകൾ

138 (2373) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നാക്കവിഭാഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി ആരംഭിച്ച സ്വകാര്യ സ്കൂളുകൾക്ക് എയ്ഡഡ് പദവി നല്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) സാമുദായികമായി തുടങ്ങുന്ന ഇത്തരം സ്കൂളുകൾ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാൻ ഫണ്ട് ഇല്ലാതെ അടച്ചുപൂട്ടലിന്റെ വക്കിലാണെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യവികസനത്തിന് പഞ്ചായത്തുകളുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആറന്മുള നിയോജകമണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനായി ഡോക്ടർ അംബേദ്കർ എൽ.പി.എസ്. ഇലവുംതിട്ട പ്രവർത്തിച്ച് വരുന്നുണ്ട്. എയ്ഡഡ് പദവി നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

## നിറമരുതൂർ ജി.എച്ച്.എസ്.സ്കൂൾ ബൈഫർക്കേഷനുള്ള നടപടി

139 (2374) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ താനൂർ സബ് ജില്ലയിൽപ്പെട്ട 95 വർഷം പഴക്കമുള്ളതും 3500-ഓളം കുട്ടികൾ പഠിക്കുന്നതുമായ നിറമരുതൂർ ജി.എച്ച്.എസ്.സ്കൂൾ, റോഡിന്റെ ഇരുവശത്തുമായി പ്രവർത്തിക്കുന്നത് കാരണമുള്ള ബുദ്ധിമുട്ടുകൾ വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി സ്കൂൾ ബൈഫർക്കേഷൻ നടത്തണമെന്നാവശ്യപ്പെട്ട് പി.ടി.എ. പ്രസിഡന്റ് പി. മോഹനൻ 2016 ഒക്ടോബറിൽ ബഹു. എം.എൽ.എ. മുഖാന്തിരം നൽകിയ നിവേദനം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച ഫയൽ (2881/VIP/16/Edn.) (NSI 74389/16 dtd. 26-10-2016/DP) നിലവിൽ എവിടെയാണുള്ളത്; ഇതിൽ എന്ത് തീരുമാനമാണ് വകുപ്പ് കൈക്കൊണ്ടിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ഡി) പുതിയ അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് പ്രശ്ന പരിഹാരത്തിന് അനുകൂല തീരുമാനം ഉണ്ടാകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സ്കൂൾ ബൈഫർക്കേറ്റ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ലഭിച്ച നിവേദനത്തിന്മേൽ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) പുതിയ അദ്ധ്യയന വർഷത്തിന് മുൻപുതന്നെ തീരുമാനമെടുക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

## വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിലെ കോമേഴ്സ് വിഭാഗത്തിൽപ്പെടുന്ന കോഴ്സുകൾക്ക് തുല്യത

140 (2375) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ കോമേഴ്സ് വിഭാഗത്തിൽപ്പെടുന്ന കോഴ്സുകളായ ജനറൽ ഇൻഷുറൻസ്, അക്കൗണ്ടൻസി ആൻഡ് ഓഡിറ്റിംഗ്, ബാങ്കിങ് അസിസ്റ്റന്റ്സ്, മാർക്കറ്റിംഗ് ആൻഡ് സെയിൽസ്മാൻഷിപ്പ്, ട്രാവൽ ആൻഡ് ടൂറിസം, റിസപ്ഷൻ, ബുക്ക് കീപ്പിംഗ് ആൻഡ് കമ്മ്യൂണിക്കേഷൻ എന്നീ കോഴ്സുകൾക്ക് കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ് (ഹയർ), കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗ് (ഹയർ) എന്നീ കോഴ്സുകളുമായി തുല്യത നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

ഉണ്ട്. വി.എച്ച്.എസ്.ഇ. കോമേഴ്സ് വിഭാഗത്തിൽപ്പെടുന്ന കോഴ്സുകളായ ജനറൽ ഇൻഷുറൻസ്, അക്കൗണ്ടൻസി & ആഡിറ്റിംഗ്, ബാങ്കിംഗ് അസിസ്റ്റൻസ്, മാർക്കറ്റിംഗ് & സെയിൽസ്മാൻഷിപ്പ്, ട്രാവൽ & ടൂറിസം, റിസപ്ഷൻ ബുക്ക് കീപ്പിംഗ് & കമ്മ്യൂണിക്കേഷൻ എന്നീ കോഴ്സുകൾക്ക് കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ് (ഹയർ), കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗ് (ഹയർ) എന്നീ കോഴ്സുകളുമായുള്ള തുല്യത പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി ടി കോഴ്സുകളുടെ സിലബസുകൾ സഹിതം SCERT-ക്ക് നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി കോഴ്സുകൾക്ക് തുല്യത നൽകുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## നെടുമങ്ങാട് ഗേൾസ് എച്ച്.എസ്.എസ്.-നെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുവാൻ നടപടി

141 (2376) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് ഗേൾസ് എച്ച്.എസ്.എസ്.-നെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി തയ്യാറാക്കിയ ഡി.പി.ആർ. സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള നെടുമങ്ങാട് ഗവ.ഗേൾസ് എച്ച്.എസ്.എസ്.-നെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഇതിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) സർക്കാരിൽ ലഭ്യമായിട്ടില്ല.

## വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം

142 (2377) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. ആൻസലൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോ;

(ബി) സ്പോർട്സ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ദേശീയ-അന്തർദ്ദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കാൻ കഴിയുംവിധം ലോകോത്തര നിലവാരത്തിലുള്ള പരിശീലനവും അടിസ്ഥാന സൗകര്യങ്ങളും നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) ശാസ്ത്രീയമായ പരിശീലന ഉപകരണങ്ങളുടെയും മികച്ച പരിശീലകരുടെയും അഭാവം കുട്ടികളുടെ പ്രകടനത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കും;

(ഡി) ഇപ്രകാരമുള്ള സ്കൂളുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അവലോകനം ചെയ്യാറുണ്ടായിരുന്നു. നിലവിൽ സ്പോർട്സ് സ്കൂളുകൾ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലല്ല.

(ബി-ഡി) കായിക യുവജനകാര്യ വകുപ്പുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ പ്രസ്തുത വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ലൈബ്രറികൾ ശക്തിപ്പെടുത്തുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ**

143 (T* 2378) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലൈബ്രറികളെ ശക്തിപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനുമായി ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വൈ-ഫൈ സംവിധാനവും മറ്റ് ഡിജിറ്റൽ സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് സംസ്ഥാനത്ത് ആകെ എത്ര ലൈബ്രറികളെ തെരഞ്ഞെടുത്തിട്ടുണ്ട്; കോഴിക്കോട് ജില്ലയിൽ ഏതെല്ലാം ലൈബ്രറികളെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ലൈബ്രറികളെ ശക്തിപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനും ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു :

1. സംസ്ഥാനത്തെ വിവിധ ജില്ലാ-താലൂക്ക് ലൈബ്രറികളിൽ കെൽട്രോണിന്റെ സഹായത്തോടെ RFID സംവിധാനം നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു.

2. ഗ്രന്ഥശാലകളെ ഓൺലൈൻ സംവിധാനം മുഖേന ബന്ധിപ്പിക്കുക, ഗ്രന്ഥശാലകളുടെ സേവനം സാർവത്രികമാക്കുക, ലൈബ്രേറിയന്മാർക്ക് പരിശീലനം നൽകുക തുടങ്ങിയവയാണ് പ്രധാന ലക്ഷ്യങ്ങൾ. നിലവിൽ 600 ലൈബ്രറികളിൽ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. സംസ്ഥാനതലത്തിൽ മൂന്ന് ഘട്ടങ്ങളിലായി തെരഞ്ഞെടുത്ത 100 ലൈബ്രേറിയന്മാർക്ക് പരിശീലനം പൂർത്തിയായിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ മുഴുവൻ ലൈബ്രേറിയന്മാർക്കും പരിശീലനം ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

3. അംഗ ഗ്രന്ഥശാലകളിലെ മുഴുവൻ ലൈബ്രേറിയന്മാർക്കും ലൈബ്രറിയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ അവഗാഹം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കോഴ്സുകളും പരിശീലന പരിപാടികളും ആവിഷ്കരിച്ചിട്ടുണ്ട്.

4. സർക്കാരിന്റെ ഇൻഫർമേഷൻ സെന്ററായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഇവയിൽ ഓരോന്നിലും ഇ-വിജ്ഞാന സേവന കേന്ദ്രം ആരംഭിക്കുവാൻ ലക്ഷ്യമിടുന്നു.

5. ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങളിൽ നവമാധ്യമങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും ഇതിൽ ലൈബ്രേറിയന്മാർക്ക് പരിശീലനം നൽകുന്നതിനുമായാണ് നവമാധ്യമ കൂട്ടായ്മ പരിശീലനം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

6. ജില്ലയിലെ ലൈബ്രറി പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ജില്ലാ ലൈബ്രറി കൗൺസിലുകൾ തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുന്നു. ലൈബ്രറികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്ന പദ്ധതികൾ-കമ്പ്യൂട്ടർ, പബ്ലിക് അഡ്രസ്സ് സിസ്റ്റം, ഫർണിച്ചറുകൾ, പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ തുടങ്ങിയവയ്ക്കും സെമിനാറുകൾ, സർഗോത്സവങ്ങൾ, ബാലോത്സവങ്ങൾ, വായനാമത്സരങ്ങൾ, സാംസ്കാരിക ജാഥകൾ, പരിശീലന പരിപാടികൾ മുതലായവയ്ക്കും ധനസഹായം നൽകി വരുന്നു.

7. അറിവിന്റെയും വായനയുടെയും ലോകത്ത് സഞ്ചരിക്കുവാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുക എന്ന പ്രഥമ ലക്ഷ്യത്തോടെയുള്ളതാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സംഘടിപ്പിക്കുന്ന വായനോത്സവം.

8. പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശിപാർശയോടെ കേരളത്തിലെ ഓരോ താലൂക്കുകളിലും തെരഞ്ഞെടുത്ത ഓരോ ലൈബ്രറിയിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നടപ്പിലാക്കിയതാണ് താലൂക്ക് റഫറൻസ് ലൈബ്രറി സ്കീം.

9. 25, 50, 60, 75, 100, 125 വർഷം പൂർത്തീകരിക്കുന്ന ഗ്രന്ഥശാലകൾക്ക് ജൂബിലി ആഘോഷം സംഘടിപ്പിക്കുന്നതിന് പരിപാടിയുടെ വൈപുല്യം പരിഗണിച്ച് പരമാവധി 10,000, 15,000, 20,000, 25,000, 30,000, 50,000 രൂപ ക്രമത്തിൽ ജൂബിലി ഗ്രാന്റ് അനുവദിക്കുന്നതാണ്.

10. കൊൽക്കത്ത ആസ്ഥാനമായി പ്രവർത്തിക്കുന്ന രാജാ റാം മോഹൻ റോയ് ലൈബ്രറി ഫൗണ്ടേഷൻ മാച്ചിംഗ് സ്കീം പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഗ്രന്ഥശാലകളുടെ വികസന പ്രവർത്തനത്തിന് സംസ്ഥാന സർക്കാർ വിഹിതമായി രാജാ റാം മോഹൻ റോയ് ലൈബ്രറി ഫൗണ്ടേഷനിൽ അടയ്ക്കുന്നതിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

11. തീപിടുത്തം, പ്രകൃതിക്ഷോഭം, അക്രമം തുടങ്ങിയവമൂലം നാശനഷ്ടം സംഭവിക്കുന്ന ഗ്രന്ഥശാലകൾക്ക് നഷ്ടപരിഹാരം നൽകിവരുന്നു.

12. ഭൗതിക സാഹചര്യങ്ങൾ നിലനില്ക്കുന്നതും പ്രവർത്തനം നിലച്ച് കുറഞ്ഞത് അഞ്ച് വർഷമെങ്കിലുമായതും സ്വന്തം സ്ഥലവും കെട്ടിടമുള്ളതുമായ ഗ്രന്ഥശാലകളെ പുനരുദ്ധരിക്കും.

13. സംസ്ഥാനത്തെ ട്രൈബൽ മേഖലകളിലെ ഗ്രന്ഥശാലകൾക്ക് അഫിലിയേഷന് ആവശ്യമായ പുസ്തകങ്ങളും ആത്യാവശ്യം ഫർണിച്ചറും വാങ്ങുന്നതിന് ധനസഹായം നൽകുന്നതാണ്.

14. സംസ്ഥാനത്തെ 75 താലൂക്കുകളിലും അഭ്യസ്ഥവിദ്യരായ യുവാക്കൾക്ക് തൊഴിൽ നേടുന്നതിന് സഹായകരമായ പ്രവർത്തനങ്ങളും പരിശീലനങ്ങളും സംഘടിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കരിയർ ഗൈഡൻസ് സെന്ററുകൾ നടത്തിവരുന്നു.

15. കുട്ടികളെയും, വിദ്യാർത്ഥികളെയും ഗ്രന്ഥശാലകളിൽ സജീവമാക്കുന്നതിനായി ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ബാലവേദി.

16. സാമൂഹിക-സാംസ്കാരിക ജീവിതത്തിന്റെ നേതൃത്വത്തിലേയ്ക്ക് സ്ത്രീകളെ കൊണ്ടുവരുന്നതോടൊപ്പം ഗ്രന്ഥശാലാ പ്രവർത്തനത്തിൽ സജീവമാക്കുക എന്ന ലക്ഷ്യത്തോടെ വനിതാവേദി കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.

17. കമ്പ്യൂട്ടർ സംവിധാനമുള്ള ലൈബ്രറികളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി സ്മാർട്ട് ഇ-റീഡിംഗ് റൂമുകളാക്കുന്നു.

18. തൃശ്ശൂർ ജില്ലാ ലൈബ്രറി കൗൺസിൽ ഓഫീസ് മന്ദിരത്തിൽ ആരംഭിച്ച കുട്ടികളുടെ സ്റ്റേറ്റ് ലൈബ്രറി ആധുനിക സംവിധാനത്തോടെ പ്രവർത്തിക്കുന്നു.

19. ഗ്രന്ഥശാലാ പ്രവർത്തനത്തിൽ വാർഷികാഘോഷ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രന്ഥശാലാ വാർഷികാഘോഷ ഗ്രാന്റ് നൽകിവരുന്നു.

20. ഓരോ ലൈബ്രറിയും വൈദ്യുതിയുടെ ഉപയോഗത്തിൽ സ്വയം പര്യാപ്തത നേടുന്നതിനായി അനെർട്ടുമായി സഹകരിച്ച് സൗരോർജ്ജം പദ്ധതിക്ക് തുടക്കമിടുന്നു. ജില്ലാ-താലൂക്ക് ലൈബ്രറികളിലും മറ്റ് 14 ലൈബ്രറികളിലും 50 ലൈബ്രറികളിലും ഈ വർഷം സൗരോർജ്ജം പദ്ധതി നടപ്പിലാക്കുന്നതാണ്.

(ബി) വൈ-ഫൈ സംവിധാനം ഏർപ്പെടുത്തുന്നതിന് 950 ലൈബ്രറികളെയും, ഡിജിറ്റൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് 1300 ലൈബ്രറികളെയും തെരഞ്ഞെടുത്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ 65 ലൈബ്രറികളെ വൈ-ഫൈ സംവിധാനത്തിനും 97 എ ഗ്രേഡ് ലൈബ്രറികളെ ഡിജിറ്റൽ സംവിധാനം ഏർപ്പെടുത്തുന്നതിനുമായി തെരഞ്ഞെടുത്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ നിന്ന് തെരഞ്ഞെടുത്ത ഗ്രന്ഥശാലകളുടെ ലിസ്റ്റ് അനുബന്ധം-1-ഉം 2-ഉം ആയി ചേർക്കുന്നു.*

## സർക്കാർ, എയ്ഡഡ് സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി

144 (2379) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് സ്കൂളുകൾ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വികസന സമിതികൾ സ്വരൂപിക്കേണ്ട തുക സ്വരൂപിക്കുന്നതിനായി അവർക്ക് കഴിയുന്നുണ്ടോ; ഇക്കാര്യത്തിലുള്ള ജനങ്ങളുടെ പ്രതികരണം എന്താണെന്ന് വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന 1000 സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന കർമ്മ പദ്ധതിയാണ് 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം'പദ്ധതി മുഖേന വിഭാവന ചെയ്തിട്ടുള്ളത്. ടി പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലെയും ഓരോ സ്കൂളുകൾ വീതം 141 സ്കൂളുകളെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനാവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. ആദ്യഘട്ടത്തിൽ മികവിന്റെ കേന്ദ്രമായി ഉയർത്തപ്പെടുന്ന 37 സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കിയിട്ടുണ്ട്. ആയത് KIIFB-പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. KIIFB-യിൽ നിന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. അദ്ധ്യാപക-അദ്ധ്യയന തലങ്ങളിൽ കാതലായ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ മാറ്റം ഉൾക്കൊണ്ടു കൊണ്ടുള്ള അദ്ധ്യാപക പരിശീലന പരിപാടികളും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) പദ്ധതി നിർവ്വഹണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിന് വേണ്ടിയാണ് വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണം ആരംഭിക്കുന്ന മുറയ്ക്ക് വിഭവ സമാഹരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### സ്കൂളുകളിൽ മലയാള പഠനം നിർബന്ധമാക്കൽ

145 (2380) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധ പാഠ്യവിഷയമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ;

(ബി) ഇതിനായി മലയാളം അദ്ധ്യാപകരുടെ തസ്തിക സൃഷ്ടിക്കേണ്ട സാഹചര്യമുണ്ടാകുമോ?

(സി) മലയാളം പഠിപ്പിക്കാത്ത സ്കൂളുകളുടെ അംഗീകാരം റദ്ദാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഭാഷാ ന്യൂനപക്ഷങ്ങളുള്ള സംസ്ഥാന അതിർത്തികളിലെ സ്കൂളുകളിലും മലയാള പഠനം നിർബന്ധമാക്കിയിട്ടുണ്ടോ;

(ഇ) സ്കൂളുകളിൽ മലയാളം സംസാരിക്കുന്നത് പ്രത്യക്ഷമായോ പരോക്ഷമായോ വിലക്കുന്ന സ്കൂളുകൾക്കെതിരെ എന്ത് നടപടി കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നത്;

<u>ഉത്തരം</u>

(എ) 2017-18 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധിത പാഠ്യ ഭാഷയാക്കി നിശ്ചയിച്ച് 10-4-2017-ന് 705-ാം നമ്പരായി ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. ഇതുസംബന്ധിച്ച ബിൽ 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ-28-4-2017-ന് നിയമസഭയിൽ അവതരിപ്പിക്കുകയും അത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തിട്ടുണ്ട്. 2017-18 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 1 മുതൽ 10 വരെ ക്ലാസ്സുകളിൽ മലയാള ഭാഷ പഠിപ്പിക്കുന്നത് നിർബന്ധമാക്കുക, സ്കൂളുകളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ നിരോധനം ഏർപ്പെടുത്തുന്നത് വിലക്കുക, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ ബോർഡുകൾക്ക് കീഴിലുള്ള വിദ്യാലയങ്ങൾക്ക് നിരാക്ഷേപ പത്രം നൽകുമ്പോഴും അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുമ്പോഴും മലയാള ഭാഷാ പഠനം നിർബന്ധമാക്കുന്ന വ്യവസ്ഥകൾ വയ്ക്കുക തുടങ്ങിയ ഉദ്ദേശ്യങ്ങളാണ് ഈ ബില്ലിനുള്ളത്. മേൽ വ്യവസ്ഥകൾ ലംഘിക്കുന്ന പ്രഥമാദ്ധ്യാപകർക്ക് പിഴ ശിക്ഷ ചുമത്താനും, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് നൽകിയിട്ടുള്ള നിരാക്ഷേപ പത്രം പിൻവലിക്കാനും, അൺ എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം പിൻവലിക്കാനുമുള്ള വ്യവസ്ഥകൾ ബില്ലിൽ ചേർത്തിട്ടുണ്ട്.

(ബി) പൂർണ്ണ കന്നട മീഡിയം, തമിഴ് മീഡിയം സ്കൂളുകളിലും ഓറിയന്റൽ അറബ്/സംസ്കൃതം സ്കൂളുകളിലും മലയാള പഠനത്തിനായി തസ്തികകൾ സൃഷ്ടിക്കേണ്ടതായി വരും.

(സി) ബില്ലിലെ വ്യവസ്ഥകൾ ലംഘിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം റദ്ദാക്കാൻ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) ഭാഷാ ന്യൂനപക്ഷ സ്കൂളുകൾ ഉൾപ്പെടെയുള്ള മുഴുവൻ സ്കൂളുകളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കാനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

(ഇ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു നിരോധനവും ഏർപ്പെടുത്തരുതെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മലയാള ഭാഷ സംസാരിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിക്കൊണ്ടോ മറ്റേതെങ്കിലും ഭാഷ മാത്രമേ സംസാരിക്കാവൂ എന്ന് നിർദ്ദേശിച്ചുകൊണ്ടോ ഉള്ള ബോർഡുകളോ നോട്ടീസുകളോ മറ്റേതെങ്കിലും തരത്തിലുള്ള പ്രചാരണങ്ങളോ വിദ്യാലയങ്ങളിൽ നടത്താൻ പാടില്ലെന്നും ബില്ലിൽ വ്യവസ്ഥയുണ്ട്. ആക്ടിലേയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ ലംഘിക്കുന്ന വിദ്യാലയങ്ങളിൽ പ്രഥമാദ്ധ്യാപകർക്ക് 5000 രൂപ പിഴ ശിക്ഷ നൽകി ശിക്ഷിക്കുന്നതാണ്. അപ്രകാരമുള്ള 3 ലംഘനങ്ങളുണ്ടാകുന്ന പക്ഷം അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ സംഗതിയിൽ പ്രസ്തുത വിദ്യാലയത്തിന്റെ അംഗീകാരം റദ്ദാക്കുന്നതും സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. ബോർഡുകൾക്ക് കീഴിലുള്ള വിദ്യാലയങ്ങളുടെ സംഗതിയിൽ, അപ്രകാരമുള്ള വിദ്യാലയങ്ങൾക്ക് നൽകിയിട്ടുള്ള നിരാക്ഷേപ പത്രം നിർണ്ണയിക്കാവുന്ന രീതിയിൽ റദ്ദാക്കുകയും ചെയ്യുമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**സീമാറ്റിന്റെ കീഴിലുള്ള അക്കാദമിക് വിഭാഗം നടത്തുന്ന പരിശീലനങ്ങൾ**

146 (2381) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സീമാറ്റിന്റെ കീഴിലുള്ള അക്കാദമിക് വിഭാഗം നടത്തുന്ന പരിശീലനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പരിശീലനങ്ങൾ പലപ്പോഴും ചടങ്ങായി മാറാറുണ്ടെന്ന പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) വിദ്യാഭ്യാസ വകുപ്പിൽ നിന്നും വിദഗ്ദ്ധരും അവതരണ ശൈലിയിൽ പ്രത്യേക കഴിവുള്ളവരുമായ അദ്ധ്യാപകരെ ഇതിന്റെ ഫാക്കൽറ്റിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മാനേജ്മെന്റ് പരിശീലനം ലഭിച്ചവർ സ്കൂളുകളിലും ഓഫീസുകളിലും ഈ കഴിവ് ഉപയോഗിക്കുന്നില്ലെന്ന പരാതിയും പരിശീലനത്തിന്റെ പോരായ്മയും പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന വിദ്യാഭ്യാസ ഓഫീസർമാർക്ക് (ഹെഡ്മാസ്റ്റർ, എ.ഇ.ഒ, ഡി.ഇ.ഒ., ഡി.ഡി.ഇ., ഡയറ്റ് പ്രിൻസിപ്പൽമാർ, ഡി.പി.ഒ., ഹയർ സെക്കണ്ടറി ആർ.ഡി.ഡി., വൊക്കേഷണൽ ഹയർ സെക്കണ്ടറി അസിസ്റ്റന്റ് ഡയറക്ടർമാർ, ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാർ, വൊക്കേഷണൽ

ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാർ) എന്നിവർക്ക് വിദ്യാഭ്യാസ മാനേജ്മെന്റിൽ പരിശീലനം നൽകുന്ന ജോലിയാണ് പ്രധാനമായും 'സീമാറ്റ്-കേരള' നിർവ്വഹിച്ചു വരുന്നത്. മേൽപ്പറഞ്ഞതിന് പുറമേ, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്കുള്ള മാനേജ്മെന്റ് പരിശീലനം, റിസോഴ്സ് ടീച്ചേഴ്സിനുള്ള മാനേജ്മെന്റ് പരിശീലനം, അറബിക്-ഉറുദു കോംപ്ലക്സ് സെക്രട്ടറിമാർക്കുള്ള മാനേജ്മെന്റ് പരിശീലനം എന്നിവ സീമാറ്റിന്റെ അക്കാദമിക് വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. സർക്കാരിന്റെ പ്രഖ്യാപിത പരിപാടിയായ നവകേരള മിഷന്റെ ഭാഗമായുള്ള 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ'ത്തിന്റെ മാനേജ്മെന്റ് ട്രെയിനിംഗ് സംബന്ധമായ ജോലികൾക്കും 'സീമാറ്റ്-കേരള'യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ബി) 'സീമാറ്റ്-കേരള'യുടെ നേതൃത്വത്തിൽ കാര്യക്ഷമമായ മാനേജ്മെന്റ് പരിശീലനങ്ങളാണ് നടത്തിവരുന്നത്. സമയനിഷ്ഠയെക്കുറിച്ചും സീമാറ്റ് റിസോഴ്സ് പേഴ്സൺ/എക്സ്പെർട്ട് ആയി നിയോഗിക്കുന്ന വ്യക്തികളെക്കുറിച്ചും വളരെ നല്ല അഭിപ്രായമാണ് പൊതുവിലുള്ളത്. പരിശീലനങ്ങൾ ചടങ്ങായി മാറുന്നുണ്ടെന്ന പരാതി നാളിതുവരെ അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആക്ഷേപം ശ്രദ്ധയിൽപ്പെട്ടാൽ പരിഹരിക്കുന്നതിനുള്ള നടപടികൾ സത്വരമായി കൈക്കൊള്ളുന്നതാണ്.

(സി) സീമാറ്റ്-കേരള നടത്തുന്ന മാനേജ്മെന്റ് പരിശീലനങ്ങൾക്കായി, അതാത് വിഷയങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ച, വിദ്യാഭ്യാസ വകുപ്പിലും മറ്റ് ഇതരവകുപ്പുകളിലും ഉന്നത പദവി അലങ്കരിക്കുന്നവരോ വിരമിച്ചവരോ ആയ വിദഗ്ദ്ധരെയാണ് നിയോഗിക്കാറുള്ളത്. കൂടാതെ കാലാകാലങ്ങളിൽ പത്രപ്പരസ്യത്തിലൂടെ വിദഗ്ദ്ധരുടെ അപേക്ഷ ക്ഷണിക്കുകയും ഒരു വിദഗ്ദ്ധ പാനൽ ഉണ്ടാക്കുകയും അതിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവരെയാണ് ഫാക്കൽറ്റിയായി നിയമിക്കുകയും ചെയ്യുന്നത്.

(ഡി) മാനേജ്മെന്റ് പരിശീലനം ലഭിച്ചവർ സ്കൂളുകളിലും ഓഫീസുകളിലും അവരുടെ കഴിവുകൾ ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വകുപ്പുകളിലെ മേലധികാരികളാണ്. എന്നാൽ സീമാറ്റിൽ നിന്നും ലഭിക്കുന്ന പരിശീലനത്തിന് പോരായ്മകളുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്കൂളുകളിൽ പ്ലാസ്റ്റിക് നിരോധനം

147 (2382) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ പ്ലാസ്റ്റിക് നിർമ്മിത ഉത്പന്നങ്ങൾ നിരോധിക്കുന്നതിനും പ്ലാസ്റ്റിക്കിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് നിലവിൽ ഏതെങ്കിലും സ്കൂളുകളിൽ ക്ലീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; എന്തെല്ലാമാണ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളെയും പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും വിദ്യാർത്ഥികളിൽ പ്ലാസ്റ്റിക്കിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും ആവശ്യമായ പദ്ധതി നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ പ്ലാസ്റ്റിക് നിർമ്മിത ഉൽപ്പന്നങ്ങൾ നിരോധിക്കുക, പ്ലാസ്റ്റിക്കിനെതിരെ അവബോധം സൃഷ്ടിക്കുക തുടങ്ങിയ ഉദ്ദേശ്യത്തോടുകൂടി എല്ലാ വിദ്യാലയങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 2016 ഡിസംബർ 1 മുതൽ പ്ലാസ്റ്റിക് കവറുകൾ, പ്ലാസ്റ്റിക് ക്യാരിബാഗുകൾ, പ്ലാസ്റ്റിക് കോട്ടിംഗുള്ള കപ്പുകൾ എന്നിവ ഉപയോഗിക്കുവാൻ പാടില്ലെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിവരുന്നു. ഇതിൻപ്രകാരം ഓഫീസ് പരിസരത്തെയും സ്കൂൾ പരിസരങ്ങളിലെയും പ്ലാസ്റ്റിക് മാലിന്യങ്ങൾ ജീവനക്കാരുടെ സഹകരണത്തോടെ ശേഖരിച്ച് അവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികളെ ഏൽപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഗ്രീൻ പ്രോട്ടോക്കോൾ പദ്ധതിക്ക് പുറമെ, പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതുമൂലം അന്തരീക്ഷ മലിനീകരണം സൃഷ്ടിക്കുന്നുവെന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട് പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നത് കർശനമായും ഒഴിവാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്ന സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

**ഹൈസ്കൂളുകളെ ഹൈടെക്കാക്കുന്ന നടപടി**

148 (2383) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഹൈസ്കൂളുകളെയാണ് ഹൈടെക് ആക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) ഹൈടെക് ആക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടങ്ങിയോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളെയും ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെയും 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ ഹൈടെക് ആക്കുന്ന 'ഹൈടെക് സ്കൂൾ പദ്ധതി' പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. പൈലറ്റ് പദ്ധതി ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ അസംബ്ലി നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളിൽ ആരംഭിച്ച് കഴിഞ്ഞു. മറ്റ് മണ്ഡലങ്ങളിലെ സ്കൂളുകളിൽ പദ്ധതി 2017-18 അദ്ധ്യയന വർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**അദ്ധ്യാപികയുടെ ശമ്പള കുടിശ്ശിക**

149 (2384) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ വെൺമനാട് എം.എ.എസ്സ്.എം.എച്ച്.എസ്സ്.എസ്സിലെ അദ്ധ്യാപികയുടെ ശമ്പള കുടിശ്ശികയുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലുള്ള T2/33/2017/GEDN നമ്പർ ഫയലിന്മേൽ സ്വീകരിച്ച നടപടി അറിയിക്കാമോ;

(ബി) പ്രസ്തുത ഫയൽ തീർപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ടി വിഷയം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനായി ധനകാര്യ വകുപ്പിന്റെ നിർദ്ദേശാനുസരണം ആർട്ടിക്കിൾ 56(a) കെ.എഫ്.സി. വാല്യം (1) പ്രകാരം നിശ്ചിത പ്രൊഫോർമയിൽ അരിയർ ക്ലെയിം ഉത്തരവ് സഹിതം പുനഃസമർപ്പിക്കുന്നതിനായി പ്രൊപ്പോസൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് തിരികെ നൽകിയിരിക്കുകയാണ്. ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ പുനഃസമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ ഫയൽ തീർപ്പാക്കാനാകുകയുള്ളൂ.

## കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭ ചെയർപേഴ്സന്റെ ലീവിനുള്ള അപേക്ഷ

151 (2385) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂൾ അദ്ധ്യാപികയായിരുന്ന കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭ ചെയർപേഴ്സൺ ശ്രീമതി ഷാഫിനയുടെ ലീവിനുള്ള അപേക്ഷ എന്നാണ് സർക്കാരിന് ലഭിച്ചത്; ഫയൽ നമ്പർ എത്രയെന്ന് വ്യക്തമാക്കുമോ; ഫയലുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പൊതുവിദ്യാഭ്യാസ (എസ്) വകുപ്പിൽ നിന്നും ഈ ഫയൽ എന്നാണ് ധനകാര്യവകുപ്പിലേയ്ക്ക് അയച്ചത്; ധനകാര്യ വകുപ്പിൽ നിന്ന് തിരികെ S2 സെക്ഷനിൽ എത്തിയത് എന്നാണ്;

(സി) ധനകാര്യ വകുപ്പിന്റെ റിമാർക്സ് എന്താണെന്ന് വിശദമാക്കുമോ;

(ഡി) ടി ഫയൽ പൊതുവിദ്യാഭ്യാസ ജെ സെക്ഷനിൽ അയച്ചത് എന്തിനാണെന്ന് വ്യക്തമാക്കുമോ ;

(ഇ) (ജെ) സെക്ഷനിൽ ടി ഫയൽ ലഭിച്ച തീയതി, അവിടെ നിന്നും തിരികെ അയച്ച തീയതി, ടി ഫയലിൽ (ജെ) സെക്ഷന്റെ റിമാർക്സ് എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(എഫ്) ഫയലുകൾ പൊതുവിദ്യാഭ്യാസ വകുപ്പിലെ ഒരു സെക്ഷനിൽ നിന്നും മറ്റൊരു സെക്ഷനിലേയ്ക്ക് അയക്കുന്നത് എന്തിനാണെന്ന് വ്യക്തമാക്കുമോ; (ജെ) സെക്ഷനിലെ ഉദ്യോഗസ്ഥർക്ക് മറ്റു സെക്ഷനുകളിലെ ഉദ്യോഗസ്ഥരെ അപേക്ഷിച്ച് അധിക യോഗ്യത എന്തെങ്കിലും നിഷ്കർഷിച്ചിട്ടുണ്ടോ; അധിക യോഗ്യതയും പ്രത്യേക പരിശീലനവും ഇല്ലെങ്കിൽ എന്തിനാണ് ഫയലുകൾ അവിടേയ്ക്ക് അയക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 8-2-2016-ന് അവധി അപേക്ഷ ലഭിച്ചു. ഫയൽ നമ്പർ 433080/S2/16/G.Edn. ഫയലിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(ബി) പൊതുവിദ്യാഭ്യാസ (എസ്) വകുപ്പിൽനിന്നും ഈ ഫയൽ 15-2-2016-നാണ് ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചത്. ധനകാര്യ വകുപ്പിൽനിന്ന് 27-2-2016-ന് ഫയൽ തിരികെ എസ്2 സെക്ഷനിൽ എത്തി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) " The Administrative Department is requested to retransmit the file with the remarks of General Education (J) Department."

(ഡി) ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട പ്രകാരം ടി വകുപ്പിന്റെ അഭിപ്രായം രേഖപ്പെടുത്തുന്നതിനായാണ് ഫയൽ പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിലേയ്ക്ക് അയച്ചത്.

(ഇ) 20-1-2017-ന് പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിന് അയച്ച ഫയലിൽ "AD may be requested to retransmit the file in accordance with U.O. Note 52860/J1/2007/G.Edn dated 5-2-2008" എന്ന അഭിപ്രായം സഹിതം ടി വകുപ്പ് ഫയൽ 30-1-2017-ൽ തിരികെ നൽകി. വീണ്ടും 14-2-2017-ൽ ഫയൽ പൊതു വിദ്യാഭ്യാസ (ജെ) വകുപ്പിന് നൽകുകയും "Administrative Department may be strictly warned to scrupulously follow the direction mentioned in para 104, Chapter VIII of Kerala Secretariat Office Manual, while dealing with interdepartmental files." എന്ന അഭിപ്രായം സഹിതം 21-3-2017-ൽ തിരികെ നൽകുകയും ചെയ്തു.

(എഫ്) 'കേരള വിദ്യാഭ്യാസ നിയമങ്ങളും ചട്ടങ്ങളും' എന്ന വിഷയം കൈകാര്യം ചെയ്യുന്നത് പൊതുവിദ്യാഭ്യാസ (ജെ) വകുപ്പാണ്. പ്രസ്തുത നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ട ഫയലുകളിൽ ടി വകുപ്പിന്റെ അഭിപ്രായം തേടാറുണ്ട്. ജെ സെക്ഷനിലെ ഉദ്യോഗസ്ഥർക്ക് മറ്റ് സെക്ഷനുകളിലെ ഉദ്യോഗസ്ഥരെ അപേക്ഷിച്ച് അധിക യോഗ്യത നിഷ്കർഷിച്ചിട്ടില്ല.

## സ്കൂൾ കെട്ടിട നിർമ്മാണം

151 (2386) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ജീർണാവസ്ഥയിലുള്ളതും പുതിയ കെട്ടിടം അടിയന്തരമായി ആവശ്യമുള്ളതുമായ എത്ര സ്കൂളുകൾ ഉണ്ട്; പട്ടിക ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം സ്കൂളുകളിൽ നിന്നും പുതിയ കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(സി) ഇങ്ങനെ ലഭ്യമായ അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 10 സ്കൂളുകൾ.

1. ഗവ. യു.പി. സ്കൂൾ, എരുമക്കൊല്ലി
2. ഗവ. ഹൈസ്കൂൾ, തൃക്കൈപ്പറ്റ
3. ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, കൽപ്പറ്റ
4. ഗവ. ഹൈസ്കൂൾ, തരിയോട്
5. ഗവ. യു.പി. സ്കൂൾ, പിണങ്ങോട്
6. ജി.എച്ച്.എസ്.എസ്. വൈത്തിരി
7. ജി.എച്ച്.എസ്.എസ്. തരിയോട്
8. ജി.എച്ച്.എസ്.എസ്. കണിയാമ്പറ്റ
9. ജി.എച്ച്.എസ്.എസ്. കൊട്ടത്തറ
10. ജി.എച്ച്.എസ്.എസ്. അച്ചൂർ

(ബി) ഗവ. യു.പി. സ്കൂൾ എരുമക്കൊല്ലി ഒഴികെ ബാക്കി 9 സ്കൂളുകളിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്.

(സി) ലഭിച്ച അപേക്ഷകൾ പരിശോധിച്ചുവരുന്നു.

**ഗ്രന്ഥശാലകളിൽ വൈ-ഫൈ**

152 (T* 2387) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രന്ഥശാലകളിൽ വൈ-ഫൈ പ്രസരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ലൈബ്രറി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമീണ ഗ്രന്ഥശാലകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ;

(സി) കമ്പ്യൂട്ടർ ഇല്ലാത്തതും എ ഗ്രേഡ് വിഭാഗത്തിൽ ഉൾപ്പെട്ടതുമായ ഗ്രാമീണ ഗ്രന്ഥശാലകളിൽ കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനും വൈ-ഫൈ സംവിധാനമൊരുക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ&ബി) 6-3-2017-ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി.) നമ്പർ 58/2017/ ഐ.റ്റി.ഡി. പ്രകാരം 1000 വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ പൊതുഇടങ്ങളിൽ സ്ഥാപിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ ജനത്തിരക്കുള്ള ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, പാർക്കുകൾ, ഗ്രന്ഥശാലകൾ, സർക്കാർ സ്ഥാപനങ്ങൾ മുതലായ സ്ഥലങ്ങളിലാണ് വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ സ്ഥാപിക്കുന്നത്. ഓരോ ജില്ലയിലെയും ഹോട്ട് സ്പോട്ടുകൾ കണ്ടെത്തുന്നത് അതാത് ജില്ലാ കളക്ടർമാരാണ്.

(സി) നിലവിൽ ജില്ലാ വികസന പദ്ധതികളിൽ ഉൾപ്പെടുത്തിയും സംസ്ഥാന സർക്കാരിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയും തെരഞ്ഞെടുക്കപ്പെടുന്ന ഗ്രന്ഥശാലകൾക്ക് കമ്പ്യൂട്ടറും ഇന്റർനെറ്റ് സംവിധാനവും ലഭ്യമാക്കുന്നുണ്ടെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം എല്ലാ ഗ്രന്ഥശാലകൾക്കും എത്തിക്കുവാൻ കഴിയുന്നില്ല.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

153 (2388) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുമ്പോൾ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുടെ കുട്ടികൾ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് ഒരു വിവരശേഖരണം നടത്താൻ കഴിയുമോ ;

(സി) ജീവനക്കാരുടെ കുട്ടികളെ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിപ്പിക്കുകയും പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനങ്ങളിൽ ഈ അദ്ധ്യാപകർ പ്രവർത്തിക്കുകയും ചെയ്യുന്നത് ഉചിതമാണോ ; ഈ പ്രവണത നിരുത്സാഹപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(സി) അല്ല. ഭൗതിക-അക്കാദമിക നിലവാരം മെച്ചപ്പെടുത്തിക്കൊണ്ട് പൊതുവിദ്യാലയങ്ങളിലേയ്ക്ക് എല്ലാ വിഭാഗം കുട്ടികളെയും ആകർഷിക്കുവാനുള്ള പരിശ്രമം നടത്തിവരുന്നു.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം

154 (2389) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയിപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് പ്രത്യേക പരിശീലന പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ട് എങ്കിൽ പ്രസ്തുത പരിശീലനത്തിന്റെ ഇതുവരെയുള്ള പുരോഗതി വിശദമാക്കാമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യേക പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തെ എല്ലാ അദ്ധ്യാപകർക്കും 8 ദിവസത്തെ അവധിക്കാല പരിശീലനം നൽകുന്നുണ്ട്.

(ബി) അവധിക്കാല അദ്ധ്യാപക പരിശീലനത്തിന്റെ ഭാഗമായി ഐ.സി.ടി. അധിഷ്ഠിത പരിശീലനം ക്രമീകരിച്ചിട്ടുണ്ട്. 38000 അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് നാലുദിവസത്തെ പ്രത്യേക ഐ.സി.ടി. പരിശീലനം 2017 ഏപ്രിൽ മാസം നൽകി. കലാ-കായിക-ഭാഷാ വിഷയങ്ങൾ ഉൾപ്പെടെ 56000 ഹൈസ്കൂൾ അദ്ധ്യാപകർക്ക് മൂന്നുദിവസത്തെ പ്രത്യേക വിഷയാധിഷ്ഠിത ഐ.സി.ടി. പരിശീലനം മേയ് മാസം 8 മുതൽ ആരംഭിക്കുന്നതാണ്. ഹയർ സെക്കണ്ടറി വിഭാഗം അദ്ധ്യാപകർക്കായി 4 ദിവസത്തെ കമ്പ്യൂട്ടർ പരിശീലനവും ഈ അവധിക്കാലത്ത് ആസൂത്രണം ചെയ്തിട്ടുണ്ട്.

## പ്രിൻസിപ്പൽ തസ്തികയിൽ സ്ഥിരനിയമനം

155 (2390) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏലത്തൂർ നിയോജകമണ്ഡലത്തിലെ പയിമ്പ്ര ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പ്രിൻസിപ്പൽ തസ്തികയിൽ സ്ഥിരനിയമനം നടത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പുതിയ അദ്ധ്യയന വർഷാരംഭത്തിൽ തന്നെ പ്രിൻസിപ്പൽ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) സ്വീകരിച്ചുവരുന്നു.

**പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസ് ഘടന**

156 (2391) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൻെറ ഓഫീസ് ഘടന (സംസ്ഥാനം , ജില്ല, വിദ്യാഭ്യാസജില്ല) ഓരോ ഓഫീസർമാരുടെയും അധികാരങ്ങൾ സഹിതം വ്യക്തമാക്കാമോ;

(ബി) പട്ടാമ്പി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സർക്കാർ, സർക്കാർ ഇതര വിദ്യാലയങ്ങളുടെ പട്ടിക ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) വിശദവിവരം അനുബന്ധം II ആയി ചേർക്കുന്നു.*

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

157 (2392) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായിട്ടുള്ള മികവിന്റെ കേന്ദ്രങ്ങളായി പരിഗണിക്കപ്പെട്ടിട്ടുള്ള സ്കൂളുകളുടെ പ്രവർത്തന ഭരണാനുമതി കിഫ്ബി മുഖേന എന്നുമുതൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിന്റെ ഭാഗമായി കിഫ്ബി ഒന്നാം ഘട്ടഭരണാനുമതി നൽകുന്നതിനായി കമ്മിറ്റി കൂടുന്ന തീയതി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ആദ്യ ഘട്ടമെന്നനിലയിൽ എത്ര സ്കൂളുകളാണ് ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്; കൂടുതൽ സ്കൂളുകളെ ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ആയിരത്തിലേറെ കുട്ടികളുള്ള എല്ലാ സ്കൂളുകളും മികവിന്റെ കേന്ദ്രമായി പ്രഖ്യാപിക്കുമോ; ഇതിന്റെ മാനദണ്ഡമെന്താണ്; വിശദവിവരം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, മികവിന്റെ കേന്ദ്രങ്ങളാക്കി പരിഗണിക്കപ്പെട്ടിട്ടുള്ള സ്കൂളുകളുടെ പ്രവർത്തന ഭരണാനുമതി 2017 ആഗസ്റ്റ് മുതൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ ഭാഗമായി ഒന്നാംഘട്ട ഭരണാനുമതി നൽകുന്നതിനായി കിഫ്ബിയുടെ കമ്മിറ്റി ഉടനെ കൂടുമെന്ന് കരുതുന്നു.

(ബി) ആദ്യഘട്ടമെന്ന നിലയിൽ 37 സ്കൂളുകളെയാണ് ടി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ.) തയ്യാറാക്കുന്ന മുറയ്ക്ക് കിഫ്ബിയുടെ അംഗീകാരത്തിനായി കൂടുതൽ സ്കൂളുകളെ പരിഗണിക്കുന്നതാണ്.

(സി) നിയോജകമണ്ഡലം എം.എൽ.എ.-യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ എല്ലാ നിയോജക മണ്ഡലങ്ങൾക്കും പരിഗണന നൽകിക്കൊണ്ട് മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് അനുമതി നൽകിയിട്ടുള്ള സ്കൂളുകളുടെ ലിസ്റ്റ് 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന നടപടി**

158 (2393) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും ഇതിനായി എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ;

(ബി) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനായി ഈ അധ്യയന വർഷം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി നിയോജക മണ്ഡലത്തിൽ ഒരു സ്കൂൾ എന്ന കണക്കിൽ തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ ലിസ്റ്റ് 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുറത്തിറക്കിയ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വിവിധ സ്കൂളുകളുടെ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടുകളും (DPR) തയ്യാറാക്കിവരുന്നു. പദ്ധതി നിർവ്വഹണത്തിനായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 37 സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പദ്ധതി നിർവ്വഹണത്തിനായുള്ള ധനസഹായം ലഭ്യമാക്കുന്നതിനായി 'കിഫ്ബി'-യുടെ പോർട്ടലിൽ അപ്‌ലോഡ്

ചെയ്തുവരുന്നു. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഹൈസ്കൂൾ-ഹയർ സെക്കണ്ടറി തലത്തിലുള്ള എല്ലാ ക്ലാസ്സ് മുറികളും ഹൈടെക്ക് ആക്കി മാറ്റുന്ന പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. കൂടാതെ ശിശുകേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപക പരിശീലന പരിപാടികൾകൂടി ഉൾപ്പെടുത്തി വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായ പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. അടിസ്ഥാന സൗകര്യ വികസനത്തിനായി നിലവിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ബി) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന കർമ്മ പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ 40 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുക, കൂടാതെ ടി സ്കൂളുകളിൽ ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ വികസിപ്പിക്കുക, സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിൽ "ജൈവ വൈവിദ്ധ്യ ഉദ്യാനം" സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും അദ്ധ്യാപക-അദ്ധ്യയന തലങ്ങളിൽ കാലോചിതമായ വികസനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ശിശുകേന്ദ്രീകൃത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നതിനും വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായ അദ്ധ്യാപക പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്.

**പൊതുവിദ്യാലയങ്ങളിലെ ഉപകരണങ്ങളുടെ**
**സർവ്വീസും മെയിന്റനൻസും**

159 (2394) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാലയങ്ങൾ ഹൈടെക്കാക്കുന്നതിന്റെ ഭാഗമായി നൽകിവരുന്ന കമ്പ്യൂട്ടർ, ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവയുടെ നിസ്സാര തകരാറുകൾ പോലും പരിഹരിക്കുന്നതിന് നിലവിൽ സംവിധാനമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തന്മൂലം ലക്ഷക്കണക്കിന് രൂപയുടെ ഉപകരണങ്ങൾ പ്രയോജനരഹിതമായി മാറുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി കെൽട്രോൺ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സേവനം വിദ്യാഭ്യാസ വകുപ്പുതലത്തിൽ പൊതുവായി ഏർപ്പെടുത്തി ഉപകരണങ്ങളുടെ സർവ്വീസും മെയിന്റനൻസും നടത്തുന്നതിന് അവസരമൊരുക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാലയങ്ങൾ ഹൈടെക്കാക്കുന്നതിന്റെ ഭാഗമായുള്ള ഐ.സി.ടി. ഉപകരണങ്ങൾ, പൈലറ്റ് പദ്ധതി നടപ്പിലാക്കുന്ന ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ അസംബ്ലി നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളിൽ മാത്രമാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് അഞ്ചുവർഷത്തെ വാറന്റിയുള്ള ഉപകരണങ്ങളാണ് ലഭ്യമാക്കുന്നത്. വാറന്റി കാലയളവിൽ ഉപകരണങ്ങൾക്ക് തകരാറുകൾ സംഭവിച്ചാൽ നിശ്ചിത സമയത്തിനുള്ളിൽ അവ പരിഹരിക്കുന്നതിനുള്ള സംവിധാനം കെൽട്രോണുമായി ചേർന്ന് ഒരുക്കിയിട്ടുണ്ട്. ഉപകരണങ്ങളുടെ തകരാർ ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനും പരാതി നൽകി രണ്ടു ദിവസത്തിനുള്ളിൽ അവ പരിശോധിക്കുകയും അഞ്ച് ദിവസത്തിനുള്ളിൽ തകരാർ പരിഹരിക്കുന്നതിനുമാണ് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. ഏഴുദിവസത്തിനുള്ളിൽ പരാതി പരിഹരിച്ചില്ലെങ്കിൽ തുടർന്നുള്ള ഓരോ ദിവസത്തിനും ഓരോ ഉപകരണത്തിനും 100 രൂപാവീതം പിഴ ഈടാക്കുന്നതിനും വ്യവസ്ഥയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന് പുറമേ പരിഹരിക്കാൻ കഴിയുന്ന തകരാറുകൾ പരിഹരിക്കാനായി പ്രത്യേക ഹാർഡ് വെയർ ക്ലിനിക്കുകൾ നടത്താനും പദ്ധതിയുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

## ഗ്രന്ഥശാലകൾക്കുള്ള പുതിയ നിയമ വ്യവസ്ഥ

160 (T* 2395) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രന്ഥശാലകളെ പരിഷ്കരിക്കാനുദ്ദേശിച്ച് കൊണ്ടുവന്നിരിക്കുന്ന പുതിയ നിയമവ്യവസ്ഥകളിൽ മാറ്റം വരുത്താൻ സർക്കാർ തയ്യാറാകുമോ;

(ബി) പ്രസ്തുത വ്യവസ്ഥമൂലം എ ഗ്രേഡ് ഗ്രാന്റ് കിട്ടിക്കൊണ്ടിരുന്ന പല വായനശാലകളും ഗ്രന്ഥശാലകളും സി ഗ്രേഡിലേക്ക് പോകുന്ന അവസ്ഥ നിലനിൽക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; ഗ്രന്ഥശാലകൾക്ക് നിലവിലുള്ള ഗ്രേഡിനെ ഇല്ലാതാക്കാനുള്ള ശ്രമം തടയുമോ?

ഉത്തരം

(എ) ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് പ്രാമുഖ്യം നൽകിക്കൊണ്ട് എല്ലാതലത്തിലും ചർച്ച ചെയ്തശേഷമാണ് 30 വർഷം പഴക്കമുള്ള വ്യവസ്ഥകൾക്ക് സർക്കാർ മാറ്റം വരുത്തി പുതിയ മാനദണ്ഡങ്ങൾ പ്രയോഗത്തിൽ വരുത്തിയിട്ടുള്ളത്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ഗ്രന്ഥശാലകളുടെ ഗ്രേഡ് നിശ്ചയിക്കുന്നതിന് അടിസ്ഥാനപരമായ പുസ്തകങ്ങളുടെ സ്റ്റോക്കും പുസ്തക വിതരണവും പരിശോധിച്ചാണ് മാർക്ക് നിശ്ചയിക്കുക. ഏറ്റവും കുറഞ്ഞ ഗ്രേഡിലുള്ള ഗ്രന്ഥശാലയ്ക്ക് 20 മാർക്ക് ലഭിക്കും. എന്നാൽ ഗ്രേഡിന്റെ വ്യത്യാസമല്ല, ഗ്രന്ഥശാലയുടെ ബഹുമുഖമായ പ്രവർത്തനത്തിന്റെ വിലയിരുത്തലാണ് പുതിയ രീതിയിലൂടെ അവലംബിക്കുക.

## വിദ്യാർത്ഥികളിൽ സാമൂഹ്യ അവബോധവും സേവന മനോഭാവവും വളർത്തുന്നതിനുള്ള നടപടികൾ

161 (2396) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളിൽ സാമൂഹ്യ അവബോധവും സേവന മനോഭാവവും വളർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വിദ്യാർത്ഥികൾക്ക് പ്രകൃതി സംരക്ഷണം, ജല സംരക്ഷണം, ശുചീകരണം, മരം വച്ചു പിടിപ്പിക്കൽ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വർഷത്തിൽ അഞ്ച് ദിവസമെങ്കിലും പൊതു സേവനം നിർബന്ധമാക്കുന്നതിന് നടപടികൾ സ്വീകരിക്കാനാകുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിലെ സ്കൂൾ വിദ്യാർത്ഥികളിൽ സാമൂഹ്യ അവബോധവും സേവന മനോഭാവവും വളർത്തുന്നതിനുവേണ്ടി കുട്ടികൾക്കിടയിൽ എൻ.സി.സി., എൻ.എസ്.എസ്., സ്കൗട്ട് ആന്റ് ഗൈഡ്സ്, എസ്.പി.സി. മുതലായ സംഘടനകൾ രൂപീകരിച്ചിട്ടുണ്ട്. ഇതേ ലക്ഷ്യത്തോടുകൂടി വിവിധ ക്ലബ്ബുകളും സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്നു.

(ബി) പ്രകൃതി സംരക്ഷണം, ജലസംരക്ഷണം, ശുചീകരണം, മരം വച്ചുപിടിപ്പിക്കൽ എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ദിനാചരണങ്ങളും ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു. സ്കൂളുകളിൽ ജൈവവൈവിദ്ധ്യ ഉദ്യാനങ്ങൾ, മഴക്കുഴികൾ, മഴവെള്ള സംഭരണികൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. വർഷത്തിൽ അഞ്ച് ദിവസമെങ്കിലും പൊതുസേവനം നിർബന്ധമാക്കണമെന്ന നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

## സ്റ്റുഡന്റ്സ് ഡോക്ടർ കേഡർ (SDC)

162 (2397) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ എസ്.പി.സി. (സ്റ്റുഡന്റ്സ് പോലീസ് കേഡററ്) പോലെ കുട്ടിഡോക്ടർമാരുടെ സ്റ്റുഡന്റ്സ് ഡോക്ടർ കേഡർ (എസ്.ഡി.സി) സേവനം ലഭ്യമാക്കാൻ എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത്തരം ഒരു പദ്ധതി നടപ്പിലാക്കുന്നതുവഴി സർക്കാർ ലക്ഷ്യമാക്കുന്നത് എന്താണ് ; പദ്ധതി എങ്ങനെ നടപ്പിലാക്കാനാണുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എത്ര രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; ഇതിന് ഫണ്ട് എവിടെ നിന്ന് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കുന്നതിന് സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സ്കൂളുകൾ; സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്ത് ; എസ്.ഡി.സി.-യിലേക്ക് കുട്ടികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്ത്?

<u>ഉത്തരം</u>

(എ-സി) കൗമാരപ്രായത്തിലെ വിഷമതകളും സങ്കീർണ്ണതകളും മനസ്സിലാക്കാൻ കഴിവുള്ള സമപ്രായക്കാരായ കുട്ടികളെ കണ്ടെത്തി അവരെ പരിശീലിപ്പിച്ചുകൊണ്ട് കൗമാരക്കാരിലേയ്ക്ക് ഇറങ്ങിച്ചെല്ലുകയെന്ന ലക്ഷ്യത്തോടുകൂടി ദേശീയ ആരോഗ്യ മിഷൻ ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് കൗമാര ആരോഗ്യ പദ്ധതി. കേരളത്തിൽ വയനാട്, പാലക്കാട്, ഇടുക്കി, മലപ്പുറം ജില്ലകളിൽ ഈ പദ്ധതി ഇപ്പോൾ നിലവിലുണ്ട്. വയനാട് ജില്ലയിൽ "കുട്ടി ഡോക്ടർ" എന്ന പേരിലാണ് ഈ പദ്ധതി അറിയപ്പെടുന്നത്. പരിശീലകരായ കുട്ടികളെ കണ്ടെത്തുന്നത് സ്കൂൾ ഹെൽത്ത് നേഴ്സിന്റെ സേവനം ലഭ്യമായ സ്കൂളുകളിലെ എട്ട്, ഒൻപത് ക്ലാസ്സുകളിലെ ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും വീതം (ഒരു സ്കൂളിൽനിന്നും നാല് കുട്ടികളെ വീതം) തെരഞ്ഞെടുത്തുകൊണ്ടാണ്. ഹെൽത്ത് ക്ലബ്ബുകൾ നിലവിലുള്ള സ്കൂളുകളിൽ ഈ കുട്ടികൾ ഹെൽത്ത് ക്ലബ്ബുകളിലെ അംഗങ്ങളായിരിക്കണം. ഇതുകൂടാതെ ആശയവിനിമയ സാമർത്ഥ്യവും നേതൃഗുണവുമുള്ള ഏതൊരു കൗമാരപ്രായത്തിലുള്ള കുട്ടികളെയും പരിശീലകരാക്കാവുന്നതാണ്. സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ചുമതല വഹിക്കുന്ന അദ്ധ്യാപകർക്കാണ് ഇത്തരം പരിശീലകരെ കണ്ടെത്തുന്നതിനുള്ള ചുമതല. ഈ പരിശീലകരുടെ പ്രവർത്തനങ്ങളുടെ നിരീക്ഷണത്തിനുള്ള ചുമതല ജില്ലാതലത്തിൽ ജില്ലാ ആർ.സി.എച്ച്. ഓഫീസർക്കും സ്കൂൾ ഹെൽത്ത് ജില്ലാ ഓഫീസർക്കുമാണ്. സംസ്ഥാന തലത്തിൽ ഈ ചുമതല ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർക്കും (കുടുംബക്ഷേമം) കൗമാരാരോഗ്യ പദ്ധതിയുടെ സ്റ്റേറ്റ് നോഡൽ ഓഫീസർക്കുമാണ്.

## എസ്.എ.ആർ.ബി.റ്റി.എം. ഗവ. കോളേജിലെ വിവിധ പദ്ധതികൾ

163 (2398) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിലെ ഏക സർക്കാർ കോളേജായ എസ്.എ.ആർ.ബി.റ്റി.എം. കോളേജിൽ നടന്നുവരുന്നതും ഭരണാനുമതി ലഭിച്ചതുമായ വിവിധ പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയുടെയും വിശദാംശം, ഭരണാനുമതി ലഭിച്ച തുക എന്നിവ വിശദമായി ലഭ്യമാക്കാമോ ;

(ബി) 2006-2011 കാലയളവിൽ നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഭരണാനുമതി ലഭിച്ചിരുന്ന ഈ കോളേജിലെ സയൻസ് ബ്ലോക്ക് നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; പ്രസ്തുത ഭരണാനുമതി ഉത്തരവ് കാലാഹരണപ്പെട്ട് പോയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുള്ളത്; സർക്കാരിന്റെ ഏതെല്ലാം തലങ്ങളിലാണ് ഇത് നിർവ്വഹിക്കാനുള്ളത്; നടപടികൾ സമയബന്ധിതമായി എപ്പോൾ പൂർത്തികരിക്കാനാകും; വിശദമാക്കാമോ?

### ഉത്തരം

(എ) കൊയിലാണ്ടി എസ്.എ.ആർ.ബി.റ്റി.എം. ഗവൺമെന്റ് കോളേജിൽ നടന്നുവരുന്നതും ഭരണാനുമതി ലഭിച്ചതുമായ വിവിധ പദ്ധതികൾ താഴെപ്പറയുന്നു.

1. എം.എൽ.എ. ഫണ്ട്- ആകെ ഒരു കോടി 93 ലക്ഷം രൂപ

a. കോളേജ് ഗേറ്റ് നിർമ്മാണം<br>
b. ആംഫി തിയേറ്റർ } 53 ലക്ഷം രൂപ

53 ലക്ഷം രൂപ ചെലവ് വരുന്ന പ്രസ്തുത പദ്ധതികൾ നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലാണ്.

c. അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയവും ഫുട്ബോൾ കോർട്ടും (140 ലക്ഷം)

2. പ്ലാൻ ഫണ്ട്- ആകെ 43 ലക്ഷം രൂപ

a. വാട്ടർ ടാങ്ക്

35 ലക്ഷം രൂപ ചെലവ് വരുന്ന പ്രസ്തുത പ്രവൃത്തി നിർമ്മാണം നടന്നു വരുന്നു.

b. ലേഡീസ് അമിനിറ്റി സെന്റർ

8 ലക്ഷം രൂപ ചെലവ് വരുന്ന ലേഡീസ് അമിനിറ്റി സെന്ററിന്റെ പ്രവൃത്തി നടന്നുവരുന്നു.

c. ശുദ്ധജല വിതരണം പദ്ധതി ( സി.ഐ.യു.പി. 2016-17)

ശുദ്ധജല വിതരണ പദ്ധതിക്കായി 6 ലക്ഷം രൂപ മതിപ്പ് ചെലവ് വരുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച് പി.ഡബ്ല്യു.ഡി-യിൽ തുക ഡെപ്പൊസിറ്റ് ചെയ്തിട്ടുണ്ട്.

3. സി.ക്യു.ഐ.പി. 2016-17 (പ്ലാൻ ഫണ്ട്) ആകെ 25 ലക്ഷം രൂപ

ചുറ്റുമതിൽ നിർമ്മാണം ഒന്നാംഘട്ടം 25 ലക്ഷം രൂപ ചെലവ് വരുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

4. സി.ക്യു.ഐ.പി. 2016-17 (പ്ലാൻ ഫണ്ട്)ആകെ 75 ലക്ഷം രൂപ

a. ചുറ്റുമതിൽ നിർമ്മാണം രണ്ടാം ഘട്ടം 50 ലക്ഷം രൂപ ചെലവ് വരുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച് പി.ഡബ്ല്യു.ഡി.-യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

b. എൻട്രൻസ് റോഡ് നിർമ്മാണം

8 ലക്ഷം രൂപ ചെലവ് വരുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച് പി.ഡബ്ല്യു.ഡി.-യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

c. പാർക്കിംഗ് ഷെഡ്

6 ലക്ഷം രൂപ ചെലവ് വരുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച് പി.ഡബ്ല്യു.ഡി.-യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

d. ശുദ്ധജല വിതരണ പദ്ധതി

11 ലക്ഷം രൂപ ചെലവ് വരുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച് പി.ഡബ്ല്യു.ഡി.-യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

5. നാക് ഫണ്ട് 2016-17- ആകെ 14 ലക്ഷം രൂപ

കോളേജ് മെയിൻ ബിൽഡിംഗ് റൂഫിംഗ് ഒന്നാംഘട്ടം 14 ലക്ഷം രൂപ ചെലവ് വരുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച് പി.ഡബ്ല്യു.ഡി.-യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

6. യു.ജി.സി ഫണ്ട്- ആകെ 2 കോടി രൂപ

ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിനായി യു.ജി.സി. ഫണ്ട് 60 ലക്ഷം രൂപയും 140 ലക്ഷം രൂപയും സംസ്ഥാന വിഹിതവുമായി മൊത്തം 2 കോടി രൂപ ചെലവ് വരുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്.

7. സി.ഡി.സി. ഫണ്ട്- ആകെ 3.25 ലക്ഷം രൂപ

2015-16 വർഷത്തെ സി.ഡി.സി. ഫണ്ട് 3.25 ലക്ഷം രൂപ ചെലവ് വരുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച് പി.ഡബ്ല്യു.ഡി.-യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

(ബി) നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്ന സയൻസ് ബ്ലോക്കിന്റെ നിർമ്മാണം നടത്തുവാൻ ഉദ്ദേശിച്ചിരുന്ന സ്ഥലത്ത് നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിൽ വനം വകുപ്പ് എതിർപ്പ് ഉന്നയിച്ചിരുന്നു. ഇതേത്തുടർന്ന് കരാറുകാരൻ ഫയൽ ചെയ്ത കേസ് കോടതിയിൽ നിലനിൽക്കുന്നതിനാൽ പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടില്ല. പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവ് 2017-18 വരെ നിലനിൽക്കുന്നു. ടി നിർമ്മാണ പ്രവൃത്തി NABARD-RIDF പദ്ധതിയിൽ നിന്നും ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കണമെങ്കിൽ ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ് തീർപ്പാക്കേണ്ടതുണ്ട്. കോടതി വിധിക്ക് അനുസൃതമായി മാത്രമേ പ്രവൃത്തി ആരംഭിക്കാനാകുകയുള്ളൂ.

**ബിരുദതലത്തിൽ ഭൂമിശാസ്ത്രം പഠിക്കുവാനുള്ള അവസരം**

164 (2399) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിശാസ്ത്രം ബിരുദതലത്തിൽ പഠിക്കാൻ അവസരമുള്ളത് വടക്കൻ കേരളത്തിൽ ഒന്നും തെക്കൻ കേരളത്തിൽ രണ്ടും കോളേജുകളിൽ മാത്രമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബിരുദ വിഷയമായ ജോഗ്രഫി മധ്യകേരളത്തിൽ ഏതെങ്കിലും ഒരു കോളേജിലെങ്കിലും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഏറെ തൊഴിൽ സാധ്യതയും പ്രാധാന്യവുമുള്ള വിഷയമായ ഭൂമിശാസ്ത്രം കൂടുതൽ കോളേജുകളിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

## ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

165 (2400) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ പരീക്ഷ നടത്തുന്നതിനും റിസൾട്ട് പ്രഖ്യാപനത്തിനും വളരെയധികം കാലതാമസമുണ്ടാകുന്നതായ വാർത്ത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഇവ പരിഹരിച്ച് ഒരു ഏകീകൃത പരീക്ഷ കലണ്ടർ കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ നടപ്പിലാക്കാൻ ശ്രമിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗവൺമെന്റ്/ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ആർട്സ് & സയൻസ് കോളേജുകളിലെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ട് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി, എറുഡൈറ്റ് പദ്ധതി, ക്ലസ്റ്റർ കോളേജ് പദ്ധതി തുടങ്ങിയ പല പദ്ധതികളും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ സർക്കാർ കോളേജുകളും സർവ്വകലാശാലകളും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള വിവിധ പദ്ധതികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി&സി) ഉണ്ട്. ഈ പ്രശ്നത്തിന് പരിഹാരം കാണാനായി ഒരു ഏകീകൃത അക്കാദമിക് കലണ്ടർ തയ്യാറാക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം

166 (2401) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിൽ നിലവിലുള്ള സംവരണ തത്വം പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) സംവരണ തത്വം പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഏതെങ്കിലും സമിതി പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമോ?

ഉത്തരം

(എ) സർക്കാരിന് അലോട്ട്മെന്റിനായി ലഭ്യമാകുന്ന സീറ്റുകളിൽ നിലവിലുള്ള സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടാണ് അലോട്ട്മെന്റുകൾ നടത്തിവരുന്നത്.

(ബി) ഇക്കാര്യത്തിൽ ഒരു ഓംബുഡ്സ്മാനെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**മലപ്പുറം സർക്കാർ വനിതാ കോളേജിലെ തസ്തികകൾ**

167 (2402) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം സർക്കാർ വനിതാ കോളേജിൽ പ്രിൻസിപ്പൽ ഉൾപ്പെടെ 16 മണിക്കൂർ വർക്ക് ലോഡുള്ള 4 അദ്ധ്യാപക തസ്തികകളും 13 അനദ്ധ്യാപക തസ്തികകളും സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ ;

(ബി) ധനകാര്യ വകുപ്പ് ഇതുസംബന്ധിച്ച് അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കോളേജിന്റെ സുഗമമായ പ്രവർത്തനത്തിന് തസ്തികകൾ സൃഷ്ടിക്കേണ്ടത് അനിവാര്യമാകയാൽ എത്രയും വേഗം ഇതുസംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുമോ?

ഉത്തരം

(എ-സി) ധനകാര്യ വകുപ്പിന്റെ അനുമതിയോടെ മലപ്പുറം സർക്കാർ വനിതാ കോളേജിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള കുറിപ്പ് മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയിലാണ്.

**ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ്**

168 (2403) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ)ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിന്റെ വികസനവും പുതിയ കോഴ്സുകൾ അനുവദിക്കുന്നതും സംബന്ധിച്ച് കോളേജ് പ്രിൻസിപ്പാൾ സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി വിഷയം പരിശോധിച്ചുവരികയാണ്.

## കുളത്തൂർ ഗവൺമെന്റ് കോളേജിന്റെ പുതിയ കെട്ടിട നിർമ്മാണം

169 (2404) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കുളത്തൂർ ഗവൺമെന്റ് കോളേജിന്റെ ഭൂമി കൈമാറ്റം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഡിസംബർ 2016-ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് സ്ഥലം എം.എൽ.എ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചോയെന്ന് വിശദമാക്കുമോ;

(ബി) കുളത്തൂർ ഗവൺമെന്റ് കോളേജിന് അനുവദിച്ച 8 കോടിയുടെ പുതിയ മന്ദിരം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചോ; ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് നടത്താൻ സാധിക്കും; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് മറ്റെന്തെങ്കിലും തടസ്സങ്ങൾ നിലവിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി) KIIFB-യുടെ സാമ്പത്തിക സഹായത്തോടെ 8 കോടി രൂപയുടെ നിർമ്മാണ പ്രവർത്തന പദ്ധതിയിൽ കുളത്തൂർ ഗവ. കോളേജിനെ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ കോളേജ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെയും സ്ഥലത്തിന്റെയും ഉടമസ്ഥാവകാശം പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും കൈമാറി കിട്ടാത്തതിനാൽ പ്രസ്തുത പദ്ധതിയിൽ നിന്നും കോളേജിനെ ഒഴിവാക്കിയിരിക്കുകയാണ്.

(സി) കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് ഉടമസ്ഥാവകാശം ഒഴികെ മറ്റ് തടസ്സങ്ങളില്ല.

## നടുവിൽ ഗവ. പോളിടെക്നിക്കിന്റെ പ്രവർത്തനം

170 (2405) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട നടുവിൽ ഗവ. പോളിടെക്നിക്കിന്റെ പ്രവർത്തനം 2017-18 അദ്ധ്യയനവർഷം മുതൽ ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി, എ.ഐ.സി.റ്റി.ഇ സംഘത്തിന്റെ നിർദ്ദേശങ്ങൾ അടിയന്തരമായി പൂർത്തിയാക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 വർഷത്തിൽ നിർദ്ദിഷ്ട നടുവിൽ ഗവ. പോളിടെക്നിക്ക് കോളേജ് തുടങ്ങുന്നതിനുവേണ്ടി എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരത്തിന് സമയബന്ധിതമായി അപേക്ഷ നൽകിയെങ്കിലും സ്ഥാപനത്തിന് വേണ്ട അഞ്ചേക്കർ സ്ഥലത്തിന്റെ കൈമാറ്റ നടപടി പൂർത്തിയായിട്ടില്ലാത്തതിനാലും ഒന്നാംവർഷ ക്ലാസ്സുകൾ തുടങ്ങുവാൻ കെട്ടിടങ്ങൾ സജ്ജമല്ലാത്തതിനാലും എ.ഐ.സി.റ്റി.ഇ.-യുടെ അനുമതി ലഭിച്ചിട്ടില്ല. അതിനാൽ 2017-18 വർഷത്തിൽ നിർദ്ദിഷ്ട നടുവിൽ ഗവ. പോളിടെക്നിക്ക് ആരംഭിക്കാൻ കഴിയുന്നതല്ല.

(ബി) നടുവിൽ ടെക്നിക്കൽ ഹൈസ്കൂളിന്റെ കൈവശമുള്ള 7.4 ഏക്കറിൽനിന്നും അഞ്ചേക്കർ ഭൂമി നടുവിൽ പോളിടെക്നിക്കിനുവേണ്ടി കൈമാറാൻ 16-3-2016 തീയതിയിലെ ക്യാബിനറ്റ് യോഗത്തിൽ ഐറ്റം നമ്പർ 8766 പ്രകാരം തീരുമാനം എടുത്തിരുന്നെങ്കിലും ഇലക്ഷൻ പ്രക്രിയ കഴിയുന്നതുവരെ കാത്തിരിക്കാൻ ഇലക്ഷൻ കമ്മീഷൻ ഉത്തരവാകുകയാണുണ്ടായത്. തുടർന്ന് കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്തെ മന്ത്രിസഭാ തീരുമാനങ്ങൾ പരിശോധിക്കാൻ രൂപീകരിച്ച മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയ്ക്ക് വിഷയം സമർപ്പിച്ചു. ഉപസമിതി തീരുമാനപ്രകാരം ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിശോധനയിലാണ്. പൂർത്തീകരിച്ച കെട്ടിടങ്ങളുടെ വൈദ്യുതീകരണ ജോലികൾ നടത്തേണ്ടതുണ്ട്. ഒന്നാം വർഷത്തേയ്ക്ക് ആവശ്യമായ ഉപകരണങ്ങളും കമ്പ്യൂട്ടറുകളും ഫർണിച്ചറുകളും മറ്റ് സാമഗ്രികളും ലഭ്യമാക്കുന്നതിനായി ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

**കായംകുളം വനിതാ പോളിടെക്നിക് ഹോസ്റ്റൽ,**
**ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ**

171 (2406) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം വനിതാ പോളിടെക്നിക് ഹോസ്റ്റൽ, ക്വാർട്ടേഴ്സ് എന്നിവ അടക്കമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

കായംകുളം വനിതാ പോളിടെക്നിക് ഹോസ്റ്റൽ, ക്വാർട്ടേഴ്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് പൈലിംഗ് വർക്കുകൾ പുരോഗമിച്ചുവരുന്നു.

## വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലയിലെ കൊമേഴ്സ് വിഭാഗത്തിൽപ്പെടുന്ന കോഴ്സുകൾക്ക് തുല്യത

172 (2407) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിലെ കോമേഴ്സ് വിഭാഗത്തിൽപ്പെടുന്ന കോഴ്സുകളായ ജനറൽ ഇൻഷ്വറൻസ്, അക്കൗണ്ടൻസി & ഓഡിറ്റിംഗ്, ബാങ്കിംഗ് അസിസ്റ്റൻസ്, മാർക്കറ്റിംഗ് & സെയിൽസ്മാൻഷിപ്പ്, ട്രാവൽ ആന്റ് ടൂറിസം, റിസപ്ഷൻ, ബുക്ക് കീപ്പിംഗ് & കമ്മ്യൂണിക്കേഷൻ എന്നീ കോഴ്സുകൾക്ക് കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ഹയർ), കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗ് (ഹയർ) എന്നീ കോഴ്സുകളുമായി തുല്യത നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

ഉണ്ട്. വി.എച്ച്.എസ്.ഇ. കൊമേഴ്സ് വിഭാഗത്തിൽപ്പെടുന്ന കോഴ്സുകളായ ജനറൽ ഇൻഷ്വറൻസ്, അക്കൗണ്ടൻസി & ആഡിറ്റിംഗ്, ബാങ്കിംഗ് അസിസ്റ്റൻസ്, മാർക്കറ്റിംഗ് & സെയിൽസ്മാൻഷിപ്പ്, ട്രാവൽ & ടൂറിസം, റിസപ്ഷൻ, ബുക്ക് കീപ്പിംഗ് & കമ്മ്യൂണിക്കേഷൻ എന്നീ കോഴ്സുകൾക്ക് കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ഹയർ), കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗ് (ഹയർ) എന്നീ കോഴ്സുകളുമായുള്ള തുല്യത പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി ടി കോഴ്സുകളുടെ സിലബസ്സുകൾ സഹിതം SCERT-യ്ക്ക് നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി കോഴ്സുകൾക്ക് തുല്യത നൽകുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിന്റെ വികസനം

173 (2408) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(ബി) 2016-17 വർഷത്തെ ബജറ്റിൽ ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിനായി അനുവദിച്ച പദ്ധതികളുടെ വിശദാംശം നൽകാമോ; ഓരോന്നിന്റെയും പ്രവർത്തനങ്ങളെ സംബന്ധിച്ച കാലികസ്ഥിതി വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെയുള്ള എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെയും പൊതുവായ വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ഫണ്ട് 2016-17-ൽ അനുവദിച്ചിരുന്നു. ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിന്റെ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 7 കോടി 30 ലക്ഷം രൂപ അനുവദിച്ചു. ഈ പ്രവൃത്തിക്കായി പി.ഡബ്ല്യു.ഡി. ഡിപ്പാർട്ട്മെന്റ് ടെൻഡറുകൾ ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ടുകൾ വിനിയോഗിച്ച് ഫാക്കൽറ്റികൾക്കും വിദ്യാർത്ഥികൾക്കുമുള്ള പരിശീലന പരിപാടികൾ നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫർണിച്ചറുകൾ വാങ്ങുന്നതിന് ആകെ 31,07,327 രൂപയും കമ്പ്യൂട്ടറുകൾക്കായി 26,62,200 രൂപയും ഇ-ജേണൽസ് വാങ്ങുന്നതിനായി 17,60,367 രൂപയും കായിക ഉപകരണങ്ങൾക്കായി 4,82,500 രൂപയും പ്രൊജക്ടർ, വീഡിയോവാൾ തുടങ്ങിയ ഉപകരണങ്ങൾക്ക് 35,48,963 രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. ചെറിയ അറ്റകുറ്റപ്പണികൾക്കായി 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

**ക്രമവിരുദ്ധമായി പ്രൊമോഷൻ നൽകിയ നടപടി**

174 (2409) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ മുൻസർക്കാരിന്റെ കാലത്ത് ക്ലാർക്ക് തസ്തികയിൽ ക്രമവിരുദ്ധമായി പ്രൊമോഷൻ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ധനകാര്യ പരിശോധനാവിഭാഗം സമർപ്പിച്ച റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ജീവനക്കാർക്ക് അനധികൃതമായി എത്ര തുക നൽകിയെന്നും അതിൽ എത്ര തുക തിരികെ ഈടാക്കിയെന്നും വ്യക്തമാക്കാമോ;

(ഡി) തെറ്റായി പ്രൊമോഷൻ നല്കിയതിലൂടെ സർക്കാരിന് സംഭവിച്ച സാമ്പത്തിക നഷ്ടത്തിന് ഉത്തരവാദികളായ ജീവനക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ഇ) ഈ നടപടിക്ക് പിന്നിൽ നടത്തിയ അഴിമതി വിശദമായി അന്വേഷിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ക്രമവിരുദ്ധമായി പ്രൊമോഷൻ നൽകിയത് സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റേഷ്യോ പ്രൊമോഷൻ നടത്തിയ ഉത്തരവ് റദ്ദ് ചെയ്ത് ജീവനക്കാർ അധികമായി കൈപ്പറ്റിയ തുക തിരികെ പിടിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) 16,44,462 രൂപ അധികമായി ജീവനക്കാർക്ക് ലഭിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിൽ 38,442 രൂപ തിരികെ പിടിച്ചിട്ടുണ്ട്.

(ഡി) അനധികൃതമായി പ്രൊമോഷൻ നടത്തി സർക്കാരിന് നഷ്ടമുണ്ടാക്കിയതിന് സീനിയർ ക്ലാർക്ക് ശ്രീ. ആർ. എസ്. പ്രദീപിനെ വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി സർവ്വീസിൽനിന്നും വേലവിലക്ക് നൽകുകയും കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ 13-12-2016 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 3403/16/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ടിയാളെ തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി സെക്ഷൻ കൈകാര്യം ചെയ്തിരുന്ന സീനിയർ സൂപ്രണ്ടിനെതിരെ അച്ചടക്ക നടപടികൾ ശിപാർശ ചെയ്തിട്ടുണ്ട്.

(ഇ) ഇക്കാര്യത്തിൽ അഴിമതി നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടില്ല.

## സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷാ ഫലം വൈകുന്നതുമൂലമുള്ള പ്രശ്നങ്ങൾ

175 (2410) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാങ്കേതിക സർവ്വകലാശാലയിൽ പരീക്ഷാ ഫലം മാസങ്ങൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എല്ലാ വിഷയങ്ങളിലും ജയിക്കാതെ അടുത്ത സെമസ്റ്ററിലേക്ക് പ്രവേശനം നൽകാത്ത ഇയർ ഔട്ട് സംവിധാനം നിലനിൽക്കുന്നതിനാൽ, പരീക്ഷാഫലം വൈകുന്നത് വിദ്യാർത്ഥികൾക്ക് പഠനം തുടരാൻ കഴിയാത്ത സ്ഥിതി വിശേഷം സംജാതമാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സാങ്കേതിക സർവ്വകലാശാലയിൽ പരീക്ഷാഫലം മാസങ്ങൾ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുടെ റീ-എക്സാം ഒഴികെയുള്ള ബി.ടെക് ഒന്നാം സെമസ്റ്റർ പരീക്ഷകൾ കഴിഞ്ഞത്

ജനുവരി 27-ാം തീയതിയും റീ-എക്സാം കഴിഞ്ഞത് ഫെബ്രുവരി 25-ാം തീയതിയുമാണ്. റീ-എക്സാം ഒഴികെയുള്ളവയുടെ റിസൾട്ട് ഏപ്രിൽ 4-ാം തീയതിയും റീ-എക്സാം സപ്ലിമെന്ററിന്റേത് ഏപ്രിൽ 27-ാം തീയതിയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. റീ-എക്സാം ഒഴികെയുള്ള ബി.ടെക് മൂന്നാം സെമസ്റ്റർ പരീക്ഷകൾ കഴിഞ്ഞത് ജനുവരി 30-ാം തീയതിയും റീ-എക്സാം കഴിഞ്ഞത് മാർച്ച് 4-ാം തീയതിയുമാണ്. റീ-എക്സാം ഒഴികെയുള്ളവയുടെ റിസൾട്ട് മേയ് 2-ാം തീയതി പ്രസിദ്ധീകരിക്കുകയും റീ-എക്സാം സപ്ലിമെന്ററിന്റേത് മേയ് ആദ്യവാരംതന്നെ പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

(ബി) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ നിലനിൽക്കുന്ന ഇയർ ഔട്ട് സമ്പ്രദായത്തിൽ എല്ലാ വിഷയങ്ങളും ജയിച്ചാൽ മാത്രമേ അടുത്ത സെമസ്റ്ററിലേക്ക് പ്രവേശനം നൽകാവൂവെന്ന് പറയുന്നില്ല, മറിച്ച് അക്കാദമിക് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമുള്ള ഒരു നിശ്ചിത ക്രെഡിറ്റ് കിട്ടിയവർക്കെല്ലാം അടുത്ത ഈവൻ സെമസ്റ്ററിലേയ്ക്ക് പ്രവേശിക്കാവുന്നതാണ്. പരീക്ഷാ ഫലം വളരെ വേഗംതന്നെ പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സർവ്വകലാശാല കൈക്കൊണ്ടിട്ടുണ്ട്.

**മഹാത്മാഗാന്ധി സർവ്വകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങൾ**

176 (2411) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി സർവ്വകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങളിൽ 2017-18 അദ്ധ്യയന വർഷത്തിൽ അഡ്മിഷൻ നടത്തരുതെന്നും പ്രസ്തുത സ്ഥാപനങ്ങൾ അടച്ചു പൂട്ടണമെന്നും എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) സർവ്വകലാശാലയിലെ പ്രസ്തുത സ്വാശ്രയ സ്ഥാപനങ്ങൾ അടച്ച് പൂട്ടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു എന്ന പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2017-18 അദ്ധ്യയന വർഷത്തിൽ പ്രസ്തുത സർവ്വകലാശാലയിലെ സ്വാശ്രയ സ്ഥാപനങ്ങളിൽ വിദ്യാർത്ഥി പ്രവേശനത്തിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) മഹാത്മാഗാന്ധി സർവ്വകലാശാല നേരിട്ട് നടത്തിവരുന്ന സ്വാശ്രയ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി രൂപീകരിച്ച സെന്റർ ഫോർ പ്രൊഫഷണൽ & അഡ്വാൻസ്ഡ് സ്റ്റഡീസ് എന്ന സൊസൈറ്റി സർവ്വകലാശാലയുടെ സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

## മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്വാശ്രയ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാർ

177 (2412) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി സർവ്വകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങളിലുള്ള സർവ്വകലാശാലയുടെ സ്ഥിരം ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) സർവ്വകലാശാലയുടെ സ്വാശ്രയ സ്ഥാപനങ്ങളിൽ ഫീസ് ഇനത്തിൽ ലഭിക്കുന്ന പണത്തിന്റെ 80% സർവ്വകലാശാല സ്ഥിരം ജീവനക്കാരുടെ ശമ്പളത്തിനായി ചെലവഴിക്കുന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്വാശ്രയ സ്ഥാപനങ്ങളിൽ നിന്നും സർവ്വകലാശാല സ്ഥിരം ജീവനക്കാരെ പിൻവലിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 95 സ്ഥിരം ജീവനക്കാർ.

(ബി) സർവ്വകലാശാലയുടെ സ്വാശ്രയ സ്ഥാപനങ്ങളിൽനിന്നും ഫീസ് ഇനത്തിൽ ലഭിക്കുന്ന പണത്തിന്റെ 20% മാത്രമാണ് സർവ്വകലാശാല സ്ഥിരം ജീവനക്കാരുടെ ശമ്പളത്തിനായി ഉപയോഗിക്കുന്നത്.

(സി) നിലവിൽ സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ സ്ഥാപനങ്ങൾ പുതുതായി രൂപീകരിക്കുന്ന സൊസൈറ്റിയുടെകീഴിൽ കൊണ്ടുവരുന്ന നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ സ്ഥിരം ജീവനക്കാരെ പിൻവലിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

## ഗൈഡ്ഷിപ്പിൽനിന്നും വിരമിച്ച അദ്ധ്യാപകരെ ഒഴിവാക്കുന്ന നടപടി

178 (2413) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളിലെ ഗൈഡ്ഷിപ്പിൽനിന്നും വിരമിച്ച അദ്ധ്യാപകരെ ഒഴിവാക്കുന്നത് സംബന്ധിച്ച് യു.ജി.സി. നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സർവ്വകലാശാലകളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ട്;

(ബി) ഈ നിർദ്ദേശം നടപ്പിലാക്കുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്തെ ഏതെങ്കിലും തരത്തിൽ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഏത് രീതിയിൽ ബാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(സി) പ്രസ്തുത യു.ജി.സി. നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ എന്തെങ്കിലും ബുദ്ധിമുട്ടുകൾ സർവ്വകലാശാലകളോ സർക്കാരോ യു.ജി.സി.യെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സർവ്വകലാശാലകളിലെ ഗൈഡ്ഷിപ്പിൽനിന്നും വിരമിച്ച അദ്ധ്യാപകരെ ഒഴിവാക്കുന്നത് സംബന്ധിച്ച് യു.ജി.സി. സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വകുപ്പിന് കീഴിലുള്ള സർവ്വകലാശാലകൾ ആയത് നടപ്പിലാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| സർവ്വകലാശാല | സ്റ്റാറ്റസ് | റിമാർക്സ് |
|---|---|---|
| (1) | (2) | (3) |
| കേരള | ഉണ്ട് | |
| എം.ജി. | ഉണ്ട് | യു.ജി.സി.-യുടെ ഈ നിർദ്ദേശം നടപ്പിലാക്കുമ്പോൾ നിലവിൽ ഗവേഷണം നടത്തികൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുകൾ നേരിടാതിരിക്കാൻ 2012 അദ്ധ്യയന വർഷം മുതൽ ഗവേഷണ രജിസ്ട്രേഷൻ നേടിയ വിദ്യാർത്ഥികൾക്ക് അവരുടെ സൂപ്പർവൈസർ റിട്ടയേർഡ് ഫാക്കൽറ്റിയാണെങ്കിൽ രജിസ്ട്രേഷൻ തുടങ്ങി അഞ്ചുവർഷത്തേയ്ക്ക് പ്രസ്തുത സൂപ്പർവൈസറുടെ കീഴിൽ ഗവേഷണം പൂർത്തിയാക്കാൻ സർവ്വകലാശാല അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ 2012 അദ്ധ്യയന വർഷത്തിന് മുമ്പ് ഗവേഷണ രജിസ്ട്രേഷൻ നേടിയ വിദ്യാർത്ഥികൾക്ക് 31-7-2018 വരെ ഗവേഷണം നടത്തി പൂർത്തിയാക്കാൻ സർവ്വകലാശാല അനുവാദം നൽകിയിട്ടുണ്ട്. |

| (1) | (2) | (3) |
|---|---|---|
| കൊച്ചി ശാസ്ത്രസാങ്കേതിക | ഇല്ല | കൊച്ചി സർവ്വകലാശാലയുടെ നിലവിലുള്ള Ph.D നിയമാവലി പ്രകാരം വിരമിച്ച അദ്ധ്യാപകർക്ക് തങ്ങൾ നിലവിൽ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ഗവേഷണ മേൽനോട്ടം തുടർന്ന് പോകാവുന്നതും അതത് വകുപ്പുകളിലെ വകുപ്പ് ഗവേഷണ കമ്മിറ്റിയുടെ ശിപാർശകളോടെ സർവ്വകലാശാലാ അംഗീകാരത്തിന് വിധേയമായി പുതിയ ഗവേഷകരുടെ മേൽനോട്ടം നിർവ്വഹിക്കാവുന്നതുമാണ്. |
| ശ്രീശങ്കരാചാര്യ സംസ്കൃതം | ഉണ്ട് | വിരമിച്ച അദ്ധ്യാപകർ അവർ റെഗുലർ ആയിരുന്നപ്പോൾ അനുവദിച്ച ഗവേഷകരെ അവരുടെ ഗവേഷണ കാലാവധി കഴിയുന്നതു വരെ തുടരാൻ അനുവദിക്കുന്നുണ്ട്. |
| തുഞ്ചത്തെഴുത്തച്ഛൻ മലയാളം | ഉണ്ട് | |
| കാലിക്കറ്റ് | ഉണ്ട് | |
| കണ്ണൂർ | ഉണ്ട് | |

(ബി) ഈ നിർദ്ദേശം നടപ്പിലാക്കുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന വിഷയങ്ങൾ സർവ്വകലാശാലകൾ ചൂണ്ടിക്കാണിക്കുന്നു.

I. കഴിവും പരിചയ സമ്പത്തുമുള്ള ഗവേഷണ ഗൈഡുകളുടെ ദൗർലഭ്യം ഗവേഷണ നിലവാരത്തെയും അവസരങ്ങളെയും പ്രതികൂലമായി ബാധിച്ചേക്കാം.

II. ആവശ്യത്തിന് മാർഗ്ഗദർശ്ശികളെ ലഭിക്കാത്തതിനാൽ ഗവേഷണം മുടങ്ങുന്ന സാഹചര്യം

III. ഗവേഷണ മേൽനോട്ടത്തിനുള്ള സമയവും സൗകര്യവും കൂടുതൽ ലഭ്യമാകുക വിരമിച്ച അദ്ധ്യാപകർക്കാണ്.

(സി) പ്രസ്തുത യു.ജി.സി. നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ എന്തെങ്കിലും ബുദ്ധിമുട്ടുകൾ സർക്കാർ യു.ജി.സി.-യെ അറിയിച്ചിട്ടില്ല. സർവ്വകലാശാലകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| സർവ്വകലാശാല | ബുദ്ധിമുട്ടുകൾ യു.ജി.സി.-യെ അറിയിച്ചിട്ടുണ്ടോ | വിശദാംശം |
|---|---|---|
| കേരള | ഉണ്ട് | പ്രസ്തുത യു.ജി.സി. നിർദ്ദേശം വൈകി നടപ്പിലാക്കിയതിൽ ഗവേഷകർക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സർവ്വകലാശാല കൈക്കൊണ്ട നടപടികൾക്ക് യു.ജി.സി.-യുടെ അംഗീകാരത്തിനായി അഭ്യർത്ഥിച്ചിട്ടുണ്ട്. |
| എം.ജി. | ഉണ്ട് | -- |
| കൊച്ചി ശാസ്ത്ര സാങ്കേതിക | ഇല്ല | – |
| ശ്രീശങ്കരാചാര്യ സംസ്കൃതം | ഇല്ല | |
| തുഞ്ചത്തെഴുത്തച്ഛൻ മലയാളം | ഉണ്ട് | മലയാള സർവ്വകലാശാല ഗവേഷണ കൗൺസിലിന്റെ നിർദ്ദേശാനുസരണം യു.ജി.സി.-യുടെ നിർദ്ദേശം പുനഃപരിശോധിക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. |
| കാലിക്കറ്റ് | ഇല്ല | -- |
| കണ്ണൂർ | ഉണ്ട് | ഉത്തര കേരളത്തിന്റെ താരതമ്യേന പിന്നോക്ക പരിധിയിൽ സ്ഥിതി ചെയ്യുന്ന സർവ്വകലാശാലയിൽ മികച്ച അക്കാദമിക യോഗ്യതയുള്ള മാർഗ്ഗദർശ്ശികൾ ചില വിഷയങ്ങളിൽ താരതമ്യേന കുറവാണ്. |

## സാക്ഷരതാ മിഷന്റെ 'പച്ച മലയാളം' സർട്ടിഫിക്കറ്റ് കോഴ്സ്

179 (2414) ശ്രീ. എസ്. ശർമ്മ :

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീമതി വീണാ ജോർജ്ജ് :

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമസ്ത മേഖലയിലുള്ളവർക്കും ഒരേ പോലെ പ്രയോജനകരമാകുന്ന വിധത്തിൽ മാതൃഭാഷാ പഠനം വ്യാപിപ്പിക്കുന്നതിനായി സാക്ഷരതാ മിഷൻ അതോറിറ്റി 'പച്ച മലയാളം' എന്ന പേരിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ ഗുണഭോക്താക്കൾ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഭരണഭാഷ മാതൃഭാഷയാക്കിയതിനുശേഷം ഓഫീസ് നിർവ്വഹണം ബുദ്ധിമുട്ടായി തോന്നുന്ന സർക്കാർ ജീവനക്കാരെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇക്കാര്യം സർക്കാരിന്റെ ഔദ്യോഗിക ഭരണഭാഷാ കമ്മിറ്റിയുടെ പരിഗണനയിലാണ്.

(ബി) ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

- ഇതര മീഡിയങ്ങൾവഴി വിദ്യാഭ്യാസം നേടിയവർക്ക് ഭരണഭാഷ മനസ്സിലാക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള ശേഷി നേടുക.
- സ്വന്തം ഭാഷയിൽ ആത്മവിശ്വാസത്തോടെ ചിന്തിക്കുന്നതിനും ഇടപെടുന്നതിനും സമൂഹത്തെ പ്രാപ്തമാക്കുക.
- കലാ സാഹിത്യ സൃഷ്ടികൾ ആസ്വദിക്കുന്നതിനും വിലയിരുത്തുന്നതിനുമുള്ള ശേഷി നേടുക. അതുവഴി ഉയർന്ന മാനവികതാ ബോധത്തോടെ സമൂഹത്തിൽ ഇടപെടൽ നടത്തുവാൻ കഴിയുന്ന ജനതയെ വാർത്തെടുക്കുക.
- ഭാഷാശാസ്ത്രം പഠിക്കുന്നതിലൂടെ മികച്ച ഭാഷാപ്രയോഗശീലം സാധ്യമാക്കുക.

- സംസ്കാര കേരളമെന്ന വിശേഷണം യാഥാർത്ഥ്യമാക്കുക.
- മലയാള കമ്പ്യൂട്ടിംഗ് വ്യാപിപ്പിക്കുക.
- സ്മാർട്ട് ഫോണുകളിലടക്കം മലയാളം ഉപയോഗിക്കുന്നതിന് ശേഷി വർദ്ധിപ്പിക്കുക.
- ഭാഷാന്യൂനപക്ഷങ്ങൾക്ക് മലയാള ഭാഷയിൽ പ്രാവീണ്യം സാധ്യമാക്കുക.
- ഭരണഭാഷ മാതൃഭാഷയാക്കിയത് വഴി ഓഫീസ് നിർവ്വഹണം നടത്താൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സുഗമമായ ഓഫീസ് പ്രവർത്തനം സാധ്യമാക്കുക.

(സി) ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ :

- മലയാളം ഒഴികെയുള്ള വിവിധ മാധ്യമങ്ങൾ വഴി വിദ്യാഭ്യാസം പൂർത്തിയാക്കിയവർ.
- മലയാളം ഒഴികെയുള്ള വിവിധ മാധ്യമങ്ങൾ വഴി ഉന്നത വിദ്യാഭ്യാസം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നവർ.
- ഭരണഭാഷ മാതൃഭാഷയാക്കിയതിനുശേഷം ഓഫീസ് നിർവ്വഹണം ബുദ്ധിമുട്ടായി തോന്നുന്ന സർക്കാർ/അർദ്ധ സർക്കാർ സ്ഥാപന ങ്ങളിലെ ജീവനക്കാർ.
- മലയാള ഭാഷ പഠിക്കാൻ താൽപ്പര്യമുള്ളവർ.
- ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ.

(ഡി) തയ്യാറാക്കിയിരിക്കുന്ന പദ്ധതിയനുസരിച്ച് ഇവർ ഗുണഭോക്താക്കളാണ്.

**സ്കിൽ അക്വിസിഷൻ സെന്ററുകൾ സ്ഥാപിക്കുന്ന പദ്ധതി**

180 (2415) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.ഡി.ബി. വായ്പാ സഹായത്തോടെ സംസ്ഥാനത്ത് സ്കിൽ അക്വിസിഷൻ സെന്ററുകൾ സ്ഥാപിക്കുന്ന പദ്ധതി ഏതെല്ലാം സ്ഥലത്താണ് ആരംഭിക്കുന്നത്;

(ബി) എന്തെല്ലാം കോഴ്സുകളാണ് ഇവിടെ നടത്തുന്നത്; ഇനി എത്ര സ്ഥലത്ത് കൂടി ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(സി) 140 അസംബ്ലി മണ്ഡലങ്ങളിലും ഇവ സ്ഥാപിക്കുമെന്ന മുൻ പ്രഖ്യാപനം പ്രാബല്യത്തിലുണ്ടോ;

(ഡി) വ്യവസായ വികസന മേഖലയായ അരൂർ മണ്ഡലത്തിലെ ചേന്നംപള്ളിപ്പുറം പഞ്ചായത്തിലുള്ള കെ.എസ്.ഐ.ഡി.സി.-യുടെ സ്ഥലത്ത് ഒരു സ്കിൽ ഡെവലപ്മെന്റ് സെന്റർ തുടങ്ങുന്നതിനുള്ള നടപടി ഉടനെ സ്വീകരിക്കുമോ ;

(ഇ) അരൂർ മണ്ഡലത്തിലെ ചേന്നംപള്ളിപ്പുറം പഞ്ചായത്തിലെ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററും പള്ളിപ്പുറം ഇൻഫോപാർക്കും ഉൾപ്പെടെയുള്ള വ്യവസായ പ്രദേശങ്ങളിലേയ്ക്കും ടൂറിസം ഉൾപ്പെടെയുള്ള മേഖലയ്ക്കും ഉപകാരപ്രദമാവുന്ന തരത്തിലുള്ള കോഴ്സുകൾക്ക് പ്രസ്തുത സ്കിൽ ഡെവലപ്മെന്റ് സെന്ററിൽ മുൻഗണന നൽകുമോ?

ഉത്തരം

(എ) അസാപ്പിന്റെ നിയന്ത്രണത്തിൽ എ.ഡി.ബി. വായ്പാ സഹായത്തോടെ കേരളത്തിലെ പല ഭാഗങ്ങളിലായി 121 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ (SDCs) സ്ഥാപിതമാക്കിയിട്ടുണ്ട്.

(ബി) ഓരോ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളിലും 8-10 വരെ സ്കിൽ കോഴ്സുകളാണ് നടന്നുവരുന്നത്. അസാപ്പ് നൽകുന്ന കോഴ്സുകളുടെ മുഴുവൻ പട്ടിക താഴെ ചേർക്കുന്നു. കാലാകാലങ്ങളിൽ വ്യവസായ മേഖലയ്ക്ക് അനുയോജ്യമായ കോഴ്സുകൾ നൽകാനാണ് അസാപ്പ് ശ്രമിക്കുന്നത്.

1. അക്കൗണ്ട് എക്സിക്യൂട്ടീവ് പേയബിൾ ആന്റ് റിസീവബിൾ
2. അനിമേറ്റർ
3. അസിസ്റ്റന്റ് ഡയറ്റീഷ്യൻ
4. അസിസ്റ്റന്റ് ഇലക്ട്രീഷ്യൻ
5. അസിസ്റ്റന്റ് ഫാഷൻ ഡിസൈനർ
6. അസിസ്റ്റന്റ് പ്ലംബർ
7. ബേസിക് സർട്ടിഫിക്കറ്റ് ഇൻ കമ്മ്യൂണിറ്റി നഴ്സിംഗ് & പാലിയേറ്റീവ് കെയർ
8. ക്രാഫ്റ്റ് ബേക്കർ
9. ഫ്രണ്ട് ഓഫീസ് അസോസിയേറ്റ്

10. ഹൗസ് കീപ്പിംഗ് സൂപ്പർവൈസർ
11. ജാം, ജല്ലി കെച്ചപ്പ് പ്രോസ്സസിംഗ് ടെക്നീഷ്യൻ
12. മീറ്റിംഗ്, കോൺഫറൻസ് & ഇവന്റ് പ്ലാനർ
13. അക്സസറീസ് & വാല്യു ആഡഡ് സർവ്വീസ് സെയിൽസ് എക്സിക്യൂട്ടീവ്
14. ഓട്ടോമോട്ടീവ് ഇലക്ട്രീഷ്യൻ
15. ഓട്ടോമോട്ടീവ് എഞ്ചിൻ റിപ്പെയർ ടെക്നീഷ്യൻ
16. ഓട്ടോമോട്ടീവ് സർവ്വീസ് ടെക്നീഷ്യൻ
17. ഓട്ടോമോട്ടീവ് സർവ്വീസ് ടെക്നീഷ്യൻ 2 & 3 വീലർ
18. ബനാന ഫാമിംഗ്
19. CCTV ഇൻസ്റ്റലേഷൻ ടെക്നീഷ്യൻ
20. ഡെയറി ഫാർമർ/എന്റർപ്രണർ
21. ഫിറ്റ്നസ് ട്രെയിനർ
22. ഫ്ലോറികൾച്ചർ ഓപ്പൺ കൾട്ടിവേഷൻ
23. ഗ്രീൻ ഹൗസ് ഫിറ്റർ
24. ഹാന്റ് സെറ്റ് റിപ്പയർ എഞ്ചിനീയർ
25. അക്കൗണ്ടിംഗ് ടെക്നീഷ്യൻ
26. അസിസ്റ്റന്റ് ബ്യൂട്ടി തെറാപ്പിസ്റ്റ്
27. ഓട്ടോമോട്ടീവ് സെയിൽസ് കൺസൾട്ടന്റ്
28. ബൾക്ക് മിൽക്ക് കൂളർ
29. CAD ഡിസൈനർ
30. ഡൊമസ്റ്റിക് ഡാറ്റാ എൻട്രി ഓപ്പറേറ്റർ
31. ഡ്രാഫ്റ്റ്മാൻ മെക്കാനിക്കൽ CAD
32. ഫീൽഡ് ടെക്നിഷ്യൻ- നെറ്റ്‌വർക്കിംഗ് & സ്റ്റോറേജ്

33. ഫുഡ് & ബിവറേജ് സർവ്വീസ്- സ്റ്റവാർഡ്
34. ഫ്രണ്ട് ഓഫീസ് അസോസിയേറ്റ്
35. ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്
36. ഹോം ഹെൽത്ത് എയ്ഡ്
37. ജൂനിയർ കറസ്പോണ്ടന്റ്
38. ലാബ് കെമിസ്റ്റ്
39. ഫാർമസി അസിസ്റ്റന്റ്
40. പ്ലാസ്റ്റിക് മോൾഡിംഗ് ഓപ്പറേറ്റർ/ടെക്നീഷ്യൻ
41. പോസ്റ്റ് പ്രസ്സ്
42. പ്രീ-പ്രസ്സ്
43. പ്രസ്സ്
44. പ്രിന്റഡ് സർക്യൂട്ട് ബോർഡ് മാനഫാക്ച്ചറിംഗ്
45. QC ഇൻസ്പെക്ടർ ലെവൽ 4
46. റീട്ടെയിൽ സെയിൽസ്  അസോസിയേറ്റ്
47. റബ്ബർ നഴ്സറി സൂപ്പർവൈസർ
48. സ്വീയിംഗ് മെഷീൻ ഓപ്പറേറ്റർ
49. സോൾഡറിംഗ് & ബ്രൗസിംഗ് ടെക്നീഷ്യൻ
50. ടെക്നിക്കൽ സപ്പോർട്ട് എക്സിക്യൂട്ടീവ് നോൺ വോയിസ്
51. ട്രാവൽ കൺസൾട്ടന്റ്
52. വെയർഹൗസ് സൂപ്പർവൈസർ
53. മൈക്രോ ഇറിഗേഷൻ ടെക്നീഷ്യൻ
54. PDI സൂപ്പർവൈസർ
55. പിക്ക് & പ്ലെയിസ് അസംബ്ലി ഓപ്പറേറ്റർ
56. സൊളാനേഷ്യസ് ക്രോപ് കൾട്ടിവേറ്റർ

57. PC ഹാർഡ്‌വെയർ & നെറ്റ്‌വർക്കിംഗ്
58. പ്രൊക്യൂർമെന്റ് ഓപ്പറേഷൻസ് - ഫെസിലിറ്റി മാനേജ്മെന്റ്
59. കമ്പോസിറ്റർ
60. ഡെന്റൽ അസിസ്റ്റന്റ്
61. എഡിറ്റർ
62. എമർജൻസി മെഡിക്കൽ കെയർ ടെക്നീഷ്യൻ
63. ഇക്യൂറ്റി ഡീലർ
64. ഫാഷൻ ഡിസൈനർ
65. ഫീൽഡ് എഞ്ചിനീയർ- RACW
66. ഫീൽഡ് ടെക്നീഷ്യൻ കമ്പ്യൂട്ടിംഗ് & പെരീഫെറൽസ്
67. ഫ്ലോറികൾച്ചറിസ്റ്റ് പ്രൊടെക്റ്റഡ് കൾട്ടിവേഷൻ
68. ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്
69. ഹാന്റ് എംബ്രോയിഡർ
70. ജൂനിയർ റബ്ബർ ടെക്നീഷ്യൻ
71. ജൂനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ- ആൻഡ്രോയിഡ്
72. LED ലൈറ്റ് മെക്കാനിക്കൽ അസംബ്ലി ഓപ്പറേറ്റർ
73. മോഡെലർ
74. മ്യൂച്വൽ ഫണ്ട് ഏജന്റ്
75. ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഓഫ് അഗ്രികൾച്ചറൽ മെഷീനറി
76. റെസ്റ്റോറന്റ് മൾട്ടിക്യൂസൈൻ കുക്ക്
77. റീട്ടെയിൽ സെയിൽസ് അസ്സോസിയേറ്റ്
78. റീട്ടെയിൽ സെയിൽസ് സൂപ്പർവൈസർ
79. റീട്ടെയിൽ ട്രെയിനി അസ്സോസിയേറ്റ്

80. സർവ്വേയർ

81. ടെസ്റ്റ് എഞ്ചിനീയർ

82. ടെസ്റ്റിംഗ് & ക്വാളിറ്റി കൺട്രോൾ ഫോർ പ്ലാസ്റ്റിക് മെറ്റീരിയൽസ് & പ്രൊഡക്ട്- സൂപ്പർവൈസർ

83. ത്രൂ ഹോൾ അസംബ്ലി ഓപ്പറേറ്റർ

84. വയർമാൻ-കൺട്രോൾ പാനൽ

(സി) 140 അസംബ്ലി മണ്ഡലങ്ങളിലും കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ (CSP) സ്ഥാപിക്കുമെന്ന പ്രഖ്യാപനം 2014-ലെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. അസാപ്പിന്റെ ഒന്നാംഘട്ടത്തിൽ സംസ്ഥാനത്ത് 35 CSP-കൾ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ ഈ CSP-കളുടെ വ്യാപ്തി വലുതാക്കിയതിനാൽ അവ 20 എണ്ണമായി ചുരുക്കണമെന്ന് 14-ാം എംപവേർഡ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ സ്കൂളുകളിലും കോളേജുകളിലുമാണ് സ്ഥാപിക്കുന്നത്.

(ഇ) അരൂർ മണ്ഡലത്തിലെ SDC-കളിൽ വ്യവസായ മേഖലകളിലേയ്ക്കും ടൂറിസം മേഖലയിലേയ്ക്കും ഉപകാരപ്രദമാകുന്ന തലത്തിലുള്ള കോഴ്സുകൾക്ക് മുൻഗണന നൽകുന്നതാണ്.

**സ്ഥാപനങ്ങൾക്കും ട്രസ്റ്റുകൾക്കും നൽകിയ ഭൂമിയുടെ വിനിയോഗം**

181 (2416) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്ഥാപനങ്ങൾക്കും ട്രസ്റ്റുകൾക്കും നൽകിയ ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് ഓഡിറ്റ് നടത്തുന്നതിന് നീക്കമുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിച്ച് ലാഭമുണ്ടാക്കുകയെന്ന കേന്ദ്ര സർക്കാർ നയത്തിന്റെ ഫലമായി, അവ വിൽക്കുമ്പോൾ, സംസ്ഥാന സർക്കാർ നൽകിയ ഭൂമി അന്യാധീനപ്പെടുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ നൽകിയ ഭൂമി വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉപയോഗിച്ചു എന്ന് കണ്ടെത്തിയാൽ അവ തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിവിധ സ്ഥാപനങ്ങൾക്കും ട്രസ്റ്റുകൾക്കും ലീസിനോ പതിച്ചോ നൽകിയ ഭൂമി വ്യവസ്ഥകൾ ലംഘിച്ച് പ്രവർത്തിക്കുകയോ നിയമവിധേയമല്ലാതെ വിനിയോഗിക്കുകയോ ചെയ്യുന്നത് നിരീക്ഷിക്കുകയും വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം നടപടി സ്വീകരിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിലേയ്ക്ക് തിരികെ എടുക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്ന സാഹചര്യമുണ്ടായാൽ കേരള സർക്കാർ റവന്യൂ പുറമ്പോക്ക് ഭൂമിയിലാണ് പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നതെങ്കിൽ ടി ഭൂമി അന്യാധീനപ്പെടാതെ സർക്കാർ അധീനതയിൽത്തന്നെ നിലനിർത്താനും ലീസ് കുടിശ്ശിക ഉൾപ്പെടെ സർക്കാരിലേയ്ക്ക് ലഭിക്കേണ്ട തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) വിവിധ ട്രസ്റ്റുകൾക്കും സ്ഥാപനങ്ങൾക്കും ലീസിനോ പതിച്ചോ നൽകിയ കേസ്സുകളിൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി സ്ഥലം ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ലീസ്/പട്ടയം റദ്ദ് ചെയ്ത് നടപടികൾ സ്വീകരിക്കുന്നതും സ്ഥലം സർക്കാർ അധീനതയിലെടുക്കുന്നതുമാണ്.

**കരുവൻതുരുത്തി വില്ലേജിലെ നീർത്തടം മണ്ണിട്ട് നികത്തൽ**

182 (2417) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കരുവൻ തുരുത്തി വില്ലേജിൽ വർഷങ്ങളായി പൊതുജനങ്ങൾ ഉപയോഗിക്കുന്ന നീർത്തടം (ചെന) മണ്ണിട്ട് നികത്തുന്നതിനെതിരെയുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തു നടപടി സ്വീകരിച്ചു;

(ബി) റീസർവ്വേ 133/A1-ൽപ്പെട്ട ഉടമസ്ഥനില്ലാത്ത സ്ഥലം വ്യാജരേഖയുണ്ടാക്കി നികുതിയടച്ചത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ സ്ഥലം ഏറ്റെടുത്ത് പൂർവ്വസ്ഥിതിയിലാക്കുന്നതിനും പൊതുജനങ്ങൾക്ക് ഉപയോഗയോഗ്യമാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് തഹസിൽദാർ നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത ഫയലിൽ 10-5-2017-ന് വിചാരണ നിശ്ചയിച്ചിട്ടുള്ളതുമാകുന്നു.

(ബി) റീസർവ്വേ 133/A1-ൽപ്പെട്ട സ്ഥലത്തിന് കഴിഞ്ഞ സാമ്പത്തിക വർഷംവരെ നികുതി സ്വീകരിച്ചിരുന്നു. നിലവിൽ പരാതിയുണ്ടായ സാഹചര്യത്തിൽ ആയതിൻമേൽ അന്വേഷണം ആരംഭിച്ചിട്ടുള്ളതും നിയമാനുസൃത നടപടി സ്വീകരിച്ചുവരുന്നതുമാണ്.

(സി) ബന്ധപ്പെട്ട കക്ഷികൾ വിചാരണ വേളയിൽ ഹാജരാക്കുന്ന രേഖകളും സ്ഥലപരിശോധനയുടെയും അനുബന്ധ റെക്കോർഡുകളും പരിശോധിച്ച് നിയമാനുസൃത തുടർനടപടി സ്വീകരിക്കുന്നതാണ്.

**ദേവികുളം താലൂക്കിൽ നൽകിയ പട്ടയം**
**സാധൂകരിക്കുന്നതിന് നടപടി**

183 (T* 2418) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നായനാർ സർക്കാർ 1999-ൽ ദേവികുളം താലൂക്കിൽ നൽകിയ പട്ടയങ്ങൾക്ക് റവന്യൂ വകുപ്പ് കരം സ്വീകരിക്കാത്തതിനാലും പട്ടയ സാധൂകരണം നടത്താത്തതിനാലും നിരവധി കുടുംബങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ അവ പരിശോധിച്ച് ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) നായനാർ സർക്കാർ 1999-ൽ ദേവികുളം താലൂക്കിൽ നൽകിയ പട്ടയങ്ങൾ ശ്രീ. എം. ഐ. രവീന്ദ്രൻ, ഡെപ്യൂട്ടി തഹസിൽദാർക്ക് ദേവികുളം തഹസിൽദാരുടെ അധിക ചുമതല നൽകിയിരുന്ന കാലഘട്ടത്തിൽ നൽകിയ പട്ടയങ്ങളായതുകൊണ്ട് ആയതിന്റെ നിയമപരമായ സാധുത പരിശോധിച്ചാൽ മാത്രമേ പട്ടയ സാധൂകരണം സാധ്യമാകുകയുള്ളൂ.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## മാവേലിക്കര മണ്ഡലത്തിൽ ടാങ്കറുകളിൽ വിതരണം ചെയ്യുന്ന ജലത്തിന്റെ അളവ്

184 (2419) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ ടാങ്കറുകളിൽ വിതരണം ചെയ്യുന്ന ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) ഇതിനായി ആവശ്യപ്പെട്ടിട്ടുള്ള പഞ്ചായത്തുകളുടെ ശിപാർശ ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ&ബി) സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡ പ്രകാരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ ദുരന്ത നിവാരണ/പ്രതികരണ പ്രവർത്തനങ്ങൾ അനുവദിക്കുന്നതിനോ ഫണ്ട് അനുവദിക്കുന്നതിനോ വ്യവസ്ഥയില്ല. ആലപ്പുഴ ജില്ലയിൽ പഞ്ചായത്തുകൾ ആവശ്യപ്പെടുന്ന പ്രകാരം കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ വാഹനങ്ങളിൽ കുടിവെള്ള വിതരണം നടത്തിവരുന്നതും പഞ്ചായത്തുകളുടെ ശിപാർശ പ്രകാരം ജലത്തിന്റെ അളവ് വർദ്ധിപ്പിച്ചിട്ടുള്ളതുമാണ്.

## മൂന്നാറിൽ ഭൂമി കയ്യേറ്റക്കാരുടെ പട്ടിക തയ്യാറാക്കുന്നതിന് നടപടി

185 (2420) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിൽ റവന്യൂവകുപ്പിന്റെ നേതൃത്വത്തിൽ ഭൂമി കയ്യേറ്റക്കാരുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതിനായി പ്രത്യേക സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്.

(ബി) ചുമതലപ്പെടുത്തിയിട്ടുണ്ട്. താലൂക്ക് തലത്തിൽ (ദേവികുളം, ഉടുമ്പൻചോല) അഡീഷണൽ തഹസിൽദാർമാരുടെ നേതൃത്വത്തിൽ ഡെപ്യൂട്ടി തഹസിൽദാർ, വില്ലേജ് ഓഫീസർ, സർവ്വേയർമാർ എന്നിവർ ഉൾപ്പെട്ട റവന്യൂ/സർവ്വേ ജീവനക്കാരുടെ ടീം പ്രവർത്തിച്ചുവരുന്നു.

## ഭൂരഹിതർക്ക് സർക്കാർ മിച്ചഭൂമി നൽകുന്നതിന് നടപടി

186 (2421) ശ്രീ. പി. ഉണ്ണി :

ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. പി. വി. അൻവർ :

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ജില്ലകളിലാണ് സർക്കാർ മിച്ചഭൂമി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂരഹിതരായ ആളുകൾ എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഭൂരഹിതരായവരിൽ ഏറ്റവും അർഹരായവർക്ക് കണ്ടെത്തിയ മിച്ച ഭൂമി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജില്ലാ കളക്ടർമാർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 656.43 ഹെക്ടർ മിച്ചഭൂമി കണ്ടെത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ഭൂരഹിതരായ ആളുകൾ എത്രയുണ്ടെന്ന കൃത്യമായ കണക്ക് സ്വരൂപിച്ചിട്ടില്ല. മിച്ചഭൂമി വിതരണത്തിനായി ഭൂരഹിതരെ തിട്ടപ്പെടുത്തിവയ്ക്കുന്ന രീതി നിലവിലില്ല. വാസയോഗ്യമായ വിധത്തിൽ വിതരണത്തിന് യോജിച്ച മിച്ചഭൂമി കണ്ടെത്തുന്നമുറയ്ക്ക് അതാത് ജില്ലാ കളക്ടർമാർ 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 96-ാം വകുപ്പിലേയും അനുബന്ധ ചട്ടങ്ങളിലേയും വ്യവസ്ഥാനുസരണം അപേക്ഷകൾ ക്ഷണിച്ച് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുകയും അവർക്ക് നിയമ/ചട്ടാനുസരണം മിച്ചഭൂമി വിതരണം നടത്തുകയുമാണ് ചെയ്യുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വരൾച്ച വിലയിരുത്തുന്നതിന് കേന്ദ്രസംഘത്തിന്റെ സന്ദർശനം

187 (2422) ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. റോജി എം. ജോൺ :

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വരൾച്ചാ സ്ഥിതിവിശേഷം വിലയിരുത്തുന്നതിന് കേന്ദ്രസംഘം സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവരുടെ പ്രാഥമികവിലയിരുത്തലെന്തെന്നും എത്ര തുകയാണ് കേന്ദ്രസഹായമായി അവർ ശിപാർശ ചെയ്തതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഏപ്രിൽ 19 മുതൽ 21 വരെ തീയതികളിൽ 'കേന്ദ്ര വരൾച്ച സ്ഥിതി വിലയിരുത്തൽ സംഘം' കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകൾ സന്ദർശിച്ചു.

(ബി) കേന്ദ്ര വരൾച്ചാ സ്ഥിതി വിലയിരുത്തൽ സംഘം കേരളം സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിലുള്ള പ്രാഥമിക വിലയിരുത്തൽ, ശിപാർശ എന്നിവ സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായിട്ടില്ല.

## കാരാപ്പുഴ പദ്ധതിയുമായി ബന്ധപ്പെട്ട ലാന്റ് അക്വിസിഷൻ ഓഫീസ്

188 (2423) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ കാരാപ്പുഴ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ലാന്റ് അക്വിസിഷൻ ഓഫീസ് നിർത്തലാക്കുന്നത് സംബന്ധിച്ച നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലാന്റ് അക്വിസിഷൻ സംബന്ധമായ പ്രവർത്തനങ്ങൾ കാരാപ്പുഴ പദ്ധതി പ്രദേശത്ത് പൂർത്തീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വയനാട് ജില്ലയിൽ കാരാപ്പുഴ ജലസേചന പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കെ.ആർ.പി. ഓഫീസിനെ 12-4-2017-ലെ G.O.(Rt)1760/17/RD നമ്പർ ഉത്തരവ് പ്രകാരം 31-3-2017-ന് തുടർച്ചാനുമതി അവസാനിപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത യൂണിറ്റിന്റെ തൽസ്ഥിതി തുടരേണ്ടതാണെന്ന ലാന്റ് റവന്യൂ കമ്മീഷണറുടെ അഭ്യർത്ഥന പരിഗണനയിലാണ്.

(ബി) കാരാപ്പുഴ ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് 76.6427 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഡിനോവ ആയ കേസ്സുകളിൽ 5.72 ഹെക്ടർ ഭൂമികൂടി ഏറ്റെടുക്കുവാൻ ബാക്കിയുണ്ട്. പ്രസ്തുത ഭൂമി LARR Act, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ആർ.പി.-ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

## മൂന്നാർ, ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലെ സർക്കാർ ഭൂമി കയ്യേറ്റം

189 (2424) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ മേഖലയിലും, ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലും വ്യാപകമായ സർക്കാർ ഭൂമി കയ്യേറ്റം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) വൻകിട കയ്യേറ്റങ്ങൾ മാത്രം തൽക്കാലം ഒഴിപ്പിച്ചാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) കയ്യേറ്റം ഒഴിപ്പിക്കുന്ന റവന്യൂ ഉദ്യോഗസ്ഥർക്ക് നേരെ നടക്കുന്ന അക്രമങ്ങളുടെ പശ്ചാത്തലത്തിൽ കൂടുതൽ പോലീസ് സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പ് സഹായകമായ നിലപാടാണോ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കണ്ടെത്തിയിട്ടുണ്ട്.

(ബി) കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിലേയ്ക്കായി 1957-ലെ ഭൂസംരക്ഷണ നിയമം/ 1971-ലെ കണ്ണൻ ദേവൻ (ഭൂമി വീണ്ടെടുക്കൽ) നിയമം, കേരള ഭൂസംരക്ഷണ നിയമം (ഭേദഗതി-2009) എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എല്ലാ സർക്കാർ ഭൂമി കയ്യേറ്റങ്ങളിലും KLC നിയമപ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്.

(ഡി) ഉണ്ട്. സഹായകരമായ നിലപാട് സ്വീകരിക്കുന്നുണ്ട്.

**ജയശ്രീയുടെ അവകാശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ**

190 (2425) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ശ്രീമതി. ജയശ്രീ വടക്കുംകര പുത്തൻ വീട്, പെരുഞ്ചിറക്കോണം, ഉണ്ടത്തിൽ പി.ഒ., കാര്യവട്ടം, തിരുവനന്തപുരം G3/6601/2017 dtd.18-1-2017-ൽ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ അപേക്ഷയിന്മേൽ തീർപ്പുകൽപ്പിക്കുന്നതിലുണ്ടായ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സർട്ടിഫിക്കറ്റ് എന്നേക്ക് വിതരണം ചെയ്യുമെന്ന് അറിയിക്കാമോ; ഈ അപേക്ഷ സർക്കാർ പ്രസ്സിലേക്ക് കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം അപേക്ഷകയെ അറിയിച്ചിട്ടുണ്ടോ ; ഇതുസംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ശ്രീമതി ജയശ്രീയുടെ അപേക്ഷ 3-1-2017-ൽ അയിരൂപ്പാറ വില്ലേജ് ഓഫീസിൽ ലഭിച്ചിരുന്നു. ആവശ്യമായ അന്വേഷണം നടത്തി റിപ്പോർട്ട് സഹിതം തിരുവനന്തപുരം താലൂക്ക് ഓഫീസിലേയ്ക്ക് അയയ്ക്കുകയും അവിടെ 18-1-2017-ന് ലഭിച്ച അപേക്ഷയിന്മേൽ 25-1-2017-ന് ഗസറ്റിൽ പരസ്യം നൽകുന്നതിനായി ഗവൺമെന്റ് പ്രസ്സിലേയ്ക്ക് അയയ്ക്കുകയും 21-2-2017-ലെ 8-ാം നമ്പർ കേരള ഗസറ്റിൽ പരസ്യം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 30 ദിവസത്തിനകം ആക്ഷേപങ്ങളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ 15-4-2017-ന് സർട്ടിഫിക്കറ്റ് തയ്യാറാക്കിയിട്ടുള്ളതാണ്.

(ബി) കാലതാമസം ഉണ്ടായിട്ടില്ല.

(സി) 15-4-2017-ന് തയ്യാറാക്കിയിട്ടുള്ള സർട്ടിഫിക്കറ്റ് നിയമാനുസൃത അവകാശികൾ ആരെങ്കിലും തിരുവനന്തപുരം താലൂക്ക് ഓഫീസിൽ ഹാജരായി തിരിച്ചറിയൽരേഖ ഹാജരാക്കുന്ന മുറയ്ക്ക് നൽകുന്നതാണ്.

## കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകുന്നതിന് റവന്യൂ വകുപ്പ് കൈക്കൊണ്ട നടപടി

191 (2426) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരൂക്ഷമായ വരൾച്ചയിലും ശക്തമായ വേനൽ മഴയിലും ഉണ്ടായ കൃഷിനാശം റവന്യൂ വകുപ്പ് പരിശോധിക്കുകയുണ്ടായോ;

(ബി) എങ്കിൽ എത്ര രൂപയുടെ കൃഷിനാശം ഈ രണ്ട് കാര്യങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുണ്ടായിട്ടുണ്ട്;

(സി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകുന്നതിന് റവന്യൂ വകുപ്പ് എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) കൃഷിനാശം പരിശോധിക്കുന്നത് കൃഷി വകുപ്പിൽ നിക്ഷിപ്തമായ കർത്തവ്യമാണ്. കൃഷി വകുപ്പ് നൽകുന്ന റിപ്പോർട്ട് പരിശോധിച്ച് സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി ആശ്വാസ ധനസഹായം ജില്ലാ കളക്ടർമാർ മുഖേന അനുവദിച്ച് നൽകുകയാണ് റവന്യൂ വകുപ്പ് ചെയ്യുന്നത്. സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡ പ്രകാരം കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുവാൻ വ്യവസ്ഥയില്ല. വേനൽമഴ ഒരു പ്രകൃതി ദുരന്തമല്ല. കൃഷി വകുപ്പിൽനിന്നും ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വരൾച്ചമൂലം 784.6 കോടി രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുള്ളതായിട്ടാണ് 2-5-2017 വരെയുള്ള പ്രഥമ വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. ഏകദേശം 64707 കർഷകരുടെ 43430.43 ഹെക്ടർ കൃഷിയാണ് നശിച്ചത്.

(സി) അനുബന്ധമായി ചേർക്കുന്നു.*

(ഡി) സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡം അനുസരിച്ച് ദുരിതാശ്വാസം മാത്രമാണ് അനുവദിക്കുവാൻ സാധിക്കുക. നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥയില്ല. കൃഷി വകുപ്പ് ലഭ്യമാക്കുന്ന വിവരങ്ങൾക്കനുസരിച്ച് സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമായ ആശ്വാസ സഹായം ജില്ലാ കളക്ടർമാർ മുഖേന അനുവദിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**സമക്ഷം ജനസമ്പർക്ക പരിപാടി**

192 (2427) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ തലത്തിൽ കളക്ടറുടെ നേതൃത്വത്തിൽ കാസർഗോഡ് ജില്ലയിൽ നടത്തിയ "സമക്ഷം" ജനസമ്പർക്ക പരിപാടിയിൽ ലഭ്യമായ അപേക്ഷകൾ എത്രയാണ്;

(ബി) ഓരോ ഇനത്തിലും ലഭ്യമായ അപേക്ഷകളുടേയും തീർപ്പ് കൽപ്പിച്ച അപേക്ഷകളുടെയും എണ്ണം വ്യക്തമാക്കുമോ;

(സി) തീർപ്പ് കൽപ്പിക്കാൻ ബാക്കിയുള്ള അപേക്ഷകളിന്മേൽ കൈക്കൊണ്ട നടപടിയും ഇവ എന്നത്തേക്ക് തീർപ്പുകൽപ്പിക്കപ്പെടും എന്നും വ്യക്തമാക്കുമോ;

(ഡി) "സമക്ഷം" പരിപാടിയിൽ ചികിത്സാ ധനസഹായ ഇനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലാ കളക്ടർ 'സമക്ഷം' എന്ന പേരിൽ സംഘടിപ്പിച്ച ജനസമ്പർക്ക പരിപാടിയിൽ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം, സ്ഥലം, വീട്, പട്ടയം എന്നിവ അനുവദിക്കൽ, ബാങ്ക് വായ്പ എഴുതിത്തള്ളൽ തുടങ്ങിയ ആവശ്യങ്ങൾക്കായി ലഭിച്ച 5365 അപേക്ഷകളിൽ 2555 എണ്ണത്തിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

(സി) ജനസമ്പർക്ക പരിപാടി ദിവസം നേരിട്ട് ലഭിച്ച അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് ഓൺലൈനായി നൽകി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അപേക്ഷകളിന്മേൽ അടിയന്തരമായി തീർപ്പുണ്ടാക്കാൻ ബന്ധപ്പെട്ട ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ചികിത്സാ ധനസഹായത്തിനായി നേരത്തെ സമർപ്പിക്കപ്പെട്ടിരുന്ന അപേക്ഷകളിൽ നടപടി പൂർത്തീകരിച്ച് വ്യത്യസ്ത സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിരുന്ന 13,97,000 രൂപയുടെ ധനസഹായം പ്രസ്തുത പരിപാടിയിൽവച്ച് വിതരണം ചെയ്തിട്ടുണ്ട്.

**റീ-സർവ്വേ**

193 (2428) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീ-സർവ്വേ പൂർത്തിയാക്കാത്ത വില്ലേജുകളിൽ അടിസ്ഥാന രേഖകളായ സെറ്റിൽമെന്റ് രജിസ്റ്റർ, ബി.റ്റി.ആർ., ഫീൽഡ് മെഷർമെന്റ് ബുക്ക്, ലിത്തോ പ്ലാൻ എന്നിവ ലഭ്യമല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ രേഖകൾ ആർ.ഡി.ഒ., കളക്ടറേറ്റ്, സർവ്വേ വിഭാഗം എന്നിവിടങ്ങളിൽ ലഭ്യമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാധാരണ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഈ രേഖകളുടെ പകർപ്പുകൾ വില്ലേജ് ഓഫീസുകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) റീ-സർവ്വേ പൂർത്തിയാക്കാത്ത ചില വില്ലേജുകളിൽ അടിസ്ഥാന രേഖകളായ സെറ്റിൽമെന്റ് രജിസ്റ്റർ, ബി.റ്റി.ആർ, ഫീൽഡ് മെഷർമെന്റ് ബുക്ക്, ലിത്തോ പ്ലാൻ എന്നിവ ഭാഗികമായി ലഭ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി രേഖകൾ ആർ.ഡി.ഒ., കളക്ടറേറ്റ്, സർവ്വേ വിഭാഗം എന്നിവിടങ്ങളിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ചില രേഖകൾ വില്ലേജ് ഓഫീസിൽ ലഭ്യമാണ്. മറ്റ് ഓഫീസുകളിൽ ലഭ്യമായ രേഖകളുടെ പകർപ്പുകൾ ബന്ധപ്പെട്ടവർ ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകി വരുന്നുണ്ട്.

**കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം**

194 (2429) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2008-ലെ കേരള നെൽവയൽ-തണ്ണീർതട സംരക്ഷണ നിയമമനുസരിച്ച് നികത്തപ്പെട്ട തണ്ണീർത്തടങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന്റെ മുന്നോടിയായി വരുന്ന ചെലവുകൾ വഹിക്കുന്നതിന് മതിയായ തുക ലഭ്യമല്ലാത്ത അവസ്ഥയുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തണ്ണീർത്തടങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ചെലവ് വരുന്ന തുക ബന്ധപ്പെട്ട കക്ഷിയിൽനിന്നും റവന്യൂ റിക്കവറിയായും മറ്റും ഈടാക്കാം എന്നത് കണക്കിലെടുത്ത് ഭൂമി പൂർവ്വസ്ഥിതിയിലാക്കുന്നതിന് ആവശ്യമായ തുക മുൻകൂട്ടി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 13-ാം വകുപ്പ് പ്രകാരം നികത്തപ്പെട്ട നിലങ്ങൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള ചെലവുകൾ ജില്ലാ കളക്ടർമാർക്കുള്ള miscellaneous (other charges) എന്ന ശീർഷകത്തിൽനിന്നും വകയിരുത്താവുന്നതാണെന്ന് 31-12-2000-ലെ 50450/ പി1/2010/റവ. നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിൽ കൂടുതൽ തുക ആവശ്യമുള്ള അവസരങ്ങളിൽ ജില്ലാ കളക്ടർമാർ അധിക തുകയ്ക്കായി നിർദ്ദേശങ്ങൾ സമർപ്പിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടയ വിതരണം പൂർത്തിയാക്കിയിട്ടുള്ള ജില്ലകൾ**

195 (2430) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ പട്ടയ വിതരണം പൂർത്തിയാക്കിയിട്ടുണ്ടെന്നും ഏതെല്ലാം ജില്ലകളിൽ പൂർത്തീകരിച്ചിട്ടില്ല എന്നും വ്യക്തമാക്കുമോ;

(ബി) എന്നത്തേക്ക് പട്ടയ വിതരണം പൂർത്തീകരിക്കാനാവുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത് ?

<u>ഉത്തരം</u>

(എ) ഇടുക്കി/കണ്ണൂർ/കോട്ടയം/പത്തനംതിട്ട/എറണാകുളം/തിരുവനന്തപുരം/ മലപ്പുറം/കാസർഗോഡ്/വയനാട്/ആലപ്പുഴ ജില്ലകളിൽ പട്ടയവിതരണം പൂർത്തീകരിച്ചിട്ടില്ല.

<u>കൊല്ലം</u> :

ഭൂമി പതിവ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം ചട്ടങ്ങൾക്ക് വിധേയമായി നിയമാനുസരണം നടപടി സ്വീകരിച്ച് തയ്യാറാക്കിയ പട്ടയങ്ങളെല്ലാം തന്നെ വിതരണം ചെയ്തിട്ടുണ്ട്. ജില്ലയിൽ ഭൂമി പതിവ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്ന മുറയ്ക്ക് ലഭ്യമായ അപേക്ഷകളിൽ നിയമാനുസരണം നടപടി സ്വീകരിക്കുന്നതാണ്.

<u>കോഴിക്കോട്</u> :

ജില്ലയിൽ മിച്ചഭൂമി ഏറ്റെടുത്ത കേസ്സുകളിൽ പട്ടയവിതരണം ചെയ്തിട്ടുള്ളതാണ്. എങ്കിലും ഏറ്റെടുക്കുന്നത് സംബന്ധിച്ച് വിവിധ കോടതികളിൽ കേസ്സുകൾ നിലവിലുള്ളതിനാൽ ആയത് തീർപ്പ് കൽപ്പിച്ചശേഷം വിതരണം ചെയ്യുന്നതാണ്.

തൃശ്ശൂർ :

കേരള ഭൂമി പതിവ് നിയമപ്രകാരം പട്ടയ നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്. മറ്റ് വകുപ്പുകളുടെ ഭൂമി കൈവശംവച്ചുവരുന്നവർക്കും പട്ടയം നൽകുന്നതിനുവേണ്ടി സംയുക്ത പരിശോധന ഊർജ്ജിതമാക്കി പട്ടയ വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാലക്കാട് :

2017 ഫെബ്രുവരി 23 & 25 തീയതികളിൽ റവന്യൂ ദിനം ആചരിച്ചതിന്റെ ഭാഗമായി ജില്ലയിൽ എല്ലാ താലൂക്കുകളിലും പട്ടയവിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇടുക്കി ജില്ലയിൽ നിലവിലുള്ള അപേക്ഷകൾ (2010-ൽ സ്വീകരിച്ചത്) 21-5-2017-ലെ പട്ടയമേളയോടുകൂടി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കാസർഗോഡ് ജില്ലയിൽ 13-5-2017-ന് പട്ടയമേള നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. മേളയിൽവച്ച് ഭൂമി പതിവിന് അർഹരായ പരമാവധി ആളുകൾക്ക് പട്ടയ വിതരണം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള ജില്ലകളിൽ അടിയന്തരമായി പട്ടയവിതരണം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**പുതിയ വില്ലേജ് രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

196 (2431) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആകെ എത്ര വില്ലേജ് ഓഫീസുകൾ ഉണ്ട്;

(ബി) ഒരു വില്ലേജിൽ പരമാവധി ജനസംഖ്യ എത്രവരെ ആകാമെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ;

(സി) ഒരു വില്ലേജിനെ വിഭജിച്ച് പുതിയ വില്ലേജ് രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരളത്തിൽ 1535 വില്ലേജ് ഓഫീസുകൾ ഉണ്ട്. ആകെ വില്ലേജുകൾ 1664 ആണ്.

(ബി) നിലവിൽ നിജപ്പെടുത്തിയിട്ടില്ല.

(സി) സംസ്ഥാനത്ത് നിലവിലുള്ള വില്ലേജുകളുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന പഞ്ചായത്ത് ത്രീടയർ സിസ്റ്റം, വികസന സാധ്യത, ജനങ്ങളുടെ യാത്രാസൗകര്യം, ഭൂപ്രകൃതിയനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധിയുടെ ആവശ്യം, ഭരണപരമായ സൗകര്യം എന്നിവയാണ് പുതിയ വില്ലേജുകൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡമായി കണക്കാക്കിവരുന്നത്.

## റവന്യൂ വകുപ്പിൽനിന്നും എല്ലാ സർട്ടിഫിക്കറ്റുകളും ഓൺലൈനായി ലഭ്യമാക്കുന്നതിന് നടപടി

197 (2432) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ നിന്നും എല്ലാ സർട്ടിഫിക്കറ്റുകളും ഓൺലൈനായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) നിലവിൽ ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ഓൺലൈനായി ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വകുപ്പിൽ നിന്നും നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെയും വരുമാന സർട്ടിഫിക്കറ്റിന്റെയും കാലാവധി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ കാലാവധി ആജീവനാന്തമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലാന്റ് റവന്യൂ വകുപ്പിൽനിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതിവഴി ഓൺലൈനായി നൽകിവരുന്നു.

(ബി) നിലവിൽ താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകിവരുന്നു.

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്

4. ബന്ധുത്വ സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ്
11. സോൾവെൻസി സർട്ടിഫിക്കറ്റ്
12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
13. കൺവെർഷൻ സർട്ടിഫിക്കറ്റ്
14. ഡിപ്പെന്റൻസി സർട്ടിഫിക്കറ്റ്
15. അഗതി സർട്ടിഫിക്കറ്റ്
16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
17. മിശ്രവിവാഹ സർട്ടിഫിക്കറ്റ്
18. നോൺ റീ-മാര്യേജ് സർട്ടിഫിക്കറ്റ്
19. ലൈഫ് സർട്ടിഫിക്കറ്റ്
20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്
21. പൊസഷൻ ആന്റ് നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
22. വാല്വേഷൻ സർട്ടിഫിക്കറ്റ്
23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
24. മൈനോരിറ്റി സർട്ടിഫിക്കറ്റ്

(സി) പരിവർത്തിത ക്രൈസ്തവരുടെ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് ഒരു വർഷമായും മറ്റ് വിഭാഗങ്ങളുടെ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് മൂന്നുവർഷമായും നിശ്ചയിക്കുന്നതിന് റവന്യൂ, പട്ടികജാതി/പട്ടികവർഗ്ഗ വികസന & പിന്നോക്ക സമുദായ വികസന വകുപ്പുകളുടെ സംയുക്ത യോഗത്തിൽ

തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച കാര്യങ്ങളിൽ നടപടി സ്വീകരിച്ചുവരുന്നു. വരുമാന സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് നിലവിൽ ഒരു വർഷമാണ്. ആയത് വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടില്ല.

(ഡി) 27-4-2007-ൽത്തന്നെ സ.ഉ.(കൈ) നമ്പർ136/2007/റവ. പ്രകാരം നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ കാലാവധി ആജീവനാന്തമാക്കിയിട്ടുണ്ട്.

**പട്ടയം നൽകിയവരുടെ എണ്ണം**

198 (2433) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 9371 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

**പട്ടയം അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ**

199 (2434) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടയം അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ സംബന്ധിച്ച വിശദാംശം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷ സമർപ്പിച്ച് എത്ര ഹിയറിംഗിന് ശേഷമാണ് പട്ടയം അനുവദിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) അപേക്ഷകരുടെ സീനിയോറിറ്റി ഉറപ്പുവരുത്തുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരം പഞ്ചായത്ത് പ്രദേശങ്ങളിലും 1995-ലെ കേരള ഭൂമി പതിവ് നിയമപ്രകാരം മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലും കേരള ഭൂപരിഷ്കരണ നിയമപ്രകാരവും 1970-ലെ ആറമ്പിൾ ഫോറസ്റ്റ് ലാന്റ്

അസൈൻമെന്റ് റൂൾസ് പ്രകാരവുമാണ് പട്ടയം അനുവദിക്കുന്നത്. സംസ്ഥാനത്ത് 1-1-1977-ന് മുമ്പ് വനഭൂമിയിൽ കുടിയേറിയ സംയുക്ത പരിശോധനയിൽ ഉൾപ്പെട്ടവർക്ക് കേന്ദ്ര വന സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം കൈവശത്തിലുള്ള വനഭൂമി പതിച്ച് നൽകിവരുന്നു.

(ബി) അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പതിവ് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ആക്ഷേപരഹിതമാണെന്ന് കണ്ടെത്തുന്ന അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കുന്നതും ആക്ഷേപം ഉന്നയിക്കുന്ന അപേക്ഷകളിന്മേൽ കക്ഷികളെ നേരിൽകേട്ട് മേൽനടപടികൾ സ്വീകരിക്കുന്നതുമാണ്.

(സി) അപേക്ഷകൾ ലഭിക്കുന്നത് ഭൂമി പതിവ് ചട്ടങ്ങളിലെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചിട്ടുള്ളതാണെങ്കിൽ ബന്ധപ്പെട്ട വില്ലേജ്, താലൂക്ക്, ജില്ലാ ഭരണകൂടം എന്നിവ മുഖാന്തിരം തുടർനടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

## ആക്കുളം കായലിലെ കയ്യേറിയ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് നടപടി

200 (2435) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആക്കുളം കായലിലെ കയ്യേറ്റ ഭൂമി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ആക്കുളം കായലിലെ കയ്യേറ്റം തടയുന്നതിനും കയ്യേറിയ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിനും ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ആക്കുളം കായലിലേയ്ക്ക് വെള്ളം ഒഴികിയെത്തുന്ന കൈത്തോടും തണ്ണീർത്തടവും നികത്തുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ആക്കുളം കായലിലെ കയ്യേറ്റം 01.12.29 ഹെക്ടർ ആയി തിട്ടപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കൈത്തോടും തണ്ണീർത്തടവും നികത്തുന്നത് തടയുന്നതിനായി കേരള നെൽവയൽ തണ്ണീർത്തട നിയമം 2008 പ്രകാരം നടപടി സ്വീകരിക്കാൻ വില്ലേജ് ഓഫീസർമാർ, കൃഷി ഓഫീസർമാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് രാജ് ആക്ട്, നഗരപാലിക നിയമപ്രകാരം, തോട്, തണ്ണീർത്തടങ്ങൾ മുതലായവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ നഗരസഭാ അധികാരികൾക്കും ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**മണലൂർ മണ്ഡലത്തിലെ റോഡുകളുടെ പുനർനിർമ്മാണം**

201 (2436) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ പുനർ നിർമ്മാണത്തിന് ഫ്ലഡ് ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡ പ്രകാരം "നിയോജക മണ്ഡലാടി"സ്ഥാനത്തിൽ ദുരന്തനിവാരണ/പ്രതികരണ പ്രവൃത്തികൾ അനുവദിക്കുന്നതിനോ ഫണ്ട് അനുവദിക്കുന്നതിനോ വ്യവസ്ഥയില്ല; ബാധകമല്ല.

**അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി നടപടികൾ**

202 (2437) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുഴുവൻ അനധികൃത കയ്യേറ്റങ്ങളും ഒഴിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ ജില്ലയിലെയും കയ്യേറ്റങ്ങൾ സംബന്ധിച്ച വിശദാംശം സർക്കാർ ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ലാടിസ്ഥാനത്തിൽ വിശദ വിവരം നൽകാമോ;

(സി) പാലക്കാട് ജില്ലയിലെ കയ്യേറ്റങ്ങൾ സംബന്ധിച്ച് സർക്കാർ വിശദാംശം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ഡി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; അത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദീകരിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിന് ജില്ല, താലൂക്ക് തലങ്ങളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം, 1958-ലെ

ചട്ടങ്ങൾ എന്നിവ പ്രകാരം സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കും റോഡ് പുറമ്പോക്ക്, ഇറിഗേഷൻ വകുപ്പ് ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സംസ്ഥാനത്തെ സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം കർശനമായി നിരോധിക്കണമെന്നും 27-5-2016-നുശേഷം പുതിയ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയവ ഒഴിപ്പിക്കാത്ത പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുന്നതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 28-5-2016-ലെ 25/എ.സി.എസ്-റവ-16 നോട്ട് പ്രകാരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആയത് യഥാവിധി പാലിക്കുന്നതിലേയ്ക്കായും ഇപ്രകാരമുള്ള സർക്കാർ ഭൂമിയിലുള്ള അനധികൃത കയ്യേറ്റങ്ങളും അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും മേലിൽ ഉണ്ടാകാതിരിക്കുന്നതിലേയ്ക്കായും കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്ത സ്ഥലങ്ങൾ വീണ്ടും കയ്യേറപ്പെടാതെ സംരക്ഷിക്കുന്നതിലേയ്ക്കായും നിതാന്ത ജാഗ്രത പുലർത്തുവാനും ഇത്തരം അനധികൃത പ്രവർത്തനങ്ങൾക്കെതിരായി സമയബന്ധിതമായി 1957-ലെ ഭൂസംരക്ഷണ നിയമം കൂടുതൽ ശക്തമാക്കിക്കൊണ്ട് 2009-ൽ കൊണ്ടുവന്ന ഭേദഗതികൾ വ്യവസ്ഥ ചെയ്യു പിഴയുൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുവാനും എല്ലാ ജില്ലാ കളക്ടർമാർക്കും 22-9-2016-ൽ LR(K4)36506/16 നമ്പർ സർക്കുലർ പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇടുക്കി ജില്ലാ കളക്ടറുടെ കാര്യാലയത്തിൽനിന്ന് കേരളാ ഭൂസംരക്ഷണ നിയമം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച ഒരു സർക്കുലർ അതാത് ഉപകാര്യാലയങ്ങൾക്കും നൽകിയിട്ടുള്ളതും ഓരോ മാസവും അവസാന പ്രവൃത്തി ദിവസം KLC റിവ്യൂ സംബന്ധിച്ച് താലൂക്ക് തലത്തിൽ Addl. Tahsildar, Special Revenue Officer (മൂന്നാർ) എന്നിവരുടെ മീറ്റിംഗ് വിളിച്ചുചേർത്ത് ഓരോ കേസ്സും വിശകലനം ചെയ്യ് പ്രവർത്തന പുരോഗതി വിലയിരുത്തുന്നതും ആയത് സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് സമയബന്ധിതമായിത്തന്നെ ബന്ധപ്പെട്ട സബ്ഡിവിഷൻ അധികാരി മുഖാന്തിരം ജില്ലാ കളക്ടർക്ക് ലഭ്യമാക്കാനും കർശന നിർദ്ദേശം താലൂക്ക് തഹസിൽദാർമാർക്ക് നൽകിയിട്ടുണ്ട്.

(ബി)

| ജില്ല | ഹെക്ടർ |
|---|---|
| തിരുവനന്തപുരം | 74.97.80 |
| കൊല്ലം | 11.26.40 |
| പത്തനംതിട്ട | 1.82 |
| ആലപ്പുഴ | 08.06.09 |
| കോട്ടയം | 8.90.10 |
| ഇടുക്കി | ഇടുക്കി ജില്ലയിലെ കയ്യേറ്റം സംബന്ധിച്ച് തയ്യാറാക്കിയ പ്രാഥമിക ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു.* |
| എറണാകുളം | 31.65.65 |
| തൃശ്ശൂർ | 5.62.15 |
| പാലക്കാട് | 14.4148 |
| മലപ്പുറം | 6.1893 |
| വയനാട് | 81.25.64 |
| കോഴിക്കോട് | 2.83 (പുഴ പുറമ്പോക്ക്) |
| | 2.39 ഹെക്ടർ (റവന്യൂ ഭൂമി) |
| കണ്ണൂർ | 0.8903 |
| കാസർഗോഡ് | 22.85 |

(സി&ഡി) പാലക്കാട് ജില്ലയിൽ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് 417 കേസ്സുകളും ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് 84 കേസ്സുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കുടവൂർ വില്ലേജ് ഓഫീസ് കെട്ടിടം

203 (2438) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല താലൂക്കിലെ കുടവൂർ വില്ലേജ് ഓഫീസ് കെട്ടിടം കാലപ്പഴക്കത്താൽ ജീർണ്ണിച്ച് അപകടാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ അപകടാവസ്ഥയിലുള്ള എല്ലാ വില്ലേജ് ഓഫീസ് കെട്ടിടങ്ങളും 13-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## കായംകുളം മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ ഡിജിറ്റലൈസ് ചെയ്യൽ

204 (2439) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ ഏതെല്ലാം വില്ലേജ് ഓഫീസുകൾ ഡിജിറ്റലൈസ് ചെയ്തുവെന്നും ഇനി ഏതെല്ലാം വില്ലേജ് ഓഫീസുകൾ ഡിജിറ്റലൈസ് ചെയ്യാനുണ്ട് എന്നും വിശദമാക്കാമോ;

(ബി) കായംകുളം മണ്ഡലത്തിലെ മുഴുവൻ വില്ലേജ് ഓഫീസുകളും ഡിജിറ്റലൈസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കായംകുളം മണ്ഡലത്തിൽ എല്ലാ വില്ലേജ് ഓഫീസുകളിലെയും ഭൂരേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## വളപട്ടണം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന് ഗ്രൗണ്ട്

205 (2440) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വളപട്ടണം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന് ഗ്രൗണ്ട് നിർമ്മാണത്തിന് റവന്യൂ വകുപ്പിന്റെ ഭൂമി കൈമാറുന്നതിനുള്ള L2/23/2016/Rev നമ്പർ ഫയലിൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ? എങ്കിൽ പകർപ്പ് ലഭ്യമാകുമോ?

(ബി) 2014-ൽ നൽകിയ ശിപാർശയിന്മേൽ കാലതാമസം നേരിട്ടതിന്റെ കാരണം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(സി) ഈ ഭൂമി കൈമാറ്റ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും ഫയൽ 2-5-2017-ൽ തിരികെ ലഭിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ചശേഷം താമസംവിനാ ഈ വിഷയത്തിന്മേലുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**കോതമംഗലം മിനിസിവിൽ സ്റ്റേഷന്റെ നിർമ്മാണം**

206 (2441) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മിനിസിവിൽ സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും, മുനിസിപ്പാലിറ്റിയിൽ നിന്നും, ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള സാങ്കേതിക തടസ്സത്തിന്റെ പേരിൽ, കെട്ടിട നമ്പറും വൈദ്യുതികണക്ഷനും, വാട്ടർകണക്ഷനും ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സിവിൽ സ്റ്റേഷന് കെട്ടിടനമ്പർ ലഭ്യമാക്കി, പാർട്ടീഷൻ ജോലി പൂർത്തീകരിച്ച് ആഫീസുകൾ എന്നേക്ക് മിനിസിവിൽ സ്റ്റേഷനിലേക്ക് മാറ്റാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) ഈ വിഷയത്തിലെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മിനിസിവിൽ സ്റ്റേഷന് കോതമംഗലം മുനിസിപ്പാലിറ്റിയിൽനിന്നും കെട്ടിട നമ്പർ ലഭിച്ചതിനുശേഷം വൈദ്യുതി, വാട്ടർ കണക്ഷനുകൾ ലഭ്യമാക്കുകയും പൊതുമരാമത്ത് കെട്ടിട വിഭാഗം പാർട്ടീഷ്യൻ ജോലി പൂർത്തീകരിച്ച് നൽകുകയും ചെയ്യുന്ന മുറയ്ക്ക് ആഫീസുകൾ മിനിസിവിൽ സ്റ്റേഷൻ കെട്ടിടത്തിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതാണ്.

(സി) കോതമംഗലം മിനിസിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ അഞ്ച് നിലകളുടെ പണി പൂർത്തീകരിച്ചിട്ടുള്ളതാണ്. ഓഫീസുകളുടെ ക്യാബിനുകൾ തിരിക്കുന്ന ജോലിയും ടോയ്ലെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന ജോലികളും ആറാമത്തെ നിലയുടെ നിർമ്മാണ പ്രവർത്തനങ്ങളും ബാക്കി നിൽക്കുന്നതാണ്. അഗ്നി സുരക്ഷാ ക്രമീകരണങ്ങൾ മൂന്ന് നിലകൾവരെ മാത്രമേ പൂർത്തികരിച്ചിട്ടുള്ളൂ. 17 ഓഫീസുകൾ ടി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**വരൾച്ച നേരിടുന്നതിന് കേന്ദ്ര സഹായം**

207 (2442) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരൾച്ചാ ദുരിതാശ്വാസപദ്ധതികൾ എന്തെങ്കിലും പ്രഖ്യാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ വരൾച്ചയെ നേരിടുന്നതിന് എന്തെങ്കിലും കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര/സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. അതുപ്രകാരം എല്ലാ ജില്ലകളിലും വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇത് കൂടാതെ മാനദണ്ഡങ്ങൾക്ക് വിധേയമായി കുടിവെള്ള വിതരണം, കൃഷി-വിളനാശത്തിന് ആശ്വാസ സഹായം എന്നീ ഇനങ്ങൾക്ക് എല്ലാ ജില്ലകൾക്കും മൃഗസംരക്ഷണ മേഖലയിൽ വെറ്ററിനറി ക്യാമ്പ് തുടങ്ങുന്നതിന് പാലക്കാട് ജില്ലയ്ക്കും ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31-5-2017 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു.

(ബി) സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ 75% കേന്ദ്ര സർക്കാർ നൽകുന്ന ഫണ്ടാണ്. ഇത് കൂടാതെ കേരളവും വരൾച്ചാബാധിതമാണെന്ന് അംഗീകരിച്ചു. വരൾച്ച സംബന്ധിച്ച് മെമ്മോറാണ്ടം തയ്യാറാക്കുകയും അത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തതിനെത്തുടർന്ന് കേന്ദ്ര സംഘം സംസ്ഥാനത്തെ വരൾച്ചാ സ്ഥിതിഗതികൾ വിലയിരുത്തുന്നതിന് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഏപ്രിൽ 19 മുതൽ 21 വരെ സന്ദർശനം നടത്തിയിരുന്നു. അധിക ധനസഹായം ഇക്കാര്യത്തിൽ ലഭ്യമായിട്ടില്ല. കേന്ദ്ര സർക്കാർ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ പ്പെടുത്തി 50 തൊഴിൽ ദിനങ്ങൾ അധികമായി കേരളത്തിന് അനുവദിച്ചു.

## തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസ് വിഭജിച്ച് ചാലക്കുടിയിൽ ആർ.ഡി.ഒ

208 (2443) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസ് വിഭജിച്ച് ഒരു പുതിയ ആർ.ഡി.ഒ ഓഫീസ് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അതിരപ്പിള്ളി പഞ്ചായത്തിലെ മലക്കപ്പാറ വരെയുള്ള പ്രദേശങ്ങളിലെ ആദിവാസി, തോട്ടം മേഖല, പട്ടികജാതി ജനവിഭാഗങ്ങൾ എന്നിവർക്കെല്ലാം സഹായകരമായി ചാലക്കുടിയിൽ പുതിയ റവന്യൂ ഡിവിഷണൽ ഓഫീസ് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ചാലക്കുടിയിൽ റവന്യൂ ടവർ അനുവദിക്കുകയും ഇതിനായി ചാലക്കുടി മുനിസിപ്പാലിറ്റി സ്ഥലം ലഭ്യമാക്കുമെന്ന് അറിയിക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥലത്ത് ആർ.ഡി.ഒ ഓഫീസ് സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) തൃശ്ശൂർ ജില്ലയിൽ റവന്യൂ ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആസ്ഥാനം സംബന്ധിച്ച അന്തിമ തീരുമാനം എടുത്തിട്ടില്ല.

## വേമ്പനാട് കായൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി

209 (2444) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേമ്പനാട് കായൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി WP(C)687/13 നമ്പർ കേസ്സിൽ കയ്യേറ്റം അളന്നുതിട്ടപ്പെടുത്താനായി ഫോർട്ട് കൊച്ചി സബ് കളക്ടറെ നിയമിച്ച് എന്നാണ് ഉത്തരവായത്;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്നാണ് കമ്മിറ്റി രൂപീകൃതമായത്;

(ഡി) പ്രസ്തുത കമ്മിറ്റി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഇ) തേവര ജംഗ്ഷൻ മുതൽ തേവര തെക്കേയറ്റത്തെ ഫെറി വരെയും തേവര പടിഞ്ഞാറൻ കായൽ തീരത്തെയും കയ്യേറ്റം കണ്ടെത്തുന്നതിനായി പ്രസ്തുത കമ്മിറ്റി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(എഫ്) പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ; എന്നത്തേക്ക് റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വേമ്പനാട് കായലിന്റെ അതിർത്തി സർവ്വേ ചെയ്ത് അതിർത്തികൾ നിശ്ചയിച്ച് അതിരടയാളം സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി സമയബന്ധിതമായി നിർവ്വഹിക്കുന്നതിന് 8-11-2016 മുതൽ ഫോർട്ട് കൊച്ചി സബ് കളക്ടറുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുള്ളതാണ്.

(ബി) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫോർട്ട് കൊച്ചി സബ് കളക്ടർ ചെയർ പേഴ്സണായി 13 അംഗ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുള്ളതാണ്.

(സി) 8-11-2016- ൽ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതാണ്.

(ഡി) ഫോർട്ട് കൊച്ചി സബ് കളക്ടർ ചെയർ പേഴ്സണായിട്ടുള്ള കമ്മിറ്റി 23-11-2016-ന് യോഗം ചേർന്ന് വേമ്പനാട് കായൽ കയ്യേറ്റം തിട്ടപ്പെടുത്തുന്നതിന് വേമ്പനാട് കായൽ സർവ്വെ ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് കണ്ടെത്തുകയും, സർവ്വെയ്ക്ക് ആവശ്യമായ ഫോഴ്സ്, തുക, ഉപകരണങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ തയ്യാറാക്കി നൽകാൻ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് സർവ്വേയെ ചുമതല പ്പെടുത്തിയിട്ടുള്ളതുമാണ്. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് സർവ്വേ പൂത്തോട്ട മുതൽ മൂത്തകുന്നം വരെയുള്ള വേമ്പനാട് കായൽ സർവ്വെ ചെയ്യുന്നതിനുള്ള ഫോഴ്സ്, തുക, ഉപകരണം എന്നിവ തിട്ടപ്പെടുത്തി വിശദമായ രൂപരേഖ സമർപ്പിച്ചിട്ടുള്ളതാണ്. മേൽ റിപ്പോർട്ട് പ്രകാരം എറണാകുളം ജില്ലയുടെ പരിധിയിലുള്ള വേമ്പനാട് കായൽ സർവ്വേ ചെയ്യുന്നതിന് 44,77,684 (നാൽപ്പത്തി നാല് ലക്ഷത്തി എഴുപത്തി ഏഴായിരത്തി അറുന്നൂറ്റി എൺപത്തിനാല്) രൂപ ചെലവ് വരുന്നതാണ്. കായൽ പുറമ്പോക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതിനാൽ വേമ്പനാട് കായൽ ഉൾപ്പെട്ട് വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടെ യോഗം 9-12-2016-ന് നടത്തുകയും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും വഹിക്കേണ്ട തുക തിട്ടപ്പെടുത്തി ലഭ്യമാക്കിയിട്ടുള്ളതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച് സംശയം പ്രകടിപ്പിച്ച

സാഹചര്യത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ടിയാന്റെ അധികാര പരിധിയിലുള്ള വേമ്പനാട് കായലിന്റെ ഭാഗം സർവ്വേ ചെയ്യുന്നതിന് ആവശ്യമായ തുക ലഭ്യമാക്കാനുള്ള പ്രവർത്തനം ക്രോഡീകരിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് സർവ്വേ ജോലികൾ ആരംഭിക്കാൻ കഴിയും.

(ഇ) തേവര ജംഗ്ഷൻ മുതൽ തേവര തെക്കേയറ്റത്തെ ഫെറി വരെയും തേവര പടിഞ്ഞാറൻ കായൽ തീരവും വേമ്പനാട് കായലിന്റെ ഭാഗമാണ്. ആയതിന്റെ സർവ്വേയും മേൽ സർവ്വേക്കൊപ്പം പൂർത്തിയാക്കുന്നതാണ്.

(എഫ്) വേമ്പനാട് കായലോരം സർവ്വേ ചെയ്ത് റെക്കോർഡ് തയ്യാറാക്കുവാനാണ് സ്പെഷ്യൽ ടാസ്ക് ഫോഴ്സിനെ ചുമതലപ്പെടുത്തിയിരിക്കുന്നത്. സർവ്വെ ജോലികൾക്ക് ആവശ്യമായ ഭീമമായ തുക സർവ്വേ വകുപ്പിന് നൽകുന്നതിനുണ്ടായ താമസം മൂലമാണ് സർവ്വേ ചെയ്യുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളത്. എറണാകുളം ജില്ലാ കളക്ടറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വേമ്പനാട് കായലിൻെറ ഭാഗമായ ചിലവന്നൂർ കായലിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി 3-4-2017-ലെ സ.ഉ. (സാധാ) 1589/17/റവ.നമ്പർ ഉത്തരവ് പ്രകാരം അഞ്ച് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക എറണാകുളം ജില്ലാ കളക്ടർക്ക് മാറി നൽകാൻ സർവ്വേ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഫണ്ട് മാറുന്ന മുറയ്ക്ക് അടിയന്തരമായി സർവ്വേ പൂർത്തിയാക്കാൻ കഴിയുന്നതാണ്.

**കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ വാട്ടർ കിയോസ്കുകൾ**

210 (2445) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സംസ്ഥാനത്ത് റവന്യൂ വകുപ്പ് മുഖേന ഇതിനകം എത്ര വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇത്തരത്തിൽ സ്ഥാപിക്കപ്പെട്ട കിയോസ്കുകൾ എന്നത്തേക്ക് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകും ;

(സി) കൂടുതൽ കിയോസ്കുകൾ അനുവദിക്കാൻ ആലോചനയുണ്ടോ; കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഇതിനകം സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) ഇതിന്റെ ജില്ലതിരിച്ച് കണക്ക് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17-ലെ വരൾച്ചാ കാലത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ സംസ്ഥാനത്ത് ആകെ 5000 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിരുന്നു. അതിൽ നിന്നും ആകെ 2297 വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം - എ ആയി ചേർക്കുന്നു.*

(ബി) ഇതിനായി 6,53,06,546 രൂപ ചെലവഴിച്ചിട്ടുണ്ട്. സ്ഥാപിക്കപ്പെട്ട കിയോസ്കുകളിൽ പ്രവർത്തിച്ച് തുടങ്ങാത്തവ ഈ മാസം തന്നെ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി&ഡി) സംസ്ഥാന വ്യാപകമായി 5000 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. അതിൽ കൂടുതൽ കിയോസ്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. 2016-17 സാമ്പത്തിക വർഷം "2245-01-102-99- Drought-Drinking water supply" എന്ന ശീർഷകത്തിൽ നിന്നും ആകെ 31,04,59,705 രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം - ബി ആയി ചേർക്കുന്നു.*

## കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിന് മന്ത്രിമാരുടെ മേൽനോട്ടത്തിൽ പ്രത്യേക സംവിധാനം

211 (2446) <u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. ഡി. കെ. മുരളി</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> :
<u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരൂക്ഷമായ വരൾച്ചയെ നേരിടാൻവേണ്ടി വിവിധ ജില്ലകളിലെ പാറമടകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ സർക്കാർ ഏറ്റെടുത്ത് ജലസംഭരണവും വിതരണവും നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ജലത്തിന്റെ ഉപയോഗം ക്രമപ്പെടുത്തുന്നതിനും ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനും എല്ലാ ജില്ലകളിലും ഓരോ മന്ത്രിമാരുടെ മേൽനോട്ടത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ചേർന്നിട്ടുള്ള വിഡിയോ കോൺഫറൻസിൽ രൂക്ഷമായ വരൾച്ചയെ തുടർന്ന് കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന പക്ഷം ആവശ്യമെങ്കിൽ പാറമടകൾ ഉൾപ്പെടെയുള്ള സ്വകാര്യ ജലസ്രോതസ്സുകൾ ദുരന്ത നിവാരണ നിയമപ്രകാരം ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നല്കിയിരുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർപേഴ്സൺ എന്ന നിലയിൽ രൂക്ഷമായ വരൾച്ചയെ പ്രതിരോധിക്കുന്നതിനായി ആവശ്യമെങ്കിൽ ഇപ്രകാരം സ്വകാര്യ ജല സ്രോതസ്സുകളും ഏറ്റെടുക്കുന്നതിനുള്ള അധികാരം ജില്ലാ കളക്ടർമാരിൽ നിക്ഷിപ്തമാണ്. നിലവിലുള്ള ജലസ്രോതസ്സുകളിൽ ജല ലഭ്യത ഇല്ലാതാകുന്ന സാഹചര്യമുണ്ടായാൽ ദുരന്ത നിവാരണ നിയമ പ്രകാരം ഏറ്റെടുക്കുന്നതിനായി പാറമടകളും മറ്റു സ്വകാര്യ ജലസ്രോതസുകളും വിവിധ ജില്ലകളിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) വിവിധ ജില്ലകളിൽ അതത് ജില്ലയുടെ ചുമതലയുള്ള മന്ത്രിമാരുടെ മേൽനോട്ടത്തിൽ വരൾച്ചാ സ്ഥിതി അവലോകന-ഏകോപന യോഗങ്ങൾ ചേർന്നിട്ടുള്ളതും വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ജനപ്രതിനിധികളെയും ജില്ലാതല ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി നടത്തിയിട്ടുള്ളതുമാണ്. കൂടാതെ ജലത്തിന്റെ ഉപയോഗം ക്രമപ്പെടുത്തുന്നതിനും ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനും അതുമായി ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് ആവശ്യമായ ആസൂത്രണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വരൾച്ചാ കെടുതി വിലയിരുത്താനെത്തിയ കേന്ദ്ര സംഘം**

212 (2447) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരൾച്ചാ കെടുതി വിലയിരുത്താനെത്തിയ കേന്ദ്ര സംഘം സംസ്ഥാനത്ത് എത്ര ജില്ലകൾ സന്ദർശിക്കുകയുണ്ടായി; വിശദാംശങ്ങൾ നൽകുമോ;

(ബി) ആരൊക്കെയായിരുന്നു കേന്ദ്ര സംഘത്തിലെ അംഗങ്ങൾ;

(സി) എന്തൊക്കെ കാര്യങ്ങളാണ് പ്രധാനമായും കേന്ദ്ര സംഘം പരിശോധിച്ചത്;

(ഡി) എത്ര കോടി രൂപയുടെ കേന്ദ്രസഹായം സംസ്ഥാനത്തിന് ലഭ്യമാകും ; ഇതുസംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകൾ കേന്ദ്ര വരൾച്ച, സ്ഥിതി വിലയിരുത്തൽ സംഘം സന്ദർശിക്കുകയുണ്ടായി. ഓരോ ജില്ലയിലും സന്ദർശിച്ച സ്ഥലങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

<u>പാലക്കാട്</u> :

മംഗലം പാലം, എരിമയൂർ പഴയ പാലം, എരിമയൂർ ചെക്ക് ഡാം, നിരക്കോട് പാലം, ചുള്ളിയാർ ഡാം, കംബ്രാത് ചാല പാലം, മേനോൻ പാറ പാലം, BEML, NIDA പാലം ചെക്ക് ഡാം, മലമ്പുഴ ഡാം.

<u>മലപ്പുറം</u> :

തിരുവേങ്ങപ്പുര, വളാഞ്ചേരി, കുറ്റിപ്പുറം, തിരുനാവായ, ഭാരതപ്പുഴ

<u>വയനാട്</u> :

പുൽപ്പള്ളി, മുള്ളൻകൊല്ലി, വണ്ടികടവ്.

<u>തൃശ്ശൂർ</u> :

നെട്ടിശ്ശേരി പാടം, തിരുവില്ല്വാമല.

<u>എറണാകുളം</u> :

ആലുവ പമ്പിംഗ് സ്റ്റേഷൻ, പുത്തൻവേലിക്കര, താഴത്തുപാടം, കുന്നുകര.

<u>തിരുവനന്തപുരം</u> :

പൂവൻപാറ, വാമനപുരം നദി, ചങ്ങാട്ട് ഏല, വെള്ളല്ലൂർ ഏല, പഴയകുന്നുമ്മേൽ ഏല, കിളിമാനൂർ ചിറ്റാർ നദി, വാമനപുരം ഏല, നെല്ലനാട് ഏല, പെരിങ്ങമല ഏല, വിതുര.

(ബി) 1. ശ്രീ. അശ്വനി കുമാർ (ടീം ലീഡർ) - ജോയിന്റ് സെക്രട്ടറി, മിനിസ്ട്രി ഓഫ് അഗ്രികൾച്ചർ ആൻറ് ഫാർമേഴ്സ് വെൽഫെയർ

2. ശ്രീമതി അഞ്ജലി ചന്ദ്ര-ചീഫ് എഞ്ചിനീയർ, മിനിസ്ട്രി ഓഫ് പവർ

3. ഡോ. കെ. പൊന്നുസ്വാമി-ഡയറക്ടർ, മിനിസ്ട്രി ഓഫ് അഗ്രികൾച്ചർ ആന്റ് ഫാർമേഴ്സ് വെൽഫെയർ

4. ശ്രീ. ആർ.തങ്കമണി-ഡയറക്ടർ, മിനിസ്ട്രി ഓഫ് വാട്ടർ റിസോഴ്സസ് റിവർ ഡെവലപ്മെന്റ് ആന്റ് ഗംഗാ റിജുവനേഷൻ

5. ശ്രീ. ഗോപാൽ പ്രസാദ് - ഡയറക്ടർ, മിനിസ്ട്രി ഓഫ് ഫിനാൻസ്

6. ശ്രീ. മനാഷ് ചൗധരി- ഡെപ്യൂട്ടി അഡ്വൈസർ, നീതി ആയോഗ്

7. ശ്രീ. ജി.ആർ.സർഗാർ- സീനിയർ കൺസൾട്ടന്റ്, മിനിസ്ട്രി ഓഫ് ഡ്രിങ്കിംഗ് വാട്ടർ ആന്റ് സാനിട്ടേഷൻ

8. ശ്രീ. ഡി.വി.റാവു - അസിസ്റ്റന്റ് കമ്മീഷണർ, ഡിപ്പാർട്ട്മെന്റ് ഓഫ് ആനിമൽ ഹസ്ബൻഡറി & ഫിഷറീസ്.

9. ശ്രീ. അഗസ്റ്റിൻ ക്ലിന്റൺ - അസിസ്റ്റൻറ് ജനറൽ മാനേജർ (ജി) & ഏരിയ മാനേജർ എഫ്.സി.ഐ. കേരള റീജിയൺ

10. ശ്രീ രാഹുൽ സിംഗ് - ഡെപ്യൂട്ടി ഡയറക്ടർ മിനിസ്ട്രി ഓഫ് അഗ്രിക്കൾച്ചർ & ഫാർമേഴ്സ് വെൽഫെയർ

11. ശ്രീ. വിജയ് രാജ്മോഹൻ - ഡയറക്ടർ (ഡി.എം.), ഡിപ്പാർട്ട്മെന്റ് ഓഫ് അഗ്രികൾച്ചർ, കോ- ഓപ്പറേഷൻ & ഫാർമേഴ്സ് വെൽഫെയർ

(സി) കൃഷിനാശവും കുടിവെള്ളക്ഷാമവും, കന്നുകാലി കർഷകർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളുമാണ് കേന്ദ്ര സംഘം പ്രധാനമായും പരിശോധിച്ചത്.

(ഡി) കേന്ദ്ര വരൾച്ച, സ്ഥിതി വിലയിരുത്തൽ സംഘം കേരളം സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച അറിയിപ്പ് കേന്ദ്ര സർക്കാരിൽ നിന്നും നാളിതുവരെ ലഭ്യമായിട്ടില്ല.

**മിച്ചഭൂമി കൈമാറ്റം**

213 (2448) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികാവശ്യത്തിന് പതിച്ചുനൽകിയ മിച്ചഭൂമി മറ്റൊരാൾക്ക് കൈമാറുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കൈമാറ്റച്ചട്ടങ്ങളിൽ ഇളവുവരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഇളവുവരുത്തുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 96-ാം വകുപ്പും അനുബന്ധ ചട്ടങ്ങളും പ്രകാരമാണ് മിച്ചഭൂമി അർഹരായവർക്ക് പതിച്ചു നൽകുന്നത്. പതിച്ചുകിട്ടിയ മിച്ചഭൂമി പിൻതുടർച്ചാവകാശ പ്രകാരം കൈമാറാവുന്നതാണ്. കേരള ഭൂപരിഷ്കരണ (സീലിംഗ്) നിയമം 1970-ലെ 29-ാം ചട്ടം 2 മുതൽ 5 വരെ ഉപചട്ടങ്ങളിലെ വ്യവസ്ഥാനുസരണമല്ലാതെ പതിച്ചു നൽകപ്പെട്ട തീയതി മുതൽ 20 വർഷത്തേക്ക് / കേരള ഭൂപരിഷ്കരണ നിയമം 97 (3) പ്രകാരമുള്ള ചാർജ്ജ് ചുമത്തപ്പെട്ടിട്ടുണ്ടെങ്കിൽ, ആ കാലാവധി വരെയോ ഏതാണ് അവസാനമായി വരുന്നത് ആ കാലയളവ് വരെ അന്യാധീനപ്പെടുത്തുവാൻ പാടില്ല. ടി വ്യവസ്ഥകൾക്ക് വിരുദ്ധമായി കൈമാറ്റം ചെയ്യുകയാണെങ്കിൽ പതിച്ചു നൽകിയ നടപടി റദ്ദ് ചെയ്യുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരമുണ്ട്. കൂടാതെ അത്തരക്കാർക്ക് ഇതേരീതിയിൽ മിച്ചഭൂമിയോ മറ്റ് സർക്കാർ ഭൂമിയോ പതിച്ചു കിട്ടുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല. കേരള ഭൂപരിഷ്കരണ (സീലിംഗ്) ചട്ടം 1970 -ലെ ചട്ടം 29 (1)-ലെ പ്രൊവൈസോ പ്രകാരം ഉചിതമെന്ന് തോന്നുന്ന സാഹചര്യങ്ങളിൽ മതിയായ കാരണങ്ങൾ രേഖപ്പെടുത്തി കൊണ്ട് പതിച്ചു നൽകപ്പെട്ട മിച്ചഭൂമിയുടെ അകാല കൈമാറ്റങ്ങൾ സാധൂകരിച്ച് നൽകുന്നതിന് സർക്കാരിന് അധികാരമുണ്ട്.

(ബി&സി) ഇല്ല. മിച്ചഭൂമി പതിച്ചു കിട്ടുന്ന വ്യക്തി ചുരുങ്ങിയ കാലത്തിനുള്ളിൽ ടി ഭൂമി കൈമാറ്റം നടത്തി ഭൂരഹിതനായി മാറുന്ന സാഹചര്യം ഒഴിവാക്കുന്നതിനായിട്ടാണ് അപ്രകാരമുള്ള ഭൂമിയുടെ കൈമാറ്റത്തിന് നിബന്ധനകൾ വച്ചിട്ടുള്ളത്.

**വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾക്കായി ഓരോ ജില്ലയ്ക്കും അനുവദിച്ച തുക**

214 (2449) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾക്കായി ഓരോ ജില്ലയ്ക്കും അനുവദിച്ച തുക വ്യക്തമാക്കാമോ; ഈ തുക ഉപയോഗിച്ച് ചെയ്യാവുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈയിനത്തിൽ ലഭിച്ച കേന്ദ്ര ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾക്കായി ഓരോ ജില്ലക്കും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.* 20-5-2015-ലെ സർക്കാർ ഉത്തരവ് സ.ഉ (കൈ) നമ്പർ194/2015/ഡി.എം.ഡി. പ്രകാരമുള്ള സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡം അനുസരിച്ചാണ് ഈ തുക വിനിയോഗിക്കുന്നത്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം - 2 ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 75% കേന്ദ്ര സർക്കാർ നൽകുന്ന ഫണ്ടാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മൂന്നാറിലെ വൻകിട ഭൂമി കയ്യേറ്റവും ജെ.സി.ബി.നിരോധനവും

215 (2450) ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അനിൽ അക്കര :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിൽ സർക്കാർ ഭൂമിയിൽ വലിയതോതിലുള്ള കയ്യേറ്റങ്ങൾ നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥലങ്ങളിൽ;

(ബി) ഇതുസംബന്ധിച്ച് ഏതൊക്കെ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത റിപ്പോർട്ടുകൾ പ്രകാരം എത്ര ഏക്കർ ഭൂമി അന്യാധീനപ്പെട്ടു എന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) കയ്യേറ്റ ഭൂമിയിലെ കെട്ടിടങ്ങൾ പൊളിച്ച് നീക്കാതെ അവ ഏറ്റെടുക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഇതുപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കെട്ടിടങ്ങൾ ഏറ്റെടുത്തിട്ടുണ്ട്;

(ഇ) മൂന്നാറിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുമുമ്പ് ജനപ്രതിനിധികളുമായും മതമേധാവികളുമായും മറ്റും കൂടിയാലോചിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(എഫ്) മൂന്നാറിൽ കേരള ലാന്റ് കൺസർവൻസി നിയമം ബാധകമല്ലേ; എങ്കിൽ അത് ഒഴിവാക്കി ഏത് നിയമപ്രകാരമാണ് കയ്യേറ്റം ഒഴിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്;

(ജി) മൂന്നാറിൽ ജെ.സി.ബി. നിരോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. കെ.ഡി.എച്ച്., പള്ളിവാസൽ, ചിന്നക്കനാൽ, ആനവിരട്ടി, കുഞ്ചിത്തണ്ണി എന്നീ വില്ലേജുകളിൽ കയ്യേറ്റം കൂടുതലായും കണ്ടുവരുന്നു.

(ബി) മൂന്നാറിൽ അന്യാധീനപ്പെട്ട സർക്കാർ ഭൂമി സംബന്ധിച്ച കയ്യേറ്റം ഒഴിപ്പിക്കുന്നതിന് വിവിധ സബ് ഓഫീസുകളിൽ നിന്ന് കണക്കുകളും വിവരങ്ങളും ശേഖരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെട്ടിടങ്ങൾ ഒന്നും ഏറ്റെടുത്തിട്ടില്ല.

(ഇ) ഇല്ല.

(എഫ്) ബാധകമാണ്. KDH/മാങ്കുളം വില്ലേജുകളിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് 1971-ലെ കണ്ണൻദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) നിയമം, 1957-ലെ ഭൂസംരക്ഷണ നിയമം, 2009-ലെ ഭേദഗതി നിയമങ്ങൾ എന്നിവ പ്രകാരം ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) മൂന്നാർ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആധുനിക മണ്ണുനീക്കൽ യന്ത്രങ്ങൾ ഉപയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ് എന്ന് 21-4-2017-ലെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

## മൂന്നാറിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി

216 (2451) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ;

(ബി) മൂന്നാറിലെ കയ്യേറ്റം ഒഴിപ്പിക്കൽ നടപടി ഏതെങ്കിലും ഘട്ടത്തിൽ നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്നാർ മേഖലയിൽ എത്ര ഹെക്ടർ ഭൂമിയുടെ കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനമൊട്ടാകെയുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൂന്നാറിൽ കണ്ടെത്തിയ കയ്യേറ്റങ്ങളുടെ സമഗ്രപട്ടിക തയ്യാറാക്കി KLC നിയമ പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിലയിരുത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിർത്തിവച്ചിട്ടില്ല.

(സി) മൂന്നാർ മേഖലകളിൽ ഉടുമ്പൻചോല, ദേവികുളം താലൂക്കുകളിലായി 130.1789 ഹെക്ടർ ഭൂമിയുടെ കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്.

(ഡി) അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് KLC നിയമ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

**കുന്നംകുളം താലൂക്ക് രൂപീകരണം**

217 (2452) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18-ലെ ബജറ്റിൽ പ്രഖ്യാപിച്ച കുന്നംകുളം താലൂക്ക് രൂപീകരണം നടപടിക്രമം ഏതു ഘട്ടത്തിലാണ്;

(ബി) ജനസാന്ദ്രത കൊണ്ടും, വില്ലേജുകളുടെ എണ്ണം കൊണ്ടും മുൻപന്തിയിൽ നിൽക്കുന്ന തലപ്പിള്ളി താലൂക്ക് വിഭജിച്ച് കുന്നംകുളം ആസ്ഥാനമായി പുതിയ താലൂക്ക് ആരംഭിക്കുന്നതിന് മുൻ സർക്കാരിന്റെ മുന്നിൽ നിയമപരമായ തടസ്സങ്ങൾ വല്ലതും ഉണ്ടായിരുന്നോ;

(സി) സംസ്ഥാനത്ത് പുതിയ താലൂക്കുകൾ അനുവദിക്കുന്നതിനായി റവന്യൂ വകുപ്പ് പഠിച്ച് തയ്യാറാക്കിയ ലിസ്റ്റിൽ വളരെ മുന്നിൽ ഉണ്ടായിരുന്ന കുന്നംകുളത്തെ ഒഴിവാക്കിയ നടപടി വൻ ജനകീയ പ്രതിഷേധത്തിന് ഇടയാക്കിയതാണെന്നത് കണക്കിലെടുത്ത് കഴിവതും വേഗത്തിൽ കുന്നംകുളം താലൂക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കുന്നംകുളം ആസ്ഥാനമായി താലൂക്ക് രൂപീകരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറോട് വിശദമായ പ്രൊപ്പോസൽ ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ലാൻഡ് റവന്യൂ കമ്മീഷണറിൽനിന്ന് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച ശേഷം കുന്നംകുളം ആസ്ഥാനമാക്കി താലൂക്ക് രൂപീകരിച്ചു കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ സബ് ഡിവിഷൻ ഓഫീസുകൾ**

218 (2453) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ പുതിയ താലൂക്കുകളിൽ ഇനിയും വിവിധ വകുപ്പുകളുടെ സബ് ഡിവിഷൻ ഓഫീസുകൾ അനുവദിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; സബ് ഡിവിഷൻ ഓഫീസുകൾ എപ്പോൾ പ്രഖ്യാപിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

പുതിയ താലൂക്കുകളിലെ വിവിധ വകുപ്പുകളുടെ സബ് ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനമെടുക്കേണ്ടത് അതാത് മാതൃ വകുപ്പുകളാണ്.

## മൂന്നാറിലെ കുടിയേറ്റ കർഷകർക്ക് പട്ടയം

219 (2454) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മൂന്നാറിലെ അർഹരായ കുടിയേറ്റ കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ റവന്യൂ വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോ; ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭ്യമാക്കാനാണ് ഈ ഘട്ടത്തിൽ തീരുമാനമെടുത്തിട്ടുള്ളത്; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

മൂന്നാറിലെ കൈവശക്കാർ ടാറ്റാ ടീയുടെ തേയിലത്തോട്ടങ്ങളിൽ ജോലി ചെയ്ത് വിരമിക്കുന്ന തൊഴിലാളികളും കച്ചവടത്തിനും തൊഴിലിനുമായി മറ്റ് സ്ഥലങ്ങളിൽ നിന്നെത്തി സർക്കാർ നിക്ഷിപ്തഭൂമിയിലും നിക്ഷിപ്തമാക്കലിൽ നിന്ന് ഒഴിവാക്കിയ സർക്കാർ ഭൂമിയിലും താമസിക്കുന്ന വ്യക്തികളുമാണ്. ഇവർക്ക് പട്ടയം നല്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ ന്യായവില

220 (2455) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം താലൂക്കിലെ ഇരമല്ലൂർ വില്ലേജിൽ ഭൂമിയുടെ ന്യായവില തൊട്ടടുത്ത വില്ലേജുകളിലേക്കാൾ 5 ഇരട്ടി അധികമാണെന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ ഇരമല്ലൂർ വില്ലേജിൽ ഭൂമിയുടെ ന്യായവില പുതുക്കിനിശ്ചയിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പരാതി പരിഹരിക്കുന്നതിന് സ്വീകരിക്കുവാൻ കഴിയുന്ന നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ലഭ്യമാക്കുവാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കോട്ടപ്പടി വലിയവരമ്പ് ബൈപ്പാസ് നിർമ്മാണം

221 (2456) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം കോട്ടപ്പടി വലിയവരമ്പ് ബൈപ്പാസ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 15-2-2017 സ.ഉ.(സാധാ)നമ്പർ 183/17/പൊ.മ.വ. പ്രകാരം അനുവദിച്ച 23.96 കോടി രൂപയുടെ ഫണ്ട് ധനകാര്യവകുപ്പിൽ നിന്നും റവന്യൂ വകുപ്പിന് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഭൂവുടമകൾക്ക് നഷ്ടപരിഹാരം വിതരണം ചെയ്താൽ ബൈപ്പാസ് നിർമ്മാണത്തിന് മറ്റെന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടോ; വിശദാംശം നൽകുമോ;

(സി) സ്ഥലമേറ്റെടുക്കൽ നടപടികൾ ചോദ്യം ചെയ്ത് ബഹു. ഹൈക്കോടതിയിൽ സ്വകാര്യവ്യക്തികൾ ഫയൽ ചെയ്ത കേസ്സിൽ വിധി വന്നിട്ടുണ്ടോ; അതിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ ;

(ഡി) റവന്യൂ വകുപ്പ് ഭൂമിയേറ്റെടുക്കൽ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) മലപ്പുറം കോട്ടപ്പടി വലിയവരമ്പ് ബൈപ്പാസ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 23.96 കോടി രൂപ അനുവദിച്ച് ഉത്തരവായി. ഏറ്റെടുത്ത ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിലേക്കായി 3-5-2017-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 3788/2017 ധന പ്രകാരം ലെറ്റർ ഓഫ് ക്രെഡിറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഭൂവുടമകൾക്ക് നഷ്ടപരിഹാരം വിതരണം ചെയ്ത് ഏറ്റെടുത്ത ഭൂമിയുടെ രേഖകൾ പൊതുമരാമത്ത് വകുപ്പിന് കൈമാറുന്ന മുറയ്ക്ക് പണി പൂർത്തീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകേണ്ടതുണ്ട്.

(സി) കേസ്സുകൾ തീർപ്പാക്കിയിട്ടുള്ളതാണ്.

(ഡി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭൂമിയേറ്റെടുക്കൽ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതാണ്.

## മാനന്തവാടി മണ്ഡലത്തിലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതികൾ

222 (2457) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന മാനന്തവാടി മണ്ഡലത്തിലെ റോഡുകൾ ഏതെല്ലാം;

(ബി) മേൽ റോഡുകളുടെ പണികൾ നിലവിൽ ഏതുഘട്ടം വരെയായി;

(സി) നിർമ്മാണത്തിന് തടസ്സം നേരിടുന്ന റോഡുകൾ ഏതെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ ദുരന്ത നിവാരണ/ പ്രതികരണ പ്രവൃത്തികൾ അനുവദിക്കുന്നതിനോ ഫണ്ട് അനുവദിക്കുന്നതിനോ വ്യവസ്ഥയില്ല.

## റഗുലേറ്റഡ് മാർക്കറ്റിനുവേണ്ടി പേരാമ്പ്രയിൽ അക്വയർ ചെയ്തിരുന്ന ഭൂമി

223 (2458) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റഗുലേറ്റഡ് മാർക്കറ്റിനുവേണ്ടി പേരാമ്പ്രയിൽ അക്വയർ ചെയ്തിരുന്ന ഭൂമി പേരാമ്പ്ര പഞ്ചായത്തിന് നൽകണമെന്ന പഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനം സർക്കാരിന് ലഭിച്ചിരുന്നുവോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനം പരിഗണിച്ച് പ്രസ്തുത സ്ഥലം പേരാമ്പ്ര പഞ്ചായത്തിന് നൽകുന്നതിന് നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

പഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനം കോഴിക്കോട് ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ട്, ആയതിന്മേൽ നടപടി സ്വീകരിച്ചു വരുന്നു.

## മൂന്നാറിൽ അനധികൃത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ നോട്ടീസ്

224 (2459) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിൽ അനധികൃത കെട്ടിട നിർമ്മാണം, സർക്കാർ ഭൂമി കയ്യേറ്റം എന്നിവയുമായി ബന്ധപ്പെട്ട് എത്രപേർക്ക് സർക്കാർ നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൻ പ്രകാരം ആകെയുള്ള അനധികൃത കെട്ടിടങ്ങൾ, കയ്യേറ്റഭൂമി എന്നിവ തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) 126 അനധികൃത നിർമ്മാണങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതും അനധികൃത കയ്യേറ്റങ്ങൾക്കെതിരെ കേരള ഭൂസംരക്ഷണ നിയമം, കെ.ഡി.എച്ച്. നിയമം എന്നിവ പ്രകാരം ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചുവരുന്നതുമാണ്.

(ബി) അനധികൃത കയ്യേറ്റം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെയും കയ്യേറ്റ ഭൂമിയുടെയും വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## മൂന്നാറിൽ സ്റ്റോപ്പ് മെമ്മോ മറികടന്ന് നിർമ്മാണം പൂർത്തിയാക്കിയ റിസോർട്ടുകൾ

225 (2460) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിലും പരിസരപ്രദേശങ്ങളിലും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കയ്യേറ്റ ഭൂമിയിൽ ഭൂമാഫിയ വൻകിട കെട്ടിടങ്ങൾ കെട്ടിപ്പൊക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്റ്റോപ്പ് മെമ്മോ മറികടന്ന് നിർമ്മാണം പൂർത്തിയാക്കിയ റിസോർട്ടുകൾ ലൈസൻസ് സ്വന്തമാക്കിയിട്ടുണ്ടോ;

(സി) മൂന്നാറിൽ എത്ര റിസോർട്ടുകൾക്കാണ് നിലവിൽ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളത്;

(ഡി) അനധികൃത നിർമ്മാണം നടത്തിയ എത്ര റിസോർട്ടുകൾക്കും വൻകിട കെട്ടിടങ്ങൾക്കുമാണ് ഈ സർക്കാർ അധികാരമേറ്റശേഷം നിലവിൽ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളത് ; പൊളിച്ചുനീക്കിയതെത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കയ്യേറ്റഭൂമിയിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ അനധികൃതമായി വൻകിട കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. എന്നാൽ പട്ടയ ഭൂമിയിൽ നിയമാനുസൃതമായ അനുമതികൾ ഇല്ലാതെ വൻകിട കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. സർക്കാർ ഭൂമി കയ്യേറി വ്യാജ പട്ടയം സമ്പാദിച്ച് അനധികൃതമായി വൻകിട കെട്ടിട നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് അന്വേഷണം നടത്തിവരുന്നു.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി&ഡി) വാണിജ്യാവശ്യങ്ങൾക്കായി പട്ടയഭൂമിയിൽ നിയമാനുസൃതമായ അനുമതികൾ ഇല്ലാതെ അനധികൃതമായി നിർമ്മാണം നടത്തിയ 66 കെട്ടിടങ്ങൾക്ക് നിലവിൽ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതാണ്. കെട്ടിടങ്ങൾ ഒന്നും പൊളിച്ചു നീക്കിയിട്ടില്ല.

**ഭൂമാഫിയയെ സഹായിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി**

226 (2461) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിലെ സർക്കാർ ഭൂമി കയ്യേറുന്ന ലോബികളെ ചില ഉദ്യോഗസ്ഥർ സഹായിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കുമോ;

(സി) ഭൂമാഫിയയെ സഹായിക്കുന്ന ഉദ്യോഗസ്ഥർ പല രജിസ്റ്ററുകളും നഷ്ട പ്പെടുത്തുന്നതിനും നശിപ്പിക്കുന്നതിനും കാരണമായിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മൂന്നാറിൽ ഭൂമാഫിയയ്ക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുവാൻ സർക്കാർ തയ്യാറാകുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) മേൽ വിഷയം സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. എന്നാൽ മൂന്നാറിലെ പാരിസ്ഥിതിക വിഷയത്തെ സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

(സി) ചില റവന്യൂ ആഫീസുകളിൽ അടിസ്ഥാന ഭൂരേഖകൾ ലഭ്യമല്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇത്തരത്തിൽ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഇക്കാനഗറിൽ സർക്കാർ ഭൂമി തിരിച്ച് പിടിക്കുന്നതിന് നടപടി**

227 (2462) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ ടൗണിലെ ഇക്കാനഗറിൽ 10 ഏക്കർ സർക്കാർ ഭൂമി സി.പി.എം. നേതാക്കളുൾപ്പെടെയുള്ളവർ കയ്യേറി പാർട്ടിഗ്രാമമാക്കിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതൊക്കെ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള ഭൂമിയാണ് ഇപ്രകാരം കയ്യേറിയിട്ടുള്ളത്;

(സി) കയ്യേറ്റക്കാരെ ഒഴിപ്പിച്ച് സർക്കാർ ഭൂമി തിരിച്ച് പിടിക്കുന്നതിന് റവന്യൂ വകുപ്പ് ഇതിനകം കൈകൊണ്ട നടപടി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മൂന്നാർ ഇക്കാനഗറിൽ സർക്കാർ ഭൂമിയിൽ അനധികൃത കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

(ബി) കെ.എസ്.ഇ.ബി., ആഭ്യന്തരം, റവന്യൂ, പി.ഡബ്ല്യൂ.ഡി. എന്നീ വകുപ്പുകളുടെ ഭൂമിയിൽ അനധികൃത കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മൂന്നാറിൽ കെ.എസ്.ഇ.ബി. വകയായുള്ള സ്ഥലത്ത് പല കയ്യേറ്റങ്ങളും ഒഴിപ്പിച്ചിട്ടുള്ളതും, അവയിൽ ചില കേസ്സുകൾ സംബന്ധിച്ച് വിവിധ കോടതികളിൽ കേസ്സുകൾ നിലവിലുള്ളതിനാൽ ഒഴിപ്പിക്കൽ നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതുമാണ്. ഈ മേഖലയിലെ കയ്യേറ്റങ്ങൾ യഥാസമയം തിട്ടപ്പെടുത്തുന്നതിനായി ദേവികുളം സബ് കളക്ടറുടെ കീഴിൽ ഒരു സർവ്വേ സംഘത്തെ നിയോഗിച്ചിട്ടുള്ളതാണ്. പള്ളിവാസൽ വില്ലേജിൽ, കെ.എസ്.സി.ബി. വക ഭൂമി, ബോർഡ് മറ്റ് വകുപ്പുകൾക്ക് കൈമാറി നൽകിയ ഭൂമി, അത്തരം ഭൂമിയിലെ പട്ടയങ്ങൾ, അനധികൃത നിർമ്മിതികൾ എന്നിവയുടെ നിജസ്ഥിതി സംബന്ധിച്ച് റവന്യൂ റിക്കോർഡുകൾ പ്രകാരം അന്വേഷണം നടന്നുവരുന്നു.

## ഉള്ളൂർക്കടവ് പാലത്തിനായി സ്ഥലമേറ്റെടുക്കൽ

228 (2463) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിലെ പ്രധാന പാലം പദ്ധതിയായ ഉള്ളൂർക്കടവ് പാലത്തിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പിൽ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ ;

(ബി) നേരത്തെ സ്ഥലമുടമകൾക്ക് പാരിതോഷികം അനുവദിച്ച സർക്കാർ ഉത്തരവനുസരിച്ച് കളക്ടറേറ്റിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(സി) കളക്ടറേറ്റിലും റവന്യൂ വകുപ്പിലും ഈ പാലത്തിന്റെ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്; ഇത് സമയബന്ധിതമായി എപ്പോൾ പൂർത്തിയാകും;

(ഡി) ഉഭയ കക്ഷി ചർച്ചയിലൂടെ പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ കഴിയുമോ എന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആ നിലയിൽ നടപടികൾക്ക് വേഗം കൂട്ടി പാലം നിർമ്മാണം യാഥാർത്ഥ്യമാക്കുമോ?

ഉത്തരം

(എ-ഡി) കോഴിക്കോട് ജില്ലയിൽ ഉള്ളൂർകടവ് പാലവും അനുബന്ധ റോഡും നിർമ്മിക്കുന്നതിനായി ഉഭയകക്ഷി സമ്മതപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ ജില്ലാതല പർച്ചേസ് കമ്മിറ്റി കൂടുകയുണ്ടായി. പ്രസ്തുത കമ്മിറ്റി ശിപാർശ ചെയ്ത വില എസ്.എൽ.ഇ.സി. അംഗീകരിച്ച് ഉത്തരവായെങ്കിലും നഷ്ടപരിഹാര തുക നൽകുന്നതിനാവശ്യമായ

ഫണ്ട് യഥാസമയം ലഭിക്കാത്തതിനാൽ എൽ.എ. നടപടി 27-3-2015-ൽ കാലഹരണപ്പെട്ടു. തുടർന്ന് പുതിയ അർത്ഥന 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ സെക്ഷൻ 17 (4) പ്രകാരം 20-8-2016-ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചെങ്കിലും 1-1-2014-ലെ എൽ.എ.ആർ.ആർ. അക്ട്, 2013, എൽ.എ.ആർ.ആർ റൂൾസ്, 2015 എന്നിവ നിലവിൽ വന്നതിനാൽ പ്രസ്തുത നിയമത്തിലെ മാനദണ്ഡങ്ങൾക്ക് വിധേയമായ രേഖകൾ ഹാജരാക്കാതിരുന്നതിനാൽ ഭൂമി ഏറ്റെടുക്കാൻ സാധിച്ചില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ്.

**തിരുവനന്തപുരം ജില്ലയിൽ പുതിയ റവന്യൂ ഡിവിഷൻ**

229 (2464) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ പുതുതായി റവന്യൂ ഡിവിഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും സർക്കാരിന് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ ഏതൊക്കെ കേന്ദ്രങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ; ആയതിൽ ഏതൊക്കെ താലൂക്കുകളാണ് ഉൾപ്പെട്ടിട്ടുള്ളത്;

(ബി) ഇതുസംബന്ധിച്ച തീരുമാനവും പ്രഖ്യാപനവും വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിൽ തിരുവനന്തപുരം ജില്ലയിലെ നിലവിലെ റവന്യൂ ഡിവിഷൻ ആസ്ഥാനം കഴക്കൂട്ടത്തേയ്ക്ക് മാറ്റി ആയതിൽ തിരുവനന്തപുരം, ചിറയൻകീഴ്, വർക്കല എന്നീ താലൂക്കുകളെ ഉൾപ്പെടുത്താമെന്നും പുതുതായി രൂപീകരിക്കാനുദ്ദേശിക്കുന്ന റവന്യൂ ഡിവിഷന്റെ ആസ്ഥാനം കാട്ടാക്കട ആയി നിശ്ചയിച്ചും ആയതിൽ നെടുമങ്ങാട്, കാട്ടാക്കട, നെയ്യാറ്റിൻകര താലൂക്കുകളെ ഉൾപ്പെടുത്താമെന്നുമാണ് ശിപാർശ ചെയ്തിട്ടുള്ളത്.

(ബി) ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**തിരുവനന്തപുരം ജില്ലയിൽ റവന്യൂ ഡിവിഷൻ**

230 (2465) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ അനുവദിച്ച റവന്യൂ ഡിവിഷൻ ഓഫീസ് സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പുതിയതായി അനുവദിച്ച റവന്യൂ ഡിവിഷണൽ ഓഫീസിന്റെ ആസ്ഥാനം എവിടെയാണെന്നത് സംബന്ധിച്ച് തീരുമാനമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) തിരുവനന്തപുരം ജില്ലയിൽ റവന്യൂ ഡിവിഷൻ ആസ്ഥാനം എവിടെയാണെന്നത് സംബന്ധിച്ച അന്തിമ തീരുമാനം എടുത്തിട്ടില്ല.

**മതപരിവർത്തനം നടത്തുന്നവരുടെ സർട്ടിഫിക്കറ്റ്**

231 (2466) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മതപരിവർത്തനം നടത്തുന്നവർക്ക് അത് സംബന്ധിച്ച് സർട്ടിഫിക്കറ്റ് നൽകാൻ അധികാരപ്പെട്ട സ്ഥാപനങ്ങൾ എതൊക്കെയാണ് ;

(ബി) ഇവർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരിവർത്തകർക്ക് അയാളുടെ പേരും മതവും മാറ്റുന്നതിന് ഗസറ്റ് വിജ്ഞാപനം ആവശ്യമായിട്ടുണ്ടോ; എങ്കിൽ ഗസറ്റ് വിജ്ഞാപനം നടത്തുവാനായി മതപരിവർത്തനം ചെയ്യുന്നയാൾ മറ്റ് രേഖകൾക്കൊപ്പം പുതിയ മതം സ്വീകരിക്കുന്ന തീയതി വരെ പഴയ മതവിശ്വാസിയായും മതം മാറിയശേഷം അധികാരപ്പെട്ട സ്ഥാപനത്തിൽ നിന്ന് സർട്ടിഫിക്കറ്റ് ലഭിച്ച തീയതി മുതൽ പുതിയ മതവിശ്വാസിയായും താമസിക്കുന്ന സ്ഥലത്തെ വില്ലേജ് ഓഫീസറിൽനിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ടോ;

(സി) എങ്കിൽ വില്ലേജാഫീസർമാർ ഈ സർട്ടിഫിക്കറ്റ് നൽകുന്നത് എന്ത് അടിസ്ഥാനത്തിലാണ്;

(ഡി) ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിന് വില്ലേജാഫീസർമാർക്ക് പുറമേ മറ്റാർക്കൊക്കെ അധികാരമുണ്ട്;

(ഇ) ചില വില്ലേജാഫീസർമാർ ഇപ്രകാരമുള്ള സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ മതപരിവർത്തകരെ ബുദ്ധിമുട്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(എഫ്) എങ്കിൽ അപേക്ഷകനെ നന്നായി അറിയാവുന്ന രണ്ട് ഗസറ്റഡ് ഓഫീസർമാർ ഇതിന് സർട്ടിഫൈ ചെയ്യുന്നതിലെ അപാകത എന്താണ്; വ്യക്തമാക്കുമോ:

(ജി) ഗസറ്റഡ് ഓഫീസർമാരുടെ സർട്ടിഫിക്കറ്റ് രേഖയായി സ്വീകരിച്ച് ഗസറ്റ് വിജ്ഞാപനം നടത്താൻ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുമോ:

<u>ഉത്തരം</u>

(എ) മതപരിവർത്തനം നടത്തുന്നവർക്ക് ഗസറ്റ് നോട്ടിഫിക്കേഷൻ നൽകുന്നതിനായി അതുസംബന്ധിച്ച സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം റവന്യൂ വകുപ്പിലെ തഹസിൽദാരുടെ റാങ്കിൽ കുറയാത്ത ആഫീസർമാർക്കാണ്.

(ബി) ഗസറ്റ് വിജ്ഞാപനം ആവശ്യമാണ്. നിലവിലുള്ള പരിവർത്തനത്തിനു മുമ്പുള്ള മതം /ജാതി എന്നിവ തെളിയിക്കുന്ന വില്ലേജാഫീസറുടെ ഒറിജിനൽ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് Printing and Stationary(Printing) ഡയറക്ടറുടെ " കേരള ഗസറ്റ് ഭാഗം IV- ൽ പരസ്യങ്ങൾ നൽകുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ "ൽ പറയുന്നു.

(സി) അപേക്ഷകർ ഹാജരാക്കുന്ന രേഖകളുടെയും വിശദമായ പ്രാദേശിക അന്വേഷണത്തിന്റെയും അടിസ്ഥാനത്തിലാണ് സർട്ടിഫിക്കറ്റ് നൽകുന്നത്.

(ഡി) മറ്റാർക്കും അധികാരം നൽകിയിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്&ജി) വിശദമായ പ്രാദേശിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് വില്ലേജ് ആഫീസർമാർ സർട്ടിഫിക്കറ്റ് നൽകുന്നത്. ആയതിനാൽ ഗസറ്റഡ് ആഫീസർമാരെ ഇങ്ങനെയൊരു സർട്ടിഫിക്കറ്റ് നൽകാൻ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച് ഒരു നിർദ്ദേശവും ഇപ്പോൾ പരിഗണനയിലില്ല.

## ചാലക്കുടിപ്പുഴ സംരക്ഷിക്കുന്നതിനായി റിവർ മാനേജ്മെന്റ് ഫണ്ട്

232 (2467) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17 വർഷത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ചാലക്കുടിപ്പുഴ സംരക്ഷിക്കുന്നതിനായി, എന്തെങ്കിലും പ്രവൃത്തികൾക്ക്, അനുമതി നൽകുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടുണ്ടോ ;

(ബി) ചാലക്കുടിപ്പുഴയുടെ വിവിധ ഭാഗങ്ങളിൽ തീരം കെട്ടി സംരക്ഷിക്കുന്നതിനും കടവുകൾ കെട്ടി സംരക്ഷിക്കുന്നതിനുമായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ അനുമതി നൽകുന്നതിനായി സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി സമർപ്പിച്ചിട്ടുള്ള ഏതെല്ലാം പ്രോജക്റ്റുകളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-2017 വർഷത്തിൽ അനുമതി ഒന്നും നൽകിയിട്ടില്ല.

(ബി) ചാലക്കുടിപ്പുഴയുടെ തീര സംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിൽ ലഭിച്ചിട്ടുള്ള വിവിധ ശിപാർശകളിൽ ആവശ്യമായ പരിശോധന നടത്തി നടപടി സ്വീകരിക്കുന്നതാണ്.

(സി) താഴെപ്പറയുന്ന ശിപാർശകൾ ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ചിട്ടുള്ളതാണ്.

| | | |
|---|---|---|
| 1 | Protection works to the eroded right bank of Chalakudy river between Vettukadavu bridge and Kodapuzha check dam in Chalakudy Muncipality including construction of Ambalakadavu of Kodapuzha Durga Bhagavathi Temple. | ₹ 20,00,000 |
| 2 | Protection works to the eroded right bank of Chalakudy river of Veloorkkara pump house and construction of kadavu in paryaram panchayath. | ₹ 19,50,000 |
| 3 | Protection works to the eroded right bank of Chalakudy river upstream of hospital kadavu in Chalakudy Muncipality. | ₹ 34,00,000 |
| 4 | Protection works to the eroded right bank of Chalakudy river down stream of Malakkaran Kadavu in Chalakudy Muncipality. | ₹ 40,00,000 |

| | | |
|---|---|---|
| 5 | Construction of Kadavu with platform Kudungapuzha Siva Temple in Kadukutty Panchayath on the left bank of Chalakudy river including protection work. | ₹ 12,85,000 |
| 6 | Protection works to the eroded right bank of Chalakudy river down stream of Kombanpara check dam including construction of ramps and stabilizing the upstream side of bund of check dam in Meloor Panchayath. | ₹ 27,00,000 |

**പാപ്പാത്തിച്ചോല ഭൂമി കയ്യേറ്റം**

233 (2468) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിലെ പാപ്പാത്തിച്ചോലയിൽ സർക്കാർ ഭൂമി കയ്യേറിയവരെ ഒഴിപ്പിച്ച് ഭൂമി വീണ്ടെടുക്കൽ പ്രക്രിയ പൂർത്തിയായിട്ടുണ്ടോ;

(ബി) എത്ര ഭൂമിയാണ് ഇവിടെ വീണ്ടെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉടുമ്പൻചോല താലൂക്കിൽ, ചിന്നക്കനാൽ വില്ലേജിലെ പാപ്പാത്തിച്ചോലയിൽ സർക്കാർ ഭൂമി കയ്യേറിയവരെ ഒഴിപ്പിച്ച് ഭൂമി വീണ്ടെടുക്കൽ പ്രക്രിയ പൂർത്തിയായിട്ടുണ്ട്.

(ബി) ഉദ്ദേശം 300 ഏക്കറോളം ഭൂമിയാണ് ഇവിടെ വീണ്ടെടുത്തിട്ടുള്ളത്. സർവ്വേ നടപടികൾ പൂർത്തിയായിട്ടില്ലാത്തതാണ്. സർക്കാർ പുറമ്പോക്ക് ഭൂമിയിൽ സർവ്വേ നമ്പർ 34/1 ൽപ്പെട്ട ഭൂമിയാണ് വീണ്ടെടുത്തിട്ടുള്ളത്.

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ**
**സർക്കാർ ഭൂമി കയ്യേറ്റം**

234 (2469) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ പഞ്ചായത്തിലെ മാവിളകടവ് മുതൽ പൊഴിയൂർ വരെയുള്ള പ്രദേശത്ത് പ്രവർത്തിക്കുന്ന റിസോർട്ടുകൾ സർക്കാർഭൂമി വ്യാപകമായി കയ്യേറിയതായി പറയപ്പെടുന്ന ആരോപണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ഏതൊക്കെ റിസോർട്ടുകളാണ് റവന്യൂ ഭൂമി കയ്യേറ്റം നടത്തിയിട്ടുള്ളത്;

(സി) പ്രസ്തുത ഭൂമി കയ്യേറ്റത്തെക്കുറിച്ച് നെയ്യാറ്റിൻകര താലൂക്ക് അധികാരികൾ, കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ഡി) ഈ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് റീസർവ്വേ നടത്തി, ഭൂമി തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കുമോ; നടപടി സ്വീകരിക്കാൻ ആരെയാണ് ചുമതല പെടുത്തുന്നതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് നെയ്യാറ്റിൻകര അഡീഷണൽ തഹദീൽദാർ മുഖേന അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) ഐസോളൊ -ഡി കൊക്കോ, ഭാസുരം റിസോർട്ട്, എസ്റ്റൂരി റിസോർട്ട് എന്നീ റിസോർട്ടുകൾ റവന്യൂ ഭൂമി കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) റിപ്പോർട്ട് നല്കിയിട്ടുണ്ട്.

(ഡി) പ്രസ്തുത കയ്യേറ്റവുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര താലൂക്കാഫീസിലെ സർവ്വെയർ മുഖേന സർവ്വേ നടപടികൾ നടത്തി സർക്കാർ ഭൂമി അളന്ന് കയ്യേറ്റം തിട്ടപ്പെടുത്തുകയും കയ്യേറ്റം വ്യക്തമാക്കുന്ന സ്കെച്ച് തയ്യാറാക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത സ്കെച്ചിന്റെ പകർപ്പ് സഹിതം കുളത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതാണ്.

**അംഗപരിമിതർക്ക് മാറ്റിവച്ച ഡെപ്യൂട്ടി കളക്ടർ തസ്തികകൾ**

235 (2470) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (പി)13/2000/എസ്.ഡബ്ല്യു.ഡി. തീയതി 19-6-2000 പ്രകാരം അംഗപരിമിതർക്ക് 1-1-2004 മുതലുള്ള ഒഴിവുകൾ നീക്കിവച്ച് പി.എസ്.സി.-യെ അറിയിക്കണമെന്ന് നിർദ്ദേശിച്ചതനുസരിച്ച് റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി കളക്ടർ തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം 1-1-2004 മുതലുള്ള ഡെപ്യൂട്ടി കളക്ടർ തസ്തികയിലെ അംഗപരിമിതർക്കുള്ള ഒഴിവുകൾ പി.എസ്.സി.-യെ അറിയിച്ചിട്ടില്ലെന്ന് പി.എസ്.സി. റവന്യൂ വകുപ്പിന് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഇതുവരെ പി.എസ്.സി. മുഖേന ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്; നിലവിലെ വ്യവസ്ഥകൾ പ്രകാരം ഇതിൽ എത്ര അംഗപരിമിതർക്ക് നിയമനം നൽകേണ്ടതായിരുന്നു; എന്തുകൊണ്ടാണ് നിയമനം നൽകാതിരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതുസംബന്ധിച്ച് കോടതി നിർദ്ദേശങ്ങളോ ഉത്തരവുകളോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരാതികൾ സർക്കാരിന്റെ മുന്നിൽ ലഭിച്ചിട്ടുണ്ടോ ;

(ഇ) അംഗപരിമിതർക്ക് കേന്ദ്രനിയമപ്രകാരവും ബഹു. സുപ്രീംകോടതി വിധിപ്രകാരവും 1996 മുതലുള്ള മുൻകാല ഒഴിവുകൾ കണക്കാക്കി നിയമനം നൽകണമെന്ന് വ്യവസ്ഥയുണ്ടായിട്ടും ഡെപ്യൂട്ടി കളക്ടർ തസ്തികയുടെ കാര്യത്തിൽ ഇക്കാര്യം നടപ്പാക്കാത്തതെന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(എഫ്) നിലവിൽ ഡെപ്യൂട്ടി കളക്ടർ റാങ്ക് പട്ടികയിൽ ഉള്ള അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക് റാങ്ക് പട്ടികയുടെ കാലാവധി കഴിയുംമുമ്പ് നിയമനം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ലാന്റ് റവന്യൂ വകുപ്പിലെ നേരിട്ടുള്ള നിയമനം വഴി നികത്തപ്പെടേണ്ട ഡെപ്യൂട്ടി കളക്ടർമാരുടെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ അംഗപരിമിതരെന്നോ പൊതുവിഭാഗമെന്നോ വേർതിരിച്ച് റിപ്പോർട്ട് ചെയ്യാറില്ല. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം വിവിധ വിഭാഗങ്ങൾക്കുള്ള ടേൺ അനുസരിച്ച് നിയമന ശിപാർശ നൽകേണ്ടത് പി.എസ്.സി.-യാണ്.

(ബി) ഇത് സംബന്ധിച്ച് കത്തുകളൊന്നും ലഭിച്ചിട്ടില്ല.

(സി) 15-7-1977 മുതലാണ് ഡെപ്യൂട്ടി കളക്ടർ തസ്തികയ്ക്കായി വേക്കൻസികൾ പി.എസ്.സി മുഖേനയുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്തു തുടങ്ങിയത്. അന്നുമുതൽ നാളിതുവരെ 83 വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള നിയമപ്രകാരം 1-1-2008 മുതൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള വേക്കൻസികൾക്കാണ് ഭിന്നശേഷി ക്കാർക്കായുള്ള 3% സംവരണം ബാധകമാക്കിയിരിക്കുന്നത്. 1-1-2008 മുതലുള്ള വേക്കൻസികൾക്കാണ് നിലവിൽ PH സീരിയൽ നമ്പർ ഇടുന്നത്. ആയത് പ്രകാരം PH സീരിയൽ നമ്പർ 16-ലാണ് നിൽക്കുന്നത്. നിലവിലുള്ള നിയമപ്രകാരം PH സീരിയൽ നമ്പർ 33-ലെത്തുമ്പോൾ മാത്രമേ അംഗപരിമിതർക്ക് നിയമനത്തിന് അർഹതയുള്ളൂ. ഇക്കാര്യം പി.എസ്.സി സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഡി) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിക്കൊണ്ടുള്ള കോടതി ഉത്തരവുകളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല.

(ഇ&എഫ്) നിലവിലുള്ള 19-7-2008 തീയതിയിലെ സ.ഉ.(പി) നമ്പർ 46/08/ എസ്.ഡബ്ല്യൂ.ഡി 7-5-2011 തീയതിയിലെ സ.ഉ.(എംഎസ്)നമ്പർ29/11/ എസ്.ഡബ്യ.ഡി എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് അംഗപരിമിതർക്ക് സംവരണാടിസ്ഥാനത്തിലുള്ള നിയമനം നൽകിവരുന്നത്. മറിച്ചുള്ള ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല. നിലവിലുള്ള ഉത്തരവുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സംവരണതത്വങ്ങൾ പാലിച്ചുകൊണ്ട് ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്നത് പി.എസ്.സി. ആണ്.

**വരൾച്ചക്കെടുതി വിലയിരുത്തുവാൻ വന്ന കേന്ദ്രസംഘം**

236 (2471) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരൾച്ചക്കെടുതി വിലയിരുത്തുവാൻ വന്ന കേന്ദ്രസംഘം സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളാണ് സന്ദർശിച്ചത്;

(ബി) വരൾച്ചക്കെടുതിയുടെ രൂക്ഷമായ സാഹചര്യം കേന്ദ്രസംഘത്തെ ബോദ്ധ്യപ്പെടുത്തി അർഹമായ സഹായം ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) എത്രകോടി രൂപയുടെ നഷ്ടം സംസ്ഥാനത്തുണ്ടായി എന്നാണ് കേന്ദ്രസംഘത്തെ ബോദ്ധ്യപ്പെടുത്തിയത്?

<u>ഉത്തരം</u>

(എ) വരൾച്ചക്കെടുതി വിലയിരുത്തുവാൻ വന്ന കേന്ദ്രസംഘം സംസ്ഥാനത്ത് താഴെപ്പറയുന്ന സ്ഥലങ്ങൾ സന്ദർശിച്ചു.

<u>പാലക്കാട്</u> :

മംഗലം പാലം, എരിമയൂർ പഴയ പാലം, എരിമയൂർ ചെക്ക് ഡാം, നിരക്കോട് പാലം, ചുള്ളിയാർ ഡാം, കംബ്രാത് ചാല പാലം, മേനോൻ പാറ പാലം, BEML, NIDA പാലം ചെക്ക് ഡാം, മലമ്പുഴ ഡാം.

<u>മലപ്പുറം</u> :

തിരുവേങ്ങപ്പുര, വളാഞ്ചേരി, കുറ്റിപ്പുറം, തിരുനാവായ, ഭാരതപ്പുഴ.

<u>വയനാട്</u> :

പുൽപ്പള്ളി, മുള്ളൻകൊല്ലി, വണ്ടികടവ്.

തൃശ്ശൂർ :

നെട്ടിശ്ശേരി പാടം, തിരുവില്വാമല.

എറണാകുളം :

ആലുവ പമ്പിങ്ങ് സ്റ്റേഷൻ, പുത്തൻവേലിക്കര, താഴത്തുപാടം, കുന്നുകര.

തിരുവനന്തപുരം :

പൂവൻപാറ, വാമനപുരം നദി, ചങ്ങാട്ട് ഏല, വെള്ളല്ലൂർ ഏല, പഴയകുന്നുമ്മേൽ ഏല, കിളിമാനൂർ ചിറ്റാർ നദി, വാമനപുരം ഏല, നെല്ലനാട് ഏല, പെരിങ്ങമ്മല ഏല, വിതുര.

(ബി&സി) കേന്ദ്ര വരൾച്ചാ സ്ഥിതിവിലയിരുത്തൽ സംഘത്തെ പാലക്കാട്, മലപ്പുറം, വയനാട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം, എന്നീ ജില്ലകളിലെ വരൾച്ചാ ബാധിതമായ വിവിധ പ്രദേശങ്ങളിലെ കൃഷിനാശവും കുടിവെള്ള ക്ഷാമവും കന്നുകാലി കർഷകർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളും, നേരിൽ കാണിച്ച് ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സംഘത്തിന് സമർപ്പിച്ച വരൾച്ചാ മെമ്മോറാണ്ടം മുഖേന സംസ്ഥാനത്തിന് 992.5 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി അറിയിച്ചിട്ടുണ്ട്.

## കായംകുളം താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം

237 (T* 2472) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം താലൂക്ക് രൂപീകരണം പരിഗണിക്കുന്നതിന് ഈ സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

കായംകുളം ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപീകരിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## വില്ലേജ് ഓഫീസുകളിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന മാത്രം അപേക്ഷ സ്വീകരിക്കുന്നത് ജനങ്ങൾക്കുണ്ടാക്കുന്ന ബുദ്ധിമുട്ട്

238 (2473) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഓഫീസുകൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന മാത്രം അപേക്ഷ സ്വീകരിക്കുന്നത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) അക്ഷയകേന്ദ്രങ്ങളിൽ അപേക്ഷ സ്വീകരിക്കുന്നതിന് ജനങ്ങളിൽ നിന്നും അമിത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആവശ്യപ്പെടുന്ന സർട്ടിഫിക്കറ്റുമായി യാതൊരു ബന്ധമില്ലാത്ത നിരവധി രേഖകൾ ഓൺലൈൻ ആയി സ്കാൻ ചെയ്ത് എൻട്രി ചെയ്യുന്നതിന് അക്ഷയ കേന്ദ്രങ്ങൾ ശ്രമിക്കുന്നതുവഴി പൊതുജനങ്ങൾക്ക് അനാവശ്യമായി അമിത തുക നൽകേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അക്ഷയകേന്ദ്രങ്ങളിൽ ഈടാക്കുന്ന അതേ ഫീസ് ഈടാക്കിക്കൊണ്ട് വില്ലേജോഫീസ്-താലൂക്കോഫീസ് എന്നിവിടങ്ങളിൽ ദിവസവേതന അടിസ്ഥാനത്തിൽ ഡേറ്റാ- എൻട്രി- ഓപ്പറേറ്റർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ സർക്കാരിന് അധിക ബാധ്യത ഇല്ലാതെതന്നെ ജനങ്ങൾക്ക് വേഗത്തിൽ അപേക്ഷ സമർപ്പിക്കുന്നതിനും അക്ഷയകേന്ദ്രങ്ങളുടെ ചൂഷണത്തിൽ നിന്നും മുക്തി നേടുന്നതിനും കഴിയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പൊതുജനങ്ങൾക്ക് നേരിട്ട് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) ഇല്ല.-ഇഡിസ്ട്രിക് പദ്ധതി വഴി നൽകുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകൾ മാത്രമാണ് അക്ഷയ കേന്ദ്രങ്ങൾ മുഖേന സ്വീകരിക്കുന്നത്. പൊതുജനങ്ങൾക്ക് നേരിട്ട് ഓൺലൈനായും അപേക്ഷ സമർപ്പിക്കുവാനുള്ള സൗകര്യവും നിലവിലുണ്ട്.

(ബി) ഇല്ല. ഫീസ് നിരക്കുകൾ പ്രദർശിപ്പിക്കണമെന്ന് അക്ഷയ കേന്ദ്രങ്ങൾക്ക് അക്ഷയ ഡയറക്ടർ വഴി നിർദ്ദേശം നല്കിയിട്ടുള്ളതാണ്.

(സി) ഇല്ല. ഓരോ സർട്ടിഫിക്കറ്റിനും ആവശ്യമായ അനുബന്ധ രേഖകളുടെ വിവരങ്ങൾ അക്ഷയ കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്.

(ഡി&ഇ) ഇത്തരത്തിലുള്ള ഒരു നിർദ്ദേശവും ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) പൊതുജനങ്ങൾക്ക് നേരിട്ട് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം ഇപ്പോൾത്തന്നെയുണ്ട്.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് & ഡിസാസ്റ്റർ മാനേജ്മെന്റ്

239 (2474) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിന് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് & ഡിസാസ്റ്റർ മാനേജ്മെന്റ് ആധുനികവൽക്കരിക്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ;

(ബി) കാര്യക്ഷമമായ റവന്യൂ ഭരണത്തിനായി ജീവനക്കാർക്ക് നല്കിവരുന്ന പരിശീലനം കാലാനുസൃതമായി പരിഷ്കരിക്കുവാൻ പദ്ധതിയുണ്ടോ;

(സി) റവന്യൂ വകുപ്പിലെ വിവിധ തസ്തികകളിൽ പി.എസ്.സി. വഴി നിയമനം ലഭിക്കുന്നവർക്ക്, ഓഫീസുകളിൽ നിയോഗിക്കുന്നതിന് മുമ്പ് ഐ.എൽ.ഡി.എം-ൽ പരിശീലനം നല്കുന്നത് ആലോചിക്കുമോ;

(ഡി) ഐ.എൽ.ഡി.എം-ൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്?

ഉത്തരം

(എ) നിലവിലെ സംവിധാനം പരിശീലനം നൽകുന്നതിന് പര്യാപ്തമാണ്.

(ബി) ശാസ്ത്രീയമായ പഠനം നടത്തി പരിശീലന പരിപാടികൾ ക്രമീകരിച്ചിട്ടുള്ളതാണ്.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) മേൽ വിഷയം സംബന്ധിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

## 2013-ലെ റൈറ്റ് ടു ഫെയർ കോംപൻസേഷൻ ആക്ടിന്റെ ചട്ടങ്ങളിൽ കടന്നുകൂടിയ തെറ്റ്

240 (2475) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2013-ലെ റൈറ്റ് ടു ഫെയർ കോംപൻസേഷൻ, ട്രാൻസ്പാരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആൻഡ് റീസെറ്റിൽമെന്റ് ആക്ടിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ 2015-ൽ പാസ്സാക്കിയ ചട്ടങ്ങളിൽ കടന്നുകൂടിയ വ്യാപകമായ തെറ്റ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് ഇതിന്മേൽ സ്വീകരിച്ചത്?

ഉത്തരം

2013-ലെ റൈറ്റ് ടു ഫെയർ കോംപൻസേഷൻ, ട്രാൻസ്പാരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് ആക്ടിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ 2015-ൽ പാസ്സാക്കിയ ചട്ടങ്ങളിൽ വ്യാപകമായ തെറ്റ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയമത്തിൽ 10(എ) എന്ന സെക്ഷൻ ordinance മുഖേന ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഈ ഓർഡിനൻസ് lapse ആകുകയും പ്രസ്തുത സെക്ഷന് നിയമസാധുത ഇല്ലാതാകുകയും ചെയ്തു. ചട്ടത്തിൽ രണ്ട് സ്ഥലത്ത് സെക്ഷൻ 10(എ) പരാമർശിച്ചിട്ടുള്ളത് ഒഴിവാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2015- ലെ ചട്ടങ്ങൾ നിയമവകുപ്പിന്റെ പരിശോധനയും അംഗീകാരവും ലഭ്യമാക്കി താൽക്കാലികമായി പ്രസിദ്ധീകരിക്കുകയും ആയതിന്മേലുള്ള ആക്ഷേപങ്ങൾ സമർപ്പിക്കാൻ സമയം നൽകുകയും അത്തരത്തിൽ ലഭ്യമായ ആക്ഷേപങ്ങൾ പരിശോധിച്ച് വീണ്ടും നിയമവകുപ്പിന്റെ പരിശോധനയ്ക്കും അംഗീകാരത്തിനും വിധേയമായാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

**ചെങ്ങന്നൂർ താലൂക്കിൽ കീഴ്ച്ചേരി മേൽമുറിയിൽ താമസ്സിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം**

241 (2476) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 30 വർഷത്തിലേറെയായി വീട് വച്ച് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ കീഴ്ച്ചേരിമേൽമുറിയിൽ 265/6 (പഴയ നമ്പർ 23/4) സർവ്വേ നമ്പരിൽ കഴിഞ്ഞ 30 വർഷത്തിലേറെയായി താമസിക്കുന്ന ചണ്ണത്തട്ടം കാലായിൽ ജാനകി കേശവൻ മുതൽ 7 കുടുംബങ്ങൾക്ക് പട്ടയം നൽകാത്തതിന്റെ കാരണം വിശദീകരിക്കുമോ;

(സി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എന്നത്തേയ്ക്ക് ഈ കുടുംബങ്ങൾക്ക് പട്ടയം നൽകാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ഭൂമി പതിവ് ചട്ടം 1964 സെക്ഷൻ 7(1) പ്രകാരം 1-8-1971-ന് മുമ്പുള്ള കൈവശക്കാർക്ക് ടി ഭൂമി പതിച്ച് നൽകുന്നതിന് മുൻഗണന നൽകിവരുന്നു. കേരള ഭൂമി പതിവ് ചട്ടം 1964, മുൻസിപ്പൽ പതിവ് ചട്ടം 1995 എന്നിവ പ്രകാരം

നിശ്ചിത വരുമാന പരിധിയിൽ കുറവുള്ള മറ്റ് ഭൂമി ഇല്ലാത്തവർക്ക് റോഡ്, തോട്, കായൽ, കുളം പുറമ്പോക്കുകളിൽപ്പെടാത്തതും, സർക്കാരിന്റെ ഭാവി വികസനത്തിന് ആവശ്യമില്ലാത്തതുമായ ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി പതിച്ച് നൽകി വരുന്നു.

(ബി) മൂന്ന് കേസ്സുകളിൽ അപേക്ഷ കക്ഷി മരണപ്പെട്ടിട്ടുള്ളതും ടി കേസ്സുകളിൽ അവകാശ തർക്കം നിലനിൽക്കുന്നതുമാണ്. രണ്ടു കേസ്സുകളിൽ ചെങ്ങന്നൂർ ഡിവിഷൻ ഓഫീസർ നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള കേസ്സുകളിൽ ഭൂമി പതിവിനുള്ള നടപടികൾ തുടർന്നുവരുന്നു.

(സി) അവകാശ തർക്കം നിലനിൽക്കുന്ന കേസ്സുകൾ ഒഴികെയുള്ളവയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി പട്ടയം നൽകുന്നതാണ്.

(ഡി) അവകാശ തർക്കം നിലനിൽക്കുന്ന കേസ്സുകൾ ഒഴികെയുള്ളവയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി നടപ്പു വർഷംതന്നെ പട്ടയം നൽകുന്നതാണ്.

**കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മൂന്നാറിൽ ഭൂമി കയ്യേറ്റങ്ങൾ**

242 (2477) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മൂന്നാറിൽ എത്ര ഭൂമി കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്;

(ബി) ഉണ്ടെങ്കിൽ ഈ കയ്യേറ്റങ്ങൾ എല്ലാം യഥാസമയം ഒഴിപ്പിച്ചിട്ടുണ്ടോ;

(സി) ഒഴിപ്പിച്ച ഭൂമി കയ്യേറ്റങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ഡി) സർക്കാർ ഭൂമി കയ്യേറിയത് സംബന്ധിച്ച് കഴിഞ്ഞ സർക്കാർ ആർക്കെങ്കിലും എതിരെ കേസെടുത്ത് നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മൂന്നാർ സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച് നടപടിയെടുക്കുവാൻ ഏതെങ്കിലും കമ്മീഷനെയോ സമിതിയെയോ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 43

(ബി) എല്ലാ കയ്യേറ്റങ്ങളും ഒഴിപ്പിച്ചിട്ടില്ല.

(സി) ദേവികുളത്ത് സർവ്വേ നമ്പർ 20/1-ൽ സർക്കാർ ക്വാർട്ടേഴ്സ് കയ്യേറിയത് ഒഴിപ്പിച്ചു. കുണ്ടള ഡാമിന് സമീപം അനധികൃതമായി സ്ഥാപിച്ച പെട്ടിക്കടകൾ ഒഴിപ്പിച്ചു. സർവ്വേ നമ്പർ 62-ൽ സർക്കാർ ക്വാർട്ടേഴ്സ് ഒഴിപ്പിച്ചു. സർവ്വേ നമ്പർ 179/2-ൽ സർക്കാർ പുറമ്പോക്ക് കയ്യേറിയ 8 പേരെ ഒഴിപ്പിച്ചു. സർവ്വേ നമ്പർ 59/1-ൽ സർക്കാർ പുറമ്പോക്ക് ഒഴിപ്പിച്ചു. സർവ്വേ നമ്പർ 68/10-ൽ സർക്കാർ ഭൂമി ഒഴിപ്പിച്ചു. സർവ്വേ നമ്പർ 475-ൽ കെ.എസ്.ഇ.ബി. വക സ്ഥലം കയ്യേറിയത് ഒഴിപ്പിച്ചു.

(ഡി) ഉണ്ട്.

(ഇ) ഇല്ല.

**റീ-സർവ്വേ പൂർത്തിയാക്കുന്നതിന് നടപടി**

243 (2478) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റീ സർവ്വേ പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) പ്രസ്തുത നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) റീസർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വ്യക്തമായ കർമ്മപദ്ധതി തയ്യാറാക്കി പൊതു ജന പങ്കാളിത്തത്തോടെ ആധുനിക സർവ്വേ ഉപകരണങ്ങളായ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം, ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ എന്നിവ ഉപയോഗിച്ച് കുറ്റമറ്റ രീതിയിൽ റീസർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

(ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 884 വില്ലേജുകളിൽ റീസർവ്വേ നടത്തി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* സംസ്ഥാനത്ത് കാസർഗോഡ് ജില്ലയിലെ 10 വില്ലേജുകളും മറ്റു ജില്ലകളിലെ 39 വില്ലേജുകളുടെയും റീസർവ്വേ നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആദിവാസി ജനവിഭാഗത്തിന്റെ കൈവശ ഭൂമിക്ക് പട്ടയം

244 (T* 2479) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി ജനവിഭാഗത്തിന്റെ കൈവശ ഭൂമിക്ക് പട്ടയം നൽകുന്നത് പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ എന്ന് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇതിന്റെ ഭാഗമായി എത്ര പേർക്ക് ഭൂമി ലഭ്യമാകും എന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്. 1993-ലെ കേരള ഭൂമിപതിവ് (1-1-1977-ന് മുൻപ് വനഭൂമി കൈവശം വയ്ക്കുന്നവർക്കുള്ള നിയമാവകാശം നൽകൽ) പ്രത്യേക ചട്ടങ്ങളിലെ ചട്ടം 2(എഫ്)-ലെ നിർവ്വചനത്തിന്റെ പരിധിയിൽ വരുന്ന ഭൂമി കൈവശം വച്ചുവരുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രസ്തുത കൈവശഭൂമിക്ക് ഇതിനകം കൈവശരേഖ നൽകിയിട്ടുണ്ടെങ്കിൽ ആയത് റദ്ദ് ചെയ്ത് മേൽ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടയം അനുവദി ക്കുന്നതിന് 27-4-2017-ലെ സ.ഉ.(സാധാ)നമ്പർ2023/2017/റവ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കണക്കാക്കിയിട്ടില്ല.

## റീ-സർവ്വേ കഴിഞ്ഞ വില്ലേജുകളിലെ റിക്കാർഡുകളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ

245 (2480) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീസർവ്വേ കഴിഞ്ഞ വില്ലേജുകളിൽ, റിക്കാർഡുകളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ അംഗീകരിക്കുന്നതിനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കാമോ;

(സി) റീസർവ്വേ അദാലത്ത് വഴി വരുത്തിയ മാറ്റങ്ങളിലെ അപാകത പരിഹരിക്കുന്നതിനുള്ള നടപടിക്രമങ്ങളും ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരാണെന്നും വ്യക്തമാക്കാമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) റീസർവ്വേ കഴിഞ്ഞ വില്ലേജുകളിൽ ഭൂമി സംബന്ധമായ പരാതികളും അപേക്ഷകളും ബന്ധപ്പെട്ട താലൂക്കിലെ അഡീഷണൽ തഹസിൽദാർക്കാണ് നൽകേണ്ടത്. സർവ്വേ സംബന്ധമായ പരാതികൾ അഡീഷണൽ തഹസിൽദാർ (എൽ.ആർ.) തന്റെ അധീനതയിലുള്ള സർവ്വേയർമാരെ ഏൽപ്പിക്കുകയും ഫീൽഡ് പരിശോധന നടത്തി അളവ് സംബന്ധിച്ച റിക്കാർഡുകൾ തയ്യാറാക്കി റിപ്പോർട്ട് സഹിതം നൽകുമ്പോൾ ആയതിലെ അവകാശ സംബന്ധിയായ കാര്യങ്ങളിൽ തഹസിൽദാർ(എൽ.ആർ.) തീരുമാനമെടുക്കുകയും സർവ്വേ പ്ലാൻ സംബന്ധിച്ച അംഗീകാരത്തിനായി ജില്ലാ സർവ്വേ സൂപ്രണ്ടിന് അയയ്ക്കുകയും സൂപ്രണ്ട് അംഗീകരിച്ച ശേഷം തഹസീൽദാർ(എൽ.ആർ.) നൽകുന്ന നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ വില്ലേജ് റിക്കാർഡുകളിൽ ആവശ്യമായ മാറ്റം വരുത്തുകയും ചെയ്തുവരുന്നു.

(ബി) പ്രസ്തുത നടപടിക്രമങ്ങൾ അംഗീകരിക്കുന്നതിനുള്ള അധികാരം 31-5-2010-ലെ ജി.ഒ.(എംഎസ്.)200/10/റവ. നമ്പർ ഉത്തരവ് പ്രകാരം തഹസിൽദാർ (എൽ.ആർ.) ൽ നിക്ഷിപ്തമാണ്.

(സി) 31-5-2010-ന് മുമ്പുള്ള അദാലത്ത് തീരുമാനങ്ങൾ സർവ്വേ വകുപ്പിലാണ് പുനഃപരിശോധന നടത്തിയിരുന്നത്. സ.ഉ.(കൈ)118/2017/റവ. തീയതി 17-4-2017 നമ്പർ ഉത്തരവ് പ്രകാരം അദാലത്ത് തീരുമാനങ്ങൾ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കി ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവ് പ്രകാരം അദാലത്തു ഫയലുകളിലെ അപാകത സംബന്ധിച്ച പരാതികൾ പരിഹരിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മൂന്നാറിലെ കയ്യേറ്റമൊഴിപ്പിക്കൽ നടപടി**

246 (2481) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിലെ കയ്യേറ്റമൊഴിപ്പിക്കൽ നടപടി തൽക്കാലം നിർത്തിവയ്ക്കാൻ റവന്യൂ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഒഴിപ്പിക്കൽ നടപടിയുമായി മുന്നോട്ട് പോകുന്നതിനാണോ തീരുമാനം;

(സി) എങ്കിൽ രാഷ്ട്രീയക്കാർ ഉൾപ്പെടെയുള്ളവരുടെ വൻകിട കയ്യേറ്റം ഒഴിപ്പിക്കുന്ന നടപടിക്ക് വരും ദിനങ്ങളിൽ ഊന്നൽ നൽകുമോ;

(ഡി) പാട്ടവ്യവസ്ഥകൾ പരിശോധിച്ച് ടാറ്റയുടെ കൈവശമുള്ള ഭൂമി വീണ്ടെടുക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നില്ല.

(ബി) നിയമാനുസൃത ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എല്ലാ കയ്യേറ്റങ്ങളും ഒഴിപ്പിക്കുന്നതിന് കെ.എൽ.സി. നിയമ പ്രകാരം നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പാട്ടവ്യവസ്ഥകൾ പ്രകാരം കൈവശം വച്ചിരിക്കുന്ന ഭൂമി സംബന്ധിച്ച് വിവിധ കോടതികളിൽ വ്യവഹാരങ്ങൾ നിലവിലുണ്ട്. കോടതി വിധിയനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്

**ഡാറ്റാ ബാങ്കിലെ വിവരങ്ങളിൽ തിരുത്തൽ വരുത്തുന്നതിനുള്ള നടപടിക്രമം**

247 (T* 2482) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ഡാറ്റാ ബാങ്കിലെ വിവരങ്ങൾ സംബന്ധിച്ച് പരാതികൾ ഉള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഡാറ്റാ ബാങ്കിൽ തിരുത്തലുകൾ വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അന്തിമ ഡാറ്റാ ബാങ്കിൽ തിരുത്തൽ വരുത്തുന്നതിന് നിലവിലെ നിയമപ്രകാരം വ്യവസ്ഥകൾ ഇല്ലാത്തതാണ്. ആയതിനാൽ ഡാറ്റാ ബാങ്കിൽ കടന്നുകൂടിയിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കുറ്റിക്കോൽ, കരിവേടകം വില്ലേജുകളിലെ സർക്കാർ ഭൂമി**

248 (2483) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ, കരിവേടകം വില്ലേജുകളിൽ എത്ര ഏക്കർ സർക്കാർ ഭൂമി നിലവിലുണ്ട്; സർവ്വേ നമ്പറും വിസ്തീർണ്ണവും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

കുറ്റിക്കോൽ, കരിവേടകം വില്ലേജുകളിൽ നിലവിൽ ആകെ 24.58 ഏക്കർ സർക്കാർ ഭൂമി ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

കുറ്റിക്കോൽ വില്ലേജ്

| റീ. സർവ്വേ നമ്പർ | വിസ്തീർണ്ണം (ഏക്കർ) |
|---|---|
| 151/4 (മിച്ച ഭൂമി) | 1.50 |
| 9/3 (മിച്ച ഭൂമി) | 0.80 |
| 80/2 (മിച്ച ഭൂമി) | 0.15 |
| ആകെ | 2.45 |

കരിവേടകം വില്ലേജ്

| റീ. സർവ്വേ നമ്പർ | വിസ്തീർണ്ണം (ഏക്കർ) |
|---|---|
| 98 (AW) | 0.38 |
| 1/1 എ 1 (മിച്ച ഭൂമി) | 11 |
| 36/1 (മിച്ച ഭൂമി) | 10.75 |
| ആകെ | 22.13 |

**ദേവികുളം നിയോജക മണ്ഡലത്തിലെ ഭവന നിർമ്മാണം**

249 (T* 2484) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ ദേവികുളം ബ്ലോക്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി എത്ര വീടുകളാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ ;

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ഇതിൽ എത്ര വീടുകളാണ് പൂർത്തീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പൂർത്തീകരിക്കാത്ത വീടുകളുടെ വിവരം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കഴിഞ്ഞ സാമ്പത്തിക വർഷം ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി ദേവികുളം നിയോജകമണ്ഡലത്തിലെ ദേവികുളം ബ്ലോക്കിൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വഴി വീടുകളൊന്നും നിർമ്മിച്ചിട്ടില്ല.

**ചങ്ങനാശ്ശേരിയിൽ ഹൗസിംഗ് ബോർഡിന്റെ സ്ഥലത്ത് പുതിയ പദ്ധതി**

250 (2485) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി റവന്യൂ ടവർ സ്ഥിതിചെയ്യുന്ന സ്ഥലത്തോട് ചേർന്നുള്ള കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് വക സ്ഥലത്ത് ഏതെങ്കിലും നിർമ്മാണ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നിർമ്മാണ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(സി) ചങ്ങനാശ്ശേരിയുടെ പ്രധാന ഭാഗത്തുള്ള ഈ സ്ഥലത്ത് അടിയന്തരമായി പ്രയോജനകരമായ ഏതെങ്കിലും പദ്ധതി നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) ചങ്ങനാശ്ശേരി റവന്യൂ ടവർ സ്ഥിതി ചെയ്യുന്ന സ്ഥലത്തോട് ചേർന്നുള്ള കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള 75 സെന്റ് സ്ഥലത്തിൽ ഉൾപ്പെട്ട 59.20 സെന്റ് സ്ഥലത്ത് 72 ഫ്ലാറ്റുകളടങ്ങുന്ന ഒരു ഫ്ലാറ്റ് സമുച്ചയം ഉപഭോക്താക്കളിൽ നിന്നും വിൽപ്പന വില മുൻകൂറായി ശേഖരിച്ചുകൊണ്ട് പാരസ്പര്യ മാതൃകയിൽ നിർമ്മിക്കുവാൻ ജി.ഒ.(എംഎസ്.) നമ്പർ17/2016/ഭവനം എന്ന ഉത്തരവിലൂടെ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഡിമാന്റ് സർവ്വേ നടത്തിയപ്പോൾ ഫ്ലാറ്റുകൾക്ക് വേണ്ടത്ര ആവശ്യക്കാരെ ലഭിച്ചിരുന്നില്ലായെങ്കിലും പാരസ്പര്യ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യക്കാരെ കണ്ടെത്തുന്നതിനായി ഒന്നുകൂടി Project Specific Demand Survey നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കളിൽ നിന്നും മുൻകൂർ തുക വാങ്ങി നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ മതിയായ ഉപഭോക്താക്കളെ ഉറപ്പാക്കി മാത്രമേ പദ്ധതി നടപ്പിലാക്കാനാകുകയുള്ളൂ.

(സി) ഫ്ലാറ്റുകൾ വാങ്ങാൻ ഉപഭോക്താക്കളെ ലഭ്യമാകുന്ന പക്ഷം ഈ സ്ഥലത്ത് ഇപ്പോൾ അംഗീകരിച്ചിരിക്കുന്ന 72 ഫ്ലാറ്റുകൾ അടങ്ങുന്ന പാരസ്പര്യ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## പുതിയ ജലസേചന പദ്ധതികൾ ആരംഭിക്കേണ്ടതില്ലെന്ന് തീരുമാനിക്കുന്ന സാഹചര്യം

251 (2486) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ ജലസേചന പദ്ധതികൾ ആരംഭിക്കേണ്ടതില്ലെന്നും നിലവിലുള്ളത് അവസാനിപ്പിക്കണമെന്നും തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യം വ്യക്തമാക്കുമോ;

(ബി) വൻകിട, ഇടത്തരം ജലസേചന പദ്ധതികൾക്ക് 2017-18-ലെ ബജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(സി) കേന്ദ്ര പദ്ധതി ഒഴിവാക്കിയാൽ സംസ്ഥാന പദ്ധതിക്കായി 2017-18-ൽ എന്ത് തുകയാണ് ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്?

ഉത്തരം

(എ) പുതിയ ജലസേചന പദ്ധതികൾ ആരംഭിക്കേണ്ടതില്ലെന്നും നിലവിലുള്ളത് അവസാനിപ്പിക്കണമെന്നും ഉള്ള യാതൊരുവിധ തീരുമാനങ്ങളും എടുത്തിട്ടില്ല. പതിറ്റാണ്ടുകളായി പൂർത്തീകരിക്കാതെ ഇഴഞ്ഞുനീങ്ങുന്ന പദ്ധതികളെപ്പറ്റി വിശദമായ പരിശോധന നടത്തുവാൻ സംസ്ഥാന ആസൂത്രണ ബോർഡ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പദ്ധതി വിഭാഗം 1

ഈ കാര്യാലയത്തിന് കീഴിലുള്ള വിവിധ ജലസേചന പദ്ധതികൾക്കായി 2017-2018 -ലെ സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക താഴെ പറയുന്നു :

| പദ്ധതിയുടെ പേര് | വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|
| (1) | (2) |
| മലമ്പുഴ | 1924.50 |
| വാളയാർ | 133.89 |

| (1) | (2) |
|---|---|
| മംഗലം | 76.06 |
| മീങ്കര | 109.43 |
| ചിറ്റൂർപ്പുഴ | 360.01 |
| കാഞ്ഞിരപ്പുഴ | 845.02 |
| പോത്തുണ്ടി | 112.01 |
| അട്ടപ്പാടി | 2.01 |
| ചേരാമംഗലം | 50.02 |
| ചമ്രവട്ടം | 1000.00 |
| പഴശ്ശി | 354.92 |
| കുറ്റ്യാടി | 512.79 |
| ബാണാസുരസാഗർ | 250.00 |
| കാരാപ്പുഴ | 500.00 |
| മൂലത്തറ | 21.01 |
| വെള്ളിയാങ്കല്ല് ക്രോസ് വേ | 10.51 |
| ഇന്റർ സ്റ്റേറ്റ് വാട്ടർ ഹബ്ബ് | 100.00 |

പദ്ധതി വിഭാഗം 2

2017-18 സാമ്പത്തിക വർഷത്തിൽ ഈ കാര്യാലയത്തിന് കീഴിൽ വരുന്ന പ്ലാൻ പദ്ധതികളായ ഇടമലയാർ മൂവാറ്റുപുഴ വാലി, പാമ്പാർ ഇറിഗേഷൻ പ്രോജക്ട് എന്നിവർക്കായി വർക്കിനും എസ്റ്റാബ്ലിഷ്മെന്റ് ഇനങ്ങൾക്കുംകൂടി ആകെ 83 കോടി

രൂപ അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം നോൺപ്ലാൻ പദ്ധതികളായ നെയ്യാർ, കല്ലട, പെരിയാർവാലി, പമ്പ, വടക്കാഞ്ചേരി, ചിമ്മിനി, ചീരക്കുഴി ഇറിഗേഷൻ പ്രോജക്ടുകൾ, ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം എന്നിവയ്ക്കായി വർക്കിനും എസ്റ്റാബ്ലിഷ്മെന്റ് ഇനങ്ങൾക്കുംകൂടി 68,59 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ എക്സിക്യൂഷനും സൂപ്പർവിഷനും ഉൾപ്പെടുന്ന ജനറൽ എന്ന ശീർഷകത്തിൽ 29.19 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഇനങ്ങൾക്കെല്ലാംകൂടി ആകെ 180.78 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ പദ്ധതിക്ക് 2017-2018 കേന്ദ്ര ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

## കയ്യേറ്റക്കാരുടെ ചെലവിൽ ജലസ്രോതസ്സുകളെ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് നടപടി

252 (2487) ശ്രീ. എം. സ്വരാജ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. നൗഷാദ് :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കായലുകൾ, പുഴകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ കയ്യേറിയത് സംബന്ധിച്ച് ആധികാരികമായ റിപ്പോർട്ടുകൾ എന്തെങ്കിലും സർക്കാരിന്റെ പക്കലുണ്ടോ ;

(ബി) ഈ സർക്കാർ ഇത്തരം കയ്യേറ്റങ്ങൾ തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വെളിപ്പെടുത്താമോ;

(സി) കയ്യേറ്റങ്ങൾ തിരിച്ചുപിടിച്ച് കയ്യേറ്റക്കാരുടെ ചെലവിൽ ജലസ്രോതസ്സുകളെ പൂർവ്വ സ്ഥിതിയിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ജലസേചന വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്ന കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി കേരള ഭൂ സംരക്ഷണ നിയമം 1957 പ്രകാരം അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിവരുന്നു.

(സി) കേരള ഭൂസംരക്ഷണ നിയമം 1957-ലെ സെക്ഷൻ 14, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, സെക്ഷൻ 13 ഇവ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു.

## പി.ഐ.പി. കനാൽ

253 (2488) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാ ഇറിഗേഷൻ പ്രോജക്ട് (പി.ഐ.പി.) കനാൽ കഴിഞ്ഞ 5 വർഷക്കാലം നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ/അറ്റകുറ്റപ്പണികൾ ഏതൊക്കെയെന്നും എവിടെയൊക്കെയെന്നും ഇതിനായി എന്തുതുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഈ വർഷം പി.ഐ.പി. കനാൽ അറ്റകുറ്റപ്പണി / നിർമ്മാണത്തിനായി അനുവദിച്ച തുകയുടെയും നടത്തിയ പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പി.ഐ.പി. കനാൽ വഴി ഈ വേനൽകാലത്ത് ജലസേചനം നടത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) പമ്പാ ഇറിഗേഷൻ പ്രോജക്ടിന്റെ കനാലുകൾക്ക് കഴിഞ്ഞ 5 വർഷക്കാലം നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ /അറ്റകുറ്റപ്പണികൾക്കുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

| വർഷം | ചെലവഴിച്ച തുക(ലക്ഷത്തിൽ) |
|---|---|
| 2012-2013 | 1104.61 |
| 2013-2014 | 730.28 |
| 2014-2015 | 390.34 |
| 2015-2016 | 388.28 |
| 2016-2017 | 406.88 |

നിർമ്മാണ പ്രവർത്തനങ്ങൾ/അറ്റകുറ്റപ്പണികളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു* :

(ബി) ഈ വർഷം (2017-18) പമ്പാ ഇറിഗേഷൻ പ്രോജക്ടിന്റെ കനാലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ /അറ്റകുറ്റപ്പണികൾക്കായി 4 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2017-18 വർഷത്തേയ്ക്ക് വേണ്ടിയുള്ള മുൻഗണനാപ്രവൃത്തികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഈ വേനൽക്കാലത്ത് പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ കനാലുകളിലൂടെ ജലവിതരണം നടത്തിയിരുന്നു. എങ്കിലും മെയിൻ കനാലിന്റെ ചെ.4.20 കി.മീറ്ററിൽ ഉണ്ടായ തകർച്ചമൂലം ജലവിതരണത്തിന് തടസ്സം ഉണ്ടായിട്ടുണ്ട്. കനാലിന്റെ ഈ ഭാഗത്തെ പുനർനിർമ്മാണം മേയ് മാസം രണ്ടാം വാരത്തോടുകൂടി പൂർത്തിയാകുന്നതും തുടർന്ന് ജലവിതരണം പൂർണ്ണതോതിൽ നടത്താൻ സാധിക്കുന്നതുമാണെന്ന് പ്രതീക്ഷിക്കുന്നു.

## കൊടമുണ്ട് തോട്ടിലെ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ്

254 (T* 2489) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം, കൊടമുണ്ട് തോട്ടിലെ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ജോലി പൂർത്തിയായിട്ടുണ്ടെങ്കിലും അപ്രോച്ച് റോഡിന്റെ പണി തടസ്സപ്പെട്ടുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപ്രോച്ച് റോഡിന്റെ പണി പൂർത്തീകരിച്ച് പാലം സഞ്ചാരയോഗ്യമാക്കുവാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ജോലിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ മൂവാറ്റുപുഴ മുൻസിഫ് കോടതിയിൽ ഒരു സ്വകാര്യ വ്യക്തി ഫയൽ ചെയ്ത കേസ്(OS No.104/2016) നിലനിൽക്കുന്നതിനാൽ ആയതിന്റെ തീർപ്പിന് വിധേയമായി മാത്രമേ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(സി) 95% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. കേസ് 24-5-2017-ലേക്ക് വാദം കേൾക്കുന്നതിനായി വച്ചിരിക്കുന്നു.

## കോഴിക്കോട് ബിലാത്തിക്കുളം നവീകരണ പദ്ധതി

255 (2490) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിലെ ബിലാത്തിക്കുളം നവീകരിക്കുന്നതിന് ജലസേചനവകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി ഇതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ബിലാത്തിക്കുളം നവീകരണത്തിന് പദ്ധതി ആവിഷ്കരിച്ചിരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് 3 തവണ ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കുകയുണ്ടായില്ല. പിന്നീട് ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും കോൺട്രാക്ടർ എസ്റ്റിമേറ്റ് റേറ്റിന് 38% മുകളിൽ ക്വാട്ട് ചെയ്തു. ചീഫ് എഞ്ചിനീയറുടെ അംഗീകാര പരിധിക്കുള്ളിൽ വരുന്ന rate-ന് അംഗീകാരം നൽകിയെങ്കിലും കോൺട്രാക്ടർ എഗ്രിമെന്റ് വച്ചില്ല. പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെട്ട പ്രവൃത്തിയായതിനാലും കാലാവധി കഴിഞ്ഞതിനാലും 2015 മാർച്ച് 31 നകം മേൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമായിരുന്നില്ല. ആയതിനാൽ റീ-ടെണ്ടർ ചെയ്തില്ല.

(സി) നിലവിലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

**ജല വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി**

256 (2491) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല വിനിയോഗത്തിന്റെ കാര്യക്ഷമത കൂട്ടുന്നതിനായി ജലവിഭവ -കൃഷി വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജല വിനിയോഗത്തിന്റെ കാര്യക്ഷമത കൂട്ടുന്നതിനായി ജലവിഭവ-കൃഷി വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രധാനമന്ത്രി കൃഷി സിംചായി യോജന (PMKSY). കൂടുതൽ കൃഷിയിടങ്ങളിൽ ജലസേചനത്തിനുള്ള ജലലഭ്യത ഉറപ്പാക്കുക, ജലത്തിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിക്കുകയും അതുവഴി ജലനഷ്ടം കുറയ്ക്കുകയും ചെയ്യുക. സൂക്ഷ്മ ജലസേചനം (Precision Irrigation), Micro Irrigation തുടങ്ങിയ സാങ്കേതിക വിദ്യകളുടെ

ഉപയോഗം പ്രോത്സാഹിപ്പിക്കുക, കാർഷിക മേഖലയിലെ എല്ലാ നിക്ഷേപങ്ങളും ഫീൽഡ് ലെവലിൽ ഏകീകരിക്കുക എന്നിവയാണ് കേന്ദ്ര സർക്കാർ സഹായ ത്തോടെയുള്ള പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. സംസ്ഥാന കൃഷി വകുപ്പാണ് പദ്ധതിയുടെ നോഡൽ ഡിപ്പാർട്ട്മെന്റ്. ജലസേചന വകുപ്പിന് പുറമേ ഭൂജലം, മണ്ണ് സംരക്ഷണം, തദ്ദേശസ്വയംഭരണം, ഗ്രാമ വികസനം തുടങ്ങിയ വകുപ്പുകളും PMKSY പദ്ധതിയുടെ നിർവ്വഹണ നടത്തിപ്പിൽ പങ്കാളികളാണ്. PMKSY പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി 24 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കാവുന്നതാണ്.

(ബി) ജില്ലാതലത്തിൽ കൃഷി വകുപ്പിലേയും ജലസേചന വകുപ്പിലേയും ഉദ്യോഗസ്ഥർ സംയുക്തമായി സ്ഥലപരിശോധന നടത്തി തെരഞ്ഞെടുക്കുന്ന പ്രദേശത്ത് കൃഷി ആവശ്യങ്ങൾക്കുള്ള ജലം എത്തിക്കുന്നതിന് ആവശ്യമായതും ജലസേചന വകുപ്പ് നടപ്പിലാക്കേണ്ടതുമായ പദ്ധതികളാണ് PMKSY-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം ഓരോ ജില്ലയിലും തെരഞ്ഞെടുത്ത പ്രവൃത്തികൾ ഉൾപ്പെട്ട ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാൻ (DIP) തയ്യാറാക്കിയത് PMKSY-യുടെ കേന്ദ്ര ജല വകുപ്പിന്റെ Website-ൽ upload ചെയ്യുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഇപ്രകാരം തയ്യാറാക്കിയത് DIP-യിൽ ഉൾപ്പെട്ട പ്രവൃത്തികളിൽ നിന്ന് മുൻഗണന പ്രകാരം ചെയ്യേണ്ടവ തെരഞ്ഞെടുത്ത് അതത് വർഷങ്ങളിലെ ആനുവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തുകയും അതിന് സ്റ്റേറ്റ് ലെവൽ സാംഗ്ഷനിംഗ് (SLSC) യുടെയും കേന്ദ്ര വകുപ്പിന്റെയും അംഗീകാരം ലഭിച്ചാൽ കേന്ദ്ര ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്യുന്നു. ഇപ്രകാരം 2016-17 -ൽ 117.53 കോടി രൂപയ്ക്ക് 289 വർക്കുകളുടെ ആനുവൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി SLSC യുടെ അംഗീകാരം ലഭിച്ചശേഷം കേന്ദ്ര സർക്കാരിന് സമർപ്പിച്ചുവെങ്കിലും കേന്ദ്രവിഹിതം ലഭിച്ചിരുന്നില്ല. PMKSY പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി 24 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കാവുന്നതാണ്.

## നദീ സംരക്ഷണ പദ്ധതികൾ

257 (2492) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദികളുടെ ശോച്യാവസ്ഥ സംബന്ധിച്ച് ശാസ്ത്രീയമായ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ;

(ബി) നിലവിലുള്ള നദികളുടെ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ നദികളുടെ ശോച്യാവസ്ഥ സംബന്ധിച്ച് ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ, കേരളത്തിലെ നദികളെക്കുറിച്ച് കോഴിക്കോട് ആസ്ഥാനമായിട്ടുള്ള "സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ആന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം വിവിധ പഠനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്തെ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (സെസ്സ്)-നിലവിൽ 'എൻസെസ്സ്' എന്ന സ്ഥാപനവും പഠനങ്ങൾ നടത്തിയിട്ടുണ്ട്. നദികളിലെ ജലഗുണനിലവാരം വളരെ താഴ്ന്നതാണെന്നും നദികളിലെ മണൽ നഷ്ടപ്പെട്ടതുകാരണം നീരൊഴുക്ക് സ്ഥായിയായി നിലനിൽക്കുന്നില്ല എന്നും കൂടാതെ തീരങ്ങൾ ഇടിയുന്നതും തീരസസ്യങ്ങൾ നശിക്കുന്നതും നദിയുടെ ജൈവശോഷണത്തിന് കാരണമാകുന്നുവെന്ന നിരീക്ഷണവും പഠന റിപ്പോർട്ടുകളിലുണ്ട്.

(ബി) നദികളുടെ സംരക്ഷണം ഉറപ്പാക്കി നീരൊഴുക്ക് സ്ഥായിയാക്കുന്നതിനായി തടയണകൾ/റെഗുലേറ്ററുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. റവന്യൂ/തദ്ദേശ സ്വയംഭരണ വകുപ്പുകൾ മണൽ വാരുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഭാഗമായി നദികളുടെ സമഗ്ര സംരക്ഷണം ലക്ഷ്യമിട്ട് നീർത്തട മാസ്റ്റർ പ്ലാനുകൾ ഉണ്ടാക്കി, നദികളുടെ വൃഷ്ടി പ്രദേശത്ത് ജല-മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതുവഴി നദികളിലെ നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിന് കഴിയും. ഈ വർഷത്തെ ബജറ്റിൽ നദികളുടെ നീരൊഴുക്ക് നിയന്ത്രിച്ച്, നദീതീരങ്ങൾക്ക് ഉയരമുള്ള പ്രദേശങ്ങളിൽ ജലം സംഭരിച്ച് നദികളിലെ സ്വാഭാവിക നീരൊഴുക്ക് നിലനിർത്തുന്നതിനായി റെഗുലേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശമുണ്ട്. ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മങ്കട നിയോജകമണ്ഡലത്തിലെ ജലസംഭരണം**

258 (2493) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട നിയോജക മണ്ഡലത്തിൽ നിലവിൽ ജലവിഭവ വകുപ്പുമായും കേരള വാട്ടർ അതോറിറ്റിയുമായും ബന്ധപ്പെട്ട് നടക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) അതിരൂക്ഷമായ വേനലിനെ മറികടക്കുവാനും ജനങ്ങൾക്ക് ആവശ്യത്തിന് ജലം ലഭിക്കുന്നതിനുമായി തടയണകളും മറ്റും സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) മുൻ(2016-17) സാമ്പത്തിക വർഷത്തിൽ മങ്കട നിയോജക മണ്ഡലത്തിൽ ഇത്തരത്തിലുള്ള ഏതെങ്കിലും പദ്ധതി പുതിയതായി നടപ്പിലാക്കുന്നതിന് തുക വകയിരുത്തിയിരുന്നോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മങ്കട നിയോജക മണ്ഡലത്തിൽ കേരള ജല അതോറിറ്റിയുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* മങ്കട നിയോജമണ്ഡലത്തിൽ മൂർക്കനാട് ഗ്രാമപഞ്ചായത്തിലെ തവരക്കുന്ന് വെങ്ങാട് (4,21,000 രൂപ), കുണ്ടുവായിൽ വെങ്ങാട് (4,18,000 രൂപ), കുറുവ ഗാമപഞ്ചായത്തിലെ പെരുംമ്പള്ളിയാൽ (4,53,000 രൂപ) എന്നീ സ്ഥലങ്ങളിൽ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്നു. മങ്കട നിയോജക മണ്ഡലത്തിൽ നിലവിൽ ജലസേചന വകുപ്പ് മുഖേനയോ ജലനിധി മുഖേനയോ പദ്ധതികൾ ഒന്നും തന്നെ നടക്കുന്നില്ല.

(ബി) മങ്കട നിയോജക മണ്ഡലത്തിൽ കുട്ടിലങ്ങാടി പഞ്ചായത്തിലെ ആനപ്പാറ പൊറ്റമ്മൽ കടവിന് സമീപം കടലുണ്ടിപ്പുഴയ്ക്ക് കുറുകെ വിയറിന്റെ നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് ഡി.പി.ആർ. പുതിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. കുട്ടിലങ്ങാടി പഞ്ചായത്തിലെ ഇരുമ്പുഴി വട്ടാണിക്കടവിൽ കടലുണ്ടിപ്പുഴയ്ക്ക് കുറുകെ വിയറിന്റെ നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിസൈൻ അംഗീകാരത്തിനായി ഐ.ഡി.ആർ.ബി.യിൽ സമർപ്പിച്ചിട്ടുണ്ട്. മൂർക്കനാട് പഞ്ചായത്തിൽ ഉുതപ്പുഴയ്ക്ക് കുറുകെ കിഴ്മുറിക്കടവ് മുത്തിക്കയത്ത് കിഫ്ബി ധനസഹായത്തോടെ ഒരു ആർ.സി.ബി. പരിഗണനയിലാണ്.

(സി) ജലസേചന വകുപ്പ് 2016-17 വർഷത്തിൽ മങ്കട നിയോജക മണ്ഡലത്തിനായി തുക വകയിരുത്തിയിട്ടില്ല. കേരള ജല അതോറിറ്റി അനുബന്ധമായി ചേർത്തിരിക്കുന്ന പ്രവൃത്തികൾ പുരോഗതിയിലാണ്. പുതിയതായി പ്രവൃത്തികൾ ഒന്നുംതന്നെ നടപ്പിലാക്കുന്നില്ല.

**പഴശ്ശി ജലസേചന പദ്ധതി**

259 (2494) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന പഴശ്ശി ജലസേചന പദ്ധതിയുടെ മെയിൻ കനാലിൽ കിലോമീറ്റർ 28/500-ന്ന കുറുകെ കലുങ്ക് നിർമ്മിക്കുന്നതിന് അനുമതി അഭ്യർത്ഥിച്ചുകൊണ്ട് കോഴിക്കോട് പ്രോജക്റ്റ്-I ചീഫ് എഞ്ചിനീയർക്ക് അപേക്ഷ ലഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(ബി) മട്ടന്നൂർ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ലഭ്യമാക്കി നിർമ്മാണ പ്രവൃത്തി നടത്തുന്ന പദ്ധതിക്ക് അനുമതി ഉത്തരവ് ലഭ്യമാക്കിയോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന പഴശ്ശി ജലസേചന പദ്ധതിയുടെ മെയിൻ കനാലിന് കിലോമീറ്റർ 28/500-ന് കുറുകെ കലുങ്ക് നിർമ്മിക്കുന്നതിന് അനുമതി അഭ്യർത്ഥിച്ചുകൊണ്ട് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ റിപ്പോർട്ട് 7-7-2017-ൽ കോഴിക്കോട് പ്രോജക്ട്-1 ചീഫ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുണ്ട്.

(ബി) 3-3-2017-ലെ കോഴിക്കോട് പ്രോജക്ട്-1 ചീഫ് എഞ്ചിനീയറുടെ ഇ 4-576/17 നമ്പർ കത്ത് പ്രകാരം പ്രസ്തുത പദ്ധതിയ്ക്ക് സൂപ്രണ്ടിംഗ് എഞ്ചിനീയർ, പ്രോജക്ട് സർക്കിൾ, കണ്ണൂരിന് അനുമതി നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

**ജലസേചന വകുപ്പ് പുനഃസംഘടിപ്പിക്കൽ**

260 (2495) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചന വകുപ്പ് പുനഃസംഘടിപ്പിച്ച് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) എഞ്ചിനീയറിംഗ് വിഭാഗത്തിന് ആവശ്യം വേണ്ട ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നീ വിഭാഗങ്ങളുടെ അഭാവവും ഫണ്ടുകളുടെ ലഭ്യതക്കുറവും പ്രധാന പ്രശ്നമായി കണക്കാക്കുന്നുണ്ടോ;

(സി) വകുപ്പിൽ ആവശ്യത്തിന് സാങ്കേതിക വിദഗ്ദ്ധർ ഉണ്ടായിരിക്കെ വിരമിച്ചവരെ ജലസേചന, പരിപാലനമേഖലകളിൽ കരാറടിസ്ഥാനത്തിൽ നിയമിക്കാറുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) നിലവിൽ ലഭ്യമായ ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ വിഭാഗങ്ങൾ ജലസേചന വകുപ്പിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

(സി) ഇല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കാവേരി ജലതർക്ക പരിഹാരസമിതി അനുവദിച്ചിട്ടുള്ള ജലം വിനിയോഗിക്കൽ

261 (2496) ശ്രീ. പി. വി. അൻവർ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. ബാബു :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാവേരി ജലതർക്ക പരിഹാരസമിതി അനുവദിച്ചിട്ടുള്ള ജലം സംസ്ഥാനത്തിന്റെ കുടിവെള്ള, ജലസേചന, വൈദ്യുതി ഉല്പാദനാവശ്യങ്ങൾക്കായി വിനിയോഗിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഈ പദ്ധതികളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ ;

(സി) ഈ സമിതി അനുവദിച്ചിട്ടുള്ള ജലം എത്രയെന്നും അതിൽ എത്ര ജലം നിലവിൽ വിനിയോഗിക്കാൻ സാധിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കാരാപ്പുഴ പദ്ധതി, ബാണാസുര സാഗർ പദ്ധതി, ചെങ്കല്ലാർ സ്കീമിലെ പട്ടിശ്ശേരി ഡാം, കബനി സബ് ബേസിനിൽ വയനാട് ജില്ലയിൽ 3 ചെക്ക് ഡാമുകൾ, പാമ്പാർ ജലവൈദ്യുത പദ്ധതി, പാമ്പാർ സബ് ബേസിനിലെ ഇടുക്കി ജില്ലയിലെ കാന്തല്ലൂർ പഞ്ചായത്തിലെ സൂക്ഷ്മജലസേചന പ്രവൃത്തികൾ, ഭവാനി ബേസിനിലെ പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിൽ 4 ചെക്ക് ഡാം, 6 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ, ജല അതോറിറ്റി ആവിഷ്കരിച്ചിട്ടുള്ള വിവിധ കുടിവെള്ള പദ്ധതികൾ എന്നീ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

(സി) കബനി ബേസിന് 21 TMC, പാമ്പാർ ബേസിന് 3 TMC ജലവും ഭവാനി ബേസിന് 6 TMC ജലവുമാണ് കാവേരി നദീജല തർക്ക ട്രൈബ്യൂണൽ അവാർഡ് പ്രകാരം കേരളത്തിന് അനുവദിച്ചിട്ടുള്ള ജലം (ആകെ 30 TMC ജലം). കബനി ബേസിനിൽ അനുവദിക്കപ്പെട്ടിട്ടുള്ള 21 TMC ജലത്തിൽ 11.71 TMC ജലം ഇപ്പോൾ വിനിയോഗിക്കാനാണ് ഉദ്യമം. മറ്റ് ബേസിനുകളിൽ അനുവദിച്ചിട്ടുള്ള ജലം ഉപയോഗിക്കുവാനുള്ള പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്.

## വൻകിട ജലസേചന പദ്ധതികളുടെ നടത്തിപ്പിലുണ്ടായ അനാസ്ഥ സംബന്ധിച്ച് ധവളപത്രം

262 (2497) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻകിട ജലസേചന പദ്ധതികൾ ഇനി ഏറ്റെടുക്കേണ്ടതില്ലായെന്ന് ജലവിഭവ വകുപ്പ് നിലപാട് സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത്തരമൊരു നിലപാടിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ്;

(ബി) മൂവാറ്റുപുഴ, ഇടമലയാർ, ബാണാസുരസാഗർ, കാരാപ്പുഴ എന്നീ പദ്ധതികളുടെ അടങ്കൽ എത്രയായിരുന്നുവെന്നും ഇനി എന്ത് തുകയാണ് പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിന് ആവശ്യമുള്ളതെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾമൂലം എത്ര ഹെക്ടർ സ്ഥലത്ത് ജലസേചനം സാധ്യമായി എന്നറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിലുണ്ടായ കുറ്റകരമായ അനാസ്ഥ സംബന്ധിച്ച് ഒരു ധവളപത്രം പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) ഇല്ല, ബാധകമല്ല.

(ബി)

| പദ്ധതി | അടങ്കൽ തുക (കോടി രൂപ) | പുതുക്കിയ പദ്ധതി തുക (കോടി രൂപ) | പൂർത്തീകരണത്തിന് ഇനി ആവശ്യമായ തുക (കോടി രൂപ) |
|---|---|---|---|
| (1) | (2) | (3) | (4) |
| കാരാപ്പുഴ ജലസേചന പദ്ധതി | 7.60 | 570 | 245 |

| (1) | (2) | (3) | (4) |
|---|---|---|---|
| ബാണാസുര സാഗർ ജലസേചന പദ്ധതി | 37.88 | 185.50 | 131.50 |
| മൂവാറ്റുപുഴവാലി ജലസേചന പദ്ധതി | 48.08 | 945 | 76 |
| ഇടമലയാർ ജലസേചന പദ്ധതി | 17.71 | 1661 | 700 |

(സി) കാരാപ്പുഴ പദ്ധതിമൂലം നിലവിൽ 591.48 ഹെക്ടർ സ്ഥലത്ത് ജലസേചനം സാധ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർത്തീകരിക്കുമ്പോൾ 5221 ഹെക്ടർ സ്ഥലത്ത് ജലസേചനം സാധ്യമാവും. ബാണാസുരസാഗർ പദ്ധതി പൂർത്തിയാകുമ്പോൾ 2800 ഹെക്ടർ സ്ഥലത്ത് ജലസേചനം സാധ്യമാവുന്നതാണ്. മൂവാറ്റുപുഴവാലി ജലസേചനപദ്ധതി മുഖേന ഇതുവരെ 35619 ഹെക്ടർ സ്ഥലത്തും ഇടമലയാർ ജലസേചനപദ്ധതി മുഖേന ഇതുവരെ 2628 ഹെക്ടർ സ്ഥലത്തും ജലസേചനം സാധ്യമായിട്ടുണ്ട്.

(ഡി) സംസ്ഥാന ആസൂത്രണ ബോർഡ് ഈ പദ്ധതികൾ സംബന്ധിച്ച് സ്വീകരിക്കേണ്ട തുടർനടപടികൾ ശിപാർശ ചെയ്യുവാൻ ഒരു സമിതി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ധവളപത്രം പുറപ്പെടുവിക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

**മഴവെള്ള സംഭരണത്തിന് പദ്ധതി**

263 (2498) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി കാലവർഷവും വേനൽ മഴയും കുറഞ്ഞ് കുടിവെള്ള ക്ഷാമം രൂക്ഷമാകുന്ന സാഹചര്യത്തിൽ കാലവർഷത്തിൽ ലഭിക്കുന്ന മഴവെള്ളത്തെ പരമാവധി സംഭരിച്ച് ഉപയോഗിക്കാൻ കഴിയുന്ന രീതിയിലുള്ള വൻകിട, ചെറുകിട പദ്ധതികൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രം സ്റ്റേറ്റ് പ്ലാൻ വിഹിതം ഉപയോഗിച്ച് "മഴവെള്ള സംഭരണം ഭൂജല പരിപോഷണം പദ്ധതി" നടപ്പാക്കിവരുന്നു. പദ്ധതിയുടെ പ്രധാന ലക്ഷ്യം മഴവെള്ളത്തെ പരമാവധി സംഭരിച്ച് ഉപയോഗപ്പെടുത്തുക എന്നുള്ളതാണ്. ആയതിനായി കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളിലെ കുടുംബങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പങ്കാളിത്താധിഷ്ഠിത മാതൃകയിൽ 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരിണികൾ നിർമ്മിച്ചുനൽകുന്നു. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി 5 ജില്ലകളിലെ 15 ഗ്രാമ പഞ്ചായത്തുകളിലായി 4000 വ്യക്തിഗത കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുവാൻ സാധിച്ചു. പ്രസ്തുത പദ്ധതി കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ "ജലസൗഹൃദ വിദ്യാലയം" എന്ന പേരിൽ വിദ്യാലയങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും, ആദ്യഘട്ടമെന്ന നിലയിൽ 840 സർക്കാർ സ്കൂളുകളിൽ പദ്ധതി അനുവദിക്കുകയും ചെയ്തു. പദ്ധതിയുടെ നിർവ്വഹണം പുരോഗമിച്ചുവരുന്നു. മഴവെള്ള സംഭരണികളുടെ നിർമ്മാണത്തിന് പുറമെ വിദ്യാർത്ഥി സമൂഹത്തിന് മഴവെള്ള സംഭരണത്തിന്റെ പ്രാധാന്യം, പ്രചാരണം, ബോധവൽക്കരണം എന്നിവ ഈ പദ്ധതിയിലൂടെ നടപ്പാക്കാൻ ലക്ഷ്യമിടുന്നു. ഇപ്രകാരം സംഭരിക്കുന്ന മഴവെള്ളം കുടിക്കുവാനും മറ്റ് ഗാർഹിക ആവശ്യങ്ങൾക്കുമായി ജനം ഉപയോഗിച്ചുവരുന്നു. സംഭരണികളിൽ നിന്നും കവിഞ്ഞൊഴുകുന്ന മഴവെള്ളം ഭൂജല പരിപോഷണത്തിനുള്ള സംവിധാനം ഏർപ്പെടുത്തി ഉപയോഗയോഗ്യമാക്കുന്നു. ഓരോ വർഷവും ബഡ്ജറ്റിൽ അനുവദിക്കുന്ന തുക ഉപയോഗിച്ച് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

മഴവെള്ള സംരക്ഷണത്തിനായി വൻകിട പദ്ധതികളൊന്നും കേരള വാട്ടർ അതോറിറ്റിയുടെ പരിഗണനയിലില്ല. പക്ഷെ ജല അതോറിറ്റിയുടെ ജലസ്രോതസ്സുകൾക്ക് സമീപം മഴക്കുഴികൾ നിർമ്മിക്കുകയും റഗുലേറ്ററുകൾ സ്ഥാപിക്കുകയും കൂടാതെ സ്രോതസ്സുകളുടെ സമീപമുള്ള കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി ചോർച്ച തടയുകയും ചെളി നീക്കം ചെയ്ത് വ്യാപ്തി വർദ്ധിപ്പിച്ച് ജലലഭ്യത ഉറപ്പു വരുത്തുകയും ചെയ്യുന്ന രീതിയിലുള്ള ചെറുകിട പദ്ധതികൾ ജല അതോറിറ്റി നടത്തിവരികയാണ്. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ചില പഞ്ചായത്തുകളിൽ കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തികളിൽ ചെളി നീക്കലും, സംരക്ഷണഭിത്തി നിർമ്മിക്കലും സമീപ പ്രദേശങ്ങളിലെ മഴവെള്ളം കുളത്തിലെത്തിക്കുകയും ചെയ്യുന്ന പണികൾ നടന്നുവരുന്നു. കൂടാതെ ജലസ്രോതസ്സുകൾ മലിനമാക്കുന്നതും കയ്യേറ്റം തടയുന്നതിനുമായി കുളത്തിന് ചുറ്റും വേലി നിർമ്മിക്കുന്ന പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള ജല അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിനടുത്തായി ഒരു കുളം നിർമ്മിച്ച് അതിലെ ജലം ജലശുദ്ധീകരണ ശാലയിലെത്തിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യാനുള്ള ഒരു പദ്ധതിയും ഉദ്ദേശിക്കുന്നുണ്ട്.

## വൻകിട-ചെറുകിട ജലസേചന പദ്ധതികളുടെ പൂർത്തീകരണം

264 (2499) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പതിറ്റാണ്ടുകൾക്ക് മുൻപ് നിർമ്മാണം ആരംഭിച്ചതും എന്നാൽ നാളിതുവരെ പൂർത്തിയാകാത്തതുമായ എത്ര വൻകിട ജലസേചന പദ്ധതികൾ ഉണ്ട്; ഇതിനോരോന്നിനും നാളിതുവരെ എന്ത് തുക ചെലവഴിച്ചു;

(ബി) പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിനായി എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതികൾ സംസ്ഥാനത്തിന് എത് രീതിയിൽ പ്രയോജനപ്രദമാക്കാൻ കഴിയുമെന്നാണ് കരുതുന്നത്;

(സി) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന മറ്റ് ചെറുകിട പദ്ധതികൾ മുഴുവൻ ഇത്തരത്തിൽ പ്രയോജനപ്രദമാക്കുന്നതിന് ഒരു ബൃഹത് പദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 4 പദ്ധതികൾ ഉണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു :

1. മൂവാറ്റുപുഴ ജലസേചന പദ്ധതി.

   (940 കോടി രൂപ)(എസ്റ്റാബ്ലിഷ്മെന്റ് ആർ.&ആർ. കേസ്സുകൾ, ചാർജ്ജുകൾ ഉൾപ്പെടെ).

2. ഇടമലയാർ ജലസേചന പദ്ധതി.

   (433 കോടി രൂപ).

3. കാരാപ്പുഴ (ഇടത്തരം ജലസേചന പദ്ധതി)

   (315 കോടി രൂപ).

4. ബാണാസുര സാഗർ (ഇടത്തരം ജലസേചന പദ്ധതി)

   (54 കോടി രൂപ).

(ബി) പ്രസ്തുത പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനാവശ്യമായ ഉപായം രൂപവൽക്കരിക്കുന്നതിനും സാങ്കേതിക പരിശോധനയ്ക്കുമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി പ്രവൃത്തികൾ വിലയിരുത്തുകയും ചെയ്തു വരുന്നുണ്ട്. മൂവാറ്റുപുഴ ജലസേചന പദ്ധതി പൂർത്തിയാകുന്നതിലൂടെ എറണാകുളം,

ഇടുക്കി, കോട്ടയം ജില്ലകളിലെ 18173 ഹെക്ടർ സ്ഥലത്ത് രണ്ട തവണ കൃഷിക്ക് ആവശ്യമായ വെള്ളം എത്തിക്കാൻ സാധിക്കുന്നതാണ്. ഇടമലയാർ ജലസേചന പദ്ധതി പൂർത്തിയാകുന്നതോടുകൂടി എറണാകുളം ജില്ലയിലെ ആലുവ, പറവൂർ താലൂക്കുകളിലും തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കുകളിലുമായി 14394 ഹെക്ടർ പ്രദേശത്ത് രണ്ട് തവണ കൃഷിക്ക് അവശ്യമായ വെള്ളം എത്തിക്കുവാൻ സാധിക്കുന്നതാണ്. നിലവിൽ 591.48 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തിവരുന്ന കാരാപ്പുഴ പദ്ധതി പൂർത്തിയായാൽ 5221 ഹെക്ടർ സ്ഥലത്ത് ജലസേചനം സാധ്യമാവും, ബാണാസുര സാഗർ പദ്ധതി പൂർത്തീകരിച്ചാൽ 2800 ഹെക്ടർ സ്ഥലത്ത് ജലസേചനം സാധ്യമാകും. പൂർത്തിയാകാത്ത പദ്ധതികളുടെ അവസ്ഥ വിലയിരുത്തുന്നതിനും അധികത്തുക മുടക്കുന്നത് പ്രയോജനകരമല്ലെങ്കിൽ ആയത് ഉപേക്ഷിക്കുന്നതിനും ഏറ്റവും കുറച്ച് തുക മുടക്കി പൂർത്തീകരിക്കുവാൻ പറ്റുന്നവ കണ്ടെത്തുന്നതിനും എളുപ്പത്തിൽ പൂർത്തിയാക്കാൻ പറ്റുന്നവ കണ്ടെത്തുന്നതിനുമായി ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിക്കാൻ 12-4-2017-ലെ പ്ലാനിംഗ് ബോർഡ് യോഗം തീരുമാനിക്കുകയുണ്ടായി.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ഇത്തിക്കര തടയണ നിർമ്മാണം**

265 (2500) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല മണ്ഡലത്തിലെ പള്ളിക്കൽ-മടവൂർ കുടിവെള്ള പദ്ധതിക്ക് വേണ്ടിയുള്ള ഇത്തിക്കര തടയണ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിന് ഭരണാനുമതി നല്കിയിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി സാങ്കേതികാനുമതി നല്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) വർക്കല മണ്ഡലത്തിലെ പള്ളിക്കൽ- മടവൂർ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഇത്തിക്കരയാറ്റിൽ 2 തടയണകൾ നിർമ്മിക്കുന്ന പദ്ധതിക്കായി 650 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു.

(ബി) ആയതിന് ഭരണാനുമതി നൽകിയിട്ട് 2 വർഷമായി. 23-4-2015-ലാണ് ഭരണാനുമതി നൽകിയത്.

(സി) പ്രസ്തുത പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റി സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

**മങ്കടയിലെ ജലവിഭവ പ്രവൃത്തികൾക്ക് ഭരണാനുമതി**

266 (2501) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2017-18 ലെ സംസ്ഥാന ബജറ്റ് പ്രസംഗത്തിൽ ഇറിഗേഷൻ വകുപ്പ്/ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് മങ്കട നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള (വാല്യം 1, ഖണ്ഡിക 175-ൽ ക്രമനമ്പർ-7) 65 കോടി രൂപയുള്ള നിലാപറമ്പിൽ തടയണയ്ക്കു പകരമായി മങ്കട അസംബ്ലി നിയോജക മണ്ഡലത്തിലെ മൂർക്കനാട് പഞ്ചായത്തിൽ ഉൗതപ്പുഴയ്ക്ക് കുറുകെ കിഴ്ക്കറിക്കടവ് മുത്തിക്കയത്ത് കിഫ്ബി ധനസഹായത്തോടെ ഒരു ആർ.സി.ബി. നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**നദികളിൽ തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി**

267 (2502) ശ്രീ. ബി. സത്യൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലക്ഷാമത്തിന്റെ കാഠിന്യം കുറയ്ക്കുന്നതിനും ഓരുവെള്ളക്കയറ്റം നിയന്ത്രിക്കുന്നതിനും നദികളിൽ തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നദികളിലും ഉപനദികളിലും തോടുകളിലും നിർമ്മിച്ചിട്ടുള്ള തടയണകൾ പലതും നിലവിൽ നാശോന്മുഖമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവ പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓരുവെള്ളക്കയറ്റം നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ഉതകുന്ന തരത്തിൽ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റെഗുലേറ്ററുകൾ കിഫ്ബിയുടെ സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ബജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ നദികളിലും ഉപനദികളിലും തോടുകളിലും കാലാകാലങ്ങളായി നിർമ്മിച്ചതും എന്നാൽ പ്രവർത്തനക്ഷമമല്ലാത്തതുമായ തടയണകൾ വെന്റ്ക്രോസ് ബാറുകൾ, റെഗുലേറ്ററുകൾ എന്നിവ പുനരുദ്ധരിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ. (നദീതട അടിസ്ഥാനത്തിൽ ) തയ്യാറാക്കിവരുന്നു.

**കാട്ടാക്കട, മാറനല്ലൂർ പഞ്ചായത്തുകളിൽ ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി**

268 (2503) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടാക്കട മണ്ഡലത്തിൽ കാട്ടാക്കട, മാറനല്ലൂർ പഞ്ചായത്തുകളിലായി നെയ്യാർ ഇറിഗേഷൻ പ്രോജക്ടിന്റെ കനാലിന് ഇരുവശങ്ങളിലായി ജലവിഭവ വകുപ്പിന്റെ അധീനതയിൽ എത്ര ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി പൂർണ്ണമായും ജലവിഭവ വകുപ്പിന്റെ അധീനതയിൽ തന്നെയാണോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) നെയ്യാർ ജലസേചന പദ്ധതിയുടെ കനാലിന്റെ ഇരുവശങ്ങളിലുമായി ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി സംബന്ധമായ പൂർണ്ണ വിവരങ്ങൾ ലഭിക്കുന്നതിനായി റവന്യൂ വകുപ്പുമായി സഹകരിച്ച് സർവ്വേ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

**പത്തനംതിട്ട ജില്ലയിൽ അനുവദിച്ച വാട്ടർ കിയോസ്ക്ക്**

269 (2504) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ അനുവദിച്ച വാട്ടർ കിയോസ്കുകൾ കുടിവെള്ളക്ഷാമം രൂക്ഷമായ സ്ഥലങ്ങളിൽ സ്ഥാപിക്കാതെ ഉദ്യോഗസ്ഥർ തന്നിഷ്ട പ്രകാരം സ്ഥാപിച്ച് ജനങ്ങളുടെ പരാതിക്കിടവരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എടുത്തിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) ഇനിമുതൽ പ്രാദേശിക ഭരണകൂടവുമായും വാർഡ് തലങ്ങളിലുള്ള ജനപ്രതിനിധികളുമായും ആലോചിച്ച് കിയോസ്കുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. ബാധകമല്ല.

(സി) തഹസീൽദാർമാരുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും വാർഡ് മെമ്പർമാരുമായും ആലോചിച്ച് കുടിവെള്ള ക്ഷാമം രൂക്ഷമായ സ്ഥലങ്ങളിലാണ് കിയോസ്കുകൾ സ്ഥാപിച്ചിട്ടുള്ളത്.

**ചെങ്ങന്നൂർ ഹൈഡ്രോളജി ഡിവിഷന്റെ വാഹനം തിരികെ നൽകാൻ നടപടി**

270 (2505) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ ഹൈഡ്രോളജി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ KL 30 A/9090 (മഹേന്ദ്ര സൈലോ) നമ്പർ വാഹനം താൽക്കാലിക ഉപയോഗത്തിനായി എറണാകുളം ഇറിഗേഷൻ ഡിവിഷനിലേക്ക് കൊണ്ടുപോയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എറണാകുളം ഇറിഗേഷൻ ഡിവിഷനിലെ താൽക്കാലിക ഉപയോഗത്തിനുശേഷം വാഹനം തിരികെ ചെങ്ങന്നൂർ ഹൈഡ്രോളജി ഡിവിഷന് കൈമാറാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത വാഹനം ഹൈഡ്രോളജി ഡിവിഷന് കൈമാറുന്നതിനുള്ള തടസ്സം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) വാഹനം പ്രസ്തുത ഡിവിഷന് എന്ന് തിരികെ നൽകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഇറിഗേഷൻ ഡിവിഷൻ, എറണാകുളത്തിന്റെ കീഴിൽ നബാർഡ് സ്കീമുകളിലായി ബന്ധപ്പെട്ട High Value Works കൈകാര്യം ചെയ്തുവരുന്നു. കൂടാതെ സിയാൽ അന്താരാഷ്ട്ര വിമാനത്താവളത്തിന് വളരെ അടുത്തായതിനാൽ വകുപ്പുതല അതിഥികൾ, സെൻട്രൽ വാട്ടർ കമ്മീഷൻ അംഗങ്ങൾ എന്നിവർ വരുമ്പോൾ ഈ വാഹനമാണ് ഉപയോഗിക്കുന്നത്. ചെങ്ങന്നൂർ ഹൈഡ്രോളജി ഡിവിഷന്റെ ജോലിഭാരം ഇറിഗേഷൻ ഡിവിഷൻ, എറണാകുളത്തിനെ അപേക്ഷിച്ച് താരതമ്യേന കുറവാണ്. ഈ വാഹനത്തിന് പകരമായി ചെങ്ങന്നൂർ ഡിവിഷന് എറണാകുളം ഡിവിഷന്റെ കെ.എൽ.7-ബി.ക്യൂ.5 മഹീന്ദ്ര (ബൊലേറോ) വാഹനം നൽകിയിട്ടുണ്ട്.

(ഡി) വാഹനം തിരികെ നൽകുന്നതിനായി ഹൈഡ്രോളജി ചെങ്ങന്നൂർ ഡിവിഷന്റെ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതിനായി രണ്ട് ഡിവിഷനുകളുടെയും ജോലിഭാരം സംബന്ധിച്ച വിശദാംശം നൽകുവാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്.

**പഴശ്ശിസാഗർ ജലവൈദ്യുതി പദ്ധതിക്ക് ജലവിഭവ വകുപ്പിന്റെ നിരാക്ഷേപപത്രം**

271 (2506) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പടിയൂർ ഗ്രാമപഞ്ചായത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പഴശ്ശിസാഗർ ജലവൈദ്യുതി പദ്ധതിക്ക് ജലവിഭവ വകുപ്പിന്റെ നിരാക്ഷേപപത്രവും 3.05 ഹെക്ടർ ഭൂമിയും ലഭ്യമാക്കണമെന്ന കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

പഴശ്ശിസാഗർ ജലവൈദ്യുതി പദ്ധതിയുമായി ബന്ധപ്പെട്ട് 16-3-2017-ന് ഇറിഗേഷൻ വിഭാഗം ചീഫ് എഞ്ചിനീയറുടെയും കെ.എസ്.ഇ.ബി.എൽ. സിവിൽ വിഭാഗം ചീഫ് എഞ്ചിനീയറുടെയും സാന്നിദ്ധ്യത്തിൽ കണ്ണൂർ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ വച്ച് നടന്ന യോഗത്തിൽ മേൽ പ്രവൃത്തി നടപ്പിലാക്കുന്നതിനായി ഇരു വകുപ്പുകൾ തമ്മിൽ എം.ഒ.യു. ഒപ്പിടുന്നതിനും ടി. പദ്ധതി നടപ്പിലാക്കുന്നതിനും ധാരണയായിട്ടുണ്ട്.

**കരയിടിച്ചിൽ തടയാൻ നടപടികൾ**

272 (2507) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കാര്യങ്കോട് പുഴ കരയിടിച്ചിൽ നേരിടുന്ന സ്ഥലങ്ങളിൽ കര കെട്ടി സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) കച്ചൂർ അരയാക്കടവിന്റെ ഇരുകരകളിലും, ചാത്തമത്ത്, കാര്യങ്കോട് അച്ചാംതുരുത്തി എന്നിവിടങ്ങളിലെയും വ്യാപകമായ കരയിടിച്ചിൽ തടയാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ കാര്യങ്കോട് റെയിൽ പാലത്തിന് മേലെ ഭാഗത്തായി വലതുകര സംരക്ഷണ പ്രവൃത്തി നടന്നുവരുന്നു. കൂടാതെ, മുണ്ടേമാട് ദ്വീപിൽ കാര്യങ്കോട്ടു പുഴയുടെ സംരക്ഷണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(ബി) കയ്യൂർ, അരയാക്കടവിന്റെ ഇരുകരകളിലും ചാത്തമത്ത്, കാര്യങ്കോട് അച്ചാംതുരുത്തി എന്നിവിടങ്ങളിലേയും കാര്യങ്കോട് പുഴയുടെ കരയിടിച്ചിൽ തടയുന്നതിന് മുൻഗണനാടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**കടൽഭിത്തി നിർമ്മാണം**

273 (2508) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് തീരദേശമേഖലയിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും പ്രവൃത്തി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവ സർക്കാരിന്റെ പരിഗണനയ്ക്ക് വിടാതെ തിരിച്ചയച്ച നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എസ്റ്റിമേറ്റ് തിരിച്ചയച്ചതിന്റെ കാരണം വിശദമാക്കുമോ;

(ഡി) ഐ.ഐ.ടി. പഠനം നടത്തിയിട്ടില്ലായെന്ന കാരണത്താൽ എസ്റ്റിമേറ്റ് തിരിച്ചയക്കുകവഴി ഇത്തരം ഒരു പ്രവൃത്തിയും നടപ്പിലാക്കുവാൻ സാധിക്കുകയില്ലായെന്ന ഗുരുതര സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ ഗ്രാമപഞ്ചായത്തിൽ കാപ്പിൽ-കൊപ്പൽ കടവ് കടപ്പുറത്ത് C.P. Stone No.2685-ന് 40 മീറ്റർ തെക്ക് മുതൽ 1140 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണത്തിനായി 8 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) CWPRS/IIT പഠനം നടത്തി സൈറ്റിനനുസരിച്ചുള്ള ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്കു മാത്രമേ പ്രവൃത്തി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി) ഇല്ല. CWPRS പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ഡിസൈൻ കിട്ടുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് വിധേയമായി പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

**നിരീക്ഷണ കിണറുകളിലെ ജലലഭ്യത**

274 (2509) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭൂജല വിഭവശേഷി തിട്ടപ്പെടുത്തുന്നതിനായി സംസ്ഥാന ഭൂജല വകുപ്പും കേന്ദ്ര ഭൂജല വകുപ്പും നടത്തിവരുന്ന പഠനങ്ങൾ എന്തെല്ലാമാണെന്നും, ആയതിൻ പ്രകാരം 2016-17 വർഷത്തിൽ ഭൂജല ലഭ്യതയുടെ കുറവ് എത്ര എന്നും വ്യക്തമാക്കുമോ;

(ബി) എത്ര കിണറുകൾ നിരീക്ഷണ കിണറുകളായി ഉപയോഗിക്കുന്നുവെന്നും അവ എവിടെയെല്ലാമാണെന്നും ഇവയിൽ ജല ലഭ്യതയുള്ള കിണറുകൾ എത്ര, ഓരോ കിണറിലുമുണ്ടായ ജലലഭ്യതാകുറവ് എത്ര എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭൂജല വിഭവശേഷി തിട്ടപ്പെടുത്തുന്നതിനായി ഭൂജല വകുപ്പിൽ 871 നിരീക്ഷണ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത കിണറുകളിൽ നിന്നും എല്ലാ മാസവും ജലവിതാനം എടുക്കുകയും അപഗ്രഥ പഠനം നടത്തുകയും ചെയ്യുന്നു. സംസ്ഥാനത്തെ ഭൂജലവിഭവ ശേഷി തിട്ടപ്പെടുത്തുന്നതിനായി ഭൂജലവകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി പഠനം നടത്തി ഭൂജലത്തിന്റെ അളവ് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ഡയനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് ഓഫ് കേരള-മാർച്ച് 2013 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷിത ബ്ലോക്കായും കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ ബ്ലോക്കുകളായും കണ്ണൂർ ജില്ലയിലെ കണ്ണൂർ, പാനൂർ, തലശ്ശേരി ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കൊല്ലം ജില്ലയിലെ മുഖത്തല, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം മലപ്പുറം ജില്ലയിലെ താനൂർ, തിരൂരങ്ങാടി, വേങ്ങര, പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, ചിറയിൻകീഴ്, പാറശ്ശാല ബ്ലോക്കുകൾ, തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, മതിലകം എന്നീ ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലും ബാക്കിയുള്ള 131 ബ്ലോക്കുകൾ സേഫ് വിഭാഗത്തിലുമാണ് ഉൾപ്പെടുന്നത്. 2013-ലെ ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ റിപ്പോർട്ട് അനുസരിച്ച് വാർഷിക ഭൂജല ലഭ്യത 5.65 ബില്യൺ ക്യൂബിക് മീറ്ററാണ്. രണ്ട് വർഷത്തിലൊരിക്കലാണ് പ്രസ്തുത പഠനം നടത്തിവരുന്നത്. 2016-17-ലെ ഭൂജല ലഭ്യതയുടെ കുറവ് കണക്കാക്കിയിട്ടില്ല.

(ബി) സംസ്ഥാനത്ത് ഭൂജല വിഭവശേഷി തിട്ടപ്പെടുത്തുന്നതിനായി ഭൂജല വകുപ്പിൽ 871 നിരീക്ഷണ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു* :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഭൂഗർഭ ജലത്തിന്റെ അമിതമായ ഉപയോഗം നിയന്ത്രിക്കുന്നതിന് നടപടി

275 (2510) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരൾച്ച രൂക്ഷമായ സാഹചര്യത്തിൽ ഭൂഗർഭ ജലത്തിന്റെ അമിതമായ ഉപയോഗം നിയന്ത്രിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് കണ്ടെത്തിയിട്ടുള്ള ഭൂഗർഭ ജലചൂഷണം അധികമുള്ള സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് കുഴൽ കിണർ നിർമ്മാണം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, സംസ്ഥാനത്ത് സ്വകാര്യ കുഴൽക്കിണർ നിർമ്മാണ ഏജൻസികൾക്ക് 31-5-2017 വരെ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിലെ കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ കുപ്പിവെള്ള കമ്പനികളുടെ പ്രതിദിന ഭൂജല ഉപഭോഗം 75% കുറയ്ക്കണമെന്നുള്ള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പ് എൻ.ഒ.സി. നൽകിയ കുപ്പിവെള്ള കമ്പനികൾക്ക് ഭൂജല ഉപഭോഗം കുറയ്ക്കാൻ ഭൂജല വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഭൂജലവിഭവ ശേഷി തിട്ടപ്പെടുത്തുന്നതിനായി ഭൂജലവകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി പഠനം നടത്തി ഭൂജലത്തിന്റെ അളവ് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ഡയനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് ഓഫ് കേരള-മാർച്ച് 2013 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷിത ബ്ലോക്കായും കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ ബ്ലോക്കുകളായും കണ്ണൂർ ജില്ലയിലെ കണ്ണൂർ, പാനൂർ, തലശ്ശേരി ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കൊല്ലം ജില്ലയിലെ മുഖത്തല, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം മലപ്പുറം ജില്ലയിലെ

താനൂർ, തിരൂരങ്ങാടി, വേങ്ങര, പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, ചിറയിൻകീഴ്, പാറശ്ശാല , തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, മതിലകം എന്നീ ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലും ബാക്കിയുള്ള 131 ബ്ലോക്കുകൾ സേഫ് വിഭാഗത്തിലുമാണ് ഉൾപ്പെടുന്നത്.

(സി) വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഭൂജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും വേണ്ടി കേരള ഭൂജലം (ക്രമീകരണവും നിയന്ത്രണവും) ആക്ട് 2002 നിലവിലുണ്ട്. ബ്ലോക്കുകൾ വിജ്ഞാപനം ചെയ്യപ്പെടുകയും ഇവിടങ്ങളിൽ ഭൂജല ഉപയോഗത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ കുഴൽക്കിണർ നിർമ്മാണത്തിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം, അദ്ധ്യായം 14, ചട്ടം 93(എ) അനുസരിച്ച് കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് അതത് പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. പഞ്ചായത്തിൽ നിന്നും ഈ അനുമതി ലഭിക്കുന്നതിന് ഭൂജലവകുപ്പിന്റെ നിരാക്ഷേപ പത്രം ആവശ്യമാണ്. പഞ്ചായത്തിൽ നിന്നും ഈ അനുമതി ലഭിക്കുന്നതിന് ഭൂജല വകുപ്പിന്റെ നിരാക്ഷേപ പത്രം ആവശ്യമാണ്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, സംസ്ഥാനത്ത് സ്വകാര്യ കുഴൽക്കിണർ നിർമ്മാണ ഏജൻസികൾക്ക് 31-5-2017 വരെ നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്.

**ഭൂഗർഭ ജല പഠനം നടത്താൻ നടപടി**

276 (2511) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഭൂഗർഭ ജലത്തിന്റെ അളവ് ഗണ്യമായ തോതിൽ കുറഞ്ഞു വരുന്നതായും ഭൂഗർഭ ജലനിരപ്പ് ഗണ്യമായി താഴ്ന്ന വരുന്നതായുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ;

(ബി) ഇക്കാര്യത്തിൽ വിദഗ്ദ്ധമായ പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ വർഷത്തിൽ മൺസൂൺ മഴയിലുണ്ടായ കുറവുമൂലം ജലവിതാനത്തിൽ കുറവ് സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ഭൂജല വിഭവശേഷി തിട്ടപ്പെടുത്തുന്നതിനായി ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി പഠനം നടത്തി ഭൂജലത്തിന്റെ അളവ് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ഡയനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് ഓഫ് കേരള-മാർച്ച് 2013 വരെയുള്ള

റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷിത ബ്ലോക്കായും കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ ബ്ലോക്കുകളായും കണ്ണൂർ ജില്ലയിലെ കണ്ണൂർ, പാനൂർ, തലശ്ശേരി ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം ബ്ലോക്കുകൾ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കൊല്ലം ജില്ലയിലെ മുഖത്തല, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം മലപ്പുറം ജില്ലയിലെ താനൂർ, തിരൂരങ്ങാടി, വേങ്ങര, പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, ചിറയിൻകീഴ്, പാറശ്ശാല തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, മതിലകം എന്നീ ബ്ലോക്കുകൾ, സെമി ക്രിട്ടിക്കൽ വിഭാഗത്തിലും ബാക്കിയുള്ള 131 ബ്ലോക്കുകൾ സേഫ് വിഭാഗത്തിലുമാണ് ഉൾപ്പെടുന്നത്. 2013-മാർച്ച്-1-ലെ ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ (ജി.ഇ.സി.) റിപ്പോർട്ട് അനുസരിച്ചുള്ള ഭൂജല ലഭ്യതയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാന ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി കേരളത്തിന്റെ ഭൂജല സ്ഥിതിയെപ്പറ്റി ബ്ലോക്കടിസ്ഥാനത്തിൽ പഠനം നടത്തി രണ്ട് വർഷത്തിലൊരിക്കൽ റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട്.

**ഭൂഗർഭജല വിനിയോഗം സംബന്ധിച്ച പരിശോധന**

277 (2512) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാനത്ത് കുടിവെള്ള മാഫിയ, സ്വകാര്യ കുടിവെള്ള കമ്പനികൾ, പെപ്സി തുടങ്ങിയ ബഹുരാഷ്ട്രക്കമ്പനികൾ, മദ്യമുണ്ടാക്കുന്ന കമ്പനികൾ എന്നിവർ ഓരോ ദിവസവും അനുവാദമുള്ളതും നിയമവിരുദ്ധമായി എത്ര ഭൂഗർഭജലം ഉപയോഗിക്കുന്നു എന്നത് മുൻ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പരിശോധനയ്ക്കായി ഈ സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം കമ്പനികൾക്ക് മുൻസർക്കാർ നല്കിയ ഉത്തരവ് പ്രകാരമാണൊ ഭൂഗർഭ ജലം എടുത്തത് എന്ന് മുൻസർക്കാർ പരിശോധിച്ചുവോ; എങ്കിൽ എന്നാണ് ; ഇല്ലെങ്കിൽ ഈ സർക്കാർ സംസ്ഥാന ജലസമ്പത്ത് ഊറ്റി വിപണനം നടത്തുന്നത് തടയുവാൻ ആവശ്യമായ കർശന നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) പാലക്കാട് പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ കഞ്ചിക്കോട് പ്രവർത്തിച്ചു വരുന്ന പെപ്സികോ ഇന്ത്യാ ഹോൾഡിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ജലചൂഷണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 18-4-2007-ൽ ചേർന്ന നിയമസഭാ ഉപസമിതിയുടെ നിർദ്ദേശ പ്രകാരം ഭൂജലവകുപ്പ് വിശദമായ പഠനം നടത്തിയിട്ടുണ്ട്. കമ്പനി സ്ഥാപിച്ചിട്ടുള്ള SCADA സംവിധാനത്തിൽ ശേഖരിക്കപ്പെടുന്ന ഭൂജല ഉപഭോഗത്തിന്റെ വിവരങ്ങൾ ഭൂജല വകുപ്പ് പാലക്കാട് ജില്ലാ ഓഫീസ് നിരീക്ഷിക്കുന്നുണ്ട്.

(ബി) കുപ്പിവെള്ള കമ്പനികൾ ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് പരിശോധിക്കുന്നതിന് വാട്ടർ ഫ്ലോ മീറ്റർ സ്ഥാപിക്കണമെന്നുള്ള നിർദ്ദേശത്തോടു കൂടിയാണ് എൻ.ഒ.സി. നൽകുന്നത്. ഭൂജല വകുപ്പിലെ ഉദ്യോഗസ്ഥർ ഇത്തരം കമ്പനികളുടെ ജല ഉപഭോഗം പരിശോധിക്കാറുണ്ട്. ദിനംപ്രതി ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് രേഖപ്പെടുത്തുന്നതിന് ലോഗ് ബുക്കുകൾ സൂക്ഷിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) കുപ്പിവെള്ള കമ്പനികൾക്ക് ജലലഭ്യത പരിശോധന നടത്തി സുരക്ഷിതമായ അളവിൽ ഭൂജലം പമ്പ് ചെയ്യുന്നതിന് ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല അവലോകന സമിതികൾ പരിശോധിച്ച് അനുയോജ്യമായ അപേക്ഷകൾ സംസ്ഥാന ഭൂജല അതോറിറ്റിക്ക് ശിപാർശ ചെയ്യുന്നു. അന്തിമമായ നിരാക്ഷേപ പത്രം ഭൂജല വകുപ്പ് നൽകിവരുന്നു. പുതിയ നിയമനിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

**രജിസ്ട്രേഷനില്ലാതെ കുഴൽ കിണർ കുഴിച്ചതിന് നടപടി**

278 (2513) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ഭൂഗർഭജല വകുപ്പിന്റെ കീഴിൽ എത്ര റിഗ്ഗുകൾ ഉണ്ട്; സർവ്വേ നടപടികൾ പൂർത്തിയാക്കി ഏതുകാലത്തു ലഭിച്ച അപേക്ഷകളിലാണ് ഇപ്പോൾ കുഴൽ കിണറിന് അനുമതി നൽകുന്നത്;

(ബി) എത്ര സ്വകാര്യ സ്ഥാപനങ്ങൾ കഴിഞ്ഞ നാലുമാസത്തിനുള്ളിൽ തിരുവനന്തപുരം ജില്ലയിൽ രജിസ്ട്രേഷൻ നൽകി;

(സി) രജിസ്ട്രേഷനില്ലാതെ കുഴൽകിണർ കുഴിച്ചതിന് തിരുവനന്തപുരം ജില്ലയിൽ 2017-ൽ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചോ; എങ്കിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും, എത്ര രൂപ പിഴയായി ഈടാക്കിയെന്നും വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ ഭൂഗർഭജല വകുപ്പിന്റെ കീഴിൽ മൂന്ന് റിഗ്ഗുകളുണ്ട്. 2016 ജൂൺ വരെ ലഭിച്ച അപേക്ഷകളിൽ സർവ്വേ നടപടികൾ പൂർത്തിയാക്കി കുഴൽ കിണർ നിർമ്മാണത്തിന് ലഭിച്ച അപേക്ഷകളിൽ നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 6 സ്വകാര്യ സ്ഥാപനങ്ങൾക്ക് തിരുവനന്തപുരം ജില്ലയിൽ രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്.

(സി) ഇല്ല.

## സ്രോതസ്സുകൾ നശിപ്പിക്കുന്ന വൻകിട കമ്പനികളുടെ ജലചൂഷണം

279 (2514) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജല സ്രോതസ്സുകൾ നശിപ്പിക്കുന്ന വൻകിട കമ്പനികളുടെ ജലചൂഷണം തടയുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് സ്വീകരിക്കുന്നത്?

<u>ഉത്തരം</u>

ശാസ്ത്രീയമായ ജലലഭ്യത പരിശോധന നടത്തിയാണ് ഭൂജല വകുപ്പ് കുപ്പിവെള്ള കമ്പനികൾക്ക് അനുമതി നൽകുന്നത്. ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല അവലോകന സമിതികൾ പരിശോധിച്ച് അനുയോജ്യമായ അപേക്ഷകൾ സംസ്ഥാന ഭൂജല അതോറിറ്റിക്ക് ശിപാർശ ചെയ്യുകയും അന്തിമമായ നിരാക്ഷേപപത്രം സംസ്ഥാന ഭൂജല അതോറിറ്റി നൽകുകയും ചെയ്യുന്നു. സംസ്ഥാന ഭൂജല അതോറിറ്റി ഇതുവരെ 115 സ്വകാര്യ കുപ്പിവെള്ള കമ്പനികൾക്ക് എൻ.ഒ.സി. നൽകിയിട്ടുണ്ട്. കുപ്പിവെള്ള കമ്പനികൾ ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് പരിശോധിക്കുന്നതിന് വാട്ടർ ഫ്ലോ മീറ്റർ സ്ഥാപിക്കണമെന്നുള്ള നിർദ്ദേശത്തോടുകൂടിയാണ് എൻ.ഒ.സി. നൽകുന്നത്. വകുപ്പിലെ ഉദ്യോഗസ്ഥർ ഇത്തരം കമ്പനികളുടെ ജല ഉപഭോഗം പരിശോധിച്ച് വിലയിരുത്താറുണ്ട്. ദിനംപ്രതി ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് രേഖപ്പെടുത്തുന്നതിന് ലോഗ് ബുക്കുകൾ സൂക്ഷിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ കഞ്ചിക്കോട് പ്രവർത്തിച്ചുവരുന്ന പെപ്സികോ ഇന്ത്യാ ഹോൾഡിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ഭൂജല ഉപഭോഗത്തിന്റെ വിവരങ്ങൾ എല്ലാ മാസവും ഭൂജല വകുപ്പ് നിരീക്ഷിക്കുന്നുണ്ട്. നിലവിൽ കമ്പനിയിൽ സ്ഥാപിച്ചിരിക്കുന്നത് SCADA സംവിധാനം മാത്രമായതിനാൽ ജല ഉപഭോഗത്തിന് കൂടുതൽ സുതാര്യത ഉറപ്പാക്കുന്നതിനായി Telemetry സംവിധാനം സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചതിൻ പ്രകാരം GSM അടിസ്ഥാനത്തിലുള്ള Telemetry സ്ഥാപിക്കാമെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്.

ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെപ്സി കമ്പനിയുടെ ജല ഉപഭോഗം 75% കുറയ്ക്കുവാൻ ഭൂജല വകുപ്പ് പാലക്കാട് ജില്ലാ ഓഫീസിൽ നിന്ന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പെപ്സി കമ്പനി പ്രതിദിന ജലഉപഭോഗം 2017 ഫെബ്രുവരി 3 മുതൽ പ്രതിദിനം 1.50 ലക്ഷം ലിറ്ററായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

## പെപ്സി കമ്പനി ജലമെടുക്കുന്നത് അളക്കാൻ ടെലിമെട്രി സംവിധാനം

280 (2515) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഠിനമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ പാലക്കാട് കഞ്ചിക്കോട്ടെ പെപ്സി കമ്പനിയും, മദ്യനിർമ്മാണ ശാലയും ഉൾപ്പെടെ അമിത ജലം ഉപയോഗിക്കുന്ന സ്ഥാപനങ്ങളുടെ ഉപഭോഗത്തിൽ 75 ശതമാനം കുറവ് വരുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശം കമ്പനികൾ കർശനമായി പാലിക്കപ്പെടുന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനയിൽ വെളിവായ വസ്തുതകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) പെപ്സി കമ്പനിക്കകത്തെ കുഴൽക്കിണറുകളിൽ നിന്നും ജലമെടുക്കുന്നത് അളക്കുന്നതിനുള്ള ടെലിമെട്രി സംവിധാനം ഏർപ്പെടുത്തണമെന്ന നിയമസഭാ സമിതിയുടെ നിർദ്ദേശം കമ്പനി പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഭൂജല വകുപ്പ് പാലക്കാട് ജില്ലാ ഓഫീസിൽ നിന്നും പെപ്സി ഉൾപ്പെടെ ജില്ലയിൽ പ്രവർത്തിക്കുന്ന 13 സ്വകാര്യ കുപ്പി വെള്ള കമ്പനികൾക്ക് ഭൂജല ഉപഭോഗം 75% കുറയ്ക്കണമെന്ന നിർദ്ദേശം നൽകിയിരുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെപ്സി കമ്പനിയുടെ ജല ഉപഭോഗം 75% കുറയ്ക്കുവാൻ ഭൂജല വകുപ്പ് പാലക്കാട് ജില്ലാ ഓഫീസിൽ നിന്ന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പെപ്സി കമ്പനി പ്രതിദിന ജല ഉപഭോഗം 2017 ഫെബ്രുവരി 3 മുതൽ പ്രതിദിനം 1.50 ലക്ഷം ലിറ്ററായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഭൂജല ഉപഭോഗം 75% കുറയ്ക്കണമെന്ന നിർദ്ദേശം പാലിക്കുന്നുണ്ടോയെന്ന് അറിയാൻ പാലക്കാട് ജില്ലാ ഓഫീസിലെ ഉദ്യോഗസ്ഥർ പ്രസ്തുത കമ്പനികളിൽ പരിശോധന നടത്തിയിട്ടുണ്ട്. കമ്പനികളുടെ ലോഗ് ബുക്കിലെ റീഡിംഗും ഫ്ലോ മീറ്ററിലെ റീഡിംഗും തുല്യമായി കാണുന്നുണ്ട്.

(സി) നിലവിൽ പെപ്സി കമ്പനിയിൽ സ്കാഡ (SCADA- Supervisory Control and Data Acquisition) സിസ്റ്റമാണ് ഭൂജല ഉപഭോഗം മനസ്സിലാക്കുന്നതിന് സ്ഥാപിച്ചിട്ടുള്ളത്. ടെലിമെട്രി സംവിധാനം ഏർപ്പെടുത്തണമെന്ന് ഭൂജല വകുപ്പ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടെലിമെട്രി സംവിധാനം ഉടൻ തന്നെ ഏർപ്പെടുത്താമെന്ന് പെപ്സി കമ്പനി ഭൂജല വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

**ചേലക്കര ആലംകോട്ടുകുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം**

281 (2516) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 വർഷം ചേലക്കര നിയോജക മണ്ഡലം ആസ്തി വികസന സ്കീമിൽ നിന്നും 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതും കെ.ഡബ്ല്യു.എ.യ്ക്ക് നിർമ്മാണ ചുമതല നൽകിയതുമായ ചേലക്കര പഞ്ചായത്ത് വാർഡ് 9 ആലംകോട്ടുകുന്ന് കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി ഇതുവരെയും ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തി ആരംഭിക്കുന്നതിന് എന്താണ് തടസ്സമെന്ന് വെളിപ്പെടുത്തുമോ;

(സി) കെ.ഡബ്ല്യു.എ.യുടെ ഭാഗത്ത് നിന്നും പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണ്; വിശദമാക്കുമോ;

(ഡി) ഭരണാനുമതി നൽകി ഒരു വർഷം കഴിഞ്ഞത് കണക്കിലെടുത്തും പദ്ധതി പ്രദേശത്ത് അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് കണക്കിലെടുത്തും പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ കർശന നിർദ്ദേശം കെ.ഡബ്ല്യു.എ. തൃശ്ശൂർ ഡിവിഷന് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് നിർദ്ദേശിച്ച സ്ഥലത്ത് കുഴൽ കിണർ നിർമ്മിക്കുന്നതിന് ആവശ്യമായ റിഗ്ഗ് എത്തുന്നതിന് സാധ്യമല്ല. ആയതിനാൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിനെ ചുമതലപ്പെടുത്തി പുതിയ സ്ഥാനം ഏപ്രിൽ മാസത്തിൽ നിർണ്ണയിച്ച് കിട്ടിയിട്ടുണ്ട്. സ്ഥാനം നിർണ്ണയിക്കുന്നതിനും കുഴൽക്കിണർ കുഴിക്കുന്നതിനും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ പണമടച്ചിട്ടുണ്ട്. കിണർനിർമ്മാണം ഉടനടി പൂർത്തിയാകുമെന്നാണ് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് അറിയിച്ചിട്ടുള്ളത്. കിണർ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കാവുന്നതാണ്.

(ഡി) അടിയന്തരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) കിണർ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്.

**കോഴിക്കോട് ജില്ലയിൽ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം കുഴൽ കിണറുകൾ**

282 (2517) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മുൻ സർക്കാരിന്റെ കാലത്ത് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ എത്ര കുഴൽ കിണറുകൾ കുഴിച്ചെന്ന് നിയോജക മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കുമോ?

ഉത്തരം

നിയോജകമണ്ഡലം അടിസ്ഥാനമാക്കിയുള്ള വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവമ്പാടി | - | 13 |
| കുന്നമംഗലം | - | 5 |
| ബേപ്പൂർ | - | 4 |
| കോഴിക്കോട് നോർത്ത് | - | 3 |
| എലത്തൂർ | - | 3 |
| ബാലുശ്ശേരി | - | 8 |
| കുറ്റ്യാടി | - | 2 |
| ആകെ | | 38 |

**തിരുവനന്തപുരം നഗരത്തിൽ കുടിവെള്ള വിതരണത്തിന് നിയന്ത്രണം**

283 (2518) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ കുടിവെള്ള വിതരണത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എന്നുവരെ വിതരണം ചെയ്യുവാനുള്ള ജലം നിലവിൽ പേപ്പാറയിൽ ഉണ്ടെന്ന് അറിയിക്കുമോ;

(സി) നെയ്യാർ റിസർവോയറിലെ ജലം നഗരത്തിൽ കുടിവെള്ളമായെത്തിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് എന്ത് ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഇ) തിരുവനന്തപുരം നഗരത്തിലെ ഈ ഗുരുതരമായ സ്ഥിതിവിശേഷം നേരിടുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 18-4-2017 മുതൽ നഗരത്തിലേയ്ക്കുള്ള പമ്പിംഗ് 25% കുറവ് വരുത്തിയിരുന്നു. എന്നാൽ 28-4-2017 മുതൽ ഇത് താൽക്കാലികമായി പിൻവലിച്ചിട്ടുണ്ട്.

(ബി) നിലവിൽ 17-5-2017 വരെ വിതരണം ചെയ്യാനുള്ള ജലമാണ് പേപ്പാറയിൽ ഉള്ളത്.

(സി) ഉണ്ട്. നെയ്യാർ റിസർവോയറിൽ നിന്ന് ജലം പമ്പ് ചെയ്ത് കുമ്പിൾമൂട് തോട് വഴി കരമനയാറിൽ അണിയിലക്കടവ് എന്ന സ്ഥലത്ത് എത്തിച്ച് അരുവിക്കര ഡാമിലെ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുവാനുള്ള പ്രവൃത്തികൾ പൂർത്തിയായി. ജലസേചന വകുപ്പിന്റെ ഒരു ഡ്രഡ്ജർ ആലപ്പുഴയിൽ നിന്നും ട്രാവൻകൂർ സിമെന്റ്സിന്റെ മറ്റൊരു ഡ്രഡ്ജർ കോട്ടയത്തു നിന്നും കാപ്പുകാട് എത്തിച്ച് പമ്പിംഗ് നടത്തിവരുന്നു. 100 എച്ച്.പി. യുടെ വീതം രണ്ട് Centrifugal പമ്പുകൾ സ്ഥാപിച്ച് കാപ്പുകാട് വരെ വൈദ്യുതി ലൈനും ട്രാൻസ്ഫോർമറുകളും സ്ഥാപിച്ച് അവയിലൂടെയും പമ്പിംഗ് നടത്തിവരുന്നു. ഗുജറാത്തിൽ നിന്നും അടിയന്തരമായി വാങ്ങിയെത്തിച്ച 180 എച്ച്.പി.-യുടെ 2 Submersible പമ്പുകളും പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. ലക്ഷ്യം വച്ച താൽക്കാലിക പമ്പിംഗ് പൂർണ്ണ തോതിൽ ആയിട്ടുണ്ട്. കൂടാതെ നെയ്യാർഡാം സ്രോതസ്സായി 100 എം.എൽ.ഡി. ശുദ്ധജലം തിരുവനന്തപുരം നഗരത്തിനും 20 എം.എൽ.ഡി. സമീപ പഞ്ചായത്തുകളിലേയ്ക്കും വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ശുദ്ധീകരണശാലയ്ക്കായി 60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നെയ്യാർ ബദൽ സ്രോതസ്സ് പദ്ധതിക്കായി 2017-18 ബജറ്റിൽ കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്നതിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

(ഇ) 18-4-2017 മുതൽ നഗരത്തിലേയ്ക്കുള്ള പമ്പിംഗ് 25% കുറച്ചതിന്റെ അടിസ്ഥാനത്തിൽ ജലക്ഷാമം രൂക്ഷമായ ഉയർന്ന പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പാക്കാൻ താഴ്ന്ന പ്രദേശങ്ങളിലേയ്ക്കുള്ള വാൽവുകൾ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ജില്ലാ ഭരണകൂടവുമായി സഹകരിച്ച് വാട്ടർ കിയോസ്കുകൾ സ്ഥാപിച്ച് ജലവിതരണം നടത്തുന്നുണ്ട്. ടാങ്കർ ലോറികൾ മുഖേനയും ജലവിതരണം നടത്തുന്നു. നെയ്യാർ റിസർവോയറിൽ നിന്നും ജലം അരുവിക്കര എത്തിച്ച് നഗരത്തിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുവാനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരുന്നു.

## തിരുവനന്തപുരത്ത് കുടിവെള്ള ദുരുപയോഗം തടയുവാൻ സ്ക്വാഡുകൾ

284 (2519) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ കുടിവെള്ളത്തിന്റെ ദുരുപയോഗം തടയുവാൻ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) കുടിവെള്ളത്തിന്റെ ദുരുപയോഗം സംബന്ധിച്ച് എത്രപേർക്കെതിരെ 2017 ഏപ്രിൽ ഒന്നിന് ശേഷം നടപടി സ്വീകരിച്ചുവെന്നും, അവരിൽ നിന്നും എന്ത് തുക പിഴ ഈടാക്കിയെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം നഗരത്തിൽ 27 പേർക്കെതിരെ നടപടി സ്വീകരിച്ചു. ഇവരിൽ നിന്നായി 27,740 രൂപ പിഴയിനത്തിൽ ഈടാക്കി.

## കടൽ ജലം ശുദ്ധീകരിക്കുന്ന പദ്ധതി

285 (2520) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കടൽ ജലം ശുദ്ധീകരിച്ച് ശുദ്ധ ജലം ഉൽപ്പാദിപ്പിക്കുന്ന പദ്ധതികളാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കടൽ ജലം ശുദ്ധീകരിച്ച് ശുദ്ധജലമുൽപ്പാദിപ്പിക്കുന്ന പദ്ധതികൾ ഗൾഫ് നാടുകളിലും മറ്റു പല വികസിത രാഷ്ട്രങ്ങളിലും നിലവിലുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ശുദ്ധജല പ്രതിസന്ധി പരിഹരിക്കാനുള്ള പ്രധാന മാർഗ്ഗമായി കടൽ ജല ശുദ്ധീകരണത്തിലേക്ക് മാറേണ്ടി വരുമെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) ഉണ്ട്.

(സി) കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്നതിന് നിർമ്മാണചെലവും ശുദ്ധീകരണ ചെലവും അറ്റകുറ്റപ്പണി ചെലവും വളരെ കൂടിയ തോതിൽ വേണ്ടി വരുന്ന ശുദ്ധീകരണശാലകൾ ആവശ്യമായതിനാൽ മറ്റുള്ള ജലസ്രോതസ്സുകൾ പൂർണ്ണമായും ഉപയോഗിച്ചുകഴിഞ്ഞ ശേഷം മാത്രം ഇത്തരത്തിലുള്ള ജലശുദ്ധീകരണ സാങ്കേതിക വിദ്യ അവലംബിക്കുന്നതാണ് ആശാസ്യം. എന്നാൽ കടുത്ത ജലക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ ഓരുവെള്ളം ഉൾപ്പെടെയുള്ളവ Reverse Osmosis (R.O.) സാങ്കേതിക വിദ്യ ഉപയോഗിച്ച് ശുദ്ധീകരിച്ച് കുടിവെള്ള ആവശ്യത്തിന് മാത്രമായി വിതരണം ചെയ്യുവാനുള്ള പദ്ധതി പരിഗണനയിലുണ്ട്.

## കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും വാട്ടർ അതോറിറ്റിക്ക് ലഭിച്ച തുക

286 (2521) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ രൂക്ഷമായ ജലക്ഷാമം കണക്കിലെടുത്ത് ജലലഭ്യത ഉറപ്പുവരുത്തുവാനുള്ള പ്രവർത്തനങ്ങൾക്കായി വാട്ടർ അതോറിറ്റി കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എത്ര തുക നാളിതുവരെ ലഭിച്ചു എന്നും സംസ്ഥാന സർക്കാരിൽ നിന്നും ജല അതോറിറ്റിയ്ക്ക് ലഭിച്ച സഹായം എത്ര എന്നും വ്യക്തമാക്കുമോ;

(ബി) വാട്ടർ അതോറിറ്റിക്ക് കഴിഞ്ഞ 5 വർഷമായി പിരിച്ചെടുക്കേണ്ട തുക, പിരിച്ചെടുത്ത തുക, എന്നിവയും ഇനിയും പിരിഞ്ഞുകിട്ടാനുള്ള തുക ലാഭമോ നഷ്ടമോ എന്നുള്ള വിശദാംശവും ലഭ്യമാക്കുമോ;

(സി) വാട്ടർ അതോറിറ്റിക്ക് ഓരോ വർഷവും ലഭ്യമായ സംസ്ഥാന, കേന്ദ്ര സർക്കാർ ഗ്രാന്റ് എത്ര എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ രൂക്ഷമായ ജലക്ഷാമം കണക്കിലെടുത്ത് വരൾച്ചാ സഹായത്തിനായി കേന്ദ്രത്തിന് സമർപ്പിച്ച ഡ്രൗട്ട് മെമ്മോറാണ്ടത്തിൽ 115.40 കോടി രൂപയുടെ 2291 പ്രവൃത്തികളാണ് ഉള്ളത്. കേന്ദ്ര സഹായം ഇതുവരെ ലഭ്യമായിട്ടില്ല. വരൾച്ചാ ദുരിതാശ്വാസ ഫണ്ടായി 40 കോടി രൂപ 2016-17 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) (തുക കോടിയിൽ)

| വർഷം | പിരിച്ചെടുക്കേണ്ടിയിരുന്ന തുക | പിരിച്ചെടുത്ത തുക | പിരിഞ്ഞു കിട്ടാനുള്ള തുക |
|---|---|---|---|
| Opening Balance | | | 321.21 |
| 2011-12 | 358.29 | 276.35 | 81.94 |
| 2012-13 | 340.39 | 312.54 | 27.85 |
| 2013-14 | 386.36 | 315.17 | 71.19 |
| 2014-15 | 470.65 | 372.73 | 97.92 |
| 2015-16 | 572.24 | 459.91 | 112.33 |

കേരള വാട്ടർ അതോറിറ്റി സ്ഥാപിതമായ വർഷം മുതൽ നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(സി) പദ്ധതി നടത്തിപ്പിനായി കഴിഞ്ഞ അഞ്ച് വർഷം കേന്ദ്ര-സംസ്ഥാന സർക്കാർ ഗ്രാന്റായി നൽകിയ തുകയുടെ വിശദവിവരങ്ങൾ താഴെ നൽകുന്നു.

(തുക കോടിയിൽ)

| വർഷം | കേന്ദ്ര സർക്കാർ | സംസ്ഥാന സർക്കാർ |
|---|---|---|
| 2012-13 | 245.64 | 575.54 |
| 2013-14 | 201.93 | 515.01 |
| 2014-15 | 119.55 | 292.34 |
| 2015-16 | 45.28 | 525.19 |
| 2016-17 | 69.77 | 513.89 |

## വാട്ടർ സപ്ലൈ, സ്വീവേജ് സംവിധാനം

287 (2522) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ വാട്ടർ സപ്ലൈ, സ്വീവേജ് സംവിധാനം എന്നിവ സംബന്ധിച്ച പ്രവൃത്തികൾ ചെയ്യുന്നത് ഏത് തസ്തികയിൽപ്പെടുന്ന ജീവനക്കാരാണെന്നും പ്രസ്തുത തസ്തികയുടെ യോഗ്യത എന്താണെന്നും അറിയിക്കുമോ;

(ബി) വാട്ടർ അതോറിറ്റിയിൽ ഓവർസിയർ നിയമനത്തിന്റെ യോഗ്യത ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നത് മാറ്റി ജോലിയുടെ സ്വഭാവവുമായി ബന്ധമുള്ള പ്ലംബർ ട്രേഡ് 1 ഐ.ടി.ഐ. സർട്ടിഫിക്കറ്റ് എന്നതാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തസ്തികയിൽ മതിയായ സാങ്കേതിക യോഗ്യത ഇല്ലാത്തവരുടെ നിയമനം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി ഓവർസീയർ നിയമന യോഗ്യത പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള വാട്ടർ അതോറിറ്റിയിൽ വാട്ടർ സപ്ലൈ, സ്വീവേജ് സംവിധാനം എന്നിവ സംബന്ധിച്ച പ്രവൃത്തികൾ പ്രധാനമായും ചെയ്യുന്നത് സാങ്കേതിക വിഭാഗത്തിൽപ്പെടുന്ന താഴെപ്പറയുന്ന തസ്തികയിലുള്ള ജീവനക്കാരാണ്.

1. ഓപ്പറേറ്റർ
2. ഓവർസീയർ ഗ്രേഡ്-3
3. ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-2
4. ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-1
5. പ്ലംബർ
6. ഫിറ്റർ
7. ലൈൻമാൻ/ക്ലീനർ
8. അസിസ്റ്റന്റ് എഞ്ചിനീയർ
9. മെക്കാനിക്കൽ സൂപ്രണ്ട്
10. വർക്കർ

വിദ്യാഭ്യാസ യോഗ്യത 14-10-1966-ലെ സ.ഉ.(പി) നമ്പർ 403 പ്രകാരം ഓരോ തസ്തികയ്ക്കും നിഷ്കർഷിച്ചിരിക്കുന്നു.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എറണാകുളം നഗരത്തിൽ വെള്ളക്കരം നോൺ ഡൊമസ്റ്റിക് ആക്കി മാറ്റുന്ന നടപടി**

288 (2523) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം നഗരത്തിൽ പലയിടങ്ങളിലും വീടിന്റെ ഉടമസ്ഥൻ ഒറ്റയ്ക്ക് സ്വന്തം വീട്ടിൽ തന്നെ താമസിച്ചാലും ബാച്ചിലർ അക്കൊമഡേഷൻ എന്ന പേരിൽ വെള്ളക്കരം നോൺ-ഡൊമസ്റ്റിക് ആക്കി മാറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭാര്യയും കുട്ടികളും മറ്റ് സ്ഥലങ്ങളിൽ ജോലിക്കോ പഠനത്തിനോ ആയി മാറി നിൽക്കുന്ന അവസരങ്ങളിൽ വാട്ടർ കണക്ഷൻ നോൺ-ഡൊമസ്റ്റിക് ആക്കി മാറ്റുവാൻ നിയമം അനുവദിക്കുന്നുണ്ടോ;

(സി) ഇത്തരത്തിൽ വാട്ടർ കണക്ഷൻ നോൺ-ഡൊമസ്റ്റിക് ആക്കിയത് സംബന്ധിച്ച് പരാതി ലഭിച്ചാലുടൻ ഡൊമസ്റ്റിക് ആക്കി മാറ്റി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) നിയമപ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

**ജലക്ഷാമം നേരിടുന്നതിനുള്ള മുൻകരുതലുകൾ**

289 (2524) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരും വർഷങ്ങളിൽ ജലക്ഷാമം നേരിടുന്നതിന് എന്തെല്ലാം പദ്ധതികളും മുൻകരുതലുകളുമാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കാർഷിക മേഖലയ്ക്ക് ജലം നൽകുന്നതിനായി പ്രത്യേക കർമ്മ പദ്ധതിക്ക് രൂപം നൽകുമോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഓരു വെള്ളക്കയറ്റ നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ഉതകുന്ന തരത്തിൽ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റെഗുലേറ്ററുകൾ കിഫ്ബിയുടെ ധനസഹായത്തോടെ

നിർമ്മിക്കുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നു. ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ നദികളിലും ഉപനദികളിലും തോടുകളിലും കാലാകാലങ്ങളായി നിർമ്മിച്ചതും എന്നാൽ പ്രവർത്തനക്ഷമമല്ലാത്തതുമായ തടയണകൾ, വെന്റ് ക്രോസ് ബാറുകൾ, റെഗുലേറ്ററുകൾ പുനരുദ്ധരിക്കുന്നതിലേയ്ക്കായി പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു. ഈ പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ ജലക്ഷാമം ഒരു പരിധി വരെ പരിഹരിക്കാൻ സാധിക്കുന്നതാണ്. ജലക്ഷാമം നേരിടുന്നതിനായി കേരള ജല അതോറിറ്റി ദീർഘകാലാടിസ്ഥാനത്തിൽ പ്ലാൻ ഫണ്ട്, LAC-ADS, കിഫ്ബി, അമൃത്, നബാർഡ്, കേന്ദ്ര വിഹിതം ഉപയോഗിച്ചുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2017-18 സാമ്പത്തിക വർഷം കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികൾക്കായി ഭൂഗർഭജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻ കീഴിൽ ഭൂജല വകുപ്പിന് ഒരു കോടി രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണ പദ്ധതിയിൽ 1.75 കോടി രൂപ ഭൂജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.

ഗ്രാമീണ മേഖലയിൽ കുടിവെള്ള ക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തുകളിൽ ദീർഘകാലാടിസ്ഥാനത്തിൽ സുസ്ഥിരവും ഗുണമേന്മയേറിയതുമായ കുടിവെള്ള പദ്ധതികളും ശുചിത്വ സംവിധാനങ്ങളും നടപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി ജലനിധി പദ്ധതികൾ നടപ്പാക്കുന്നു. പഞ്ചായത്തുകളുടെ ജലലഭ്യതയും കുടിവെള്ള ക്ഷാമവും കണക്കിലെടുത്ത് മുൻഗണനാടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടികയിൽ നിന്നും ബാച്ചുകളായി തരം തിരിച്ചാണ് ജലനിധി പദ്ധതി പ്രവർത്തനം നടത്തുന്നത്. സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനാവശ്യമായ ഭൂഗർഭ ജല പരിപോഷണ സംവിധാനങ്ങളും ജലനിധി പദ്ധതികളിൽ നടപ്പാക്കിവരുന്നു. ജലസ്രോതസ്സുകളുടെ സ്വാഭാവിക പ്രകൃതം നിലനിർത്തിയും കിണറുകൾ, കുളങ്ങൾ തുടങ്ങിയവ വൃത്തിയാക്കിയും മഴവെള്ളം സംഭരിക്കുന്നതിനും പെയ്തിറങ്ങുന്ന വെള്ളം ഭൂമിയിൽ കിനിഞ്ഞിറങ്ങുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയും ജനകീയ പങ്കാളിത്തത്തോടെ ഹരിത കേരളം മിഷൻ പ്രാവർത്തികമാക്കി വരുന്നു.

(ബി) കൂടുതൽ കൃഷിയിടങ്ങളിൽ ജലസേചനത്തിനുള്ള ജലലഭ്യത ഉറപ്പാക്കുക, ജലത്തിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിക്കുകയും അതുവഴി ജലനഷ്ടം കുറയ്ക്കുകയും ചെയ്യുക, സൂക്ഷ്മ ജലസേചന (Precision Irrigation), Micro irrigation തുടങ്ങിയ സാങ്കേതിക വിദ്യകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക, കാർഷിക മേഖലയിലെ എല്ലാ നിക്ഷേപങ്ങളും ഫീൽഡ് ലെവലിൽ ഏകീകരിക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ ആവിഷ്കരിച്ച കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് പി.എം.കെ. എസ്.വൈ. (PMKSY). സംസ്ഥാന കൃഷി വകുപ്പാണ്

പദ്ധതിയുടെ നോഡൽ ഡിപ്പാർട്ട്മെന്റ്. PMKSY-ൽപ്പെട്ട വിവിധ പദ്ധതികൾ നടപ്പിലാക്കുന്നത് ജലസേചനം, മണ്ണ് സംരക്ഷണം, ഗ്രാമവികസനം, തദ്ദേശസ്വയംഭരണം, ഭൂജലം തുടങ്ങിയ വകുപ്പുകളാണ്. ജലസേചന വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ജില്ലാതല നോഡൽ ഓഫീസർ ചെറുകിട ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. PMKSY പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി 24 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഭൂജലവകുപ്പ് ചെറുകിട കർഷകർക്ക് കുഴൽക്കിണർ നിർമ്മാണത്തിന് (ഡ്രില്ലിംഗ്) 50% സബ്സിഡി നൽകിവരുന്നു.

## ചാലക്കുടി മണ്ഡലത്തിലെ ജലാശയങ്ങൾ സംരക്ഷിക്കുന്നതിന് നടപടി

290 (2525) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന തോതിൽ ജലാശയങ്ങൾ വൃത്തിയാക്കുന്നതിനും കെട്ടി സംരക്ഷിക്കുന്നതിനും ജലവിഭവ വകുപ്പ് നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ചാലക്കുടി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ജലാശയങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ അടിയന്തരമായി അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ജലാശയങ്ങൾ വൃത്തിയാക്കുന്നതിനും കെട്ടി സംരക്ഷിക്കുന്നതിനും 2017-18 സാമ്പത്തിക വർഷത്തിൽ ജലസേചന വകുപ്പിന് 8 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും 5 കോടി രൂപ ജലസേചന വകുപ്പ് മുഖേന ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി കുളങ്ങൾ നവീകരിക്കുന്നതിനാണ് വക കൊള്ളിച്ചി രിക്കുന്നത്. കൂടാതെ ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ MNREGS (മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം) ന്റെ ഫണ്ട് ഉപയോഗിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ കുളങ്ങൾ വൃത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചാലക്കുടി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളുടേതായി 129 കുളങ്ങളുടെ നവീകരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി MNREGS സഹായത്തോടെ നടപ്പിലാക്കുന്നതിനായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ചാലക്കുടി മണ്ഡലത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് MNREGS മുഖേന തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കാൻ പറ്റാത്ത കുളങ്ങൾ ആവശ്യകതയനുസരിച്ച് മുൻഗണനാ ക്രമത്തിൽ സംസ്ഥാന ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വൃത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

**പത്തനാപുരം മണ്ഡലത്തിന് വാട്ടർ അതോറിറ്റി അനുവദിച്ച തുക**

291 (2526) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2017 മാർച്ച് മുതൽ മേയ് വരെ ശുദ്ധജല വിതരണത്തിനായി വാട്ടർ അതോറിറ്റി ഓരോ ജില്ലയ്ക്കും അനുവദിച്ച തുകയും കൂടാതെ പത്തനാപുരം നിയോജക മണ്ഡലത്തിന് അനുവദിക്കപ്പെട്ട തുകയും എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

2017 മാർച്ച് മുതൽ മേയ് വരെ വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾക്കായി നാൽപത് കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

(തുക ലക്ഷം രൂപയിൽ)

| ജില്ല | ഭരണാനുമതി നൽകിയ തുക |
|---|---|
| തിരുവനന്തപുരം | 386.69 |
| കൊല്ലം | 181.74 |
| പത്തനംതിട്ട | 191.10 |
| ആലപ്പുഴ | 155.75 |
| കോട്ടയം | 183.65 |
| ഇടുക്കി | 39.85 |
| എറണാകുളം | 337.28 |
| തൃശ്ശൂർ | 149.36 |
| പാലക്കാട് | 189.95 |
| മലപ്പുറം | 320.05 |
| കോഴിക്കോട് | 178.21 |
| വയനാട് | 96.63 |
| കണ്ണൂർ | 297.54 |
| കാസർഗോഡ് | 150.15 |

ഇതിനുപുറമേ തിരുവനന്തപുരം നഗരത്തിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് നെയ്യാറിൽ നിന്നും അരുവിക്കരയിലേയ്ക്ക് ജലമെത്തിക്കാൻ ആറ് കോടി രൂപ പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്. പത്തനാപുരം മണ്ഡലത്തിനും പിറവന്തൂർ പഞ്ചായത്തിനുമുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ ഇൻടേക്ക് വെല്ലിന്റെ ശുദ്ധീകരണത്തിനായി ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## തോപ്പുംപടി-കരുവേലിപ്പടി പൈപ്പ് ലൈൻ പ്രവൃത്തി കമ്മീഷൻ ചെയ്യുന്നതിന് നടപടി

292 (2527) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിലെ തോപ്പുംപടി പമ്പ് ഹൗസ് മുതൽ കരുവേലിപ്പടി പമ്പ് ഹൗസ് വരെ 70 എം.എം.പൈപ്പ് ലൈൻ പ്രവൃത്തി നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തിയാകുമ്പോൾ നിലവിൽ ലഭിക്കുന്ന വെള്ളം കൂടാതെ അധികമായി എന്തു മാത്രം വെള്ളം കൂടി ലഭിക്കും;

(സി) പ്രസ്തുത ജോലി ഉടൻ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ ലഭിക്കുന്ന വെള്ളം കൂടാതെ 15 mld (15 ദശലക്ഷം ലിറ്റർ) ജലം അധികമായി ലഭിക്കും.

(സി) പദ്ധതിയുടെ പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. 2017 മേയ് മാസം പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## മട്ടന്നൂർ ശുദ്ധജല വിതരണ പദ്ധതി

293 (2528) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കിഫ്ബി ഫണ്ട് ലഭ്യമാക്കി ഭരണാനുമതി ലഭിച്ച മട്ടന്നൂർ ശുദ്ധജലവിതരണ പദ്ധതി പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

മട്ടന്നൂർ-ഇരിട്ടി മുനിസിപ്പാലിറ്റികൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി നാല് പാക്കേജുകളായിട്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ കിണർ, റാ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് ഹൗസ് മുതലായവ ഉൾപ്പെട്ട പാക്കേജ്-1 ടെണ്ടർ ചെയ്തിട്ടുണ്ട്. ശുദ്ധീകരണശാല, ക്ലിയർ വാട്ടർ റിസർവോയറുകൾ മുതലായവ ഉൾപ്പെട്ട പാക്കേജ് 2 ടെണ്ടറിന്റെ അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാക്കേജ് 3-ൽ ഉൾപ്പെട്ട റിസർവോയറിന് വേണ്ടിയുള്ള സ്ഥലം മുനിസിപ്പാലിറ്റി മുഖേന ഏറ്റെടുക്കേണ്ടതുണ്ട്. പാക്കേജ് 4-ൽ ഉൾപ്പെട്ട 15LL സംഭരണശേഷിയുള്ള റിസർവോയറിനുവേണ്ടി ഇരിട്ടി ഹൈസ്കൂൾ സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള 25 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ജലസ്രോതസ്സുകൾ സംരക്ഷിക്കാനും പുനരുദ്ധരിക്കാനും നടത്തുന്ന പ്രവർത്തനങ്ങൾ

294 (2529) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> :
<u>ശ്രീ. ഡി. കെ. മുരളി</u> :
<u>ശ്രീ. പി. ഉണ്ണി</u> :
<u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്രീയമായ ജലസംരക്ഷണ രീതികൾ പാലിക്കാത്തതുകൊണ്ട് ഉണ്ടായിട്ടുള്ള അതിരൂക്ഷമായ വരൾച്ച നേരിടാനും ഇത്തരം സ്ഥിതിവിശേഷം ആവർത്തിക്കാതിരിക്കുന്നതിനും നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണ്;

(ബി) വിവിധയിനം ജലസ്രോതസ്സുകൾ സംരക്ഷിക്കാനും നാശോന്മുഖമായവ പുനരുദ്ധരിക്കാനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) ജലപോഷണത്തിനും, നീർത്തട സംരക്ഷണത്തിനുമായി ഹരിത കേരളം മിഷന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്?

<u>ഉത്തരം</u>

(എ&ബി) ശാസ്ത്രീയമായ ജലവിഭവ മാനേജ്മെന്റ് ഓരോ നീർത്തടത്തിലും ശരിയായ രീതിയിൽ നടപ്പിലാക്കി, ജലവിഭവ സംരക്ഷണവും വിനിയോഗവും സംയോജിത നീർത്തടാധിഷ്ഠിതമാക്കുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പിന്റെ മുൻകയ്യോടെ ആരംഭിച്ചിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഭാഗമായി കുളങ്ങളും തോടുകളും സംരക്ഷിച്ച് ജലലഭ്യത വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനായി ഈ വർഷത്തെ ബജറ്റിൽ പതിനഞ്ച് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വരൾച്ച

നേരിടുന്നതിനായി കുഴൽ കിണറുകൾ നിർമ്മിച്ച് ചെറുകിട കുടിവെള്ള പദ്ധതികളും ഹാന്റ് പമ്പ് സ്കീമുകളും തുറന്ന കിണർ വഴിയുള്ള കൃത്രിമ ഭൂജല സംപോഷണ പദ്ധതികളും ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്നു. കുടിവെള്ള പദ്ധതികൾക്കായി 2016-17 രാജീവ് ഗാന്ധി പദ്ധതിയിൽ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൃത്രിമ ഭൂജല സംപോഷണത്തിനായി അനുവദിച്ച 40 ലക്ഷം രൂപ ഉപയോഗിച്ച് 41 തുറന്ന കിണർ റീചാർജ്ജിംഗ് പദ്ധതികൾ 2016-17-ൽ പൂർത്തീകരിച്ചു. 2017-18 സാമ്പത്തിക വർഷം ഭൂഗർഭജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻ കീഴിൽ ഒരു കോടി രൂപ വകുപ്പിന് ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 1.57 കോടി രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 32 ചെറുകിട കുടിവെള്ള പദ്ധതികളും, 99 കുഴൽ കിണർ നിർമ്മാണവും 244 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും, 5328 കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും, 23 കുഴൽക്കിണർ കൈപമ്പ് പദ്ധതികളും ഈ പദ്ധതിയിൻ കീഴിൽ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ജലപോഷണത്തിനും നീർത്തട സംരക്ഷണത്തിനുമായി ഹരിത കേരളം മിഷന്റെ ഭാഗമായ ജലവിഭവ മിഷന്റെ പ്രവർത്തനപരിപാടികൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. ജലപോഷണം ഉറപ്പാക്കുന്ന മഴക്കുഴി നിർമ്മാണം, കിണർ ചാർജ്ജിംഗ് എന്നീ പരിപാടികൾ തൊഴിലുറപ്പ് പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് നടപ്പിലാക്കുന്നത്. അതിന്റെ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു. എഞ്ചിനീയറിംഗ് നിർമ്മിതികൾ പരമാവധി കുറച്ചുകൊണ്ട് പരിസ്ഥിതി സൗഹൃദമായി കുളങ്ങൾ നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു. ബജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ കഴിയുന്ന തരത്തിലാണ് കുളങ്ങളുടെ പുനരുദ്ധാരണം ആസൂത്രണം ചെയ്തിട്ടുള്ളത്.

## തൃക്കോവിൽവട്ടം പഞ്ചായത്തിൽ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിൽ കാലതാമസം

295 (2530) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം തൃക്കോവിൽവട്ടം പഞ്ചായത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) 90 കുതിരശക്തിയുള്ള പമ്പ്സെറ്റ് സ്ഥാപിക്കുന്ന ജോലി ഏത് ഘട്ടത്തിലാണ്;

(സി) ഈ പദ്ധതി അടിയന്തരമായി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം തൃക്കോവിൽവട്ടം പഞ്ചായത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി തൃക്കോവിൽവട്ടം-നെടുമ്പന കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 1000 ലക്ഷം രൂപയ്ക്ക് 2012-ൽ ഭരണാനുമതി നൽകി. ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വെൽ-കം-പമ്പ് ഹൗസ്, 5.5 mld ശേഷിയുള്ള ശുദ്ധീകരണശാല, 5 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണി, 6 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണി, കിണറ്റിൽ നിന്നും ശുദ്ധീകരണശാലയിലേയ്ക്കുള്ള 300 mm DI pipe സ്ഥാപിക്കുന്ന പ്രവൃത്തി, ശുദ്ധീകരണശാലയിൽ നിന്നും കണ്ണനല്ലൂരിലെ പുതിയതായി നിർമ്മിച്ച 6 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ടാങ്കിലേയ്ക്കും മുഖത്തല പേരയം എന്നിവിടങ്ങളിൽ നിലവിലുള്ള ഉപരിതല സംഭരണികളിലേയ്ക്കും പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കിണറിൽ സ്ഥാപിക്കുവാനുള്ള 90 HP VT പമ്പ് സെറ്റും, ശുദ്ധീകരണശാലയിൽ സ്ഥാപിക്കുവാനുള്ള 5 HP, 10 HP, 15 HP & 25 HP ശേഷിയുള്ള പമ്പ് സെറ്റുകളും സ്ഥാപിക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് യഥാക്രമം 3-8-2016-ൽ 6 മാസത്തെ കാലാവധിയോടുകൂടിയും 22-2-2017-ൽ മൂന്നുമാസത്തെ കാലാവധിയോടുകൂടിയും കരാർ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കരാറുകാരൻ സമയബന്ധിതമായി പമ്പ് സെറ്റുകൾ സപ്ലൈ ചെയ്യാത്തതുകാരണം ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസമുണ്ടായിട്ടുണ്ട്. പണികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകുകയും വീഴ്ചയുണ്ടാകുന്ന പക്ഷം കരാറുകാരന്റെ ബാധ്യതയിൽ പണികൾ ചെയ്യുമെന്ന് അറിയിച്ചിരിക്കുകയുമാണ്. ശേഷിക്കുന്ന പ്രവൃത്തികളായ ശുദ്ധീകരണശാലയിൽ നിന്നും കുരീപ്പള്ളിയിൽ നിലവിലുള്ള ഉപരിതല ടാങ്കിലേയ്ക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയും കുരീപ്പള്ളിയിൽ നിർമ്മിക്കുവാനുള്ള 2 LL ശേഷിയുള്ള ഉപരിതല ടാങ്കിന്റെയും പ്രവൃത്തികൾ ഉൾപ്പെടുത്തി 1162.50 ലക്ഷം രൂപയ്ക്കുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

(ബി) റോ വാട്ടർ പമ്പ് ഹൗസിൽ സ്ഥാപിക്കേണ്ടുന്ന 90 HP പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിക്കുവേണ്ടിയുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ബന്ധപ്പെട്ട പ്രവൃത്തിക്കുള്ള കരാർ 2-2-2017-നുള്ളിൽ പൂർത്തീകരിക്കുമെന്ന വ്യവസ്ഥയിൽ 3-8-2016-ൽ ഒപ്പ് വച്ചിരുന്നുവെങ്കിലും നാളിതുവരെ കരാറുകാരൻ പമ്പ്സെറ്റ് സപ്ലൈ ചെയ്ത് പണികൾ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ പണികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെടുകയും അല്ലാത്ത പക്ഷം കരാറുകാരന്റെ ബാധ്യതയിൽ പണികൾ നടത്തുന്നതാണെന്ന് കേരള വാട്ടർ അതോറിറ്റി കരാറുകാരനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിച്ച് പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ജല അതോറിറ്റിയുടെ എൻ.ഒ.സി. വാങ്ങി വിപണനം നടത്തുന്ന കുടിവെള്ളക്കമ്പനികൾ

296 (2531) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജല അതോറിറ്റിയുടെ എൻ.ഒ.സി. വാങ്ങി വിപണനം നടത്തുന്ന കുടിവെള്ളക്കമ്പനികൾ ഏതെല്ലാമെന്നും എൻ.ഒ.സി. ഇല്ലാതെ വിപണനം നടത്തുന്നവ ഏതെല്ലാം എന്നും, എൻ.ഒ.സി. ഇല്ലാതെയുള്ള കുടിവെള്ളവിപണനം തടയുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിനകത്ത് റെയിൽവേ വക കുപ്പിവെള്ളക്കമ്പനി എവിടെ യൊക്കെയാണുള്ളത് ; ഇതിന് ഇവർ ജലമൂറ്റുന്നത് എവിടെനിന്നാണ് ; ഇതിന് സംസ്ഥാന സർക്കാർ അനുമതി നല്കിയിട്ടുണ്ടോ; ജലപരിശോധന നടത്തുന്നുണ്ടോ ; ഇതുമൂലം സംസ്ഥാന സർക്കാരിന് ലഭിക്കുന്ന വരുമാനം എത്രയെന്ന് വെളിപ്പെടുത്തുമോ ?

(സി) സംസ്ഥാനത്ത് പെപ്സി തുടങ്ങിയ ബഹുരാഷ്ട്രകമ്പനികളിൽ ഏതെല്ലാമാണ് കുടിവെള്ള വിപണനം നടത്തുന്നതെന്നും അവർ സംസ്ഥാനത്ത് എവിടെയൊക്കെ നിന്നാണ് ജലമൂറ്റുന്നത്, എത്രജലം ദിനംപ്രതി എടുക്കുന്നുവെന്നും ആയതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ജല അതോറിറ്റി കുടിവെള്ള വിതരണത്തിന് എൻ.ഒ.സി. നൽകുന്നില്ല. സംസ്ഥാനത്ത് ഭൂജല അതോറിറ്റി എൻ.ഒ.സി. നൽകിയ 115 സ്വകാര്യ കുപ്പിവെള്ള കമ്പനികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) റെയിൽവേ വക കുപ്പിവെള്ള കമ്പനികൾക്ക് എൻ.ഒ.സി. നൽകിയിട്ടില്ല.

(സി) പാലക്കാട് പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ കഞ്ചിക്കോട് പ്രവർത്തിച്ചു വരുന്ന പെപ്സികോ ഇന്ത്യ ഹോൾഡിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഏഴ് കുഴൽകിണറുകളാണ് നിലവിലുള്ളത്. ഇതിൽ നിന്നും പ്രതിദിനം 5.5 ലക്ഷം മുതൽ 6 ലക്ഷം ലിറ്റർ വരെ ഭൂജലം കമ്പനി എടുത്തുവന്നിരുന്നു. കമ്പനിയുടെ ജലചൂഷണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 18-4-2007-ൽ ചേർന്ന നിയമസഭാ ഉപസമിതിയുടെ നിർദ്ദേശ പ്രകാരം ഭൂജല വകുപ്പ് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമിതി മുമ്പാകെ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ പ്രതിദിന ഉപഭോഗം 2.34 ലക്ഷം ലിറ്ററായി പരിമിതപ്പെടുത്തണമെന്നും ഇത് പരിശോധിക്കുന്നതിനായി SCADA (Supervisory Control and Data

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

Acquisition) Telemetry സംവിധാനം ഏർപ്പെടുത്തണമെന്നും ഉപസമിതി സർക്കാരിനോട് ശിപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ പ്രതിദിന ഭൂജല ഉപയോഗം 2.34 ലക്ഷം ലിറ്ററായി പരിമിതപ്പെടുത്തണമെന്ന് നിർദ്ദേശം നൽകി. ഈ ഉത്തരവിനെതിരെ കമ്പനി ബഹു. കേരള ഹൈക്കോടതിയെ സമീപിക്കുകയും കോടതിയുടെ 20693/2010 നമ്പർ റിട്ട് ഹർജിയിലെ 23-5-2011 തീയതിയിലെ ഉത്തരവ് പ്രകാരം വിശദമായ പഠനം നടത്തുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുവാൻ ഉത്തരവാകുകയും അതുവരെ നിലവിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന പ്രതിദിനം 6 ലക്ഷം ലിറ്റർ എന്ന തോതിൽ ജലം ഉപയോഗിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് ഭൂജല വകുപ്പ് ഡയറക്ടർ, കേന്ദ്ര ഭൂജല ബോർഡ് റീജിയണൽ ഡയറക്ടർ, ഡയറക്ടർ, CWRD, കോഴിക്കോട് തുടങ്ങിയ വിദഗ്ദ്ധരെ ഉൾപ്പെടുത്തി സമിതി രൂപീകരിക്കുകയും സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് ഇപ്പോൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെപ്സി കമ്പനിയുടെ ജല ഉപഭോഗം 75% കുറയ്ക്കുവാൻ ഭൂജല വകുപ്പ് പാലക്കാട് ജില്ലാ ഓഫീസിൽ നിന്ന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പെപ്സി കമ്പനി പ്രതിദിന ജല ഉപഭോഗം 2017 ഫെബ്രുവരി 3 മുതൽ പ്രതിദിനം 1.50 ലക്ഷം ലിറ്ററായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

**നദി സംരക്ഷണ അതോറിറ്റി രൂപീകരിക്കുന്ന കാര്യത്തിൽ ധാരണ**

297 (2532) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. കെ. ബഷീർ :
ഡോ. എം. കെ. മുനീർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നദികളുടെ പരിപാലന സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഒരു നദി സംരക്ഷണ അതോറിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഘടനയും ഉത്തരവാദിത്വവും സംബന്ധിച്ച് ധാരണയായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ ശുദ്ധജല സ്രോതസ്സുകളുടെയും ശുചീകരണ സംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും പര്യാപ്തമായ വിധത്തിലുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് നദികളുടെ പരിപാലന സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഒരു സംസ്ഥാന നദീതണ്ണീർത്തട അതോറിറ്റിയും അതിനുകീഴിൽ നദീതട ബോർഡുകളും രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന ബിൽ (കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (ഭേദഗതി) ബിൽ 2013) 13-ാം കേരള നിയമസഭയുടെ പരിഗണനയിലുണ്ടായിരുന്നെങ്കിലും പ്രസ്തുത ബില്ലിന് നിയമസഭയുടെ അംഗീകാരം ലഭിച്ചിട്ടില്ല. എന്നാൽ ആവശ്യമായ ഭേദഗതികൾ ഉൾപ്പെടുത്തി പ്രസ്തുത ബിൽ വീണ്ടും നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2013-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ വ്യവസ്ഥ ചെയ്തിരുന്നത് 'സംസ്ഥാന നദീ തണ്ണീർത്തട അതോറിറ്റിയും അതിനു കീഴിൽ', 'നദീതട ബോർഡുകൾ', 'തണ്ണീർത്തട വികസന ബോർഡുകൾ' എന്നിവ രൂപീകരിക്കാനാണ്.

(സി) സംസ്ഥാന നദീ തണ്ണീർത്തട അതോറിറ്റിയുടെ രൂപീകരണമുണ്ടായാൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നദികളുടെ സംരക്ഷണത്തിനായി നദീതട മാസ്റ്റർ പ്ലാനുകൾ രൂപീകരിച്ച് വിവിധ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് സാധിക്കും. കൂടാതെ ബില്ലിന്റെ കീഴിൽ തണ്ണീർത്തട വികസന ബോർഡുകൾ രൂപീകൃതമായാൽ മറ്റു ശുദ്ധജലസ്രോതസ്സുകളുടെയും ശുചീകരണ സംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സാധിക്കുന്നതാണ്.

**അമൃത് പദ്ധതിക്ക് അനുവദിച്ച തുക**

298 (2533) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണം സുഗമമാക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ "അമൃത്" പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ നാളിതുവരെ അനുവദിച്ചതും വക കൊള്ളിച്ചിട്ടുള്ളതുമായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ 9 നഗരസഭകളിൽ കുടിവെള്ള വിതരണം ലഭ്യമാക്കുവാൻ വേണ്ടി 2015-16 സാമ്പത്തിക വർഷത്തിൽ 232.277 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ 412.27 കോടി രൂപയും ഉള്ള പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ പ്രാഥമിക അംഗീകാരം ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളിൽ 50% കേന്ദ്ര വിഹിതവും 30% സംസ്ഥാന വിഹിതവും 20% അതാത് നഗരസഭകളുടെ വിഹിതവുമാണ്.

(ബി) ഈ തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. പ്രസ്തുത പദ്ധതികളിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ബാക്കി പദ്ധതികളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റിൽ (SMMU) നിന്നും ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ കേരള വാട്ടർ അതോറിറ്റിയുടെ വിവിധ ഓഫീസുകൾ വഴി പദ്ധതി നടപ്പിലാക്കി തുക ചെലവഴിക്കാൻ കഴിയുകയുള്ളൂ.

**പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ റെയിൽവേയ്ക്ക് നൽകുവാനുള്ള തുക**

299 (2534) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏലത്തൂർ നിയോജക മണ്ഡലത്തിൽപ്പെട്ട മത്സ്യ ഗ്രാമത്തിൽ കുടിവെള്ള വിതരണത്തിനായി വെസ്റ്റ് ഹിൽ മുതൽ ഏലത്തൂർ റെയിൽവേ സ്റ്റേഷൻ വരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി ഇന്ത്യൻ റെയിൽവേയ്ക്ക് നൽകുവാനുള്ള 217841 രൂപ ഒടുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ഒടുക്കിയിട്ടില്ലെങ്കിൽ ആയത് എന്നത്തേക്ക് ഒടുക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) 4-5-2017-ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്. ഡിവിഷൻ, കോഴിക്കോടിന് ചെക്ക് നമ്പർ 268553 തീയതി 29-4-2017 പ്രകാരം നൽകിയിട്ടുണ്ട്.

**ഓച്ചിറ കുടിവെള്ള പദ്ധതി**

300 (T* 2535) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓച്ചിറ കുടിവെള്ള പദ്ധതിയിലേക്ക് പമ്പ് ചെയ്യുന്ന കുടിവെള്ളത്തിൽ ഉപ്പുവെള്ളം കലരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിയ്ക്കുവേണ്ടി വെള്ളം പമ്പ് ചെയ്യുന്ന സ്ഥലത്ത് ജലസ്രോതസ്സിലേക്ക് ഉപ്പ് വെള്ളം കലരുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് വകുപ്പുതല ഉദ്യോഗസ്ഥരും പാടശേഖര സമിതി പ്രവർത്തകരും തമ്മിൽ നടന്ന ചർച്ചയുടെ വിശദാംശം ലഭ്യമാക്കുമോ?

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉപ്പുവെള്ളം കലരുന്ന പ്രശ്നം റിപ്പോർട്ട് ചെയ്ത ഉടൻ തന്നെ ഈ പദ്ധതിക്കായി വെള്ളം പമ്പ് ചെയ്യുന്ന അച്ചൻകോവിലാറിൽ മുണ്ടോളി കടവ് പാലത്തിന് സമീപം ആറിന് കുറുകെ താൽക്കാലിക ബണ്ട് സ്ഥാപിച്ച് പ്രശ്നം പരിഹരിച്ചു.

(സി) 5-3-2017-ൽ ചേർന്ന യോഗത്തിന്റെ നടപടിക്രമം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മാടായി കുടിവെള്ള പദ്ധതി**

301 (2536) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണാനുമതി ലഭിച്ച ,കല്യാശ്ശേരി മണ്ഡലത്തിലെ മാടായി കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയുള്ള ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 2016-ൽ 586 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച മാടായി കുടിവെള്ള പദ്ധതിയിൽ 4.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതലജലസംഭരണി, ഗ്രാവിറ്റി മെയിൻ, വിതരണശൃംഖല എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 62% പൂർത്തീകരിച്ചിട്ടുണ്ട്. ജലസംഭരണിയുടെ ബേസ് സ്ലാബിന്റെ താഴെ വരെയുള്ള തൂണുകളുടെയും ബീമുകളുടെയും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി പി.ഡബ്ല്യു.ഡി. റോഡിൽ 2.35 കി.മീ. ദൂരത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. ഇതിനുള്ള അനുമതി പി.ഡബ്ല്യു.ഡി.-യിൽ നിന്നും കാലതാമസമില്ലാതെ ലഭിക്കുകയാണെങ്കിൽ പദ്ധതി 2017 ജൂൺ മാസത്തോടുകൂടി പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കോൾ നിലങ്ങളിലെ ചിറ നിർമ്മാണം

302 (2537) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലെ കൃഷി സുഗമമാക്കുന്നതിന് എല്ലാ വർഷവും ഇടിയഞ്ചിറ, ഏനാമാക്കൽ, മുനയം എന്നിവിടങ്ങളിലെ താത്കാലിക ചിറകളുടെ നിർമ്മാണത്തിനും ചണ്ടി, കുളവാഴ എന്നിവ നീക്കം ചെയ്യുന്നതിനും നവംബർ മാസത്തിൽ ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയും വിധം ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) നടപ്പുവർഷം ഫണ്ട് ലഭ്യമാക്കുവാൻ കാലതാമസം വന്നതുമൂലം കൃഷി നശിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) യഥാസമയം ബണ്ടുകൾ നിർമ്മിച്ചുവെങ്കിലും തുലാവർഷത്തിന് ഗണ്യമായ കുറവ് സംഭവിച്ചതിനാൽ ചില പ്രദേശങ്ങളിൽ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. പ്രധാനമായും വടക്കൻ മേഖലകളിൽ വെങ്കിടങ്ങ് പഞ്ചായത്തിലെ തണ്ണീർക്കായൽ, പുളിപ്പാണ്ടി, മുല്ലശ്ശേരി പഞ്ചായത്തിലെ അന്നക്കര, വടക്കേപടവ്, പുഴയ്ക്കൽ പഞ്ചായത്തിലെ പേരാമംഗലം കിഴക്കേപാടം എന്നിവിടങ്ങളിലുമാണ് കൃഷിനാശം സംഭവിച്ചിട്ടുള്ളത്.

## ഭൂഗർഭ ജലവിതാനം ഉയർത്തുന്നത് സംബന്ധിച്ച് പഠനം

303 (2538) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമിതമായ ജലചൂഷണം ഭൂഗർഭ ജലവിതാനം അതിഭീകരമായ വിധത്തിൽ താഴ്ന്നുപോകുന്നതിന് കാരണമായി എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ജലവിതാനം ഉയർത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ സർക്കാർ സ്വീകരി ച്ചിട്ടുണ്ടോ ;

(ബി) പരാജപ്പെട്ട കുഴൽ കിണർ ഉപയോഗിച്ച് വെള്ളം റീചാർജ്ജ് ചെയ്ത് ജലവിതാനം ഉയർത്തുന്നതിന് സാധിക്കുമോ; ഈ വിഷയത്തിൽ എന്തെങ്കിലും പഠനങ്ങൾ നടന്നിട്ടുണ്ടോ;

(സി) വിതരണത്തിനായി ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) മഴയിലുണ്ടായ കുറവുമൂലം ഭൂജലവിതാനത്തിൽ സാരമായ കുറവ് സംഭവിച്ചിട്ടുണ്ട്. അമിതമായ ജല ചൂഷണംമൂലം ഭൂഗർഭ ജല വിതാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടെന്നുള്ള റിപ്പോർട്ടുകൾ ഭൂജല വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭൂജല വകുപ്പ് ഭൂജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് "ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" പദ്ധതി സംസ്ഥാനത്ത് അവലംബിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ "ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" പദ്ധതിക്കായി വകയിരുത്തിയിരുന്നു. തടയണകൾ, അടിയണകൾ, തുറന്ന കിണർ, കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണം എന്നിവ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. ഈ പദ്ധതിയിൽ 41 തുറന്ന കിണർ റീചാർജ്ജിംഗ് പദ്ധതികൾ 2016-17-ൽ പൂർത്തീകരിച്ചു. 2017-2018 സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 1.57 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) കൃത്രിമ ഭൂജല സംപോഷണത്തിന് അനുയോജ്യമായ കുഴൽക്കിണറുകൾ ഉപയോഗിച്ചുള്ള സംപോഷണ പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കിവരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ കുഴൽക്കിണർ റീചാർജ്ജിംഗ് സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചുവരുന്നു.

(സി) ഭൂജല വകുപ്പ് കുഴൽകിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. കുഴൽക്കിണർ നിർമ്മിക്കുമ്പോൾ ജലത്തിന് നിറവ്യത്യാസമോ, രുചിവ്യത്യാസമോ അസ്വാഭാവിക ഗന്ധമോ അനുഭവപ്പെടുന്ന പക്ഷം വകുപ്പിന്റെ ലബോറട്ടറികളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തിയശേഷമാണ് പദ്ധതി നടപ്പിലാക്കുന്നത്.

## ആലത്തൂർ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പദ്ധതി

304 (T* 2539) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന ആലത്തൂർ നിയോജക മണ്ഡലത്തിലെ എരിമയൂർ, ആലത്തൂർ പഞ്ചായത്തുകളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

(സി) ഏത് ജലസ്രോതസ്സ് ഉപയോഗപ്പെടുത്തിയിട്ടാണ് കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) 2017-18 ബജറ്റിൽ കെ.ഐ.ഐ.എഫ്.ബി. (KIIFB)-യുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി എലവഞ്ചേരി, പല്ലശ്ശന, ആലത്തൂർ, എരിമയൂർ എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിക്ക് 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) പോത്തുണ്ടി ഡാം ജലസ്രോതസ്സ് ഉപയോഗപ്പെടുത്തിയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

**ജപ്പാൻ കുടിവെള്ള പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതിയും കമ്മീഷനിംഗും**

305 (2540) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ ഇന്റർനാഷണൽ ഏജൻസിയുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും അടങ്കലും പദ്ധതി നിർവ്വഹണത്തിന്റെ ഇപ്പോഴത്തെ അവസ്ഥയും വിശദീകരിക്കുമോ;

(സി) കമ്മീഷൻ ചെയ്ത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) കൊല്ലം ജില്ലയിൽ നടപ്പാക്കുന്ന ജപ്പാൻ കുടിവെള്ളപദ്ധതി നിർവ്വഹണത്തിന്റെ പുരോഗതിയും, പദ്ധതിയുടെ കമ്മീഷനിംഗ് എന്നത്തേയ്ക്ക് നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ജപ്പാൻ ഇന്റർനാഷണൽ ഏജൻസിയുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണുള്ളത്.

<u>തിരുവനന്തപുരം</u> :

ഈ പദ്ധതിയിൽ തിരുവനന്തപുരം കോർപ്പറേഷനും (പഴയ വിഴിഞ്ഞം കഴക്കൂട്ടം പഞ്ചായത്തുകൾ ഒഴികെ), ശ്രീകാര്യം, വട്ടിയൂർക്കാവ്, കുടപ്പനക്കുന്ന് പഞ്ചായത്തുകൾക്കും (ഈ മൂന്ന് പഞ്ചായത്തുകളും ഇപ്പോൾ കോർപ്പറേഷനിൽ ഉൾപ്പെടുന്നു.)

<u>മീനാട്</u> :

കൊല്ലം ജില്ലയിലെ ഈ പദ്ധതിയിൽ പറവൂർ മുനിസിപ്പാലിറ്റിക്ക് പുറമേ കരവാളൂർ, അഞ്ചൽ, ഇടമുളക്കൽ, ചാത്തന്നൂർ, ഉമ്മന്നൂർ, ഇളമാട്, പൂയപ്പള്ളി, വെളിയം, നെടുമ്പന, ആദിച്ചനല്ലൂർ, ചിറക്കര, പൂതക്കുളം, മയ്യനാട് എന്നീ 13 പഞ്ചായത്തുകളും ഉൾപ്പെടുന്നു.

<u>ചേർത്തല</u> :

ആലപ്പുഴ ജില്ലയിലെ ഈ പദ്ധതിയിൽ ചേർത്തല മുനിസിപ്പാലിറ്റിക്ക് പുറമേ ചേർത്തല തെക്ക്, പള്ളിപ്പുറം, പാണാവള്ളി, തൈക്കാട്ടുശ്ശേരി, അരൂക്കുറ്റി, പെരുമ്പളം, അരൂർ, എഴുപുന്ന, കുത്തിയതോട്, തുറവൂർ, വയലാർ, പട്ടണക്കാട്, കടകരപ്പള്ളി, കോടംതുരുത്ത്, തണ്ണീർമുക്കം, മുഹമ്മ, കഞ്ഞിക്കുഴി, മാരാരിക്കുളം (വടക്ക്) എന്നീ 18 പഞ്ചായത്തുകളും ഉൾപ്പെടുന്നു.

<u>കോഴിക്കോട്</u> :

ഈ പദ്ധതിയിൽ കോഴിക്കോട് കോർപ്പറേഷന് പുറമേ ബാലുശ്ശേരി, ചേളന്നൂർ, എലത്തൂർ, തലക്കുളത്തൂർ, നന്മണ്ട, കാക്കൂർ, ബേപ്പൂർ, ചെറുവണ്ണൂർ, ഒളവണ്ണ, കടലുണ്ടി, കക്കോടി, നരിക്കുനി, കുന്ദമംഗലം, പെരുവയൽ, കുറുവട്ടൂർ, പെരുമണ്ണ എന്നീ 16 പഞ്ചായത്തുകളും ഉൾപ്പെടുന്നു.

<u>പട്ടുവം</u> :

കണ്ണൂർ ജില്ലയിലെ ഈ പദ്ധതിയിൽ തളിപ്പറമ്പ് മുനിസിപ്പാലിറ്റിക്ക് പുറമേ ചപ്പാരക്കടവ്, കടന്നപ്പള്ളി, പരിയാരം, കുറുമാത്തൂർ, പട്ടുവം, മാട്ടൂൽ, കല്ല്യാശ്ശേരി, പാപ്പിനിശ്ശേരി, ചെറുകുന്ന്, കണ്ണപുരം, ഏഴോം എന്നീ 11 പഞ്ചായത്തുകളും ഉൾപ്പെടുന്നു.

| | | | |
|---|---|---|---|
| (ബി) | തിരുവനന്തപുരം | - | 407.2 കോടി രൂപ |
| | മീനാട് | - | 295.6 കോടി രൂപ |
| | ചേർത്തല | - | 491.3 കോടി രൂപ |
| | കോഴിക്കോട് | - | 805.6 കോടി രൂപ |
| | പട്ടുവം | - | 392.2 കോടി രൂപ |

ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട പട്ടുവം, ചേർത്തല പദ്ധതികൾ പൂർണ്ണമായും തിരുവനന്തപുരം, മീനാട്, കോഴിക്കോട് പദ്ധതികൾ ഭാഗികമായും കമ്മീഷൻ ചെയ്തു. തിരുവനന്തപുരം, മീനാട്, കോഴിക്കോട് പദ്ധതിയിൽ ഉൾപ്പെട്ട വിതരണ ശൃംഖലയുടെ കുറച്ച് പണികൾ ഒഴിച്ചുള്ളവ പൂർണ്ണമായും പൂർത്തീകരിച്ചു. തിരുവനന്തപുരം വിതരണശൃംഖലയുടെ ബാക്കിയുള്ള പണികൾ 2017 ജൂൺ മാസത്തോടു കൂടിയും മീനാട് പദ്ധതിയുടെ പണികൾ 2017 ഡിസംബറോടുകൂടിയും കോഴിക്കോട് പദ്ധതിയുടെ പണികൾ 2018 ഡിസംബറോടുകൂടിയും പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) തിരുവനന്തപുരം പദ്ധതിയിൽ 74 ദശലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജലശുദ്ധീകരണശാല, 42 കിലോമീറ്റർ ദൈർഘ്യമുള്ള പ്രധാന ജലവാഹിനി കുഴലുകൾ, 371 കിലോമീറ്റർ ദൈർഘ്യമുള്ള ജലവിതരണ കുഴലുകൾ, 5 ഉപരിതല ജലസംഭരണികൾ, 6 ഉന്നതതല ജലസംഭരണികൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. ഇവയിലൂടെ പദ്ധതി പ്രദേശത്ത് ജലവിതരണം നടത്തിവരുന്നു. ബാക്കിയുള്ള 23 കിലോമീറ്റർ ദൈർഘ്യമുള്ള ജലവിതരണ കുഴലുകളുടെ പണികൾ പുരോഗമിച്ചുവരുന്നു. മീനാട് പദ്ധതിയിൽ 71 ദശലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജലശുദ്ധീകരണശാല, 80.4 കിലോമീറ്റർ ദൈർഘ്യമുള്ള പ്രധാന ജലവാഹിനി കുഴലുകൾ, 826 കിലോമീറ്റർ ദൈർഘ്യമുള്ള ജലവിതരണ കുഴലുകൾ, 5 ഉപരിതല ജലസംഭരണികൾ, 9 ഉന്നതതല ജലസംഭരണികൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. ഇവയിലൂടെ പദ്ധതി പ്രദേശത്ത് ജലവിതരണം നടത്തിവരുന്നു. കൂടാതെ പ്രതിദിനം 5 ദശലക്ഷം ലിറ്റർ വെള്ളം കൊല്ലം കോർപ്പറേഷനിലും 4 ദശലക്ഷം ലിറ്റർ വെള്ളം പുനലൂർ മുനിസിപ്പാലിറ്റിയിലും വിതരണം ചെയ്യുന്നു. ബാക്കിയുള്ള 137 കിലോമീറ്റർ ദൈർഘ്യമുള്ള ജലവിതരണ കുഴലുകളുടെ പണികൾ പുരോഗമിച്ചുവരുന്നു. ചേർത്തല പദ്ധതിയിൽ 107 ദശലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജലശുദ്ധീകരണശാല, 81 കിലോമീറ്റർ ദൈർഘ്യമുള്ള പ്രധാന ജലവാഹിനി കുഴലുകൾ, 663 കിലോമീറ്റർ ദൈർഘ്യമുള്ള ജലവിതരണ കുഴലുകൾ, 18 ഉന്നതതല ജലസംഭരണികൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. ഇവയിലൂടെ പദ്ധതി പ്രദേശത്ത് ജലവിതരണം നടത്തിവരുന്നു.

കോഴിക്കോട് പദ്ധതിയിൽ 174 ദശലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജല ശുദ്ധീകരണ ശാല, 123.31 കിലോമീറ്റർ ദൈർഘ്യമുള്ള പ്രധാന ജലവാഹിനി കുഴലുകൾ, 1314 കിലോമീറ്റർ ദൈർഘ്യമുള്ള ജലവിതരണ കുഴലുകൾ, 20 ജലസംഭരണികൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. ഇവയിലൂടെ പദ്ധതി പ്രദേശത്ത് ജലവിതരണം നടത്തിവരുന്നു. ബാക്കിയുള്ള 640 കിലോമീറ്റർ ദൈർഘ്യമുള്ള ജലവിതരണ കുഴലുകളുടെ പണികൾ പുരോഗമിച്ചുവരുന്നു. പട്ടുവം പദ്ധതിയിൽ 90 ദശലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജലശുദ്ധീകരണശാല, 82 കിലോമീറ്റർ ദൈർഘ്യമുള്ള പ്രധാന ജലവാഹിനി കുഴലുകൾ, 623 കിലോമീറ്റർ ദൈർഘ്യമുള്ള ജലവിതരണ കുഴലുകൾ, 13 ഉന്നതതല ജലസംഭരണികൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. ഇവയിലൂടെ പദ്ധതി പ്രദേശത്ത് ജലവിതരണം നടത്തിവരുന്നു.

(ഡി) ജപ്പാൻ സഹായത്തോടുകൂടി കൊല്ലം ജില്ലയിൽ മീനാടിനും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ശേഷിക്കുന്ന വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. പൂയപ്പള്ളി, മീനാട്, ചിറക്കര, പരവൂർ (പാർട്ട്), ആദിച്ചനല്ലൂർ, മയ്യനാട്, കരവാളൂർ, നെടുമ്പന -പള്ളിമൺ, ഇടമുളയ്ക്കൽ, അറക്കൽ, വെളിയം -ഓടനാവട്ടം, അഞ്ചൽ, ഇളമാട്, പൂതക്കുളം, ഉമ്മന്നൂർ -വാളകം എന്നീ വില്ലേജുകൾക്കും പരവൂർ മുനിസിപ്പാലിറ്റിക്കും വേണ്ടിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൽ ആകെ 963 കി.മീ. വിതരണശൃംഖല സ്ഥാപിക്കാനുണ്ടായിരുന്നതിൽ ഇനി 137.84 കിലോമീറ്ററിന്റെ പണി പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. മുൻ കരാറുകാരൻ (രാമകൃഷ്ണ കോൺട്രാക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ഹൈദരാബാദ്) പാതിവഴിയിൽ പണി ഉപേക്ഷിക്കുകയും ടെർമിനേറ്റ് ചെയ്ത് കരാറുകാരന്റെ റിസ്ക് അന്റ് കോസ്റ്റിൽ പണികൾ പുനഃക്രമീകരിക്കുകയും ചെയ്തു. ടെക്പ്രോ ഇൻഫ്രാ പ്രോജക്ട് ലിമിറ്റഡ് എന്ന കമ്പനിയാണ് ബാക്കി വിതരണ ശൃംഖലയുടെ പണികൾ ചെയ്തുവരുന്നത്. പൊതുമരാമത്ത് റോഡുകളിലെ പണികൾക്കുണ്ടായ നിയന്ത്രണവും സാമ്പത്തിക പ്രശ്നംമൂലം കരാറുകാരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയും നേരത്തെ സ്ഥാപിച്ച പൈപ്പ് ലൈനുകളിലുള്ള ഗ്യാപ്പുകൾ കണ്ടുപിടിച്ച് ക്ലോസ് ചെയ്യുന്നതിലുള്ള ബുദ്ധിമുട്ടുംമൂലം പണിയിൽ പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചില്ല. മീനാട് പദ്ധതിയുടെ വിതരണശൃംഖലയുടെ പണികൾ 2017 ഡിസംബറോടുകൂടി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**ബാവിക്കര കുടിവെള്ള പദ്ധതി**

306 (2541) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതിക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ആയതിന് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കാസർഗോഡ് ജില്ലയിൽ ചെറുകിട ജലസേചനം, ഉപ്പുവെള്ള പ്രതിരോധം, കുടിവെള്ളം എന്നീ ലക്ഷ്യങ്ങളോടെ നടപ്പാക്കുന്ന മൂളിയാർ പഞ്ചായത്തിലെ ബാവിക്കര റഗുലേറ്റർ പദ്ധതിയുടെ ബാക്കി പ്രവൃത്തികളുടെ ഡി.പി.ആർ. പുതുക്കിയ ഡിസൈനും പുതുക്കിയ ഡി.എസ്.ആർ. 2016 പ്രകാരവും ചീഫ് എഞ്ചിനീയർ (ഐ.&എ.) തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മലപ്പുറം മണ്ഡലത്തിലെ ശുദ്ധജലക്ഷാമം**

307 (2542) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രധാന ജലസ്രോതസ്സുകളായ ചാലിയാർ, കടലുണ്ടിപ്പുഴ എന്നിവിടങ്ങളിൽ പുതിയ തടയണകൾ (ചെക്ക് ഡാം) നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് അറിയിക്കുമോ;

(സി) നിലവിലുള്ള തടയണകൾ വഴി ജലക്ഷാമം പരിഹരിക്കുവാൻ സാധിക്കുന്നുണ്ടോ;

(ഡി) മണ്ഡലത്തിലെ ഏതെങ്കിലും തടയണകളിൽ റിപ്പയർ ജോലികൾ നടക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം; പ്രസ്തുത പണികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ മലപ്പുറം, ആനക്കയം, കോട്ടൂർ എന്നീ മൂന്ന് കുടിവെള്ള പദ്ധതികളാണുള്ളത്. ഇവയ്ക്കായി കടലുണ്ടിപ്പുഴയിൽ മൂന്ന് തടയണകൾ നിലവിലുണ്ട്. ഇവയുടെ ഷട്ടറുകൾ ഡിസംബർ മാസത്തിൽ തന്നെ സ്ഥാപിച്ച് ജലം സംഭരിച്ചിരുന്നു. ഏപ്രിൽ ആദ്യ വാരത്തോടെ തടയണയിലെ ജലലഭ്യത കുറഞ്ഞപ്പോൾ മലപ്പുറത്തും ആനക്കയത്തും ചാലുകൾ കീറി വെള്ളമെത്തിച്ചും കയങ്ങളിൽ നിന്നും പമ്പ് സെറ്റുകൾ ഉപയോഗിച്ച് വെള്ളം കിണറുകളിൽ എത്തിച്ചും ഏപ്രിൽ അവസാനം വരെ പമ്പിംഗ് നടത്തിയിരുന്നു. തടയണകളിൽ ജലലഭ്യത തീരെ കുറഞ്ഞതിനാൽ പമ്പിംഗ് നാമമാത്രമായേ നടത്തുവാൻ സാധിക്കുന്നുള്ളൂ. ഇപ്പോൾ മണ്ഡലത്തിലെ ജലക്ഷാമമുള്ള പ്രദേശങ്ങളിലേയ്ക്ക് വാട്ടർ അതോറിറ്റിയുടെ മൂർക്കനാടി പദ്ധതിയിൽ നിന്നു ടാങ്കർ ലോറികളിൽ ആവശ്യമായ വെള്ളം നൽകിവരുന്നു.

(ബി) ജല അതോറിറ്റിയുടെ സ്രോതസ്സുകളിൽ ജലലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ തടയണയുടെ (ചെക്ക് ഡാം) നിർമ്മാണം ജലസേചന വകുപ്പ് വഴി ഏറ്റെടുക്കുവാൻ കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശമുണ്ട്. കടലുണ്ടിപ്പുഴ, ചാലിയാർ പുഴ എന്നിവയിൽ കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. സ്ഥാന നിർണ്ണയം ഉടൻ അന്തിമമാക്കുന്നതാണ്.

(സി) ചാലിയാർ പുഴയിലെ ഇടത്തരം നിർമ്മിതികൾ ആയ കവണക്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജ്, ഓടായിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ് പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ് എന്നിവയിൽ പരമാവധി വെള്ളം സംഭരിച്ച് നിർത്തിയിട്ടുണ്ട്.

(ഡി) ജല അതോറിറ്റിയുടെ അധീനതയിലുള്ള തടയണകളിൽ റിപ്പയർ വർക്കുകളൊന്നും ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

**അയിരൂർ-കാഞ്ഞിറ്റുകര ശുദ്ധജലവിതരണ പദ്ധതി**

308 (2543) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയിരൂർ-കാഞ്ഞിറ്റുകര ശുദ്ധജലവിതരണ പദ്ധതിയും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എന്നാണെന്ന് പറയാമോ; ഇതിന്റെ ആദ്യഘട്ടത്തിനായി എത്ര രൂപയാണ് ചെലവഴിച്ചതെന്നും എന്തൊക്കെ പ്രവൃത്തികളാണ് ഇപ്പോൾ പൂർത്തീകരിച്ചതെന്നും ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ എന്താണെന്നും ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകുമെന്ന് പറയാമോ?

ഉത്തരം

(എ) അയിരൂർ കാഞ്ഞിറ്റുകര ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 21-6-2014-ൽ ആരംഭിച്ചു. ഈ പദ്ധതിയുടെ ആദ്യഘട്ടത്തിനായി ഇതുവരെ 338.94 ലക്ഷം രൂപ ചെലവഴിച്ചു. ടി പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ 5 mld ജലശുദ്ധീകരണശാല, ജലശുദ്ധീകരണ ശാല മുതൽ കാഞ്ഞിറ്റുകര ടാങ്ക് വരെ 200mm DI ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി, എടപ്പാവൂർ കടവിൽ ഇൻടേക് കിണറിന്റെയും പമ്പ് ഹൗസിന്റെയും നിർമ്മാണം, ഇൻടേക് കിണർ മുതൽ ജലശുദ്ധീകരണശാല വരെയുള്ള റോ വാട്ടർ പമ്പിംഗ്

മെയിൻ, ജലശുദ്ധീകരണശാല മുതൽ തേക്കുങ്കൽ ടാങ്ക് വരെയുള്ള 200 mm DI ഗ്രാവിറ്റി ലൈൻ എന്നീ പണികൾ പൂർത്തീകരിച്ചു. സബ്സ്റ്റേഷൻ ബിൽഡിംഗിന്റെയും ഇലക്ട്രിക് സബ് സ്റ്റേഷന്റെയും പമ്പ് സെറ്റുകളുടെയും പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) ശുദ്ധീകരണശാലയിലേയ്ക്കുള്ള വഴി, കിണർ നിർമ്മിച്ച ഭൂമിയുടെ അതിര് നിർണ്ണയം, പി.ഡബ്ല്യു.ഡി. അനുമതി എന്നിവ സംബന്ധിച്ചുണ്ടായിരുന്ന തടസ്സങ്ങൾ ബന്ധപ്പെട്ട അധികാരികളുടെ ഇടപെടൽമൂലം പരിഹരിച്ചിട്ടുണ്ട്.

(സി) 2017-ൽ തന്നെ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## കൊമ്മള്ളി-മുല്ലപ്പള്ളി കുടിവെള്ള പദ്ധതി

309 (2544) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരി പഞ്ചായത്തിൽ ജലനിധി വഴിയുള്ള കൊമ്മള്ളി - മുല്ലപ്പള്ളി ഗുണഭോക്തൃ കുടിവെള്ള പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതി 2017 ജൂൺ ആദ്യവാരത്തോടെ കമ്മീഷൻ ചെയ്യാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയിൽ നിന്നും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിലേയ്ക്കായി ഫിൽട്ടർ പ്ലാന്റുകൾ സ്ഥാപിക്കേണ്ട അധികജോലി കൂടി ഉള്ളതിനാലാണ് പദ്ധതി കമ്മീഷൻ ചെയ്യാൻ വൈകുന്നത്.

## പാറപ്പുറം മിനി വാട്ടർ സപ്ലൈ സ്കീം

310 (2545) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര നിയോജകമണ്ഡലം ആസ്തി വികസന സ്കീം 2015-16-ൽ നിന്നും 24 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതും കേരള വാട്ടർ അതോറിറ്റിക്ക് നിർമ്മാണ ചുമതല നൽകിയതുമായ പാഞ്ഞാൾ പഞ്ചായത്ത് വാർഡ് 12 പാറപ്പുറം മിനി വാട്ടർ സപ്ലൈ സ്കീം പ്രവൃത്തി ഇതുവരെയും ആരംഭിക്കാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ടി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കുമോ;

(സി) ഭരണാനുമതി നൽകി ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതും പദ്ധതി പ്രദേശത്ത് അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതും കണക്കിലെടുത്ത് അടിയന്തരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ വാട്ടർ അതോറിറ്റി തൃശ്ശൂർ ഡിവിഷന് കർശന നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്കുവേണ്ടി ഭൂഗർഭജല വകുപ്പ് നിർദ്ദേശിച്ച സ്ഥലത്ത് കുഴൽ കിണർ നിർമ്മിക്കുന്നതിന് ആവശ്യമായ റിഗ്ഗ് എത്താതിരിക്കുകയും ജലലഭ്യത കുറവ് കൊണ്ടും പുതിയ സ്ഥാനം നിർണ്ണയിച്ചിട്ടുണ്ട്. സ്ഥാനം നിർണ്ണയിക്കുന്നതിനും കുഴൽ കിണർ നിർമ്മിക്കുന്നതിനും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ (ജി.ഡബ്ല്യു.ഡി.) പണം അടച്ചിട്ടുണ്ട്. കിണർ നിർമ്മാണ പ്രവൃത്തികൾ ഉടനടി പൂർത്തിയാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

(സി) യുദ്ധകാലാടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാളിപ്പാറ കുടിവെള്ള പദ്ധതി**

311 (2546) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള കാളിപ്പാറ കുടിവെള്ളപദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) പമ്പ് ഹൗസിലേക്കുള്ള വൈദ്യുതി എത്തിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ അടിയന്തരമായി പ്രസ്തുത പണി പൂർത്തിയാക്കി കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. നിലവിൽ പമ്പ് ഹൗസിലേയ്ക്ക് വൈദ്യുതിയെത്തിക്കുന്നത് ഭൂഗർഭ കേബിൾ വഴിയല്ല. അതുകാരണം പലപ്പോഴും വൈദ്യുത തടസ്സവും, വോൾട്ടേജ് പ്രശ്നവും നിലനിൽക്കുന്നുണ്ട്. ഭൂഗർഗ കേബിൾ സ്ഥാപിക്കുന്നതിനായി 4.56 കോടി രൂപ കെ.എസ്.ഇ.ബി.-യ്ക്ക് നൽകിയിട്ടുള്ളതാണ്. പദ്ധതിയുടെ കമ്മീഷനിംഗിന്റെ ഭാഗമായി ഭൂഗർഭ കേബിളിലൂടെ വൈദ്യുതി കടത്തി വിട്ടപ്പോൾ ചില തകരാറുകൾ കണ്ടെത്തി. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## കുടിവെള്ള വിതരണത്തിന് ലൈസൻസ്

312 (2547) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടാങ്കറുകളിലെ കുടിവെള്ള വിതരണത്തിന് വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലും കുടിവെള്ള വിതരണത്തിനായി എത്രപേർക്ക് ലൈസൻസ് നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) പ്രസ്തുത ലൈസൻസുള്ളവർ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളത്;

(ഡി) ഉപയോഗയോഗ്യമല്ലാത്ത കുടിവെള്ളം വിതരണം ചെയ്തതിന്റെ പേരിൽ എത്ര വിതരണക്കാരുടെ ലൈസൻസ് റദ്ദാക്കിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ?

ഉത്തരം

(എ-ഡി) ടാങ്കറുകളിലെ കുടിവെള്ള വിതരണത്തിന് വാട്ടർ അതോറിറ്റി ലൈസൻസ് നൽകാറില്ല. വാട്ടർ അതോറിറ്റിയുടെ ശുദ്ധീകരണശാലകളിലും സംഭരണികളിലും വെൻഡിംഗ് പോയിന്റുകൾ ഉള്ള സ്ഥലങ്ങളിൽ ആവശ്യകതയും ജലലഭ്യതയും അനുസരിച്ച് ടാങ്കർ ലോറികൾക്ക് കുടിവെള്ളം നൽകാറുണ്ട്.

## ബേപ്പൂർ മണ്ഡലത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതി

313 (2548) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ എത്രത്തോളം പൂർത്തിയായി എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പ്രദേശങ്ങളിൽ കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള അപേക്ഷകൾ സ്വീകരിച്ചു; എത്ര കണക്ഷൻ നൽകി; വിശദമാക്കുമോ;

(സി) അപേക്ഷകൾ സ്വീകരിക്കുന്നതിന് ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അനുവാദം നൽകിയിട്ടുണ്ടോ;

(ഡി) വെള്ളമെത്തിയ പ്രദേശങ്ങളിൽ കണക്ഷൻ നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം 35.1 കിലോമീറ്റർ കുടിവെള്ള വിതരണ ശൃംഖല സ്ഥാപിക്കേണ്ടതിൽ 30.5 കിലോമീറ്റർ പൂർത്തീകരിച്ചു. 24.5 കിലോമീറ്റർ പൈപ്പ് ലൈൻ കമ്മീഷൻ ചെയ്ത് വാട്ടർ കണക്ഷൻ നൽകുന്നതിനായി വാട്ടർ അതോറിറ്റിയുടെ കോഴിക്കോട് റെഗുലർ ഡിവിഷന് കൈമാറി.

(ബി) അരകിണർ, നടുവട്ടം (കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽ) കുനിയിൽ അമ്പലം റോഡ്, കൈവളപ്പ് എന്നീ പ്രദേശങ്ങളിൽ 76 കണക്ഷനുകൾ നൽകി.

(സി) ഇല്ല.

(ഡി) പൈപ്പ് ലൈൻ (വിതരണക്കുഴൽ) സ്ഥാപിച്ചിട്ടുള്ളതും ജലം എത്തിയതുമായ എല്ലാ പ്രദേശങ്ങളിലും ഉടൻ തന്നെ ആവശ്യാനുസരണം വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആലത്തൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

314 (2549) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന സാഹചര്യത്തിൽ ആലത്തൂർ മണ്ഡലത്തിൽ പുതുതായി കുടിവെള്ള പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാമെന്നും എപ്പോൾ തുടങ്ങുമെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുകൾക്കായി മംഗലം ഡാം സ്രോതസ്സായി 20 കോടി രൂപയുടെ ഒന്നാം ഘട്ടത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഘടകങ്ങളായ 24.5 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാല, 24.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ എന്നിവയുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 25 ശതമാനത്തിൽ കുറഞ്ഞ പുരോഗതിയുള്ള പദ്ധതികൾക്ക് കേന്ദ്ര ഫണ്ട്

ഉപയോഗിക്കാൻ പാടില്ല എന്ന നിബന്ധന കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയതുമൂലം പദ്ധതിക്കാവശ്യമായ ഫണ്ട് മറ്റൊരു സ്രോതസ്സിൽ നിന്നും കണ്ടെത്തുവാൻ ശ്രമമാരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് കെ.ഐ.ഐ.എഫ്.ബി. (KIIFB) യിൽ ഉൾപ്പെടുത്തി 75 കോടിയുടെ പ്രൊപ്പോസൽ പി.പി.ഡി. വിഭാഗം രൂപകൽപ്പന ചെയ്യുന്നുണ്ട്. കൂടാതെ ഈ നിയോജകമണ്ഡലത്തിലെ മേലാർകോട് പഞ്ചായത്ത് ഉൾപ്പെട്ട പോത്തുണ്ടി ഡാം സ്രോതസ്സായ നെന്മാറ, അയിലൂർ, മേലാർകോട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടം ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ 1100 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ പ്രവൃത്തികൾ നടന്നു വരുന്നു. ഇതിന്റെ രണ്ടാം ഘട്ടം കെ.ഐ.ഐ.എഫ്.ബി. (KIIFB) യിൽ ഉൾപ്പെടുത്തി 24.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. നെന്മാറ, അയിലൂർ സോണിലെ പമ്പിംഗ് മെയിൻ, അയിലൂർ, മേലാർകോട് സോണുകളിലെ പമ്പ് സെറ്റുകൾ എന്നിവ ടെണ്ടർ ചെയ്തിട്ടുണ്ട്. പാക്കേജ് 2-ൽ ഉൾപ്പെടുത്തി മേലാർകോട് സോണിലെ വിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഉത്തരമേഖല ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധനയിലാണ്.

**കുടിവെള്ള സുരക്ഷയ്ക്കായി പുതിയ പൈപ്പ് ലൈനുകൾ**

315 (2550) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ ശുദ്ധജല വിതരണത്തിനായി വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് കുടിവെള്ള സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഴയ പൈപ്പ് ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ 2017-18 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## കടൽവെള്ളം ശുദ്ധീകരിക്കുന്ന ഡീസാലിനേഷൻ പ്ലാന്റ്

316 (2551) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടൽവെള്ളം ശുദ്ധീകരിച്ച് ഉപയോഗപ്രദമാക്കുന്ന ഡീസാലിനേഷൻ പ്ലാന്റ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്നും പദ്ധതി സംബന്ധിച്ചും ചെലവഴിച്ച തുക എത്രയാണെന്നും വിശദീകരിക്കുമോ;

(സി) കാസർഗോഡ് നിയോജക മണ്ഡലത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ ഡീസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച നടപടി വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) നിലവിൽ പരിഗണനയിലില്ല.

(ഡി) ബാധകമല്ല.

## കുളത്തൂർ-കാരോട് കുടിവെള്ള പദ്ധതി

317 (2552) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 ബജറ്റിൽ ഉൾപ്പെടുത്തിയ കുളത്തൂർ-കാരോട് കുടിവെള്ള പദ്ധതിയുടെ ഡി.പി.ആർ പൂർത്തിയായിട്ടുണ്ടോ ;

(ബി) പ്രസ്തുത കുടിവെള്ളപദ്ധതി ഈ വർഷം ആരംഭിക്കുവാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ സർവ്വേ ജോലികൾ പൂർത്തിയാക്കി ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (DPR) കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

## കുറത്തിക്കാട് കുടിവെള്ള പദ്ധതി

318 (2553) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറത്തിക്കാട് കുടിവെള്ള പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി റെയിൽവേ നൽകിയ അനുമതിയുടെയും സ്വീകരിച്ച തുടർനടപടികളുടെയും വിശദാംശം ലഭ്യമാക്കുമോ ;

(ബി) അടിയന്തരമായി പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കുറത്തിക്കാട് പദ്ധതിക്കായി റെയിൽവേ പാലത്തിന് സമാന്തരമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള അനുമതിക്കായി അപേക്ഷ സമർപ്പിച്ചതനുസരിച്ച് പദ്ധതി പ്രദേശത്ത് സബ് വേ നിർമ്മാണം നടക്കുന്നതിനാൽ അത് പൂർത്തിയായതിനുശേഷം മാത്രമേ അനുമതി നൽകുന്നത് പരിഗണിക്കാനാവൂ എന്ന് റെയിൽവേ അറിയിച്ചിരുന്നു. തുടർന്ന് 12-8-2015, 27-7-2016 എന്നീ തീയതികളിൽ റെയിൽവേ അനുമതിക്കായി കേരള വാട്ടർ അതോറിറ്റി അപേക്ഷ സമർപ്പിക്കുകയും റെയിൽവേ ആയത് വ്യവസ്ഥകളോടെ അംഗീകരിച്ച് മണ്ണ് പരിശോധനയ്ക്ക് അനുമതി നൽകുകയുമുണ്ടായി. തുടർന്ന് 2-11-2016-ൽ മണ്ണ് പരിശോധനയ്ക്കുള്ള അപേക്ഷ തിരുവനന്തപുരം എൽ.ബി.എസ്. സെന്ററിൽ കേരള വാട്ടർ അതോറിറ്റി സമർപ്പിക്കുകയും ഫീസ് അടയ്ക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുകയും ചെയ്തുവരുന്നു.

## കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളം

319 (2554) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് നാടുകളിൽ കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമായി ഉപയോഗിക്കുന്നതായുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ;

(ബി) കേരളത്തിലെ രൂക്ഷമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ കായലിൽ നിന്നും (വേമ്പനാട് കായൽ പോലുള്ളവ) കടലിൽ നിന്നും നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് കുടിവെള്ളം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നടപടി**

320 (2555) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) കുടിവെള്ള ടാങ്കുകളുടെ ഉൾവശം ബിനുമിനാസ്റ്റിംഗ് പോലുള്ള കോട്ടിംഗ് നിർബന്ധമാക്കാനും കുടിവെള്ളത്തിനും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കുന്ന ടാങ്കുകളെ വേർതിരിച്ചറിയാനായി ലേബൽ സംവിധാനം ഏർപ്പെടുത്താനും നടപടി സ്വീകരിക്കുമോ;

(സി) പാലക്കാട് ജില്ലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാനായി എത്ര തുക നീക്കിവച്ചിട്ടുണ്ട്; മറ്റു ജില്ലകൾക്ക് നീക്കിവച്ചതിനെക്കാൾ തുക കുറവാണെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വാട്ടർ അതോറിറ്റിയുടെ പ്രധാന പദ്ധതികളിലെല്ലാം വിതരണം ചെയ്യുന്നത് ശുദ്ധീകരണശാലയിൽ ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയ വെള്ളമാണ്. ചെറുകിട പദ്ധതികളിൽ ഇൻഫിൽട്രേഷൻ ഗ്യാലറിയിലൂടെ സംഭരിക്കുന്ന വെള്ളം ക്ലോറിനേഷൻ നടത്തി വിതരണം ചെയ്യുന്നു. കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി ക്വാളിറ്റി കൺട്രോൾ വിഭാഗം ജല അതോറിറ്റി വിതരണം ചെയ്യുന്ന സ്കീമുകളിൽ കാറ്റഗറി അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രകാരം കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധന നടത്തിവരുന്നു.

<u>എ കാറ്റഗറി</u>

ഒരു ലക്ഷത്തിനുമേൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം നടത്തുന്ന പദ്ധതി :

എല്ലാ മാസവും ഗുണനിലവാര പരിശോധന നടത്താറുണ്ട്. കൂടാതെ എക്സിക്യൂട്ടീവ് എഞ്ചിനീയർ മൂന്നു മാസത്തിലൊരിക്കലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ രണ്ട് മാസത്തിലൊരിക്കലും പരിശോധന നടത്തി വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കാറുണ്ട്.

ബി കാറ്റഗറി

അമ്പതിനായിരത്തിനും ഒരു ലക്ഷത്തിനുമിടയിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം നടത്തുന്ന പദ്ധതികൾ :

രണ്ട് മാസത്തിലൊരിക്കൽ ഗുണനിലവാര പരിശോധന നടത്താറുണ്ട്. കൂടാതെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആറ് മാസത്തിലൊരിക്കലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നാലുമാസത്തിലൊരിക്കലും പരിശോധന നടത്താറുണ്ട്.

സി കാറ്റഗറി

ഇരുപതിനായിരം മുതൽ അമ്പതിനായിരം വരെ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്ന പദ്ധതികൾ :

എല്ലാ മൂന്നു മാസത്തിലൊരിക്കലും ഗുണനിലവാര പരിശോധന നടത്താറുണ്ട്. കൂടാതെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആറ് മാസത്തിലൊരിക്കൽ പരിശോധന നടത്താറുണ്ട്.

ഡി കാറ്റഗറി

അയ്യായിരം മുതൽ ഇരുപതിനായിരം വരെ ജനങ്ങൾക്ക് കുടിവെള്ളം വിതരണം നടത്തുന്ന പദ്ധതികൾ :

എല്ലാ ആറ് മാസത്തിലൊരിക്കലും ഗുണനിലവാര പരിശോധന നടത്താറുണ്ട്. കൂടാതെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വർഷത്തിലൊരിക്കൽ പരിശോധന നടത്തിവരുന്നു.

ഇ കാറ്റഗറി

അയ്യായിരത്തിൽ താഴെ ജനങ്ങൾക്ക് കുടിവെള്ളം വിതരണം നടത്തുന്ന പദ്ധതികൾ :

വർഷത്തിലൊരിക്കൽ ഗുണനിലവാര പരിശോധന നടത്താറുണ്ട്. ജലനിധി സ്കീമുകളിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ കേരള വാട്ടർ അതോറിറ്റി ലാബുകളിൽ വാട്ടർ ക്വാളിറ്റി ടെസ്റ്റുകൾ നടത്തുന്നുണ്ട്. കൂടാതെ സ്കീം പ്രവർത്തിപ്പിക്കുന്ന ഗുണഭോക്തൃ സമിതികൾക്ക് നേരിട്ട് പരിശോധിക്കുന്നതിനുവേണ്ടി വാട്ടർ ക്വാളിറ്റി ടെസ്റ്റ് കിറ്റുകളും നൽകിയിട്ടുണ്ട്. വാട്ടർ ക്വാളിറ്റി പ്രശ്നങ്ങളുള്ള സ്കീമുകളിൽ പ്രശ്ന പരിഹാരത്തിനായി വാട്ടർ ഫിൽട്ടർ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട് (107 എണ്ണം).

(ബി) ഇതിന്റെ ആവശ്യകതയും പ്രായോഗികതയും പരിശോധിച്ചിട്ടില്ല.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ വീതം എല്ലാ ജില്ലാ കളക്ടർമാർക്കും 4-5-2017-ലെ ജി.ഒ.(ആർറ്റി.) 2077/17/ഡി.എം.ഡി. പ്രകാരം കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നൽകിയിട്ടുണ്ട്.

## വർദ്ധിച്ചുവരുന്ന ജല മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള വ്യത്യസ്ത നിലപാട്

322 (2556) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജല മലിനീകരണവും അതിന്റെ കാരണങ്ങളും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മലിനീകരണം കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ മുൻസർക്കാരിൽ നിന്നും വ്യത്യസ്തമായ എന്ത് നിലപാടാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ജലസേചന വകുപ്പ് നേരിട്ട് ജലമലിനീകരണവും അതിന്റെ കാരണങ്ങളും സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ജലമലിനീകരണത്തിന്റെ തോത് വർദ്ധിച്ചുവരുന്നതായി കോഴിക്കോട് ആസ്ഥാനമായുള്ള ജലവിഭവ വിനിയോഗ പഠന കേന്ദ്രം (CWRDM) തയ്യാറാക്കിയ റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇപ്രകാരം ജലമലിനീകരണത്തിന് കാരണമാകുന്ന ഘടകങ്ങൾ ചുവടെ കൊടുക്കുന്നു.

- പൊതുജനങ്ങൾ മാലിന്യം ജലാശയങ്ങളിൽ നിക്ഷേപിക്കുന്നത്.
- നഗരവത്കരണം
- കാർഷികമേഖലയിൽ ഉപയോഗിക്കുന്ന രാസവളം/രാസകീടനാശിനി എന്നിവ ജലാശയങ്ങളിൽ എത്തുന്നത്.
- ഭൂവിനിയോഗത്തിൽ വന്ന മാറ്റം
- നഗര-ഗ്രാമ വ്യത്യാസമില്ലാതെ ഓടകൾ, ജലാശയങ്ങളിലേയ്ക്ക് തുറന്നുവിടുന്നത് തുടങ്ങിയവ.

സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ മലിനീകരണത്തിന്റെ തോത് നിർണ്ണയിക്കുന്നതിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നാഷണൽ ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സ്റ്റേറ്റ് ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ഉൾപ്പെടുത്തി കേരളത്തിലെ നദികളിൽ വിവിധ സ്ഥലങ്ങളിലായി വിവിധ സ്റ്റേഷനുകളിൽ നിന്നും ബോർഡ് വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് നടത്തിവരുന്ന പരിശോധനാ ഫലങ്ങൾ അനുസരിച്ച് പുഴകളിലെ വെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) ജല മലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം, 1974 - പ്രകാരം ജല സ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ്. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ഉത്തുംഗ കെട്ടിടങ്ങൾ തുടങ്ങിയവയെ പ്രസ്തുത നിയമ പരിധിയിൽ ഉൾപ്പെടുത്തി അവയിൽ നിന്നുമുള്ള പാഴ്ജലം വേണ്ട വിധം ശുദ്ധി ചെയ്ത് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ജലനിയമ പ്രകാരം നൽകുന്ന അനുമതിയിൽ നിഷ്കർഷിച്ചു വരുന്നു. സ്വീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ പുറന്തള്ളുന്ന വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നീ സ്ഥാപനങ്ങളെ ജലനിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. ജലാശയങ്ങളിലും മറ്റും അനധികൃതമായി മാലിന്യങ്ങൾ വലിച്ചെറിയുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അറവുശാലകൾ, മാർക്കറ്റുകൾ തുടങ്ങിയവയിൽ നിന്നുള്ള മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതുമാണ്. സ്വീവേജുമൂലമുള്ള മലിനീകരണം തടയുന്നതിനായി എല്ലാ നഗരങ്ങളിലും പട്ടണങ്ങളിലും പ്രധാന പഞ്ചായത്തുകളിലും ഘട്ടം ഘട്ടമായി സ്വീവറേജ് സിസ്റ്റവും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ഏർപ്പെടുത്തുകയും നദിയുടെ ഇരുകരകളിലുമുള്ള വീടുകളിൽ ശാസ്ത്രീയമായ സെപ്റ്റിക് ടാങ്ക് സോക്പിറ്റ് സംവിധാനമേർപ്പെടുത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. പ്രശ്നപരിഹാരത്തിന് നടപടിയെടുക്കേണ്ടത് കേരള വാട്ടർ അതോറിറ്റിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമാണ്.

ഹൗസ് ബോട്ടുകളിൽ നിന്നുള്ള സ്വീവേജും ഗാർബേജും എഞ്ചിനിൽ നിന്നുള്ള എണ്ണയും കായൽ മലിനീകരണം ഉണ്ടാക്കുന്നതിന് കാരണമാകുന്നു. ഇത് നിയന്ത്രിക്കുന്നതിനായി ഹൗസ് ബോട്ടുകളെ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടു വന്നിട്ടുണ്ട്. വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിൽ കുമരകത്ത് ഹൗസ് ബോട്ടുകളിൽ നിന്നുള്ള സ്വീവേജ് സംസ്കരിക്കുന്നതിനായി ഒരു പൊതു മലിനജല ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി 180 കെ.എൽ.ഡി. ശേഷിയുള്ള ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ആലപ്പുഴയിലെ കുന്നുമ്മ വില്ലേജിൽ സ്ഥാപിച്ചിട്ടുണ്ട്. ഫോർ സ്ട്രോക്ക് ഔട്ട് ബോർഡ് എഞ്ചിനോ ഇൻ ബോർഡ് എഞ്ചിനോ ഉപയോഗിക്കുകയും സ്വീവേജ് മാലിന്യം കരയിലെ സ്വന്തമായ സ്വീവേജ് സംസ്കരണ സംവിധാനം വഴിയോ പൊതു മലിനജല ശുദ്ധീകരണ സംവിധാനം വഴിയോ സംസ്കരിക്കുകയും ചെയ്യുന്ന ഹൗസ് ബോട്ടുകൾക്ക് മാത്രമേ ബോർഡ് അനുമതി പുതുക്കി നൽകുന്നുള്ളൂ. ജലമലിനീകരണം നിയന്ത്രിക്കുന്നതിനുള്ള നിയമപരമായ നടപടികൾ സ്വീകരിച്ചുവരുന്നത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയാണ്. ഇതോടൊപ്പം മാലിന്യ സംസ്കരണത്തിനുള്ള നടപടികളും ഈ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിവരുന്നു. ജലാശയങ്ങളിൽ/നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യം നീക്കം ചെയ്യുന്ന പ്രവർത്തനം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നു. കൂടാതെ റെഗുലേറ്ററുകൾ/ചെക്ക് ഡാമുകൾ മുഖേന ഓരുവെള്ളക്കയറ്റം തടയുന്ന നടപടികളും സ്വീകരിക്കുന്നു. നഗരപ്രദേശങ്ങളിൽ നദികൾ, തോടുകൾ, മറ്റ് ജലാശയങ്ങൾ എന്നിവിടങ്ങളിൽ മാലിന്യം നേരിട്ട് നിക്ഷേപിക്കാതിരിക്കുന്നതിനായി സാമ്പത്തിക ലഭ്യതയനുസരിച്ച് കമ്പിവേലി നിർമ്മിക്കുന്ന പ്രവൃത്തിയും നിർവ്വഹിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും ബോധവത്കരണവും കൂടുതലായും സമഗ്രമായും നിർവ്വഹിക്കുകയാണെങ്കിൽ ജലമലിനീകരണത്തിന്റെ തോത് കുറയ്ക്കുന്നതിന്/ഇല്ലായ്മ ചെയ്യുന്നതിന് കഴിയും.

ജലനിധി പദ്ധതി നടപ്പിലാക്കിവരുന്ന ഗ്രാമപഞ്ചായത്തുകളിൽ സാനിറ്റേഷൻ സ്കീമുകളുടെ ഭാഗമായി മാലിന്യ സംസ്കരണത്തിനായി 1311 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളും, 6123 പൈപ്പ് കമ്പോസ്റ്റിംഗ് യൂണിറ്റുകളും, 65 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ച് നൽകിയിട്ടുണ്ട്. കൂടാതെ മനുഷ്യ വിസർജ്യം കുടിവെള്ള സ്രോതസ്സുകളിൽ കലരാനിടയുള്ള പ്രദേശങ്ങളിൽ അതൊഴിവാക്കാനായി പൊതു സെപ്റ്റിക് ടാങ്കുകളും പൊതു ശൗചാലയങ്ങളും നിർമ്മിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ വിഭാവനം ചെയ്തിട്ടുള്ള ഹരിത കേരളം മിഷൻ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, സന്നദ്ധസംഘടനകൾ, വലിയ തോതിലുള്ള ജന പങ്കാളിത്തം, ജനപ്രതിനിധികളുടെ പങ്കാളിത്തം എന്നിവ ഉറപ്പാക്കി സമഗ്രവും സംയോജനത്തോടും കൂടിയ പദ്ധതികൾ നടപ്പിലാക്കുന്നതു വഴി സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുക എന്നതാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## ഉപയോഗയോഗ്യമല്ലാത്ത കുടിവെള്ള വിതരണവും അമിതവിലയും തടയുവാൻ സ്വീകരിച്ച നടപടികൾ

322 (2557) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അതിൽ നാളിതുവരെ എത്ര തുക ചെലവാക്കിയെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) കുടിവെള്ള ക്ഷാമത്തിന്റെ മറവിൽ സ്വകാര്യ വ്യക്തികൾ ഉപയോഗ യോഗ്യമല്ലാത്ത കുടിവെള്ളം വിതരണം ചെയ്യുന്നതും അമിത വില ഈടാക്കി ജനങ്ങളെ ചൂഷണം ചെയ്യുന്നതും തടയുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ജല അതോറിറ്റിക്ക് 40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.* അനുവദിച്ച പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) വരൾച്ച സംബന്ധിച്ച് കൂടിയ യോഗത്തിൽ ജില്ലാ കളക്ടർമാർ ഇത് പരിശോധിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2347-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

9.30 AM]

## II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിട്ട 235-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 2017 മേയ് 5-ാം തീയതിയിലെ നക്ഷത്രചിഹ്നമിട്ട 235-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

## III തിരുത്തൽ സ്റ്റേറ്റ്മെന്റ്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2017 ഏപ്രിൽ 27-ന് ചട്ടം 300 അനുസരിച്ച് നടത്തിയ പ്രസ്താവനയിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

മി. സ്പീക്കർ: റൂൾ 50 പരാമർശിക്കുന്നതിന് മുമ്പ് ചെയർ ചില കാര്യങ്ങൾ പറയാൻ വീണ്ടും നിർബന്ധിതനായിരിക്കുകയാണ്. വളരെ അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾ സഭയുടെയും പൊതുസമൂഹത്തിന്റെയും ശ്രദ്ധയിൽകൊണ്ടുവരാനും പ്രതിപക്ഷത്തിന്റെ ശബ്ദവും വിമർശനവും സഭയിൽ ഉന്നയിക്കാനും കിട്ടുന്ന ഏറ്റവും നല്ല അവസരമാണ് അടിയന്തരപ്രമേയം. എന്നാൽ തുടർച്ചയായി അടിയന്തര പ്രമേയത്തിന്റെ പരിധിയിൽ വരാത്ത വിഷയങ്ങൾ സഭയിൽ കൊണ്ടുവരുന്ന രീതി ആവർത്തിക്കുന്നത് നിർഭാഗ്യകരമാണ്. 2-5-2017-ന് ശ്രീ. എം. ഉമ്മർ, കേരള സ്റ്റേറ്റ് പോലീസ് ചീഫുമായി ബന്ധപ്പെട്ട ഒരു അടിയന്തരപ്രമേയം സഭയിൽ അവതരിപ്പിക്കാൻ അനുമതി തേടി പ്രസംഗിക്കുകയും അത് വിശദമായി ചർച്ച ചെയ്യുകയും ചെയ്തതാണ്. ഇന്ന് സുപ്രീംകോടതിയുടെ ഉത്തരവുമായി ബന്ധപ്പെട്ട ഒരു നോട്ടീസാണ് നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട വിഷയത്തിന്റെ ഒരു ഭാഗം നാളെ പരമോന്നത നീതിപീഠം പരിഗണനയ്ക്കെടുക്കാൻ പോകുകയാണെന്നാണ് ചെയർ മനസ്സിലാക്കുന്നത്. ഈ സന്ദർഭത്തിൽ സഭയിൽ ഇത്തരമൊരു ചർച്ച അനുകൂലമായോ പ്രതികൂലമായോ കോടതിയെ സ്വാധീനിക്കുന്ന നിലയിൽ നടത്തുന്നത് ഉചിതമായിരിക്കുകയില്ലെന്ന് പ്രതിപക്ഷ നേതാക്കളെ ഞാൻ രാവിലെ തന്നെ അറിയിക്കുകയുണ്ടായി. അതുകൊണ്ട് ഇക്കാര്യത്തിൽ ചെയറിന്റെ അഭിപ്രായത്തെ മാനിച്ചുകൊണ്ട് അടിയന്തരപ്രമേയാവതരണം നടത്തണമെന്നുള്ള നിർബന്ധത്തിൽ നിന്ന് പ്രതിപക്ഷം പിൻവാങ്ങണമെന്നാണ് എന്റെ അഭ്യർത്ഥന.

---

* അനുബന്ധമായി ചേർക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് ഇവിടെ പറഞ്ഞത് ശരിയാണ്. ഏറ്റവും അടിയന്തര പ്രാധാന്യമർഹിക്കുന്ന വിഷയങ്ങൾ വിമർശനാത്മകമായും അല്ലാതെയും ഉന്നയിക്കാനുള്ള അവകാശമാണ് റൂൾ 50 പ്രകാരം പ്രതിപക്ഷത്തിനുള്ളത്. ഞങ്ങൾ അതനുസരിച്ച് മാത്രമാണ് ഇവിടെ പെരുമാറുന്നത്. അല്ലാതെ അടിയന്തര പ്രാധാന്യമില്ലാത്ത വിഷയങ്ങൾ ഇവിടെ കൊണ്ടുവരാറില്ല. റൂൾ 50(7) അനുസരിച്ച് അങ്ങ് പറഞ്ഞത് ശരിയാണ്. 'ഇന്ത്യയുടെ ഏതെങ്കിലും ഭാഗത്ത് വിചാരണാധികാരമുള്ള ഒരു നിയമകോടതിയുടെ തീരുമാനത്തിലിരിക്കുന്ന സംഗതി പ്രമേയത്തിൽ പ്രതിപാദിക്കാൻ പാടുള്ളതല്ല.' ഞങ്ങൾ അത് പ്രതിപാദിക്കുന്നില്ല. എന്നാൽ ഇതൊരു settled case ആണ്. ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരു സംസ്ഥാന സർക്കാരിനെതിരായി രാജ്യത്തെ ഏറ്റവും വലിയ നീതിന്യായ കോടതി നൽകിയിരിക്കുന്ന സുപ്രധാനമായ ഒരു വിധിയാണ്. പിഴ വരെ അടയ്ക്കാൻ പറഞ്ഞിരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ callous attitude ആണ് ഇതിലൂടെ തെളിയുന്നത്. ഞങ്ങൾക്ക് അത് ഉന്നയിക്കാതിരിക്കാൻ കഴിയില്ല. ഇത് അടിയന്തര സ്വഭാവമുള്ള ഒരു കാര്യം തന്നെയാണ്. ഇതുപോലുള്ള പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകാൻ പാടില്ലാത്തതാണ്. സംസ്ഥാനത്തെ ജനങ്ങളെ ബാധിക്കുന്ന അത്യപൂർവ്വമായ ഒരു സംഭവമാണ് 25000 രൂപ പിഴയടയ്ക്കണമെന്നുള്ള സുപ്രീംകോടതിയുടെ വിധി. അതുകൊണ്ട് ഇത് ഉന്നയിക്കുന്നതിൽ യാതൊരു അസാംഗത്യവുമില്ല. അങ്ങ് പറയുന്നതിന് ഇതുമായി ബന്ധമില്ല. കോർട്ടലക്ഷ്യ കേസ് വരുന്നതേയുള്ളൂ. ഇതൊരു settled case ആണ്. ഇതിനെപ്പറ്റി പറയാനുള്ള അധികാരമുണ്ട്. കോടതിയുടെ അന്തിമവിധി വന്ന കേസ്സാണ്. ഇനി വരാൻ പോകുന്ന കേസ് വേറെയാണ്. അത് ഞങ്ങൾ പരാമർശിക്കില്ല. കോടതിയെ ഒരുതരത്തിലും സ്വാധീനിക്കാൻ ഞങ്ങൾ ശ്രമിക്കില്ല. അത് അങ്ങേയ്ക്ക് ഉറപ്പ് നൽകുന്നു. പക്ഷെ ഞങ്ങളുടെ ഈ അധികാരം ഉപയോഗിക്കരുതെന്ന് അങ്ങ് പറയുന്നത് വളരെ നിർഭാഗ്യകരമാണ്. ബാർ കോഴ കേസ് എത്രയോ സന്ദർഭങ്ങളിൽ ഇവിടെ ഉന്നയിച്ചു. അതുമാത്രമല്ല, എത്രയോ തവണ ഒരേ വിഷയങ്ങൾ തന്നെ ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്. സംഭവത്തിന്റെ ഗൗരവമനുസരിച്ച് അങ്ങയുടെ സ്ഥാനത്തിരിക്കുന്നവർ അനുവദിച്ചിട്ടുണ്ട്. കീഴ്വഴക്കമതല്ലേ? ഇവിടെ ഒരു settled case-നെ സംബന്ധിച്ച് സംസ്ഥാനത്തെ ജനങ്ങൾക്കുണ്ടായിരിക്കുന്ന അപമാനവും ആശങ്കയും സംബന്ധിച്ച് ഉന്നയിക്കാനുള്ള അവകാശം ഞങ്ങൾക്ക് അങ്ങ് തരണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2-5-2017-ന് ബഹുമാനപ്പെട്ട എം. ഉമ്മറിന്റെ അടിയന്തരപ്രമേയം ഇവിടെ വന്നതാണ്. ആ പ്രശ്നം തന്നെയാണ് 8-5-2017-നും അവതരിപ്പിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ

നേതാവ് തന്നെ settled case എന്നുപറഞ്ഞ സാഹചര്യത്തിൽ settled case-ന്റെ മെറിറ്റിലേയ്ക്ക് കടന്ന് ചർച്ച ചെയ്യാൻ എന്ത് അധികാരമാണ് ഈ സഭയ്ക്കുള്ളത്. ബഹുമാനപ്പെട്ട ചെയർ എന്താണോ ഇതുമായി ബന്ധപ്പെട്ട് പരാമർശിക്കുന്നത്, അത് ഈ സഭയെ സംബന്ധിച്ചിടത്തോളം ബൈൻഡിംഗായിരിക്കും. അത് ഞങ്ങളാരും ചോദ്യം ചെയ്യാൻ പോകുന്നില്ല. റൂൾ 52 അനുസരിച്ച് പ്രമേയം അവതരിപ്പിക്കുന്നതിനുള്ള അവകാശത്തിന്മേൽ നിയന്ത്രണം വേണം. ഒരേ സമ്മേളനത്തിൽ ചർച്ച ചെയ്ത ഒരു സംഗതിയെപ്പറ്റിയുള്ള ചർച്ച ആ പ്രമേയം വഴി പുനരാരംഭിക്കാൻ പാടില്ല. ഇവിടെ എന്താണ് ചർച്ച ചെയ്യാൻ പോകുന്നത്? ഈ അടിയന്തരപ്രമേയത്തിൽ ക്ഷമാപണം നടത്തിയെന്നാണ് പറയുന്നത്. അങ്ങനെ ഒരു സംഭവം സുപ്രീംകോടതിയിലുണ്ടായിട്ടേയില്ല. ഒരു ക്ഷമാപണം നടത്തേണ്ട പ്രശ്നമുണ്ടായിട്ടില്ല. ഇതൊക്കെ സാധാരണ നിലയിലുള്ള നിയമനടപടികളുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ഈ പ്രശ്നവുമായി ബന്ധപ്പെട്ട് C.A.T.-ന്റെ വിധിയും ഹൈക്കോടതി വിധിയും സർക്കാരിന് അനുകൂലമാകുകയാണ്. ഇതുമായി ബന്ധപ്പെട്ട് aggrieved party സുപ്രീംകോടതിയിൽ ചോദ്യം ചെയ്തുകഴിഞ്ഞാൽ കൗണ്ടർ കൊടുക്കാനുള്ള അധികാരം പോലും കേരള സർക്കാരിനില്ലെന്നാണോ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുന്നത്. അതുകൊണ്ട് ഒരു രൂപത്തിലും ഈ റൂൾ 50 അംഗീകരിക്കാൻ പാടില്ലെന്നാണ് സർക്കാരിനുവേണ്ടി എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് ഒരു റൂളിംഗ് പറയുന്നതിനുമുമ്പ് അങ്ങേയ്ക്ക് സഹായകരമായ ചില വസ്തുതകൾ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കഴിഞ്ഞ നിയമസഭയിൽ 13-6-2013 മുതൽ 9-7-2013 വരെ ഏഴ് തവണയാണ് സോളാർ വിഷയം ഇവിടെ ചർച്ച ചെയ്തത്......(ബഹളം)..... അങ്ങേയ്ക്ക് ഞാൻ ഡേറ്റ് തരാം. .....(ബഹളം).....

മി. സ്പീക്കർ: അങ്ങ് ഇരിക്കൂ, ദയവായി ബഹളമുണ്ടാക്കരുത്. ഞാൻ പറയട്ടെ. പ്രതിപക്ഷ നേതാവിനോട് ചെയർ ഒരു അഭ്യർത്ഥന നടത്തി. ആ അഭ്യർത്ഥനയ്ക്ക് അദ്ദേഹം പ്രതികരിച്ചു. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ നിലപാട് പറയുകയുണ്ടായി. ഞാൻ ഇത് ക്ലോസ് ചെയ്തിട്ടില്ല. ഞാൻ പറയുന്നത്, നമ്മുടെ സഭയുടെ ഉന്നതമായ നടപടിക്രമങ്ങളും നിലവാരവും വച്ച് പരിശോധിക്കുമ്പോൾ രാജ്യത്തിന്റെ പരമോന്നത നീതിപീഠം നാളെ ചർച്ച ചെയ്യാനിരിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ച് സഭയിൽ ചർച്ച നടത്തുകയും അഭിപ്രായ പ്രകടനങ്ങൾ നടത്തുകയും ചെയ്യുന്ന രീതിയുണ്ടാകുന്നതിന് ചെയർ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ഇത് ദൗർഭാഗ്യകരമാണ്. എന്നാൽ പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ നിഷേധിക്കാൻ ചെയർ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് കോടതിയുമായി ബന്ധപ്പെട്ട വിഷയങ്ങളൊന്നും പരാമർശിക്കാതെ തികച്ചും ജനാധിപത്യ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അങ്ങ് സംസാരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# IV അടിയന്തരപ്രമേയം

## സ്റ്റേറ്റ് പോലീസ് ചീഫിന്റെ നിയമനം

മി. സ്പീക്കർ : സ്റ്റേറ്റ് പോലീസ് ചീഫ് നിയമനം സംബന്ധിച്ച് സുവ്യക്തമായ സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതിന് പകരം മനഃപൂർവ്വമായ കാലതാമസം വരുത്തുന്നതിനുവേണ്ടി സുപ്രീംകോടതിയിൽ സമർപ്പിച്ച വ്യക്തത തേടിയുള്ള ഹർജി തള്ളിക്കൊണ്ടും, സംസ്ഥാന ഗവൺമെന്റിന് 25,000 രൂപ പിഴ വിധിച്ചു കൊണ്ടും, ഇത്തരത്തിലുള്ള ഹർജി സമർപ്പിച്ചതിന് കേരള ഗവൺമെന്റിന്റെ അഭിഭാഷകൻ സുപ്രീംകോടതിയിൽ മാപ്പു പറഞ്ഞ് ഹർജി പിൻവലിക്കാൻ തയ്യാറാകേണ്ടി വന്നതും കേരളത്തിനുണ്ടായ അപമാനവും അവമതിപ്പുംമൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ പ്രശ്നങ്ങളും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. മുരളീധരൻ, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അടിയന്തര പ്രമേയത്തിൽ ആരോപിക്കുന്നതുപോലെ സർക്കാർ സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജിയിന്മേൽ സർക്കാരിന് പിഴ വിധിച്ചിട്ടില്ല, സർക്കാർ മാപ്പ് പറയുകയും ചെയ്തിട്ടില്ല. ഇത്തരം ആരോപണം മനഃപൂർവ്വമായി സഭയെ തെറ്റിദ്ധരിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ,.....

ശ്രീ. പിണറായി വിജയൻ : സർ, അവിടെ നിന്നും ഇടയ്ക്കിടയ്ക്ക് കമന്റ് പറയുന്നതിന് ഞാൻ ഉടൻ തന്നെ മറുപടി പറയണമോ? ബഹുമാനപ്പെട്ട കെ. സി. ജോസഫ്, വളരെ സീനിയറായ അംഗമാണ്.

മി. സ്പീക്കർ: അത് വേണ്ട. ഇരുഭാഗത്തുനിന്നും ഇങ്ങനെ ഉണ്ടാകുന്നത് ശരിയല്ല.

ശ്രീ. കെ. സി. ജോസഫ് : സർ, അങ്ങ് കുഴപ്പത്തിലേയ്ക്കാണ് പോകുന്നത്.

ശ്രീ. പിണറായി വിജയൻ : സർ, അത് മനസ്സിലായി. അങ്ങയുടെ സന്മനസ്സിന് നന്ദിയുണ്ട്. ശ്രീ. ടി. പി. സെൻകുമാറിനെ പോലീസ് മേധാവി സ്ഥാനത്തുനിന്ന് നീക്കിയ സർക്കാർ നടപടിക്കെതിരെ അദ്ദേഹം അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചിരുന്നു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സർക്കാർ തീരുമാനം ശരിവച്ചു. അതിനെതിരെ അദ്ദേഹം ഹൈക്കോടതിയെ സമീപിച്ചു. ഹൈക്കോടതിയും സർക്കാർ തീരുമാനം ശരിവച്ചുകൊണ്ടാണ് വിധി പ്രസ്താവിച്ചത്. ഈ തീരുമാനത്തിനെതിരെ ശ്രീ. ടി. പി. സെൻകുമാർ സുപ്രീംകോടതിയെ

സമീപിക്കുകയും 24-4-2017-ന് അദ്ദേഹത്തിന് അനുകൂലമായി വിധിയുണ്ടാവുകയും ചെയ്തു. സർക്കാർ നടപടിയെ തുടർന്ന് ശ്രീ. ടി. പി. സെൻകുമാറിനെതിരായി രണ്ട് കോടതികളുടെ തുടർച്ചയായ വിധിയുണ്ടാവുകയും ഈ വിധിയെ സുപ്രീംകോടതി അസ്ഥിരപ്പെടുത്തുകയും ചെയ്യുകയാണുണ്ടായത്. സുപ്രീംകോടതി വിധിയുണ്ടായ ഉടൻ തന്നെ, ആ വിധി അന്തിമമാണെന്നും ഇത് സർക്കാർ നടപ്പിലാക്കുമെന്നും സഭയ്ക്കകത്തും പുറത്തും വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതിനെത്തുടർന്ന് സുപ്രീംകോടതി വിധി ലഭിച്ചയുടൻ മറ്റ് മേൽനടപടികൾ സ്വീകരിക്കുന്നതിനായി നിയമ വകുപ്പ് സെക്രട്ടറിയുടേയും അഡ്വക്കേറ്റ് ജനറലിന്റെയും അഭിപ്രായം ആരായുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായ പ്രകാരം, 1-6-2016-ന് സർക്കാർ ഇറക്കിയ ഉത്തരവ് സുപ്രീംകോടതി അസാധുവാക്കിയതിനെത്തുടർന്ന് ആവശ്യമായ വിശദീകരണം സുപ്രീംകോടതി മുഖാന്തരം തന്നെ തേടേണ്ടതാണെന്ന് സർക്കാർ തീരുമാനിച്ചു. ഇതിനോടൊപ്പം സുപ്രീംകോടതി വിധിയിന്മേൽ റിവ്യൂ പെറ്റീഷൻ നൽകാനും നിയമോപദേശമനുസരിച്ച് തീരുമാനിച്ചു. സർക്കാർ ഇക്കാര്യത്തിൽ നിലവിൽ കോടതികളിൽ സ്വീകരിച്ചുവരുന്ന നിയമപരമായ നടപടികൾ മാത്രമാണ് എടുത്തിട്ടുള്ളത്. അപ്പീൽ, റിവ്യൂ, റിവിഷൻ, വിശദീകരണത്തിനായുള്ള ഹർജികൾ എന്നിവ നിയമത്തിൽ അനുശാസിക്കുന്നതും അത്തരം നടപടിക്രമങ്ങൾ സ്വീകരിക്കാൻ കേസ്സിലെ ബന്ധപ്പെട്ട കക്ഷികൾക്ക് നിയമപരമായ അവകാശമുള്ളതുമാണ്. ശ്രീ. ടി. പി. സെൻകുമാർ ഇതേപ്രകാരമുള്ള നിയമപരമായ അവകാശങ്ങൾ വിനിയോഗിച്ചിട്ടുണ്ട്. ഈ കേസ്സിൽ നിയമം അനുശാസിക്കുന്ന പ്രകാരം സുപ്രീംകോടതിയിൽ വിശദീകരണത്തിനുള്ള ഹർജിയും റിവ്യൂ ഹർജിയുമാണ് സർക്കാർ നൽകിയത്. എന്നാൽ വിചാരണ സമയത്ത് സുപ്രീംകോടതി വിശദീകരണ ഹർജി തള്ളുകയും അതിൽ 25,000 രൂപ സുപ്രീംകോടതിയുടെ ലീഗൽ സർവ്വീസ് അതോറിറ്റിയിൽ അടയ്ക്കാനും ജുവനൈൽ ജസ്റ്റിസ് ആവശ്യങ്ങൾക്കായി ഉപയോഗിക്കാനുമാണ് കോടതി നിർദ്ദേശിച്ചത്. ഇവിടെ ആരോപിച്ച പ്രകാരം പിഴ വിധിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഇവിടെ ഉന്നയിച്ച വിഷയത്തിൽ യാതൊരു കഴമ്പുമില്ലാത്തതാണ്. സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മനഃപൂർവ്വമായ യാതൊരു കാലതാമസവും സർക്കാർ വരുത്തിയിട്ടില്ല. സർക്കാർ സുപ്രീംകോടതി വിധി നടപ്പിലാക്കുകയും ശ്രീ. ടി. പി. സെൻകുമാർ സ്റ്റേറ്റ് പോലീസ് ചീഫായി ചുമതലയേൽക്കുകയും ചെയ്ത സാഹചര്യത്തിൽ യാതൊരു അടിയന്തര പ്രാധാന്യവുമില്ലാത്ത പ്രശ്നമാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. 2-5-2017-ന് ഇതേ വിഷയം സഭയിൽ അടിയന്തരപ്രമേയമായി ചർച്ച ചെയ്തിട്ടുള്ളതുമാണ്. ഈ കേസ് നാളെ സുപ്രീംകോടതിയുടെ പരിഗണനയ്ക്ക് വരികയുമാണ്. ഇതുസംബന്ധിച്ച് ചർച്ച ചെയ്യാനുള്ള യാതൊരു അടിയന്തര സാഹചര്യവും നിലനിൽക്കുന്നില്ല. അതുകൊണ്ട് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തിരക്കിട്ട് നടത്തിയ ഒരു നിയമനവും, ആ നിയമനത്തെ തുടർന്ന് മാസങ്ങളായി കോടതികളിൽ നടന്ന വ്യവഹാരങ്ങളും ഒടുവിൽ സംസ്ഥാന സർക്കാരിന്റെ നിലപാടുകൾക്ക് തിരിച്ചടി നൽകികൊണ്ട് പരമോന്നത നീതിപീഠം നടത്തിയ ഫൈനലായിട്ടുള്ള ജഡ്ജ്മെന്റും ഈ സംസ്ഥാനത്തുണ്ടാക്കിയ നാണക്കേട് സഭയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടത് പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വമാണ്. ആ നിലയിൽ തന്നെയാണ് ഈ വിഷയം ഇവിടെ അവതരിപ്പിക്കുന്നത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിൽ വരുന്നത് 2016 മേയ് മാസം 25-ാം തീയതിയാണ്. അതേ മാസം 30-ാം തീയതിയാണ് ഡി.ജി.പി.-യെ മാറ്റുന്നത്. ഇവിടെ ഞാൻ മുമ്പ് രണ്ട് തവണ കൊണ്ടുവന്ന അടിയന്തരപ്രമേയത്തിൽ ശ്രീ. ടി. പി. സെൻകുമാറിനെ മാറ്റിയതിനെക്കുറിച്ച് പ്രതിപാദിച്ചപ്പോൾ, രണ്ട് പ്രധാന കാരണങ്ങൾ കൊണ്ടാണ് ശ്രീ. ടി. പി. സെൻകുമാറിനെ മാറ്റിയതെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ജിഷയുടെ കൊലപാതകികളെ പിടിക്കാൻ വരുത്തുന്ന കാലതാമസവും പുറ്റിങ്ങൽ വെടിക്കെട്ട് അപകടത്തിൽ പോലീസിന്റെ ഭാഗത്തുനിന്ന് പറ്റിയ വീഴ്ചയുമാണ് അന്ന് ഈ സഭയിൽ സൂചിപ്പിച്ചത്. പുറ്റിങ്ങൽ വെടിക്കെട്ട് അപകടവും ജിഷയുടെ കൊലപാതകവും നടക്കുന്നത് ഏപ്രിൽ മാസത്തിലാണ്. ഏപ്രിൽ മാസത്തിൽ നടന്ന രണ്ട് സംഭവങ്ങളിൽ ഒരു മാസത്തിനുള്ളിൽ നടപടി സ്വീകരിച്ചില്ലെന്ന് പറഞ്ഞ് ശ്രീ. ടി. പി. സെൻകുമാറിനെ മാറ്റിയപ്പോൾ തന്നെ, അങ്ങനെ മാറ്റിയതിനുപിന്നിൽ ചില ഉദ്ദേശ്യങ്ങളുണ്ടായിരുന്നുവെന്ന് വ്യക്തമാണ്. ആ ഉദ്ദേശ്യങ്ങൾ തന്നെയാണ് ഇന്ന് സുപ്രീംകോടതി പ്രതിപാദിച്ചിട്ടുള്ളത്. ഏതൊരു സർക്കാർ അധികാരത്തിൽ വരുമ്പോഴും, ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളെ വിലയിരുത്താൻ ഒരു മാസമെങ്കിലും സമയം വേണ്ടേ; അഞ്ച് ദിവസം കൊണ്ട് ഒരു സംസ്ഥാനത്തിന്റെ ഡി.ജി.പി.-യെ എങ്ങനെയാണ് വിലയിരുത്താൻ കഴിയുന്നത്? മാത്രമല്ല, ജിഷയെ കൊലപ്പെടുത്തിയ കേസ്സിൽ ആസാം സ്വദേശിയായ യുവാവിനെയാണ് പോലീസ് അറസ്റ്റ് ചെയ്തത്. ഒരു ആസാം സ്വദേശിയെ രക്ഷിക്കേണ്ട എന്തെങ്കിലും ബാധ്യത കഴിഞ്ഞ സർക്കാരിനോ അന്നത്തെ പോലീസ് ഉദ്യോഗസ്ഥന്മാർക്കോ ഉണ്ടായിരുന്നോ? ഇപ്പോൾ പറഞ്ഞിരിക്കുന്നത്, ആസാം സ്വദേശി കൊലചെയ്തുവെന്നാണല്ലോ; ആ കൊലപാതകിയെ പിടിക്കുകയും ചെയ്തു. അതിന്റെ പേരിൽ എങ്ങനെയാണ് ഒരു ഡി.ജി.പി. കുറ്റക്കാരനാകുന്നത്.

പുറ്റിങ്ങൽ വെടിക്കെട്ട് അപകടത്തെക്കുറിച്ച് അന്വേഷിക്കാൻ കഴിഞ്ഞ ഗവൺമെന്റ് ജസ്റ്റിസ് എൻ. കൃഷ്ണൻ നായരെ കമ്മീഷനായി വച്ചു. ആ കമ്മീഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുമുമ്പ് ഒരു ഡി.ജി.പി. കുറ്റക്കാരനാകുന്നത്

എങ്ങനെയാണ്; ആ കമ്മീഷന് എന്താണ് സംഭവിച്ചത്? ഒരു മാസത്തിനുള്ളിൽ ആ കമ്മീഷൻ ഉപേക്ഷിച്ചുപോയി. അതുപേക്ഷിക്കാൻ ചില കാരണങ്ങളുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തുതന്നെ ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ പോലീസ് പ്രൊട്ടക്ഷനിൽ കഴിഞ്ഞയാളാണ്. കാരണം അദ്ദേഹം ജഡ്ജിയായിരുന്നപ്പോൾ ചില കേസ്സുകളിൽ മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകരെ ശിക്ഷിച്ചതിന്റെ പേരിൽ അദ്ദേഹത്തിന്റെ ജീവന് ഭീഷണിയുണ്ടായിരുന്നതുകൊണ്ട് റിട്ടയർ ചെയ്തതിനുശേഷം അദ്ദേഹം പോലീസ് പ്രൊട്ടക്ഷനിലാണ് കഴിഞ്ഞത്. അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് അന്നത്തെ എൽ.ഡി.എഫ്. സർക്കാരാണ് പോലീസ് പ്രൊട്ടക്ഷൻ നൽകിയത്. പുറ്റിങ്ങൽ വെടിക്കെട്ട് അപകടത്തിന്റെ പേരിൽ ഇടതുപക്ഷത്തിന് വിരോധമുള്ള ഡി.ജി.പി.-യേയും ജഡ്ജിയേയും അവരവരുടെ സ്ഥാനങ്ങളിൽനിന്ന് നീക്കം ചെയ്യുകയാണുണ്ടായത്. ഡി.ജി.പി.-യുടെ കാര്യത്തിൽ ട്രിബ്യൂണലും ഹൈക്കോടതിയും തള്ളിയ കേസ്സിൽ സുപ്രീംകോടതി തിരിച്ച് തീരുമാനിച്ചു എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. സൗമ്യ കൊലക്കേസിൽ സെഷൻസ് കോടതിയും ഹൈക്കോടതിയും ഗോവിന്ദച്ചാമിയെ തൂക്കിക്കൊല്ലാനാണ് വിധിച്ചത്. ഇപ്പോൾ സുപ്രീംകോടതി അതിനെതിരായി വിധിച്ചപ്പോൾ സെഷൻസ് കോടതിയും ഹൈക്കോടതിയും തൂക്കിക്കൊല്ലാൻ വിധിച്ചുവെന്നുപറഞ്ഞ് ഗോവിന്ദച്ചാമിയെ തൂക്കിക്കൊല്ലാൻ പറ്റുമോ? ഫൈനൽ വിധി സുപ്രീംകോടതിയുടെതാണ്. ആ വിധിയല്ലേ നടപ്പാക്കേണ്ടത്? കഴിഞ്ഞ ഏപ്രിൽ 24-ാം തീയതി ശ്രീ. ടി. പി. സെൻകുമാറിനെ വീണ്ടും പോലീസ് ചീഫ് ആക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞതിനുശേഷവും ഇങ്ങനെ വലിച്ചുനീട്ടേണ്ട ആവശ്യമുണ്ടായിരുന്നോ? റിവ്യൂ ഹർജിയെക്കുറിച്ച് എല്ലാവർക്കുമറിയാം. ഹൈക്കോടതി വിധിയെ സുപ്രീംകോടതിക്കും സെഷൻസ് കോടതിയുടെ വിധിയെ ഹൈക്കോടതിക്കും ചോദ്യം ചെയ്യാം. റിവിഷൻ പെറ്റീഷൻ നേരത്തെ വിധി പറഞ്ഞ ബഞ്ചിൽ തന്നെയാണ് കൊടുക്കുന്നത്. നേരത്തെ പറഞ്ഞ വിധിയിൽ വന്ന പാളിച്ചകളെന്തെങ്കിലും ചൂണ്ടിക്കാണിച്ചിട്ടാണോ ഈ പെറ്റീഷൻ കൊടുത്തത്. അതുകൊണ്ടാണ് “The application is dismissed as withdrawn with costs of Rs. 25,000 to be paid to the Supreme Court Legal Services Committee within a week from today for utilization of juvenile justice issues” എന്ന് സുപ്രീംകോടതിയുടെ 5-ാം തീയതിയിലെ വിധിയിൽ പറഞ്ഞിട്ടുള്ളത്. 25,000 രൂപ പിഴ ചുമത്തേണ്ടിവന്നതിനെക്കുറിച്ച് പിറ്റേദിവസം മാധ്യമങ്ങളിൽ വാർത്തകൾ വന്നിട്ടുണ്ട്. എല്ലാ മാധ്യമങ്ങളും ഒരേ രീതിയിലാണ് പ്രതിപാദിച്ചിട്ടുള്ളത്. “Sen Kumar is back - a slap on Pinarayi's face” എന്ന് പറഞ്ഞിട്ടുള്ളത് 'Times of India' എന്ന ഇംഗ്ലീഷ് പത്രത്തിലാണ്. മലയാളം പത്രങ്ങളിലും പറഞ്ഞിട്ടുണ്ട്. "ഇരന്നുവാങ്ങിയ ദുർവിധി, സെൻകുമാർ വീണ്ടും പോലീസ് മേധാവി" എന്ന് കേരള കൗമുദി പത്രത്തിലും "അടി കിട്ടി, ഒപ്പിട്ടു"

എന്ന് മാതൃഭൂമി പത്രത്തിലും "മിന്നൽ പ്രഹരമായി, ഒടുവിൽ വ്യക്തത. സെൻകുമാർ പോലീസ് മേധാവി" എന്ന് മനോരമ പത്രത്തിലും വന്നിട്ടുണ്ട്. ഈ വിധി വരുന്നതിന്റെ തലേദിവസത്തെ മനോരമ പത്രത്തിൽ "സെൻകുമാർ വരുന്നതിനുമുമ്പേ ഗവൺമെന്റ് മുൻകരുതൽ, പോലീസ് ആസ്ഥാനത്ത് ഉന്നത ഉദ്യോഗസ്ഥന്മാർക്ക് മാറ്റം" എന്നും വന്നിട്ടുണ്ട്. ഈ ഉന്നത ഉദ്യോഗസ്ഥന്മാരെ മാറ്റി പ്രതിഷ്ഠിക്കാൻ വേണ്ടിയാണോ റിവ്യൂ ഹർജിയുമായി ബഹുമാനപ്പെട്ട സുപ്രീംകോടതിയെത്തന്നെ വീണ്ടും സമീപിച്ചത്. ഇതിനെത്തുടർന്ന് കുറേ ദിവസങ്ങളായി എത്രയോ പോലീസ് ഉദ്യോഗസ്ഥരെ തലങ്ങും വിലങ്ങും മാറ്റി. സുപ്രീംകോടതിയുടെ വിധി വന്നപ്പോൾ പത്രത്തിൽ വന്ന വാർത്ത, "മുകളിൽ ശ്രീ. രമൺ ശ്രീവാസ്തവ താഴെ ടോമിൻ തച്ചങ്കരി" എന്നാണ്. ഏതായാലും മുഖ്യമന്ത്രിക്ക് പറ്റിയ രണ്ട് ആളുകൾ തന്നെയാണ്. ശ്രീ. രമൺ ശ്രീവാസ്തവയ്ക്ക് എന്താണ് കുഴപ്പമെന്നും നിങ്ങളുടെ കാലത്തും ഞങ്ങളുടെ കാലത്തും ഡി.ജി.പി. ആയിരുന്നില്ലേ എന്നും അദ്ദേഹം നിയമസഭയിൽ ചോദിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മാർക്സിസ്റ്റ് പാർട്ടിയുടെ സെക്രട്ടേറിയറ്റ് അംഗമായിരുന്നപ്പോൾ അദ്ദേഹത്തിന്റെ പാർട്ടി തലപ്പാടി മുതൽ കളിയിക്കാവിള വരെ 'ചാരമുഖ്യൻ രാജി വയ്ക്കുക, ശ്രീവാസ്തവയെ അറസ്റ്റ് ചെയ്യുക' എന്നെഴുതിയ ചുമരെഴുത്തുണ്ടായിരുന്നു. ദീർഘകാലം ഈ സഭയുടെ നേതാവായിരുന്ന കെ. കരുണാകരനാണ് ആ ചാരമുഖ്യൻ. അദ്ദേഹം ഈ രാജ്യത്തിനുവേണ്ടി ചാരവൃത്തി നടത്തിയെന്നല്ല പറഞ്ഞത്, ചാരവൃത്തി നടത്തിയ അന്നത്തെ ഐ.ജി.-യെ അറസ്റ്റ് ചെയ്തില്ല, ആ സ്ഥാനത്തുനിന്ന് മാറ്റിയില്ല എന്നതായിരുന്നു കെ. കരുണാകരന് എതിരായിട്ടുള്ള കുറ്റം. ആ ശ്രീവാസ്തവ ഉപദേശിച്ചില്ലെങ്കിൽ തനിക്ക് ഉറക്കം വരില്ല എന്നുള്ള സ്ഥിതിയിലേയ്ക്ക് ഇന്ന് മുഖ്യമന്ത്രി മാറിയിരിക്കുകയാണ്. ഉപദേശകന്മാരുടെ എണ്ണം പോലും മുഖ്യമന്ത്രിക്ക് ഓർമ്മയുണ്ടോ? ഈ സഭയിൽ വന്ന മൂന്ന് ചോദ്യത്തിന്റെയും ഉത്തരത്തിൽ ആറ് മുതൽ എട്ടുവരെ ഉപദേശകരുണ്ടെന്നാണ് പറഞ്ഞത്. ആറാണോ ഏഴാണോ എട്ടാണോ എന്ന് ബഹു. മുഖ്യമന്ത്രിക്കുതന്നെ കൺഫ്യൂഷനാണ്. ഉപദേശിച്ചുപദേശിച്ച് സർക്കാരിന് ഫൈൻ കൊടുക്കേണ്ട അവസ്ഥയിലെത്തി. ഇന്നിപ്പോൾ ഒന്നാം കേരള മന്ത്രിസഭയുടെ അറുപതാം വാർഷികം ആഘോഷിക്കുകയാണ്. കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്.-നെ കോടതിയലക്ഷ്യത്തിന് സുപ്രീംകോടതി ശിക്ഷിച്ചതാണ്. ഇന്ന് ഇടതുപക്ഷ ഗവൺമെന്റിനെത്തന്നെ കോടതിയലക്ഷ്യത്തിന് സുപ്രീംകോടതി ശിക്ഷിച്ചിരിക്കുന്നു. അപ്പോൾ രണ്ടും തുല്യ സ്റ്റാറ്റസിലേയ്ക്ക് എത്തിയെന്ന് വേണമെങ്കിൽ അദ്ദേഹത്തിന് അഭിമാനിക്കാം. ശ്രീ. ടി. പി. സെൻകുമാർ വരുന്നതിന്റെ മുൻകരുതലായിട്ടാണ് ശ്രീ. ടോമിൻ തച്ചങ്കരിയെ ഹെഡ്ക്വാർട്ടേഴ്സിന്റെ എ.ഡി.ജി.പി. ആക്കിയത്. അദ്ദേഹം ട്രാൻസ്പോർട്ട് കമ്മീഷണറായിരുന്ന സമയത്തെ അനുഭവം ശ്രീ. എ. കെ. ശശീന്ദ്രന് അറിയാം. സ്വന്തം ജന്മദിനം ഡിപ്പാർട്ട്മെന്റിൽ ആഘോഷമാക്കാൻ നിർദ്ദേശം കൊടുത്ത ആളാണ് അദ്ദേഹം.

ഇപ്പോൾ ഹെഡ്ക്വാർട്ടേഴ്സിന്റെ എ.ഡി.ജി.പി. ആക്കിയ സ്ഥിതിക്ക് അദ്ദേഹത്തിന്റെ അടുത്ത ജന്മദിനാഘോഷം സംസ്ഥാനത്തിന്റെ പൊതു അവധിയായി മാറാൻ സാദ്ധ്യതയുണ്ട്. ഇഷ്ടമുള്ള ഉദ്യോഗസ്ഥന്മാരെ കയറൂരി വിടുകയും അല്ലാത്തവരെ ദ്രോഹിക്കുകയും ചെയ്യുന്നതിന് ഈ സംസ്ഥാനം ഇത്രമാത്രം അപമാനം ഏറ്റു വാങ്ങേണ്ടിവന്നു എന്നത് വലിയ ദുരന്തമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പലപ്പോഴും ഉദ്യോഗസ്ഥർ മുഖ്യമന്ത്രിക്ക് കൊടുക്കുന്ന പല റിപ്പോർട്ടുകളും അദ്ദേഹത്തെ കുഴിയിൽ ചാടിക്കാനുള്ളതാണ്. ഈ സഭയിൽ ഇടുക്കി കയ്യേറ്റത്തെക്കുറിച്ച് പറഞ്ഞപ്പോൾ 'പാപ്പാത്തി ചോലയെ' 'ചപ്പാത്തി ചോല' എന്നുപറഞ്ഞു. അദ്ദേഹത്തിന് നാക്ക് പിഴവ് പറ്റിയതല്ല. രാഷ്ട്രീയമായി അഭിപ്രായവ്യത്യാസമുണ്ടെങ്കിലും നാക്ക് പിഴവ് പറ്റുന്ന ആളല്ല അദ്ദേഹം. ഉദ്യോഗസ്ഥന്മാർ എഴുതിക്കൊടുത്ത റിപ്പോർട്ടാണ് അദ്ദേഹം വായിച്ചത്. എന്തുകൊണ്ടാണ് പാപ്പാത്തി ചോലയെ ചപ്പാത്തി ചോലയാക്കി ഉദ്യോഗസ്ഥന്മാർ എഴുതിക്കൊടുത്തത്? അവർക്ക് കണക്കുതീർക്കാൻ വേണ്ടിതന്നെയാണ്. മുഖ്യമന്ത്രിയെ വയ്ക്കേണ്ട സമയത്ത് വയ്ക്കാൻവേണ്ടി ഉദ്യോഗസ്ഥന്മാർ തയ്യാറായിരിക്കുന്നതിന്റെ കാരണം ഉദ്യോഗസ്ഥന്മാർക്ക് മുഖ്യമന്ത്രിയിലുള്ള വിശ്വാസം നഷ്ടപ്പെട്ടതുകൊണ്ടാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശമനുസരിച്ച് ഞാൻ മറ്റ് വിഷയങ്ങളിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ ഈ സംഭവം സംസ്ഥാനത്തിന് വളരെയേറെ നാണക്കേടുണ്ടാക്കിയിട്ടുണ്ട്. ഈ സഭയേയും നാടിനേയും അപമാനപ്പെടുത്തിയ ഒരു സംഭവമാണിത്. എന്താണ് ഡി.ജി.പി. ചെയ്ത കുറ്റം? കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ടി. പി. ചന്ദ്രശേഖരനെ കൊന്ന കേസ്സിലെ പ്രതികളെ അറസ്റ്റ് ചെയ്യാൻ അദ്ദേഹം ശ്രമിച്ചതിന്റെ പേരിൽ അന്ന് ശ്രീ. പിണറായി വിജയൻ അദ്ദേഹത്തിന് ഒരു ബ്ലാക്ക് മാർക്ക് വച്ചതാണ്. അത് നടപ്പാക്കാൻ വേണ്ടി ഒരു സംസ്ഥാനത്തെ ഇത്രമാത്രം അപമാനപ്പെടുത്തിയ സംഭവം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ചെയറിനോട് അഭ്യർത്ഥിക്കുകയാണ്.

10.00 AM]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോടതി വിധിയുമായി ബന്ധപ്പെട്ട് പിന്നീടും തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള പരാമർശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. നേരത്തെ വ്യക്തമാക്കിയതുകൊണ്ട് കൂടുതൽ വിശദീകരിക്കേണ്ടതില്ലെന്നാണ് തോന്നുന്നത്. ഇതിന്റെ ഭാഗമായി പിഴ ഉണ്ടായിട്ടില്ലെന്നുള്ളത് മനസ്സിലാക്കേണ്ട കാര്യമാണ്. പിന്നെ, കോടതിയലക്ഷ്യത്തിന് ശിക്ഷിച്ചിരിക്കുകയാണെന്ന് അദ്ദേഹം പറയുകയുണ്ടായി. ഇവിടെ ഒരു തരത്തിലുള്ള കോടതിയലക്ഷ്യവും ഉണ്ടായിട്ടില്ല. ഇത് കോടതിയലക്ഷ്യത്തിന്റെ ഭാഗമായുണ്ടായ നടപടിയേ അല്ല. ഏതൊരു കേസ്സിന്റെയും ഭാഗമായി സാധാരണനിലയ്ക്ക് കോടതിക്ക് വിശദീകരണം ചോദിക്കാനും റിവ്യൂ നടത്താനും അധികാരമുണ്ട്. അദ്ദേഹം സൗമ്യ കേസ്സിന്റെ കാര്യം പറഞ്ഞല്ലോ, 'Curative Petition' നൽകാനുള്ള അവകാശം

ഉള്ളതാണ്. ഇത് സാധാരണ കോടതിക്കകത്ത് സംഭവിക്കുന്ന കാര്യമാണ്. ഇവിടെ തെറ്റായ രീതിയിലുള്ള പരാമർശങ്ങൾ നടത്തുമ്പോൾ നാം മനസ്സിലാക്കേണ്ട ഒരു കാര്യം, സർക്കാർ നിയതമായ മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് പ്രവർത്തിക്കുന്നത്. സുപ്രീംകോടതി വിധി വന്നപ്പോൾ സ്വാഭാവികമായി ആ വിധി നടപ്പാക്കുന്നതിന് നിയമ സെക്രട്ടറിയിൽ നിന്നും അഡ്വക്കേറ്റ് ജനറലിൽ നിന്നുമാണ് നിയമോപദേശം വാങ്ങുന്നത്. Law Secretary may also obtain the opinion of the learned A.G. എന്ന് ചൂണ്ടിക്കാണിക്കുകയുണ്ടായി. AG ഇതുമായി ബന്ധപ്പെട്ട് 'In the above circumstances it is advisable for the Government to seek modification of the judgement of the Honourable Supreme Court in CA No.....' ഈ ഉപദേശവും തന്നു. അപ്പോൾ സാധാരണനിലയിൽ ഒരു സർക്കാർ അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം അനുസരിച്ച് പ്രവർത്തിക്കും. അതിൽ എന്താണ് തെറ്റ്? അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശമനുസരിച്ച് സർക്കാർ സ്വീകരിക്കുന്ന നടപടിയിൽ നാം പ്രതീക്ഷിക്കുന്ന രീതിയിലുള്ള ഒരു വിധി കോടതിയിൽ നിന്നുണ്ടായില്ലെന്നു ള്ളതുകൊണ്ട് അഡ്വക്കേറ്റ് ജനറലിനെ കുറ്റപ്പെടുത്താൻ സാധിക്കുമോ? ഇത് സാധാരണ ഒരു സംഭവമാണ്. അവരവരുടെ നിയമ വിജ്ഞാനമനുസരിച്ച് കാര്യങ്ങൾ അവതരിപ്പിക്കുകയാണല്ലോ? അങ്ങനെയാണല്ലോ ഇവിടെ പല വിധികളുമുണ്ടാകുന്നത്. സുപ്രീംകോടതി വിധിയോടുള്ള പൊതുസമീപനം എന്ത്? അതാണ് പ്രശ്നം. സുപ്രീംകോടതി വിധിയോട് ഒരു ഘട്ടത്തിലും സർക്കാർ അനാദരവ് കാണിച്ചിട്ടില്ല. വ്യക്തമായി പറഞ്ഞ കാര്യമാണ്, നമ്മുടെ രാജ്യത്തെ നിയമകാര്യങ്ങളിൽ സുപ്രീമായിട്ടുള്ളത് സുപ്രീം കോടതിയാണ്; ആ വിധി അന്തിമവുമാണ്. അന്തിമമാണ് എന്നുപറയുമ്പോൾ ചില വസ്തുതകൾ ക്ലാരിഫൈ ചെയ്യേണ്ടിവരുമ്പോൾ അതിന് ആ കോടതിയെ തന്നെ സമീപിക്കാമല്ലോ.

ഒരു വസ്തുത ശരിയാണ്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അന്ന് ഡി.ജി.പി. ആയിരുന്ന സെൻകുമാറിനെ മാറ്റി. അത് ഒരു ദിവസം കൊണ്ട് എടുത്ത നടപടിയല്ല. ഒരു ഡി.ജി.പി.-യെ മാറ്റുമ്പോൾ സാധാരണഗതിയിൽ സ്വീകരിക്കുന്ന നടപടിക്രമങ്ങളുണ്ട്. ആ നടപടിക്രമങ്ങൾ അനുസരിച്ചുതന്നെയാണ് സെൻകുമാറിനെ മാറ്റി മറ്റൊരു ഡി.ജി.പി.-യെ നിയമിക്കുന്നത്. 2011-ൽ ബാലസുബ്രഹ്മണ്യത്തെ പോലീസ് ചീഫായി നിശ്ചയിച്ചത് ഒരു കമ്മിറ്റിയെ വച്ചുകൊണ്ടായിരുന്നു. ഇത് 2011-ൽ ബാലസുബ്രഹ്മണ്യത്തിന്റെ കാര്യത്തിലുണ്ടായെങ്കിൽ, അത്തരം ഒരു കമ്മിറ്റിയെ നിയോഗിച്ച് തെരഞ്ഞെടുക്കണമെന്ന നിർദ്ദേശം നേരത്തെ സെൻകുമാറിന്റെ കാര്യത്തിലുണ്ടായിരുന്നുവെങ്കിലും അത് സ്വീകരിക്കാൻ അന്നത്തെ ഗവൺമെന്റ് സന്നദ്ധമായിരുന്നില്ല. പെട്ടെന്നുതന്നെ ക്യാബിനറ്റ് തീരുമാനമെടുക്കുകയും ഒരു കമ്മിറ്റിയിൽ ആലോചിച്ച് വരണമെന്ന നിർദ്ദേശം അന്ന് ചീഫ് സെക്രട്ടറി

സ്ഥാനത്തിരിക്കുന്ന ആളിൽ നിന്നുതന്നെ വന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷെ, എന്തോ ധൃതി കൊണ്ട്, ധൃതിയുടെ കാര്യം എല്ലാവർക്കും അറിയാവുന്നതാണ്; പെട്ടെന്നുതന്നെ ഇദ്ദേഹത്തെ നിയമിക്കേണ്ട ഒരാവശ്യവുമുണ്ടായിരുന്നു. സീനിയറായിട്ടുള്ള വേറൊരാൾ ക്ലെയിം ചെയ്യുന്നുണ്ടായിരുന്നു. അതിനുമുൻപുതന്നെ ഇദ്ദേഹത്തെ നിയമിക്കേണ്ടതുണ്ടായിരുന്നു. അതുകൊണ്ട് സെൻകുമാറിനെ നിയമിച്ചു. ഇതാണല്ലോ വസ്തുത. ആ പ്രശ്നത്തിൽ സാധാരണഗതിയിൽ സ്വീകരിക്കേണ്ട നടപടിക്രമം സ്വീകരിക്കാതെ നിയമിച്ച ഒരു ഡി.ജി.പിയെ 'Head of Police' എന്നാണ് അന്നത്തെ ഗവൺമെന്റ് വിശേഷിപ്പിച്ചിരുന്നത്, 'State Police Chief' എന്നല്ല. ആ 'Head of Police'-നെ സാധാരണ നടപടിക്രമങ്ങളെല്ലാം പാലിച്ചുകൊണ്ട് ഈ പറയുന്ന കമ്മിറ്റിയെ വച്ചു; കമ്മിറ്റിയുടെ പരിശോധന നടത്തി; സെൻകുമാറിനെ മാറ്റുന്നു; ലോക്നാഥ് ബെഹ്റയെ ഡി.ജി.പി.-യാക്കുന്നു. അപ്പോൾ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ നിശ്ചയിച്ച ഒരു 'Head of Police'-നെ നിയമപ്രകാരമുള്ള നടപടിക്രമങ്ങളെല്ലാം പാലിച്ച് കേരള പോലീസ് നിയമമനുസരിച്ച് നിയമിച്ച ആൾക്ക് പകരം വയ്ക്കാമോ? ഇത് സാധാരണഗതിയിൽ ഉയരുന്ന സംശയമാണ്. ആ സംശയത്തിന് വ്യക്തത വരുത്താൻ ആരുടെ മുന്നിൽ പോകും. അതിന് കോടതിയുടെ മുന്നിലല്ലാതെ വേറെ എവിടെപ്പോകും? സുപ്രീംകോടതിയോടല്ലാതെ വേറെയാരോട് ചോദിക്കും? ഇതാണ് ഇവിടെയുണ്ടായത്. ഇത് നിയമപ്രകാരമുള്ളൊരു സംശയമാണ്; നിയമജ്ഞൻമാർക്കുള്ള സംശയമാണ്. അതിന്റെ ഭാഗമായാണ് ഉപദേശങ്ങൾ വന്നത്. ആ ഉപദേശ പ്രകാരമാണ് സർക്കാർ പ്രവർത്തിച്ചത്. നിയമോപദേശം കിട്ടിയാൽ പിന്നെ സാമാന്യ ബുദ്ധിയാണല്ലോ നമുക്കുള്ളത്. സാമാന്യ ബുദ്ധിക്കനുസരിച്ച് ഇത് ശരിയായിട്ടുള്ള കാര്യമാണ്. അതാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായത്. എന്നാൽ കോടതി അതൊന്നും സ്വീകരിക്കാൻ തയ്യാറല്ല; ഞങ്ങൾ ഈ വാദങ്ങളൊന്നും അംഗീകരിക്കാൻ തയ്യാറല്ലെന്നു പറഞ്ഞുകൊണ്ട് ആ പെറ്റീഷൻ തള്ളുന്നു. തള്ളിയാൽ പിന്നെ അതുമായി ഗുസ്തി പിടിച്ചിട്ടു കാര്യമില്ല. കാരണം സുപ്രീംകോടതി വിധി അന്തിമമാണ്. പക്ഷെ, അന്തിമമായി സുപ്രീം കോടതിയുടെ ഭാഗത്തുനിന്നും എന്തെങ്കിലും വിശദീകരണം തേടേണ്ടതുണ്ടെങ്കിൽ അതിനുള്ള അവകാശം സർക്കാരിനുണ്ട്; അതാണുപയോഗിച്ചത്; അത് അംഗീകരിക്കുന്നില്ലെന്ന് വന്നയുടൻ തന്നെ സെൻകുമാറിനെ നിയമിക്കുന്ന അവസ്ഥയുണ്ടായി.

പുറ്റിങ്ങൽ വെടിക്കെട്ട് കേസ്സുമായി ബന്ധപ്പെട്ട് എന്തിനാണ് ഇദ്ദേഹത്തെ മാറ്റിയത് എന്നൊക്കെ ചോദിച്ചു. അങ്ങനെ മാറ്റുന്നതിന് അടിസ്ഥാനമായ കാരണങ്ങൾ സർക്കാരിനുണ്ടായിരുന്നു. ഇപ്പോൾ ഞാൻ അതിനെക്കുറിച്ച് വിശദീകരിക്കുന്നത് ഭംഗിയല്ലെന്നുള്ളതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. പക്ഷെ, ഒരു കാര്യം ഓർക്കണം. പുറ്റിങ്ങൽ സംഭവമുണ്ടായത് കൊല്ലം ജില്ലയിലാണ്. കൊല്ലം ജില്ലയിൽ

നിന്ന് ഒറ്റയാളെപ്പോലും ആ ഭാഗത്ത് വിജയിപ്പിച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ഓർക്കുന്നത് നല്ലതാണ്. അതിന് ഇതും ഒരു ഘടകമാണ്; ഭരണവും ഭരണനടപടികളും ഒരു ഘടകമാണ്; അത് മറക്കരുത്. പുറ്റിങ്ങൽ വെടിക്കെട്ടുമായി ബന്ധപ്പെട്ട കമ്മീഷനെ ഈ സർക്കാർ വേണ്ടെന്നുവച്ചെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ സർക്കാർ ഒരു കമ്മീഷനെയും വേണ്ടെന്ന് വച്ചിട്ടില്ല. ആ കമ്മീഷൻ തന്നെ എടുത്ത ഒരു നിലപാടാണത്. അദ്ദേഹം കമ്മീഷനായി പ്രവർത്തിക്കേണ്ടതില്ലെന്ന ഒരു നിലപാടും സർക്കാർ സ്വീകരിച്ചിട്ടില്ല. ഇവിടെ കോടതിയുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് പറയുമ്പോൾ സാധാരണനിലയ്ക്ക് സർക്കാരിന്റെ നടപടികളിൽ പിഴവുണ്ടായാൽ ആ പിഴവ് കോടതി ചൂണ്ടിക്കാണിക്കും. ഇവിടെ സർക്കാരിന്റെ ഒരു പിഴവും കോടതി ചൂണ്ടിക്കാണിച്ചിട്ടില്ല. സെൻകുമാറിനെ നിയമിക്കുന്നതിലുണ്ടായ ഒരു പ്രശ്നം, ആ വിധി സർക്കാർ തീരുമാനം അസ്ഥിരപ്പെടുത്തിയിട്ടുണ്ട്; ആ ഒരു ഭാഗമുണ്ട്. എന്നാൽ സർക്കാരിനെ ഏതെങ്കിലും തരത്തിൽ കുറ്റപ്പെടുത്താൻ തയ്യാറായിട്ടില്ല. ആ വിധിയിൽ തന്നെയുള്ള സർക്കാരിനെ കുറ്റപ്പെടുത്തുന്ന ഭാഗങ്ങളെല്ലാം അതിനുമുമ്പത്തെ യു.ഡി.എഫ്. ഗവൺമെന്റിനെക്കുറിച്ചുള്ളതാണ്. കഴിഞ്ഞ നിയമസഭയിൽ ആ പ്രശ്നം ചർച്ച ചെയ്യുമ്പോൾ ഞാൻ ചൂണ്ടിക്കാണിച്ചതാണ്. പാമോലിൻ കേസിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ സുപ്രീംകോടതി എത്ര കഠിനമായ പരാമർശമാണ് നടത്തിയിരുന്നത്. അത് മുഖ്യമന്ത്രിക്കെതിരെയുള്ള സുപ്രീംകോടതിയുടെ പരാമർശമായിരുന്നില്ലേ; മുഖ്യമന്ത്രിയുടെ കീഴിലുള്ള പോലീസ് കേസന്വേഷിച്ചാൽ എങ്ങനെ സത്യം പുറത്തുവരും ഈ കേസ് സി.ബി.ഐ.-യെ ഏൽപ്പിക്കുന്നതല്ലേ നല്ലത് എന്ന് കോടതി ചോദിച്ചതല്ലേ. അത്തരത്തിലുള്ളൊരു പരാമർശവും ഈ സർക്കാരിനെതിരെ കോടതിയിൽ നിന്നും ഉണ്ടായിട്ടില്ല. കോടതിയുടെ പരാമർശങ്ങളെപ്പറ്റി പറയുമ്പോൾ ഏതെല്ലാം തരത്തിലുള്ള പരാമർശങ്ങളാണ് നേരത്തെ ഉണ്ടായിട്ടുള്ളതെന്ന് നമ്മൾ ഓർക്കുന്നത് നല്ലതാണ്. അവിടെനിന്നും വിജിലൻസ് രാജിനെപ്പറ്റി ചോദിക്കുന്നുണ്ട്. 2015 ആഗസ്റ്റ് 8-ന് അന്നത്തെ ഹൈക്കോടതി ബഞ്ച് വിജിലൻസിനെ സംബന്ധിച്ച് ഒരു പരാമർശം നടത്തിയിരുന്നു. അത് ഓർത്തുകൊണ്ടായിരിക്കും വിജിലൻസിനെക്കുറിച്ച് പറഞ്ഞു കൊണ്ടിരിക്കുന്നത്. 'കേരള വിജിലൻസിന് പ്രത്യേക നിയമമോ', 'സ്റ്റേറ്റിന്റെ വിജിലൻസ് അന്വേഷണവും കേസ് നടത്തിപ്പും തൃപ്തികരമല്ല.' ഇതൊക്കെ അന്ന് ഹൈക്കോടതി പറഞ്ഞ കാര്യമാണ്. കേരളം കണ്ട ഏറ്റവും വലിയ തട്ടിപ്പ് കേസ്സായ സോളാർ കേസ് ഒത്തുതീർപ്പാക്കാൻ ആരാണ് പണം നൽകിയതെന്ന് ചോദിച്ചത് ആരാണ്? അന്ന് പ്രതിപക്ഷത്തുണ്ടായിരുന്ന അംഗങ്ങളല്ല, കേരള ഹൈക്കോടതിയാണ് ചോദിച്ചത്. 2013 ഒക്ടോബർ 23-നാണ് ആ ചോദ്യം വന്നത്. അതുപോലെ എന്തെല്ലാം പരാമർശങ്ങൾ ഉണ്ടായി; ഇത് എന്ത് ജനാധിപത്യം; ശ്രീ. സലിം രാജാണോ മുഖ്യമന്ത്രി; നിയമസഭയിലല്ല ഉയർന്നു വന്നത്. ഹൈക്കോടതിയുടെ

ചോദ്യമല്ലേ; 'ഡി.ജി.പി.ക്കുപോലും ശ്രീ. സലിം രാജിനെ ഭയമാണെ'ന്ന്. പ്രതിപക്ഷം പറഞ്ഞതല്ല. ഹൈക്കോടതി പറഞ്ഞതാണ്. പോലീസ് കോൺസ്റ്റബിളിനെപോലും ജനങ്ങൾ ഭയപ്പെടേണ്ട അവസ്ഥയാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്നാണ് കോടതി പറഞ്ഞത്. സർക്കാർ അന്വേഷണം നിഷ്പക്ഷമാകില്ല, സി.ബി.ഐ. വരട്ടേയെന്ന് സലിം രാജ് ഉൾപ്പെട്ട കേസ്സിനെക്കുറിച്ച് 2013 ഒക്ടോബർ 24-ന് ഹൈക്കോടതി പറയുകയാണ്. മുഖത്ത് അടികിട്ടിയത് പിണറായി വിജയനല്ല, അടിയോട് അടിയായിരുന്നു കിട്ടിക്കൊണ്ടിരുന്നത്. ചൂണ്ടിക്കാണിക്കാൻ ഒരുപാട് കാര്യങ്ങളുണ്ട്. അതുകൊണ്ട് അതിലേയ്ക്കൊന്നും വിശദമായി പോകുന്നില്ല. ഇവിടെ പോലീസുകാരെ മാറ്റിയ കാര്യം പറഞ്ഞല്ലോ; ഭരണ നടത്തിപ്പിന്റെ ഭാഗമായി ചില പോലീസ് ഉദ്യോഗസ്ഥരെ അപ്പുറവും ഇപ്പുറവുമൊക്കെ മാറ്റുമെന്ന് എല്ലാവർക്കും അറിയാമല്ലോ; കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ മൂവായിരത്തോളം പോലീസുകാരെ സകല മാനദണ്ഡങ്ങളും കാറ്റിൽപ്പറത്തി സ്ഥലം മാറ്റിയ നടപടി കേരള ഹൈക്കോടതി റദ്ദാക്കുകയും സർക്കാർ നടപടിയെ അപലപിക്കുകയും ചെയ്തത് മറന്നുപോയോ; അതിലേയ്ക്കൊന്നും ഈ സർക്കാർ പോയിട്ടില്ല. ഈ സർക്കാർ ക്രമമായിട്ടാണ് പ്രവർത്തിക്കുന്നത്. ഏതെങ്കിലും തരത്തിൽ വഴിവിട്ട ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ലെന്ന് എല്ലാ നടപടികളും പരിശോധിച്ചാൽ വ്യക്തമായും മനസ്സിലാക്കാൻ കഴിയും. പിഴയുടെ കാര്യം പറയുമ്പോൾ, നമ്പി നാരായണന്റെ കേസ്സിൽ ഉണ്ടായ വിധി നമ്മൾ ഓർക്കേണ്ടതല്ലേ; നമ്പി നാരായണന് നഷ്ടപരിഹാരം കൊടുക്കണമെന്ന് കോടതി വിധി വന്നില്ലേ? ഇവിടെ അത്തരത്തിലുള്ള ഒരു വിധിയും വന്നിട്ടില്ല. മുൻകാലങ്ങളിലെ ചെയ്തികളുടെ തികട്ടലിന്റെ ഭാഗമായിട്ട് വരുന്ന പരാമർശങ്ങളാണിതൊക്കെ. ഇവിടെ ജനങ്ങൾ ഒരു വിധി നൽകി. ആ വിധിയുടെ ഭാഗമായി എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നു. ആ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് കഴിഞ്ഞ ഗവൺമെന്റും അതിന്റെ ഭാഗമായുള്ള ഭരണ നടപടികളും കാരണമായിരുന്നു. ഏതൊരു ഗവൺമെന്റും നിയമപ്രകാരം സ്വീകരിക്കുന്ന നടപടികൾ മാത്രമേ ഈ ഗവൺമെന്റും സ്വീകരിച്ചിട്ടുള്ളൂ. എന്നാൽ ഇത് ഇങ്ങനെയാണ് വേണ്ടതെന്ന് സുപ്രീംകോടതി പറയുന്നു. ശരി അത് അംഗീകരിക്കുന്നു, നടപ്പാക്കുന്നു. അതിലപ്പുറം ഒരു കാര്യവും ഇവിടെ സംഭവിച്ചിട്ടില്ല. ഇത് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരാവശ്യവും വരുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി വീണിടത്ത് കിടന്ന് ഉരുളുന്നതിന് സമാനമാണ്. ശ്രീ. കെ. മുരളീധരൻ ഉന്നയിച്ച ഒരു കാര്യത്തിനും അദ്ദേഹത്തിന് മറുപടിയില്ലാത്തതു കൊണ്ടാണ് സോളാർ കേസ്സും മറ്റും പരാമർശിച്ചത്. പഴയ കേസ്സുകൾ എടുക്കുന്ന കൂട്ടത്തിൽ ലാവ്‌ലിൻ കേസ്സുംകൂടി പറയുമെന്നാണ് ഞാൻ കരുതിയത്. അത് അദ്ദേഹം ഏതായാലും പറഞ്ഞില്ല. ഈ കേസ്സുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി വായിച്ചാൽ കേരളത്തിലെ ആർക്കും മനസ്സിലാക്കാൻ കഴിയാത്ത അവ്യക്തതയുണ്ടെന്ന് ഇതുവരെ തോന്നിയിട്ടില്ല. ഈ സർക്കാരിന് മാത്രമേ തോന്നിയിട്ടുള്ളൂ. അങ്ങേയ്ക്ക് വേണമെങ്കിൽ ഈ വിധിയൊന്ന് വായിച്ചു നോക്കാവുന്നതാണ്. ഈ വിധി വായിക്കുന്ന ഏതൊരു prudent ആയ സിറ്റിസണും ഈ വിധിയിൽ അവ്യക്തതയില്ല, വളരെ ക്ലാരിറ്റിയുള്ള വിധിയാണെന്ന് മനസ്സിലാക്കാൻ കഴിയും. തിരുവിതാംകൂറിൽ രാജഭരണകാലത്ത് ഒരു ശിക്ഷ ഉണ്ടായിരുന്നു. 'അടിയും കൊടുക്കുക പുളിയും കുടിക്കുക'. അടി കിട്ടിയതുമാത്രമല്ല പുളിയും കൂടി കുടിച്ചിരിക്കുകയാണ് ഈ സർക്കാർ. ഇത് നേരെ ചൊവ്വേ പോകുന്നൊരു ഗവൺമെന്റായിരുന്നുവെങ്കിൽ ഈ വിധി വന്നപ്പോൾതന്നെ അത് നടപ്പാക്കിയാൽ പോരേ? ഞാൻ ബാംഗ്ലൂരിൽ ഉണ്ടായ ഒരു വിധി ഇവിടെ ഉദ്ധരിക്കുകയുണ്ടായി. സെൻട്രൽ കമ്മിറ്റിയെയും പോളിറ്റ് ബ്യൂറോയെയും കളിപ്പിക്കുന്നതുപോലെ സുപ്രീംകോടതിയെ കളിപ്പിക്കാൻ പറ്റുമോ? ഹൈക്കോടതി വിധി വന്നതേയുള്ളൂ. ബാംഗ്ലൂരിൽ പിറ്റേ ദിവസം തന്നെ ആ ആളിനെ ഡി.ജി.പി. യാക്കി. സുപ്രീംകോടതി വിധി ക്ലാരിറ്റിക്ക് പോയിട്ട് എന്താണ് അനുഭവിച്ചത്? പിഴ ഒടുക്കേണ്ടിവന്നില്ലെന്ന് അദ്ദേഹം പറഞ്ഞല്ലോ; ' I apologize your lord, should permit us to withdraw the application 'എന്നാണ് സുപ്രീംകോടതിയിൽ' സർക്കാർ അഭിഭാഷകൻ സിദ്ധാർത്ഥ് ലൂത്ര പറഞ്ഞത്. മാപ്പ് ചോദിച്ചില്ലേ; അപ്പോളജിയെന്ന് പറയുന്നത് മാപ്പല്ലേ; നിയമ വകുപ്പുമന്ത്രി പറഞ്ഞുകൊടുക്കുന്നതെല്ലാം പറയരുതെന്ന് ഞാൻ കഴിഞ്ഞ ദിവസം സഭയിൽ മുഖ്യമന്ത്രിയോട് പറഞ്ഞതാണ്. നിയമ വകുപ്പുമന്ത്രി പറഞ്ഞു കൊടുത്തതായിരിക്കാം ഇത്. സിദ്ധാർത്ഥ് ലൂത്ര apologize ചെയ്തുവെന്ന് പറഞ്ഞാൽ he represent on behalf of the Kerala Government. സംസ്ഥാന ഗവൺമെന്റിനുവേണ്ടി ഹാജരാകുന്ന സിദ്ധാർത്ഥ് ലൂത്ര ഹൈക്കോടതിയിൽ പറയുന്നതെന്താണ് ? I apologize your lord, should permit us to withdraw the application. ഇവിടെ ബെഞ്ച് എന്താണ് പറയുന്നത്? You can withdraw, cost should be imposed, the application is dismissed as withdrawn. Cost കൊടുക്കാൻ പറഞ്ഞത്,.... ഇദ്ദേഹം പറയുന്ന ഫൈൻ അല്ല എന്ന്. പിന്നെന്താ സംഭാവനയാണോ? ജുവനൈൽ ജസ്റ്റിസ് കേസ്സുകൾക്കുവേണ്ടിയുള്ള contribution ആയിട്ടാണ് അങ്ങ് ഇതിനെ കരുതുന്നതെങ്കിൽ ദയവായി അത് അങ്ങയുടെ പോക്കറ്റിൽ നിന്നുതന്നെ കൊടുക്കണം. കേരളത്തിലെ ജനങ്ങളുടെ

തലയിൽ ഇത് കെട്ടിവയ്ക്കാൻ പാടില്ല. വീണിടത്തു കിടന്ന് ഉരുളുക മാത്രമല്ല അപമാനഭാരം കൊണ്ട് കേരളത്തിലെ ഓരോ വ്യക്തിയുടെയും തല കുനിയുന്ന സംഭവമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. 'കണ്ടാൽ പഠിക്കണം കൊണ്ടാൽ പഠിക്കില്ലെ'ന്ന് പറയുന്നത് പോലെയാണ്. ഞങ്ങൾ നിയമോപദേശം തേടിയെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. സർക്കാർ നിയമോപദേശം തേടുന്നതിൽ തെറ്റൊന്നുമില്ല. ഒരു കേസ്സുണ്ടായാൽ സർക്കാർ നിയമോപദേശം തേടണം, നിയമത്തിന്റെ എല്ലാവശങ്ങളും പരിശോധിക്കണം. ഈ വിധിയിൽ ക്ലാരിറ്റിയോടുകൂടി പറഞ്ഞ കാര്യത്തിന് ബഹുമാന്യനായ മുഖ്യമന്ത്രിയും ഗവൺമെന്റും എന്തിനാണ് ക്ലാരിറ്റി തേടിയത്? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഡി.ജി.പി.യെ തെറ്റായ നടപടികളിലൂടെയാണ് നിയമിച്ചതെന്ന് അങ്ങ് ഇടയ്ക്കിടയ്ക്ക് പറയുന്നുണ്ട്. എനിക്ക് അത് മനസ്സിലാകുന്നില്ല. അന്നത്തെ സീനിയർ ഉദ്യോഗസ്ഥനായ ശ്രീ. മനോജ്കുമാർ സിംഗ്ല സെൻട്രൽ ഗവൺമെന്റിൽ ഡെപ്യൂട്ടേഷനിൽ വർക്ക് ചെയ്യുകയാണ്. ആ സമയത്താണ് ശ്രീ. ബാലസുബ്രമണ്യം റിട്ടയർ ചെയ്യുന്നത്. 'ഞാൻ തിരിച്ചു വരാൻ തയ്യാറാണെ'ന്ന് പറഞ്ഞ് ശ്രീ. സിംഗ്ല ഒരു കത്ത് അയച്ചു. പക്ഷെ സെൻട്രൽ സർവ്വീസിലെ നടപടിക്രമങ്ങളെല്ലാം പൂർത്തിയായി വരുമ്പോഴുണ്ടാകുന്ന കാലതാമസം കണക്കിലെടുത്താണ് അന്നത്തെ ഗവൺമെന്റ് ഏറ്റവും സീനിയറായ ശ്രീ. ടി. പി. സെൻ കുമാറിനെ നിയമിക്കാൻ തീരുമാനിച്ചത്. ഞങ്ങൾ കഴിഞ്ഞ ഇടതുപക്ഷമുന്നണി ഗവൺമെന്റ് നിയോഗിച്ചിരുന്ന ഡി.ജി.പി.-യായിരുന്ന ശ്രീ. ജേക്കബ് പുന്നൂസിനെ തുടരാൻ അനുവദിച്ചവരാണ്. ഞങ്ങൾ അങ്ങനെ നിയമവിരുദ്ധമായ നടപടികൾ ചെയ്തിട്ടില്ല. ശ്രീ. ജേക്കബ് പുന്നൂസിനെ ഇടതുമുന്നണി ഗവൺമെന്റ് നിയമിച്ചതുകൊണ്ട്, ഞങ്ങൾ ജനവിധി നേടി വന്നവരാണ്, പിറ്റേ ദിവസം രാവിലെ അദ്ദേഹത്തെ മാറ്റണമെന്ന അഭിപ്രായം ഞങ്ങൾക്കില്ലായിരുന്നു. Government is a continuity. ആര് അധികാരത്തിൽ വന്നാലും ഏത് ഉദ്യോഗസ്ഥനിരുന്നാലും ആ ഉദ്യോഗസ്ഥനെക്കൊണ്ട് ഗവൺമെന്റിന്റെ തീരുമാനങ്ങൾ നടപ്പാക്കാനുള്ള കഴിവും തന്റേടവും അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിനുണ്ടായിരുന്നു. അതുകൊണ്ടാണ് ഞങ്ങൾ അങ്ങനെ ചെയ്തത്. ഇവിടെ ചെയ്തത് എന്താണ്?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, അന്ന് ഫീൽഡ് ഓഫ് ചോയിസിൽ നാല് ഡി.ജി.പി.മാരുണ്ടായിരുന്നതുകൊണ്ട് സെലക്ഷൻ കമ്മിറ്റി മുഖേന ആളെ തെരഞ്ഞെടുക്കണമെന്ന് അന്നത്തെ ചീഫ് സെക്രട്ടറി ശ്രീ. ജിജി തോംസൺ താങ്കൾക്ക് നോട്ട് തന്നിട്ടും അത് മറികടന്നുകൊണ്ട് സെൻകുമാറിനെ എന്തടിസ്ഥാനത്തിലാണ് ഡി.ജി.പി. ആക്കിയത്?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അത് സർക്കാരിന്റെ വിവേചനാധികാരത്തിൽ പ്പെടുന്നതാണ്. ........(ബഹളം).........

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, അതുതന്നെയാണ് ഞങ്ങളും ചെയ്തിട്ടുള്ളത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഒരു തെറ്റുമില്ല. നിയമ വകുപ്പുമന്ത്രിയോട് ഞാൻ പറയട്ടെ, ഏറ്റവും സീനിയറായ ടി. പി. സെൻകുമാറിനെ തന്നെയാണ് ഞങ്ങൾ നിയോഗിച്ചത്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ശ്രീ. മനോജ് കുമാർ സിംഗ്ല സീനിയറായിരുന്നു. അദ്ദേഹം ഈ ഫീൽഡ് ഓഫ് ചോയിസിൽ നാലിൽ ഒരാളായിരുന്നു. അദ്ദേഹം താങ്കൾക്ക് സമ്മതം തന്നിട്ടും ഈ ഫയലിൽ നിങ്ങൾ സ്വീകരിച്ച നിലപാടെന്തായിരുന്നു? ഒ.എ. ആയി പോയി. എല്ലാ നടപടിക്രമങ്ങളും due process of law-ൽ വന്ന്, നിങ്ങൾ ആ ഫയൽ പൂഴ്ത്തിവച്ച്, ഒ.എ. ആയി കൊണ്ടുവന്നിട്ടാണ് നിയമനം കൊടുത്തത്. ഞങ്ങൾ അതല്ല ചെയ്തത്. ഞങ്ങൾ കമ്മിറ്റിയെ വച്ച്, കോൺഫിഡൻഷ്യൽ റിപ്പോർട്ടും സീനിയോറിറ്റിയും നോക്കി എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചശേഷമാണ് ഡി.ജി.പി.യെ നിയമിച്ചത്. നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസമതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം ഞങ്ങൾക്ക് മനസ്സിലായി. കാരണം .....

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, അവസാനം അങ്ങ് പരാമർശിച്ച വിധിപ്പകർപ്പ് എന്റെ കയ്യിലുണ്ട്. അതിൽ പറയുന്നത്, Learned counsel for the applicants seeks leave to withdraw the application. The application is dismissed as withdrawn with cost of Rs. 25,000 to be paid to the Supreme Court Legal Services Committee within a week from today for utilisation of Juvenile Justice issues. ഇതാണ് കോടതിവിധി, അതാണ് വസ്തുത. അതിനകത്ത് apology എന്ന വാക്ക് ഒരുതരത്തിലും വരുന്നില്ല. അപ്പോളജി സ്വീകരിച്ചുകൊണ്ടല്ല ഈ പറയുന്ന ഭാഗം പരാമർശിച്ചിട്ടുള്ളത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഗവൺമെന്റിനും വേണ്ടി ഹാജരായ സിദ്ധാർത്ഥ് ലൂത്ര ആർഗുമെന്റിന്റെ സമയത്ത് പറഞ്ഞതാണ്. I apologize your Lord, should permit us to withdraw the application. ആ കോടതിയുടെ നടപടിക്രമങ്ങളുടെ ഇടയിൽ ഗവൺമെന്റിനുവേണ്ടി ഹാജരായ സിദ്ധാർത്ഥ് ലൂത്ര പറഞ്ഞ കാര്യമാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അതിൽ അങ്ങ് കാണേണ്ടത്, കോടതി സംസ്ഥാന ഗവൺമെന്റിന്റെ മാപ്പ് അപേക്ഷ സ്വീകരിച്ചുകൊണ്ടല്ല ഈ നടപടി എടുത്തിട്ടുള്ളത് എന്നതാണ്. അങ്ങനെ ഒരു മാപ്പ് അപേക്ഷ ഉണ്ടായിട്ടില്ല. ഇല്ലാത്ത മാപ്പ് അപേക്ഷ എവിടെ നിന്ന് സ്വീകരിക്കാൻ സാധിക്കും. അത് പിൻവലിക്കാൻ സംസ്ഥാന ഗവൺമെന്റിനുവേണ്ടി ഹാജരായ വക്കീൽ ചോദിച്ചു, പിൻവലിക്കാൻ അനുവദിച്ചു. അതാണ് സംഭവിച്ചത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങേയ്ക്ക് അറിയില്ലായിരിക്കും, അങ്ങേയ്ക്ക് വിവരം ലഭിച്ചിട്ടില്ലായിരിക്കാം. സിദ്ധാർത്ഥ് ലൂത്ര അവിടെ മാപ്പപേക്ഷിച്ചു. ആർക്കുവേണ്ടി? സിദ്ധാർത്ഥ് ലൂത്ര വ്യക്തിപരമായിട്ടല്ല മാപ്പ് അപേക്ഷ പറഞ്ഞത്. അദ്ദേഹം ഗവൺമെന്റിനുവേണ്ടി മാപ്പപേക്ഷിക്കുകയാണ് ചെയ്തത്. അപേക്ഷ കൊടുക്കുകയല്ല, ആർഗ്യുമെന്റിനിടയിൽ മാപ്പ് പറയുകയാണ് ചെയ്തത്. അത് സ്വീകരിച്ചുകൊണ്ടാണ് കേസ് പിൻവലിക്കാനും 25,000 രൂപ അടയ്ക്കാനും പറഞ്ഞത്.

ശ്രീ. പിണറായി വിജയൻ: സർ, എനിക്ക് ഈ നിമിഷം വരെ കിട്ടിയ വിവരത്തിൽ അങ്ങനെയൊരു പരാമർശമേ സിദ്ധാർത്ഥ ലൂത്ര നടത്തിയിട്ടില്ല, അതാണ് വസ്തുത.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം ഒന്നുകൂടി പരിശോധിക്കണം. ഞങ്ങൾക്ക് കിട്ടിയ വിവരം ഇതാണ്. അദ്ദേഹം പറഞ്ഞ വാചകമാണ്. ഞാൻ നിയമസഭയിൽ വെറുതെ ഉന്നയിക്കില്ലല്ലോ. അക്കാര്യം അങ്ങ് പരിശോധിച്ചാൽ മതി.

ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറഞ്ഞകാര്യം, ഇവിടെ നിങ്ങൾ അധികാരത്തിൽ വന്നത് 25-ാം തീയതിയാണ്. നിങ്ങൾ ഒന്നാം തീയതി ഈ ഡി.ജി.പി.യെ മാറ്റി, നടപടിക്രമങ്ങളുടെ കാര്യത്തിൽ എന്തുവേഗതയാണ് നിങ്ങൾ കാണിച്ചിട്ടുള്ളത്. മൂന്ന് ദിവസത്തിനുള്ളിലാണ് ഈ നടപടിക്രമങ്ങൾ നിങ്ങൾ പൂർത്തീകരിച്ചത്. ഞങ്ങളുടെ ഭാഗത്ത് ഒരു തെറ്റുമില്ല. ഈ സംസ്ഥാനത്ത് അന്നത്തെ സീനിയർ മനോജ്കുമാർ സിംഗ്ലയായിരുന്നു. അദ്ദേഹം സെൻട്രൽ സർവ്വീസിൽ ബി.എസ്.എഫ്.ന്റെ ഡെപ്യൂട്ടി കമാന്റന്റ് ആയി വർക്ക് ചെയ്യുകയായിരുന്നു. അദ്ദേഹം അന്ന് ആഭ്യന്തര വകുപ്പുമന്ത്രിയായ എനിക്ക് ഒരു കത്തയച്ചു. അന്ന് ബാലസുബ്രഹ്മണ്യം റിട്ടയർ ചെയ്യുന്ന സമയമാണ്. അദ്ദേഹത്തിന് റിലീവിംഗ് ഓർഡർ കിട്ടണമെങ്കിൽ മാസങ്ങളെടുക്കും. അതുവരെ കാത്തുനിൽക്കാൻ ഗവൺമെന്റിന് കഴിയില്ല, ഡി.ജി.പി. ഇല്ലാത്തയവസ്ഥയുണ്ടാകും. കഴിഞ്ഞ പതിമൂന്ന് ദിവസം ഡി.ജി.പി. ഇല്ലാത്ത അവസ്ഥയുണ്ടായതുപോലെ ഒരു മാസം ഡി.ജി.പി. ഇല്ലാത്ത അവസ്ഥയുണ്ടാക്കാൻ ഞാൻ ആഗ്രഹിച്ചില്ല. അതുകൊണ്ടാണ് ഞങ്ങൾ ആ നടപടികളുമായി മുന്നോട്ടുപോയത്. ഇത് ഒരു കോടതിയിലും ചോദ്യം ചെയ്യപ്പെട്ടിട്ടില്ല.

ശ്രീ. എസ്. ശർമ്മ: സർ, അങ്ങ് ഇവിടെ വിശദീകരിച്ചുകൊണ്ടിരിക്കുന്നത് ഡി.ജി.പി. യുടെ സീനിയോറിറ്റി മറികടന്ന നടപടിക്രമങ്ങളെക്കുറിച്ചാണ്. അങ്ങ് ഹോം മിനിസ്റ്ററായിരുന്നപ്പോൾ ഡി.ജി.പി. റാങ്കിലുള്ള മൂന്നുപേർ നിലനിൽക്കെ എ.ഡി.ജി.പി. ആയ ശങ്കർ റെഡ്ഡിയെ വിജിലൻസ് ഡി.ജി.പി. ആയി നിയമിച്ചതിനെക്കുറിച്ച് ഇവിടെ ചർച്ച ചെയ്തു. അന്ന് അങ്ങ് ഇവിടെ നിയമസഭയിൽ

സംസാരിക്കുമ്പോൾ ഞങ്ങൾ പ്രതിപക്ഷത്തായിരുന്നു. സീനിയറിന്റെയോ ജൂനിയറിന്റെയോ പ്രശ്നമല്ല. ഭരണപരമായ സൗകര്യത്തിനുവേണ്ടി ഇത് ചെയ്യും എന്നാണ് അന്ന് അങ്ങ് പറഞ്ഞത്. അത്രയേ സെൻകുമാറിന്റെ കാര്യത്തിലും നടന്നുള്ളൂ. ഇതിൽ വേറെയെന്താണ് പ്രശ്നമുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, സീനിയറായ മെമ്പർ ശ്രീ. എസ്. ശർമ്മ പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു. ഞാൻ മാത്രമല്ല, കേരളത്തിൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നപ്പോഴും നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോഴും അതിനുമുമ്പ് പലരും മുഖ്യമന്ത്രിയായിരുന്ന സന്ദർഭങ്ങളിലെല്ലാം വിജിലൻസിൽ എ.ഡി.ജി.പി.മാരെ വിജിലൻസ് ഡയറക്ടറാക്കിയ ചരിത്രമുണ്ട്. അന്ന് ഞാൻ ഇവിടെ പതിമൂന്ന് കേസ് വായിച്ചത് അങ്ങയുടെ ഓർമ്മയിലുണ്ടാകുമല്ലോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ ചോദിക്കുന്നതിന് രാഷ്ട്രീയ ലക്ഷ്യം ഒഴിവാക്കി മറുപടി പറയണം. ഇന്ത്യൻ പീനൽ കോഡും ക്രിമിനൽ പ്രൊസീഡ്യുവർ കോഡും അങ്ങേയ്ക്ക് അറിയാമല്ലോ? അങ്ങ് ആഭ്യന്തരമന്ത്രിയായതുകൊണ്ടുമാത്രമല്ല അല്ലാതെയും അങ്ങേയ്ക്ക് ഇതറിയാം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. വി. ഡി. സതീശനും ഉൾപ്പെടെയുള്ള വക്കീലന്മാർക്കും മറ്റെല്ലാവർക്കും അറിയാം. ഫൈൻ എന്നുപറഞ്ഞാൽ imprisonment for a term with fine എന്ന് പറയും. അത് കോടതി പറയാത്തിടത്തോളം ഇത് ഫൈൻ അല്ല. കോസ്റ്റോടുകൂടി തള്ളുന്നത് സർവ്വസാധാരണമാണ്. അങ്ങ് എന്തിനാണ് അത് ഫൈനാണെന്ന് പറയുന്നത്. അത് വ്യക്തമാക്കാമോ? ഇന്ത്യൻ പീനൽ കോഡിലോ ക്രിമിനൽ പ്രൊസീജ്യുവർ കോഡിലോ ഫൈൻ പ്രത്യേകിച്ച് പറയുമായിരിക്കെ, അത് ഇവിടെ പറയാത്ത സ്ഥിതിക്ക് അങ്ങ് എന്തിനാണ് സുപ്രീംകോടതി ജഡ്ജിയുടെ ജോലി ചെയ്യുന്നത്?

ശ്രീ. കെ. സി. ജോസഫ്: സർ, ഫൈൻ ഈടാക്കിയിട്ടില്ലെന്നും മാപ്പുപറഞ്ഞിട്ടില്ലെന്നും മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. മേയ് 6-ലെ കേരള കൗമുദിയിൽ "സിദ്ധാർത്ഥ ലൂത്ര: ഹർജി നൽകിയതിന് മാപ്പുപറയുന്നു. പിഴ വിധിക്കാതെ പിൻവലിക്കാൻ അവസരം നൽകണം."

'ജസ്റ്റിസ് ലോകൂർ: പിൻവലിക്കാൻ അവസരം തരാം, പക്ഷേ പിഴ വിധിക്കാൻ കോടതിക്ക് അധികാരമുണ്ട്" ഇത്രയുമായിട്ടും മുഖ്യമന്ത്രിക്ക് ഇതുവരെ മാപ്പുപറഞ്ഞകാര്യം മനസ്സിലായില്ലെന്നുപറഞ്ഞാൽ ലജ്ജാകരമാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി പറഞ്ഞത് ശരിയാണ്. സംസ്ഥാന സർക്കാരിന് പിഴ എന്ന വാക്കിന് പകരം ചെലവ് സഹിതം തള്ളി എന്നാണ് പറഞ്ഞിട്ടുള്ളത്. ചെലവും പിഴയും തമ്മിലുള്ള

വ്യത്യാസം മാത്രമേ അതിലുണ്ടായിട്ടുള്ളൂ. പക്ഷേ, ചെലവാണെങ്കിലും പിഴയാണെങ്കിലും, രണ്ടും അടയ്ക്കേണ്ടത് സംസ്ഥാന ഗവൺമെന്റാണെന്ന കാര്യം മറന്നുപോകരുത്. രണ്ടും നിങ്ങൾ അടയ്ക്കേണ്ടേ?

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ 'വിനാശ കാലേ വിപരീത ബുദ്ധി' എന്നുള്ളതാണ് യാഥാർത്ഥ്യം. സുപ്രീം കോടതി വിധി അന്തിമമാണെന്നും സുപ്രീം കോടതി വിധിയിൽ ഞങ്ങൾ അന്തിമമായ തീരുമാനമെടുക്കുമെന്നുമൊക്കെ ബഹുമാന്യനായ മുഖ്യമന്ത്രി മേയ് രണ്ടാം തീയതി ഇവിടെ വച്ച് പറഞ്ഞു. പക്ഷേ വൈകുന്നേരമായപ്പോൾ അദ്ദേഹം ആ വാക്കിൽ നിന്നും മാറി, വീണ്ടും വ്യക്തത വരുത്താൻ ശ്രമിച്ചു. റിവിഷൻ ഹർജി കൊടുത്തു നിൽക്കുകയാണ്, നിയമപരമായി അതൊക്കെ ചെയ്യാം. പക്ഷേ ഇത് ധാർമ്മികമായി ശരിയാണോ, ഈ ഗവൺമെന്റ് സുപ്രീംകോടതി വിധി നടപ്പാക്കുമെന്ന് നിയമസഭയിൽ പറയുകയും അത് നടപ്പാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നതിനുപകരം ഇപ്പോൾ റിവിഷൻ ഹർജി കൊടുത്തിരിക്കുകയാണ്. നിങ്ങൾ കൊടുത്തിരിക്കുന്ന റിവിഷൻ ഹർജിയെ സംബന്ധിച്ച് ഞാൻ ആവർത്തിച്ചുപറയുന്നു, അത് സുപ്രീംകോടതിയുടെ വരാന്തയിൽ എത്തുകയില്ല. അതാണ് അവിടെ സംഭവിക്കാൻ പോകുന്നത്. ഇവിടെ "ടി. പി." എന്നുകേൾക്കുമ്പോൾ അപ്പുറത്തുനിന്നും ഭയങ്കര പ്രശ്നമാണുണ്ടാകുന്നത്. ടി. പി. സെൻകുമാറെന്നും ടി. പി. ചന്ദ്രശേഖരനെന്നും കേൾക്കുമ്പോൾ, ഇവർക്ക് ടി. പി. എന്ന ഇൻഷ്യലിനോട് ഇത്ര വിരോധമുണ്ടാകേണ്ട കാര്യമെന്താണ്?

മി. സ്പീക്കർ: ശ്രീ. റ്റി. പി. രാമകൃഷ്ണൻ സീറ്റിലുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ റ്റി. പി. രാമകൃഷ്ണൻ ടി. പി. ചന്ദ്രശേഖരൻ കൊലക്കേസ്സുണ്ടായപ്പോൾ പാർട്ടി സെക്രട്ടറി സ്ഥാനത്തുനിന്നും അവധിയെടുത്തു പോയ ആളാണെന്നെനിക്ക് അറിയാം. അതിനെക്കുറിച്ചൊന്നും ഞാനിവിടെ പറയുന്നില്ല. 50,00,000 രൂപ സംസ്ഥാന സർക്കാരിന്റെ ഖജനാവിൽ നിന്നും ചെലവായി.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, എനിക്കെതിരെ വന്ന ഒരു പരാമർശമുണ്ട്. ടി. പി. ചന്ദ്രശേഖരന്റെ വധമുണ്ടായ സമയത്ത് സി.പി.ഐ.(എം)-ന്റെ കോഴിക്കോട് ജില്ലാ സെക്രട്ടറി റ്റി. പി. രാമകൃഷ്ണൻ തന്നെയാണ്. ആ സന്ദർഭത്തിലും റ്റി. പി. രാമകൃഷ്ണൻ തന്നെയാണ് സെക്രട്ടറി. പിന്നീടും ദീർഘകാലം സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. മാറിയത് പാർട്ടിയുടെ സംഘടനാപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് നല്ല ഒരു മനുഷ്യനാണ്. എനിക്ക് ഇഷ്ടമുള്ള ആളാണ്. അങ്ങ് ആ സമയത്ത് ചൈനയിൽ പോയ കാര്യംകൂടി ഒന്ന് പറഞ്ഞാൽ മനസ്സിലാകും. അങ്ങ് ചൈനയിൽ പോയല്ലോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ടി. പി. ചന്ദ്രശേഖരൻ സംഭവത്തിൽ സി.പി.ഐ.(എം)-ന് ഒരു പങ്കുമുണ്ടായിട്ടില്ല. ഞാൻ പാർട്ടി ജില്ലാ സെക്രട്ടറി ആയതുകൊണ്ടുതന്നെ ഉത്തരവാദിത്വത്തോടുകൂടി എനിക്കത് പറയാൻ സാധിക്കും. അത്തരമൊരു നിലപാട് പാർട്ടിക്കുള്ളതുകൊണ്ടാണ് പാർട്ടിയുടെ അനുവാദം വാങ്ങി ഞാൻ ചൈനയിൽ പോയത്. ചൈന സന്ദർശിക്കാനാണ് പോയത്. സി.പി.ഐ.(എം)-ന് ഏതെങ്കിലും തരത്തിലൊരു ബന്ധമുണ്ടായിരുന്നെങ്കിൽ ശ്രീ. റ്റി. പി. രാമകൃഷ്ണന് ചൈനയിൽ പോകാൻ കഴിയുമായിരുന്നില്ല. സി.പി.ഐ.(എം)-ന് ആ സംഭവത്തിൽ യാതൊരു പങ്കുമുണ്ടായിരുന്നില്ലെന്ന ഉറച്ച നിലപാട് പാർട്ടി എടുത്തിട്ടുണ്ട്. ഞാനാണ് ആ സന്ദർഭത്തിൽ സെക്രട്ടറി.

മി. സ്പീക്കർ: വിഷയം മാറിപ്പോകേണ്ട. അങ്ങ് കൺക്ലൂഡ് ചെയ്യൂ..

ശ്രീ. രമേശ് ചെന്നിത്തല: സർ, വിഷയം മാറിപ്പോകണ്ട. ഞാൻ പറഞ്ഞുവന്നത് പുറ്റിങ്ങൽ വെടിക്കെട്ടപകടമുണ്ടായ സന്ദർഭത്തിൽ കൊല്ലം ജില്ലയിലെ എല്ലാ സീറ്റിലും ഇടതുമുന്നണി ജയിച്ചുവെന്ന വിചിത്രമായ ഒരു വാദം ബഹുമാന്യനായ മുഖ്യമന്ത്രി ഉന്നയിക്കുകയുണ്ടായി. അങ്ങനെയാണെങ്കിൽ പെരുമ്പാവൂരിൽ ജിഷ വധക്കേസ്സുണ്ടായപ്പോൾ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പെരുമ്പാവൂരിൽനിന്ന് ജയിച്ച കാര്യം എന്താണ് പറയാത്തത്; അത് വിചിത്രമാണെന്ന വാദമൊന്നും ഞങ്ങൾ ഉന്നയിക്കുന്നില്ലല്ലോ; ഞങ്ങൾ അതൊക്കെ....(ബഹളം).... ആ വാദം ഞങ്ങൾ ഉന്നയിക്കുന്നില്ല. ഇവിടെ നിരവധി കേസ്സുകളുടെ കാര്യം അദ്ദേഹം പറഞ്ഞു. സമയമില്ലാത്തതുകൊണ്ട് ഞാൻ വഴങ്ങുന്നില്ല. ഞങ്ങളുടെ കയ്യിൽ നിന്ന് ഒരു പരാമർശമേ ഉണ്ടായിട്ടുള്ളൂവെന്ന് ബഹുമാന്യനായ നിയമ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ പറഞ്ഞു. നിങ്ങൾ തുടങ്ങിയിട്ടേയുള്ളൂ ശ്രീ. എ. കെ. ബാലൻ, ഒരു വർഷമാകുന്നേയുള്ളൂ. ഒരു വർഷത്തിനിടയിൽ ഈ സർക്കാരിന്റെ മുഖത്ത് ഇത്രയും വലിയൊരു അടി ഏറ്റെങ്കിൽ ഇനിയുള്ള ദിവസങ്ങളിൽ ഉണ്ടാകാൻ പോകുന്നത് എന്തായിരിക്കും?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, താങ്കളുടെ ഭരണകാലഘട്ടത്തിൽ ...... (ബഹളം)...... പുറ്റിങ്ങൽ അപകടവുമായി ബന്ധപ്പെട്ടുകൊണ്ട് താങ്കൾ ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുന്ന സമയത്ത് 130 പേരാണ് മരണപ്പെട്ടത്. ഇരുന്നൂറിൽപ്പരമാളുകൾക്ക് ഗുരുതരമായ

പരിക്കുപറ്റി. അതിന്റെ ഭാഗമായി എന്തെങ്കിലും നടപടി .....(ബഹളം)..... താങ്കളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ; പോലീസിനെ സംബന്ധിച്ച വീഴ്ച പൊതുസമൂഹം മനസ്സിലാക്കുന്നത് ആ സംഭവത്തിന്റെ ഭാഗമായിട്ടാണ്. പോലീസ് ആക്ട് 2011 സെക്ഷൻ 97(2) പ്രകാരം കേരള ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വച്ചുകൊണ്ടാണ് ഗവൺമെന്റ് ആ തീരുമാനമെടുത്തത്. താങ്കളുടെ ഭരണകാലത്ത് ഒരു നടപടിയും എടുത്തിരുന്നില്ല. ഇപ്പോഴെങ്കിലും വിശദമാക്കാൻ പറ്റുമോ?

മി. സ്പീക്കർ: അങ്ങ് വാക്കൗട്ട് പ്രസംഗം നടത്തുകയല്ലേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ അവസാനിപ്പിക്കാം. പുറ്റിങ്ങൽ അപകടത്തിൽ നൂറിലധികം ആളുകൾ മരിച്ചു. 'എണ്ണം' എന്ന് പറഞ്ഞത് അങ്ങ് പിൻവലിക്കണം. അത് ശരിയല്ല. മനുഷ്യരാണ് മരിച്ചത്. 'എണ്ണം' എന്ന് പറയരുത്, മനുഷ്യരാണ് മരിച്ചത്. നൂറിലധികം മനുഷ്യജീവനുകൾ പൊലിഞ്ഞുവെന്നുള്ളത് ശരിയാണ്. ദൗർഭാഗ്യകരമായ സംഭവമായിരുന്നു. അന്ന് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സമയമായിരുന്നു. ഞങ്ങളുടെ കൈകൾ കെട്ടപ്പെട്ടിരുന്നു. ഞങ്ങൾക്ക് നടപടിയെടുക്കാൻ കഴിയാത്തത് അതുകൊണ്ടായിരുന്നു. വസ്തുതകൾ അറിയാതെ പറയരുത്. അത് ശരിയായ നടപടിയല്ല.

ശ്രീ. എ. കെ. ബാലൻ:......(മൈക്ക് ഓഫ്).....

ശ്രീ. രമേശ് ചെന്നിത്തല: സർ, അതുപോലെതന്നെ ബഹുമാന്യനായ മുഖ്യമന്ത്രി, അങ്ങ് ഒരു കാര്യം മനസ്സിലാക്കണം. ഡോ. ടി. പി. സെൻകുമാറിനെ മാറ്റിയത് ഡി.ജി.പി. സ്ഥാനത്ത് ഇരിക്കാൻ കൊള്ളരുതാത്തവനായത് കൊണ്ടാണെന്ന് അങ്ങ് പറഞ്ഞു. ഇന്ന് കൊള്ളാവുന്നവൻ ആയതുകൊണ്ട് തന്നെയാണ് ഇന്ത്യയിലെ നിയമകോടതി കേരളത്തിലെ ഡി.ജി.പി. ആയി ഡോ. ടി. പി. സെൻകുമാറിനെ നിയമിച്ചിരിക്കുന്നത്. അങ്ങ് കേരളത്തിലെ മുഖ്യമന്ത്രി എന്നുള്ള നിലയിൽ ഉദ്യോഗസ്ഥർക്കെതിരെ ഇത്തരം പരാമർശം നടത്തിയത് അനുചിതമായിപ്പോയി എന്നാണ് പറയാനുള്ളത്. ഗുജറാത്ത് കലാപ കാലത്ത് ക്രൂരപീഡനത്തിനിരയായ Bilkis Bano കേസ്സാണ് ഇതിന് സമാനമായിട്ടുള്ളത്. Bilkis Bano കേസ്സിൽ പീഡനത്തിനിരയായ ആൾ ഒറ്റയ്ക്ക് പൊരുതി നീതിതേടിയതുപോലെയാണ് സുപ്രീം കോടതിയിലും ട്രൈബ്യൂണലിലും ഹൈക്കോടതിയിലും ഒറ്റയ്ക്ക് പോരാടി ഡോ. ടി. പി. സെൻകുമാർ നീതിപൂർവ്വമായ ഒരു വിധി സമ്പാദിച്ചിട്ടുള്ളത്. ആ വിധി അനുസരിക്കുകയായിരുന്നു ആദ്യമേ അങ്ങ് ചെയ്യേണ്ടിയിരുന്നത്. ശ്രീ. നരേന്ദ്ര മോദിയും ശ്രീ. പിണറായി വിജയനും തമ്മിൽ എന്ത് വ്യത്യാസമാണ് ഇക്കാര്യത്തിലുള്ളത്; ഞങ്ങൾക്ക് ഉദ്യോഗസ്ഥരെ പോസ്റ്റ് ചെയ്യാൻ കഴിയുമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. നിങ്ങൾക്ക് പോസ്റ്റ് ചെയ്യാൻ കഴിയും.

അങ്ങ് പോസ്റ്റ് ചെയ്തിരിക്കുന്ന രണ്ട് പേർ, എ.ഡി.ജി.പി. ഹെഡ്ക്വാർട്ടേഴ്സും ഐ.ജി.-യും ആരാണ്; അവരുടെ ചരിത്രമെന്താണെന്ന് അങ്ങ് തന്നെ പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അവർ ആരാണ്; കേഡർ റിവ്യൂവിനുവേണ്ടി കേന്ദ്ര ഗവൺമെന്റിനുമുമ്പിൽ നിൽക്കുന്ന കേരളത്തിലെ ഒരൊറ്റ ഐ.പി.എസ്. ഉദ്യോഗസ്ഥൻ മാത്രമേയുള്ളൂ. ഞാൻ പേര് പറയുന്നില്ല. രണ്ടാമത് അങ്ങ് ആ ഉദ്യോഗസ്ഥന്റെ ചരിത്രം പരിശോധിക്കണം. ആരെങ്കിലും പറയുന്നത് കേട്ട് വിവരങ്ങൾ മനസ്സിലാക്കാതെ ബഹുമാന്യനായ മുഖ്യമന്ത്രി ഇത്തരം പോസ്റ്റിംഗ് നടത്തരുതെന്നാണ് സംസ്ഥാന താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ എനിക്ക് പറയാനുള്ളത്. 100 ഡിവൈ.എസ്.പി.-മാരെ ഒറ്റയടിയ്ക്ക് മാറ്റി. ലെഫ്റ്റ് റൈറ്റ് ആളുകളെ മാറ്റുകയാണ്. നിങ്ങൾക്ക് മാറ്റാൻ അധികാരമുണ്ട്. 100 ഡിവൈ.എസ്.പി.-മാരെ ഒറ്റയടിക്ക് മാറ്റിയത് കേരള ചരിത്രത്തിൽ ആദ്യമായിട്ടാണ്. ഭരണപരമായ നടപടികൾക്കുവേണ്ടിയാണെങ്കിൽ നിങ്ങൾക്ക് അധികാരമുണ്ട്. പക്ഷേ ഇതൊക്കെ ചെയ്യുന്നത് ശരിയായ നടപടികളല്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ അവസാനിപ്പിക്കുകയാണ്. സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായാണ് ഇങ്ങനെയൊരു വലിയ പ്രഹരം, അങ്ങയുടെ മുഖത്ത് തന്നെ ഏറ്റ അടിയാണ്. ശ്രീ. പിണറായി വിജയൻ, ഒരു സംശയവും വേണ്ട. അങ്ങ് അത് മനസ്സിലാക്കി, ഭാവിയിലെ അങ്ങയുടെ നടപടികൾ തിരുത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഈ ഗവൺമെന്റ് ഇത്രയും പരിതാപകരമായ നിലയിൽ എത്തിച്ചേർന്നിരിക്കുന്ന ഒരു സാഹചര്യമാണ് നമുക്ക് കാണാൻ കഴിയുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രി ഭരണഘടനയെത്തന്നെ പിച്ചിച്ചീന്തിയിരിക്കുകയാണ്. ഇക്കാര്യങ്ങൾ ചർച്ച ചെയ്യാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ഡോ. എം. കെ. മുനീർ</u>: സർ, ഡോ. ടി. പി. സെൻകുമാറിനെ ഓരോ ദിവസവും അപമാനിക്കാൻ ശ്രമിക്കുന്നതിനനുസരിച്ച് അദ്ദേഹത്തിന് ബാഹുബലിയുടെ പരിവേഷം ലഭിച്ചുകൊണ്ടിരിക്കുകയാണെന്ന കാര്യം സർക്കാർ ഓർക്കുന്നത് നന്നായിരിക്കും. നമ്മൾ ഇപ്പോൾ സ്വയംകുഴിച്ച കുഴിയിൽ വീണിരിക്കുന്ന അവസ്ഥയാണ്. Marcus Tullius Cicero എന്നുപറയുന്ന റോമൻ രാഷ്ട്രീയ നേതാവ് പറഞ്ഞൊരു കാര്യമുണ്ട് ' No one can give you better advice than yourself.' നിങ്ങളുടെ സ്വന്തം മനസ്സാക്ഷിയേക്കാൾ ഉപരിയായി ഒരുപദേഷ്ടാവിനും നിങ്ങൾക്ക് ഉപദേശം നൽകാൻ സാധിക്കില്ല എന്നാണ്. ഇപ്പോൾ പല നിയമജ്ഞരുമായി ആലോചിച്ചുവെന്ന് അങ്ങ് പറഞ്ഞല്ലോ; സത്യത്തിൽ അവസാനം നമ്മൾ കൊടുത്ത വിശദീകരണം ഒന്നുകൂടി സ്പഷ്ടീകരണത്തിനുവേണ്ടി കൊടുത്തിട്ടുള്ള ആ ഹർജിയിൽ പറയുന്ന

കാര്യം, "....That as will appear from the order of appointment dated 22-5-2015 issued by the Government of Kerala, the appellant Dr. T. P. Sen Kumar was appointed to the post of Director General of Police and Head of Police Force and not to the post of Director General of Police and State Police Chief..." ഞങ്ങൾക്ക് വന്നിട്ടുള്ള തെറ്റ് ഒന്നുകൂടി വിശദമാക്കുന്നതിനുവേണ്ടി, എന്താണ് വിധി എന്നുള്ളതിനെക്കുറിച്ച് ന്യായമായി മനസ്സിലാക്കുന്നതിനുവേണ്ടി കൊടുത്തിട്ടുള്ള ഈയൊരു അബദ്ധം തന്നെയാണ് ഇവിടെ നൽകിയിട്ടുള്ള അവസാനത്തെ വിശദീകരണക്കുറിപ്പ്. എന്തിനാണ് ഈ ക്ലാരിഫിക്കേഷൻ ഇങ്ങനെ കൊടുത്തത്?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഹാരിസ് ബീരാൻ തന്നെയാണ് ഞങ്ങൾ ......(മൈക്ക് ഓഫ്)....... എന്നുപറഞ്ഞ് കുറിപ്പ് തന്നത്.

ഡോ. എം. കെ. മുനീർ: സർ, നിങ്ങൾ ശ്രീ. ഹാരിസ് ബീരാനെക്കുറിച്ചുള്ള കാര്യമൊന്നും ഇവിടെ പറയേണ്ട. ഇത് നിങ്ങൾ കൊടുത്തിട്ടുള്ളതല്ലേ; ഇത് നിങ്ങൾ ക്ലാരിഫിക്കേഷനുവേണ്ടി കൊടുത്ത നോട്ടല്ലേ; (പേപ്പർ ഉയർത്തിക്കാണിച്ചു.) ശ്രീ. ഹാരിസ് ബീരാനും മറ്റുള്ളവരും അവിടെ നിൽക്കട്ടെ. ഇത് നിങ്ങൾ കൊടുത്തിട്ടുള്ള നോട്ടല്ലേ; ഇദ്ദേഹം ഡി.ജി.പി. മാത്രമാണ്, പോലീസ് ചീഫല്ലെന്നാണ് ആ നോട്ടിൽ നിങ്ങൾ പറഞ്ഞിരിക്കുന്നത്. അതേസമയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് 27-5-2016-ന് ഒരു നോട്ട് കൊടുത്തിട്ടുണ്ട്. അതിൽ എന്താണ് പറയുന്നതെന്ന് അറിയാമോ; " It has been decided to replace the present Director General of Police and State Police Chief.." നിങ്ങൾ 1-6-2016-ന് ഇദ്ദേഹത്തെ നീക്കുമ്പോൾ പറഞ്ഞിട്ടുള്ളത് അദ്ദേഹം പോലീസ് ചീഫാണെന്നാണ്. മാത്രമല്ല, നിങ്ങൾ സി.എ.ടി.-യിൽ കൊടുത്തിട്ടുള്ള അന്നത്തെ ഹർജിയിലും ഇദ്ദേഹം പോലീസ് ചീഫാണെന്ന് പറയുന്നു. അതിനുശേഷം വിവിധ ഘട്ടങ്ങളിൽ കോടതിയിൽ ഇത്രയും നാൾ പറഞ്ഞിട്ടുള്ളത് ഇദ്ദേഹം പോലീസ് ചീഫാണെന്നാണ്. അങ്ങനെ എത്രയോ ദിവസങ്ങൾ നിങ്ങൾ ഈ പോലീസ് ചീഫിനെ മാറ്റണമെന്ന് വാദിച്ചിട്ട് അവസാന ദിവസം പറയുകയാണ്, ഇദ്ദേഹം പോലീസ് ചീഫല്ല, ഡി.ജി.പി.-യാണെന്ന്. ഏത് കോടതിയാണ്..... 25,000 രൂപയിൽ നിന്നത് നന്നായിയെന്നുമാത്രം പറഞ്ഞാൽ മതി. അത് 25 ലക്ഷം രൂപ വരെ പോകേണ്ടതാണ്. കാരണം, കോടതി അവസാനം പറഞ്ഞതെന്താണെന്നോ...

ശ്രീ. എ. കെ. ബാലൻ: സർ, ഇവിടെയുള്ള പോലീസ് പോസ്റ്റ് ഏതാണെന്നുള്ളത് കേരള പോലീസ് ആക്ട് 2011-ൽ കൃത്യമായി പറയുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ അത് മനസ്സിലാക്കണം. അതിൽ ഹെഡ് ഓഫ് പോലീസ് ഫോഴ്സെന്ന് പറയുന്ന ഒരു പോസ്റ്റില്ല. വിധിയിൽ പറയുന്നത് ഹെഡ് ഓഫ് പോലീസ് ഫോഴ്സെന്നാണ്. ഇവിടെയുള്ളത് ഡയറക്ടർ ജനറൽ ഓഫ് പോലീസ്, സ്റ്റേറ്റ് പോലീസ് ചീഫ് എന്നാണ്. സ്വാഭാവികമായും ഈ വ്യത്യസ്തതയുണ്ടാകുമ്പോൾ ക്ലാരിഫിക്കേഷൻ ചോദിക്കുന്നതിൽ, അതും സുപ്രീംകോടതിയുടെ വിധി കംപ്ലൈ ചെയ്ത് ക്ലാരിഫിക്കേഷൻ ചോദിക്കുന്നതിൽ എന്താണ് തകരാറ്; എന്താണ് അതിനകത്തുള്ള അപകടം; വിധി നടപ്പിലാക്കുമെന്ന് പറഞ്ഞതിനുശേഷമാണ് ഈ ക്ലാരിഫിക്കേഷൻ ചോദിക്കുന്നത്. ഇല്ലാത്തൊരു പോസ്റ്റിനെ സംബന്ധിച്ചാണ് സുപ്രീംകോടതി വിധിയിൽ പറയുന്നത്. ഹെഡ് ഓഫ് പോലീസ് ഫോഴ്സ് എന്ന പോസ്റ്റ് ഇവിടെ ഇല്ല. നിലവിലുള്ളത് ഡയറക്ടർ ജനറൽ ഓഫ് പോലീസ്, സ്റ്റേറ്റ് പോലീസ് ചീഫ് ആണ്.

ഡോ. എം. കെ. മുനീർ: സർ, നിയമജ്ഞനായ ബാലേട്ടനെ സത്യത്തിൽ ആരും തിരിച്ചറിഞ്ഞില്ല. ഞാൻ ചോദിച്ചത് അതല്ല. നിങ്ങൾ ഈ പോലീസ് ചീഫാണെന്ന് പറയുന്ന കാര്യം, അത് അദ്ദേഹമല്ല എന്നാണെങ്കിൽ ഇത്രയും നാൾ നിങ്ങൾ പോലീസ് ചീഫെന്ന് പറഞ്ഞ് വാദിച്ചതെന്തിനാണ്; നിങ്ങൾ കോടതിയായ കോടതിയിലും സി.എ.ടി.-യിലുമെല്ലാം പറഞ്ഞപ്പോഴൊന്നും ക്ലാരിഫിക്കേഷനില്ല. അപ്പോഴൊക്കെ നിങ്ങൾക്ക് തികഞ്ഞ ബോദ്ധ്യമുണ്ട് ഇദ്ദേഹം പോലീസ് ചീഫാണെന്ന്. മാത്രമല്ല, പോലീസ് ചീഫാണെന്ന നിലയ്ക്ക് അദ്ദേഹം ഇറക്കിയ ധാരാളം ഉത്തരവുകളുണ്ട്. ഈ ഹെഡ് ഓഫ് പോലീസെന്ന് പറയുന്നതും പോലീസ് ചീഫും ഒന്നാണ്. അതുകൊണ്ടാണല്ലോ നിങ്ങൾ വേറൊരു സ്ഥലത്ത് ക്ലാരിഫിക്കേഷൻ കൊടുത്ത സമയത്ത് ഇങ്ങനെ എഴുതിയിരിക്കുന്നത്, " The petitioner as the State Police Chief ought not to have forgotten that every action, inaction of the police was under close surveillance by the Police" ഒരു പോലീസ് ചീഫെന്നുള്ള നിലയ്ക്ക് ഇദ്ദേഹം ചെയ്യേണ്ട കാര്യം ചെയ്തില്ലെന്നാണ് നിങ്ങൾ കോടതിയിൽ പറഞ്ഞിരിക്കുന്നത്. പോലീസ് ചീഫെന്ന നിലയ്ക്ക് ഇദ്ദേഹം ചെയ്തില്ലെന്ന് പറഞ്ഞിട്ട് അവസാനം പറയുകയാണ്, ഇദ്ദേഹം പോലീസ് ചീഫാണോയെന്ന് ഞങ്ങൾക്ക് സംശയമുണ്ടെന്ന്. അതുകൊണ്ടുതന്നെ സുപ്രീംകോടതിയിൽ ഇടയ്ക്ക് നടന്ന വാദങ്ങളൊക്കെ നിങ്ങൾ കേട്ടിട്ടുണ്ടോ; അതിൽ പറയുന്നത് നിങ്ങൾ ഇതുവരെ.....

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ, അങ്ങ് ചെയറിനോട് സംസാരിക്കു.... അങ്ങയുടെ പ്രസംഗം തടസ്സപ്പെടുത്തുകയല്ല. ഗവൺമെന്റിന്റെ നിലപാടിൽ പ്രൊട്ടെസ്റ്റുള്ളതുകൊണ്ട് നടത്തുന്ന ഒരു ചെറു പ്രസംഗമാണ് വാക്കൗട്ട് പ്രസംഗം. എല്ലാ ആർഗ്യുമെന്റും കൊണ്ടുവരാനുള്ള ഒരു സമയമല്ല. ദയവായി വളരെ ദീർഘകാലത്തെ പാരമ്പര്യമുള്ള അങ്ങ് ചുരുക്കി സംസാരിക്കണം.

<u>ഡോ. എം. കെ. മുനീർ:</u> സർ, കാര്യങ്ങൾ പറയാതെ ഞാൻ പോയാൽ നിങ്ങൾ എന്താണ് അതവിടെ പറയാതിരുന്നതെന്ന് നാട്ടുകാർ എന്നോട് ചോദിക്കില്ലേ; ഈ 25,000 രൂപ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം അവരുടെ ജസ്റ്റിസിനുവേണ്ടി കൊടുക്കണമെന്ന് പറയുമ്പോഴും അത് ഫൈനാണോ അതല്ല ഇതിന്റെ ചെലവുസഹിതം തള്ളിയിരിക്കുന്നുവെന്നുള്ളതാണോ എന്നതല്ല പ്രശ്നം 25,000 രൂപ ഒരാഴ്ചയ്ക്കുള്ളിൽ കെട്ടിവയ്ക്കാൻ പറഞ്ഞിരിക്കുന്നു. ഇത് ആര് കൊടുക്കണം? ഞങ്ങളൊന്നും ചെയ്യാത്ത തെറ്റിന് ഞങ്ങളുടെകൂടെ നികുതി പണം ഉപയോഗിച്ച് ഇത് കെട്ടിവയ്ക്കുന്നത് ശരിയല്ല എന്നുകൂടി അറിയിച്ചുകൊണ്ട്, ഈ കാര്യം വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ട ഒരു വിഷയമാണ്. അത് ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, ഇവിടെ ബഹുമാനപ്പെട്ട ഡോ. എം. കെ. മുനീർ പറഞ്ഞതുപോലെ കോടതി ചെലവ് ആര് നൽകണമെന്നുള്ളതാണ് വിഷയം. അതിന് ഉപദേശകരിൽനിന്ന് കോടതി ചെലവ് വാങ്ങണമെന്ന് ശ്രീ. പന്ന്യൻ രവീന്ദ്രൻതന്നെ മറുപടി നൽകിയിട്ടുണ്ട്. ഇത് സി.പി.ഐ.-യുടെ പ്രധാന നേതാവിന്റെ വാക്കുകളാണ്. മുന്നണിയെപ്പോലും വിശ്വാസത്തിലെടുക്കാൻ കഴിയാത്ത ഒരു വിഷയമായിരുന്നു ഡോ. ടി. പി. സെൻകുമാറിന്റെ കാര്യത്തിലുണ്ടായതെന്നുള്ളത് വളരെ വ്യക്തമാണ്. ഇത് ഗവൺമെന്റിന് വലിയൊരു അവമതിപ്പ് ഉണ്ടാക്കിയിട്ടുണ്ട്. കൃത്യമായ നിലയിൽ നടപടികളിലേയ്ക്ക് കടക്കാൻ കഴിയാതെ പോകുന്നതുകൊണ്ടാണ് തുടർച്ചയായ തിരിച്ചടികൾ പല സന്ദർഭങ്ങളിലും ഈ ഗവൺമെന്റിനുണ്ടാകുന്നത്. ഇവിടെ ഡോ. ടി. പി. സെൻകുമാറിന്റെ വിഷയത്തിൽ കോടതിയിൽനിന്ന് കൃത്യമായ വിധി വന്നപ്പോൾ അതിലേയ്ക്ക് കടക്കാതെ പിന്നെയും വ്യക്തതയിലേയ്ക്ക് പോയി എന്നുള്ളതാണ് ഇരട്ട പ്രഹരത്തിലേയ്ക്ക് വന്നെത്തിയിരിക്കുന്നത്. ഇവിടത്തെ പ്രധാനപ്പെട്ട ചോദ്യം ഇത് "പിഴ" അല്ല എന്നുള്ളതാണ്. ഗവൺമെന്റ് അങ്ങനെ ആശ്വസിച്ചോട്ടെ. പക്ഷെ കോടതിയുടെ വിലപ്പെട്ട സമയം കളഞ്ഞതിന് കോടതി അനാവശ്യമായ വ്യവഹാരമായി ഇതിനെ കണക്കാക്കി എന്നുള്ളതുകൊണ്ടാണ് 25,000 രൂപ ചെലവുസഹിതം ഈ കേസ് തള്ളിയതെന്ന വസ്തുത ഗവൺമെന്റ് വിസ്മരിക്കരുത്. ഈ ഗവൺമെന്റിന്റെ ഇത്തരത്തിലുള്ള സമീപനം തീർച്ചയായും മാറ്റേണ്ടതായിട്ടുണ്ട്. ഈ വിഷയങ്ങൾ വളരെ ഗൗരവമേറിയതാണ്. ഇത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി. സഭയിൽനിന്ന് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## V ശ്രദ്ധ ക്ഷണിക്കൽ

### (1) സാമൂഹ്യ വനവൽക്കരണ പദ്ധതി

ശ്രീ. ഡി. കെ. മുരളി: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ലോക ജൈവവൈവിദ്ധ്യ ഭൂപടത്തിലെ ഏറ്റവും മുന്നിൽ നിൽക്കുന്ന പശ്ചിമഘട്ടത്തിന്റെ അതീവ പ്രാധാന്യമർഹിക്കുന്ന കരുതൽ മേഖലയാണ് ജൈവ സംരക്ഷണ പ്രദേശമായ അഗസ്ത്യ മേഖല. 3500 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണമുള്ള പ്രസ്തുത പ്രദേശം തമിഴ്നാട്ടിലും കേരളത്തിലുമുള്ള അഞ്ചോളം ജില്ലകളിൽ വ്യാപിച്ചു കിടക്കുകയാണ്. സാമൂഹ്യ വനവൽക്കരണത്തിന്റെയും പ്ലാന്റേഷന്റെയും ഭാഗമായി കേരളത്തിൽ ഏറ്റവും കൂടുതൽ വച്ചുപിടിപ്പിക്കുന്നതാണ് അക്കേഷ്യ വർഗ്ഗത്തിൽപ്പെട്ട മരങ്ങൾ, ആരിപ്പ്ലീഫോമിസ് എന്നാണ് അതിന്റെ ശാസ്ത്രനാമം. അക്കേഷ്യയും മാഞ്ചിയവും യൂക്കാലിപ്റ്റ്സും ഉണ്ട്. ഇവ പ്രകൃതി സന്തുലിതാവസ്ഥയെ തകിടം മറിക്കുന്നുവെന്ന് ഇതിനകംതന്നെ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല, നന്ദിയോട്, പാങ്ങോട്, ആര്യനാട്, തൊളിക്കോട്, വിതുര എന്നീ പഞ്ചായത്തുകൾ ഈ വൃക്ഷങ്ങളുടെ ആവാസ കേന്ദ്രങ്ങളായി മാറിയിട്ടുണ്ട്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ മണ്ഡലത്തിലെ വനപ്രദേശങ്ങളിൽ ഇത്തരം വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന്റെ ദോഷഫലങ്ങളുണ്ട്. ഏതാണ്ട് 30 വർഷങ്ങൾക്കുമുമ്പ് സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി ഈ വൃക്ഷങ്ങൾ ജലസുരക്ഷയെയും ആരോഗ്യത്തേയും വളരെയധികം ദോഷകരമായി ബാധിക്കുന്ന അവസ്ഥയാണ് കാണാൻ കഴിയുന്നത്. മരങ്ങളെന്ന രീതിയിൽ പ്രകൃതിയിൽ നിർവ്വഹിക്കേണ്ട ധർമ്മങ്ങൾ ഇവ നിറവേറ്റുന്നുണ്ടെങ്കിലും അതിനേക്കാൾ മനുഷ്യന്റെയും മറ്റ് ജീവജാലങ്ങളുടെയും നിലനിൽപ്പിനെയും അവരുടെ ആരോഗ്യത്തെയും ദോഷകരമായി ബാധിക്കുന്ന നേർക്കാഴ്ച ഈ പ്രദേശങ്ങളിൽ കാണാൻ കഴിയും. ആസ്ട്രേലിയ, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽ ലക്ഷണക്കണക്കിന് ഹെക്ടർ ചതുപ്പുസ്ഥലങ്ങൾ കരഭൂമി ആക്കുന്നതിനുവേണ്ടിയാണ് അവിടത്തെ ഭരണകൂടങ്ങൾ പ്രസ്തുത സ്ഥലങ്ങളിൽ വിത്തുകൾ പാകി കിളിർപ്പിക്കുകയും കാലാന്തരേണ ആ ചതുപ്പുസ്ഥലങ്ങൾ കരഭൂമി ആക്കുകയും ചെയ്തത്. ഏതാണ്ട് 30 വർഷങ്ങൾക്കുമുമ്പ് ഇൻഡ്യയിലേയ്ക്കും അതോടൊപ്പം കേരളത്തിലേയ്ക്കും കടന്നുവന്ന ഈ മരങ്ങൾ ഒരുപക്ഷെ അതിന്റെ ദോഷഫലങ്ങൾ മുന്നിൽ കാണാതെ വനം വകുപ്പ് ഏറ്റെടുക്കുകയും

വ്യാപകമായി വച്ചുപിടിപ്പിക്കുന്നതിനുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്തു. ഏത് പ്രതികൂല കാലാവസ്ഥയിലും ഇവ വളരെ വേഗം വളരുന്നു, പേപ്പർ വ്യവസായത്തിന് ആവശ്യമായ പൾപ്പ് ഉയർന്ന അളവിൽ നൽകുന്നു എന്നീ കാരണങ്ങൾകൊണ്ടാണ് ഈ വൃക്ഷങ്ങൾ തെരഞ്ഞെടുത്തത്. മേൽപ്പറഞ്ഞ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് അനുയോജ്യമായ ബാഹ്യ ആന്തരിക ഘടന ഉൾക്കൊള്ളുന്നതിനോടൊപ്പം മരുഭൂമിയിൽ പോലും വളരാൻ കഴിയുന്ന ഘടനാവിശേഷം ഈ മരങ്ങൾക്കുണ്ടെന്നത് ശരിയുമാണ്. മരത്തിന്റെ പ്രധാന വേരും അവയുടെ ശാഖകളും മണ്ണിന്റെ പ്രതലത്തിൽ ഏതാണ്ട് ഒരു മീറ്റർ ആഴത്തിൽ പരന്ന് വളരുന്നതോടൊപ്പം തായ് വേരുകൾ അതിനേക്കാൾ ആഴത്തിൽ വളർന്നുപോകുന്നു. അതുകൊണ്ടുതന്നെ ജലത്തിന്റെയും മറ്റ് ലവണങ്ങളുടെയും വലിച്ചെടുക്കൽ പ്രക്രിയ വളരെ വേഗത്തിലും സുഗമവുമാകുന്നു. അതുപോലെ 20 വർഷംകൊണ്ട് പൂർണ്ണ വളർച്ചയെത്തുന്നതിന് കാരണം സാധാരണ മരങ്ങൾ വലിച്ചെടുക്കുന്ന ജലത്തെക്കാളും ലവണത്തെക്കാളും നാലിരട്ടി വരെ മണ്ണിൽനിന്നും ഇവ വലിച്ചെടുക്കുന്നു എന്നുള്ളതാണ്. ഇലകൾ പ്രത്യേക സവിശേഷതകളോടുകൂടിയതാണ്. മെഴുക് പ്രതലത്തോടുകൂടിയ ഇലകൾ വൻതോതിൽ മണ്ണിലേയ്ക്ക് പതിക്കുകയും സാധാരണ മരങ്ങളുടെ ഇലകളിൽനിന്നും വ്യത്യസ്തമായി മണ്ണിലേയ്ക്ക് ലയിച്ചുചേരുന്ന പ്രക്രിയ വളരെയധികം താമസിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് ഇവ വളരുന്ന മേഖലകളിൽ ഒരു മെത്തപോലെ ഇലകൾ അടിയുകയും മണ്ണിലേയ്ക്കുള്ള ജലത്തിന്റെ വരവിനെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ഇത് സ്വാഭാവികമായി ആ പ്രദേശത്തിന്റെ ജലസംഭരണ പ്രക്രിയയെ ബാധിക്കുന്നു. ഇലകൾ ജലവുമായി ബന്ധപ്പെടുമ്പോൾ അവയിൽനിന്നും പുറത്തേയ്ക്ക് വരുന്ന ഫിനോളിക്, അനിലിൻ എന്നീ രാസപദാർത്ഥങ്ങൾ പ്രസ്തുത പ്രദേശത്തെ സൂക്ഷ്മമാണുക്കളെ ഇല്ലാതാക്കുകയും മണ്ണിന്റെ സ്വാഭാവിക ഫലഭൂയിഷ്ഠി നഷ്ടപ്പെടുത്തുകയും മറ്റെല്ലാ സസ്യങ്ങളുടേയും വളർച്ചയെ പ്രതിരോധിക്കുകയും മരുഭൂമിയുടെ അവസ്ഥ സൃഷ്ടിക്കുകയും ചെയ്യുന്നു. അക്കേഷ്യ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ജനങ്ങളുടെ, പ്രത്യേകിച്ച് കുട്ടികളുടെ ആരോഗ്യപ്രശ്നം ഗൗരവമേറിയതാണ്. ഈ മരങ്ങൾ പൂക്കുന്ന സമയത്ത് അതിലുണ്ടാകുന്ന പരാഗരേണുക്കൾ മറ്റെല്ലാ മരങ്ങളേയും അപേക്ഷിച്ച് വളരെ സാന്ദ്രത കൂടിയതാണ്. പൂമ്പൊടി കാറ്റിലൂടെ പറന്ന് അലർജി രോഗങ്ങൾക്ക് കാരണമാകുന്നുവെന്നത് ഈ പ്രദേശത്തെ ആളുകളുടെ അനുഭവങ്ങളിലൂടെയും ശാസ്ത്രീയ വസ്തുതകളുടെയും അടിസ്ഥാനത്തിൽ തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. എല്ലാ മരങ്ങളുടെയും പൂമ്പൊടികൾ ചിലരിൽ അലർജി രോഗങ്ങൾ ഉണ്ടാക്കുമെങ്കിലും പ്രസ്തുത മരത്തിന്റെ പൂമ്പൊടികൾ അതിൽനിന്നും വ്യത്യസ്തമാണെന്ന അനുഭവമാണ് സാക്ഷ്യപ്പെടുത്തുന്നത്. കാൻസറിന് കാരണമാകുന്ന ഏതെങ്കിലും ഘടകങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ടോയെന്ന് ഇതുവരെയും സ്ഥിരീകരിക്കപ്പെട്ടിട്ടില്ലെങ്കിലും അലർജിയും അതിനോടനുബന്ധമായ ശ്വാസകോശരോഗങ്ങളും സ്ഥിരീകരിക്കപ്പെട്ട വസ്തുതകളാണ്. സ്വാഭാവിക വനമേഖലയുടെ ഏതാണ്ട് 25 ശതമാനവും ഈ മരങ്ങൾ കയ്യടക്കിക്കഴിഞ്ഞു.

പേപ്പർ വ്യവസായത്തിന് പൾപ്പ് അത്യന്താപേക്ഷിതമാണ്. എന്നാൽ ഈ മരങ്ങളിൽ നിന്നുമാത്രമേ പൾപ്പ് ഉണ്ടാക്കാൻ കഴിയൂ എന്ന പിടിവാശി ഉപേക്ഷിച്ചു കൊണ്ട് ബദലായിട്ടുള്ള മരങ്ങൾ വച്ചുപിടിപ്പിക്കാവുന്നതാണ്. മുള, ഈറ, പെരുമരം (മട്ടി), വേപ്പ് തുടങ്ങിയ മറ്റനേകം ഫലവൃക്ഷങ്ങളുണ്ട്. അക്കേഷ്യ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് വനം വകുപ്പ് കാണുന്ന ന്യായീകരണങ്ങൾ വളരെ വേഗത്തിലുള്ള വളർച്ച, അളവിലും നിലവാരത്തിലുമുള്ള പൾപ്പിന്റെ ലഭ്യത ഇവയൊക്കെയാണ്. മറ്റ് മരങ്ങൾ വച്ചുപിടിപ്പിക്കുമ്പോൾ ഒരുപക്ഷേ അളവിലും നിലവാരത്തിലും കുറച്ച് വ്യത്യാസങ്ങൾ ഉണ്ടായാൽപ്പോലും അതിനേക്കാൾ സാമ്പത്തിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ജല ദൗർലഭ്യവും ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാകാനിടയുണ്ട്. കൃഷി ഭൂമിയിലേയ്ക്ക് വന്യമൃഗങ്ങൾ ഇറങ്ങുന്നതുമൂലമുള്ള സാമ്പത്തിക നഷ്ടവും അതോടൊപ്പമുണ്ട്. സ്വാഭാവിക വനത്തിന്റെ കരുതൽ മേഖലകളിൽനിന്നും മറ്റ് മരങ്ങളോടൊപ്പം ഫലവൃക്ഷസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതുകൊണ്ട് വന്യമൃഗങ്ങൾ കൃഷിസ്ഥലത്തേയ്ക്കും വീടുകളിലേയ്ക്കും ഇറങ്ങിവന്ന് ഉണ്ടാക്കുന്ന നാശനഷ്ടങ്ങൾ ഒഴിവാക്കാവുന്നതാണ്. പ്രസ്തുത വിവരങ്ങൾ ഉൾക്കൊണ്ട് മനുഷ്യരുടെയും മറ്റ് ജീവജാലങ്ങളുടെയും നിലനിൽപ്പിനും അവയുടെ ആരോഗ്യം, ജലസുരക്ഷ തുടങ്ങിയ കാര്യങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് ഈ മരങ്ങളുടെ വച്ചുപിടിപ്പിക്കലും വ്യാപനവും അടിയന്തരമായി നിർത്തിവച്ചു കൊണ്ട് ബദൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ സത്വര നടപടി സർക്കാരും വനംവകുപ്പും കൈക്കൊള്ളേണ്ടതാണ്. ഈ കാര്യത്തിൽ ചില പ്രഖ്യാപനങ്ങൾ വന്നിട്ടുണ്ടെങ്കിലും വനം വകുപ്പ് ഉദ്യോഗസ്ഥർ ഗവൺമെന്റിന്റെ നിലപാടിനനുസരിച്ചല്ല കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതെന്ന കാര്യം കൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. വനം വകുപ്പുമന്ത്രി ജനങ്ങൾക്ക് അനുകൂലമായ നിലപാടാണ് എടുക്കുന്നതെന്ന് പല പ്രാവശ്യം തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. മന്ത്രിയാകുന്നതിനുമുമ്പ് അദ്ദേഹത്തിന്റെ മണ്ഡലത്തിൽ, വനം മേഖലയുമായി ബന്ധപ്പെട്ട സ്ഥലത്ത് അക്കേഷ്യയും മാഞ്ചിയവും വച്ചുപിടിപ്പിക്കുന്നതിനെതിരായ നിലപാട് എടുത്തിട്ടുള്ളതാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ചില ചോദ്യങ്ങൾക്ക് വനം വകുപ്പിലെ ഉദ്യോഗസ്ഥർ മറുപടി നല്കിയിട്ടുള്ളതിന്റെ ഭാഗമായി, സംസ്ഥാനത്ത് വനം മേഖലകളിൽ വനം വകുപ്പ് നട്ടുപിടിപ്പിക്കുന്ന മാഞ്ചിയം, അക്കേഷ്യ, തുടങ്ങിയ വൃക്ഷങ്ങൾ അമിതമായ ജല ഉപഭോഗം നടത്തുന്നതുമൂലം വനപ്രദേശം വരൾച്ചയുടെ പിടിയിൽ അമരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് ഞാൻ തന്നെ ചോദിച്ച നക്ഷത്രചിഹ്നമിടാത്ത 2106-ാം നമ്പർ ചോദ്യത്തിന് ലഭിച്ച മറുപടി, ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നായിരുന്നു. ഉയരത്തിൽ വളർന്നുവരുന്നതും മനുഷ്യർക്കും മൃഗങ്ങൾക്കും ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യത്തിന് ലഭിച്ച മറുപടി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നാണ്. ഇത്തരത്തിലുള്ള മറുപടിയാണ് ഉദ്യോഗസ്ഥർ നൽകുന്നത്. അതുകൊണ്ട് ഉദ്യോഗസ്ഥരുടെ മനോഭാവത്തിൽ മാറ്റംവരുത്തണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ വിഷയം സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നതാണ്. ദേശീയ പാതയോരങ്ങളിലും സംസ്ഥാന പാതയോരങ്ങളിലുമെല്ലാം നിലവിലുള്ള വന നയത്തിന്റെ അടിസ്ഥാനത്തിൽ, സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി ഈ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള തീരുമാനമുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 1980-കളിൽ ദേശീയ, സംസ്ഥാന പാതയോരങ്ങളിൽ, റെയിൽവേയുടെ അധീനതയിലുള്ള ഭൂമികളിൽ, കനാലുകൾ, കുളങ്ങൾ, നദികൾ, തോടുകൾ, പുഴകൾ എന്നിവയുടെ ഓരങ്ങളിൽ, ലഭ്യമായ മറ്റ് സർക്കാർ ഭൂമികളിൽ, സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ എന്നിവിടങ്ങളിൽ വിദേശമരമായ അക്കേഷ്യ, അന്ന് നിലവിലുണ്ടായിരുന്ന സർക്കാർ നിയമമനുസരിച്ച് മറ്റുള്ള മരങ്ങളോടൊപ്പം വച്ചുപിടിപ്പിച്ചിരുന്നു. അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ വിദേശ മരങ്ങൾ വ്യാപകമായതിനെത്തുടർന്ന് ഇവ പ്രകൃതിക്കും മനുഷ്യന്റെ ആരോഗ്യത്തിനും ഹാനികരമാണെന്നും ഭൂഗർഭജലം അധികമായി വലിച്ചെടുക്കുന്നവയാണെന്നും പൊതുജനങ്ങളിൽനിന്നും പരക്കെ വിമർശനം ഉയർന്നുവന്നിരുന്നു. 1988-ലെ ദേശീയ വന നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട 2009-ലെ കേരള സംസ്ഥാന വന നയത്തിൽ വിവിധ ഉദ്ദേശങ്ങൾക്കായി വിദേശവൃക്ഷങ്ങൾക്ക് പകരം തദ്ദേശീയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ മാഞ്ചിയം, യൂക്കാലിപ്റ്റസ്, അക്കേഷ്യ തുടങ്ങിയ മരങ്ങൾ പ്രകൃതിക്ക് ദോഷം ചെയ്യുന്നവയാണെന്ന് ജനങ്ങൾ വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ ഗവൺമെന്റ് ഇക്കാര്യത്തിൽ നയപരമായ തീരുമാനമെടുത്തു കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈയടുത്ത ദിവസം ഞാനും കൂടി പങ്കെടുത്തുകൊണ്ട് ഒരു യോഗം ചേരുകയുണ്ടായി. മാഞ്ചിയം, യൂക്കാലിപ്റ്റസ്, ഗ്രാന്റീസ് പോലെയുള്ള വൃക്ഷങ്ങൾ തെരുവോരങ്ങളിൽ വച്ചുപിടിപ്പിക്കുന്ന നടപടി അവസാനിപ്പിക്കണമെന്ന ഒരു പൊതുധാരണയാണ് ഗവൺമെന്റ് ആ യോഗത്തിലെടുത്തിട്ടുള്ളത്. അതുമാത്രമല്ല, സർക്കാർ ചില കമ്പനികളുമായി ഉണ്ടാക്കിയിട്ടുള്ള കരാറുകളുടെ അടിസ്ഥാനത്തിൽ യൂക്കാലിപ്റ്റസും മാഞ്ചിയവുമടക്കമുള്ള സോഫ്റ്റ് വുഡ്സ് അവർക്ക് കൊടുക്കാനുള്ള ബാധ്യതയുണ്ട്. അതുകൊണ്ട് അതിന്റെ കാലാവധി തീരുന്നതുവരെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് പോലെയുള്ള സ്ഥാപനങ്ങൾക്ക് സോഫ്റ്റ് വുഡ്സ് കൊടുക്കാനുള്ള ബാധ്യത കേരള സർക്കാരിനുണ്ട്. 2500-ൽ അധികം തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് അസംസ്കൃത സാധനം ലഭിച്ചില്ലെങ്കിൽ പൂട്ടിയിടേണ്ട സ്ഥിതി വരും. അവരുമായി നേരത്തെ ഉണ്ടാക്കിയിട്ടുള്ള കരാറുകളുടെ കാലാവധി 2022-ഓടുകൂടി മാത്രമേ അവസാനിക്കുകയുള്ളൂ. ആ ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ

അസംസ്കൃത വസ്തുക്കൾ കിട്ടത്തക്കവണ്ണമുള്ള ഏരിയകളിലേയ്ക്ക് മാത്രമായി യൂക്കാലിപ്റ്റസിന്റെ കൃഷി നിജപ്പെടുത്തിക്കൊണ്ട്, കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ അവരുടെ പ്ലാന്റേഷനുകളുണ്ട്, ആ പ്ലാന്റേഷനുകളിൽപ്പോലും യഥാർത്ഥത്തിൽ ഇതിന്റെ ആവശ്യം കഴിഞ്ഞുള്ള ഏരിയ ഫലവൃക്ഷങ്ങളടക്കം (ഈ വിദേശവൃക്ഷങ്ങൾ ഒഴിവാക്കിക്കൊണ്ട്) വച്ചുപിടിപ്പിക്കുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ ധാരണയിൽ സർക്കാർ എത്തിയിട്ടുണ്ട്. അതിനാവശ്യമായ ഉത്തരവുകൾ വളരെ അടിയന്തരമായിത്തന്നെ വനം വകുപ്പിൽനിന്നും നൽകുന്നതാണ് എന്നാണ് എനിക്ക് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. നിലവിൽ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് എന്നീ വൃക്ഷത്തോട്ടങ്ങൾ മുറിച്ചുമാറ്റി പ്രസ്തുത സ്ഥലങ്ങളിലും വനപ്രദേശത്തും തദ്ദേശീയ ഫല-ഔഷധ-തടിവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് 'വനദീപ്തി' എന്നൊരു പദ്ധതി ഇപ്പോൾത്തന്നെ നിലവിലുണ്ട്. ശ്രീ. കെ. ബി. ഗണേഷ് കുമാർ വനം വകുപ്പുമന്ത്രിയായിരുന്ന സമയത്താണ് ആ പദ്ധതി നടപ്പിലാക്കിയത്. എന്റെ മണ്ഡലത്തിൽ പുനലൂർ ഡിവിഷനിൽ (മണ്ഡലം അദ്ദേഹത്തിന്റേതാണ് എന്നാൽ ഡിവിഷൻ എന്റെ മണ്ഡലത്തിലുമാണ്.) 'വനദീപ്തി' പദ്ധതിപ്രകാരം അക്കേഷ്യ മരങ്ങൾ വെട്ടിമാറ്റി, ആ സ്ഥലം വനദീപ്തിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഫലവൃക്ഷങ്ങളടക്കം വച്ചുപിടിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. അതൊരു മാതൃകയായി സ്വീകരിച്ചുകൊണ്ട് എല്ലാ പ്രദേശത്തും ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. കാട്ടിൽനിന്നും മൃഗങ്ങളെല്ലാം ഇപ്പോൾ പുറത്തേയ്ക്ക് ഇറങ്ങിവരുന്നതിന്റെ മുഖ്യകാരണം കാട്ടിൽ വെള്ളമില്ലാത്തതും ഭക്ഷ്യസാധനങ്ങളുടെ കുറവുമാണ്. അതുകൂടി പരിഹരിക്കാൻ കഴിയുമെന്നുള്ളതുകൊണ്ട് വനത്തിനുള്ളിൽ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയാണ്. അതോടൊപ്പം ഒന്നുകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ജൂൺ 5-ാം തീയതി ലോക പരിസ്ഥിതി ദിനത്തിൽ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഹരിത കേരളം പരിപാടിയുടെ ഭാഗമായി ഒരു കോടി വൃക്ഷത്തൈകളാണ് വച്ചുപിടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നത്. അതിന് എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ ആവശ്യമാണ്. വിദ്യാർത്ഥികൾ, യുവജന പ്രസ്ഥാനങ്ങൾ, മറ്റ് സന്നദ്ധ സംഘടനകളുടെയെല്ലാം സഹായത്തോടുകൂടി ഒരു കോടി വൃക്ഷത്തൈകളാണ് വച്ചുപിടിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതിനാവശ്യമായ 72 ലക്ഷം വൃക്ഷത്തൈകൾ വനം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. അതിൽ നല്ലൊരു പങ്ക് പ്ലാവും മാവും മറ്റ് ഫലവൃക്ഷങ്ങളുമാണ്. അതിനകത്ത് യൂക്കാലിപ്റ്റസും മാഞ്ചിയവുമൊന്നും ഉണ്ടാകില്ലെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പ് നൽകുന്നു. ഗവൺമെന്റിന്റെ ഈ സമീപനത്തിനനുസരിച്ചായിരിക്കും തുടർന്ന് വെട്ടിമാറ്റുന്ന മരങ്ങൾക്കുപകരം പ്ലാന്റേഷനുകളിൽ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതെന്നാണ് എനിക്ക് ഈ അവസരത്തിൽ അറിയിക്കാനുള്ളത്.

11.00 AM]

ശ്രീ. ഡി. കെ. മുരളി: സർ, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡാണ് പൾപ്പിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ നൽകേണ്ടത്. അക്കേഷ്യയും യൂക്കാലിപ്റ്റസും മാഞ്ചിയവും നട്ടുപിടിപ്പിക്കുന്നതിന് പകരമായി പൾപ്പ് ഉൽപ്പാദിപ്പിക്കുന്ന വട്ട, മട്ടി, കുമ്പിൾ, അൽബീസിയ, മുള, കാറ്റാടി തുടങ്ങിയ ജല റാഞ്ചികളല്ലാത്ത മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും പൂർണ്ണമായും അക്കേഷ്യ, യൂക്കാലിപ്റ്റസ് തുടങ്ങിയ വൃക്ഷങ്ങൾ നടുന്നതിൽനിന്ന് പിന്മാറാനും തയ്യാറാകണം. മണ്ണറിഞ്ഞ് വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്ന രീതി അവലംബിച്ചാൽ നന്നായിരിക്കും. മഹാരാജാസ് കോളേജിന്റെ മുന്നിൽ വർഷങ്ങൾക്കുമുമ്പ് വച്ചുപിടിപ്പിച്ച മരങ്ങൾപോലും ഇന്നും യാതൊരു കേടുമില്ലാതെ നിൽക്കുന്നുണ്ട്. ഒരു പഠനം നടത്തി മണ്ണറിഞ്ഞ് വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്ന നിലയിലേയ്ക്ക് നമുക്ക് മാറാൻ കഴിയണം എന്നതുകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. കെ. രാജു: സർ, ഇനി മുതൽ വ്യാവസായിക ആവശ്യങ്ങൾക്കല്ലാതെ സംസ്ഥാനത്ത് അക്കേഷ്യ അടക്കമുള്ള വിദേശ മരങ്ങൾ വനം വകുപ്പ് വച്ചു പിടിപ്പിക്കുന്നതല്ല എന്ന് ഞാൻ അങ്ങയെ അറിയിക്കുകയാണ്. പകരം ഞാവൽ, ഇലഞ്ഞി, അമ്പഴം, മാവ്, പ്ലാവ്, ആഞ്ഞിലി, പേര, ആത്ത, പുളി, നെല്ലി, കശുമാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും കണിക്കൊന്ന, മണിമരുത്, ചമത, മന്ദാരം, ചെമ്പകം മുതലായ പൂമരങ്ങളും കുമ്പിൾ, വേപ്പ്, കുടമ്പുളി, കാഞ്ഞിരം, രക്തചന്ദനം, ചന്ദനം, ഊങ്ങ്, ആൽ, കൂവളം, താന്നി, അശോകം, പതിമുഖം, മരോട്ടി മുതലായ ഔഷധ വൃക്ഷത്തൈകളും ഈട്ടി, തേക്ക്, മഹാഗണി, പൂവരശ്ല്, മട്ടി, ചെമ്പകം, കരിമരുത്, വെള്ളഅകിൽ മുതലായ തടി വൃക്ഷങ്ങളുടെ തൈകളും ഉത്പാദിപ്പിച്ച് അതായിരിക്കും ഇനി വനവൽക്കരണത്തിന്റെ ഭാഗമായി വച്ചുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്യുന്നത് എന്നറിയിക്കുന്നു.

## (2) ആർ.സി.സി.യുടെ പ്രവർത്തനം

ശ്രീ. കെ. മുരളീധരൻ: സർ, തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ ദുരവസ്ഥ പരിഹരിക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. ക്യാൻസർ രോഗ ചികിത്സാ രംഗത്ത് ഒരു നാഴികക്കല്ലായി മാറിയിട്ടുള്ള സ്ഥാപനമാണ് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ. ഈ ആശുപത്രി രോഗികളുടെ ബാഹുല്യം കാരണം ഒരു വീർപ്പുമുട്ടലിന്റെ അവസ്ഥയിലാണ്. കേരളത്തിന്റെ വടക്കൻ ജില്ലകളിൽനിന്നും തമിഴ്നാട്ടിലെ കന്യാകുമാരി, തിരുനെൽവേലി തുടങ്ങിയ സ്ഥലങ്ങളിൽനിന്നും വരെ രോഗികൾ ചികിത്സ തേടി ഇവിടെ എത്തിച്ചേരുന്നുണ്ട്.

ഈ സ്ഥാപനത്തിന്റെ ഇന്നത്തെ അവസ്ഥ വളരെ പരിതാപകരമാണ്. ഭരണത്തിലെ കെട്ടുകാര്യസ്ഥതയും മിസ്മാനേജ്മെന്റും ഈ സ്ഥാപനത്തിന്റെ പ്രശസ്തിക്ക് കളങ്കം വരുത്തിയിരിക്കുന്നു. ഈ സ്ഥാപനം തുടങ്ങിയിട്ട് 35 വർഷമായെങ്കിലും അടിസ്ഥാന സൗകര്യങ്ങളും ചികിത്സയുടെ ഗുണനിലവാരവും മെച്ചപ്പെടുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അത്യാവശ്യം വേണ്ട ഉപകരണങ്ങൾ വാങ്ങുന്നതിനും മരുന്ന് വാങ്ങുന്നതിനും ആർ.സി.സി. സമർപ്പിച്ച പ്രൊപ്പോസലിന് ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. അടിയന്തരമായി ചെയ്യേണ്ട ശസ്ത്രക്രിയയ്ക്ക് രോഗികൾ മാസങ്ങളോളം കാത്തുനിൽക്കേണ്ട അവസ്ഥയാണുള്ളത്. പലപ്പോഴും ജനപ്രതിനിധിയായ ഞാൻ തന്നെ വിളിച്ച് ഡയറക്ടറോട് സംസാരിക്കേണ്ട സ്ഥിതി ഉണ്ടായിട്ടുണ്ട്.

ഇവിടത്തെ ഓപ്പറേഷൻ തീയേറ്റർ നവീകരിക്കപ്പെട്ടിട്ടില്ല. സ്തനാർബുദം കണ്ടു പിടിക്കുന്നതിന് ഏറ്റവും അത്യാവശ്യമായ ഉപകരണമായ Prone biopsy table-ന്റെ നിലവിലെ അവസ്ഥയും വ്യത്യസ്തമല്ല. ഇവിടെ രോഗനിർണ്ണയത്തിനുള്ള കൊളനോസ്കോപ്പി, എൻഡോസ്കോപ്പി തുടങ്ങിയ സംവിധാനങ്ങളില്ലാത്തതിനാൽ രോഗികളെ സ്വകാര്യ ആശുപത്രിയിലേയ്ക്ക് പറഞ്ഞയയ്ക്കേണ്ട അവസ്ഥയാണുള്ളത്. കൂടാതെ ആർ.സി.സി.-യിൽ ക്ലിനിക്കൽ പാത്തോളജിസ്റ്റ്, കാർഡിയോളജിസ്റ്റ് തുടങ്ങിയ തസ്തികകളും അനുവദിക്കപ്പെട്ടിട്ടില്ല. ക്യാൻസർ ചികിത്സയുടെ ഒരു പ്രധാന ഭാഗമായ കീമോ തെറാപ്പി നടത്തുന്നതിന് മുന്നോടിയായി കാർഡിയോളജിസ്റ്റ് പരിശോധിക്കണമെന്നത് നിർബന്ധമാണ്. എന്നാൽ ആർ.സി.സി.-യിൽ കാർഡിയോളജിസ്റ്റിന്റെ തസ്തിക അനുവദിക്കാത്തതിനാൽ മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ സേവനമാണ് പ്രയോജനപ്പെടുത്തുന്നത്.

ഗുരുതര രോഗബാധിതർപോലും മറ്റു രോഗികളോടൊപ്പം ഒ.പി. കൗണ്ടറിൽ ക്യൂ നിൽക്കേണ്ട അവസ്ഥയാണുള്ളത്. ആർ.സി.സി.-യിലെ തിരക്ക് ഒഴിവാക്കുന്നതിനും ക്യാൻസർ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനും അഞ്ച് മെഡിക്കൽ കോളേജുകളിൽ പുതിയ ക്യാൻസർ ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുന്നതിന് തീരുമാനമെടുത്തെങ്കിലും ഇക്കാര്യത്തിൽ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇതെല്ലാം സ്വകാര്യ ആശുപത്രികളെ സഹായിക്കാൻ മാത്രമേ ഉപകരിക്കുകയുള്ളൂ. ക്യാൻസർ രോഗികളുടെ സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്തുന്നതിന് ആർ.സി.സി.യിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനും സർക്കാർ മാതൃകാപരമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ഇതുസംബന്ധിച്ച് പല പത്രങ്ങളിലും വാർത്ത വന്നിട്ടുണ്ട്. കഴിഞ്ഞ ജനവരി മാസം 3-ാം തീയതി മാതൃഭൂമി ദിനപത്രത്തിൽ വന്ന വാർത്ത, "ക്യാൻസർ ചികിത്സയ്ക്ക് പ്രത്യേക ബോർഡ്. പദവികൾ രാജിവച്ച് ആർ.സി.സി. ഡോക്ടർമാർ."

അതുപോലെതന്നെ "ആർ.സി.സി.-യിൽ ക്യാൻസർ ബോർഡ് പരിഷ്കാരം പിൻവലിക്കില്ല." മലയാള മനോരമ 4-1-2017. മാധ്യമത്തിലെ വാർത്ത, "ആർ.സി.സി. ട്യൂമർ ബോർഡ് രൂപീകരണം. ക്ലിനിക്കൽ ഓങ്കോളജിസ്റ്റുകൾ ഇന്ന് ഉപവസിക്കും." ഇങ്ങനെയുള്ള നിരവധി വാർത്തകളാണ് ആർ.സി.സി.യെക്കുറിച്ച് മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്നത്. ഏറ്റവും കൂടുതൽ രോഗികൾ വരുന്നത് മലബാർ പ്രദേശത്ത് നിന്നാണ്. വൈകുന്നേരം വരുന്ന 16348-ാം നമ്പർ മംഗലാപുരം- തിരുവനന്തപുരം എക്സ്പ്രസ്സിൽ ഏറ്റവും കൂടുതൽ രോഗികൾ മലബാർ ഭാഗത്തുനിന്നും വരുന്നുണ്ട്. ഇങ്ങനെ വളരെയധികം രോഗികൾക്ക് ആശ്വാസപ്രദമാകേണ്ട ഈ ആശുപത്രിയിലെ സൗകര്യങ്ങളുടെ അപര്യാപ്തത കാരണം സ്വകാര്യ ആശുപത്രികൾ മുതലെടുപ്പ് നടത്തുകയാണ്. മുൻമുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദൻ തന്നെ ഒരു സബ്മിഷനിലൂടെ ആർ.സി.സി.യെ സംബന്ധിച്ച് ചില പരാമർശങ്ങൾ ഈ സഭയിൽ നടത്തിയിരുന്നു. അതുകൊണ്ട് സർക്കാർ അടിയന്തരമായി ഇതിനൊരു പരിഹാരമുണ്ടാക്കുകയും ആർ.സി.സി.യെ മികച്ച ക്യാൻസർ ആശുപത്രിയാക്കി മാറ്റാൻ എല്ലാ വിധത്തിലുള്ള സഹായ സഹകരണങ്ങൾ നൽകുകയും ഒഴിവുള്ള ഡോക്ടർമാരുടെ തസ്തികകൾ എത്രയും പെട്ടെന്ന് നികത്തുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഈ ശ്രദ്ധ ക്ഷണിക്കലിലെ പകുതിഭാഗം ശരിയാണ്. ആർ.സി.സി.യിൽ നല്ല തിരക്കുണ്ടാകുന്നുണ്ട്. അതുമായി ബന്ധപ്പെട്ട് ഒരുപാട് പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. ബാക്കി പകുതി ശരിയല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.സി.സി.യെ വളരെ ഗൗരവമായി പരിഗണിച്ച് ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ ചെയ്യാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്.

ആർ.സി.സി.-യിൽ ചികിത്സയ്ക്കായി എത്തുന്ന രോഗികളുടെ എണ്ണത്തിൽ അടുത്ത കാലത്ത് നല്ല വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ലോകോത്തര നിലവാരത്തിലുള്ള എല്ലാ ക്യാൻസർ ചികിത്സാ സൗകര്യങ്ങളും ആശുപത്രിയിലുണ്ട്. എന്നാൽ വലിയ തിരക്ക് അനുഭവപ്പെടുന്നത് കാരണം ധാരാളം പ്രയാസങ്ങളുണ്ട്. രോഗികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് ആർ.സി.സി.-യുടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ പരിശ്രമം ആരംഭിച്ചിട്ടുണ്ട്. 134000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള 10 നില കെട്ടിടം നേരത്തെ ആരംഭിച്ചതാണ്. പക്ഷേ അതിന്റെ പ്രവർത്തനം മുരടിച്ചു കിടക്കുകയായിരുന്നു. പക്ഷേ ഈ സർക്കാർ അധികാരത്തിൽ വന്നയുടൻതന്നെ ആ കെട്ടിടം പ്രവർത്തനസജ്ജമാക്കിക്കൊണ്ട് ഒ.പി. വിഭാഗം മിക്കവാറും പൂർണ്ണമായി ഈ കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും തിരക്ക് ഒഴിവാക്കുന്നതിനുംവേണ്ടി പുതിയ 14 നില കെട്ടിടത്തിന് 187.22 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആ കെട്ടിടം പൂർത്തിയാകുന്ന മുറയ്ക്ക് ആർ.സി.സി.യിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കും. പുതിയ കെട്ടിടത്തിൽ ആധുനിക സജ്ജീകരണങ്ങൾ ഒരുക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പുതിയ ലിനാക്ക് മെഷീൻ, ബോൺമാരോ ട്രാൻസ്പ്ലാന്റേഷന് ഇപ്പോഴുള്ള നാല് ബെഡ് 10 ആക്കി വർദ്ധിപ്പിച്ച് അങ്ങോട്ട് മാറ്റുക എന്നിവയാണ് ഉദ്ദേശിക്കുന്നത്. ഓപ്പറേഷന്റെ കാലതാമസത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. ആ ആവശ്യത്തിന് ഞങ്ങളെയെല്ലാം വിളിക്കുന്നുണ്ട്. കാലതാമസമൊഴിവാക്കാൻവേണ്ടി ഈ കെട്ടിടത്തിൽ 6 പുതിയ ഓപ്പറേഷൻ തീയേറ്റർ കൂടി സജ്ജീകരിക്കുന്നതിനും ഒരു പോസ്റ്റ് ഓപ്പറേറ്റീവ് ഐ.സി. യൂണിറ്റ് ഒരുക്കുന്നതിനുമുള്ള പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പുതിയ സർജറി വാർഡുകൾ, തൈറോയിഡ് ക്യാൻസർ ഐ.പി.ക്കുവേണ്ടി റേഡിയോ ഐഡിൻ തെറാപ്പി വാർഡ്, സെർവിക്കൽ ക്യാൻസർ ചികിത്സയ്ക്കുള്ള ആധുനിക ബ്രാക്കി തെറാപ്പി യൂണിറ്റ്, ആധുനിക ബ്ലഡ് ബാങ്ക്, മൈക്രോ ബയോളജി ലാബ് തുടങ്ങിയവ ഈ കെട്ടിടത്തിൽ ഒരുക്കാനാണ് ഇപ്പോൾ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. അതിനാണ് 187.22 കോടി രൂപ ഇപ്പോൾ അനുവദിച്ചിട്ടുള്ളത്. ഇതുകൂടാതെ ഈ കെട്ടിടത്തിൽ പേ വാർഡുകളും പി.ജി. ഹോസ്റ്റൽ തുടങ്ങിയവയും ഇതിന്റെ ഭാഗമായി നിർമ്മിക്കുന്നുണ്ട്.

ഈ സർക്കാർ വന്നതിനുശേഷം അമേരിക്കൻ ഓർഗനൈസേഷൻ സംഭാവന ചെയ്ത ഒരു ലക്ഷം ഡോളർ ഉപയോഗിച്ച് കുട്ടികളുടെ ഒ.പി. വിഭാഗം ആധുനികവും ആകർഷകവുമാക്കി മാറ്റിയിട്ടുണ്ട്. അതിമനോഹരമാണ് ഇപ്പോൾ ആ ഒ.പി. വിഭാഗം. അവിടെ കയറിച്ചെല്ലുമ്പോൾ വളരെ കുളിർമ്മയുണ്ടാക്കുന്ന ഒരനുഭവമാണ്. ഭംഗിയായി അവരത് ചെയ്തിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ളത് ആർദ്രം പദ്ധതിയുടെ ഭാഗമായി ഒ.പി.യിലെ തിരക്ക് ഒഴിവാക്കണമെന്നാണ്. അതിനുവേണ്ടി ടി.സി.എസ്.ന്റെ സഹായത്തോടെ ഒ.പി. ട്രാൻസ്ഫർമേഷനുള്ള വർക്ക് തുടങ്ങിക്കഴിഞ്ഞു. മറ്റുള്ള സ്ഥലത്തുള്ളതുപോലെ ടി.സി.എസ്. പൂർണ്ണമായും സൗജന്യമായിത്തന്നെ ഈ ഒ.പി. ട്രാൻസ്ഫർമേഷൻ ആർ.സി.സി.യിൽ ചെയ്തുതരാമെന്നുപറഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ ഭാഗമായിട്ടുള്ള സഹായംകൂടി അവിടെയുണ്ട്. ഇപ്പോൾ രോഗീ സൗഹൃദമാക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കിയോസ്കുകളും കമ്പ്യൂട്ടറുകളും സ്ഥാപിച്ച് ഒരു മാസംകൊണ്ട് ഈ പ്രവൃത്തി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യാൻ സാധിക്കും. ഒ.പി. രോഗീ സൗഹൃദമായി മാറുന്നതോടുകൂടി ആർ.സി.സി.യിലെ തിരക്ക് ഒഴിവാക്കാൻ കഴിയും. ഇവിടെ എം.ഡി.ടി.ബി. നടപ്പിലാക്കിയതിനെക്കുറിച്ച്

പത്രങ്ങളിൽ വാർത്ത വന്നു. ലോകപ്രശസ്തമായ എല്ലാ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടുകളിലും ഉയർന്ന സ്ഥാപനങ്ങളിലും ഇത്തരത്തിലുള്ള മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് രൂപീകരിച്ചാണ് ചികിത്സാ സംവിധാനം ക്രമീകരിക്കുന്നത്. ഡോക്ടർമാരുടെ ബോർഡ് രൂപീകരിച്ച് ചർച്ച ചെയ്താണ് ഓരോ കേസ്സും കൈകാര്യം ചെയ്യുന്നത്. അത് ആധുനികവും നിർബന്ധവുമായി നടപ്പിലാക്കേണ്ടതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആർ.സി.സി.-യിൽ എം.ഡി.ടി.ബി. നടപ്പിലാക്കിയിട്ടുണ്ട്. തുടക്കത്തിൽ ഒരു ചെറിയ പ്രശ്നവും പരിഭവവും ഉണ്ടായിരുന്നു. കാരണം കാലാകാലങ്ങളായി ചിലർ ചെയ്തുവന്നിരുന്ന ജോലി മാറുമോയെന്ന ഭയത്തിന്റെ ഭാഗമായി ചെറിയ പണിമുടക്കം കാര്യങ്ങളുമുണ്ടായിരുന്നു. ഡോക്ടർമാരെ വിളിച്ച് ബോധ്യപ്പെടുത്തിയതോടുകൂടി എം.ഡി.ടി.ബി. ഇപ്പോൾ ഭംഗിയായി അവിടെ നടക്കുന്നുണ്ട്. അത് ഏറ്റവും ആധുനികമാണ്, നിർബന്ധമായിട്ടും നടപ്പിലാക്കേണ്ടതാണ്. എം.ഡി.ടി.ബി. നടപ്പിലാക്കിയെന്നുള്ളത് ഗവൺമെന്റിന് ഒരു അഭിമാനമാണ്. ഇനിയും കുറച്ചുകൂടി കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ബ്രെസ്റ്റ് ക്യാൻസർ ചികിത്സയ്ക്കുള്ള പ്രോട്ടോക്കോൾ അംഗീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രോട്ടോക്കോൾ അംഗീകരിക്കുന്നതോടുകൂടി ആ ചികിത്സ കൂടുതൽ ഫലപ്രദമാക്കാൻ സാധിക്കും. പുലയനാർകോട്ടയിൽ 11.68 ഏക്കർ സ്ഥലം ആർ.സി.സി.-ക്ക് വിട്ടുകിട്ടുന്നതിനുള്ള ശ്രമം നടത്തുന്നുണ്ട്. അത് ലഭിക്കുന്ന മുറയ്ക്ക് കുറേക്കൂടി സൗകര്യങ്ങൾ ഉണ്ടാക്കിയെടുക്കാൻ സാധിക്കും.

ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ മലബാറിൽ നിന്നും ധാരാളം ആളുകൾ ക്യാൻസർ ചികിത്സയ്ക്ക് ആർ.സി.സി.യിലേയ്ക്ക് വരികയാണ്. ആ പ്രശ്നം പരിഹരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഞങ്ങളോട് നിർദ്ദേശിച്ചു. ഇപ്പോൾ അതിനാവശ്യമായ സമീപനം ഈ ഗവൺമെന്റ് സ്വീകരിച്ചു. എല്ലാ ക്യാൻസർ പേഷ്യന്റ്സും ആർ.സി.സി.-യിലേയ്ക്ക് വന്നാൽ ആർ.സി.സി.-ക്ക് താങ്ങാൻ പറ്റുകയില്ല. അതിന് ചെയ്യേണ്ട ശാസ്ത്രീയ മാർഗ്ഗം, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആർ.സി.സി. പോലെയുള്ള ഇൻസ്റ്റിറ്റ്യൂഷൻസ് ശക്തമാക്കുക എന്നതാണ്. ക്യാൻസർ ട്രീറ്റ്മെന്റ് കുറച്ചുകൂടി വികേന്ദ്രീകരിക്കുക എന്നതാണ്. ഇതിന്റെ ഭാഗമായി ഈ ഗവൺമെന്റ് ഒരു വർഷത്തിനിടയിൽ ശക്തമായ നടപടി സ്വീകരിച്ചു കഴിഞ്ഞു. അതിനുവേണ്ടി മലബാർ ക്യാൻസർ സെന്റർ വിപുലീകരിക്കുന്നതിനും, കൊച്ചിയിലെ മുടങ്ങിക്കിടന്നിരുന്ന നിർദ്ദിഷ്ട കൊച്ചിൻ ക്യാൻസർ സെന്റർ യാഥാർത്ഥ്യമാക്കുന്നതിനുള്ള പരിശ്രമവും ഞങ്ങൾ നടത്തി. കൊച്ചിൻ ക്യാൻസർ സെന്ററിന് കിഫ്ബിയിൽ 355 കോടി രൂപയാണ് അനുവദിച്ചത്. അതിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. രണ്ട് വർഷംകൊണ്ട് കൊച്ചിൻ ക്യാൻസർ സെന്റർ യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അവിടെ പങ്കെടുത്ത് മീറ്റിംഗ് നടത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് വളരെ ശ്രദ്ധ ചെലുത്തി ത്വരിതഗതിയിൽ കൊച്ചിൻ ക്യാൻസർ സെന്റർ യാഥാർത്ഥ്യമാക്കും. അപ്പോൾ ആർ.സി.സി.യിലെ തിരക്ക് കുറയും. മലബാർ ക്യാൻസർ സെന്ററിന്റെ പ്രവർത്തനം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുരടിച്ചുകിടക്കുകയായിരുന്നു. ഈ ഗവൺമെന്റ് മലബാർ ക്യാൻസർ സെന്റർ ശക്തമാക്കാൻ തീരുമാനിച്ചു. 153 കോടി രൂപ ഇതിനകം അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. അവിടേയും മെച്ചപ്പെടുന്ന സ്ഥിതി തുടരുന്നുണ്ട്. മലബാർ ക്യാൻസർ സെന്ററും രണ്ട് കൊല്ലം കഴിയുമ്പോൾ ഇന്നത്തെ അവസ്ഥയിൽ നിന്ന് വളരെയേറെ മാറും. കുറെയേറെ പേഷ്യന്റ്സിനെ അവിടെ ഉൾക്കൊള്ളാൻ സാധിക്കും.

ഇതിനുപുറമേ ഈ ഗവൺമെന്റ് ആലോചിച്ചത് സംസ്ഥാനത്തെ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, ആലപ്പുഴ, കോട്ടയം എന്നീ 5 മെഡിക്കൽ കോളേജുകളിൽ നല്ല ക്യാൻസർ കെയർ സെന്ററുകൾ സ്ഥാപിക്കുക എന്നുള്ളതാണ്. കുറേ രോഗികളെ അങ്ങോട്ട് അയയ്ക്കാൻ സാധിക്കും. ഇതിനുവേണ്ടി 105 തസ്തികകൾ ഗവൺമെന്റ് പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. മെഡിക്കൽ ഓങ്കോളജിസ്റ്റ്, ക്ലിനിക്കൽ ഓങ്കോളജിസ്റ്റ്, പാത്തോളജി വിഭാഗത്തിൽപ്പെട്ടവർ, ഇതിലെല്ലാംപെട്ടിട്ടുള്ള ഫാക്കൽറ്റികളും സ്റ്റാഫും ഇങ്ങനെ 5 മെഡിക്കൽ കോളേജുകളിലേയ്ക്കുവേണ്ടി 105 തസ്തികകൾ ഈ ഗവൺമെന്റ് സൃഷ്ടിച്ചു കഴിഞ്ഞു. ആർദ്രം പദ്ധതിയുടെ ഭാഗമായി 5 മെഡിക്കൽ കോളേജുകളിലും ക്യാൻസർ സെന്റർ യാഥാർത്ഥ്യമാക്കാൻ നടപടി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

പാലിയേറ്റീവ് കെയറിനും കീമോ തെറോപ്പിക്കുംവേണ്ടി അവിടേയ്ക്ക് വരുന്നതാണ് ആർ.സി.സി.യിലെ തിരക്കിന് മറ്റൊരു കാരണം. ഇത് വികേന്ദ്രീകരിച്ച് ജില്ലാ തലത്തിലേയ്ക്ക് കൊടുക്കാൻ സാധിച്ചാൽ, പാലിയേറ്റീവ് ചികിത്സയ്ക്ക് ഇങ്ങോട്ട് വരേണ്ടിവരില്ല. അതുകൊണ്ട് എല്ലാ ജില്ലാ ആശുപത്രികളിലും പാലിയേറ്റീവ് ചികിത്സ നൽകാൻ കഴിയുന്ന രീതിയിൽ അവിടെനിന്നും തെരഞ്ഞെടുക്കപ്പെട്ട ആളുകൾക്ക് ആർ.സി.സി.യിൽ ഈ മാസം പരിശീലനം ഏർപ്പെടുത്തിയിട്ടുണ്ട്. പാലിയേറ്റീവ് സംബന്ധമായ കാര്യങ്ങൾക്ക് അവർക്ക് ജില്ലാ ആശുപത്രിയെ ആശ്രയിക്കാൻ സാധിക്കും. അങ്ങനെ കുറെ തിരക്ക് കുറയ്ക്കാൻ കഴിയും.

ഇതോടൊപ്പംതന്നെ സംസ്ഥാനത്തുടനീളം ഒരു സമ്പൂർണ്ണ ക്യാൻസർ രജിസ്ട്രി ഉണ്ടാക്കുകയും, early detection-ഉം ചികിത്സയും നടത്തുക എന്ന ഒരു പദ്ധതി ഗവൺമെന്റ് കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ മലബാർ ക്യാൻസർ സെന്ററിന്റേയും കണ്ണൂർ ജില്ലാ പഞ്ചായത്തിന്റേയും സഹായത്തോടുകൂടി ആരോഗ്യ വകുപ്പ് 'ആയുർ ദീപ്തം' എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. മുഴുവൻ ആളുകളേയും പരിശോധിച്ച് early

detection നടത്തുക, അപ്പോൾ തന്നെ ചികിത്സയ്ക്ക് എവിടെയാണ് റഫർ ചെയ്യുന്നത് അങ്ങോട്ട് പറഞ്ഞയ്ക്കുക, വേഗം മാറുന്ന ചെറിയ അസുഖമാണെങ്കിൽ ജില്ലാ ഹോസ്പിറ്റലിൽ വച്ച് തന്നെ മാറ്റാനും മറ്റുള്ളത് ഇത്തരത്തിലുള്ള ക്യാൻസർ സെന്ററുകളിലേയ്ക്ക് കൊണ്ടുവരാനും സാധിക്കും. കണ്ണൂരിൽ ഇത് ഫലപ്രദമായി വളരെ പെട്ടെന്ന് പൂർത്തീകരിക്കാൻ ശ്രമിക്കുന്നുണ്ട്. സംസ്ഥാന വ്യാപകമായി 'ആയുർദീപ്തം' പദ്ധതി വ്യാപിപ്പിച്ചുകൊണ്ട് ക്യാൻസർ ചികിത്സയിൽ വലിയ ഒരു മാറ്റമുണ്ടാക്കാൻ കഴിയും എന്നുള്ളതാണ് പറയാനുള്ളത്.

അത്യാവശ്യം വേണ്ട ഉപകരണങ്ങൾ ഇല്ല എന്നുപറയുന്നത് ശരിയല്ല. ആർ.സി.സി.യിൽ ഇപ്പോൾ തന്നെ കുറെയധികം ഉപകരണങ്ങളുണ്ട്. പെറ്റ്സ്കാനർ ഇപ്പോൾ പുതുതായി തുടങ്ങിയിട്ടുണ്ട്. അതുകൂടാതെ നേരത്തെ തന്നെ സി.റ്റി.സ്കാൻ യൂണിറ്റുണ്ട്, എക്സ്റേ യൂണിറ്റുണ്ട്, മാമോഗ്രാം യൂണിറ്റുണ്ട്, റേഡിയേഷൻ ചികിത്സയ്ക്കായി ലീനിയർ ആക്സിലറേറ്റർ, ടെലി കോബാൾട്ട് യൂണിറ്റ്, ഡിജിറ്റൽ സിമുലേറ്റർ എന്നിവ ഉണ്ട്. ഇതുപോലുള്ള ആധുനിക സംവിധാനങ്ങളെല്ലാം അവിടെയുണ്ട്. അതുകൂടാതെ കുറച്ചുകൂടി ആധുനിക ഉപകരണങ്ങൾ നമുക്ക് വാങ്ങാൻ സാധിക്കും. നിലവിൽ 6 ഓപ്പറേഷൻ തീയേറ്ററുകളാണുള്ളത്. ഇതിൽ രണ്ടെണ്ണം നവീകരിച്ച യൂണിറ്റാണ്. ബാക്കി അടിയന്തരമായി നവീകരിക്കാനുള്ള പ്രവർത്തനം നടന്നുവരികയാണ്. നേരത്തേ പറഞ്ഞ 157 കോടി രൂപയുടെ കെട്ടിടം പൂർത്തിയാകുന്ന മുറയ്ക്ക് ഏറ്റവും നവീനമായ 6 തിയേറ്ററുകൾകൂടി സജ്ജീകരിക്കും. പ്രോൺ ബയോപ്സി ടേബിളുകൾ സ്തനാർബുദ രോഗ ചികിത്സയ്ക്ക് അത്യാവശ്യമായ സന്ദർഭങ്ങളിൽ ഉപയോഗിക്കേണ്ട ഒരു ഉപകരണമാണ്. അത് അവിടെയുണ്ടായിരുന്നു. പക്ഷേ കേടായി കിടന്ന ആ ഉപകരണം ഉപയോഗിക്കാറില്ലായിരുന്നു. അതിന്റെ തകരാർ വളരെ പെട്ടെന്ന് തന്നെ പരിഹരിച്ച് സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ ഒരു ഭാഗമാണ് കൊളനോസ്കോപ്പി, എൻഡോസ്കോപ്പി സിസ്റ്റം, അതും അവിടെ കേടായി കിടക്കുകയായിരുന്നു. കേടായത് നന്നാക്കുക മാത്രമല്ല, പകരം രണ്ട് അത്യാധുനിക കൊളനോസ്കോപ്പുകൾ വാങ്ങി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

പാർട്ട് ടൈം കാർഡിയോളജിസ്റ്റ് മാത്രമേ അവിടെ ആവശ്യമുള്ളൂ. ഒരു കാർഡിയോളജിസ്റ്റിന്റെ തസ്തിക അവിടെ ക്രിയേറ്റ് ചെയ്യുന്ന കാര്യം വേണമെങ്കിൽ നമുക്ക് ആലോചിക്കാവുന്നതാണ്. ഇപ്പോൾ പ്രശ്നമൊന്നും വരുന്നില്ല. മെഡിക്കൽ കോളേജിൽ നിന്ന് ആവശ്യമുള്ള സമയത്ത് അവർ സേവനം ലഭ്യമാക്കുന്നുണ്ട്. അതുകൊണ്ട് വേറെ കുഴപ്പമൊന്നും വന്നിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സ്ഥിരമായി ഒരാളെ നിയമിക്കേണ്ടതുണ്ടോ എന്ന കാര്യം ആലോചിക്കാവുന്നതേയുള്ളൂ. എൻ.എ.ബി.എച്ച്. അംഗീകാരം കിട്ടിയ പൊതുമേഖലയിലെ ആദ്യത്തെ ക്യാൻസർ ചികിത്സാ കേന്ദ്രമാണ് ആർ.സി.സി. അതുകൊണ്ട് അതിനെ നമ്മൾ കുറച്ച്

കാണേണ്ട കാര്യമില്ല. എന്നാൽ ഇപ്പോൾ പറഞ്ഞതുപോലെ തിരക്ക് കൂടി വരുന്നതിനാൽ ആർ.സി.സി.-യെ വളരെയേറെ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഒരു വർഷം കൊണ്ട് ഈ ഗവൺമെന്റ് ചെയ്ത കാര്യങ്ങളാണ് ഞാൻ വിശദീകരിച്ചത്. ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് ആർ.സി.സി.യിൽ വിപ്ലവകരമായ മാറ്റമുണ്ടാകും. സംസ്ഥാനത്ത് ക്യാൻസർ ചികിത്സയിലും വിപ്ലവകരമായ മാറ്റമുണ്ടാക്കാൻ സാധിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. മുരളീധരൻ: സർ, ഏതായാലും നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളാണ് പറയാനുള്ളത്. ഒന്ന്, എക്യുപ്മെന്റ്സിന് കേടുവരുമ്പോൾ അത് യുദ്ധകാലാടിസ്ഥാനത്തിൽ റിപ്പയർ ചെയ്യാൻ കഴിഞ്ഞാൽ പകുതി പ്രശ്നങ്ങൾ അവസാനിക്കും. അതുകൊണ്ട് കേടുവന്ന എക്യുപ്മെന്റ്സ് റിപ്പയർ ചെയ്യാനുണ്ടാകുന്ന കാലതാമസം ഒഴിവാക്കണം. തിരക്ക് കുറയ്ക്കാൻ പ്രധാനപ്പെട്ട മാർഗ്ഗം എന്നുപറയുന്നത് മലബാർ ക്യാൻസർ സെന്ററിനെ നവീകരിച്ച് ശക്തിപ്പെടുത്തുക എന്നതാണ്. മലബാർ ക്യാൻസർ സെന്ററിന്റെ പരിസരത്തുള്ള പേഷ്യന്റ്സ് വരെ ഇവിടെ വരുന്നുണ്ട്. നവീകരിച്ചു കഴിഞ്ഞാൽ മലബാറിൽ നിന്നുള്ള രോഗികൾക്ക് യാത്ര ഒഴിവാക്കാനും അവിടെത്തന്നെ ചികിത്സയ്ക്ക് സൗകര്യമുണ്ടാവുകയും ചെയ്യും. ഈ കാര്യത്തിൽ ഗവൺമെന്റ് സത്വര ശ്രദ്ധ പതിപ്പിക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അത് വളരെ ശരിയാണ്. ആർ.സി.സി.-യിൽ മാത്രമല്ല മെഡിക്കൽ മേഖലയിലാകെ കുറേക്കാലമായി ഉപകരണം കേടായാൽ നന്നാക്കാതിരിക്കുകയാണ്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ അത്തരത്തിലുള്ളവ നന്നാക്കാനും നവീകരിക്കാനുമുള്ള പദ്ധതിക്ക് ഒരു കമ്പനിയുമായി കരാർ ഒപ്പിടുകയും മിക്കവാറും ഉപകരണങ്ങൾ വളരെ പെട്ടെന്ന് കേടുപാടുകൾ തീർത്ത് നന്നാക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ മലബാർ ക്യാൻസർ സെന്ററിനെ നവീകരിച്ചുകൊണ്ട് മലബാർ ഭാഗത്തുനിന്നുള്ള പേഷ്യന്റ്സിനെ അവിടെത്തന്നെ കേന്ദ്രീകരിക്കാൻ കഴിയും. അത് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നു. മദ്ധ്യകേരളത്തിൽ കൊച്ചിൻ ക്യാൻസർ സെന്റർ വരുന്നതോടുകൂടി ആർ.സി. സി.യുടെ ബർഡൻ കുറയ്ക്കാൻ സാധിക്കും.

ശ്രീ. വി. എസ്. ശിവകുമാർ: സർ, (മൈക്ക് ഓഫ്) തിരുവനന്തപുരം ആർ.സി.സി.യെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തുന്നതിന് 125 കോടി രൂപയുടെ ഒരു കേന്ദ്ര പദ്ധതിയുണ്ടായിരുന്നു. സംസ്ഥാന വിഹിതം അടയ്ക്കാത്തതുകൊണ്ട് അത് മുടങ്ങിക്കിടക്കുകയാണെന്ന് അറിയുന്നു. അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് പറയാമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഈ ഗവൺമെന്റ് ആർ.സി.സി.-യെ എല്ലാ തരത്തിലും നല്ല ഇൻസ്റ്റിറ്റ്യൂട്ടായി വളർത്തിയെടുക്കുന്നതിനുള്ള പരിശ്രമമാണ് ഇപ്പോൾ നടത്തുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പ്രത്യേക ചോദ്യമായി തന്നാൽ അതിന്റെ മറുപടി പറയാം.

# VI സബ്മിഷൻ

## (1) കടൽഭിത്തി നിർമ്മാണം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാനത്തെ കടലോരങ്ങൾ വലിയ ഭീഷണിയിലാണ്. കടലാക്രമണം കാരണം മത്സ്യത്തൊഴിലാളികളും സാധാരണ ജനങ്ങളും വളരെയേറെ ബുദ്ധിമുട്ട് നേരിടുകയാണ്. അങ്ങയുടെ നിയോജക മണ്ഡലമായ അഞ്ചുതെങ്ങ് അടക്കം തിരുവനന്തപുരം ജില്ലയിലും ആലപ്പുഴ ജില്ലയിൽ പ്രത്യേകിച്ചും വളരെ വ്യാപകമായ തോതിൽ കടൽക്ഷോഭം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലത്തിലെ സുനാമി ബാധിത പ്രദേശങ്ങളായ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകൾ രൂക്ഷമായ കടൽക്ഷോഭം നേരിടുകയാണ്. പുതിയ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കൊന്നും ഈ സർക്കാർ അനുമതി നൽകിയിട്ടില്ല. പാനൂർ, പതിയാങ്കര, വട്ടച്ചാൽ, പെരുമ്പള്ളി, ആറാട്ടുപുഴ എന്നീ സുനാമി ബാധിത പ്രദേശങ്ങളിൽ കടലാക്രമണം വ്യാപകമാകുന്നതുകൊണ്ട് മത്സ്യത്തൊഴിലാളികളും സാധാരണ ജനങ്ങളും പ്രയാസമനുഭവിക്കുകയാണ്. റോഡ് തന്നെ മുറിഞ്ഞു പോവുന്ന സ്ഥിതിയുണ്ട്. ഇങ്ങനെ പോയാൽ എന്റെ മണ്ഡലത്തിലെ ഒരു പഞ്ചായത്ത് തന്നെ ഇല്ലാതാവുന്ന സ്ഥിതി വരും. അടിയന്തരമായി പുലിമുട്ടുകൾ നിർമ്മിച്ചില്ലെങ്കിൽ ഈ പ്രദേശത്തെ നൂറുകണക്കിന് വീടുകളും മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങളും തകരും. റോഡ് പോലും തകർന്നില്ലാതാകും.

ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ വിവിധ സ്ഥലങ്ങളിലായി 43.74 കോടി രൂപയുടെ കടൽഭിത്തി, പുലിമുട്ട് എന്നിവ നിർമ്മിക്കാനുള്ള പ്രോജക്ടുകൾ കിഫ്ബിയ്ക്ക് അംഗീകാരത്തിനായി നൽകി എന്നാണറിയാൻ കഴിഞ്ഞത്. 'ഹരിപ്പാട് നിയോജകമണ്ഡലത്തിൽ കടലാക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വലിയഴീക്കൽ, പെരുമ്പള്ളി, വട്ടച്ചാൽ, ആറാട്ടുപുഴ, പതിയാങ്കര എന്നീ സ്ഥലങ്ങളിൽ ഐ.ഐ.ടി. ചെന്നൈയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കടൽത്തീര സംരക്ഷണത്തിനായി കടൽഭിത്തി, പുലിമുട്ട് എന്നിവയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്' എന്ന് അങ്ങ് ശ്രീ. അൻവർ സാദത്തിന്റെ 930-ാം നമ്പർ ചോദ്യത്തിന് മറുപടി നല്കിയിട്ടുണ്ട്. എന്നാൽ കടലാക്രമണം അനുഭവപ്പെടുന്ന ഹരിപ്പാട് മണ്ഡലത്തിലെ മറ്റ് പ്രദേശങ്ങളിൽ കടൽത്തീര സംരക്ഷണത്തിനാവശ്യമായ കോസ്റ്റൽ എഞ്ചിനീയറിംഗ് ഫീൽഡ് സ്റ്റഡീസും റിപ്പോർട്ടും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഇതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. കിഫ്ബിയിൽ ഈ പദ്ധതി ഏറ്റെടുത്തിട്ടില്ല. അങ്ങ് അസംബ്ലിയിൽ നല്കിയ മറുപടിയാണ് ഞാൻ നേരത്തെ വായിച്ചത്. എന്നാൽ ഇതുവരെ നടപ്പിലായിട്ടില്ല. (പാനൂർ-തൃക്കുന്നപ്പുഴ

7.30 കോടി രൂപ, ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് 10.50 കോടി രൂപ, തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് 15.23 കോടി രൂപ എന്നിങ്ങനെയാണുള്ളത്.) ചെന്നൈ ഐ.ഐ.ടി. പഠനം നടത്തി റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്. ഇത് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇക്കഴിഞ്ഞ ദിവസം കടലാക്രമണം രൂക്ഷമായി അനുഭവപ്പെട്ടു. ജൂൺ, ജൂലൈ മാസങ്ങളിൽ മഴക്കാലമായാൽ ഇത് വളരെ ശക്തമായ രീതിയിൽ ഉണ്ടാവുമെന്ന കാര്യം നമുക്ക് തള്ളിക്കളയാൻ കഴിയില്ല. ബഹുമാന്യയായ മത്സ്യബന്ധന വകുപ്പുമന്ത്രി പറയുന്നത് കടൽഭിത്തി നിർമ്മാണം വേണ്ട, അവിടെയുള്ള മത്സ്യത്തൊഴിലാളികളെ മാറ്റിപ്പാർപ്പിച്ചാൽ മതിയെന്നാണ്. അവയൊന്നും പ്രായോഗികമല്ല. മത്സ്യബന്ധനം ഉപജീവനമാക്കിയവർക്ക് മറ്റ് സ്ഥലങ്ങളിൽ വീട് നിർമ്മിച്ചു കൊടുക്കാമെന്ന് പറഞ്ഞാലും അവർ മറ്റെവിടെയും പോയി താമസിക്കുകയില്ല. പുലിമുട്ടുകളുടെ നിർമ്മാണവും കടൽഭിത്തികളുടെ നിർമ്മാണവും പെട്ടെന്നുതന്നെ നടത്തണമെന്നാണ് എന്റെ അഭ്യർത്ഥന. കടൽ ഭിത്തിയിട്ട സ്ഥലങ്ങളിൽ തന്നെ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് കല്ലുകൾ റിവൈവ് ചെയ്തെടുത്ത് കടൽ ഭിത്തി നിർമ്മിക്കാൻ സാധിക്കും. പുതിയ കല്ലുകളില്ലാതെ തന്നെ പഴയ കടൽഭിത്തിയുടെ മെയിന്റനൻസ് നടത്തിയാൽ ഇതിന് പരിഹാരമുണ്ടാക്കാൻ സാധിക്കും. ആയതിനാൽ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി അടിയന്തരമായി ഇടപെടണം. എന്റെ മണ്ഡലത്തിൽ മാത്രമല്ല ചിറയൻകീഴ് നിയോജക മണ്ഡലത്തിലും, വലിയതുറ, എറണാകുളം ഉൾപ്പെടെയുള്ള സ്ഥലങ്ങളിലും ഈ പ്രശ്നം രൂക്ഷമാണ്. ഇത് ഗൗരവമായെടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്): സർ, ആലപ്പുഴ ജില്ലയിലെ തീരപ്രദേശങ്ങളിൽ കടലാക്രമണം താരതമ്യേന ശക്തമായി എല്ലാ വർഷവും ഉണ്ടാകാറുണ്ട്. അദ്ദേഹം മറ്റ് പ്രദേശങ്ങളിലെ പ്രശ്നങ്ങളും ചൂണ്ടിക്കാണിച്ചു. ഈ പ്രശ്നം വളരെ രൂക്ഷമായി ജൂൺ, ജൂലൈ മാസങ്ങളിൽ അനുഭവപ്പെടാറുണ്ട്. ഇവയിൽ കൂടുതലും സുനാമി ബാധിത പ്രദേശങ്ങളാണ്. പ്രത്യേകിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ മണ്ഡലത്തിലെ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിൽ അതിരൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്നുണ്ട്. ആറാട്ടുപുഴ പഞ്ചായത്തിൽ വലിയഴീക്കലിൽ 180 മീറ്റർ കടൽ ഭിത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചു. തുടർന്നുള്ള 400 മീറ്റർ ഭാഗത്ത് ജിയോ സിസ്റ്റം ഉപയോഗിച്ചുള്ള 4 പുലിമുട്ട് ശൃംഖലയുടെ നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതിനെത്തുടർന്നുള്ള 600 മീറ്റർ നീളത്തിൽ തീര സംരക്ഷണത്തിനായി 5 പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. കാർഗിലിൽ 600 മീറ്റർ നീളത്തിലും, പെരുമ്പള്ളിയിൽ 600 മീറ്റർ നീളത്തിലും 4 പുലിമുട്ടുകൾ വീതം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പെരുമ്പള്ളിയിൽ 300 മീറ്റർ നീളത്തിൽ പുതിയ കടൽ ഭിത്തിക്കും 200 മീറ്റർ

നിലവിലുള്ള കടൽ ഭിത്തിയുടെ പുനരുദ്ധാരണത്തിനും ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആറാട്ടുപുഴ പഞ്ചായത്തിൽ 12 പുലിമുട്ടുകളുടെ നിർമ്മാണം നബാർഡിന്റെ ധനസഹായത്തോടെ പൂർത്തിയായിട്ടുണ്ട്. ഐ.ഐ.ടി. പഠന റിപ്പോർട്ട് പ്രകാരം ശക്തമായ കടലാക്രമണം നേരിടുന്ന വട്ടച്ചാലിൽ 1.80 കി.മീ നീളത്തിൽ 16 പുലിമുട്ട് ശൃംഖലയും, ആറാട്ടുപുഴ ജംഗ്ഷനിൽ 1.20 കി.മീ. നീളത്തിൽ 21 പുലിമുട്ട് ശൃംഖലയുമുള്ള നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. കടലാക്രമണം നേരിടാനായി പ്ലാൻ ഫണ്ടിൽ വർഷങ്ങളായി വെറും 42 ലക്ഷം രൂപ മാത്രമാണ് വകയിരുത്താറുള്ളത്. അതുകൊണ്ടാണ് ഇത്തവണ പ്രധാന നിർമ്മാണങ്ങൾക്കുവേണ്ടി കിഫ്ബിയുടെ സഹായത്തിനായി നീങ്ങിയത്. വലിയഴീക്കൽ തറയിൽ കടവ് പ്രദേശത്ത് 150 മീറ്റർ നീളത്തിൽ നിലവിലുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണം അത്യാവശ്യമായതിനാൽ ഈ പ്രദേശത്ത് ഐ.ഐ.ടി., സി.ഡബ്ല്യൂ.പി.ആർ.എസ്.-ന്റെ പഠനം നടത്താനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. തൃക്കുന്നപ്പുഴ പഞ്ചായത്തിൽ 700 മീറ്റർ നീളത്തിൽ കടൽ ഭിത്തിയുടെ പുനർ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 200 മീ. കടൽ ഭിത്തിയുടെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു. അതിരൂക്ഷമായ കടലാക്രമണം നേരിടുന്നതിനായി പതിയാങ്കരയിൽ 1.50 കി.മീ നീളത്തിൽ ഐ.ഐ.ടി പഠന റിപ്പോർട്ട് പ്രകാരം 13 പുലിമുട്ടുകളുടെ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പാനൂരിൽ ഐ.ഐ.ടി. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 650 ലക്ഷം രൂപ അടങ്കലിൽ 300 മീറ്റർ കടൽ ഭിത്തിക്കുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്. നിരവധി പദ്ധതികൾ ഏറ്റെടുത്തെങ്കിലും നമ്മുടെ സാമ്പത്തിക ലഭ്യത വച്ച് പരമാവധി പ്രവൃത്തികൾ ചെയ്യാൻ ശ്രമിക്കുന്നതാണ്. ബജറ്റിൽ ഇതിന്റെ അലോക്കേഷൻ കുറവാണ് എന്നതുകൊണ്ടാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്യുന്നത്. അങ്ങയുടെ മണ്ഡലത്തിലടക്കമുള്ള പൊതുവായ പ്രശ്നമാണ്. സാധാരണയായുള്ള കല്ലിടീൽ ഈ പ്രശ്നത്തിന് പരിഹാരമല്ല. എന്നുമാത്രമല്ല കല്ലിട്ട് കടൽക്ഷോഭത്തെ പ്രതിരോധിക്കുന്ന നടപടികൾക്ക് സി.ടി.ഇ. ചില നിബന്ധനകൾ വച്ചിട്ടുണ്ട്. ആ നിബന്ധനകൾ പാലിച്ചുകൊണ്ട് ആ പ്രവൃത്തി ചെയ്യാൻ കരാറുകാർ തയ്യാറാകുന്നില്ല. കല്ലിട്ടു എന്ന് പറയുന്നതല്ലാതെ കല്ല് എവിടെ എന്ന് ചോദിച്ചാൽ കടലിൽ പോയെന്നാവും ഉത്തരം. ആയതിനാൽ ക്രമക്കേടുകൾ നടക്കുന്ന ഒരു മേഖലയായി ഫിനാൻസ് ഡിപ്പാർട്ട്മെന്റിലെ സി.ടി.ഇ. ഇത് കണ്ടെത്തിയിട്ടുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഒരു വിദേശി ആരും പറയാതെ എന്റെ മണ്ഡലത്തിലെ പല്ലനയിൽ വന്ന് മണ്ണുകൊണ്ടുതന്നെ പുതിയ ടെക്നോളജി ഉപയോഗിച്ച് പുലിമുട്ട് നിർമ്മിച്ചു. ഡിപ്പാർട്ട്മെന്റോ മറ്റുള്ളവരോ കാശൊന്നും നൽകിയിട്ടില്ല.

വളരെ ഇഫക്ടീവായി കഴിഞ്ഞ ഒരു വർഷമായി അതവിടെ നിൽക്കുകയാണ്. അക്കാര്യം ഡിപ്പാർട്ട്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി പഠനം നടത്തണം. അവിടത്തെ ജനങ്ങൾക്ക് അതനുഭവവേദ്യമായ കാര്യമാണ്. അത് പരിശോധിച്ച് ആ മാർഗ്ഗം സ്വീകരിക്കാൻ പറ്റുമെങ്കിൽ നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. മാത്യു. ടി. തോമസ്: സർ, നമുക്ക് ഈ മേഖലയിൽ പുതിയ സാങ്കേതിക വിദ്യയുടെ ആവശ്യമുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ച പദ്ധതി ഫലപ്രദമാണെന്ന് കണ്ടെത്തിയാൽ അത് വ്യാപിപ്പിക്കാം, അക്കാര്യം പ്രത്യേകമായി പരിശോധിക്കാം.

### (2) എം.എൽ.എ.യുടെ ഓഫീസ് ആക്രമിക്കപ്പെട്ട സംഭവം

ശ്രീ. ഒ. രാജഗോപാൽ: സർ, ഈ കഴിഞ്ഞ ശനിയാഴ്ച 6-ാം തീയതി രാത്രി 12.30-നും 1.30-നും ഇടയിലുള്ള സമയം, 7-ാം തീയതി എന്നും പറയാം, നടന്ന സംഭവമാണ് ഉന്നയിക്കുന്നത്. എന്റെ നിയോജകമണ്ഡലമായ നേമത്തുള്ള എം.എൽ.എ. ഓഫീസ്, അത് പാർട്ടിയുടെ ഓഫീസുകൂടിയായാണ് പ്രവർത്തിച്ചു വരുന്നത്. അവിടെ പാർട്ടി പ്രവർത്തകർ 12.30 വരെ ഇരുന്ന്, പല പ്രവർത്തനങ്ങളുടെയും ഡിസ്കഷനെല്ലാം കഴിഞ്ഞ് പിരിഞ്ഞുപോയതിനുശേഷം പതിനഞ്ച് മിനിട്ട് കഴിഞ്ഞ് കുറച്ച് ആളുകൾ റോഡിൽ നിന്നും ഓഫീസിലേയ്ക്ക് കല്ലെറിയുന്നുണ്ടെന്ന വിവരം അടുത്ത വീട്ടിൽനിന്നും ഫോണിൽ അറിയിക്കുകയുണ്ടായി. അടുത്ത അഞ്ച് മിനിറ്റിനുള്ളിൽ അക്രമികൾ മതിൽ ചാടി അകത്ത് വന്നശേഷം ബി.ജെ.പി.യുടെ ബോർഡും ജനൽചില്ലുകളും തകർത്തിരിക്കുന്നുവെന്ന് വീണ്ടും ഫോൺ വന്നു. ബി.ജെ.പി പ്രവർത്തകർ രാത്രി വൈകി അവിടെ പോയി പരിശോധിച്ചപ്പോൾ ഇതിന്റെ ബാക്ക് ഗ്രൗണ്ട് എന്താണെന്നും, ഇതിന്റെ പിന്നിൽ ആരൊക്കെയുണ്ടെന്ന കാര്യങ്ങളും മനസ്സിലായി. ഇതിന്റെ പ്രാന്ത പ്രദേശങ്ങളിൽ കഴിഞ്ഞ കുറേ ദിവസങ്ങളായി രണ്ട് മൂന്ന് സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അതിലൊന്ന് വെള്ളായണി ക്ഷേത്രത്തിലെ ഉത്സവവുമായി ബന്ധപ്പെട്ട് കൊടി സ്ഥാപിക്കുന്നതിനെ സംബന്ധിച്ചുള്ളതായിരുന്നു. അവിടെ ദേവിയുടെ ചിത്രം വച്ചുള്ള കാവിക്കൊടി നാട്ടിയപ്പോൾ, അത് മാറ്റണമെന്ന് പറഞ്ഞുകൊണ്ട് അവിടെ ഡി.വൈ.എഫ്.ഐ.ക്കാരും മറ്റ് മതസ്ഥരായ പ്രവർത്തകരും വന്ന്, ഡി.വൈ.എഫ്.ഐ. കൊടി നിർബന്ധിച്ച് കെട്ടുകയും അതുമായി ബന്ധപ്പെട്ട് പ്രശ്നങ്ങളുണ്ടാവുകയും ചെയ്തിരുന്നു. അതുകൊണ്ടാണ് ഇതെങ്ങനെ സംഭവിച്ചതാണെന്നും ആരാണ് ഇതിന്റെ പിറകിലുള്ളതെന്നും ഞങ്ങൾക്ക് മനസ്സിലായത്. വെള്ളായണിയിലും പാപ്പനംകോട്ടും കാലടിയിലും ഇതുപോലുള്ള സംഘർഷങ്ങൾ ഉണ്ടായിട്ടുണ്ട്. ഓഫീസ് ആക്രമിച്ച കാര്യത്തെ സംബന്ധിച്ച് രണ്ട് മൂന്ന് അനുഭവങ്ങൾ ഏതാനും മാസങ്ങൾക്കകമുണ്ടായി. ബി.ജെ.പി.യുടെ സ്റ്റേറ്റ് ഓഫീസ് ടൗണിലേയ്ക്ക് മാറ്റിയ

അവസരത്തിൽ ആ ഓഫീസ് തുറന്ന് ഏതാനും ദിവസങ്ങൾക്കകംതന്നെ രാത്രിയിൽ വന്ന് ബോംബെറിഞ്ഞ് ചില്ലുകളെല്ലാം തകർത്ത സംഭവമുണ്ടായി. അതിനെക്കുറിച്ച് പരാതി നൽകിയപ്പോൾ അന്നുണ്ടായിരുന്ന പോലീസ് തലവൻ പറഞ്ഞത് ഞങ്ങൾ പ്രതികളെയെല്ലാം കണ്ടെത്തിയിട്ടുണ്ട് ഉടനെ ആക്ഷനുണ്ടാവുമെന്നാണ്. എന്നാൽ ഇതുവരെയും ഒരു ആക്ഷനും ഉണ്ടായിട്ടില്ല, ആരുടെ പേരിലും കേസ്സെടുത്തിട്ടുമില്ല. അതുപോലെ ഒരു കോർപ്പറേഷൻ കൗൺസിലറുടെ ഓഫീസും ഇടതുപക്ഷ പ്രവർത്തകർ തകർക്കുകയുണ്ടായി. അതിലും കേസ്സെടുത്തിട്ടില്ല. ഇപ്പോൾ എം. എൽ. എ.യുടെ ഓഫീസും തകർത്തു കഴിഞ്ഞു. മാത്രമല്ല കേന്ദ്ര ഗവൺമെന്റിന്റെ അച്ചീവ്മെന്റ്സ് സംബന്ധിച്ച വലിയ ബോർഡ് വച്ചിരുന്നതും എറിഞ്ഞു തകർത്തിട്ടുണ്ട്. അതിനപ്പുറത്തുണ്ടായിരുന്ന കാറും തകർത്തിട്ടുണ്ട്. ഈ സാഹചര്യങ്ങളുണ്ടായപ്പോഴാണ് ഞങ്ങൾ ആശങ്കയിലായത്. ഞാൻ ഇന്നലെ 8 മണിക്ക് ആഫീസിൽ പോയപ്പോൾ രണ്ട് പോലീസ് ഉദ്യോഗസ്ഥർ വരികയും ഇവിടെ ബി.ജെ.പി.യുടെ ഓഫീസ് ഉള്ള കാര്യം അറിയില്ല എന്ന രീതിയിൽ സംസാരിക്കുകയും ചെയ്തു. ഈ രീതിയിലാണ് കാര്യങ്ങൾ നടക്കുന്നത്. ഞങ്ങളുടെ അന്വേഷണത്തിൽ മനസ്സിലായത് ആ ഉദ്യോഗസ്ഥർ ഭരണകക്ഷിയിലെ ഒരു പാർട്ടിയുടെ പ്രവർത്തകരും ചുമതലപ്പെട്ട ആളുകളുമാണെന്നാണ്. അവരിൽ നിന്ന് നീതി കിട്ടുമെന്ന് പ്രതീക്ഷയില്ല. അതുകൊണ്ടാണ് കുറച്ച് ദിവസങ്ങൾക്കുള്ളിൽ പാർട്ടി ഓഫീസുകൾ ആക്രമിക്കുന്ന സാഹചര്യമുണ്ടായത്. ഇത് തികച്ചും തെറ്റാണ്. അതിന് പരിഹാരമുണ്ടാക്കാനുള്ള ചുമതല ഗവൺമെന്റിനുണ്ട്. അഭിപ്രായങ്ങളും അഭിപ്രായ വ്യത്യാസങ്ങളുമുള്ള ആളുകൾക്കും ജനാധിപത്യ രീതിയിൽ പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം ഭരണഘടന ഉറപ്പുവരുത്തിയിട്ടുണ്ട്. അത് നടപ്പിലാക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രശ്നം, അദ്ദേഹം ഉന്നയിച്ച രീതിയിലുള്ളതാണോയെന്ന് സംശയിക്കത്തക്ക റിപ്പോർട്ടാണ് എനിക്ക് ലഭിച്ചിട്ടുള്ളത്. 7-5-2017-ന് രാവിലെ 8 മണിക്ക് പാപ്പനംകോട് നീറമൺകര എൻ.എസ്.എസ്. കോളേജ് റോഡിലെ ടി.സി. 55/1381 നമ്പർ വാടക വീട്ടിൽ താമസിക്കുന്ന അനിൽ കുമാർ എന്നയാൾ സ്റ്റേഷനിൽ ഹാജരായി നൽകിയ പരാതി പ്രകാരം കേസ്സെടുത്ത് അന്വേഷണം നടത്തിവരികയാണ്. പരാതിയിൽ പറയുന്നത്, 7-5-2017-ന് പുലർച്ചെ ഒരു മണിയോടെ, അതായത് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ആറാം തീയതി രാത്രി സമയത്ത് ബൈക്കിലെത്തിയ നാലോളംപേർ അദ്ദേഹം താമസിക്കുന്ന വീട്ടിൽ അതിക്രമിച്ച് കയറി ബെഡ് റൂമിലെ ജനൽ ഗ്ലാസ്സ് കല്ലെറിഞ്ഞ് പൊട്ടിക്കുകയും കാറിന്റെ ഗ്ലാസ്സുകൾ കേടുവരുത്തുകയും ചെയ്തു. മുപ്പതിനായിരം രൂപയുടെ നഷ്ടമുണ്ടാക്കി. പരാതിയിൽപ്പറയുന്ന വീടിന്റെ താഴത്തെനില ബഹുമാനപ്പെട്ട ഒ. രാജഗോപാൽ,

എം.എൽ.എ.-യുടെ ഓഫീസ് ആയാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത കെട്ടിടത്തിന്റെ മുൻവശത്തെ ജനൽ ഗ്ലാസ്സ് പൊട്ടിച്ചതായും ഫ്ലക്സ് ബോർഡിന് ചെറിയ കീറലുകൾ ഉണ്ടാക്കിയതായും പറയുന്നുണ്ട്. മലയിൻകീഴ് മടത്തിൻകരയിൽ താമസിക്കുന്ന ഒ. എച്ച്. സുനിൽ കുമാർ, കഴക്കൂട്ടം മുള്ളുവിളയിൽ താമസിക്കുന്ന ജയകുമാർ, വലിയറത്തല സ്വദേശി ബിജു എന്നിവർ ചേർന്നാണ് കൃത്യം ചെയ്തിട്ടുള്ളതെന്ന് സംശയമുള്ളതായും മറ്റും മൊഴിയിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കരമന പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 447, 452, 427, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 705/2017 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇത് സംബന്ധിച്ച് മറ്റ് പരാതികളൊന്നും പോലീസിന് ലഭിച്ചിട്ടില്ല. പ്രാഥമിക അന്വേഷണത്തിൽ ഈ കേസിലെ ആവലാതിക്കാരൻ അനിൽ കുമാറും പ്രതിസ്ഥാനത്ത് സംശയിക്കുന്ന സുനിൽ കുമാറും ഉൾപ്പെട്ട കേസ്സുകളും പരാതികളും നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. സുനിൽ കുമാറിന് വിദേശ നിർമ്മിത കാർ വാങ്ങി നൽകാമെന്ന് പറഞ്ഞ് നാലുലക്ഷം രൂപ വാങ്ങി വഞ്ചിച്ചതിന് അനിൽ കുമാറിനെതിരെ മലയിൻകീഴ് പോലീസ് സ്റ്റേഷനിൽ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ആവലാതിക്കാരൻ അനിൽ കുമാറിന് ധാരാളം ആളുകളുമായി സാമ്പത്തിക ഇടപാടുകളുള്ളതായും അതുമായി ബന്ധപ്പെട്ട് മുൻവൈരാഗ്യമുള്ളതായും വ്യക്തമായിട്ടുണ്ട്. ആയതിനാൽ എം.എൽ.എ.-യുടെ ഓഫീസ് ലക്ഷ്യമാക്കിയുള്ള ആക്രമണമല്ല, അനിൽ കുമാറിന്റെ താമസസ്ഥലം ലക്ഷ്യമാക്കിയുള്ള ആക്രമണമാണ് ഉദ്ദേശിച്ചതെന്ന് സാഹചര്യത്തെളിവുകളിൽ നിന്ന് വ്യക്തമാകുകയാണ്. ആ ഓഫീസിന് മുമ്പിലുണ്ടായിരുന്ന കൊടിതോരണങ്ങൾക്കോ മറ്റ് അലങ്കാരങ്ങൾക്കോ ഒരു നാശനഷ്ടവുമുണ്ടായിട്ടില്ല എന്നതും ഇക്കാര്യം വ്യക്തമാക്കുന്നു. ഈ കേസ്സിൽ സംശയിക്കുന്നവരുടെ മൊബൈൽ ഫോൺകോൾ വിവരങ്ങളും സമീപപ്രദേശത്തെ സി.സി.ടി.വി. ദൃശ്യങ്ങളും പരിശോധിച്ച് സംഭവത്തിന്റെ നിജസ്ഥിതി അറിയുന്നതിനും പ്രതികളെ കണ്ടെത്തുന്നതിനുമുള്ള ഊർജ്ജിത ശ്രമങ്ങൾ പോലീസ് നടത്തിവരികയാണ്. ഇക്കാര്യത്തിൽ നീതികിട്ടുമെന്ന് ഉറപ്പിക്കാവുന്നതാണ്. ബഹുമാനപ്പെട്ട അംഗത്തിന് ഒരു വിപരീത പ്രതീക്ഷ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതില്ല.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, മുമ്പുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇത് പറയുന്നത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇവിടെ സംഭവിച്ചിരിക്കുന്നത്, ബഹുമാനപ്പെട്ട അംഗത്തിന്റെ ഓഫീസ് ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു നീക്കമല്ലെന്നാണ് തോന്നുന്നത്.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, രാഷ്ട്രീയ പ്രവർത്തനത്തിന് തടസ്സം ഉണ്ടാക്കുന്ന രീതിയിൽ ഇതിനെ ലഘൂകരിച്ച് കാണുന്നത് ശരിയല്ല. (മൈക്ക് ഓഫ്)

ശ്രീ. പിണറായി വിജയൻ:സർ, 'നാറിയവനെ തൊട്ടാൽ തൊട്ടവനും നാറും' എന്നുള്ള പഴഞ്ചൊല്ലുണ്ട്. അതുപോലെ ക്രിമിനൽ കുറ്റവാസനയുള്ള ഒരാൾക്കുനേരെ അക്രമമുണ്ടായപ്പോൾ അതിന്റെ താഴെയായിപ്പോയി അങ്ങയുടെ ഓഫീസ് എന്നതുകൊണ്ട് വന്നിട്ടുള്ള കാര്യമാണിത്. ജനാധിപത്യ പ്രക്രിയയെ ഒരു തരത്തിലും ഇത് പ്രതികൂലമായി ബാധിക്കില്ല. ഇക്കാര്യത്തിൽ ശക്തമായ നടപടിയുണ്ടാകും.

ശ്രീ. ഒ. രാജഗോപാൽ: സർ, സി.ഐ.-ക്ക് മുകളിലുള്ള രണ്ട് പോലീസ് ഉദ്യോഗസ്ഥർ ഞങ്ങളെ നിരന്തരം എതിർക്കുന്ന പാർട്ടിയുടെ സജീവപ്രവർത്തകരാണ്. പോലീസ് സംഘടനയുടെ ചുമതലവഹിച്ചുകൊണ്ട് അവരുടെ കാര്യങ്ങൾ നോക്കുന്നതാണ്. ഇതിന് ഒരു തെളിവ് ഞാൻ പറയാം, ഇന്നലെ രാത്രിയാണ് സംഭവമുണ്ടായത്. ജനങ്ങൾ സംഭവം എന്താണെന്ന് അറിയുന്നതിനുമുമ്പ് ഇത് വേറെന്തോ കാര്യമാണെന്നും എന്നെപ്പറ്റി മോശമായി പറഞ്ഞതുൾപ്പെടെയുള്ള എല്ലാ വിവരങ്ങളും ദേശാഭിമാനി പത്രത്തിൽ വന്നിരിക്കുന്നു. ഈ ആക്രമണം ബോധപൂർവ്വം നടത്തിയതാണെന്നാണ് എനിക്ക് പത്രം വായിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്. പോലീസ് ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം ഒരു നിഗമനത്തിൽ എത്തിച്ചേരാൻ പാടില്ലെന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് പറയാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, അങ്ങയെപ്പോലെയുള്ള ഒരാൾ ഇത്തരത്തിൽ പരാമർശിക്കുന്നത് ദൗർഭാഗ്യകരമാണ്. പോലീസ് ഉദ്യോഗസ്ഥർക്ക് രാഷ്ട്രീയപ്രവർത്തനം നടത്താനുള്ള ഒരു അവകാശവുമില്ല. ഒരു രാഷ്ട്രീയപ്രവർത്തനത്തിന്റെയും ഭാഗമായല്ല അവർ കാര്യങ്ങൾ നീക്കുന്നത്. ചില ആളുകളോട് നമുക്ക് സ്വാഭാവികമായും പ്രതിപത്തിയുണ്ടാകാം. അതിന്റെ ഭാഗമായി പ്രത്യേക ആരോപണങ്ങൾ അവരുടെ മേൽ ചാർത്തിക്കെട്ടുന്നത് നല്ലതല്ല. എന്തെങ്കിലും വീഴ്ച പറ്റിയിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കാം. അത് പരിശോധിക്കുന്നതിന് വിഷമമില്ല. അങ്ങയുടെ ഓഫീസിന് മുകളിൽ പലതരത്തിലുള്ള സാമ്പത്തിക ഇടപാടുകളിൽപ്പെട്ടിരിക്കുന്ന ഇത്തരമൊരാൾ താമസിക്കുമ്പോൾ അതിന്റെ ഭാഗമായുള്ള പ്രശ്നങ്ങളുണ്ടാകും. അവർ തമ്മിലുള്ള പ്രശ്നങ്ങളുടെ ഭാഗമായി സംഭവിക്കാൻ പാടില്ലാത്തൊരു കാര്യം സംഭവിച്ചു. അതാണ് യഥാർത്ഥത്തിലുണ്ടായതെന്നാണ് മേൽ വിവരിച്ച കാര്യങ്ങളിൽനിന്ന് മനസ്സിലാകുന്നത്. അവിടെ സംഭവിക്കാൻ പാടില്ലാത്തത് സംഭവിച്ചുവെന്നുള്ളത് വസ്തുതയാണ്. ജനാധിപത്യത്തിന് ഒരു കോട്ടവും നമ്മുടെ സംസ്ഥാനത്ത് സംഭവിക്കില്ലെന്ന് ഉറപ്പിച്ച് കരുതാവുന്നതാണ്. അത്തരത്തിലുള്ള എന്തെങ്കിലും സംഭവങ്ങളുണ്ടെങ്കിൽ സർക്കാർ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

## (3) ഫയർ സ്റ്റേഷൻ

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, വള്ളിക്കുന്ന് നിയമസഭാമണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. ഏറെ ജനസാന്ദ്രതയുള്ളതും നിരവധി വ്യാപാര സ്ഥാപനങ്ങൾ, കോഴിക്കോട് വിമാനത്താവളം, ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ബോട്ട്ലിംഗ് പ്ലാന്റ്, കിൻഫ്ര തുടങ്ങിയ ഒട്ടേറെ പ്രധാനപ്പെട്ട സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്നതുമായ ഒരു നിയമസഭാമണ്ഡലമാണ് വള്ളിക്കുന്ന്. അവിടെ എന്തെങ്കിലും അത്യാപത്ത് സംഭവിക്കുകയാണെങ്കിൽ തിരൂർ, മലപ്പുറം പോലുള്ള ഇടങ്ങളിൽനിന്നോ അല്ലെങ്കിൽ ഏകദേശം 30 കിലോമീറ്റർ അകലെയുള്ള കോഴിക്കോട് നിന്നോ വേണം ഫയർ എഞ്ചിൻ എത്തേണ്ടത്. മാത്രമല്ല, എപ്പോഴും അപകട സാദ്ധ്യതയുള്ള ഒരു സ്ഥാപനമാണ് ഐ.ഒ.സി. ബോട്ട്ലിംഗ് പ്ലാന്റ്. ആയതിനാൽ അതീവഗുരുതരമായ ഈ സ്ഥിതിവിശേഷം മനസ്സിലാക്കി, വള്ളിക്കുന്ന് നിയമസഭാമണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ നിലവിൽ ഫയർ സ്റ്റേഷനില്ലെന്നത് വസ്തുതയാണ്. ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുള്ള ഏജൻസിയായ ക്രിസ്പ് മാനേജ്മെന്റ് സൊല്യൂഷൻ ഓഫ് ഇന്ത്യയുടെ റിപ്പോർട്ടിൽ വള്ളിക്കുന്ന് ഉൾപ്പെടുന്നുമില്ല. പുതിയതായി ഫയർ ആന്റ് റെസ്ക്യൂ നിലയം ആരംഭിക്കുന്നതിനുള്ള മുൻഗണനാ പട്ടികയിൽ വള്ളിക്കുന്ന് മണ്ഡലത്തിലെ ഒരു സ്ഥലവും ഉൾപ്പെട്ടിട്ടില്ല. ബഹുമാന്യനായ അംഗം ഉന്നയിച്ച രീതിയിൽ സാദ്ധ്യതയുണ്ടോയെന്ന് പരിശോധി ക്കാവുന്നതാണ്.

## (4) കോൾ നിലങ്ങളിലെ കൃഷി സംരക്ഷണം

ശ്രീ. മുരളി പെരുനെല്ലി: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ മണ്ഡലമുൾപ്പെടെ തൃശ്ശൂർ ജില്ലയിലെ ഏഴ് മണ്ഡലങ്ങളിൽ വ്യാപിച്ചുകിടക്കുന്ന 30000 ഏക്കർ കോൾ നിലങ്ങളിലെ കൃഷി സംരക്ഷിക്കണമെന്നതാണ് ഈ സബ്മിഷനിലെ പ്രധാനപ്പെട്ട ആവശ്യം. ഈ നിലങ്ങളിൽ ഉപ്പുവെള്ളം കയറാതിരിക്കാൻ ഏനാമാക്കൽ, ഇടിയഞ്ചിറ, മുനിയം തുടങ്ങിയ ഇരുപത്തിയെട്ടോളം താൽക്കാലിക ചിറകൾ സമയബന്ധിതമായി നിർമ്മിക്കേണ്ടതുണ്ട്. കിലോമീറ്ററുകൾ നീണ്ടുകിടക്കുന്ന കനാലുകളിൽ ചണ്ടി വന്നുമൂടി നീരൊഴുക്ക് തടസ്സപ്പെടുന്ന സ്ഥിതിവിശേഷവുമുണ്ട്. ഇതെല്ലാം തുലാവർഷം കഴിഞ്ഞാലുടൻ ചെയ്യേണ്ട കാര്യങ്ങളാണ്. കഴിഞ്ഞ വർഷം രണ്ടര കോടി രൂപയാണ് ബജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നത്. അന്നും ഇതുപോലെ സബ്മിഷൻ ഉന്നയിക്കുകയും അഡീഷണലായി രണ്ടര കോടി രൂപ അനുവദിക്കുകയും

ചെയ്തിരുന്നു. ബണ്ട് നിർമ്മാണത്തിൽ കഴിഞ്ഞ വർഷം കാലതാമസമുണ്ടായതിന്റെ ഫലമായി വൻതോതിൽ കൃഷി നാശം സംഭവിക്കുകയുണ്ടായി. ഉപ്പുവെള്ളം കയറി പാടശേഖരം പൂർണ്ണമായിത്തന്നെ നശിക്കുന്ന സ്ഥിതിവിശേഷമാണുണ്ടായത്. ഈ വർഷവും കൃഷിനാശം സംഭവിക്കാനുള്ള എല്ലാ സാദ്ധ്യതയും നിലനിൽക്കുകയാണ്. അതുകൊണ്ട് ഈ വിഷയത്തിൽ അടിയന്തരമായി ഇടപെടേണ്ടതാണ്. ഇപ്പോൾ ബജറ്റിൽ അനുവദിച്ചിട്ടുള്ള തുകയ്ക്കുപുറമേ അടിയന്തരമായി രണ്ടര കോടി രൂപ കൂടി അനുവദിക്കേണ്ടതാണ്. ചീഫ് എഞ്ചിനീയർ തയ്യാറാക്കി സബ്ജക്ട് കമ്മിറ്റിക്ക് അയച്ച കുറിപ്പിൽ നിലവിലുള്ള തുക പര്യാപ്തമല്ലെന്ന് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഡിസംബർ 15-നുമുമ്പ് ചിറ കെട്ടേണ്ടതാണ്. അതിനായി ഇപ്പോൾത്തന്നെ തുക അനുവദിച്ച് ടെണ്ടർ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കേണ്ടതുണ്ട്. അതിനായി രണ്ടര കോടി രൂപ അനുവദിക്കണമെന്നതാണ് എന്റെ സബ്മിഷനിലെ പ്രധാന വിഷയം. കൃഷി വകുപ്പുമന്ത്രികൂടി ഇതിനോട് പ്രതികരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, തൃശ്ശൂർ ജില്ലയിലെ 30000 ഏക്കർ കോൾ നിലങ്ങളിലെ നെൽക്കൃഷി സംരക്ഷിക്കുന്നതിനായി ഏനാമാക്കൽ, ഇടിയഞ്ചിറ, മുനിയം തുടങ്ങിയ താൽക്കാലിക ചിറകൾ നിർമ്മിക്കുന്നതിനും നീരൊഴുക്കിന് തടസ്സമായ കുളവാഴ, ചണ്ടി എന്നിവ നീക്കുന്നതിനും സാധാരണപോലെ ഈ വർഷവും രണ്ടര കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കോൾ നിലങ്ങളിലെ ചാലുകളിലൂടെയുള്ള നീരൊഴുക്കിലെ തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനും റഗുലേറ്റർ ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ഈ തുക മതിയാകില്ല. കഴിഞ്ഞ വർഷം അധിക വിനിയോഗത്തിനായി കൂടുതൽ തുക അനുവദിച്ചുകിട്ടി. നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന കുളവാഴ, ചണ്ടി എന്നിവ നീക്കം ചെയ്യുന്നതിനും കോൾ നിലങ്ങളിലെ ചാലുകളിൽ ആവശ്യമായ അറ്റകുറ്റപ്പണികൾക്കും റഗുലേറ്റർ ഷട്ടറുകളുടെ റിപ്പയറിംഗ് പണികൾക്കുമായി അധികമായി ഏഴര കോടി രൂപ അനുവദിക്കണമെന്ന് സബ്ജക്ട് കമ്മിറ്റിയുടെ ധനാഭ്യർത്ഥനയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മുനിയത്തെ സ്ഥിരം സംവിധാനമായ റഗുലേറ്റർ കം ബ്രിഡ്ജ് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മീറ്റിംഗ് വിളിച്ചുകൂട്ടി ഈ പ്രശ്നങ്ങൾ ചർച്ച ചെയ്തിരുന്നു. കുളവാഴ, ചണ്ടി മുതലായവ നീക്കം ചെയ്യാൻ എല്ലാവർഷവും ടെണ്ടർ വിളിക്കാതെ തുടർച്ചയായി മൂന്ന് വർഷത്തേയ്ക്ക് ഒരുമിച്ച് കരാർ കൊടുക്കുന്ന കാര്യം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അത് ഫലപ്രദമായി എങ്ങനെ നടപ്പിലാക്കാൻ കഴിയുമെന്നത് പരിശോധിക്കുന്നതാണ്.

## (5) പൈനാപ്പിൾ കർഷകരുടെ പ്രശ്നങ്ങൾ

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, കഴിഞ്ഞ 11 മാസമായി കേരളത്തിലെ കാർഷിക മേഖലയ്ക്ക് പുത്തനുണർവുണ്ടാക്കുന്നതിനും കേരളത്തിന്റെ തനത് കൃഷിയുടെ സംസ്കാരത്തിലേയ്ക്ക് ഒരു തിരിച്ചുവരവ് ഒരുക്കുന്നതിനും കൃഷിയുടെ വസന്തകാലം തിരിച്ചുകൊണ്ടുവരുന്നതിനും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വലിയൊരു പങ്ക് വഹിച്ചു. അതിന് ഈ ഗവൺമെന്റിനെയും അതോടൊപ്പം കൃഷി വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറിനെയും അഭിനന്ദിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്.

കേരളത്തിൽ പൈനാപ്പിൾ കർഷകർ ഇന്ന് നിരവധി പ്രശ്നങ്ങൾ നേരിടുകയാണ്. കേരളത്തിൽ ഏറ്റവുമധികം പൈനാപ്പിൾ ഉല്പാദനവും കച്ചവടവും നടക്കുന്നത് മൂവാറ്റുപുഴ കേന്ദ്രീകരിച്ചാണ്. മൂവാറ്റുപുഴയിൽ യൂറോപ്യൻ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച ജൈവ് കമ്പനി ജ്യൂസ് ഉല്പാദിപ്പിച്ച് ഇന്ത്യയ്ക്കകത്തും പുറത്തും വിതരണം ചെയ്തിരുന്നു. പ്രവർത്തനം പുനരാരംഭിച്ച ജൈവ് കമ്പനി പൈനാപ്പിൾ കർഷകർക്ക് വളരെയേറെ സഹായകരമായിട്ടുള്ള ഒരു സ്ഥാപനമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടിയ ജൈവ് കമ്പനി ഈ സർക്കാരിന്റെ കാലത്ത് പ്രവർത്തനമാരംഭിച്ചുവെന്നത് വലിയൊരു നേട്ടമാണ്. കേരളത്തിൽ എറണാകുളം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലാണ് പ്രധാനമായും പൈനാപ്പിൾ ഉല്പാദിപ്പിക്കുന്നത്. പത്തനംതിട്ട, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ പൈനാപ്പിൾ കൃഷി ചെയ്യാൻ കർഷകർ സ്ഥലം പാട്ടത്തിനെടുക്കുകയും ബാങ്ക് വായ്പയെടുത്ത് കൃഷിക്കാവശ്യമായ സൗകര്യങ്ങളൊരുക്കുകയും ചെയ്യുമ്പോൾ പൈനാപ്പിൾ കൃഷിക്കെതിരെ പ്രദേശവാസികളുടെ എതിർപ്പ് ഉണ്ടാവുകയാണ്. കീടനാശിനിയുടെ അമിതമായ പ്രയോഗമുണ്ടെന്ന പ്രചരണമാണ് പല പ്രദേശങ്ങളിലും ഉയർന്നുവരുന്നത്. മലബാർ മേഖലകളിൽ പൈനാപ്പിൾ കൃഷിക്കെതിരായി ഉയരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് പ്രദേശവാസികൾക്ക് ബോധവൽക്കരണം നടത്തുന്നതോടൊപ്പം പൈനാപ്പിൾ കർഷകർ ഏതെങ്കിലും വിധത്തിൽ നാട്ടുകാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെങ്കിൽ അക്കാര്യത്തിൽ ഗവൺമെന്റ് ഫലപ്രദമായ ഇടപെടൽ നടത്തുകയും ബോധവൽക്കരണം നടത്തുകയും വേണം. അതുപോലെ പൈനാപ്പിളിന് പലപ്പോഴും വില ലഭ്യമാകാറില്ല. മുംബൈ മാർക്കറ്റിൽ പൈനാപ്പിളിന്റെ വിലയിടിഞ്ഞാൽ അത് കേരളത്തിലെ കർഷകരെ ബാധിക്കുന്നു. അതുകൊണ്ട് വിലയുടെ കാര്യത്തിൽ സ്ഥിരതയുണ്ടാകണം. വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാത്ത പൈനാപ്പിൾ കർഷകരുടെ പലിശ എഴുതിത്തള്ളുന്നതിനാവശ്യമായ നടപടി ഉണ്ടാകണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുന്നു. ശ്രീ. കെ. കൃഷ്ണൻകുട്ടി പറഞ്ഞതുപോലെ പൈനാപ്പിളിൽനിന്ന് വൈനുണ്ടാക്കാൻ കഴിയുമോ എന്നത് സംബന്ധിച്ച് ഗവൺമെന്റിന് ആലോചിക്കാവുന്നതാണ്. 26,250 രൂപയാണ് ഒരു ഹെക്ടർ പൈനാപ്പിൾ കൃഷിക്ക്

സർക്കാർ സബ്സിഡിയായി നൽകുന്നത്. വാഴക്കുളം പോലുള്ള പ്രദേശങ്ങളിൽ പലപ്പോഴും ആ സബ്സിഡി കർഷകർക്ക് ലഭ്യമാകാത്ത സ്ഥിതിവിശേഷമുണ്ട്. വാഴക്കുളം എന്നത് ലോകഭൂപടത്തിൽ അടയാളപ്പെടുത്തിയ സ്ഥലനാമമാണ്. കാരണം പൈനാപ്പിളിന്റെ ഉല്പാദനത്തിൽ വാഴക്കുളം വളരെയേറെ മുന്നിലാണ്. പൈനാപ്പിൾ മനുഷ്യർക്ക് ആരോഗ്യത്തിന് ഏറെ പ്രയോജനപ്രദമാണ്, ക്യാൻസറിനെ പ്രതിരോധിക്കാൻ കഴിയുന്നതോടൊപ്പം ദഹന പ്രക്രിയയെയും സഹായിക്കുന്നു. ലോകത്തെ കോടാനുകോടി മനുഷ്യർ ഉപയോഗിക്കുന്ന പ്രധാനപ്പെട്ട പഴവർഗ്ഗമെന്ന നിലയിൽ അത് ഉല്പാദിപ്പിക്കുന്ന കർഷകരുടെയും കച്ചവടക്കാരുടെയും ഈ മേഖലയിൽ പണിയെടുക്കുന്ന ആയിരക്കണക്കിനാളുകളുടെയും പ്രശ്നത്തിൽ ഈ ഗവൺമെന്റ് സജീവമായി ഇടപെടണമെന്നാണ് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഇന്ത്യയിൽ ഏറ്റവും നല്ല പൈനാപ്പിൾ ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തൊട്ടാകെ 8080 ഹെക്ടർ സ്ഥലത്ത് പൈനാപ്പിൾ കൃഷി ചെയ്തുവരുന്നു. കേരളത്തിൽ പൈനാപ്പിൾ കൃഷിയുടെ 60 ശതമാനം കേന്ദ്രീകരിച്ചിരിക്കുന്നത് എറണാകുളം ജില്ലയിലെ മൂവാറ്റുപുഴയിലാണ്. ഭൗമ സൂചിക രജിസ്ട്രേഷൻ ലഭിച്ച വാഴക്കുളം പൈനാപ്പിൾ ലോകത്തുതന്നെ ഏറ്റവും പ്രസിദ്ധമായതാണ്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം നടപ്പാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം കൈതച്ചക്ക കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടറിന് 26,250 രൂപ നിരക്കിൽ ഒരു കർഷകന് പരമാവധി 4 ഹെക്ടർ കൃഷിക്കുവരെ ധനസഹായം നൽകിവരുന്നുണ്ട്. 2016-17 സാമ്പത്തിക വർഷം 957 ഹെക്ടർ സ്ഥലത്ത് പുതുതായി കൈതച്ചക്ക കൃഷി വ്യാപിപ്പിക്കുകയും ഈ വകയിൽ 251 ലക്ഷം രൂപ ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പുതുതായി 400 ഹെക്ടർ സ്ഥലത്തുകൂടി കൈതച്ചക്ക കൃഷി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുകയാണ്. ഇതിനായി 105 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത കർഷകർക്ക് പൈനാപ്പിൾ വിളനാശം സംഭവിക്കുമ്പോൾ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന 25,000 രൂപയ്ക്കുപകരം ഹെക്ടറിന് 50,000 രൂപ ധനസഹായം ലഭിക്കുന്നതാണ്. കുറഞ്ഞത് 50 സെന്റ് സ്ഥലമെങ്കിലുമുള്ള കൈതച്ചക്ക കൃഷിക്ക് ഈ ആനുകൂല്യം ലഭിക്കുന്നതിനുള്ള സംവിധാനമുണ്ട്. ഇതിനുപുറമേ പ്രകൃതിക്ഷോഭംമൂലമുള്ള വിളനാശത്തിന് ധനസഹായം നൽകുന്ന പദ്ധതിപ്രകാരം കൈതച്ചക്ക കൃഷിക്കുണ്ടാകുന്ന വിളനാശത്തിന് സെന്റിന് 300 രൂപ വീതം ധനസഹായം നൽകുന്നുണ്ട്. കൈതച്ചക്ക കൃഷിയുടെ വികസനം, ഗവേഷണം, കർഷകർക്കുള്ള വിദഗ്ദ്ധ പരിശീലനം, മൂല്യവർദ്ധനവ്, കയറ്റുമതിയുൾപ്പെടെയുള്ള വിപണന സാദ്ധ്യതകൾ സാക്ഷാൽകരിക്കുന്നതിനായി വാഴക്കുളം കേന്ദ്രീകരിച്ച് പൈനാപ്പിൾ മിഷൻ, വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട്

പ്രോസസ്സിംഗ് കമ്പനി, കൈതച്ചക്ക ഗവേഷണ കേന്ദ്രം എന്നിവ പ്രവർത്തിച്ചു വരുന്നുണ്ട്. പൈനാപ്പിളിന് വിലയിടിവ് നേരിടുന്ന സന്ദർഭങ്ങളിൽ കിലോയ്ക്ക് 17 രൂപ പ്രകാരം താങ്ങുവില നൽകി കർഷകരിൽനിന്നും സംഭരിക്കുന്നുണ്ട്. കഴിഞ്ഞ കുറെക്കാലമായി അടഞ്ഞുകിടന്ന ഈ കമ്പനി തുറന്നുപ്രവർത്തിപ്പിക്കാൻ തീരുമാനിച്ചതിനെത്തുടർന്ന് സംഭരണ സംവിധാനം പുനരാരംഭിക്കുകയാണ്. പൈനാപ്പിൾ കൃഷിയുടെ വ്യാപനം ലക്ഷ്യമാക്കി എറണാകുളം, കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ കർഷകർക്ക് ഹെക്ടറിന് 26,250 രൂപ പ്രകാരം ആർ.കെ.വി.വൈ. സ്കീം വഴി ധനസഹായം നൽകിവരുന്നുണ്ട്. ഭൗമ സൂചിക രജിസ്ട്രേഷൻ ലഭിച്ച വാഴക്കുളം പൈനാപ്പിളിന്റെ കൃഷി ജൈവ രീതിയിലാക്കാനുള്ള എല്ലാ സഹായവും കൃഷി വകുപ്പ് നൽകുന്നതാണ്. പൈനാപ്പിൾ കൃഷി ചെയ്യുന്നതിൽ പല സ്ഥലങ്ങളിലും പ്രദേശവാസികളുടെ എതിർപ്പ് നേരിടേണ്ടിവരുന്നുണ്ട്. കാരണം പൈനാപ്പിൾ കൃഷിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എത്രെൽ എന്ന രാസവസ്തു ഉപയോഗിക്കുന്നതായും അതിന്റെ ഉപയോഗം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായും പൊതുജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണയുണ്ടായിട്ടുണ്ട്. എത്രെൽ എന്നത് കീടനാശിനിയല്ല, ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഹോർമോണാണ്. ഇതിന്റെ ഉപയോഗംമൂലം ചെടികൾ ഒരേസമയം പുഷ്പിക്കുന്നതിനാൽ വിളവെടുപ്പ് ഒരുമിച്ച് നടത്താൻ സാധിക്കുന്നു. ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നു എന്ന കാരണത്താൽ നിലവിൽ റബ്ബറിന്റെ ഇടവിളയായി പൈനാപ്പിൾ കൃഷി ചെയ്യുന്നതിന് കർഷകർ തയ്യാറാകുന്നില്ല. ഈ ഹോർമോൺ ഉപയോഗിക്കുന്നത് സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ഉണ്ടായിരിക്കുന്ന ആശങ്ക പരിഹരിക്കുന്നതിന് ശാസ്ത്രീയമായ പഠനം നടത്തുന്നതിനുവേണ്ടി കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും ഉന്നതസംഘത്തെ നിയോഗിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ,

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് സബ്മിഷനാണ്. പ്ലീസ്. ബഹുമാനപ്പെട്ട മിനിസ്റ്റർ വഴങ്ങുന്നതെന്തിനാണ്. ഇത് സബ്മിഷനാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അദ്ദേഹം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് പറയുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, (മൈക്ക് ഓഫ്) എത്രെൽ എന്നുപറയുന്നത് ഗുണകരമല്ലെന്ന് അങ്ങ് മനസ്സിലാക്കണം. ഇത് തേച്ച് കഴിഞ്ഞാൽ റബ്ബർ ഉണങ്ങി പ്പോകുന്നതിനോടൊപ്പംതന്നെ ആ മണ്ണിൽ റബ്ബർ കൃഷി ചെയ്യാൻ സാധിക്കാത്ത സാഹചര്യവും ഉണ്ടാവുകയാണ്. എത്രെൽ എന്നുപറയുന്നത് യാതൊരു കുഴപ്പവുമി ല്ലാത്തതാണെന്ന അങ്ങയുടെ അഭിപ്രായം ശരിയല്ല. അങ്ങേയ്ക്ക് അവിടെ വന്നാൽ ഇത് കാണാവുന്നതാണ്. അതുകൊണ്ട് ഈ അന്വേഷണം പോരാ. എത്രെൽ തേയ്ക്കുന്നത് തടയേണ്ടിവരും. ഇല്ലെങ്കിൽ പൈനാപ്പിൾ കൃഷി തടയാൻ ഞങ്ങൾ നിർബന്ധിതരാകും.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കരുത്. അങ്ങ് പറഞ്ഞ ആശങ്ക ഞാൻ മനസ്സിലാക്കുന്നു. ഞാൻ പറയട്ടെ.... (ബഹളം).....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... ഇത് സബ്മിഷനാണ്. ചർച്ചയാക്കരുത്. പ്ലീസ്..

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, എന്നെ പറയാൻ അനുവദിക്കണം. Ethrel has many uses, such as, hastening the production of flowering in fruit trees. As hastening ripening when applied to a plant it is absorbed and broken into Ethylene, which is a natural non-toxic substance. Ethrel is commonly used in India. ഇതാണ് ഇതുസംബന്ധിച്ച് എനിക്കു കിട്ടിയിരിക്കുന്ന വിശദീകരണം. ഇവിടെ അങ്ങ് പറയുന്ന ഒരു കാര്യം റബ്ബറുമായി ബന്ധപ്പെട്ടതാണ്. റബ്ബറിൽ ഏതോ ഒരു കെമിക്കൽ ഉപയോഗിക്കുന്നുവെന്ന് പറയുന്നു. അത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട കാര്യമല്ല. റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട പരിപാലന മുറകളെല്ലാം നിശ്ചയിക്കുന്നത് റബ്ബർ ബോർഡാണ്. റബ്ബർ ബോർഡിന്റെ നേതൃത്വത്തിൽ മാരകമായ ഏതെങ്കിലും രാസവസ്തു പ്രയോഗിക്കുന്നുണ്ടോയെന്നുള്ള കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. അതിനുവേണ്ടി പ്രത്യേകമായ പരിശോധന നടത്തുന്നതായിരിക്കും. എന്നാൽ ഇവിടെ പൈനാപ്പിളുമായി ബന്ധപ്പെട്ട വിഷയമാണ്. പൈനാപ്പിൾ കൃഷിക്കുപയോഗിക്കുന്ന എത്രെൽ എന്ന ഹോർമോൺ വലിയ ടോക്സിക് ആണെന്ന് ഇതുവരെ ആരും പറഞ്ഞിട്ടില്ല. പൈനാപ്പിൾ കൃഷി ഇവിടെ നിർത്താനല്ല ഗവൺമെന്റുദ്ദേശിക്കുന്നത്. പൈനാപ്പിൾ കൃഷി ജൈവരീതിയിൽ, ജനങ്ങൾക്ക് അപകടമുണ്ടാക്കാത്ത രീതിയിൽ വ്യാപിപ്പിക്കാൻതന്നെയാണ് സംസ്ഥാന ഗവൺമെന്റുദ്ദേശിക്കുന്നത്. അതുകൊണ്ട് പൈനാപ്പിൾ കൃഷിയെ ഏതെങ്കിലുമൊരു പ്രത്യേക കാരണം പറഞ്ഞ് ഒഴിവാക്കാൻ കഴിയുന്നതല്ല. പൈനാപ്പിൾ കൃഷിയുമായി ബന്ധപ്പെട്ട ആശങ്ക ഒഴിവാക്കുന്നതിനായി കാർഷിക സർവ്വകലാശാലയിലെ വിദഗ്ദ്ധരെയും കർഷക പ്രതിനിധികളെയും കൃഷി വകുപ്പിലെ പ്രധാന ഉദ്യോഗസ്ഥരെയും നിയോഗിച്ച് കൃത്യമായ പരിശോധന നടത്തി അതിന്റെ സത്യസ്ഥിതി ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനാവശ്യമായ നടപടി സംസ്ഥാന കൃഷി വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകും.

### (6) ആശുപത്രി ആക്രമണം

<u>ഡോ. എം. കെ. മുനീർ</u>: സർ, വടകര 'ആശ' ആശുപത്രിയിൽ ഏപ്രിൽ 23 ഞായറാഴ്ച രാത്രി 9.30 മണിക്ക് തലവേദനയ്ക്ക് ചികിത്സ തേടി ഒരു കുട്ടി വന്നു. അത് മൈഗ്രേനാണെന്ന് മനസ്സിലാക്കി പ്രാഥമിക ശുശ്രൂഷ നൽകി. പക്ഷെ വേദന ശമിക്കുന്നില്ലെന്ന് കണ്ടപ്പോൾ 'ട്രെമഡോൾ' ഇൻജക്ഷൻ നൽകുകയുണ്ടായി.

ക്രമേണ വേദന കുറഞ്ഞെങ്കിലും കുട്ടിക്ക് ഒരു ഭാഗം തളരുന്നതുപോലെ തോന്നി. അതിനെ ഹെമിപ്ലിജിക് മൈഗ്രേൻ എന്നാണ് പറയുന്നത്. ഉടൻതന്നെ അവിടത്തെ എമർജൻസി ഫിസിഷ്യനെ വിളിച്ചു. അദ്ദേഹം പരിശോധിച്ചതിനുശേഷം 24 മണിക്കൂർ കൊണ്ട് സുഖം പ്രാപിക്കാവുന്ന ഒരവസ്ഥയായതുകൊണ്ട് അധികം ഭയപ്പെടേണ്ടതില്ലെന്ന് അറിയിച്ചു. പക്ഷെ ഇതിനിടയിൽ മുപ്പതോളം ആളുകൾ വന്ന് അവിടത്തെ ഡ്യൂട്ടി ഡോക്ടറെ കയ്യേറ്റം ചെയ്യുകയും ഹോസ്പിറ്റലിന്റെ പ്രവർത്തനം തടസ്സപ്പെടുത്തുകയും കാഷ്വാലിറ്റി ബെഡ്ഡിൽ കയറി കിടക്കുകയും ചെയ്തു. അതിനുപുറമേ ഏകദേശം ഒരു മണി സമയത്ത് അവിടെയുള്ള റസിഡന്റ് ഡോക്ടറെ ഒരു വണ്ടിയിൽ തട്ടിക്കൊണ്ടുപോകുകയും വഴിയിൽ വച്ച് പോലീസ് അദ്ദേഹത്തെ റിലീസ് ചെയ്ത് കൊണ്ടുപോകുകയും ചെയ്തു. ഇവർ മെഡിക്കൽ കോളേജിലേയ്ക്ക് കുട്ടിയെ കൊണ്ടുപോയപ്പോൾ അവർ റിക്കോർഡ്സ് നോക്കി ആശ ഹോസ്പിറ്റലിൽ ചെയ്ത ചികിത്സയ്ക്ക് യാതൊരു കുഴപ്പവുമുണ്ടായിട്ടില്ലെന്നാണ് പറഞ്ഞത്. മാത്രമല്ല, കുട്ടി സുഖം പ്രാപിക്കുകയും ചെയ്തു. ഇത് അവിടത്തെ സി.സി.ടി.വി.-യിൽ നോക്കിയാലും മെഡിക്കൽ റിക്കോർഡ്സ് നോക്കിയാലും മെഡിക്കൽ കോളേജിൽനിന്നുള്ള റിക്കോർഡ്സ് നോക്കിയാലും മനസ്സിലാകുന്നതാണ്.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഇത് എന്റെ മണ്ഡലത്തിലെ കാര്യമാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അടുത്ത സബ്മിഷനുണ്ട്. അപ്പോൾ അവതരിപ്പിക്കാം.

<u>ഡോ. എം. കെ. മുനീർ</u>: സർ, ഇതുമായി ബന്ധപ്പെട്ട് കേരള സർക്കാർ തന്നെ ഒരു നിയമമുണ്ടാക്കിയിട്ടുണ്ട്. 2012-ൽ കേരള ആരോഗ്യ രക്ഷാ സേവന പ്രവർത്തകരും ആരോഗ്യ രക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്ട് പ്രകാരം ഇങ്ങനെ സംഘം ചേർന്ന് ആളുകളോ സംഘടനാ നേതാവോ അക്രമം ചെയ്യുകയോ ചെയ്യാൻ ശ്രമിക്കുകയോ പ്രേരിപ്പിക്കുകയോ പ്രചോദനം നൽകുകയോ ആരോഗ്യ രക്ഷാ പ്രവർത്തകർക്കെന്തെങ്കിലും ഹാനിയോ പരിക്കോ ജീവൻ അപായപ്പെടുത്തുകയോ ഭീഷണിപ്പെടുത്തുകയോ ജോലി തടസ്സപ്പെടുത്തുകയോ ചെയ്താൽ അത് കുറ്റകരവും മൂന്ന് വർഷം തടവും 50,000 രൂപ പിഴയും നൽകി ശിക്ഷിക്കപ്പെടാവുന്നതുമാണ്. ചില സ്ഥലങ്ങളിൽ ഡോക്ടർമാരുടെ അശ്രദ്ധമൂലവും പ്രശ്നങ്ങളുണ്ടാകാറുണ്ട്. പക്ഷെ അല്ലാത്ത രീതിയിൽ ഡോക്ടർമാർക്ക് സാധാരണ ചികിത്സ നടത്താൻ സാധിക്കാതെ വരികയും അതിനൊക്കെ ആക്രമണം നടത്തുകയും ചെയ്തുകഴിഞ്ഞാൽ ഡോക്ടർമാർ ചികിത്സയിൽനിന്നും പിന്നോട്ടുപോകുന്ന ഒരു സാഹചര്യമുണ്ടാകുകയും അതിവിടത്തെ പൊതു ആരോഗ്യരംഗത്തെ ബാധിക്കുകയും ചെയ്യുമെന്നുള്ളതുകൊണ്ട് ഇതിൽ ബന്ധപ്പെട്ടവരെ അറസ്റ്റ് ചെയ്യുന്നതടക്കമുള്ള നടപടി സ്വീകരിക്കാനും ഈ നിയമം പ്രാവർത്തികമാക്കുന്നതിനുവേണ്ടി ആരോഗ്യ വകുപ്പുമന്ത്രി വേണ്ട കാര്യങ്ങൾ ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

<u>ശ്രീ. സി. കെ. നാണു</u> : സർ,

12.00 Noon]

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങയുടെ അടുത്ത സബ്മിഷനിൽ ഇതുകൂടി ഉൾപ്പെടുത്താം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഈ വിഷയവുമായി ബന്ധപ്പെട്ടതാണെങ്കിൽ ഇപ്പോൾതന്നെ ചോദിക്കുന്നതാണ് നല്ലത്.

ശ്രീ. സി. കെ. നാണു: സർ, അടുത്ത സബ്മിഷൻ വേറെ വിഷയമാണ്. മണ്ഡലത്തിലെ എം.എൽ.എ. എന്ന നിലയ്ക്ക് ഈ വിഷയവുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്, രാത്രി ഒരു കുട്ടിയെ ചികിത്സയ്ക്കായി കൊണ്ടുവരികയും, അവിടെ ചികിത്സിച്ചപ്പോൾ ആ കുട്ടിക്ക് വിഷമമുണ്ടായതിനെത്തുടർന്ന് ഡോക്ടർ രണ്ടാമതും ഇൻജക്ഷൻ എടുക്കുകയും ചെയ്തു. അതിനുശേഷം കുട്ടിയ്ക്ക് വലിയ വിഷമത ഉണ്ടായപ്പോൾ അവർക്ക് സാധാരണ ഉണ്ടാകുന്ന പരിഭ്രമത്തിന്റെ ഫലമായി ബന്ധുക്കളെയൊക്കെ വിളിച്ചു. പക്ഷേ ഡോക്ടറെ കയ്യേറ്റം ചെയ്തിട്ടില്ല. അതിനുശേഷം മെഡിക്കൽ കോളേജിലേയ്ക്ക് ആംബുലൻസിൽ കുട്ടിയുമായി പോയപ്പോൾ ഡോക്ടർകൂടി വരണമെന്ന് അവർ നിർബന്ധിച്ചതിനാൽ ആ നിർബന്ധത്തിന് വഴങ്ങിയാകാം ഡോക്ടർ കയറി ഫ്രണ്ട് സീറ്റിൽ ഇരുന്നത്. 200 കി.മീറ്റർ കഴിഞ്ഞപ്പോൾ ഡോക്ടർ വണ്ടി നിർത്താനാവശ്യപ്പെട്ടു. പുറകിൽ പോലീസുണ്ടായിരുന്നു. ഡോക്ടർ ഇറങ്ങി പോലീസ് വണ്ടിയിൽ തിരിച്ചുവന്നു. അതാണ് സംഭവിച്ചത്. ഒഞ്ചിയത്തുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും ഇതുമായി ബന്ധപ്പെട്ട കമ്മിറ്റിയിലുണ്ട്. അവരും ഞാനുമായി സംസാരിച്ചു. വടകര മുനിസിപ്പൽ ചെയർമാൻ, ഐ.എം.എ.-യുടെ പ്രതിനിധികൾ, ഡോക്ടർമാർ എന്നിവരുമായി ഞങ്ങൾ സംസാരിച്ചിരുന്നു. ഇത് ഒരു ചെറിയ കുട്ടിയുടെ അസുഖവുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ഡോക്ടറെ അടിച്ചിട്ടില്ല. ഇന്നലെ ഞാൻ ബന്ധപ്പെട്ടപ്പോൾ ഐ.എം.എ.-യുടെ പ്രതിനിധികളുമായി സംസാരിച്ചതിനുശേഷം പറയാമെന്നാണ് പറഞ്ഞത്. തീർക്കാമെന്ന് ഉറപ്പുപറഞ്ഞില്ല. അവർ തമ്മിൽ ചർച്ച ചെയ്തു. ഇതു നമ്മൾ പരിഹരിക്കും. കാരണം ഒരു പ്രദേശത്ത് നാട്ടുകാർ ഹോസ്പിറ്റലിന് മുമ്പിലിരിക്കുന്നത് ശരിയല്ല. രമ്യമായി പരിഹരിക്കുന്നതിനുള്ള ശ്രമം നടക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കോഴിക്കോട് ജില്ലയിലെ വടകര ആശാ ആശുപത്രിയിലെ ഡോക്ടറെ ആക്രമിച്ച പ്രതികൾക്കെതിരെ ആശുപത്രി സംരക്ഷണ നിയമപ്രകാരം നടപടി യെടുക്കാത്തതിൽ പ്രതിഷേധിച്ച് 3-5-2017-ൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കോഴിക്കോട് ജില്ലയിൽ നടത്തിയ സമരത്തിന് കെ.ജി.എം.ഒ.എ. (കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ) പിന്തുണ പ്രഖ്യാപിക്കുകയും ഒരു ദിവസം കോഴിക്കോട് ജില്ലയിൽ സർക്കാർ ഡോക്ടർമാർ കൂട്ട അവധിയെടുത്ത്

പ്രതിഷേധിക്കുകയും ചെയ്തിരുന്നു. എന്നാൽ കോഴിക്കോട് ജില്ലയിൽ അന്നത്തെ ദിവസം പ്രതിരോധ കുത്തിവയ്പ്പുകൾ തടസ്സമില്ലാതെ നടക്കുകയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും സാമൂഹികാരോഗ്യ കേന്ദ്രങ്ങളും സാധാരണപോലെ പ്രവർത്തിക്കുകയും ചെയ്തിരുന്നു. മേജർ ആശുപത്രികളിൽ ഒ.പി. ഒഴികെ കാഷ്വാലിറ്റി, ഐ.പി. സർവ്വീസ് എന്നിവയെല്ലാം കൃത്യമായി നടന്നിട്ടുണ്ട്. ഈ വിഷയത്തിൽ ആശാ ഹോസ്പിറ്റലിലെ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറായ ഡോ. അനുരാജ് ആർ. എന്ന ഡോക്ടറുടെ പരാതിയിൽ വടകര പോലീസ് സ്റ്റേഷനിൽ പ്രത്യേകമായി ഒരു കേസ്സ് രജിസ്റ്റർ ചെയ്യുകയും ഇതുമായി ബന്ധപ്പെട്ട് രണ്ടുപേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണിത്. ഡോ. എം. കെ. മുനീറും ശ്രീ. സി. കെ. നാണുവും ഈ വിഷയത്തെക്കുറിച്ച് സൂചിപ്പിച്ചു. ഒരു രോഗിയെ ആശുപത്രിയിൽ അഡ്മിറ്റാക്കുമ്പോൾ എന്തെങ്കിലും നെഗ്ലിജൻസ് ഉണ്ടായാൽ സ്വാഭാവികമായും അന്വേഷണ വിധേയമായി ആ ഡോക്ടർക്കെതിരെ നടപടിയെടുക്കാം. മനഃപൂർവ്വമായോ മനഃപൂർവ്വമല്ലാതെയോ അശ്രദ്ധയുണ്ടാകാൻ പാടില്ലെന്നത് ശ്രദ്ധിക്കേണ്ട ഒരു വിഷയമാണ്. ഇപ്പോൾ ചെറിയ പ്രശ്നങ്ങൾപോലും വലുതാക്കി ഡോക്ടർമാരെ കയ്യേറ്റം ചെയ്യുന്ന അവസ്ഥ ചിലയിടത്തെല്ലാം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. സീരിയസ്സായിട്ടുള്ള പ്രശ്നങ്ങൾ വരുമ്പോൾ ചിലപ്പോൾ ഭാഗ്യദോഷത്തിന് മരണം സംഭവിക്കാം, അത് ഡോക്ടറുടെ അശ്രദ്ധകൊണ്ടല്ല, നിർബന്ധമായിട്ടുള്ള കാരണങ്ങൾ കൊണ്ടാണെങ്കിൽ നമുക്ക് എന്താണ് ചെയ്യാൻ സാധിക്കുക. പക്ഷേ ചെറിയ കാരണങ്ങൾപോലും പെരുപ്പിച്ച് വലിയ പ്രശ്നമുണ്ടാക്കുകയും ഡോക്ടർമാരെ കയ്യേറ്റം ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്ന സംഭവങ്ങളുണ്ടാകുന്നുണ്ട്. അങ്ങനെ ഉണ്ടാകരുതെന്നാണ് എനിക്ക് പറയാനുള്ളത്. സ്ഥലം എം.എൽ.എ. എന്ന നിലയിൽ ശ്രീ. സി. കെ. നാണു ഈ വിഷയത്തിൽ ഇടപെട്ട് പ്രശ്നം പരിഹരിക്കുന്നു എന്നുള്ളതിൽ വളരെ സന്തോഷമുണ്ട്. പക്ഷേ സർക്കാർ ആശുപത്രികളിൽ ഇത് വളരെ കൂടുതലും സ്വകാര്യ ആശുപത്രികളിൽ താരതമ്യേന കുറവുമാണ്. ആശാ ഹോസ്പിറ്റൽ ഒരു സ്വകാര്യ ഹോസ്പിറ്റലാണ്. ചില സർക്കാർ ആശുപത്രികളിൽ പൊളിറ്റിക്കൽ ഇന്റൻഷനുംകൂടി വരുന്നതിന്റെ ഭാഗമായി ആശുപത്രിയുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന രീതിയിൽ ഭയങ്കര ബഹളമുണ്ടാകുന്നു. മനഃപൂർവ്വമായ അശ്രദ്ധയോ ശുശ്രൂഷയ്ക്കുള്ള എന്തെങ്കിലും കാലതാമസമോ ഉണ്ടായാൽ അത് ഗൗരവമായി അന്വേഷിച്ച് ഡോക്ടർമാർക്കും അതുപോലെ ആശുപത്രി വിഭാഗത്തിലുള്ള എല്ലാ സ്റ്റാഫുകൾക്കുമെതിരെ അന്വേഷണവിധേയമായി നടപടിയെടുക്കുമെന്ന കാര്യം ആരോഗ്യ വകുപ്പ് ഉറപ്പിച്ച് പറയുകയാണ്. പക്ഷേ അകാരണമായി ആശുപത്രി ജീവനക്കാരെയും ഡോക്ടർമാരെയും കയ്യേറ്റം ചെയ്യാൻ വരുന്നവർക്കെതിരെ സർക്കാർ ശക്തമായ നടപടി സ്വീകരിക്കും. അവർക്കാവശ്യമായ പ്രൊട്ടക്ഷൻ കൊടുക്കേണ്ടത് സർക്കാരിന്റെയും ആരോഗ്യ വകുപ്പിന്റെയും ആവശ്യമാണ്.

ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാൻ പാടില്ലെന്നുള്ളതാണ് ഈ സംഭവത്തിന്റെ ഭാഗമായി എനിക്ക് പറയാനുള്ളത്. ശ്രീ. സി. കെ. നാണുവിനോടുള്ള ബഹുമാനത്തോടെ പറയുകയാണ്, ആ പ്രദേശത്തുള്ള പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാൻ അങ്ങ് ഇടപെടുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട് ആ രീതിയിലിടപെട്ട് പ്രശ്നങ്ങൾ പരിഹരിക്കണം.

## (7) ജില്ലാ ആശുപത്രി കെട്ടിടം പൂർത്തിയാക്കൽ

ശ്രീ. സി. കെ. നാണു: സർ, ഒരു വർഷം ഒ.പി.-യിൽ പത്ത് ലക്ഷത്തോളവും ഐ.പി.-യിൽ പതിനായിരത്തോളവും രോഗികൾ വരികയും കിടക്കുകയും ചെയ്യുന്ന സ്ഥലമാണ് വടകര ജില്ലാ ആശുപത്രി. അത് ജില്ലാ ആശുപത്രി ആക്കിയതിനുശേഷം അഞ്ച് കോടി രൂപ പുതിയ കെട്ടിടത്തിനുവേണ്ടി സർക്കാർ അനുവദിച്ചു. അഞ്ച് വർഷത്തിലധികമായി അതിന്റെ പണി നടക്കുകയായിരുന്നു. എന്നാൽ ഈ അഞ്ച് കോടി രൂപ ചെലവഴിച്ചതിന്റെ ഫലമായി ഇന്നുവരെ ഒരു മുറി പോലും ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല. ഇപ്പോൾ അതിന്റെ പണി നടക്കുന്നില്ല. ഇപ്പോഴും ജില്ലാ ആശുപത്രിയായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കോടിക്കണക്കിന് രൂപ സർക്കാർ ചെലവഴിക്കുന്നു. ആ ആശുപത്രിയിൽ ഇപ്പോൾത്തന്നെ നല്ല ഡയാലിസിസ് യൂണിറ്റ്, ബ്ലഡ് സ്റ്റോറേജ് സംവിധാനങ്ങൾ, കാൻസർ കെയർ സൗകര്യങ്ങൾ എന്നിവയുണ്ട്. പക്ഷേ അവിടെ അഞ്ച് കോടി രൂപ ചെലവഴിച്ചിട്ടും ഇതുവരെ ഒരു മുറി പോലും ഉപയോഗിക്കാൻ സാധിച്ചിട്ടില്ലെന്ന് മാത്രമല്ല ഓരോ ഭാഗവും നശിച്ച് ഇപ്പോൾ മഴപെയ്താൽ ചോരുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയത്. ഒരു കാരണവശാലും ഇത്തരത്തിലുള്ള ഒരു കെട്ടിടം എടുക്കാൻ പാടില്ല. ഒരു സർക്കാർ ആശുപത്രിയായി എടുക്കുന്ന കെട്ടിടം സൂക്ഷ്മമായി പരിശോധന നടത്താതെ, അതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താതെ കഴിഞ്ഞ അഞ്ച് കൊല്ലം ആരാണിതൊക്കെ ഏറ്റെടുത്തതെന്ന് പരിശോധിക്കണം. വടകര കെ.എസ്.ആർ.ടി.സി.-യിലും ഇതുപോലൊരു പ്രശ്നമുണ്ട്. 50 ലക്ഷം രൂപ ചെലവഴിച്ച് ഒരു കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ് പണിതു. എന്നാൽ 25 ലക്ഷം രൂപ ചെലവഴിച്ചിട്ടില്ലെന്നുപറഞ്ഞ് നാട്ടുകാർ പ്രക്ഷോഭമുണ്ടാക്കുകയും വിജിലൻസ് എൻക്വയറി നടത്തുകയും ചെയ്തു. അതുകൊണ്ട് സർക്കാർ ഫണ്ടുപയോഗിച്ച് കെട്ടിടങ്ങൾ എടുക്കുമ്പോൾ നിർബന്ധമായും അത് പരിശോധിക്കണം. ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർ പ്രസ്തുത ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുകയും അതിനായി അഞ്ച് കോടി രൂപ പ്രഖ്യാപിക്കുകയും ചെയ്തു. അതിനുശേഷം അധികാരത്തിൽ വന്ന കഴിഞ്ഞ സർക്കാർ പണിയാരംഭിച്ച കെട്ടിടത്തിന്റെ അവസ്ഥയാണിത്. ഇതിന് അടിയന്തരമായി പരിഹാരമുണ്ടാക്കണം. ഈ സർക്കാർ അനുവദിച്ച ഏഴ് കോടിയിലധികം രൂപ വിനിയോഗിച്ച് കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ഒരു കാര്യം ശരിയാണ്. നേരത്തെയൊക്കെ ഇങ്ങനെ പണം അനുവദിച്ച് കെട്ടിടം എടുക്കാൻ തുടങ്ങിയെന്ന് പറഞ്ഞ ധാരാളം പ്രവർത്തനങ്ങൾ മുടങ്ങികിടക്കുകയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത്തരം കാര്യങ്ങളെല്ലാം കർശനമായി പരിശോധിച്ചിട്ടുണ്ട്. മുടങ്ങിയ പ്രവൃത്തികളെല്ലാം ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വടകര ജില്ലാ ആശുപത്രിക്ക് 2010-ൽ അഞ്ച് കോടി രൂപയുടെ ഭരണാനുമതി നൽകിയതാണ്. അതിന്റെ ഗ്രൗണ്ട് ഫ്ലോറും ഒന്നാം നിലയുമാണ് 5 കോടി രൂപയ്ക്ക് നിർമ്മിക്കാൻ തീരുമാനിച്ചിരുന്നത്. ഈ പ്രവൃത്തി ടെണ്ടർ ചെയ്തു. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എസ്റ്റിമേറ്റിനേക്കാൾ 7.5 ശതമാനം ഉയർന്ന നിരക്കിലാണ് ഏറ്റെടുത്തത്. ഇതിന്റെ സ്ട്രക്ച്ചറൽ വർക്ക് മാത്രമാണ് നടത്താൻ സാധിച്ചിട്ടുള്ളത്. മറ്റ് പണികൾക്ക് ഈ പണം തികയുമായിരുന്നില്ല. അതിനുശേഷം കരാറുകാരെ ടെർമിനേറ്റ് ചെയ്യുന്ന അവസ്ഥയാണ് ഞങ്ങൾ പരിശോധിച്ചപ്പോൾ കണ്ടത്. പ്രവൃത്തിയുടെ രണ്ടാംഘട്ടമായി 13 കോടി 70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ 7 കോടി രൂപയല്ല. 13 കോടി 70 ലക്ഷം രൂപ ഈ സർക്കാർ വടകര ജില്ലാ ആശുപത്രിക്ക് നൽകിയിട്ടുണ്ട്. ആ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. ആ പ്രവൃത്തിക്ക് എന്തായാലും കഴിഞ്ഞ പ്രാവശ്യത്തെ ഗതിവരില്ല. ആ പ്രവൃത്തി മോണിറ്റർ ചെയ്യാൻ ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. അത് പരിശോധിച്ച് നിർദ്ദിഷ്ട കാലയളവിൽത്തന്നെ പ്രവൃത്തി പൂർത്തിയാക്കും. ആദ്യമൊരു പരിശോധന നടത്തിയപ്പോൾ അതിൽ രണ്ടുനിലയുംകൂടി പണിയാനുള്ള ഫൗണ്ടേഷനുണ്ട് എന്നുള്ളതാണ് ലഭ്യമായിട്ടുള്ള റിപ്പോർട്ട്. നാട്ടുകാരിൽ ചിലർക്ക് ഒരു സംശയം തോന്നി അവർ വാക്കാൽ ഫൗണ്ടേഷൻ പോരാ എന്നുള്ള അഭിപ്രായം പറഞ്ഞതാണ്. അത് ഒന്നുകൂടി പരിഹരിച്ച് വളരെ പെട്ടെന്നുതന്നെ പണി പൂർത്തിയാക്കുന്നതാണ്. അഞ്ച് കോടി രൂപയുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. അതിൽ ഇനി തുകയൊന്നും ബാക്കിയില്ല. 13 കോടി 70 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പൂർത്തിയാക്കി ഈ ആശുപത്രിയുടെ എല്ലാ സൗകര്യങ്ങളും മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. കെ. നാണു: സർ, ഡിപ്പാർട്ട്മെന്റ് തലത്തിൽത്തന്നെ പരിശോധിക്കാനുള്ള നടപടിയുണ്ടാകുമോ; ഭാവിയിലും ഇതിന്റെ പ്രവൃത്തി സംബന്ധിച്ച് വിലയിരുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, തീർച്ചയായും. പ്രാഥമിക പരിശോധന നടത്തിയപ്പോൾ ഫൗണ്ടേഷന് കുഴപ്പമൊന്നുമില്ലെന്നാണ് പറഞ്ഞത്. പക്ഷേ ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ സ്ഥിതിക്ക് അതുസംബന്ധിച്ച് വിദഗ്ദ്ധമായ പരിശോധന നടത്താം.

## (8) ഡെങ്കിപ്പനി നിയന്ത്രണം

ശ്രീ. സണ്ണി ജോസഫ് : സർ, കണ്ണൂർ ജില്ലയിലെ പല സ്ഥലങ്ങളിലും ഡെങ്കിപ്പനി വ്യാപകമായി പടർന്നുപിടിക്കുകയാണ്. ജില്ലാ ആശുപത്രിയിലും പരിയാരം മെഡിക്കൽ കോളേജിലും ഡെങ്കിപ്പനി ബാധിച്ച നിരവധിയാളുകളുണ്ട്. മട്ടന്നൂരിലാണ് പനി ആരംഭിച്ചത്. മട്ടന്നൂരിൽനിന്ന് മറ്റ് പ്രദേശങ്ങളിലേയ്ക്ക് പനി പടരുകയാണ്. ആശുപത്രികളിൽ വേണ്ടത്ര സൗകര്യങ്ങളില്ല. രക്തത്തിലെ കൗണ്ട് കുറഞ്ഞുപോകുന്നതിനുള്ള പരിഹാരമുണ്ടാക്കാനും പ്ലേറ്റ്ലെറ്റ് വർദ്ധിപ്പിക്കുന്നതിനും അത്യാവശ്യമായിട്ടുള്ളതാണ് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ്. കണ്ണൂർ ജില്ലാ ആശുപത്രിയിലെ ഈ സംവിധാനം ഏഴ് മാസമായി മുടങ്ങിക്കിടക്കുകയാണ്. അതിന്റെ ലൈസൻസ് പുതുക്കാൻ അപേക്ഷ സമർപ്പിക്കാത്തതുകൊണ്ടോ, ലൈസൻസ് പുതുക്കിക്കിട്ടാത്തതുകൊണ്ടോ ആണ് ഡെങ്കിപ്പനി ചികിത്സയ്ക്ക് ഏറ്റവും അത്യാവശ്യമായിട്ടുള്ള ഈ സംവിധാനം ജില്ലാ ആശുപത്രിയിൽ മുടങ്ങിക്കിടക്കുന്നത്. സ്വകാര്യ ആശുപത്രിയിലും നിരവധി പേർ ചികിത്സ തേടി വരുന്നുണ്ട്. പരിയാരം മെഡിക്കൽ കോളേജുൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലെത്തുന്ന രോഗികൾക്ക് നല്ല രീതിയിലുള്ള ചികിത്സാ സൗകര്യം നൽകാനുള്ള നടപടികളുണ്ടാകണം. Prevention is better than cure എന്നാണ്. രോഗപ്രതിരോധത്തിനാവശ്യമായിട്ടുള്ള ശുചീകരണമുൾപ്പെടെയുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ മട്ടന്നൂർ നഗരസഭയിലും പ്രാന്തപ്രദേശങ്ങളിലും ഡെങ്കിപ്പനി പടർന്നുപിടിക്കുന്നൊരവസ്ഥ ഉണ്ടായിരുന്നു. അവിടെ മാത്രമല്ല, സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം പകർച്ചവ്യാധികൾ വർദ്ധിക്കാനിടയുണ്ട് എന്നുള്ളതായിരുന്നു ഇത്തവണ ആരോഗ്യ വകുപ്പിൽനിന്ന് കിട്ടിയ മുന്നറിയിപ്പ്. അതുകൊണ്ട് വളരെ നേരത്തെതന്നെ ആരോഗ്യ വകുപ്പ് ഇടപെട്ട് പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ഇത്തരത്തിലുള്ള ലക്ഷണങ്ങൾ കാണുന്ന സ്ഥലത്ത് അടിയന്തര ഇടപെടലിലൂടെ അത് നിയന്ത്രിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മട്ടന്നൂരിൽ ഡെങ്കിപ്പനി ബാധിച്ച കുറേ ആളുകളെ സ്വകാര്യ ആശുപത്രികളിലാണ് ആദ്യം അഡ്മിറ്റ് ചെയ്തത്. ഞാൻ മട്ടന്നൂർ ആശുപത്രി സന്ദർശിച്ചപ്പോൾ അവിടെ ഡെങ്കിപ്പനി ബാധിച്ച കുറച്ചുപേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവിടെ വച്ചുതന്നെ പത്രസമ്മേളനം നടത്തി ഡെങ്കിപ്പനി ബാധിക്കുന്നവർ സർക്കാർ ആശുപത്രികളിലേയ്ക്ക് വരണമെന്ന് പറയുകയുണ്ടായി. സ്വകാര്യ ആശുപത്രികളിൽ തുടക്കത്തിൽ ഇതിന്റെ ട്രീറ്റ്മെന്റ് ശരിയായ രീതിയിൽ നടത്താത്തതിന്റെ ഭാഗമായിട്ടാണ് പലപ്പോഴും മരണം സംഭവിക്കുന്നത്. കൂടുതലും അങ്ങനെയാണ് വരുന്നത്. സർക്കാർ ആശുപത്രികളിൽ

ട്രീറ്റ്മെന്റിന് സർക്കാർ തയ്യാറാക്കിയിട്ടുള്ള ഒരു രീതിയുണ്ട്. അതനുസരിച്ച് ചികിത്സ നടത്താൻ സാധിക്കും. പത്രസമ്മേളനം നടത്തിയതിനുശേഷം ആളുകൾ സർക്കാർ ആശുപത്രികളിൽ വരാൻ തുടങ്ങി. ഞാൻ മാത്രമല്ല, അതിനുശേഷം പൊതുജനാരോഗ്യ വിഭാഗം അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ സ്റ്റേറ്റ് എൻഡമോളജിസ്റ്റ്, പരിയാരം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ പ്രൊഫസർ എന്നിവരുടെ നേതൃത്വത്തിലുള്ള ടീം അവിടെ സന്ദർശനം നടത്തി. ഉടൻതന്നെ ഡി.എം.ഒ.-യുടെ നേതൃത്വത്തിലുള്ള നാൽപ്പത് അംഗസംഘം മട്ടന്നൂരെത്തി നഗരസഭാ ചെയർമാനുമായും ആരോഗ്യ വകുപ്പ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമായി ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ശ്രമിച്ചു. ഏറ്റവും നന്നായി ശുചീകരണം നടത്തി അവാർഡ് വാങ്ങിയ നഗരസഭയാണത്. പക്ഷെ അവിടെ നമ്മൾ പറയുന്ന കാര്യങ്ങൾ ചില വാർഡ് മെമ്പർമാർ പൂർണ്ണമായി ഉൾക്കൊള്ളുന്നില്ലെന്നൊരു സങ്കടമുണ്ട്. അവിടത്തെ രണ്ട് വാർഡുകളിൽ ശുചീകരണം കുറച്ച് പുറകിലായിരുന്നു. അമ്പലം വാർഡ് എന്ന് അറിയപ്പെടുന്ന അമ്പലത്തിന്റെ പരിസരത്തുള്ള രണ്ട് വാർഡുകളാണത്. ഈ പ്രത്യേക സംഘം ആ രണ്ട് വാർഡുകൾ സന്ദർശിക്കുകയും കൊതുകിന്റെ ഉറവിട സാധ്യത പൂർണ്ണമായും നിരീക്ഷിച്ച് മനസ്സിലാക്കുകയും അതിനനുസരിച്ചുള്ള ഇടപെടൽ നടത്തുകയും ചെയ്തിട്ടുണ്ട്. നഗരമധ്യത്തിൽ നിർമ്മാണത്തിലിരിക്കുന്ന ഒരു ഷോപ്പിംഗ് മാളിന്റെ താഴെയുള്ള ഷോപ്പിൽ ജോലി ചെയ്തിരുന്ന എല്ലാവർക്കും ഡെങ്കിപ്പനി ബാധിച്ചു. അവിടെ നിർമ്മാണത്തിലിരിക്കുന്ന ഭാഗത്ത് വെള്ളം കെട്ടിനിർത്തുന്ന സ്ഥലത്ത് വലയിടാത്തതിനാൽ കൊതുക് വളരാനുള്ള സാധ്യതയുണ്ടായിരുന്നു. അങ്ങനെയാണ് ഡെങ്കിപ്പനി വന്നത്. അപ്പോൾ അത് പരിശോധിച്ച് അവിടെയുള്ള വെള്ളം ഒഴിവാക്കാനുള്ള അടിയന്തര നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. മാത്രവുമല്ല, അവിടത്തെ നഗരസഭ നന്നായി ഇടപെട്ടു. മുനിസിപ്പൽ ചെയർമാന്റെ നേതൃത്വത്തിൽ നാട്ടുകാരുടെ യോഗം വിളിച്ചുചേർത്തു. വൻതോതിൽ ബഹുജനപങ്കാളിത്തത്തോടുകൂടി നഗരസഭയുടെ മുഴുവൻ വാർഡുകളിലും യുദ്ധകാലാടിസ്ഥാനത്തിൽ ശുചീകരണ പ്രവർത്തനവും കൊതുക നശീകരണവും നടത്തി. വളരെ നല്ല ഇടപെടലാണ് ആ മേഖലയിൽ ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനവും ഇടപെട്ട് നടത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ ഡെങ്കിപ്പനി നിയന്ത്രിക്കാൻ സാധിച്ചു. ആരോഗ്യ വകുപ്പ് ജീവനക്കാർ, കുടുംബശ്രീ വോളന്റിയർമാർ, പൊതുജനങ്ങൾ, സന്നദ്ധസംഘടനാ പ്രവർത്തകർ തുടങ്ങി എല്ലാവരും പങ്കെടുക്കുന്നുണ്ട്. ഫോഗിംഗിനും മറ്റും ആവശ്യമായ ഉപകരണങ്ങൾ ആരോഗ്യ വകുപ്പ് എത്തിച്ചുകൊടുത്തു. മട്ടന്നൂർ ആശുപത്രിയിൽ ബെഡ്ഡും മറ്റ് കാര്യങ്ങളും കൂടുതൽ സജ്ജീകരിച്ചു. ഇരിട്ടി താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, തലശ്ശേരി ജനറൽ ആശുപത്രി എന്നിവിടങ്ങളിലെല്ലാം രോഗം നേരിടാൻ നല്ല സജ്ജീകരണമുണ്ടാക്കി. മാത്രമല്ല, കൂടുതൽ ഡോക്ടർമാരെ മട്ടന്നൂർ ആശുപത്രിയിൽ

നിയമിച്ചു. ചുരുക്കിപ്പറഞ്ഞാൽ നന്നായി നിയന്ത്രിച്ചിട്ടുണ്ടെന്ന് അർത്ഥം. 227 പനിക്കേസ്സുകളാണ് മട്ടന്നൂരിൽ റിപ്പോർട്ട് ചെയ്തത്. അതിൽ പത്തൊണ്ണമാണ് ഡെങ്കിപ്പനിയായി സ്ഥിരീകരിച്ചത്. ഇപ്പോൾ ഡെങ്കിപ്പനി പൂർണ്ണമായും നിയന്ത്രണ വിധേയമാണ്. എങ്കിലും ഈ സബ്മിഷന്റെ ഭാഗമായി ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നത്, വരാനിരിക്കുന്ന മഴക്കാലം നമ്മൾ വളരെയേറെ ശ്രദ്ധിക്കേണ്ടതുണ്ട്. ഇത്തവണ കാലാവസ്ഥ വളരെ വ്യത്യസ്തമായിരുന്നു, കൊടുംചൂട്, മഴ താമസിച്ചു. വരാനിരിക്കുന്ന മഴക്കാലം വളരെ ശ്രദ്ധിക്കണം. എം.എൽ.എ.-മാർ മുഴുവൻ അവരവരുടെ നിയോജകമണ്ഡലത്തിൽ കൊതുക നശീകരണത്തിനും ശുചീകരണത്തിനും മുൻകയ്യെടുക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റുമാരെയെല്ലാം വിളിച്ചുചേർത്ത് അടിയന്തരമായിട്ടുള്ള ഇടപെടലുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആരോഗ്യവകുപ്പ് നല്ല മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. മരുന്നുകൾ കൃത്യമായി എല്ലാ ആശുപത്രികളിലും എത്തിച്ചിട്ടുണ്ട്. അതുകൊണ്ട് മരുന്നിന്റെ ക്ഷാമമില്ല. ഡെങ്കിപ്പനി മാത്രമല്ല, ചിലയിടത്ത് എച്ച് വൺ, എൻ വൺ എന്നിവയും റിപ്പോർട്ട് ചെയ്യുന്നുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ ഇത്തവണ എച്ച് വൺ, എൻ വൺ പടർന്നിട്ടുണ്ട്. മൂന്നുവർഷത്തിനുമുമ്പാണ് ഇത് റിപ്പോർട്ട് ചെയ്തിരുന്നത്. ഇപ്പോൾ കൂടുതൽ റിപ്പോർട്ട് ചെയ്യുന്നുണ്ട്. നമുക്കും അത് ബാധിച്ചേക്കാം. ഇപ്പോൾത്തന്നെ ചില കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം ഡിഫ്തീരിയ പോലുള്ള അസുഖങ്ങൾ വരാതെ നിയന്ത്രിച്ചു നിർത്തിയതാണ്. വളരെ ജാഗരൂകരായി സഭ ഒന്നടങ്കം ഈ പകർച്ചവ്യാധി പ്രതിരോധത്തിനുവേണ്ടി ഇടപെടണം. അതിൽ ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ എം.എൽ.എ.-മാരുടെ പിന്തുണ ശക്തമായിട്ടുണ്ടാകണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

### (9) ഗ്രേസ് മാർക്ക്

ശ്രീ. റോഷി അഗസ്റ്റിൻ: സർ, സംസ്ഥാന-ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സിന്റെ പ്രവർത്തനം ഹയർ സെക്കണ്ടറി തലത്തിൽകൂടി വ്യാപിപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി ഡയറക്ടറുടെ സർക്കുലർ പ്രകാരം കട്ടപ്പന മുനിസിപ്പാലിറ്റിയിൽ മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്ന ഓസ്സാനം ഇംഗ്ലീഷ് മീഡിയം ഹയർ സെക്കണ്ടറി സ്കൂളിൽ സ്കൗട്ട് & ഗൈഡ്സ് അനുവദിച്ചതായി അറിയിപ്പ് ലഭിച്ചു. തുടർന്ന് ഹയർ സെക്കണ്ടറി ഡയറക്ടറുടെ സർക്കുലർ പ്രകാരം അദ്ധ്യാപകരുടെ പരിശീലനത്തിനുള്ള ലിസ്റ്റിൽ പ്രസ്തുത സ്കൂളിനെ ഉൾപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകർ വിജയകരമായി പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള എല്ലാ നിബന്ധനകളും പാലിച്ചുകൊണ്ടാണ് സ്കൗട്ട് & ഗൈഡ്സിന്റെ പ്രവർത്തനം ഓസ്സാനം ഇംഗ്ലീഷ് മീഡിയം ഹയർ സെക്കണ്ടറി സ്കൂളിൽ തുടരുന്നത്. പ്രസ്തുത

സ്കൂളിന് ഹൈസ്കൂൾ തലത്തിൽ ഗവൺമെന്റ്, എയ്ഡഡ്, അൺ-എയ്ഡഡ് വ്യത്യാസമില്ലാതെ സ്കൗട്ട് & ഗൈഡ്സ് മറ്റ് പാഠ്യാനുബന്ധ പ്രവർത്തനങ്ങളോടൊപ്പം പരിഗണിക്കുകയും ഗ്രേസ് മാർക്ക് ലഭിക്കുകയും ചെയ്യുന്നുണ്ട്. 2016-17 അദ്ധ്യയന വർഷം കട്ടപ്പന വിദ്യാഭ്യാസ ജില്ലയിൽ സ്കൗട്ട് & ഗൈഡ്സിന്റെ പ്രവർത്തനങ്ങളിൽ മികച്ച ഹൈസ്കൂളിനുള്ള അംഗീകാരം ഈ സ്കൂൾ നേടിയിട്ടുണ്ട്. കൂടാതെ 2016-17 അദ്ധ്യയന വർഷം ഹൈസ്കൂൾ തലത്തിൽ 32 കുട്ടികൾ രാജ്യപുരസ്കാർ അവാർഡിനും ഏഴ് കുട്ടികൾ രാഷ്ട്രപതി സ്കൗട്ട് അവാർഡിനും അർഹരാവുകയും ചെയ്തു. എല്ലാ സ്കൂളുകളിലും ഹയർ സെക്കണ്ടറി വിഭാഗത്തിൽ കുട്ടികൾക്ക് എൻ.എസ്.എസ്., എൻ.സി.സി., കല, കായികം തുടങ്ങിയവയ്ക്ക് തുല്യ പരിഗണനയും ഗ്രേസ് മാർക്കും നൽകുമ്പോൾ ഹയർ സെക്കണ്ടറി തലത്തിൽ സ്കൗട്ട്സ് ആന്റ് ഗൈഡ്സിൽ ചേർന്നിട്ടുള്ള അർഹരായ കുട്ടികൾക്ക് ഗ്രേസ് മാർക്ക് നിഷേധിക്കപ്പെടുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഗ്രേസ് മാർക്ക് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് എയ്ഡഡ്, അൺ-എയ്ഡഡ് വ്യത്യാസമില്ലാതെ എല്ലാ ഹയർസെക്കണ്ടറി വിദ്യാർത്ഥികളെയും ഉൾക്കൊള്ളിച്ചാണ് നൽകിയിരുന്നത്. സ്കൂൾതലത്തിലും ഹയർ സെക്കണ്ടറി തലത്തിലും ഉത്തരവുകളും സർക്കുലറുകളും ഗവൺമെന്റിന്റെ എയ്ഡ് എന്നുപറഞ്ഞാണ് ആരംഭിക്കുക. എന്നാൽ ഇവയെല്ലാം അൺ-എയ്ഡഡ് സ്കൂളുകളിലും ബാധകമായി ലഭിക്കുന്നുണ്ട്. ഹയർ സെക്കണ്ടറി തലത്തിൽ ഈ സ്കൂളിൽനിന്ന് 14 പെൺകുട്ടികളും 12 ആൺകുട്ടികളും സ്കൗട്ട് ആന്റ് ഗൈഡ്സിൽ മികച്ച പ്രവർത്തനംവഴി ഗ്രേസ് മാർക്കിന് അർഹരായിട്ടുണ്ട്. എന്നാൽ ഇതുവരെയും ഈ കുട്ടികൾക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടില്ല. മേൽപ്പറഞ്ഞ സാഹചര്യം എന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 1323-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിലൂടെ 2-3-2017-ന് നിയമസഭയിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവരികയും ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ മറുപടി മന്ത്രിയുടെ ഭാഗത്തുനിന്ന് ലഭിക്കുകയും ചെയ്തു. എന്നാൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി നിയമസഭയിൽ നൽകിയ ഉറപ്പിനും പൊതുവിദ്യാഭ്യസ വകുപ്പ് പുറത്തിറക്കിയ ഉത്തരവിനും വിരുദ്ധമായി വിവേചനപരമായ നടപടി തുടരുന്നുവോ എന്ന സംശയം നിലനിൽക്കുകയാണ്. ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടാനും കട്ടപ്പന ഓസ്സാനം ഇംഗ്ലീഷ് മീഡിയം ഹയർ സെക്കണ്ടറി സ്കൂളിൽ 2015-17 കാലയളവിൽ വിജയകരമായി സ്കൗട്ട് ആന്റ് ഗൈഡ്സിന്റെ പ്രവർത്തനം പൂർത്തിയാക്കിയ 26 കുട്ടികൾക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നതിന് അടിയന്തരമായ ഇടപെടൽ ഉണ്ടാകണമെന്നതുമാണ് എന്റെ സബ്മിഷൻ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കട്ടപ്പന ഓസ്സാനം ഇംഗ്ലീഷ് മീഡിയം ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾക്ക് സ്കൗട്ട് & ഗൈഡ്സ് ഗ്രേസ് മാർക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് ശ്രീ. റോഷി അഗസ്റ്റിൻ 21-12-2016-ൽ സർക്കാരിന് അപേക്ഷ നൽകിയിരുന്നു. ഈ അപേക്ഷയുടെ അടിസ്ഥാനത്തിൽ നിലവിൽ കട്ടപ്പന ഓസ്സാനം ഇംഗ്ലീഷ് മീഡിയം ഹയർ സെക്കണ്ടറി സ്കൂളിന് 18-5-2018 വരെ സ്കൗട്ട് & ഗൈഡ്സ് വാലിഡിറ്റി ഉള്ളതിനാലും ഈ സ്കൂളിലെ സ്കൗട്ട് & ഗൈഡ്സ് സ്കീമിലെ വിദ്യാർത്ഥികൾ സ്കൗട്ട് & ഗൈഡ്സ് പ്രവർത്തനം നടത്തിയതിനാലും ഈയൊരു ബാച്ചിനുമാത്രം ഗ്രേസ് മാർക്ക് അനുവദിക്കുന്നതിനായി ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും ആയതിന്മേൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറോട് ചില വിശദീകരണങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. അതനുസരിച്ച് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ ടി സ്കൂളിനോട് ഇതുസംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുടെ 29-5-2014-ലെ സർക്കുലർ പ്രകാരം ഗവൺമെന്റ്/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നുമാത്രമാണ് സ്കൗട്ട് & ഗൈഡ്സ് യൂണിറ്റുകൾ തുടങ്ങാനുള്ള അപേക്ഷ ക്ഷണിച്ചിരുന്നത്. പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ സ്കൗട്ട് & ഗൈഡ്സ് യൂണിറ്റുകൾക്കുവേണ്ടി അൺഎയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ അപേക്ഷിക്കുകയില്ലെന്ന വിശ്വാസത്തിൽ ആദ്യം ലഭിച്ച 400 അപേക്ഷകൾക്ക് സ്കൗട്ട് & ഗൈഡ്സ് യൂണിറ്റുകൾ തുടങ്ങാനുള്ള താൽക്കാലികാനുമതി നൽകുകയായിരുന്നു. എന്നാൽ അൺഎയ്ഡഡ് സ്കൂളാണെന്ന വസ്തുത മറച്ചുവച്ചുകൊണ്ടാണ് പ്രസ്തുത സ്കൂൾ അപേക്ഷ സമർപ്പിച്ചത്. മാത്രവുമല്ല, 2014-ൽ സ്കൗട്ട് & ഗൈഡ്സ് യൂണിറ്റുകൾ അനുവദിച്ചുവെങ്കിലും 2016 വരെ പ്രസ്തുത സ്കൂൾ ഗ്രേസ് മാർക്കിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നില്ല. 2015-17 വർഷത്തെ ഗ്രേസ് മാർക്കനുവദിക്കാനാണ് ഈ സ്കൂൾ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. 2015-17 വർഷത്തേയ്ക്കുള്ള ഗ്രേസ് മാർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതേയുള്ളൂ. ആയതിനാൽ കട്ടപ്പന ഓസ്സാനം ഇംഗ്ലീഷ് മീഡിയം ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ മറുപടി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത വിദ്യാലയത്തിലെ സ്കൗട്ട് & ഗൈഡ്സ് വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

## (10) പി.ജി. കോഴ്സുകൾ അനുവദിക്കൽ

ശ്രീ. ജോർജ് എം. തോമസ്: സർ, 1980-ലാണ് കോടഞ്ചേരി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിച്ചത്. 36 വർഷം പിന്നിട്ടിട്ടും അവിടെ നാല് ബിരുദ കോഴ്സുകളും രണ്ട് പി.ജി. കോഴ്സുകളും മാത്രമാണുള്ളത്. സമീപകാലത്ത്

അനുവദിച്ച നിരവധി കോളേജുകളിൽ ആറും ഏഴും കോഴ്സുകൾ അനുവദിച്ചപ്പോൾ കോടഞ്ചേരി ഗവൺമെന്റ് കോളേജിന് കാര്യമായ പരിഗണന ലഭിച്ചിട്ടില്ല. അവിടെ നല്ല ഫാക്കൽറ്റിയുണ്ട്. അതുപയോഗപ്പെടുത്തിയാൽ ഫിസിക്സിലും ബോട്ടണിയിലും രണ്ട് പി.ജി. കോഴ്സുകൾ ആരംഭിക്കാൻ പ്രയാസമില്ല. ഇത് അഡീഷണൽ പോസ്റ്റിംഗൊന്നും വേണ്ടിവരുന്ന കാര്യമല്ല. കാലിക്കറ്റ് യൂണിവേഴ്സിറ്റി അതിനാവശ്യമായ റെക്കമെന്റേഷൻ നൽകിക്കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് അടുത്ത അക്കാദമിക വർഷംതന്നെ ബോട്ടണി ഫിസിക്സ് എന്നീ വിഷയങ്ങളിൽ പി.ജി. കോഴ്സുകൾ ആരംഭിക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 1980-ൽ ജൂനിയർ കോളേജായി ആരംഭിച്ച കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ നിലവിൽ നാല് ബിരുദ കോഴ്സുകളും രണ്ട് ബിരുദാനന്തര കോഴ്സുകളുമാണുള്ളത്. മലയോര മേഖലയിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള ഏക സ്ഥാപനമാണ് എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള ഈ കോളേജ്. ഈ കോളേജിൽ രണ്ട് പി.ജി. കോഴ്സുകൾക്കുള്ള അപേക്ഷ യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ ജില്ലാതല പരിശോധനാ സമിതിയുടെ പരിശോധന നടന്നുകൊണ്ടിരിക്കുകയാണ്. പ്രസ്തുത പരിശോധനാ റിപ്പോർട്ടിന്മേലുള്ള കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## (11) ഒഴിവുകൾ നികത്തൽ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, സർക്കാർ മലയാളം നിർബന്ധ പാഠ്യവിഷയമാക്കി മാറ്റിയിരിക്കുകയാണ്. എന്നാൽ മലയാളം നിർബന്ധ പാഠ്യവിഷയവും ശ്രേഷ്ഠ ഭാഷയുമെല്ലാമാണെങ്കിലും മലയാള അദ്ധ്യാപക നിയമനം സംസ്ഥാനത്ത് കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് തോന്നുന്നില്ല. മലയാള ഭാഷ നിർബന്ധ പാഠ്യവിഷയമാക്കിയാൽ മാത്രം പോരാ, അത് പഠിപ്പിക്കാൻ മലയാള അദ്ധ്യാപകരും വേണം. വയനാട് പോലെയുള്ള ജില്ലകളിൽ ആദിവാസികളുടെയും സാധാരണക്കാരുടെയും കർഷകരുടെയും മക്കൾ പഠിക്കുന്ന സർക്കാർ സ്കൂളുകളിൽപ്പോലും മലയാളം അദ്ധ്യാപകരുടെ കുറവ് പഠനത്തെ ബാധിക്കുന്നുണ്ട്. ഇപ്പോൾ വയനാട് ജില്ലയിൽ എച്ച്.എസ്.എ. (മലയാളം) തസ്തികയിൽ ഒമ്പത് ഒഴിവുകളുണ്ടെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ട്. അതേസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് രണ്ട് ഒഴിവുകൾ മാത്രമാണെന്നാണ് അറിയുന്നത്. വയനാട് ജില്ലയിൽ മാത്രമല്ല, മറ്റ് ജില്ലകളിലും ഈ വിഷയമുണ്ട്. ആയതിനാൽ പി.എസ്.സി. ലിസ്റ്റിൽ നിന്നും മലയാളം അദ്ധ്യാപകർക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2017-18 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കിക്കൊണ്ടുള്ള 2017-ലെ മലയാളഭാഷ (നിർബന്ധിത ഭാഷ) ബിൽ 27-4-2017-ന് നിയമസഭ പരിഗണിക്കുകയും ആയത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തിരുന്നു. കന്നട-തമിഴ് മീഡിയം സ്കൂളുകളിലും ഓറിയന്റൽ അറബ്-സംസ്കൃതം സ്കൂളുകളിലും ഇപ്രകാരം മലയാളം നിർബന്ധിത പാഠ്യവിഷയമാകുമ്പോൾ അതിനായി തസ്തികകൾ സൃഷ്ടിക്കേണ്ടി വരും. സർക്കാർ വിദ്യാലയങ്ങളിൽ ഇപ്രകാരമുണ്ടാകുന്ന ഒഴിവുകളെല്ലാം നിയമാനുസൃതം നികത്തുന്നതാണ്. വയനാട് ജില്ലയിൽ എച്ച്.എസ്.എ. (മലയാളം) തസ്തികയിൽ ആകെ 9 ഒഴിവുകളാണ് ഇപ്പോഴുള്ളത്. ഇതിൽ രണ്ട് ഒഴിവുകൾ നേരിട്ടും മൂന്ന് ഒഴിവുകൾ ബൈ ട്രാൻസ്ഫർ വഴിയും നികത്തുന്നതിന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മൂന്ന് ഒഴിവുകൾ പ്രൊമോഷൻ വഴിയും ഒരൊഴിവ് അന്തർജില്ലാ സ്ഥലംമാറ്റത്തിനായും മാറ്റിവച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ സർക്കാർ സ്കൂളുകളിലെ നിർദ്ദിഷ്ട ഒഴിവുകൾ കാലവിളംബം കൂടാതെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## VII ധനകാര്യം

### 2017-18 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യ ർത്ഥന നമ്പർ | ധനാഭ്യർ ത്ഥനയുടെ പേര് | ബജറ്റ് എസ്റ്റിമേറ്റ് 2017-2018 | | | | |
|---|---|---|---|---|---|---|
| | | 14-3-2017-ൽ സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 4976,85, 14,000 | 74,64,5 0,000 | 14930,55, 43,000 | 222,93,4 9,000 | 15154,48, 92,000 |

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ഖണ്ഡനോപക്ഷേപങ്ങൾ**

**ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം (നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ)**

ശ്രീ. എ. പി. അനിൽ കുമാർ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 15154,48,92,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പുതിയ അദ്ധ്യയന വർഷം ആരംഭിക്കാൻ ദിവസങ്ങൾ മാത്രം ശേഷിച്ചിരിക്കെ സ്കൂളുകളുടെ

അറ്റകുറ്റപ്പണികൾ നടത്തുവാൻ യാതൊരു നടപടിയും സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 15154,48,92,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എല്ലാ സ്കൂൾ കുട്ടികൾക്കും സൗജന്യ യൂണിഫോം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടും പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി സ്കൂൾ യൂണിഫോം പരിമിതപ്പെടുത്തിയതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 15154,48,92,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പരീക്ഷ നടത്തിപ്പിലെ ക്രമക്കേടുകളും ചോദ്യപേപ്പർ ചോർച്ചയും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 15154,48,92,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ചോദ്യക്കടലാസ് ചോർച്ച വിദ്യാർത്ഥികളിൽ സൃഷ്ടിച്ചതായി പറയപ്പെടുന്ന അരക്ഷിതബോധം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനിൽ അക്കര: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 15154,48,92,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് ഹയർ സെക്കണ്ടറി മേഖലയിൽ നിയമിച്ച അദ്ധ്യാപകർക്ക് നിയമന അംഗീകാരവും ശമ്പളവും ലഭിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 15154,48,92,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ കോളേജുകളിൽ പ്രിൻസിപ്പൽമാരുടെ ഒഴിവുകൾ നികത്താത്തതുമൂലം ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടായതായി പറയപ്പെടുന്ന പ്രതിസന്ധി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 15154,48,92,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (യൂണിവേഴ്സിറ്റി കോളേജ് പോലുള്ള പൈതൃക കലാശാലകളിൽ സദാചാര പോലീസ് ചമഞ്ഞുള്ള ആക്രമണങ്ങളുണ്ടായിട്ടും കൗണ്ടർ കേസ്സെടുപ്പിച്ച് അക്രമികൾക്ക് സുരക്ഷയൊരുക്കാൻ കൂട്ടുനിൽക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 15154,48,92,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഉന്നത വിദ്യാഭ്യാസ മേഖലയുടെ നിലവാരത്തകർച്ചമൂലം സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് ജോലിക്കുള്ള അവസരങ്ങൾ നഷ്ടമാകുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 15154,48,92,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന അരക്ഷിതാവസ്ഥയും കെടുകാര്യസ്ഥതയും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 15154,48,92,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾ നേരിടേണ്ടിവരുന്ന പീഡനങ്ങൾക്ക് ഉത്തരവാദികളായ മാനേജ്മെന്റുകൾക്കെതിരെ നടപടിയെടുക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 15154,48,92,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിൽ പ്രിൻസിപ്പൽ ഉൾപ്പെടെ ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാത്തതുമൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന പ്രയാസങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 15154,48,92,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കായിക വിനോദം പ്രോത്സാഹിപ്പിക്കുന്നതിന് വ്യക്തമായ പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 15154,48,92,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കായിക മേഖലയിൽ സംസ്ഥാനം പിന്നിലാകാനുള്ള കാരണങ്ങളെക്കുറിച്ച് പഠനം നടത്തി പരിഹാരം കാണാൻ ശ്രമിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 15154,48,92,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കലാരംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിന് വ്യക്തമായ നയം ആവിഷ്കരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 15154,48,92,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാരിലെ ഉന്നതർ സംസ്കാരശൂന്യമായി പെരുമാറുന്നതിനാൽ സംസ്ഥാനത്തിന്റെ സാംസ്കാരിക രംഗം മോശമാകുന്നതായും ആയത് തടയാതിരിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 15154,48,92,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാംസ്കാരിക കേന്ദ്രങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

<u>ശ്രീ. റോഷി അഗസ്റ്റിൻ</u> : സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 15154,48,92,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വിശ്വവിഖ്യാതനായ അമേരിക്കൻ സെനറ്റർ ഹൊറൈസ്മാനാണ് (Horace Mann) അമേരിക്കയിൽ പൊതുവിദ്യാഭ്യാസത്തിന് വലിയ പ്രാമുഖ്യവും പരിഗണനയും നൽകിയത്. കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥിനെ നമുക്ക് അമേരിക്കൻ സെനറ്റർ ഹൊറൈസ്മാനോട് ഉപമിക്കാം. കാരണം അദ്ദേഹവും കേരളത്തിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനാണ് പ്രാമുഖ്യം കൊടുക്കുന്നത്. ഒരു വർഷം തികയാൻ പോകുന്ന ഇടതുപക്ഷ സർക്കാർ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഓരോ പ്രവർത്തനങ്ങളും പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ളവയാണ്. യു.ഡി.എഫ്.-ന് 'പൊതു' എന്ന വാക്കിനോട് അലർജിയായിരുന്നു. പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, പൊതുവിതരണം ഇതൊക്കെ കേൾക്കുമ്പോൾ അവർക്ക് അലർജിയായിരുന്നു. പൊതുവിദ്യാഭ്യാസ സ്ഥാപനം പൂട്ടുക, പൊതുമേഖലാ വ്യവസായം പൂട്ടുക അതായിരുന്നു യു.ഡി.എഫ്.-ന്റെ നയമെങ്കിൽ അതിൽ നിന്ന് വ്യത്യസ്തമായി അടച്ചുപൂട്ടാൻ തീരുമാനിച്ച മലാപ്പറമ്പ് സ്കൂൾ ഉൾപ്പെടെ 4 സ്കൂളുകൾ ഏറ്റെടുക്കാൻ തീരുമാനിച്ചുവെന്നതാണ് ഈ സർക്കാരിന്റെ നയം. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് പാഠപുസ്തകം ചോദിച്ചപ്പോൾ തലയ്ക്കടിയായിരുന്നു. കേരളത്തിലെ തെരുവുകളിൽ എസ്.എഫ്.ഐ.-ക്കാരുടെ ചോരയൊഴുകിയിരുന്നു. എന്നാൽ ഈ സർക്കാർ പാഠപുസ്തകം സമയബന്ധിതമായി വിതരണം ചെയ്തുവെന്ന് മാത്രമല്ല, ഈ അദ്ധ്യയനവർഷം 3 വാല്യങ്ങളായി പാഠപുസ്തകം വിതരണം ചെയ്യാൻ ശ്രമിക്കുകയാണ്. ഒന്ന് മുതൽ എട്ട് വരെ ക്ലാസ്സുകളിൽ എ.പി.എൽ./ബി.പി.എൽ. ഭേദമെന്യേ എല്ലാ കുട്ടികൾക്കും യൂണിഫോം സൗജന്യമായി നൽകുന്നു. അതാണ് ഈ സർക്കാരിന്റെ പ്രത്യേകത. കേരളത്തിലെ ഏതാണ്ട് നാലായിരത്തോളം വരുന്ന അദ്ധ്യാപകർക്ക് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥും ദൈവമാണ്. കാരണം, അദ്ധ്യാപകരെ പുനർവിന്യസിക്കുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചത്. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്ന സമീപനം സ്വീകരിച്ച് ഈ സർക്കാർ മുന്നോട്ടുപോകുകയാണ്. ഒന്ന് മുതൽ എട്ട് വരെ ക്ലാസ്സുകളിലെ കുട്ടികളിൽ നിന്ന് കലോത്സവത്തിന് ഫണ്ട് ശേഖരിക്കുന്നത് ഈ സർക്കാർ നിർത്തലാക്കി. മേളയുടെ നടത്തിപ്പിന് 4 കോടി രൂപ സർക്കാർ അനുവദിച്ചു.

141 RMSA സ്കൂളുകൾ സർക്കാർ സ്കൂളിന് തുല്യമാക്കി. അധിക തസ്തികകൾ സൃഷ്ടിച്ച് അദ്ധ്യാപക-അനദ്ധ്യാപക ക്ഷാമം പരിഹരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. ഇപ്രകാരം വിദ്യാഭ്യാസ മേഖലയിൽ നിരന്തരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. ഉബൈദുള്ള)

ഹയർ സെക്കണ്ടറി സ്കൂളുകളിലെ തസ്തിക എവിടെയെന്ന് സഭയ്ക്കകത്ത് ചിലർ ചോദിച്ചു. നിങ്ങൾ ഇഷ്ടം പോലെ അധിക ബാച്ച് കൊടുത്തു, അദ്ധ്യാപക നിയമനത്തിന്റെ പേരിൽ നിങ്ങൾ കാശ് വാങ്ങി കീശയിലിട്ടു, മാനേജ്മെന്റ് ഭാഗത്തുനിന്ന് കാശ് വാങ്ങിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൂവായിരത്തോളം ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കുവേണ്ടി 70 കോടി രൂപ നീക്കിവച്ചു. ഇങ്ങനെ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയിൽ നിരവധി വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ഈ സർക്കാരിനായി എന്ന് അഭിമാനത്തോടെ പറയാൻ ഞങ്ങൾക്ക് സാധിക്കും. ഇതുമാത്രമല്ല, കാസർഗോഡ്, ചേർത്തല സർക്കാർ പോളിടെക്നിക്കുകളിൽ മെക്കാനിക്കൽ ബ്രാഞ്ചിൽ ഓരോ കോഴ്സ് അനുവദിച്ചു. തിരുവനന്തപുരം സി.ഇ.ടി.-യിൽ രണ്ട് പി.ജി. കോഴ്സ് അനുവദിക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. മൂന്നാർ ഗവൺമെന്റ് കോളേജിൽ എം.എ. തമിഴ്, എം.കോം എന്നീ കോഴ്സുകളിലേയ്ക്കാവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാനും സർക്കാരിന് കഴിഞ്ഞുവെന്ന് അഭിമാനത്തോടെ പറയാൻ സാധിക്കും. ഇന്ന് കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയിൽ ഒരു ഉത്സവത്തിന്റെ പ്രതീതിയാണ്. എന്റെ നിയോജകമണ്ഡലത്തിൽ 135 എയ്ഡഡ് സ്കൂളുകളും 19 ഗവൺമെന്റ് സ്കൂളുകളും ഉൾപ്പെടെ 154 സ്കൂളുകളാണുള്ളത്. ഇപ്പോൾ പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്താനുള്ള മത്സരമാണ് കേരളത്തിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നത്. പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ, സ്കൂൾ വാർഷികാഘോഷങ്ങൾ, അതിനെല്ലാം ഓരോ സ്കൂളുകളും മത്സരിക്കുന്നു. കഴിഞ്ഞ ദിവസം വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്റെ മണ്ഡലത്തിൽ വന്നു. അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കാൻ ഒരു സ്കൂളിന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 100 പവൻ വിതരണം ചെയ്തു. ഇങ്ങനെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനുവേണ്ടി ഇത്രമാത്രം കാര്യക്ഷമമായി പ്രവർത്തിച്ച വേറെ ഏത് സർക്കാരുണ്ടെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ ഹൈസ്കൂൾ തലങ്ങളിൽ 45000 ക്ലാസ്സ് റൂമുകൾ ഹൈടെക് ആക്കുന്നതിനുള്ള നടപടികൾ ഈ സർക്കാർ ആരംഭിച്ചു. എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഓരോ സ്കൂൾ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നു. മികവിന്റെ കേന്ദ്രമാക്കുമ്പോൾ അത് എൽ.ഡി.എഫ്. എം.എൽ.എ. മാർ ജയിച്ച മണ്ഡലങ്ങളിലെ സ്കൂളുകളല്ല, മറിച്ച് യു.ഡി.എഫ്. എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലെ സ്കൂളുകൾപോലും അന്താരാഷ്ട്ര നിലവാരമുള്ളതാക്കി മാറ്റുന്ന പ്രവർത്തനങ്ങൾക്കാണ് ഈ സർക്കാർ

നേതൃത്വം കൊടുക്കുന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് എല്ലാം രാഷ്ട്രീയമായി നോക്കിക്കണ്ടായിരുന്നു പദ്ധതികൾ നടപ്പാക്കിയിരുന്നത്. ഇടതുപക്ഷത്തിന്റെ ഏതെങ്കിലും മണ്ഡലങ്ങളിൽ വികസന പ്രവർത്തനം ഇവർ നടത്തിയോ? പകരം തുരങ്കം വയ്ക്കുകയായിരുന്നു. സർക്കാർ മേഖലയിൽ 229 സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ 3 കോടി രൂപ വീതം ഈ സർക്കാർ അനുവദിച്ചു. മാത്രമല്ല, 200 വർഷം പിന്നിട്ട പൈതൃക സ്കൂളുകൾക്ക് പ്രത്യേകം പരിഗണന നൽകുന്ന പദ്ധതി നടപ്പിലാക്കാനും സർക്കാർ തീരുമാനിച്ചു. കുട്ടികളുടെ സാമൂഹിക സാമ്പത്തിക വൈകാരിക പ്രശ്നങ്ങൾ മനസ്സിലാക്കി പഠനത്തിൽ മികവ് പുലർത്താൻ കഴിയാത്ത വിദ്യാർത്ഥികളുടെ കഴിവുകളുയർത്തുന്നതിന് 'ശ്രദ്ധ' എന്ന പദ്ധതി ഈ സർക്കാർ നടപ്പിലാക്കി. കരിക്കുലം അധിഷ്ഠിതമാക്കിയുള്ള ഡിജിറ്റൈസേഷൻ കേന്ദ്രമായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗിനെ ഉയർത്താനും സർക്കാരിനായി. ഇങ്ങനെ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയിൽ നിരവധി പ്രവർത്തനങ്ങൾക്ക് ഈ സർക്കാരിന് നേതൃത്വം കൊടുക്കാനായി. കേരള ചരിത്രത്തിലാദ്യമായി വിദ്യാഭ്യാസ ലോൺ എഴുതിത്തള്ളാനും ലോൺ എടുത്ത വിദ്യാർത്ഥികൾക്ക് സഹായം കൊടുക്കാനും മുന്നോട്ടുവന്ന ഒരു സർക്കാരാണിത്. ഇനി ഒരു വിദ്യാർത്ഥിയും ലോൺ അടയ്ക്കാൻ സാധിക്കാത്തതിന്റെ പേരിൽ ആത്മഹത്യ ചെയ്യാൻ പാടില്ലെന്ന നിലപാടാണ് ഈ സർക്കാരിനുള്ളത്. പലപ്പോഴും കേരളത്തിലെ ദൃശ്യ-മാധ്യമങ്ങൾക്ക് അതൊരു വാർത്തയല്ല. മലയാളഭാഷയ്ക്ക് പ്രാമുഖ്യം കൊടുക്കുന്ന, ഒരു ഫണ്ടമെന്റൽ ലാംഗ്വേജ് അപ്രോച്ചല്ല ഈ സർക്കാരിന്റേത്. മലയാളത്തിന് പ്രാമുഖ്യം കൊടുക്കുമ്പോൾ ഇംഗ്ലീഷിനും പ്രാമുഖ്യമുണ്ടാകണം. കാരണം ഇംഗ്ലീഷ് ഒരു ഗ്ലോബൽ ലാംഗ്വേജാണ്. ആ ഗ്ലോബൽ ലാംഗ്വേജിനെ അവഗണിക്കുന്ന സമീപനമല്ല ഈ സർക്കാർ സ്വീകരിക്കുന്നത്. മലയാളഭാഷയ്ക്ക് പ്രാമുഖ്യം കൊടുക്കുമ്പോൾത്തന്നെ ഇംഗ്ലീഷിനും പരിഗണന കൊടുക്കുന്ന ഒരു വിദ്യാഭ്യാസ ക്രമത്തെയാണ് ഈ സർക്കാർ പ്രോത്സാഹിപ്പിക്കുന്നത്. ഇതാണ് ഈ സർക്കാരിന്റെ നയം. എന്തായിരുന്നു നേരത്തെയുള്ള സർക്കാർ ചെയ്തത്? നിങ്ങൾക്ക് ഓർമ്മയില്ലേ, യു.ഡി.എഫ്. സർക്കാരിന്റെ തുടക്കം മുതൽ കുഴപ്പമല്ലേ? മന്ത്രിയുടെ വീടിന്റെ പേര് 'ഗംഗ'. മന്ത്രി പറഞ്ഞു, 'ഗംഗ'യിൽ കിടക്കില്ല, പേര് 'പാത്തുമ്മ' എന്നാക്കണം. വീടിന്റെ പേര് 'പാത്തുമ്മ' എന്നാക്കാൻ തയ്യാറല്ലെങ്കിൽ ഞങ്ങൾ കിടക്കില്ല. ഒടുവിൽ മുസ്ലീം ലീഗ് നേതാക്കന്മാർ ഇടപെട്ടു. 'ഗ്രേസ്' എന്ന് പേര് മാറ്റിയപ്പോഴാണ് വിദ്യാഭ്യാസ മന്ത്രിയായ ശ്രീ. പി. കെ. അബ്ദു റബ്ബ് ആ വീട്ടിൽപ്പോയി കിടക്കാൻ തയ്യാറായത്. ഇത് നാണക്കേടല്ലേ. തലയിൽ രോമത്തൊപ്പിയും വച്ചു പോയ സി.എച്ച്. കേരളത്തിൽ ഉണ്ടായിരുന്നു. സി.എച്ചി.-ന്റെ മുഖത്തേയ്ക്ക് നോക്കി ഒരാളും വർഗ്ഗീയവാദിയെന്ന് വിളിച്ചിരുന്നില്ല. പക്ഷേ, കേരളത്തിന്റെ മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്തുകൊണ്ട് ഈ സമീപനം സ്വീകരിച്ചു എന്നുള്ളത് ഇവിടെ ചർച്ച ചെയ്യേണ്ട കാര്യമാണ്.

ശ്രീ. എം. ഉമ്മർ: സർ, മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ സംബന്ധിച്ച് വളരെ നിരുത്തവാദപരമായും മോശമായും ഒരു വീടിന്റെ പേര് 'പാത്തുമ്മ' എന്നാക്കണമെന്നൊക്കെ അദ്ദേഹം പറയുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയില്ല. അതുകൊണ്ട് അതൊന്നും രേഖയിലുണ്ടാകാൻ പാടില്ല. അടിസ്ഥാനരഹിതമായ കാര്യമാണ്. പ്രസംഗത്തിന് നർമ്മം പകരാൻ ചിലതൊക്കെ ചേർക്കുന്നത് ഭംഗിയാണ്. പക്ഷേ 'പാത്തുമ്മ', 'ഗംഗ' എന്നൊക്കെ പറയുന്നത് വളരെ ദുരുദ്ദേശപരമാണ്. അതൊന്നും രേഖയിലുണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം പരിശോധിച്ച്* നടപടി സ്വീകരിക്കാം.

ശ്രീ. എ. എൻ. ഷംസീർ: സർ, ബഹുമാനപ്പെട്ട മെമ്പർ തർക്കിക്കേണ്ടതില്ല. ഇത് കേരളത്തിലെ ജനങ്ങൾക്ക് അറിയാവുന്ന കാര്യമാണ്. 'ഗംഗ' എന്ന പേര് മാറ്റിയോ ഇല്ലയോ? 'ഗംഗ' എന്ന പേര് 'ഗ്രേസ്' എന്നാക്കിയിട്ടുണ്ട്. എന്തായാലും ഇത്തവണ എസ്.എസ്.എൽ.സി. പരീക്ഷയുടെ റിസൾട്ട് വന്നപ്പോൾ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ഒറ്റ റിസൾട്ടേ പ്രഖ്യാപിക്കേണ്ടി വന്നുള്ളൂ. കഴിഞ്ഞ പ്രാവശ്യമെങ്ങനെയാണ്? 'ലാസ്റ്റ് ബസ് കൂടിയുണ്ട്' എന്നൊരു ചൊല്ലുണ്ട് നമ്മുടെ നാട്ടിൽ. അതുപോലെയാണ് എസ്.എസ്.എൽ.സി.-ക്ക് ഒരു തവണ റിസൾട്ട് വന്നു, ഇതല്ല ഒറിജിനൽ ഒന്നും കൂടി വരുന്നുണ്ട്. അതും വന്നു, അത് ഒന്നുംകൂടി വരുന്നുണ്ട്. നിങ്ങളോർക്കണം ഒരു സ്കൂളിലെ ക്യാന്റീനിലെ സ്റ്റാഫിനുപോലും എസ്.എസ്.എൽ.സി., ബിരുദ സർട്ടിഫിക്കറ്റ് നൽകിയ കാലമായിരുന്നു കടന്നുപോയത്. അതിൽ നിന്നും വ്യത്യസ്തമായി വളരെ കൃത്യമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് രണ്ട് വർഷവും ഫലപ്രദമായി എസ്.എസ്.എൽ.സി. ഫലം പ്രഖ്യാപിക്കാൻ കഴിഞ്ഞുവെന്നുള്ളതിൽ അഭിമാനിക്കാൻ കഴിയും. കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്നുപറഞ്ഞാൽ പ്രോ വൈസ് ചാൻസലറാണ്. എന്തായിരുന്നു നമ്മുടെ സ്ഥിതി; കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡിഗ്രി സർട്ടിഫിക്കറ്റിന്റെ ചോർച്ച കണ്ടെത്തിയത് ഏഷ്യാനെറ്റായിരുന്നു. ഏഷ്യാനെറ്റ് ചാനൽ വാർത്ത പുറത്തുവിട്ടു, 'ഡിഗ്രി സർട്ടിഫിക്കറ്റ് വ്യാജമായി കൊടുക്കുന്നു.' ബി.എസ്.സി. കമ്പ്യൂട്ടർ സയൻസുകാരന് ബി.എസ്.സി. നഴ്സിംഗിന്റെ സർട്ടിഫിക്കറ്റ്. ബി.എ. ക്കാരന് ബി.ബി.എ. സർട്ടിഫിക്കറ്റ്. അതിനെക്കുറിച്ച് ചോദിച്ചപ്പോൾ അതൊരു ബി കൂടിപ്പോയതല്ലേ, മായ്ച്ചാൽ മതിയെന്നായിരുന്നു സമീപനം. പച്ച ബ്ലൗസ്, പച്ച കോട്ട്......, പച്ച ക്വസ്റ്റ്യൻ പേപ്പർ അടിക്കാത്തത് നമ്മുടെ ഭാഗ്യമായിട്ടേ ഞാൻ കാണുന്നുള്ളൂ. അതായിരുന്നു യു.ഡി.എഫ്.-ന്റെ ഭരണകാലം. കരിക്കുലം കമ്മിറ്റിയിൽ അവർക്കിഷ്ടമുള്ള ആളുകളെ കുടിയിരുത്തുന്ന

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ 2084/ഇ.ബി/2017/നി.സെ തീയതി 9-5-2017) സഭാരേഖയിൽ നിലനിർത്തി.

സമീപനമായിരുന്നു യു.ഡി.എഫ്. ഭരണകാലത്തെങ്കിൽ അതിൽ നിന്നും വിഭിന്നമായി കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയിൽ ഉത്സവത്തിന്റെ പ്രതീതി ഉണ്ടാക്കാൻ കഴിഞ്ഞുവെന്ന് ഒരു വർഷക്കാലം തികയ്ക്കാൻ പോകുന്ന ഇടതുപക്ഷ ഗവൺമെന്റിന് അഭിമാനത്തോടെ പറയാൻ സാധിക്കുമെന്നാണ് ഈ വേളയിൽ എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഇവിടെ സ്വാശ്രയ മേഖലയെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. ആരാണ് ഈ ഭൂതത്തെ തുറന്നുവിട്ടത്; ഞങ്ങളാണോ; ഇപ്പോഴും ഞങ്ങൾ യു.ഡി.എഫ്.നോട് പറയുന്നു, നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ കൊള്ളക്കാരെ പിടിച്ചുകെട്ടാൻ ഇടതുപക്ഷത്തോടൊപ്പം നിൽക്കുമെങ്കിൽ ഒരു മണിക്കൂർ കൊണ്ട് കേരളത്തിലെ വിദ്യാഭ്യാസ കച്ചവടം അവസാനിപ്പിക്കാൻ ഞങ്ങൾക്കാകും. ഞങ്ങൾക്ക് ഉറപ്പുണ്ട്. കഴിഞ്ഞ സമ്മേളനത്തിൽ ഒരു അടിയന്തരപ്രമേയം കൊണ്ടുവന്നു. അതിൽ മറ്റക്കര ടോംസ് കോളേജിനെപ്പറ്റിയാണ് പരാമർശം. കണ്ണൂരിലെ ഹിന്ദുഭവനങ്ങളിൽ ഒരു പോസ്റ്റർ കാണാം. മുത്തപ്പൻ ഈ വീടിന്റെ ഐശ്വര്യം. അതുപോലെ മറ്റക്കര ടോംസ് കോളേജിൽ പോയാൽ അവിടത്തെ ഓരോ ക്ലാസ് മുറിയിലും കേരളത്തിന്റെ മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ഫോട്ടോ കാണാം. എന്നിട്ട് അവരാണ് വന്ന് പറയുന്നത്, സ്വാശ്രയ കച്ചടവടത്തെക്കുറിച്ച്. കേരളത്തിന്റെ മണ്ണിൽ സ്വാശ്രയ കച്ചവടക്കാർക്ക് തഴച്ചുവളരാൻ അവസരമൊരുക്കിക്കൊടുത്തത് നിങ്ങളാണ്. ആരാണ് കൃഷ്ണദാസ്? മഹിജയും ജിഷ്ണു പ്രണോയിയും ഞങ്ങൾക്കെല്ലാക്കാലത്തും കൂടപ്പിറപ്പുകളാണ്. ഒരു തെരഞ്ഞെടുപ്പ് വരുമ്പോൾ മാത്രം വരുന്ന കൂടപ്പിറപ്പുകളല്ല. കേരളത്തിലെ സ്വാശ്രയ കച്ചവടം അവസാനിപ്പിക്കണമെന്ന കാര്യത്തിൽ ഞങ്ങൾക്ക് ആത്മാർത്ഥതയുണ്ട്. നിങ്ങൾക്കുണ്ടോ? ആരാണ് കൊള്ളക്കാർ. സ്വാശ്രയ ഭൂതത്തെ തുറന്നുവിട്ടതാരാണ്. സ്വാശ്രയ കച്ചവടം എല്ലാക്കാലത്തും കേരളത്തിൽ ഒരു opening the Pandora's box ആണ്, തുറക്കുമ്പോൾ എല്ലാം വച്ചുപൂട്ടാൻ കഴിയില്ല, എന്തെങ്കിലും പുറത്തുനിൽക്കും. ഇതിൽ ആത്മാർത്ഥമായി നിങ്ങൾ നിന്നാൽ ഈ അദ്ധ്യയന വർഷമെങ്കിലും സ്വാശ്രയ വിദ്യാഭ്യാസ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്ന വിശ്വാസം ഞങ്ങൾക്കുണ്ട്. അതിന് നിങ്ങൾ കൂടെ നിൽക്കുമോ ഇല്ലയോ? നിങ്ങൾ ഒരേ സമയം വേട്ടക്കാരന്റെയും ഇരയുടെയും കൂടെ കൂടും. നിങ്ങൾ ഒരേ സമയം സ്വാശ്രയ കച്ചവടക്കാരുടെയും വിദ്യാർത്ഥികളുടെയും കൂടെ നിൽക്കും. അതിന് ഒരു മടിയും നിങ്ങൾക്കില്ലെന്ന് പോയ കാലം തെളിയിച്ചതാണ്. മുൻ കേരള മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി പറഞ്ഞല്ലോ, 'എന്നെ അവർ പറ്റിച്ചുകളഞ്ഞു'വെന്ന്. ഒരു നിരാശാകാമുകനെപ്പോലെ കേരളത്തിൽ കോൺഗ്രസിന്റെ തലമുതിർന്ന നേതാവിന് വിലപിക്കേണ്ടിവന്ന സാഹചര്യം ഇവിടെ സൃഷ്ടിച്ചതാരാണ്. ഇതിന് പരിഹാരമുണ്ടാക്കാൻ നമുക്ക് കഴിയണ്ടേ. ഇത് മാത്രമല്ല, കോൺഗ്രസ്സിന്റെ സ്ഥിതി എന്താണ്? ഉത്പ്രേക്ഷയുടെ വിവരണം എങ്ങനെയാണ്?

'മറ്റൊന്നിൻ ധർമ്മയോഗത്താലതുതാനല്ലയോയിത്

എന്ന് വർണ്യത്തിലാശങ്ക ഉത്പ്രേക്ഷാഖ്യാലംകൃതി'.

ഇപ്പോൾ കോൺഗ്രസ്സും ബി.ജെ.പി.യും ഏതാണെന്ന് മനസ്സിലാകുന്നില്ല. ഒരു സിനിമയിൽ ശ്രീനിവാസനോട് മക്കൾ പറയും 'അയ്യോ അച്ഛാ പോകല്ലേ എന്ന്'. ഇപ്പോൾ കോൺഗ്രസ്സിന്റെ ഓഫീസ് തുറന്നാൽ 'അയ്യോ ആരും പോകല്ലേ, സ്ഥാനമാനങ്ങൾ നൽകാം, ഞങ്ങളുടെ കൂടെ നിൽക്കണം' എന്നാണ് കേൾക്കുന്നത്. ഈ ഒരു ഗതികേടിലേയ്ക്ക് കോൺഗ്രസ് എത്തിയില്ലേ; കോൺഗ്രസ് നേതാക്കന്മാർ കൂട്ടത്തോടെ ബി.ജെ.പി.യിലേയ്ക്ക് പോകുന്ന കാഴ്ചയല്ലേ കാണുന്നത്; കോൺഗ്രസ്സിന് ഈ അവസ്ഥ എന്തുകൊണ്ട് ഉണ്ടായി? കോൺഗ്രസ് തകരാൻ പാടില്ല. നവലിബറൽ നയം ഞങ്ങൾ തിരുത്തില്ലെന്ന് ഇവിടെ ഒരു നേതാവ് പറഞ്ഞു. നവലിബറൽ നയം തിരുത്തി ഈ നാട്ടിലെ ജനങ്ങളോട് കോൺഗ്രസ് മാപ്പ് പറയണം. ഇവിടത്തെ ന്യൂനപക്ഷങ്ങളോട് കോൺഗ്രസ് മാപ്പ് പറയണം. 'ഈ കാലമത്രയും ഞങ്ങൾക്ക് പറ്റിയ അബദ്ധങ്ങൾക്ക് ഈ നാടിനോട് മാപ്പ് പറയുന്നു'വെന്ന് പറയണം. ഞങ്ങളുടെ പേരിന്റെ കൂടെ രണ്ടക്ഷരമോ മൂന്നക്ഷരമോ ഇല്ലെങ്കിലും ഞങ്ങൾ ഇങ്ങനെയൊക്കെ ഉണ്ടാകും. രണ്ടക്ഷരവും മൂന്നക്ഷരവും പേരിന്റെ കൂടെ വേണ്ട. രണ്ടക്ഷരവും മൂന്നക്ഷരവും ഇല്ലെങ്കിലും കേരളത്തിലും ഇന്ത്യയിലും കോൺഗ്രസ് ഉണ്ടാകുമോ? അതാണല്ലോ 415-ൽ നിന്ന് 44 -ലേയ്ക്ക് എത്തിയപ്പോൾ പലരും കൂടാരംവിട്ട് പോകുന്നത്. മുങ്ങിക്കൊണ്ടിരിക്കുന്ന കപ്പലിൽ നിന്ന് പലരും ചാടുന്നു. എന്തുകൊണ്ട് കോൺഗ്രസ് തകർന്നു? കോൺഗ്രസ് എന്ന് ഇംഗ്ലീഷിൽ എഴുതുമ്പോൾ കോൺഗ്രസ്സിന്റെ അക്ഷരങ്ങളുണ്ട് ' C ' stands for Corruption, കോൺഗ്രസ് അഴിമതിക്കാരുടെ പാർട്ടിയാണ്. ' O' stands for Opportunism, കോൺഗ്രസ് അവസരവാദികളുടെ പാർട്ടിയാണ്. 'N' stands for Nepotism, കോൺഗ്രസ് സ്വജനപക്ഷവാദികളുടെ പാർട്ടിയാണ് 'G' stands for Gundayism, കോൺഗ്രസ് കെ. സുധാകരന്മാരുടെ പാർട്ടിയാണ്. 'R' stands for Rape, കോൺഗ്രസ് നിലമ്പൂരിലെ രാധമാരെ ബലാൽസംഗം ചെയ്ത ആളുകളുടെ പാർട്ടിയാണ്. 'E' stands for enemity, കോൺഗ്രസ് എല്ലാകാലത്തും ശത്രുത വച്ച് പുലർത്തുന്ന ഒരു സംഘം ആളുകളുടെ പാർട്ടിയാണ്. 'S' stands for scam, കോൺഗ്രസ് തട്ടിപ്പുകളുടെ പാർട്ടിയാണ്. 'S' stands for scandal കോൺഗ്രസ് അപകീർത്തി പറഞ്ഞു പ്രചരിപ്പിക്കുന്ന ഒരു സംഘം ആളുകളുടെ പാർട്ടിയാണ്. കോൺഗ്രസ്സിനെ രക്ഷിക്കാൻ ഇനിയാർക്കും സാധിക്കുമെന്ന് തോന്നുന്നില്ല. കോൺഗ്രസ് തകർന്നടിഞ്ഞിരിക്കുന്നു, എന്നാലും അഹങ്കാരത്തിന് ഒരു കുറവുമില്ല. ഞങ്ങളുണ്ടോ എന്ന് നിങ്ങൾ ചോദിക്കും. ഞങ്ങൾക്ക് ഇന്ത്യയിൽ അന്നുള്ള സ്വാധീനമൊക്കെ ഇന്നുമുണ്ട്. നിങ്ങൾ എന്തുകൊണ്ട് ഇവിടെയെത്തിയെന്ന കാര്യം ചിന്തിക്കണം. ബംഗാളിനെക്കുറിച്ചൊന്നും നിങ്ങൾ ബേജാറാകേണ്ട. 2019-ലേയ്ക്ക് ഉയർത്തിക്കാണിക്കാൻ ഒരു നേതാവുമില്ലാത്ത പാർട്ടിയാണ് കോൺഗ്രസ്. എന്തുകൊണ്ടാണ് അങ്ങനെ

എത്തിയത്? നിങ്ങൾ അനുവർത്തിച്ച നയം, നിങ്ങൾ ചെയ്തുകൂട്ടിയ പാപങ്ങൾക്ക് ജനം നൽകിയ മറുപടിയാണ് നിങ്ങളെ ഈ നിലയിലേയ്ക്കെത്തിച്ചത്. നെഹ്റു പുനരവതരിച്ചാൽപ്പോലും രക്ഷിക്കാൻ സാധിക്കാത്ത അവസ്ഥയിലേയ്ക്ക് കോൺഗ്രസ് ദുർബ്ബലമായിരിക്കുന്നു. ഞങ്ങളുടെ മൂക്ക് ചെത്തി ഉപ്പിലിടാൻ ഇറങ്ങി പുറപ്പെട്ടവരല്ലേ നിങ്ങൾ. എത്ര പേരുമായാണ് നിങ്ങൾ തെരഞ്ഞെടുപ്പിനെ നേരിട്ടത്; ഇപ്പോൾ എത്ര ആളുകൾ നിങ്ങളുടെ കൂടെയുണ്ട്? നിങ്ങളിപ്പോൾ രണ്ടേകാൽ പാർട്ടിയാണ്. മാണി ആരുടെ കൂടെയാണ്? ഒരു ജില്ലാ പഞ്ചായത്തിന്റെ അധികാരം നഷ്ടപ്പെട്ടപ്പോഴേയ്ക്കും മാണി സാറിനെ നാളെ മുതൽ ഞങ്ങൾ മാണിയെന്ന് മാത്രമേ വിളിക്കുവെന്ന് പറയാൻ നിങ്ങൾക്ക് മര്യാദയില്ലേ; പ്രായം ചെന്ന മനുഷ്യനല്ലേ; സീനിയർ പാർലമെന്റേറിയനല്ലേ. ഒരു പാർട്ടി യോഗം ചേർന്ന് എടുക്കേണ്ട തീരുമാനമാണോ ഇത്. ഇത് നിയമസഭയിലെ അമെന്റ്മെന്റാണോ; നിയമസഭയ്ക്കകത്ത് അമെന്റ്മെന്റ് വരും 'ൽ' എന്നുള്ളത് 'ആ' എന്നാക്കണം. കോൺഗ്രസ്സിന്റെ കെ.പി.സി.സി. യോഗം ചേർന്നെടുത്ത തീരുമാനം മാണി സാറിനെ നാളെ മുതൽ മാണിയെന്ന് മാത്രമേ വിളിക്കു എന്നാണ്. ഇതാണ് കോൺഗ്രസ്സിന്റെ അവസ്ഥ. കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനം പുനർവിചിന്തനത്തിന് വിധേയമാകണമെന്നേ അഭ്യർത്ഥിക്കുന്നുള്ളൂ.

ഇടതുപക്ഷ ജനാധിപത്യമുന്നണി ഒരു വർഷക്കാലം കൊണ്ട് ജനങ്ങൾക്ക് കൊടുത്ത വാഗ്ദാനങ്ങൾ ഓരോന്നായി പാലിച്ച് മുന്നോട്ട് പോകുന്നു. അതൊന്നും പത്രങ്ങൾക്ക് വാർത്തയാകില്ല. ഇന്നലെ ഒരു വാർത്തയുണ്ടായിരുന്നു, എല്ലാ പത്രങ്ങളിലും ഇല്ല. ഇതര സംസ്ഥാന തൊഴിലാളിയെ രക്ഷിക്കാൻ മാൻഹോളിലേയ്ക്ക് എടുത്ത് ചാടിയ നൗഷാദ് എന്ന ചെറുപ്പക്കാരന്റെ ഭാര്യ സഫ്രീനയ്ക്ക് ജോലി കൊടുത്തത് ഇന്നലെ പത്രങ്ങളിൽ വാർത്തയായിരുന്നു. ജോലി കൊടുത്തത് ശ്രീ. പിണറായി വിജയനാണ്, ശ്രീ. ഉമ്മൻ ചാണ്ടിയല്ല. തട്ടിപ്പ്, വെട്ടിപ്പ്, പറ്റിപ്പ്, ഉഡായിപ്പ് അതാണല്ലോ ശ്രീ. ഉമ്മൻ ചാണ്ടി. എന്ത് പറഞ്ഞാലും വെള്ളാനകളുടെ നാട് എന്ന സിനിമയിലെ കുതിരവട്ടം പപ്പുവിനെ പോലെയാണ്. ഇപ്പോ ശരിയാക്കിത്തരാം. എന്താണ് ശരിയാക്കിയത്, നിങ്ങൾ എന്തായിരുന്നു ശരിയാക്കിയത്, ഒരു കാര്യവും ശരിയാക്കാൻ യു.ഡി.എഫ്.-ന് ആയിട്ടില്ല. എൽ.ഡി.എഫ്. ശരിയാക്കി, ഈ കൊടുംചൂടിലും വരൾച്ചയുള്ളപ്പോഴും സംസ്ഥാനത്തിനകത്ത് വൈദ്യുതി കട്ട് ഇല്ലാതെ മുന്നോട്ട് പോകാൻ സാധിച്ചു. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഞാൻ ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയോട് നന്ദി പറയുകയാണ്. ഉത്തര മലബാറിന്റെ തലസ്ഥാനമായ, ചരിത്ര നഗരമായ തലശ്ശേരി ഇത്തവണത്തെ സംസ്ഥാന ഫിലിം അവാർഡ് നൈറ്റ് വേദിയാക്കിയതിന് ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയോട് തലശ്ശേരിക്കാരുടെ പേരിൽ നന്ദി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണച്ചു കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. ഇവിടെ ധാരാളം പ്രഖ്യാപനങ്ങൾ നടക്കുന്നുണ്ട്. പക്ഷെ, പ്രവൃത്തി പഥത്തിൽ വളരെ കുറച്ച് കാര്യങ്ങൾ മാത്രമേ വരുന്നുള്ളൂ എന്നതാണ് ഈ ഗവൺമെന്റിനെക്കുറിച്ചുള്ള ഞങ്ങളുടെ വിമർശനം. അതിന്റെ ഭാഗമായി തന്നെയാണ് വിദ്യാഭ്യാസ വകുപ്പിന്റെ ധനാഭ്യർത്ഥനകളെയും ഞങ്ങൾ എതിർക്കുന്നത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടികളിൽ പറയുന്നതുപോലെ ഏതൊരു ചെറിയ കാര്യത്തെയും വളരെ വിശാലമായി, താത്വികമായി വിശകലനം ചെയ്ത് വളരെ ആഴത്തിൽ അപഗ്രഥിച്ച് കാര്യങ്ങൾ പറയാറുണ്ട്. അതിനെ നല്ല രീതിയിൽ തന്നെ കാണുകയാണ്. പക്ഷെ അത് പലപ്പോഴും പ്രവൃത്തിപഥത്തിൽ വരുന്നില്ലെന്നുള്ള ഒരു പരാതിയാണുള്ളത്.

ഈ ഗവൺമെന്റിന്റെ എല്ലാ പദ്ധതികളുടെയും അടിസ്ഥാനമായി മാറിയിരിക്കുന്നത് കിഫ്ബിയാണ്. കിഫ്ബിയിലൂടെ എല്ലാം ശരിയാകുമെന്ന് പറയുന്ന ഗവൺമെന്റിന്റെ പ്രഖ്യാപിത മുദ്രാവാക്യം പ്രവൃത്തിപഥത്തിൽ എത്തിക്കാൻ പോകുന്നു എന്നുള്ളതാണ് കഴിഞ്ഞ രണ്ട് വർഷമായി നമ്മൾ കേട്ടുകൊണ്ടിരിക്കുന്നത്. പക്ഷെ, അതിനുമപ്പുറത്തേയ്ക്ക് കാര്യങ്ങൾ പോകുന്നില്ലെന്ന് വരുമ്പോഴാണ് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇന്നലെ പറഞ്ഞതുപോലെ, കിഫ്ബി എന്ന് പറയുന്നത് 'തരികിട പരിപാടി'യാണോ എന്ന സംശയം മന്ത്രിസഭയ്ക്കകത്തുനിന്ന് തന്നെ ഉയരുന്നത്. എന്തായാലും ഞങ്ങൾ ആ കാര്യത്തിൽ ശുഭാപ്തി വിശ്വാസികളാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നിഷേധാത്മക നിലപാട് ഞങ്ങൾ പങ്കുവയ്ക്കുന്നില്ല, കിഫ്ബി നന്നാകട്ടേ, കിഫ്ബിയിലൂടെ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ലഭിച്ച് നല്ല രീതിയിൽ മുന്നോട്ട് പോകണമെന്നുള്ളതാണ് ഞങ്ങളുടെയും ആഗ്രഹം.

ചോർച്ച വകുപ്പായി വിദ്യാഭ്യാസ വകുപ്പ് മാറരുതെന്നുള്ള അഭ്യർത്ഥനയുണ്ട്. സമീപകാലത്ത് നടന്ന ഏറ്റവും വലിയ നാണക്കേടായിരുന്നു എസ്.എസ്.എൽ.സി. പരീക്ഷ പേപ്പർ ചോർന്നതിന്റെ ഫലമായി പരീക്ഷ റദ്ദാക്കേണ്ടി വന്ന സാഹചര്യം. ഞാൻ ബഹുമാനപ്പെട്ട ശ്രീ. എ. എൻ. ഷംസീർ നേരത്തേ പറഞ്ഞ ആക്ഷേപങ്ങൾക്കൊന്നും മറുപടി പറയാനാഗ്രഹിക്കുന്നില്ല. കാരണം, കഴിഞ്ഞ കുറേക്കാലമായി കേരളത്തിലെ സംഘ്പരിവാർ സോഷ്യൽ മീഡിയയിലൂടെ പ്രചരിപ്പിച്ചുകൊണ്ടിരുന്ന, പച്ച കോട്ട്, പച്ച ഉടുപ്പ്, പച്ച ബോർഡ് അടക്കമുള്ള കാര്യങ്ങളാണ് വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട വിഷയമായി ചർച്ച ചെയ്യേണ്ടതെന്ന് അവർ ചിന്തിക്കുന്നുണ്ടെങ്കിൽ ഏതായാലും ഞങ്ങൾ ആ ട്രാപ്പിൽ വീഴാൻ ആഗ്രഹിക്കുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്താം. ഞങ്ങൾ കുറച്ചുകൂടി സോളിഡായിട്ടുള്ള കാര്യങ്ങളെക്കുറിച്ചാണ്

പറയാനാഗ്രഹിക്കുന്നത്. ചോദ്യപേപ്പർ ചോർന്നതിന്റെ ഫലമായി പരീക്ഷ റദ്ദാക്കി, പുനഃപരീക്ഷ നടത്തേണ്ടി വരുന്നു. മലയാളം പേപ്പറിൽ ഇംഗ്ലീഷിന്റെ ചോദ്യം ഉണ്ടാകുന്നു. ആ നിലയിൽ അങ്ങേയറ്റം നാണക്കേടും പിടിപ്പുകേടും പല രംഗങ്ങളിലും കാണാൻ സാധിക്കുന്നുണ്ട്. മന്ത്രിയെന്ന വ്യക്തി അതിനെല്ലാം ഉത്തരവാദി ആണെന്ന് ആക്ഷേപിക്കാൻ തയ്യാറല്ല. പക്ഷേ അദ്ദേഹം കുറച്ചുകൂടി ജാഗ്രത കാണിക്കണം. ജാഗ്രതക്കുറവ് മറ്റ് പല ആളുകൾക്കും ഉണ്ടായതിന്റെ പേരിൽ ശിക്ഷാനടപടികൾ നേരിട്ട ഒരു ഗവൺമെന്റും ക്യാബിനറ്റും കൂടിയാണിത്. അതുകൊണ്ട് അങ്ങേയ്ക്ക് കുറച്ചുകൂടി ജാഗ്രതയുണ്ടാകണമെന്ന് മാത്രമാണ് എനിക്ക് ആ കാര്യത്തെക്കുറിച്ച് പറയാനുള്ളത്. അദ്ധ്യാപക സംഘടനകളുടെ നേതൃത്വത്തിൽ നടക്കുന്ന ചോദ്യപേപ്പർ കച്ചവടം, ഒരു വർഷം ഏതാണ്ട് 15 കോടി രൂപയുടെ കച്ചവടമാണ് നടക്കുന്നതെന്നാണ് മാധ്യമങ്ങൾ പുറത്തു കൊണ്ടുവരുന്ന റിപ്പോർട്ട്. അതിൽ ഏറ്റവും പ്രധാന പങ്കുവഹിക്കുന്നത് അങ്ങേയ്ക്ക് ഏറ്റവും പ്രിയപ്പെട്ട കെ.എസ്.ടി.എ. എന്ന ഇടതുപക്ഷ അദ്ധ്യാപക സംഘടനയാണെന്നത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതുകൊണ്ട്, അതിനെ നിയന്ത്രിക്കണം. ഹയർ സെക്കണ്ടറി വകുപ്പ് ഡയറക്ടർ തന്നെ അത്തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ് മാധ്യമങ്ങളിലൂടെ അറിയാൻ സാധിച്ചത്. ആ നിർദ്ദേശങ്ങൾ പരിശോധിച്ചുകൊണ്ട് ചോദ്യപേപ്പർ മാഫിയയെ നിയന്ത്രിക്കാനുള്ള ഒരു തീരുമാനം താങ്കളുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സി.ബി.എസ്.ഇ. സ്കൂളുകളിൽ പലതിലും എൻ.സി.ഇ.ആർ.ടി. പുസ്തകങ്ങൾ പഠിപ്പിക്കണമെന്ന നിർദ്ദേശം വന്നിട്ടുണ്ട്. പക്ഷെ, നമ്മുടെ നാട്ടിലെ സി.ബി.എസ്.ഇ. സ്കൂളുകൾ പലപ്പോഴും എൻ.സി.ഇ.ആർ.ടി. പുസ്തകം അല്ലാതെ സ്വകാര്യ പുസ്തക കച്ചവടക്കാരിൽ നിന്ന് അവരുടെ കമ്മീഷൻ പറ്റിക്കൊണ്ട് അവർ നിഷ്കർഷിക്കുന്ന പുസ്തകങ്ങൾ പഠിപ്പിക്കുന്ന അവസ്ഥയുണ്ട്. ഒരു തരത്തിലുള്ള സമാനതയുമില്ലാത്ത അവസ്ഥയാണ്. ഈ മേഖലയിൽ കുത്തഴിഞ്ഞ സംവിധാനമാണ് നിലനിൽക്കുന്നത്. അക്കാര്യത്തിൽ ഗവൺമെന്റിന് ഏത് തലത്തിൽ ഇടപെടാൻ സാധിക്കുമെന്നുള്ള തിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്.

ഈ മേഖലയിൽ ചില അനീതികൾ നിലനിൽക്കുന്നുണ്ട്. 2012-ൽ ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി നിയമിക്കപ്പെട്ട കുറേ അദ്ധ്യാപകരുണ്ട്. ടീച്ചേഴ്സ് ബാങ്കിൽപ്പെട്ട് retrenched അദ്ധ്യാപകരെന്ന പേരിൽ പുറത്തുനിൽക്കേണ്ടി വരുന്ന ആളുകളെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിച്ചിരുന്നു. ഏത് ഗവൺമെന്റെന്ന രാഷ്ട്രീയ തർക്കങ്ങളിലേയ്ക്ക് പോവുകയല്ല. അവരിൽ പലർക്കും ബേസിക് പേയും ഡി.എ.യും മാത്രമാണ് കിട്ടുന്നത്. എന്നാൽ അതേ തലത്തിൽ നിയമിക്കപ്പെടുന്ന ഇപ്പോഴത്തെ അദ്ധ്യാപകർക്ക് അവരുടെ മാതൃസ്കൂളുകളിൽ

ഉണ്ടായിരുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. ഒരേ തസ്തികയിൽ പ്രവർത്തിക്കുന്ന രണ്ട് വിഭാഗം അദ്ധ്യാപകർക്ക് രണ്ട് തരത്തിലുള്ള സേവന-വേതന-വ്യവസ്ഥ നിലനിൽക്കുന്ന സാഹചര്യമുണ്ട്. ഈ അനോമലി പരിഹരിക്കാൻ ഗവൺമെന്റ് ഇടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കായിക അദ്ധ്യാപകരടക്കമുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് വലിയ ബുദ്ധിമുട്ടുകളുണ്ട്. കായിക മേഖലയിൽ വലിയ സ്വപ്നം കാണുന്ന സംസ്ഥാനമാണ് കേരളം. പ്രത്യേകിച്ച് സ്കൂളുകളാണ് എല്ലാ കാലത്തും കായിക താരങ്ങളെ വളർത്തിയെടുത്തിട്ടുള്ളത്. സ്റ്റാഫ് ഫിക്സേഷന്റെ പ്രശ്നം വരുമ്പോൾ കായികാദ്ധ്യാപകരുടെ തസ്തിക പലയിടത്തും ഇല്ലാതാകുന്ന അവസ്ഥയുണ്ട്. ഹയർ സെക്കണ്ടറിയിൽ കായികാദ്ധ്യാപകരുടെ തസ്തികയില്ല. അത് സൃഷ്ടിക്കാൻ തയ്യാറാകണം. എസ്.എസ്.എ. വഴി കായികാദ്ധ്യാപകരെ നിയമിക്കുന്നുണ്ടെങ്കിലും അത് സർക്കാർ സ്കൂളുകളിൽ മാത്രമാണ്. എയ്ഡഡ് സ്കൂളുകളാണ് പലപ്പോഴും ഈ മേഖലയിൽ മുന്നിൽ നിൽക്കുന്നത്. അവിടേയ്ക്ക് കായികാദ്ധ്യാപകർക്ക് പ്രവർത്തിക്കാൻ സാഹചര്യമുണ്ടാകുന്നില്ല. അതുകൊണ്ട് തന്നെ എസ്.എസ്.എ. വഴി നിയമിക്കപ്പെടുന്ന കായികാദ്ധ്യാപകർക്ക് മൂന്നും നാലും സ്കൂളുകളിൽ ജോലി ചെയ്യേണ്ടി വരുന്നതുകൊണ്ട് അവർക്ക് അധിക ജോലി ഭാരമുണ്ട്. കൃത്യമായി കോൺസെൻട്രേഷൻ ലഭിക്കുന്ന സാഹചര്യമുണ്ടാകുന്നില്ല. അവർക്ക് പലപ്പോഴും പ്രൈമറി സ്കൂളുകളിലെ ശമ്പളം മാത്രമേ ലഭിക്കുന്നുള്ളൂവെന്ന ഒരവസ്ഥയുണ്ട്. അക്കാര്യത്തിൽ കൂടി ഗവൺമെന്റ് ഇടപെടാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെന്ന നിലയിൽ വളരെ പ്രധാനപ്പെട്ടതാണ് പോളിടെക്നിക്കുകൾ. ഐ.ടി.ഐ.-ക്കും എഞ്ചിനീയറിംഗിനും ഇടയിൽ ഒരു ലിങ്കായി പ്രവർത്തിക്കേണ്ട സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് പോളിടെക്നിക്കുകൾ. എ.ഐ.സി.ടി.ഇ.-യുടെ പുതിയ മാനദണ്ഡങ്ങൾ പ്രകാരം കേരളത്തിലെ പോളിടെക്നിക്കുകൾ പലപ്പോഴും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. തിരുവനന്തപുരത്തെ പ്രശസ്ത സെൻട്രൽ പോളിടെക്നിക് അടക്കമുള്ള സ്ഥാപനങ്ങളുടെ അംഗീകാരം നഷ്ടപ്പെടുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്. പലപ്പോഴും ഇതൊക്കെ വേണ്ടത്ര ചർച്ച ചെയ്യപ്പെടുന്നില്ല. നൂറ് മെഡിക്കൽ സീറ്റ് കുറഞ്ഞപ്പോൾ വലിയ രീതിയിൽ ചർച്ച ചെയ്തു. പക്ഷേ പോളിടെക്നിക് മേഖലയിലുള്ള പ്രശ്നങ്ങൾ വേണ്ടത്ര ചർച്ച ചെയ്യപ്പെടുന്നില്ല. അതുകൊണ്ട് എ.ഐ.സി.ടി.ഇ.-യുടെ പുതിയ മാനദണ്ഡങ്ങൾക്കനുസൃതമായി കേരളത്തിലെ പോളിടെക്നിക് വിദ്യാഭ്യാസത്തെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

അതുപോലെയാണ് സ്കിൽ ഡെവലപ്മെന്റിന്റെ കാര്യങ്ങൾ. കഴിഞ്ഞ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനം പച്ച കോട്ടും പച്ച ബോർഡുമൊന്നുമല്ല. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) അടക്കമുള്ള തൊഴിലധിഷ്ഠിത അല്ലെങ്കിൽ

തൊഴിൽ നൈപുണ്യ പരിശീലനത്തിനുവേണ്ടിയുള്ള നിരവധി സ്ഥാപനങ്ങൾ കേരളത്തിൽ നടത്തുന്നുണ്ട്. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ അടക്കമുള്ള പദ്ധതികളും നല്ല രീതിയിൽ മുന്നോട്ടുപോകുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻസ് ഫ്രെയിം വർക്ക് (എൻ.എസ്.ക്യൂ.എഫ്.) 2018-നകം പൂർണ്ണമായും ഇന്ത്യ മുഴുവൻ നടപ്പാക്കണമെന്നാണ് നിർദ്ദേശം. 2020 മുതൽ കേന്ദ്ര സർക്കാരിന്റേയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ജോലികൾക്ക് എൻ.എസ്.ക്യൂ.എഫ്.-ന്റെ യോഗ്യതകൾ നിർബന്ധമാക്കണമെന്നും പറയുന്നുണ്ട്. പക്ഷേ കേരളത്തിൽ അത് വേണ്ടത്ര നടപ്പാക്കപ്പെട്ടിട്ടില്ല. ടെക്നിക്കൽ ഹൈസ്കൂളുകളിൽ മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. ഇപ്പോൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുമെന്ന് പറയപ്പെടുന്നു. കേരളത്തിലെ ഹയർ സെക്കണ്ടറി മേഖലയിൽ ഇതെങ്ങനെയാണ് നടപ്പാക്കുന്നത് എന്നതിനെക്കുറിച്ച് ഗവൺമെന്റ് വേണ്ടത്ര ആലോചിച്ചിട്ടില്ല. ആ നിലയിൽ തൊഴിൽ നൈപുണ്യമടക്കമുള്ള കാര്യങ്ങൾക്ക് പ്രാധാന്യം നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്. തൊഴിൽ നൈപുണ്യമെന്ന് പറയുമ്പോൾ മഹാരാജാസ് കോളേജിലേതുപോലെ വാർക്കപ്പണിയടക്കമുള്ള തൊഴിലുകൾ മാത്രം ശ്രദ്ധിച്ചാൽ പോരെന്നുള്ള അഭ്യർത്ഥനകൂടിയുണ്ട്. അതുപോലെയുള്ള കോഴ്സുകൾ എസ്.എഫ്.ഐ.-യുടെ നേതൃത്വത്തിലൊക്കെ കേരളത്തിലെ പല കോളേജുകളിലും നടക്കുന്നുണ്ട്. ആ നിലയിലുള്ള വാർക്കപ്പണി കോഴ്സുകൾക്കുപകരം ശരിയായ തൊഴിൽ നൈപുണ്യ കോഴ്സുകൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഈ ചർച്ചയിൽ പങ്കെടുക്കാൻ അദ്ധ്യാപകനായ എനിക്ക് അവസരം കിട്ടിയതിൽ ഞാൻ സന്തോഷം രേഖപ്പെടുത്തുകയാണ്. കഴിഞ്ഞ ഒരു വർഷമായി വിദ്യാഭ്യാസരംഗം ഉയിർത്തെഴുന്നേൽപ്പിന്റെ പാതയിലാണ്. യു.ഡി.എഫ്. ഭരണവും അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ചില്ലുപാത്രം എറിഞ്ഞുടയ്ക്കും പോലെയാണ് വിദ്യാഭ്യാസ മേഖലയെ തകർത്തത്. സ്കൂളിന്റെ മുന്നിലൂടെ പോയ കുട്ടിക്കുപോലും കൈ നിറയെ എ പ്ലസ് കൊടുത്ത് ജയിപ്പിച്ചുവിട്ടതും വർഷാവസാനപ്പരീക്ഷയ്ക്കു മുമ്പുമാത്രം പാഠപുസ്തകം കിട്ടിയിരുന്നതും അക്കാലത്തായിരുന്നു. ആ കാലത്തിന്റെ ഹാങ് ഓവറിൽ ചില കാര്യങ്ങൾ ഈ വർഷവും സംഭവിച്ചെങ്കിലും അതിവേഗത്തിലുള്ള പരിഹാര നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. ഇങ്ങനെ പെട്ടെന്ന് പരിഹാരമുണ്ടാകുമ്പോഴാണ് കമ്മട്ടിപ്പാടത്തിലെ ബാലനെപ്പോലെ നമ്മളും കയ്യടിക്കടാ എന്ന് പറഞ്ഞുപോകുന്നത്. രാഷ്ട്രത്തിന്റെ ഭാവി രൂപപ്പെടുന്നത് ക്ലാസ്സ് മുറികളിലാണെന്നുള്ളത് കോത്താരി കമ്മീഷന്റെ നിരീക്ഷണമാണ്. 1966 ജൂൺ 29-ാം

തീയതി ആ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കപ്പെട്ടപ്പോൾ പരിവർത്തനത്തിന്റെ ഒരുപാട് പ്രതീക്ഷകളാണ് വിദ്യാഭ്യാസ പ്രവർത്തകർ നെഞ്ചേറ്റിയത്. വിദ്യാഭ്യാസം ഉല്പാദകരംഗവുമായി ബന്ധപ്പെട്ടിരിക്കണമെന്നും വിദ്യാഭ്യാസത്തിന്റേയും സംസ്കാരത്തിന്റേയും അടിസ്ഥാന ഘടകമായി ശാസ്ത്രത്തെ അംഗീകരിക്കണമെന്നും തൊഴിൽ പരിചയം പൊതുവിദ്യാഭ്യാസത്തിന്റെ അവിഭാജ്യ ഘടകമായി മാറ്റണമെന്നുമുള്ള കമ്മീഷന്റെ ശിപാർശയുണ്ടായിരുന്നു. 59 വർഷങ്ങൾക്കുശേഷവും അതൊന്നും യാഥാർത്ഥ്യമായില്ല. ഡി.പി.ഇ.പി.യുടെയും പുതിയ പാഠ്യപദ്ധതിയുടെയും ഒന്നര ദശാബ്ദക്കാലത്തെ നവീകരണ ഘട്ടത്തിലൊഴിച്ച് കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായം ജീർണ്ണ ഗന്ധത്തിലമർന്നുകഴിഞ്ഞു. ഈ ഘട്ടത്തിലാണ് രാഷ്ട്രപിതാവായ ഗാന്ധിജി നമ്മുടെ ഓർമ്മയിലേയ്ക്ക് കടന്നുവരുന്നത്. ഗാന്ധിജിയുടെ ഏറ്റവും വലിയ സംഭാവന വിദ്യാഭ്യാസ രംഗത്താണെന്നു പറഞ്ഞാൽ ന്യൂ ജെനറേഷൻ മാത്രമല്ല ഓൾഡ് കോൺഗ്രസ്സുകാരും അത്ഭുതപ്പെട്ടുപോകും. 1937-ൽ ഗാന്ധിജി രൂപം നൽകിയ അടിസ്ഥാന വിദ്യാഭ്യാസ പദ്ധതി ഇപ്പോഴും ആധുനികമാണ്. 'നൈ താലിം' (Nai Talim) എന്നാണ് മഹാത്മജി അതിന് നൽകിയ പേര്. "നാം ഇന്നുവരെ കുട്ടികളുടെ മനസ്സിൽ പലതരം അറിവുകൾ കുത്തിനിറയ്ക്കുന്നതിനാണ് നമ്മുടെ ശക്തിയെല്ലാം കേന്ദ്രീകരിച്ചത്. അവരുടെ മനസ്സിന് പ്രചോദനമോ വികാസമോ നൽകണമെന്ന് ഒരിക്കലും വിചാരിച്ചിട്ടില്ല" എന്ന് ഗാന്ധിജി ഹരിജൻ മാസികയിൽ എഴുതി. പുതിയ വിദ്യാഭ്യാസ രീതികൾക്കായി അന്വേഷിക്കുന്നവർക്കും സർക്കാരിനും സ്വീകരിക്കാവുന്ന ഒരു മാതൃക രൂപപ്പെടുത്തു കയായിരുന്നു ഗാന്ധിജി. "മാതൃഭാഷയിലൂടെയാകണം അദ്ധ്യയനം നടക്കേണ്ടത്. സ്കൂളിനേയും ഗ്രഹാന്തരീക്ഷത്തേയും ബന്ധപ്പെടുത്തുന്ന വിദ്യാഭ്യാസമായിരിക്കണം നൽകേണ്ടത്. വിദ്യാഭ്യാസത്തിന്റെ മൊത്തം നിയന്ത്രണം ജനങ്ങളുടെ കയ്യിലായിരിക്കണം" എന്ന് അദ്ദേഹം ഒരു മറാഠി വാരികയിൽ എഴുതി. ഈ ഗാന്ധിയൻ ദർശനങ്ങൾ അതിന്റെ സൂക്ഷ്മാർത്ഥത്തിലല്ലെങ്കിലും ഇപ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങൾക്ക് അടിസ്ഥാനമാകുകയാണ്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റേയും അധികാര വികേന്ദ്രീകരണത്തിന്റേയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയുമൊക്കെ പിന്നിൽ ഗാന്ധിജിയുടെ മഹത്തായ ദർശനങ്ങളുണ്ടായിരുന്നു. പ്ലസ് ടു വരെ അദ്ധ്യയന ഭാഷ മാതൃഭാഷയിലേയ്ക്ക് മാറ്റുന്ന പരിഷ്കാരം യാഥാർത്ഥ്യമായിരിക്കുന്നു. കഴിഞ്ഞ വർഷം ആവിഷ്കരിച്ച നാല് മിഷനുകളിലൊന്നായ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുണകൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നത് ജനപങ്കാളിത്തത്തിലാണ്. 2017-18 ബജറ്റിൽ വ്യക്തമായ പരിപാടികളാണ് മുന്നോട്ടുവച്ചിരിക്കുന്നത്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് അദ്ധ്യാപകരേയും രക്ഷിതാക്കളേയും ജനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് നടന്നുവരുന്ന പ്രവർത്തനങ്ങൾ പുതിയൊരു വിതാനത്തിലേയ്ക്ക് ഉയരാൻ പോകുകയാണ്. അതുപോലെ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 45000 ക്ലാസ്സ് മുറികൾ ഹൈടെക്

ആക്കും. മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലായിരിക്കും ഈ സ്കൂളുകളുടെ നവീകരണം. ഓരോ മണ്ഡലത്തിലേയും ഓരോ സ്കൂൾ മികവിന്റെ കേന്ദ്രങ്ങളാക്കും. ആയിരം കുട്ടികളിലേറെ പഠിക്കുന്ന സ്കൂളിന്റെ വികസനത്തിനായി 3 കോടി രൂപ. എയ്ഡഡ് സ്കൂളിന് ധനസഹായം. ഇവയൊക്കെ വിദ്യാഭ്യാസ മേഖലയെ കാത്തിരിക്കുന്ന സമഗ്ര വികസനമാണ്. ഇതുമായി ബന്ധപ്പെട്ട് വിവിധ കമ്മിറ്റികൾ രൂപീകരിക്കപ്പെടുമ്പോൾ ആ കമ്മിറ്റികളിലെല്ലാം പൂർവ്വ വിദ്യാർത്ഥികളുൾപ്പെടെയുള്ള ആളുകൾ വളരെ സന്തോഷത്തോടെയാണ് സംഭാവനകൾ നൽകുന്നത്. കയ്പമംഗലം മണ്ഡലത്തിൽ മികവിന്റെ കേന്ദ്രമാക്കിയ കെ.വി.ജി.എച്ച്.എസ്.-ലെ പൂർവ്വവിദ്യാർത്ഥി സംഗമത്തിൽ ഒരു പൂർവ്വവിദ്യാർത്ഥി ഒരു കോടി രൂപ ഓഫർ ചെയ്ത കാര്യം വളരെ സന്തോഷപൂർവ്വം ഞാൻ അറിയിക്കട്ടെ. നേരത്തെ ഇവിടെ പറഞ്ഞതുപോലെ നൂറ് പവൻ ഉൾപ്പെടെയുള്ള ഓഫറുകൾ പല സ്ഥലങ്ങളിലുമുള്ള ആളുകൾ നൽകുന്നുണ്ട്. അത്രമാത്രം സ്നേഹം ആളുകൾ ഇതിനോട് കാണിക്കുന്നുണ്ട്. അധികമാരും അറിയാത്ത വിദ്യാഭ്യാസ വിചക്ഷണനാണ് ജാൻ അമോസ് കൊമേനിയസ് (Jan Amos Comenius). 1592 മുതൽ 1670 വരെയായിരുന്നു അദ്ദേഹത്തിന്റെ ജീവിതകാലം. "നഴ്സറി ടീച്ചർമാർക്കു വേണ്ടിയുള്ള പുസ്തകം, ഭാഷകളുടെ കവാടം തുറന്നിരിക്കുന്നു" എന്നിവയാണ് അദ്ദേഹത്തിന്റെ മികച്ച രണ്ട് കൃതികൾ. അദ്ദേഹത്തിന്റെ " The Great Dionysius" എന്ന കൃതിയിൽ ഒരു നിരീക്ഷണമുണ്ട്. "വിവിധ എഴുത്തുകാരിൽനിന്നും സ്വരുക്കൂട്ടിയ പദങ്ങളും വാക്യങ്ങളും ആശയങ്ങളും കുട്ടികളുടെ തലയിൽ കുത്തിനിറയ്ക്കലല്ല വിദ്യാഭ്യാസം, മറിച്ച് കുട്ടികളുടെ അറിയാനുള്ള കഴിവിനെ പുറം ലോകത്തേയ്ക്ക് തുറന്നുവയ്ക്കലാണ്. അങ്ങനെ ചെയ്താൽ ഒരു മരത്തിന്റെ മുകുളങ്ങളിൽനിന്ന് ഇലകളും പൂക്കളും കായ്കളും പുറപ്പെടുന്നതുപോലെ അവരുടെ മനസ്സിൽനിന്നും ജീവനുള്ള ജലപ്രവാഹം തന്നെ നിർഗ്ഗമിക്കും". ഇതാണ് ഇന്ന് നടക്കുന്ന വിദ്യാഭ്യാസ പരിവർത്തനം. ഇങ്ങനെ ഒരു വശത്ത് മാറ്റങ്ങളുടെ വസന്തം ആർത്തുണരുമ്പോഴും മറുവശത്ത് ഇരപിടിക്കാൻ ഇടിമുറകളുമായി കാത്തിരിക്കുന്ന സ്വാശ്രയ വ്യാപാരികളുടെ ലോകം കൂടിയാണിത്. സ്വാശ്രയ ഗുണ്ടാസംഘത്തിന്റെ ചൂഷണത്തിനും അതിക്രമത്തിനുമെതിരെ ശക്തമായ നിലപാടാണ് ഈ സർക്കാർ വിദ്യാഭ്യാസ മേഖലയിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ വർഷത്തെ ബജറ്റിലേയ്ക്കെത്തുമ്പോൾ കല, സംസ്കാരം എന്നീ രംഗങ്ങളിൽ മുഖ്യ വികസന മേഖലയെന്ന പദവി ലഭിക്കുകയാണ്. കലയുടേയും സംസ്കാരത്തിന്റെയും വിദൂര സ്ഥലങ്ങളിലുള്ള വ്യക്തികളും സ്ഥാപനങ്ങളും സമഗ്ര വികസന മുന്നേറ്റത്തിന്റെ വിരൽ സ്പർശനമേൽക്കുകയാണ്. സാംസ്കാരിക മേഖലയിൽ വലിയ സ്വാധീനം ചെലുത്താൻ കഴിയുന്ന ജില്ലാ സാംസ്കാരിക സമുച്ചയങ്ങൾ, ഫിലിം സിറ്റി, സ്ഥിരം ഫെസ്റ്റിവൽ വേദി തുടങ്ങിയവയുടെ നിർമ്മാണം ഈ വർഷം വിഭാവനം ചെയ്യുന്നു. അക്കാഡമികളെല്ലാം വേണ്ട രീതിയിൽ ശ്രദ്ധിക്കപ്പെട്ടിരിക്കുന്നു. യുവകലാകാരന്മാർക്ക് ഫെലോഷിപ്പായി

പതിനായിരം രൂപ വരെ നൽകാൻ ഈ സർക്കാർ തീരുമാനിച്ചിരിക്കുന്നു. കലയുടെ വിസ്മയകരമായ സർഗ്ഗോത്സവമായി മാറിയ കൊച്ചിൻ ബിനാലെയ്ക്ക് രണ്ട് കോടി രൂപ അനുവദിച്ചിരിക്കുന്നു. രാജ്യത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ അസഹിഷ്ണുതയുടെ വിഷപ്പുക പരന്നുകഴിഞ്ഞിരിക്കുന്ന ഈ കാലത്ത് പ്രതിരോധത്തിന്റെ നന്മനിറഞ്ഞ കേരളം പടുത്തുയർത്താനുള്ള ശക്തി പകരുകയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. ഉറച്ച കാലടികളോടെ നീങ്ങുന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും സർക്കാരിനും എന്റെ അഭിനന്ദനങ്ങൾ. അതോടൊപ്പം പങ്കാളിത്ത പെൻഷൻ ഉൾപ്പെടെയുള്ള നിരവധി കാര്യങ്ങളിൽ ഒരു നല്ല സമീപനം സ്വീകരിക്കേണ്ടതുണ്ട്. അത്തരം സമീപനങ്ങളുൾപ്പെടെയുള്ള പരിപാടികളുമായി ഈ സർക്കാർ മുന്നോട്ടുപോകുമെന്ന് ഉറപ്പുണ്ട്. ഞാൻ ഈ ധനാഭ്യർത്ഥനയെ അഭിമാനത്തോടെ അനുകൂലിക്കുന്നു.

1.00 PM]

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. എനിക്കുമുമ്പ് പ്രസംഗിച്ച ബഹുമാനപ്പെട്ട തലശ്ശേരി അംഗം ചില കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. ഈ സഭയിൽ ഒരു ബി.ജെ.പി. അംഗമുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. പക്ഷെ, യുവമോർച്ചയ്ക്ക് ഒരംഗമുണ്ടെന്ന് തലശ്ശേരി അംഗത്തിന്റെ പ്രസംഗം കേട്ടപ്പോഴാണ് മനസ്സിലായത്. വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കുന്ന പ്രസംഗം നടത്തിയാൽ നിങ്ങൾക്ക് അതുകൊണ്ട് ഒരു നേട്ടവുമുണ്ടാകാൻ പോകുന്നില്ല, നേട്ടമുണ്ടാകുന്നത് മറ്റൊരു പാർട്ടിക്കാണ്. അതുകൊണ്ട് അത്തരത്തിലുള്ള പ്രസംഗം നടത്തരുതെന്നാണ് എനിക്ക് അവരോട് പറയാനുള്ളത്. ശ്രീ. എ. എൻ. ഷംസീർ ഇവിടെ എണീറ്റ് നിൽക്കുന്നത് തന്നെ XXX* പറയാനാണ് എന്ന് നമുക്കറിയാം. അദ്ദേഹത്തിന് ഒരാഗ്രഹമുണ്ട്. അദ്ദേഹത്തിന്റെ ആഗ്രഹം 'ഇന്നത്തെ വാചകം' എന്നതിൽ അദ്ദേഹത്തിന്റെ പേര് വരണമെന്നാണ്. മലയാള മനോരമ പത്രക്കാരോട് പറയാം അദ്ദേഹത്തിന്റെ വാചകം നാളത്തെ പത്രത്തിൽ കൊടുക്കണമെന്ന്; അപ്പോൾ അദ്ദേഹത്തിന്റെ ആഗ്രഹം അവസാനിക്കുമല്ലോ.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ....ഈ സഭയിൽ ബഹുമാന്യനായ അംഗം XXX പറയുന്നത് ഓർഡറിലാണോ? അത് ശരിയായിട്ടുള്ള കാര്യമല്ല. അത് രേഖയിൽനിന്ന് നീക്കം ചെയ്യണം.

<u>മി. ചെയർമാൻ</u>: അത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

---

*പിൻവലിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അത് xxx* എന്നതുകൊണ്ട് ഉദ്ദേശിച്ചത് പറഞ്ഞത് ശരിയല്ല എന്നാണ്. ( .......ബഹളം......) അത് ഞാൻ പിൻവലിക്കുന്നു.

മി. ചെയർമാൻ: ആവശ്യമില്ലാത്തതൊക്കെ രേഖയിൽനിന്ന് നീക്കം ചെയ്യുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ബഹുമാനപ്പെട്ട അബ്ദു റബ്ബ് വീട് മാറിയതിനെക്കുറിച്ചൊക്കെ ഇവിടെ പറയുകയുണ്ടായി. എത്ര ആളുകൾ മുമ്പ് വീട് മാറിയിട്ടുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം വീട് മാറിയിട്ടില്ലേ; ആരുടെ നിർദ്ദേശപ്രകാരമാണ് അദ്ദേഹം വീട് മാറിയത്? അതൊന്നും ഞാനിവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കുന്ന ഇത്തരം പ്രസംഗങ്ങൾ നടത്താതിരിക്കണമെന്നാണ് സി.പി.എം. അംഗങ്ങളോട് പറയാനുള്ളത്. അത് ബി.ജെ.പി-യും യുവമോർച്ചയും ഇവിടെ നടത്തുന്നുണ്ടല്ലോ; പിന്നെ നിങ്ങൾ എന്തിനാണ് ആ പണി ഏറ്റെടുക്കുന്നത് ?

ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കാനുള്ള കാരണം കേരളത്തിന്റെ ദീർഘകാലാടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസ പുരോഗതിക്ക് ഉപോൽബലകമാകുന്ന നിർദ്ദേശങ്ങളൊന്നും ബഡ്ജറ്റിൽ കാണുന്നില്ല. മറിച്ച്, ശ്രീ. വി. ടി. ബൽറാം സൂചിപ്പിച്ചതുപോലെ നടപ്പാക്കാൻ സാധിക്കാത്തതും അഥവാ നടപ്പിലാക്കിയാൽ ഫലപ്രദമാകാൻ സാദ്ധ്യതയില്ലാത്തതുമായ കുറേ കാര്യങ്ങളാണ് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്. അതുകൊണ്ടാണ് ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നമ്മുടെ സ്കൂളുകളെ 'സ്മാർട്ട് റൂം' ആക്കുമെന്ന് പറയുന്നുണ്ട്. ഇതുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് മാറ്റമുണ്ടാക്കാനോ പുരോഗതിയുണ്ടാക്കാനോ നമുക്ക് സാധിക്കുമോ? ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസത്തോടുള്ള ആളുകളുടെ ആഭിമുഖ്യം വർദ്ധിച്ചുവരികയാണെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇത് ഇംഗ്ലീഷ് മീഡിയം സ്ഥാപനങ്ങളുടെ വ്യാപനത്തിലേയ്ക്കാണ് സംസ്ഥാനത്തെ നയിച്ചുകൊണ്ടിരിക്കുന്നത്. സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ തുടങ്ങി. ഇത് ഒന്നാം ക്ലാസ്സുമുതൽ തുടങ്ങിയതാണ്. ഒരു സർക്കാരിനെ മാത്രം കുറ്റപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. മാറിമാറി വരുന്ന സർക്കാരുകളൊക്കെ ഇതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇത് ഉയർത്തുന്ന ഗൗരവമേറിയ പ്രശ്നങ്ങൾ നമ്മൾ കാണേണ്ടതുണ്ട്. ഈ സ്കൂളുകളിലെ അദ്ധ്യാപകർ നേരത്തെ റിക്രൂട്ട് ചെയ്യപ്പെട്ടവരാണ്. ഇവർക്ക് കിട്ടുന്ന പരിശീലനമെന്താണെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇവരൊക്കെ ടി.ടി.സി. പാസ്സായി വന്ന ആളുകളാണ്. മലയാളം മീഡിയത്തിൽ പഠിപ്പിക്കുന്നതിനുള്ള പരിശീലനമാണ് ഇവർക്ക് കിട്ടിയിട്ടുള്ളത്. ഇവർ ഇംഗ്ലീഷ് മീഡിയത്തിൽ പഠിപ്പിക്കാൻ നിർബന്ധിതരാകുകയാണ്. ഇവരെ പി.എസ്.സി. തെരഞ്ഞെടുത്തത് മലയാളം മീഡിയത്തിൽ പഠിപ്പിക്കുന്നതിനുവേണ്ടിയാണ്. ഇവർ ഇംഗ്ലീഷ് മീഡിയത്തിൽ പഠിപ്പിക്കുമ്പോൾ

*പിൻവലിച്ചു.

സ്വാഭാവികമായും കുട്ടികൾക്ക് ഭാഷാ പരിജ്ഞാനം ഉണ്ടാകുന്നില്ലെന്നുമാത്രമല്ല മറ്റുള്ള വിഷയങ്ങൾ പഠിക്കുന്നതിന് പ്രയാസവുമുണ്ടാകുന്നു. ഇതിന് എന്താണൊരു പ്രതിവിധി? പ്രാഥമിക വിദ്യാഭ്യാസം പൂർണ്ണമായും മാതൃഭാഷയിലാക്കാനുള്ള നടപടിയാണു ണ്ടാകേണ്ടത്. അതിനുശേഷമാകാം 'സ്മാർട്ട് ക്ലാസ്സ്റൂം' എന്നാണ് അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

2500 തസ്തികകൾ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ പറഞ്ഞത്. ഈ ഒഴിവുകൾ നികത്തുമെന്ന് പറയുകയും വർക്ക് ലോഡ് അനുസരിച്ച് പുനഃക്രമീകരണം നടത്തിയതിനുശേഷം ഒഴിവുകൾ നികത്തുന്നതിനെക്കുറിച്ച് ചിന്തിക്കാമെന്ന് പറയുകയും ചെയ്യുന്നത് ശരിയല്ല. പത്രവാർത്തയനുസരിച്ച് ധനകാര്യ വകുപ്പിന്റെ നിർദ്ദേശം ഒരു അദ്ധ്യാപകന്റെ വർക്ക് ലോഡ് ഇപ്പോഴുള്ളതിൽനിന്ന് ഒരാഴ്ചയിൽ ഏതാണ്ട് 6 പീരിയഡ് വർദ്ധിപ്പി ക്കണമെന്നായിരുന്നു. നാം ഒരു കാര്യം മനസ്സിലാക്കേണ്ടത്, ഹയർ സെക്കൻഡറി കുട്ടികൾ കൗമാര പ്രായത്തിലുള്ളവരാണ്. ഇവരെ പഠിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും അദ്ധ്യാപകർക്ക് വളരെയധികം പ്രയാസമുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. ഒരു അദ്ധ്യാപകൻ ഒരു ദിവസം 6 മണിക്കൂർ പഠിപ്പിക്കണമെന്നുപറഞ്ഞാൽ അത് നീതിക്കോ യുക്തിക്കോ നിരക്കുന്നതല്ല. ഇപ്പോൾ ധനകാര്യ വകുപ്പ് വിദ്യാഭ്യാസ വകുപ്പിനെ ചുറ്റിമുറുക്കിയിരിക്കുകയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ താല്പര്യമല്ല ഇവിടെ നടക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രിയുടെയും വകുപ്പ് സെക്രട്ടറിയുടെയും താല്പര്യങ്ങൾക്കും ഇംഗിതത്തിനും അനുസരിച്ചാണ് കാര്യങ്ങൾ നടക്കുന്നത്. ഹയർ സെക്കണ്ടറി തലത്തിൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ സമ്മതിച്ചതാണ്. ഇപ്പോൾ ഈ തസ്തികകളിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ചാണ് കാര്യങ്ങൾ നടത്തുന്നതെന്ന് എല്ലാ എം.എൽ.എ.-മാർക്കും അറിയാവുന്ന കാര്യമാണ്. ഇത്തരം ഗസ്റ്റ് അദ്ധ്യാപകരെക്കൊണ്ട് ക്ലാസ്സ് നടത്തിക്കുന്നതിലൂടെയുണ്ടാകുന്ന പ്രശ്നങ്ങൾ പലരും ചൂണ്ടിക്കാട്ടിയതാണ്. അദ്ധ്യാപകൻ കൂടിയായ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ഇക്കാര്യത്തിൽ ധാരണയുണ്ടാകും. ഒരു ഗസ്റ്റ് അദ്ധ്യാപകന് കൊടുക്കേണ്ടി വരുന്ന വേതനം ഒരുമാസത്തിൽ പരമാവധി 20,000 രൂപയാണ്. ഒരു റെഗുലർ അദ്ധ്യാപകനെ നിയമിക്കുമ്പോഴാകട്ടെ, ശമ്പളം ഏതാണ്ട് 40,000 രൂപയോളം വരും. ഗസ്റ്റ് അദ്ധ്യാപകരെ നിലനിർത്താനുള്ള താല്പര്യം വിദ്യാഭ്യാസ വകുപ്പിന്റേതല്ലെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ അറിയുന്ന എല്ലാവർക്കുമറിയാവുന്നതാണ്. അദ്ദേഹത്തിന്റെ മനസ്സിനെ, നിലപാടിനെ, താല്പര്യത്തെ നമുക്കെല്ലാവർക്കും നന്നായറിയാം. എന്നാൽ ഈ താല്പര്യം ധനകാര്യ വകുപ്പിന്റേതാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

കോളേജാകട്ടെ, സ്കൂളാകട്ടെ പി.എസ്.സി. അപേക്ഷ ക്ഷണിച്ചുകഴിഞ്ഞാൽ ടെസ്റ്റും ഇന്റർവ്യൂവും കഴിഞ്ഞ് റാങ്ക് ലിസ്റ്റ് വരണമെങ്കിൽ ധാരാളം സമയമെടുക്കുന്നുണ്ട്. ഗവൺമെന്റ് കോളേജിലെ ഇംഗ്ലീഷ് അദ്ധ്യാപക നിയമനത്തിന് ഏതാണ്ട് നാല് കൊല്ലത്തിനുമുമ്പാണ് അപേക്ഷ ക്ഷണിച്ചത്. ബഹുമാനപ്പെട്ട മന്ത്രി അത് നിഷേധിക്കുമെന്ന് തോന്നുന്നില്ല. ഇതുവരെ റാങ്ക് പട്ടിക ആയിട്ടില്ല. ഈ പ്രശ്നം ഇപ്പോൾ കോടതിയിലാണെന്നാണ് അറിയുന്നത്. ഈ സർക്കാർ തന്നെ കോടതിയിലാണ്, ഇപ്പോൾ ആഴ്ചയിൽ ഓരോ ബുധനാഴ്ചയുമാണ് മന്ത്രിസഭായോഗം ചേരുന്നത്. ഇനി കുറേ കഴിഞ്ഞാൽ സുപ്രീംകോടതിയിലായിരിക്കും നമ്മുടെ മന്ത്രിസഭാ യോഗം നടക്കാൻ പോകുന്നത്. കാരണം കേസ്സിന് പിന്നാലെ കേസ്സാണ്. നിയമനങ്ങൾ ത്വരിതഗതിയിലാക്കാതിരിക്കുന്നിടത്തോളം കാലം ധനകാര്യ വകുപ്പിനാണ് ഇതുകൊണ്ട് ലാഭമുണ്ടാകുന്നതെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നന്നായറിയാം. നിയമനങ്ങൾ ത്വരിതഗതിയിലാക്കണം. നിയമനങ്ങൾ വൈകിപ്പിക്കുന്നതിൽ സർക്കാരും പി.എസ്.സി.-യും തമ്മിൽ ഒത്തുകളിയുണ്ടെന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി വിയോജിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഓരോ നിയോജകമണ്ഡലത്തിലും ഒരു കോളേജ് എന്ന സമീപനം സ്വീകരിച്ചിരുന്നു. എന്നാൽ ഈ കോളേജുകളിൽ മതിയായ സൗകര്യങ്ങൾ ഇനിയും സൃഷ്ടിച്ചിട്ടില്ല; ലൈബ്രറിയില്ല; പേരിനുമാത്രം ഒരു കോളേജുണ്ട്.

സർവ്വകലാശാലയിൽ ഏർപ്പെടുത്തിയ സെമസ്റ്റർ, ഇന്റേണൽ മാർക്ക് സമ്പ്രദായത്തെക്കുറിച്ച് സമീപകാലത്ത് ധാരാളം പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. ഇക്കാര്യത്തിൽ പുനർ ചിന്തനമുണ്ടാകണം. ഇപ്പോൾ സംസ്ഥാനത്ത് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ഉണ്ടോയെന്ന് മറുപടി പ്രസംഗത്തിൽ വ്യക്തമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ പുനഃസംഘടനയെ കുറിച്ച് പഠിക്കുന്നതിനായി എം. ജി. യൂണിവേഴ്സിറ്റിയുടെ മുൻ വൈസ് ചാൻസലർ ശ്രീ. രാജൻ കുരുക്കളെ നിയമിച്ചിരുന്നു. അദ്ദേഹം സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. എന്നാൽ ഇതുവരെ കൗൺസിൽ പുനഃസംഘടിപ്പിക്കുകയോ വൈസ് ചെയർമാനെയോ മെമ്പർ സെക്രട്ടറിയെയോ നിയമിക്കുയോ ചെയ്തിട്ടില്ല. യു.ജി.സി.-യുടെയും കേന്ദ്ര സർക്കാരിന്റെയും പല ധനസഹായങ്ങൾക്കും ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ആവശ്യമാണെന്ന് ഒരു കോളേജ് പ്രൊഫസറായിരുന്ന ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ പറയേണ്ട ആവശ്യമില്ല. അതുകൊണ്ട് സർക്കാർ ഈ നിസ്സംഗത അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കാസർഗോഡിന്റെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ധാരാളം കോഴ്സുകൾ, പ്രത്യേകിച്ച് ജോബ് ഓറിയന്റഡ് കോഴ്സുകൾ ആ കോളേജുകളിൽ തുടങ്ങാൻ ബഹുമാനപ്പെട്ട മന്ത്രി

താല്പര്യമെടുക്കണം. ഈ കോഴ്സുകളൊന്നും ഇല്ലാത്തതുകൊണ്ട് കാസർഗോഡുള്ള കുട്ടികൾ മംഗലാപുരം പോലെയുള്ള സ്ഥലങ്ങളിൽ പോയാണ് പഠിക്കുന്നത്. ഇതിനൊരു ശാശ്വത പരിഹാരം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഒരിക്കൽ കൂടി ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ വളരെ സന്തോഷത്തോടെ പിന്തുണയ്ക്കുകയാണ്. 2010-11 കാലഘട്ടത്തിൽ മുൻമന്ത്രിയായിരുന്ന ടി. എം. ജേക്കബ് അദ്ധ്യക്ഷനായി യു.ഡി.എഫ്. ഗവൺമെന്റ് ഒരു വിദ്യാഭ്യാസ പരിഷ്കരണ സമിതി രൂപീകരിച്ചു. യു.ഡി.എഫ്. അധികാരത്തിൽ എത്തുകയാണെങ്കിൽ കേരളത്തിലെ പൊതുവിദ്യാഭ്യാസം എങ്ങനെ നന്നാക്കാമെന്ന് പഠിക്കാൻ വേണ്ടി രൂപീകരിച്ച ആ സമിതിയിൽ ശ്രീമതി ഹൃദയ കുമാരി ടീച്ചർ, മുൻ വി. സി. യായിരുന്ന സുകുമാരൻ നായർ സർ ഇവരെല്ലാവരുമുണ്ട്. കമ്മിറ്റി മുമ്പാകെ പോകേണ്ട കാര്യമില്ലെങ്കിലും പൊതുവിദ്യാഭ്യാസം നന്നാകണം. എന്റെ മണ്ഡലമടക്കമുള്ള കിഴക്കൻ മലയോര പ്രദേശങ്ങളിൽ താമസിക്കുന്ന പാവപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഉന്നതനിലവാരമുള്ള വിദ്യാഭ്യാസം കിട്ടി അതിലൂടെ സാമൂഹ്യ സമത്വമുണ്ടാകണമെന്ന ആഗ്രഹത്തോടെ ഞാൻ തിരുവനന്തപുരം ഗസ്റ്റ് ഹൗസിൽ ഏതാണ്ട് അരമണിക്കൂറോളം കാത്തിരുന്ന് സമിതി മുമ്പാകെ പല രേഖകളും ഹാജരാക്കി ചർച്ചയിൽ പങ്കെടുത്തു. അന്ന് പൊതുവിദ്യാഭ്യാസം പരിഷ്കരിക്കുന്നതിനെ കുറിച്ച് ഒരു റിപ്പോർട്ട് ഉണ്ടാക്കി. പിന്നീട് ആറേഴ് മാസം കഴിഞ്ഞപ്പോൾ യു.ഡി.എഫ്. അധികാരത്തിൽ വന്നു. ഞാൻ പലപ്പോഴും ടി. എം. ജേക്കബിനോട് കമ്മിറ്റി റിപ്പോർട്ടൊക്കെ ഉണ്ടാക്കിയിട്ട് എന്തായി എന്ന് ചോദിച്ചിട്ടുണ്ട്. അതിന്റെയൊരു പേജ് പോലും വായിച്ച് നോക്കാൻ അന്നത്തെ ബഹുമാനപ്പെട്ട മന്ത്രി തയ്യാറായില്ല. അദ്ദേഹം അദ്ദേഹത്തിന്റെ സ്വന്തം ഇഷ്ടപ്രകാരം, വീടിന്റെ പേര് മാറ്റിയതിനെ പറ്റിയൊന്നും ഞാൻ പറയുന്നില്ല. പക്ഷെ ഒരു കാര്യം പറയാം. മുസ്ലീം ലീഗിനെ ഞാൻ ഒരു വർഗ്ഗീയ പാർട്ടിയായി കാണുന്നില്ല. ചിലയാളുകളുടെ നയത്തിൽ അങ്ങനെ തോന്നുന്നതിൽ തെറ്റില്ല. മുസ്ലീം ലീഗ് വർഗ്ഗീയ പാർട്ടിയല്ല. അതിന്റെ നിലപാടുകൾ വർഗ്ഗീയത നിറഞ്ഞതല്ല, അതിനെതിരെ പ്രവർത്തിക്കുകയും സംസാരിക്കുകയും ചെയ്തിട്ടുള്ള ബഹുമാനപ്പെട്ട താങ്കളെപോലെയുള്ളവരുടെയൊക്കെ നിലപാടുകളെ ഞാൻ ബഹുമാനിക്കുന്നയാളാണ്. ഇവിടെ ബഹുമാനപ്പെട്ട എ. എൻ. ഷംസീർ പറഞ്ഞതിനെ എല്ലാവരും എതിർത്തു. അദ്ദേഹം സ്കിൽ അക്വിസിഷൻ പ്രോഗ്രാമിനെക്കുറിച്ച് പറഞ്ഞു. എന്റെ ആത്മസുഹൃത്തായ ശ്രീ. എൻ. എ. നെല്ലിക്കുന്നും അതിനെപ്പറ്റി പറയുകയുണ്ടായി. സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ജില്ലാതല ഓഫീസർമാരായി ശ്രീ. പി. കെ. അബ്ദു റബ്ബ് നിയമിച്ച ആളുകളുടെ പേരും

അഡ്രസും എടുത്ത് വായിച്ചാൽ മനസ്സിലാകും. എന്തെങ്കിലും പറഞ്ഞയുടനെ അവരെ ബി.ജെ.പി. യാക്കണ്ട. ഞാൻ ബി.ജെ.പി. ഒന്നുമല്ല. പൊതുവേദിയിലും എല്ലായിടത്തും മതേതര നിലപാട് സ്വീകരിക്കുന്ന, അതിനെതിരെ ശക്തമായി സംസാരിക്കുന്നയാളാണ് ഞാൻ. എന്റെ രാഷ്ട്രീയ പാരമ്പര്യവും അതാണ്. ഞാനൊരു കലാകാരനാണ്. എനിക്ക് ജാതിയും മതവുമൊന്നുമില്ല. എവിടെയെങ്കിലും ഒരു ജാതിക്കാരോ സമുദായക്കാരോ സംഘടിച്ചാൽ മറുവശത്ത് വേറെ ആളുകൾ സംഘടിച്ച് വർഗ്ഗീയത ഉണ്ടാക്കുന്നത് അവിടെനിന്നുമാണ്. അതുകൊണ്ട് ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ വർഗ്ഗീയത ഒഴിവാക്കുന്നതിന് എല്ലാവരും ഉൾക്കൊള്ളുന്നൊരു മനോഭാവമുണ്ടാകണം. സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ മുൻ ഉദ്യോഗസ്ഥനെ ഈ ഗവൺമെന്റ് വന്നതിനുശേഷം മാറ്റിയിട്ടുണ്ട്. ബഹുമാനപ്പെട്ട എ. എൻ. ഷംസീർ പറഞ്ഞതിൽ തെറ്റില്ല. ശ്രീ. എ. എൻ. ഷംസീർ പറഞ്ഞതുകൊണ്ട് അദ്ദേഹത്തെ ബി.ജെ.പി. ക്കാരനാക്കാൻ നോക്കേണ്ട. അങ്ങനെ എന്തെങ്കിലും പറഞ്ഞാൽ ഉടൻ നമ്മൾ അങ്ങനെ പറയും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സമത്വമെന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ മുദ്രാവാക്യം ഉയർത്തിപിടിച്ചുകൊണ്ടാണ് ഈ വിദ്യാഭ്യാസനയം ഉണ്ടാക്കിയിരിക്കുന്നത്. നമ്മൾ ടി.വി.-യിൽ കാണുന്നൊരു പരസ്യമുണ്ട്. എന്റെ സ്കൂൾ ദേശീയ നിലവാരത്തിലേയ്ക്ക് ഉയരാൻ പോകുന്നെന്ന് കുട്ടി അച്ഛനോട് പറയുമ്പോൾ കുട്ടിയുടെയും അച്ഛന്റെയും മുഖത്ത് വിടരുന്ന സന്തോഷം കേവലം ഒരു പരസ്യ ചിത്രത്തിൽ അഭിനയിച്ചവരുടെ ഭാവപ്രകടനമല്ല. കേരളത്തിലെ ഗ്രാമപ്രദേശത്തെ ഒരു സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ പോകുകയാണെന്ന് പറയുമ്പോൾ കുഞ്ഞുങ്ങളുടെയും രക്ഷിതാക്കളുടെയും മുഖത്തെ ഭാവം എനിക്കും നിങ്ങൾക്കും എല്ലാവർക്കും കാണാൻ കഴിയും. വിദ്യാഭ്യാസ നിലവാരം ഉയരണം. പ്രൈമറി ക്ലാസ്സ് മുതൽ അവഗണിക്കപ്പെട്ടിരുന്ന വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്കുവരെ ഈ ബജറ്റിൽ 3 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. 2017 ഡിസംബർ 17-നുമുൻപ് കേരളത്തിലെ 8-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള മുഴുവൻ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി ക്ലാസ് മുറികളും ഡിജിറ്റലൈസ് ചെയ്യുമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയ്ക്ക് ഉറപ്പുനൽകിയിട്ടുണ്ട്. അതിനുള്ള ഫണ്ട് കിഫ്ബിയിൽനിന്നും പ്രൊവൈഡ് ചെയ്തുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. അല്ലാതെ ധനകാര്യ വകുപ്പ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ വരിഞ്ഞു കെട്ടിയില്ല. എന്തിനും പണം ആവശ്യമാണ്. 45000 ക്ലാസ് മുറികൾ ഡിജിറ്റലൈസ് ചെയ്യുകയെന്ന് പറഞ്ഞാൽ ഒരു ക്ലാസ്സ് മുറി ഡിജിറ്റലൈസ് ചെയ്യാൻ 3 ലക്ഷം രൂപ വേണ്ടിവരും. അപ്പോൾ 45000 ക്ലാസ്സ് മുറികൾ ഡിജിറ്റലൈസ് ചെയ്യാൻ എത്ര രൂപവേണമെന്ന് ഗുണിച്ചു നോക്കിയാൽ അറിയാൻ സാധിക്കും. അത്രയും തുക സംഭരിക്കാൻ കിഫ്ബിക്ക് കഴിയുമെന്നുള്ളത് കൊണ്ടാണ് സമയബന്ധിതമായി അത്തരത്തിലുള്ളൊരു പ്രോജക്ടുമായി മുന്നോട്ടു

പോകുന്നത്. എന്റെ മണ്ഡലത്തിലെ തന്നെ സ്കൂളിന്റെ കാര്യത്തിൽ 30-ാം തീയതിക്കുമുൻപ് തീരുമാനമെടുക്കണമെന്ന് പറഞ്ഞു. അവർ അത് ചെയ്തു. ഞാൻ അതിൽ സന്തുഷ്ടനാണ്. സമയബന്ധിതമായി ഇത് പരിഷ്കരിച്ചാൽ ഒരു ദിവസം മുൻപേ നമ്മുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം ലഭിക്കും. ഒരു നിയമത്തിലൂടെ മലയാളം നിർബന്ധമാക്കി. മലയാളം നിർബന്ധമാക്കുമ്പോൾ കുട്ടികളെ ഇംഗ്ലീഷ് കൂടി പഠിപ്പിക്കണമെന്നാണ് എനിക്ക് സ്നേഹത്തോടെ പറയാനുള്ളൊരു കാര്യം. ഏറ്റവും കൂടുതൽ പ്രവാസികളുള്ള സംസ്ഥാനമാണ് കേരളം. ലോകത്തെവിടെയും പോയി ജീവിക്കാൻ കഴിയുന്ന ഇംഗ്ലീഷ് എന്ന പൊതുഭാഷ നമ്മുടെ കുഞ്ഞുങ്ങളെ സംസാരിക്കാനും വായിക്കാനും എഴുതാനും പഠിപ്പിക്കണമെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സ് വരെ വലിയ പഠനത്തിന്റെയൊന്നും ആവശ്യമില്ല. മലയാളവും ഇംഗ്ലീഷും തെറ്റുകൂടാതെ ഒരു പേജ് അവന്റെ ഭാവനയിൽനിന്നും എഴുതാൻ പഠിക്കണം. കണക്ക് കൂട്ടാനും ഗുണിക്കാനും ഹരിക്കാനും പച്ചവെള്ളം പോലെ പഠിച്ചാൽ ലോകത്ത് എന്ത് വിഷയവും കുട്ടിയെ പഠിപ്പിച്ചെടുക്കാമെന്ന് വിശ്വസിക്കുന്നയാളാണ് ഞാൻ. നമ്മുടെ നാട്ടിൽ വിദ്യാഭ്യാസത്തിൽ പഠിപ്പിക്കുക യെന്നതല്ല, how to learn എങ്ങനെയാണ് കുട്ടിയെ പഠിപ്പിക്കേണ്ടത് എന്നതാണ് നോക്കേണ്ടത്. ഇവിടെ ഗ്യാലറിയിൽ ഐ.എ.എസ്. ഉദ്യോഗസ്ഥരൊക്കെ ഇരിക്കുന്നുണ്ടല്ലോ, അവരോട് ചോദിക്കൂ. എങ്ങനെയാണ് കുട്ടി പഠിക്കേണ്ടതെന്ന് ഒരു കുട്ടിക്ക് മനസ്സിലാക്കികൊടുത്താൽ എന്തും പഠിക്കാം. അടിസ്ഥാന വിദ്യാഭ്യാസം മലയാളവും ഇംഗ്ലീഷും കണക്കുമാണ്. ഇതെല്ലാം നമ്മൾ പറയുമ്പോഴും നമ്മുടെ നാട്ടിലെ സാമൂഹിക വ്യവസ്ഥിതി അനുസരിച്ച് പാവപ്പെട്ടവർക്കും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും സംവരണ വിഭാഗത്തിൽപ്പെട്ടവർക്കും ജീവിതത്തിൽ ഉയർന്നുവരണമെങ്കിൽ ഗ്രാമപ്രദേശങ്ങളിലെ സ്കൂളുകൾ നന്നാവണം. അതിന് ഈ ഗവൺമെന്റ് എടുക്കുന്ന നിലപാടുകളെ പരിപൂർണ്ണമായും പിന്തുണയ്ക്കുന്നു. ചില കാര്യങ്ങൾ കൂടി പറയാം. ആർക്കും വിരോധം തോന്നേണ്ട കാര്യമില്ല. സത്യമാണ് പറയുന്നത്. രാഷ്ട്രീയമല്ല. ഇത്രയും പറഞ്ഞതുകൊണ്ട് അതുകൂടെ പറഞ്ഞില്ലെങ്കിൽ മോശമാണ്. എന്റെ നിയോജക മണ്ഡലത്തിൽ ഞാനൊരു കണക്കെടുത്തു. മറ്റ് എം.എൽ.എ. മാർ ഇതൊന്നു കുറിച്ചെടുക്കണം. ഭരണ-പ്രതിപക്ഷമൊക്കെ അവിടെ നിൽക്കട്ടെ. നാടിന്റെ ഖജനാവ് കാത്തുസൂക്ഷിക്കുന്നതിൽ എം.എൽ.എ.-മാർക്കും മന്ത്രിമാർക്കും സർക്കാർ ഉദ്യോഗസ്ഥർക്കും ചുമതലയുണ്ട്. എം.എൽ.എ.-മാരുടെ ശമ്പളം വളരെ തുച്ഛമാണ്. പക്ഷെ ഞാനൊരു കണക്ക് പറയാം. ഈ പണമെല്ലാം ചോർന്നുപോകുന്നത് കണ്ട് മിണ്ടാതെ നിൽക്കരുത്. എന്റെ നിയോജകമണ്ഡലത്തിൽ 50 എൽ.പി./യു.പി. സ്കൂളുകളുണ്ട്. ഹൈസ്കൂൾ വേറെയുണ്ട്. അതിൽ പതിനഞ്ച് സ്കൂളുകളിൽ മാത്രമാണ് 100-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്നത്. ബാക്കി പത്തെണ്ണത്തിൽ 50-നും 100-നും ഇടയ്ക്കാണ്. ബാക്കി 25 എണ്ണത്തിൽ 50-ന് താഴെയാണ്. ശരാശരി 30. ഈ

സ്കൂളുകളിലെല്ലാം കുട്ടികളുണ്ട്. ഒരു സ്കൂളിൽ ഒരു കുട്ടിയും ഒരു അദ്ധ്യാപികയും മാത്രമാണുള്ളത്. അദ്ധ്യാപിക താമസിക്കുന്നത് സ്കൂളിന്റെ മൂന്ന് മീറ്റർ റോഡിന് അപ്പുറത്ത്. കുട്ടി വരുന്ന ദിവസം അദ്ധ്യാപിക സ്കൂൾ തുറക്കും. കുട്ടിക്കുള്ള ആഹാരം ഉണ്ടാക്കികൊടുക്കും. കഴിഞ്ഞ വർഷം രണ്ട് അദ്ധ്യാപകരുണ്ടായിരുന്നു. ഞങ്ങളുടെ പഞ്ചായത്ത് പ്രസിഡന്റിനോ നാട്ടുകാർക്കോ എം.എൽ.എ.-യ്ക്കോ ആ സ്കൂൾ തുറന്ന് വയ്ക്കുന്നതിനോട് ആഗ്രഹമില്ല. ഒരു കുട്ടിയുള്ളതിന്റെ പേരിൽ ആ സ്കൂൾ തുറന്നുവയ്ക്കുന്ന ധാർമ്മികതയോട് എനിക്ക് യോജിക്കാൻ കഴിയില്ല. ധാർമ്മികതയല്ല അതൊരു ദേശീയ നഷ്ടമാണ്. ആ കുഞ്ഞിനെയും സ്കൂളിനെയും നശിപ്പിക്കുകയാണ്. സ്കൂൾ അടച്ചുപൂട്ടാൻ പോകുന്നുവെന്ന് മാധ്യമങ്ങൾ പറയുന്നു. നാട്ടുകാർ പറയുന്ന അടച്ചുപൂട്ടുന്നതുകൊണ്ട് യാതൊരു കുഴപ്പവുമില്ല. ഒരു കുട്ടിക്കുവേണ്ടി ഈ സ്കൂൾ തുറന്ന് വയ്ക്കേണ്ട, ഏതെങ്കിലും ഓഫീസ് ആക്കിമാറ്റുന്നതിൽ തെറ്റില്ലെന്നാണ് നാട്ടുകാർ പറയുന്നത്. ഞാനൊരു എം.എൽ.എ. ആണ്. 25 സ്കൂളുകളിൽ 30-ൽ താഴെ കുട്ടികളാണ് പഠിക്കുന്നത്. ഒരു സ്കൂളിൽ പഠിപ്പിക്കാൻ നാല് അദ്ധ്യാപകരാണ്. വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും ബഹുമാനപ്പെട്ട മന്ത്രിയും എല്ലാവരും ശ്രദ്ധിക്കണം. 25 x 4 =100 ടീച്ചേഴ്സാണ് ഈ 25 സ്കൂളിൽ പഠിപ്പിക്കുന്നത്. 25 കുട്ടികൾ 25 സ്കൂൾ 25 അദ്ധ്യാപകർ ശരാശരി 30 കുട്ടികളെ വച്ച് പഠിപ്പിച്ചാൽ 750 കുട്ടികളെയാണ് പഠിപ്പിക്കുന്നത്. അതിനെ 100 കൊണ്ട് ഡിവൈഡ് ചെയ്താൽ ഒരു അദ്ധ്യാപകൻ 7.5 കുട്ടികളെയാണ് പഠിപ്പിക്കുന്നത്. ഇത് ന്യായമാണോ? ഒരു പ്രൈമറി സ്കൂൾ അദ്ധ്യാപകന്റെ ശമ്പളം 25,000 രൂപ മുതൽ 40,000 രൂപ വരെയാണ്. 7.5 കുട്ടികളെ പഠിപ്പിക്കുന്നതിന് ഈ 100 അദ്ധ്യാപകർ വാങ്ങുന്നത് എത്ര ലക്ഷം രൂപയാണ്. എന്റെ മണ്ഡലത്തിൽ പട്ടാഴി എന്ന സ്ഥലത്ത് ഒരേ വാർഡിൽ ഒരു കിലോമീറ്ററിനുള്ളിൽ 3 സ്കൂളുകളുണ്ട്. രണ്ട് സർക്കാർ സ്കൂളുകളും ഒരു എയ്ഡഡ് സ്കൂളും യു.പി.യും എൽ.പി. യുമാണ്. മൂന്ന് സ്കൂളിലും കൂടി ആകെ പഠിക്കുന്ന കുട്ടികളുടെ എണ്ണം 70-ൽ താഴെയാണ്. എന്തുകൊണ്ട് ഈ മൂന്ന് സ്കൂളിനെയും കൂടി ക്ലബ്ബ് ചെയ്ത് ഒരു നല്ല സ്കൂളാക്കി നടത്തികൂടാ. ആരെയെങ്കിലും സന്തോഷിപ്പിക്കാൻ, നമ്മുടെ ദേശീയ നഷ്ടം എം.എൽ.എ.-മാരായ നമ്മൾ കണ്ടില്ലെന്ന് നടിക്കരുത്. 'സ്കൂൾ അടച്ചുപൂട്ടാൻ ദുഷ്ടനായ എം.എൽ.എ. കൂട്ടുനിന്നു' എന്ന് പത്രത്തിൽ വാർത്ത വരും. അത്തരം ചിത്രീകരണങ്ങളിലൊന്നും ഞാൻ ഭയപ്പെടുന്നില്ല. ഈ രാജ്യത്തിന്റെ നിലനിൽപ്പും നമ്മുടെ നാടിന്റെ നന്മയുമാണ് പ്രധാനം. അടച്ചുപൂട്ടണമെങ്കിൽ അടച്ചുപൂട്ടണം. Uneconomic എന്നുപറയുന്നതിൽ അർത്ഥമില്ല. ഇത് പൊതു വിദ്യാഭ്യാസമാണ്, ലാഭനഷ്ടങ്ങളുടെ കണക്ക് പറയേണ്ട. പക്ഷെ ദുരുപയോഗം ചെയ്യരുത്. ഞാൻ അങ്ങയുടെ വകുപ്പിൽ നടക്കുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്. എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ചക്കുവരയ്ക്കൽ ഹൈസ്കൂളിനുവേണ്ടി ഫണ്ട് അനുവദിച്ച് പ്ലാൻ വരച്ച് പി.ഡബ്ല്യു.ഡി. വഴി കൊടുത്തിട്ട് ഒൻപത് മാസമായി.

ഇതുവരെ ഒരു തീരുമാനവുമില്ല. ആ ഫയൽ ഡി.ഡി.യിലേയ്ക്കും ഡി.ഇ.ഒ.യിലേയ്ക്കും പന്തടിക്കുന്നതുപോലെ അടിക്കുകയാണ്. അവസാനം ഡി.പി.ഐ.-യിൽ ഫയൽ എത്തിയപ്പോൾ പി.ഡബ്ല്യൂ.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു എം.എൽ.എ.-യുടെ ഫയൽ വന്നിട്ടുണ്ടോ എന്ന് വിളിച്ച് ചോദിച്ചപ്പോൾ ആ സീറ്റിലിരിക്കുന്ന ഒരു ഉദ്യോഗസ്ഥ പറഞ്ഞ മറുപടി ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ അതിന് തുക അനുവദിച്ചിട്ടില്ല. അടുത്ത വർഷം നോക്കാമെന്നാണ്. അവരുടെ പേര് എനിക്കറിയാം അത് ഞാൻ പിന്നീട് പറഞ്ഞുതരാം, എം.എൽ.എ. ഫണ്ടാണ് അനുവദിച്ചിരിക്കുന്നത് എന്ന് എം.എൽ.എ. യുടെ ലെറ്റർപാഡിൽ എഴുതിയ കത്ത് ആ ഫയലിൽ ഇരിക്കുന്നുണ്ട്. അതിലെ ആ വരി വായിച്ച് നോക്കാനുള്ള സാമാന്യ മര്യാദപോലും കാണിക്കാത്തവരെ ആ കസേരകളിൽ ഇരുത്തരുതെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഞാൻ ഇവിടെ പറയുന്നത് സത്യമായ കാര്യങ്ങളാണ്. ഈ വിഷയങ്ങൾ അങ്ങേയ്ക്ക് അന്വേഷിക്കാവുന്നതാണ്. സത്യം പറയാൻ ഈ സഭയിൽ സാധിച്ചില്ലെങ്കിൽ പിന്നെ എവിടെയാണ് ഇതൊക്കെ പറയുന്നത്. റോഡിൽ ഇറങ്ങിനിന്ന് പറയാൻ സാധിക്കുമോ? ഞാൻ പത്രസമ്മേളനം നടത്തുന്ന ആളല്ല. ഞാൻ പറയേണ്ടത് ഇവിടെ പറയും. എന്റെ മണ്ഡലത്തിലെ തലച്ചിറ ഹൈസ്കൂളിലാണ് ഏറ്റവും കൂടുതൽ മൈനോരിറ്റി, പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾ പഠിക്കുന്നത്. പണക്കാരായ കുട്ടികളൊന്നും അവിടെയില്ല. സാധാരണക്കാരായ ധാരാളം കുട്ടികൾ അവിടെ പഠിക്കുന്നു. ഒൻപത് മാസത്തിനിടയിൽ പതിനാറ് അദ്ധ്യാപകരെ യൂണിയൻകാർ സ്ഥലം മാറ്റി. ആ വാർഡിലെ മെമ്പറും പി.ടി.എ. പ്രസിഡന്റും സി.പി.ഐ.(എം) നേതാവുമായ ഒരു സഖാവ് ഫോണിൽ വിളിച്ച് അവരെ അസഭ്യം പറഞ്ഞു. ധാരാളം കുട്ടികൾ പഠിക്കുന്ന സ്കൂളാണ്. ഒൻപത് മാസത്തിനിടയിൽ പതിനാറ് സ്ഥലം മാറ്റം. ഇത് ശരിയാണോ?

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, തെറ്റ് ആര് ചെയ്താലും തെറ്റുതന്നെയാണ്. ബഹുമാനപ്പെട്ട മന്ത്രി ഒരു അദ്ധ്യാപകൻ കൂടിയാണ്. അങ്ങയിൽ നമുക്ക് ഒരുപാട് പ്രതീക്ഷകളുണ്ട്. അദ്ധ്യാപകരെ പന്തടിക്കുന്നതുപോലെയാണ് സ്ഥലംമാറ്റുന്നത്. പാവപ്പെട്ടവരുടെ കുട്ടികൾ പഠിക്കുന്ന സ്കൂളിൽ നിയമനം കിട്ടിയാൽ അവിടെ പോയി പഠിപ്പിക്കണം. കേരളത്തിൽ എവിടെയാണെങ്കിലും ജോലി ചെയ്യാമെന്ന് പറഞ്ഞല്ലേ പി.എസ്.സി. വഴി ജോലി വാങ്ങുന്നത്. അതുകൊണ്ടുതന്നെ അദ്ധ്യാപകരെ മുഴുവൻ ക്രമീകരിക്കണം. ഇന്ന് രാവിലെ ഒരു ശ്രദ്ധ ക്ഷണിക്കലിന് മറുപടിയായി പുതിയ അദ്ധ്യാപകരെ നിയമിക്കില്ല എന്ന് പറയുകയുണ്ടായി.

പ്രൈവറ്റ്-എയിഡഡ് സ്കൂളുകളിലും ഗവൺമെന്റ് സ്കൂളുകളിലുമായി നിയമിച്ചിരിക്കുന്ന അദ്ധ്യാപകരെ വ്യാപകമായി മാറ്റി നിയമിച്ചുകൊണ്ട് ഇതിനെ ഒരു സന്തുലനാവസ്ഥയിൽ എത്തിച്ച് കുട്ടികളെ പഠിപ്പിക്കാൻ അദ്ധ്യാപകരെ ലഭ്യമാക്കണം. അച്ചൻകോവിലിലും കുമ്പളയിലും ഇടുക്കിയിലും പോകുകയില്ലെന്ന് പറയുന്നത് ശരിയല്ല. സർക്കാർ ശമ്പളം വാങ്ങുന്നുണ്ടെങ്കിൽ നിയമിക്കുന്നിടത്ത് പോയി ജോലി ചെയ്യണം. അതിൽ ഒരു വിട്ടുവീഴ്ചയും ചെയ്യേണ്ട കാര്യമില്ല. ഇക്കാര്യത്തിൽ കർശന നിലപാട് സ്വീകരിച്ച് ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ട് പോകണം. ഇക്കാര്യത്തിൽ കേരള സമൂഹത്തിൽ നിന്നും രാഷ്ട്രീയത്തിനതീതമായ പിന്തുണ അങ്ങേയ്ക്ക് ലഭിക്കും. സത്യമേ ജയിക്കുകയുള്ളൂ.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, അങ്ങ് സിനിമാപ്രവർത്തകരെ നിയന്ത്രിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. ഞാനും ഒരു സിനിമാപ്രവർത്തകനാണ്. നിലയ്ക്ക് നിർത്തേണ്ടവരെ നിർത്തേണ്ടിടത്ത് നിർത്തിയതിന് എനിക്ക് സന്തോഷമുണ്ട്. സമരം ചെയ്തപ്പോൾ മിണ്ടാതിരിക്കുക എന്ന അങ്ങയുടെ നയമാണ് വിജയിച്ചത്. ഫിലിംസിറ്റിയുണ്ടാക്കുമ്പോൾ ഏതെങ്കിലും ഒരു കമ്പനിയെ കൺസൾട്ടന്റാക്കി വയ്ക്കാതെ സിനിമയെ അറിയുന്ന സിനിമയുടെ പ്രായോഗികത അറിയുന്നവരെ ഏൽപ്പിക്കണം. ആന്ധ്രയിലും മറ്റുമുള്ള ഫിലിംസിറ്റികൾ വിജയിച്ചതെങ്ങനെയെന്ന് നേരിട്ട് പഠിച്ച് ഒരു സ്കീം തയ്യാറാക്കണം. ഇല്ലെങ്കിൽ ഇത് പരാജയപ്പെടും.

സ്പോർട്സ് വകുപ്പുമന്ത്രിയോട് ഒരു അപേക്ഷകൂടിയുണ്ട്. 80-90 വയസ്സുകഴിഞ്ഞ ഫുട്ബോൾ, ഒളിമ്പിക്സ് അസോസിയേഷൻ പ്രസിഡന്റുമാരെ മാറ്റുന്നതിന് നിയമനിർമ്മാണം കൊണ്ടുവരണം. കായിക രംഗം ഊർജ്ജസ്വലതയുടേതാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതി പോലും ക്രിക്കറ്റ് അസോസിയേഷന്റെ കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. എം.എൽ.എ.-മാർക്ക് കുഴപ്പമില്ല. അത് ജനങ്ങൾ തെരഞ്ഞെടുക്കുന്നവരല്ലേ? അസോസിയേഷന്റെ തലപ്പത്ത് 90-ാം വയസ്സിലും സ്പോർട്സുമായി ഒരു ബന്ധവുമില്ലാത്ത മുതലാളിമാർ പലരും ഇരിക്കുന്നത് അവസാനിപ്പിക്കണം. 90-100 വയസ്സുള്ള കായികതാരങ്ങൾ ആ സ്ഥാനങ്ങൾ വഹിച്ചാലും കുഴപ്പമില്ല. സ്പോർട്സുമായി ഒരു ബന്ധവുമില്ലാത്തവർ ആ സ്ഥാനത്തിരിക്കുന്നത് അവസാനിപ്പിക്കണം.

ശ്രീ. ആർ. രാജേഷ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയെ ഞാൻ പരിപൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കടന്നുപോയ ഒരു വർഷക്കാലമാണ് ഈ വകുപ്പുകളിലെല്ലാം അസാമാന്യ പുരോഗതിയുണ്ടായത്. നമ്മുടെ നാട് വളർന്നുവന്നത് ഒരുപാട് ചരിത്ര പോരാട്ടങ്ങളി

ലൂടെയാണ്. സ്വാമി വിവേകാനന്ദൻ, ഭ്രാന്താലയം എന്ന് വിളിച്ച നാടാണ് നമ്മുടേത്. ഒട്ടേറെ നവോത്ഥാന നായകന്മാരുടേയും സാമൂഹ്യപരിഷ്കർത്താക്കളുടേയും ത്യാഗപൂർണ്ണമായ പ്രവർത്തനത്തിന്റെ ഭാഗമായാണ് കേരളം ഇന്ന് കാണുന്ന രീതിയിലേയ്ക്ക് മാറിയത്. ശ്രീനാരായണ ഗുരുദേവനും അയ്യൻകാളിയും ചട്ടമ്പിസ്വാമികളും വാഗ്ഭടാനന്ദനും സഹോദരൻ അയ്യപ്പനും സഖാവ് പി. കൃഷ്ണപിള്ളയും അടക്കമുള്ള നവോത്ഥാന നായകന്മാരും സാമൂഹ്യപരിഷ്കർത്താക്കളും നടത്തിയ പ്രവർത്തനങ്ങളെ ഈ നാട് നന്ദിയോടെ സ്മരിക്കുന്നു. ആ നവോത്ഥാന നായകന്മാരെയും സാമൂഹ്യപരിഷ്കർത്താക്കളെയും ആദരിക്കുകയും അവർ നടത്തിയ പ്രവർത്തനങ്ങളെ അംഗീകരിക്കുകയും ചെയ്യുക എന്ന ഉത്തരവാദിത്വമാണ് സാംസ്കാരിക വകുപ്പ് നിർവ്വഹിച്ചിട്ടുള്ളത്. എല്ലാ ജില്ലകളിലും ഇവരുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കാനാവശ്യമായ നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. ചലച്ചിത്ര മേഖലയിൽ ഒരു പുത്തൻ ഉണർവ് സൃഷ്ടിക്കുന്ന വകുപ്പ് എന്ന നിലയിലേയ്ക്ക് സാംസ്കാരിക വകുപ്പ് മാറുകയാണ്. സാംസ്കാരിക വകുപ്പ് അത്തരം പ്രവർത്തനങ്ങൾ ജനകീയമായി മുന്നോട്ടു കൊണ്ടുപോകുന്നതിന്റെ ഭാഗമായി 140 നിയോജക മണ്ഡലങ്ങളിലും തീയേറ്റർ സമുച്ചയങ്ങൾ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. ജാതിവ്യത്യാസങ്ങളാൽ അന്ധകാരത്തിലായിരുന്ന കേരളത്തെ വെളിച്ചത്ത് കൊണ്ടുവന്നതിൽ സുപ്രധാനിയായ ശ്രീനാരായണ ഗുരുദേവൻ 1916 മേയ് 16-ന് നടത്തിയ ജാതിയില്ലാ വിളംബരത്തിന്റെ പ്രസക്തി നിലനിർത്തുന്നതിനുവേണ്ടിയാണ് കേരളത്തിലെ സാംസ്കാരിക വകുപ്പ് 6000 കേന്ദ്രങ്ങളിൽ ജാതിരഹിതമായ, ജാതിയുടെ ഭാഗമായി വിവേചനമില്ലാത്ത ഒരു കേരളം സൃഷ്ടിക്കുന്നതിനുള്ള പ്രചരണപ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. റോഡുകൾ മാത്രം പോര, സാംസ്കാരികമായ പുരോഗതിയുമുണ്ടാകണം. ഇവിടെ നൗഷാദ് എം.എൽ.എ. ചൂണ്ടിക്കാണിച്ചു. രണ്ട് മനുഷ്യർ മാൻഹോളിലേയ്ക്ക് വീഴുമ്പോൾ ജാതിയോ മതമോ രാഷ്ട്രീയമോ വർണ്ണമോ വംശമോ ഒന്നും നോക്കാതെ അവരുടെ ജീവൻ രക്ഷിക്കാൻ വേണ്ട നിലപാട് സ്വീകരിച്ച ആട്ടോറിക്ഷാ തൊഴിലാളിയായ ഒരു ചെറുപ്പക്കാരനെ സംരക്ഷിക്കാമെന്ന വാക്ക് യു.ഡി.എഫ്. സർക്കാർ നൽകിയിരുന്നു. പക്ഷേ ആ വാക്ക് പാലിച്ചത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. ആ ചെറുപ്പക്കാരന്റെ കുടുംബത്തിന്, വിധവയ്ക്ക് ജോലി കൊടുക്കാനാവശ്യമായ നടപടി സ്വീകരിച്ചത് ഈ സർക്കാരാണ്. ജാതിയുടെ ഭാഗമായ അന്ധവിശ്വാസങ്ങളാൽ തെറ്റായ കീഴ്വഴക്കങ്ങൾ നമ്മുടെ നാട് കാണുകയാണ്. ഉത്തരേന്ത്യയിൽ ദളിതരും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവരും വല്ലാതെ പീഡിപ്പിക്കപ്പെടുകയാണ്. ഈ രാജ്യത്ത് ദളിതനായ ഒരാളുടെ ഭാര്യ പിടഞ്ഞുവീണ് മരിച്ചാൽ അറുപത് കിലോമീറ്റർ ദൂരം ആ മൃതദേഹവും ചുമന്നുനടക്കേണ്ട നാടാണ് നമ്മുടെ ഭാരതം. ആ മൃതദേഹം കൊണ്ടു പോകാൻ ആംബുലൻസ് ഇല്ലാത്ത രാജ്യത്ത് പശുവിന് ആംബുലൻസ് ഏർപ്പെടുത്തുന്ന രീതിയിൽ

എന്തുകൊണ്ട് കേരളം മാറി എന്നതിന്റെ ഉത്തരമാണ് നമ്മുടെ നാട്ടിൽ ഭൂതകാലത്ത് നടത്തിയ ഇത്രയും വിപുലമായ പ്രവർത്തനങ്ങൾ. അത്തരം പിൻതിരിപ്പൻ ആശയങ്ങൾ കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ പരിശ്രമം നടക്കുകയാണ്. ആ പരിശ്രമങ്ങളെ കൂട്ടായി ചെറുത്തുതോൽപ്പിക്കേണ്ടതുണ്ട്. ഡി.വൈ.എഫ്.ഐ.യുടെ സംസ്ഥാന പ്രസിഡന്റും തലശ്ശേരി എം.എൽ.എ.-യുമായ ശ്രീ. എ. എൻ. ഷംസീർ പ്രസംഗിച്ചശേഷം ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഷംസീറിനെ നോക്കിക്കൊണ്ട് ഡി.വൈ.എഫ്.ഐ ആണോ യുവമോർച്ചയാണോയെന്ന് ചോദിക്കുകയുണ്ടായി. ഡി.വൈ.എഫ്.ഐ.യും യുവമോർച്ചയേയും തമ്മിൽ തിരിച്ചറിയാൻ കഴിയാത്തത് ശ്രീ. എൻ. എ. നെല്ലിക്കുന്ന് എന്ന വ്യക്തിയുടെ പ്രശ്നം കൊണ്ടല്ല. അദ്ദേഹം മുസ്ലീം ലീഗ് ആയതുകൊണ്ടാണ്. ബാബാ രാംദേവ് 10 കോടി വോട്ട് ലക്ഷ്യമിട്ടുകൊണ്ടാണ് ഇന്ത്യയിൽ വിപുലമായ സോമയാഗം നടത്തിയത്. കേരളത്തിൽ സോമയാഗം നടത്തുമ്പോൾ ആ യാഗപ്പന്തലിലേയ്ക്ക് പോയത് ആരാണ്? നിങ്ങളുടെ നേതാവ് സാദിഖ് അലി ശിഹാബ് തങ്ങളാണ്. മുസ്ലീംലീഗ് അത് മറന്നുപോകാൻ പാടില്ല. സാദിഖ് അലി ശിഹാബ് തങ്ങൾ ആ സോമയാഗ വേദിയിലേയ്ക്ക് പോയത് തിരിച്ചറിയാൻ ശേഷിയില്ലാത്തതുകൊണ്ടാണ്. ലാ അക്കാദമിയുടെ പേരിൽ നടത്തിയ കൂട്ടുമുന്നണി സമരത്തിൽ, യുവമോർച്ചയുടെ നേതാവ് വി. വി. രാജേഷ് സമരപ്പന്തലിൽ കിടക്കുമ്പോൾ ആരാണ് അവിടേയ്ക്ക് പോയത്? ആ സമരപ്പന്തലിലേയ്ക്ക് പോയി വി. വി. രാജേഷിന്റെ കൈ പിടിച്ച് സമരത്തിന് എല്ലാ പിന്തുണയും കൊടുത്തത് പാണക്കാട് സെയ്ദ് അലി ശിഹാബ് തങ്ങളാണ്. എന്തുകൊണ്ടാണ്? അത് വ്യക്തിപരമല്ല, ലീഗായതു കൊണ്ടാണ്. പൊതുപ്രവർത്തകർക്ക് അറിയില്ലേ ഒരു രാഷ്ട്രീയപാർട്ടിയുടെ ഫണ്ട് പിരിവ്? ആ ഫണ്ട് പിരിവിന്റെ ഉദ്ഘാടനം നടത്താൻ പാടില്ലായെന്ന് ലീഗിന്റെ ഒരു നേതാവിന് അറിയില്ലേ? ബി.ജെ.പി.യുടെ ഫണ്ട് ശേഖരണം ഉദ്ഘാടനം നടത്തിയത് ലീഗ് നേതാവായ ഖമറുന്നിസ അൻവറാണ്. നിങ്ങൾ അവരെ പുറത്താക്കി. ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷേ ഞങ്ങൾ ലീഗിനോട് ചോദിക്കുന്നു. ആർജ്ജവമുണ്ടോ? ഖമറുന്നിസ അൻവർ പറഞ്ഞു ഞാൻ പ്രമുഖനായ ഒരു ലീഗ് നേതാവിനെ വിളിച്ചുചോദിച്ചിട്ടാണ് അവിടെ പോയതെന്ന്. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറാണ് ആ നേതാവെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. എന്തേ ഖമറുന്നിസ അൻവർ പറഞ്ഞ, ബി.ജെ.പി.-യുടെ ഫണ്ട് ശേഖരണത്തിന് പോകാൻ അനുവാദം കൊടുത്ത ആ ഉന്നതനായ ലീഗ് നേതാവിനെ പുറത്താക്കാൻ ലീഗിന് ആർജ്ജവമുണ്ടോ? നിങ്ങൾ പറയുന്നു, മലപ്പുറം തെരഞ്ഞെടുപ്പ് വർഗ്ഗീയതയ്ക്കെതിരായ പോരാട്ട മായിരുന്നുവെന്ന്. കേവലമായ വോട്ടുമാത്രമാണ് ബി.ജെ.പി.ക്ക് അധികമായി കിട്ടിയത്. ലീഗിന്റെ മെച്ചമല്ല. ഞങ്ങൾ സംശയിക്കുന്നു. മലപ്പുറത്തിന്റെ മണ്ണിൽ സോമയാഗപന്തലിലേയ്ക്ക് പോയ സാദിഖ് അലി ശിഹാബ് തങ്ങൾ, വി. വി. രാജേഷിന്റെ സമരപന്തലിലേയ്ക്ക് പോയ പാണക്കാട് സെയ്ദ് അലി ശിഹാബ്

തങ്ങൾ ബി.ജെ.പി.-യുടെ ഫണ്ട് ശേഖരണം ഉദ്ഘാടനം ചെയ്ത ഖമറുന്നിസ അൻവർ, നിങ്ങളുടെ രാഷ്ട്രീയം ബി.ജെ.പിയുടെ വോട്ട് പർച്ചേസ് ചെയ്തു. ആ പർച്ചേസിന്റെ ഭാഗമാണ് ബി.ജെ.പി.യുടെ വോട്ട് വർദ്ധിക്കാത്തത്. ആ അവിശുദ്ധ കൂട്ടുകെട്ട് ഇവിടെ ഗംഗ മാറ്റി ഗ്രേസ് ആക്കിയില്ലേ, എവിടെയാണ് നുണപറഞ്ഞത്. പച്ചക്കള്ളം, പച്ച നുണ ഞങ്ങളുടേതിൽ പച്ചയൊന്നും കാണില്ല. അദ്ധ്യാപികമാർ പച്ച ബ്ലൗസ് മാത്രമേ ധരിക്കാവൂവെന്ന് നിങ്ങൾ സർക്കുലർ ഇറക്കിയില്ലേ? നിങ്ങൾക്ക് അങ്ങനെ സർക്കുലർ പുറപ്പെടുവിക്കാം, അത് ഞങ്ങൾ പറഞ്ഞതാണോ അപരാധം? പച്ച ബ്ലൗസ് മാത്രമേ ധരിക്കാൻ പാടുള്ളൂ, പച്ച കോട്ട് മാത്രമേ ഇടാൻ പാടുള്ളൂ. ഗംഗയുടെ പേര് മാറ്റി ഗ്രേയ്സ് ആക്കിയില്ലേ; നിങ്ങൾ ചെയ്യാത്ത കാര്യമാണോ പ്രസംഗിച്ചത്; നിങ്ങൾക്ക് ചെയ്യാം. ജാതിക്കും മതത്തിനും അതീതമായി ഒരു പുതിയ തലമുറയെ വളർത്തിക്കൊണ്ടുവരാൻ നിലപാട് സ്വീകരിക്കേണ്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരു താൽപ്പര്യത്തിന്റെ ഭാഗമായി ഗംഗ എന്ന പേര് ഗ്രേയ്സ് ആക്കി മാറ്റാൻ പരിശ്രമിക്കുന്നതാണ് വർഗ്ഗീയത. അത്തരം നിലപാടുകൾ സുനാമി പോലെയാണ്. ഇന്തോനേഷ്യയിലെ സുമാത്രയിൽ ചെറിയ സുനാമി ഉണ്ടായപ്പോൾ അതിന്റെ അലയടികൾ ലോകമാകെ ഉണ്ടായി. വിദ്യാഭ്യാസ വകുപ്പുമന്ത്രിയെപ്പോലെ ഉന്നത സ്ഥാനത്തിരിക്കുന്ന ഒരാൾ ഇത്തരം നിലപാട് സ്വീകരിച്ചാൽ അത് കേരളത്തെ പിന്നോട്ട് കൊണ്ടുപോകും.

കായികമേഖലയിൽ വ്യക്തമായ സ്പോർട്സ് നയത്തിന്റെയും കാഴ്ചപ്പാടിന്റെയും ഭാഗമായിട്ടാണ് സർക്കാർ പ്രവർത്തിക്കുന്നത്. അനവധി പ്രതിഭാധനന്മാരായ കായികതാരങ്ങൾ നമ്മുടെ ഗ്രാമങ്ങളിലുണ്ട്. കായിക സംസ്കാരത്തെ വളർത്തിക്കൊണ്ടുവരിക എന്ന കടമ നിർവ്വഹിച്ചുകൊണ്ടാണ് സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും കളിക്കളങ്ങൾ നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നത്. അതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 135 കളിക്കളങ്ങൾ നിർമ്മിക്കാൻ ഈ സർക്കാർ തീരുമാനമെടുത്തുകഴിഞ്ഞു. സംസ്ഥാനത്തെ രണ്ട് സ്പോർട്സ് സ്കൂളുകൾ കമ്മിറ്റി വിസിറ്റ് ചെയ്തതാണ്. ജി.വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നിവ. എന്താണ് സ്പോർട്സ് സ്കൂളുകളുടെ സ്ഥിതി; നമ്മുടെ സംസ്ഥാനത്ത് ആകെയുണ്ടായിരുന്നത് സ്പോർട്സിന് മാത്രമായുള്ള രണ്ട് സ്കൂളുകളാണ്. സ്പെഷ്യൽ കോച്ചുമാരില്ല, 400 മീറ്റർ ട്രാക്കില്ല, ആവശ്യമായ സൗകര്യങ്ങളില്ല. ജിംനേഷ്യമില്ല, മെഡിസിനില്ല, ഭക്ഷണമില്ല. ഈ ഗവൺമെന്റ് ആ പരാധീനതകൾ തിരിച്ചറിഞ്ഞുകൊണ്ടാണ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും കായിക വകുപ്പ് ഏറ്റെടുത്ത് ആ സ്പോർട്സ് സ്കൂളുകളെ ശക്തിപ്പെടുത്താനാവശ്യമായ നടപടി സ്വീകരിച്ചിട്ടുള്ളത്. കായിക ഉപകരണങ്ങൾ വാങ്ങാൻ സ്കൂളുകൾക്ക് മുൻകാലങ്ങളിലില്ലാത്ത നിലയിൽ പണം അനുവദിച്ചിരിക്കുന്നു. 14 ജില്ലകളിലും മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കാനാവശ്യമായ അനുമതി ഈ ഗവൺമെന്റ് കൊടുത്തിരിക്കുന്നു.

പൊതുവിദ്യാഭ്യാസ മേഖലയിൽ സമാനതകളില്ലാത്ത മുന്നേറ്റമാണ് ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. വിദ്യകൊണ്ട് പ്രബുദ്ധനാകാൻ ശ്രീനാരായണഗുരു ദേവൻ ആഹ്വാനം ചെയ്തു. പഞ്ചമിയുടെ കൈപിടിച്ച് ഊരുട്ടമ്പലത്തുള്ള സ്കൂളിലേയ്ക്ക് അയ്യങ്കാളി നടന്നുകയറിയത് ഒരു സമൂഹത്തെ മാറ്റാൻ വേണ്ടിയാണ്. അതിന്റെ തുടർച്ചയായിട്ടാണ് 1957-ൽ അധികാരത്തിൽ വന്ന ആദ്യത്തെ സർക്കാർ മുതൽ ഇപ്പോൾ അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാർ വരെ കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നുള്ളത് കേവലം ഒരു പേര് മാത്രമല്ല, നമ്മുടെ നാടിന്റെ വിദ്യാഭ്യാസ മേഖലയുടെ പുരോഗമന മതനിരപേക്ഷ പൈതൃകം സംരക്ഷിക്കാനാവശ്യമായ വലിയ പോരാട്ടമാണത്. കഴിഞ്ഞ 5 വർഷക്കാലം വിദ്യാഭ്യാസ മേഖലയിൽ എന്തായിരുന്നു നാടിന്റെ സ്ഥിതി; ഒരു സ്വാശ്രയവൽക്കരണത്തിന്റെ പാതയിലായിരുന്നു കേരളത്തിന്റെ വിദ്യാഭ്യാസ മേഖല. കേരളത്തിലെ സ്കൂളുകളിൽ പാഠപുസ്തകം ഇല്ലായിരുന്നു. ഓണപ്പരീക്ഷയാകുമ്പോൾ അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞിരുന്നത് മഹാബലി നേരത്തേ വന്നതുകൊണ്ട് ഞങ്ങൾക്ക് പാഠപുസ്തകം നേരത്തേ നൽകാൻ ആവില്ല എന്നാണ്. ഓണപ്പരീക്ഷ നേരത്തേയാക്കി. പാഠപുസ്തകം കൊണ്ടുചെന്നില്ലെങ്കിൽ കുട്ടികളെ അടിക്കുമായിരുന്ന കേരളത്തിൽ, നിങ്ങളുടെ കാലത്ത് പാഠപുസ്തകം ചോദിച്ചാൽ കുട്ടികളെ അടിക്കുന്ന നിലയിലേയ്ക്ക് എത്തി. ഈ അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ എല്ലാ കുട്ടികൾക്കും പാഠപുസ്തകം എത്തിക്കാനാവശ്യമായ നടപടി സർക്കാർ സ്വീകരിച്ചുകഴിഞ്ഞു.

ഒരു വിദ്യാർത്ഥി മാത്രമേ സ്കൂളിലുള്ളുവെങ്കിലും ആ സ്കൂളിനെ ശക്തിപ്പെടുത്താനാവശ്യമായ നയമാണ് കേരളത്തിലെ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ആ ഒരു വിദ്യാർത്ഥിയിൽ നിന്ന് കൂടുതൽ വിദ്യാർത്ഥികളെ ജനകീയമായി സംഘടിപ്പിക്കാനും കൂടുതൽ വിദ്യാർത്ഥികളിലേയ്ക്ക് ആ സ്കൂളിനെ എത്തിക്കാനും ആവശ്യമായ നടപടികളാണ് സ്വീകരിക്കുന്നത്. സ്കൂൾ പൂട്ടാനുള്ള അപേക്ഷ സ്വീകരിക്കുന്ന ഒരാളായി കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി മാറിയിരുന്നു. മൂവായിരത്തോളം അപേക്ഷകൾ നിങ്ങളുടെ കാലത്ത് സ്കൂൾ പൂട്ടാൻ കിട്ടിയിരുന്നുവെന്നാണ് പറയപ്പെടുന്നത്. ഞങ്ങളുടെ ഭരണകാലത്ത് ഒരു സ്കൂളും പൂട്ടാനുള്ള നടപടി സ്വീകരിക്കില്ല എന്നുമാത്രമല്ല നിങ്ങളുടെ കാലത്ത് പൂട്ടാൻ തീരുമാനിച്ചിരുന്ന മലാപ്പറമ്പ്, കിനാലൂർ, മങ്ങാട്ടുമുറി, പാലാട്ട് എന്നീ നാല് സ്കൂളുകൾ ഈ സർക്കാരിന്റെ കാലത്ത് ഏറ്റെടുക്കാൻ തീരുമാനിക്കുന്നു. ഇനി ഒരാൾക്കും കയ്യേറാൻ കഴിയാത്ത നിലയിൽ ആവശ്യമായ നടപടികൾ മൂന്നാറിന്റെ മണ്ണിൽ സ്വീകരിക്കുമെന്ന് കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞതുപോലെ ഇനി ഒരാൾക്കും സ്കൂളുകൾ പൂട്ടാതിരിക്കാൻ കഴിയാത്ത

നിലയിൽ ആവശ്യമായ നടപടി കേരളത്തിലെ സർക്കാർ സ്വീകരിക്കും. കേരള എഡ്യൂക്കേഷൻ ആക്ടിലെ സെക്ഷനുകൾ ഭേദഗതി ചെയ്തുകൊണ്ട് ഇനിയും സ്കൂളുകൾ പൂട്ടാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്ന സർക്കാരായി ഈ സർക്കാർ മാറുകയാണ്. RMSA സ്കൂളുകൾ 141 എണ്ണം ഏറ്റെടുക്കാൻ തീരുമാനിക്കുന്ന, സർക്കാർ മേഖലയിലേയ്ക്ക് ചേർക്കാൻ തീരുമാനിക്കുന്ന ഗവൺമെന്റായി ഈ ഗവൺമെന്റ് മാറുകയാണ്.

1 മുതൽ 8 വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും സൗജന്യമായി യൂണിഫോം കൊടുക്കാനും കൈത്തറി യൂണിഫോം വ്യാപകമാക്കാനുമാവശ്യമായ നടപടി സ്വീകരിക്കുന്നു. എല്ലാ കുട്ടികൾക്കും ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തി. രക്ഷിതാവ് മരണപ്പെട്ടാൽ സ്ഥിരനിക്ഷേപമായി 50,000 രൂപ വീതം കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നു. ഈ സർക്കാർ ജനകീയ നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്. ചില സമരങ്ങളുടെ പേരിൽ ഇടതുപക്ഷത്തെ വിദ്യാർത്ഥി പ്രസ്ഥാനങ്ങളെ ദുർബ്ബലമാക്കാൻ കഴിയുമോ എന്ന് നിങ്ങൾ നോക്കുകയാണ്. ഒരു വർഷത്തിനുമുമ്പ് ശ്രീ. ഷാഫി പറമ്പിൽ ഇവിടെ പ്രസംഗിച്ചത് ഞാൻ ഓർക്കുന്നു. വലതുപക്ഷ വിദ്യാർത്ഥി സംഘടന കാലിക്കറ്റ് സർവ്വകലാശാല പിടിച്ചെടുക്കുമ്പോൾ ഞങ്ങൾ ഇതാ കാലിക്കറ്റ് സർവ്വകലാശാല പിടിച്ചിരിക്കുന്നുവെന്നും അടുത്ത വർഷമാകുമ്പോഴേയ്ക്കും കേരളത്തിലെ എല്ലാ സർവ്വകലാശാലയും പിടിക്കുന്ന വിദ്യാർത്ഥി പ്രസ്ഥാനമായി കെ.എസ്.യു. മാറുമെന്നുമാണ് പറഞ്ഞത്. നിങ്ങളുടെ കെ.എസ്.യു. എവിടെയാണ്; നിങ്ങൾ നോക്കണം. നിങ്ങൾ പിടിച്ച കാലിക്കറ്റ് സർവ്വകലാശാല തിരികെ പിടിച്ചുകൊണ്ടാണ് ഞങ്ങളുടെ വിദ്യാർത്ഥി പ്രസ്ഥാനം (എസ്.എഫ്.ഐ.) കാലിക്കറ്റ് ഭരിക്കുന്നത്. എല്ലാ പോളിടെക്നിക്കുകളും ഭരിക്കുന്നത് എസ്.എഫ്.ഐ. ആണ്. ഐ.ടി.ഐ.-കൾ ഭരിക്കുന്നത് ഇടതുപക്ഷ പ്രസ്ഥാനങ്ങളാണ്. മഹാരാജാസ് കോളേജ് ഉൾപ്പെടെ ഇടതുപക്ഷത്തിന് സ്വാധീനമുള്ള ചില കോളേജുകളിൽ ഇടതുപക്ഷ വിദ്യാർത്ഥി പ്രസ്ഥാനത്തെ ഇല്ലാതാക്കാൻ വേണ്ടിയുള്ള വലിയ പരിശ്രമമാണ് നടത്തുന്നത്. അങ്ങനെ ഇല്ലാതാകുന്നവരല്ല ഞങ്ങൾ. ഇന്ന് കേരളത്തിലെ മന്ത്രിയായ ശ്രീ. എ. കെ. ബാലനെ നിങ്ങൾ കൊലപ്പെടുത്താൻ തീരുമാനിച്ചതാണ്. തലനാരിഴയ്ക്കാണ് അത് മാറി സഖാവ് അഷ്റഫ് കൊലചെയ്യപ്പെട്ടത്. ദേവപാലൻ, എം. എസ്. പ്രസാദ്, സി. വി. ജോസ് അങ്ങനെ എത്രയോ ആളുകൾ. നിങ്ങൾക്ക് എങ്ങനെയാണ് ഇങ്ങോട്ടുനോക്കി ഞങ്ങളുടെ അക്രമത്തെക്കുറിച്ച് പറയാനാവുക; ഇവിടെ ആദ്യം ഇരിക്കുന്നത് കേരളത്തിന്റെ പൊതുമരാമത്ത് വകുപ്പുമന്ത്രിയായ ശ്രീ. ജി. സുധാകരനാണ്. എന്റെ മണ്ഡലത്തിൽ ഒരു രക്തസാക്ഷി മണ്ഡപമുണ്ട്. അദ്ദേഹത്തിന്റെ അനുജൻ ജി. ഭുവനേശ്വരനെ കൊന്നുതള്ളിയതാരാണ്; എസ്.എഫ്.ഐ.-യുടെ ഒരു അക്രമത്തിന്റെയും ഭാഗമായി കേരളത്തിലെ ഒരു ക്യാമ്പസ്സിലും ഒരാളെയും

കൊലചെയ്യപ്പെട്ടിട്ടില്ല. കെ.എസ്.യു. നടത്തിയ അക്രമത്തിന്റെ ഭാഗമായിട്ടാണ് കേരളത്തിലെ ക്യാമ്പസുകളിൽ കൊലപാതകമുണ്ടായത്. നിങ്ങളുടെ പതാകയുടെ കീഴിലേയ്ക്ക് വിദ്യാർത്ഥികൾ വരാത്തതിന് ഞങ്ങൾ എന്ത് പിഴച്ചു; നിങ്ങൾ സ്വീകരിക്കുന്ന നടപടി ശരിയായിരിക്കാം. നിങ്ങൾ ഇപ്പോൾ ഐ.എ.എസ്.-നെക്കുറിച്ച് ഫെയ്സ് ബുക്കിൽ, സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്യുന്നുണ്ടല്ലോ; ചില സബ് കളക്ടർമാരെ വിശുദ്ധരാക്കുന്നു. പക്ഷേ നിങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഡയറക്ടറായിരുന്ന ശ്രീ. കേശവേന്ദ്ര കുമാറിനെ എന്താണ് ചെയ്തത്; ശ്രീ. കേശവേന്ദ്ര കുമാറിന്റെ ശരീരത്തിലേയ്ക്ക് കരി ഓയിൽ ഒഴിച്ച വിദ്യാർത്ഥി സംഘടനയാണ് നിങ്ങളുടേത്. ഇവിടെ ലീഗ് പറഞ്ഞതുപോലെയല്ല, ശ്രീ. കെ. എസ്. ശബരീനാഥന്റെ മണ്ഡലത്തിൽ കെ.എസ്.യു.-വിന്റെയും എ.ബി.വി.പി.-യുടെയും പതാകകൾ കൂട്ടിക്കെട്ടിയാണ് നിങ്ങൾ മത്സരിച്ചത്. അത്തരമൊരു അവിശുദ്ധ കൂട്ടുകെട്ട് നിങ്ങളുടെ വിദ്യാർത്ഥി സംഘടന തിരിച്ചറിയണം. ഇപ്പോൾ ഇല്ലല്ലോ; നിങ്ങളുടെ നേതാക്കന്മാർ ആ സംഘടന പിരിച്ചുവിട്ടു.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. ആർ. രാജേഷ്</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. കേരളത്തിന്റെ വിദ്യാഭ്യാസ-സാംസ്കാരിക മേഖലകളിലും കായികരംഗത്തും സമാനതകളില്ലാത്ത നേട്ടങ്ങൾ സമ്മാനിച്ചുകൊണ്ടുപോകുന്ന ഈ ഇടതുപക്ഷ സർക്കാരിന്റെ നയത്തെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ഡോ. എൻ. ജയരാജ്</u>: സർ, എബ്രഹാം ലിങ്കൺ അദ്ദേഹത്തിന്റെ മകനെ ആദ്യമായി വിദ്യാലയത്തിലേയ്ക്ക് അയച്ചപ്പോൾ സ്കൂൾ ടീച്ചറിന് കൊടുത്തുവിട്ട മനോഹരമായ ഒരു കത്തുണ്ട്. ബഹുമാന്യയായ ടീച്ചർ, ഞാൻ എന്റെ മകനെ ആദ്യമായി വിദ്യാലയത്തിലേയ്ക്ക് അയയ്ക്കുന്നു എന്നുപറഞ്ഞുകൊണ്ട് ആരംഭിക്കുന്ന കത്താണത്. യഥാർത്ഥത്തിൽ നമ്മുടെ വിദ്യാഭ്യാസ കരിക്കുലത്തിൽ അതൊരു പാഠമാക്കണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. എബ്രഹാം ലിങ്കൺ ആ കത്തിൽ പറയുന്ന കാര്യങ്ങളാണ് യഥാർത്ഥത്തിൽ നമ്മുടെ നാട്ടിലെ ഓരോ രക്ഷകർത്താക്കളും ഒരു വിദ്യാലയത്തിലേയ്ക്ക് തന്റെ മകനെ അല്ലെങ്കിൽ മകളെ അയയ്ക്കുമ്പോൾ അവരുടെ മനസ്സിൽ കോരിയിടുന്നത്. എബ്രഹാം ലിങ്കൺ പറയുന്നത് ടീച്ചർ എന്റെ മകൻ ആദ്യമായി വിദ്യാലയത്തിലേയ്ക്ക് കടന്നുവരുമ്പോൾ അവിടെയുള്ളതെല്ലാം പുതുമകൾ നിറഞ്ഞതും അപരിചിതവുമായിരിക്കും. അതുകൊണ്ട് തന്നെ സ്നേഹപൂർവ്വം അവനെ കൈപിടിച്ചുകൊണ്ട് അനുഭവത്തിന്റെയും അറിവിന്റെയും പുതിയ തലങ്ങളിലേയ്ക്ക് അയയ്ക്കണമെന്ന് പറഞ്ഞുകൊണ്ട് ആരംഭിക്കുന്ന വളരെ സുദീർഘമായ കത്താണത്. അദ്ദേഹം പറഞ്ഞുവയ്ക്കുന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്,

പ്രത്യേകിച്ച് ഈ കാലഘട്ടത്തിൽ. തോൽവികൾ ഉണ്ടാകുമ്പോൾ അത് ഏറ്റുവാങ്ങാൻ പഠിപ്പിക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. അതോടൊപ്പംതന്നെ വിജയങ്ങളിൽ ആഹ്ലാദമുണ്ടാവുക. തന്റെ ചുറ്റുമുള്ള ആകാശത്തിൽ പാറിനടക്കുന്ന പറവകളെ കാണാനും തന്റെ ചുറ്റുമുള്ള ഹരിതാഭമായ കുന്നിലെ പ്രകൃതിഭംഗി ആസ്വദിക്കാനും കഴിവുള്ള ഒരു കുട്ടിയാക്കി മാറ്റണമെന്ന് പറയുന്ന സുദീർഘമായ കത്തിൽ തന്റെ സ്വന്തം കഴിവുകളിൽ ആത്മവിശ്വാസം പുലർത്തിക്കൊണ്ട് മനുഷ്യരിൽ ആത്മവിശ്വാസമുണ്ടാക്കാൻ കഴിയുന്ന ഒരു വ്യക്തിയായി അവനെ വളർത്തണമെന്ന് പറയുന്നു. നമ്മുടെ വിദ്യാഭ്യാസ രംഗത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രത്യേകത ഒരിക്കലും തോൽവികളുണ്ടാകരുതെന്ന് ആഗ്രഹിക്കുകയും എല്ലാ പരീക്ഷകളും ജയിക്കേണ്ടതാണെന്ന് വിശ്വസിക്കുകയും ചെയ്യുന്നതാണ്. ജീവിതത്തിലെ എല്ലാ പരീക്ഷകളിലും ഒരിക്കൽപ്പോലും പരാജയപ്പെടാൻ പാടില്ലെന്ന് ബോധപൂർവ്വമോ അബോധപൂർവ്വമോ പുതിയ തലമുറയിലേയ്ക്ക് സന്നിവേശിച്ചതായ ചിന്തകൾ ഒരു കാലഘട്ടത്തിൽ ഉണ്ടായി എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം. പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായ ക്രമാനുഗതമായ മാറ്റങ്ങൾക്ക് അത്തരം അനാവശ്യമായ ഒട്ടേറെ ചിന്തകൾ വഴിതെളിച്ചുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ശ്രീ. ആർ. രാജേഷ് സൂചിപ്പിച്ചതുപോലെ നമ്മുടെ പൊതുവിദ്യാഭ്യാസ രംഗമാണ് മലയാളിയെ ഏറ്റവും ഔന്നത്യമുള്ള സാമൂഹ്യ നീതിയുടെയും അതോടൊപ്പംതന്നെ അവന്റെ സാംസ്കാരിക തലത്തിലേയ്ക്കും നവോത്ഥാന ചിന്തകളിലേയ്ക്കുമൊക്കെ ഉയർത്തുന്നതെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. കാലാകാലങ്ങളായി നടന്നുവരുന്ന മിഷണറി പ്രവർത്തനങ്ങളുടെ ഭാഗമായി ഇവിടെ കടന്നുവന്ന മിഷണറി പ്രവർത്തകർ ഉൾപ്പെടെയുള്ള ഇവിടെ നിന്നും കടന്നുപോയ പൂർവ്വസൂരികളായ വലിയ ഒരു തലമുറയുടെ പങ്കാളിത്തം യഥാർത്ഥത്തിൽ ഉണ്ടെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. 2017 വർഷം മിഷണറി പ്രവർത്തനത്തിന്റെ ഇരുന്നൂറാം വർഷം സി.എസ്.ഐ. സഭ ആഘോഷിക്കുന്ന സന്ദർഭം കൂടിയാണ്. യഥാർത്ഥത്തിൽ അവർ തുടങ്ങിവച്ച ചെറിയ പ്രവർത്തനങ്ങൾ, കോട്ടയം സി.എം.എസ്. കോളേജ് ഉൾപ്പെടെയുള്ള ഒട്ടനവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പിന്നീട് നമ്മുടെ സമൂഹത്തിലുണ്ടാക്കിയ വലിയൊരു മാറ്റം വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഒരുപക്ഷേ ആ ഒരു തലത്തിൽനിന്നും നമ്മുടെ ജനാധിപത്യ മതേതര സങ്കൽപ്പങ്ങളെ ഉയർത്തിക്കാണിക്കാനായി വിദ്യാഭ്യാസത്തിന് കഴിഞ്ഞുവെന്നുള്ളതും ഒരു യഥാർത്ഥ്യമാണ്. പക്ഷേ എവിടെയോ ചില ചുവടുവയ്പ്പുകളിലുണ്ടായ അല്ലെങ്കിൽ എവിടെയോ ചില ചുവടുകൾ നമുക്ക് നഷ്ടപ്പെട്ടുപോയി എന്നുള്ളതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. പ്രത്യേകിച്ച് ഈ കാലഘട്ടത്തിന്റെ ഒട്ടേറെ ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടിവരുന്ന ഒരു കാലഘട്ടത്തിലാണ് തീർച്ചയായും നമ്മളൊക്കെ ജീവിക്കുന്നത്. അങ്ങനെയൊരു മാറ്റമുണ്ടായതിൽ ഏറ്റവും വലിയ പങ്ക് നമ്മുടെ പൊതുവിദ്യാഭ്യാസ രംഗത്ത് കുറെ കാലങ്ങളായി ഉണ്ടായിട്ടുള്ള ഒരു യാഥാർത്ഥ്യമാണ്. പ്രത്യേകിച്ച് നമ്മുടെ സാംസ്കാരിക-സാമൂഹിക അസമത്വങ്ങൾ

സൃഷ്ടിക്കപ്പെടാൻ അത്തരം ദുരന്തങ്ങൾ ഉണ്ടാക്കാൻ കാരണമായി എന്നുള്ളതും നമ്മുടെ മുന്നിൽ നിൽക്കുന്ന വസ്തുതയാണ്. ഇന്ന് സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കുന്ന പൊതുവിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾക്ക്, തീർച്ചയായും ആ ഒരു തിരിച്ചറിവിൽനിന്നാണ് യഥാർത്ഥ മാറ്റത്തിലേയ്ക്കുള്ള ശ്രമങ്ങൾ ഉണ്ടാകുന്നതെന്ന കാര്യത്തിൽ യാതൊരു സംശവുമില്ല. അത് വളരെ ഗൗരവമായി നമ്മുടെ പൊതുസമൂഹം കാണുന്നുവെന്ന് പറയാനാണ് ഞാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുന്നത്. കാരണം ഈ ഗവൺമെന്റിന്റെ ഒരു ബാല്യകാല കൗതുകത്തിന്റെ പാഠാവലികൾക്ക് അപ്പുറത്ത് കഴിഞ്ഞകാല വസന്തത്തിലേയ്ക്ക് നമ്മുടെ വിദ്യാഭ്യാസ രംഗത്തെ തിരികെ കൊണ്ടുപോകാനുള്ള സ്വാഗതാർഹമായ പ്രവർത്തനങ്ങൾ ഈ കാര്യത്തിൽ ബഹുമാന്യനായ മന്ത്രിയും ഈ ഗവൺമെന്റും ഏറ്റെടുക്കുകയാണെങ്കിൽ അത് കക്ഷി രാഷ്ട്രീയത്തിനപ്പുറത്തുനിന്നുകൊണ്ട് നമ്മുടെ പൊതുസമൂഹം അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കാരണം നമുക്ക് കൈമോശം വന്നുപോയ, കൈവിട്ടുപോയ ഒട്ടേറെ മൂല്യങ്ങളുണ്ട്. അതുമായി ബന്ധപ്പെട്ട് സാന്ദർഭികമായി പറയാൻ ആഗ്രഹിക്കുന്നത്, ബഹുമാന്യനായ നമ്മുടെ പി. സി. ജോർജ് കഴിഞ്ഞദിവസമാണ് ദുബായിൽ നിന്നും മടങ്ങിവന്നത്. അദ്ദേഹം അവിടെപോയി കൊമ്പ് ചികിത്സ നടത്തുകയുണ്ടായി. രക്തത്തിനകത്തുള്ള മാലിന്യങ്ങളെയും രക്തത്തിലെ വിഷാംശങ്ങളെയുമൊക്കെ മാറ്റാൻ കഴിവുള്ളതാണ് കൊമ്പ് ചികിത്സയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വളരെ ഊർജ്ജസ്വലനായാണ് അദ്ദേഹം മടങ്ങിവന്നത്. നമ്മുടെ വിദ്യാഭ്യാസ രംഗത്ത് കൊമ്പ് ചികിത്സയ്ക്കുവേണ്ടിയുള്ള ഒരു പ്രവർത്തനമായി ഞാൻ ഇതിനെ കാണുകയാണ്. അതിനകത്തെ വിഷാംശത്തെയും മാലിന്യങ്ങളെയുമെല്ലാം തുടച്ചുമാറ്റി ശ്രീ. പി. സി. ജോർജിനെപ്പോലെ ഊർജ്ജസ്വലമാക്കി വിദ്യാഭ്യാസ രംഗത്തെ മാറ്റാൻ ഈ പ്രവർത്തനങ്ങൾക്ക് കഴിയട്ടേയെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ പറഞ്ഞ് വളരെ പെട്ടെന്ന് ഞാൻ അവസാനിപ്പിക്കുന്നതാണ്. വിദ്യാഭ്യാസ രംഗത്തെ മാലിന്യങ്ങൾ തുടച്ചുമാറ്റുമെന്നാണ് പറഞ്ഞത്. ഞാനത് പൊതുവായി പറഞ്ഞതാണ്. അതിൽ രാഷ്ട്രീയമൊന്നും പറഞ്ഞതല്ല. പൊതുവിദ്യാഭ്യാസ രംഗത്ത് പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട കാര്യം എൽ.പി., യു.പി. സ്കൂളുകളിൽനിന്നാണ് യഥാർത്ഥത്തിൽ വളരെ പ്രധാനമായും വരേണ്ടത് എന്നതാണ്. സമയക്കുറവുകൊണ്ടാണ് പോയിന്റുകൾ മാത്രം പറയുന്നത്. യഥാർത്ഥത്തിൽ അങ്ങ് വിഭാവനം ചെയ്യുന്ന ഈ പദ്ധതി പൂർണ്ണമായും നടപ്പാക്കണമെങ്കിൽ നമുക്കൊരു ഏകീകൃതമായ സിലബസ് സ്കൂളുകളിൽ കൊണ്ടുവരേണ്ടതുണ്ട്. എസ്.എസ്.എ.-യുടെയും ആർ.എം.എസ്.എ.-യുടെയും പ്രവർത്തനങ്ങളുടെ ഭാഗമായി ഇരുപത്തിയഞ്ച് ട്രെയിനിംഗുകൾ മാത്രമാണ് മാർച്ച് മാസത്തിൽ മാത്രമായി നടത്തിയിരിക്കുന്നത്. എതാണ്ട് പതിനെട്ട് ദിവസത്തെ വിദ്യാഭ്യാസ ദിനങ്ങൾ നഷ്ടപ്പെട്ടുപോയ വിദ്യാലയങ്ങൾപോലുമുണ്ട്. അതുകൊണ്ട് കൃത്യമായ ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ

ആ പ്രവർത്തനങ്ങൾ നടത്തണമെന്നാണ് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. അതുപോലെതന്നെ നമ്മുടെ സാംസ്കാരിക പ്രവർത്തനങ്ങളെല്ലാം പല ഡയറക്ഷനിലേയ്ക്കാണ് പോകുന്നത്. പുസ്തക പ്രകാശനം എല്ലാപേരും ഏറ്റെടുക്കുകയാണ്. ഫോക്ക്‌ലോർ അക്കാദമിയും സാഹിത്യ അക്കാദമിയും ചെയ്യുന്നു. അതോടൊപ്പം മറ്റെല്ലാ സ്ഥാപനങ്ങളും ചെയ്യുന്നു. ഒരു ഏകീകൃത സ്വഭാവം സാംസ്കാരിക പ്രവർത്തനത്തിന് ഉണ്ടാവുകയും ഒരു സാംസ്കാരിക നയമുണ്ടാക്കാനുള്ള ശ്രമമുണ്ടാവുകയും വേണം. എന്റെ നിയോജക മണ്ഡലത്തിലെ പ്രത്യേകിച്ച് കാഞ്ഞിരപ്പള്ളി കേരളത്തിന്റെ കായികമേഖലയ്ക്ക് ഒട്ടേറെ സംഭാവനകൾ നൽകിയിട്ടുള്ള മേഖലയാണ്. കായികമേഖലയുമായി ബന്ധപ്പെട്ട് 2014-2015-ലെ ബജറ്റിൽ അവിടെയൊരു സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശവും രണ്ട് കോടി രൂപയും അന്ന് പ്രഖ്യാപിച്ചതാണ്. പക്ഷേ പ്രവർത്തനങ്ങൾ ഇതുവരെയും ഒന്നുമായിട്ടില്ല. ബഹുമാന്യനായ സ്പോർട്സ് വകുപ്പുമന്ത്രി മുൻകയ്യെടുത്ത് അവിടെ അഞ്ച് ഏക്കർ സ്ഥലം ഇതിനായി മാറ്റിയിട്ടിട്ടുണ്ട്. ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉണ്ടാകും. ആ കാര്യത്തിൽ അനുകൂലമായ ഒരു തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു. ഡോ. എസ്. രാധാകൃഷ്ണൻ ഔദ്യോഗിക സ്ഥാനത്തുനിന്നും വിടവാങ്ങിയപ്പോൾ ഇന്ത്യയിലെ യൂണിവേഴ്സിറ്റി വിദ്യാർത്ഥികളോട് പറഞ്ഞ വാക്കുകൾ വളരെ അന്വർത്ഥമാണ്. നിങ്ങൾ വഴിവിളക്കുകളാകരുത്. നിങ്ങൾ നക്ഷത്രങ്ങളാകണം. സ്വയം പ്രകാശിക്കാനും മറ്റുള്ളവർക്ക് പ്രകാശം പകരാനും കഴിയുന്ന നക്ഷത്രങ്ങളായി മാറണമെന്നാണ് പറഞ്ഞത്. പൊതുവിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ കൂടുതൽ നക്ഷത്രങ്ങളെ കേരളത്തിന് സംഭാവന ചെയ്യാൻ ഇടയാക്കട്ടെയെന്ന് വളരെ ആത്മാർത്ഥമായി ആശംസിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. എം. മുകേഷ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ ശക്തമായി പിന്തുണയ്ക്കുന്നു. കേവലം രാഷ്ട്രീയ കാരണങ്ങളാലല്ല എന്റെ പിന്തുണ. വിദ്യാഭ്യാസ-കലാസാംസ്കാരിക രംഗത്ത് മാനവിക ദർശനം സാക്ഷാൽക്കരിക്കാൻ ഇടതുപക്ഷ സർക്കാർ ശ്രമിക്കുന്നുവെന്നതുകൊണ്ടാണ് കലാരംഗത്ത് പ്രവർത്തിക്കുന്ന ഞാൻ പൂർണ്ണ പിന്തുണ പ്രഖ്യാപിക്കുന്നത്. കലാ-സാംസ്കാരിക പ്രവർത്തനം അസ്വാതന്ത്ര്യത്തിന്റെയും അസഹിഷ്ണുതയുടെയും പിടിയിലമർന്ന കാലമാണിത്. മനുഷ്യ രാശിയുടെ പ്രത്യാശയുടെ മുഖമാകേണ്ട കലയും സംസ്കാരവും ഇന്ന് മനുഷ്യ വിദ്വേഷത്തിനായി പ്രചരിപ്പിക്കപ്പെടുന്നു. മഹാനായ കവി ഖലീൽ ജിബ്രാൻ പറഞ്ഞു പ്രകൃതിയിൽനിന്നും നിത്യതയിലേയ്ക്കുള്ള മനുഷ്യന്റെ ചവിട്ടുപടികളാണ് കലയെന്ന്. എന്നാൽ ഇന്ന് നാടകങ്ങളിലും സിനിമകളിലുമൊക്കെ ഓരോ സംഭാഷണവും എഴുതപ്പെട്ടുകഴിയുമ്പോൾ ആർക്കെങ്കിലും വ്രണപ്പെട്ട് കാണുമോ എന്ന ചിന്തയാണ് രചയിതാക്കൾക്ക്. വ്രണപ്പെടാൻ

നോക്കിയിരിക്കുന്ന അസഹിഷ്ണുതയുടെ സമൂഹം വളർന്നിരിക്കുന്നു. മഹത്തായ കലാസൃഷ്ടി, മഹത്തായ ജീവിത ദർശനം മുന്നോട്ടുവയ്ക്കുന്നു. മുമ്പ് ഏത് കലാരൂപവും ആവിഷ്കരിക്കപ്പെടുമ്പോൾ അതിൽ സമൂഹത്തിനാകമാനമുള്ള സന്ദേശംകൂടി ഉണ്ടാകുമായിരുന്നു. ആ സന്ദേശത്തെ ജാതിമത രാഷ്ട്രീയഭേദമെന്യേ സമൂഹം സ്വീകരിച്ചിരുന്നു. ഞാൻ പ്രമുഖ കാഥികനായ സാംബശിവനെ ഇവിടെ ഓർക്കുന്നു. ആയിരങ്ങളെ ആകർഷിച്ച ചിന്തിപ്പിക്കുന്ന കഥ പറച്ചിൽകാരനായിരുന്നു. കഥാപ്രസംഗ കല ഇന്ന് അന്യം നിന്നിരിക്കുന്നു എന്നുതന്നെ പറയാം. അദ്ദേഹം പല കഥകളിലും ഉപകഥകൾ കൊണ്ടുവരുമായിരുന്നു. അങ്ങനെയൊരു ഉപകഥയാണ് എന്റെ ഓർമ്മയിൽനിന്നും എടുത്തുപറയുന്നത്. ഒരു തുള്ളൽക്കാരന്റെ കഥയാണ്, ഓട്ടൻതുള്ളൽ അല്ല. ഞങ്ങളുടെ നാട്ടിൽ പ്രത്യേകമായി കൊല്ലം, തിരുവനന്തപുരം ഭാഗത്തുള്ള ഒരു തുള്ളൽ കഥാകാരൻ. പെട്ടെന്ന് ആൾക്കൂട്ടത്തിനിടയിൽ നിന്നൊരാൾ കുറച്ച് അപസ്മാരം ബാധിച്ചതുപോലെ ദൈവ സാന്നിദ്ധ്യമുൾക്കൊണ്ടുകൊണ്ട് പല കാര്യങ്ങളും പ്രവചിക്കുന്നു. ആൾക്കാരെല്ലാം ചുറ്റിനും കൂടിയശേഷം ആദ്യത്തെ ഡയലോഗ് "ആരാന്നാ, മരിച്ചുപോയ അപ്പൂപ്പനാന്നോ അതോ കാവിലെ അമ്മയാന്നോ?" അത് സ്ഥിരീകരിച്ചതിനുശേഷം പിന്നീട് കൂവിൽനിന്ന എല്ലാപേരും ചോദ്യങ്ങൾ ചോദിക്കുകയാണ്. എന്റെ കോഴിയെ നഷ്ടപ്പെട്ടു, എന്റെ പശുവിനെ ആരോ മോഷ്ടിച്ചുകൊണ്ടു പോയി.... അങ്ങനെ ഏത് ചോദ്യവും ചോദിക്കാം. ഒരു ചോദ്യത്തിന് 25 പൈസ. 25 പൈസ വച്ചിട്ട് ചോദ്യങ്ങൾ ചോദിക്കുന്നതിന്റെ കൂട്ടത്തിൽ, പുരോഗമനവാദിയായ ഒരു ചെറുപ്പക്കാരൻ മുന്നോട്ടുവരുന്നു. എനിക്ക് ഒരു ചോദ്യം ചോദിക്കാനുണ്ടായിരുന്നു. എന്ത് ചോദ്യവും ചോദിക്കാമുണ്ണീ,... തുള്ളൽക്കാർക്ക് എല്ലാം ഉണ്ണികളാണ്. 25 പൈസ വയ്ക്കുന്നു, പുരോഗമനവാദിയായ ചെറുപ്പക്കാരൻ ചോദിക്കുന്നു, അമേരിക്കയിലെ കറുത്ത വർഗ്ഗക്കാരുടെ നേതാവായ മാർട്ടിൻ ലൂഥർ കിംഗിനെ ആരോ വെടിവച്ച് കൊന്നു, ആരാണെന്ന് കണ്ടുപിടിച്ചിട്ടില്ല ഒന്നുപറഞ്ഞാട്ടെ. തുള്ളൽക്കാരൻ ഞെട്ടുന്നു. ഇടംകണ്ണിട്ട് നോക്കിയിട്ട് പറയുന്നു, വലയ്ക്കുന്ന ചോദ്യങ്ങൾ ചോദിക്കരുതുണ്ണീ. ചെറുപ്പക്കാരൻ വീണ്ടും പറയുന്നു, കുറച്ച് കാശുകൂടിതരാം മാർട്ടിൻ ലൂഥർ കിംഗിനെ കൊന്നതാരാണെന്ന് പറയാതെ ഞാൻ വിടില്ല. തുള്ളൽ അവിടെ അവസാനിക്കുന്നു. അതിനുശേഷം സാക്ഷാൽ സാംബശിവൻ അദ്ദേഹത്തിന്റെ ശബ്ദത്തിൽ പറയുന്നു "ഈ തുള്ളൽ ജോലിയിൽ പങ്കെടുക്കുന്ന എല്ലാപേരുടേയും ശ്രദ്ധയ്ക്ക് മിനിമം എസ്.എസ്.എൽ.സി.-യെങ്കിലും പാസ്സായിരിക്കണം". ആചാരത്തിന്റെയും വിശ്വാസത്തിന്റെയും പ്രതിനിധിയാണ് ആ തുള്ളൽക്കാരൻ. എന്നിട്ടും സാംബശിവന് ഇങ്ങനെ തുറന്നടിക്കാൻ കഴിഞ്ഞു. ഇന്നായിരുന്നെങ്കിലോ; തുള്ളൽക്കാരനെ അപമാനിച്ച എന്നുപറഞ്ഞ് കാഥികനെ അറസ്റ്റ് ചെയ്ത് അകത്താക്കിയേനെ.

ഞാൻ രണ്ട് മലയാള സിനിമകളുടെ നിർമ്മാതാവുകൂടിയാണ്. ഞാനും ശ്രീ. ശ്രീനിവാസനും ചേർന്ന് നിർമ്മിച്ചതാണ് 'കഥപറയുമ്പോൾ', 'തട്ടത്തിൻ മറയത്ത്' എന്നീ സിനിമകൾ. 'കഥപറയുമ്പോൾ' എന്ന സിനിമയുടെ റിലീസിന് രണ്ട് ദിവസം മുമ്പ് ടി.വി.യിലൂടെ

"വ്യത്യസ്തനാമൊരു ബാർബറാം ബാലനെ

സത്യത്തിലാരും തിരിച്ചറിഞ്ഞില്ല" എന്ന സൂപ്പർഹിറ്റ് ഗാനം കാണിച്ചു. റിലീസിന്റെ തലേ ദിവസമായപ്പോൾ എനിക്കൊരു ഫോൺ വന്നു. "ഈ പടം ഇറങ്ങില്ല. നേരെ കോടതിയിലേയ്ക്ക് പോകാൻ പോവുകയാണ്". എന്താണ് കാരണമെന്ന് ഞാൻ ചോദിച്ചു, "ബാർബർമാരെ എല്ലാവരേയും അപമാനിക്കുന്ന ഒരു സിനിമയാണ് അതെന്ന് ഞങ്ങൾക്ക് മനസ്സിലായി" ഞാൻ പറഞ്ഞു, ഒരുപാട് പേർ ഇതിന്റെ പിന്നിൽ പ്രവർത്തിച്ചതാണ്. ഒരുപാട് കാശും നമ്മൾ ഇറക്കിക്കഴിഞ്ഞു. നിങ്ങൾ സിനിമ കാണണം. സിനിമയുടെ ചരിത്രത്തിൽ ആദ്യമായി ഒരു ബാർബർ ഒരു മുഴുനീള റോളിൽ ഹീറോ ആയിട്ട് അഭിനയിക്കുകയാണ്. മാത്രമല്ല നായികയായ ശ്രീമതി മീനയാണ് ഈ ബാർബറുടെ ഭാര്യ. അത്രയും പ്രാധാന്യമുള്ള റോളാണ്. നിങ്ങൾ സിനിമ കണ്ടതിനുശേഷമേ ഒരു തീരുമാനം എടുക്കാവൂ എന്നുപറഞ്ഞു. എന്തായാലും അദ്ദേഹം കോടതിയിലേയ്ക്ക് പോയില്ല. രണ്ടാമത്തെ സിനിമയായ 'തട്ടത്തിൻ മറയത്ത്'-ന്റെ റിലീസിന്റെ തലേദിവസവും ഒരു ഫോൺകോൾ വരികയാണ്. "തട്ടം ഞങ്ങളുടെ മതത്തിന്റെ പദമാണ്. കോടതിയിൽ കാണാം. ഈ പടം ഇറങ്ങില്ല. രക്തപ്പുഴയൊഴുകും." ഞാൻ പറഞ്ഞു. സഹോദരാ തട്ടം എന്നുപറയുന്നത് ഒരു മലയാള പദമാണ്. ആരുടെയും മതത്തിന്റെ പദമല്ല. എന്നുമാത്രമല്ല, ഹിന്ദുക്കളും തട്ടത്തിലാണ് പ്രസാദങ്ങളൊക്കെ വച്ചുകൊണ്ട് പോകുന്നത്. സിനിമ കണ്ടതിനുശേഷം തീരുമാനിക്കുക. രണ്ടുപേരും കോടതിയിൽ പോയില്ല. അതിനർത്ഥം ഒരു പരിധിവരെ നല്ല കലാസൃഷ്ടികൾ ഉണ്ടെങ്കിൽ ഭീകര പ്രവർത്തനം കുറയ്ക്കാം എന്നുള്ളതാണ്. ഈ അടുത്ത സമയത്ത് ബഡായി ബംഗ്ലാവ് കണ്ടിരുന്നു എന്നുപറഞ്ഞ് എനിക്കൊരു ഫോൺ കോൾ വന്നു. അഭിനന്ദനമായിരിക്കുമെന്ന് വിചാരിച്ച് ഞാൻ നന്ദി പറഞ്ഞു. അപ്പോൾ വിളിച്ചയാൾ "നന്ദി പറയാൻ വരട്ടെ, എന്താണ് നിങ്ങളുടെ ബഡായി ബംഗ്ലാവിൽ മരയ്ക്കാൻ, മരയ്ക്കാത്തി എന്നൊക്കെ പറയുന്നു. ഞങ്ങളെ ആക്ഷേപിക്കുന്നതിന് തുല്യമാണത്. അടുത്ത എപ്പിസോഡിൽ അതിന് മാപ്പുപറഞ്ഞ് ഒരു സ്കിറ്റ് തയ്യാറാക്കിക്കൊള്ളൂ" എന്നുപറഞ്ഞു. ഞാൻ പറഞ്ഞു, ജ്ഞാനപീഠം അവാർഡ് നേടിയ തകഴി ശിവശങ്കരപ്പിള്ളയും ഇതുപോലെ 'ചെമ്മീൻ' എന്ന അദ്ദേഹത്തിന്റെ നോവലിൽ മരയ്ക്കാൻ, മരയ്ക്കാത്തി എന്നുപറഞ്ഞിട്ടുണ്ട്. "ആ എല്ലാത്തിന്റേയും കൂടെ ചേർത്താണ് അകത്താക്കാൻ പോകുന്നത്." ജ്ഞാനപീഠവും നമ്മുടെ കൂടെയുണ്ട് എന്നുള്ളൊരു സമാധാനമുണ്ട്. ഇതാണ് ഇന്നത്തെ നില.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

2.00 PM]

സമൂഹം മതാത്മകമായിക്കൊണ്ടിരിക്കുന്നു. എവിടെയും അസഹിഷ്ണുതയാണ്. അസഹിഷ്ണുതയുടെ തീയണയ്ക്കാനാണ് ഇടതുപക്ഷം ശ്രമിക്കുന്നത്. പുരോഗമന പ്രസ്ഥാനങ്ങൾ കൂടുതൽ കരുത്താർജ്ജിക്കേണ്ടതുണ്ട്. മത മൗലിക വാദികളുടെ തീവ്രവാദങ്ങൾ ആദ്യം ഉന്നം വയ്ക്കുക കലാരൂപങ്ങളെയാണ്. ജനങ്ങളെ വൈകാരികമായി സ്വാധീനിക്കുന്ന കലാരൂപങ്ങളാണ് അവരുടെ ആദ്യ ലക്ഷ്യം. ഇറാഖിലും സിറിയയിലും ഐ.എസ്. തീവ്രവാദികൾ മ്യൂസിയങ്ങളും അപൂർവ്വ കലാശേഖരങ്ങളും ചുട്ടെരിക്കുന്നത് കാണുമ്പോൾ ഈ സത്യമാണ് ഓർമ്മയിൽ വരിക. അസഹിഷ്ണുതയുടെ തീനാമ്പുകൾ നമ്മുടെ പ്രിയപ്പെട്ട എം.ടി.യെ ആക്രമിക്കുന്നതും നാം കണ്ടു. പ്രതികരണങ്ങൾ നടത്താൻ എം.ടി.ക്ക് എന്തവകാശം എന്നായിരുന്നു ഒരു കൂട്ടരുടെ ചോദ്യം. എം.ടി.-യുടെ ഓരോ വാക്കും നമ്മുടെ മാതൃ ഭാഷയുടെ ചൈതന്യവും ചാരുതയുമാണ്. ഓരോ മലയാളിയുടെയും അഭിമാനം. അങ്ങനെയുള്ള എഴുത്തുകാരന്റെ സ്വാതന്ത്ര്യമാണ് ചോദ്യം ചെയ്യപ്പെട്ടത്. ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഇത്തരം ഭീഷണികളെ മുളയിലേ നുള്ളാൻ രംഗത്തിറങ്ങി. ആയിരങ്ങൾ പങ്കെടുത്ത പൗരാവലിയുടെ അതിഗംഭീരമായ സ്വീകരണ വേദിയിലേയ്ക്ക് എം.ടി.യെ എത്തിച്ചുകൊണ്ട് സി.പി.ഐ.(എം.) നൽകിയ ചുട്ട മറുപടി മതേതര വാദികൾ അഭിമാനപൂർവ്വം സ്മരിക്കും. അരനൂറ്റാണ്ട് മുമ്പുള്ള ആവിഷ്കാര സ്വാതന്ത്ര്യം ഇന്ന് ചിന്തകൾക്കും അപ്പുറമാണ്. പക്ഷേ ഇടതുമുന്നണി സർക്കാർ നവോത്ഥാന മൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നു എന്നതുകൊണ്ട് കേരളത്തിലെങ്കിലും ആവിഷ്കാര സ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവുമൊന്നും അപകടത്തിലാവില്ലെന്ന് എനിക്ക് ഉറപ്പുണ്ട്.

വിദ്യാഭ്യാസ രംഗത്ത് ഈ സർക്കാർ നടത്തുന്ന ഇടപെടലുകൾ വരും തലമുറകൾക്കുവേണ്ടിയാണ്. മികവിന്റെ കേന്ദ്രങ്ങളായി പൊതുവിദ്യാലയങ്ങൾ മാറും. ഹരിതാഭമായ അന്തരീക്ഷത്തിൽ ഹൈടെക് സൗകര്യങ്ങളോടെ നമ്മുടെ വിദ്യാലയങ്ങളുടെ രൂപം മാറും. ഭൗതിക സാഹചര്യങ്ങൾ മാത്രമല്ല ഗുണനിലവാരവും മെച്ചപ്പെടും. 5 വർഷംകൊണ്ട് 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള പദ്ധതി സമാനതകളില്ലാത്ത നടപടിയാണ്. 5 കോടി രൂപ വീതമാണ് ഓരോ സ്കൂളിനും ഈ ലക്ഷ്യം നിറവേറ്റാൻ വകകൊള്ളിച്ചിട്ടുള്ളത്.

വിദ്യാഭ്യാസ മേഖലപോലെ കായിക മേഖലയും കേരളത്തിന്റെ വളർച്ചയെ പ്രതിഫലിപ്പിക്കുന്നുണ്ട്. ഇന്ത്യയുടെ കായിക ഭൂപടത്തിൽ കേരളത്തിന് നിർണ്ണായകമായ സ്ഥാനമുണ്ട്. നമുക്കറിയാം ലോക കപ്പ് ഫുട്ബോൾ പോലെയുള്ള മത്സരങ്ങൾ ലോകത്തിന്റെ ഏതെങ്കിലും കോണിൽ അരങ്ങേറുമ്പോൾ അതിന്റെ അലയടികളുയരുക നമ്മുടെ ഗ്രാമങ്ങളിലാകും. ജാതിയുടെയും മതത്തിന്റെയും പേരിൽ തമ്മിലടിക്കുന്നവർ

പൊടുന്നനെ അർജന്റീനയുടെയും ബ്രസീലിന്റെയും പ്രതിനിധികളായി മാറുന്നു. ഇതാണ് സ്പോർട്സ് മാജിക്. ഇത്തരം സന്ദർഭങ്ങളിൽ മലയാളിയുടെ ഏക മതം ഫുട്ബോളാകുന്നതും നാം കാണാറുണ്ട്. ഈ കായിക അഭിരുചിയെ സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യേണ്ടത് നാടിന്റെ ഉത്തരവാദിത്വമാണ്. ഓരോ ജില്ലയിലും 35 കോടി രൂപ മുതൽമുടക്കിൽ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങളും ഓരോ പഞ്ചായത്തിലും ഓരോ കളിക്കളങ്ങളും നിർമ്മിക്കുന്നതിനുള്ള പദ്ധതി കായിക മേഖലയ്ക്ക് വലിയ മുതൽക്കൂട്ടാണ്.

എല്ലാ ജില്ലാ കേന്ദ്രങ്ങളിലും 40 കോടി രൂപ വീതം വകയിരുത്തി നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച ഈ സർക്കാരിന്റെ സാംസ്കാരിക മുഖം വ്യക്തമാണ്. കലാകാര പെൻഷൻ ഇരട്ടിയാക്കി ഉയർത്തുകയും 1000 യുവകലാകാരൻമാർക്ക് ഫെല്ലോഷിപ്പ് ഏർപ്പെടുത്തുകയും നാടകത്തിനായി സ്ഥിരം വേദികൾ ഒരുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുകയും ചെയ്ത സർക്കാർ നിലപാട് കേരളത്തിലെ സാംസ്കാരിക ചരിത്രത്തിലെ മായാമുദ്രകളാണ്. ഈ സർക്കാരിന് നാടക രംഗത്തെക്കുറിച്ച് തികച്ചും മൗലികമായ ധാരണയുണ്ട്. കേരളത്തിന്റെ ഇടതുപക്ഷ മൂല്യങ്ങൾ രൂപപ്പെടുത്തുന്നതിൽ നാടക പ്രസ്ഥാനം വഹിച്ച പങ്കിനെപ്പറ്റി ബോധ്യമുള്ളവരാണ് ഇടതു സർക്കാർ. മതേതര പുരോഗമന ആശയങ്ങൾ ശക്തിപ്പെടുത്തുന്നതിൽ, എന്തിന് കേരളത്തിൽ കമ്മ്യൂണിസ്റ്റ് സർക്കാർ അധികാരത്തിൽ വരുന്നതിനുവരെ നാടക പ്രസ്ഥാനങ്ങൾ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. ഞാൻ പഴയ ഒരു സംഭവം പറഞ്ഞു കേട്ടത് ഓർക്കുന്നു. കെ.പി.എ.സി.-യുടെ 'പുതിയ ആകാശം പുതിയ ഭൂമി' എന്ന നാടകം ഡൽഹിയിൽ അരങ്ങേറുന്നു. നാടകം കാണാൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ഉൾപ്പെടെയുള്ള പ്രമുഖർ. അന്ന് കേന്ദ്ര മന്ത്രിയായിരുന്ന പനമ്പിള്ളി ഗോവിന്ദ മേനോൻ നെഹ്റുവിന് നാടകത്തിലെ സംഭാഷണങ്ങൾ പരിഭാഷപ്പെടുത്തിക്കൊടുത്തുകൊണ്ടിരുന്നു. കമ്മ്യൂണിസ്റ്റ് ദർശനങ്ങളുടെ ദീപ്തി പ്രസരിപ്പിച്ച ആ നാടകത്തെയും നാടക പ്രവർത്തകരെയും ജവഹർലാൽ നെഹ്റു മടികൂടാതെ പ്രശംസിച്ചു. ഇന്നൊരു കമ്മ്യൂണിസ്റ്റ് നാടകത്തിന് അത്തരമൊരു പ്രശംസ കിട്ടുമോ എന്നെനിക്ക് സംശയമുണ്ട്.

തോപ്പിൽ ഭാസി ഉൾപ്പെടെയുള്ള അന്നത്തെ നാടകത്തിന്റെ വക്താക്കൾ കറകളഞ്ഞ കമ്മ്യൂണിസ്റ്റുകളായിരുന്നു. ഉദാത്തമായ ജീവിത ദർശനങ്ങളായിരുന്നു ആ നാടകങ്ങളുടെ സന്ദേശം. അവർ കമ്മ്യൂണിസ്റ്റുകളായിപ്പോയി എന്ന ഒറ്റക്കാരണത്താൽ ലോകോത്തരമായി ചർച്ച ചെയ്യപ്പെടേണ്ട അവരുടെ നാടകങ്ങൾ പ്രാദേശികമായി പരിമിതപ്പെട്ടുപോയി. കേരളത്തിൽ മാത്രമായി അവരുടെ മൗലികത ഒതുങ്ങിപ്പോയി. ലോക നാടകങ്ങളോട് കിടപിടിക്കേണ്ട കലാസൃഷ്ടികളായിരുന്നു അവ. നാടക ചരിത്രത്തിൽ ഇത്തരം നാടകങ്ങൾക്ക് നേരിടേണ്ടിവന്ന അവഗണനയ്ക്ക്

ഇടതുസർക്കാർ ഭരിക്കുമ്പോൾ തീർച്ചയായും പ്രതിവിധി ഉണ്ടാകണം. ജീവിതഗന്ധിയായ മലയാള നാടകങ്ങൾ ചരിത്രത്തിൽ തികഞ്ഞ അഭിമാനത്തോടെ രേഖപ്പെടുത്തണം. ബജറ്റിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥിരം നാടകവേദികൾ ഇതിന്റെ തുടക്കമാകട്ടെ. 130-ഓളം നാടക ട്രൂപ്പുകളാണ് ഇന്ന് കേരളത്തിലുള്ളത്. കടുത്ത സാമ്പത്തിക പരാധീനതകളിലാണ് ഓരോ ട്രൂപ്പും പ്രവർത്തിക്കുന്നത്. കാലം കഴിയുന്തോറും ട്രൂപ്പുകളുടെയും പൂർണ്ണ സമയ അഭിനേതാക്കളുടെയും എണ്ണം കുറഞ്ഞുവരുന്നു. എനിക്ക് നേരിട്ടറിയാവുന്ന യാഥാർത്ഥ്യങ്ങളാണ് ഇതെല്ലാം. നാടകങ്ങൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനുള്ള നിർദ്ദേശത്തെ അഭിനന്ദിക്കുന്നു. എന്നാൽ അന്ത്യശ്വാസം വലിച്ചുകൊണ്ടിരിക്കുന്ന നാടക സമിതികളെ നിലനിർത്താൻ അടിയന്തര ഇടപെടലുകൾ ഉണ്ടാകണം.

ചലച്ചിത്ര മേഖലയിൽ ഈ സർക്കാർ വരുത്തുന്ന ഗുണകരമായ മാറ്റത്തെക്കുറിച്ച് ചിലത് പറയേണ്ടതുണ്ട്. ചലച്ചിത്രോത്സവത്തിന് സ്ഥിരം വേദി, 100 തിയേറ്റർ സമുച്ചയങ്ങൾ എന്നിവ ഇതിനോടകം അഭിനന്ദനം നേടിയ നടപടികളാണ്. ദീർഘകാലങ്ങളായി സിനിമാ മേഖല ആവശ്യപ്പെട്ടിരുന്ന ഇ-ടിക്കറ്റിംഗ് സമ്പ്രദായം മേയ് ഒന്ന് മുതൽ സർക്കാർ തിയേറ്ററുകളിൽ ആരംഭിച്ചിരിക്കുകയാണ്. വൻതോതിലുള്ള നികുതി ചോർച്ച തടയാൻ ഇതിലൂടെ സാധിക്കും. തിയേറ്ററുകളിലേയ്ക്ക് ജനം തിരികെ എത്തിക്കൊണ്ടിരിക്കുന്ന കാലമാണിത്. കൂടുതൽ തിയേറ്റർ ആരംഭിക്കുന്നതിനും സാങ്കേതിക മികവ് വർദ്ധിപ്പിച്ച് നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടി സിനിമാ മേഖലയിൽ പുത്തൻ ഉണർവ് സൃഷ്ടിക്കും. ഇതൊക്കെയാണെങ്കിലും പ്രാദേശിക ഭാഷാ ചിത്രങ്ങൾ വലിയ വെല്ലുവിളി നേരിടുന്ന കാലമാണിത്. വൻകിട ചിത്രങ്ങളുടെ തള്ളിക്കയറ്റത്തിൽ പ്രാദേശിക ഭാഷാ ചിത്രങ്ങൾ നിലനിൽപ്പിനായി വിഷമിക്കുന്നു. കൂടുതൽ തിയേറ്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടി പ്രാദേശിക ഭാഷാ ചിത്രങ്ങൾക്ക് സഹായകരമാണ്. എന്നിരുന്നാലും കർണ്ണാടക, മഹാരാഷ്ട്ര സർക്കാരുകൾ ചെയ്യുന്നതുപോലെ കന്നഡ, മറാത്തി സിനിമകൾക്ക് നൽകിവരുന്ന പ്രോത്സാഹനവും പിന്തുണയും മലയാള സിനിമകൾക്കും നൽകുന്നതിനുള്ള നടപടി ഉണ്ടാകണമെന്ന് ഞാൻ സർക്കാരിനോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

അദ്ധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കുമുള്ളതാണ് സ്വർഗ്ഗരാജ്യം എന്ന് ക്രിസ്തുദേവൻ പറഞ്ഞു. മഹത്തായ ഒക്ടോബർ വിപ്ലവത്തിന്റെ നൂറാം വാർഷികം ആഘോഷിക്കപ്പെടുമ്പോൾ ഇതേ സന്ദേശത്തിന്റെ മറ്റൊരു ശബ്ദമാണ് കമ്മ്യൂണിസ്റ്റ് പ്രത്യയ ശാസ്ത്രത്തിൽനിന്ന് ഉയരുന്നത്. ഇടതുപക്ഷ സർക്കാരിന്റെ നയങ്ങളുടെയും പ്രവർത്തനങ്ങളുടെയും അന്തർധാര അദ്ധ്വാനിക്കുന്നവരുടെയും ഭാരം ചുമക്കുന്നവരുടെയും ക്ലേശങ്ങൾ തീർക്കുന്നതിനുള്ള ശ്രമങ്ങളാണെന്ന തിരിച്ചറിവോടെ ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്തുണയ്ക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, സത്യത്തിൽ ഞാനിന്ന് ശ്രീമൂലംകളി കണ്ട് ആസ്വദിച്ച രാജാവിനെപ്പോലെ ഈ സഭയിൽ സംസാരിക്കുന്നവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുകയായിരുന്നു. എനിക്ക് നമ്മുടെ സഭയെപ്പറ്റി സന്തോഷം തോന്നി. ഇന്ന് ആദ്യം സംസാരിച്ച ശ്രീ. എ. എൻ. ഷംസീർ, ഒരു വിദ്യാർത്ഥി നേതാവ് എന്ന നിലയിൽ അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ പറഞ്ഞു. ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. കോൺഗ്രസ്സിൽ നിന്ന് ശ്രീ. വി. ടി. ബൽറാം പറഞ്ഞത് ഇഷ്ടപ്പെട്ടു. സി.പി.ഐ.യുടെ ഇ. ടി. ടൈസൺ മാസ്റ്റർ, അദ്ധ്യാപകനാണ്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് മാത്രമാണ് ഇത്തിരി വ്യത്യസ്തൻ. ശ്രീ. കെ. ബി ഗണേഷ്കുമാർ എന്ന സിനിമാക്കാരൻ, ഇപ്പോൾ ഇതാ ശ്രീ. എം. മുകേഷ് എന്ന സിനിമാക്കാരൻ, ശ്രീ. ആർ. രാജേഷ്, ഡി.വൈ.എഫ്.ഐ.-യുടെ നേതാവ്, ഞാൻ പ്രൊഫ. എൻ. ജയരാജിനെപ്പറ്റി പിന്നീട് പറയാം, ഞാൻ എന്തു പറഞ്ഞാലും അദ്ദേഹം തെറ്റിദ്ധരിക്കും അതുകൊണ്ടാണ്. സംസാരിക്കാൻ അർഹതപ്പെട്ട രീതിയിൽ തന്നെ ഇവരെല്ലാം സംസാരിച്ചു, എനിക്ക് അതുകൊണ്ടാണ് സന്തോഷം തോന്നിയത് ഞാൻ എല്ലാപേരേയും അഭിനന്ദിക്കുകയാണ്. പക്ഷെ ഒരു കാര്യം സി.പി.ഐ(എം.)-ലെയും കോൺഗ്രസ്സിലെയും ആളുകളോട് പറയാൻ ആഗ്രഹിക്കുകയാണ്. ഒരു ചെറിയ കഥപറയാം, മൂന്ന് ചെകുത്താൻമാർ ഒരു വീട്ടിൽ താമസിക്കുകയാണ്. അങ്ങനെ താമസിക്കുമ്പോൾ ഒരു ചെകുത്താൻ വേറൊരു ചെകുത്താന്റെ മുറിയിലേയ്ക്ക് കയറിപ്പോയി, മൂന്നാമത്തെ ചെകുത്താൻ വിശന്നു മരിച്ചിട്ട് കണ്ണീർ ഒലിപ്പിച്ചുകൊണ്ട് രണ്ടു ചെകുത്താൻമാർ ഇരിക്കുന്ന മുറിയിൽ പോയി. വിശന്നിട്ട് ചെന്നതാണ്. അവിടെ ചെന്നപ്പോൾ രണ്ട് ചെകുത്താൻമാരും വിശന്നിട്ട് പരസ്പരം കണ്ണുനീർ നക്കിക്കുടിക്കുകയാണ്. ആ ചെകുത്താന്റെ നിലയെന്താണെന്ന് ആലോചിച്ചുനോക്കു, എന്നതുപോലെയാണ് സി.പി.ഐ. (എം) ഉം കോൺഗ്രസ്സും. ഡൽഹിയിൽ ഇലക്ഷൻ നടന്നു, നിങ്ങൾക്ക് എന്ത് കിട്ടി; കോൺഗ്രസ്സിനും കമ്മ്യൂണിസ്റ്റിനും വല്ലതും കിട്ടിയോ; എ.കെ.ജി. സെന്റർ ഇരിക്കുന്ന സ്ഥലത്ത് ഒരു സ്ഥാനാർത്ഥിയെ നിർത്താൻ നിങ്ങൾക്ക് പറ്റിയോ? എന്റെ കാര്യം പോകട്ടെ, രണ്ട് വോട്ട് കിട്ടിയോ, രണ്ടു വോട്ടുപോലും കിട്ടാത്തവരാണ് നിങ്ങൾ. അപ്പോൾ നിങ്ങൾ ചുമ്മാ കോൺഗസ്സിനെ കുറ്റം പറയേണ്ട, എന്താണെന്ന് ചോദിച്ചാൽ കോൺഗ്രസ്സ് ദേശീയ രാഷ്ട്രീയത്തിന് ആവശ്യമാണ്. കേരള രാഷ്ട്രീയത്തിൽ നിങ്ങളും ആവശ്യമാണ്, ഇത് പരസ്പരം ഉൾക്കൊള്ളാനുള്ള മാന്യത നിങ്ങൾ പ്രകടിപ്പിക്കണമെന്നതാണ് എന്റെ അഭിപ്രായം. അങ്ങോട്ടുമിങ്ങോട്ടും ചീത്ത പറയാനുള്ള സമയമല്ലിത്, കാരണം വേറെ ചില ശക്തികൾ വളർന്നുവരികയാണ്. ആ ശക്തിക്കെതിരെ പ്രതികരിക്കേണ്ട നിങ്ങൾ പരസ്പരം ഇങ്ങനെ സംസാരിച്ചു കൊണ്ടിരുന്നാൽ എങ്ങനെ ശരിയാകും? ഞാൻ എന്റെ ഒരു സങ്കടം കൂടി പറഞ്ഞുകൊള്ളട്ടെ, ഒരു വർഷം മുൻപ് നമ്മുടെ വിദ്യാഭ്യാസ മേഖലയിലെ അഴിമതി അവസാനിപ്പിക്കാൻ വേണ്ടി മാതൃകാപരമായി

ഒരു സ്കൂളിലെ മാനേജ്മെന്റ് 50,000 രൂപ പ്ലസ് വൺ അഡ്മിഷന് കൈക്കൂലി മേടിച്ചതിന്, ഞാൻ സാക്ഷിയാണെന്ന രീതിയിൽ തന്നെ തെളിവ് വച്ചുകൊണ്ട് പരാതി എഴുതിക്കൊടുത്തു. മുഖ്യമന്ത്രിക്കും വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും കൊടുത്തു, ഒരു കൊല്ലം കഴിഞ്ഞു. ചോദിക്കുമ്പോൾ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്, എന്ത് ഒടുക്കത്തെ അന്വേഷണമാണ്; ഒരു കൊല്ലമായിട്ടും നടപടി ഉണ്ടാകാത്തത് എന്താണ്? ഇത് നാണക്കേടാണ്, ഇത് ശരിയല്ലെന്ന് പറയാതിരിക്കാൻ കഴിയുകയില്ല. അതുപോലെ ഇന്നത്തെ മാതൃഭൂമി പത്രം, വിദ്യാർത്ഥികളുടെ അടിവസ്ത്രം അഴിപ്പിച്ചു, ചുരിദാറിന്റെ കൈമുറിച്ചു, ഇവിടെ ആരും ഇതൊന്നും സഭയിൽ പറയുന്നില്ലല്ലോ. കണ്ണൂരിൽ പരീക്ഷ എഴുതാൻ പോയ വിദ്യാർത്ഥികളാണ്, പെൺകുട്ടികളുടെ ചുരിദാർ അഴിപ്പിച്ചു, ഈ സഭ ഇത് അറിയുന്നുണ്ട്, ഈ സഭ ചർച്ച ചെയ്യുത് അറിയണ്ടേ? കണ്ണൂരിൽ സാക്ഷര കേരളത്തിനുതന്നെ അപമാനമായി പ്രവേശന പരീക്ഷയ്ക്കെത്തിയ വിദ്യാർത്ഥികളുടെ അടിവസ്ത്രമഴിപ്പിച്ച് പരിശോധന, ഞായറാഴ്ച നടന്ന നീറ്റ് പരീക്ഷയിലാണ് നിബന്ധനകളുടെ പേരിൽ കണ്ണൂരിലെ ചില സ്വകാര്യ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ ബ്രായും ജീൻസുമഴിപ്പിച്ച് പരിശോധന നടത്തുകയും ചുരിദാറിന്റെ നീളമുള്ള കൈ മുറിച്ച് മാറ്റുകയും ചെയ്തു. ഇതിൽ സാംസ്കാരിക വകുപ്പുമന്ത്രി ഇടപെടണം, വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇടപെടണം, കേരളത്തിൽ ഇങ്ങനെ പരീക്ഷ എഴുതാൻ പോകുന്ന പെൺകുട്ടികളുടെ ബ്രാ ഊരാൻ സൗകര്യമില്ലെന്ന് പറയാനുള്ള തന്റേടം കാണിക്കണ്ടേ? ഇത്തരം കാര്യങ്ങളിൽ ശക്തമായ നടപടി വേണമെന്നതാണ് എന്റെ അഭിപ്രായം.

ജി.വി. രാജാ സ്പോർട്സ് സ്കൂൾ; ജി.വി. രാജ എന്റെ നാട്ടുകാരനാണ്, പൂഞ്ഞാർകാരൻ. ആ ജി.വി. രാജയുടെ പേരിലുള്ള സ്റ്റേഡിയം പണി തുടങ്ങി മൂന്ന് വർഷമായിട്ടും തീർന്നിട്ടില്ല. സ്പോർട്സ് മന്ത്രി പ്രത്യേകം ശ്രദ്ധിക്കണം. ഈ സഭയിൽ ശ്രീ. ഇ. പി. ജയരാജൻ പ്രസംഗിക്കുമ്പോൾ ഞാൻ സാകൂതം ഇരിക്കുകയാണ്. മാണിസാറിനുവേണ്ടി സംസാരിക്കുന്നുവെന്നേയുള്ളൂ, ഡിമാന്റുകളെ അനുകൂലിക്കുന്നു അല്ലെങ്കിൽ പ്രതികൂലിക്കുന്നു എന്നു പറയുമെന്ന് ഞാൻ ഓർത്തു, എന്റെ കൂട്ടത്തിൽ വരികയാണ്. ഞാൻ അനുകൂലിക്കുന്നുമില്ല, പ്രതികൂലിക്കുന്നുമില്ല. ശ്രീ. ഇ. പി. ജയരാജനും അതുപോലെയാണ്, അനുകൂലിക്കുന്നുമില്ല പ്രതികൂലിക്കുന്നുമില്ല. എന്റെ വിഭാഗത്തിലേയ്ക്ക് കൂടുതൽ ആളുകൾ വരുന്നതിലുള്ള സന്തോഷം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

<u>പ്രൊഫ. കെ. യു. അരുണൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുകയാണ്. സ്പോർട്സ് പ്രധാനപ്പെട്ട ഒരു വിഷയമാണ്. സ്പോർട്സ് രംഗത്ത് നാം ഇനിയും വളരെയേറെ മുന്നോട്ടു പോകേണ്ടതായിട്ടുണ്ട്. പണ്ട് ഒളിംപിക്സിൽ ഇന്ത്യ പങ്കെടുത്തിട്ടുണ്ടെങ്കിൽ ഹോക്കിക്ക് ഒരു സ്വർണ്ണം ഉറപ്പായിരുന്നു. എന്നാൽ ഇപ്പോൾ അതും പോയി. ഇപ്പോൾ ഷൂട്ടിംഗിന് ഒരെണ്ണം കിട്ടിയെന്നു വരാം. പണ്ട്

നമ്മുടെ നാട്ടിൽ നിന്ന് പോയിരുന്ന ഏറ്റവും നല്ല പെനാൽറ്റി ഷോർട്ട് കോർണർ വിദഗ്ധൻ പ്രതിപാൽ സിംഗ് ആയിരുന്നു. അദ്ദേഹത്തെ എക്സ്ട്രിമിസ്റ്റുകൾ വെടിവച്ചു കൊന്നു. ഇന്ന് ഇന്ത്യയിൽ ഹോക്കി 5-ാം സ്ഥാനത്താണ്. ക്രിക്കറ്റിനെ സംബന്ധിച്ചാണെങ്കിൽ നമ്മൾ രണ്ടാം സ്ഥാനത്തോ, മൂന്നാം സ്ഥാനത്തോ ആയിട്ടുണ്ട്. ടെൻഡുൽക്കറും രോഹിത് ശർമ്മയും ഒക്കെക്കൂടി വലിയ നേട്ടമുണ്ടാക്കിയിട്ടുണ്ട്. അതിന് മുൻപ് നമ്മുടെ ചരിത്രമെന്നു പറഞ്ഞാൽ കർണ്ണാടകക്കാരൻ ബ്രിജേഷ് പട്ടേൽ ഇംഗ്ലണ്ടിൽ ക്രിക്കറ്റ് കളിക്കാൻ പോയി, അവിടെ ചെന്നിട്ട് ക്രീസിൽ അദ്ദേഹത്തിന്റെ പാന്റ്സ് ഊരിപ്പോയി, ഇന്ത്യൻ ക്രിക്കറ്റിന്റെ പ്രതീകമെന്ന് പറഞ്ഞ് അക്കാലത്തെ ഇംഗ്ലീഷ് മീഡിയ വിശേഷിപ്പിച്ചത് ഈ ചിത്രമാണ്. 21 കൊല്ലത്തിനുശേഷം ഫുട്ബാൾ രംഗത്ത് ഇന്ത്യ 100-ാമത് സ്ഥാനത്ത് എത്തിയിരിക്കുന്നുയെന്നുള്ള സന്തോഷകരമായ വാർത്ത ഇന്നലെ കണ്ടു. 130 കോടി ജനങ്ങളുള്ള നാട്ടിലെ ഏറ്റവും ആകർഷകമായ കളിയുടെ വിശേഷമാണ് ഞാൻ സൂചിപ്പിച്ചത്. പണ്ട് നമുക്ക് ചെസ്സ് കളി ഉണ്ടായിരുന്നു. അമേരിക്ക, യൂറോപ്പ് റഷ്യ എന്നീ രാജ്യത്തെ ആൾക്കാർ മാത്രം സ്വാധീനം ചെലുത്തിയിരുന്ന മസ്തിഷ്ക യുദ്ധം എന്നു പറയുന്ന ചെസ്സ് കളിയിൽ ശ്രീ. വിശ്വനാഥൻ ആനന്ദ് ഏകദേശം 20 വർഷക്കാലം പട്ടം ചൂടിയിരുന്നു. പക്ഷേ അതൊന്നും ആരും അറിയുന്നില്ല. അതുപോലെ കേരളത്തിലെന്നും വോളീബോൾ ടീം ഉണ്ടായിരുന്നു. കോഴിക്കോട്ടുകാരനായ പഴയ അബ്ദുറഹിമാനെ നിങ്ങൾക്ക് ഓർമ്മയുണ്ടാകും. വോളീബോളിന് നാമക്കുഴി സ്കൂളിൽ നിന്ന് ആദ്യമായി വനിതാ ടീം ഉണ്ടായിരുന്നു. ഏലിയാമ്മ, ഏലമ്മ, ലളിതാ നൈനാൻ എന്നിവരടങ്ങുന്ന ആ വോളീബോൾ ടീം ഇപ്പോഴുമുണ്ട്. കായിക രംഗത്തുണ്ടാകുന്ന മുന്നേറ്റം വർഗ്ഗീയാടിസ്ഥാനത്തിലുള്ള പ്രവണതകളെ ദുർബ്ബലപ്പെടുത്തും. ഇപ്പോൾ സ്കൂളുകളിലും യൂണിവേഴ്സിറ്റികളിലും സ്പോർട്സുണ്ട്. സ്കൂൾ തലത്തിലും യൂണിവേഴ്സിറ്റി തലത്തിലും മത്സരങ്ങൾ നടക്കുന്നുണ്ട്. കേരളത്തിൽ 400 മീറ്റർ ട്രാക്കുള്ള ഒരു പഞ്ചായത്തിന്റെ പേര് പറയാൻ സാധിക്കുമോ? സാധിക്കില്ല. 200 മീറ്റർ ട്രാക്കുള്ളത് പറയാൻ ഇത്തിരി ബുദ്ധിമുട്ടാണെങ്കിലും കുറച്ച് സ്ഥലങ്ങളിലൊക്കെ ഉണ്ട്. അപ്പോൾ പഞ്ചായത്തുകളിലടക്കം ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയാൽ മാത്രമേ കായിക മേഖലയെ ഉദ്ദേശിക്കുന്ന നിലവാരത്തിലെത്തിക്കാൻ സാധിക്കുകയുള്ളൂ. 200 മീറ്റർ ട്രാക്കെങ്കിലും ഓരോ പഞ്ചായത്തിലും നിർമ്മിക്കാതെ സ്പോർട്സ് രംഗത്ത് അനിഷേധ്യമായ നേട്ടം കൈവരിക്കാൻ സാധിക്കില്ല. സ്പോർട്സ് രംഗത്ത് കേരളം എപ്പോഴും പിറകിലാണ്. സ്പോർട്സിനെക്കുറിച്ച് ഒരു സവിസ്തര പഠനം ആവശ്യമാണ്.

മറ്റൊന്ന് വിദ്യാഭ്യാസം. സ്കൂളുകളിൽ കുട്ടികൾ അദ്ധ്യാപകരെ സാർ എന്നാണ് വിളിക്കുക, കോളേജുകളിൽ ചിലപ്പോൾ മാഷ് എന്നും വിളിക്കും. അവർ ചോദിക്കുന്നത്, ഞങ്ങൾ പഠിക്കാൻ വരുന്നു, ഞങ്ങൾക്കല്ലേ പഠിക്കാനുള്ള ആഗ്രഹം,

ഞങ്ങൾക്ക് പഠിക്കാനുള്ള ആഗ്രഹമുള്ളപ്പോൾ ഏതെല്ലാം വിഷയങ്ങളാണ് ഞങ്ങൾക്കറിഞ്ഞുകൂടാത്തതെന്ന് ഞങ്ങൾക്കല്ലേ അറിയാവൂ, അത് ശരിയാണ്. ആ വിഷയങ്ങളിൽ തന്നെ ഏതു വിഷയമാണ് കൂടുതൽ വിഷമമെന്നുള്ളത് ഞങ്ങൾക്കല്ലേ അറിയുക, അതും ശരിയാണ്. എങ്കിൽപ്പിന്നെ കരിക്കുലവും സിലബസ്സും ഞങ്ങളല്ലേ തീരുമാനിക്കേണ്ടത്? ഞാൻ പറഞ്ഞു ശരിയാണ്. അത് ഒരു സ്വപ്നമൊന്നുമല്ല. പിണറായി സർക്കാരിനെങ്കിലും പഠിക്കാൻ വരുന്ന കുട്ടികളുടെ ആഗ്രഹത്തിനനുസരിച്ച് കരിക്കുലവും സിലബസ്സും ചിട്ടപ്പെടുത്താൻ കഴിയുമെന്ന ശുഭ പ്രതീക്ഷ എനിക്കുണ്ട്. കേരളീയ സമൂഹം ഹൺഡ്രഡ് പെർസെന്റേജ് വിജയവും അന്വേഷിച്ച് നടക്കുകയാണ്. ഞാൻ തൃശ്ശൂരിൽ ഏതെങ്കിലും ഒരു കുട്ടി തോറ്റ ഒരു സ്കൂളെങ്കിലും കാണിച്ചുതരാൻ ആവശ്യപ്പെട്ടെങ്കിലും അങ്ങനെയൊരു സ്കൂൾ കണ്ടെത്താൻ കഴിഞ്ഞില്ല. എന്തൊരു വിദ്യാഭ്യാസ സമ്പ്രദായമാണിത്. എല്ലാ സ്കൂളിലും 100 ശതമാനം വിജയം. ഏത് ആദിവാസി കുഗ്രാമത്തിൽ ചെന്ന് 100 പേരെയെടുത്താലും 99 പേർ ജയിച്ചിട്ടുണ്ട്. ആ രൂപത്തിലാണ് വിദ്യാഭ്യാസം. പണ്ട് കാലത്ത് അദ്ധ്യാപകർ കുട്ടികളുടെ തോളിൽ കൈയിട്ട് നടക്കും, കുട്ടികൾക്ക് ചായയും മസാലദോശയും വാങ്ങിക്കൊടുക്കും, അത്രയ്ക്ക് ദാരിദ്ര്യമുള്ള സ്ഥലമാണ് നാട്ടിക. പിന്നീട് വീട്ടിൽ ചെന്ന് ഷർട്ടഴിച്ചിടുമ്പോൾ പെണ്ണ് വന്ന് നോക്കുമ്പോൾ അവൾക്ക് വിഷമമാകും, കാശ് തീർന്നിട്ടുണ്ടാവും, ഇന്നുമില്ലല്ലോ അഞ്ച് പൈസ എന്ന് പറയും. മറ്റുള്ളവന്റെ കുട്ടികളെ സ്നേഹിക്കാത്ത ഒരാളും സ്വന്തം കുട്ടികളെ സ്നേഹിക്കില്ല. മാഷ് കുട്ടികളുടെ തോളിൽ കൈയിട്ട് നടക്കുന്നു എന്ന ആരോപണം കേട്ടുമടുത്തു. അത് രവിമാഷ്ക്കൊക്കെ ഏകദേശം അറിയാം. അതിൽ ഒരുപാടുപേർ എം.പി-മാരും എം.എൽ.എ.-മാരുമായി. ഇവിടെത്തന്നെ മൂന്നുവട്ടം വന്നിരുന്ന് സംസാരിച്ച് സഭയുടെ സ്തുത്യർഹമായ അഭിനന്ദനം ഏറ്റുവാങ്ങിയ ശ്രീ. ടി. എൻ. പ്രതാപൻ, രാജേഷ് തുടങ്ങി കുറേയേറേ ആളുകളുണ്ട്. പാഠപുസ്തകത്തിൽ നിന്ന് വിഭിന്നമായി പഠിപ്പിച്ചവരുണ്ട്. സിൽവിയ ആഷ്ടറിന്റെ "ടീച്ചർ" എന്ന പുസ്തകം ഓർമ്മയില്ലേ? ആ പുസ്തകത്തിൽ പറയുന്നുണ്ട് കുട്ടികൾ ബഹളമുണ്ടാക്കിയാൽ ആദ്യം ഡസ്കിൽ തട്ടും പിന്നീട് ചൂരലെടുക്കും, എന്നാൽ ആ പുസ്തകത്തിലെ ടീച്ചർ, റൂമിന്റെ മൂലയിൽ വച്ചിരിക്കുന്ന വയലിൻ എടുത്ത് ബിഥോവന്റെ 'പാത്തോസ്' ഒന്ന് വായിക്കും, അപ്പോൾ കുട്ടികൾ മിണ്ടാതിരിക്കും. എങ്ങനെ കുട്ടികളിൽ അച്ചടക്കമുണ്ടാക്കണമെന്ന് ടി.ടി.സി., ബി.എഡ്. സിലബസ്സിലൊക്കെയുണ്ട്. കേരളത്തിൽ ഉണർന്ന് കേരളത്തിൽ പഠിച്ച് കേരളത്തിൽ ബിരുദ-ബിരുദാനന്തര പഠനവും നടത്തിയിട്ടുള്ളവരുടെ ഹൃദയത്തിൽ നിന്ന് സ്വാഭാവികമായി പുറത്തേയ്ക്ക് വരുന്ന വാക്കുകളിലെ വൈകാരിക പ്രപഞ്ചമാണ് കുട്ടികളെ മുന്നോട്ടു നയിക്കുന്നത്. അതിനുവേണ്ടിയുള്ള വിദ്യാഭ്യാസ പദ്ധതി ആസൂത്രണം ചെയ്യണമെന്ന് വിനീതമായി പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു, നമസ്കാരം.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ ശക്തമായി എതിർക്കുന്നു. 2016 നവംബർ 10 -ാം തീയതി നാല് പ്രധാനപ്പെട്ട പദ്ധതികളാണ് സംസ്ഥാന ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിന്റെ ഭാഗമായി ഇവിടെ പ്രഖ്യാപിച്ചത്. അതിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു പൊതുവിദ്യാഭ്യാസം സംരക്ഷിക്കുക എന്നുള്ളത്. 2017 ജനുവരി മാസം 27-ാം തീയതി, ജനപ്രതിനിധികളും രക്ഷകർത്താക്കളും വിദ്യാർത്ഥികളും എല്ലാം ഒന്നുചേർന്ന് സർക്കാർ, എയിഡഡ് സ്ഥാപനങ്ങളിലെല്ലാം പൊതുവിദ്യാഭ്യാസം സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് വലിയ രീതിയിലുള്ള പ്രതിജ്ഞ എടുത്തിരുന്നു. പൊതു വിദ്യാഭ്യാസം സംരക്ഷിക്കുന്ന കാര്യത്തിൽ ഈ സഭയിൽ ആർക്കും എതിർപ്പുണ്ടാവുമെന്ന് ഞാൻ കരുതുന്നില്ല, നമ്മളെല്ലാവരും ഒരേ സ്വരത്തിൽ അതിന്റെ ഭാഗമായ ആളുകളാണ്. ജനുവരി 27-ാം തീയതിയിലെ ആ പ്രതിജ്ഞയ്ക്കുശേഷം ഒരു പടിപോലും നമുക്ക് മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടില്ലെന്നതിനാലാണ് പൊതു വിദ്യാഭ്യാസത്തെ സംബന്ധിച്ച ഈ ഗവൺമെന്റിന്റെ ലക്ഷ്യങ്ങൾ നിറവേറ്റാൻ സാദ്ധ്യതയില്ലെന്ന് ഞങ്ങൾ പറയാൻ കാരണം. 4.5 ലക്ഷം വിദ്യാർത്ഥികൾ എഴുതിയ ഏഷ്യയിലെ ഏറ്റവും വലിയ പരീക്ഷയെന്ന് നമ്മൾ അവകാശപ്പെടുകയും അഭിമാനിക്കുകയും ചെയ്യുന്ന കേരളത്തിലെ എസ്.എസ്.എൽ.സി. പരീക്ഷയെ സംബന്ധിച്ചുവരുന്ന പത്ര വാർത്തകൾ നമ്മളെ എല്ലാവരേയും അപമാനിക്കുന്ന തരത്തിലുള്ളവയാണ്. എസ്.എഫ്.ഐ.ക്കാരും ഡി.വൈ.എഫ്.ഐ.ക്കാരും കേരളത്തിന്റെ മുക്കിലും മൂലയിലും നിന്ന് പ്രസംഗിക്കുമ്പോൾ, ഇരട്ടച്ചങ്കനെന്ന് വിശേഷിപ്പിക്കുന്നയാളുടെ ഗവൺമെന്റിന് ഇരട്ട പരീക്ഷ നടത്തേണ്ടി വരുന്നു എന്നുള്ളത് ഏറ്റവും ദൗർഭാഗ്യകരമായ സ്ഥിതിവിശേഷമാണ്. ആയിരക്കണക്കിന് കുട്ടികൾ 9 A+ നേടിയിട്ടുണ്ട്, അവർക്ക് ഒരു വിഷയത്തിൽ A+ നേടാൻ കഴിഞ്ഞിട്ടില്ല, ചില കുട്ടികൾക്ക് A-യും മറ്റുചിലർക്ക് B-യും C-യുമായിപ്പോയി. അതെല്ലാം കണക്ക് പരീക്ഷയ്ക്കാണ് സംഭവിച്ചത്. പതിനൊന്ന് മാസം പൂർത്തീകരിക്കുന്ന, ഈ ഗവൺമെന്റിന്റെ എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ച ഒന്നായിരുന്നു കേരളത്തിലെ എസ്.എസ്.എൽ.സി. പരീക്ഷ. ചോദ്യക്കട ലാസ്സുകളെക്കുറിച്ചുണ്ടായ ആശങ്ക സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി എടുക്കുന്ന ഏത് സദുദ്ദേശപരമായ തീരുമാനത്തെയും വിദ്യാഭ്യാസം സംരക്ഷിക്കാൻ എടുക്കുന്ന തീരുമാനത്തെയും അട്ടിമറിക്കുന്ന ചില അദ്ധ്യാപക സംഘടനകൾ വലിയ മാഫിയയുടെ കീഴിൽ പ്രവർത്തിക്കുകയാണ്. ഇതുസംബന്ധിച്ച് എല്ലാ പ്രധാനപ്പെട്ട പത്രങ്ങളിലെയും തലക്കെട്ടുകൾ പരിശോധിച്ചാൽ ഇത് അറിയാൻ സാധിക്കും. 'ചോദ്യകർത്താക്കൾക്ക് വൻതുക നൽകും, കൊയ്യുന്നത് ലക്ഷങ്ങൾ, കൺസൾട്ടന്റ് ഭരണത്തിൽ താളം തെറ്റി -എസ്.സി.ഇ.ആർ.ടി., ചോദ്യപേപ്പർ കച്ചവടം പത്ത് കോടി - പ്രിൻസിപ്പൽമാർക്ക് കമ്മീഷൻ, കണക്കുകൾ പിഴച്ചു - എസ്.എസ്.എൽ.സി. കണക്ക് പരീക്ഷ റദ്ദാക്കി, പരീക്ഷാചോദ്യങ്ങൾ തയ്യാറാക്കുന്ന പലർക്കും ചോദ്യക്കടലാസ് മാഫിയ ബന്ധം, പരീക്ഷ എന്ന പരീക്ഷണം' തുടങ്ങിയ നിരവധി വാർത്തകൾ വരുന്നുണ്ട്.

കേരളത്തിന്റെ പൊതുവിദ്യാഭ്യാസ രംഗം സംരക്ഷിക്കണമെന്ന് ആവശ്യപ്പെടുമ്പോൾ പ്രൈവറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക്, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ സെഗ്മെന്റുകളിലേയ്ക്ക് വിദ്യാർത്ഥികളും രക്ഷകർത്താക്കളും മാറിചിന്തിക്കാനുള്ള സാഹചര്യമുണ്ടാകുന്നത് ഈ വിശ്വാസ്യതയുടെ തകർച്ചയാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കേരളത്തിലെ എല്ലാവരും മോഡലായി കാണുന്ന അല്ലെങ്കിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും സന്ദർശിക്കുന്ന ഒരു സ്കൂളാണ് കോഴിക്കോട് ജില്ലയിലെ നടക്കാവ് സ്കൂൾ. പ്രസ്തുത സ്കൂൾ പോലെ മാതൃകാപരമായി ഭൗതികസാഹചര്യങ്ങൾ ഉണ്ടാക്കണമെന്ന് നമ്മൾ ആഗ്രഹിച്ചതിന്റെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ വകുപ്പ് 'ഹൈടെക് സ്കൂൾ, ഡിജിറ്റൽ സ്കൂൾ' എന്ന് അന്ന് പ്രഖ്യാപിച്ച നയത്തിന്റെ അടിസ്ഥാനത്തിൽ മുന്നോട്ട് പോകുന്നത്. നടക്കാവ് സ്കൂളിൽപോലും എസ്.എസ്.എൽ.സി.-ക്ക് 100 ശതമാനം റിസൾട്ടുണ്ടാക്കാൻ സാധിച്ചില്ല എന്നുപറയുമ്പോൾ പൊതുവിദ്യാഭ്യാസം സംബന്ധിച്ച് ഗൗരവമേറിയ ചർച്ച നടത്തേണ്ട കാര്യമാണ്. കിഫ്ബിവഴി എല്ലാ നിയോജകമണ്ഡലങ്ങളിലും ഹൈടെക് സ്കൂൾ എന്ന പ്രഖ്യാപിതലക്ഷ്യം നേടാനുള്ള ശ്രമങ്ങൾ നടത്തുകയാണ്. ഞാനും എന്റെ നിയോജകമണ്ഡലത്തിലെ എളമക്കര സ്കൂളിന്റെ പ്രൊപ്പോസൽ കൊടുത്തു, അതിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ഹാബിറ്റാറ്റ് വഴി സമർപ്പിച്ചു. ഭൗതിക സാഹചര്യമൊരുക്കുക എന്നതിനപ്പുറമായി അക്കാഡമിക് ലെവൽ ഇംപ്രൂവ് ചെയ്യാൻ എന്താണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്? അദ്ധ്യാപകർക്ക് വേണ്ടത്ര പരിശീലനം നൽകണം കരിക്കുലം പരിഷ്കരിക്കണം. മലയാളഭാഷയിലുള്ള വലിയ പ്രോമിനൻസ് നിലനിർത്തുമ്പോൾത്തന്നെ വിദേശത്തടക്കമുള്ള സ്ഥലങ്ങളിലേയ്ക്ക് മലയാളികൾ ജോലിക്ക് പോകുമ്പോൾ, ഗ്രൂപ്പ് ഡിസ്കഷനിൽ അല്ലെങ്കിൽ ഇന്റർവ്യൂവിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാനദണ്ഡം അളക്കുന്നത് ഇംഗ്ലീഷിലുള്ള പ്രാവീണ്യംകൂടി കണക്കിലെടുത്താണ്. ഭാഷാ ഫണ്ടമെന്റലിസ്റ്റുകളാകുന്നത് ഒരു കാരണവശാലും അംഗീകരിക്കപ്പെടേണ്ട കാലഘട്ടമല്ല ഇത്. പൊതുവിദ്യാഭ്യാസം സംരക്ഷിക്കുമ്പോൾ ഭാഷകൾക്കുകൂടി പ്രാധാന്യം കൊടുക്കണ്ടേ? ഭൗതിക സാഹചര്യത്തിനൊപ്പം അക്കാഡമിക്കായി എങ്ങനെ എക്സലന്റ് ആകാൻ കഴിയുമെന്നത് സംബന്ധിച്ച് ഗൗരവമേറിയ ചർച്ച കൂടി നടക്കേണ്ടിയിരിക്കുന്നു. ആ വിഷയത്തിലേയ്ക്ക് ഞാൻ ദീർഘമായി കടക്കാൻ ഉദ്ദേശിക്കുന്നില്ല. The core of our Education system lies in the transition from the close system of education to an open system of learning എന്നാണ് പറയുന്നത്. നമ്മുടെ ഒരു പരിവർത്തനം, അടച്ചുപൂട്ടിയ വിദ്യാഭ്യാസ സമ്പ്രദായത്തിൽനിന്ന് ഓപ്പൺ സിസ്റ്റത്തിലേയ്ക്ക്, തുറസ്സായ വിജ്ഞാനത്തിന്റെ, വിദ്യാഭ്യാസത്തിന്റെ ലോകത്തിലേയ്ക്കുള്ള കടന്നുകയറ്റമാണ് ഈ പരിവർത്തനത്തിലൂടെ ലക്ഷ്യം വയ്ക്കുന്നതെങ്കിൽ അതിന് കൃത്യമായ കാഴ്ചപ്പാടോടുകൂടി ഗവൺമെന്റ് മുന്നോട്ട് പോകേണ്ടിയിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട് മഹാരാജാസ് കോളേജിനെക്കുറിച്ച് കഴിഞ്ഞ കുറേനാളുകളായി ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. കേരളത്തിന്റെ അക്കാദമിക് രംഗത്തേയ്ക്ക്, സാംസ്കാരിക രംഗത്തേയ്ക്ക്, രാഷ്ട്രീയപൊതുമണ്ഡലങ്ങളിലേയ്ക്ക് വലിയ സംഭാവനകൾ നൽകിയിട്ടുള്ള ക്യാമ്പസ്സാണ് മഹാരാജാസ് കോളേജ്. അവിടെ കഴിഞ്ഞ കുറേനാളുകളായി നടക്കുന്ന series of incidents പരിശോധിച്ചാൽ, ഡിസംബർ മാസം 2016-ൽ നടന്ന എൻ.എസ്.എസ്. ക്യാമ്പ് തുടങ്ങിയതുമുതൽ അച്ചടക്കവുമായി ബന്ധപ്പെട്ട്, റാഗിംഗ് അടക്കമുള്ള ക്രൂരമായ പീഡനങ്ങൾ ഏറ്റുവാങ്ങേണ്ടിവരുന്ന വിദ്യാർത്ഥികളെ സംബന്ധിച്ച്, അവിടത്തെ എൻ.എസ്.എസ്. ഡയറക്ടറായ ശ്രീ. ഓമൽ അലോഷ്യസ് അടക്കമുള്ള അദ്ധ്യാപകർക്കെതിരെ പരാതികൊടുത്ത വിദ്യാർത്ഥികൾക്ക് സംരക്ഷണം കൊടുക്കാൻ മുന്നോട്ടുവന്ന വനിതാ പ്രിൻസിപ്പാളിന്, ദളിത് വിഭാഗത്തിൽപ്പെട്ട ഒരു സ്ത്രീയെ കൂട്ടം ചേർന്ന് ആക്രമിക്കുന്ന വിദ്യാർത്ഥി സംഘടനാപ്രതിനിധികളെ കാണാൻ സാധിച്ചു. ധാരാളം ആയുധങ്ങൾ പിടിച്ചെടുത്തുവെന്നുള്ള വാർത്ത കഴിഞ്ഞ ദിവസം കേൾക്കാനിടയായി. ആയുധങ്ങളെ സംബന്ധിച്ച് ധാരാളം തർക്കങ്ങൾ ഈ സഭയിൽ നടത്തിയിരുന്നു. അത് ആയുധങ്ങളല്ല, പണിയായുധങ്ങളാണെന്ന രീതിയിലുള്ള മുഖ്യമന്ത്രിയുടെ പ്രസംഗവും സഭയിലുണ്ടായിരുന്നു. ഈ സംഭവത്തിനെതിരെ എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷൻ എഫ്.ഐ.ആർ. ചാർജ്ജ് ചെയ്തു. എഫ്.ഐ.ആർ.-ന്റെ കോപ്പി എന്റെ കൈവശമുണ്ട്, അതിൽ പറയുന്നത്, Arms Act 1959-27 പ്രകാരം രജിസ്റ്റർ ചെയ്തൊരു കേസ്സിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുംവിധത്തിലുള്ള നിലപാട് സ്വീകരിച്ചിരിക്കുകയാണ്. ഇവിടെ ആക്രമണം നടത്തുന്നവരെ സംരക്ഷിക്കുകയാണ്. എസ്.എഫ്.ഐ.-യുടെയും ഡി.വൈ.എഫ്.ഐ.-യുടെയും ധാരാളം സുഹൃത്തുക്കൾ നിയമസഭാ സാമാജികരായി വന്നിട്ടുണ്ട്. അവരാരും ഈ മാർഗ്ഗത്തിലൂടെ വന്നവരാണെന്ന് ഞാൻ കരുതുന്നില്ല. ഈ ഗുണ്ടാ മാഫിയാ പ്രവർത്തനങ്ങളെ, ക്യാമ്പസ്സിൽ ക്രിമിനൽ ആക്രമണം നടത്താൻ ശ്രമിക്കുന്ന വിദ്യാർത്ഥികളെ സംരക്ഷിക്കാനുള്ള നിലപാട് സ്വീകരിക്കരുത്. മഹാരാജാസ് കോളേജിനെ സംബന്ധിച്ച് വലിയൊരു യശസ്സുണ്ട്. അവിടെ ഈ പറയുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന, ഒരു പ്രിൻസിപ്പാളിന്റെ കസേര കത്തിക്കുന്ന സംഭവവുമായി ബന്ധപ്പെട്ട്, നേരിട്ട് ബന്ധമുള്ള വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ നേതാക്കന്മാരെ, എസ്.എഫ്.ഐ.-യുടെ ഉത്തരവാദപ്പെട്ട ചെയർമാൻ, യൂണിറ്റ് സെക്രട്ടറി അടക്കമുള്ള ആളുകൾ നടത്തുന്ന പ്രവർത്തനങ്ങളെ ഒരു കാരണവശാലും ഗവൺമെന്റ് പിന്തുണയ്ക്കരുത്. വിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടത്തുമ്പോൾ യശസ്സ് നിലനിർത്തുന്ന ഈ കോളേജിനെ സംരക്ഷിക്കാനുള്ള നിലപാട് സ്വീകരിക്കണം. സ്വന്തം വിദ്യാർത്ഥി പ്രസ്ഥാനത്തിന് വിദ്യാർത്ഥികളെ, നേതാക്കന്മാരെ വാർക്കപ്പണിക്കാരായി ഉപമിക്കുന്ന കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രിയാണ് ശ്രീ. പിണറായി വിജയൻ. മോഡറേഷൻ നൽകിയാലും പാസ്സാകാത്ത വിദ്യാഭ്യാസ വകുപ്പിന്റെ ധനാഭ്യർത്ഥനയെ ഞാൻ അതിശക്തമായി എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ പി. : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പൂർണ്ണമായി പിന്തുണയ്ക്കുന്നു. കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളത്തിലെ വിദ്യാഭ്യാസം നിർജ്ജീവമായിരുന്നെങ്കിൽ ഈ 11 മാസം കൊണ്ട് സജീവമാക്കിയെടുക്കാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട്. അത് ഇടതുപക്ഷത്തിന്റെ നയത്തിന്റെ ഫലമായാണ്. വിദ്യാഭ്യാസം എന്നത് കേവലം എയ്ഡഡ്/അൺ എയ്ഡഡ് മേഖലകളിലുള്ള കുറേ മുതലാളിമാരുടെ കാര്യങ്ങളല്ല. അത് ജനകീയമാണെന്നും പൊതുവിദ്യാഭ്യാസം സംരക്ഷിക്കേണ്ടതാണെന്നും ജനങ്ങൾക്ക് ബോധ്യപ്പെടുത്തി കൊടുക്കാൻ ഈ കുറഞ്ഞകാലം കൊണ്ട് സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇതൊക്കെ സാദ്ധ്യമാണോ? അസാദ്ധ്യമല്ലേയെന്ന് പ്രതിപക്ഷത്തുള്ള പല ആളുകളും ചോദിക്കുന്നുണ്ട്. അവർക്ക് അസാദ്ധ്യമായത് സാദ്ധ്യമാക്കാനാണ് ജനങ്ങൾ ഞങ്ങളെ തെരഞ്ഞെടുത്തത്. അതിന്റെ ഒരു പ്രധാനപ്പെട്ട കാര്യം, ഞങ്ങൾ പറഞ്ഞു എല്ലാം ശരിയാകുമെന്ന്. എല്ലാം ശരിയാകുമെന്നതിന്റെ ഏറ്റവും വലിയ തെളിവാണ് അടുത്ത അദ്ധ്യയന വർഷം ആരംഭിക്കാൻ പോകുന്നതിനുമുമ്പ് തന്നെ മുഴുവൻ പുസ്തകങ്ങളും അച്ചടിച്ചുകഴിഞ്ഞു എന്നത്. കുട്ടികൾക്കുള്ള യൂണിഫോമുകളും തയ്യാറായിക്കഴിഞ്ഞു. ജൂൺ ഒന്നാം തീയതി മുതൽ കുട്ടികൾ ക്ലാസ്സിലേയ്ക്ക് വരുന്ന സമയത്ത് അവർക്കുവേണ്ട പാഠപുസ്തകങ്ങൾ കൊടുക്കാൻ പോകുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്തായിരുന്നു അവസ്ഥ? അദ്ധ്യയന വർഷം കഴിയാറായിട്ടും പാഠപുസ്തകങ്ങൾ ലഭിക്കാതെ 'എന്റെ റബ്ബേ' എന്ന് വിളിച്ച് കരഞ്ഞിരുന്ന കുട്ടികൾ ഉണ്ടായിരുന്നെങ്കിൽ ആ കരച്ചിലുകൾ ഇനി കേൾക്കില്ല. ഇതാണ് എല്ലാം ശരിയാകും എന്ന് പറഞ്ഞതിന്റെ ഒന്നാമത്തെ തെളിവെന്നാണ് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നത്. അതുപോലെ ഈ സർക്കാർ ധാരാളം കാര്യങ്ങൾ മുന്നോട്ട് വയ്ക്കുന്നുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകൾ എല്ലാ മണ്ഡലത്തിലും ഒരെണ്ണമെങ്കിലും ഉണ്ടാകുക; ആയിരം കുട്ടികളിലധികം പഠിക്കുന്ന വിദ്യാലയങ്ങൾ സെന്റർ ഫോർ എക്സലൻസ് ആക്കി ഉയർത്തുക; മൂന്ന് കോടി രൂപയുടെ മൂന്ന് സ്കൂളുകളും ഒരു അന്താരാഷ്ട്ര സ്കൂളും അടക്കം നാല് സ്കൂളുകൾ എന്റെ മണ്ഡലത്തിലുണ്ട്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവർക്കും ഇത്തരത്തിലുള്ള സ്കൂളുകൾ ലഭിച്ചിട്ടുണ്ട്. തീർച്ചയായും അതിന്റെ ഭാഗമായി കമ്മിറ്റികൾ കൂടി ആളുകൾ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. വരുംവർഷങ്ങളിൽ അത് കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റമുണ്ടാക്കും. മാത്രമല്ല, വലിയ കാഴ്ചപ്പാടുള്ള ഒരു സർക്കാരാണ് എന്നതിന്റെ തെളിവാണ് കൃഷി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയത്. കാരണം, മണ്ണിനോടും മനുഷ്യനോടും നമ്മുടെ കുട്ടികൾ അകലം പാലിക്കാൻ തുടങ്ങിയിരിക്കുന്നു. നമ്മൾ കഴിക്കുന്ന ഭക്ഷണം എങ്ങനെ ഉണ്ടാകുന്നുവെന്നു പോലും അറിയാത്ത രീതിയിലേയ്ക്ക് നമ്മുടെ തലമുറ മാറിയിരിക്കുന്നു. അവരെ തിരിച്ചുകൊണ്ടുവരാൻ മണ്ണിനോടും മനുഷ്യനോടും ബന്ധമുണ്ടാക്കുന്ന തരത്തിലുള്ള സിലബസ്സാക്കി മാറ്റുക എന്ന ലക്ഷ്യമാണ് നമ്മൾ മുന്നോട്ട് വച്ചത്. അതിന്റെ

ഭാഗമായി എല്ലാ സ്കൂളുകളിലും ബയോ ഡൈവേഴ്സിറ്റി പാർക്കുകൾ സ്ഥാപിക്കാൻ തയ്യാറായിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഇനിയും കുറേയുണ്ട്. കൃഷിയും മണ്ണും ജീവിതഗന്ധിയായ കാര്യങ്ങളും പറയുമ്പോൾ അത്യാധുനികമായ കാര്യങ്ങൾ മറക്കുന്നില്ല എന്നുള്ളതിന്റെ തെളിവാണ് സ്കൂളുകൾ ഹൈടെക് ആക്കി മാറ്റുന്നുവെന്നുള്ളത്. ഹൈസ്കൂളുകളും ഹയർ സെക്കണ്ടറി സ്കൂളുകളും ഹൈടെക് ആക്കുമ്പോൾ ഞാൻ അടക്കമുള്ള, പല എം.എൽ.എ.മാരും ആഗ്രഹിക്കുന്നത് എല്ലാ സ്കൂളുകളും ഹൈടെക് ആക്കുക എന്നതാണ്. അതിനുവേണ്ടി എം.എൽ.എ. ഫണ്ടുകൾ വിനിയോഗിക്കാൻ ഞങ്ങൾ തയ്യാറായിട്ടുണ്ട്. എൽ.പി./ യു.പി.സ്കൂളുകളിലെ പ്രശ്നം, എയ്ഡഡ് മേഖലകളിലുള്ള ചില സ്കൂളുകളുടെ കെട്ടിടങ്ങൾ വളരെ മോശമാണ്. പലപ്പോഴും അവിടെ പഠിക്കുന്ന കുട്ടികളോ അവരുടെ രക്ഷിതാക്കളോ പൂർവ്വ വിദ്യാർത്ഥികളോ സാമ്പത്തികമായി മുന്നിൽ നിൽക്കുന്നവരല്ലാത്ത പല സ്കൂളുകളുമുണ്ട്. അങ്ങനെയുള്ള സ്കൂളുകൾ നവീകരിക്കാനുള്ള സഹായം ചെയ്യണമെന്നാണ് എനിക്ക് പ്രത്യേകമായി അഭ്യർത്ഥിക്കാനുള്ളത്. ജനകീയമായി സ്കൂളുകൾ മാറ്റിയെടുക്കുന്ന സമയത്ത് സ്കൂളിനകത്തുള്ള പല കാര്യങ്ങളും മാറ്റിയെടുക്കേണ്ടതുണ്ട്. അത് പ്രത്യേകിച്ച് സിലബസ്സാണ്. കല, സംസ്കാരം, കായികവിനോദം തുടങ്ങിയവയെല്ലാം സമന്വയിപ്പിച്ചുകൊണ്ട് അക്കാഡമിക്ക് ഇംപ്രൂവ്മെന്റോടുകൂടി ഒരു വിദ്യാർത്ഥിക്ക് സമഗ്രമായ പുരോഗതി കൈവരിക്കാൻ കഴിയുന്ന രീതിയിൽ നമ്മുടെ സിലബസ് പുനരാവിഷ്കരിക്കേണ്ടത് വളരെ അനിവാര്യമാണെന്നാണ് എനിക്ക് പറയാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ദേശീയ തലത്തിൽ വിദ്യാഭ്യാസ നയത്തിന് മാറ്റം വന്നിരിക്കുന്നു. എഡ്യൂക്കേഷൻ എന്ന കോൺസെപ്റ്റ് നോളഡ്ജ് ഇക്കോണമിയുടെ ഭാഗമായി മാറുകയാണ്. അത് കരിയർ ഓറിയന്റഡായി മാത്രം മുന്നോട്ടുപോകുന്ന അവസ്ഥയാണ്. ഹ്യൂമാനിറ്റീസ് ആന്റ് സോഷ്യൽ സയൻസിന് തീരെ പ്രാധാന്യം കൊടുക്കുന്നില്ല. ഇപ്പോൾ അത്തരത്തിലുള്ള സ്ഥാപനങ്ങളെ തകർക്കാനുള്ള ഒരു കൃത്യമായ അജണ്ട സംഘപരിവാറിന്റെ നേതൃത്വത്തിൽ കൊണ്ടുവന്നിട്ടുണ്ട്. ജെ.എൻ.യു., ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി എന്നിവയുൾപ്പെടെയുള്ള യൂണിവേഴ്സിറ്റികളിലെ റിസർച്ചുകൾ നിർത്തലാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലേയ്ക്കും ഇത് വ്യാപിപ്പിക്കാനുള്ള സാധ്യതയുണ്ട്. സോഷ്യൽ സയൻസിനും ഹ്യൂമാനിറ്റീസിനും പ്രാധാന്യം കൊടുത്തില്ലെങ്കിൽ മനുഷ്യ സംബന്ധിയായ കാര്യങ്ങൾ, പ്രകൃതിയുമായും ചുറ്റുപാടുമായും ബന്ധപ്പെട്ട കാര്യങ്ങളൊന്നും പരിഗണിക്കാത്ത ഒരു തലമുറയായി നമ്മൾ മാറാനുള്ള സാധ്യതയുണ്ട്. അത്തരത്തിലുള്ള കാര്യങ്ങൾ പരിഗണിച്ച് ഒന്നാം ക്ലാസ്സ് മുതൽ തന്നെ ഹ്യൂമാനിറ്റീസിനും സോഷ്യൽ സയൻസിനും പ്രാധാന്യം കൊടുക്കണമെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ കൂടുതലും ബിസിനസ്സ് ഓറിയന്റഡായിട്ടാണ്

പ്രവർത്തിക്കുന്നത്. കേരളത്തിൽ ഗവൺമെന്റ് റെക്കഗ്നൈസ്ഡ് സ്ഥാപനങ്ങളിൽ ഇത്തരം മനുഷ്യസംബന്ധിയായ കാര്യങ്ങൾ ഉൾപ്പെടുത്താനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്ന് എൻ.ഒ.സി. കൊടുക്കുമ്പോഴുണ്ടാകണമെന്ന് പറയാൻ ആഗ്രഹിക്കുന്നു. അതുപോലെ 2014-ലെ ആനുവൽ സ്റ്റാറ്റസ് ഓഫ് എഡ്യൂക്കേഷൻ റിപ്പോർട്ടിൽ പറയുന്നത് കേരളത്തിൽ അഞ്ചാം ക്ലാസ്സിലെ 50 ശതമാനം കുട്ടികൾക്കും രണ്ടാം ക്ലാസ്സിലെ മലയാള ഭാഷാ പാഠങ്ങൾ വായിക്കാൻ അറിയില്ലെന്നാണ്. അതുകൊണ്ടാണ് സിലബസ് പരിഷ്കരിക്കണമെന്ന് പറഞ്ഞത്. കുട്ടികൾ ജയിച്ചുപോയിട്ട് കാര്യമില്ല, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പരീക്ഷ എഴുതാത്തവർപോലും ജയിച്ചിട്ടുണ്ടെന്നാണ് പറയുന്നത്. കുട്ടികൾ വിജയിക്കണം, ആരെയും തോൽപ്പിക്കാനല്ല നമ്മൾ ഇവിടെ ഇരിക്കുന്നത്. പക്ഷേ വിജയിക്കുമ്പോൾ തന്നെ അതിനുള്ള യോഗ്യതയും അറിവും അവർ ആർജ്ജിക്കണമെന്നത് പ്രത്യേകം നമ്മൾ ശ്രദ്ധിക്കണം. അതുപോലെ ഇപ്പോൾ അഡ്മിഷൻ ആരംഭിക്കാൻ പോകുകയാണ്. അതിന്റെ ഭാഗമായി പല സ്ഥലത്തുനിന്നും ആക്ഷേപങ്ങൾ ഉയരുന്നുണ്ട്. കാലങ്ങളായി കോഴ വാങ്ങുന്ന പല സ്കൂളുകളുമുണ്ട്. അതുപോലെ ചില സ്കൂളുകളിൽ എൽ.കെ.ജി. പ്രവേശനത്തിനുപോലും എൻട്രൻസ് പരീക്ഷ എഴുതിപ്പിക്കുന്നു എന്ന ആക്ഷേപം ഉയർന്നിട്ടുണ്ട്. ഇത് വളരെ ജാഗ്രതയോടുകൂടി നിയന്ത്രിക്കണം. തീർച്ചയായും വിദ്യാഭ്യാസ അവകാശ നിയമം ഇത് നിരോധിക്കുന്നുണ്ട്. അത് നടപ്പിലാക്കാനുള്ള ജാഗ്രത നമ്മൾ പാലിക്കണം. കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം സ്വാശ്രയ വിദ്യാഭ്യാസമാണെന്നാണ് എനിക്ക് തോന്നുന്നത്. ഒരു തലമുറ തന്നെ വഴി തെറ്റിപ്പോകുന്ന അവസ്ഥയാണുള്ളത്. പ്രതികരിക്കാൻ അറിയാത്ത, അടിച്ചമർത്തപ്പെട്ട, വളരെ ഭയത്തോടെ കഴിയുന്ന ഒരു തലമുറയായി സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾ മാറുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അവരെ നിയന്ത്രിക്കാനുള്ള ശ്രമങ്ങൾ നടത്തിയാൽ കോടതിയിൽ പോയി അനുകൂല വിധി സമ്പാദിക്കുന്ന അവസ്ഥയാണുള്ളത്. കേരളത്തിലെ ഒരു തലമുറയെ നശിപ്പിച്ചതിന്റെ ഉത്തരവാദികൾ യു.ഡി.എഫ്. ആണെന്നുതന്നെ ഞാൻ പറയും. 2001-ൽ ആന്റണി സർക്കാർ സ്വാശ്രയ കോളേജുകൾ രൂപീകരിക്കാനുള്ള നിയമം കൊണ്ടുവന്നു. അന്ന് പറഞ്ഞത് രണ്ട് സ്വാശ്രയ കോളേജുകൾ സമം ഒരു സർക്കാർ കോളേജ് എന്നാണ്. അത് തിരുത്തിയിട്ടുണ്ട് എന്നതാണ് സത്യം. വസ്തുത മനസ്സിലാക്കുമ്പോൾ ഇന്ന് ഒരു സ്വാശ്രയ കോളേജ് സമം ഒരു ജയിലായിട്ടാണ് മാറിയിരിക്കുന്നത്. ആ രീതിയിലേയ്ക്കാണ് സ്വാശ്രയ കോളേജുകൾ മാറിയിരിക്കുന്നത്. അന്ന് വിദ്യാഭ്യാസ കച്ചവടക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയാണ് സ്വാശ്രയ കോളേജുകൾ ആരംഭിച്ചത്. അതിന്റെ ഭാഗമായി രജനി എസ്. ആനന്ദ് മുതൽ ജിഷ്ണു വരെയുള്ള കുട്ടികൾ മരണപ്പെട്ടിട്ടുണ്ട്. അതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് യു.ഡി.എഫ്.-നോ അന്നത്തെ ആന്റണി സർക്കാരിനോ മാറി നിൽക്കാൻ

കഴിയില്ല. സ്വാശ്രയ കോളേജുകൾ തുടങ്ങുന്നതിന്റെ ഭാഗമായി മെരിറ്റ് അട്ടിമറിക്കപ്പെട്ടു. പല കോളേജുകളിലും ഇരുട്ടുമുറികളും ഇടിമുറികളും രൂപപ്പെട്ടു. കോളേജുകളിൽ രണ്ട് മീറ്റർ അകലത്തിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചു. ക്ലാസ്സ് മുറികളിലും ബാത്ത് റൂമുകളുടെയും ടോയ്‌ലെറ്റുകളുടെയും മുന്നിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. അവിടെയുള്ള കുട്ടികൾ, പ്രത്യേകിച്ച് പെൺകുട്ടികൾ സദാ ഞാൻ നിരീക്ഷിക്കപ്പെടുന്നു എന്ന ബോധത്തിലാണ് ജീവിക്കുന്നത്. ഇത് ഒരു പ്രത്യേക തരത്തിലുള്ള മാനസികാവസ്ഥയിലേയ്ക്ക് കുട്ടികളെ മാറ്റുകയാണ്. എല്ലാ സ്ഥലത്തും സി.സി.ടി.വി. ക്യാമറ സ്ഥാപിക്കണമെന്നാണ് യു.ജി.സി.- പറയുന്നത്. 2015-ലെ ഒരു പ്രത്യേക ഉത്തരവിൽ ക്യാമ്പസ്സുകൾക്കകത്തോ അതിനടുത്തോ പോലീസ് സ്റ്റേഷൻ വേണമെന്നുള്ള രീതിയിലേയ്ക്കാണ് നരേന്ദ്ര മോദി സർക്കാർ മുന്നോട്ടു പോകുന്നത്. വിദ്യാർത്ഥികളെ ആ രീതിയിലാണ് സർക്കാർ കാണുന്നത്. നമ്മുടെ സ്വാശ്രയ കോളേജുകളുടെ അവസ്ഥയും വ്യത്യസ്തമല്ല. ഒരു മാധ്യമത്തിൽ വന്ന റിപ്പോർട്ടിൽ പറയുന്നത്, സ്വാശ്രയ കോളേജിലെ കുട്ടികൾ താടി വളർത്തുകയോ ലഘുഭക്ഷണം കഴിക്കുകയോ അനുമതിയില്ലാതെ അവധിയെടുക്കുകയോ ചെയ്താൽ 250 രൂപ മുതൽ 1000 രൂപ വരെയും ഹാൾ ടിക്കറ്റ് നഷ്ടപ്പെട്ടാൽ 500 രൂപയും വൈകി വന്നാൽ 100 രൂപയും ഷൂസ് ധരിച്ചില്ലെങ്കിൽ 250 രൂപയും പിറന്നാൾ ആഘോഷം നടത്തിയാൽ 2000 രൂപയും ഫൈൻ നൽകണം എന്നാണ്. സ്വാശ്രയ കോളേജിലെ ഈ പ്രാക്ടീസ് പറയുമ്പോൾ എന്തിനാണ് യു.ഡി.എഫ്-ന് വേദനിക്കുന്നത്. അതാണ് നിങ്ങളുടെ രാഷ്ട്രീയം, അതാണ് നിങ്ങൾ മനസ്സിലാക്കേണ്ടത്. ഞാൻ യാഥാർത്ഥ്യമാണ് പറയുന്നത്. ഇവിടെ സ്വാശ്രയ വിദ്യാഭ്യാസ കൊള്ള നടത്തുന്നവർ നമ്മുടെ കുട്ടികളെ ക്രൂരമായി പീഡിപ്പിക്കുന്നതിന്റെ ചിത്രമാണ് ഞാൻ പറയുന്നത്. എന്തിനാണ് യു.ഡി.എഫ്-ന്റെ ഭാഗത്തുള്ള ആളുകൾക്ക് വേദന വരുന്നത്, എന്തിനാണ് നിങ്ങൾ ഇതിനെ എതിർക്കുന്നത്? ഇങ്ങനെ ഒരു ക്ലാസ്സിൽനിന്ന് 15000 രൂപ വരെ പിരിച്ചെടുത്താൽ പ്രിൻസിപ്പാളിന് പ്രത്യേകമായി കമ്മീഷൻ കൊടുക്കും. ഇതാണ് സ്വാശ്രയ കോളേജുകളിലെ അവസ്ഥ. ഇതിനെതിരെ പ്രതികരിച്ചാൽ കുട്ടികളെ ഇരുട്ടുമുറിയിലും ഇടിമുറിയിലും കൊണ്ടുപോയി മർദ്ദിക്കും. അല്ലെങ്കിൽ ഇന്റേണൽ മാർക്ക് കുറയ്ക്കുകയോ പരീക്ഷയിൽ തോൽപ്പിക്കുകയോ മാനസികമായി പീഡിപ്പിക്കുകയോ ചെയ്യും. കേരളത്തിലെ 161 എഞ്ചിനീയറിംഗ് കോളേജുകളിൽ 121 എണ്ണവും അൺഎയ്ഡഡാണ്. സ്വകാര്യ സ്വാശ്രയ കോളേജുകളിൽ 47485 സീറ്റുകളാണുള്ളത്. അടിസ്ഥാന സൗകര്യങ്ങളൊന്നുമില്ലാത്ത ഈ കോളേജുകളിൽ ബി.ടെക് പഠനം നടത്തി 6 വർഷം കഴിഞ്ഞിട്ടും ഇപ്പോഴും 40 ശതമാനം കുട്ടികൾ പാസ്സാകാത്തവരായുണ്ട്. ഓരോ വർഷവും ഇതുപോലെ പാസ്സാകാത്ത കുട്ടികളുടെ എണ്ണം കൂടുകയാണ്. ഈ കോളേജുകളിൽ വിജയ ശതമാനം വളരെ കുറവാണ്. കുട്ടികളെ പീഡിപ്പിക്കുന്നുമുണ്ട്. നമ്മുടെ തലമുറയിലെ കുട്ടികൾ പഠിച്ചുവരുന്ന ക്യാമ്പസ്സുകളെ ഇത്തരത്തിൽ

അടിച്ചമർത്തി അവർക്ക് അപകടമുണ്ടാക്കുന്ന സ്ഥിതിയിലെത്തിക്കുകയാണ്. തീർച്ചയായും ഇത് നിയന്ത്രിക്കാനുള്ള നടപടി വളരെ ശക്തമായി ഈ സഭ ഒന്നടങ്കം സ്വീകരിക്കണം. അതിനുവേണ്ട നിയമനിർമ്മാണം നടത്തണം. ഒരു റിപ്പോർട്ട് പറയുന്നത്, 'India is facing a mental health crisis and its education system is ill equipped to handle it' എന്നാണ്. നമ്മുടെ എഡ്യൂക്കേഷൻ സിസ്റ്റം ഇത് ഹാൻഡിൽ ചെയ്യാൻ കഴിയാത്ത അവസ്ഥയിലാണ്. അത്രയും മാനസിക സമ്മർദ്ദമുള്ള തലമുറയാണ് വളർന്നുവരുന്നത്. ഇതുമാത്രമല്ല, സ്പോർട്സുമായി ബന്ധപ്പെട്ട് "അണ്ടർ 17 ഫിഫ" വേൾഡ് കപ്പ് നടക്കുകയാണ്. അതിനുള്ള സൗകര്യങ്ങൾ സമയബന്ധിതമായി ചെയ്താൽ വരുന്ന കാലഘട്ടത്തിൽ കൂടുതൽ മത്സരങ്ങൾ കേരളത്തിന് ലഭിക്കുകയും കേരളത്തിന് അഭിവൃദ്ധി പ്രാപിക്കാൻ അത് സഹായിക്കുകയും ചെയ്യും. അതുപോലൊരു കായിക സംസ്കാരമുണ്ടാക്കാനുള്ള പ്രവർത്തനം സ്കൂൾ തലത്തിൽ തന്നെയുണ്ടാകണം. ആരോഗ്യപരമായി നമ്മൾ വളരെ പിന്നിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഷുഗറും പ്രഷറുമുൾപ്പെടെയുള്ള അസുഖങ്ങൾ മുപ്പതാം വയസ്സിൽ തന്നെ പിടിപെടുന്ന അവസ്ഥയാണുള്ളത്. അതുകൊണ്ട് കായിക സംസ്കാരമുണ്ടാക്കാൻ സാധിക്കുന്ന രീതിയിൽ നമ്മുടെ സിലബസ് പരിഷ്കരിക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനയെ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ ശക്തമായി എതിർക്കുകയാണ്. കാരണം, ഇതൊരു ജനാധിപത്യ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയായി തോന്നുന്നില്ല. ഭരണഘടനാ സ്ഥാപനമായ ക്യാബിനറ്റിനെ നോക്കുകുത്തിയാക്കി ശ്രീ. പിണറായി വിജയൻ നടത്തുന്ന ഈവന്റ് മാനേജ്മെന്റിന്റെ ധനാഭ്യർത്ഥനയായിട്ടാണ് എനിക്ക് തോന്നുന്നത്. കാരണം കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സ് എന്നുപറയുന്ന അതിശക്തമായ മന്ത്രിസഭ ഇവിടെ നിലവിലുണ്ട്. ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. ജി. സുധാകരൻ, ശ്രീ. എ. കെ. ബാലൻ എന്നിങ്ങനെ അതിശക്തരും പരിചയ സമ്പന്നരും പ്രതിഭാശാലികളുമായ മന്ത്രിമാരുള്ള സ്ഥാനത്ത് കൗൺസിൽ ഓഫ് അഡ്വൈസേഴ്സിന്റെ ഒരു ടീമായി കേരളത്തിന്റെ ഭരണം നടത്തുകയാണ്. എന്റെ ചോദ്യത്തിന് 6 ഉപദേശകരുണ്ടെന്നും ബഹുമാനപ്പെട്ട എം. വിൻസെന്റിന്റെ ചോദ്യത്തിന് 8 ഉപദേശകരുണ്ടെന്നും പറയുന്നു. എത്ര പേരുണ്ടെന്ന് ആർക്കുമറിയാത്ത ഈ ഉപദേശകരെക്കൊണ്ടാണ് കേരളത്തിൽ ഭരണം നടത്തുന്നത്. എല്ലായിടത്തും ബഹുമാനപ്പെട്ട പിണറായി വിജയൻ പരാജയപ്പെടുകയാണ്. മലപ്പുറം ഉപതെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു, ശ്രീമതി മഹിജയോട് തോറ്റു, മൂന്നാറിൽ സി.പി.ഐ.-യോട് തോറ്റു. അങ്ങനെ എല്ലായിടത്തും പരാജിതനായ ഇദ്ദേഹം ഇപ്പോഴും 'വിജയനായി'ട്ടാണ് അറിയപ്പെടുന്നത്. ഇത് കേരളത്തിന്റെ ഏറ്റവും വലിയ ഒരു വിരോധാഭാസമായി

നിലനിൽക്കുകയാണ്. ഇവിടെ വിദ്യാഭ്യാസ വകുപ്പിലേയ്ക്കുള്ള ധനാഭ്യർത്ഥനകൂടി നടക്കുന്നുണ്ട്. എന്റെ പ്രിയ സ്നേഹിതൻ ശ്രീ. എ. എൻ. ഷംസീർ പ്രസംഗം തുടങ്ങുന്നതുതന്നെ അമേരിക്കൻ സെനറ്ററുടെ ഒരു പിൻഗാമിയായി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ അവതരിപ്പിച്ചുകൊണ്ടാണ്. ഇന്ന് ദേശാഭിമാനി പത്രത്തിൽ വന്ന 'മികവിലേക്കുണരുന്ന കേരളം' എന്ന ശ്രീ. എസ്. പി. നമ്പൂതിരിയുടെ ലേഖനത്തിൽ എമേഴ്സന്റെ ചിന്താധാരയിൽനിന്നാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി പുതിയ വിദ്യാഭ്യാസ നയം ആവിഷ്കരിച്ചതെന്നാണ് പറഞ്ഞിട്ടുള്ളത്. അമേരിക്കൻ ചിന്തകന്മാരുടെയും അമേരിക്കൻ സെനറ്റർമാരുടെയും ആശയം ഉയർത്തിപ്പിടിച്ചു കൊണ്ടാണ് കേരളത്തിൽ വിദ്യാഭ്യാസ മന്ത്രി വിദ്യാഭ്യാസ പരിഷ്കരണം നടത്തുന്നതെന്ന് കേൾക്കുമ്പോൾ ഇത് സി.പി.ഐ. (എം)-ന്റെ നയ വ്യതിയാനമാണോ എന്നാണ് ഞങ്ങൾക്ക് തോന്നിപ്പോകുന്നത്. ഇവിടെ ശ്രീ. എ. എൻ. ഷംസീർ പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തിയതായി പറയുകയുണ്ടായി. കാലാകാലങ്ങളായി സി.പി.ഐ. (എം) മാത്രം പ്രതിനിധാനം ചെയ്യുന്ന തലശ്ശേരിയിൽ ഒരു സർക്കാർ കോളേജ് കൊണ്ടുവന്നത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. 1998-99-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി എല്ലാ എയ്ഡഡ് മേഖലയിലും ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചപ്പോൾ 2003-ൽ ശ്രീ. എ. കെ. ആന്റണി ഗവൺമെന്റ് മേഖലയിൽ മാത്രമാണ് ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചിട്ടുള്ളത്. ആരാണ് പൊതുമേഖലയെയും എയ്ഡഡ് മേഖലയെയും ശക്തിപ്പെടുത്തുന്നത് എന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമായി മാത്രം ഇതുപറയുന്നു. ഇവിടെ ശ്രീ. എ. എൻ. ഷംസീറും ശ്രീ. ആർ. രാജേഷും ബി.ജെ.പി.യെക്കുറിച്ച് പറയുകയുണ്ടായി. ബി.ജെ.പി.-ക്ക് ആയുധം നൽകുന്ന രീതിയിലാണ് ശ്രീ. എ. എൻ. ഷംസീർ അടക്കമുള്ള സി.പി.ഐ.(എം).ന്റെ മെമ്പർമാർ പലരും ഇവിടെ പ്രസംഗിക്കുന്നത്. ഏതായാലും ഒരു കാര്യം ഞാൻ പറയാം, മുൻ ധനകാര്യ വകുപ്പുമന്ത്രി വിശ്വനാഥ മേനോനെയും ശ്രീ. അൽഫോൺസ് കണ്ണന്താനത്തെയും ബി.ജെ.പി.-ക്ക് കൊടുത്തത് ഞങ്ങളുടെ പാർട്ടിയല്ല സി.പി.ഐ.(എം.) ആണ് എന്നുമാത്രം നിങ്ങൾ മനസ്സിലാക്കിയാൽ മതി. 'Education is to know, to behave, to do and to live' എന്നിവയാണ് വിദ്യാഭ്യാസത്തിന്റെ പ്രധാനപ്പെട്ട നാലുഘടകങ്ങൾ. ബഹുമാനപ്പെട്ട ജി. സുധാകരന്റെ ഒരു പുസ്തക പ്രകാശന ചടങ്ങിൽ അദ്ദേഹത്തോട് 'നിങ്ങൾ സാഹിത്യകാരനായിട്ടാണോ രാഷ്ട്രീയ നേതാവായിട്ടാണോ അറിയപ്പെടാൻ ഉദ്ദേശിക്കുന്നത് എന്ന് പത്രപ്രവർത്തകൻ ചോദിച്ചപ്പോൾ 'ഞാനൊരു മനുഷ്യനായി അറിയപ്പെടാനാണ് ആഗ്രഹിക്കുന്നതെന്നാണ് അദ്ദേഹം പറഞ്ഞത്. പക്ഷെ മനുഷ്യനാക്കാൻ ഉതകുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായം നമുക്കുണ്ടോ എന്നുള്ളതാണ് ഈ പരിഷ്കരണത്തിനിടയിൽ ആദ്യവും അവസാനവുമായി ചിന്തിക്കേണ്ടത് എന്നതാണ് എന്റെ അഭിപ്രായം. കാരണം 'to behave' എന്നുപറയുന്നത്, മഹാരാജാസ്

കോളേജിലെ എസ്.എഫ്.ഐ.-ക്കാരെ ഇതുവരെ behave പഠിപ്പിച്ചിട്ടില്ല. അതുപോലെ തന്നെ എങ്ങനെ പെരുമാറണമെന്ന് വിക്ടോറിയ കോളേജിലെ എസ്.എഫ്.ഐ.-ക്കാരെയും പഠിപ്പിച്ചിട്ടില്ല. അതുകൊണ്ട് എങ്ങനെ പെരുമാറണമെന്ന് എസ്.എഫ്.ഐ.-ക്കാരെ തന്നെയെങ്കിലും പഠിപ്പിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായമാണ് കേരളത്തിൽ ആദ്യമായി ഉണ്ടാകേണ്ടത്. നമുക്കറിയാം 'to know' എന്നും 'to behave' എന്നും 'to do' എന്നും പറയുന്നതിനുപകരം 'to live' എന്നുപറയുന്നതിലേയ്ക്ക് വിദ്യാഭ്യാസം പോകുകയാണ്. ജീവിക്കാനാവശ്യമായ സംഗതികൾ നേടിയെടുത്താൽ ഇതുമുഴുവൻ വലിച്ചെറിയുക എന്ന രീതിയിലേയ്ക്കാണ് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം പോകുന്നത്. ശ്രീ. പി. പി. രാമചന്ദ്രൻ എന്ന കവി, അദ്ദേഹത്തിന്റെ 'മാമ്പഴക്കാലം' എന്ന കവിതയിൽ 'വാങ്ങുക, കുടിക്കുക, പുറത്തേയ്ക്കെറിയുക, ജീവിതം നിറച്ചൊരീ കുട്ടകൾ നാളേയ്ക്കില്ല' എന്ന് പറയുന്നുണ്ട്. 'വാങ്ങി കുടിച്ച് പുറത്തേയ്ക്കെറിയുക' എന്നുപറഞ്ഞാൽ പരീക്ഷ പാസ്സായി കഴിഞ്ഞാൽ പിന്നെ വിദ്യാഭ്യാസം വേണ്ട, അവനവന്റെ ജോലി മാത്രം മതി. "എന്തുവന്നാലുമെനിക്കാസ്വദിക്കണം, മുന്തിരിച്ചാറുപോലുള്ളൊരു ജീവിതം" എന്ന കവി പാടിയ വിധം സ്വന്തം കുടുംബത്തിലേയ്ക്ക് മാത്രം ഒതുങ്ങുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായമല്ല നമുക്ക് വേണ്ടത്. ഇവിടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി വിഭാവന ചെയ്തിട്ടുള്ള വലിയ കാര്യങ്ങളൊക്കെ നല്ലതുതന്നെയാണ്. അദ്ദേഹം സ്കൂളുകൾ ഹൈടെക് ആക്കാൻ ശ്രമിക്കുന്നു, എല്ലാ ക്ലാസ്സ് മുറികളെയും സ്മാർട്ടാക്കാൻ ശ്രമിക്കുന്നു എന്നുള്ളത് നല്ല കാര്യമാണ്. പക്ഷെ കേരളത്തിലെ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് മൂന്നുവർഷമായി ശമ്പളം ലഭിച്ചിട്ടില്ല. ശമ്പളം കിട്ടാത്ത ഹയർ സെക്കണ്ടറി അദ്ധ്യാപകർ നിലനിൽക്കുന്നിടത്തോളം കാലം എങ്ങനെ പൊതു വിദ്യാഭ്യാസം ശക്തിപ്പെടും? കേരളത്തിലെ 350-ഓളം ഹയർ സെക്കണ്ടറി സ്കൂളുകളിലും ഭൂരിപക്ഷം എയ്ഡഡ് കോളേജുകളിലും ഇപ്പോൾ പ്രിൻസിപ്പാൾമാരില്ല. അതുപോലെ ഇവിടെയുള്ള പ്രൈമറി സ്കൂളുകളിൽ 2016-17-ൽ പുതിയ ഫിക്സേഷനും പോസ്റ്റ് ക്രിയേഷനും നടത്തിയിട്ടില്ല. ഹയർ സെക്കണ്ടറി മേഖലയിലെ ബുദ്ധിമുട്ടുകൾ പറയാതിരിക്കുന്നതാണ് നല്ലത്. ഹയർ സെക്കണ്ടറിയിൽ പ്രിൻസിപ്പാൾതന്നെ ബെല്ലടിക്കണം, അവിടെ ക്ലാർക്കോ, സ്റ്റാഫോ, സ്വീപ്പറോ ഇല്ല. അവിടെ അടിച്ചുവാരേണ്ടതും ഹയർ സെക്കണ്ടറിയിലെ കുട്ടികൾക്ക് ക്ലാസ്സെടുക്കേണ്ടതും പ്രിൻസിപ്പാളാണ്. ആ രീതിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ഇങ്ങനെയുള്ള അസംതൃപ്തരായ അദ്ധ്യാപക സമൂഹമുണ്ടാകുമ്പോൾ എങ്ങനെയാണ് പൊതുവിദ്യാഭ്യാസം ശക്തിപ്പെടുക എന്നുള്ളതിനെക്കുറിച്ച് ശക്തമായി ആലോചിക്കണമെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ ഹയർ സെക്കണ്ടറിയിലെ ആർ.ഡി.ഡി. ഓഫീസുകൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നില്ല. രാവിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് ദിവസ വേതനം നൽകുന്നുവെന്ന് പറഞ്ഞു. അവിടെ ആർക്കും ശമ്പളം കിട്ടുന്നില്ല. കാരണം, ആർ.ഡി.ഡി. ഓഫീസുകളിലൊന്നും

മതിയായ ജീവനക്കാരില്ല. അവർ അവിടെ തസ്തികകൾ ഉണ്ടോയെന്ന് നോക്കുന്നു, ക്വാളിഫൈഡായ ടീച്ചർ ആണോ എന്ന് നോക്കുന്നു, ആവശ്യത്തിന് കുട്ടികളുണ്ടോയെന്ന് നോക്കുന്നു, ഇതെല്ലാം പരിശോധിച്ചപ്പോഴേക്കും മൂന്നുവർഷമായി ശമ്പളം കിട്ടാത്ത അദ്ധ്യാപകന് ദിവസ വേതനംപോലും ലഭിക്കാത്ത അവസ്ഥയാണ് ഇന്ന് നിലവിലുള്ളതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതുപോലെ 2015-16-ൽ പ്രൈമറി സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടും, ക്ലാസ്സിൽ 60-ഉം 70 -ഉം കുട്ടികളെ ഇരുത്തിയാണ് പ്രത്യേകിച്ച് മലബാർ മേഖലകളിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. അവിടെയുള്ള അദ്ധ്യാപകരുടെ തസ്തിക നിർണ്ണയം നടത്തിയിട്ടില്ല. ഈ രീതിയിൽ കാര്യങ്ങൾ പോകുമ്പോൾ എങ്ങനെയാണ് പൊതുവിദ്യാഭ്യാസം ശക്തിപ്പെടു ന്നതെന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. സമയ പരിമിതി കാരണം ഒന്നുരണ്ട് കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് ഞാൻ ചുരുക്കുകയാണ്. യു.എസ്.എസ്./ എൽ.എസ്.എസ്. സ്കോളർഷിപ്പ് ഇപ്പോഴും 100 രൂപയാണ്. പതിറ്റാണ്ടുകൾക്കുമുമ്പാണ് 100 രൂപയാക്കിയത്. ഇന്നുവരെ തുക വർദ്ധിപ്പിച്ചിട്ടില്ല. ഇന്നത്തെ കണക്കനുസരിച്ച് മൂവായിരം രൂപയോ അയ്യായിരം രൂപയോ ആക്കി അടിയന്തരമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. അതുപോലെതന്നെ കേരളത്തിൽ 'ഡയറ്റ്'-ൽ പിൻവാതിലിലൂടെ അദ്ധ്യാപക നിയമനം നടത്താൻ ശ്രമിക്കുന്നു. ഹയർ സെക്കണ്ടറിയിൽ ഡോക്ടറേറ്റ്, എം.ഫിൽ. എന്നിവയുള്ള അദ്ധ്യാപകരുടെ പ്രൊമോഷൻ പോസ്റ്റാക്കി ഡയറ്റിലെ അദ്ധ്യാപക നിയമനം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. മറ്റൊരു കാര്യം, കേരളത്തിൽ ഇന്ന് അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രമിക്കുന്നുവെന്ന് പറയുന്നു. പക്ഷെ ഹയർ സെക്കണ്ടറിയുടെ മാനേജ്മെന്റ് ക്വാട്ട അഡ്മിഷന്റെയും കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ടയുടെയും കാര്യത്തിൽ വമ്പിച്ച അഴിമതിയാണ് നടക്കുന്നത്. എന്തുകൊണ്ട് ഇത് തടയുന്നതിന് സർക്കാരിന് ശ്രമിച്ചുകൂടാ? അതോടൊപ്പംതന്നെ മാനേജ്മെന്റ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട എന്തുകൊണ്ട് സിംഗിൾ വിൻഡോ അടിസ്ഥാനത്തിൽ കേരളത്തിലെ ഐ.ടി. സെല്ലിന് നേരിട്ട് നടത്തിക്കൂടാ; ഈ കാര്യങ്ങളെക്കുറിച്ചൊക്കെ ആലോചിച്ചാൽ അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ കഴിയും. അതുപോലെതന്നെ ഹയർ സെക്കണ്ടറിയിൽ ഇന്ന് വി.എച്ച്.എസ്.ഇ. വേറെ ചാനലായും ഹയർ സെക്കണ്ടറി വേറെ ചാനലായും പ്രവർത്തിക്കുന്നു. ഇത് ഏകീകരിക്കുന്നതിനെക്കുറിച്ച് എന്തുകൊണ്ട് ചിന്തിച്ചുകൂടാ? മറ്റൊരു കാര്യം, ഞാൻ മലപ്പുറത്തുനിന്നാണ് വരുന്നത്, സ്കോൾ (SCOLE) കേരളയുടെ മലപ്പുറത്തെ ഓപ്പൺ സ്കൂൾ സെന്റർ അടച്ചുപൂട്ടാനുള്ള ശ്രമമാണ് നടക്കുന്നത്. കേരളത്തിലെ ഓപ്പൺ സ്കൂളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൂന്നിലൊന്ന് കുട്ടികൾ മലപ്പുറത്തുനിന്നുള്ളവരാണ് എന്നുള്ളതുകൊണ്ട് അവിടെയുള്ള ഓൾ കേരള ഓപ്പൺ സ്കൂൾ സെന്ററുകൾ പൂട്ടുന്ന നടപടിയിൽനിന്ന് സർക്കാർ പിന്തിരിയണം എന്നുകൂടി ഞാനപേക്ഷിക്കുകയാണ്. മറ്റൊരു കാര്യം, എന്റെ നിയോജകമണ്ഡലമായ കൊണ്ടോട്ടിയിൽ

ഇപ്പോൾ ധാരാളം കുട്ടികൾ എസ്.എസ്.എൽ.സി. പാസ്സായിട്ടുണ്ട്. ഹയർ സെക്കണ്ടറി പാസ്സാകാനിരിക്കുന്നു. പഠിക്കാനുള്ള സൗകര്യം മലബാറിൽ പ്രത്യേകിച്ചില്ല. അതുകൊണ്ട് കൊണ്ടോട്ടി ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സ് അനുവദിക്കണം. ഞങ്ങൾ എയ്ഡഡ് മേഖലയിൽ ആവശ്യപ്പെടുന്നില്ല, ഗവൺമെന്റ് കോളേജുകളിലും ഗവൺമെന്റ് സ്കൂളുകളിലും പുതിയ ബാച്ചും കോഴ്സും അനുവദിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതോടൊപ്പംതന്നെ ഹയർ എഡ്യൂക്കേഷൻ മേഖലയിൽ ഒരപാകത നിലനിൽക്കുകയാണ്. അദ്ധ്യാപകരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട എ.പി.ഐ. (അക്കാഡമിക് പെർഫോമൻസ് ഇൻഡിക്കേറ്റർ) പരിഗണിച്ചുകൊണ്ട് അവരുടെ പ്രൊമോഷൻ നടപടി ത്വരിതപ്പെടുത്തണം. ഗവൺമെന്റ് കോളേജുകളിലെ പ്രിൻസിപ്പാൾമാർക്ക് യു.ജി.സി. ക്വാളിഫിക്കേഷനിൽ കൊടുത്തിട്ടുള്ള റിലാക്സേഷൻ എയ്ഡഡ് കോളേജുകളിൽക്കൂടി വ്യാപകമാക്കണമെന്നും അവിടെയുള്ള അദ്ധ്യാപകരുടെയും പ്രിൻസിപ്പാൾമാരുടെയും അഭാവം പരിഹരിക്കണമെന്നും ഞാനപേക്ഷിക്കുകയാണ്. MOOC (Massive Open Online Course) എന്തുകൊണ്ട് കേരളത്തിൽ ആരംഭിച്ചുകൂടാ; ഇവിടെയുള്ള ആളുകൾക്ക് കേംബ്രിഡ്ജ്, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റികളുടെ പരീക്ഷ പ്രൈവറ്റായി എഴുതാനുള്ള സൗകര്യത്തിനായി എന്തുകൊണ്ട് ഒരു സെന്റർ ഇവിടെ ഏർപ്പെടുത്തിക്കൂടാ? ഇങ്ങനെയുള്ള കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനുപകരം കെട്ടിടങ്ങളും സ്മാർട്ട് ക്ലാസ്സ്റൂമുകളും മാത്രമുണ്ടാക്കിയാൽ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുകയില്ല. ഇക്കാരണങ്ങൾകൊണ്ട് ഈ ധനാഭ്യർത്ഥനയെ ശക്തമായി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളത്തിന്റെ വിദ്യാഭ്യാസ, സാംസ്കാരിക, കായിക മേഖലകളിൽ നിർണ്ണായകമായ ചുവടുവയ്പുകൾ നടന്ന ഒരു വർഷമാണിത്. സ്പോർട്സ് മേഖലയിലും ഗംഭീരമായ തുടക്കം കുറിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പുതിയ തലമുറയുടെ മാനസികാരോഗ്യ നിലവാരം ഉയർത്തേണ്ടതുണ്ട്. ഈ സർക്കാർ അതിന് പ്രതിജ്ഞാബദ്ധമാണ്. ഇയ്യാംപാറ്റകളായി നമ്മുടെ പുതിയ തലമുറ മാറാതിരിക്കാനുള്ള നടപടികൾക്ക് കായികക്ഷമതയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി എ. സി. മൊയ്തീന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ തീർച്ചയായും വളരെയേറെ അഭിനന്ദനാർഹമാണ്. ഈയൊരു വർഷത്തിനുള്ളിൽ കായിക മേഖലയെ ഒരു കരയ്ക്കടുപ്പിക്കാൻ ഈ സർക്കാർ പാടുപെടുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നാഷണൽ ഗെയിംസുമായി ബന്ധപ്പെട്ട അഴിമതിക്കഥകൾ ഞങ്ങൾക്ക് മാത്രമല്ല, യു.ഡി.എഫ്. എം.എൽ.എ.-മാർക്കുപോലും പരസ്യമായി പറയേണ്ടി വന്ന കാര്യം ആരും മറന്നിട്ടില്ല. കായിക രംഗത്ത് കേരളത്തിൽ പ്രതിഭകളെ വളർത്തിയെടുക്കുകയെന്ന പ്രതിജ്ഞയോടു

കൂടിയാണ് ഈ സർക്കാർ പ്രവർത്തിക്കുന്നത്. 2024-ലെ ഒളിംപിക്സിൽ മെഡൽ നേടാനുള്ള ഓപ്പറേഷൻ ഒളിംബിയ പദ്ധതി ഇവിടെ ആവിഷ്കരിച്ചിരിക്കുകയാണ്. സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിന്റെ മാതൃകയിൽ എല്ലാ ജനങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കാൻ ദേശീയ കായികക്ഷമതാ മിഷൻ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. സ്പോർട്സ് പാഠ്യപദ്ധതിയുടെ ഭാഗമാക്കി. കേരളത്തിലെ രണ്ട് സ്പോർട്സ് സ്കൂളുകളുടെ ശോചനീയാവസ്ഥയെ കുറിച്ചാണ് ബഹുമാന്യനായ മാവേലിക്കര എം.എൽ.എ. നേരത്തെ ഇവിടെ സൂചിപ്പിച്ചത്. അതിൽ ജി.വി.രാജ സ്കൂൾ മേനംകുളത്തേയ്ക്ക് മാറ്റാൻ പോകുന്നു, രാജ്യാന്തര നിലവാരമുള്ള ഒരു സ്പോർട്സ് സ്കൂളാക്കി അതിനെ മാറ്റുമെന്ന് സർക്കാർ പ്രഖ്യാപിച്ചുകഴിഞ്ഞു. അതിന്റെ പ്രാരംഭ നടപടികളും ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം യു.ഡി.എഫ്. ഭരിക്കുമ്പോൾ സ്പോർട്സ് മേഖലയിൽ ഒരു നിയമനംപോലും നടത്താൻ തയ്യാറായില്ല. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ കേൾക്കുന്നുണ്ടെന്നാണ് ഞാൻ കരുതുന്നത്. ഒരു നിയമനംപോലും അങ്ങയുടെ കാലത്ത് ഇവിടെ നടന്നിട്ടില്ല. പക്ഷെ ഈ ഗവൺമെന്റ് അധികാരത്തിൽവന്ന്, യു.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ച് വർഷക്കാലത്തെ ബാക്ക്ലോഗ് എത്രയും വേഗം നികത്താനുള്ള നടപടിക്രമങ്ങൾ ആയിക്കഴിഞ്ഞിരിക്കുന്നു. കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകാനുള്ള നടപടി ദ്രുതഗതിയിൽ നടന്നു കൊണ്ടിരിക്കുകയാണ്. ഇങ്ങനെ സമഗ്രവും നവീനവുമായ പ്രവർത്തനങ്ങളുമായിട്ടാണ് കായിക രംഗത്ത് ഈ സർക്കാർ മുന്നോട്ടുപോകുന്നത്.

സാംസ്കാരിക രംഗം ഏറ്റവും പ്രധാനമാണ്. സിനിമയിൽ, കഥയിൽ, കവിതയിൽ, നാടകത്തിൽ എല്ലാം കാവിക്കണ്ണുമായി സംഘ്പരിവാർ ഒളിഞ്ഞുനോക്കുകയാണ്. നമ്മുടെ കലാകാരന്റെ ആവിഷ്കാര സ്വാതന്ത്ര്യത്തിനുമേൽ ഉയരുന്ന ഭീഷണികളെ കുറിച്ചാണ് കേരളത്തിന്റെ അഭിമാനതാരവും നിയമസഭയിലെ ഞങ്ങളുടെ പ്രിയപ്പെട്ട സഹപ്രവർത്തകനുമായ ശ്രീ. എം. മുകേഷ് ഇവിടെ സംസാരിച്ചത്. നമ്മുടെ ക്ഷേത്രങ്ങളും വിദ്യാലയങ്ങളും സാംസ്കാരിക കേന്ദ്രങ്ങളൊക്കെയും കണ്ണുവച്ച് സംഘ്പരിവാർ മുന്നോട്ടുപോവുകയാണ്. ഇവിടെ ബി.ജെ.പി. നല്ല പാർട്ടിയാണെന്നും ബി.ജെ.പി.-യിൽനിന്ന് ഇനിയും നന്മകൾ പ്രതീക്ഷിക്കുന്നുവെന്നും പറഞ്ഞത് വനിതാ ലീഗിന്റെ സംസ്ഥാന പ്രസിഡന്റായ ശ്രീമതി ഖമറുന്നിസ അൻവർ ആണ്. എവിടേയ്ക്കാണ് മുസ്ലീംലീഗ് പോകുന്നത്; ഇവിടെ ആരെയാണ് നമുക്ക് വിശ്വസിക്കാൻ കഴിയുക? ഇവിടെ ഇടതുപക്ഷ പ്രസ്ഥാനത്തെ മാത്രമാണ് വിശ്വസിക്കാൻ കഴിയുന്നത്. സാംസ്കാരിക മേഖലയിൽ വർഗ്ഗീയ ഫാസിസത്തിന്റെ മുന്നേറ്റം തടയാൻ ശക്തമായ പ്രവർത്തനമാണ് ഈ കാലഘട്ടത്തിൽ ആവശ്യം. നമ്മുടെ പാരമ്പര്യത്തെ, സംസ്കാരത്തെ ദേശീയ സംസ്കാരത്തിന്റെ പേരിൽ വർഗ്ഗീയവൽക്കരിക്കാനും വക്രീകരിക്കാനുമുള്ള

നീക്കങ്ങളാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. ഈ സർക്കാർ വന്നതിനുശേഷം സാംസ്കാരിക മേഖലയിൽ പുത്തൻ ഉണർവ്വാണ് ഉണ്ടായിരിക്കുന്നത്. മുമ്പില്ലാത്ത വിധം സാംസ്കാരിക രംഗത്തെ ഉണർന്നിരിക്കാൻ പ്രാപ്തമാക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. എല്ലാ ജില്ലകളിലും 40 കോടി രൂപ ചെലവഴിച്ചു കൊണ്ട് നവോത്ഥാന നായകന്മാരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ വരികയാണ്. ഇതൊരു വലിയ മാറ്റത്തിന്റെ തുടക്കമാണ്. അതുപോലെ സിനിമാ മേഖലയെ സംരക്ഷിക്കാൻ ഈ സർക്കാർ ഫലപ്രദമായ നടപടി സ്വീകരിച്ചിരിക്കുന്നു. സിനിമാ രംഗത്തെ തെറ്റായ പ്രവണതയ്ക്ക് അറുതിവരുത്താൻ, സിനിമ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ മലയാളത്തിന്റെ പ്രിയസംവിധായകൻ ശ്രീ. അടൂർ ഗോപാലകൃഷ്ണന്റെ നേതൃത്വത്തിൽ ഒരു കമ്മീഷനെ നിയോഗിച്ചിരിക്കുന്നു. ഗ്രാമീണ മേഖലകളിൽ പുതിയ തിയേറ്ററുകൾ ആരംഭിക്കാനാവശ്യമായ നടപടികളും ഈ സർക്കാർ സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. ഈ സർക്കാർ കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് അഞ്ഞൂറോളം തിയേറ്ററുകളെങ്കിലും പൂർത്തീകരിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സിനിമാരംഗത്ത് ഒരു പുതിയ സമീപനം നമുക്ക് കാണാൻ കഴിയും. ഇത്തവണത്തെ സിനിമാ അവാർഡ് പ്രഖ്യാപനം അതിന് ഏറ്റവും വലിയ ഉദാഹരണമാണ്. ഇവിടെ പല സിനിമാ അവാർഡ് പ്രഖ്യാപനങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാൽ ഇത്തവണത്തെ സിനിമാ അവാർഡ് പ്രഖ്യാപനം കേരളം ഒന്നടങ്കം എഴുന്നേറ്റുനിന്ന് കയ്യടിക്കുന്ന ഒരു കാഴ്ചയാണ് കണ്ടത്. ഇക്കാര്യത്തിൽ ബഹുമാന്യനായ മന്ത്രി എ. കെ. ബാലനെ ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുവാൻ ആഗ്രഹിക്കുകയാണ്. യുവകലാകാരന്മാർക്ക് ഫെല്ലോഷിപ്പ്, കലാകാരന്മാരുടെ പെൻഷൻ തുക വർദ്ധിപ്പിച്ചു. അതോടൊപ്പം ചലച്ചിത്രമേളയെ ജനകീയമാക്കാൻ കേരളത്തിൽ കാൻ ഫെസ്റ്റിവൽ പോലെ, ഗോവ ഫെസ്റ്റിവൽ പോലെ തിരുവനന്തപുരത്ത് ഒരു അന്താരാഷ്ട്ര ചലച്ചിത്രോത്സവം സംഘടിപ്പിക്കുന്നതിന് പ്രത്യേക വേദി ഉണ്ടാക്കാൻ ഈ സർക്കാർ തീരുമാനിച്ചിരിക്കുന്നു. അതുപോലതന്നെ ലോകനിലവാരത്തിലുള്ള നാടകങ്ങൾ പ്രദർശിപ്പിക്കാൻ ഒരു നാടകവേദിക്കും ഈ സർക്കാർ തുടക്കം കുറിക്കാൻ പോവുകയാണ്. ആ നിലയിൽ സാംസ്കാരിക മേഖലയിൽ ഈ സർക്കാർ ചെയ്യുന്ന പ്രവർത്തനങ്ങൾ അങ്ങേയറ്റം അഭിനന്ദനാർഹമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

വിദ്യാഭ്യാസ മേഖലയിൽ ഇന്ന് അടുക്കും ചിട്ടയും വന്നിരിക്കുന്നു. യു.ഡി.എഫ്. ഭരണത്തിൽ എന്തായിരുന്നു അവസ്ഥ? എല്ലായിടത്തും പച്ചവൽക്കരണമായിരുന്നു. അതിവിടെ ശ്രീ. എ. എൻ. ഷംസീർ പറഞ്ഞപ്പോൾ വല്ലാതെ പ്രകോപിച്ചതുകൊണ്ട് യാതൊരു കാര്യവുമില്ല. ഇവിടെ പരീക്ഷാ ക്രമക്കേടുകളായിരുന്നു നടന്നിരുന്നത്. പാഠപുസ്തകത്തിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയുമായി ക്ലാസ്സ് എടുക്കേണ്ട ഗതികേടായിരുന്നു അന്ന് അദ്ധ്യാപകർക്കുണ്ടായിരുന്നത്. ഇന്നതെല്ലാം മാറുകയാണ്. എല്ലാം

ശരിയാകുകയാണ്. ചോദ്യപേപ്പറിനെക്കുറിച്ച് ഇവിടെ പറഞ്ഞു. നേരത്തെ ഒരു കൗമുദി പത്രം ഇവിടെ ശ്രീ. കെ. സി. ജോസഫ് ഉയർത്തിക്കാണിച്ചു. എന്റെ കയ്യിലിരിക്കുന്നതും കൗമുദി പത്രമാണ് (പത്രം ഉയർത്തിക്കാണിച്ചു.) 2005-ൽ ബഹുമാന്യനായ ഇ. ടി. മുഹമ്മദ് ബഷീർ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് അന്നത്തെ പത്രപ്രവർത്തകനായ ശ്രീ. വി. എസ്. രാജേഷാണ് കേരളത്തിൽ പരീക്ഷയുമായി ബന്ധപ്പെട്ടുണ്ടായ ചോർച്ചയെക്കുറിച്ചുള്ള ഞെട്ടിപ്പിക്കുന്ന വാർത്ത സമൂഹത്തിനുമുന്നിൽ കൊണ്ടുവന്നിട്ടുള്ളത്. 2005-ൽ പത്താംക്ലാസ്സ് പരീക്ഷ മാറ്റിവയ്ക്കേണ്ടി വന്നു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി പരീക്ഷ മാറ്റിവയ്ക്കേണ്ടി വന്നത് 2005-ൽ ശ്രീ. ഉമ്മൻ ചാണ്ടി നേതൃത്വം കൊടുത്ത ഗവൺമെന്റിന്റെ കാലത്തായിരുന്നുവെന്ന കാര്യം നിങ്ങൾ മറന്നുപോകരുത്. മാത്രമല്ല, 2005-ലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ ഒമ്പത് വിഷയങ്ങളുടെ ചോദ്യക്കടലാസ് ചോർന്നതായി കണ്ടെത്തിയെന്നാണ് അന്ന് സി.ബി.ഐ.-യുടെ വിശദീകരണത്തിൽ പറയുന്നത്. സോഷ്യൽ സയൻസിന്റെ ചോദ്യക്കടലാസ്സ് മാത്രമേ ചോർന്നിട്ടുള്ളൂ എന്നായിരുന്നു ക്രൈംബ്രാഞ്ച് നേരത്തെ പറഞ്ഞത്. മാത്രമല്ല, അതേവർഷം നടന്ന മോഡൽ പരീക്ഷ ഒഴികെയുള്ള എല്ലാ പരീക്ഷയുടെയും ചോദ്യ പേപ്പർ ചോർന്നിരിക്കുന്നു. അതിന്റെ പേരിൽ പരീക്ഷാ ഭവൻ മുൻസെക്രട്ടറിയും സൂപ്രണ്ടും അറസ്റ്റിലായി. അവർക്ക് ശിക്ഷ ലഭിക്കുന്ന സാഹചര്യമുണ്ടായി. സ്വകാര്യ കൊറിയർ സ്ഥാപനം വഴി അയച്ച ചോദ്യ പേപ്പർ കെട്ടുകൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയത് കൊയിലാണ്ടിയിലെ മുസ്ലീംലീഗിന്റെ ഓഫീസിന് മുന്നിലായിരുന്നുവെന്ന കാര്യവും നിങ്ങൾ മറന്നുപോകരുത്. ഇതായിരുന്നു ഇവിടത്തെ അവസ്ഥ. ഇവിടെ മൂല്യത്തെക്കുറിച്ച് മുസ്ലീംലീഗ് നേതാവ് പ്രസംഗിക്കുന്നത് കേട്ടു. നല്ല കാര്യമാണ്. പക്ഷെ കേരളത്തിന്റെ ചരിത്രത്തിൽ ബിഷപ്പ് ഹൗസിൽപ്പോയി കോഴ ചോദിക്കാൻ ധൈര്യം കാണിച്ച ഒരൊറ്റ പാർട്ടിയേയുള്ളൂ. അത് മുസ്ലീം ലീഗാണ്. സുൽത്താൻ ബത്തേരിയിലെ ബിഷപ്പിന്റെ വീട്ടിൽ പോയത് മുസ്ലീം ലീഗിന്റെ വയനാട് ജില്ലാ സെക്രട്ടറിയാണ്. കോളേജ് അനുവദിച്ചതിനെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞല്ലോ. മുസ്ലീം ലീഗിന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയായ ശ്രീ. കെ. പി. എ. മജീദിന്റെ ബന്ധുവിന്റെ സ്കൂളിന് പ്ലസ് ടു അനുവദിക്കാൻ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരേണ്ടിവന്നു എന്ന കാര്യം നിങ്ങൾ മറന്നുപോകരുത്. ഫസൽകോയയുടെ പേരിൽ പെരിന്തൽമണ്ണയിൽ ഗവൺമെന്റ് കോളേജ് ആരംഭിച്ചത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. ആ കാര്യവും നിങ്ങൾ മറന്നുപോകരുത് എന്നാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. സ്വാശ്രയ മേഖലയെക്കുറിച്ചാണ് ഇവരിപ്പോൾ വാചാലരാകുന്നത്. സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങൾക്ക് കാരണമെന്താണ്; ആരാണ് അതിനുത്തരവാദി? പ്രതിപക്ഷം ഇക്കാര്യത്തിൽ ഒരു ആത്മപരിശോധന നടത്തണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം. രജനി എസ്. ആനന്ദിന്റെ

ആത്മഹത്യപോലെ എത്രയെത്ര ആത്മഹത്യകൾ കേരളത്തിലുണ്ടായി. ഇടിമുറികളെല്ലാമുണ്ടായത് ഈ സർക്കാർ വന്നതിന് ശേഷമാണോ; ബഹുമാന്യനായ പ്രതിപക്ഷനേതാവ് അങ്ങനെ പറയുമെന്ന് എനിക്ക് തോന്നുന്നില്ല. രജനി എസ്. ആനന്ദ്, ഫാസില, ജിഷ്ണു അങ്ങനെയെത്ര വിദ്യാർത്ഥികൾക്ക് കേരളത്തിൽ ആത്മഹത്യ ചെയ്യേണ്ടിവന്നു. ഇത് ആരുടെ സംഭാവനയാണ്? ഇതിന്റെ ഉത്തരവാദി കേരളത്തിലെ യു.ഡി.എഫ്. ആണെന്ന കാര്യം നിങ്ങൾ മറന്നുപോകരുത്. നാടായ നാടെല്ലാം യാതൊരു മാനദണ്ഡവുമില്ലാതെ പെട്ടിക്കടകൾപോലെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും നഴ്സിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളുമെല്ലാം നൽകിയത് നിങ്ങളാണ്. കൃഷ്ണദാസിന്റെ നെഹ്റു കോളേജിന് എൻ.ഒ.സി. കൊടുത്തത് ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റാണ്. കെ. പി. വിശ്വനാഥനായിരുന്നു അന്ന് ആ കോളേജിന് എൻ.ഒ.സി. തരപ്പെടുത്താൻ ശ്രീ. എ. കെ. ആന്റണിയുടെ മേൽ സമ്മർദ്ദം ചെലുത്തിയതെന്ന കാര്യം നിങ്ങൾക്ക് നിഷേധിക്കാനാകുമോ? ഞാൻ ചോദിക്കട്ടെ, ജിഷ്ണു പ്രണോയിയുടെ ദാരുണമായ അന്ത്യം ആദ്യം പുറത്തുകൊണ്ടുവന്നത് ആരാണ്? ഇതുമായി ബന്ധപ്പെട്ട് എസ്.എഫ്.ഐ. പ്രവർത്തകർ ആ കോളേജിലേയ്ക്ക് മാർച്ച് നടത്തിയപ്പോൾ അക്രമ സമരമെന്ന് പറഞ്ഞ് അധിക്ഷേപിക്കുന്ന നിലപാടാണ് നിങ്ങൾ സ്വീകരിച്ചത്. ജിഷ്ണു പ്രണോയിയുടെ കുടുംബത്തിന് നീതി ലഭിക്കണമെന്ന് പറഞ്ഞ് വാർത്താ പരമ്പരകൾ ചമയ്ക്കുന്ന ഒരു മാധ്യമങ്ങളും അന്ന് ആ സംഭവം കാണാൻ തയ്യാറായിരുന്നില്ല. എസ്.എഫ്.ഐ. ആ വിഷയം ഉയർത്തിക്കൊണ്ടുവന്നു. തുടർന്ന് ഗവൺമെന്റ് എന്ത് നിലപാടാണ് സ്വീകരിച്ചത്; അന്വേഷണത്തിന് ഉത്തരവിട്ടു. അന്വേഷണത്തിന്റെ ഒരു ഘട്ടം കഴിഞ്ഞപ്പോൾ ആ കുടുംബം ചില വിഷയങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി. ഗവൺമെന്റ് അതിനനുസരിച്ച് അന്വേഷണ സംഘത്തിൽ മാറ്റം വരുത്തി. മുങ്ങിയ പ്രതികളെ പിടിക്കാൻ ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചു. പീഡനത്തെ തുടർന്നാണ് ജിഷ്ണു ജീവനൊടുക്കിയതെന്ന് പറഞ്ഞാൽപ്പോരാ, അതിന് ശാസ്ത്രീയമായ തെളിവുകൾ കണ്ടെത്തണം. ശാസ്ത്രീയമായ തെളിവ് കണ്ടെത്താൻ ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ പ്രത്യേക സംഘത്തെ സർക്കാർ നിയോഗിച്ചു. നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം, ഒരു കൃഷ്ണദാസും ഒരു നെഹ്റു കോളേജും മാത്രമല്ല അങ്ങനെയുള്ള ഒരുപാട് കോളേജുകൾ കേരളത്തിലുണ്ട്.

3.00 PM]

ഒരു കൃഷ്ണദാസിനെ ജയിലിലടച്ചതുകൊണ്ട് തീരുന്ന പ്രശ്നമല്ലിത്. ഇക്കഴിഞ്ഞ ഏപ്രിൽ 12 വരെ മാത്രമേ നിങ്ങൾക്ക് ജിഷ്ണു പ്രണോയിയുടെ കുടുംബത്തെ ആവശ്യമുള്ളൂവെന്ന് അന്നേ ഞങ്ങൾ പറഞ്ഞിരുന്നു. പക്ഷെ, ഞങ്ങൾക്ക് അങ്ങനെയല്ല, ജിഷ്ണു പ്രണോയിയുടെ കുടുംബത്തോട് ഈ സർക്കാർ നീതിപുലർത്തും; നീതി

ലഭിക്കാൻ ഏതറ്റംവരെയും പോകും; സുപ്രീം കോടതിയിൽ പോയല്ലോ. പ്രതിപക്ഷം ജിഷ്ണുവിനെയും കുടുംബത്തെയും മറന്നിരിക്കുന്നു. പക്ഷെ ഗവൺമെന്റ് ഈ കാര്യത്തിൽ എന്ത് നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്? അഞ്ച് വർഷക്കാലം നിങ്ങളിരുന്നില്ലേ; കേന്ദ്രവും കേരളവും നിങ്ങൾ ഭരിച്ചില്ലേ. സംസ്ഥാന സർക്കാരിന്റെ നിയമം വേണ്ടെന്ന സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ ആ നിയമം നിലനിൽക്കുകയില്ല എന്നുപറഞ്ഞ് വാചാലനാകുന്ന പ്രതിപക്ഷ നേതാവിനോട് ഞാൻ ചോദിക്കുന്നു, അഞ്ച് വർഷം ശ്രീ. പി. ടി. തോമസ് ലോക്സഭയിലുണ്ടായിരുന്നില്ലേ. സുപ്രീം കോടതി വിധി വന്നാൽ, ഡിവിഷൻ ബെഞ്ചിന്റെ വിധി വന്നാൽ, ഫുൾ ബെഞ്ചിന്റെ വിധി വന്നാൽ അതിനെ മറികടക്കാൻ കേന്ദ്രം നിയമം കൊണ്ടുവരണം. അല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റിന്റെ നിയമത്തെ ഒമ്പതാം ഷെഡ്യൂളിൽപ്പെടുത്തണം. കേന്ദ്ര നിയമം കൊണ്ടുവരാൻ നിങ്ങളാരെങ്കിലും ഒരു ചെറുവിരൽ അനക്കിയോ; 2014 വരെ നിങ്ങൾക്ക് സുവർണ്ണാവസരമുണ്ടായിരുന്നില്ലേ; ആ അവസരം നഷ്ടപ്പെടുത്തിയവരാണ് നിങ്ങൾ. ഇവിടെ എന്താണ് ഈ ഗവൺമെന്റ് ചെയ്തത് - ഒരേ സമയം ജിഷ്ണു പ്രണോയിയുടെ മരണത്തിനുത്തരവാദികളായവരെ നിയമത്തിനുമുന്നിൽ കൊണ്ടുവന്ന് മതിയായ ശിക്ഷ വാങ്ങിക്കൊടുക്കാൻ ശക്തമായ നടപടി സ്വീകരിച്ചു. ഇനി കേരളത്തിലെ ഒരു കോളേജിലും ഒരു കുട്ടിയും ആത്മഹത്യ ചെയ്യാൻ പാടില്ല, ഒരമ്മയുടെയും കണ്ണുനീർ കേരളത്തിന്റെ മണ്ണിൽ വീഴാൻ പാടില്ല. അക്കാര്യത്തിൽ ഞങ്ങൾക്ക് മറ്റെന്തിനെക്കാളും ആത്മാർത്ഥതയുണ്ട്. അതുകൊണ്ടാണ് കേരളത്തിലെ സ്വാശ്രയ കോളേജുകൾക്ക് മൂക്കുകയറിടാൻ, സാമൂഹ്യ നിയന്ത്രണത്തിലേയ്ക്ക് കൊണ്ടുവരാൻ ഒരു സമഗ്ര നിയമനിർമ്മാണത്തിന് വഴിയൊരുക്കാൻ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജായ ജസ്റ്റിസ് കെ. കെ. ദിനേശന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയെ സർക്കാർ നിയോഗിച്ചത്. ആ കമ്മിറ്റി ഇപ്പോൾ സ്വാശ്രയ കോളേജുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളെക്കുറിച്ചും പഠിച്ച് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കുകയാണ്. ആ റിപ്പോർട്ട് വന്നാൽ ഇവിടെ ശക്തമായ നിയമം വരുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. നമുക്കറിയാം, പല സ്വാശ്രയ-സ്വകാര്യ കോളേജുകളും വിദ്യാർത്ഥികളെ ഇന്റേണൽ മാർക്കിന്റെ കാര്യം പറഞ്ഞാണ് വിരട്ടുന്നത്. ഇന്റേണൽ മാർക്കിന്റെ കാര്യത്തിൽ കുറേക്കൂടി സുതാര്യമായ ഒരു സംവിധാനമുണ്ടാകുകയും മാനദണ്ഡങ്ങൾ കർശനമാക്കുകയും വേണം. അതിനുവേണ്ടി എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസിലറുടെ നേതൃത്വത്തിൽ നാല് വൈസ് ചാൻസിലർമാരടങ്ങുന്ന കമ്മിറ്റിയെ സർക്കാർ നിയോഗിച്ചു. ആ കമ്മിറ്റി സമയബന്ധിതമായി റിപ്പോർട്ട് നൽകി. ഇതാണ് ഈ സർക്കാരിന്റെ ഇക്കാര്യത്തിലുള്ള സമീപനം.

ഇവിടെ ഇപ്പോൾ ക്യാമ്പസ് രാഷ്ട്രീയത്തെക്കുറിച്ച് ചിലർ വാചാലരാകുന്നുണ്ട്. വിദ്യാർത്ഥികൾ എങ്ങനെ പെരുമാറണമെന്നും ഗുരുവിനെക്കുറിച്ചും ഗുരുദക്ഷിണയെ കുറിച്ചുമെല്ലാം പറയുന്നുണ്ട്. ഒരു കാര്യം ഞങ്ങൾ പറയാനാഗ്രഹിക്കുകയാണ്,

ഗുരുദക്ഷിണയെക്കുറിച്ചൊന്നും നിങ്ങൾ ഞങ്ങളെ പഠിപ്പിക്കേണ്ട ആവശ്യമില്ല. കേരളത്തിന്റെ ചരിത്രത്തിൽ പൊതുവേദിയിൽവച്ച് ഒരു വൈസ് ചാൻസിലറെ-സിറിയക് തോമസ് സാറിനെ-മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ, അതും നിങ്ങളുടെ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽവച്ച് ആക്രമിച്ച് മൂക്ക് തകർത്ത പാരമ്പര്യം കെ.എസ്.യു.-ന്റെ പാരമ്പര്യമാണെന്ന് നിങ്ങൾ മനസ്സിലാക്കണം. ആ കേസിലെ പ്രതിയെ യൂത്ത് കോൺഗ്രസ്സിന്റെ പാർലമെന്റ് മണ്ഡലം പ്രസിഡന്റാക്കിയ പാരമ്പര്യമാണ് നിങ്ങളുടേത്. ജോൺസി മാഷിനെപ്പറ്റി ഒരുപക്ഷെ കണ്ണൂർ ജില്ലക്കാരനായ ശ്രീ. സണ്ണി ജോസഫിന് അറിയാമായിരിക്കും. കേരളത്തിന്റെ പരിസ്ഥിതിക്കുവേണ്ടി ഉഴിഞ്ഞുവച്ചതായിരുന്നു ജോൺസി മാഷിന്റെ ജീവിതം. അങ്ങനെയുള്ള ജോൺസി മാഷിനെ ആക്രമിച്ചയാളെ കെ.എസ്.യു.-വിന്റെ സംസ്ഥാന പ്രസിഡന്റാക്കിയ പാരമ്പര്യമാണ് നിങ്ങളുടേത്. നിങ്ങൾ മഹാരാജാസ് കോളേജിനെ പൊതുസമൂഹത്തിൽ അവഹേളിക്കാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുകയാണല്ലോ. ഞാൻ ചോദിക്കട്ടെ, ശ്രീ. പി. ടി. തോമസ് മഹാരാജാസ് കോളേജിൽ പോയാൽ അവിടെ കെ.എസ്.യു.-ക്കാരുടെ യോഗത്തിൽ പങ്കെടുക്കാം. എന്നാൽ ഈ നിയമസഭയ്ക്ക് തൊട്ടപ്പുറത്ത്, മൂക്കിന് താഴെയുള്ള എം.ജി. കോളേജിൽ പോകാൻ ശ്രീ. പി. ടി. തോമസിന് കഴിയുമോ; അവിടെ കെ.എസ്.യു. യൂണിറ്റ് രൂപീകരിക്കാത്തതെന്താണ്? തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ എസ്.എഫ്.ഐ. മാത്രമല്ല, മറ്റ് വിദ്യാർത്ഥി സംഘടനകളുമുണ്ട്. അതുപോലെ മഹാരാജാസ് കോളേജിൽ തെരഞ്ഞെടുപ്പ് നടക്കുന്നുണ്ട്. പക്ഷെ, എം.ജി. കോളേജിനെക്കുറിച്ച് ഒരക്ഷരം പറയില്ല. എന്താണ് എം.ജി. കോളേജിനെക്കുറിച്ച് പറയാത്തത്; കാരണം എല്ലാവരുമിപ്പോൾ ക്യൂവിലാണ്. ശ്രീ. എം. എം. ഹസ്സൻ പറഞ്ഞത് നാലുപേർ ക്യൂവിലാണെന്നാണ്. ഈ സഭയ്ക്കകത്തുള്ള യു.ഡി.എഫ്.-ന്റെ നാല് എം.എൽ.എ.-മാരെ സംശയത്തിന്റെ മുൾമുനയിൽ നിർത്തിയത് ശ്രീ. എം. എം. ഹസ്സനാണ്, ഞങ്ങളല്ല. അഞ്ച് വർഷം ഡൽഹിയിലിരുന്ന ശ്രീ. പി. ടി. തോമസിന് ദേശീയ രാഷ്ട്രീയത്തിന്റെ കാറ്റ് എങ്ങോട്ടാണെന്നുള്ളത് മറ്റാരെക്കാളും അറിയാം. അതുകൊണ്ട് നിങ്ങളിപ്പോൾ ആർ.എസ്.എസ്.-നെ വിമർശിക്കാൻ പോകുന്നില്ല. വിദ്യാർത്ഥി രാഷ്ട്രീയത്തിൽ മാറ്റമുണ്ടാകണം. ആ കാര്യത്തിൽ നിങ്ങൾ പറയുന്ന ചില അഭിപ്രായങ്ങളോട് ഞങ്ങളും യോജിക്കുന്നു. പക്ഷെ എം.ജി. കോളേജിൽ നടന്ന അക്രമം കേരളത്തിന് മറക്കാൻ സാധിക്കുമോ; അദ്ധ്യാപകരുടെ കാർ തല്ലിത്തകർത്തു; ക്ലാസ്സ് മുറിയിൽ കയറി വിദ്യാർത്ഥികളെ ആക്രമിച്ചു; പ്രിൻസിപ്പാളിനെപ്പോലും ഭീഷണിപ്പെടുത്തി. അവസാനം മാരകായുധങ്ങളുമായി വന്ന ആർ.എസ്.എസ്.-കാരുടെ മുന്നിൽ പേടിച്ചുവിറച്ച പ്രിൻസിപ്പാൾ അന്നത്തെ കമ്മീഷണർ ശ്രീ. മനോജ് എബ്രഹാമിനെ വിളിച്ചു. ശ്രീ. മനോജ് എബ്രഹാമും സംഘവും എം.ജി. കോളേജിൽ എത്തിയപ്പോൾ വരാന്തയിൽ നിന്ന ആർ.എസ്.എസ്. പ്രവർത്തകർ ബോംബെറിഞ്ഞ് കമ്മീഷണറെ കൊലപ്പെടുത്താൻ ശ്രമിച്ചു. അന്ന്

പരിക്കേറ്റ ഒരു സി.ഐ.-ക്ക് ഇപ്പോഴും എഴുന്നേറ്റ് നടക്കാൻ പറ്റില്ല, കിടന്ന കിടപ്പിലാണ്. 'ഉദ്ദിഷ്ട കാര്യത്തിന് ഉപകാര സ്മരണ' എന്നപോലെ ആ കേസ് പിൻവലിച്ചുകൊടുത്തത് ഇവിടെയിരിക്കുന്ന ബഹുമാന്യനായ ശ്രീ. ഉമ്മൻ ചാണ്ടിയും അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുമാണെന്ന കാര്യം ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ? ഇതാണ് നമ്മുടെ നാടിന്റെ അവസ്ഥ. ഞാൻ എന്റെ പ്രസംഗം ദീർഘിപ്പിക്കാനുദ്ദേശിക്കുന്നില്ല. വിദ്യാഭ്യാസ രംഗത്ത് മാറ്റമുണ്ടാകണം. ഇവിടെ എന്തുചെയ്യുവെന്ന് ചോദിക്കുന്ന ചിലരുണ്ട്. ഇവിടെ കുറേ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. 2013-ൽ പ്ലസ് ടു ബാച്ച് അനുവദിച്ചിട്ട് ഒരു തസ്തികപോലും നിങ്ങൾ കൊടുത്തിട്ടില്ല. അവിടത്തെ താൽക്കാലിക അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കാൻ ഈ സർക്കാർ വേണ്ടിവന്നുവെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം. കേരളത്തിന്റെ ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കാൻ മ്യൂസിയം വകുപ്പ് കാണിക്കുന്ന താല്പര്യം അങ്ങേയറ്റം അഭിനന്ദനാർഹമാണെന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി വളരെ നല്ലവനായ ഒരാളാണ്. വ്യക്തിപരമായി അദ്ദേഹത്തെ വളരെയധികം ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരാളാണ് ഞാൻ. എനിക്ക് അദ്ദേഹത്തെ വളരെ ഇഷ്ടമാണ്. കഴിഞ്ഞ ദിവസം ഇവിടെ മഹാരാജാസ് കോളേജിന്റെ വിഷയം ശ്രീ. പി. ടി. തോമസ് അവതരിപ്പിക്കുമ്പോൾ, അതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും തമ്മിൽ വലിയ വാക്പയറ്റ് നടക്കുന്ന സമയത്ത് ഞാൻ അദ്ദേഹത്തെ ശ്രദ്ധിച്ചു. കഴിഞ്ഞ 11 മാസക്കാലമായി അദ്ദേഹം താടിക്ക് കയ്യുംകൊടുത്ത് ഇരിക്കുകയാണ്. നിസ്സഹായതയുടെയും നിസ്സംഗതയുടെയും അടയാളമായാണ് അദ്ദേഹം അങ്ങനെ ഇരിക്കുന്നത്. അദ്ദേഹത്തിന് ഒരുപാട് നല്ല കാര്യങ്ങൾ ചെയ്യണമെന്നുണ്ട്. പക്ഷെ അദ്ദേഹത്തിന്റെ ഓഫീസുപോലും സി.പി.ഐ.(എം)-ന്റെ അദ്ധ്യാപക സംഘടനയായ കെ.എസ്.ടി.എ. ഹൈജാക്ക് ചെയ്തു. അവരാണ് അവിടത്തെ നയപരമായ കാര്യങ്ങളെല്ലാം തീരുമാനിക്കുന്നത്. ഈ സംസ്ഥാനത്തെ എല്ലാ ഡി.ഡി.ഇ. ഓഫീസുകളുടെയും ഡി.ഇ.ഒ. ഓഫീസുകളുടെയും നിയന്ത്രണം കെ.എസ്.ടി.എ.-യുടെ കയ്യിലാണ്. അദ്ധ്യാപകർക്ക് അപ്രൂവൽ കൊടുക്കണമോയെന്ന് അവർ തീരുമാനിക്കും. അവർ ആ ഫയൽ മാറ്റിവച്ചാൽ ആറ് മാസമോ ഒരു വർഷമോ കഴിഞ്ഞാലും അപ്രൂവൽ കൊടുക്കുകയില്ല. ആർക്കെല്ലാം പ്രൊമോഷനും ട്രാൻസ്ഫറും കൊടുക്കണമെന്ന് അവർ തീരുമാനിക്കും. ഗവൺമെന്റിനെ പിന്തുണച്ചുകൊണ്ട് ഇവിടെ ശ്രീ. കെ. ബി. ഗണേഷ് കുമാർ സംസാരിച്ചപ്പോൾ അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ഒരു സ്കൂളിൽ അദ്ധ്യയന വർഷത്തിനിടയിൽ,

ഒമ്പത് മാസത്തിനിടയിൽ, 16 ട്രാൻസ്ഫറുകൾ നടന്നതായി പറഞ്ഞു. കേരളത്തിലെ സ്കൂളുകളിലും കോളേജുകളിലുമെല്ലാം തോന്നിയതുപോലെ ട്രാൻസ്ഫറുകൾ നടക്കുകയാണ്. അക്കാര്യത്തിലൊന്നും അദ്ദേഹത്തെ പങ്കെടുപ്പിക്കുന്നില്ല. നിങ്ങളിൽ പലരും പുറകിൽ നിന്നുകൊണ്ട് സാത്വികനായ ആ മനുഷ്യനെ മുന്നിൽ നിർത്തി തോന്നിയതുപോലെ പ്രവർത്തിക്കുകയാണ്. ഞാൻ അദ്ദേഹത്തെ കുറ്റപ്പെടുത്തുന്നില്ല, അദ്ദേഹത്തെ കുറ്റപ്പെടുത്താൻ എനിക്ക് കഴിയുകയുമില്ല. പല ഫയലുകളും മാറ്റിവച്ചുകൊണ്ട് വിദ്യാഭ്യാസ വകുപ്പിന് യോജിക്കാത്ത തരത്തിലുള്ള കാര്യങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. എസ്.എസ്.എൽ.സി. പരീക്ഷയെക്കുറിച്ച് ഇവിടെ പറഞ്ഞു. ചോദ്യ പേപ്പർ വിറ്റ് കാശാക്കിയില്ലേ; എന്തിനാണ് അതിനെ ചെറുതാക്കി കാണുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ പാഠപുസ്തക വിതരണത്തെപ്പറ്റി എത്രയോ പേർ ഇവിടെ സംസാരിച്ചു. അഞ്ച് വർഷം ഭരിച്ചപ്പോൾ ഒരു വർഷത്തിൽ ഒരു മാസം മാത്രമാണ് പാഠപുസ്തകം വൈകിയത്. ബാക്കി നാലുവർഷവും കൃത്യമായി ജൂൺ ഒന്നാം തീയതിതന്നെ എല്ലാ സ്കൂളുകളിലും പാഠപുസ്തകങ്ങൾ വന്നു. ചെറിയ ഒരു തെറ്റിനെ പർവ്വതീകരിച്ച് ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നു. ഞാൻ അതിനെ ന്യായീകരിക്കുന്നില്ല. ഒരു മാസം പോലും വൈകാൻ പാടില്ലായിരുന്നുവെന്നുള്ള അഭിപ്രായം അന്നും പ്രകടിപ്പിച്ചിട്ടുള്ള ഒരാളാണ് ഞാൻ. പക്ഷേ ഇവിടെ ഒരു പരീക്ഷ മാറ്റിവയ്ക്കുന്നു. എസ്.എസ്.എൽ.സി. പരീക്ഷയുടെ ക്രെഡിബിലിറ്റി എന്താണ്? എസ്.എസ്.എൽ.സി. പരീക്ഷയെക്കുറിച്ച് നമ്മൾ വലിയ അഭിമാനത്തോടുകൂടി പറയുന്നതല്ലേ. അത് വിറ്റ് കാശാക്കിയ ആളുകളെക്കുറിച്ച് അന്വേഷണം നടത്തിയപ്പോൾ വഴിമുട്ടിയത് എന്തുകൊണ്ടാണ്? അന്വേഷണം പൂർത്തിയായിക്കഴിഞ്ഞാൽ അതിന്റെ പുറകിൽ കള്ളക്കച്ചവടം നടത്തിയ അദ്ധ്യാപക സംഘടനകളിലെ ചില നേതാക്കന്മാരെ കയ്യാമം വച്ച് ജയിലിൽ അയയ്ക്കേണ്ടിവരുമെന്ന് ബോദ്ധ്യപ്പെട്ടപ്പോഴല്ലേ നിങ്ങൾ അന്വേഷണം നിർത്തിവയ്പിച്ചത്. നാണക്കേടുകൊണ്ട് ഒരു പരീക്ഷ മാത്രം മാറ്റിവച്ചു. യഥാർത്ഥത്തിൽ രണ്ട് പരീക്ഷ മാറ്റിവയ്ക്കേണ്ടതായിരുന്നു. കച്ചവടമാണ് എസ്.എസ്.എൽ.സി. പരീക്ഷയുടെ പിറകിൽ നടന്നത്. അതിനൊക്കെ കാരണം ഈ അതിപ്രസരമാണ്, വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഓഫീസും പ്രധാനപ്പെട്ട വിദ്യാഭ്യാസ ഓഫീസുകളുമെല്ലാം കയ്യടക്കിവച്ചിരിക്കുന്ന ഒരു സംഘടനയുടെ അധാർമ്മികതയാണ്. ഈ അദ്ധ്യാപകരാണോ കുട്ടികളെ പഠിപ്പിക്കാൻ പോകുന്നത്? സ്വാശ്രയ കോളേജുകളെക്കുറിച്ച് മിണ്ടിക്കഴിഞ്ഞാൽ മുൻമുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയെക്കുറിച്ച് പറയും. 50 ശതമാനം സീറ്റുകൾ മാനേജ്മെന്റിനും 50 ശതമാനം സർക്കാരിനും എന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞതിനെ ഇപ്പോഴും എല്ലാവരും ആക്ഷേപിക്കുകയാണ്. എല്ലാവരും മറന്നുപോയ ഒരു കാര്യം, ശ്രീ. എ. കെ. ആന്റണിയും അന്നത്തെ ഗവൺമെന്റും ഇവിടെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ തീരുമാനിച്ചതും 50 ശതമാനം സീറ്റുകൾ സർക്കാരിനും 50 ശതമാനം സീറ്റുകൾ മാനേജ്മെന്റിനും എന്നുപറഞ്ഞതും

സുപ്രീംകോടതിയിലെ പ്രശസ്തമായ Unnikrishnan case-ന്റെ വിധി നിലനിൽക്കുമ്പോഴാണ്. Unnikrishnan case-ൽ സോഷ്യൽ കമ്മിറ്റ്മെന്റുള്ള ഒരു ജഡ്ജ്മെന്റാണ് പുറപ്പെടുവിച്ചിട്ടുള്ളത്. സ്വാശ്രയ സ്ഥാപനങ്ങളെ ഗവൺമെന്റുകൾക്ക് കൃത്യമായി നിയന്ത്രിക്കാൻ കഴിയുന്ന ധാരാളം നിർദ്ദേശങ്ങളുള്ള വളരെ പ്രധാനപ്പെട്ട കേസ്സാണിത് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോൾത്തന്നെ ബഹുമാനപ്പെട്ട സുപ്രീംകോടതി ആ കേസ്സിന്റെ principle കീഴ്മേൽ മറിച്ചു, മുഴുവൻ റിവേഴ്സ് ചെയ്തു. ഇസ്ലാമിക് അക്കാദമി കേസ് വന്നു, ടി.എം.എ. പൈ കേസ് വന്നു, ഇനാംദാർ കേസ് വന്നു - മൂന്ന് പ്രധാനപ്പെട്ട കേസ്സുകൾ വന്നു. സുപ്രീംകോടതിയുടെ കോൺസ്റ്റിറ്റ്യൂഷൻ ബെഞ്ച് Unnikrishnan case-ലുണ്ടായിരുന്ന അടിസ്ഥാന തത്വങ്ങളെ മുഴുവൻ കാറ്റിൽപ്പറത്തി സ്വാശ്രയ മാനേജ്മെന്റുകൾക്ക് എന്തുകാര്യവും ചെയ്യാൻ കഴിയുന്ന രീതിയിലേയ്ക്ക് അതിനെ മാറ്റി. അതിന് ശ്രീ. എ. കെ. ആന്റണിയെ കുറ്റപ്പെടുത്തിയിട്ട് കാര്യമുണ്ടോ? നിയമനിർമ്മാണം നടത്താൻ സാധിക്കുമോ? Unnikrishnan case നിലനിന്നിരുന്ന കാലത്തെടുത്ത ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആറ് മാസം കഴിഞ്ഞാൽ ആന്റണി ഗവൺമെന്റിന്; വേറെ ഏതെങ്കിലും ഒരു ഗവൺമെന്റിന്; നിങ്ങളുടെ ഗവൺമെന്റിന്........., ശ്രീ. എം. എ. ബേബി ശ്രമിച്ച് പരാജയപ്പെട്ടതാണല്ലോ? നിയമമുണ്ടാക്കാൻ നോക്കിയിട്ട് കോടതിയുടെ വരാന്തയിൽപ്പോലും ആ കേസ് കയറിയില്ലല്ലോ? നമ്മളെല്ലാവരും പരിശ്രമിച്ചതല്ലേ; എന്തുകൊണ്ടാണ് നടക്കാത്തത്? കാരണം സുപ്രീംകോടതിയിൽ കോൺസ്റ്റിറ്റ്യൂഷൻ ബെഞ്ചിന്റെ സുപ്രധാനമായ വിധി നിൽക്കുന്നു. ശ്രീ. എ. കെ. ആന്റണിയെ 50:50 എന്ന കാര്യത്തിൽ യാഥാർത്ഥ്യമറിയാതെ കുറ്റപ്പെടുത്തുന്നത് ശരിയല്ല. യഥാർത്ഥത്തിൽ സ്വാശ്രയ മാനേജ്മെന്റുകളെ നിയന്ത്രിക്കാൻ കഴിയാത്തതിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം സുപ്രീം കോടതിയിലെ ആ വിധിയാണ്. ഏതെങ്കിലുമൊരു കോൺസ്റ്റിറ്റ്യൂഷൻ ഫുൾ ബെഞ്ച് വന്ന് ആ വിധി മാറ്റാതെ ഒരു സംസ്ഥാന ഗവൺമെന്റിനോ ഒരു നിയമസഭയ്ക്കോ പാർലമെന്റിനോ ഇക്കാര്യത്തിൽ ഒന്നും ചെയ്യാൻ കഴിയില്ലെന്നതാണ് യാഥാർത്ഥ്യം. പക്ഷേ ഇവിടെ ധാരാളം സംഭവങ്ങൾ നടന്നു. അത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുമുണ്ടാകാം. പക്ഷേ ഈ ഗവൺമെന്റിന്റെ കാലത്താണ് സ്വാശ്രയ മാനേജ്മെന്റുകളുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ ദൗർഭാഗ്യകരമായ സംഭവങ്ങൾ നടന്നത്. ആ സംഭവങ്ങളെല്ലാമുണ്ടായപ്പോൾ ഈ സർക്കാർ ആരുടെ കൂടെയായിരുന്നു? എല്ലാ കേസ്സുകളിലും നിങ്ങൾ വേട്ടക്കാരുടെ കൂടെയായിരുന്നു; ഇരകളോടൊപ്പം സർക്കാരുണ്ടായിരുന്നില്ല. ലാ അക്കാദമി കേസ്സിൽ നിങ്ങൾ ആരുടെ കൂടെയായിരുന്നു? ഇരകളോടൊപ്പമായിരുന്നോ; മാനേജ്മെന്റിന്റെ കൂടെയായിരുന്നു. നിങ്ങൾ എന്ന് പറഞ്ഞത്, സി.പി.ഐ.-യെ അല്ല., സി.പി.ഐ. ഇരകളോടൊപ്പമായിരുന്നു. ഞാൻ യാഥാർത്ഥ്യം പറയുകയാണ്. ഞങ്ങൾ ഒരുമിച്ച് സമരം ചെയ്തവരാണ്. ബി.ജെ.പി. മാത്രമല്ല സമരം ചെയ്തത്. അവിടെ

എ.ഐ.എസ്.എഫ്.-ഉം സി.പി.ഐ. നേതാക്കളും ഞങ്ങളും സമരം ചെയ്തു. ശ്രീ. കെ. മുരളീധരൻ നിരാഹാര സമരമിരുന്നു. പാമ്പാടി നെഹ്റു കോളേജിൽ പ്രശ്നങ്ങളുണ്ടായപ്പോൾ നിങ്ങൾ ഇരകളോടൊപ്പമായിരുന്നില്ല എന്ന് ഇപ്പോഴും വിശ്വസിക്കുന്നവരാണ് കേരളത്തിലെ ജനങ്ങൾ. നിങ്ങൾ വേട്ടക്കാരോടൊപ്പം തന്നെയായിരുന്നു. അതുകൊണ്ടാണ് നിങ്ങൾക്ക് ഇത്രയും ഉപദേശകരുണ്ടായിട്ടും മഹിജയുടെ കേസ്സിൽ കോടിക്കണക്കിന് രൂപ ചെലവാക്കി വലിയ പത്രപ്പരസ്യം കൊടുക്കേണ്ടി വന്നത്. ഇത്രയും മന്ത്രിമാരും ഇത്രയും വലിയ പാർട്ടികളും ഇത്രയും വലിയ ഉപദേശിമാരുമുണ്ടായിട്ടും കോടിക്കണക്കിന് രൂപ മുടക്കി പത്രത്തിൽ പരസ്യം കൊടുക്കേണ്ട സ്ഥിതിയിലേയ്ക്ക് നിങ്ങൾ വരേണ്ടിവന്നത് എന്തിനാണ്? അദ്ധ്യാപകരെ ബഹുമാനിക്കുന്ന ഒരു സമൂഹമല്ലേ നമ്മുടേത്. അങ്ങ് ഒരു അദ്ധ്യാപകനല്ലേ. എത്ര പ്രധാനപ്പെട്ട അദ്ധ്യാപകരാണ് കേരളത്തിലെ കോളേജുകളിൽ അപമാനിക്കപ്പെട്ടത്. വിക്ടോറിയ കോളേജിലും തൃശ്ശൂർ ഗവൺമെന്റ് കോളേജിലും മഹാരാജാസ് കോളേജിലും അദ്ധ്യാപകർ അപമാനിക്കപ്പെട്ടു. അതിന് കൂട്ടുനിന്ന 11 അദ്ധ്യാപകർക്കെതിരെ നടപടിയെടുക്കണമെന്ന് ആ കോളേജിലെ 140 അദ്ധ്യാപകർ ഒരുമിച്ച്, നിങ്ങളുടെ സംഘടനയിലെ അദ്ധ്യാപകർ ഉൾപ്പെടെയുള്ളവർ ഒപ്പിട്ടുകൊടുത്തിട്ട് ആ ഫയൽ എവിടെപ്പോയി; അങ്ങയുടെ മുമ്പിലുണ്ടോ ആ ഫയൽ. അങ്ങയുടെ മുമ്പിൽ ഇത്തരം ഫയലുകളെത്താതെ പൂഴ്ത്തിവയ്ക്കാൻ ഈ വിദ്യാഭ്യാസ വകുപ്പ് ഭരിക്കുന്നതാരാണ്? അനർഹരായ ചിലയാളുകളെ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ സുപ്രധാന തസ്തികകളിൽ നിയമിച്ചിട്ടുണ്ട്. ഇഷ്ടപ്പെടാത്ത ഫയലുകൾ പൂഴ്ത്തിവയ്ക്കുന്ന ആളുകളുണ്ട്; അങ്ങയുടെ കൈയിൽ ഫയലുകൾ എത്താൻ സമ്മതിക്കാത്ത ആളുകൾ കൂടി ഈ വകുപ്പിലുണ്ടെന്നാലോചിക്കണം. ഇത്തരം കാര്യങ്ങളിൽ മാതൃകാപരമായ നടപടികളെടുത്ത് ഇത് ആവർത്തിക്കാതിരിക്കാനുള്ള ശ്രമങ്ങളാണ് നമുക്ക് വേണ്ടത്. ഒരു അദ്ധ്യാപകൻ അല്ലെങ്കിൽ ഒരു അദ്ധ്യാപിക അപമാനിക്കപ്പെടുമ്പോൾ കേരളമാണ് അപമാനിക്കപ്പെടുന്നത്. ഇത് നാഷണൽ ന്യൂസാണ്. ഇത്തരം കാര്യങ്ങൾ കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും നടക്കുന്നത് നമുക്ക് നല്ലതാണോ? സ്വാശ്രയ മാനേജ്മെന്റിന്റെ ആളുകളാണ് യു.ഡി.എഫ്. കാരെന്ന് നിങ്ങൾ പറയുന്നു. എന്താണ് ഈ സർക്കാർ വന്നയുടനെ ചെയ്തത്. ഉമ്മൻ ചാണ്ടി ഗവൺമെന്റ് അഞ്ച് വർഷം കൊണ്ട് മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് നാല് എഗ്രിമെന്റുണ്ടാക്കി 47000 രൂപയുടെ ഫീസ് മാത്രമാണ് ആകെ കൂട്ടിക്കൊടുത്തത്. എന്നാൽ നിങ്ങൾ വന്ന് ആദ്യത്തെ നൂറ് ദിവസത്തിനുള്ളിൽ 65000 രൂപ കൂട്ടിക്കൊടുത്തില്ലേ; 'നീറ്റ്' വന്നുവെന്നുള്ള പേരിൽ ഒറ്റയടിക്ക് 65000 രൂപ കൂട്ടിക്കൊടുത്തു. അപ്പോൾ നിങ്ങളാണോ ഞങ്ങളാണോ സ്വാശ്രയ മാനേജ്മെന്റിന്റെ കൂട്ടുകാർ? ഞങ്ങൾ നാല് കൊല്ലം കൊണ്ടാണ് 47000 രൂപ കൂട്ടിയത്. എന്നാൽ നിങ്ങളെല്ലാവരും ചേർന്ന് ഒറ്റയടിക്ക് കൂട്ടിക്കൊടുത്തു. പൊതുവിദ്യാഭ്യാസത്തെ നന്നാക്കിയെടുക്കണം.

രാഷ്ട്രീയമൊക്കെ മാറ്റിവയ്ക്കാം. കുട്ടികളുടെ എണ്ണം വളരെയധികം കുറയുന്നു; പൊതു വിദ്യാഭ്യാസ മേഖലയിൽ നിന്ന് ധാരാളം കുട്ടികൾ ഓപ്പ് ഔട്ട് ചെയ്യുകയാണ്. നമുക്ക് ദേശീയ നിലവാരത്തിലേയ്ക്ക് ഉയരാൻ സാധിക്കണം. അടിസ്ഥാന സൗകര്യ വികസനം വേണമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഇവിടെ പറയുന്നതു കേട്ടാൽ തോന്നും, പൊതുവിദ്യാഭ്യാസ രംഗത്ത് ആദ്യമായിട്ടാണ് അടിസ്ഥാന സൗകര്യ വികസനം വരുന്നതെന്ന്. കേരളത്തിൽ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിപ്ലവകരമായ മാറ്റമുണ്ടായത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. എല്ലാവർക്കും ഒരു കോടി രൂപയും രണ്ട് കോടി രൂപയും അഞ്ച് കോടി രൂപയും വച്ച് എം.എൽ.എ.-മാർക്ക് അസറ്റ് ഡെവലപ്മെന്റ് ഫണ്ട് കൊടുത്തപ്പോൾ പ്രതിപക്ഷത്തും ഭരണകക്ഷിയിലുമുള്ള എല്ലാ എം.എൽ.എ.-മാരും 75 ശതമാനവും മുടക്കിയത് കേരളത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ്. സർക്കാർ സ്കൂളുകളിൽ ആദ്യമായി ടോയ്‌ലെറ്റ്, പാചകപ്പുര, മനോഹരമായ കെട്ടിടങ്ങൾ ഇവയൊക്കെ ഉണ്ടായതും അന്നത്തെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിന്റെ കീഴിലാണ്. ഈ ഗവൺമെന്റ് ആ കാര്യത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന നടപടിയെ ഞാൻ സ്വാഗതം ചെയ്യുന്നു. നല്ല കാര്യമാണ്. നന്നായി പോകണം. പക്ഷെ അദ്ധ്യാപകരുടെ ഭൗതിക നിലവാരം ശരിയാക്കിയെടുക്കുന്നതോടൊപ്പം അദ്ധ്യാപകരുടെ സ്റ്റാൻഡേർഡ് വർദ്ധിപ്പിക്കാനുള്ള ഒരു പരിപാടിയോ academic qualitative improvement-നുള്ള ശ്രമമോ ഇതിന് സമാന്തരമായി നടത്തിയില്ലെങ്കിൽ നമ്മൾ പണം മുടക്കിയതുകൊണ്ടും അടിസ്ഥാന സൗകര്യമുണ്ടാക്കിയതുകൊണ്ടും മാത്രം കാര്യമുണ്ടാകില്ല. സർവ്വകലാശാലകളുടെ സ്ഥിതി എന്താണ്? ഞാൻ രാഷ്ട്രീയമല്ല പറയുന്നത്. ഈ സർവ്വകലാശാലകൾ ആർക്കുവേണ്ടിയാണ്? അവിടത്തെ സിൻഡിക്കേറ്റ് യോഗത്തിലെ മിനിട്ട്സ് ഒന്ന് വായിക്കണം. അതിൽ 95-98 ശതമാനം കാര്യങ്ങളും ജീവനക്കാരുടെയും അദ്ധ്യാപകരുടെയും അവിടത്തെ യൂണിയൻകാരുടെയും ട്രാൻസ്ഫറും മറ്റു കാര്യങ്ങളുമാണ്. വിദ്യാർത്ഥികളുടെ കാര്യം മാത്രമാണ് അവിടെ ചർച്ച ചെയ്യപ്പെടാത്തത്. അസാധാരണമായ രാഷ്ട്രീയ അതിപ്രസരമാണ് അവിടെ നടക്കുന്നത്. കോലാഹല സഭകളാണ് നമ്മുടെ സിൻഡിക്കേറ്റും സെനറ്റും യൂണിവേഴ്സിറ്റികളുമെല്ലാം. അവിടെ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണ്ടേ? നിങ്ങൾ അഞ്ച് വർഷം പൂർത്തിയാക്കും, അടുത്ത വർഷം വേറെ ഗവൺമെന്റ് വരും, ഗവൺമെന്റുകൾ ഇങ്ങനെ മാറിമാറി വരും. സർവ്വകലാശാലകൾ ഇങ്ങനെ പോയാൽ മതിയോ? സർവ്വകലാശാലകളുടെ നിലവാരം താഴേയ്ക്ക് പോകുകയല്ലേ? പ്ലസ് ടു-വിനെ ഡീലിങ്ക് ചെയ്തത്, റിസർച്ച് ഓറിയന്റഡാക്കിയത് ഉന്നത വിദ്യാഭ്യാസ നിലവാരം ഉയർത്താനാണ്. നമ്മുടെ യൂണിവേഴ്സിറ്റികളിൽ എന്താണ് നടക്കുന്നതെന്നുള്ള യാഥാർത്ഥ്യം ഇവിടെ ഇരിക്കുന്നവർക്കെല്ലാം നന്നായി അറിയാവുന്നതല്ലേ. ഞാൻ ഈ യൂണിവേഴ്സിറ്റികളെയൊന്നും ബുൾഡോസ് ചെയ്യണമെന്ന് പറയുന്നില്ല, ചെയ്യേണ്ടത് അതാണ്. പക്ഷെ, അവിടത്തെ ഇപ്പോഴത്തെ വ്യവസ്ഥിതി

തകർത്തില്ലെങ്കിൽ നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവി, ഈ നാടിന്റെ ഭാവിയാണ് തകരാൻ പോകുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇപ്പോൾ നടമാടിക്കൊണ്ടിരിക്കുന്ന കാര്യങ്ങൾകൊണ്ട് എന്തെങ്കിലും ഗുണമുണ്ടോ? അവിടത്തെ കരിക്കുലം, സിലബസ്, പഠനരീതി തുടങ്ങിയവ കുട്ടികൾക്ക് എന്തെങ്കിലും തരത്തിൽ പ്രയോജനപ്പെടുന്നതോ ഇന്ത്യയിലെ നിലവാരമുള്ള ഏതെങ്കിലും സർവ്വകലാശാലകളോട് ചേർത്ത് വയ്ക്കാൻ കഴിയുന്നതോ ആണോ? ഇത് ഗൗരവമായി പരിഗണിക്കണം. ഉന്നത വിദ്യാഭ്യാസ രംഗത്തും പൊതുവിദ്യാഭ്യാസ രംഗത്തും അടിസ്ഥാന സൗകര്യ വികസനം മാത്രമല്ല, ക്വാളിറ്റേറ്റീവായിട്ടുള്ള വിദ്യാഭ്യാസ സമ്പ്രദായം കൊണ്ടുവരാനുള്ള നിരന്തര ചർച്ചകളും വേണം. കരിക്കുലം കമ്മിറ്റിയിൽ കുറേ ആളുകളെ കഴിഞ്ഞ ഗവൺമെന്റ് കുത്തിനിറച്ചുവെന്ന് ഇവിടെ ആരോ പറഞ്ഞു. ഇപ്പോഴും സംഭവിച്ചത് അതൊക്കെ തന്നെയാണ്. അവരെല്ലാംകൂടി തയ്യാറാക്കുന്ന സിലബസ് നമ്മൾ നോക്കണം. നമ്മുടെ മക്കൾ പഠിക്കുന്ന സ്ഥാപനത്തിലെ സിലബസ് നോക്കിയാൽ മതി, നമ്മൾ അത്ഭുതപ്പെട്ടുപോകും. ഇതെല്ലാം കുട്ടികൾ പഠിച്ച് ഡിഗ്രി വാങ്ങിച്ചിട്ട് എന്ത് കാര്യമെന്ന് തോന്നും. ഒരുവിധം സൗകര്യമുള്ള ആളുകൾ ഇപ്പോൾ കേരളത്തിലെ കോളേജുകളിൽ കുട്ടികളെ പഠിപ്പിക്കാതെ പുറത്തുള്ള നല്ല കോളേജുകളിലേയ്ക്ക് കൊണ്ടുപോകാൻ തയ്യാറാവുകയാണ്. കാരണം, ഇവിടെ പഠിച്ചിട്ട് കാര്യമില്ലെന്നുള്ള തോന്നൽ രക്ഷകർത്താക്കളിലും കുട്ടികളിലും ഉണ്ടാകുന്നു. ഇത് ഈ ഗവൺമെന്റ് 11 മാസം കൊണ്ട് ഉണ്ടാക്കിവച്ച സ്ഥിതിയൊന്നുമല്ല, വർഷങ്ങളായി ഉണ്ടാക്കിയതാണ്. ഈ കുഴപ്പത്തിൽ നിന്ന് നമുക്ക് രക്ഷ നേടണം. വിദ്യാഭ്യാസം നമ്മുടെ ഭാവിയാണ്, കുഞ്ഞുങ്ങളുടെ ഭാവിയാണ്. അതിന് വളരെ കാര്യമാത്ര പ്രസക്തമായ സമന്വയം കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് ദീർഘകാലത്തേയ്ക്ക് ഉണ്ടാകണമെന്ന വിനീതമായ നിർദ്ദേശം വച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അഞ്ച് മന്ത്രിമാരാണ് സംസാരിക്കാനുള്ളത്. മന്ത്രിമാരുടെ മറുപടിക്ക് അര മണിക്കൂറാണ് നിശ്ചയിക്കാറുള്ളതെങ്കിലും പൊതുവെ ക്രമപ്രകാരമല്ല ഇവിടെ നടക്കുന്നത്. ചുരുങ്ങിയ വാക്കുകളിൽ ഇവിടെ വന്ന ചർച്ചയ്ക്ക് മറുപടി പറയാൻ ഈ സമയം ഉപയോഗപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, നിരവധി ക്രിയാത്മക നിർദ്ദേശങ്ങളും വിമർശനങ്ങളും ഈ ചർച്ചയിലുണ്ടായി. ഇവിടെ വന്ന നിർദ്ദേശങ്ങളും വിമർശനങ്ങളുമെല്ലാം വളരെ പോസിറ്റീവായി കാണുന്നു. എല്ലാം ഉൾക്കൊണ്ടുകൊണ്ട് അടുത്ത അദ്ധ്യയന വർഷം ഉയർന്ന രീതിയിൽ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ മുന്നോട്ട് കൊണ്ടു പോകണമെന്നുള്ളതാണ് വിദ്യാഭ്യാസ വകുപ്പിന്റെ കാഴ്ചപ്പാട്.

ഇവിടെ പല സംശയങ്ങളും പ്രകടിപ്പിക്കുകയുണ്ടായി. ശ്രീ. വി. ഡി. സതീശൻ അവസാനം പറഞ്ഞ സർവ്വകലാശാലയിലെ പ്രശ്നങ്ങളടക്കം നിലനിൽക്കുന്ന, നമ്മളെയെല്ലാം വേദനിപ്പിക്കുന്ന ഒരുപാട് അവസ്ഥകളുണ്ട്. അതെല്ലാം മാറ്റിയെടുക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. കേരളത്തിൽ വർഷങ്ങളായി ഉയർന്നുവന്ന വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ പതിനൊന്ന് മാസം കൊണ്ട് പൂർണ്ണമായും പരിഹരിക്കാൻ കഴിയില്ല. അതിനുള്ള ചുവടുവയ്പ്പുകളാണ് നമ്മൾ നടത്തുന്നത്. ആ ചുവടുവയ്പ്പുകൾ ദിശാബോധത്തോടെ ആണെങ്കിൽ, അതിനൊപ്പം കേരളം നിന്നാൽ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ ലോകത്തിന്റെ നെറുകയിൽ പുനഃസൃഷ്ടിക്കാൻ പറ്റുമെന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഒരു സംശയവുമില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ബദൽ നയത്തിൽ നിന്നുകൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഇവിടെ ആരംഭിച്ചിട്ടുള്ളത്.

ധനകാര്യ വകുപ്പ് വരിഞ്ഞുകെട്ടുന്നുവെന്ന് ഇവിടെ പലരും പറഞ്ഞു. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയുടെ ചരിത്രത്തിൽ ഇതുവരെയില്ലാത്ത നിക്ഷേപമാണ് നടക്കുന്നത്. ജി.ഡി.പി.-യുടെ ആറ് ശതമാനം തുക വിദ്യാഭ്യാസ മേഖലയിൽ നിക്ഷേപിക്കണമെന്നാണ് കോത്താരി കമ്മീഷൻ പറഞ്ഞത്. ഒരുപക്ഷേ, പൂർണ്ണമായും ശരിയാണോയെന്ന് അറിയില്ല. ഇന്ത്യയിലെ സംസ്ഥാനങ്ങളുടെയോ കേന്ദ്രത്തിന്റെയോ ചരിത്രം എടുത്ത് നോക്കിയാൽ അത് ഇതുവരെ നടന്നിട്ടില്ല. കേരളത്തിൽ കഴിഞ്ഞ 11 മാസത്തെ കണക്ക് വച്ച് നോക്കുമ്പോൾ, ജി.എസ്.ഡി.പി.-യുടെ കണക്ക് എന്റെ കയ്യിൽ കിട്ടിയിട്ടില്ലെങ്കിലും, ഒരു പ്രൊജക്ഷൻ വച്ച് നോക്കുമ്പോൾ, കേരളത്തിൽ ജി.എസ്.ഡി.പി.-യുടെ ഏകദേശം ആറ് ശതമാനത്തിൽ കൂടുതൽ തുക വിദ്യാഭ്യാസ രംഗത്ത് നിക്ഷേപിക്കുകയാണ്. അതിന്റെ പ്രധാനപ്പെട്ട കാരണം, കേരളത്തിലെ സർക്കാരിന്റെ ധനകാര്യ നിലപാടാണ്, ധനകാര്യ മന്ത്രിയും അതുപോലെ ധനകാര്യ വകുപ്പുമാണ് യഥാർത്ഥത്തിൽ അതിന്റെ ഊർജ്ജ സ്രോതസ്സ്. അത് കിഫ്ബിയിലൂടെയും ബജറ്റിലൂടെയും പല തരത്തിൽ വിദ്യാഭ്യാസ മേഖലയിൽ നിക്ഷേപിക്കപ്പെടുകയാണ്. അതുകൊണ്ടുതന്നെ ഇത് ഒരു ചരിത്രമായി മാറുമെന്ന് പ്രതീക്ഷിക്കുകയാണ്. നിരവധി വിമർശനങ്ങൾ ഇവിടെ വന്നതിൽ, ഏറ്റവും പ്രധാനമായി രണ്ടുമൂന്ന് പേർ ആവർത്തിച്ച് പറഞ്ഞത്, ഈ വർഷത്തെ പത്താം ക്ലാസ്സ് പരീക്ഷയുടെ പ്രശ്നങ്ങളാണ്. വളരെ നല്ല രീതിയിൽ, വളരെ ജാഗ്രതയുണ്ടാകണമെന്നുള്ള ആശയത്തിൽത്തന്നെയാണ് അതിനെ സമീപിച്ചത്. അതുകൊണ്ടുതന്നെ ഞാൻ വളരെ പോസിറ്റീവായി കാണുന്നു. എല്ലാ കാര്യത്തിലും ആ ജാഗ്രത സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് ഞാൻ ഉറപ്പുനൽകുകയാണ്. അതിനുവേണ്ടി മൂന്ന് നാല് കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുകയാണ്. ഇക്കാര്യം വളരെ കൃത്യമായി സംസ്ഥാന സർക്കാർ നേരത്തേ പറഞ്ഞുകഴിഞ്ഞതാണ്. സ്വകാര്യ ട്യൂഷൻ ഇനി കേരളത്തിൽ ഉണ്ടാകില്ല. അക്കാര്യത്തിൽ കർശന നിലപാടുകൾ സ്വീകരിക്കുമെന്നുള്ളത് വളരെ പ്രധാനപ്പെട്ട

ഒന്നാണ്. അതുപോലെ, ഒരു സംഘടനകൾക്കും പരീക്ഷ നടത്താൻ ആരും അനുവാദം കൊടുത്തിട്ടൊന്നുമില്ല. പക്ഷെ, ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള എല്ലാ പരീക്ഷകളും സർക്കാർ തന്നെ നേരിട്ട് നടത്തുകയാണ്. അതുപോലെ കേരളത്തിൽ ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള എല്ലാ പരീക്ഷകളും ടെക്സ്റ്റ്ബുക്ക് ബേസ്ഡായിട്ടുള്ള, ആരുടെയും intervention സാധ്യമല്ലാത്ത രീതിയിൽ, വളരെ ശാസ്ത്രീയമായ രീതിയിൽ ക്വസ്റ്റ്യൻ ബാങ്ക് ഉണ്ടാക്കാനുള്ള ശ്രമം വിദ്യാഭ്യാസ വകുപ്പ് ആരംഭിക്കുകയാണ്. ഇതുകൂടാതെ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കത്തക്ക രീതിയിൽ ഓൺലൈൻ ക്വസ്റ്റ്യൻ പേപ്പർ വരെ പരീക്ഷിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാവുകയാണ്. ഈ വർഷം പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ ഓണ പരീക്ഷയോ, ക്രിസ്തുമസ് പരീക്ഷയോ ഇവയിൽ ഏതെങ്കിലും ഒരെണ്ണം ഓൺലൈനായി നടത്തുമെന്നുള്ള കാര്യം ഞാൻ ഇവിടെ പറയുകയാണ്. വളരെ ജാഗ്രതയോടുകൂടി ഇവിടെ സൂചിപ്പിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുകയാണ്. ഓരോ പ്രശ്നത്തിനും ഞാൻ മറുപടി പറയാൻ ശ്രമിക്കുന്നില്ല.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഭാവിയിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് കൂടുതൽ ജാഗ്രത കാട്ടാനും സ്വകാര്യ /അദ്ധ്യാപക സംഘടനകളെ ചോദ്യം തയ്യാറാക്കുന്ന ജോലി ഏൽപ്പിക്കാതിരിക്കാനുമുള്ള നടപടികളെക്കുറിച്ചാണ് അങ്ങ് പറഞ്ഞത്. ഇത്തവണ കൃത്രിമം കാണിച്ച ആളുകളുടെ പേരിൽ എന്ത് നടപടിയുണ്ടായിട്ടുണ്ട്; അവർക്കെതിരെ ശിക്ഷാനടപടി എടുക്കാനുള്ള ഇനിഷ്യേറ്റീവ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, ശ്രീ. വി. ഡി. സതീശൻ പറഞ്ഞതിന് തുടർച്ചയായി പറയുകയാണ്. ഇത്തവണത്തെ പരീക്ഷയുമായി ബന്ധപ്പെട്ട് ഉണ്ടായ പ്രശ്നത്തിൽ വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അന്വേഷണം പകുതി വച്ച് നിർത്തിയെന്നോ; സ്പീഡ് കുറച്ചെന്നോ; ചുരുക്കിയെന്നോ ഉള്ള രൂപത്തിലുള്ള ധ്വനി വന്നു. അത് വേണ്ട, അത് ഏത് സ്പീഡിൽ പോകണോ അതേ സ്പീഡിൽത്തന്നെ അന്വേഷണം നടക്കുകയാണ്. ആരാണ് അതിന് ഉത്തരവാദിയെന്ന് കണ്ടെത്തിയാൽ ശക്തമായ നടപടിയെടുക്കും, ശക്തമായ ശിക്ഷയുമുണ്ടാകും.

N.S.Q.F. (National Skills Qualifications Framework)-നെക്കുറിച്ച് ഒന്നുരണ്ട് പരാമർശങ്ങൾ ഇവിടെ നടത്തുകയുണ്ടായി. കേരളത്തിലെ 20 സ്കൂളുകളിൽ ഈ വർഷം തന്നെ എൻ.എസ്.ക്യൂ.എഫ്. നടപ്പിലാക്കുകയാണ്. 28 സ്കൂളുകളിൽ എൻ.എസ്.ക്യൂ.എഫ്. നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ അപേക്ഷിച്ചു. പക്ഷെ, ഇരുപത് സ്കൂളുകൾക്ക് മാത്രമേ ഈ വർഷം കേന്ദ്ര സർക്കാർ അനുമതി നൽകിയുള്ളൂ. ആ ഇരുപത് സ്കൂളുകളിൽ ഈ വർഷം എൻ.എസ്.ക്യൂ.എഫ്. നടപ്പിലാക്കും. മാത്രമല്ല, കേരളത്തിൽ, കേരളത്തിന്റേതായ രീതിയിൽ എൻ.എസ്.ക്യൂ.എഫ്.

വ്യാപകമായി എല്ലാ സ്കൂളുകളിലും നടപ്പിലാക്കത്തക്ക രീതിയിൽ ഒരു പ്രോജക്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അതിൽ കേരളത്തിന്റെ രീതിയിൽ എന്ന ആശയം കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുണ്ട്. ആ രീതിയിൽ തനതായി എൻ.എസ്.ക്യു.എഫ്. കേരളത്തിൽ പൂർണ്ണമായി നടപ്പിലാക്കാനുള്ള സാഹചര്യവും ഉണ്ടാകും.

ഹയർ സെക്കണ്ടറി മേഖലയിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന്റെ പ്രശ്നങ്ങളൊക്കെ രാവിലെ ചോദ്യോത്തരവേളയിൽ പറഞ്ഞതാണ്. അതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. തീർച്ചയായും അത്തരത്തിലുള്ള പ്രശ്നങ്ങളെല്ലാം കുറച്ച് ദിവസങ്ങൾക്കുള്ളിൽ പരിഹരിക്കാൻ കഴിയും. ഏതായാലും ഒന്നാം തീയതി സ്കൂൾ ആരംഭിക്കുമ്പോൾ ഇത്തരം കുറേ പ്രശ്നങ്ങൾ പരിഹരിക്കാനും, അതുപോലെ പൂർണ്ണമായിട്ടുള്ള, ക്ലീൻ സ്ലേറ്റെന്ന രീതിയിൽ എല്ലാം ഒരുങ്ങികൊണ്ട് അക്കാദമിക് വർഷം ആരംഭിക്കാൻ പോവുകയാണ്. അത്തരത്തിലുള്ള ഒരു സമീപനം പൊതുവിൽ ഈ വർഷം സ്വീകരിച്ച കഴിഞ്ഞാൽ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റമുണ്ടാക്കാൻ നമുക്ക് കഴിയും. നേരത്തേ, ശ്രീ. കെ. ബി. ഗണേഷ് കുമാർ, പല സ്കൂളുകളിലും അദ്ധ്യാപകരെ മാറ്റുന്നു, പല തവണ മാറ്റുന്നുവെന്നുള്ള കാര്യം പറഞ്ഞു. അതൊന്നും അടുത്ത അക്കാഡമിക് വർഷത്തിൽ ആർക്കും ആരോപിക്കേണ്ടി വരില്ല. അദ്ധ്യാപക ട്രാൻസ്ഫറെല്ലാം ഈ അക്കാദമിക് വർഷം ആരംഭിക്കുന്നതിന് മുമ്പ് പൂർത്തിയാക്കും. തീർച്ചയായും ഒരു അക്കാദമിക് വർഷം പൂർണ്ണമായി ഒരു അദ്ധ്യാപകൻ പഠിപ്പിക്കുന്ന സാഹചര്യം തന്നെയുണ്ടാകും. ഈ സർക്കാർ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലെടുത്ത നിലപാടിൽ ഏറ്റവും പ്രധാനപ്പെട്ടത് അക്കാഡമിക് മികവ് വർദ്ധിപ്പിക്കുക എന്നുള്ളതാണ്. ആദ്യ പ്രിഫറൻസ് അക്കാദമിക് എക്സലൻസാണ്. അന്താരാഷ്ട്ര തലത്തിലേയ്ക്ക് കേരളത്തിന്റെ അക്കാദമിക് തലത്തെ ഉയർത്തണമെന്നുള്ളതാണ് പരമമായ ലക്ഷ്യം. അതിനാവശ്യമായ ഭൗതിക സാഹചര്യങ്ങളുണ്ടാക്കുന്നതിനാണ് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ഭൗതിക സാഹചര്യങ്ങളുടെ മാസ്റ്റർ പ്ലാനും അക്കാദമിക് മാസ്റ്റർ പ്ലാനും ചേർത്ത് കേരളത്തിന്റെ വിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. അതിന്റെ ഭാഗമായി കഴിഞ്ഞ വർഷം കുറേ തീരുമാനങ്ങളെടുത്തു. സമയമില്ലാത്തതുകൊണ്ട് ഒന്നുരണ്ടെണ്ണം സൂചിപ്പിക്കാം. കേരളത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും തുടക്കം കുറിച്ചു. ആ യജ്ഞം വളരെ പതുക്കെയാണ് പോകുന്നതെന്ന് ഒന്നുരണ്ട് ആളുകൾ ഇവിടെ പറയുന്നതുകേട്ടപ്പോൾ എനിക്ക് അത്ഭുതം തോന്നി. ഞാൻ സന്ദർശിച്ച എല്ലാ സ്ഥലങ്ങളിലും പൊതുവിദ്യാഭ്യാസം സംരക്ഷിക്കാൻ ജനങ്ങൾ വലിയ ശ്രമത്തിലും ആർജ്ജവത്തിലുമാണ്. ഓരോ സ്കൂളിന്റേയും ക്യാമ്പസ്സുകളിൽ ജനങ്ങൾ ഒത്തുചേരുന്നതുകണ്ടാൽ നമുക്ക് വല്ലാത്ത സന്തോഷമുണ്ടാകും. വലിയൊരു ആവേശം ജനങ്ങളിലുണ്ടായിട്ടുണ്ട്.

അതുതന്നെയാണ് കഴിഞ്ഞ ഒരു വർഷത്തെ ഏറ്റവും വലിയ വിജയമെന്ന് സർക്കാർ കാണുകയാണ്. ഭൗതിക സാഹചര്യങ്ങളും അക്കാദമിക് സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നാല് സ്കൂളുകൾ തുടക്കത്തിൽതന്നെ സർക്കാർ ഏറ്റെടുത്തു. അതുപോലെ നാല് മണ്ഡലങ്ങൾ ഹൈടെക്കാക്കി മാറ്റിക്കഴിഞ്ഞു. അതോടൊപ്പം 13112 സ്കൂളുകളിൽ ബ്രോഡ്ബാന്റ് കണക്ഷൻ നൽകിക്കഴിഞ്ഞു. അത് കേരളത്തിലെ ബാക്കി മണ്ഡലങ്ങളിലെ എല്ലാ ക്ലാസ്സുകളും ഹൈടെക് ആക്കി മാറ്റുന്നതിന്റെ തുടക്കമാണ്. സാധാരണ സ്കൂളുകളെ എയ്ഡഡ് സ്കൂളുകളാക്കി ഉയർത്താൻ ചില പ്രശ്നങ്ങളുണ്ടെന്നെല്ലാം ഇവിടെ ചിലർ പറയുകയുണ്ടായി. ഒന്ന് മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള സ്കൂളുകളിലെ പി.ഡി. അക്കൗണ്ടിൽ ഏകദേശം 46 കോടി രൂപയോളം ചെലവാകാതെ കിടക്കുന്ന തുക ആ സ്കൂളുകളിലെ ക്ലാസ്സുകൾ ഹൈടെക്കാക്കി മാറ്റുന്നതിനാവശ്യമായ ഒരുക്കങ്ങൾ ചെയ്യാൻ ഉപയോഗിക്കാമെന്നു പറഞ്ഞ് ഒരു ഓർഡർ ഇറങ്ങിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളും സർക്കാർ സ്കൂളുകളും ഹൈടെക്കാക്കി മാറ്റുന്നതിനുള്ള സാമ്പത്തിക പിൻബലം ഇതിലൂടെ ലഭിക്കുകയാണ്. ഇത് ഭൗതിക സാഹചര്യത്തിന്റെ ഭാഗമാണ്.

കേരളത്തിലാദ്യമായി ഒന്നര ലക്ഷം അദ്ധ്യാപകർക്ക് എട്ട് ദിവസത്തെ പരിശീലനം ഈ രണ്ട് മാസംകൊണ്ട് കഴിയുകയാണ്. അതിൽ പ്രൈമറി വിഭാഗത്തിലും യു.പി. വിഭാഗത്തിലുമുള്ള അദ്ധ്യാപകരുടെ പരിശീലനം കഴിഞ്ഞു. ബാക്കിയുള്ള അദ്ധ്യാപകരുടെ പരിശീലനം നടക്കുകയാണ്. കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ അക്കാഡമിക് തലത്തിൽ ഉയർത്തുന്നതിന് ഒന്നര ലക്ഷം അദ്ധ്യാപകർക്ക് ഐ.ടി.-യും അതുപോലെ മറ്റ് മേഖലകളെക്കുറിച്ചും പരിശീലനം നൽകിക്കൊണ്ടുള്ള വലിയൊരു ഇടപെടലാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇത്തരത്തിലുള്ള ഒരു ബാക് അപ് ഈ വർഷം നടക്കുകയാണെങ്കിൽ, സ്കൂളുകളെ ഹൈടെക്‌വൽക്കരിക്കാൻ കിഫ്ബിയിൽ നിന്ന് 400 കോടി രൂപ പാസ്സായിട്ടുണ്ട്. 2017-18 വർഷത്തിൽ കേരളത്തിലെ എല്ലാ സ്കൂളുകളിലേയും 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ പൂർണ്ണമായും ഹൈടെക്കാക്കി മാറ്റും. ഇത് കേരളത്തിന്റെ ഏറ്റവും വലിയ നേട്ടമായിരിക്കും. അതോടൊപ്പം ഐ.ടി. പരിശീലനം കൂടി നൽകുമ്പോൾ അതിനെ അക്കാദമിക് തലത്തിലേയ്ക്ക് ഉപയോഗിക്കാവുന്ന ഒരവസ്ഥയുണ്ടാകും. തുടർന്ന് എൽ.പി.,യു.പി. സ്കൂളുകൾ കൂടി ഹൈടെക്കാക്കുന്ന ഒരു പദ്ധതിയാണ് തുടർന്നുവരുന്നത്. ചുരുക്കത്തിൽ മൂന്ന് വർഷത്തിനുള്ളിൽ കേരളത്തിലെ എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി എന്നീ എല്ലാ സ്കൂളുകളും ഹൈടെക്കാകും. ഉന്നത വിദ്യാഭ്യാസ മേഖലയിലെ എല്ലാ കോളേജുകളും സർവ്വകലാശാലകളും ഡിജിറ്റലാകുമ്പോൾ വിദ്യാഭ്യാസ മേഖല ഡിജിറ്റലാകുന്ന ആദ്യത്തെ സംസ്ഥാനമായി കേരളം മാറാൻ പോകുകയാണ്. അതിനുള്ള ഒരു ശ്രമത്തിലാണ് സംസ്ഥാന സർക്കാർ നിൽക്കുന്നത്.

അതുപോലെ ആർ.എം.എസ്.എ. സ്കൂളുകൾ ഏറ്റെടുത്തു എന്നുള്ളത് കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. വളരെയധികം ദുരിതവും പ്രശ്നങ്ങളുമുണ്ടായിരുന്ന ഈ മേഖലയിൽ സർക്കാരിന് ഇടപെടാൻ കഴിയില്ല എന്നുള്ളതായിരുന്നു. കേന്ദ്ര സർക്കാരിന്റെ പദ്ധതിയനുസരിച്ചുള്ള ഈ മേഖല സംസ്ഥാന സർക്കാർ ഏറ്റെടുത്ത് ഇന്നത് പൂർണ്ണമായും സർക്കാർ സ്കൂളുകളാക്കി മാറ്റിയിരിക്കുകയാണ്. ഇന്ന് രാവിലെ അവിടത്തെ ചില പ്രശ്നങ്ങൾ ഒന്നുരണ്ട് എം.എൽ.എ.-മാർ ഉന്നയിച്ചു. അത്തരം ചില പ്രശ്നങ്ങൾ ഉണ്ടായേക്കാം. ആ പ്രശ്നങ്ങൾ തീർച്ചയായും പരിശോധിക്കുന്നതാണ്. എങ്ങനെയായാലും ആർ.എം.എസ്.എ. സ്കൂളുകൾ ഇന്ന് സർക്കാർ സ്കൂളുകളാണ്.

മാതൃഭാഷാ പഠനം നിർബന്ധമാക്കുന്നതിന്റെ ഭാഗമായി ഇവിടെ ബിൽ അവതരിപ്പിച്ചിരിക്കുന്നു. സ്കൂളുകളിൽ വിദ്യാഭ്യാസം കേവല പഠനവിഷയമല്ലെന്നും വിദ്യാഭ്യാസം സമഗ്രമാണെന്നും ഇവിടെ ആരോ പറഞ്ഞു. മനുഷ്യനെ മനുഷ്യനാക്കി മാറ്റുക എന്നുള്ളതാണ് വിദ്യാഭ്യാസത്തിന്റെ നിർവ്വചനം. ആ നിർവ്വചനം സാദ്ധ്യമാകത്തക്ക രീതിയിൽ കുട്ടികളുടെ വിവിധ തരത്തിലുള്ള കലാശേഷികളും കായികശേഷികളും മറ്റ് സർഗ്ഗശേഷികളും വികസിപ്പിക്കുന്നതിനുവേണ്ടി കലാ-കായിക-സാംസ്കാരിക പാർക്കുകളും ടാലന്റ് ലാബുകളും ആരംഭിക്കാനുള്ള ശ്രമം നടത്തുകയാണ്. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും ഒരു പാർശ്വവൽക്കരണമുണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. ആധുനികവൽക്കരണം വരുന്നതോടുകൂടി ഓട്ടിസം, ഡിസ്ലക്സിയ തുടങ്ങിയ അസുഖങ്ങൾ ബാധിച്ച കുട്ടികളെക്കൂടി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരേണ്ടതുണ്ട്. എങ്കിൽ മാത്രമേ വികസനമെന്നത് പാർശ്വവൽക്കരണമില്ലാത്ത ഒരു ജനതയെ സൃഷ്ടിക്കലാണെന്ന സങ്കല്പം യാഥാർത്ഥ്യമാക്കാൻ കഴിയുകയുള്ളൂ. അതിനുവേണ്ടിയാണ് എല്ലാ മണ്ഡലങ്ങളിലും ഓട്ടിസം പാർക്ക് തുടങ്ങത്തക്ക രീതിയിൽ ബജറ്റിൽതന്നെ നിർദ്ദേശങ്ങൾ വച്ചത്. ഇങ്ങനെ ധാരാളം കാര്യങ്ങൾ പറയാനുണ്ട്.

മി. സ്പീക്കർ: ഒരുപാട് കാര്യങ്ങൾ പറയാനുണ്ടെങ്കിൽ ചട്ടം 300 പ്രകാരം പിന്നീട് സഭയെ അറിയിക്കാവുന്നതാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, നേരത്തെ ശ്രീ. വി. ഡി. സതീശൻ അടക്കം സൂചിപ്പിച്ച ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയ മേഖല, എയ്ഡഡ് സർക്കാർ മേഖല എന്നീ രണ്ട് മേഖലകളുണ്ട്. അതിൽ സ്വാശ്രയ മേഖലയെ കുറിച്ച് ശ്രീ. രാജേഷ് സൂചിപ്പിച്ചതുകൊണ്ട് ഞാനത് വിശദീകരിക്കുന്നില്ല. സ്വാശ്രയ മേഖലയുടെ ഇന്നത്തെ അവസ്ഥ നമ്മളെയെല്ലാം വേദനിപ്പിക്കുന്നതാണ്. സ്വാശ്രയ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകളെ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുന്നതിനായി ജസ്റ്റിസ് ദിനേശൻ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. അദ്ദേഹം

വളരെ വിശദമായ ചർച്ചകൾ നടത്തിവരികയാണ്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വാശ്രയ മേഖലയെ നിയന്ത്രിക്കുമെന്ന് ഞാൻ ഈ അവസരത്തിൽ ഉറപ്പ് നൽകുകയാണ്. അതോടൊപ്പം എയ്ഡഡ്, സർക്കാർ, സർവ്വകലാശാലകൾ ഇതിനുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം ഡൽഹിയിൽ 'റൂസ'-യുടെ മീറ്റിംഗിന് കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രിയുണ്ടായിരുന്നു. ഞാനും ആ യോഗത്തിൽ പങ്കെടുത്തു. എല്ലാ സംസ്ഥാനങ്ങളിലേയും 'റൂസ'-യുടെ പ്രവർത്തനത്തെ കുറിച്ച് വിശദീകരണമുണ്ടായി. അതിൽ കേരളത്തിലെ 'റൂസ'-യുടെ പ്രവർത്തനത്തെയാണ് കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രി ഏറ്റവും കൂടുതൽ ശ്ലാഘിച്ചത്. സർവ്വകലാശാലകളെ മെച്ചപ്പെടുത്തുന്നതിനുവേണ്ടി കേരളത്തിലെ വിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്തു വരുന്ന പരിപാടിയാണ് ശാസ്ത്രയാൻ. സർവ്വകലാശാലകളിൽ നടക്കുന്ന ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും താഴെത്തട്ടിലേയ്ക്ക് എത്തിക്കുന്നതിനുമുള്ള ഇടപെടലാണ് ശാസ്ത്രയാൻ. കൊച്ചി യൂണിവേഴ്സിറ്റിയിലാണ് അത് നടന്നത്. അത് വിശദീകരിച്ചപ്പോൾ ഇന്ത്യയിലെ എല്ലാ സർവ്വകലാശാലകളിലും ശാസ്ത്രയാൻ പരിപാടി നടപ്പിലാക്കണമെന്നും അതിന് കേരളം മാതൃകയാണെന്നും വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുന്നത് ഞാൻ നേരിട്ട് കേട്ടതാണ്. അങ്ങനെ 'റൂസ'-യുടെ പ്രവർത്തനത്തിലൂടെ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഒരു ഹയർ എഡ്യൂക്കേഷൻ കൗൺസിൽ രൂപീകരിക്കത്തക്ക രീതിയിലുള്ള നീക്കങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അത് പൂർണ്ണമാകുമ്പോൾ ഒരു മാസ്റ്റർ പ്ലാനാകും. ആ മാസ്റ്റർ പ്ലാനിൽ കേരളത്തിലെ എല്ലാ കോളേജുകളും (എയ്ഡഡ്, സർക്കാർ, സർവ്വകലാശാലകൾ) സെന്റേഴ്സ് ഓഫ് എക്സലൻസ് ആക്കത്തക്ക രീതിയിലുള്ള ഒരു മാസ്റ്റർ പ്ലാനാണ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്. വരുന്ന നാല് വർഷത്തിനുള്ളിൽ മാക്സിമം NAAC അക്രെഡിറ്റേഷനിലേയ്ക്ക് എത്തിച്ചുകൊണ്ട് എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളേയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന മാസ്റ്റർ പ്ലാനാണ് രൂപീകരിക്കുന്നത്. ചുരുക്കത്തിൽ 1 മുതൽ 12 വരെ ക്ലാസ്സുകളുൾപ്പെടുന്ന പൊതുവിദ്യാഭ്യാസ രംഗത്തെ ജനകീയ ഇടപെടലും സ്വാശ്രയ മേഖലയെ നേരെയാക്കത്തക്ക രീതിയിൽ ജസ്റ്റിസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ടിനെ ആസ്പദമാക്കിയുള്ള ഇടപെടലും മറ്റ് ഉന്നത വിദ്യാഭ്യാസ മേഖലയിലെ മാസ്റ്റർ പ്ലാനിലൂടെയുള്ള ഇടപെടലും കേരളത്തിന്റെ എല്ലാ വിദ്യാഭ്യാസ മേഖലയിലും വളരെ കാര്യക്ഷമമായ ഇടപെടലും നടത്തുന്നതിലൂടെ മാതൃകാപരമായ ഒരു വിദ്യാഭ്യാസ മേഖല പടുത്തുയർത്താൻ കഴിയുമെന്ന് വിശ്വസിക്കുകയാണ്. ഇവിടെ ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങളേയും ഹൃദയം നിറഞ്ഞ് അഭിനന്ദിച്ചുകൊണ്ട് നിർത്തുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>): സർ, സ്പോർട്സിനെ ഏറെ സ്നേഹിക്കുന്നവരാണ് ഈ സഭയിലുള്ള എല്ലാ അംഗങ്ങളും. എങ്കിലും സമയ പരിമിതിമൂലം അവർ വളരെ കുറച്ച് കാര്യങ്ങൾ

മാത്രമാണ് സ്പോർട്സിനെക്കുറിച്ച് പറഞ്ഞത്. അതുകൊണ്ട് ഞാനും ആ പരിധിക്കകത്തുനിന്നുതന്നെ സംസാരിക്കാം. 'Sports for Life' എന്ന ആശയത്തിലൂന്നി ഒരു പുതിയ കായിക സംസ്കാരം കേരളത്തിൽ വളർത്തിയെടുക്കുന്നതിനുള്ള നിലപാടും നടപടികളുമാണ് സർക്കാർ സ്വീകരിക്കുന്നത്. കായിക രംഗത്ത് ഇന്ന് നിലനിൽക്കുന്ന കളിക്കാർ, കോച്ചുകൾ, അസോസിയേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ട് വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന എല്ലാവരെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള പദ്ധതികളാണ് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി കഴിഞ്ഞവർഷത്തെ ബജറ്റിൽ അനുവദിച്ച തുകയിൽനിന്നും ഈ വർഷത്തെ വാർഷിക ബജറ്റിൽ 40 ശതമാനത്തോളം വർദ്ധനവുണ്ടായിട്ടുണ്ട്. കിഫ്ബിയിൽ ഏകദേശം 500 കോടി രൂപയുടെയും പഞ്ചായത്ത് ഗ്രൗണ്ടുകൾക്ക് 135 കോടി രൂപയുടെയും പ്രൊപ്പോസലുകൾ തയ്യാറാക്കാനുള്ള നിർദ്ദേശമാണ് ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഭൗതിക പശ്ചാത്തലം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളുടെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. 14 ജില്ലാ സ്റ്റേഡിയങ്ങൾ പണിയുന്നതിന് സ്ഥലം ലഭ്യമായ ഏഴ് സ്ഥലങ്ങളിൽ കിഫ്ബിയിൽ സമർപ്പിക്കാനുള്ള ഡി.പി.ആർ. തയ്യാറായി കഴിഞ്ഞു. 25 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്റ്റേഡിയങ്ങളിൽ 18 എണ്ണത്തിന്റെ ഡി.പി.ആർ. തയ്യാറായിക്കഴിഞ്ഞു; ബാക്കിയുള്ളത് തയ്യാറായിക്കൊണ്ടിരിക്കുന്നു. സമയബന്ധിതമായി കിഫ്ബിയിൽ സമർപ്പിച്ച് ഈ പദ്ധതികളെല്ലാം ഈ വർഷം തന്നെ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം 'Sports for Life' എന്ന ആശയം നടപ്പിലാക്കുന്നതിനുവേണ്ടി 'സാക്ഷരതാ മിഷൻ' പോലെ കേരളത്തിൽ ഒരു 'കായികക്ഷമതാ മിഷൻ' ആരംഭിക്കാനുള്ള പ്രൊപ്പോസലുകൾക്ക് ആലോചന തുടങ്ങിക്കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അതിന്റെ യോഗം ചേർന്നു. ഇൻഡ്യയിൽ ആദ്യമായിട്ടാണ് ഒരു സംസ്ഥാനം ഇത്തരത്തിലുള്ള പ്രൊപ്പോസൽ കേന്ദ്ര സ്പോർട്സ് മന്ത്രിയുടെ മുമ്പിൽ അവതരിപ്പിച്ചത്. ഇൻഡ്യയ്ക്ക് മാതൃകയാക്കാവുന്ന രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയുമെന്നുള്ള അഭിപ്രായം അദ്ദേഹം രേഖപ്പെടുത്തുകയുണ്ടായി. ഏറ്റവും മാതൃകാപരമായ ആ പദ്ധതി കേരളത്തിൽ നടപ്പിലാക്കാൻ കഴിയും.

2020-ലെയും 2024-ലെയും ഒളിമ്പിക്സിനെ ലക്ഷ്യം വച്ച്, കേരളത്തിന് ധാരാളം സംഭാവനകൾ നൽകിയ സ്പോർട്സ് താരങ്ങളെ പ്രയോജനപ്പെടുത്തി പുതിയ തലമുറയെ ഒളിമ്പിക്സ് മെഡൽ എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ 'Operation Olympia' എന്ന പദ്ധതിയുടെ ഭാഗമായി 11 ഇനങ്ങളിൽ പ്രത്യേക പരിശീലനം നൽകും. നമുക്ക് മികവ് തെളിയിക്കാനും ഇപ്പോൾ പരീക്ഷിച്ചു കൊണ്ടിരിക്കുന്നതുമായ

11 ഇനങ്ങളിൽ ഇൻഡ്യയിലെ കോച്ചുമാരും വിദേശ കോച്ചുമാരും ഉൾപ്പെടെ പ്രത്യേക പരിശീലന പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അതോടൊപ്പംതന്നെ സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകൾ ഏറെ മികവോടുകൂടിയാണ് പ്രവർത്തിക്കുന്നത്. അവയുടെ സൗകര്യം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ ആലോചിക്കുകയാണ്. സ്കൂളുകളിലും കോളേജുകളിലും എയ്ഡഡ് കോളേജുകളിലുമൊക്കെ അനുവദിച്ചിട്ടുള്ള ഹോസ്റ്റലുകളിൽ ഇപ്പോൾ ഒരു പരിശോധന നടത്തുകയുണ്ടായി; ചില സ്ഥലത്ത് തെറ്റായ പ്രവണതകൾ നിലനിൽക്കുന്നുണ്ട്. അത് തിരുത്താനാവശ്യമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. അവിടെയും സ്പോർട്സ് താരങ്ങൾക്ക് സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നിലപാട് സ്വീകരിക്കുകയാണ്. ഒരു സ്പോർട്സ് യൂണിവേഴ്സിറ്റി അനുവദിക്കുമെന്ന് കേന്ദ്ര ഗവൺമെന്റ് പറഞ്ഞിരുന്നു. അത് നമ്മുടെ കായിക വികസനത്തിന് ഏറെ സഹായകമാകും. അതിനാവശ്യമായ സ്ഥലം നൽകണമെന്നാണ് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് സ്പോർട്സ് യൂണിവേഴ്സിറ്റി അനുവദിക്കുകയാണെങ്കിൽ അതിനാവശ്യമായ സ്ഥലം സംസ്ഥാന സർക്കാർ കണ്ടെത്തി നൽകാൻ തയ്യാറാണെന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. മൂന്നാറിലുള്ള ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റവും മികവാർന്ന രീതിയിലുള്ളതാണ്; ഇപ്പോൾ അവിടെ ഒരു പണിയും നടക്കുന്നില്ല. അവിടത്തെ പ്രത്യേകത എന്താണെന്നുവച്ചാൽ, കായിക പരിശീലനത്തിനും മറ്റെല്ലാ കാര്യങ്ങൾക്കും പ്രത്യേകതയുള്ള കാലാവസ്ഥയാണ്. മൂന്നാറിലെ സ്ഥലം പ്രയോജനപ്പെടുത്തി ആ ഇൻസ്റ്റിറ്റ്യൂട്ട് മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ കഴിയുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുകയാണ്.

ആരോഗ്യ രംഗത്ത് യോഗയുടെ പ്രാധാന്യം ഇപ്പോൾ എല്ലാവരും അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. സ്കൂൾ തലത്തിലുൾപ്പെടെ അത് പ്രയോജനപ്പെടുത്തുകയാണ്. സ്പോർട്സ് രംഗത്തും ഏറ്റവും പ്രധാനപ്പെട്ട ഒരിനമായി യോഗയ്ക്ക് ഇപ്പോൾ ദേശീയതലത്തിൽ അംഗീകാരം കിട്ടി. അതിന്റെ ആദ്യ മത്സരം കേരളത്തിൽ വച്ച് നടന്നു. ഏറ്റവും മികവോടുകൂടി അത് നിർവ്വഹിക്കാൻ കഴിയുമെന്ന് തെളിയിക്കപ്പെട്ടതാണ്; അത്തരത്തിൽ മുന്നോട്ടുപോകുകയാണ്. 'ചലോ ഇൻഡ്യ' പ്രോജക്ടിന്റെ ഭാഗമായി കഴിഞ്ഞ ദിവസം കേന്ദ്രമന്ത്രി ഇവിടെ വരികയും മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരെ സന്ദർശിക്കുകയും ചെയ്തു. തലശ്ശേരി ബ്രണ്ണൻ കോളേജിൽ സിന്തറ്റിക് ടർഫ് നിർമ്മിക്കുന്നതിനായി 8,60,00,000 രൂപ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കും. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ഫുട്ബോൾ അക്കാദമി സ്ഥാപിക്കാൻ കേന്ദ്രസഹായം ലഭ്യമാകുമെന്ന് ഉറപ്പാക്കിയിട്ടുണ്ട്. ആ കാര്യത്തിലും അടിയന്തര നടപടി സ്വീകരിക്കും. ഇവിടെ വന്ന മറ്റൊരു കാര്യം, 'ഫിഫ അണ്ടർ-17 വേൾഡ് കപ്പ് ഫുട്ബോളു'മായി ബന്ധപ്പെട്ടതാണ്. വേൾഡ് കപ്പുമായി ബന്ധപ്പെട്ട് വളരെ നേരത്തെ തയ്യാറെടുപ്പ് തുടങ്ങേണ്ടതാണ്. 4 വർഷംമുമ്പ് തുടങ്ങിയതാണ്. എന്നാൽ

നമ്മൾ ആ കാലഘട്ടത്തിൽ അനാസ്ഥ കാണിച്ചുവെന്നുള്ളത് വസ്തുതയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആ കാര്യത്തിൽ ഗൗരവമായ ഇടപെടൽ നടത്തി. നിർമ്മാണ പ്രവൃത്തികളിലും പരിശീലന ഗ്രൗണ്ടുകളുടെ കാര്യത്തിലും പ്രധാന വേദിയായിട്ടുള്ള ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലുള്ള പണികളും യുദ്ധകാലാടി സ്ഥാനത്തിൽ നടന്നുവരികയാണ്. ഫിഫ അധികൃതർ രണ്ട് തവണ സന്ദർശിച്ച് തൃപ്തി രേഖപ്പെടുത്തി പോയിട്ടുണ്ട്. ചില വർക്കുകൾ 15-ാം തീയതിക്കുള്ളിലും ചിലത് 30-ാം തീയതിക്കുള്ളിലും തീർക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. ആ വർക്കുകളൊക്കെ സമയബന്ധിതമായി തീർക്കുന്നതാണ്. അതിന്റെ ഭാഗമായി കേരളം 'അണ്ടർ-17 വേൾഡ് കപ്പ് മത്സരത്തിന് ആതിഥ്യമരുളുന്ന, ലോകത്തെയാകെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ കഴിയുന്ന ഫുട്ബോളിന്റെ മഹത്തായ മാമാങ്കം നടത്താൻവേണ്ടി സംസ്ഥാന സർക്കാർ എല്ലാ പരിശ്രമങ്ങളും നടത്തുകയും ആ മത്സരം ഇവിടെ നടത്താനുള്ള തയ്യാറെടുപ്പുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

മികച്ച കായിക താരങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട കാര്യം, ഇവിടെ ബഹുമാനപ്പെട്ട ശ്രീ. റ്റി. വി. രാജേഷ് എം.എൽ.എ. സൂചിപ്പിക്കുകയുണ്ടായി. വളരെ നേരത്തെ തീരുമാനിച്ചതാണെങ്കിലും 68 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിരുന്നില്ല. അവരുടെ നിയമനം നടത്തുന്നതിനുവേണ്ടി എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. താമസിയാതെ 68 പേർക്കും നിയമനം നൽകാൻ കഴിയും. വർഷത്തിൽ 50 സ്പോർട്സ് താരങ്ങൾക്കുള്ള നിയമനം 4 വർഷക്കാലമായി കുടിശ്ശികയാണ്. അവർക്ക് നിയമനം നൽകുന്നതിനുള്ള നടപടിയും സർക്കാർ തുടങ്ങിക്കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കഴിഞ്ഞദിവസം യോഗം ചേർന്നപ്പോൾ, കായിക വികസനത്തിന്റെ ഭാഗമായി സ്പോർട്സ് താരങ്ങളെ ആദരിക്കാൻ കഴിയുന്ന മികവാർന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും അവരുടെ ജീവിതം ഭദ്രമാക്കാനും അവരുടെ തുടർ പരിശീലനത്തിനും കഴിയുന്ന ജോലി ഉറപ്പാക്കണമെന്ന ലക്ഷ്യം വച്ചുകൊണ്ട് പി.എസ്.സി. നിയമനങ്ങളിൽ മിനിമം ഒരു ശതമാനമെങ്കിലും അവർക്ക് സംവരണം ചെയ്യണമെന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുകയാണ്. അതിനാവശ്യമായ നിയമനിർമ്മാണം നടത്തണമെന്നുള്ള രീതിയിലാണ് ആ കാര്യം ആലോചിച്ചിട്ടുള്ളത്.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്പോർട്സ് താരങ്ങളെ മുമ്പ് നിയമിച്ചിരുന്നു. ഇപ്പോൾ ആ കാര്യത്തിൽ അനാസ്ഥയാണുണ്ടായിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളിലെ അധികാരികളെ വിളിച്ചുവരുത്തി യോഗം നടത്തിയപ്പോൾ മികവ് തെളിയിച്ച സ്പോർട്സ് താരങ്ങൾക്ക് അവരുടെ ശേഷിക്കനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം നിയമനം നടത്താൻ തയ്യാറാണെന്ന് അറിയിക്കുകയുണ്ടായി. പി.എസ്.സി. നിയമനത്തിൽ ആവശ്യമായ ഭേദഗതിയുണ്ടാകണം. നിയമനം നടത്താൻ തയ്യാറാണെന്ന് അവർ പറഞ്ഞിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ കൂടി കായിക താരങ്ങൾക്ക് നിയമനം നൽകാനുള്ള നടപടികളിലേയ്ക്ക് സർക്കാർ നീങ്ങുകയാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, നാഷണൽ ഗെയിംസിൽ ഗ്രൂപ്പിനത്തിൽ മെഡൽ നേടിയ കായിക താരങ്ങളെ ഇതിന്റെ പരിധിയിലുൾപ്പെടുത്തുമെന്ന് ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലഘട്ടത്തിൽ പ്രഖ്യാപിച്ചിരുന്നു; എന്നാൽ അത് നടപ്പിലായില്ല. ഇപ്പോൾ അത് ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ നേരത്തെയുള്ള പ്രഖ്യാപനത്തിലുണ്ടായ കാലതാമസത്തെപ്പറ്റിയാണ് പറഞ്ഞത്. ആവശ്യമായ മുന്നറിയിപ്പും തീരുമാനവുമില്ലാതെ പ്രഖ്യാപനം നടത്തുകയാണ് ചെയ്തത്. അതിന്റെ ഭാഗമായി വന്ന വിഷയമാണിത്. കായിക താരങ്ങൾക്കാവശ്യമായ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാനാണ് ഗവൺമെന്റ് പരിശ്രമിക്കുന്നത്. എല്ലാ മേഖലയിലും ഈ രീതിയിലൊരു നിലപാട് സ്വീകരിക്കണമെന്നുള്ള അർത്ഥത്തിലാണ് ഗവൺമെന്റ് ഇത്തരമൊരു കാര്യം ചെയ്യുന്നത്. ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അത് സർക്കാർ പരിശോധിക്കുന്ന കാര്യമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്ത് നാഷണൽ ഗെയിംസ് നടന്ന സന്ദർഭത്തിൽ 7 ജില്ലകളിൽ പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അതുപോലുള്ള പുതിയ നിരവധി നിർമ്മാണ പ്രവർത്തനങ്ങളും നടന്നിട്ടുണ്ട്. ഇപ്പോൾ അത് സംരക്ഷിക്കുന്ന കാര്യത്തിൽ വേണ്ടത്ര ജാഗ്രതയില്ലെന്നുള്ള മാധ്യമ വാർത്തകൾ പുറത്തുവന്നിട്ടുണ്ട് (കൊല്ലത്തെ ഹോക്കി സ്റ്റേഡിയം പോലെയുള്ളവ). 7 ജില്ലകളിൽ നാഷണൽ ഗെയിംസിന്റെ സമയത്തുണ്ടാക്കിയ സ്റ്റേഡിയങ്ങളും മറ്റ് സ്ഥാപനങ്ങളും നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പ്രത്യേക ക്രമീകരണം ചെയ്യുമോ? അതോടൊപ്പം തന്നെ സ്പോർട്സ് ടാലന്റ് വർദ്ധിപ്പിക്കുന്നതിന് ഒരു കോളേജ് കേരളത്തിൽ ആരംഭിക്കുന്നതിനുവേണ്ടി അന്നത്തെ ഗവൺമെന്റ് ഇനിഷ്യേറ്റീവ് എടുത്തിരുന്നു. അതിന്റെ സ്ഥിതി എന്താണ്; അത് മുന്നോട്ടുകൊണ്ടുപോകുന്നതിന് ഗവൺമെന്റ് താല്പര്യപ്പെടുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, അങ്ങ് ചോദിച്ച ആദ്യത്തെ ചോദ്യം വളരെ ശരിയാണ്. ദേശീയ ഗെയിംസിന്റെ ഭാഗമായി നിർമ്മിച്ച നിരവധി സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധയില്ലാതെ കിടന്നിരുന്നുവെന്നത് വസ്തുതയാണ്. അത് ശ്രദ്ധിക്കാൻ കഴിയുന്ന രീതിയിലുള്ള സംവിധാനം സർക്കാർ ഏർപ്പെടുത്തുന്നതാണ്. ദേശീയ ഗെയിംസിന്റെ ഭാഗമായി എഞ്ചിനീയറിംഗ് വിംഗ് ഉണ്ടായിരുന്നില്ല. ഈ സർക്കാർ വന്നതിനുശേഷം 20 പേരെ ഉൾപ്പെടുത്തി ഒരു എഞ്ചിനീയറിംഗ് വിംഗ് രൂപീകരിച്ചു. അതിന്റെ ഭാഗമായുള്ള ശ്രദ്ധയും സ്പോർട്സ് കൗൺസിലുകളെ ശാക്തീകരിക്കുന്നതിനുള്ള പ്രവർത്തനവും കൂടിവരുമ്പോൾ, ഇപ്പോൾ ഉണ്ടായിട്ടുള്ള പുതിയ ഒരു ഉണർവ്, സ്പോർട്സ് ഒരു പ്രധാന ഇനമാണെന്ന് ജനങ്ങളുടെ ഇടയിൽ ഉണ്ടായിട്ടുള്ള പുതിയ അവബോധം ഇവയൊക്കെ സംരക്ഷിക്കാൻ കാരണമാകുമെന്ന് തോന്നുകയാണ്.

രണ്ടാമത്തെ ചോദ്യത്തിനുള്ള മറുപടി പരിശോധിച്ചതിനുശേഷം പിന്നീട് പറയാം. പ്രധാന ഇനങ്ങളിൽ മെഡൽ ലഭിച്ച കായിക താരങ്ങൾക്ക് നൽകുന്നതിനായി തുക നീക്കിവച്ചിരുന്നു. കഴിഞ്ഞ മൂന്ന് വർഷക്കാലമായി (2013 മുതൽ 2016 വരെ) അത് കുടിശ്ശികയുണ്ടായിരുന്നു. കുടിശ്ശികയിനത്തിൽ 2,78,12,775 രൂപയാണ് ഇപ്പോൾ കൊടുത്തുതീർത്തത്. സമയബന്ധിതമായി കാര്യങ്ങൾ നടക്കാത്ത രീതി പലപ്പോഴും ഉണ്ടായിട്ടുണ്ടെന്നാണ് ഞാൻ പറയുന്നത്. ഇത്തരം കാര്യങ്ങളിൽ കുറച്ചുകൂടി ശ്രദ്ധാപൂർവ്വമായ സമീപനം ഉണ്ടാകണമെന്ന തീരുമാനത്തിന്റെ ഭാഗമായി സമയബന്ധിത പരിപാടികൾക്കാണ് ഗവൺമെന്റ് നേതൃത്വം കൊടുക്കുന്നത്. ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്ക്, കണ്ണൂർ മുണ്ടവാടിയിൽ നീന്തൽക്കുളവും ടോയ്‌ലെറ്റ് കോംപ്ലക്സും കൊച്ചി പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, പാലക്കാട് മെഡിക്കൽ കോളേജിലെ ഫുട്ബോൾ സ്റ്റേഡിയത്തിന് പുൽത്തകിടി, ചുറ്റുമതിൽ നിർമ്മാണം എന്നീ പദ്ധതികൾക്കും ഈ വർഷം തുക വകയിരുത്തിയിട്ടുണ്ട്. മറ്റു വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കായിക സംഘടനകൾക്ക് ധനസഹായത്തിനുവേണ്ടി പ്രത്യേക പദ്ധതിയുണ്ട്. കായിക താരങ്ങൾക്ക് സ്പോർട്സ് യൂണിഫോം, ട്രാക്ക് സ്യൂട്ട്, സ്പോർട്സ് ഉപകരണങ്ങൾ എന്നിവ നൽകാനുള്ള പ്രത്യേക പദ്ധതി ഈ വർഷം നടപ്പാക്കിയിട്ടുണ്ട്. മികച്ച കായിക താരങ്ങൾക്ക്, പ്രത്യേകിച്ച് സംസ്ഥാനത്തെ അത്‌ലറ്റിക്സ്, നീന്തൽ, വോളിബോൾ, ബാസ്കറ്റ് ബോൾ, ഫെൻസിംഗ്, Taekwondo എന്നീ മത്സരങ്ങളിൽ കൂടുതൽ മികച്ച പരിശീലനം നൽകാൻ വേണ്ടി മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഏതെങ്കിലും ഒരു സ്കൂൾ ഏറ്റെടുത്ത് മാതൃകാ വിദ്യാലയമായി ഈ വർഷംതന്നെ ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഒളിമ്പിയ പദ്ധതിയെ സംബന്ധിച്ച് ഞാൻ നേരത്തെ പറഞ്ഞതുകൊണ്ട് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. സ്പോർട്സ് കൗൺസിൽ അവാർഡും മറ്റും കൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. യുവജന ക്ഷേമ ബോർഡിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള വിശദാംശങ്ങളും പദ്ധതികളും തയ്യാറാക്കിയിട്ടുണ്ട്. കൂടുതൽ സമയമെടുക്കുമെന്നുള്ളതുകൊണ്ട് അതിന്റെ വിശദീകരണത്തിലേയ്ക്ക് പോകുന്നില്ല. കേരളോത്സവം ഒരു ചടങ്ങായി നടന്നിരുന്ന രീതി മാറ്റി സംസ്ഥാനത്തെ ക്ലബ്ബുകളെ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കാനും അവസരം ലഭിക്കാത്ത ഗ്രാമീണ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കാൻ കഴിയുന്ന നിലപാടിലേയ്ക്ക് മികച്ച രീതിയിൽ കേരളോത്സവത്തെ പുനരുജ്ജീവിപ്പിക്കാനുള്ള നടപടികളും യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. വജ്ര കേരളത്തിന്റെ 'വജ്ര യുവത്വം' പദ്ധതിയുടെ ഭാഗമായി സംരംഭകത്വ വികസന പദ്ധതി, യുവസാഹിത്യ ക്യാമ്പ്, യൂത്ത് അവാർഡ്, യുവജനങ്ങൾക്കുള്ള കായിക വികസന പദ്ധതി, പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ മുതലായ പദ്ധതികൾ ഈ വർഷം പുതിയതായി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ഹൈബി ഈഡൻ: സർ, ഇന്ത്യൻ ഹോക്കിക്ക് അഭിമാനകരമായ നേട്ടം സമ്മാനിച്ച ആളാണ് ശ്രീ. പി. വി. ശ്രീജേഷ്. അദ്ദേഹത്തിന്റെ സ്വന്തം ജില്ല എറണാകുളമാണ്. എറണാകുളം ഏറ്റവും നല്ല ഹോക്കി ടീമുള്ള ഒരു സ്ഥലം കൂടിയായതുകൊണ്ട് മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ ആസ്ട്രോ ടർഫ് നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ? അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്ന വിഷയമാണ്.

ശ്രീ. എ. സി. മൊയ്തീൻ: സർ, മഹാരാജാസ് കോളേജ് ഗ്രൗണ്ട് ഇപ്പോൾ ഫിഫ അണ്ടർ-17 വേൾഡ് കപ്പിന്റെ പരിശീലന ഗ്രൗണ്ടായി ഉപയോഗിക്കുകയാണ്. കഴിഞ്ഞ ദിവസം ഇതിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കാനുള്ള റിവ്യൂ മീറ്റിംഗിൽ ഞാനും ശ്രീ. ഹൈബി ഈഡനും പങ്കെടുത്തിരുന്നു. അദ്ദേഹവും അവിടത്തെ മറ്റു കായിക പ്രേമികളും ഇക്കാര്യം ഉന്നയിച്ചിരുന്നു. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലം വച്ച് അക്കാര്യം പരിഗണിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അങ്ങയെ അറിയിക്കുകയാണ്. നേരത്തെ പലരും സൂചിപ്പിച്ചതുപോലെ, യുവജന പ്രശ്നങ്ങളിൽ ഇടപെടാനും നമ്മുടെ രാജ്യത്ത് എല്ലാവർക്കും യോജിക്കാൻ കഴിയുന്നൊരു വേദിയെന്ന നിലയിൽ സ്പോർട്സിനെ കൊണ്ടുവരാനും യുവാക്കളുടെ കർമ്മശേഷിയെ വഴിതിരിച്ച് വിടാനും സഹായിക്കുന്ന യൂത്ത് സെന്ററുകളുടെയും യൂത്ത് കോ-ഓർഡിനേറ്റർമാരുടെയും പ്രവർത്തനം ശക്തിപ്പെടുത്തിയെടുക്കേണ്ടതുണ്ട്. അവർക്ക് ശാസ്ത്രീയമായ പരിശീലനം നൽകാൻ കഴിയണം. മറ്റു യുവജന പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി പ്ലാൻ ചെയ്തിട്ടുണ്ട്. യൂത്ത് കമ്മീഷൻ പ്രവർത്തനങ്ങൾ, കോളേജുതല ബോധവത്കരണ പരിപാടികൾ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ പ്രത്യേക പരിപാടി എന്നിവ യൂത്ത് കമ്മീഷൻ തന്നെ ഏറ്റെടുത്ത് ബോധവത്കരണ പരിപാടി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ജില്ലാതല സെമിനാറും യൂത്ത് അവാർഡുകളും ദേശീയ സെമിനാറും ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള പരിശ്രമങ്ങളാണ് നടത്തുന്നത്. സ്പോർട്സ് രംഗത്ത് കുറച്ചുകൂടി ശ്രദ്ധചെലുത്താനും അതിന്റെ ഭാഗമായി കായിക വികസനം ഒരു പുതിയ സംസ്കാരത്തിലേയ്ക്ക് എത്തിക്കാനും കഴിയുന്ന സ്ഥിതിയുണ്ടാകണം. ബഹുമാന്യരായ രണ്ട് എം.എൽ.എ.-മാർ പറഞ്ഞ കാര്യങ്ങൾക്കുകൂടി മറുപടി പറഞ്ഞ് അവസാനിപ്പിക്കാം. അതിൽ ഒന്ന്, സ്പോർട്സ് അസോസിയേഷൻ ഭാരവാഹികളുടെ പ്രായം സംബന്ധിച്ചാണ്. പ്രായമായവർ മോശക്കാരാണെന്ന അഭിപ്രായം എനിക്കില്ല. അവർക്ക് അനുഭവസമ്പത്ത് ധാരാളം ഉള്ളതുകൊണ്ട് അതൊക്കെ നമ്മൾ വിലമതിക്കണം. സ്പോർട്സ് കൗൺസിൽ ഭാരവാഹികളുടെ പ്രായം 70 വയസ്സിൽനിന്ന് 80 വയസ്സാക്കി വർദ്ധിപ്പിച്ചത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. പ്രായമായവരുടെ അനുഭവ സമ്പത്ത് നമുക്ക് വിനിയോഗിക്കണം. കർമ്മോത്സുകരായ ആൾക്കാർ സ്പോർട്സ് അസോസിയേഷൻ ഭാരവാഹിത്വത്തിലേയ്ക്ക് കടന്നുവരണം. സംഘടനയ്ക്കകത്തും സംസ്ഥാനത്തും രാജ്യത്തിനകത്തും നിലനിൽക്കുന്ന

പ്രശ്നങ്ങളൊക്കെ ഒരു ജനാധിപത്യ ബോധത്തിന്റെ ഭാഗമായി അതത് സ്ഥലങ്ങളിൽ ഇടപെട്ട് തിരുത്താനും അവസരമുള്ള ആളുകൾക്ക് കടന്നുവരാനും കഴിയുന്ന രീതിയിൽ അതിനെ പുനഃസംഘടിപ്പിക്കണം. അത്തരത്തിലുള്ളൊരു നയത്തിലേയ്ക്ക് പോകേണ്ടതുണ്ട്. അക്കാര്യത്തിൽ നമുക്ക് ഇടപെടാൻ കഴിയുമെന്നാണ് സൂചിപ്പിക്കാനുള്ളത്. കാഞ്ഞിരപ്പള്ളിയിലെ സ്പോർട്സ് സ്കൂളിനെക്കുറിച്ച് ഡോ. എൻ. ജയരാജ് സൂചിപ്പിച്ചിരുന്നു. 2014-15 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതി ഇതുവരെ തുടങ്ങിയിട്ടില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ആ പദ്ധതി തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് അദ്ദേഹത്തെ അറിയിക്കുകയാണ്. ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങളോടും നന്ദി രേഖപ്പെടുത്തികൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: സർക്കാരിന്റെ വിവിധ പദ്ധതികളെ സംബന്ധിച്ച് സഭാംഗങ്ങൾക്ക് അറിയാനുള്ള അവസരം വേണമെന്നുള്ളത് അനിവാര്യമായ കാര്യമാണ്. ഡിമാന്റ് ഡിസ്കഷന്റെ ഭാഗമായി നമുക്കത് മുഴുവൻ പറയാൻ കഴിയാത്ത സാഹചര്യം വരാം. ചട്ടം 300 അനുസരിച്ചുള്ള പ്രത്യേക പ്രസ്താവനയായി അത് അറിയിക്കാവുന്നതാണ്.

4.00 PM]

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ബജറ്റിന്റെ ഭാഗമായി 79,602 കോടി രൂപയാണ് ഈ ധനാഭ്യർത്ഥനകളിന്മേലുള്ള ആകെ ഡിമാന്റ്. അതിൽ വിദ്യാഭ്യാസവും അനുബന്ധ വകുപ്പുകളുമായി ബന്ധപ്പെട്ടതൊഴിച്ച് ഏതാണ്ട് നാലിലൊന്ന് രൂപയാണ് (20,205 കോടി രൂപ) ഈ വകുപ്പ് കൈകാര്യം ചെയ്യുന്നത്. അതിനാൽ സംസാരിക്കുന്നതിന് കുറച്ച് സമയം ആവശ്യമായിട്ടുണ്ട്. മുൻപ് അവഗണിക്കപ്പെട്ട ഒരു വകുപ്പായിരുന്നു സാംസ്കാരിക വകുപ്പ്. ഇപ്പോൾ ശ്രദ്ധിക്കപ്പെടുന്ന ഒരു വകുപ്പായി മാറിയെന്നത് ബഹുമാനപ്പെട്ട മെമ്പർമാർ തന്നെ സൂചിപ്പിച്ചുകഴിഞ്ഞു. വർത്തമാനകാലത്ത് സ്വതന്ത്ര ഇന്ത്യയിൽ ഏറ്റവുമധികം വെല്ലുവിളി നേരിടുന്ന ഒരു രംഗമാണിത്. ബഹുഭാഷയിലും ബഹുസ്വരതയിലും വൈവിധ്യമാർന്ന സംസ്കാരങ്ങളിലും അധിഷ്ഠിതമായ ഭാരതീയ സാംസ്കാരിക പാരമ്പര്യത്തിന് ഊർജ്ജം പകർന്നുകൊണ്ടാണ് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകൃതമായത്. വ്യത്യസ്ത മതങ്ങളും അവർ സംഭാവന ചെയ്ത ആചാരങ്ങളും വേഷവിധാനങ്ങളും ആഘോഷങ്ങളും ഈ വൈവിദ്ധ്യത്തിന് മാറ്റുകൂട്ടിയിരുന്നു. ബഹുസ്വരതയുടെ സംരക്ഷണവും നിലനിൽപ്പും ഇന്ന് വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ ബഹുസ്വരത അവഗണിക്കപ്പെടുകയാണ്. ബഹുസ്വരത നമ്മുടെ ദേശീയതയുടെ ഭാഗമാണ്. ഏകശിലയിൽ വാർത്ത ഹിന്ദുത്വ ദേശീയതയാണ് ഇന്ത്യൻ ദേശീയതയെന്ന ശക്തമായ പ്രചരണം, ഭരണ സംവിധാനത്തെ

ഉപയോഗപ്പെടുത്തിക്കൊണ്ട് ഔപചാരിക തലത്തിൽതന്നെ ഏറ്റവും ശക്തമായി വരുന്നൊരു കാലഘട്ടമാണിത്. ഇതിനെ നമുക്ക് ശക്തിയായി നേരിടേണ്ടതുണ്ട്. സമീപകാലത്ത് നമ്മൾ കണ്ട നിരവധി പ്രശ്നങ്ങൾ ഇതിന്റെ ഭാഗമായി കാണേണ്ടതുണ്ട്. എന്ത് ഭക്ഷണം കഴിക്കണം, എന്ത് വേഷം ധരിക്കണം, ഏത് മതത്തിൽ വിശ്വസിക്കണം, മതാധിഷ്ഠിതമല്ലാതെ ജീവിക്കാൻ സാധിക്കുമോ; ഇതൊക്കെ ഇന്ന് ചോദ്യം ചെയ്യപ്പെടുകയാണ്. ഈ ഘട്ടത്തിലാണ് കേരളത്തിന്റെ നവോത്ഥാന പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത നവോത്ഥാന നായകന്മാരെ ഉപയോഗപ്പെടുത്തി മതനിരപേക്ഷതയിലൂന്നിയ വികാരത്തിലേയ്ക്ക് കേരളത്തെ കൊണ്ടുപോകുന്നതിന് ശക്തമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചത്. ശ്രീനാരായണഗുരുവിന്റെ 'നമുക്ക് ജാതിയില്ലാ' വിളംബരത്തിന്റെ നൂറാം വാർഷികവുമായി ബന്ധപ്പെട്ട് അവിശ്വസനീയമായ രൂപത്തിലാണ് കേരളം അത് ഏറ്റെടുത്തത്. കേരളത്തിലെ 14 ജില്ലകളിലും പതിനായിരങ്ങളെ ആകർഷിച്ചുകൊണ്ട് സെമിനാറുകളും ഏതാണ്ട് ആറായിരത്തോളം ലൈബ്രറികളെ ഉൾപ്പെടുത്തി കുടുംബസംഗമങ്ങളും സംഘടിപ്പിച്ചു. ഏഴര ലക്ഷത്തോളം ആൾക്കാരാണ് ഗുരുസന്ദേശം ഏറ്റെടുത്തത്. കേരളീയ നവോത്ഥാന പ്രസ്ഥാനത്തിന് നേതൃത്വംകൊടുത്ത നവോത്ഥാന മഹാരഥന്മാരുടെ പേരിൽ 14 ജില്ലകളിലായി 14 കൾച്ചറൽ കോംപ്ലക്സുകളാണ് രൂപംകൊള്ളാൻ പോകുന്നത്. ഓരോ കോംപ്ലക്സിനും മിനിമം 40 കോടി രൂപയാണ് വേണ്ടത്. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കേരള നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുകയാണ്. നാടകശാല, സിനിമാ തിയേറ്റർ, സംഗീതശാല, ഗാലറി, പുസ്തക കടകൾ, ചർച്ചകൾക്കും മറ്റുമുള്ള സെമിനാർ ഹാളുകൾ, ശിൽപ്പികൾക്കും കരകൗശലവിദ്യക്കാർക്കുമുള്ള പണിശാലകൾ, നാടക റിഹേഴ്സൽ സൗകര്യം, കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും ഹ്രസ്വകാലത്തേയ്ക്കുള്ള താമസസൗകര്യങ്ങൾ എന്നിവയെല്ലാം അടങ്ങുന്നതായിരിക്കും ഈ സാംസ്കാരിക സമുച്ചയം. ഇതിനാവശ്യമായ സ്ഥലം 7 ജില്ലകളിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ബാക്കി 7 ജില്ലകളിൽ സ്ഥലം കണ്ടെത്താനായിട്ടില്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ കൂടി പ്രത്യേകം ശ്രദ്ധിക്കണം. ഈ വർഷം സാംസ്കാരിക ഡയറക്ടറേറ്റിന് അനുവദിച്ച തുകയിൽ 100 ശതമാനവും ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്.

നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, ചലച്ചിത്രരംഗത്ത് വലിയ പ്രതിസന്ധിയുണ്ടായിരുന്നു. പത്തുവർഷങ്ങൾക്കുമുമ്പ് കേരളത്തിൽ ഏതാണ്ട് 1060 സിനിമാ തിയേറ്ററുകളുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 570 എണ്ണമാണുള്ളത്. ആവശ്യത്തിന് സിനിമ ലഭിക്കാത്തതിനാൽ ഗ്രാമപ്രദേശങ്ങളിലെ തിയേറ്ററുകൾ അടച്ചുപൂട്ടുന്ന സ്ഥിതിയുണ്ടായി. സമരങ്ങളും മറ്റ് അനാരോഗ്യകരമായ കച്ചവട താൽപ്പര്യങ്ങളുംമൂലം സിനിമാ നിർമ്മാണവും റിലീസിംഗും പ്രതിസന്ധിയിലായിരുന്നു. എന്നാൽ ഗ്രാമങ്ങളിലെ ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട കലാസ്വാദന ഉപാധിയായിരുന്ന സിനിമ വീണ്ടും ഗ്രാമങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള ഊർജ്ജിതമായ

പരിശ്രമമാണ് ഇപ്പോൾ നടക്കുന്നത്. ഈ തീരുമാനത്തിനനുസരിച്ച് പൊതുമേഖലയിൽ കെ.എസ്.എഫ്.ഡി.സി. (കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ) മുഖേന 100 തിയേറ്ററുകളും സ്വകാര്യ പങ്കാളിത്തത്തോടുകൂടി നാന്നൂറോളം തിയേറ്ററുകളുമടക്കം 500 തിയേറ്ററുകൾ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. വൈഡ് റിലീസിംഗ് കൂടി പ്രാപ്തമാക്കുന്ന ഉന്നത നിലവാരമുള്ള തിയേറ്ററുകളുടെ ഒരു ശൃംഖല സ്ഥാപിക്കുന്നതോടുകൂടി മലയാള സിനിമയെ ഗ്രസിച്ചിരിക്കുന്ന വലിയൊരു പ്രതിസന്ധിക്ക് പരിഹാരം കാണാനും സിനിമ ഒരു വ്യവസായമായി രൂപപ്പെടുത്താനും കഴിയും. പതിനായിരങ്ങൾക്ക് തൊഴിൽ ലഭിക്കുന്ന ഒരു മേഖലയായി ഇതിനെ മാറ്റിയെടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കെ.എസ്.എഫ്.ഡി.സി. ഇതിനകം 25 തിയേറ്ററുകൾ സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തിക്കഴിഞ്ഞു. ഈ പദ്ധതിക്ക് 100 കോടി രൂപ കിഫ്ബിയിൽ പ്രാഥമികമായി അനുവദിച്ചിട്ടുണ്ട്. ശ്രീ. വി. ഡി. സതീശന്റെ മണ്ഡലമായ വടക്കൻ പറവൂരിലെ ചിത്രാഞ്ജലി തിയേറ്ററിന്റെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഈ വർഷംതന്നെ 4 കോടി രൂപ ചെലവിൽ ചിറ്റൂരിലെ ചിത്രാഞ്ജലി തിയേറ്ററിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരിച്ച് ഫിലിം സിറ്റി സ്ഥാപിക്കുന്നതിന് 150 കോടി രൂപയും അന്താരാഷ്ട്ര ചലച്ചിത്ര മേളയ്ക്ക് സ്ഥിരംവേദി ഒരുക്കുന്നതിന് 150 കോടി രൂപയുടെ പദ്ധതിക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. സിനിമാരംഗത്ത് കാലാകാലമായി ഉയർന്നുകൊണ്ടിരിക്കുന്ന ഒരാവശ്യമായിരുന്ന ഇ-ടിക്കറ്റിംഗ് ഏർപ്പെടുത്താനുള്ള നടപടികൾ. അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന ശിപാർശയായ സിനിമാ റെഗുലേറ്ററി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നിയമനിർമ്മാണവും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അതിനാവശ്യമായ നടപടിയും ഗവൺമെന്റ് സ്വീകരിച്ചുകഴിഞ്ഞു. ചലച്ചിത്ര അക്കാദമിയുടെ അന്തർദ്ദേശീയ ഫിലിം റിസർച്ച് ആന്റ് സ്റ്റഡി സെന്റർ കഴക്കൂട്ടത്ത് കിൻഫ്രാ പാർക്കിൽ ഒരു മാസത്തിനകം നിർമ്മാണമാരംഭിക്കുന്നതാണ്. ഇതിനുപുറമെ തിയേറ്ററുകളില്ലാത്ത, സിനിമ അപ്രാപ്യമായ, ഗ്രാമീണ മേഖലകളിലും ആദിവാസി സെറ്റിൽമെന്റുകളിലും ഉന്നത നിലവാരമുള്ള സിനിമകൾ കാണിക്കുന്നതിനുവേണ്ടി കേരളത്തെ 3 മേഖലകളായി തിരിച്ച് ടൂറിംഗ് ടാക്കീസ് നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ചലച്ചിത്ര അവാർഡുകൾ കുറ്റമറ്റ രീതിയിൽ നിഷ്പക്ഷമായി പ്രഖ്യാപിക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത 2016-ലെ ഫിലിം അവാർഡ് ഏറെ ജനപങ്കാളിത്തത്തോടുകൂടിയാണ് പാലക്കാട് സംഘടിപ്പിച്ചത്. ഏതാണ്ട് ഒരു ലക്ഷത്തോളം പേർ ആ സദസ്സിലുണ്ടായിരുന്നു. 2017-ലെ അവാർഡ് വിതരണം തലശ്ശേരിയിൽ വച്ചുനടത്താനാണ് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരത്ത് മാത്രം കേന്ദ്രീകരിക്കുന്നതിനുപകരം മറ്റ് ജില്ലകളിൽ വച്ചും ഇത് നടത്തുകയാണ്. അന്തർദ്ദേശീയ ചലച്ചിത്രോത്സവം കെട്ടിലും മട്ടിലും നടത്തിപ്പിലും

ശ്രദ്ധേയമാക്കാൻ നമുക്ക് സാധിച്ചു. 21 വർഷം പൂർത്തീകരിച്ച അന്തർദ്ദേശീയ ചലച്ചിത്രോത്സവം ലോക ചലച്ചിത്രോത്സവങ്ങളുടെ ഇടയിൽ ഉന്നതമായ ഒരു സ്ഥാനം പിടിച്ചുപറ്റുന്നതിനുള്ള ഗുണപരമായ മാറ്റങ്ങളോടെ നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഏതാണ്ട് സ്തംഭനാവസ്ഥയിലായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒരു കോടി രൂപ മാത്രമായിരുന്നു ഇതിന്റെ വരുമാനം. എന്നാൽ കഴിഞ്ഞ ഒരു വർഷം കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവച്ചതിനെത്തുടർന്ന്, കഴിഞ്ഞ സാമ്പത്തിക വർഷം ഏഴ് കോടി രൂപയിലധികം പിരിച്ചെടുക്കാൻ കഴിഞ്ഞു. ഇതിന്റെ ഫലമായി ആയിരം രൂപ പെൻഷൻ നൽകിയിരുന്നത് 2000 രൂപയാക്കി ഉയർത്തി. 2059 പേർക്ക് പെൻഷനും 37 പേർക്ക് കുടുംബ പെൻഷനും നൽകി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചികിത്സാ ധനസഹായം 75000 രൂപയിൽ നിന്നും 1,50,000 രൂപയായും സാംസ്കാരിക വകുപ്പ് നൽകുന്ന കലാകാര പെൻഷൻ 750 രൂപയിൽ നിന്നും 1500 രൂപയായും വർദ്ധിപ്പിച്ചു. അക്കാദമികളിൽ ആയിരങ്ങളെ ആകർഷിക്കുന്ന വിധത്തിലുള്ള ഫലപ്രദമായ പ്രവർത്തനമാണ് നടക്കുന്നത്. സാഹിത്യ അക്കാദമിയുടെ 60-ാം വാർഷികത്തോടനുബന്ധിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന കലാപരിപാടികളുടെ ഔപചാരിക ഉദ്ഘാടനം 2016 ഒക്ടോബർ 5-ന് നടന്നു. തെന്നിന്ത്യൻ ഭാഷകളിലെ എഴുത്തുകാരുടെ സംഗമം, വിദ്യാരംഗം, സർഗ്ഗോത്സവം, ദക്ഷിണേന്ത്യൻ കവിതാ വിവർത്തന ശില്പശാല, സൈലന്റ് വാലിയിൽ പാരിസ്ഥിതിക ശിൽപ്പശാല, ദേശീയ പുസ്തകോത്സവം തുടങ്ങി ശ്രദ്ധേയമായ ഒട്ടേറെ പരിപാടികളാണ് സാഹിത്യ അക്കാദമി സംഘടിപ്പിച്ചിട്ടുള്ളത്. സംഗീത-നാടക അക്കാദമിയുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര നാടകോത്സവം, എം.എസ്.സുബ്ബലക്ഷ്മി ശതാബ്ദി സംഗീതോത്സവം, കൽപ്പാത്തി സംഗീതോത്സവം, തെരുവുനാടകങ്ങളുടെ അന്താരാഷ്ട്ര നാടകോത്സവം എന്നിവ ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചു. ലളിത കലാ അക്കാദമിയുടെ നേതൃത്വത്തിൽ ദേശീയ ചിത്രകലാ ക്യാമ്പ്, വിവിധ ജില്ലകളിൽ ചിത്രകലാ പ്രദർശനങ്ങൾ, ക്യാമ്പുകൾ എന്നിവയും സംഘടിപ്പിച്ചു. ഫോക്ക്‌ലോർ അക്കാദമി 2016 നവംബറിൽ 'ലാഹോർ 2016' എന്ന പേരിൽ ഒരു അഖിലേന്ത്യാ ഫോക്ക് ക്രാഫ്റ്റ് ആന്റ് പെയിന്റിംഗ് ശിൽപ്പശാല സംഘടിപ്പിച്ചു. രാജ്യത്തിനകത്തെ 150-ഓളം പാരമ്പര്യ കലാകാരന്മാർ ഇതിൽ പങ്കെടുത്തു. കലാമണ്ഡലം ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഒ.എൻ.വി. കുറുപ്പിന്റെ ഒന്നാം ചരമവാർഷികം സമുചിതമായി ആചരിച്ചു. 'നിള ഫെസ്റ്റ് ' എന്ന പേരിൽ നൃത്തസംഗീതോത്സവം സംഘടിപ്പിച്ചു. മറ്റ് സംസ്ഥാനങ്ങളിലെ കലാരൂപങ്ങൾ കേരളത്തിലേയ്ക്കും കേരളത്തിലെ കലാരൂപങ്ങൾ മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും എത്തിക്കുന്നതിനുള്ള പ്രധാനപ്പെട്ട ഒരു സാംസ്കാരിക

സമിതിയാണ് ഭാരത് ഭവൻ. വൈവിദ്ധ്യമാർന്ന 60 സാംസ്കാരിക കലാ സാഹിത്യ പരിപാടികളാണ് ഭാരത് ഭവൻ സംഘടിപ്പിച്ചത്. ഇതിനുപുറമേ പ്രതിമാസ നാടകോത്സവവും നടക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഭാരത് ഭവൻ ഏറ്റവും നന്നായി നടക്കുന്നത് മധ്യപ്രദേശിലാണ്. ഇവിടത്തെ സംഘാടകരോട് അതൊന്ന് കാണാൻ പറഞ്ഞാൽ അതൊരു നല്ല മാതൃകയായിരിക്കും. ആ രീതിയിൽ ഭാരത് ഭവൻ ഇവിടെ നടപ്പാക്കാൻ കഴിയുമോ എന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഭാരത് ഭവനും മലയാള മിഷനും കൂടി കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമുകൾ ഇന്ത്യയുടെ പല ഭാഗങ്ങളിലും സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നാല് മാസം മുമ്പ് ഹൈദ്രാബാദിൽ തെലുങ്കാന സ്റ്റേറ്റിന്റെയും കേരള സംസ്ഥാനത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മൂന്നുദിവസം നീണ്ടുനിൽക്കുന്ന കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാം സംഘടിപ്പിച്ചു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും വന്ന കലാകാരന്മാരും ഈ രംഗവുമായി ബന്ധപ്പെട്ട് താൽപ്പര്യമുള്ളവരും ഇത്തരത്തിലുള്ള കൾച്ചറൽ പ്രോഗ്രാം മറ്റ് സംസ്ഥാനങ്ങളിൽ നടത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. മഹാരാഷ്ട്ര, കൽക്കത്ത, ഡൽഹി, ബാംഗ്ലൂർ എന്നിവിടങ്ങളിൽ നിന്നുമുള്ള ആൾക്കാർ കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമിൽ പങ്കെടുത്തു. ഈ വർഷംതന്നെ മൂന്ന് നാല് സംസ്ഥാനങ്ങളിലെങ്കിലും കൾച്ചറൽ പ്രോഗ്രാമുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

പ്രവാസി മലയാളികളുടെ ഭാഷാ പഠനത്തിനും സാംസ്കാരിക ഏകോപനത്തിനും വേണ്ടിയാണ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ മലയാള മിഷൻ രൂപീകരിച്ചത്. ഇപ്പോൾ രാജ്യത്തിനകത്തും പുറത്തുമായി 750 പഠന കേന്ദ്രങ്ങളാണുള്ളത്. എന്നാൽ എല്ലാ മലയാളി പ്രവാസികൾക്കും മലയാള ഭാഷാ പഠനം സാധ്യമാക്കുന്നതിനും പ്രവാസ ജീവിതംമൂലം നഷ്ടപ്പെട്ടുപോയ കേരളത്തിന്റെ സാംസ്കാരിക പരിപാടികൾ അവരിലേയ്ക്ക് എത്തിക്കുന്നതിനും മലയാള മിഷനെ അടിമുടി നവീകരിക്കാനും പുനഃസംഘടിപ്പിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. എല്ലാ സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും മലയാള മിഷൻ ചാപ്റ്ററുകളും അതിനുകീഴിൽ മലയാള പഠന കേന്ദ്രങ്ങളും ആരംഭിക്കും. പ്രവാസി മലയാളികളുടെ സാംസ്കാരിക ഒത്തുചേരലിന് മലയാള മിഷൻ നേതൃത്വം നൽകും. 2016-17 സാമ്പത്തിക വർഷം 32,000 രൂപ വിലവരുന്ന പുസ്തക സമാഹാരങ്ങളുടെ 100 ലൈബ്രറികൾ പ്രവാസി മലയാളി സംഘങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. മലയാള ഭാഷ നിർബന്ധിത പഠനവിഷയമാക്കുന്ന ബിൽ ഈ നിയമസഭയിൽ അവതരിപ്പിക്കാനായതും മലയാള ഭാഷാ പഠനത്തിനും മലയാള മിഷനും വലിയ സഹായമാണ്. ഇന്ത്യയിൽ മാത്രമല്ല ഇന്ത്യയ്ക്ക് പുറത്തും സാംസ്കാരിക

വിനിമയ പരിപാടികൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ സർക്കാരിതര സാംസ്കാരിക കലാ സംഘങ്ങൾക്ക് സർക്കാർ സഹായം അനുവദിക്കുന്നതിനും അവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ഉന്നത സംവിധാനം കാര്യക്ഷമമല്ല. സർക്കാരിതര സംഘങ്ങൾക്ക് സഹായങ്ങൾ ലഭിക്കുന്നതിന് ഇപ്പോൾ മാനദണ്ഡ മായെടുത്തിട്ടുള്ളത് കടമ്മനിട്ട രാമകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടാണ്. എന്നാൽ ഇത് സംബന്ധിച്ച് പിൽക്കാലങ്ങളിലുണ്ടായ റിപ്പോർട്ടുകളുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ഇതിന്റെ ഭാഗമായി കേരള കൾച്ചറൽ കൗൺസിൽ രൂപീകരിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ആയിരം യുവകലാകാരന്മാർക്ക് ഡൈമണ്ട് ജൂബിലി ഫെല്ലോഷിപ്പ് ഏർപ്പെടുത്തുന്നതിനായി പതിമൂന്നര കോടി രൂപയാണ് ബജറ്റിൽ നീക്കിവച്ചിട്ടുള്ളത്. നൃത്തം, സംഗീതം, കഥകളി, ഓട്ടംതുള്ളൽ, നാടൻകലകൾ തുടങ്ങി വൈവിദ്ധ്യമാർന്ന മേഖലകളിലെ പെർഫോമിംഗ് ആർട്ടിസ്റ്റുകൾക്കാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിന്റെ സാംസ്കാരിക ചരിത്രവും പൈതൃകവും പരിചയപ്പെടുത്തുന്ന വിപുലമായ ഒരു ആർട്ട് മ്യൂസിയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. സിനിമാ തിയേറ്ററുകളിൽ ഇ-ടിക്കറ്റ് സംവിധാനം നടപ്പിലാക്കും. സിനിമാ റെഗുലേറ്ററി നിയമം കൊണ്ടുവരും. ചലച്ചിത്ര അക്കാദമിയുടെ ഇന്റർനാഷണൽ ഫിലിം റിസർച്ച് ആന്റ് സ്റ്റഡി സെന്ററിന്റെ നിർമ്മാണം ഈ വർഷംതന്നെ ആരംഭിക്കും. കെ.എസ്.എഫ്.ഡി.സി.-യുമായി ബന്ധപ്പെട്ട് ഈ വർഷം തന്നെ 25 തിയേറ്ററുകളുടെ നിർമ്മാണം ആരംഭിക്കും. സംഗീത-നാടക അക്കാദമി സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പുതിയ നാടക സംരംഭങ്ങൾക്ക് വേദിയൊരുക്കുന്നതിനായി സ്ഥിരം നാടകവേദിക്ക് രൂപം കൊടുക്കും. കേരള സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ കേരള അന്താരാഷ്ട്ര സാഹിത്യ പുസ്തകോത്സവം വിപുലമായി സംഘടിപ്പിക്കും. ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ ശിൽപ്പകലയുടെ പഠനത്തിനും പ്രചരണത്തിനുമായി പതിനാല് ജില്ലകളിലും ഓരോ സർക്കാർ സ്കൂളുകളിൽ ചരിത്ര സാംസ്കാരിക സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ശിൽപ്പങ്ങൾ സ്ഥാപിക്കും. കേരളത്തിലെ ജയിലുകളിൽ ആർട്ട് ഗ്യാലറി സ്ഥാപിക്കും. മെഡിക്കൽ കോളേജ്, കാൻസർ ആശുപത്രികൾ എന്നിവിടങ്ങളിൽ ആർട്ട് ഗ്യാലറികളും എക്സിബിഷനുകളും സംഘടിപ്പിക്കും. ഫോക്‌ലോർ അക്കാദമിയുടെ നേതൃത്വത്തിൽ തെയ്യം ഫെസ്റ്റ് സംഘടിപ്പിക്കും. അനുഷ്ഠാനകലകൾ, സ്കൂൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്നതിനായി ഡോക്കുമെന്ററി നിർമ്മിക്കും. ഭാരത് ഭവൻ ലിപിയില്ലാത്ത ഭാഷക്കാരുടെ സംഗമം, 'വാമൊഴി വഴക്കം' സംഘടിപ്പിക്കും. കേരള സാംസ്കാരിക ഭൂപടം തയ്യാറാക്കും. കലാമണ്ഡലത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും സൗജന്യ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ സ്റ്റുഡന്റ് കൾച്ചറൽ ടൂർ പ്രോഗ്രാം എന്ന ഒരു പുതിയ പദ്ധതി കൂടി ആവിഷ്കരിക്കുകയാണ്. കേരളത്തിലെ വിവിധ സാംസ്കാരിക

സ്ഥാപനങ്ങളെ പരിചയപ്പെടുത്തിക്കൊടുക്കുക എന്ന ഉദ്ദേശത്തോടുകൂടി ഒരു ടൂർ പ്രോഗ്രാം വിദ്യാർത്ഥികൾക്കുവേണ്ടി മാത്രമായി സംഘടിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇവിടെ പ്രതിപക്ഷത്തുള്ള കുറേ അംഗങ്ങൾ സംസാരിച്ചപ്പോൾ പല കാര്യങ്ങളും പറഞ്ഞു. അതിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കഴിഞ്ഞ ആഴ്ച ശ്രീ. എൽദോസ് കുന്നപ്പള്ളി സംസാരിക്കുന്ന സമയത്ത് ഈ ഗവൺമെന്റിന് കണ്ടകശനിയാണെന്ന് പറഞ്ഞു. ഒരു കണ്ടകശനിയും ഈ ഗവൺമെന്റിനില്ല എന്നുമാത്രമല്ല ശുക്രദശയിലാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നതെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ടും ഈ ഡിമാന്റ് അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, മൃഗശാലാ വകുപ്പിനെക്കുറിച്ച് യഥാർത്ഥത്തിൽ ആരും ചർച്ച ചെയ്തില്ല. അതുകൊണ്ട് തന്നെ കൂടുതൽ സമയം എടുക്കുന്നില്ല. തൃശ്ശൂരിൽ ഇപ്പോൾ പ്രവർത്തിക്കുന്ന State Museum and Zoo 1885-ൽ സ്ഥാപിതമായതാണ്. ഇപ്പോൾ വന്യമൃഗങ്ങൾക്കും പക്ഷികൾക്കും ആവശ്യമായ സ്ഥലസൗകര്യത്തിന്റെ പരിമിതിമൂലം കേന്ദ്രസർക്കാരിന്റെ കീഴിലുള്ള കേന്ദ്ര സൂ അതോറിറ്റി ഈ സ്ഥാപനത്തിന്റെ അംഗീകാരം ക്യാൻസൽ ചെയ്തു. 2000 മുതൽ അതിന് അംഗീകാരമില്ല. ഈ സാഹചര്യത്തിലാണ് ഇപ്പോഴത്തെ കാഴ്ചബംഗ്ലാവിലെ ജീവജാലങ്ങളെ തൃശ്ശൂരിനടുത്തുള്ള പുത്തൂരിലെ 136 ഹെക്ടർ വനമേഖലയിൽ ഒരു സുവോളജിക്കൽ പാർക്കിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള തീരുമാനം 2012-ൽ കൈക്കൊണ്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി ലോക പ്രശസ്ത സൂ ഡിസൈനറായ Jon Coe എന്ന വിദഗ്ദ്ധന്റെ മേൽനോട്ടത്തിൽ വിവിധ പ്രദർശന സ്ഥലങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുകയാണ്. 150 കോടി രൂപയുടെ പദ്ധതിക്ക് 2014-ൽ അംഗീകാരം നൽകി. എന്നാൽ ഇപ്പോൾ കണക്കാക്കിയിരിക്കുന്ന പദ്ധതി അടങ്കൽ 300 കോടി രൂപയാണ്. പദ്ധതിയുടെ പാരിസ്ഥിതികാനുമതിക്കായുള്ള അപേക്ഷ തയ്യാറാക്കി നൽകിയിട്ടുണ്ട്. അതിന്റെ അനുമതി ലഭ്യമാകുന്നത് അന്തിമഘട്ടത്തിലാണ്. പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ സെൻട്രൽ പി.ഡബ്ല്യു.ഡി. വഴി നടപ്പിലാക്കാനുള്ള അനുമതി 2016-ൽ ലഭ്യമായി. അതിന്റെ അടിസ്ഥാനത്തിൽ നാല് കൂടുകളുടെ വിശദമായ അടങ്കൽ തയ്യാറാക്കിയിട്ടുണ്ട്. 30 കോടി രൂപയാണ് അടങ്കൽ. ഏറ്റെടുത്തിട്ടുള്ള ജോലികൾ-(1) ഗ്രേറ്റ് ഏവിയറി, (2) നീലഗിരി ലംഗുറിന്റെ കൂട്, (3) സിംഹവാലൻ കുരങ്ങന്റെ കൂട്, (4) കാട്ടുപോത്തുകളുടെ കൂട് എന്നിവയാണ്. ഈ ജോലികളുടെ ധാരണാ പത്രം ഒപ്പിട്ടുകഴിഞ്ഞു. 6 കോടി രൂപ 31-3-2017-ന് കൈമാറിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. വനം വകുപ്പുമന്ത്രി ചെയർമാനും ധനകാര്യം, പ്ലാനിംഗ് വകുപ്പുകളിലെ സെക്രട്ടറിമാർ,

ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ഹൈപവർ കമ്മിറ്റി രൂപീകരിച്ചു കൊണ്ട് ഇതിന്റെ പ്രവർത്തനങ്ങൾ നീങ്ങിക്കഴിഞ്ഞിരിക്കുകയാണ്. കിഫ്ബിയിൽ നിന്നും 150 കോടി രൂപ പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനത്തിനുവേണ്ടി അനുവദിച്ചിട്ടുണ്ട്. ഈ വർഷം തന്നെ കാര്യമായ നിലയിൽ ഈ മൃഗശാലയുടെ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്നുള്ള പ്രതീക്ഷയാണുള്ളത്.

മറ്റൊന്ന്, തിരുവനന്തപുരം മൃഗശാലയാണ്. ഇവിടെ നിരവധി വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. നമ്മുടെ മൃഗശാലയിൽ ഇപ്പോൾ ഇല്ലാത്ത ജിറാഫ് നാലെണ്ണം വിദേശത്തുനിന്നും കൊണ്ടുവരുന്നതിനുള്ള ഏർപ്പാടുകൾ ആയിട്ടുണ്ട്. അതുപോലെ 5 സീബ്ര, 4 വൈറ്റ് ലയൺ, 2 ജാഗ്വാർ എന്നിവയെ കൊണ്ടുവരുന്നതിനുള്ള പ്രൊപ്പോസലിന് കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഉടൻ തന്നെ വിദേശ രാജ്യങ്ങളിൽ നിന്ന് അവയെ ഇവിടെ കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. മൃഗശാല സന്ദർശിക്കുന്നവർക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനുള്ള ചില പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളും ഉടൻ തന്നെ ആരംഭിക്കുന്നതാണ്. ഇന്ത്യയിലെ മറ്റ് മൃഗശാലകളിൽ നിന്നും കൈമാറ്റ വ്യവസ്ഥയിൽ ഇവിടെ കൂടുതലുള്ള മൃഗങ്ങളെ അങ്ങോട്ട് കൊടുത്ത് അവിടെ നിന്നും ചില മൃഗങ്ങളെ ഇവിടെ കൊണ്ടുവരാനും ഒരു വർഷത്തിനുള്ളിൽ തിരുവനന്തപുരം മൃഗശാലയിൽ കൂടുതൽ മൃഗങ്ങളെ എത്തിക്കാനും കൂടുതൽ സന്ദർശകർക്ക് ആവശ്യമായിട്ടുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നാണ് എനിക്ക് ഈ അവസരത്തിൽ അറിയിക്കാനുള്ളത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഈ ധനാഭ്യർത്ഥനയുടെ ഭാഗമായ പുരാവസ്തു മ്യൂസിയം, പുരാരേഖ വകുപ്പിലെ വിവിധ കാര്യങ്ങൾ സംബന്ധിച്ച് സമയക്കുറവുകൊണ്ട് ദീർഘമായി സംസാരിക്കുന്നില്ല. ഒന്നു രണ്ട് കാര്യങ്ങൾ മാത്രം ഹ്രസ്വമായി വിശദീകരിക്കുകയാണ്. പുരാവസ്തു വകുപ്പിന്റെ അധീനതയിൽ ഏതാണ്ട് 179-ഓളം സംരക്ഷിത സ്മാരകങ്ങളും ജില്ലാ പൈതൃക മ്യൂസിയങ്ങളും ഉൾപ്പെടെ 19 മ്യൂസിയങ്ങൾ നിലവിലുണ്ട്. പല സ്മാരകങ്ങളും ചിരപുരാതനവും ഘടനാപരമായി രൂപാന്തരങ്ങൾക്ക് വഴങ്ങാത്തവയും സ്ഥലസൗകര്യങ്ങൾ കുറവുള്ളതുമാണ്. ഇത്തരം സ്മാരകങ്ങളിൽ ഭിന്നശേഷി പദ്ധതിയുടെ പ്രായോഗികമായ ചില പരിമിതികളുണ്ടെങ്കിലും ഭിന്നശേഷി സൗഹൃദ പദ്ധതിയുടെ ഒന്നാംഘട്ടമായി വകുപ്പിന്റെ അധീനതയിലുള്ള 6 മ്യൂസിയങ്ങളിൽ ഭിന്നശേഷി സൗഹൃദ ശുചിമുറികളും പാർക്കിംഗ് മേഖലകളും നിർമ്മിക്കാനുള്ള പദ്ധതി ഇതിനകം സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. പുരാവസ്തു വകുപ്പിൽ നടക്കുന്ന വിവിധ പരിപാടികൾ ഞാൻ വിശദീകരിക്കുന്നില്ല. ഇടുക്കി ജില്ലയിൽ സ്ഥാപിച്ച ജില്ലാ പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണ ഉദ്ഘാടനം നിർവ്വഹിച്ചുകഴിഞ്ഞു. തൃപ്പൂണിത്തുറയിലെ

ഹിൽ പാലസ് മ്യൂസിയം, നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, കോഴിക്കോട് പഴശ്ശിരാജ മ്യൂസിയം എന്നിവയുടെ ആദ്യഘട്ട നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. സംരക്ഷിത സ്മാരകമായ മടവൂർപാറ ഗുഹാക്ഷേത്രം പരിസ്ഥിതി സൗഹൃദമാക്കി കുട്ടികളുടെ പാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പൊതു ജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ കണ്ടോന്താറിൽ പഴയ ബ്രിട്ടീഷ് കാലത്തുണ്ടായിരുന്ന ജയിൽ സംരക്ഷിത സ്മാരകമാക്കാനുള്ള പരിപാടികൾ ആരംഭിച്ചു. ബഹുമാനപ്പെട്ട റ്റി. വി. രാജേഷ് ആ പദ്ധതിയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മണ്ഡലത്തിലാണ് ആ പരിപാടി ആരംഭിച്ചിട്ടുള്ളത്.

സംസ്ഥാന ആർക്കൈവ്സ് വകുപ്പിൽ കമ്മ്യൂണിറ്റി ആർക്കൈവ്സിന്റെ രൂപീകരണം മുഖേന തദ്ദേശീയമായ സ്ഥലങ്ങളിൽ സൂക്ഷിച്ചിട്ടുള്ള അമൂല്യ രേഖകൾ പരിശോധിച്ച് ഏറ്റെടുക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ പാണ്ടിക്കാട്, ചെമ്പ്രശ്ശേരി ഗ്രാമങ്ങളിൽ വൻ ജനകീയ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. താളിയോല രേഖകളുടെയും പേപ്പർ രേഖകളുടെയും ഡിജിറ്റലൈസേഷൻ നടത്തിവരുന്നു. അന്തർദ്ദേശീയ പ്രാദേശിക തലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രമുഖ വ്യക്തികളുടെ കയ്യൊപ്പും കയ്യക്ഷരവും പൂർണ്ണവിവരവും പ്രദർശിപ്പിച്ചുകൊണ്ട് കയ്യൊപ്പ് രേഖാലയ മ്യൂസിയം നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു.

പുരാരേഖ വകുപ്പിലെ താളിയോല രേഖകൾ യുനെസ്കോയുടെ കീഴിലുള്ള ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ഒരു കൺസൾട്ടന്റിനെ നിയോഗിക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ലോക പൈതൃകദിനാഘോഷം 2017 ഏപ്രിൽ 18-ന് തലസ്ഥാന നഗരിയിൽ സെൻട്രൽ ആർക്കൈവ്സിൽ വച്ച് വിവിധ പരിപാടികളോടെ ആചരിക്കുകയുണ്ടായി.

മ്യൂസിയം വകുപ്പിൽ കോഴിക്കോട് ആർട്ട് ഗ്യാലറി കൃഷ്ണമേനോൻ മ്യൂസിയത്തിൽ ആധുനികരീതിയിലുള്ള 3D തിയേറ്റർ നിർമ്മിച്ച് പൊതുജനങ്ങൾക്ക് തുറന്നു കൊടുത്തിട്ടുണ്ട്. തിരുവനന്തപുരം മ്യൂസിയം മൃഗശാലാ വകുപ്പ് ഡയറക്ടറേറ്റിൽ കുട്ടികൾക്ക് ആധുനിക രീതിയിൽ ചിൽഡ്രൻസ് പാർക്ക് നിർമ്മിച്ച് തുറന്നുകൊടുത്തു. ഗാർഡൻ സെക്ഷനിൽ പുതിയ ഗാർഡൻ ഓഫീസ് മന്ദിരം നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്. ശ്രീചിത്രാ ആർട്ട് ഗ്യാലറി നവീകരിച്ച് പ്രദർശനത്തിനായി തുറന്നുകൊടുത്തു. ഇതുപോലുള്ള വിവിധ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ ചന്തപ്പുരയിൽ തെയ്യം മ്യൂസിയം സ്ഥാപിക്കാനുള്ള പരിപാടി കൂടി ആരംഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ കുങ്കിച്ചിറയിൽ പുതിയ ഹെറിറ്റേജ് മ്യൂസിയം പൂർത്തീകരിച്ചു. ഈ സാമ്പത്തിക വർഷം തന്നെ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതാണ്. കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരിക്കോട്ട, തൃശ്ശൂർ ജില്ലയിലെ പള്ളിപ്പുറം കോട്ട, ഇടുക്കി ജില്ലയിലെ മുനിയറകൾ എന്നിവയുടെ സംരക്ഷണ പണികൾ നടത്തുന്നതാണ്. ചുവർ ചിത്രങ്ങളുടെ സംരക്ഷണത്തിനും സമഗ്ര

പരിപാലനത്തിനുമായി പദ്ധതി ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതാണ്. പുരാരേഖ വകുപ്പിൽ രേഖകളുടെ ഡിജിറ്റലൈസേഷൻ പദ്ധതി പ്രകാരം 6 ലക്ഷം പേപ്പർ രേഖയും 2 ലക്ഷം ചുരുണ ലീഫുകളും സി-ഡിറ്റ് മുഖേന ഡിജിറ്റലൈസേഷൻ വകുപ്പിൽ കയ്യൊപ്പ് രേഖാലയ മ്യൂസിയം നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കോമ്പാറയിൽ വകുപ്പ് ഉദ്ഖനന പ്രവർത്തനങ്ങൾ നടത്തുകയും നന്നങ്ങാടികൾ ഉൾപ്പെടെയുള്ള ഒട്ടേറെ പൗരാണിക അവശിഷ്ടങ്ങൾ കണ്ടെത്തുകയും ചെയ്തു. ഇത്രയും കാര്യങ്ങളാണ് ഇവിടെ സൂചിപ്പിക്കാനുള്ളത്. ഈ ചർച്ചയിൽ ബഹുമാനപ്പെട്ട അംഗങ്ങളാരും പുരാവസ്തു-മ്യൂസിയം-പുരാരേഖാ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നും പറഞ്ഞിട്ടില്ല എന്നത് വസ്തുതയാണ്.

മി. സ്പീക്കർ: ആരും ഉന്നയിച്ചിട്ടില്ല. ഇനി ഉന്നയിക്കേണ്ട എന്നാണ് അദ്ദേഹം പറയുന്നത്. ഇത്രയും ദീർഘമായ ചർച്ച നടന്നിട്ടും ഒരാളും പുരാവസ്തു വകുപ്പിനെക്കുറിച്ച് ഒന്നും ഉന്നയിക്കാതെ ഇപ്പോൾ എഴുന്നേറ്റ് ആരും ചോദിക്കേണ്ട എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അതുകൊണ്ട് ഇരിക്കാം. അനുവദിക്കുന്നില്ല.

സർവ്വശ്രീ എ.പി. അനിൽ കുമാർ, സണ്ണി ജോസഫ്, അബ്ദുൽ ഹമീദ്. പി., വി. കെ. ഇബ്രാഹിം കുഞ്ഞ്, അനിൽ അക്കര, എം. ഉമ്മർ, സി. മമ്മൂട്ടി, ടി. വി. ഇബ്രാഹിം, എൻ. ഷംസുദ്ദീൻ, പാറക്കൽ അബ്ദുല്ല, പി. ഉബൈദുള്ള, വി. ഡി. സതീശൻ, അടൂർ പ്രകാശ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എൻ. എ. നെല്ലിക്കുന്ന്, പി. ടി. തോമസ്, റോഷി അഗസ്റ്റിൻ എന്നീ അംഗങ്ങൾ വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-2018 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ ...............

പ്രതികൂലിക്കുന്നവർ .............

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u> :

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. ആന്റണി ജോൺ
3. ശ്രീ. പി. വി. അൻവർ
4. ശ്രീ. എ. എം. ആരിഫ്
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ

28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. മുരളി പെരുനെല്ലി
36. ശ്രീ. സി. കെ. നാണു
37. ശ്രീ. എം. നൗഷാദ്
38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. എ. പ്രദീപ്കുമാർ
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീ. പുരുഷൻ കടലുണ്ടി
42. ശ്രീ. പി. ടി. എ. റഹീം
43. ശ്രീ. എം. രാജഗോപാലൻ
44. ശ്രീ. കെ. രാജൻ
45. ശ്രീ. എസ്. രാജേന്ദ്രൻ
46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ

57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. വി. ശശി
59. ശ്രീ. ഐ. ബി. സതീഷ്
60. ശ്രീ. ബി. സത്യൻ
61. ശ്രീ. എ. എൻ. ഷംസീർ
62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
63. ശ്രീ. ജി. സുധാകരൻ
64. ശ്രീ. വി. ആർ. സുനിൽ കുമാർ
65. ശ്രീ. വി. എസ്. സുനിൽ കുമാർ
66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
67. ശ്രീ. കെ. സുരേഷ് കുറുപ്പ്
68. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
69. ശ്രീ. പി. തിലോത്തമൻ
70. ശ്രീ. തോമസ് ചാണ്ടി
71. ശ്രീ. പി. ഉണ്ണി
72. ശ്രീ. കെ. വി. വിജയദാസ്
73. ശ്രീ. ഇ. കെ. വിജയൻ
74. ശ്രീ. പിണറായി വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. അടൂർ പ്രകാശ്
4. ശ്രീ. അനിൽ അക്കര
5. ശ്രീ. എ. പി. അനിൽ കുമാർ
6. ശ്രീ. അനൂപ് ജേക്കബ്
7. ശ്രീ. അൻവർ സാദത്ത്
8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
9. ശ്രീ. വി. ടി. ബൽറാം
10. ശ്രീ. പി. കെ. ബഷീർ

11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. ഹൈബി ഈഡൻ
13. ശ്രീ. ടി. വി. ഇബ്രാഹിം
14. ശ്രീ. സി. മമ്മൂട്ടി
15. ഡോ. എം. കെ. മുനീർ
16. ശ്രീ. കെ. മുരളീധരൻ
17. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
18. ശ്രീ. ഉമ്മൻ ചാണ്ടി
19. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ശ്രീ. രമേശ് ചെന്നിത്തല
21. ശ്രീ. റോജി എം. ജോൺ
22. ശ്രീ. കെ. എസ്. ശബരീനാഥൻ
23. ശ്രീ. വി. പി. സജീന്ദ്രൻ
24. ശ്രീ. എൻ. ഷംസുദ്ദീൻ
25. ശ്രീ. വി. ഡി. സതീശൻ
26. ശ്രീ. വി. എസ്. ശിവകുമാർ
27. ശ്രീ. സണ്ണി ജോസഫ്
28. ശ്രീ. പി. ഉബൈദുള്ള
29. ശ്രീ. എം. ഉമ്മർ
30. ശ്രീ. എം. വിൻസെന്റ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 74

പ്രതികൂലിക്കുന്നവർ - 30

നിക്ഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ...... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മേയ് മാസം 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും

സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 4.23-ന് പിരിഞ്ഞു.)

## അനുബന്ധം 1

## തിരുത്തിയ ഉത്തരം

### അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർ

(*235) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ഇ. പി. ജയരാജൻ :
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ഖജനാവിൽ നിന്ന് ശമ്പളം പറ്റുന്ന അഞ്ച് ലക്ഷത്തിൽ അധികം വരുന്ന ജീവനക്കാരിൽ ഇരുപത്തിയേഴ് ശതമാനം വരുന്ന എയ്ഡഡ് സ്കൂൾ/കോളേജുകളിലെ അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരിൽ എത്ര ശതമാനം പേർ പട്ടികജാതി/പട്ടികവർഗ്ഗക്കാരുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) സർക്കാർ ഖജനാവിൽ നിന്നും ശമ്പളം നൽകുന്നതിനാൽ വിദ്യാഭ്യാസ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് ഈ മേഖലയിൽ കൂടി സംവരണം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പരിഗണിക്കുമോ ;

(സി) സർക്കാർ ജീവനക്കാരുടെ എണ്ണം കുറയ്ക്കുകയും പകരം കരാർവൽക്കരണവും സ്വകാര്യവൽക്കരണവും കേന്ദ്ര സർക്കാർ നയമായി മാറുകയും ചെയ്തിട്ടുള്ളതായി സർക്കാരിന് അറിവുണ്ടോ; എങ്കിൽ ഈ മേഖലകളിൽ കൂടി സംവരണം ഏർപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ,

(എ) കണക്കെടുത്തു വരുന്നു.

(ബി) എയ്ഡഡ് കോളേജുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളിൽ ഉചിതമായ സംവരണം ഏർപ്പെടുത്തുന്നത് ഉറപ്പാക്കണമെന്ന് 32393/2010 തുടങ്ങിയ റിട്ട് ഹർജികളിൽ 25-2-2015-ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധി ന്യായത്തിന്മേൽ എയ്ഡഡ് മാനേജ്മെന്റുകൾ സ്റ്റേ സമ്പാദിച്ചിട്ടുണ്ട്. ഈ കേസുകളിൽ അന്തിമവിധി പുറപ്പെടുവിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്. ഈ മേഖലയിൽ കൂടി സംവരണം ഏർപ്പെടുത്തുന്ന കാര്യം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നത് പരിശോധിക്കുന്നതാണ്.

# അനുബന്ധം 2

## 27-4-2017-ലെ ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയ്ക്കുള്ള തിരുത്തൽ സ്റ്റേറ്റ്മെന്റ്

2017 ഏപ്രിൽ 27-ന് ചട്ടം 300 അനുസരിച്ച് സഭയിൽ നടത്തിയ പ്രസ്താവനയിൽ തിരുത്തൽ നടത്തിക്കൊണ്ട് ബഹു. മുഖ്യമന്ത്രി മേശപ്പുറത്തുവച്ച് സ്റ്റേറ്റ്മെന്റ്.

"പ്രസ്താവനയിലെ സാമ്പത്തിക സഹായം എന്ന ശീർഷകത്തിന് താഴെ ഖണ്ഡിക (ii) (b)-യിൽ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്ന 24,000 രൂപ എന്നത് 2,40,000 രൂപ എന്ന് തിരുത്തേണ്ടതാണ്."